# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2019 ഫെബ്രുവരി 4, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

104/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....31

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....31

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...86

**II. തിരുത്തിയ ഉത്തരം** ...534

**III. അടിയന്തരപ്രമേയം**

കരിപ്പൂർ വിമാനത്താവള വികസനം

(അവതരണാനുമതി നിഷേധിച്ചു) ...534

**IV. ശ്രദ്ധ ക്ഷണിക്കൽ**

(1) കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി

– ശ്രീ. എം. നൗഷാദ് ...547

(2) ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കാൻ നടപടി

– ശ്രീ. സി. മമ്മൂട്ടി ...550

**V. സബ്മിഷൻ**

1. കാലാവസ്ഥാ വ്യതിയാന കേന്ദ്രത്തിന്റെ പ്രവർത്തനം

– ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ...554

2. ഭൂമി തിരിച്ചെടുക്കൽ

– ശ്രീ. കെ. സുരേഷ് കുറുപ്പ് ...555

3. മണൽ ലേലം ചെയ്യലും മണൽവാരൽ പുനരാരംഭിക്കലും

– ശ്രീ. എൽദോ എബ്രഹാം ...556

4. തടയണ പുനർനിർമ്മാണം

– ശ്രീ. കെ. വി. വിജയദാസ് ...558

*പേജ്*


5. കാർഷിക ഗവേഷണ കേന്ദ്രം

— ശ്രീ. എം. രാജഗോപാലൻ ...559

6. ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി

— ശ്രീ. ബി.ഡി. ദേവസ്സി ...560

7. ബാലനീതി നിയമം

— ശ്രീ. പി. ഉബൈദുള്ള ...561

8. വികസന പദ്ധതി

— ശ്രീ. കെ. മുരളീധരൻ ...565

9. റെയിൽവേ മേൽപ്പാലം

— ശ്രീ. മോൻസ് ജോസഫ് ...566

10. യു. പി. സ്കൂൾ അപ്ഗ്രഡേഷൻ

— ശ്രീ. എം. ഉമ്മർ ...567

**VI ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

മാരക കീടനാശിനികളുടെ നിരോധനം

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) ...568

**VII ധനകാര്യം**

(i) 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച ...571

(ii) 2018-2019 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും ...636

**VIII ക്രമപ്രശ്നം**

കേരള ബഡ്ജറ്റ് മാന്വലിലെ നിർദ്ദേശങ്ങളുടെ ലംഘനം ...636

**റൂളിംഗ്**

**ധനകാര്യം (തുടർച്ച)** ...639

**അനുബന്ധം** ...852

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

*2019 ഫെബ്രുവരി 4, തിങ്കൾ*

| വാല്യം 175] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 6 |
|---|---|---|

നിയമസഭ 2019 ഫെബ്രുവരി മാസം 4-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......ഓർഡർ ചോദ്യം *91

### കശുവണ്ടി വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ

1 (*91) ശ്രീ. എം. നൗഷാദ്:

ശ്രീ. എം. മുകേഷ്:

ശ്രീ. എം. രാജഗോപാലൻ :

ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിച്ച് തോട്ടണ്ടിയുടെ ആഭ്യന്തര ലഭ്യത വർദ്ധിപ്പിക്കുന്നതിന് കശുവണ്ടി വികസന കോർപ്പറേഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) നിലവിൽ ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി എത്രയെന്നും അതിന്റെ വിലയും അറിയിക്കാമോ;

(ഡി) കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ ഗുണനിലവാരം കൂടിയ തോട്ടണ്ടിക്ക് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഗണ്യമായ വിലക്കുറവുണ്ടായ കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) കർഷകർക്ക് തോട്ടണ്ടിക്ക് 120 രൂപയിൽ താഴെമാത്രം ലഭ്യമാകുന്ന സ്ഥിതി കശുമാവ് കൃഷി നിരുത്സാഹപ്പെടുത്തുമെന്നതിനാൽ ന്യായവില ഉറപ്പാക്കാൻ നടപടിയെടുക്കുമോ; വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ,

(എ) തോട്ടണ്ടിയുടെ ലഭ്യതക്കുറവാണ് ഈ വ്യവസായം നേരിടുന്ന പ്രധാന പ്രശ്നം. വ്യവസായത്തിന് ആകെ വേണ്ടത് ആറര ലക്ഷം ടൺ തോട്ടണ്ടിയാണ്. ആഭ്യന്തര ഉല്പാദനം കേവലം 80,000 ടണ്ണും. ഈ അവസരത്തിലാണ് കേന്ദ്ര ഗവൺമെന്റ് തോട്ടണ്ടിയുടെ ഇറക്കുമതി ചുങ്കം 9.36 ശതമാനം പുതിയതായി ചുമത്തിയത്. ഇത് തോട്ടണ്ടിയുടെ വില വർദ്ധിക്കുന്നതിന് ഇടയാക്കി. കൂടാതെ വിയറ്റ്നാമിൽനിന്നും കശുവണ്ടിപ്പരിപ്പ് (മൂല്യം കുറഞ്ഞ ഉൽപ്പന്നം എന്ന വ്യാജേന) ഇറക്കുമതി ചെയ്യാൻ അനുമതി നൽകിയതും പ്രശ്നം സങ്കീർണ്ണമാക്കി. ഗുണനിലവാരം കുറഞ്ഞ കശുവണ്ടിപ്പരിപ്പ് സ്പെഷ്യൽ ഇക്കണോമിക് സോൺ വഴി ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്ത് വിപണനം നടത്തുന്ന കശുവണ്ടിപ്പരിപ്പിന്റെ ആഭ്യന്തര വിപണിയെ ഗുരുതരമായി ബാധിച്ചു. ഫലത്തിൽ പല വ്യവസായ സ്ഥാപനങ്ങളും അടച്ചുപൂട്ടി. ഇത് വ്യവസായത്തിൽ വായ്പയെടുത്ത തൊഴിലുടമകളുടെ കടബാദ്ധ്യത വർദ്ധിക്കുന്നതിനും ഇടയാക്കി. വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വ്യവസായികൾ കടക്കെണിയിലായി.

ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിരവധി തവണ ബന്ധപ്പെട്ടവരുടെ യോഗം ചേർന്നു. ഏറ്റവും ഒടുവിൽ ചേർന്ന യോഗതീരുമാനം അനുസരിച്ച് ഒരു കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റി വ്യവസായികളെ കേട്ട് തുടർനടപടി സ്വീകരിച്ചുവരികയാണ്.

(ബി) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ മുഖ്യചുമതല കശുവണ്ടി സംസ്കരണമാണ്. കശുമാവ് കൃഷിയല്ല, കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന്റെ ചുമതല സംസ്ഥാന കശുവണ്ടി കൃഷി വികസന ഏജൻസിക്കാണ്. എന്നാൽ കശുവണ്ടി വികസന കോർപ്പറേഷൻ അവരുടെ കൈവശമുള്ള ഫാക്ടറികളിൽ ലഭ്യമായ തരിശുഭൂമികളിൽ കശുമാവ് കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ വിവിധ ഫാക്ടറികളിലായി 25 ഏക്കർ സ്ഥലത്ത് മാതൃകാ കശുമാവ് തോട്ട പദ്ധതിയിൽപ്പെടുത്തി അത്യുത്പാദനശേഷിയുള്ള കശുമാവ്

തൈകളുടെ നടീൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷൻ കശുമാവ് കൃഷി വികസന ഏജൻസിയുമായി ചേർന്ന് ആർ.പി.എൽ., പുനലൂർ ബി.ബി. എസ്റ്റേറ്റ് എന്നിവിടങ്ങളിൽ കശുമാവ് കൃഷി ആരംഭിച്ചിട്ടുണ്ട്.

(സി) കേരള കാഷ്യൂ ബോർഡ് ആഫ്രിക്കൻ രാജ്യമായ ഗിനിബിസ്സാവുവിൽ നിന്ന് 2018-ൽ 3000 ടണ്ണോളം തോട്ടണ്ടി, USD1815/MT നിരക്കിൽ ഇറക്കുമതി ചെയ്തു. ആഫ്രിക്കൻ രാജ്യമായ മൊസാംബിക്കിൽനിന്നും 3000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ കേരള കാഷ്യൂ ബോർഡ് പൂർത്തീകരിച്ചിട്ടുണ്ട്. ഫെബ്രുവരി 3-ാം വാരത്തോടെ ടി തോട്ടണ്ടി കേരളത്തിൽ എത്തിച്ചേരുന്നതാണ്. ആഫ്രിക്കൻ രാജ്യമായ ഘാനയിൽനിന്നും 5000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുവാനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. അത് 10000 ടണ്ണായി ഉയർത്താൻ നടപടി സ്വീകരിച്ചിരിക്കുകയാണ്. കൂടാതെ ഐവറികോസ്റ്റ്, ബെനിൻ തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് തയ്യാറെടുത്തുവരുന്നു.

നിലവിൽ കശുവണ്ടി വികസന കോർപ്പറേഷൻ കേരള കാഷ്യൂ ബോർഡിൽ നിന്നും മെട്രിക് ടണ്ണിന് USD1825 നിരക്കിൽ 288.934 മെട്രിക് ടൺ തോട്ടണ്ടി ഗിനിബിസ്സാവുവിൽനിന്ന് വാങ്ങിയിട്ടുണ്ട്.

(ഡി) കശുവണ്ടി സീസണിന്റെ തുടക്കമായതിനാൽ വിലനിലവാരം നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല.

(ഇ) കഴിഞ്ഞ സീസണിൽ (2018) കശുവണ്ടി വിലനിർണ്ണയ സമിതിയുടെ തീരുമാനപ്രകാരം നിശ്ചയിച്ചിട്ടുള്ള തറവില 138 രൂപയായിരുന്നു. ഈ സീസണിലെ (2019) തോട്ടണ്ടിയുടെ വില നിശ്ചയിക്കുന്നതിനായി പ്രൈസ് ഫിക്സിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി 30-1-2019-ൽ കൂടിയെങ്കിലും തോട്ടണ്ടി സീസൺ തുടക്കമായതിനാൽ വിലനിർണ്ണയം അടുത്ത കമ്മിറ്റി യോഗത്തിലേക്ക് മാറ്റിവച്ചിരിക്കുകയാണ്. കേരളത്തിലെ വ്യവസായത്തിനും കശുമാവ് കൃഷിക്കാർക്കും പ്രയോജനപ്പെടുന്ന തരത്തിൽ ന്യായവില ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കശുവണ്ടി വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയായിരുന്നു; അത് പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ വിശദീകരിക്കാമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, കേരളത്തിൽ ആകെ 864 ഫാക്ടറികളാണുള്ളത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ആ ഫാക്ടറികൾ മുഴുവൻ പൂട്ടിക്കിടക്കുകയായിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ തുറക്കാനുള്ള നടപടിയാണ്

സർക്കാർ ആദ്യം സ്വീകരിച്ചത്. കാഷ്യൂ കോർപ്പറേഷന്റെ 30 ഫാക്ടറികളും കാപ്പെക്സിന്റെ 10 ഫാക്ടറികളും ഉൾപ്പെടെ 40 ഫാക്ടറികൾ മൂന്ന് മാസത്തിനുള്ളിൽ തുറന്നു. 864 ഫാക്ടറികളിൽ 482 ഫാക്ടറികളും തുറക്കാൻ സാധിച്ചു. 175 ഫാക്ടറികളിൽ, മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം എസ്.എൽ.ഇ.സി.-യുടെയും ബന്ധപ്പെട്ട ബാങ്കിന്റെയും പ്രതിനിധിയും വ്യവസായ വകുപ്പിന്റെ അഡീഷണൽ സെക്രട്ടറി പദവിയുള്ള ഒരു ഉദ്യോഗസ്ഥൻ കൺവീനറായും രൂപീകരിച്ച കമ്മിറ്റി കഴിഞ്ഞ മാസം തുടർച്ചയായി 11 സിറ്റിംഗുകൾ നടത്തി അടഞ്ഞുകിടക്കുന്ന ഫാക്ടറികളിലെ വ്യവസായികളിൽനിന്നും പരാതികൾ സ്വീകരിച്ച്, ആവശ്യമായ തീരുമാനമെടുക്കുന്ന നടപടികളിലേയ്ക്ക് പോകുകയാണ്. 175 ഫാക്ടറികളാണ് സർക്കാരിന്റെ മുന്നിൽ അവരുടെ ആക്ഷേപം ഉന്നയിച്ചിട്ടുള്ളത്. ബാങ്കുകളിലുള്ള കടമാണ് പ്രധാന പ്രശ്നം. 18 ശതമാനം പലിശയാണ് ബാങ്കുകൾ അവരിൽ നിന്നും ഈടാക്കുന്നത്. അതിന്റെ ഭാഗമായി റീസ്ട്രക്ച്ചറിംഗ്, റീഫിനാൻസിംഗ് എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് 175 ഫാക്ടറി ഉടമകൾ കമ്മിറ്റിയുടെ മുന്നിൽ അപേക്ഷ സമർപ്പിച്ചത്. 35 ഫാക്ടറികൾക്ക് ഒ.ടി.എസ്.-ന് അവസരവും 75 ഫാക്ടറികൾക്ക് റീഫിനാൻസും നൽകാമെന്നും ബാക്കിവരുന്ന ഫാക്ടറികളെ റീസ്ട്രക്ച്ചർ ചെയ്യാമെന്നുമുള്ള പ്രൊപ്പോസലിലാണ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. അതിൽ ഒ.ടി.എസ്. ഈ സർക്കാർ അംഗീകരിക്കുന്നില്ല. സർഫാസി ആക്ടിന്റെ ഭാഗമായി സ്വകാര്യ മുതലാളിമാരുടെ സ്ഥാപനങ്ങൾ പിടിച്ചെടുക്കുന്ന കാര്യത്തിൽ വലിയ കൊള്ളയാണ് ബാങ്കുകൾ ഇപ്പോൾ സ്വീകരിക്കുന്നത്. എ.സി.സി.-യുടെ ഭാഗമായി 30 ശതമാനം വില മാത്രം ഈടാക്കിക്കൊണ്ട് ഏക്കർ കണക്കിന് ഭൂമി കുറഞ്ഞ വിലയ്ക്ക് വിറ്റ് തുലയ്ക്കുകയാണ്. ഈ സാഹചര്യത്തിൽ സർക്കാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വീണ്ടും എസ്.എൽ.ഇ.സി. കൂടാൻ തീരുമാന മെടുക്കുകയാണ്. അത്തരത്തിൽ ഈ വ്യവസായികളെ സഹായിക്കാൻ സാധിക്കുന്നവിധം ശക്തമായ ഇടപെടൽ നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പുതിയതായി ബാങ്കുകൾ സാമ്പത്തിക സഹായം നൽകിയാൽ ഒരു വർഷത്തേയ്ക്ക് സബ്സിഡി മുഴുവൻ സർക്കാർ ഏറ്റെടുക്കുമെന്നും പലിശരഹിത വായ്പ സ്വകാര്യ ഉടമകൾക്ക് നൽകുമെന്നും സർക്കാർ ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

ശ്രീ. എം. നൗഷാദ്: സർ, സർഫാസി ആക്ടുമൂലം കശുവണ്ടി വ്യവസായവും വ്യവസായികളും നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ഒരു വ്യവസായിയെ സംരക്ഷിക്കുമ്പോൾ ആയിരക്കണക്കിന് തൊഴിലാളികളും സംരക്ഷിക്കപ്പെടുകയാണ്. അതിന്റെ ഭാഗമായി സർഫാസി ആക്ടിന്റെ ബുദ്ധിമുട്ടുകൾ നേരിടുന്ന സ്വകാര്യ മുതലാളിമാർക്ക് ലോണിന് സർക്കാർ ഗ്യാരണ്ടി നൽകുന്ന രീതിയിൽ തീരുമാനമുണ്ടാക്കാൻ സർക്കാർ പരിശ്രമിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, സ്വകാര്യ വ്യവസായികളുടെ വായ്പയ്ക്ക് സർക്കാരിന് ഗ്യാരണ്ടി നൽകാൻ കഴിയില്ല. അവർക്ക് പലിശയിളവ് നൽകാനാണ് സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നത്. ഒരു വർഷത്തെ പലിശ പൂർണ്ണമായും സർക്കാർ വഹിക്കും. മത്സ്യമേഖലയിൽ നടപ്പാക്കുന്നതുപോലെ, കശുവണ്ടി വ്യവസായികൾക്കും പലിശരഹിത വായ്പ നൽകാനാണ് ഉദ്ദേശിക്കുന്നത്. അവരുടെ ബാദ്ധ്യതയ്ക്ക് മുഴുവൻ ഗവൺമെന്റിന് ഗ്യാരണ്ടി നിൽക്കാൻ കഴിയില്ല.

ശ്രീ. എം. മുകേഷ്: സർ, കശുവണ്ടി ഉല്പാദനത്തിൽ സംസ്കരണ ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി കാഷ്യൂ കോർപ്പറേഷന്റേതടക്കമുള്ള ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ആധുനികവൽക്കരണത്തിലൂടെ പൂർണ്ണമായ മെക്കനൈസേഷൻ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ല. കാരണം, കൊല്ലം ബ്രാന്റ് നിലനിർത്തണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പൂർണ്ണമായി യന്ത്രവൽക്കരണം നടത്തിയ ഫാക്ടറിയിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെ രുചിയിൽ വ്യത്യാസമുണ്ട്. അതുകൊണ്ട് സെമി മെക്കനൈസേഷനാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉദ്ദേശിക്കുന്നത്. ഫാക്ടറികൾ ആധുനികവൽക്കരിക്കാൻ 40 കോടി രൂപ കഴിഞ്ഞവർഷം തന്നെ സർക്കാർ നൽകിയിരുന്നു. ഈ വർഷത്തെ ബഡ്ജറ്റിലും 20 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. അതിനാവശ്യമായ നടപടി അതിവേഗം തുടരുകയാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, സംസ്ഥാനത്ത് മികച്ച കശുവണ്ടി ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്നത് കണ്ണൂർ-കാസർഗോഡ് ജില്ലകളിലാണ്. വ്യവസായ പിന്നോക്ക പ്രദേശമായ കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷനെ സഹകരിപ്പിച്ചോ കാഷ്യൂ കോർപ്പറേഷൻ നേരിട്ടോ പൊതുമേഖലയിൽ കശുവണ്ടി സംസ്കരണ കേന്ദ്രം തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, നിലവിലുള്ള സംസ്കരണ കേന്ദ്രങ്ങൾക്ക് തന്നെ തോട്ടണ്ടി ലഭ്യമല്ലെന്നിരിക്കെ, പുതിയ സംസ്കരണ കേന്ദ്രം തുടങ്ങുന്നതിനെക്കുറിച്ച് ആലോചനയില്ല.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതുമായി ബന്ധപ്പെട്ട അങ്ങയുടെ ഉത്തരത്തിൽ, ആഫ്രിക്കയിലെ ഘാനയിൽനിന്നും 5000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ലോക കേരളസഭ നിയമസഭയിൽവച്ച് ചേർന്നപ്പോൾ ടാൻസാനിയ പോലുള്ള ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും നേരിട്ട് തോട്ടണ്ടി ഇവിടെ എത്തിക്കു

ന്നതുമായി ബന്ധപ്പെട്ട് ചില ചർച്ചകൾ നടന്നുവെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അത് കുറേക്കൂടി മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞാൽ നമുക്കാവശ്യമായ തോട്ടണ്ടി ലഭ്യമാക്കാൻ കഴിയും. അക്കാര്യത്തിൽ സർക്കാർ എത്രത്തോളം മുന്നോട്ടുപോയിട്ടുണ്ട്?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഏറ്റവും പ്രധാനപ്പെട്ട ചോദ്യമാണ് അംഗം ഉന്നയിച്ചത്. ലോക ആഫ്രിക്കൻ രാഷ്ട്രങ്ങളിൽ ഏറ്റവുമധികം തോട്ടണ്ടി ഉല്പാദിപ്പിക്കുന്ന രാജ്യമാണ് ടാൻസാനിയ. ടാൻസാനിയയ്ക്ക് മാത്രമാണ് direct procurement ഉള്ളത്. ബാക്കി ഒരു രാജ്യത്തിനും direct procurement സംവിധാനമില്ല. 270000 മെട്രിക് ടൺ തോട്ടണ്ടി അവിടെ ലഭ്യമാണ്. എന്നാൽ കഴിഞ്ഞ വർഷം ഒരു നട്ട്സും ടാൻസാനിയയിൽ നിന്നും പുറത്ത് കൊടുക്കുന്നതല്ലെന്ന നയപരമായ തീരുമാനം അവിടത്തെ സർക്കാർ എടുത്തു. അവർക്ക് അവിടെ പ്രോസസ്സ് ചെയ്യാൻ സംവിധാനവുമില്ല, അവർ പുറത്താർക്കും കൊടുക്കുകയുമില്ലെന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. തോട്ടണ്ടി അവിടെ പ്രോസസ്സ് ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ തോട്ടണ്ടി അവർക്ക് കയറ്റുമതി ചെയ്യേണ്ടിവരും. അവർ എപ്പോഴാണോ അങ്ങനെയൊരു തീരുമാനമെടുക്കുന്നത് അപ്പോൾ തന്നെ കാഷ്യൂ ബോർഡുവഴി തോട്ടണ്ടി സംഭരിക്കാൻ നടപടി സ്വീകരിക്കും.

ശ്രീ. അടൂർ പ്രകാശ്: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമുള്ള ബഡ്ജറ്റിൽ, അന്യസംസ്ഥാനങ്ങളിൽ സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യുമെന്ന് ഇവിടെ പ്രഖ്യാപിക്കുകയുണ്ടായി. ആ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ എന്തെങ്കിലും പറയാൻ കഴിയുമോ; ഇല്ലെങ്കിൽ അങ്ങനെയൊരു പദ്ധതിയെക്കുറിച്ച് ആലോചിക്കുവാൻ സർക്കാർ തയ്യാറാകുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ആന്ധ്രാപ്രദേശ് സർക്കാരുമായി നേരിട്ട് സംസാരിക്കുകയും അവർ സ്ഥലം ലഭ്യമാക്കാമെന്ന് ഉറപ്പുനൽകുകയും ചെയ്തു. നമ്മുടെ ഏജൻസിക്കായി സ്ഥലം നൽകില്ല, അവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നമ്മൾ കൃഷി ചെയ്ത് അവർ തീരുമാനിക്കുന്ന വിലയ്ക്ക് നൽകണമെന്നാണ് അവരുടെ നിബന്ധന. നമുക്ക് മിനിമം ലീസിനെങ്കിലും ഭൂമി കിട്ടാതെ അവിടെ പണം നിക്ഷേപിക്കാൻ സാധിക്കില്ല. അവരുടെ ഉടമസ്ഥതയിൽ കേരളത്തിന്റെ പണം നിക്ഷേപിച്ചാൽ തിരികെ തോട്ടണ്ടി ലഭിക്കുമെന്ന് എന്ത് ഉറപ്പാണുള്ളത്; അതുകൊണ്ട് ആ വ്യവസ്ഥയിൽ നമുക്ക് കൃഷി ചെയ്യാൻ കഴിയില്ല. ബഡ്ജറ്റിൽ അക്കാര്യം പറഞ്ഞിട്ടില്ല. ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞതാണത്. ഇല്ലാത്ത കാര്യം ഉണ്ടെന്ന വാദം ഉന്നയിക്കാതെ അങ്ങ് ബഡ്ജറ്റ് രേഖ വായിച്ചുനോക്കൂ. നമുക്ക് തോട്ടണ്ടി ലഭിക്കുമെന്ന് ഉറപ്പില്ലാത്തതുകൊണ്ട് സ്ഥലം ലീസിന് കിട്ടുക യാണെങ്കിൽ നമ്മൾ താൽപ്പര്യം പ്രകടിപ്പിക്കും. ഇപ്പോൾ സെൻട്രൽ പൂൾ

യൂണിവേഴ്സിറ്റി വ്യത്യസ്തതയുള്ള, ഒരു ഹെക്ടറിൽ 600 തൈ വരെ നടാവുന്ന, ബുഷ് ടൈപ്പ് ചെടി കണ്ടുപിടിച്ചിരിക്കുകയാണ്. അവരിൽ നിന്നും മൂന്ന് ലക്ഷം തൈകൾ വാങ്ങാനാണ് നമ്മൾ ഉദ്ദേശിക്കുന്നത്. റബ്ബറിന്റെ വിലയിടിയുന്ന സാഹചര്യത്തിൽ പരമാവധി കർഷകരെ പ്രോത്സാഹിപ്പിക്കാനും സബ്സിഡി കൊടുക്കാനും ഈ വർഷം ബഡ്ജറ്റിൽ ഏഴുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷവും തുക വകയിരുത്തിയിരുന്നു. കേന്ദ്രസർക്കാർ, ഹോർട്ടികൾച്ചർ മിഷന് പന്ത്രണ്ട് കോടി രൂപയുടെ പ്രോജക്ട് അപ്രൂവ് ചെയ്ത് അതിൽനിന്നും ഏഴുകോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്. കേരളത്തിൽത്തന്നെ ഈ കൃഷി വ്യാപിപ്പിക്കാനുള്ള തീവ്ര ശ്രമത്തിലാണ് സർക്കാർ.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ ലക്ഷക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ മേഖലയിൽ അടഞ്ഞുകിടന്നിരുന്ന സ്ഥാപനങ്ങൾ തുറപ്പിക്കാൻ നിരവധിയായിട്ടുള്ള പ്രവർത്തനങ്ങളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചിട്ടുള്ളത്. അതിലൊന്ന്, കാഷ്യൂ ബോർഡ് രൂപീകരിച്ചതാണ്. ഇതുവഴി ഈ മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, കാഷ്യൂ ബോർഡ് രൂപീകരിക്കുക വഴി ഇന്ന് പൊതുമേഖലാ സ്ഥാപനങ്ങൾ വാങ്ങുന്ന തോട്ടണ്ടിയെക്കാൾ കുറഞ്ഞ വിലയ്ക്ക് തോട്ടണ്ടി ലഭ്യമാകുന്നുവെന്നുള്ളതാണ്. മറ്റൊരു പ്രശ്നം, സ്വകാര്യ മേഖലയ്ക്കുകൂടി കൊടുക്കണമെന്ന് ഉദ്ദേശിക്കുന്നുണ്ട്. പത്തും പതിനഞ്ചും കോടി രൂപ മുൻകൂറായി ട്രേഡർമാർ വാങ്ങുക, എന്നിട്ട് ഒരു തോട്ടണ്ടിയും സ്വകാര്യ മുതലാളിമാർക്ക് കൊടുക്കാതിരിക്കുക എന്നതാണ് ഫാക്ടറികൾ പൂട്ടിയതിന്റെ പിന്നിലുള്ള ഒരു ഘടകം. വലിയ രീതിയിലുള്ള വഞ്ചന ഈ മേഖലയിൽ നടക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ സ്വകാര്യ മുതലാളിമാർക്കുകൂടി ന്യായവിലയ്ക്ക് തോട്ടണ്ടി ലഭ്യമാക്കാൻ കഴിയുന്ന വിധത്തിലാണ് കാഷ്യൂ ബോർഡിന്റെ പ്രവർത്തനം വിപുലീകരിക്കുന്നത്. അതിന് കഴിയുന്ന തരത്തിൽ തോട്ടണ്ടി കൂടുതൽ സംഭരിക്കാനാണ് കാഷ്യൂ ബോർഡ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, കശുവണ്ടി നമ്മൾ എല്ലാവരും കഴിക്കുന്നവരാണ്. ഇതിൽ വ്യാജന്മാർ വരുന്നുവെന്നുള്ള വ്യാപകമായ ആരോപണവും സംശയങ്ങളും ഉപഭോക്താക്കളിലുണ്ട്. പ്രധാനമായും കൃത്രിമമായി നിർമ്മിച്ച കശുവണ്ടി എന്നുപറഞ്ഞാൽ, മറ്റുള്ള മാവ് കൊണ്ട് നിർമ്മിച്ച കശുവണ്ടി ആഫ്രിക്കയിൽ നിന്നും അമേരിക്കയിൽനിന്നും വരുന്നുവെന്നുള്ളതാണ്. അതിന്റെ ഗുണനിലവാരം പരിശോധിക്കണമെന്നുള്ള കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് എന്തെങ്കിലും സംവിധാനങ്ങളുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, കൃത്രിമമായി തോട്ടണ്ടി ഉൽപ്പാദിപ്പിച്ച് ഇറക്കുമതി ചെയ്യുന്നുവെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പക്ഷേ അവിടെത്തന്നെ മെക്കനൈസ്ഡ് ചെയ്ത് നിലവാരം കുറഞ്ഞ പരിപ്പ് കാലിത്തീറ്റയ്ക്കെന്ന വ്യാജേന വിയറ്റ്നാമിൽനിന്ന് ഇറക്കുമതി ചെയ്യുകയും അത് ആഹാരസാധനമായി കൊടുക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് വളരെ കുറഞ്ഞ വിലയ്ക്കാണ് കൊടുക്കുന്നത്. വലിയ വില കൊടുത്തുവാങ്ങുന്ന തോട്ടണ്ടി ഉപയോഗിച്ച് ഗുണനിലവാരമുള്ള കശുവണ്ടി പരിപ്പ് പ്രോസസ്സ് ചെയ്യുന്ന നമ്മുടെ ഫാക്ടറികൾക്കും വ്യവസായത്തിനും വലിയ വെല്ലുവിളിയാണിത്. വിയറ്റ്നാമിൽനിന്ന് ഗുണനിലവാരം കുറഞ്ഞ പരിപ്പ് ഇറക്കുമതി ചെയ്യുന്നുവെന്നതാണ് ഈ വ്യവസായം നേരിടുന്ന മറ്റൊരു പ്രശ്നം.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, കശുവണ്ടി വ്യവസായത്തിൽ ഏറ്റവും ഗുരുതരമായ പ്രതിസന്ധി നിലനിന്ന ഒരു സാഹചര്യത്തിലാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. അതിനുശേഷം ഈ മേഖലയെ പുഷ്ടിപ്പെടുത്താൻ സ്വീകരിച്ച നടപടികളെ ഞാൻ ചെറുതായി കാണുന്നില്ല. തീർച്ചയായും അഭിനന്ദനീയമായ കാര്യമാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്ന് തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കി. എന്നാൽ ഇപ്പോഴും അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ ഈ മേഖലയിലുണ്ട്. അത് എത്രത്തോളമുണ്ടെന്ന് വ്യക്തമാക്കാൻ കഴിയുമോ; അതുപോലെതന്നെ ഫാക്ടറികൾ തുറന്ന സാഹചര്യത്തിൽ എത്രത്തോളം തൊഴിലാളികൾക്ക് തൊഴിലവസരം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട് എന്നുകൂടി വ്യക്തമാക്കാമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഞാൻ ആദ്യത്തെ ചോദ്യത്തിന് മറുപടി പറഞ്ഞിരുന്നു. 864 ഫാക്ടറികളാണ് നമ്മുടെ സംസ്ഥാനത്ത് ആകെയുള്ളത്. അതിൽ 482 ഫാക്ടറികൾ ഇന്ന് തുറന്നുപ്രവർത്തിക്കുന്നുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എവിടെയാണ് എല്ലാ ഫാക്ടറികളും തുറന്ന് പ്രവർത്തിക്കുന്നത്?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അങ്ങ് എല്ലാ ഫാക്ടറികളും പോയി നോക്കൂ. എവിടെയാണോ ഫാക്ടറിയുള്ളത് അവിടെയൊക്കെ തുറന്നിട്ടുണ്ട്. അങ്ങ് അവിടെ പോയി നോക്കിയാൽ മതി. അങ്ങേയ്ക്ക് നേരിട്ട് കാണാൻ സാധിക്കും. 482 ഫാക്ടറികൾ തുറന്നുവെന്നുള്ളത് നേരിട്ട് പോയി പരിശോധിച്ചാൽ കാണാൻ കഴിയും. മുഴുവൻ ദിവസവും തൊഴിൽ ഉണ്ടോ എന്നാണ് ഇവിടെ ചോദിച്ചത്. മുഴുവൻ ദിവസവും തൊഴിൽ ഇല്ല എന്നതാണ് പ്രശ്നം. അത് തോട്ടണ്ടിയുടെ ലഭ്യതയുടെ പ്രശ്നമാണ്. 175 ഫാക്ടറികൾ റീസ്ട്രക്ച്ചറിനുവേണ്ടി സർക്കാരിനെ സമീപിച്ചുവെന്നുള്ള കണക്ക് ഞാൻ പറഞ്ഞു. അതിൽ ഇനിയും സമീപിക്കാതിരിക്കുന്ന പ്രധാനപ്പെട്ട

ഒരു വ്യവസായി വിജയലക്ഷ്മി കാഷ്യൂസാണ്. അവരുടെ 12 ഫാക്ടറികളിലായി എണ്ണായിരത്തോളം തൊഴിലാളികളുണ്ട്. ആ മാനേജ്മെന്റാണ് ഇന്ന് ഏറ്റവും മോശമായ നിലപാട് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 12 ഫാക്ടറികൾ തുറന്നാൽ തന്നെ 8000 പേരുടെ കാര്യം ഉറപ്പാകും. ബാക്കിയുള്ളതെല്ലാം ചെറിയ ചെറിയ ഫാക്ടറികളാണ്. റീസ്ട്രക്ച്ചറിംഗ് കമ്മിറ്റിയുടെ മുന്നിൽ ഫാക്ടറി തുറക്കാനുള്ള നടപടികൾ സ്വീകരിക്കാതെ ആന്ധ്രാപ്രദേശിലും തമിഴ്നാട്ടിലും പ്രോസസ്സ് ചെയ്യുന്ന പരിപ്പ് കേരളാ ബ്രാൻഡിനുവേണ്ടി പായ്ക്ക് ചെയ്യുന്നത് കേരളത്തിലാണ്. ഇത്തരം ഗൗരവതരവും വഞ്ചനാപരവുമായ നിലപാടാണ് വിജയലക്ഷ്മി കാഷ്യൂസ് സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ എന്ത് ചെയ്യണമെന്നുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് അടിയന്തരമായി ചില നടപടികൾ വിജയലക്ഷ്മി കാഷ്യൂസുമായി ബന്ധപ്പെട്ട് സ്വീകരിക്കാനാണ് സർക്കാർ ആലോചിക്കുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കണക്ക് കടലാസ്സിലുള്ളതായിരിക്കും. പക്ഷേ ഒരു കശുവണ്ടി തൊഴിലാളികൾക്കും തൊഴിൽ കിട്ടുന്നില്ല എന്നുള്ളതാണ് വാസ്തവം. കശുവണ്ടി തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കാൻ സാധിക്കാത്ത സർക്കാരാണിത്. മാത്രമല്ല, പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കണമെന്ന് പറഞ്ഞ് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട മന്ത്രി തന്നെ സമരം നടത്തിയിട്ടുണ്ട്. ഇപ്പോൾ പൂട്ടിക്കിടക്കുന്ന കശുവണ്ടി സ്ഥാപനങ്ങൾ സർക്കാർ ഏറ്റെടുക്കുമോ; അങ്ങനെ പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങൾ എന്തുകൊണ്ട് സർക്കാർ ഏറ്റെടുക്കുന്നില്ല; ഏറ്റെടുക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, കഴിഞ്ഞ കാലത്ത് തുറക്കാതെ കിടന്നതുപോലെ ഇപ്പോഴും ഒരു ഫാക്ടറിയും തുറക്കില്ല എന്നത് അങ്ങയുടെ ആഗ്രഹം മാത്രമാണ്. ഇന്ന് 482 ഫാക്ടറികൾ തുറന്നിട്ടുണ്ട്. അങ്ങ് പറഞ്ഞതു പോലെ, മുഴുവൻ ഫാക്ടറിയും അടഞ്ഞുകിടന്ന സാഹചര്യത്തിൽ ഫാക്ടറി തുറക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സെക്രട്ടേറിയറ്റ് നടയിൽ സമരം കിടന്നയാളാണ് ഞാൻ. എന്നിട്ടും യു.ഡി.എഫ്. സർക്കാർ തുറന്നില്ല. ഈ സർക്കാർ വന്നതിനുശേഷമാണ് കാഷ്യൂ കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും 40 ഫാക്ടറികൾ മൂന്ന് മാസത്തിനിടയിൽ തുറന്നത്. 165-170 ദിവസം വരെ തൊഴിൽ കൊടുത്തു. 200-ന് മുകളിൽ ദിവസം തൊഴിൽ കൊടുക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അത് ഞങ്ങൾ ചെയ്യും. കൂടുതൽ ദിവസം തൊഴിൽ കൊടുക്കണമെന്ന് ഞങ്ങൾക്കാണ് ഏറ്റവും വലിയ ഉത്കണ്ഠയുള്ളത്. അതുകൊണ്ട് ആ തരത്തിലുള്ള നടപടിയാണ് സ്വീകരിക്കുന്നത്. എല്ലാമേഖലയിലും, സ്വകാര്യ വ്യവസായത്തിൽ അടക്കം 200 ദിവസത്തിന് മുകളിൽ തൊഴിൽദിനം ലഭ്യമാക്കാൻ കഴിയണമെന്നതാണ് സർക്കാരിന്റെ ആഗ്രഹം.

അതിനാവശ്യമായ നടപടി സ്വീകരിക്കും. അങ്ങ് പറഞ്ഞതുപോലെ വളരെ നെഗറ്റീവായ നിലപാട് സ്വീകരിക്കുന്ന ചില മാനേജ്മെന്റുകളുണ്ട്. അങ്ങനെ കൊണ്ടുപോകാൻ കഴിയില്ല, ചില നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അത് സർക്കാർ ആലോചിക്കും.

## ദുരന്തങ്ങൾ ഒഴിവാക്കാൻ ഭൂവിനിയോഗത്തിന് നിയമനിർമ്മാണം

2 (*92) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുരന്തങ്ങൾ ഒഴിവാക്കുന്നതിനായി കാര്യക്ഷമമായ ഭൂവിനിയോഗത്തിനും ജലസമ്പത്ത് ഫലപ്രദമായി ഉപയോഗിക്കുന്നതിനും പുതിയ നിയമനിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) കേരളത്തിലെ പ്രളയാനന്തര പുനർനിർമ്മാണം നടത്തുന്ന വേളയിൽ ദുരന്തത്തിൽ നിന്നും കരകയറിയ രാജ്യങ്ങളുടെ അനുഭവപാഠങ്ങൾ കണക്കിലെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഏതൊക്കെ തലത്തിലാണ് പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കുന്നതെന്നും അതിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ഡി) പ്രളയ ഭൂപടം നിർമ്മിക്കുന്നതിന് പ്രത്യേക മൊബൈൽ ആപ്പ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ,

(എ) ഈ വിഷയം സംബന്ധിച്ച് ഒരു പ്രത്യേക നിയമനിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഇക്കാര്യത്തിൽ ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പ്രളയവും കാലവർഷക്കെടുതികളും ഉരുൾപ്പൊട്ടലുംമൂലം വീട് നഷ്ടപ്പെട്ടവരെയും വീട് വാസയോഗ്യമല്ലാതായിത്തീർന്നവരെയും അടിയന്തരമായി പുനരധിവസിപ്പിക്കുന്നതിന് വാസയോഗ്യമായതും പരിസ്ഥിതിക്ക് അനുയോജ്യമായതുമായ ഭൂമി കണ്ടെത്തുവാനും അതിൽ വീട്/ഫ്ലാറ്റ് എന്നിവ നിർമ്മിച്ച് പ്രളയബാധിതരെ താമസിപ്പിക്കുന്നതിനുമായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി സർക്കാർ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ

മറ്റ് വകുപ്പുകളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയോ സന്നദ്ധ സംഘടനകളോ വ്യക്തികളോ സ്ഥാപനങ്ങളോ സംഭാവന ചെയ്യുന്ന ഭൂമിയോ ഉപയോഗിക്കാവുന്നതാണ്. ഇപ്രകാരം ഭൂമി നൽകുവാൻ തയ്യാറായി വരുന്നവരിൽ നിന്നും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഭൂമി സ്വീകരിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2018-ലെ പ്രളയക്കെടുതികളുടെ പശ്ചാത്തലത്തിൽ കേരളത്തിൽ മണ്ണിടിച്ചിൽ/ ഉരുൾപൊട്ടൽ എന്നിവ നേരിട്ട എല്ലാ സ്ഥലങ്ങളും പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ പഠനം പുരോഗമിച്ചുവരുന്നു. കേരളത്തിൽ വ്യാപകമായി ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ 2018-ലെ പ്രളയത്തിൽ ഉണ്ടായിട്ടുണ്ട്. ഇത്തരത്തിൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ ഉണ്ടായിട്ടുള്ള സ്ഥലങ്ങളിലും ഇതിനോട് തൊട്ടുചേർന്നുള്ള 20 ഡിഗ്രിയിൽ കൂടുതൽ ചരിവുള്ള സ്ഥലങ്ങളിലും അതിശക്തവും തീവ്രവുമായ മഴക്കാലത്ത് ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവയ്ക്ക് സാധ്യതയുള്ള സ്ഥലങ്ങളിലും വീട് നിർമ്മാണം ജനങ്ങളുടെ ജീവനും സ്വത്തിനും കൂടുതൽ നാശനഷ്ടം സൃഷ്ടിച്ചേക്കും. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിൽ കേരളത്തിലെ 15% ഭൂപ്രദേശം ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭൂപടം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിൽ പൊതുജനങ്ങൾക്ക് ഉപയോഗിക്കാവുന്ന രീതിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിൽ High Hazard സോണായി കാണിച്ചിട്ടുള്ള പ്രദേശങ്ങളിൽ പാറ വെടിമരുന്ന് ഉപയോഗിച്ച് പൊട്ടിക്കുവാൻ അനുവദിക്കരുതെന്ന് സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ എന്നിവ കാരണം വാസയോഗ്യമല്ലാതായ സ്ഥലങ്ങളിൽ വീടുണ്ടായിരുന്ന ദുരന്ത ബാധിതർക്ക് വാസയോഗ്യമായ സ്ഥലം വാങ്ങുവാൻ 21-6-2018-ലെ സ.ഉ. (കൈ) നമ്പർ 7/2018/ഡി.എം.ഡി. പ്രകാരം 6 ലക്ഷം രൂപ അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുറമ്പോക്കിൽ താമസിച്ചിരുന്ന പൂർണ്ണമായും വാസയോഗ്യമല്ലാതായ വീടുകൾ അതേ പുറമ്പോക്കിൽതന്നെ പുനർനിർമ്മിക്കുവാൻ അനുവദിക്കരുതെന്നും ഇവർക്കായി പ്രത്യേകമായി ക്ലസ്റ്റർ ഹൗസസ് നിർമ്മിച്ച് നൽകുവാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെയും സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിന്റെയും വെളിച്ചത്തിൽ ഏതുതരം സ്ഥലങ്ങളിൽ വീട് വയ്ക്കാം എന്നത്

സംബന്ധിച്ച ശാസ്ത്രീയ ഉപദേശം നൽകുവാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഡെപ്യൂട്ടി ഡയറക്ടർ, (ജനറൽ), പരിസ്ഥിതി അവലോകന വിദഗ്ദ്ധ സമിതി അംഗം ശ്രീ. ജി. ശങ്കർ, ഐ.ആർ.റ്റി.സി. ഡയറക്ടർ ഡോ. ശ്രീകുമാർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് എന്നിവരുടെ വിദഗ്ദ്ധ സമിതിയെ 30-11-2018-ലെ സ.ഉ. (സാധാ.) നമ്പർ 644/2018/ഡി.എം.ഡി. ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രളയം ബാധിച്ച നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലിന്റെ അളവ് കണ്ടെത്തുന്നതിന് ഒരിക്കൽകൂടി സാന്റ് ആഡിറ്റിംഗ് നടത്തുന്നതിനും നദികളിലെ ഫ്ലഡ് ലെവൽ മാർക്ക് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ചില രാജ്യങ്ങളുടെ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ അനുഭവ പാഠങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ടാണ് സർക്കാർ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് രൂപംനൽകുന്നത്.

(സി) പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative - RKI) എന്നൊരു ബൃഹത് പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ സമഗ്ര രൂപരേഖ 9-11-2018-ലെ സ.ഉ. (പി) നമ്പർ 16/2018/പി.&ഇ.എ. ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകൾ, വീടുകൾ, ജനങ്ങളുടെ ജീവനോപാധികൾ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ, മറ്റ് പൊതു കെട്ടിടങ്ങൾ, ജലവിതരണം, മലയോര വികസനം, മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം എന്നിവയും, കൂടാതെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസന പദ്ധതികളായ കുട്ടനാട് വികസനം, നദീതടങ്ങളുടെ സംരക്ഷണം, കടൽ തീരങ്ങളുടെ സംരക്ഷണം, കനാലുകളുടെ നവീകരണം, ഉരുൾപൊട്ടൽ മേഖലകളിൽ നിന്നുള്ള ജനങ്ങളുടെ മാറ്റിപ്പാർപ്പിക്കൽ, എറണാകുളം-കൊച്ചി വ്യാവസായിക - വാണിജ്യ കേന്ദ്രമായി വികസിപ്പിക്കൽ, തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങളുടെ സമഗ്ര വികസനം, പതിനാല് ജില്ലകളിലും ഭാവികേരളത്തെ അടയാളപ്പെടുത്തുന്ന പദ്ധതികൾ തുടങ്ങി യവയെല്ലാം ഉൾപ്പെടുന്നു. 11-12-2018-ലെ സ.ഉ. (പി)നമ്പർ 20/2018/ പി&ഇ.എ. ഉത്തരവും 12-1-2019-ലെ സ.ഉ.(പി) നമ്പർ 1/2019/പി&ഇ.എ. ഉത്തരവും പ്രകാരം പ്രളയത്തിൽ പൂർണ്ണമായും നശിച്ച വീടുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

പൂർണ്ണമായി തകർന്നതായി നിലവിൽ കണക്കാക്കിയിട്ടുള്ള വീടുകളിൽ വാസയോഗ്യമായ സ്വന്തം ഭൂമിയിൽ വീട് വയ്ക്കുന്നതിന് സ്വയം സന്നദ്ധരായ ഗുണഭോക്താക്കൾക്ക് സർക്കാർ പ്രഖ്യാപിച്ച നാല് ലക്ഷം രൂപയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുക അനുവദിച്ചുവരുന്നു. ബാക്കി തുകയുടെ 50 ശതമാനം, വീട് നിർമ്മാണം 25 ശതമാനം പൂർത്തീകരിക്കുമ്പോഴും ശേഷിക്കുന്ന 50 ശതമാനം വീട് നിർമ്മാണം 75 ശതമാനം പൂർത്തിയാക്കുമ്പോഴും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നൽകുന്നതാണ്. കൂടാതെ സ്വന്തം ഭൂമിയിൽ സർക്കാർ മേൽനോട്ടത്തിൽ ഭവനം നിർമ്മിക്കുന്നതിനും സ്പോൺസർ നേരിട്ട് കെട്ടിട പുനർ നിർമ്മാണ ഏജൻസിയെ കണ്ടെത്തി ഭവനം പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വെള്ളപ്പൊക്ക ബാധിതമാകാൻ ഇടയുള്ളതോ പാരിസ്ഥിതികമായി ദുർബലമോ അല്ലാത്ത പ്രദേശങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതിനാണ് മുൻഗണന നൽകിവരുന്നത്. ഇതിനായി സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി, വിവിധ സർക്കാർ വകുപ്പുകൾ ഏതെങ്കിലും പദ്ധതിക്കായി നീക്കിവച്ചിട്ട് നിലവിൽ ആവശ്യമില്ലാതെ കിടക്കുന്ന ഭൂമി എന്നിവയും സംഭാവനയായി ലഭിക്കുന്ന ഭൂമിയും ഉപയോഗിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇങ്ങനെ ലഭിക്കുന്ന ഭൂമിയിൽ സമുച്ചയങ്ങൾ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഗുണഭോക്താക്കളുമായി കൂടിയാലോചനയും നടത്തിവരുന്നുണ്ട്.

ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ബ്ലോക്ക് തലത്തിൽ ഏകോപിപ്പിക്കുന്നതിന് ബ്ലോക്ക്/മുനിസിപ്പൽ ആഫീസിൽ "സുരക്ഷിത കൂടൊരുക്കും കേരളം" എന്ന പേരിൽ ഒരു ഭവന നിർമ്മാണ സഹായ കേന്ദ്രം 2018 നവംബർ മുതൽ 6 മാസത്തേക്ക് പ്രവർത്തിക്കുന്നതാണ്.

CARe Home പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ജില്ലകളിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ വീടുകൾ നിർമ്മിച്ചു നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. പൂർണ്ണമായും സ്ഥലം ഒഴുകിപ്പോയവർക്ക് സ്വന്തമായി വേറെ സ്ഥലം കേരളത്തിൽ ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീട് വയ്ക്കുന്നതിന് അനുയോജ്യമല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ പ്രമാണത്തിലുള്ള തുകയോ ഏതാണ് കുറവ് അത് അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം ക്യാമ്പുകളിൽ കഴിഞ്ഞുവരുന്നവരുൾപ്പെടെയുള്ള പ്രളയബാധിതരുടെ പുനരധിവാസം സമയബന്ധിതമായി പൂർത്തീകരിക്കുവാനാണ് സർക്കാർ ലക്ഷ്യം ഇടുന്നത്.

(ഡി) ഉണ്ട്. ദുരന്തത്തെ സംബന്ധിച്ച് ഭാവിയിലേക്ക് വിവരങ്ങൾ നൽകാൻ വേണ്ടി വെള്ളപ്പൊക്കം ബാധിച്ച എല്ലാ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രളയത്തിൽ വെള്ളം കയറിയ ഉയരം അടയാളപ്പെടുത്താൻ സർക്കാർ ഉത്തരവിറ

ക്കിയിട്ടുണ്ട്. വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ കൃത്യമായ ഭൂപടം, വെള്ള പ്പൊക്കത്തിൽ വെള്ളം കയറിയ ഉയരം ഉൾപ്പെടെയുള്ള വിവരങ്ങൾ തയ്യാറാക്കാൻ സംസ്ഥാനത്തെ Centre for Water Resources Development and Management, Kerala Forest Research Institute, MG University and Kerala State Remote Sensing and Environment Centre എന്നിവരെ ചുമതലപ്പെടുത്തി. പൊതുജനങ്ങൾക്ക് ഈ പ്രവർത്തനത്തിൽ പങ്കെടുക്കുവാൻ ഒരു മൊബൈൽ ആപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഇത്തരത്തിൽ ശേഖരിച്ച വിവരം കേന്ദ്ര ജല കമ്മീഷന് ആധികാരിക ഭൂപടം നിർമ്മിക്കുവാൻ നൽകിയിട്ടുണ്ട്.

ശ്രീ. അനൂപ് ജേക്കബ്: സർ, മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും സാധ്യതയുള്ള പ്രദേശങ്ങളുടെ ഭൂപടം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ആ പ്രദേശങ്ങളിൽ താമസിക്കുന്ന സാധാരണ കർഷകർ വെബ്സൈറ്റ് എത്രമാത്രം നോക്കുമെന്ന് നമുക്കൊക്കെ അറിയാം. കഴിഞ്ഞ പ്രളയത്തിന് മുമ്പും പ്രളയ സമയത്തും വ്യാപകമായ ഉരുൾപൊട്ടലുണ്ടായി. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയം, ഉരുൾപൊട്ടലുണ്ടായ 86 ശതമാനം സ്ഥലങ്ങളും ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ National Landslide Susceptibility Mapping (NLSM) പദ്ധതി പ്രകാരം മാപ് ചെയ്ത പ്രദേശങ്ങളാണ്. അവിടെ ധാരാളം ജീവനാശവും ഉണ്ടായിട്ടുണ്ട്. ദുരന്തം ഒഴിവാക്കാനും അവിടെയുള്ള ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിനും ഈ മാപ്പിംഗ് സംവിധാനം പ്രയോജന പ്പെടുത്തിയിരുന്നു. ഭാവിയിലേയ്ക്കുള്ള ദുരന്തപ്രതിരോധ പ്രവർത്തനങ്ങളിൽ ഈ മാപ്പിംഗ് സമ്പ്രദായം സർക്കാർ എപ്രകാരം ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇക്കാര്യത്തിൽ വിദഗ്ദ്ധരുടെ നേതൃത്വത്തിലുള്ള സംഘത്തിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്ത് അത്തരം മേഖലകളിൽ ഇനിയും ആളുകളെ വീട് വയ്ക്കാൻ അനുവദിക്കാതിരിക്കുന്നതോ ടൊപ്പംതന്നെ അവരെ വീട് വയ്ക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുകയും, വരുംകാലങ്ങളിലേയ്ക്ക് ആവശ്യമായ രീതിയിലുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള തയ്യാറെടുപ്പുമാണ് സർക്കാർ നടത്തുന്നത്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ മാപ്പിംഗ് സംവിധാനം സർക്കാർ ഉപയോഗിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്ന് വ്യക്തമാണ്. വളരെ ഗുരുതരമായ ഒരു വീഴ്ച സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ പ്രളയത്തിൽ ധാരാളം ഗ്രാമീണ റോഡുകൾ തകർന്നിട്ടുണ്ട്. ആ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; മേലിൽ

സ്വീകരിക്കാൻ പോകുന്ന പ്രതിരോധ പ്രവർത്തനങ്ങളിലാണല്ലോ ഇപ്പോൾ ഏറ്റവും കൂടുതൽ ശ്രദ്ധിക്കുന്നത്. അതിനായി ഫയർ ഫോഴ്സ് ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികളെ എങ്ങനെയാണ് സജ്ജീകരിച്ചിട്ടുള്ളത്?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, റോഡുകൾ തകർന്ന കാര്യത്തിൽ, സാധാരണ ഗതിയിൽ സ്വീകരിക്കാറുള്ളതുപോലെ പ്രാദേശിക റോഡുകളുടെ അറ്റകുറ്റപ്പണി തീർക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ഉൾപ്പെടെയുള്ളവരുടെ ആവശ്യത്തിനനുസരിച്ച് പരമാവധി നടപടികൾ സ്വീകരിച്ചുവരികയാണ്. അതോടൊപ്പംതന്നെ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ പരിഗണിച്ചുകൊണ്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. അൻവർ സാദത്ത്:</u> സർ, വലിയൊരു ദുരന്തമാണ് നമ്മൾ നേരിട്ടത്. ദുരന്തം വന്നപ്പോൾ ഡാം തുറന്നുവിട്ടു, മഴ പെയ്തു, സ്വാഭാവികമായും ആലുവ, പെരിയാർ പോലുള്ള നദികൾ കരകവിഞ്ഞൊഴുകി. ഈ പുഴകളുടെ പല പ്രദേശങ്ങളും കയ്യേറിയിട്ടുണ്ട്. തോടുകളും പുഴകളും കയ്യേറിയ പ്രദേശങ്ങൾ കണ്ടെത്തി ഡാമുകൾ തുറന്നുവിടുമ്പോൾ സുഗമമായി വെള്ളം ഒഴുകിപ്പോകാനുള്ള സാഹചര്യമുണ്ടാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നുണ്ടോ; അതോടൊപ്പംതന്നെ പ്രളയവുമായി ബന്ധപ്പെട്ട് തകർന്ന പഞ്ചായത്തുതലത്തിലുള്ള റോഡുകൾ ഇന്നും ശരിയാക്കിയിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലെ ഒരു പാലവും റോഡും തകർന്നുകിടക്കുകയാണ്. 1,03,00,000 രൂപയാണ് അതിന് ചെലവ് വരുന്നത്. ഇതുവരെ അതിനുള്ള ഫണ്ട് അനുവദിക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടില്ല. പ്രളയത്തിൽ തകർന്ന ഒരു റോഡിന് പരമാവധി 10 ലക്ഷം രൂപയേ ലഭിക്കുകയുള്ളൂ. ഇങ്ങനെയുള്ള റോഡുകൾ നിർമ്മിക്കുന്നതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്? ഈ രണ്ട് കാര്യങ്ങൾക്കും മറുപടി ലഭ്യമാക്കണം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, അനിവാര്യമായ സാഹചര്യത്തിലാണ് ഡാം തുറന്നുവിട്ടതെന്ന് ഇതുമായി ബന്ധപ്പെട്ട് സ്ഥിരമായി പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. അതിനെക്കുറിച്ച് ഇനി ആവർത്തിച്ചുപറയേണ്ട കാര്യമില്ല. വെള്ളം ഒഴുകിപ്പോകുന്ന സ്ഥലത്ത് കയ്യേറ്റമുണ്ടായിരുന്നു. വെള്ളംതന്നെ കുറേ കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. അല്ലാത്ത കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള തുടർനടപടി ഉണ്ടാകും. സ്വാഭാവികമായും റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിനായി റവന്യൂ വകുപ്പിന് നൽകാൻ കഴിയുന്ന സാമ്പത്തിക സഹായം, അറ്റകുറ്റപ്പണികൾ തീർക്കുന്നതിനുവേണ്ടി മാത്രമുള്ളതാണ്. കേന്ദ്ര സർക്കാരിന്റെ നോംസനുസരിച്ച് റോഡുകളുടെ പ്രവൃത്തികൾക്കുവേണ്ടി അനുവദിക്കാവുന്നതിന്റെ പരമാവധി തുകയാണ് നൽകുന്നത്. അത് തുടർന്നും അനുവദിക്കുന്നതിനുള്ള നടപടിയുണ്ടാകും.

ശ്രീ. എം. വിൻസെന്റ്: സർ, ഒൻപത് മാസത്തിനിടയിൽ രണ്ട് മഹാ ദുരന്തങ്ങൾക്ക് സാക്ഷ്യം വഹിച്ച സംസ്ഥാനമാണിത്. ദുരന്തനിവാരണ അതോറിറ്റി എല്ലാ വകുപ്പുകളോടും ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശിച്ചി ട്ടുണ്ടായിരുന്നു. ഈ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ എല്ലാ വകുപ്പുകളും തയ്യാറാക്കി യിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്രയും വലിയ ദുരന്തമുണ്ടായിട്ടും ആ പ്ലാൻ തയ്യാറാക്കു ന്നതിന് അലംഭാവം കാണിച്ചിട്ടുള്ള വകുപ്പുകൾക്കെതിരെ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ദുരന്തങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് എല്ലാ മേഖലകളിൽനിന്നും സ്വീകരിക്കാവുന്ന വിവരങ്ങൾ ശേഖരിക്കാനും ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും അവ ലഭ്യമാക്കാനും ആവശ്യമായ നടപടി സ്വീകരിച്ച് മുന്നോട്ടുപോകുകയാണ്. പുനർനിർമ്മാണ പ്രവർത്തനങ്ങൾ അതിന്റെ ഏറ്റവും മെച്ചപ്പെട്ട രീതിയിലേയ്ക്ക് നടത്തിക്കൊണ്ടിരിക്കുന്നതോടൊപ്പംതന്നെ തുടർന്ന് ദുരന്തത്തെ നേരിടുന്നതിനുവേണ്ടിയുള്ള ഒരുക്കങ്ങൾകൂടി തുടങ്ങുകയാണ്. അതിനാവശ്യമായ എല്ലാ കാര്യങ്ങളും വിവിധ വകുപ്പുകളിൽനിന്നും ശേഖരിക്കാനുള്ള സംവിധാനവുമുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, കേരളത്തിലെ അനിയന്ത്രിതമായ നഗരവൽക്കരണം, അശാസ്ത്രീയമായ ഭൂവിനിയോഗം എന്നിവ സംബന്ധിച്ചും അവ ഉണ്ടാക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും ബംഗ്ളൂരിൽ സ്ഥിതിചെയ്യുന്ന സെന്റർ ഫോർ എർത്ത് സയൻസസിലെ ഡോ. കുശലാ രാജേന്ദ്രൻ നടത്തിയ പരാമർശങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ നൂറ്റാണ്ട് കണ്ടിട്ടില്ലാത്ത മഹാപ്രളയത്തിൽ നിരവധിപേർ മരണപ്പെട്ടത് മണ്ണിടിച്ചിൽമൂലമാണെന്ന കാര്യവും നമ്മുടെ മുന്നിൽ നിലനിൽക്കുകയാണ്. അടുത്തൊരു ദുരന്തമുണ്ടാകാൻ ഒരു നൂറ്റാണ്ട് വേണ്ടിവരില്ലെന്നുള്ള ചർച്ചകളൊക്കെ നടക്കുന്ന പശ്ചാത്തലത്തിൽ ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ദുരന്തം വന്ന സാഹചര്യത്തിൽ രാജ്യത്തി നകത്തും പുറത്തുമുള്ള വിവിധ വിഭാഗം ശാസ്ത്രജ്ഞരുടെ വിലപ്പെട്ട നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. അക്കാര്യങ്ങളെല്ലാം വച്ചുകൊണ്ട് ഇത്തരം കാര്യങ്ങളെ പ്രതിരോധിക്കാൻ കഴിയത്തക്ക പ്രവർത്തനങ്ങൾക്കുള്ള സർവ്വസജ്ജീകരണങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ ചോദ്യത്തിലെ ആശയം ഇന്നത്തെക്കാലത്ത് വളരെ പ്രസക്തമാണ്. ഈ പ്രളയകാലത്ത് എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട അഗളി ഗ്രാമപഞ്ചായത്തിലെ കള്ളമല വില്ലേജിൽ വ്യാപകമായി ഭൂമി വിണ്ടുകീറുകയുണ്ടായി. ശാസ്ത്രജ്ഞരും ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥരും

പരിശോധിച്ചശേഷം ഭൂമി വിണ്ടുകീറുന്ന പ്രതിഭാസമാണെന്നും, അവിടെ ആളുകൾ താമസിക്കുന്നത് അപകടമാണെന്നും ആ പ്രദേശത്ത് രണ്ട് ദിവസം തുടർച്ചയായി മഴ പെയ്താൽ വലിയ ഉരുൾപൊട്ടൽ ഉണ്ടാകുമെന്നുമാണ് പറഞ്ഞത്. അതിന്റെ പരിസരത്ത് താമസിച്ചിരുന്ന ഏകദേശം നൂറ് കുടുംബങ്ങളെ കുറച്ച് ദൂരെയുള്ള സ്കൂളിലേയ്ക്ക് മാറ്റുകയുണ്ടായി. 30 വർഷം മുമ്പ് ഇതുപോലൊരു സ്ഥിതി ഉണ്ടായിട്ടുണ്ടെന്നാണ് പഴമക്കാർ പറഞ്ഞത്. അപകടം ഒഴിവാക്കാൻ ഇത്രയും ആളുകളെ മാറ്റിത്താമസിപ്പിക്കുകയെന്നത് പ്രായോഗികമല്ലല്ലോ; അതിന് ചില പ്രതിവിധികൾ സ്വീകരിക്കാൻ സാധിക്കുമെന്നാണ് ഞാൻ ഇക്കാര്യം ഒരാളുമായി സംസാരിച്ചപ്പോൾ പറഞ്ഞത്. വെള്ളത്തിന്റെ ഒഴുക്ക് മാറ്റുകയും കുന്നിന്റെ ഷാർപ്നെസ് കുറയ്ക്കുകയും ചെയ്താൽ അപകടത്തിന്റെ കാഠിന്യം കുറയുമെന്ന് പറഞ്ഞു. ഇത്തരം മേഖലകൾക്ക് കൃത്യമായ ശ്രദ്ധ നൽകി, പ്രശ്നപരിഹാരത്തിന് സർക്കാർ മുൻകയ്യെടുക്കുമോ; മറ്റൊന്ന്, മണ്ണാർകാട് താലൂക്കിൽ നഷ്ടപരിഹാരത്തുക അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഭൂമി വിണ്ടുകീറുന്ന പ്രതിഭാസം പല പ്രദേശങ്ങളിലും ഉണ്ടായിട്ടുണ്ട്. ചില പ്രദേശങ്ങളിൽ വീടുകളും കിണറുകളും ഉൾപ്പെടെ താഴ്ന്നുപോകുന്നുണ്ട്. അത്തരം സ്ഥലങ്ങൾ കാണുകയും വിദഗ്ദ്ധരെ അവിടേയ്ക്ക് അയയ്ക്കുകയും അവരുടെ അഭിപ്രായം തേടുകയും ചെയ്തിട്ടുണ്ട്. ഏത് സ്ഥലത്താണ് അത് ഉണ്ടാകുകയെന്നത് മുൻകൂട്ടി കാണാൻ കഴിയാത്ത സാഹചര്യമാണ്. ഇത്തരം സ്ഥലങ്ങൾ പരിശോധിച്ചിട്ടുള്ള വിദഗ്ദ്ധർ പറഞ്ഞിട്ടുള്ളത്, അവിടെ മണ്ണിനടിയിലൂടെ വെള്ളം കുത്തിയൊഴുകുന്ന വലിയ തുരങ്കങ്ങളുള്ളതുകൊണ്ട് വർഷങ്ങൾക്കുശേഷം താഴ്ന്നുപോകുന്ന പ്രതിഭാസമാണിതെന്നതാണ്. അത്തരം കാര്യങ്ങളെ സംബന്ധിച്ച പഠനം നടത്തുന്നതിന് വിദഗ്ദ്ധരുടെ ഒരു സംഘത്തെ നിയോഗിച്ചിട്ടുണ്ട്. ഇത് പോലെയുള്ള സംഭവങ്ങൾ എവിടെ, എപ്പോൾ വരുമെന്ന് മുൻകൂട്ടി അറിയാൻ സാധിക്കാത്ത കാര്യമായതുകൊണ്ട് വിദഗ്ദ്ധർ ആകെ പരിശോധിക്കേണ്ട സാഹചര്യമാണുള്ളത്. ഇത്തരം സ്ഥലങ്ങളിൽ പ്രത്യേക പരിശോധന നടത്താൻ സംവിധാനമുണ്ടാക്കാം.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ദുരന്ത കാലയളവിൽ സർക്കാർ ഇടപെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾക്ക് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ഇപ്പോഴും അഭിനന്ദനങ്ങൾ എത്തിക്കൊണ്ടിരിക്കുകയാണ്. ഞാൻ ഒരിക്കൽക്കൂടി അതിനെ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. എന്റെ മണ്ഡലത്തിൽ വീട് നഷ്ടപ്പെട്ട സ്ഥലങ്ങൾ വില്ലേജ് ഓഫീസർമാർ സന്ദർശിക്കുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പലരുടെയും പേരുകൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ചിലരുടെ പേരുകൾ വിട്ടുപോയിട്ടുണ്ട്. ഒരുപക്ഷേ ഇതുപോലെ പല സ്ഥലങ്ങളിലും

ഉണ്ടായേക്കാം. അങ്ങനെ ശ്രദ്ധയിൽപ്പെടാതെ പോയവരുടെ പേരുകൾകൂടി ഉൾപ്പെടുത്തി ദുരന്ത കാലയളവിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് വീടുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കഴിഞ്ഞ ദിവസം പ്രളയാനന്തര നിർമ്മിതിയുമായി ബന്ധപ്പെട്ട വിഷയത്തിന്റെ പേരിൽ അടിയന്തരപ്രമേയം ഉന്നയിച്ചപ്പോൾ ഇതിനെല്ലാമുള്ള വിശദമായ മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയിട്ടുള്ളതാണ്. ചില പ്രദേശങ്ങളിലെങ്കിലും ഏതെങ്കിലും ആളുകൾ വിട്ടുപോയിട്ടുണ്ടെന്ന് ആക്ഷേപമുണ്ടെങ്കിൽ അവർക്ക് കഴിഞ്ഞ മാസം 31-ാം തീയതി വരെ അപേക്ഷിക്കാനുള്ള സാവകാശം നൽകിയിരുന്നു. അതോടൊപ്പം ഇനിയും ആരെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അവ ചൂണ്ടിക്കാണിക്കുന്നതിന് തടസ്സമില്ലെന്ന് അന്നുതന്നെ സൂചിപ്പിച്ചതാണ്. അത്തരം പരാതികൾ ഉന്നയിക്കുന്നപക്ഷം അത് പരിശോധിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ കരുവാരക്കുണ്ട് പഞ്ചായത്തിലെ ഒലിപ്പുഴ ചിറയ്ക്കൽ പ്രദേശത്ത് വലിയൊരു ജലാശയമുണ്ടായിരുന്നു. അവിടെ നൂറ് കണക്കിന് കുടുംബങ്ങൾക്കായി രണ്ട് ശുദ്ധജല സംഭരണികളുണ്ടായിരുന്നു. ടൂറിസം വകുപ്പിന്റെ കീഴിൽ ബോട്ട് സർവ്വീസും അവിടെ നടത്തിയിരുന്നു. ഉരുൾപൊട്ടലിനുശേഷം മണ്ണും മണലും നിറഞ്ഞ് ആ പ്രദേശം മണൽത്തിട്ടയായി മാറുകയും കുട്ടികൾ അവിടെ ഫുട്ബോൾ കളിക്കുകയുമാണ്. അതിന്റെ ബുദ്ധിമുട്ട് അങ്ങയോട് ഒരിക്കൽ ഞാൻ സൂചിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി ആ മണൽ നീക്കംചെയ്യുന്നതിനുള്ള ഉത്തരവിറക്കുകയും ചെയ്തിരുന്നു. എന്നാൽ കഴിഞ്ഞ നാലുമാസമായി തഹസിൽദാർ, ഡെപ്യൂട്ടി കളക്ടർ, എ.ഡി.എം., ജില്ലാ കളക്ടർ എന്നിവർ ഈ മണൽ നീക്കം ചെയ്യുന്നതിനുള്ള ഫണ്ട് ആര് മുടക്കുമെന്നന്വേഷിച്ച് നടക്കുകയാണ്. കഴിഞ്ഞ ദിവസം ഇതുസംബന്ധിച്ച് സർവ്വകക്ഷിയോഗം ചേരുകയും ജനങ്ങൾ പ്രക്ഷോഭം നടത്തുവാൻ തീരുമാനിച്ചിരിക്കുകയുമാണ്. ശുദ്ധജലം ലഭ്യമാക്കുന്ന വിധത്തിൽ രണ്ട് കിണറുകൾ അവിടെയുണ്ട്. അതിലെ വെള്ളം പൂർണ്ണമായി വറ്റിക്കൊണ്ടിരിക്കുകയാണ്. ഈ മണൽ നീക്കംചെയ്തില്ലെങ്കിൽ രൂക്ഷമായ ശുദ്ധജലക്ഷാമം നേരിടേണ്ടിവരും. മണൽ ഉടൻ നീക്കംചെയ്യണമെന്ന് പറഞ്ഞ് ചീഫ് സെക്രട്ടറി ഉത്തരവിറക്കിയെങ്കിലും ആര് നീക്കംചെയ്യുമെന്നും ഫണ്ട് അനുവദിക്കുമെന്നും ജില്ലാ കളക്ടർക്ക് ബോധ്യമില്ല. മൂന്നോ നാലോ പ്രാവശ്യം ജില്ലാ കളക്ടറോട് ഈ വിഷയം സംസാരിച്ചു. ആദ്യം അദ്ദേഹം പറഞ്ഞത്, ഡിസാസ്റ്റർ മാനേജ്മെന്റാണ് ചെയ്യേണ്ടതെന്നാണ്. ഡിസാസ്റ്റർ മാനേജ്മെന്റ് കൈകാര്യം ചെയ്യുന്ന ഡെപ്യൂട്ടി കളക്ടർ പറയുന്നത് ഫണ്ടില്ലെന്നാണ്. അതിനാൽ മണൽ നീക്കംചെയ്ത് ശുദ്ധജല

സംഭരണികൾ സംരക്ഷിക്കുന്നതിനും അതുപോലെ നിലവിലുള്ള ശുദ്ധജല തടാകം അവിടെ നിലനിർത്തുന്നതിനുമുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ നേരത്തെതന്നെ അദ്ദേഹം ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതാണ്. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഉത്തരവ് പുറപ്പെടുവിച്ചിട്ടും ഇപ്പോഴും അത് നീക്കംചെയ്തിട്ടില്ലെന്ന വസ്തുത അദ്ദേഹം സൂചിപ്പിച്ച സാഹചര്യത്തിൽ അതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, ഇപ്പോൾ ഗ്രാമീണ റോഡുകളിൽ മെറ്റലിംഗും സോളിംഗും നടന്ന റോഡുകളുൾപ്പെടെ മഡ് റോഡുകൾ നന്നാക്കാൻ ഫണ്ട് നൽകുന്നില്ലെന്ന പോരായ്മയുണ്ട്. അത് പരിഹരിക്കാൻ ശ്രമിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇത് കഴിഞ്ഞ കാലത്ത് ചെയ്തുകൊണ്ടിരുന്ന പ്രവൃത്തിയാണ്. ഇത്തരം പ്രവൃത്തികൾ ചെയ്യുന്നതിൽ സാങ്കേതികമായുണ്ടായ ചില വിഷയങ്ങൾ എ.ജി.-യുടെ ആഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനെത്തുടർന്നാണ് ഉദ്യോഗസ്ഥതലത്തിൽ ചില നിർദ്ദേശങ്ങൾ വന്നത്. സ്വാഭാവികമായി അത് പരിശോധിക്കുവാനും പുതിയതായി ടാർ ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ എങ്ങനെയാണ് സഹായിക്കാൻ കഴിയുക എന്നതിനെ സംബന്ധിച്ച് തീരുമാനിക്കാനും ആവശ്യമായ നടപടി സ്വീകരിക്കും.

ഡോ. എൻ. ജയരാജ്: സർ, പ്രളയത്തെ ഇത്രയും തീവ്രമാക്കിയതിൽ പുഴ കയ്യേറ്റങ്ങൾ ഒരു പ്രധാനപ്പെട്ട ഘടകമാണ്. യഥാർത്ഥത്തിൽ പുഴയുടെ ഉടമസ്ഥൻ ഇറിഗേഷൻ വകുപ്പും തീരങ്ങളുടേത് റവന്യൂ വകുപ്പും പൊതുമരാമത്ത് വകുപ്പും തദ്ദേശ ഭരണ സ്ഥാപനങ്ങളുമാണ്. വനത്തിൽ ജണ്ട കെട്ടുന്നതുപോലെ പുഴയുടെ തീരങ്ങൾ കൃത്യമായി അളന്ന് സംരക്ഷിക്കുന്നതിനുള്ള നടപടിയുണ്ടാകണം. അങ്ങയുടെ നിയോജകമണ്ഡലത്തിലൂടെ ഒഴുകുന്ന ഭാരതപ്പുഴ ഉൾപ്പെടെ ഇന്ന് വറ്റിവരണ്ട് അതിന്റെ സ്വാഭാവികതയെല്ലാം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ 44 നദികളും ഈ ഭീഷണി നേരിടുമ്പോൾ സർക്കാർ നിലവിലുള്ള പുഴകൾ സംരക്ഷിക്കാനുള്ള നടപടികളുമായി മുന്നോട്ട് പോകുമോ, അതിന് റവന്യൂ വകുപ്പ് മുൻകയ്യെടുക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പുഴയുടെ തീരങ്ങളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ നേരത്തെതന്നെ സ്വീകരിക്കാറുണ്ടായിരുന്നു. ഇന്ന് പല സ്ഥലങ്ങളിലും വ്യാപകമായി തീരങ്ങൾ കയ്യടക്കുകയും അവിടെ വീട് വച്ച്

താമസിക്കുകയും ചെയ്യുന്ന സാഹചര്യമാണുള്ളത്. രൂക്ഷമായ പ്രളയത്തെത്തുടർന്ന് ചിലയിടങ്ങളിൽ അത് ഒലിച്ചുപോയി, അപൂർവ്വം ചിലതൊക്കെ നിലനിൽക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ പുഴയുടെ തീരങ്ങൾ അളന്ന് സംരക്ഷിച്ചുകൊണ്ട് അവിടെനിന്നും പരമാവധി ആളുകളെ പുനരധിവസിപ്പിക്കാനുള്ള സാഹചര്യം കണ്ടെത്തേണ്ടതുണ്ട്. പുഴയുടെ തീരങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ തന്നെയാണ് സർക്കാർ സ്വീകരിക്കുന്നത്. അതിനാവശ്യമായ നടപടിയുമായി മുന്നോട്ടുപോകും.

ശ്രീ. പി. സി. ജോർജ്: സർ, കാര്യക്ഷമമായ ഭൂവിനിയോഗമാണ് പ്രധാനം. നമ്മുടെ സംസ്ഥാനത്ത് ലൈഫ് പദ്ധതി പ്രകാരം വീട് വയ്ക്കണം. മൂന്ന് കോടി മുപ്പത്തിനാല് ലക്ഷമാണ് ഇവിടത്തെ ജനസംഖ്യ. അതിൽ എത്രയോ പേർക്ക് വീടില്ല, അവർക്ക് വീട് വയ്ക്കാൻ സ്ഥലമില്ല. റബ്ബർ കൃഷി ലാഭകരമല്ലാതായതിനാൽ റബ്ബർ തോട്ടങ്ങൾ മുഴുവനും ഇല്ലാതാകുന്ന സാഹചര്യമാണ്. മറ്റ് തോട്ടങ്ങളും ഇതേ അവസ്ഥയിലാണ്. ഇവിടെ നേരിടുന്ന ഒരു പ്രശ്നം, വലിയ തോട്ടങ്ങളെല്ലാം മുറിച്ച് വിൽക്കപ്പെട്ടുപോയെങ്കിലും തോട്ടങ്ങൾ എന്നാണ് ഇപ്പോഴും റെക്കോർഡിൽ കിടക്കുന്നത്. അതുകൊണ്ട് ഇപ്പോൾ കാഞ്ഞിരപ്പള്ളി, മീനച്ചിൽ താലൂക്കുകളിലെ ഏറ്റവും വലിയ ബുദ്ധിമുട്ട് പാവപ്പെട്ടവന് അഞ്ച് സെന്റ് ഭൂമിയുണ്ടെങ്കിൽ 'ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിക്കുവാൻ പോലും നിയമം അനുശാസിക്കുന്നില്ല. അവർക്ക് അഞ്ചോ പത്തോ ഏക്കറുകളൊന്നും വേണ്ട. ഒരു ഹെക്ടർ സ്ഥലം വരെയെങ്കിലും ഉണ്ടെങ്കിൽ തോട്ടം മേഖല എന്നുള്ളത് മാറ്റി കൃഷി ഭൂമി എന്ന നിലയിൽ അനുവാദം കൊടുക്കാനുള്ള ഒരു നിയമനിർമ്മാണത്തിന് അങ്ങ് തയ്യാറുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ശ്രീ. പി. സി. ജോർജ് പറഞ്ഞതിൽ ഒരു കാര്യമുണ്ട്. നിലവിലുള്ള നിയമംകൊണ്ട് സാധ്യമല്ലെന്ന് അദ്ദേഹത്തിന് ബോധ്യമായി. പുതിയ നിയമനിർമ്മാണത്തെക്കുറിച്ച് ഇപ്പോൾ ആലോചിച്ചിട്ടില്ല.

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

3 (*93) ശ്രീ. കെ. ദാസൻ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള തീരത്ത് മത്സ്യബന്ധനം വ്യാപകമായി നടത്തുന്ന മേഖലയിലാണ് കേന്ദ്ര സർക്കാർ നിർണ്ണയിച്ചിട്ടുള്ള കപ്പൽ പാതയെന്നതിനാൽ, വർദ്ധിച്ചുവരുന്ന അപകടങ്ങൾ കണക്കിലെടുത്ത് മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണം അറിയിക്കാമോ;

(ബി) കപ്പൽപാത സുരക്ഷിത ദൂരത്തേയ്ക്ക് മാറ്റണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തോടുള്ള കേന്ദ്രസർക്കാരിന്റെ പ്രതികരണം വെളിപ്പെടുത്താമോ;

(സി) കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ വിവരശേഖരണത്തിനും യാനങ്ങളുടെ സഞ്ചാരപഥം മനസ്സിലാക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രകൃതിദുരന്തങ്ങളും അപകടങ്ങളും ആവർത്തിക്കുന്ന സാഹചര്യത്തിൽ മറൈൻ ആംബുലൻസ് സംവിധാനവും കടൽ പട്രോളിംഗും ശക്തിപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) പ്രകൃതിക്ഷോഭത്തിലോ അപകടത്തിലോ നാശനഷ്ടം സംഭവിക്കുന്ന മത്സ്യബന്ധനോപകരണങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ പദ്ധതിയുണ്ടോ എന്നറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ,

(എ&ബി) ഗുജറാത്ത് മുതൽ കന്യാകുമാരി വരെയുള്ള പുതിയ കപ്പൽപാത രൂപീകരണവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ ശ്രദ്ധയിൽ പെട്ടിട്ടുള്ളതിനാൽ ടി കപ്പൽപാത സജീവ മത്സ്യബന്ധന പ്രദേശത്തിനപ്പുറം സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരള തീരത്ത് നിന്നും 15 നോട്ടിക്കൽ മൈൽ പ്രദേശത്ത് ടി കപ്പൽ പാത നിലനിൽക്കുന്നതിനാൽ ഇത് മത്സ്യബന്ധന ബോട്ടുകളും കപ്പലുകളും തമ്മിൽ കൂട്ടിയിടിക്കുന്നതിന് ഹേതുവാകും. ആയതിനാൽ മത്സ്യത്തൊഴിലാളികൾ മീൻ പിടിക്കുന്ന കടൽ പ്രദേശത്തുനിന്ന് കപ്പൽപാത ദൂരേയ്ക്ക് മാറ്റുന്നതിന് കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടു വരികയാണ്. ഏറ്റവും അവസാനമായി 2018 നവംബർ 10, 11 തീയതികളിൽ കേരളം വിളിച്ച് ചേർത്ത ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പുമന്ത്രിമാരും ഉദ്യോഗസ്ഥരും പങ്കെടുത്ത മീറ്റിംഗിലും ടി വിഷയം ഉന്നയിച്ചിരുന്നു. ടി മീറ്റിംഗിനുശേഷം കേന്ദ്ര ഷിപ്പിംഗ് വകുപ്പുമന്ത്രിക്കും ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിനും വീണ്ടും ടി ആവശ്യം ഉന്നയിച്ചുകൊണ്ട് കത്ത് നൽകിയിരുന്നു. കൂടാതെ കപ്പലുമായി കൂട്ടിയിടിക്കുന്നത് ഒഴിവാക്കുന്നതിന് 12 നോട്ടിക്കൽ മൈലിന് പുറത്ത് മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന യാനങ്ങളിൽ വെസ്സൽ ട്രാക്കിംഗ് സിസ്റ്റം/എ.ഐ.എസ്. നിർബന്ധമാക്കിക്കൊണ്ട് കെ.എം.എഫ്.ആർ. റൂൾ പുറപ്പെടുവിച്ചിട്ടുണ്ട്. റൂൾ നിലവിൽവന്ന തീയതിയായ 1-9-2018 മുതൽ ഒരു വർഷത്തിനകമാണ് ടി സംവിധാനം ഘടിപ്പിക്കേണ്ടത്. കപ്പൽപാത മാറ്റുന്ന വിഷയത്തിൽ കേന്ദ്ര സർക്കാരിൽനിന്നും അനുകൂലമായ പ്രതികരണം പ്രതീക്ഷി ക്കുന്നുണ്ട്.

(സി) കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന സമയത്തും തിരിച്ച് കരയിലെത്തുന്ന സമയത്തും മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനമായ 'സാഗര' എന്ന മൊബൈൽ ആപ്പ് എൻ.ഐ.സി.-യുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത് പരീക്ഷിച്ച് വിജയിച്ചിട്ടുണ്ട്. ഇത് മത്സ്യത്തൊഴിലാളികളുടെ മൊബൈലിലേയ്ക്ക് ഡൗൺലോഡ് ചെയ്ത് നൽകുന്ന നടപടി പുരോഗമിച്ച് വരികയാണ്. ടി സംവിധാനം ഉപയോഗിക്കുന്നതിനുള്ള പരിശീലനവും മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്നു. കൂടാതെ കടലിൽ പോകുന്ന യാനങ്ങളുടെ സഞ്ചാരപഥം കരയിലിരുന്ന് മനസ്സിലാക്കുന്നതിനായി 'ഓട്ടോമാറ്റിക് വെസൽ ട്രാക്കിംഗ് സംവിധാനം' നടപ്പിലാക്കുന്നുണ്ട്. ആദ്യഘട്ടത്തിൽ 3 ജില്ലകളിൽ 300 യാനങ്ങളിൽ ടി സിസ്റ്റം ഫിറ്റ് ചെയ്യുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ആയത് പ്രകാരം ഏതാണ്ട് 288-ഓളം യാനങ്ങളിൽ വെസൽ ട്രാക്കിംഗ് സിസ്റ്റം ഫിറ്റ് ചെയ്തിട്ടുണ്ട്. വരും വർഷങ്ങളിൽ എല്ലാ മത്സ്യബന്ധന യാനങ്ങളിലും ടി സംവിധാനം നിർബന്ധമാക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

(ഡി) കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര വൈദ്യസഹായം എത്തിക്കുന്നതിനും രക്ഷാപ്രവർത്തനത്തിന്റെ കുറവുമൂലം ഒരു ജീവനും നഷ്ടപ്പെടരുത് എന്ന ലക്ഷ്യത്തോടെയുമാണ് മറൈൻ ആംബുലൻസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 3 മറൈൻ ആംബുലൻസ് നിർമ്മിച്ച് നൽകുന്നതിന് കൊച്ചിൻ ഷിപ്പ്‌യാർഡുമായി കരാറാവുകയും ചെയ്തു. അവർ നിർമ്മാണ പ്രവർത്തനം തുടങ്ങുകയും ചെയ്തു. ഇതിനായി ആകെ ചെലവ് 18.24 കോടി രൂപയാണ്. 2020 മാർച്ചിനകം മറൈൻ ആംബുലൻസുകൾ ലഭ്യമാക്കുന്നതുമാണ്.

കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 9 മറൈൻ ജില്ലകളിലായി 9 റസ്ക്യൂ ബോട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. കെ.എം.എഫ്.ആർ. ആക്ടിലും റൂളിലും ആവശ്യമായ ഭേദഗതികൾ വരുത്തി കടൽ പട്രോളിംഗ് കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ മറൈൻ എൻഫോഴ്സ്മെന്റിന്റെയും കോസ്റ്റൽ പോലീസിന്റെയും കോസ്റ്റ് ഗാർഡിന്റെയും നേവിയുടെയും സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്

(ഇ) പ്രകൃതിക്ഷോഭത്തിലോ അപകടത്തിലോ നാശനഷ്ടം സംഭവിക്കുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ പദ്ധതികളില്ല.

മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിൽ താൽപ്പര്യമുള്ള കമ്പനികളിൽനിന്നും ഇ-ടെണ്ടർ ക്ഷണിക്കുകയും

ഇതിൽ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് ക്വാട്ട് ചെയ്ത പൂർണ്ണമായ നഷ്ടം കവർ ചെയ്യുന്നതിന് നിശ്ചിത വിലയുടെ 1% + ടാക്സും പൂർണ്ണവും ഭാഗികവുമായ നഷ്ടം കവർ ചെയ്യുന്നതിന് ഒരുമിച്ച് നിശ്ചിത വിലയുടെ 1.5% + ടാക്സും എന്ന പ്രൊപ്പോസൽ അംഗീകരിച്ച് ടി പദ്ധതിക്കായി ഇതിനകം ഭരണാനുമതി നൽകിയിട്ടുള്ള ഒരു കോടി രൂപ ചെലവഴിക്കുന്നതിന്, 15 M OAL വരെയുള്ള യാന ഉടമകൾക്ക് മുൻഗണന നൽകണമെന്ന വ്യവസ്ഥയിൽ, മത്സ്യ ബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കുന്നതിന് യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് ക്വാട്ട് ചെയ്തിരിക്കുന്ന തുക അംഗീകരിച്ചുകൊണ്ട് അനുമതിയും നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ജില്ലകളിൽ നടന്നുവരുന്നു. കൂടാതെ, മത്സ്യത്തൊഴിലാളി കടാശ്വാസ നിയമം ഭേദഗതി ചെയ്ത് പ്രകൃതിക്ഷോഭത്തിൽ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ കടത്തിന് കടാശ്വാസം അനുവദിക്കാനും അവർക്ക് പുനർവായ്പ അനുവദിക്കുവാൻ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകാനും മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനെ അധികാരപ്പെടു ത്തിയിട്ടുമുണ്ട്.

<u>ശ്രീ. കെ. ദാസൻ</u>: സർ, കടലിൽവച്ചുണ്ടാകുന്ന അപകടങ്ങളിലും പ്രകൃതിദുരന്തംമൂലം ഉണ്ടാകുന്ന അപകടങ്ങളിലും പലപ്പോഴും മത്സ്യത്തൊഴിലാളികൾക്ക് ജീവഹാനി സംഭവിക്കുകയും ഗുരുതരമായ പരിക്കേൽക്കുകയും ചെയ്യുന്നുണ്ട്. ഇതിനു പുറമെ, അവരുടെ ജീവനോപാധികൾ സമ്പൂർണ്ണമായി നഷ്ടപ്പെടുന്ന കാഴ്ചയും നമ്മൾ കണ്ടുവരുന്നുണ്ട്. ഇത്തരത്തിൽ നശിച്ചുപോകുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് പകരം പുതിയവ സംഘടിപ്പിക്കാൻ സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, ഇത്തരം അപകടങ്ങളിൽ നഷ്ടപ്പെടുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് നൽകാൻ നിലവിൽ സംവിധാന ങ്ങളില്ല. ഈ സർക്കാർ അതിന് ഇൻഷ്വറൻസ് ഏർപ്പെടുത്തുകയാണ്. യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച ചെയ്തുകൊണ്ട് വിലയുടെ ഒരു ശതമാനം പ്രീമിയമായി അടയ്ക്കുന്ന രീതിയിലാണ് കരാർ തയ്യാറാക്കിയിരിക്കുന്നത്. അതിൽ 90 ശതമാനം സർക്കാർ സബ്സിഡൈസ് ചെയ്യുകയും 10 ശതമാനം തൊഴിലു ടമകളുടെ വിഹിതമാക്കുകയും ചെയ്യുന്ന തരത്തിലാണ് ഇപ്പോൾ പ്രൊപ്പോസൽ വന്നത്. ആ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കാൻ സർക്കാർ സന്നദ്ധമാകുമ്പോൾ അതിനോട് സഹകരിച്ചാൽ ഇത്തരം ആപത്ത് വരുന്ന സമയത്ത് ഇൻഷ്വറൻസ് തുക ലഭ്യമാകും. അതാണ് ഇപ്പോൾ സർക്കാർ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. ദാസൻ</u>: സർ, അപകടങ്ങളിൽ രക്ഷാപ്രവർത്തനം നടത്താൻ മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി പ്രത്യേക സ്ക്വാഡുകൾക്ക് രൂപംനൽകുമോ; ഇത്തരം സ്ക്വാഡുകൾ രൂപീകരിച്ച് പ്രത്യേക പരിശീലനം നൽകി അവരെക്കൂടി രക്ഷാപ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം തരത്തിലുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, അതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ബോംബെയിലെ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട് 700 മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ട്രെയിനിംഗ് കൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി ഇപ്പോൾ രണ്ട് സെറ്റ് ആളുകൾ ട്രെയിനിംഗ് കഴിഞ്ഞ് തിരികെ വന്നിട്ടുണ്ട്. ട്രെയിനിംഗ് ക്രമേണ തുടർച്ചയായി കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. മത്സ്യത്തൊഴിലാളി ഗ്രൂപ്പിൽപ്പെട്ട തൊഴിലാളികളെത്തന്നെ ട്രെയിൻ ചെയ്ത് നിലനിർത്തുകയാണ് സർക്കാരിന്റെ ലക്ഷ്യം.

ശ്രീ. എസ്. ശർമ്മയ്ക്കുവേണ്ടി <u>ശ്രീ. എ. എം. ആരിഫ്</u>: സർ, തീരപരിപാലന നിയമത്തിൽ മത്സ്യത്തൊഴിലാളികൾക്ക് അനുകൂലമായ ഇളവ് ലഭ്യമാക്കുന്നതിൽ അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നടത്തിയ പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. കേരള സർക്കാരും മത്സ്യത്തൊഴിലാളി സംഘടനകളും കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി നടത്തിയ സമരങ്ങളുടെയും ഇടപെടലുകളുടെയും പരിണിത ഫലമായി നരസിംഹറാവു ഗവൺമെന്റ് ആഴക്കടലിൽ വിദേശ ട്രോളറുകൾക്ക് നൽകിയിരുന്ന ലൈസൻസ് ഇപ്പോൾ കേന്ദ്രസർക്കാർ റദ്ദ് ചെയ്തു. തീരദേശത്ത് പലയിടങ്ങളിലും മത്സ്യലഭ്യത കുറയുന്നതിനാൽ മത്സ്യത്തൊഴിലാളികൾക്ക് തീരദേശം വിട്ട് ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവസരം സംജാതമായിട്ടുണ്ട്. ഇത് പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ ഗൗരവമായി ആലോചിക്കുമോ; ബ്ലൂ റെവല്യൂഷനുമായി ബന്ധപ്പെട്ട് ഇപ്പോൾ ആയിരം കോടി രൂപയുടെ പാക്കേജും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഗൗരവമായി ആലോചിക്കുമോ എന്നതാണ് അറിയേണ്ടത്.

ഇപ്പോൾ മത്സ്യസുരക്ഷയുമായി ബന്ധപ്പെട്ട് ലൈഫ് ജാക്കറ്റ്, വിവിധ ആപ്ലിക്കേഷനുകൾ തുടങ്ങി അഞ്ചാറിനം ആനുകൂല്യങ്ങൾ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അതിന് അപേക്ഷിക്കാനുള്ള അവസാന തീയതി ഫെബ്രുവരി 8 എന്നാണ് കാണുന്നത്. പ്രസ്തുത വിഷയം എല്ലാവരും അറിഞ്ഞു വരുന്നതേയുള്ളൂ. അതിനാൽ അപേക്ഷിക്കാനുള്ള തീയതി രണ്ടാഴ്ചത്തേയ്ക്ക് കൂടിയെങ്കിലും നീട്ടാൻ കഴിയുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, മത്സ്യസമ്പത്തിന്റെ ലഭ്യത കുറഞ്ഞു വരുന്നു എന്നത് ഗൗരവതരമായ പ്രശ്നമാണ്. ശാസ്ത്രീയമായ ഒരു അടിത്തറയിൽ വേണം ഇത്തരം കാര്യങ്ങൾ ചെയ്യാൻ. ഇപ്പോൾ CMFRI-യുടെ പഠന റിപ്പോർട്ട് വന്നിട്ടുണ്ട്. മത്സ്യത്തിന്റെ പ്രജനന ഇടം, കാലയളവ്, ആവാസ വ്യവസ്ഥ തുടങ്ങിയ വിവരങ്ങളെക്കുറിച്ച് CMFRI വിശദമായ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിനനുസൃതമായി കാര്യങ്ങൾ കൊണ്ടുപോകാനാണ് ആലോചിക്കുന്നത്. അതിന് കൃത്യമായ ചില നിയന്ത്രണങ്ങൾ വേണം. എന്നാൽ മാത്രമേ മത്സ്യ ലഭ്യതക്കുറവ് പരിഹരിക്കാൻ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട എം.എൽ.എ. ചോദിച്ചത് ആഴക്കടലിലെ മത്സ്യബന്ധനത്തിനുള്ള സംവിധാനം ബ്ലൂ റെവല്യൂഷന്റെ ഭാഗമായി ശക്തിപ്പെടുത്തുമോ എന്നതാണ്. ബ്ലൂ റെവല്യൂഷൻ പ്രഖ്യാപിച്ചതിനുശേഷം 7000 കിലോമീറ്ററിൽ അധികം വരുന്ന 8 സംസ്ഥാനങ്ങളിലുള്ള മത്സ്യത്തൊഴിലാളികൾക്കുവേണ്ടി 401 കോടി രൂപയാണ് കേന്ദ്ര സർക്കാർ ആകെ അനുവദിച്ചത്. അതിൽ തമിഴ്നാടിന് മാത്രമായി ആഴക്കടൽ ട്രോളർ വാങ്ങുന്നതിന് 201 കോടി രൂപ കൊടുത്തു. പ്രൊപ്പോസൽ ചെയ്തതിൽ 16 കോടി രൂപ മാത്രമാണ് കേരളത്തിന് ലഭ്യമായിട്ടുള്ളത്. അതുകൊണ്ടാണ് സ്പെഷ്യൽ പാക്കേജിൽ മത്സ്യബന്ധന ഉപകരണങ്ങൾ കൂടി ഉൾപ്പെടുത്തണമെന്ന് ആലോചിക്കുന്നത്. അത്തരമൊരു ചർച്ചയിലേയ്ക്കാണ് ഇപ്പോൾ പോകുന്നത്. ആഴക്കടൽ മത്സ്യസമ്പത്ത് ചൂഷണം ചെയ്യുന്നതിനുള്ള നടപടികൾ ഗൗരവതരമായി സ്വീകരിച്ചേ മതിയാകൂ. അതിലേയ്ക്കായി നമ്മുടെ തൊഴിലാളികളെ ട്രെയിൻ ചെയ്യിക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. ആ നടപടി സർക്കാർ ഗൗരവത്തോടെ കാണുകയാണ്.

ശ്രീ. കെ. ആൻസലനുവേണ്ടി ശ്രീ. എം. സ്വരാജ്: സർ, ബഹുമാനപ്പെട്ട മന്ത്രി ഇതിനോടകം മറുപടി പറഞ്ഞിട്ടുള്ള ഒരു വിഷയമാണ്. അതിൽ കുറച്ചുകൂടി വ്യക്തത വരാൻ, ഒരു വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ചോദ്യത്തിന് മറുപടിയായി, തീരദേശത്തുള്ളവർക്ക് പ്രത്യേക പരിശീലനം കൊടുത്ത് അവരെ രക്ഷാപ്രവർത്തനത്തിന് ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് പറയുകയുണ്ടായി. മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന പ്രകൃതി ദുരന്തങ്ങളുടെയും കടൽ അപകടങ്ങളുടെയുമെല്ലാം പശ്ചാത്തലത്തിൽ ഫലപ്രദമായൊരു കാര്യമാണ് മന്ത്രി സൂചിപ്പിച്ചിട്ടുള്ളത്. പ്രത്യേകിച്ച് സമീപകാലത്തുണ്ടായ പ്രളയസമയത്ത് മത്സ്യത്തൊഴിലാളികളുടെ രക്ഷാപ്രവർത്തനം കേരളം കണ്ടതാണ്. ഇപ്പോൾ നാം മുമ്പോട്ട് വച്ചിട്ടുള്ള ഈ ചുവട് കൂടുതൽ ഫലപ്രദമാക്കുന്നതിനുവേണ്ടി, പരിശീലനം കൊടുക്കാൻ ഉദ്ദേശിക്കുന്ന മത്സ്യത്തൊഴിലാളികളെ കേരളത്തിന്റെ അർദ്ധ ഔദ്യോഗിക രക്ഷാസേനയായി സ്ഥിരമായി നിലനിർത്താനും അവർ ഈ പ്രളയ കാലത്ത് ചെയ്തിട്ടുള്ള സേവനങ്ങളുടെ പശ്ചാത്തലത്തിൽ ഒരു ഓണറേറിയം നിശ്ചയിച്ച് കൊടുക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, ഇത് ഏതാനും ആളുകൾക്ക് ഓണറേറിയം കൊടുത്താൽ തീരുന്നൊരു കാര്യമല്ല; വളരെ വിപുലമായൊരു മേഖലയിലെ പ്രശ്നമാണ്. നമ്മുടെ തീരക്കടലിന്റെയും ആഴക്കടലിന്റെയും എട്ടോളം കേന്ദ്ര മന്ത്രാലയങ്ങളുടെയും അത്രതന്നെ സംസ്ഥാന മന്ത്രാലയങ്ങളുടെയും കീഴിലുള്ള പ്രവർത്തന മേഖലയാണ്. സമുദ്ര മേഖലയിൽ പ്രവർത്തിക്കുന്ന മിക്കവാറും വകുപ്പുകൾക്ക് മത്സ്യബന്ധനം ഇപ്പോഴും തീരക്കടലിനടുത്ത് വരുന്ന ചെറിയൊരു പ്രവർത്തന രീതി മാത്രമാണ്. അതിനാവശ്യമായ അറിവും പൊതുവിൽ പ്രാപ്തമല്ല. എന്നാൽ പല രാജ്യങ്ങളും വിവിധ വകുപ്പുകളുടെ സൗഹൃദപരമായ സഹവർത്തിത്വം നിലനിർത്തിക്കൊണ്ട് പോകാനും വിവര ശേഖരണവും വിവര കൈമാറ്റവും പ്രചാരണവും സാധ്യമാക്കാനും സ്പേഷ്യൽ പ്ലാനിംഗിനെ ആശ്രയിച്ച് വരികയാണ്. അതാണ് പ്രധാനപ്പെട്ട കാര്യം. സ്പേഷ്യൽ പ്ലാനിംഗില്ലാതെ മത്സ്യസമ്പത്തിന്റെ സുരക്ഷിതത്വവും തൊഴിലാളികളുടെ നിലനിൽപ്പും സംരക്ഷിക്കാൻ സാധിക്കില്ല. ഇപ്പോൾ ആശാവഹമായിട്ടുള്ള ഒരു കാര്യം, 2017-ലെ ബഡ്ജറ്റിൽ ഇൻഡ്യൻ നേവി സ്പേഷ്യൽ പ്ലാനിംഗ് അപ്രൂവ് ചെയ്തിട്ടുണ്ട്. നമുക്കും സ്പേഷ്യൽ പ്ലാനിംഗിലേയ്ക്ക് പോയേ മതിയാവൂ. സമഗ്രമായ കാഴ്ചപ്പാടോടുകൂടിയുള്ള, വിവിധ മേഖലകളെ കൂട്ടിയിണക്കിയുള്ള, അവരുടെ സഹവർത്തിത്വം ഉറപ്പാക്കിക്കൊണ്ടുള്ള ഇടപെടലിൽക്കൂടി മാത്രമേ കടലുപോലെ കിടക്കുന്ന ഈ മേഖലകളിലെ തൊഴിലാളികളുടെ പ്രശ്ന പരിഹാരത്തിനും സുരക്ഷിതത്വം ഉറപ്പാക്കാനും കഴിയുകയുള്ളൂ. ആ ദിശയിലേയ്ക്കാണ് സർക്കാർ നീങ്ങിക്കൊണ്ടിരിക്കുന്നത്. അതിന്റെ നടപടികൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, സംസ്ഥാനത്തെ തീരത്തോട് ചേർന്നുള്ള കടലിൽ സമുദ്ര ഗവേഷണ പഠനകേന്ദ്രം നടത്തിയ പഠനത്തിൽ ചില പ്രത്യേക മത്സ്യ വൈവിധ്യ കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അതിനെ ഫിഷ് ബാങ്ക് എന്നാണ് വിളിക്കുന്നത്. അതായത്, കടലിൽ സുലഭമായ മത്സ്യങ്ങളും മത്സ്യങ്ങളുടെ വൈവിധ്യം കൂടുതലുള്ള സ്ഥലങ്ങളെയുമാണ് ഫിഷ് ബാങ്ക് എന്നുവിളിക്കുന്നത്. എന്റെ മണ്ഡലത്തിലെ ബ്ലാങ്ങാടിന് പടിഞ്ഞാറുള്ള സ്ഥലം അത്തരത്തിലൊരു ഫിഷ് ബാങ്കാണ്. ഇവിടെ മുഖ്യ ചോദ്യത്തിൽ ഉന്നയിക്കപ്പെട്ട പ്രധാനപ്പെട്ടൊരു പ്രശ്നം, അത്തരം ഫിഷ് ബാങ്കുകളുള്ള സ്ഥലങ്ങളിലൂടെയാണ് ഇപ്പോൾ കേന്ദ്ര സർക്കാർ കപ്പൽ പാതയെ സംബന്ധിച്ച് ആലോചിക്കുന്നത്. അത് തീർച്ചയായും നമ്മുടെ താൽപ്പര്യത്തിന് എതിരാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒട്ടേറെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുണ്ട്. കടലിൽ പെട്ടെന്നൊരു അപകടം ഉണ്ടാകുമ്പോൾ ബോട്ടുകളിൽ പോകാൻ പരിശീലനം നൽകുന്ന പോലീസുകാരും അതോടൊപ്പം മത്സ്യത്തൊഴിലാളികളുടെ ഒരു സംഘത്തെയും അത്തരം സ്റ്റേഷനുകളിൽ അടിയന്തരമായി നിയമിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഇതുമായി ബന്ധപ്പെട്ടാണ് സ്പേഷ്യൽ പ്ലാനിംഗിനെ കുറിച്ച് പറഞ്ഞത്. രേഖാചിത്രങ്ങളുടെ പ്രധാനമായ ഉപയോഗം, മത്സ്യസമ്പത്തിന്റെയും മത്സ്യആവാസ വ്യവസ്ഥയുടെയും സംരക്ഷണമാണ്. വാണിജ്യ പ്രാധാന്യമുള്ള മീനുകളുടെ പ്രജനന സ്ഥലങ്ങളും പ്രജനന മാസങ്ങളും അതിലേറെ മത്സ്യക്കുഞ്ഞുങ്ങൾ കൂട്ടമായി കാണപ്പെടുന്ന സ്ഥലങ്ങളും മാസങ്ങളും രേഖപ്പെടുത്താൻ ഈ സാങ്കേതികവിദ്യ നമ്മെ സഹായിക്കുന്നു. ഏതെല്ലാം പ്രദേശങ്ങളിൽ ഏതെല്ലാം മാസങ്ങളിൽ മത്സ്യബന്ധന തീവ്രത കുറച്ചുകൊണ്ടുവന്ന് ഏതെല്ലാം മീനുകളെ സംരക്ഷിക്കാം എന്നത് സംബന്ധിച്ച് ഈ രേഖാചിത്രങ്ങൾ നമുക്ക് മുന്നറിയിപ്പ് നൽകുന്നു. അൻപതിൽപ്പരം മത്സ്യജാതികളുടെ പ്രജനന സ്ഥലത്തെയും കുഞ്ഞുങ്ങളുടെ ആവാസ വ്യവസ്ഥയെയും സംബന്ധിച്ചുള്ള ചിത്രം സി.എം.എഫ്.ആർ.ഐ. തയ്യാറാക്കിയിട്ടുണ്ട്. ഈ രേഖാചിത്രങ്ങൾ ഉപയോഗിച്ച് മത്സ്യബന്ധന തീവ്രത കുറയ്ക്കുന്നതിനുള്ള നടപടികൾ ഒട്ടുമിക്ക രാജ്യങ്ങളിലും ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരം രേഖാചിത്രങ്ങൾ മത്സ്യബന്ധന മേഖലയിലെ സമഗ്ര പുരോഗതിക്ക് സഹായകരമാകുന്നതുകൊണ്ടാണ് കേരള സർക്കാരും സ്പേഷ്യൽ പ്ലാനിംഗിലേയ്ക്ക് മാറുന്നത്. തീർച്ചയായും ഈ ബഡ്ജറ്റിൽ കുറച്ചുകാര്യങ്ങൾ അതുമായി ബന്ധപ്പെട്ട് വന്നിട്ടുണ്ട്. ഇത് ഒന്നോ രണ്ടോ വർഷംകൊണ്ട് തീർക്കാവുന്നതല്ല. വലിയ നിക്ഷേപം വേണ്ടൊരു മേഖലയാണിത്. വളരെ ഗൗരവത്തോടുകൂടി ശാസ്ത്ര ഗവേഷണ ഫലങ്ങളെ ഉപയോഗിച്ചുകൊണ്ട് മുന്നോട്ടുപോകാൻതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. ഹൈബി ഈഡൻ: സർ, തീരദേശത്ത് അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത് കടൽഭിത്തികളാണ്. കടൽഭിത്തി, പുലിമുട്ട് എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട്, വളരെ സെൻസിറ്റീവായ കടൽക്ഷോഭമുള്ള സ്ഥലങ്ങളിൽ അവ ഐഡന്റിഫൈ ചെയ്യാൻ എന്തെങ്കിലും പാക്കേജ് സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ? അതുപോലെ ഇപ്പോൾ കരിങ്കല്ലിന്റെ ലഭ്യതക്കുറവുകൊണ്ട് പല സ്ഥലത്തും ടെണ്ടർ ചെയ്ത പദ്ധതികൾപോലും നടപ്പിലാകാത്ത സാഹചര്യമുണ്ട്. അതിന് പകരമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജിയോ ട്യൂബ് കൊണ്ടുവന്നിട്ടുണ്ട്. പല സ്ഥലത്തും ഇത് ഫലപ്രദമല്ലെന്ന വാർത്തകളും വരുന്നുണ്ട്. അത് എത്രത്തോളം ഫലപ്രദമാണ്, അതുപോലെ കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി കടൽഭിത്തി നിർമ്മാണം ശാസ്ത്രീയമായി നടത്താനും ഇതിനായി ഉപയോഗിക്കാൻ കഴിയുന്ന മെറ്റീരിയൽസിനെ സംബന്ധിച്ച് എന്തെങ്കിലും ഒരു പഠനം നടത്തി ഇവരെ സംരക്ഷിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, തീരസംരക്ഷണം ഗൗരവതരമായ ഒരു പ്രശ്നമാണ്. നിർഭാഗ്യവശാൽ രാജ്യത്തിന്റെ അതിർത്തിയാണ് അറേബ്യൻ കടൽത്തീരം. കേന്ദ്ര സർക്കാർ അതിനനുസരിച്ചുള്ള പദ്ധതി വിഹിതം നമുക്ക് തരുന്നില്ല എന്നുള്ളതാണ്

നാം നേരിടുന്ന പ്രശ്നം. കേന്ദ്രം തരുന്നില്ലായെന്നുള്ളതുകൊണ്ട് കടലേറ്റത്തിന് വിധേയമായി കടൽത്തീരത്തെ വിട്ടുകൊടുക്കാൻ നമുക്ക് കഴിയില്ല. അതുകൊണ്ട് ഇപ്പോൾ ഘട്ടംഘട്ടമായിട്ടാണ് പദ്ധതിയിലേയ്ക്ക് പോകുന്നത്. ഇപ്പോൾത്തന്നെ കിഫ്ബിയുടെ സഹായത്തോടുകൂടി 48 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി കഴിഞ്ഞു. 222 കോടി രൂപയുടെ പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണ്. കിഫ്ബിയുടെ അടുത്ത മീറ്റിംഗിൽ അത് അംഗീകരിക്കുന്ന സ്ഥിതിയാണ്. ഇപ്പോൾ അഞ്ചുതെങ്ങ്, തോട്ടപ്പള്ളി, ചേറ്റുവ, ചെല്ലാനം, മഞ്ചേശ്വരം വരെയുള്ള ഹാർബറിനോട് ചേർന്നുള്ള കടൽത്തീരം സംരക്ഷിക്കുന്നത് ഹാർബർ, ഇറിഗേഷൻ വകുപ്പുകളാണ്. ആ പദ്ധതികൾ തുടരുകയാണ്. പുതിയ ടെക്നോളജി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ഗവേഷണങ്ങൾ നടക്കുന്നുണ്ട്. ഈ അടുത്ത കാലത്ത് ഫ്രാൻസിൽ നിന്നും 40 വർഷം വരെ നിലനിൽക്കുന്ന ജിയോട്യൂബ് കൊണ്ടുവന്നിട്ടുണ്ട്, നമ്മളത് പരീക്ഷിക്കാൻ പോകുകയാണ്. അവരോട് ഒരെണ്ണം പരീക്ഷണാർത്ഥം ചെയ്തു കാണിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അത് വിജയകരമെന്നുകണ്ടാൽ ജിയോട്യൂബിലേക്ക് പോകാൻ കഴിയും.

<u>ശ്രീ. ടി. വി. രാജേഷ്</u>: സർ, തീരദേശ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ, പയ്യന്നൂർ-കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ അതിർത്തിയിൽ വരുന്ന ഏറ്റവും പരമ്പരാഗതമായ മത്സ്യബന്ധന കേന്ദ്രമാണ് പാലക്കോട്. അവിടെ എല്ലാ വർഷവും വൻതോതിൽ മണ്ണ് അടിയുന്നതുമൂലം വള്ളങ്ങൾ അടുപ്പിക്കാൻ കഴിയുന്നില്ല. ഈ വർഷം വള്ളം മറിഞ്ഞ് രണ്ട് മത്സ്യത്തൊഴി ലാളികൾ മരിച്ചു. എല്ലാ വർഷവും അവിടെ അപകടങ്ങൾ ഉണ്ടാകുകയാണ്. പുറംകടലിൽ വലിയ വള്ളങ്ങൾ നിർത്തി അതിൽനിന്ന് ചെറിയ വള്ളങ്ങളിലേയ്ക്ക് മത്സ്യം മാറ്റുകയാണ്. രണ്ട് തവണ ഹാന്റ്ലിംഗ് നടക്കുന്നതുമൂലം മത്സ്യത്തിന്റെ ഗുണമേന്മ നഷ്ടമാകുകയാണ്. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിലുള്ളതാണ്. ഹാർബർ അവിടെ പ്രഖ്യാപിച്ചിട്ട് 15 വർഷമായി, അതിനി യാഥാർത്ഥ്യമാകുമോ എന്നറിയില്ല. വലിയ പ്രതിഷേധം അവിടെനിന്നും ഉയർന്നുവരുന്നു. അത്തരം കേന്ദ്രങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്താനും എല്ലാ വർഷവും മണ്ണ് ഡ്രെഡ്ജ് ചെയ്യാനും ബന്ധപ്പെട്ട വകുപ്പുമായി ചേർന്ന് പദ്ധതി തയ്യാറാക്കുമോ; തൽക്കാലം അഴിമുഖത്ത് ഒരു ഫിഷ് ലാന്റിംഗ് സെന്റർ അനുവദിച്ച് വള്ളങ്ങൾ അടുപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, പുതിയ ഹാർബർ നിർമ്മാണത്തിലേയ്ക്ക് ഇനി പോകുന്നില്ല. നിലവിലുള്ള ഹാർബറുകൾ പ്രവർത്തനക്ഷമമാക്കുക എന്നതാണ് ലക്ഷ്യം. ഇപ്പോൾ 24 ഹാർബറുകളുള്ളതിൽ ബഹുഭൂരിപക്ഷവും പണി 90-95 ശതമാനം വരെയെത്തി, പൂർത്തീകരിക്കാത്ത അവസ്ഥയിലാണ്. അവ പൂർത്തീകരിക്കുക എന്നുള്ളതാണ് ആദ്യഘട്ടം. എന്നാൽ ആവശ്യമുള്ള സ്ഥലത്തെല്ലാം ലാന്റിംഗ്

സെന്റേഴ്സ് കൊടുക്കാനും ഉദ്ദേശിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ സ്ഥലത്ത് ഞങ്ങൾ ലാന്റിംഗ് സെന്റർ ആലോചിച്ചിട്ടുണ്ട്. ഡ്രെഡ്ജിംഗിന്റെ പ്രശ്നം ഗൗരവതരമാണ്. നമ്മുടെ ഹാർബർ ബെയ്സിൽ സമയബന്ധിതമായി ഡ്രെഡ്ജ് ചെയ്യാൻ കഴിയുന്നില്ലെന്ന പ്രശ്നമുണ്ട്. കോൺട്രാക്ടർമാർ വർക്കുകൾ സമയത്ത് തീർക്കുകയില്ല. ഇപ്പോൾ സർക്കാർ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ഗ്ലോബലായി ക്ഷണിച്ചിട്ടുണ്ട്. ഏതെങ്കിലുമൊരു മെച്ചപ്പെട്ട ഡ്രെഡ്ജിംഗ് കമ്പനിക്ക് അഞ്ച് വർഷക്കാലം നീണ്ടുനിൽക്കുന്ന കരാർ കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. അപ്പോൾ നമ്മുടെ ഹാർബറുകളെല്ലാം തുടർച്ചയായി ഡ്രെഡ്ജ് ചെയ്യാൻ കഴിയും. അത്തരമൊരു നിലപാടിലേയ്ക്ക് പോകുന്നുണ്ട്. ഇപ്പോൾ കിട്ടിയ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റിൽ രണ്ടുപേർ മാത്രമുള്ളതിനാൽ ഒരിക്കൽക്കൂടി ടെണ്ടർ ചെയ്തിട്ടുണ്ട്. അങ്ങനെയുള്ളവരെ കിട്ടിയാൽ എംപാനൽ ചെയ്ത് തുടർച്ചയായി ഹാർബറുകളെ ഡ്രെഡ്ജ് ചെയ്യാനുള്ള സംവിധാനത്തിലേയ്ക്ക് പോകാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ഓഖി ദുരന്തത്തോടനുബന്ധിച്ച് ബോട്ട്, മത്സ്യബന്ധനോപകരണങ്ങൾ തുടങ്ങിയവ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് തത്തുല്യമായ നഷ്ടപരിഹാരം ഫിഷറീസ് വകുപ്പ് നൽകുന്നതാണെന്ന് 2017 ഡിസംബർ 6-ലെ സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. ഇന്ന് തീരദേശ മേഖലയിലെ ബോട്ടുടമകൾ മുഴുവൻ നഷ്ടപരിഹാരത്തുക ലഭ്യമാകാത്തതിനാൽ കൂലിപ്പണിക്കുവേണ്ടി മറ്റ് ബോട്ടുകളിൽ പോകുന്ന സ്ഥിതിവിശേഷമാണുള്ളത്. ബോട്ടിന് നാശനഷ്ടമുണ്ടായിട്ടുള്ള പല ആളുകൾക്കും വളരെ തുച്ഛമായ നഷ്ടപരിഹാരമാണ് ലഭിച്ചിട്ടുള്ളത്, കുറേയധികം ആളുകൾക്ക് ലഭിച്ചിട്ടുമില്ല. എന്റെ നിയോജകമണ്ഡലത്തിലെ പൂന്തുറയിൽ സേവ്യർ എന്നയാളിന് എഫ്.ഐ.ആർ. എടുത്ത് 75 ലക്ഷം രൂപ നഷ്ടം സംഭവിച്ചുവെന്ന് കണക്കാക്കിയിട്ട് ഒരു പൈസപോലും കിട്ടിയിട്ടില്ല. മറ്റ് രണ്ടുപേർക്ക് 5 ലക്ഷം രൂപ വീതം നഷ്ടപരിഹാരത്തിന് അർഹതയുണ്ടായിട്ടും ലഭ്യമായിട്ടില്ല. ബോട്ടുകൾക്കും മത്സ്യബന്ധനോപകരണങ്ങൾക്കും ഉണ്ടായിട്ടുള്ള നാശനഷ്ടം പരിപൂർണ്ണമായും നൽകുന്നതിനും നഷ്ടപരിഹാരം ലഭ്യമാകാത്ത ആളുകൾക്ക് അടിയന്തരമായി അത് നൽകുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഓഖി ദുരന്തത്തിൽ വള്ളവും വലയും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരമായി 6.75 കോടി രൂപ നൽകിക്കഴിഞ്ഞിട്ടുണ്ട്. ഡിപ്രീസിയേഷൻ കഴിഞ്ഞുള്ള തുകയേ കൊടുക്കാൻ സാധിക്കൂ. 20 ലക്ഷം രൂപ വരെ കൊടുത്തിട്ടുണ്ട്. നിയമമനുസരിച്ച് അവർ നിക്ഷേപിച്ച അത്രയും തുക കൊടുക്കാൻ കഴിയുകയില്ല. നിയമവിധേയമായാണ് സർക്കാർ പ്രവർത്തിക്കുന്നതെന്നുള്ളതുകൊണ്ട് ആ മാനദണ്ഡമനുസരിച്ചേ കൊടുക്കാൻ കഴിയുകയുള്ളൂ. എല്ലാവരുടേയും നഷ്ടപരിഹാരം കൊടുത്തിട്ടുണ്ട്. ഒരാളുടെ കേസ് വീണ്ടും

വന്നിട്ടുണ്ട്, അതിൽ എന്താണ് സംഭവിച്ചതെന്ന് എനിക്കറിയില്ല. എങ്ങനെയാണ് അത് റിപ്പോർട്ട് ചെയ്യാതിരുന്നത്, എന്താണ് സംഭവിച്ചതെന്നുള്ളത് പരിശോധിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു കേസ് മാത്രമാണ് അത്തരത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്, ബാക്കി മുഴുവൻ ആളുകളുടേയും നിയമാനുസൃതമായ നഷ്ടപരിഹാരം കൃത്യമായി കൊടുത്തിട്ടുണ്ട്.

ശ്രീ. വി. ജോയി: സർ, മത്സ്യബന്ധന സുരക്ഷയെക്കുറിച്ച് അങ്ങ് സൂചിപ്പിച്ചു. മത്സ്യബന്ധനയാനങ്ങളുടെ ലൈസൻസ് പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. പ്രത്യേകിച്ചും തിരുവനന്തപുരത്തെ വർക്കല പോലുള്ള പ്രദേശങ്ങളിലെ ചെറുവള്ളങ്ങൾക്ക് ലൈസൻസ് നൽകാതിരിക്കുന്ന സാഹചര്യം ഇന്നുണ്ട്. അങ്ങ് അതിൽ ഇടപെടുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ലൈസൻസ് നൽകാതിരിക്കുന്ന പ്രശ്നമില്ല. ഇവിടത്തെ പ്രശ്നം, ആളുകൾ വള്ളം രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് എടുക്കാതെയും യഥേഷ്ടം പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ കെ.എം.എഫ്.ആർ.എ. ഭേദഗതി ചെയ്തതിന്റെ ഫലമായി നിർബന്ധമായും രജിസ്ട്രേഷനും ലൈസൻസും വേണമെന്ന് പറഞ്ഞിട്ടുണ്ട്. ലൈസൻസ് ഇല്ലാത്തവർക്ക് പെനാൽറ്റി വരുമെന്ന് കണ്ടപ്പോഴാണ് ഒരോരുത്തരും ഓടി നടക്കുന്നത്. ഇപ്പോൾ അത്തരം ആളുകൾക്ക് രജിസ്റ്റർ ചെയ്യാൻ സമയം കൊടുത്തിട്ടുണ്ട്. ലൈസൻസ് പുതുക്കണമെന്ന് നിർബന്ധമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഇനിയും ആരെങ്കിലും രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ, രണ്ടുമൂന്ന് പ്രാവശ്യം സമയം നീട്ടിക്കൊടുത്ത് നിയമത്തിനനുസരിച്ച് പ്രവർത്തിക്കാൻ അവരെ നിർബന്ധിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണ് വേണ്ടത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മൂന്ന് ചോദ്യങ്ങളും പ്രകൃതി ദുരന്തങ്ങളെക്കുറിച്ചും അതിന്റെ പ്രയാസങ്ങളെക്കുറിച്ചുമാണ്. പാശ്ചാത്യരാജ്യങ്ങളിലെല്ലാം ദുരന്തങ്ങൾ വരുന്നതിനെക്കുറിച്ച് അറിയുന്നതിനും അത് വന്നുകഴിഞ്ഞതിനുശേഷമുള്ള പ്രയാസങ്ങൾ ദൂരീകരിക്കുന്നതിനും റീഹാബിലിറ്റേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ അതോറിറ്റിയുണ്ട്. അതുപോലെ ഇനി വരാനിരിക്കുന്ന ദുരന്തത്തെക്കുറിച്ചും വന്ന പ്രയാസങ്ങൾ ദൂരീകരിക്കുന്നതിനാവശ്യമായ ഒരു അതോറിറ്റി രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ; ബഹുമാന്യനായ മുഖ്യമന്ത്രി ഇടപെട്ടുകൊണ്ട് ഇങ്ങനെയൊരു അതോറിറ്റി രൂപീകരിക്കുന്നതിനുള്ള ശ്രമം നടത്തുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഡിസാസ്റ്റർ മാനേജ്മെന്റ് ഇപ്പോൾ വളരെയധികം ശക്തിപ്പെടുത്തിയിരിക്കുകയാണ്. പുതിയതായി എല്ലാ സൗകര്യങ്ങളുമുള്ള ഒരു സംവിധാനത്തിലേയ്ക്ക് പോകുകയാണ്. ഭാവിയിൽ ഇത്തരം വിശദാംശങ്ങളടക്കം ആ സംവിധാനത്തിൽ ചെയ്യാൻ കഴിയും.

ശ്രീമതി ഗീതാ ഗോപി: സർ, കേരളത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ 12 ലക്ഷത്തോളം മത്സ്യത്തൊഴിലാളികളും അനുബന്ധ കുടുംബങ്ങളും തൊഴിൽ ചെയ്ത് ജീവിക്കുന്നു. ഞാനൊരു തീരദേശ എം.എൽ.എ. ആണ്. നാട്ടികയിലും വലപ്പാടും തളിക്കുളത്തും ഏകദേശം ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ ഈ തൊഴിലുമായി ബന്ധപ്പെട്ട് വളരെയധികം പ്രയാസം നേരിടുന്നുണ്ട്. ഇവിടെ നിന്നും പിടിക്കുന്ന മത്സ്യങ്ങൾ ചേറ്റുവ ഹാർബറിൽ കൊണ്ടു പോയി വിൽക്കണമെന്നുള്ളതാണ് മത്സ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ട്. ബഹുമാനപ്പെട്ട മന്ത്രി പുതിയ ഹാർബറുകൾക്ക് പ്രാധാന്യം കൊടുക്കുന്നില്ലെന്ന് പറഞ്ഞത് അംഗീകരിക്കുന്നു. നാട്ടിക പോലുള്ള പ്രദേശത്ത് ഏകദേശം മൂന്നേമുക്കാൽ ഏക്കർ സ്ഥലം കിടക്കുകയാണ്. പുതിയ ഹാർബറുകൾക്ക് പ്രാധാന്യം കൊടുക്കുന്നില്ലെങ്കിൽ അങ്ങനെയുള്ള പ്രദേശത്ത് ഒരു ഫിഷ് ലാന്റിംഗ് സെന്റർ അനുവദിക്കാൻ തയ്യാറാകുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഫിഷ് ലാന്റിംഗ് സെന്ററുകൾ കഴിയുന്നത്ര അനുവദിക്കണമെന്നുതന്നെയാണ് സർക്കാരിന്റെ നയം. അതിനായി ഒരു സർവ്വേ നടത്തിയിട്ടുണ്ട്. ഹാർബറുകൾക്കിടയിൽ കുറഞ്ഞ ചെലവിൽ ഫിഷ് ലാന്റിംഗ് സെന്ററുകൾ ആരംഭിക്കുന്ന കാര്യം തീർച്ചയായും പരിഗണിക്കാവുന്നതാണ്.

മി.സ്പീക്കർ: ഓർഡർ......ഓർഡർ......ചോദ്യോത്തര സമയം കഴിഞ്ഞു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നീതിയുക്തമാക്കാൻ നടപടി

4(*94) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ രാഷ്ട്രീയ അടിസ്ഥാനത്തിൽ വിവേചനം നടന്നത് കാരണം അർഹരായ നിരവധി ദുരിതബാധിതർ തഴയപ്പെട്ടതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതികൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(സി) ദുരിതാശ്വാസ പ്രവർത്തനങ്ങൾ നീതിയുക്തമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഇത്തരം പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് തികച്ചും സുതാര്യവും എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജനപ്രദവുമായ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. പ്രളയത്തിന്റെ ഭാഗമായി 2 ദിവസത്തിൽ കൂടുതൽ വീടുകളിൽ വെള്ളം കെട്ടിനിന്ന കുടുംബത്തിന് 10,000 രൂപയുടെ അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതുവരെ 687843 പേർക്ക് 10,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. പ്രളയബാധിതർക്ക് ഭക്ഷ്യവസ്തുക്കളുടെ കിറ്റുകൾ വിതരണം ചെയ്തു. അതിനുപുറമേ 500 രൂപ വിലവരുന്ന ഭക്ഷ്യസാധനങ്ങളടങ്ങിയ 1050833 കിറ്റുകളും വിതരണം ചെയ്തു. ഇതിനായി 51.54 കോടി രൂപ ചെലവായിട്ടുണ്ട്. 2018-ലെ പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് നാശം സംഭവിച്ച വീടുകളുടെ ഡിജിറ്റലടിസ്ഥാന വിവരശേഖരണം തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം നടത്തിയിട്ടുള്ളതാണ്. വീടുകളുടെ പുനർനിർമ്മാണം/പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് മിനിമം റിലീഫ് കോഡ് നിർണ്ണയിച്ച് അർഹരായ എല്ലാവർക്കും ദുരിതാശ്വാസം അനുവദിക്കുന്നതിന് ഏകീകൃതമായ നിരക്ക് പ്രഖ്യാപിച്ചിട്ടുണ്ട്. പൂരണ്ണമായി തകർന്ന വീടുകൾക്ക് 4,00,000 രൂപയും ഭാഗികമായി തകർന്ന വീടുകളിൽ 15% വരെയുള്ളതിന് 10,000 രൂപയും 16 മുതൽ 29% വരെയുള്ളതിന് 60,000 രൂപയും 30 മുതൽ 59% വരെയുള്ളതിന് 1,25,000 രൂപയും 60 മുതൽ 74% വരെയുള്ളതിന് 2,50,000 രൂപയുമാണ് നിശ്ചയിച്ചിരിക്കുന്നത്. 15% തകർച്ച നേരിട്ടതും 16 മുതൽ 29% വരെ തകർച്ച നേരിട്ടതുമായ വീടുകൾക്ക് ധനസഹായം പൂർണ്ണമായും അനുവദിച്ചു. 30 മുതൽ 59% വരെയും 60 മുതൽ 74% വരെയും തകർച്ച നേരിട്ട വീടുകൾക്ക് ഒന്നാം ഗഡു വിതരണം ചെയ്തിട്ടുണ്ട്. പൂർണ്ണമായും തകർന്ന വീടുകൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമായ തുകയ്ക്ക് ഉപരിയായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നത് വീടിന്റെ ഓരോ നിർദ്ദിഷ്ട ഘട്ടങ്ങളും പൂർത്തീകരിക്കുന്ന മുറയ്ക്കാണ്. പ്രസ്തുത തുകയുടെ 50% വീട് നിർമ്മാണത്തിന്റെ 25% പൂർത്തിയാക്കുമ്പോഴും തുടർന്നുള്ള 50% വീട് നിർമമാണത്തിന്റെ 75% പൂർത്തിയാക്കുമ്പോഴും അനുവദിക്കുന്നതാണ്. സഹകരണ വകുപ്പിന്റെ സഹകരണത്തോടെ കെയർ ഹോം ഭവന പദ്ധതി പ്രകാരവും വീട് നിർമ്മിച്ച് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അത് പ്രകാരം വിവിധ ജില്ലകളിൽ പ്രവർത്തനം നടന്നുവരുന്നു.

'സുരക്ഷിത കൂടൊരുക്കും കേരളം' എന്ന പേരിൽ ബ്ലോക്ക് തലത്തിലും നഗരസഭാ തലത്തിലും ഭവന നിർമ്മാണ സഹായ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ലൈഫ് മിഷനാണ് ഈ കേന്ദ്രത്തിന്റെ നടത്തിപ്പ്

ചുമതല. പ്രകൃതിദുരന്തങ്ങളിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം ദുരിത ബാധിതരുടെ നേതൃത്വത്തിലും പൂർണ്ണ പങ്കാളിത്തത്തിലും ആകണമെന്ന രാജ്യാന്തര തലത്തിലുള്ള അംഗീകൃത മാതൃക പിന്തുടർന്ന് 2018-ൽ പ്രളയത്തിൽ പൂർണ്ണമായും തകർന്നതും ഗുരുതരമായി (75%ത്തിലേറെ) കേടു സംഭവിച്ച് വാസയോഗ്യമല്ലാതായതുമായ വീടുകളുടെ പുനർനിർമ്മാണം ആരംഭിക്കുന്നതിന് വീടുനഷ്ടപ്പെട്ടവരുടെ യോഗങ്ങൾ ബ്ലോക്കുതലത്തിൽ വിളിച്ചുചേർക്കുവാനും, വിശദമായി വിവിധ ഭവന നിർമ്മാണ സാദ്ധ്യതകൾ വിശദീകരിച്ച് നൽകുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. G.O(Ms.) No.18/2018/DMD dated 3-9-2018 പ്രകാരം തദ്ദേശ വകുപ്പ് ഓവർസിയർ/എഞ്ചിനീയർമാരുടെ കീഴിൽ സന്നദ്ധ പ്രവർത്തകരും എഞ്ചിനീയർമാരും അംഗീകരിക്കുന്ന വീടിന്റെ കെട്ടിട നഷ്ടത്തിന്റെ (structural damage) തോത് മേൽ പരിശോധനയ്ക്ക് ശേഷം അംഗീകരിക്കുന്നത് തദ്ദേശ സ്ഥാപന സെക്രട്ടറിയാണ്. ഇവരുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുവാനായി ആസൂത്രണ വകുപ്പ് അംഗം ചെയർമാനായി ഒരു നാലംഗ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കണക്കെടുപ്പിൽ തർക്കമുണ്ടായാൽ അപ്പീൽ നൽകുന്നതിനായി ജില്ലാ കളക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രളയത്തിൽ പൂർണ്ണമായി തകർന്ന വീടുകൾ ഇപ്പോഴത്തെ കണക്കനുസരിച്ച് 13362 ആണ്. അതിൽ 7428 പേർ സ്വയം വീട് നിർമ്മിച്ചുകൊള്ളാമെന്ന് അറിയിച്ചു. ആകെ 9341 പേർക്ക് ആദ്യഗഡു സഹായം നൽകി വീട് പണി ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവ സഹകരണ സ്ഥാപനങ്ങളുടെ കൂട്ടായ്മ, കെയർ ഹോം, സന്നദ്ധ സംഘടനകൾ എന്നിവ മുഖേന നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. പൂർണ്ണമായും തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടത്തിയിട്ടുണ്ട്.

അടിയന്തര ധനസഹായമായ 10,000 രൂപ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പരാതികൾ സ്വീകരിക്കുന്നതിനും അവ പരിശോധിച്ച് അർഹരായവർക്ക് ദുരിതാശ്വാസം അനുവദിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് അപ്പീൽ പരാതികൾ പരിശോധിച്ച് അർഹരായവർക്ക് പ്രസ്തുത ദുരിതാശ്വാസം അനുവദിച്ചിട്ടുണ്ട്. 22-11-2018-ലെ സ.ഉ.(സാധാ)നമ്പർ 627/2018/ഡി.എം.ഡി ഉത്തരവ് പ്രകാരം ദുരിതാശ്വാസം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ആർക്കെങ്കിലും പരാതിയുള്ളപക്ഷം ദുരന്ത നിവാരണത്തിന്റെ ചുമതല വഹിക്കുന്ന ഡെപ്യൂട്ടി കളക്ടർക്ക് അപ്പീലും ജില്ലാ കളക്ടർക്ക് റിവിഷനും സമർപ്പിച്ച് നീതി ഉറപ്പാക്കാനുള്ള പരാതി പരിഹാര സംവിധാനം രൂപീകരിച്ചിട്ടുണ്ട്. വീടുകൾക്കുണ്ടായ നാശനഷ്ടം സുതാര്യമായി തിട്ടപ്പെടുത്തുന്നതിനാണ് ഡിജിറ്റൽ അധിഷ്ഠിത വിവര ശേഖരണം നടത്തിയത്. വീടുകളുടെ കണക്കെടുപ്പ് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ആക്ഷേപമുണ്ടെങ്കിൽ ആയതിനായി അപ്പീൽ സമർപ്പിക്കുന്നതിനും സർക്കാർ സാവകാശം നൽകിയിട്ടുണ്ട്. ഇപ്രകാരം നീതിയുക്തവും സുതാര്യവും പരാതികൾക്കിടയില്ലാത്ത വിധവുമുള്ളതുമായ രീതിയിൽ പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾ സമസ്ത വിഭാഗം ജനങ്ങൾക്കും പ്രാപ്യമാകുന്നതിനാണ് സർക്കാർ പരിശ്രമിക്കുന്നത്.

## റെയിൽവേ പാതയിരട്ടിപ്പും സിഗ്നലിംഗ് സംവിധാനവും

5(*95) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. പി. വി. അൻവർ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റെയിൽവേ സിഗ്നലിംഗ് സംവിധാനം നവീകരിക്കുന്നതിനും പാതയിരട്ടിപ്പ് പൂർത്തിയാക്കി യാത്രാവേഗത ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ;

(ബി) സുരക്ഷിത യാത്ര ഉറപ്പാക്കുന്നതിലും ആവശ്യത്തിന് ട്രെയിനുകൾ അനുവദിക്കുന്നതിലും റെയിൽവേ കാണിക്കുന്ന താല്പര്യമില്ലായ്മ അവസാനിപ്പിക്കുവാൻ എപ്രകാരം ഇടപെടാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(സി) മനുഷ്യാവകാശ കമ്മീഷന്റെ പോലും ഇടപെടലിനിടയാക്കുന്ന തരത്തിലുള്ള കൃത്യനിഷ്ഠയില്ലായ്മ പരിഹരിക്കുവാൻ റെയിൽവേയോട് ആവശ്യപ്പെടുമോ;

(ഡി) സംസ്ഥാനത്തെ ഏതെങ്കിലും റെയിൽവേ സ്റ്റേഷൻ ലോക നിലവാരത്തിലേക്കുയർത്താൻ റെയിൽവേ ഉദ്ദേശിക്കുന്നതായി അറിയാമോ; നിലവിൽ സംസ്ഥാനത്തെ ഏതെങ്കിലും സ്റ്റേഷൻ ലോക നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനത്തെ റെയിൽവേ പദ്ധതികളുടെ പുരോഗതിക്കും വികസനത്തിനും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിക്കുന്നുണ്ട്. ഇതിലേയ്ക്കായി കേരള സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദംചെലുത്തിവരികയാണ്. ഇന്ത്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കുന്നതിനും റെയിൽപാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കാലപ്പഴക്കംവന്ന റെയിൽ പാളങ്ങൾ പുനഃസ്ഥാപിക്കുന്നതിനും റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങളായ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതവത്ക്കരണം, സിഗ്നൽ പരിഷ്ക്കരണം തുടങ്ങിയവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും കേരള സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദംചെലുത്തിവരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും റെയിൽവേ മന്ത്രിക്കും സംസ്ഥാനത്തിന്റെ റെയിൽവേയുടെ ചുമതലയുള്ള മന്ത്രി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്കും ഇതുസംബന്ധിച്ച് നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. എം.പി.-മാരുടെ തലത്തിലും ഉദ്യോഗസ്ഥതലത്തിലും നിരന്തരം സമ്മർദ്ദംചെലുത്തിവരുന്നു.

(ബി) പഴക്കം ചെന്നതും ഉപയോഗയോഗ്യമല്ലാത്തതുമായ കോച്ചുകൾ മാറ്റി ആധുനിക സൗകര്യങ്ങളോടുകൂടിയ കോച്ചുകളുള്ള ട്രെയിൻ ഓടിക്കുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തുകൾ അയച്ചിട്ടുണ്ട്. വിവിധ ട്രെയിനുകളിൽ ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ എൽ.എച്ച്.ബി.(LHB) കോച്ചുകൾ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിലൂടെ ഓടുന്ന മുഴുവൻ ട്രെയിനുകളിലും ബയോ ടോയ്‌ലെറ്റുകളുള്ള കോച്ചുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) യഥാസമയം ട്രെയിനുകൾ സർവ്വീസ് നടത്തുന്നതിന് പകരം നിലവിൽ ട്രെയിനുകൾ എത്തിച്ചേരാൻ അധികമായി എടുക്കുന്ന സമയത്തെ (Buffer Time) ട്രെയിനുകൾ എത്തിച്ചേരേണ്ടുന്ന സമയമായി പുനഃക്രമീകരിക്കുക എന്ന കുറുക്കുവഴിയാണ് തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകൾ സ്വീകരിച്ചിരിക്കുന്നത്. അറ്റകുറ്റപ്പണിയുടെയും പാതയിരട്ടിപ്പിക്കലിന്റെയും പേരുപറഞ്ഞാണ് ഇത്തരത്തിലൊരു സമീപനം റെയിൽവേ സ്വീകരിച്ചിട്ടുള്ളത്. ഇതിനെതിരായി എം.പി.-മാരുടെ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരന്തരം സമ്മർദ്ദം ചെലുത്തിയിരുന്നു. കൂടതെ ഇത്തരം അശാസ്ത്രീയവും തെറ്റിദ്ധാരണാജനകവുമായ സമയക്രമ നിർണ്ണയം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 14-6-2018-നും റെയിൽവേയുടെ ചുമതലയുള്ള മന്ത്രി 24-6-2018-നും കേന്ദ്ര റെയിൽവേ മന്ത്രി ശ്രീ. പീയുഷ് ഗോയലിന് കത്തുകൾ അയിച്ചിട്ടുണ്ട്.

(ഡി) പി.പി.പി. മോഡൽ വഴിയായി രാജ്യത്തെ റെയിൽവേ സ്റ്റേഷനുകൾ പുനർവികസിപ്പിക്കുന്ന പദ്ധതിയിൽ കേരളത്തിലെ 21 റെയിൽവേ സ്റ്റേഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് റെയിൽവേ സ്റ്റേഷന്റെ നവീകരണത്തിനായി തത്വത്തിൽ അംഗീകാരം നൽകണമെന്നും റെയിൽവേ ആവശ്യപ്പെട്ടത് അനുസരിച്ച് കോഴിക്കോട് റെയിൽവേ സ്റ്റേഷനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പുനർവികസനത്തിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത പദ്ധതിക്കായി കോ-ഓർഡിനേറ്റിംഗ് ഓഫീസറെയും പാർട്ട്ണേഴ്സിനെയും തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ വർക്കല ശിവഗിരി റെയിൽവേ സ്റ്റേഷൻ വികസനം വിവിധ കോർപ്പറേഷനും ഇന്ത്യൻ റെയിൽവേ സ്റ്റേഷൻ കോർപ്പറേഷൻ ലിമിറ്റഡും (IRSDC) സംയുക്തമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്രളയത്തിൽ തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ

6(*96) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തിൽ തകർന്ന പല റോഡുകളുടെയും അറ്റകുറ്റപ്പണികൾ ഇതുവരെ ആരംഭിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഹൈവേകളുടേയും റോഡുകളുടെയും സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി മെയിന്റനൻസ് വിഭാഗത്തിന് ഒരു ചീഫ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥനെ നിയമിച്ചിട്ടും അറ്റകുറ്റപ്പണികൾക്ക് വേഗതയില്ലാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രളയത്തിൽ തകർന്ന റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന്റെ ഭാഗമായി അടിയന്തര അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലം റോഡിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നതിനായി അനുവദിച്ച 2395 പ്രവൃത്തികൾ എല്ലാംതന്നെ പൂർത്തീകരിച്ചിട്ടുണ്ട്. 7956 കി. മീറ്ററിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും തകർന്ന കലുങ്കുകൾ, സംരക്ഷണ ഭിത്തികൾ തുടങ്ങിയവ പുനർനിർമ്മിക്കുന്നതിനുള്ള 656 പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. നോൺപ്ലാൻ ഫണ്ട്, ദുരന്ത നിവാരണ ഫണ്ട് എന്നിവയിൽനിന്നും മേൽപ്പറഞ്ഞ ഹ്രസ്വകാല അടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾക്കെല്ലാം തന്നെ 2018 സെപ്റ്റംബർ 18-നകം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 4429 കി.മീ റോഡിലെ അറ്റകുറ്റപ്പണികളും 164 മറ്റ് പ്രവൃത്തികളും ജനുവരി 1-ന് മുമ്പായി പൂർത്തീകരിച്ചിട്ടുണ്ട്. 3148 കി. മീ. റോഡുകളുടെ അറ്റകുറ്റപ്പണികളും 429 മറ്റ് പ്രവൃത്തികളും പുരോഗതിയിലാണ്. 379 കി.മീ. റോഡുകളിലെ അറ്റകുറ്റപ്പണികളും 63 മറ്റ് പ്രവൃത്തികളും ടെണ്ടർ നടപടികളിലുമാണ്. ഈ പ്രവൃത്തികളെല്ലാംതന്നെ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2018 ആഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ ഇടുക്കി, വയനാട്, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ ദേശീയ പാതകളിൽ കാര്യമായ നാശനഷ്ടങ്ങൾ ഉണ്ടായിരുന്നു. എന്നാൽ യുദ്ധകാലാടി

സ്ഥാനത്തിൽ റോഡ് ഗതാഗതയോഗ്യമായി നിലനിർത്തുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ ഓർഡിനറി റിപ്പയറിംഗിൽ നടപ്പിലാക്കിയിരുന്നു. റോഡുകളിൽ കാര്യമായ നാശം സംഭവിക്കുകയും, സംരക്ഷണ ഭിത്തികൾ തകർന്ന ഭാഗങ്ങളിലെയും താത്ക്കാലിക പരിഹാരത്തിനായി കേന്ദ്ര മന്ത്രാലയം ഫ്ലഡ് ഡാമേജ് റിപ്പയറിൽ അനുവദിച്ച 20 കോടി രൂപയിൽ ഓരോ ദേശീയപാതാ ഡിവിഷനുകളിലും അത്യാവശ്യമായ പദ്ധതികൾ അനുമതി നൽകി നടപ്പിലാക്കുകയും ഇവയുടെ സ്ഥായിയായ റിപ്പയറിംഗിന് വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആനുവൽ പ്ലാൻ ഘട്ടം II-ലും ആനുവൽ റിന്യൂവൽ പ്രോഗ്രാമിന്റെ ഘട്ടം II-ലും ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ദേശീയപാത 766-ലെ താമരശ്ശേരി ചുരത്തിലുണ്ടായ മണ്ണിടിച്ചിലിൽ തകർന്ന സംരക്ഷണ ഭിത്തി സംസ്ഥാന സർക്കാർ അനുവദിച്ച 1.86 കോടി രൂപയിൽ പുനർനിർമ്മിക്കുകയുണ്ടായി.

(ബി) 29-6-2017-ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) 39/2017/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പിൽ റോഡ് പരിപാലന വിഭാഗം രൂപീകരിച്ചു കൊണ്ടും പ്രസ്തുത വിഭാഗത്തിന്റെ തലവനായി ഒരു ചീഫ് എഞ്ചിനീയർ (റോഡ് മെയിന്റനൻസ്) തസ്തിക സൃഷ്ടിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ആദ്യഘട്ടത്തിൽ നിർമ്മാണ വസ്തുക്കളുടെ ലഭ്യതക്കുറവുമൂലം കരാറുകാർ ടെണ്ടറുകളിൽ പങ്കെടുക്കാതിരുന്നത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാലതാമസം സൃഷ്ടിച്ചിരുന്നു. എന്നാൽ തുടർന്ന് പ്രവൃത്തികളെല്ലാംതന്നെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രളയത്തിൽ തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികളും പുനർനിർമ്മാണവും സമയബന്ധിതമായി നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. അടിയന്തരമായി നടപ്പിലാക്കേണ്ട അറ്റകുറ്റപ്പണികളിൽ 4429 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്.

## ലിംഗനീതിയും നവോത്ഥാന ആശയങ്ങളും ഉൾപ്പെട്ട പാഠ്യപദ്ധതി

7(*97) ശ്രീ. കെ. വി. വിജയദാസ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാഫല പ്രധാനമായ നിലവിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഭാഗമായി ജനുവരി അവസാനവാരം മുതൽ പ്രവേശനോത്സവം വരെ നീളുന്ന കാലയളവിൽ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ നടത്താൻ നിശ്ചയിച്ചിട്ടുള്ള ജനകീയ പഠനോത്സവങ്ങൾ വഴി ഉദ്ദേശിക്കുന്നത് എന്തെല്ലാമാണ്;

(ബി) കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികൾ മേൽക്കോയ്മ നേടിയിട്ടുള്ള സാഹചര്യത്തിൽ പോലും ലിംഗനീതി പൊതുസംസ്കാരത്തിൽ ഉൾച്ചേർന്നിട്ടില്ലെന്ന യാഥാർത്ഥ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ലിംഗനീതിയും നവോത്ഥാനവുമായി ബന്ധപ്പെട്ട ആശയങ്ങൾ പാഠ്യപദ്ധതിയിൽ കൂടുതലായി ഉൾപ്പെടുത്തുന്നതിനും ഇത്തരം മൂല്യങ്ങൾ വിദ്യാർത്ഥികളിൽ സംസ്കാരമെന്ന നിലയിൽ വികസിപ്പിച്ചെടുക്കാനുതകുന്ന അദ്ധ്യാപനരീതി വളർത്തിയെടുക്കുന്നതിനും പദ്ധതിയുണ്ടോ;

(ഡി) കേന്ദ്ര സർക്കാർ, ദേശീയ നൈപുണ്യ വികസന പരിപാടി (നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക്) നിർബന്ധമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കുന്നതിനും അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>):

(എ) ജനുവരി അവസാന വാരം മുതൽ പ്രവേശനോത്സവം വരെ നീളുന്ന കാലയളവിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നടത്താൻ നിശ്ചയിച്ചിട്ടുള്ള ജനകീയ പഠനോത്സവങ്ങൾവഴി താഴെപ്പറയുന്ന കാര്യങ്ങളാണ് ലക്ഷ്യമിട്ടിട്ടുള്ളത് :

1. പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി വളർത്തുക എന്ന പൊതുവിദ്യാഭ്യാസ യജ്ഞം കാഴ്ചപ്പാട് എത്രമാത്രം ഫലപ്രദമായി നടക്കുന്നു എന്ന് വിലയിരുത്തുക.
2. കുട്ടികളുടെ പഠന മികവുകളെ പൊതുസമൂഹവുമായി പങ്കുവയ്ക്കുക.
3. കുട്ടികൾ സ്വാംശീകരിച്ച അറിവും ആർജ്ജിച്ച കഴിവുകളും സമൂഹവുമായി പങ്കുവയ്ക്കാൻ അവസരം നൽകുകവഴി കുട്ടികൾക്ക് നന്നായി പഠിക്കുവാനും വളരുവാനുമുള്ള പ്രചോദനം നൽകുക.
4. കുട്ടികൾ ആർജ്ജിച്ച ജ്ഞാനത്തെക്കുറിച്ചും വൈവിധ്യമാർന്ന കഴിവുകളെക്കുറിച്ചും സാമൂഹികമായ വിലയിരുത്തലിനുള്ള പുത്തൻ രീതി ശാസ്ത്രം വികസിപ്പിക്കുക.
5. കുട്ടികളുടെ മികവാർന്ന പഠനത്തിനായി സമൂഹവും രക്ഷിതാക്കളും വഹിക്കേണ്ട പങ്കിനെക്കുറിച്ച് ധാരണ വികസിപ്പിക്കുക.
6. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂൾ എന്ന പരിമിതി മുറിച്ചു കടക്കാൻ സ്കൂളുകളെ പ്രാപ്തമാക്കുക.

(ബി) ലിംഗനീതി ഉറപ്പുവരുത്തുന്നതിനായി 'ജ്വാല', സെൽഫ് ഡിഫൻസ് പ്രോഗ്രാം തുടങ്ങിയ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.

(സി) അറിവിന്റെ രംഗത്തും സാങ്കേതികവിദ്യാരംഗത്തും ബോധന ശാസ്ത്ര രംഗത്തും വന്നിട്ടുള്ള മാറ്റങ്ങൾ ഉൾക്കൊണ്ട് പാഠ്യപദ്ധതി നവീകരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചുവരുന്നു.

(ഡി) 66 വി.എച്ച്.എസ്. സ്കൂളുകളിൽ എൻ.എസ്.ക്യൂ.എഫ്. കോഴ്സുകൾ കഴിഞ്ഞ വർഷം നടപ്പിലാക്കിയിട്ടുണ്ട്. SCERT-യുടെ നേതൃത്വത്തിൽ Field Technician-Computing Peripherals, Domestic Biometric Data Entry Operator, Micro Irrigation Technician, Flori Culturist, Gardener, Sales Associates, Meet and Greet Officer എന്നീ ജോബ് റോളുകളിലേയ്ക്കുള്ള അദ്ധ്യാപക പരിശീലനങ്ങൾ നൽകിക്കഴിഞ്ഞു. ഡയറക്ടറേറ്റിൽ രൂപീകരിച്ച ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെല്ലിന്റെ നേതൃത്വത്തിൽ സമഗ്രശിക്ഷാ അഭിയാനുമായി ചേർന്ന് വിദ്യാർത്ഥികൾക്ക് On the Job Field പരിശീലനം നൽകിവരുന്നു. എൻ.എസ്.ക്യൂ.എഫ്. സ്കൂളുകളിലെ എല്ലാ അദ്ധ്യാപകർക്കും ത്രിദിന ഓറിയന്റേഷൻ എസ്.സി.ഇ.ആർറ്റി. നടത്തിയിട്ടുണ്ട്. കൂടാതെ 117 അദ്ധ്യാപകർക്ക് 10 ദിവസത്തെ TOT (Training of Trainer) പരിപാടി ബന്ധപ്പെട്ട സെക്ടർ സ്കിൽ കൗൺസിലുകളുമായി ചേർന്നുകൊണ്ട് നടത്തിയിട്ടുണ്ട്.

## ദുരിതാശ്വാസ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ നടപടി

8(*98) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം സംഭവിച്ച് അഞ്ചു മാസം കഴിഞ്ഞിട്ടും ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംബന്ധിച്ച് വ്യാപകമായ പരാതികൾ ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ പ്രളയബാധിത പ്രദേശങ്ങളിൽ അടിയന്തര സഹായമായി അനുവദിച്ച പതിനായിരം രൂപ പോലും അർഹരായ പല വ്യക്തികൾക്കും ലഭ്യമായിട്ടില്ലെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ദുരിതാശ്വാസ പ്രവർത്തനങ്ങൾ ദ്രുതഗതിയിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ&ബി) പ്രളയത്തിൽ 2 ദിവസത്തിലധികം വീടുകളിൽ വെള്ളം കെട്ടിനിന്ന കുടുംബങ്ങൾക്കുള്ള അടിയന്തര സഹായമായ 10,000 രൂപ അനുവദിക്കുന്നതിന് വേണ്ടിയും പ്രളയത്തിൽ നാശം സംഭവിച്ച വീടുകളുടെ കണക്കെടുപ്പ് സംബന്ധിച്ചും ചില ജില്ലകളിൽ നിന്നും പരാതികൾ ലഭിച്ചിരുന്നു. അടിയന്തര ദുരിതാശ്വാസമായ പതിനായിരം രൂപ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ചിരുന്ന പരാതികൾ പരിശോധിച്ച് അർഹരായവർക്ക് പ്രസ്തുത തുക അനുവദിച്ചിട്ടുണ്ട്. 10,000 രൂപയ്ക്ക് അർഹതപ്പെട്ടവരുടെ പട്ടികയുടെ അവസാന ദിവസമായിരുന്ന 5-9-2018 വരെ 610802 പേരായിരുന്നു അർഹരായിരുന്നത്. തുടർന്ന് സർക്കാർ പരിശോധനകൾ പൂർത്തിയാക്കി 6,87,843 പേർക്ക് പ്രസ്തുത തുക നൽകിയിട്ടുണ്ട്. ഇതിൽ 77041 പേർ അപ്പീൽ മുഖാന്തരം ലിസ്റ്റിൽ ചേർക്കപ്പെട്ടവരാണ്. ദുരിതാശ്വാസം സംബന്ധിച്ച പരാതികൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകാവുന്നതും (ഡെപ്യൂട്ടി കളക്ടർ, ദുരന്ത നിവാരണ വിഭാഗം/അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്), സി.ഇ.ഒ.-യുടെ തീരുമാനത്തിൽ പരാതിയുള്ളവർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാനായ ജില്ലാ കളക്ടറെയും സമീപിക്കാവുന്ന തരത്തിൽ 22-11-2018-ലെ സ.ഉ.(സാധാ.) നമ്പർ 627/2018/ഡി.എം.ഡി. പ്രകാരം പരാതി പരിഹാര സംവിധാനം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(സി) പൂർണ്ണമായി തകർന്നതായി കണക്കാക്കിയിട്ടുള്ള വീടുകളിൽ വാസയോഗ്യമായ സ്വന്തം ഭൂമിയിൽ വീട് വയ്ക്കുന്നതിന് സ്വയം സന്നദ്ധരായ ഗുണഭോക്താക്കൾക്ക് സർക്കാർ പ്രഖ്യാപിച്ച നാല് ലക്ഷം രൂപയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുക അനുവദിച്ചുവരുന്നു. ബാക്കി തുകയുടെ 50% വീട് നിർമ്മാണം 25% പൂർത്തീകരിക്കുമ്പോഴും ശേഷിക്കുന്ന 50% വീട് നിർമ്മാണം 75% പൂർത്തിയാക്കുമ്പോഴും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നതാണ്. കൂടാതെ സ്വന്തം ഭൂമിയിൽ സർക്കാർ മേൽനോട്ടത്തിൽ ഭവനം നിർമ്മിക്കുന്നതിനും സ്പോൺസർ നേരിട്ട് കെട്ടിട പുനർ നിർമ്മാണ ഏജൻസിയെ കണ്ടെത്തി ഭവനം പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വെള്ളപ്പൊക്ക ബാധിതമാകാൻ ഇടയുള്ളതും പാരിസ്ഥിതികമായി ദുർബലമോ അല്ലാത്ത പ്രദേശങ്ങളിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനാണ് മുൻഗണന നൽകിവരുന്നത്. ഇതിനായി സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി വിവിധ സർക്കാർ വകുപ്പുകൾ ഏതെങ്കിലും പദ്ധതിക്കായി നീക്കിവച്ചിട്ട് നിലവിൽ ആവശ്യമില്ലാതെ കിടക്കുന്ന ഭൂമി, നിലവിൽ ഫലദായകമല്ലാത്ത പ്ലാന്റേഷനുകൾ എന്നിവയും സംഭാവനയായി ലഭിക്കുന്ന ഭൂമിയും ഉപയോഗിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇങ്ങനെ ലഭിക്കുന്ന ഭൂമിയിൽ

സമുച്ചയങ്ങൾ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഗുണഭോക്താക്കളുമായി കൂടിയാലോചനയും നടത്തിവരുന്നുണ്ട്.

ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ബ്ലോക്ക് തലത്തിൽ ഏകോപിപ്പിക്കുന്നതിന് ബ്ലോക്ക്/മുനിസിപ്പൽ ആഫീസിൽ " സുരക്ഷിത കൂടൊരുക്കം കേരളം" എന്ന പേരിൽ ഒരു ഭവന നിർമ്മാണ സഹായ കേന്ദ്രം 2018 നവംബർ മുതൽ 6 മാസത്തേയ്ക്ക് പ്രവർത്തിക്കുന്നതാണ്. ഇതിന്റെ ചുമതല ആ പ്രദേശത്തെ സാങ്കേതിക മേൽനോട്ടത്തിനായി ലൈഫ് മിഷൻ തെരഞ്ഞെടുത്ത് നിയോഗിക്കുന്ന എഞ്ചിനീയറിംഗ് കോളേജ്/പോളിടെക്നിക്കിന് ആയിരിക്കുന്നതും അവധി ദിനങ്ങളിൽ ഈ സഹായ കേന്ദ്രം പ്രവർത്തിക്കുന്നതുമായിരിക്കും. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ജില്ലാ കോ-ഓർഡിനേറ്റർമാരായിരിക്കും ഈ കേന്ദ്രത്തിന്റെ ഏകോപനം നടത്തുന്നത്. ഈ കേന്ദ്രത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥനും കെ.എസ്.ഇ.ബി.-യിൽ നിന്നും ഓവർസിയർ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥനും സാങ്കേതിക മേൽനോട്ടത്തിനായി തെരഞ്ഞെടുത്ത് നിയോഗിക്കുന്ന സ്ഥാപനങ്ങളുടെ സിവിൽ ആർക്കിടെക്ചർ ഇലക്ട്രിക്കൽ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസറിൽ കുറയാത്ത ഉദ്യോഗസ്ഥർ അഥവാ ITI സിവിൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് എന്നീ ശാഖകളുടെ ഇൻസ്ട്രക്ടർമാരും ഉണ്ടായിരിക്കുന്നതാണ്.

വീട് പുനർനിർമ്മിക്കുന്നതിന് ഗുണഭോക്താവിന് ഉപദേശം നൽകുക, ആവശ്യമായ സാമഗ്രികൾ വിവിധ കേന്ദ്രത്തിൽ നിന്നും സർക്കാർ അംഗീകരിക്കുന്ന തുകയ്ക്ക് ലഭ്യമാക്കുക, സംശയം ദൂരീകരിക്കുക എന്നീ സേവനങ്ങൾ ഈ കേന്ദ്രത്തിൽ ലഭ്യമായിരിക്കും. CARe Home പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ജില്ലകളിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ വീടുകൾ നിർമ്മിച്ച നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. പൂർണ്ണമായും സ്ഥലം ഒഴുകിപ്പോയവർക്ക് സ്വന്തമായി വേറെ സ്ഥലം കേരളത്തിൽ ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീട് വയ്ക്കുന്നതിന് അനുയോജ്യമല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ പ്രമാണത്തിലുള്ള തുകയോ ഏതാണ് കുറവ് അത് അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്ത ബാധിതകർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പാ പദ്ധതി എന്ന പേരിൽ ഒരു പദ്ധതിക്ക് 17-12-2018-ലെ

സ.ഉ.(കൈ)27/2018/DMD ഉത്തരവ് പ്രകാരം രൂപം നൽകിയിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ ഉന്നത ഉദ്യോഗസ്ഥരും ജില്ലാ കളക്ടർമാരുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിരവധി യോഗങ്ങൾ നടത്തിവരുന്നുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി 30-1-2019-ന് ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട് എന്നീ ജില്ലാ കളക്ടർമാരുമായി പ്രത്യേകം വീഡിയോ കോൺഫറൻസ് നടത്തി. ദുരിതാശ്വാസ പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തുവാനായും ഭരണപരമായ ആവശ്യങ്ങൾ ജില്ലാ കളക്ടർമാർക്ക് സമയബന്ധിതമായി പരിഹരിച്ച് നൽകുവാനും 12 യോഗങ്ങൾ ഇതുവരെ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടത്തിയിട്ടുണ്ട്.

## സമഗ്ര വ്യക്തിത്വ വികസനം സാധ്യമാക്കുന്ന വിദ്യാഭ്യാസം

9(*99) ശ്രീ. കെ. ബാബു :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താംക്ലാസിൽ വരെ പഠന മികവ് പുലർത്തിയിരുന്ന കുട്ടികൾ പോലും ഹയർസെക്കണ്ടറി തലത്തിൽ പിന്നാക്കം പോകുന്ന പ്രശ്നം പരിഹരിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പരിപാടി അറിയിക്കാമോ ;

(ബി) ഹയർ സെക്കണ്ടറിയിലേക്ക് പ്രവേശിക്കുമ്പോൾ മലയാളം മാധ്യമത്തിൽ നിന്ന് ഇംഗ്ലീഷ് മാധ്യമത്തിലേക്ക് നിർബന്ധിതമായി മാറേണ്ടി വരുന്നതാണ് പ്രശ്നമെന്ന് ലഘൂകരിക്കാതെ പത്താംക്ലാസ് വരെയുള്ളതും ഹയർസെക്കണ്ടറി തലത്തിലെയും പാഠ്യപദ്ധതികൾ തമ്മിലുള്ള വിടവ് ക്രമാനുഗതമായതാക്കിത്തീർക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ;

(സി) ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടാൻ വിദ്യാർത്ഥികളെ സഹായിക്കുന്നതോടൊപ്പം മാതൃഭാഷയിൽ ശാസ്ത്ര, മാനവിക വിഷയങ്ങൾ സരളമായി കൈകാര്യം ചെയ്യാനുള്ള ശേഷി കൈവരിക്കാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ;

(ഡി) പഠനം പീഡനമായി മാറിക്കൊണ്ടിരിക്കുന്നതിനാൽ വിദ്യാഭ്യാസം കമ്പോളതാല്പര്യാധിഷ്ഠിതമെന്ന നിലയിൽ നിന്ന് സമഗ്ര വ്യക്തിത്വ വികസനം സാധ്യമാക്കുന്ന നിലയിലേക്ക് പരിണമിപ്പിക്കാൻ ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പത്താം ക്ലാസ്സിൽ വരെ പഠനമികവ് പുലർത്തിയിരുന്ന കുട്ടികൾ ഹയർസെക്കണ്ടറി തലത്തിൽ പിന്നോക്കം പോകുന്നതായുള്ള പഠന റിപ്പോർട്ടുകളൊന്നും സർക്കാരിൽ ലഭ്യമായിട്ടില്ല. എന്നിരുന്നാലും ഹയർ സെക്കണ്ടറി തലത്തിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ഉണ്ട്. മാധ്യമ മാറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കഴിയുന്ന വിധത്തിൽ പാഠപുസ്തകങ്ങൾ മലയാളത്തിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആശയങ്ങളുടെ തുടർച്ചയിൽ ഏതെങ്കിലും തരത്തിലുള്ള പൊരുത്തക്കേടുകൾ ഉണ്ടെങ്കിൽ സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി പരിഹരിക്കുന്നതാണ്.

(സി) വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം വർദ്ധിപ്പിക്കാൻ വിവിധ ഏജൻസികളുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ലളിതമായ മലയാളത്തിൽ ഏതു വിഷയവും അവതരിപ്പിക്കാനുള്ള ശേഷി അദ്ധ്യാപകർക്ക് ഉറപ്പുവരുത്തേണ്ടതുണ്ട്. അതിന്റെ ആദ്യപടി എന്ന നിലയിൽ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ അദ്ധ്യാപകരുടെ പങ്കാളിത്തത്തോടെ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി വരുന്നു. കൂടാതെ നടപ്പുവർഷം മുതൽ ആരംഭിച്ചിട്ടുള്ള സമഗ്ര അദ്ധ്യാപക പരിവർത്തന പരിപാടിയിൽ ശാസ്ത്ര മാനവിക വിഷയങ്ങൾ സരളമായി കൈകാര്യം ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കുന്ന തരത്തിലുള്ള കാര്യങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തെയും പ്രക്രിയയെയും കമ്പോളം വലിയ തോതിൽ സ്വാധീനിക്കുന്നതായി നിരീക്ഷിക്കപ്പെടുന്നു. കമ്പോളത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് വിദ്യാർത്ഥികളെ പാകപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായാണ് പഠനം പീഡനമായി മാറുന്നത്. സമഗ്രവികാസം എന്ന ലക്ഷ്യത്തിലേയ്ക്ക് ഉയരുന്ന വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അന്വേഷണങ്ങളാണ് പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി നടത്തുന്നത്.

## ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസം

10(*100) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് സർക്കാർ വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2017 ഡിസംബറിൽ ഡി.എം.ആർ.സി. കേരള സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച പുതുക്കിയ പദ്ധതിരേഖ പരിശോധിക്കുന്നതിന് രൂപീകരിച്ച സെക്രട്ടറിതല സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) ഡി.എം.ആർ.സി. തയ്യാറാക്കിയ പദ്ധതിരേഖ സെക്രട്ടറിതല സമിതി തള്ളിക്കളഞ്ഞിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) പുതുക്കിയ പദ്ധതിരേഖ കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസംമൂലം പദ്ധതി ചെലവ് ഭീമമായി വർദ്ധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായി തീരുമാനം എടുത്ത് പദ്ധതി പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഇല്ല. കേന്ദ്ര മെട്രോ നയത്തിനനുസൃതമായി തയ്യാറാക്കിയ ലൈറ്റ് മെട്രോ പദ്ധതിയുടെ പുതുക്കിയ രൂപരേഖ താമസിയാതെ സംസ്ഥാന മന്ത്രിസഭയുടെ പരിഗണനയ്ക്ക് വരുന്നതാണ്. മന്ത്രിസഭയുടെ അംഗീകാരം ലഭ്യമായശേഷം കേന്ദ്രാനുമതിക്കായി സമർപ്പിക്കുന്നതാണ്.

(ബി) ലൈറ്റ് മെട്രോ പദ്ധതിയുടെ പുതുക്കിയ പദ്ധതിരേഖ പരിശോധിക്കുന്നതിനായി സംസ്ഥാന സർക്കാർ നിയോഗിച്ച സെക്രട്ടറിതല സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(സി) ഡി.എം.ആർ.സി. തയ്യാറാക്കിയ പദ്ധതിരേഖ സെക്രട്ടറിതല സമിതി തള്ളിക്കളഞ്ഞിട്ടില്ല.

(ഡി&ഇ) ലൈറ്റ് മെട്രോ പദ്ധതിയുടെ പുതുക്കിയ പദ്ധതിരേഖ പരിശോധിക്കുന്നതിനായി സംസ്ഥാന സർക്കാർ നിയോഗിച്ച സെക്രട്ടറിതല സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടും പുതുക്കിയ രൂപരേഖയും മന്ത്രിസഭയുടെ പരിഗണനയ്ക്ക് താമസിയാതെ വരുന്നതാണ്. മന്ത്രിസഭയുടെ അംഗീകാരം ലഭ്യമായ ശേഷം കേന്ദ്രാനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ദേശീയപാത വികസനം

11(*101) ശ്രീ. ബി. സത്യൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ജെയിംസ് മാത്യൂ :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-തിരുവനന്തപുരം ദേശീയപാത നാലുവരിയാക്കുന്ന പ്രവർത്തനം എപ്പോൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) ദേശീയപാത വികസനത്തിന് വേണ്ട ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിട്ടുണ്ടോ;

(സി) കീഴാറ്റൂർ തുടങ്ങിയ സ്ഥലങ്ങളിൽ നടത്തിയ സമരങ്ങൾ ദേശീയപാത വികസന പ്രവർത്തനങ്ങളെ എപ്രകാരം ബാധിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്ര സർക്കാർ കീഴാറ്റൂർ ബൈപാസിന്റെ അലൈൻമെന്റ് അംഗീകരിച്ചോ എന്നും നേരത്തെ നിശ്ചയിച്ചതിൽ നിന്നും മാറ്റം വരുത്തിയിട്ടുണ്ടോ എന്നും അറിയിക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ കൊല്ലം ബൈപാസ് റോഡിന്റെ പണി എത്രശതമാനം പൂർത്തിയായിരുന്നു;

(എഫ്) ജനാഭിലാഷം പൂർത്തീകരിക്കാനായി ഇച്ഛാശക്തിയോടെ ഇടപെട്ട സർക്കാരിന്റെ നേട്ടത്തിൽ കളങ്കം ചാർത്തുകയെന്ന ലക്ഷ്യത്തോടെ ഉദ്ഘാടന ത്തോടനുബന്ധിച്ച് ചിലർ ഇടപെടുകയുണ്ടായോ എന്ന് വെളിപ്പെടുത്താമോ;

(ജി) ആലപ്പുഴ ബൈപാസ് നിർമ്മാണം ത്വരിതപ്പെടുത്തുവാൻ നടപടി യെടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) കാസർഗോഡ്- തിരുവനന്തപുരം ദേശീയപാതയുടെ 4/6 വരിപ്പാതയാ ക്കലിന്റെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു :

കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം

- തലപ്പാടി മുതൽ കാപ്പിരിക്കാട് വരെയുള്ള ദേശീയപാത 66-ന്റെ 4/6 വരിപ്പാതയാക്കാനുള്ള സ്ഥലമെടുപ്പ് പുരോഗമിച്ചുവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്നതാണ്.

- 4 വരി - തലശ്ശേരി - മാഹി ബൈപ്പാസിന്റേയും നീലേശ്വരം റെയിൽവേ മേൽപ്പാലത്തിന്റേയും നിർമ്മാണം പുരോഗമിക്കുന്നു.
- കോഴിക്കോട് ബൈപ്പാസിന്റെ 6 വരിപ്പാത നിർമ്മാണത്തിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.
- 6 വരി - തലപ്പാടി മുതൽ ചെങ്ങള വരെയും ചെങ്ങള മുതൽ നീലേശ്വരം വരെയും ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.
- മൂരാട്, പാലോളി എന്നീ പാലങ്ങളുടെ നിർമ്മാണം സ്റ്റാന്റ് എലോൺ ആയി നടപ്പിലാക്കുവാൻ ടെണ്ടറുകൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ ഹെഡ് ക്വാർട്ടേഴ്സിന്റെ അംഗീകാരത്തിന് നൽകിയിട്ടുണ്ട്.

<u>തൃശ്ശൂർ</u>

3 എ നോട്ടിഫിക്കേഷൻ പൂർത്തീകരിച്ചു. 3 ഡി നോട്ടിഫിക്കേഷൻ ഫെബ്രുവരിയിൽ പുറപ്പെടുവിക്കുന്നതാണ്.

<u>എറണാകുളം</u>

3 എ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. അലൈൻമെന്റ് സ്ഥിരപ്പെടുത്തൽ നടപടി പുരോഗമിച്ചുവരുന്നു.

<u>ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം</u>

3 എ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. അതിരു കല്ലിടലും 3 ഡി നോട്ടിഫിക്കേഷനും പുരോഗമിച്ചുവരുന്നു.

(ബി) സ്ഥലമെടുപ്പ് പുരോഗമിച്ചുവരുന്നു. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ ഭൂമി ഏറ്റെടുപ്പിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്.

(സി) കീഴാറ്റൂർ സമരം പദ്ധതി വൈകുന്നതിന് കാരണമായതായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അലൈൻമെന്റിൽ മാറ്റങ്ങളൊന്നുംതന്നെ വരുത്തിയിട്ടില്ല.

(ഇ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ കൊല്ലം ബൈപ്പാസിന്റെ നിർമ്മാണ പുരോഗതി 24% ആയിരുന്നു.

(എഫ്) കൊല്ലം ബൈപ്പാസ് നിർമ്മാണത്തിന്റെ ചെലവ് കേന്ദ്രവും കേരളവും 50:50 അനുപാതത്തിലാണ് വഹിക്കുന്നത്. ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കുന്നതിനു പുറമേ, പ്രവൃത്തിയുടെ നിർവ്വഹണം, മേൽനോട്ടം,

പരിശോധനകൾ എന്നിവയെല്ലാം ചെയ്തത് സംസ്ഥാന പൊതുമരാമത്തു വകുപ്പിലെ ദേശീയപാതാ വിഭാഗമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും കൊല്ലം ജില്ലയിലെ മന്ത്രിമാരും ജനപ്രതിനിധികളും കാര്യക്ഷമമായി നിശ്ചിത ഇടവേളകളിൽ അവലോകന യോഗം നടത്തിയാണ് ഈ പ്രവൃത്തിയിൽ ബാക്കിയുണ്ടായിരുന്ന 76 ശതമാനവും പൂർത്തീകരിച്ചത്. 2018 ഒക്ടോബർ 30-ന് തലശ്ശേരി-മാഹി ഉദ്ഘാടന വേദിയിൽ വച്ച് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയോട് കൊല്ലം ബൈപ്പാസ് ഉദ്ഘാടനം സംബന്ധിച്ച പൊതുമരാമത്ത് വകുപ്പുമന്ത്രി നേരിൽ സംസാരിച്ചിരുന്നുവെങ്കിലും 3-1-2019 വരെ സംസ്ഥാന സർക്കാരിനു കേന്ദ്ര സർക്കാരിൽ നിന്നും യാതൊരു വിവരവും ഔദ്യോഗികമായി ലഭിക്കുകയുണ്ടായില്ല. എന്നാൽ ചില പത്ര-ദൃശ്യ മാധ്യമങ്ങളിൽ കൊല്ലം ബൈപ്പാസ് ഉദ്ഘാടനം സംബന്ധിച്ച് ആശയക്കുഴപ്പമുണ്ടാക്കുന്ന വിധത്തിൽ വ്യത്യസ്ത തീയതികൾ പറഞ്ഞുകൊണ്ട് വാർത്തകൾ പ്രത്യക്ഷപ്പെട്ടിരുന്നു. സംസ്ഥാന സർക്കാരിന് ഒരു ഔദ്യോഗിക വിവരവുമില്ലാതെ ആധികാരികമല്ലാത്ത വാർത്തകൾ സൃഷ്ടിക്കുന്നതിന്റെ പിന്നിൽ പ്രവർത്തിച്ചവർക്ക് സംസ്ഥാന സർക്കാരിന്റെ നേട്ടത്തിൽ കളങ്കം ചാർത്തുകയെന്ന ലക്ഷ്യമാണോ ഉണ്ടായിരുന്നതെന്ന കാര്യത്തിൽ സർക്കാരിന് അറിവുകളൊന്നും ലഭിച്ചിട്ടില്ല.

(ജി) ആലപ്പുഴ ബൈപ്പാസിന്റെ പണികൾ 98.6% പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നത് രണ്ട് റെയിൽവേ മേൽപ്പാലത്തിന്റെ ഗർഡറുകൾ നിരത്തുന്നതാകുന്നു. ഗർഡറുകൾ കരാറുകാർ ഫാബ്രിക്കേറ്റ് ചെയ്ത് സ്ഥലത്ത് കൊണ്ടുവച്ചിട്ടുണ്ട്. റെയിൽവേയുടെ ഭാഗത്തുനിന്ന് ധാരണാപത്രം ഒപ്പിട്ട് കിട്ടുന്നതിനുള്ള താമസമാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസ്സമായി നിൽക്കുന്നത്.

## മത്സ്യ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ

12(*102) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന ഹാർബറുകളുടെ നടത്തിപ്പിന് മാനേജ്മെന്റ് സൊസൈറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) മത്സ്യ ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും മത്സ്യ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തിന്റെ വിവിധയിടങ്ങളിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ കലർന്ന മത്സ്യം വിൽക്കുന്ന സാഹചര്യവും സർക്കാരിന് ക്രിയാത്മകമായി അതിൽ ഇടപെടുവാൻ സാധിക്കാതെ വന്നതും മൂലമാണോ ഇത്തരം ഒരു നിയമനിർമ്മാണത്തെക്കുറിച്ച് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനും പരിപാലനത്തിനും നിരീക്ഷണത്തിനുമായി വിഴിഞ്ഞം, തങ്കശ്ശേരി, നീണ്ടകര, കായംകുളം, ചേറ്റുവ, ബേപ്പൂർ, പുതിയാപ്പ, കൊയിലാണ്ടി, ചോമ്പാൽ, തലായ്, മാപ്പിളബേ, ചെറുവത്തൂർ തുടങ്ങിയ 12 മത്സ്യബന്ധന തുറമുഖങ്ങളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ട്. കേരള മത്സ്യലേലം, വിപണനം, ഗുണനിലവാര പരിപാലനം എന്ന പേരിൽ നിയമം കൊണ്ടുവരുന്നതാണ്. ടി ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) വിവിധ ഇടങ്ങളിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ കലർന്ന മത്സ്യം വിൽക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സർക്കാർ ഫലപ്രദമായി ഇടപെടുകയും മത്സ്യ വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് കേന്ദ്ര സർക്കാർ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) രാസവസ്തുക്കൾ കണ്ടുപിടിക്കുന്നതിന് ലളിതമായ സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുകയുമുണ്ടായി. ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് വിവിധ പ്രദേശങ്ങളിൽ പരിശോധന നടത്തുകയും അനന്തര നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് ആക്ട് 2006 പ്രകാരമാണ് മത്സ്യത്തിൽ രാസവസ്തു ചേർത്തുള്ള വിൽപ്പന നടത്തുന്നതിനെതിരെ നിലവിൽ നടപടി കൈക്കൊള്ളുന്നത്. ഇത്തരം പ്രവണത നിയന്ത്രിക്കുന്നതിന് ഇത് പര്യാപ്തവുമാണ്. എന്നാൽ മത്സ്യത്തിന്റെ ഗുണനിലവാരം അവ പിടിച്ചെടുക്കുന്ന സ്ഥലം മുതൽ അന്തിമമായി ഉപഭോക്താക്കളിൽ എത്തുന്നതുവരെ ഉറപ്പാക്കാനും മത്സ്യം പിടിച്ചെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അർഹമായ വില ലഭിക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്ന വിധം ഗുണമേന്മ ഉറപ്പാക്കിയ മത്സ്യവിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് പുതിയ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നത്.

## പ്രളയത്തിൽ തകർന്ന റോഡുകളുടെ നവീകരണം

13(*103) ശ്രീ. കെ. എം. ഷാജി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന റോഡുകളുടെ നവീകരണത്തിനായി റോഡ് ഫണ്ടിൽ നിന്നും തുക അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ;

(ബി) സംസ്ഥാനം ആവശ്യപ്പെട്ട പ്രകാരം തുക അനുവദിച്ച് നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) പ്രസ്തുത തുക ഉപയോഗിച്ചുള്ള പണികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിലെ 312.1 കി.മീ. നീളത്തിലുള്ള 27 റോഡുകൾക്കും ചാലിയാർ പുഴയ്ക്ക് കുറുകെ എളമരക്കടവിൽ നിർമ്മിക്കുന്ന പാലത്തിനുമായി 351 കോടി രൂപയുടെ ഭരണാനുമതി 8-10-2018-ലെ കത്ത് പ്രകാരം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ടായിരുന്നു. എന്നാൽ സംസ്ഥാനത്ത് ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തെത്തുടർന്ന് തകർന്ന റോഡുകളുടെ നവീകരണത്തിനായി സെൻട്രൽ റോഡ് ഫണ്ടിൽനിന്നും അധിക അനുമതി ലഭിക്കുന്നതിനുവേണ്ടി 390.60 കി.മീ. ദൈർഘ്യമുള്ള 27 റോഡുകൾക്കും ഒരു പാലത്തിനുമായി 450 കോടി രൂപയുടെ പ്രൊപ്പോസൽ കൂടി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടായിരുന്നു.

(ബി) നേരത്തെ അനുവദിച്ച 351 കോടി രൂപയ്ക്കുള്ള പദ്ധതികൾക്കുപുറമെ നടപ്പുവർഷം 450 കോടി രൂപയ്ക്കുള്ള 28 പദ്ധതികൾക്ക് (390.6 കി.മീ. റോഡും ഒരു പാലവും ഉൾപ്പെടെ) അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതികളുടെ ധനാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ സമ്മതം ലഭിച്ചിട്ടുണ്ട്. ധനാനുമതിയും സാങ്കേതികാനുമതിയും എത്രയും വേഗം പുറപ്പെടുവിക്കുന്നതും തുടർനടപടികൾ പൂർത്തിയായാലുടൻ പണികൾ ആരംഭിക്കുന്നതുമാണ്.

## മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന് കർമ്മപരിപാടി

14(*104) ശ്രീ. പി. കെ. ശശി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്ത് എത്തുന്ന മത്സ്യങ്ങളിൽ അമിതമായി രാസവസ്തുക്കൾ ചേർക്കുന്നതായി കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ ആഭ്യന്തരമായി മത്സ്യോത്പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാം കർമ്മ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിലേയ്ക്കായി ഇത്തരം മത്സ്യങ്ങൾ കൃഷി ചെയ്യുന്നതിന് ചെറുകിട മത്സ്യ കർഷകർക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകി വരുന്നതെന്ന് അറിയിക്കുമോ;

(സി) ജലാശയങ്ങളിൽ നശിച്ചുപോയ ആവാസ വ്യവസ്ഥ പുനഃസ്ഥാപിച്ച് മത്സ്യങ്ങൾ കൃഷി ചെയ്യുന്നതിനുള്ള കർമ്മ പരിപാടികൾ തയ്യാറാക്കി നടപ്പാക്കാൻ വിദഗ്ധരെ ഉൾപ്പെടുത്തി പ്രത്യേക സമിതിയെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഉപയോഗശൂന്യമായി കിടക്കുന്ന കുളങ്ങൾ സംരക്ഷിച്ച് അവയിൽ മത്സ്യകൃഷി നടത്തുന്നതിനുള്ള പദ്ധതിയുണ്ടോ; വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉൾനാടൻ മത്സ്യോൽപ്പാദനം ഇരട്ടിയാക്കുക എന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിനായി 6990 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷണത്തിനും പരിപാലനത്തിനുമായി 390 ലക്ഷം രൂപയുടെ പദ്ധതികളും പുതിയ മത്സ്യോത്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ വികസനങ്ങൾക്കുമായി 1800 ലക്ഷം രൂപയുടെ പദ്ധതികളും ജലകൃഷി വികസന പ്രവർത്തനങ്ങൾക്കായി 4800 ലക്ഷം രൂപയുടെ പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിൽ ഉൾനാടൻ ജലകൃഷി വികസന പ്രവർത്തനങ്ങൾ ജനകീയ മത്സ്യകൃഷി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. കൂടാതെ 2018-19 സാമ്പത്തിക വർഷം ബ്ലൂറെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 3691.51 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 8 പദ്ധതികൾ കേന്ദ്രാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചതിൽ ഓരുജലാശയങ്ങളിലെ കൂടുകൃഷി, കല്ലുമ്മേക്കായ കൃഷി, പുനഃപര്യയന മത്സ്യകൃഷി, മത്സ്യകൃഷിക്കായി വാട്ടർ ലോഗ് പ്രദേശം പുനരുദ്ധരിക്കൽ എന്നീ പദ്ധതികൾക്ക് ആകെ 1581.30 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതിനുപുറമെ 2018-19 സാമ്പത്തിക വർഷം ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കാർപ്പ് കൃഷി, ചെമ്മീൻ കൃഷി, ശുദ്ധ ജലാശയങ്ങളിലെ കൂടുകൃഷി എന്നീ പദ്ധതി കൾക്കായി 2400 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കാനായി കൃത്രിമപ്പാര് സ്ഥാപിക്കൽ, കടലിലെ കൂടുകൃഷി എന്നീ പദ്ധതികളും ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

2017-18 സാമ്പത്തിക വർഷം സർക്കാരിൽ നിന്നും 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കൃത്രിമപ്പാര് സ്ഥാപിക്കൽ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ പുതുക്കുറിച്ചി, കൊച്ചുതുറ എന്നീ സ്ഥലങ്ങളിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ സ്ഥാപിച്ച് മത്സ്യസമ്പത്തിന്റെ സംരക്ഷണവും സ്വാഭാവിക ആവാസ സ്ഥാനവും ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിലേയ്ക്കായി തദ്ദേശീയ മത്സ്യ ഇനങ്ങളായ കരിമീൻ, തിരുത, കണമ്പ് തുടങ്ങിയ മത്സ്യങ്ങൾ കൃഷി ചെയ്യുന്നതിന് പടുതാ കുളത്തിലെ കരിമീൻ കൃഷി, അടുക്കള കുളങ്ങളിലെ കരിമീൻ കൃഷി, കുളങ്ങളിലെ ഓരുജല കൃഷി, കൂടുകളിലെ കരിമീൻ കൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കുന്ന തിനായി മത്സ്യകർഷകർക്ക് സാമ്പത്തിക സഹായവും പരിശീലനവും നൽകി വരുന്നു.

(സി) ജലാശയങ്ങളിൽ നശിച്ചുപോയ ആവാസ വ്യവസ്ഥ പുനഃസ്ഥാപിച്ച് മത്സ്യങ്ങൾ കൃഷി ചെയ്യുന്നതിനുള്ള കർമ്മ പരിപാടികൾ തയ്യാറാക്കി നടപ്പാക്കാൻ വിദഗ്ദ്ധരെ ഉൾപ്പെടുത്തി പ്രത്യേക സമിതിയെ നിയോഗിക്കുന്ന കാര്യം പരിശോ ധിക്കുന്നതാണ്.

(ഡി) 2018-19 സാമ്പത്തിക വർഷം ഉപയോഗശൂന്യമായി കിടക്കുന്ന കുളങ്ങൾ സംരക്ഷിച്ച് അവയിൽ മത്സ്യകൃഷി നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ജനകീയ മത്സ്യകൃഷി പദ്ധതി മുഖേന 2018-19 സാമ്പത്തിക വർഷം ശാസ്ത്രീയ സമ്മിശ്ര കാർപ്പ് മത്സ്യകൃഷി, കുളങ്ങളിലെ ആസാം വാള കൃഷി,

കുളങ്ങളിലെ ഗിഫ്റ്റ് കൃഷി, ബഹുവർഗ്ഗ ഓരുജല മത്സ്യകൃഷി, പടുതാ കുളങ്ങളിലെ കരിമീൻ കൃഷി, പിന്നാമ്പുറ കുളങ്ങളിലെ കരിമീൻ കൃഷി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ 2018-19 സാമ്പത്തിക വർഷം ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വെള്ളക്കെട്ടുകളിലെ മത്സ്യകൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ ഉപയോഗശൂന്യമായി കിടക്കുന്ന ചെറിയ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന മുറ്റത്തൊരു മീൻതോട്ടം എന്ന പദ്ധതി ഫിഷറീസ് വകുപ്പിന്റെ കീഴിൽ അഡാക് വഴി നടപ്പിലാക്കി വരുന്നു.

**മത്സ്യനയം**

15(*105) ശ്രീ. എൻ. ഷംസുദ്ദീൻ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മയുള്ള മത്സ്യം വൃത്തിയോടെ വിതരണം ചെയ്യുന്നതിനും എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാർ മത്സ്യനയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനും മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള നിയമനിർമ്മാണം പരിഗണനയിലാണ്. നിലവിൽ മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി ഇടനിലക്കാരെ ഒഴിവാക്കി ലേലം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. മത്സ്യഫെഡിന്റെ കീഴിൽ തീരദേശ മേഖലയിലുള്ള 194 സഹകരണ സംഘങ്ങളും ഉൾനാടൻ മേഖലയിലെ 17 സഹകരണ സംഘങ്ങളും ഇത്തരത്തിൽ മത്സ്യലേലത്തിൽ പങ്കെടുക്കുകയും കഴിഞ്ഞ 6 മാസക്കാലയളവിൽ മാത്രം 15043.76 ടൺ മത്സ്യം ലേലം നടത്തിയ വകയിൽ 150.02 കോടി രൂപ ലഭ്യമായിട്ടുമുണ്ട്.

(ബി) മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ജനകീയ മത്സ്യകൃഷി രണ്ടാം ഘട്ടം പദ്ധതി സംസ്ഥാനതലത്തിൽ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതിനുപുറമെ കടൽ മത്സ്യസമ്പത്ത് സംരക്ഷിച്ചും മത്സ്യോല്പാദന വർദ്ധനവ് ലക്ഷ്യമിടുന്നു. കടൽ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി കൃത്രിമ പാര് പദ്ധതിയും സീക്കേജ് പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ചെറുമീനുകളെ പിടിക്കുന്നത് തടയുന്നതിനായി സി.എം.എഫ്. ആർ.ഐ.-യുടെ പഠനത്തിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ 58 ഇനം മത്സ്യങ്ങളുടെ മിനിമം ലീഗൽ സൈസ് നിഷ്കർഷിച്ചുകൊണ്ട് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. മത്സ്യങ്ങളുടെ പ്രജനന കാലമായ ജൂൺ, ജൂലൈ മൺസൂൺ കാലയളവിൽ ട്രോൾ ബാനും നടപ്പിലാക്കിവരുന്നു. ബോട്ടം ട്രോളിങ് നിരോധന കാലയളവ് 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിക്കുകയും ചെയ്തു. ഇതിനു പുറമെ മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുക, തീരക്കടലിൽ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. ഗുണമേന്മയുള്ള മത്സ്യം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**ധനസഹായ വിതരണത്തിനുള്ള മാനദണ്ഡത്തിലെ അപാകത**

16 (*106) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയബാധിതർക്കുള്ള പതിനായിരം രൂപയുടെ ധനസഹായം ലഭിക്കുന്നതിന് നിശ്ചിത ദിവസത്തിൽ കൂടുതൽ വീടുകളിൽ വെള്ളം കെട്ടിനിന്നതായിരിക്കണമെന്ന മാനദണ്ഡം ഉള്ളത് കാരണം നിരവധി അർഹരായ വ്യക്തികൾക്ക് തുക ലഭിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പതിനായിരം രൂപയുടെ ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടായിട്ടും ഇടുക്കി, വയനാട് പോലുള്ള ജില്ലകളിൽ മാനദണ്ഡത്തിലെ അപാകത കാരണം നിരവധി പേർക്ക് തുക ലഭിച്ചിട്ടില്ലെന്ന പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പരാതികൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) രണ്ട് ദിവസം അടുപ്പിച്ച് വീട്ടിൽ വെള്ളം കയറുകയോ വീടിന് 75%ത്തിലധികം നാശനഷ്ടം നേരിടുകയോ വീട് പൂർണ്ണമായും തകർന്നു പോകുകയോ ചെയ്തവർക്കാണ് കേന്ദ്ര മാനദണ്ഡപ്രകാരം ഒറ്റത്തവണ ദുരിതാശ്വാസ സഹായത്തിന് അർഹതയുള്ളത്. വീട്ടിലെ വസ്തുവകകൾ ദുരന്തത്തിൽ നഷ്ടപ്പെട്ടു എന്നതാണ് ഈ സഹായത്തിന്റെ പ്രധാന മാനദണ്ഡം. ഇത് കേന്ദ്ര മാനദണ്ഡമാണ്. വീട്ടിലെ വസ്തുവകകൾ ദുരന്തത്തിൽ നഷ്ടപ്പെട്ടുവെന്ന് വില്ലേജ് ഓഫീസർ ഉത്തമ ബോധ്യത്തിൽ അംഗീകരിച്ച് നൽകുന്ന പട്ടികയിൽ ഉൾപ്പെടുന്നവർക്കാണ് ഈ സഹായം നൽകുവാൻ സാധിക്കുക. കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം 2 ദിവസത്തിൽ കൂടുതൽ പ്രളയത്തെത്തുടർന്ന് വീടുകളിൽ വെള്ളം കെട്ടിനിന്ന കുടുംബങ്ങൾക്ക് വസ്തുങ്ങൾക്കുണ്ടായ നാശത്തിന് ഓരോ കുടുംബത്തിനും 1800 രൂപ വീതവും വീട്ടുപകരണങ്ങളുടെ നാശത്തിന് 2000 രൂപ വീതവുമാണ് അനുവദനീയമായിട്ടുള്ളത്. അപ്രകാരം ഒരു കുടുംബത്തിന് ആകെ അനുവദനീയമായ 3800 രൂപയ്ക്കു പുറമെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 6200 രൂപ കൂടി ഉൾപ്പെടുത്തിയാണ് 10,000 രൂപ വീതം അനുവദിച്ചത്. പ്രളയ ബാധിതർക്കുള്ള അടിയന്തര ധനസഹായമായ 10,000 രൂപ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് പരാതിയുള്ളവർക്ക് അപ്പീൽ സമർപ്പിക്കുന്നതിന് സർക്കാർ അവസരം നൽകിയിട്ടുള്ളതാണ്. അതുപ്രകാരം ലഭിച്ചിരുന്ന അപ്പീൽ പരാതികൾ പരിഗണിച്ച് അന്വേഷണം നടത്തി അർഹരായവർക്ക് പ്രസ്തുത ദുരിതാശ്വാസം അനുവദിച്ചിട്ടുള്ളതാണ്.

(ബി) അർഹരായ മുഴുവൻ കുടുംബങ്ങൾക്കും അടിയന്തര ദുരിതാശ്വാസം അനുവദിച്ചിട്ടുണ്ട്. 10,000 രൂപയ്ക്ക് അർഹതപ്പെട്ടവരുടെ പട്ടികയുടെ അവസാന ദിവസമായിരുന്ന 5-9-2018 വരെ 6,10,802 പേർ ആയിരുന്നു അർഹരായിരുന്നത്. തുടർന്ന് സർക്കാർ പരിശോധനകൾ പൂർത്തിയാക്കി 6,87,843 പേർക്ക് പ്രസ്തുത തുക നൽകിയിട്ടുണ്ട്. ഇതിൽ 77,041 പേർ അപ്പീൽ മുഖാന്തരം ലിസ്റ്റിൽ ചേർക്കപ്പെട്ടവരാണ്.

(സി) അർഹമായ ദുരിതാശ്വാസം അനുവദിക്കാതിരുന്നത് സംബന്ധിച്ച് പരാതിയുള്ളവർക്ക് അപ്പീൽ അപേക്ഷ നൽകുന്നതിന് സർക്കാർ അവസരം നൽകിയിരുന്നു. പ്രസ്തുത അപേക്ഷകളിന്മേൽ അന്വേഷണംനടത്തി അർഹരായ ആളുകൾക്ക് ദുരിതാശ്വാസം നൽകിയിട്ടുള്ളതാണ്. ദുരിതാശ്വാസം സംബന്ധിച്ച പരാതികൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകാവുന്നതും (ഡെപ്യൂട്ടി കളക്ടർ, ദുരന്ത നിവാരണ വിഭാഗം/ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്), സി.ഇ.ഒ.-യുടെ തീരുമാനത്തിൽ പരാതിയുള്ള

വർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാനായ ജില്ലാ കളക്ടറെയും സമീപിക്കാവുന്ന തരത്തിൽ 22-11-2018-ലെ സ.ഉ.(സാധാ.) നമ്പർ 627/2018/ ഡി.എം.ഡി. പ്രകാരം പരാതിപരിഹാര സംവിധാനം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ ഉന്നത ഉദ്യോഗസ്ഥരും ജില്ലാ കളക്ടർമാരുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിരവധി യോഗങ്ങൾ നടത്തി വരുന്നുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി 30-1-2019-ന് ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട് എന്നീ ജില്ലാ കളക്ടർമാരുമായി പ്രത്യേകം വീഡിയോ കോൺഫറൻസ് നടത്തി. ദുരിതാശ്വാസ പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാനായും ഭരണപരമായ ആവശ്യങ്ങൾ ജില്ലാ കളക്ടർമാർക്ക് സമയബന്ധിതമായി പരിഹരിച്ച് നൽകുവാനും 12 യോഗങ്ങൾ ഇതുവരെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടത്തിയിട്ടുണ്ട്.

## കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതി

17(*107) ശ്രീ. ഡി. കെ. മുരളി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; പദ്ധതിയുടെ ലോൺ കാലാവധി എന്നുവരെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ചെങ്ങന്നൂർ-ഏറ്റുമാനൂർ, ഏറ്റുമാനൂർ-മൂവാറ്റുപുഴ, കാസർഗോഡ്-കാഞ്ഞങ്ങാട്, പൊൻകുന്നം-തൊടുപുഴ റോഡുകളുടെ പണി സമയബന്ധിതമായി പൂർത്തീകരിക്കാൻ ഈ സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ;

(സി) അപകടരഹിത റോഡിന്റെ മാതൃകാ പദ്ധതിയായ കഴക്കൂട്ടം-അടൂർ റോഡ് നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) ശബരിമല തീർത്ഥാടകർക്ക് ഏറ്റവും പ്രയോജനപ്രദമായ പുനലൂർ-പൊൻകുന്നം റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയുടെ മൊത്തം പദ്ധതി തുക 2403 കോടി രൂപയാണ്. ഇതിൽ 56% ലോകബാങ്കും 44% സംസ്ഥാന സർക്കാരും എന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. കെ.എസ്.ടി.പി. രണ്ട് പദ്ധതിയിലുൾപ്പെട്ട റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

| പാക്കേജ് നമ്പർ | റോഡിന്റെ പേരും ദൈർഘ്യവും | കരാർ തുക (കോടി രൂപ) | നിലവിലെ പുരോഗതി (ശതമാനത്തിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| UG-1 | കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ.) | 133.05 | 100 |
| UG-2 | (പിലാത്തറ-പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ.) | 118.29 | 100 |
| UG-3A | തലശ്ശേരി-കളറോഡ് റോഡ് (28.80 കി.മീ.) | 156.34 | 55 |
| UG-3B | കളറോഡ്-വളവുപാറ റോഡ് (25.20 കി.മീ.) | 209.68 | 75 |
| UG-4 | ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് (45.40 കി.മീ.) | 293.58 | 100 |
| UG-4A | തിരുവല്ല ബൈപ്പാസ് (2.3 കി.മീ.) | 31.80 | നിർത്തിവച്ച തിരുവല്ല ബൈപ്പാസിന്റെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി റീടെണ്ടർ ചെയ്യുകയും ബോംബെ ആസ്ഥാനമായ M/s.GHV (India) Pvt Ltd. എന്ന കമ്പനിയുമായി 29-12-2018-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 4B | തിരുവല്ല ടൗൺ നവീകരണം (1.90 കി.മീ.) | 7.77 | M/s.EKK Infrastructure Pvt. Ltd. എന്ന കമ്പനിയുമായി 29-12-2018-ൽ കരാറിൽ ഏർപ്പെട്ടു. |
| UG-5 | ഏറ്റുമാനൂർ-മൂവാറ്റുപ്പുഴ റോഡ് (40.96 കി.മീ.) | 171.49 | 100 |
| UG-6 | പൊൻകുന്നം-തൊട്ടുപുഴ റോഡ് (50 കി.മീ.) | 227.13 | 100 |
| UG-7 | പെരുമ്പിലാവ് - പെരിന്തൽമണ്ണ റോഡ് (41 കി.മീ.) | 8.11 | 100 |
| UG-8 | പുനലൂർ-പൊൻകുന്നം റോഡ് പൊതുസ്വകാര്യപങ്കാളിത്ത ത്തോടെ (82 കി.മീ.) | 700 (എസ്റ്റിമേറ്റ് തുക) | പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ട പദ്ധതി നിലവിൽ എഞ്ചിനീയറിംഗ് പ്രോക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (ഇ.പി.സി.) മാതൃകയിൽ മൂന്ന് പാക്കേജുകളിലായി തിരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയാണ് ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഇതിനുവേണ്ടി മൂന്ന് പാക്കേജുകളുടെയും ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി 15-02-2019 |

| | | |
|---|---|---|
| (സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി - കഴക്കൂട്ടം-തൈക്കോട്-അടൂർ റോഡിന്റെ ബി.സി. ഓവർലേയും മറ്റ് റോഡ് സുരക്ഷാ പണികളും (80 കി.മീ.) | 146.67 | 55 |

കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയുടെ പൂർത്തീകരണത്തിനുള്ള സമയ പരിധി 2019 ഏപ്രിൽ ആയിട്ടാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ 2021 ഏപ്രിൽ വരെ ദീർഘിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ഡിപ്പാർട്ടുമെന്റ് ഓഫ് എക്കണോമിക് അഫയേഴ്സിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ-ഏറ്റുമാനൂർ, ഏറ്റുമാനൂർ-മൂവാറ്റുപ്പുഴ, കാസർഗോഡ്-കാഞ്ഞങ്ങാട്, പൊൻകുന്നം-തൊടുപുഴ റോഡുകളുടെ പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി അവലോകന യോഗങ്ങൾ വിളിച്ചുചേർത്ത് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അപ്രകാരം പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തു.

(സി) കഴക്കൂട്ടം-അടൂർ മാതൃകാ സുരക്ഷാ പദ്ധതിയിൽ തൈക്കോട് (ചെയിനേജ് 25/250) മുതൽ അടൂർ (ചെയിനേജ് 93/000) വരെയുള്ള എം.സി. റോഡിന്റെ ടാറിംഗ് പ്രവൃത്തികൾ, എം.സി. റോഡിലും തൈക്കോട് മുതൽ വെട്ടു റോഡു വരെയുള്ള ലിങ്ക് 72 റോഡിലും ആവശ്യമായ സ്ഥലങ്ങളിൽ ഓട, കലുങ്ക്, സംരക്ഷണഭിത്തി ഇവയുടെ നിർമ്മാണം, റോഡ് സുരക്ഷാ പ്രവൃത്തികളായ റോഡ് മാർക്കിംഗ്, സൈൻ ബോർഡുകൾ സ്ഥാപിക്കുക, ഫുട്പാത്ത് ഉൾപ്പെടെയുള്ള ജംഗ്ഷൻ നവീകരണ പ്രവൃത്തികൾ, ക്രാഷ് ബാരിയർ സ്ഥാപിക്കൽ, സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ തുടങ്ങിയവയാണ് പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. ടാറിംഗ് - 66.50 കി.മീറ്റർ ടാറിംഗ് ഉണ്ടായിരുന്നതിൽ 58.00 കി.മീ. പൂർത്തീകരിച്ചു. 12950 മീറ്റർ ഓടയും 1332 മീറ്റർ സംരക്ഷണ ഭിത്തിയും പൂർത്തിയായി. 19 കലുങ്കുകളിൽ 15 എണ്ണം പൂർത്തീകരിച്ചു. 2 എണ്ണത്തിന്റെ പ്രവൃത്തി പുരോഗതിയിലാണ്. 6818 മീറ്റർ ക്രാഷ് ബാരിയറും 648 സോളാർ സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. അടൂർ മുതൽ കിളിമാനൂർവരെ ജംഗ്ഷൻ ഒഴികെയുള്ള 42 കി.മീ. റോഡ് മാർക്കിംഗ് ചെയ്തിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു.

(ഡി) പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ട പദ്ധതി നിലവിൽ എഞ്ചിനീയറിംഗ് പ്രോക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (ഇ.പി.സി.) മാതൃകയിൽ മൂന്നു പാക്കേജുകളായി തിരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയാണ്

ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഇതിനുവേണ്ടി മൂന്നു പാക്കേജുകളുടേയും ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി ചുവടെ ചേർക്കുന്നു :

| പാക്കേജ് നമ്പർ | റോഡിന്റെ പേരും ദൈർഘ്യവും | ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി |
|---|---|---|
| 8 എ | പുനലൂർ മുതൽ കോന്നി വരെ(ചെയിനേജ് 00+ 000/29+840) | 25-2-2019 |
| 8 ബി | കോന്നി മുതൽ പ്ലാച്ചേരി വരെ (ചെയിനേജ് 29+840/60+000) | 26-2-2019 |
| 8 സി | പ്ലാച്ചേരി മുതൽ പൊൻകുന്നം വരെ (ചെയിനേജ് 60+ 000/ 82+173) | 27-2-2019 |

## പ്രളയംമൂലമുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക്

18(*108) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രളയത്തിൽ ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ടവരുടെയും നാശനഷ്ടങ്ങളുടെയും കണക്ക് റവന്യൂ വകുപ്പ് ഇതുവരെ ശേഖരിച്ചിട്ടുണ്ടോ;

(ബി) ഇവരുടെ പുനരധിവാസത്തിനായി നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച കടകളുടെയും വ്യാപാര സ്ഥാപനങ്ങളുടെയും ചെറുകിട സംരംഭങ്ങളുടെയും കണക്ക് റവന്യൂ വകുപ്പ് ഇതുവരെ ശേഖരിച്ചിട്ടുണ്ടോ;

(ഡി) ഇവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുവാൻ സർക്കാരിന് നാളിതുവരെ സാധിച്ചിട്ടില്ല എന്ന ആക്ഷേപം വസ്തുതാപരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ-ഡി) സംസ്ഥാനത്ത് പ്രളയത്തിൽ ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ടവരുടെയും നാശനഷ്ടങ്ങളുടെയും കണക്കും പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച കടകളുടെയും വ്യാപാര സ്ഥാപനങ്ങളുടെയും ചെറുകിട സംരംഭങ്ങളുടെയും കണക്കും ബന്ധപ്പെട്ട വകുപ്പുകൾ വഴിയാണ് ശേഖരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് പ്രളയത്തിൽ ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ടവരുടെയും നാശനഷ്ടങ്ങളുടെയും കണക്ക് തൊഴിൽ വകുപ്പ് ശേഖരിച്ചിട്ടുണ്ട്. പ്രളയത്തിൽ ബാധിക്കപ്പെട്ട ചെറുകിട-ഇടത്തരം വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ, കടകൾ എന്നിവയുടെ വിവരങ്ങൾ മൊബൈൽ ആപ്ലിക്കേഷൻ സർവ്വേ മുഖാന്തരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റും ശേഖരിച്ചിട്ടുണ്ട്. പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പാ പദ്ധതി എന്ന പേരിൽ ഒരു പദ്ധതിക്ക് 17-12-2018-ലെ സ.ഉ. നമ്പർ (കൈ) 27/2018/DMD ഉത്തരവ് പ്രകാരം രൂപം നൽകിയിട്ടുണ്ട്. 2018-ലെ പ്രളയത്തിൽ ബാധിക്കപ്പെട്ട ചെറുകിട-ഇടത്തരം വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവന മാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേയ്ക്കായി ഈ പദ്ധതി പ്രയോജനപ്രദമാണ്. ഇവർക്ക് ഉപജീവന മാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേയ്ക്കായി ഉജ്ജീവന സഹായ പദ്ധതി പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

## പാട്ടക്കുടിശ്ശിക വരുത്തിയവർക്കെതിരെ നടപടി

19(*109) ഡോ. എം. കെ. മുനീർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ആരാധനാലയങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഭൂമി പതിച്ചുനല്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) പാട്ട വ്യവസ്ഥയിൽ സർക്കാർ ഭൂമി ഉപയോഗിക്കുന്നവർ പാട്ടക്കുടിശ്ശിക വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പാട്ട വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) പാട്ടക്കാലാവധി കഴിഞ്ഞും ഭൂമി വിട്ടുനൽകാതെ ഉപയോഗിച്ചുവരുന്ന സർക്കാരിതര സ്ഥാപനങ്ങൾ ഒഴിപ്പിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ&ബി) സർക്കാർ ഭൂമിയിൽ സ്ഥിതിചെയ്യുന്ന ആരാധനാലയങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയ്ക്ക് ആവശ്യമുള്ള ഏറ്റവും കുറഞ്ഞ അളവ് ഭൂമി, ടി ഭൂമിയുടെ കമ്പോള വില ഈടാക്കി പതിച്ചു നൽകുന്നതിനോ അല്ലെങ്കിൽ ടി ഭൂമിയുടെ കമ്പോള വിലയുടെ നിശ്ചിത ശതമാനം പാട്ടമായി സ്വീകരിച്ചോ നൽകുന്നതിനുള്ള ഒരു നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. ആയത് സംബന്ധിച്ച ഫയൽ അഭിപ്രായത്തിനായി (ഫയൽ നമ്പർ 16638/എ 2/2016/റവ.) ധനകാര്യ വകുപ്പിന് അയച്ചിട്ടുണ്ട്.

(സി) പാട്ട വ്യവസ്ഥയിൽ സർക്കാർ ഭൂമി ഉപയോഗിക്കുന്നവർ പാട്ട കുടിശ്ശിക വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം പാട്ട കുടിശ്ശിക വരുത്തിയിട്ടുള്ള വ്യക്തികളെയും സ്ഥാപനങ്ങളെയും സംഘടനകളെയും നിയമാനുസൃതം നോട്ടീസ് നൽകി സമയബന്ധിതമായി നേരിൽ കേൾക്കുന്നതിനും പാട്ട കുടിശ്ശിക അടിയന്തരമായി പിരിച്ചെടുക്കുന്നതിനും പാട്ട കുടിശ്ശിക ഒടുക്കാൻ വിസമ്മതിക്കുന്ന പക്ഷം ടി സ്ഥാപനങ്ങളുടെയും സംഘടനകളുടെയും വ്യക്തികളുടെയും കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി അടിയന്തരമായി പാട്ടം റദ്ദ് ചെയ്ത് സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ജോയിന്റ് കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ് കൺവീനറായും ധനകാര്യവകുപ്പ്, നിയമവകുപ്പ്, റവന്യൂ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായും ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. മേൽ സമിതി പാട്ടക്കുടിശ്ശിക സംബന്ധിച്ച കേസുകൾ വിശദമായി പരിശോധിച്ച് സർക്കാരിന് ശിപാർശ നൽകുകയും ആയത് പരിശോധിച്ചു വരികയുമാണ്.

(ഡി) തീരുമാനിച്ചിട്ടില്ല.

(ഇ) പാട്ട കാലാവധി കഴിഞ്ഞ ഭൂമി വിട്ടുനൽകാതെ ഉപയോഗിച്ചുവരുന്ന സർക്കാർ ഇതര സ്ഥാപനങ്ങളുടെ നാളിതുവരെയുള്ള കുടിശ്ശിക കണക്കാക്കി ടിയാളുകളെ നിയമാനുസൃതം നോട്ടീസ് നൽകി നേരിൽ കേട്ട് കുടിശ്ശിക ഈടാക്കാനും ആയതിന് വിസമ്മതിക്കുന്നപക്ഷം പാട്ടം റദ്ദ് ചെയ്ത് ടി ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതിനുള്ള വ്യക്തമായ ശിപാർശ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഹൈടെക് സ്കൂൾ പദ്ധതി

20(*110) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകൾ ഹൈടെക് ആക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പഠന പ്രവർത്തനങ്ങൾക്കായുള്ള 'സമഗ്ര' പോർട്ടലിന്റെ സവിശേഷതകളും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ സ്കൂൾ ക്ലാസ്സുകളിലും പ്രൊജക്റ്ററും ലാപ് ടോപ്പും ഉപയോഗിച്ചുള്ള പഠനം നടക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിലുള്ള ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് ഫലപ്രദമായി ക്ലാസ്സുകൾ നടത്തുന്നതിന് അദ്ധ്യാപകർ പ്രാപ്തരാണോ എന്ന് അറിയിക്കുമോ;

(ഇ) ഗ്രാമീണ മേഖലകളിലെ സ്കൂളുകളിൽ ഡിജിറ്റൽ റിസോഴ്സുകളുടെ അവതരണം, ചർച്ച, ക്രോഡീകരണം എന്നിവ ഫലപ്രദമായി നടക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ഹൈടെക് ഉപകരണങ്ങൾ ലഭ്യമാക്കി പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി 58430 Laptops, 42227 Multimedia Projectors, 40599 Mounting Kits, 40621 HDMI cables, 40614 Face Plates, 21847 White Screens, 41544 USN speakers, 4688 DSLR cameras, 4522 LED Televisions (42") 4720 HD Webcams എന്നിവ വിതരണം ചെയ്തു. ഇതിൽ 16510 ലാപ് ടോപ്പ് കമ്പ്യൂട്ടർ ലാബിലേയ്ക്കും വൈദ്യുതി ലഭ്യതയും അടച്ചുറപ്പുമുള്ള 40083 ക്ലാസുകളിൽ ഉപകരണങ്ങൾ മൗണ്ട് ചെയ്ത് ഉപയോഗിക്കുന്നതിനും അടച്ചുറപ്പില്ലാത്ത ക്ലാസുകളിൽ പഠിക്കുന്ന (ഹൈടെക് ആക്കാൻ കഴിയാത്ത) കുട്ടികൾക്കും ഹൈടെക് പദ്ധതിയുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിന് 3163 ലാപ്ടോപ്പ്, 2196 പ്രൊജക്ടർ എന്നീ ഉപകരണങ്ങളും

നൽകിയിട്ടുണ്ട്. വയനാട് ജില്ലയിലെ തോൽപ്പെട്ടി സർക്കാർ ഹൈസ്കൂൾ ഒഴികെയുള്ള 4751 സ്കൂളുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റും ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളിലെ ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള നെറ്റ് വർക്കിംഗ് 2019 മേയ് മാസത്തോടെ പൂർത്തിയാക്കത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) നവീകരിച്ച ഹൈടെക് ക്ലാസ് മുറികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും പ്രവർത്തനാധിഷ്ഠിത ക്ലാസ് മുറികൾ യാഥാർത്ഥ്യമാക്കുന്നതിനും സഹായകമായ വിധത്തിൽ പഠന വിഭവങ്ങൾ ഉൾപ്പെടുന്ന വിദ്യാഭ്യാസ പോർട്ടലാണ് 'സമഗ്ര'. ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ സ്കൂൾ അക്കാദമിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും കൃത്യപ്പെടുത്തുകയും സാങ്കേതികവിദ്യയുടെ പുരോഗതിക്കനുസരിച്ച് നിരന്തരം മെച്ചപ്പെടുത്തുകയും ചെയ്യുന്ന സംവിധാനമായിട്ടാണ് ഇതിനെ വിഭാവന ചെയ്തിട്ടുള്ളത്. പഠനാസൂത്രണം, പാഠവിനിമയം, മൂല്യനിർണ്ണയം, അക്കാദമിക മോണിറ്ററിംഗ് തുടങ്ങിയ എല്ലാ പഠനപ്രവർത്തനങ്ങളും 'സമഗ്ര'യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള 4752 സർക്കാർ എയ്ഡഡ് സ്കൂളുകളിലാണ് ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നത്. ടി സ്കൂളുകളിലെ 40083 ക്ലാസ് മുറികളിൽ ഉപകരണങ്ങൾ മൗണ്ട് ചെയ്ത് ഉപയോഗിക്കുന്നതിനും മൗണ്ട് ചെയ്യാൻ കഴിയാത്ത (അടച്ചുറപ്പില്ലാത്ത) ക്ലാസ് മുറികളിലെ കുട്ടികളുടെ പഠനത്തിന് സഹായിക്കുന്നതിനായി 3163 ലാപ് ടോപ്പ് പൊതുവായും ലഭ്യമാക്കിയിട്ടുണ്ട്. 2018 ഒക്ടോബർ 23 മുതൽ കൈറ്റ് നടത്തിയ പഠനത്തിൽ 92% അദ്ധ്യാപകർ ക്ലാസുകളിൽ ഹൈടെക് ഉപകരണങ്ങൾ ഉപയോഗിച്ച് പഠനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് ഉപകരണങ്ങളും ഡിജിറ്റൽ വിഭവങ്ങളും ലഭ്യമാക്കുന്നതോടൊപ്പം അവ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് പ്രത്യേക പരിശീലനവും അദ്ധ്യാപകർക്കും തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്കും നൽകിയിട്ടുണ്ട്. 2018 ഒക്ടോബർ 23 മുതൽ 'കൈറ്റ് ' നടത്തിയ പഠനത്തിൽ 92% അദ്ധ്യാപകർ ഹൈടെക് ഉപകരണങ്ങൾ ഉപയോഗിച്ച് പഠനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലേതുൾപ്പെടെ 4752 സ്കൂളുകളിലാണ് ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായുള്ള ഉപകരണങ്ങൾ, ഡിജിറ്റൽ വിഭവങ്ങൾ തുടങ്ങിയവ ലഭ്യമാക്കൽ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള പരിശീലനം, തുടർപ്രവർത്തനങ്ങൾ തുടങ്ങിയവ ഗ്രാമീണ-നാഗരിക വ്യത്യാസമില്ലാതെ എല്ലാ സ്കൂളുകൾക്കും പൊതുവായാണ് ലഭ്യമാക്കുന്നത്. ആയതിനാൽ ഗ്രാമീണ മേഖലയിലെ സ്കൂളുകളിലും ഡിജിറ്റൽ റിസോഴ്സുകൾ ഉപയോഗിക്കുന്നതുൾപ്പെടെ എല്ലാ ഹൈടെക് പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

## കേരളത്തിലെ റെയിൽവേ വികസന പദ്ധതികൾ

21(*111) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ വികസനരംഗത്ത് കാലങ്ങളായി കേരളം അനുഭവിക്കുന്ന മുരടിപ്പ് മാറ്റുന്നതിനും റെയിൽവേ വികസനം കാര്യക്ഷമമാക്കുന്നതിനും ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് കേരളത്തിന്റെ റെയിൽവേ സൗകര്യ വികസനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) കേരളത്തിലെ റെയിൽവേ മേഖലയിലെ നിർമ്മാണ പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനും റെയിൽവേ സ്റ്റേഷനുകളുടെ നിലവാരം ഉയർത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കേരള സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും റെയിൽവേ മന്ത്രിക്കും സംസ്ഥാനത്തിന്റെ റെയിൽവേയുടെ ചുമതലയുള്ള വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്കും ഇതുസംബന്ധിച്ച് നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. എം.പി.-മാരുടെ തലത്തിലും ഉദ്യോഗസ്ഥതലത്തിലും നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു. റെയിൽപാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കാലപ്പഴക്കം വന്ന റെയിൽ പാളങ്ങൾ പുനഃസ്ഥാപിക്കുന്നതിനും റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും പഴക്കം ചെന്നതും ഉപയോഗമില്ലാത്തതുമായ കോച്ചുകൾ മാറ്റി ആധുനിക സൗകര്യങ്ങളോട് കൂടിയ കോച്ചുകളുള്ള ട്രെയിൻ ഓടിക്കുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമുള്ള ടെക്നിക്കൽ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള റെയിൽവേയിലെ നിർണ്ണായക തസ്തികകളിൽ നിലവിലുള്ള മൂവായിരത്തോളം ഒഴിവുകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിനും റെയിൽവേ യാത്രക്കാരുടെ പ്രത്യേകിച്ചും വനിതായാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും കേരളത്തോടുള്ള അവഗണന അവസാനിപ്പിച്ച് കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങളായ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതവൽക്കരണം, സിഗ്നൽ പരിഷ്ക്കരണം, കേരളത്തിന് മാത്രമായൊരു റെയിൽവേ സോൺ, റെയിൽ കോച്ച്

ഫാക്ടറി തുടങ്ങിയ ആവശ്യങ്ങളും റെയിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും നാളിതു വരെ നടപ്പാക്കാത്തതുമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും ജില്ലാ കേന്ദ്രങ്ങളിലെ റെയിൽവേ സ്റ്റേഷനുകൾ ആധുനിക സൗകര്യത്തോടുകൂടി നവീകരിക്കുന്നതിനും സംസ്ഥാനത്തെ സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്തമായി പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്തിലൂടെ ഓടുന്ന ട്രെയിനുകളിൽ ബയോ ടോയ്‌ലെറ്റുകൾ അടിയന്തരമായി ഏർപ്പെടുത്തുന്നതിനും അതോടൊപ്പം ഇന്ത്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കുന്നതിനുമായി നിയമസഭ പ്രമേയം പാസ്സാക്കുകയും പ്രസ്തുത പ്രമേയം റെയിൽവേ മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി വർഷാവർഷങ്ങളിൽ കേരളത്തിലെ ആവശ്യങ്ങൾ ഉന്നയിച്ച് കൊണ്ട് മെമ്മോറാണ്ടം സമർപ്പിക്കാറുണ്ട്. കൂടാതെ സംസ്ഥാനങ്ങളുടെ റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഒരു സംയുക്ത സംരംഭക കമ്പനി (JVC) ആരംഭിക്കുന്നതിനുള്ള നിർദ്ദേശം റെയിൽ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് 51:49 എന്ന മൂലധനത്തിൽ കേരള റെയിൽ ഡെവലപ്‌മെന്റ് കോർപ്പറേഷൻ എന്നൊരു സംയുക്ത സംരംഭക കമ്പനി ആരംഭിക്കുകയുണ്ടായി. പ്രസ്തുത കമ്പനി താഴെപ്പറയുന്ന പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിൽ വരുത്തുവാൻ ഊർജ്ജിത ശ്രമം നടത്തിവരുന്നു.

ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന നാല് പദ്ധതികളുടെ വിശദമായ സാധ്യതാ പഠനം നടത്തി റെയിൽവേ ബോർഡിന് സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

1. തലശ്ശേരി-മൈസൂർ ബ്രോഡ്ഗേജ് പാത.

2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ്‌വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമെ മൂന്നുംനാലും ലൈനുകൾ.

3. നിലമ്പൂർ-നഞ്ചൻഗുഡ് ബ്രോഡ്ഗേജ് പാത.

4. എറണാകുളത്ത് ഹൈക്കോർട്ടിനടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബാക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി.

(സി) പി.പി.പി. മോഡൽ വഴി രാജ്യത്തെ റെയിൽവേ സ്റ്റേഷനുകൾ പുനർ വികസിപ്പിക്കുന്ന പദ്ധതിയിൽ കേരളത്തിലെ 21 റെയിൽവേ സ്റ്റേഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് റെയിൽവേ സ്റ്റേഷന്റെ നവീകരണത്തിനായി തത്വത്തിൽ അംഗീകാരം നൽകണമെന്നും

റെയിൽവേ ആവശ്യപ്പെട്ടതനുസരിച്ച് കോഴിക്കോട് റെയിൽവേ സ്റ്റേഷനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പുനർ വികസനത്തിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത പദ്ധതിക്കായി കോ-ഓർഡിനേറ്റിംഗ് ഓഫീസറെയും പാർട്ട്ണേഴ്സിനെയും തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ വർക്കല-ശിവഗിരി റെയിൽവേ സ്റ്റേഷൻ വികസനം വിവിധ് കോർപ്പറേഷനും ഇന്ത്യൻ റെയിൽവേ സ്റ്റേഷൻ കോർപ്പറേഷൻ ലിമിറ്റഡും (IRSDC) സംയുക്തമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## രജിസ്ട്രേഷൻ വകുപ്പിലെ പരിഷ്കരണ നടപടികൾ

22(*112) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമാനുസൃതമായി ഭൂമി രജിസ്ട്രേഷന് എത്തുന്നവരിൽ നിന്നുപോലും രജിസ്ട്രേഷൻ വകുപ്പിലെ ജീവനക്കാർ കൈക്കൂലി വാങ്ങുന്നതായി പറയപ്പെടുന്ന സ്ഥിതി അവസാനിപ്പിക്കാൻ ഈ സർക്കാർ ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ആധാരം ഓൺലൈനായി രജിസ്റ്റർ ചെയ്യുന്ന രീതി വ്യാപകമായിട്ടുണ്ടോ; ഈ സംവിധാനത്തിന്റെ പോരായ്മ നികത്താനായി നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രമാണങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കി ദീർഘകാലം സുരക്ഷിതമായി സൂക്ഷിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഭൂരിഭാഗം സബ് രജ്സ്ട്രാർ ഓഫീസുകളും വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നത് അവസാനിപ്പിച്ച് സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിലെ അഴിമതി ഒഴിവാക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന ആധാര വിവരങ്ങൾ ഓൺലൈനായി നൽകിക്കൊണ്ട് രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ച് ഓൺലൈൻ ടോക്കൺ എടുക്കാവുന്ന

സംവിധാനം ഏർപ്പെടുത്തി പൊതുജനങ്ങൾക്ക് രജിസ്ട്രാർ ഓഫീസിൽ കാലതാമസം കൂടാതെ ആധാരം രജിസ്റ്റർ ചെയ്യുന്നതിന് സൗകര്യം ചെയ്തിട്ടുണ്ട്.

2. വിൽക്കുന്ന ആളിനോ വാങ്ങുന്ന ആളിനോ തന്നെ രജിസ്ട്രേഷനായി ആധാരം സ്വയം തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി. പ്രസ്തുത സംവിധാനം കൂടുതൽ സൗകര്യപ്രദമാക്കുന്നതിന് $A_3$ വലിപ്പത്തിലുള്ള ഫയലിംഗ് ഷീറ്റുകൾ $A_4$ വലിപ്പത്തിലാക്കി പരിഷ്കരിച്ചിട്ടുണ്ട്.

3. വസ്തു കൈമാറ്റവുമായി ബന്ധപ്പെട്ട ആധാര ഇടപാടുകളിന്മേൽ മുദ്രവില ഈടാക്കുന്നതിനുള്ള മാനദണ്ഡം ഗൈഡ് ലൈൻ വാല്യു എന്ന രീതിക്ക് പകരമായി സംസ്ഥാനത്തെ ഭൂമിക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ന്യായവിലയിന്മേലുള്ള അപാകതകൾ പരിഹരിക്കുന്നതിനായി ഭൂവില യുക്തിപരമായി പുതുക്കി നിശ്ചയിച്ചു.

4. ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ ഒടുക്കേണ്ട ഫീസുകൾ ഇ-പേമെന്റ് മുഖേന ട്രഷറിയിൽ ഒടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ രജിസ്ട്രേഷൻ സംബന്ധമായ മുദ്രപ്പത്രങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.

6. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കുതന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.

7. ഓൺലൈനായി ബാദ്ധ്യതാ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും ഇ-പേമെന്റ് സംവിധാനം വിനിയോഗിച്ച് ഫീസ് ഒടുക്കുന്നതിനോടൊപ്പം ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയതിലൂടെ സബ് രജിസ്ട്രാർ ഓഫീസിൽ നേരിട്ട് ഹാജരാകാതെതന്നെ ജനങ്ങൾക്ക് ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നുണ്ട്.

(ബി) ആധാരം രജിസ്റ്റർ ചെയ്യുന്നതിനായി ആധാര കക്ഷികൾ സബ് രജിസ്ട്രാർ ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതുണ്ട്. എന്നാൽ ആധാരത്തിന്റെ വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ഇ-പേമെന്റ് സംവിധാനത്തിലൂടെ രജിസ്ട്രേഷൻ ഫീസ് അടയ്ക്കുന്നതിനും ആധാര രജിസ്ട്രേഷനായി ഓഫീസിൽ

ഹാജരാകുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ച് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനും സാധിക്കുന്നതാണ്. നെറ്റ്‌വർക്ക് തകരാറുകൾ ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിനുള്ള ഡിജിറ്റൈസേഷൻ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ആദ്യഘട്ടമായി പത്തനംതിട്ട ജില്ലയിലെ 15 സബ് രജിസ്ട്രാർ ഓഫീസുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരികയാണ്.

(ഡി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ് സജിസ്ട്രാർ ഓഫീസുകൾക്ക് അനുയോജ്യമായ സർക്കാർ വക സ്ഥലം ലഭ്യമാകുകയോ അതില്ലായെങ്കിൽ സ്വകാര്യ വ്യക്തികൾ സൗജന്യമായി നൽകുകയോ ചെയ്യുമ്പോൾ അവിടെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരികയാണ്. വാടകകെട്ടിടങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സുൽത്താൻബത്തേരി, പെരിന്തൽമണ്ണ, രാജപുരം, തൃശ്ശൂർ, കക്കോടി, മക്കരപ്പറമ്പ്, ളുണേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളും തൃശ്ശൂർ ജില്ലാ രജിസ്ട്രാർ ഓഫീസും അനുബന്ധ ഓഫീസുകളും പുതിയതായി നിർമ്മിച്ച സർക്കാർ കെട്ടിടങ്ങളിലേയ്ക്കും കോഴഞ്ചേരി, കടയ്ക്കൽ, കാഞ്ഞിരപ്പള്ളി, മുക്കം, മാന്നാർ, ഇരിങ്ങാലക്കട എന്നീ സബ് രജിസ്ട്രാർ ഓഫീസുകൾ മിനി സിവിൽ സ്റ്റേഷനുകളിലേയ്ക്കും മാറ്റി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി രജിസ്ട്രേഷൻ വകുപ്പിന് 51 പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയും കെട്ടിട നിർമ്മാണത്തിനുള്ള നടപടി ത്വരിതഗതിയിൽ നടന്നുവരികയും ചെയ്യുന്നു.

## പട്ടയ വിതരണത്തിലെ പുരോഗതി

23(*113) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടയ വിതരണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) വനഭൂമി കൈവശം വച്ചിരിക്കുന്ന പട്ടിക വർഗ്ഗക്കാർക്ക് കൈവശ രേഖയ്ക്ക് പകരം പട്ടയം നല്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പട്ടയ വിതരണക്കാര്യത്തിൽ മുൻ സർക്കാരിനെ അപേക്ഷിച്ച് ഈ സർക്കാർ വളരെയധികം മുന്നേറിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ലാന്റ് ട്രൈബ്യൂണലിലെ കേസുകൾ തീർപ്പാക്കുന്നതിൽ ഉണ്ടായ പുരോഗതിയും അതിനായി സ്വീകരിച്ച നടപടികളും വിശദമാക്കുമോ;

(ഇ) തൃശ്ശൂർ ജില്ലയിലെ പട്ടയ വിതരണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ; മുൻസർക്കാർ വിതരണം ചെയ്തതിനേക്കാൾ കൂടുതൽ പട്ടയം ഈ സർക്കാർ ഇതുവരെ വിതരണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്തൊട്ടാകെ വിവിധ ഇനങ്ങളിലായി 103313 പട്ടയങ്ങളും 407 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. 868 പട്ടയങ്ങൾ ഉടൻ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പട്ടയവിതരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിലായി ഇതുവരെ 40 പട്ടയമേളകളും പാലക്കാട് ജില്ലയിൽ ഒരു റവന്യൂ മേളയും സംഘടിപ്പിച്ച് പട്ടയം വിതരണം ചെയ്തിരുന്നു. വിതരണം ചെയ്തതും വിതരണം ചെയ്യാൻ തയ്യാറായിട്ടുള്ളതുമായ പട്ടയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ഇതോടൊപ്പം ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | വിതരണം ചെയ്ത/വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്ന പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 1215 പട്ടയങ്ങളും 34 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. വർക്കല, ചിറയിൻകീഴ് നിയോജക മണ്ഡലങ്ങളിലെ 139 കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. |
| 2 | കൊല്ലം | 760 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 2-2-2019-ന് നടക്കുന്ന പട്ടയമേളയിൽ വിതരണത്തിനായി ഏകദേശം 358 പട്ടയങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. |

| (1) | (2) | (3) |
|---|---|---|
| 3 | പത്തനംതിട്ട | 205 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 371 പട്ടയങ്ങൾ വിതരണത്തിനായി തയ്യാറായി വരുന്നു. |
| 4 | ആലപ്പുഴ | 785 പട്ടയങ്ങളും 50 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. |
| 5 | കോട്ടയം | 550 പട്ടയങ്ങളും 16 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. |
| 6 | ഇടുക്കി | 20419 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 7 | എറണാകുളം | 3812 പട്ടയങ്ങളും 3 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. |
| 8 | തൃശ്ശൂർ | 30123 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 9 | പാലക്കാട് | 11648 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 10 | മലപ്പുറം | 16400 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 11 | കോഴിക്കോട് | 6717 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 12 | വയനാട് | 1151 പട്ടയങ്ങളും 304 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. |
| 13 | കണ്ണൂർ | 4024 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 14 | കാസർഗോഡ് | 5519 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |

(ബി) വനഭൂമി കൈവശം വച്ചിരിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് കൈവശ രേഖയ്ക്കു പകരം പട്ടയം നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. 1993-ലെ കേരള ഭൂമി പതിവ് (1-1-1977)-ന് മുമ്പ് വനഭൂമി കൈവശംവയ്ക്കുന്നവർക്കുള്ള നിയമാവകാശം നൽകൽ പ്രത്യേക ചട്ടങ്ങളിലെ ചട്ടം (എഫ്)-ലെ നിർവ്വചനത്തിന്റെ പരിധിയിൽ വരുന്ന ഭൂമി കൈവശം വച്ചുവരുന്ന പട്ടികവർഗ്ഗക്കാർക്ക് ഇതിനകം അനുവദിച്ചിട്ടുള്ള കൈവശരേഖ റദ്ദ് ചെയ്ത് പട്ടയം അനുവദിക്കുവാൻ ഉത്തരവായിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ ഇനങ്ങളിലായി ആകെ 134460 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഈ സർക്കാർ നാളിതുവരെ വിവിധ ഇനങ്ങളിലായി 103313 പട്ടയങ്ങളും 407 കൈവശരേഖകളും വിതരണം ചെയ്തിട്ടുണ്ട്. ഉടൻ വിതരണം ചെയ്യുന്നതിന് 868 പട്ടയങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ പട്ടയവിതരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി 40 പട്ടയമേളകളും പാലക്കാട് ജില്ലയിൽ ഒരു റവന്യൂ മേളയും സംഘടിപ്പിച്ച് പട്ടയം വിതരണം ചെയ്തിട്ടുണ്ടായിരുന്നു.

(ഡി) 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിന്റെ 74-ാം വകുപ്പ് പ്രകാരം 1-1-1970-നുശേഷം കേരളത്തിൽ കുടിയായ്മ, കുടികിടപ്പ് തുടങ്ങിയ എല്ലാ തരത്തിലുള്ള ജന്മി-കുടിയാൻ ബന്ധങ്ങളും നിരോധിച്ചിട്ടുണ്ട്. നിയമം നടപ്പിലാക്കി 55 വർഷം കഴിഞ്ഞിട്ടും ഇപ്പോഴും ഇത്തരത്തിലുള്ളവർ ഭൂമിക്കുമേലുള്ള അവകാശത്തിനായി ലാന്റ് ട്രൈബ്യൂണലുകളിൽ കേസ് നൽകി കാത്തിരിക്കുന്നു. ഇത് പരിഹരിക്കുന്ന തിനായി നിരവധി നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് 200541 കേസുകളാണ് തീർപ്പാക്കാനായി ശേഷിച്ചിരുന്നത്. ഇതോടൊപ്പം ധാരാളം പുതിയ അപേക്ഷകളും ഈ കാലയളവിൽ വന്നിട്ടുണ്ട്. ലാന്റ് ട്രൈബ്യൂണൽ കേസുകൾ തീർപ്പാക്കുന്നതിനും അർഹരായവർക്ക് ക്രയസർട്ടിഫിക്കറ്റ് നൽകുന്നതിനുമായി നിരവധി ഭരണപരമായ നടപടികളും നിയമപരമായ സ്പഷ്ടീകരണങ്ങളും നിയമഭേദഗതികളും ഉദ്യോഗസ്ഥർക്ക് പരിശീലനങ്ങളും നടത്തുകയുണ്ടായി. ഇതിന്റെ ഫലമായി 2016-2018 കാലയളവിലെ രണ്ട് വർഷങ്ങ ൾക്കുള്ളിൽ 112001 കേസുകൾ തീർപ്പാക്കാനും 63617 കുടുംബങ്ങൾക്ക് ലാന്റ് ട്രൈബ്യൂണൽ പട്ടയങ്ങൾ അനുവദിക്കാനും കഴിഞ്ഞിട്ടുണ്ട്. മുൻവർഷങ്ങളിൽ 14000 മുതൽ 16500 കേസുകൾ തീർപ്പാക്കിയിരുന്ന സ്ഥാനത്താണ് 2 വർഷങ്ങൾക്കുള്ളിൽ ഈ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞത്.

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിൽ വിവിധ ഇനങ്ങളിലായി ആകെ 11109 പട്ടയങ്ങളും കാണം സെറ്റിൽമെന്റ് ഇനത്തിൽ 4872 കാണം കുടിയായ്മ നിറുത്തൽ ഉത്തരവുകളും വിതരണം ചെയ്തിട്ടുള്ളതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 3 പട്ടയമേളകൾ ജില്ലാതലത്തിൽ സംഘടിപ്പിച്ചിട്ടുള്ളതും വിവിധ ഇനങ്ങളിലായി ആകെ 30123 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതുമാണ്.

## സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ

24(*114) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുറമ്പോക്ക് ഭൂമിയിലും കുടിയേറ്റ ഭൂമിയിലും വസിക്കുന്നവർക്ക് പട്ടയം നൽകാനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; എത്ര ഭൂരഹിത കുടുംബങ്ങൾക്ക് പട്ടയം നൽകാൻ സാധിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ തടയാൻ കർശന നടപടി സ്വീകരിച്ചിട്ടുണ്ടോ; വൻകിടക്കാർ ഉൾപ്പെടെ കയ്യേറിയ ഭൂമി ഒഴിപ്പിക്കുവാൻ നടത്തുന്ന പ്രവർത്തനം വിശദീകരിക്കാമോ;

(സി) ഹാരിസൺ മലയാളം ഉൾപ്പെടെയുള്ളവർ പാട്ടത്തിനെന്ന പേരിൽ കയ്യേറുകയും അന്യാധീനപ്പെടുത്തുകയും ചെയ്ത ഭൂമി തിരികെ പിടിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ഡി) വൻകിട കമ്പനികൾ ഉൾപ്പെടെയുള്ളവർ കുടിശ്ശികയാക്കിയ പാട്ടത്തുക എത്രയെന്നും അത് പിരിച്ചെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) പുറമ്പോക്ക് ഭൂമിയിലും കുടിയേറ്റ ഭൂമിയിലും വസിക്കുന്നവർക്ക് പട്ടയം നൽകുന്നത് ത്വരിതഗതിയിലാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്താകെ 40 പട്ടയമേളകളും പാലക്കാട് ജില്ലയിൽ ഒരു റവന്യൂ മേളയും സംഘടിപ്പിച്ച് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 103313 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുള്ളതുമാണ്.

(ബി) സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ തടയാൻ 1957-ലെ കേരള ഭൂസംരക്ഷണ നിയമം (2009 ഭേദഗതി) പ്രകാരം കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ഭൂമി കയ്യേറ്റം കണ്ടെത്തുന്നതിനും തടയുന്നതിനും ഒഴിപ്പിക്കുന്നതിനും വേണ്ടി ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറെയും അസിസ്റ്റന്റ് കമ്മീഷണറെയും മറ്റ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി 10-9-2018-ലെ സ.ഉ. (സാധാ.) നമ്പർ 3778/2018/ റവ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു മോണിറ്ററിംഗ് സെൽ

ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ രൂപീകരിക്കുകയുണ്ടായി. തുടർനടപടികൾക്കായി ജില്ല/റവന്യൂ ഡിവിഷൻ തലത്തിൽ മോണിറ്ററിംഗ് സെൽ രൂപീകരിച്ച് കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയും അവരിൽ നിന്നും ഭൂമി വാങ്ങിയവരും മറ്റ് കയ്യേറ്റക്കാരും ചേർന്ന് കൈവശം വച്ചിരുന്ന 38171 ഏക്കർ ഭൂമി കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനായി ഗവൺമെന്റ് ലാന്റ് റിസംപ്ഷൻ സ്പെഷ്യൽ ആഫീസർ ഉത്തരവിറക്കിയിരുന്നു. ഇതിനെതിരെ ഹാരിസൺ കമ്പനിയും മറ്റുള്ളവരും ചേർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ WP(C) 33122/2014-ൽ തുടങ്ങിയ കേസുകൾ ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസുകളിന്മേൽ ബഹുമാനപ്പെട്ട ഡിവിഷൻ ബഞ്ച് 11-4-2018-ന് പുറപ്പെടുവിച്ച ഉത്തരവിൽ കേരള ഭൂസംരക്ഷണ നിയമപ്രകാരം നിയോഗിച്ച സ്പെഷ്യൽ ആഫീസർക്ക് പ്രസ്തുത ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഏറ്റെടുക്കാൻ അധികാരമില്ലെന്നും, ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിന് സിവിൽ കോടതിയെ സമീപിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കോടതി ഉത്തരവിനെതിരെ സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിച്ചെങ്കിലും ആയത് തള്ളുകയുണ്ടായി. ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥാപിക്കുവാൻ സർക്കാരിന് സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യാവുന്നതാണെന്നാണ് ഡിവിഷൻ ബഞ്ച് വിധിച്ചിരിക്കുന്നത്. പ്രസ്തുത വിധികളുടെ അടിസ്ഥാനത്തിൽ സർക്കാർ ഭൂമി അന്യാധീനപ്പെടാതിരിക്കുന്നതിനായി സിവിൽ കേസ് ഫയൽ ചെയ്യുന്നതടക്കമുള്ള തുടർനടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ച് വരുന്നു.

(ഡി) പാട്ടക്കുടിശ്ശിക ഇനത്തിൽ ഏകദേശം 1155.31 കോടി രൂപയാണ് ഉള്ളതെന്ന് കാണുന്നു. പാട്ടക്കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളെയും സംഘടനകളെയും നിയമാനുസൃതം നോട്ടീസ് നൽകി സമയബന്ധിതമായി നേരിൽ കേൾക്കുന്നതിനും പാട്ടക്കുടിശ്ശിക അടിയന്തരമായി പിരിച്ചെടുക്കുന്നതിനും പാട്ടക്കുടിശ്ശിക ഒടുക്കുവരുത്താൻ വിസമ്മതിക്കുന്നപക്ഷം ടി സ്ഥാപനങ്ങളുടെയും സംഘടനകളുടെയും വ്യക്തികളുടെയും കൈവശമിരിക്കുന്ന സർക്കാർ ഭൂമി അടിയന്തരമായി പാട്ടം റദ്ദ് ചെയ്ത് സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പാട്ടക്കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ പേരിൽ സ്വീകരിക്കേണ്ട തുടർനടപടികൾ നിർദ്ദേശിക്കുന്നതിനായി ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണർ കൺവീനറായും ധന-നിയമ-റവന്യൂ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി പാട്ടക്കുടിശ്ശിക സംബന്ധിച്ച് ഓരോ സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ പരിശോധിച്ച് സർക്കാരിലേയ്ക്ക് പാട്ടക്കുടിശ്ശിക തീർപ്പാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ടി നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

## പട്ടയവിതരണത്തിന്റെ പുരോഗതി

25(*115) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ പട്ടയവിതരണത്തിന്റെ പുരോഗതി അറിയിക്കുമോ;

(ബി) ഉപാധിരഹിത പട്ടയമെന്ന ദീർഘകാലമായുള്ള ആവശ്യം അംഗീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കൈവശത്തിലുള്ള ഭൂമിക്ക് പട്ടയം ലഭിക്കുന്നതിന് ഉണ്ടായിരുന്ന വരുമാനപരിധി ഒഴിവാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കൈവശഭൂമിയും കൈവശമില്ലാത്ത ഭൂമിയും പതിച്ചുനൽകുന്നതിനുള്ള നടപടിക്രമങ്ങളിൽ എന്തൊക്കെ തരത്തിലുള്ള മാറ്റങ്ങളാണ് വരുത്തിയതെന്ന് വെളിപ്പെടുത്തുമോ;

(ഇ) പട്ടയഭൂമിയിൽ കൃഷിക്കാർ വച്ച് പിടിപ്പിക്കുന്ന മരങ്ങളുടെ അവകാശം അവർക്ക് തന്നെ ലഭിക്കുമോ; വ്യക്തമാക്കുമോ;

(എഫ്) ഇടുക്കി പദ്ധതി പ്രദേശത്ത് മൂന്ന് ചങ്ങല വിട്ടുള്ള പ്രദേശത്ത് പട്ടയം വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ജി) പെരിഞ്ചാംകുട്ടിയിലെ ആദിവാസികളുടെ ദീർഘകാല ഭൂപ്രശ്നം പരിഹരിച്ചുവോ; വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്തൊട്ടാകെ വിവിധ ഇനങ്ങളിലായി 103313 പട്ടയങ്ങളും 407 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. 868 പട്ടയങ്ങൾ ഉടൻ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പട്ടയവിതരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിലായി ഇതുവരെ 40 പട്ടയമേളകൾ സംഘടിപ്പിച്ചിട്ടുള്ളതുമാണ്. വിതരണം ചെയ്തതും വിതരണം ചെയ്യാൻ തയ്യാറായിട്ടുള്ളതുമായ പട്ടയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ഇതോടൊപ്പം ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | വിതരണം ചെയ്ത/വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്ന പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1215 പട്ടയങ്ങളും 34 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. വർക്കല, ചിറയിൻകീഴ് നിയോജക മണ്ഡലങ്ങളിലെ 139 കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. |
| 2 | കൊല്ലം | 750 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 2-2-2019-ന് നടക്കുന്ന പട്ടയമേളയിൽ വിതരണത്തിനായി ഏകദേശം 358 പട്ടയങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. |
| 3 | പത്തനംതിട്ട | 205 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 371 പട്ടയങ്ങൾ വിതരണത്തിനായി തയ്യാറായി വരുന്നു. |
| 4 | ആലപ്പുഴ | 785 പട്ടയങ്ങളും 50 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. |
| 5 | കോട്ടയം | 550 പട്ടയങ്ങളും 16 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. |
| 6 | ഇടുക്കി | 20419 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 7 | എറണാകുളം | 3812 പട്ടയങ്ങളും 3 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. |
| 8 | തൃശ്ശൂർ | 28088 പട്ടയങ്ങളും 2 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. |
| 9 | പാലക്കാട് | 11648 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 10 | മലപ്പുറം | 16400 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 11 | കോഴിക്കോട് | 6717 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 12 | വയനാട് | 1151 പട്ടയങ്ങളും 304 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. |
| 13 | കണ്ണൂർ | 4024 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 14 | കാസർഗോഡ് | 5519 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |

(ബി) 1960-ലെ കേരള ഭൂമി പതിവ് നിയമപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിവിധ ചട്ടങ്ങൾ അനുസരിച്ചാണ് സംസ്ഥാനത്ത് സർക്കാർ ഭൂമി പതിച്ചു നൽകുന്നത്. വിവിധ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഉപാധികൾക്ക് വിധേയമായി മാത്രമേ നിലവിൽ ഭൂമി പതിച്ചു നൽകുന്നതിന് സാധിക്കുകയുള്ളൂ. നിലവിൽ പഞ്ചായത്ത് പ്രദേശങ്ങളിൽ ഭൂമി പതിച്ചു നൽകുന്നതിനുള്ള 1964 കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ഉപാധികളിൽ വളരെയധികം ഇളവുകൾ വരുത്തിയിട്ടുണ്ട്. കൈവശമുള്ള ഭൂമി പതിച്ച് നൽകുന്ന കേസുകളിൽ ഭൂമി കൈമാറ്റം ചെയ്യുന്നതിന് നിലവിൽ കാലപരിധി പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. 17-8-2017-ലെ ജി.ഒ. (പി) നമ്പർ 60/2017/ ആർ.ഡി. ഭേദഗതി പ്രകാരം കൈവശമുള്ള ഭൂമി പതിച്ച് നൽകുന്നതിന് ഉണ്ടായിരുന്ന വരുമാന പരിധി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കൈവശമില്ലാത്ത ഭൂമി പതിച്ചു നൽകുന്ന സംഗതികളിൽ ടി ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള കാലപരിധി 25 വർഷത്തിൽനിന്നും 12 വർഷമായി കുറച്ചിട്ടുമുണ്ട്. പൂർണ്ണമായും ഉപാധിരഹിതമായി പട്ടയങ്ങൾ നൽകി വരുന്നില്ല.

(സി) 1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരം കൈവശമുള്ള ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുണ്ടായിരുന്ന വരുമാന പരിധിയായ ഒരു ലക്ഷം രൂപ 17-8-2017-ലെ ജി.ഒ. (പി) നമ്പർ 60/2017/ആർഡി. ഉത്തരവ് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

(ഡി) 17-8-2017-ലെ ജി.ഒ. (പി) നമ്പർ 60/2017/ആർ.ഡി. ഉത്തരവ് പ്രകാരം കൈവശമുള്ള ഭൂമിയും കൈവശമില്ലാത്ത ഭൂമിയും പതിച്ചു നൽകുമ്പോൾ വെവ്വേറെ പട്ടയഫാറങ്ങൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൈവശമുള്ള ഭൂമി പതിച്ചു കിട്ടുന്ന കേസുകളിൽ ടി ഭൂമി കൈമാറ്റം ചെയ്യുന്നതിന് കാലപരിധി ഒഴിവാക്കിയിട്ടുള്ളതും കൈവശമില്ലാത്ത ഭൂമി പതിച്ചുകിട്ടുന്ന സംഗതികളിൽ പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിരുന്ന കാലപരിധി 25 വർഷത്തിൽനിന്നും 12 വർഷമായി കുറച്ചിട്ടുള്ളതുമാണ്.

(ഇ) 17-8-2017-ലെ ജി.ഒ.(പി) നമ്പർ 60/2017/ആർ.ഡി. ഭേദഗതി ഉത്തരവ് പ്രകാരം പട്ടയം നൽകുന്ന ഭൂമിയിലെ മരങ്ങളുടെ അവകാശം 1964-ലെ കേരള ഭൂമി പതിവ് ചട്ടം 10(3) പ്രകാരവും 1986-ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിലെ സെക്ഷനുകൾ 4, 22 എന്നിവ പ്രകാരവുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

(എഫ്) 24-10-2017-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.) 352/2017/ റവ. പ്രകാരം ഇടുക്കി പദ്ധതി പ്രദേശത്തെ മൂന്ന് ചങ്ങല വിട്ടുള്ള ഏഴ് ചങ്ങല പ്രദേശത്ത് പട്ടയം അനുവദിക്കുന്നതിന് ഉത്തരവായിട്ടുള്ളതും നാളിതുവരെ ടി മേഖലയിൽ 1728 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതും ടി 1728 പട്ടയങ്ങളിലായി 406.9540 ഹെക്ടർ ഭൂമി പതിച്ചു നൽകിയിട്ടുള്ളതുമാണ്.

(ജി) 8-3-2018-ലെ സ.ഉ.(കൈ) നമ്പർ 96/2018/റവ. നമ്പർ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ പെരിഞ്ചാംകുട്ടി തേക്ക് പ്ലാന്റേഷനിൽ നിന്നും 10-2-2010-ൽ കുടിയൊഴിപ്പിക്കപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അവരുടെ അർഹത പരിശോധിച്ച് ഒരു കുടുംബത്തിന് ഒരേക്കർ എന്ന പരിധിക്ക് വിധേയമായി പെരിഞ്ചാംകുട്ടിയിൽ ഭൂമി അനുവദിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. വിതരണം ചെയ്യുന്നതിന് ഏറ്റവും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിന് ഇടുക്കി ആർ.ഡി.ഒ., മൂന്നാർ ഡി.എഫ്.ഒ., റേഞ്ച് ആഫീസർ അടിമാലി, ജില്ലാ സർവ്വേ സൂപ്രണ്ട്, കൊന്നത്തടി വില്ലേജാഫീസർ എന്നീ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ടീം സ്ഥലം നേരിൽ പരിശോധിച്ച് ഭൂമി കണ്ടെത്തിയിട്ടുള്ളതാണ്.

## ലൈറ്റ് മെട്രോ പദ്ധതി

26(*116) ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പത്ത് നഗരങ്ങളിലുള്ള മെട്രോ പദ്ധതി അൻപത് ഇടങ്ങളിലേക്ക് വ്യാപിപ്പിക്കുവാനുള്ള കേന്ദ്ര നയം തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് എത്രമാത്രം സഹായകരമാണ്; വിശദമാക്കാമോ;

(ബി) ലൈറ്റ് മെട്രോയുടെ സാധ്യതകളെക്കുറിച്ച് പഠിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ മന്ത്രിസഭ തീരുമാനം എടുക്കുന്നതിന് വന്നിട്ടുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്ന ജോലി ഏത് ഘട്ടത്തിലാണ്; ഇതിനോടനുബന്ധിച്ചുള്ള മേൽപ്പാല നിർമ്മാണങ്ങളുടെ സാമൂഹിക ആഘാത പഠനം പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ലൈറ്റ് മെട്രോപാതക്ക് ഇരുവശവും 500 മീറ്റർ മെട്രോ ഇടനാഴിയായി പ്രഖ്യാപിച്ച് അവിടങ്ങളിലെ കെട്ടിട നികുതി വർദ്ധിപ്പിക്കണമെന്ന നിർദ്ദേശമുണ്ടോ;

(ഇ) പുതിയ കേന്ദ്ര നയത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്തും കോഴിക്കോടും ലൈറ്റ് മെട്രോ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സമീപഭാവിയിൽ 50-ഓളം നഗരങ്ങളിൽ മെട്രോ റെയിൽ നടപ്പിലാക്കണമെന്നാണ് കേന്ദ്രസർക്കാർ ആഗ്രഹിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച ഔദ്യോഗിക രേഖകളൊന്നും പുറപ്പെടുവിച്ചതായി അറിവില്ല.

(ബി) ലൈറ്റ് മെട്രോ പദ്ധതിയുടെ പുതുക്കിയ പദ്ധതിരേഖ പരിശോധിക്കുന്നതിനായി സംസ്ഥാന സർക്കാർ നിയോഗിച്ച സെക്രട്ടറിതല സമിതിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടും പുതുക്കിയ രൂപരേഖയും മന്ത്രിസഭയുടെ പരിഗണനയ്ക്ക് താമസിയാതെ വരുന്നതാണ്.

(സി) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിക്കായുള്ള സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടില്ല. ഇതിനോടനുബന്ധിച്ച് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാല നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ശ്രീകാര്യം മേൽപ്പാലത്തിന്റെ സാമൂഹികാഘാത പഠനം പൂർത്തിയാക്കുകയും സ്ഥലമെടുപ്പിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. ഉള്ളൂർ മേൽപ്പാലത്തിനായുള്ള സാമൂഹികാഘാത പഠനം പുരോഗമിച്ചുവരുന്നു. പട്ടം മേൽപ്പാലത്തിനായുള്ള സാമൂഹികാഘാത പഠനം ഉടൻതന്നെ ആരംഭിക്കുന്നതാണ്.

(ഡി) ലൈറ്റ് മെട്രോ പാതയുടെ ഇരുവശവും 500 മീറ്റർ പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ നികുതി വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ പുതുക്കിയ മെട്രോ നയത്തിനനുസൃതമായി ഡി.എം.ആർ.സി. തയ്യാറാക്കി സമർപ്പിച്ച ഡി.പി.ആർ.-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഇ) തിരുവനന്തപുരത്തും കോഴിക്കോട്ടും ലൈറ്റ് മെട്രോ പദ്ധതിയുടെ പുതുക്കിയ രൂപരേഖ സംസ്ഥാന മന്ത്രിസഭയുടെ പരിഗണനയ്ക്ക് വരുന്നതാണ്. മന്ത്രിസഭയുടെ അംഗീകാരം ലഭ്യമായശേഷം കേന്ദ്രാനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## മത്സ്യസമ്പത്തിലെ കുറവ്

27(*117) ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർണ്ണ വളർച്ചയെത്താത്ത ചെറുമീനുകളും മീൻമുട്ടകളും ഉൾപ്പെടെ പിടികൂടി വിൽപന നടത്തുന്നതിനാൽ കടൽ മത്സ്യ സമ്പത്ത് കുറയുന്നതായി കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ മത്സ്യത്തൊഴിലാളികളെ ബോധവൽക്കരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ എന്തെല്ലാം നിയമ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാർ സ്ഥാപനമായ സി.എം.എഫ്.ആർ.ഐ.-യുടെ പഠനങ്ങളുടെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ കേരള തീരത്ത് സുലഭമായ പ്രധാനപ്പെട്ട 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. പ്രാദേശികതലത്തിലും സംസ്ഥാനതലത്തിലും മത്സ്യ ത്തൊഴിലാളി നേതാക്കളുടെയും പ്രതിനിധികളുടെയും യോഗം വിളിച്ച് ഇക്കാര്യം വിശദമായി ധരിപ്പിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളെക്കുറിച്ച് മത്സ്യത്തൊഴിലാളികളിൽ അവബോധം ഉണ്ടാക്കുന്നതിനായി മത്സ്യബന്ധന തുറമുഖങ്ങളിലും ലാന്റിംഗ് സെന്ററുകളിലും മറ്റും ബോധവൽക്കരണം നടത്തിവരുന്നുണ്ട്. 2017-ലെ KMFR Act ഭേദഗതി പ്രകാരം ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുവാൻ നടപടികൾ സ്വീകരിച്ച് വരുന്നു. ജുവനൈൽ ഫിഷിംഗ് ഉൾപ്പെടെയുള്ള അശാസ്ത്രീയ മത്സ്യബന്ധനത്തിന്റെ ദോഷഫലങ്ങൾ മത്സ്യത്തൊഴിലാളികളുടെകൂടി സഹായത്തോടെ നിയന്ത്രിക്കുക എന്നത് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ ലക്ഷ്യങ്ങളിലൊന്നാണ്.

(സി) പൂർണ്ണ വളർച്ചയെത്താത്ത ചെറുമീനുകളെ പിടിക്കുന്ന യാനങ്ങളെ കണ്ടെത്തി KMFR ആക്ടനുസരിച്ച് പിഴ ചുമത്തുകയും മറ്റ് ശിക്ഷാനടപടികൾ സ്വീകരിച്ചും വരുന്നു. പ്രധാന മത്സ്യബന്ധന വലകളുടെ കണ്ണി വലിപ്പം നിശ്ചയിച്ചിട്ടുണ്ട്. ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് ഏർപ്പെടുത്താൻ KMFR ആക്റ്റിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. എല്ലാ ഫിഷറീസ് സ്റ്റേഷനുകളിലും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ സഹായത്തോടുകൂടി എല്ലാ ദിവസവും കടൽ പട്രോളിംഗ് നടത്തിവരുന്നുണ്ട്.

**മത്സ്യനയം**

28(*118) ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യനയം നിലവിലുണ്ടോ; ഉണ്ടെങ്കിൽ മത്സ്യബന്ധന മേഖലയുടെ വികസനത്തിന് എന്തൊക്കെ കർമ്മപരിപാടികളാണ് പ്രസ്തുത നയം മുന്നോട്ടുവയ്ക്കുന്നതെന്ന് അറിയിക്കുമോ;

(ബി) മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനും സ്വതന്ത്രമായി അവ വില്പന നടത്തുന്നതിനുമുള്ള മത്സ്യത്തൊഴിലാളികളുടെ അവകാശം ഉറപ്പാക്കുമോ; വ്യക്തമാക്കുമോ;

(സി) മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും മത്സ്യകർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായകരമാകുന്ന എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) മത്സ്യബന്ധന യാനങ്ങളുടെ ലൈസൻസിന്റെയും രജിസ്ട്രേഷന്റെയും കാര്യത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് പ്രസ്തുത നയം വ്യവസ്ഥ ചെയ്യുന്നത് എന്നറിയിക്കുമോ;

(ഇ) മൽസ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നതും വിപണനം നടത്തുന്നതും നിരോധിക്കുന്നതിന് വ്യവസ്ഥ ചെയ്യുമോ; വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) സംസ്ഥാന മത്സ്യനയത്തിൽ മത്സ്യത്തൊഴിലാളി പിടിക്കുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനും സ്വതന്ത്രമായി വിൽപ്പനയിൽ ഏർപ്പെടുന്നതിനുമുള്ള അവരുടെ അവകാശം ഉറപ്പുവരുത്തുന്നുണ്ട്. ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവയേയും മത്സ്യയിനങ്ങളേയും അടിസ്ഥാനമാക്കി മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

(സി) ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിച്ചും നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയും ഗുണമേന്മയുള്ള വിത്തുകൾ മത്സ്യകർഷർക്ക് ലഭ്യമാക്കിയും മത്സ്യോൽപ്പാദനം ഇരട്ടിയാക്കുകയെന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പ് മുഖേന ജനകീയ മത്സ്യക്കൃഷി രണ്ടാം ഘട്ടം ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കടൽ മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കൃത്രിമ പാരുകൾ സ്ഥാപിക്കുന്നതിനും സീകേജ് ഫാമിംഗ് തുടങ്ങിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചെറുമീനുകളെ പിടിക്കുന്നതിന് മിനിമം ലീഗൽ സൈസ് കർശനമാക്കുകയും മൺസൂൺ കാലയളവിൽ ട്രോൾ ബാനും നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) സംസ്ഥാനത്തിന്റെ തീരക്കടലിൽ യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങൾക്ക് നിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കും. എന്നാൽ കാലഹരണപ്പെടുന്ന യാനങ്ങൾക്ക് പകരമായി പുതിയ യാനങ്ങൾക്കുള്ള അനുമതി പരമ്പരാഗത മത്സ്യ ത്തൊഴിലാളികൾക്ക് മാത്രം നൽകും. ഒരു വ്യക്തിക്ക് സ്വന്തമാക്കാൻ ലൈസൻസിന്റെ എണ്ണം നിജപ്പെടുത്തും. അനുവദനീയമായ എണ്ണത്തിൽ കൂടുതലുള്ള യാനങ്ങളെ പുനർ വിന്യസിപ്പിക്കുകയോ പിൻവലിക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കും. യന്ത്രവൽകൃത യാനങ്ങൾക്ക് ക്യാച്ച് ക്വാട്ട സിസ്റ്റം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഇ) ചെറു മത്സ്യങ്ങളെ സംരക്ഷിക്കുന്നതിനും പിടിക്കപ്പെടുന്ന മത്സ്യങ്ങളുടെ വലിപ്പം നിയന്ത്രിക്കുന്നതിനും ഇടപെടുന്നതാണ്. 58 ഇനം മത്സ്യങ്ങൾക്ക് മിനിമം ലീഗൽ സൈസ് ഏർപ്പെടുത്തിയത് കർശനമായി നടപ്പിലാക്കും. നിശ്ചിത വളർച്ച കൈവരിക്കാത്ത മത്സ്യത്തിന്റെ പിടിച്ചെടുക്കൽ, ലേലം, വിപണനം, പരിവഹനം, വിതരണം എന്നിവ നിരോധിക്കുന്നതാണ്.

## വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

29(*119) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> :
<u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> :
<u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വില്ലേജ് ഓഫീസുകളിൽ നിന്നും നിലവിൽ ഏതെല്ലാം സർട്ടിഫിക്കറ്റു കളാണ് ഓൺലൈനായി നൽകി വരുന്നത്;

(സി) ഇപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റുകളിൽ ഏതെല്ലാം സർട്ടിഫിക്കറ്റു കളുടെ കാലാവധിയാണ് ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കുന്നതിനും പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>):

(എ) വില്ലേജ് ആഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. ഇ-ഡിസ്ട്രിക്ട്

വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്റ്റ്. ഇതുവഴി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെതന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു. ആയതിനാൽ വില്ലേജ് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകമാണ് പ്രസ്തുത പദ്ധതി.

2. ആർ. ആർ. ഓൺലൈൻ

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ്തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ആവിഷ്കരിച്ചിട്ടുള്ളത്. കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗ് ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയധികം സഹായകമാണ്.

3. ഇ-പേമെന്റ്

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പേമെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

4. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)

ഭൂസംബന്ധമായി റവന്യൂ രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

5. <u>ഇ-ഓഫീസ്</u>

ലാന്റ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് വരെ നടപ്പിലാക്കിവരുന്ന ഒരു കടലാസ് രഹിത ഇലക്ട്രോണിക് ഫയൽ സിസ്റ്റമാണിത്. പൊതുജനങ്ങൾക്ക് ഫയലുകളുടെ തൽസ്ഥിതി ഈ സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്. സമയ ബന്ധിതവും സുതാര്യവുമായ സേവനം റവന്യൂ ഓഫീസുകളിൽ നിന്ന് പൊതുസമൂഹത്തിന് ഉറപ്പുവരുത്തുന്നതിനു വേണ്ടി ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള നടപടികളാണ് റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നത്. വിവിധ വിഭാഗത്തിലുള്ള സേവനങ്ങളെയും അതുമായി ബന്ധപ്പെട്ട ഫയലുകളുടെ തൽസ്ഥിതിയും പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഇ-ഓഫീസ് സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്.

(ബി) വില്ലേജ് ആഫീസുകളിൽ നിന്നും നിലവിൽ ഓൺലൈനായി നൽകി വരുന്ന സർട്ടിഫിക്കറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു :

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
4. ബന്ധുത്വ സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. സോൾവൻസി സർട്ടിഫിക്കറ്റ്
11. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
12. കൺവെൻഷൻ സർട്ടിഫിക്കറ്റ്

13. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
14. അഗതി സർട്ടിഫിക്കറ്റ്
15. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
16. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്
17. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്
18. ലൈഫ് സർട്ടിഫിക്കറ്റ്
19. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്
20. പൊസഷൻ ആന്റ് നോ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
21. വാല്യുവേഷൻ സർട്ടിഫിക്കറ്റ്
22. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
23. മൈനോരിറ്റി സർട്ടിഫിക്കറ്റ്
24. നോൺക്രീമിലെയർ

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വില്ലേജ് ഓഫീസുകളിൽ നിന്നും നിലവിൽ ഓൺലൈനായി നൽകിവരുന്ന സർട്ടിഫിക്കറ്റുകളിൽ ജാതി സർട്ടിഫിക്കറ്റിന്റെ സാധ്യതാ കാലയളവ് 4-8-2017-ലെ ജി.ഒ.(എംഎസ്.)-264/2017/ആർ.ഡി. പ്രകാരം 3 വർഷമായി ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെ വച്ചും (Anytime Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ആകെ 1536 വില്ലേജ് ഓഫീസുകളിൽ സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി പ്രകാരം ഇതുവരെ 130 വില്ലേജാഫീസുകൾക്ക് നവീകരണം/കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിൽ 49 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി കെട്ടിടങ്ങളുടെ പണി പുരോഗമിക്കുന്നു.

## പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾ

30(*120) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തെ തുടർന്നുള്ള പുനരധിവാസ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രളയത്തെത്തുടർന്ന് ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിയ നിരവധി കുടുംബങ്ങൾ ഇപ്പോഴും ക്യാമ്പുകളിൽ കഴിയുന്നു എന്നത് വസ്തുതയാണോ;

(സി) എങ്കിൽ ഇത്തരം കുടുംബങ്ങളെ എന്നത്തേക്ക് പുനരധിവസിപ്പിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഈ ആക്ഷേപം അടിസ്ഥാനരഹിതമാണ്.

(ബി) തൃശ്ശൂർ ജില്ലയിൽ 25 ക്യാമ്പുകളിലായി 133 കുടുംബങ്ങളിലെ 453 അംഗങ്ങൾ നിലവിൽ കഴിയുന്നുണ്ട്. വയനാട് ജില്ലയിൽ വീടും ഭൂമിയും നഷ്ടപ്പെട്ട 27 പേർ നിലവിൽ ക്യാമ്പിൽ കഴിഞ്ഞുവരുന്നു.

(സി) പൂർണ്ണമായി തകർന്നതായി നിലവിൽ കണക്കാക്കിയിട്ടുള്ള വീടുകളിൽ വാസയോഗ്യമായ സ്വന്തം ഭൂമിയിൽ വീട് വയ്ക്കുന്നതിന് സ്വയം സന്നദ്ധരായ ഗുണഭോക്താക്കൾക്ക് സർക്കാർ പ്രഖ്യാപിച്ച നാല് ലക്ഷം രൂപയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുക അനുവദിച്ചുവരുന്നു. ബാക്കി തുകയുടെ 50% വീട് നിർമ്മാണം 25% പൂർത്തീകരിക്കുമ്പോഴും ശേഷിക്കുന്ന 50% വീട് നിർമ്മാണം 75% പൂർത്തിയാക്കുമ്പോഴും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നതാണ്. കൂടാതെ സ്വന്തം ഭൂമിയിൽ സർക്കാർ മേൽനോട്ടത്തിൽ ഭവനം നിർമ്മിക്കുന്നതിനും സ്പോൺസർ നേരിട്ട് കെട്ടിട പുനർ നിർമ്മാണ ഏജൻസിയെ കണ്ടെത്തി ഭവനം പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വെള്ളപ്പൊക്ക ബാധിതമാകാൻ ഇടയുള്ളതും പാരിസ്ഥിതികമായി ദുർബലമോ അല്ലാത്ത പ്രദേശങ്ങളിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനാണ് മുൻഗണന നൽകിവരുന്നത്. ഇതിനായി സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി വിവിധ സർക്കാർ വകുപ്പുകൾ ഏതെങ്കിലും

പദ്ധതിക്കായി നീക്കിവച്ചിട്ട് നിലവിൽ ആവശ്യമില്ലാതെ കിടക്കുന്ന ഭൂമി നിലവിൽ ഫലദായകമല്ലാത്ത പ്ലാന്റേഷനുകൾ എന്നിവയും സംഭാവനയായി ലഭിക്കുന്ന ഭൂമിയും ഉപയോഗിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇങ്ങനെ ലഭിക്കുന്ന ഭൂമിയിൽ സമുച്ചയങ്ങൾ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഗുണഭോക്താക്കളുമായി കൂടിയാലോചനയും നടത്തിവരുന്നുണ്ട്.

ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ബ്ലോക്ക് തലത്തിൽ ഏകോപിപ്പിക്കുന്നതിന് ബ്ലോക്ക്/മുനിസിപ്പൽ ആഫീസിൽ "സുരക്ഷിത കൂടൊരുക്കം കേരളം" എന്ന പേരിൽ ഒരു ഭവന നിർമ്മാണ സഹായ കേന്ദ്രം 2018 നവംബർ മുതൽ 6 മാസത്തേയ്ക്ക് പ്രവർത്തിക്കുന്നതാണ്. CARe Home പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ജില്ലകളിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ വീടുകൾ നിർമ്മിച്ചുനൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. പൂർണ്ണമായും സ്ഥലം ഒഴുകിപ്പോയവർക്ക് സ്വന്തമായി വേറെ സ്ഥലം കേരളത്തിൽ ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീടുവയ്ക്കുന്നതിന് അനുയോജ്യമല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ പ്രമാണത്തിലുള്ള തുകയോ ഏതാണ് കുറവ് അത് അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം ക്യാമ്പുകളിൽ കഴിഞ്ഞുവരുന്നവരുൾപ്പെടെയുള്ള പ്രളയബാധിതരുടെ പുനരധിവാസം സമയബന്ധിതമായി പൂർത്തീകരിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കെ.എസ്.ടി.പി. പദ്ധതി

1 (1071) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതൊക്കെ റോഡുകളുടെ നിർമ്മാണ പ്രവർത്തനമാണ് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പൂർത്തിയാക്കിയത്;

(സി) കെ.എസ്.ടി.പി. പദ്ധതികളുടെ നിർമ്മാണത്തിലുണ്ടായിട്ടുള്ള അപാകതകൾ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) മുടങ്ങിക്കിടന്ന തിരുവല്ല ബൈപാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ റീ ടെൻഡർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര തുകയ്ക്കാണ് കരാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ. എസ്. ടി. പി. രണ്ടാംഘട്ട പദ്ധതിയുടെ മൊത്തം പദ്ധതി തുക 2403 കോടി രൂപയാണ്. ഇതിൽ 56% ലോകബാങ്കും 44% സംസ്ഥാന സർക്കാരും എന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. കെ. എസ്. ടി. പി. രണ്ട് പദ്ധതിയിലുൾപ്പെട്ട റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

| പാക്കേജ് നമ്പർ | റോഡിന്റെ പേരും ദൈർഘ്യവും | കരാർ തുക (കോടി രൂപ) | നിലവിലെ പുരോഗതി (ശതമാനത്തിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| UG-1 | കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ.) | 133.05 | 100 |
| UG-2 | പിലാത്തറ-പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ.) | 118.29 | 100 |
| UG-3A | തലശ്ശേരി-കളറോഡ് റോഡ് (28.80 കി.മീ.) | 156.34 | 55 |
| UG-3B | കളറോഡ്-വളവുപാറ റോഡ്(25.20 കി.മീ.) | 209.68 | 75 |
| UG-4 | ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് (45.40 കി.മീ.) | 293.58 | 100 |
| UG-4A | തിരുവല്ല ബൈപ്പാസ് (2.3 കി.മീ.) | 31.80 | നിർത്തിവച്ച തിരുവല്ല ബൈപ്പാസിന്റെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി റീടെണ്ടർ ചെയ്യുകയും ബോംബെ ആസ്ഥാനമായ M/s. GHV (India) Pvt Ltd. എന്ന കമ്പനിയുമായി 29-12-2018-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 4B | തിരുവല്ല ടൗൺ നവീകരണം (1.90 കി.മീ.) | 7.77 | M/s. EKK Infrastructure Pvt Ltd. എന്ന കമ്പനിയുമായി 29-12-2018-ൽ കരാറിൽ ഏർപ്പെട്ടു. |
| UG-5 | ഏറ്റുമാനൂർ - മൂവാറ്റുപ്പുഴ റോഡ് (40.96 കി.മീ.) | 171.49 | 100 |
| UG-6 | പൊൻകുന്നം - തൊടുപുഴ റോഡ് (50 കി.മീ.) | 227.13 | 100 |
| UG-7 | പെരുമ്പിലാവ് - പെരിന്തൽമണ്ണ റോഡ് (41 കി.മീ.) | 8.11 | 100 |
| UG-8 | പുനലൂർ - പൊൻകുന്നം റോഡ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (82 കി.മീ.) | 700 (എസ്റ്റിമേറ്റ് തുക) | പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ട പദ്ധതി നിലവിൽ ഇഞ്ചിനീയറിംഗ് പ്രോക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (ഇ.പി.സി.) മാതൃകയിൽ മൂന്ന് പാക്കേജുകളായി തിരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയാണ് ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഇതിനുവേണ്ടി മൂന്ന് പാക്കേജുകളുടെയും ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്. |

| (1) | (2) | (3) | (4) |
|---|---|---|---|
| | സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി - കഴക്കൂട്ടം - തൈക്കോട് - അടൂർ റോഡിന്റെ ബി.സി. ഓവർലേയും മറ്റ് റോഡ് സുരക്ഷാ പണികളും (80 കി.മീ.) | 146.67 | 55 |

(ബി) കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ്, പിലാത്തറ-പാപ്പിനിശ്ശേരി റോഡ്, ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ്, ഏറ്റുമാനൂർ - മൂവാറ്റുപ്പുഴ റോഡ്, പൊൻകുന്നം - തൊടുപുഴ റോഡ് എന്നിവ നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂർത്തീകരിച്ചവയാണ്.

(സി) കെ. എസ്. ടി. പി. പദ്ധതികളുടെ റോഡ് നിർമ്മാണത്തിലെ അഴിമതി സംബന്ധിച്ച് ശ്രീ. കളർകോട് വേണുഗോപാലൻ നായർ നൽകിയ ഒരു പരാതി ലഭിച്ചിട്ടുണ്ട്. ആയതിന് കെ. എസ്. ടി. പി. രണ്ടാംഘട്ട പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. ടി പദ്ധതിയിൽ ക്രമക്കേടുകളൊന്നും നടന്നിട്ടില്ലെന്നാണ് കെ. എസ്. ടി. പി. പ്രോജക്ട് ഡയറക്ടർ അറിയിച്ചിട്ടുള്ളത്.

(ഡി) തിരുവല്ല ബൈപ്പാസിന്റെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി റീ-ടെണ്ടർ വിളിക്കുകയും 37.03 കോടി രൂപയ്ക്ക് മുംബൈ ആസ്ഥാനമായ M/s. GHV (India) Pvt Ltd. എന്ന കമ്പനിയുമായി 29-12-2018-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

**കെ.എസ്.ടി.പി. രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ പുരോഗതി**

2(1072) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി.-യുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ ഏതെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) രണ്ടാം ഘട്ട പദ്ധതിയുടെ പൂർത്തീകരണത്തിനായി സമയപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്നും പ്രസ്തുത സമയപരിധി ദീർഘിപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ;

(ഡി) കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയ്ക്കായി എത്ര തുകയാണ് വിനിയോഗിക്കുന്നതെന്നും ലോകബാങ്ക് വായ്പയായി ലഭിക്കുന്ന തുക എത്രയാണെന്നും അറിയിക്കാമോ?

ഉത്തരം

(എ) കെ. എസ്. ടി. പി. രണ്ടാംഘട്ട പദ്ധതിയിലുൾപ്പെട്ട റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

| പാക്കേജ് നമ്പർ | റോഡിന്റെ പേരും ദൈർഘ്യവും | കരാർ തുക (കോടി രൂപ) | നിലവിലെ പുരോഗതി (ശതമാനത്തിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| UG-1 | കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ.) | 133.05 | 100 |
| UG-2 | പിലാത്തറ-പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ.) | 118.29 | 100 |
| UG-3A | തലശ്ശേരി-കളറോഡ് റോഡ് (28.80 കി.മീ.) | 156.34 | 55 |
| UG-3B | കളറോഡ്-വളവുപാറ റോഡ് (25.20 കി.മീ.) | 209.68 | 75 |
| UG-4 | ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് (45.40 കി.മീ.) | 293.58 | 100 |

| (1) | (2) | (3) | (4) |
|---|---|---|---|
| UG-4A | തിരുവല്ല ബൈപ്പാസ് (2.3 കി.മീ.) | 31.80 | നിർത്തിവച്ച തിരുവല്ല ബൈപ്പാസിന്റെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി റീടെണ്ടർ ചെയ്യുകയും ബോംബെ ആസ്ഥാനമായ M/s. GHV (India) Pvt Ltd. എന്ന കമ്പനിയുമായി 29-12-2018-ൽ കരാറിൽ ഏർപ്പെട്ടുകയും ചെയ്തു. |
| 4B | തിരുവല്ല ടൗൺ നവീകരണം (1.90 കി.മീ.) | 7.77 | M/s. EKK Infrastructure Pvt Ltd. എന്ന കമ്പനിയുമായി 29-12-2018-ൽ കരാറിൽ ഏർപ്പെട്ടു. |
| UG-5 | ഏറ്റുമാനൂർ - മൂവാറ്റുപ്പുഴ റോഡ് (40.96 കി.മീ.) | 171.49 | 100 |
| UG-6 | പൊൻകുന്നം - തൊടുപുഴ റോഡ് (50 കി.മീ.) | 227.13 | 100 |
| UG-7 | പെരുമ്പിലാവ് - പെരിന്തൽമണ്ണ റോഡ് (41 കി.മീ.) | 8.11 | 100 |

| (1) | (2) | (3) | (4) |
|---|---|---|---|
| UG-8 | പുനലൂർ - പൊൻകുന്നം റോഡ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (82 കി.മീ.) | 700 (എസ്റ്റിമേറ്റ് തുക) | പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ട പദ്ധതി നിലവിൽ ഇഞ്ചിനീയറിംഗ് പ്രോക്യൂർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ (ഇ.പി.സി.) മാതൃകയിൽ മൂന്ന് പാക്കേജുകളായി തിരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയാണ് ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഇതിനുവേണ്ടി മൂന്ന് പാക്കേജുകളുടെയും ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി 15-2-2019 ആണ്. |
| | സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി - കഴക്കൂട്ടം - തൈക്കോട് - അടൂർ റോഡിന്റെ ബി.സി. ഓവർലേയും മറ്റ് റോഡ് സുരക്ഷാ പണികളും (80 കി.മീ.) | 146.67 | 55 |

(ബി) പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. UG-3A – തലശ്ശേരി - കളറോഡ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ.
2. UG-3B – കളറോഡ് - വളവുപാറ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ.
3. UG-4A – തിരുവല്ല ബൈപ്പാസ് - ബാലൻസ് പ്രവൃത്തികൾ
4. UG-4B – തിരുവല്ല ടൗൺ നവീകരണം.
5. സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി - കഴക്കൂട്ടം - തൈക്കോട് - അടൂർ റോഡിന്റെ ബി.സി. ഓവർലേയും മറ്റ് റോഡ് സുരക്ഷാ പണികളും.

(സി) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയുടെ പൂർത്തീകരണത്തിനുള്ള സമയപരിധി 2019 ഏപ്രിൽ ആയാണ് നിശ്ചയിച്ചിട്ടുണ്ടായിരുന്നത്. എന്നാൽ നിലവിൽ 2021 ഏപ്രിൽ വരെ ദീർഘിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് അഫയേഴ്സിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിക്കായി ആകെ പദ്ധതി തുക 2403 കോടി രൂപയാണ്. ഇതിൽ ലോകബാങ്ക് വായ്പയായി ലഭിക്കുന്ന തുക 1166 കോടി രൂപയാണ്.

**മലയോര ഹൈവേ**

3(1073) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര ഹൈവേയുടെ ഏതെല്ലാം ഘട്ടങ്ങൾക്ക് കിഫ്ബിയിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കാൻ അനുമതി നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ ഇതിനോടകം ടെൻഡർ ചെയ്തെന്ന് അറിയിക്കുമോ;

(സി) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ മലയോര ഹൈവേയുടെ രണ്ടാം ഘട്ടമായ ആലക്കോട് പാലം, കരുവഞ്ചാൽ പാലം, താവുകുന്ന്-പോത്തുകുണ്ട്-നടുവിൽ റോഡ് ഉൾപ്പെടെയുള്ള ഭാഗങ്ങളുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ;

(ഡി) ഒന്നാം ഘട്ടമായി ഊരാളുങ്കൽ സൊസൈറ്റി മുഖേന ചെയ്യുന്ന ചെറുപുഴ മുതൽ ഉളിക്കൽ വരെയുള്ള പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) ഊരാളുങ്കൽ സൊസൈറ്റി ചെയ്തുവരുന്ന നച്ചിയാട് പാലത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 1251 കിലോമീറ്റർ നീളം വരുന്ന മലയോര ഹൈവേയുടെ 656.58 കിലോമീറ്റർ വരുന്ന 24 ഉപപദ്ധതികളുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 460.60 കിലോമീറ്റർ നീളം വരുന്ന 17 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഇതുവരെ 155.942 കിലോമീറ്റർ നീളം വരുന്ന 6 പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുള്ളതും ഇതിൽ 105.985 കിലോമീറ്റർ നീളം വരുന്ന 4 പദ്ധതികൾ കരാർ ഉറപ്പിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുള്ളതുമാണ്. കിഫ്ബിയിൽ നിന്ന് അനുമതി ലഭിച്ച പ്രവൃത്തികളും ടെണ്ടർ ചെയ്തത് ഉൾപ്പെടെയുള്ള പുരോഗതിയും സൂചിപ്പിക്കുന്ന പട്ടിക ഇതോടൊപ്പം ചേർക്കുന്നു. *

(സി) ആലക്കോട് പാലം :

ആലക്കോട് പാലത്തിന്റെ ഡി.പി.ആർ. തയ്യാറാക്കിയിരുന്നെങ്കിലും ആവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാകാത്തതിനാൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ല. സ്ഥലം ലഭ്യമാക്കുവാൻ ജനപ്രതിനിധികളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നുണ്ട്.

കരുവഞ്ചാൽ പാലം:

എസ്റ്റിമേറ്റിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

താവുകുന്ന് - പോത്തുകുണ്ട് - നടുവിൽ റോഡ്:

പ്രസ്തുത റോഡ് ഹിൽഹൈവേയിൽ ഉൾപ്പെടാത്തതും ഹിൽ ഹൈവേയുടെ ബൈപ്പാസായിവരുന്ന ഭാഗവുമാണ്. ആയതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ല.

(ഡി) എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി 3-9-2018-നാണ്. എന്നാൽ ഈ വർഷത്തെ അപ്രതീക്ഷിതമായുണ്ടായ പ്രളയവും അതേ തുടർന്ന് പ്രവൃത്തി ചെയ്തുതീർത്ത ഭാഗങ്ങളിലെ കേടുപാടുകൾ പൂർവ്വ സ്ഥിതിയിലാക്കേണ്ടതിനാലും പൂർത്തീകരണ കാലാവധി 31-3-2019-വരെ ദീർഘിപ്പിച്ചു നൽകുന്നതിന് കോൺട്രാക്ടർ അപേക്ഷിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) DFIP പദ്ധതിയിൽ ഉൾപ്പെടുത്തി ഊരാളുങ്കൽ സൊസൈറ്റി ചെയ്തു വരുന്ന ഹിൽഹൈവേയുടെ കരാറിൽ നച്ചിയാട് പാലത്തിന്റെ പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നില്ല. സാങ്കേതികാനുമതി നൽകിയ ഹിൽഹൈവേ പ്രവൃത്തിയിൽ 9.50 കോടി രൂപ നച്ചിയാട് പാലത്തിന് വകയിരുത്തിയിട്ടുണ്ടായിരുന്നു. ആയതിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ. തയ്യാറാക്കേണ്ടതുണ്ട്.

**ടോൾ ബൂത്തുകൾ**

4(1074) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ടോൾ ബൂത്തുകൾ ഉണ്ട്; ഏതൊക്കെ സ്ഥലത്താണ് ഇവ സ്ഥാപിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത ടോൾ ബൂത്തുകൾ നിർത്തലാക്കുവാൻ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള 14 പാലങ്ങളുടെ ടോൾ പിരിവ് അവസാനിപ്പിച്ചുകൊണ്ട് 3-12-2018-ലെ സ.ഉ.(കൈ) 44/2018/ പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിലുള്ള റോഡുകളിലും പാലങ്ങളിലും ടോൾ പിരിക്കുന്നതിനായി ടോൾ ബൂത്തുകളൊന്നും നിലവിലില്ല. സംസ്ഥാനത്ത് ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ താഴെപ്പറയുന്ന ടോൾ ബൂത്തുകളുണ്ട്.

1) ബേക്കൽ ആർ.ഒ.ബി., 2) വിക്ടോറിയ കോളേജ് ആർ.ഒ.ബി., കടുക്കാംകുന്ന് ആർ.ഒ.ബി., സുൽത്താൻപേട്ട് ആർ.ഒ.ബി. (Single Package), 3) പുലാമന്തോൾ പുഴപ്പാലം 4) മുഴപ്പിലങ്ങാട് ആർ.ഒ.ബി. 5) പുല്ലേപ്പടി ആർ.ഒ.ബി. 6) നന്തി ആർ.ഒ.ബി., കൊയിലാണ്ടി ആർ.ഒ.ബി. (Single Package), 7) പയ്യന്നൂർ ആർ.ഒ.ബി. 8) പരപ്പനങ്ങാടി ആർ.ഒ.ബി. 9) ദേവദാർ ആർ.ഒ.ബി. 10) ചെറുവത്തൂർ ആർ.ഒ.ബി. 11) മുളങ്കുന്നത്തുകാവ് ആർ.ഒ.ബി. 12) തിരുനാവായ ആർ.ഒ.ബി. 13)പുളിയനം ആർ.ഒ.ബി. അവയുടെ നിർമ്മാണച്ചെലവ് 31-1-2019-വരെ പിരിച്ച തുക എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.* കേരള ഗവൺമെന്റ്, കേരള റോഡ് ഫണ്ട് ബോർഡ് എന്നിവരുമായിട്ടുള്ള കരാർ പ്രകാരമാണ് ആർ.ബി.ഡി.സി.കെ. ടോൾ പിരിവ് നടത്തിക്കൊണ്ടിരിക്കുന്നത്. കൂടാതെ ദേശീയപാതയിൽ നാഷണൽ ഹൈവേ അതോറിറ്റിയുടെ നിയന്ത്രണത്തിൽ താഴെപ്പറയുന്ന ടോൾ പ്ലാസകൾ നിലവിലുണ്ട് :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. പാലിയേക്കര ടോൾ പ്ലാസ (എൻ.എച്ച് . 544, വാളയാർ - ഇടപ്പള്ളി സെക്ഷൻ, തൃശ്ശൂർ ജില്ല.)

2. പാമ്പാംപള്ളത്ത് ടോൾ പ്ലാസ (എൻ.എച്ച്. 544, വാളയാർ ഇടപ്പള്ളി സെക്ഷൻ, പാലക്കാട് ജില്ല.)

3. കുമ്പളം ടോൾ പ്ലാസ (എൻ. എച്ച്.66, എറണാകുളം ജില്ല.)

## പ്രളയംമൂലം പൊതുമരാമത്ത് വകുപ്പിനുണ്ടായ നഷ്ടം

5(1075) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം പൊതുമരാമത്ത് വകുപ്പിനുണ്ടായ നഷ്ടങ്ങൾ സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്നതിന്റെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രളയംമൂലം തകർന്ന റോഡുകളും മറ്റും പുനർനിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; ഇതിനായി എത്ര തുക വകയിരുത്തിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകുമോ?

### ഉത്തരം

(എ) നടത്തിയിട്ടുണ്ട്. പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിൻ കീഴിലെ റോഡുകൾക്ക് 13521.69 കോടി രൂപയുടെയും പാലങ്ങൾക്ക് 568.35 കോടി രൂപയുടെയും കെ.എസ്.ടി.പി. വിഭാഗത്തിന് 13.10 കോടി രൂപയുടെയും കെട്ടിട വിഭാഗത്തിന് 20.2704 കോടി രൂപയുടെയും നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. പ്രളയംമൂലം നാശനഷ്ടമുണ്ടായ ദേശീയപാതകൾ പുനർ നിർമ്മിക്കുന്നതിനായി 911.75 കോടി രൂപ ആവശ്യമായി വരുന്നതായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. കേരള റോഡ് ഫണ്ട് ബോർഡിന്റെ പരിധിയിൽ വരുന്ന ശംഖുംമുഖം-ബീച്ച് റോഡിൽ ഏകദേശം 42.62 ലക്ഷം രൂപയുടെ നാശനഷ്ടം വരുന്നതായി കണക്കാക്കിയിട്ടുണ്ട്. നിരത്തുകൾ വിഭാഗം, ദേശീയപാത, പാലങ്ങൾ, കെട്ടിടം ഇവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണിക്കായി 955.15 കോടി രൂപയും ഉപരിതലം പുതുക്കി ഗതാഗതയോഗ്യമാക്കുന്നതിന് 6591 കോടി രൂപയും ഡിസൈൻ റോഡുകളുടെ നിർമ്മാണത്തിന് 5975 കോടി രൂപയും ആവശ്യമെന്ന്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കണക്കാക്കി. ദേശീയപാത വിഭാഗത്തിൽ കേരളത്തിലെ വിവിധ ദേശീയ പാതകളിലായി പ്രളയവുമായി ബന്ധപ്പെട്ട് 911.75 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. കെ.ആർ.എഫ്.ബി.-ക്ക് കീഴിൽ വരുന്ന ശംഖുംമുഖം ബീച്ച് റോഡ് പുനഃസ്ഥാപിക്കുന്നതിനായി ഏകദേശം 42.62 ലക്ഷം രൂപയും കെ.എസ്.ടി.പി. റോഡുകൾക്കായി ഏകദേശം 13.10 കോടി രൂപയും ആവശ്യമാണ്. അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടവ, ഉപരിതലം പുതുക്കൽ ആവശ്യമായവ, ഡിസൈൻ ചെയ്ത് പുനർ നിർമ്മിക്കേണ്ടവ എന്ന് തരംതിരിക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ അറ്റകുറ്റപ്പണികൾ മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിൽ നോൺ പ്ലാൻ ഹെഡ്ഡിലും ദുരന്ത നിവാരണ ഫണ്ടിൽ നിന്നും ലഭിച്ച തുക ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. ഉപരിതലം പുതുക്കൽ ആവശ്യമായ റോഡുകൾ മുൻഗണനാ പ്രകാരം പ്ലാൻഹെഡ്ഡിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുകയും പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഡിസൈൻ ചെയ്ത് പുനർ നിർമ്മിക്കേണ്ട റോഡുകൾ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി വിദേശ സഹായത്തോടെ പുനർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഈ പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ദുരന്തനിവാരണ ഫണ്ടിൽ നിന്നും റോഡുകൾക്ക് 71.25 കോടി രൂപയും പാലങ്ങൾക്ക് 1.85 കോടി രൂപയും അനുവദിച്ചു കിട്ടിയിട്ടുണ്ട്. 27-11-2018-ലെ G.O.(Rt) No. 1842/2018/PWD പ്രകാരം ബഡ്ജറ്റ് ശീർഷകത്തിൽ 239.69 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 22-12-2018-ലെ G.O.(Rt) No. 1978/2018/PWD പ്രകാരം വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 1191 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്കായി ലഭ്യമായ 482 കോടി രൂപയ്ക്ക് പുറമെ 400 കോടി രൂപ 31-10-2018-ലെ സ.ഉ.(സാധാ) നമ്പർ 8985/2018/ ധന. ഉത്തരവ് പ്രകാരം അധികമായി അനുവദിച്ചിട്ടുണ്ട്. ദേശീയപാതയിലുണ്ടായ നാശനഷ്ടങ്ങളുടെ പുനർനിർമ്മാണവും റിപ്പയറും കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം നടപ്പിലാക്കി വരുന്നു. ഗതാഗത യോഗ്യമായി നിലനിർത്താൻ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. കൂടുതൽ നാശനഷ്ടങ്ങളുണ്ടായ പ്രദേശങ്ങളിലെ അടിയന്തര റിപ്പയറിനുള്ള പ്രവൃത്തികൾ ഫ്ലഡ് ഡാമേജ് റിപ്പയറിൽ നടപ്പിലാക്കിവരുന്നു. സ്ഥായിയായ പുനർ നിർമ്മാണത്തിനാവശ്യമായ പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാൻ ഘട്ടം I-ലും ഘട്ടം II-ലും ഉൾപ്പെടുത്തി നടപ്പിലാക്കുവാനുള്ള പദ്ധതികൾ പുരോഗമിച്ചുവരുന്നു.

**ടാറിംഗ് രീതികളിൽ പുതിയ സാങ്കേതികവിദ്യകൾ**

6(1076) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരമ്പരാഗത ടാറിംഗ് രീതികളിൽ നിന്നും വ്യത്യസ്തമായി പുതിയ സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

പൊതുമരാമത്ത് വകുപ്പിനുകീഴിൽ റോഡുകളുടെ നിർമ്മാണത്തിൽ പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുവരുന്നുണ്ട്. കൂടുതൽ കാലം നിലനിൽക്കുന്ന തരത്തിൽ ബി.എം. & ബി.സി. റോഡുകൾ നിർമ്മിക്കുന്നുണ്ട്. റോഡുകളുടെ ടാറിംഗ് നാച്വറൽ റബർ മോഡിഫൈഡ് ബിറ്റുമിൻ, shredded Plastic എന്നിവ ഉപയോഗിച്ച് ചെയ്തുവരുന്നു. കൂടാതെ നിലവിലുള്ള റോഡ് റീസൈക്കിൾ ചെയ്ത് പുനർ നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യ പരീക്ഷണാടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ ആനയടി - പഴക്കുളം - കൂടൽ റോഡിൽ നടപ്പിലാക്കിയിട്ടുണ്ട്.

**ഫയലുകൾ സെക്രട്ടേറിയറ്റിലേയ്ക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള നടപടി**

7(1077) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രൈസ് (PRICE) സോഫ്റ്റ്‌വെയർ മുഖേന ഫയലുകൾ സെക്രട്ടേറിയറ്റിലേക്ക് അയയ്ക്കുന്ന അവസരത്തിൽ ഇ-ഓഫീസ് സംവിധാനവുമായി ചേരാത്തതിനാൽ നിരവധി പേജുകൾ ഉള്ള എസ്റ്റിമേറ്റ് ഉൾപ്പെടെ പ്രിന്റ് ചെയ്ത് അയക്കേണ്ടിവരുന്നതിന്റെ ബുദ്ധിമുട്ടും അമിത ചെലവും കാലതാമസവും പരിഹരിക്കാൻ ഫയൽ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടി കൈക്കൊള്ളുമോ;

(ബി) പ്രൈസിൽ തയ്യാറാക്കപ്പെട്ട വിവിധ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയുന്നതിനായി ഇ-ഓഫീസ് സംവിധാനത്തിലേതുപോലെ ഒരു തിരച്ചിൽ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ ചീഫ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനായി ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരികയാണ്. ഭരണാനുമതി ലഭ്യമായാൽ ഏകദേശം മൂന്നുമാസത്തിനുള്ളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിൽ വരുത്താൻ കഴിയുന്നതാണ്. ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്ന മുറയ്ക്ക് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിൽ നിന്ന് ഇ-ഓഫീസ് വഴി നേരിട്ട് സെക്രട്ടേറിയറ്റിലേയ്ക്ക് ഓൺലൈനായി അയയ്ക്കുന്നതിന് സാധിക്കും.

(ബി) പ്രൈസ് സോഫ്റ്റ്‌വെയറിൽ നിലവിലെ തിരച്ചിൽ സംവിധാനം ഉപയോഗിച്ച് എസ്റ്റിമേറ്റിന്റെ സ്ഥിതി മാത്രമേ അറിയാൻ കഴിയുകയുള്ളൂ. പ്രൈസ് സോഫ്റ്റ്‌വെയറിന്റെ രണ്ടാംഘട്ടം പൂർണ്ണമായി നടപ്പിൽ വരുമ്പോൾ പ്രവൃത്തികളുടെ തൽസ്ഥിതി അറിയുന്നതിനുള്ള ഒരു തിരച്ചിൽ സംവിധാനം ഉൾപ്പെടുത്തുന്നതാണ്.

**പൊതുമരാമത്ത് വകുപ്പ് കരിമ്പട്ടികയിൽപ്പെടുത്തിയ കരാറുകാർ**

8(1078) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് റോഡ്, പാലം പ്രവൃത്തികളുടെ കരാർ ഒപ്പുവച്ചശേഷം കരാർ പ്രകാരമുള്ള കാലാവധി കഴിഞ്ഞാലും വർഷങ്ങളോളം പ്രവൃത്തി പൂർത്തിയാക്കാതിരിക്കുന്നത് പതിവാക്കിയിട്ടുള്ള ചില കരാറുകാരുടെ നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരാർ വ്യവസ്ഥകൾ പാലിക്കാത്തതിന് ഏതെങ്കിലും കരാറുകാരെ പൊതുമരാമത്ത് വകുപ്പ് കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ 2016 ജൂൺ മുതൽ 2018 ഡിസംബർ വരെയുള്ള കാലയളവിൽ കരിമ്പട്ടികയിൽ ഉൾപ്പെട്ടവരുടെ പേരുവിവരം വ്യക്തമാക്കുമോ;

(സി) 2001 ജനുവരി മുതൽ 2018 ഡിസംബർ വരെയുള്ള കാലയളവിൽ കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിൽ കരാർ ഒപ്പിട്ട് പ്രവൃത്തി ആരംഭിക്കുകയും എന്നാൽ കാലാവധിക്കുള്ളിൽ നിശ്ചിത പ്രവൃത്തി പൂർത്തീകരിക്കാതെ കരാർ പ്രകാരം തന്നെയുള്ള ജോലിക്ക് അധികരിച്ച തുക ആവശ്യപ്പെടുകയും ചെയ്ത പൊതുമരാമത്ത് റോഡ്, പാലം കരാറുകാർ ആരൊക്കെയെന്നും ഏത് പ്രവൃത്തികൾക്ക് എന്നും ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് അധികരിച്ച തുക നൽകിയെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിൽ മേൽപ്പറഞ്ഞ ജില്ലകളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് അധികരിച്ച തുക ആവശ്യപ്പെട്ട് പൊതുമരാമത്ത് വകുപ്പിനെതിരെ കോടതിയിൽ കേസ് നൽകിയിട്ടുള്ള റോഡ്, പാലം കരാറുകാർ ആരൊക്കെയെന്നും ഏതെല്ലാം കോടതികളിലാണെന്നും ഏത് പ്രവൃത്തിയുടെ പേരിലാണെന്നും കേസ് നമ്പറുകൾ ഏതെല്ലാമാണെന്നും പ്രസ്തുത കേസുകളുടെ ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കുമോ;

(ഇ) കരിമ്പട്ടികയിൽപ്പെടുത്തുകയോ ടെർമിനേറ്റ് ചെയ്യപ്പെടുകയോ ചെയ്തവരും പ്രവൃത്തി പൂർത്തീകരിക്കാതെ വർഷങ്ങളോളം ഇഴച്ച് നീക്കുകയും ചെയ്യുന്നവരായ ചില കരാറുകാരും സ്വന്തം പേരിലല്ലാതെ ബന്ധുക്കളുടെയോ മറ്റാരുടെയെങ്കിലുമോ പേരിൽ കരാർ ലൈസൻസ് കരസ്ഥമാക്കി പൊതുമരാമത്ത് പ്രവൃത്തികളെ മന്ദഗതിയിലാക്കാൻ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഇതിനെതിരെ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. ശ്രീ. ബ്ലസ്സൻ ജോർജ്, കോട്ടയം, ശ്രീ. കെ. സി. ആന്റണി, ഇടുക്കി, ശ്രീ. ടി. പി. ആന്റണി, ആലുവ, ശ്രീ. പി. ശ്യാംരാജ്, ആലപ്പുഴ, M/s. Concord Constructions, Kanhangad എന്നീ കരാറുകാരെ/കമ്പനിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രവൃത്തി പൂർത്തിയാക്കാതെ അധികരിച്ച തുക ആവശ്യപ്പെട്ട കരാറുകാരുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.* ടി അനുബന്ധത്തിൽ ഉൾപ്പെട്ട തിരുവനന്തപുരം ജില്ലയിലെ മരുതംകുഴി പാലം നിർമ്മാണത്തിന്റെ കരാറുകാരനായ ശ്രീ. ജി. സുകുമാരനും വിഴിഞ്ഞം പാലത്തിന്റെ കരാറുകാരനായ ശ്രീ. ഡി. ജോണിക്കും ഉള്ളൂർ-ആക്കുളം റോഡിന്റെ കരാറുകാരനായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനും ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിൽ വന്ന താമസംമൂലം തടസ്സപ്പെട്ട പ്രവൃത്തികൾക്ക് കരാറിൽ നിന്നും അധികരിച്ച തുക സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പിനെതിരെ കോടതിയിൽ കേസ് നൽകിയിട്ടുള്ള കരാറുകാരുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.* കൂടാതെ ദേശീയപാതാ വിഭാഗത്തിൽ പത്തനംതിട്ട ജില്ലയിൽ കടമ്പനാട് - മണ്ണടി - ഏനാത്ത് - എഴാംകുളം റോഡ് പണി പൂർത്തീകരിക്കാതെ കരാർ പ്രകാരം തന്നെയുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രവൃത്തിക്ക് തുക ആവശ്യപ്പെട്ട് ജോസഫ് & സൺസ് എന്ന കരാറുകാരൻ പത്തനംതിട്ട ജില്ലാ കോടതിയിൽ CASE OP (ARB) 59/2011 OP (ARB) 33/2012 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ് ജഡ്ജ്മെന്റിനായി 11-2-2019-ലേയ്ക്ക് റിസർവ്വ് ചെയ്തിരിക്കുകയാണ്.

(ഇ) പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മതിയായ കാരണമില്ലാതെ ക്രമാതീതമായി കാലതാമസം വരുത്തുന്ന കരാറുകാരെ റിസ്ക് & കോസ്റ്റിൽ ഉൾപ്പെടുത്തി ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിലെ അഴിമതി സംബന്ധിച്ച റിപ്പോർട്ട്**

9(1079) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-2016 ഭരണകാലത്തെ പൊതുമരാമത്ത് വകുപ്പിലെ അഴിമതി സംബന്ധിച്ച് ശ്രീ. വിൻസൻ എം. പോൾ ഐ.പി.എസ്. നൽകിയ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകാമോ;

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഴിമതി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

ഉത്തരം

(എ) പഠന റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ബി) റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടില്ലാത്തതിനാൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

(സി) പ്രസ്തുത റിപ്പോർട്ടിൽ പ്രത്യേകിച്ച് ഒരു ഉദ്യോഗസ്ഥനെയും പേരെടുത്ത് പരാമർശിച്ചിട്ടില്ല. ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വിവിധങ്ങളായ ഉദ്യോഗസ്ഥർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടില്ലാത്തതിനാൽ മേൽ നടപടി ഇതുവരെ കൈക്കൊണ്ടിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**റോഡ് വികസനം കാര്യക്ഷമമാക്കുന്നതിന് നടപടി**

10(1080) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുനർനിർമ്മിക്കുന്ന റോഡുകൾക്ക് മതിയായ വീതിയില്ലാത്തതിനാൽ ഗതാഗതക്കുരുക്ക് പരിഹരിക്കപ്പെടുകയോ റോഡ് സൗകര്യം കൂടുകയോ ചെയ്യുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡ് പുനർനിർമ്മിക്കുമ്പോൾ കാലഘട്ടത്തിനനുസരിച്ച് വീതി കൂട്ടുന്നതിനും ആധുനിക സൗകര്യങ്ങളോടു കൂടി വിപുലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) കയ്യേറ്റങ്ങൾ ഒഴിപ്പിച്ചും ആവശ്യമുള്ള ഘട്ടത്തിൽ മതിയായ നഷ്ട പരിഹാരം നൽകി ഭൂമി ഏറ്റെടുത്തും റോഡുവികസനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥലം ഏറ്റെടുത്ത് വികസിപ്പിക്കാവുന്ന പ്രവൃത്തികൾ എല്ലാംതന്നെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പുനർ നിർമ്മിക്കുന്ന റോഡുകൾക്ക് സ്ഥലത്തിന്റേയും ഫണ്ടിന്റേയും ലഭ്യതയ്ക്കനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുന്നുണ്ട്. ഇപ്രകാരം വികസിപ്പിക്കുന്ന റോഡുകൾ എല്ലാം തന്നെ ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സിന്റെ മാനദണ്ഡങ്ങൾ പ്രകാരം ഡിസൈൻ ചെയ്താണ് പുനർനിർമ്മിക്കുന്നത്. സ്ഥലം ഏറ്റെടുക്കലിൽ ഉൾപ്പെടുത്താൻ സാധിക്കാത്ത പ്രവൃത്തികൾക്ക് നിലവിലുള്ള റൈറ്റ് ഓഫ് വേ-യുടെ ഉള്ളിൽ നിർത്തി ആധുനിക സൗകര്യങ്ങളോടുകൂടി പുനർനിർമ്മിച്ചുവരുന്നു.

(സി) സ്വീകരിച്ചുവരുന്നു.

**റോഡ് പുനർനിർമ്മാണം**

11(1081) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയക്കെടുതിയിൽ സംസ്ഥാനത്തെ മിക്ക റോഡുകളും പാലങ്ങളും തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ ഗതാഗത യോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര റോഡുകളും പാലങ്ങളുമാണ് മഴവെള്ളപ്പാച്ചിലിൽ ഒലിച്ചു പോയത്; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(സി) റോഡ് പുനർനിർമ്മാണത്തിന് വായ്പ അനുവദിക്കുവാൻ ലോക ബാങ്ക് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സംസ്ഥാനത്ത് റോഡുകളും പാലങ്ങളും തകർന്നതുമൂലം എത്ര കോടി രൂപയുടെ നഷ്ടമാണ് പൊതുമരാമത്ത് വകുപ്പിന് ഉണ്ടായിട്ടുള്ളത്;

(ഇ) ഇവയുടെ പുനർനിർമ്മിതിയ്ക്കായി വേണ്ടിവരുന്ന കാലതാമസം എത്രയെന്നും ഇതിലേയ്ക്കായി വരുന്ന ചെലവ് എത്രയെന്നും അതിനായി എത്ര തുക അനുവദിച്ചെന്നും ജില്ല, നിയോജകമണ്ഡലം എന്നിവ തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രളയത്തെ തുടർന്ന് തകർച്ച സംഭവിച്ച റോഡുകളുടെ കണക്കുകൾ അടിയന്തരമായി ശേഖരിക്കുകയും അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടവ, ഉപരിതലം പുതുക്കൽ ആവശ്യമായവ, ഡിസൈൻ ചെയ്ത് പുനർ നിർമ്മിക്കേണ്ടവ എന്ന് തരംതിരിക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ അറ്റകുറ്റപ്പണികൾ മുൻഗണനാക്രമത്തിന്റെ അടിസ്ഥാനത്തിൽ നോൺപ്ലാൻ ഹെഡ്ഡിലും ദുരന്ത നിവാരണ ഫണ്ടിൽ നിന്നും ലഭിച്ച തുക ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. ഉപരിതലം പുതുക്കൽ ആവശ്യമായ റോഡുകൾ മുൻഗണനാപ്രകാരം പ്ലാൻ ഹെഡ്ഡിൽ ഉൾപ്പെടുത്തി പുനർ നിർമ്മിക്കുന്നതിനും നിർമ്മിക്കേണ്ട റോഡുകൾ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പുനർ നിർമ്മിക്കുന്നതിനും അവയുടെ ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രളയത്തിൽ തകർന്ന പാലങ്ങളുടെ അറ്റകുറ്റപ്പണികൾ നോൺപ്ലാൻ ഹെഡ്ഡിൽ നിന്നും ദുരന്ത നിവാരണ ഹെഡ്ഡിൽ നിന്നും ലഭ്യമായ തുകയും ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു. പുനരുദ്ധാരണം, പുനർ നിർമ്മാണം എന്നിവ ആവശ്യമായ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടത്തുകയും ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കേരള റോഡ് ഫണ്ട് ബോർഡിന്റെ പരിധിയിൽ വരുന്ന ശംഖുമുഖം-ബീച്ച് റോഡിൽ ഏകദേശം 300 മീറ്റർ റോഡ് തകർന്ന നിലയിലാണ്. കേരള റോഡ് ഫണ്ട് ബോർഡ് റോഡുകളുടെ കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ 911.75 കോടി രൂപയുടെ നാശ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. കാര്യമായ നാശം സംഭവിക്കുകയും സംരക്ഷണ ഭിത്തികൾ തകർന്ന ഭാഗങ്ങളിലെ താൽക്കാലിക പരിഹാരത്തിനായി കേന്ദ്ര മന്ത്രാലയം ഫ്ലഡ്

ഡാമേജ് റിപ്പയറിൽ അനുവദിച്ച 20 കോടി രൂപയിൽ ഓരോ ദേശീയപാത ഡിവിഷനുകളിലും അത്യാവശ്യമായ പദ്ധതികൾ അനുമതി നൽകി നടപ്പിലാക്കുകയും ഇവയുടെ സ്ഥായിയായ റിപ്പയറിംഗിന് വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാൻ ഘട്ടം II-ലും ആന്വൽ റിന്യൂവൽ പ്രോഗ്രാമിന്റെ ഘട്ടം II-ലും ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ദേശീയപാത 766-ലെ താമരശ്ശേരി ചുരത്തിലുണ്ടായ മണ്ണിടിച്ചിലിൽ തകർന്ന സംരക്ഷണഭിത്തി സംസ്ഥാന സർക്കാർ അനുവദിച്ച 1.86 കോടി രൂപയിൽ പുനർ നിർമ്മിക്കുകയുണ്ടായി.

(ബി) ശംഖുംമുഖം-ബീച്ച് റോഡിൽ ഏകദേശം 300 മീറ്റർ റോഡ് തകർന്ന നിലയിലാണ്. നിരത്തുകളും പാലങ്ങളും ദേശീയപാത വിഭാഗങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ഇതുസംബന്ധിച്ച് ലോകബാങ്കുമായി ചർച്ച നടന്നുവരുന്നു.

(ഡി) പ്രളയത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലെ റോഡുകൾക്ക് 13521.69 കോടി രൂപയുടെയും പാലങ്ങൾക്ക് 568.35 കോടി രൂപയുടെയും നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. ദേശീയപാത വിഭാഗത്തിന് കീഴിൽ 911.75 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡിന്റെ പരിധിയിൽ വരുന്ന ശംഖുമുഖം-ബീച്ച് റോഡിൽ ഏകദേശം 300 മീറ്റർ റോഡ് തകർന്ന നിലയിലാണ്. ഇതിന് ഏകദേശം 42.62 ലക്ഷം രൂപയുടെ നാശനഷ്ടം വരുന്നതായി കണക്കാക്കിയിട്ടുണ്ട്. കെ.എസ്.റ്റി.പി. റോഡുകളിൽ ഏകദേശം 13.10 കോടി രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്.

(ഇ) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർ നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ദുരന്ത നിവാരണ ഫണ്ടിൽ നിന്നും റോഡുകൾക്ക് 71.25 കോടി രൂപയും പാലങ്ങൾക്ക് 1.85 കോടി രൂപയും അനുവദിച്ചു കിട്ടിയിട്ടുണ്ട്. 27-11-2018-ലെ G.O.(Rt) No. 1842/2018/PWD പ്രകാരം ബഡ്ജറ്റ് ശീർഷകത്തിൽ 239.69 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 22-12-2018-ലെ G.O.(Rt) No. 1978/2018/PWD പ്രകാരം വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 1191 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രളയത്തിൽ തകർന്ന പ്രധാന റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ വകുപ്പ് നടപടി സ്വീകരിക്കുകയുണ്ടായി. ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ 4429 കി.മീ. റോഡുകൾ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു ഗതാഗതയോഗ്യമാക്കി. കേടു സംഭവിച്ച 650-ൽ അധികം ഓവ് പാലങ്ങൾ, കേടുപാടുകൾ സംഭവിച്ച 127-ഓളം പാലങ്ങൾ എന്നിവ കേടുപാടുകൾ തീർത്ത് ഗതാഗതയോഗ്യമാക്കി.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കരമന-കളിയിക്കാവിള റോഡ് വികസനം

12(1082) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരമന-കളിയിക്കാവിള റോഡ് വികസനത്തിന്റെ ഒന്നാം ഘട്ടം മുൻ സർക്കാരിന്റെ കാലത്ത് റിക്കോർഡ് വേഗത്തിൽ പൂർത്തിയാക്കുവാൻ സാധിച്ചിരുന്നോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ പ്രാവച്ചമ്പലം മുതൽ കൊടിനട വരെയുള്ള രണ്ടാം ഘട്ടത്തിന്റെ നിർമ്മാണത്തിൽ ഈ സർക്കാർ വന്ന ശേഷം ഉണ്ടായ അനിശ്ചിതത്വത്തിന് കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണ കരാർ ഏത് കമ്പനിയാണ് ഏറ്റെടുത്തിട്ടുള്ളത്; സർക്കാർ നിശ്ചയിച്ച തുകയേക്കാൾ എത്ര ശതമാനം തുകയാണ് അധികമായി പ്രസ്തുത കമ്പനിക്ക് നൽകേണ്ടതെന്ന് അറിയിക്കുമോ;

(ഡി) കൊടിനട മുതൽ വഴിമുക്ക് വരെയുള്ള മൂന്നാം ഘട്ട പാത വികസനത്തിന്റെ സ്ഥലമെടുപ്പ് നടപടി ഏത് ഘട്ടത്തിലാണ്; അതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് കരമന-കളിയിക്കാവിള ഒന്നാംഘട്ടം ഒന്നാം റീച്ച് കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള നിർമ്മാണത്തിന് 8-11-2013-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(ആർ.റ്റി) 1470/2013 പ്രകാരം 74 കോടി രൂപയുടെ ഭരണാനുമതിയും4-2-2014-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 174/2014/ പി.ഡബ്ല്യൂ.ഡി പ്രകാരം 66 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 20-10-2014-ലെ എഗ്രിമെന്റ് നമ്പർ 15/SENH/SC/14-15 തീയതി പ്രകാരം ഈ പ്രവൃത്തിക്ക് കരാർ നൽകുകയും ചെയ്തു. ഒർജിനൽ എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം 12 മാസമാണ് നിർമ്മാണ പൂർത്തീകരണ കാലാവധിയായി നിശ്ചയിച്ചിരുന്നത്. എന്നാൽ നിശ്ചയിച്ച കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ സാധിച്ചിരുന്നില്ല. നേമം അണ്ടർ പാസ് നിർമ്മാണം, തിരുവനന്തപുരം ജില്ലയിൽ ക്വാറി മെറ്റീരിയൽസിന്റെ ലഭ്യതയിൽ നേരിട്ട ക്ഷാമം തുടങ്ങിയ കാരണങ്ങൾ കൊണ്ട് 15 മാസക്കാലം കൊണ്ട് (23-1-2016-ൽ) ആണ് നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിഞ്ഞത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരമന-കളിയിക്കാവിള ഒന്നാംഘട്ടം രണ്ടാം റീച്ച് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം കിഫ്ബിയിൽ ഉൾപ്പെടുത്തി 162.42 കോടി രൂപയ്ക്ക് 16-11-2016-ലെ ഉത്തരവ് നമ്പർ 31/കിഫ്ബി/2016 പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. സ്ഥലമേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 15-12-2016-ൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും ഇതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തുടർ പ്രവർത്തനങ്ങളുടെ ഫലമായി 2017 മധ്യത്തോടുകൂടി പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള ഭാഗത്തെ സ്ഥലമേറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലെത്തുകയും തുടർന്ന് 7-7-2017-ൽ പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സ്ഥലമെടുപ്പ് പൂർത്തീകരിക്കാറായ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള ഭാഗം ആദ്യഘട്ടമായി വികസിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ഈ ഭാഗത്തെ നിർമ്മാണ പ്രവൃത്തിക്കുള്ള സാങ്കേതികാനുമതി PMU, KRFB വഴി നൽകുകയും 2018 ഏപ്രിൽ മാസം ഈ പ്രവൃത്തി ടെൻഡർ ചെയ്യുകയും ചെയ്തു. ടെൻഡർ അപ്രൂവൽ കമ്മിറ്റി 8-8-2018-ൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന് ടെൻഡർ പാസാക്കി Tender excess-ന്റെ Financial concurrence-ന് കിഫ്ബിയിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ ടെണ്ടറിന് അംഗീകാരം ലഭിച്ച ഘട്ടത്തിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരൻ പണി ഏറ്റെടുക്കാൻ വിസമ്മതിക്കുകയുണ്ടായി. ഇതേ തുടർന്ന് ഒക്ടോബർ മാസത്തിൽ പ്രവൃത്തി റീ ടെണ്ടർ ചെയ്യുകയും ഇതിൽ മൂന്ന് കമ്പനികൾ പങ്കെടുക്കുകയും ചെയ്തു. ഇതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി കരാർ ഒപ്പ് വയ്ക്കുകയുമാണുണ്ടായത്. 24 മാസക്കാലമാണ് നിർമ്മാണ പൂർത്തീകരണ കാലാവധിയായി നിശ്ചയിച്ചിട്ടുള്ളത്. സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട കേസുകൾമൂലം വന്ന കാലതാമസമൊഴികെ ബാക്കി എല്ലാ പ്രവർത്തനങ്ങൾക്കും സ്വാഭാവികമായ കാലതാമസം മാത്രമാണ് നേരിട്ടിട്ടുള്ളത്.

(സി) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 14.89% അധിക തുകയ്ക്കാണ് കരാർ നൽകിയിട്ടുള്ളത്.

(ഡി) കരമന-കളിയിക്കാവിള ദേശീയപാത ഒന്നാംഘട്ടം രണ്ടാം റീച്ച് പാർട്ട് രണ്ട് വികസനത്തിന്റെ ഭാഗമായ കൊടിനട മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്ത് സ്ഥലമേറ്റെടുക്കൽ നടപടികൾ 2013-ലെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരമാണ് നടത്തേണ്ടത്. ഈ ഭാഗത്തെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുനരാരംഭിക്കുന്നതിന്

സാമൂഹ്യാഘാതപഠനം നടത്തേണ്ടതായിട്ടുണ്ട്. ഇതിനുള്ള നടപടികൾ ആരംഭി ക്കുന്നതിന് റവന്യൂ വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. സാമൂഹ്യാഘാതപഠന പൂർത്തീകരണത്തിനുശേഷം സ്ഥലമെടുക്കൽ നടപടികളിലേയ്ക്ക് കടക്കുന്നതാണ്. ഈ 1.5 കിലോമീറ്ററിലെ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ 98.1 കോടി രൂപയുടെ ഭരണാനുമതി 20-7-2017-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 1048/2017/പി.ഡബ്ല്യൂ.ഡി. പ്രകാരം നൽകിയിട്ടുണ്ട്.

## റോഡ് നിർമ്മാണ രംഗത്തെ മാറ്റങ്ങൾ

13(1083) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും നടത്തുന്നതിനായി സ്വീകരിക്കുന്ന മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും നടപ്പിലാക്കുന്നത് പരമ്പരാഗതമായി നിലനിൽക്കുന്ന നിർമ്മാണ രീതികളും ആധുനിക സാങ്കേതികവിദ്യകളും സമന്വയിപ്പിച്ചുകൊണ്ടാണ്. ആധുനിക നിർമ്മാണ വസ്തുക്കളായ NRMB, Shredded Plastic എന്നിവ നിർമ്മാണത്തിനായുള്ള അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ചുവരുന്നു. കൂടാതെ കയർ ഭൂവസ്ത്രം, പ്ലാസ്റ്റിക് തുടങ്ങിയവയും നിർമ്മാണ വസ്തുക്കളായി ഉപയോഗിക്കുന്നതിനുള്ള ശ്രമങ്ങൾ പരീക്ഷണ ഘട്ടത്തിലാണ്. Recycled Materials നിർമ്മാണ വസ്തുവായി ഉപയോഗിക്കുന്നതിനുള്ള പരീക്ഷണങ്ങൾ നടന്നുവരുന്നു. സർക്കാരിന്റെ " പുതിയ കാലം പുതിയ നിർമ്മാണം" എന്ന ആപ്ത വാക്യത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ മേഖലയിൽ നടപ്പിലാക്കിവരുന്നത്. ദേശീയപാതകളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരമാണ് നടപ്പിലാക്കുന്നത്. നൂതന ആശയം എന്ന നിലയിൽ 5 കോടി രൂപയിൽ കൂടുതൽ എസ്റ്റിമേറ്റ് വരുന്ന പ്രവൃത്തികൾ എല്ലാംതന്നെ ഇ.പി.സി. വ്യവസ്ഥയിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമൂലം പ്രവൃത്തിയുടെ ഗുണനിലവാരത്തിന്റെ ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമാവുകയും പരമ്പരാഗത രീതിയിലുള്ള മെഷർമെന്റ് രീതികൾ ഒരു പരിധിവരെ ഒഴിവാക്കുവാനും കഴിയും.

**തീരദേശ ഹൈവേയുടെ ഡി.പി.ആർ**

14(1084) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ ഹൈവേയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ പ്രവൃത്തി ആരംഭിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഡി.പി.ആർ-ന്റെ തുക ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) 2017-18 ബഡ്ജറ്റ് പ്രകാരം 6500 കോടി രൂപ മതിപ്പ ചെലവിൽ തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി 10-7-2017-ലെ G.O.(Rt.) No.942/ 2017/PWD പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. തീരദേശ ഹൈവേയ്ക്ക് 653.40 കി.മീ. നീളം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതുവരെയായി 211.880 കി.മീ. നീളം വരുന്ന 11 ഉപപദ്ധതികളുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി മാനദണ്ഡപ്രകാരം ഓരോ റോഡിനും ഏറ്റെടുക്കേണ്ട ഭൂമിയുടെ വില കൂടി ഉൾപ്പെടുത്തി പുതുക്കിയ ഡി.പി.ആർ. സമർപ്പിക്കുന്നതാണ്. കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരമുള്ള വീതി ലഭ്യമായ മലപ്പുറം ജില്ലയിൽ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെ 15 കി.മീ. നീളം വരുന്ന തീരദേശ ഹൈവേയുടെ ഒരു പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് 52.78 കോടി രൂപയുടെ അംഗീകാരമാണ് ലഭിച്ചിട്ടുള്ളത്. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**മലയോര, തീരദേശ റോഡുകൾക്ക് അനുവദിച്ച തുക**

15(1085) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര, തീരദേശ റോഡുകളുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കിഫ്ബിയിൽ നിന്ന് എത്ര തുകയുടെ അനുമതി നൽകിയിട്ടുണ്ടെന്നും അവ ഏതെല്ലാം പ്രവൃത്തികൾക്കാണെന്നും വ്യക്തമാക്കുമോ;

(സി) തീരദേശമേഖലയിൽ സ്ഥലം ലഭ്യമാക്കാനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് റോഡിന്റെ വീതി പുനർ നിർണയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 ബഡ്ജറ്റ് പ്രകാരം 3500 കോടി രൂപ മതിപ്പു ചെലവിൽ മലയോര ഹൈവേയുടെ നിർമ്മാണത്തിനായി 10-7-2017-ലെ G.O.(Rt.) No.942/ 2017/PWD പ്രകാരം തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മലയോര ഹൈവേയുടെ നിർമ്മാണം 43 റീച്ചുകളിലായി ഏറ്റെടുക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതുവരെ 656.58 കി.മീ. വരുന്ന 24 ഉപപദ്ധതികളുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 460.60 കി.മീറ്റർ നീളം വരുന്ന 17 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗത്ത് വനഭൂമി ആവശ്യമായ സ്ഥലങ്ങളിൽ വനം വകുപ്പിൽ നിന്നും വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2017-18 ബഡ്ജറ്റ് പ്രകാരം 6500 കോടി രൂപ മതിപ്പു ചെലവിൽ തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി 10-7-2017-ലെ G.O.(Rt.) No.942/2017/PWD പ്രകാരം തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. തീരദേശ ഹൈവേയ്ക്ക് 653.40 കി.മീ. നീളം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതുവരെയായി 211.880 കി.മീ. നീളം വരുന്ന 11 ഉപ പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 12 മീറ്റർ വീതിയിൽ തീരദേശപാത നിർമ്മിക്കുന്നതിനാണ് തീരുമാനം എടുത്തിട്ടുള്ളത്. ആയതിനാൽ ഓരോ റോഡിനും ഏറ്റെടുക്കേണ്ട ഭൂമിയുടെ വിലകൂടി ഉൾപ്പെടുത്തി പുതുക്കിയ ഡി.പി.ആർ. സമർപ്പിക്കുന്നതാണ്.

(ബി) മലയോര ഹൈവേയുടെ പ്രവൃത്തികൾക്കായി ഇതുവരെ 460.60 കി.മീ. നീളം വരുന്ന 17 പ്രവൃത്തികൾക്കായി 1506.24 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് അനുമതി ലഭിച്ച പ്രവൃത്തികളും അവയുടെ പുരോഗതിയും സൂചിപ്പിക്കുന്ന പട്ടിക ഇതോടൊപ്പം ചേർക്കുന്നു.* മലപ്പുറം ജില്ലയിൽ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെ 15 കി.മീ. നീളം വരുന്ന തീരദേശഹൈവേയുടെ ഒരു പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് 52.78 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) തീരദേശ ഹൈവേയ്ക്കുവേണ്ടിയുള്ള കിഫ്ബിയുടെ മാനദണ്ഡങ്ങൾ പുനർനിർണ്ണയിച്ചുകൊണ്ടുള്ള തീരുമാനങ്ങളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

**ഗ്രാമീണ റോഡുകളുടെ ഏറ്റെടുക്കൽ**

16(1086) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് ഗ്രാമീണ റോഡുകളുടെ നിർമ്മാണ/പുനരുദ്ധാരണ പ്രവൃത്തികൾക്ക് വേണ്ടി ചെയ്ത കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ കാലഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത പുതിയ റോഡുകളുടെ പേര്, നീളം തുടങ്ങിയ വിവരങ്ങൾ ജില്ല തിരിച്ച് അറിയിക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പ് പുതിയ റോഡുകൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങളും നടപടിക്രമങ്ങളും അറിയിക്കാമോ?

ഉത്തരം

(എ) MLA/ADS, NABARD, Budget-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണ/പുനരുദ്ധാരണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ചെയ്തുവരുന്നുണ്ട്.

(ബി) ഈ കാലഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ റോഡുകളൊന്നുംതന്നെ ഏറ്റെടുത്തിട്ടില്ല.

(സി) ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ അംഗീകരിച്ച മാനദണ്ഡങ്ങൾക്കനുസരിച്ചും സർക്കാർ തീരുമാനമനുസരിച്ചും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാറുണ്ട്. ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് അതാത് പഞ്ചായത്തുകളുടെ റെസല്യൂഷൻ ആവശ്യമാണ്. ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പുതുക്കിയ മാനദണ്ഡങ്ങൾ രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ഗ്രാമീണ റോഡുകൾ ഒന്നുംതന്നെ ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതില്ലെന്നാണ് നിലവിലുള്ള സർക്കാർ തീരുമാനം.

## പട്ടാമ്പി മണ്ഡലത്തിലെ റോഡ് പദ്ധതികൾ

17(1087) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടാമ്പി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡ് വിഭാഗം അനുവദിച്ച പദ്ധതികളിൽ പൂർണമായും നടപ്പിലാക്കിയതും നടപ്പിലാക്കികൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത ഗ്രാമീണ റോഡുകൾ

18(1088) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിൻെറ കാലയളവിൽ എത്ര ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടെന്ന വിവരം റോഡുകളുടെ പേരും നീളവും ഉൾപ്പെടെ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഏറ്റെടുക്കുന്നത്;

(സി) ഇതുവരെ ഏറ്റെടുക്കാത്ത റോഡുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ആലോചനകൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഗ്രാമീണ റോഡുകൾ ഒന്നുംതന്നെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല.

(ബി&സി) ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ സർക്കാർ തീരുമാനമനുസരിച്ച് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാറുണ്ട്. ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് അതാത് പഞ്ചായത്തുകളുടെ റെസല്യൂഷൻ ആവശ്യമാണ്. ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പുതുക്കിയ മാനദണ്ഡങ്ങൾ രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ഗ്രാമീണ റോഡുകൾ ഒന്നുംതന്നെ ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതില്ലെന്നാണ് നിലവിലുള്ള സർക്കാർ തീരുമാനം.

## കുണ്ടന്നൂർ മേൽപ്പാലത്തിന്റെ നിർമ്മാണം

19(1089) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ കുണ്ടന്നൂരിലെ മേൽപ്പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള അതിരൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) എന്നത്തേക്ക് ഈ മേൽപ്പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കുണ്ടന്നൂർ ഫ്ലൈ ഓവർ 6 വരി പാതയോടുകൂടി 750 മീറ്റർ നീളത്തിലും 24.1 മീറ്റർ വീതിയിലുമാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇതിൽ 30 മീറ്റർ നീളത്തിൽ 15 സ്പാനുകളുള്ള ഫ്ളൈ ഓവറിന്റെ ആകെയുള്ള 196 പൈലുകളിൽ 134 പൈലുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 30 പൈൽ ക്യാപ്പുകളിൽ 17 എണ്ണത്തിന്റെ നിർമ്മാണവും 32 പിയറുകളിൽ 18 എണ്ണത്തിന്റെ നിർമ്മാണവും 16 പിയർ ക്യാപ്പുകളിൽ 6 എണ്ണത്തിന്റെ നിർമ്മാണവും 120 PSC girder-കളിൽ 6 എണ്ണത്തിന്റെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്.

(ബി) ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് സ്ലിപ് റോഡ് നിർമ്മാണം നടന്നുവരുന്നു. അരൂർ ഭാഗത്ത് പടിഞ്ഞാറ് വശത്ത് സ്ലിപ് റോഡ് നിർമ്മാണം 80% പൂർത്തിയായി.

(സി) ഈ പദ്ധതി മാർച്ച് 2020-ൽ പൂർത്തീകരിക്കാനാകും.

**ബൈപ്പാസുകളുടെ നിർമ്മാണം**

20(1090) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ ബൈപാസ്സുകളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് പുതുതായി ഏറ്റെടുത്തിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) ഇതിൽ പൊതുമരാമത്ത് ബഡ്ജറ്റ് പ്രകാരവും കിഫ്ബിയുടെ ധനസഹായത്തോടെയും നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയപാത വിഭാഗം ഏറ്റെടുത്തിട്ടുള്ള ബൈപ്പാസുകളുടെ നിർമ്മാണത്തിന്റെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത പ്രവൃത്തികളെല്ലാംതന്നെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ വഴിയാണ് നടപ്പിലാക്കുന്നത്. കാഞ്ഞിരപ്പള്ളി ബൈപ്പാസ്, കൊടുവായൂർ ബൈപ്പാസ്, പേരാമ്പ്ര ബൈപ്പാസ്, കുറ്റ്യാടി ബൈപ്പാസ്, കാസർഗോഡ് ബൈപ്പാസ്, പെരുമ്പാവൂർ ബൈപ്പാസ്, ഒറ്റപ്പാലം ബൈപ്പാസ്, പണ്ടാരപ്പറമ്പ് - ഉണ്ടോടിക്കടവ് ബൈപ്പാസ്, ഒരോട്ടം പാലം-വൈലോങ്ങര ബൈപ്പാസ്, അങ്കമാലി ബൈപ്പാസ് എന്നീ പ്രവൃത്തികൾ കിഫ്ബി ധനസഹായത്തോടുകൂടി ആർ.ബി.ഡി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കെ.ആർ.എഫ്.ബി. മുഖേന കിഫ്ബിയുടെ ധനസഹായത്തോടെ നടത്തുന്ന ബൈപ്പാസിന്റെ പ്രവൃത്തികൾ പന്തളം, കരുനാഗപ്പള്ളി, ചേലക്കര, കേച്ചേരി-അക്കിക്കാവ് എന്നിവയാണ്. പൊതുമരാമത്ത് ബഡ്ജറ്റ് പ്രകാരവും കിഫ്ബി ധനസഹായത്തോടെയും നടത്തുന്ന പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

**മലയോര ഹൈവേയുടെ ഡി.പി.ആർ.**

21(1091) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോരഹൈവേയുടെ ഡി.പി.ആർ-തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതിലേയ്ക്കായി എത്ര കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത ഹൈവേയുടെ നിർമ്മാണം എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇതിൻെറ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഇതിലേയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) 2017-18 ബഡ്ജറ്റ് പ്രകാരം 3500 കോടി രൂപ മതിപ്പു ചെലവിൽ മലയോര ഹൈവേയുടെ നിർമ്മാണത്തിനായി 10-7-2017-ലെ G.O.(Rt.) No.942/ 2017/PWD പ്രകാരം തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മലയോര ഹൈവേയുടെ നിർമ്മാണം 43 റീച്ചുകളിലായി ഏറ്റെടുക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതുവരെ 656.58 കി.മീ. വരുന്ന 24 ഉപപദ്ധതികളുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 460.60 കി.മീറ്റർ നീളം വരുന്ന 17 പ്രവൃത്തികൾക്കായി 1506.24 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗത്ത് വനഭൂമി ആവശ്യമായ സ്ഥലങ്ങളിൽ വനം വകുപ്പിൽ നിന്നും വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇതുവരെ 155.942 കി.മീറ്റർ നീളം വരുന്ന 6 പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുള്ളതും ഇതിൽ 105.985 കി.മീറ്റർ നീളം വരുന്ന 4 പദ്ധതികൾ കരാർ ഉറപ്പിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുള്ളതുമാണ്.

(ഡി) നിലവിൽ തുടങ്ങിയിട്ടുള്ള പ്രവൃത്തികൾക്ക് 24 മാസമാണ് പൂർത്തീകരണ കാലാവധി നൽകിയിട്ടുള്ളത്. ഇതുപ്രകാരം ആഗസ്റ്റ് 2020-ൽ നിലവിൽ തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

**വിനോദസഞ്ചാര മേഖലകളിലെ റോഡുകൾ**

22(1092) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വിനോദസഞ്ചാരകേന്ദ്രങ്ങളിലേക്കും വിനോദ സഞ്ചാരമേഖലകളിലും നിലവിലുള്ള റോഡുകൾ വീതികൂട്ടുന്നതിനും പുതിയവ നിർമ്മിക്കുന്നതിനും ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ പുതിയവ നിർമ്മിക്കുന്നതിനേക്കാൾ ആവശ്യകത നിലവിലുള്ള റോഡുകളുടെ വളവുകൾ മാറ്റി വീതി ഗണ്യമായി വർദ്ധിപ്പിക്കുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ;

(സി) വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളെയും പ്രധാന ആരാധനാലയങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളും ഇതേ രീതിയിൽ വികസിപ്പിക്കുന്നതിന് തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് പദ്ധതിയുടെ കീഴിൽ നഗരപാത വികസന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. നിലവിൽ കോഴിക്കോട്, തിരുവനന്തപുരം (ശംഖുംമുഖം - വിമാനത്താവളം റോഡ്) നഗര വികസന പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. ആലപ്പുഴ നഗര വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. ജനപ്രതിനിധികളുടെ അപേക്ഷ പരിഗണിച്ച് നിലവിൽ കൽപ്പറ്റ, മൂന്നാർ, മാനന്തവാടി തുടങ്ങിയ വിനോദസഞ്ചാര മേഖലകളുടെ വികസന ത്തിനുവേണ്ടിയുള്ള പദ്ധതി തയ്യാറാക്കാൻ കൺസൾട്ടൻസിനെ തെരഞ്ഞെടുക്കു ന്നതിനുള്ള പ്രാരംഭ നടപടികളിലാണ്.

(ബി&സി) ബോധ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള റോഡുകളിൽ വളവുകൾ മാറ്റി വീതി വർദ്ധിപ്പിക്കുന്നതിന് സ്ഥലലഭ്യതയുടെയും ഫണ്ടുകളുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ മാത്രമേ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## കാലവർഷക്കെടുതിയിൽ തകർന്ന റോഡുകൾ

23(1093) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ കണക്ക് എടുത്തിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) തകർന്ന റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് എത്ര തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(സി) കനത്ത മഴയെ അതിജീവിക്കാനുതകുന്ന തരത്തിലുള്ള റോഡ് നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) തകർന്ന റോഡുകളുടെ പണി എന്നത്തേക്ക് പൂർത്തിയാക്കാമെന്നാണ് കരുതുന്നത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കണക്കെടുത്തിട്ടുണ്ട്.

(ബി) റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 955.15 കോടി രൂപയും 7329 കി.മീ. റോഡിന്റെ ഉപരിതലം പുതുക്കുന്നതിനായി 6591 കോടി രൂപയും 3179 കി.മീ. ഡിസൈൻ റോഡിന്റെ നിർമ്മാണത്തിന് 5975 കോടി രൂപയും ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. കേരളത്തിലെ വിവിധ ദേശീയപാതകളിലുണ്ടായ നാശനഷ്ടങ്ങൾ പരിഹരിച്ച് പുനർ നിർമ്മിക്കുന്നതിനാവശ്യമായ തുക കേന്ദ്ര മന്ത്രാലയമാണ് അനുവദിക്കുന്നത്. കേന്ദ്ര മന്ത്രാലയം വാർഷിക പദ്ധതി 2018-19 ഘട്ടം ഒന്നിൽ ഉൾപ്പെടുത്തി 206.85 കോടി രൂപയ്ക്കും ആന്വൽ റിന്യൂവൽ പ്രോഗ്രാം 2018-19-ൽപ്പെടുത്തി 74.50 കോടി രൂപയ്ക്കുമുള്ള അനുമതി നൽകുകയും, ആന്വൽ പ്ലാൻ ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി 160 കോടി രൂപയ്ക്കും ആന്വൽ റിന്യൂവൽ പ്രോഗ്രാം 2019-20-ന്റെ വിഹിതമായ 178 കോടി രൂപയ്ക്കുള്ള പദ്ധതികളും കണക്കാക്കി അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ പ്രളയത്തിൽ ഭാഗികമായി തകർന്ന ശംഖുംമുഖം ബീച്ച് റോഡിന്റെ നവീകരണത്തിനായി ഏകദേശം 42.62 ലക്ഷം രൂപയാണ് കണക്കാക്കിയിട്ടുള്ളത്.

(സി) കനത്ത മഴയെ അതിജീവിക്കുന്നതിനായി റോഡുകൾ BM&BC നിലവാരത്തിൽ നിർമ്മിക്കുന്നതിനും ഫണ്ടുകളുടെ ലഭ്യതയ്ക്കനുസരിച്ച് എല്ലാ റോഡുകളിലും ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ ദേശീയപാതകൾ ശാസ്ത്രീയമായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുമ്പോൾ ഇപ്പോഴുണ്ടായ മഴയുടെയും വെള്ളപ്പൊക്കത്തിന്റെയും പശ്ചാത്തലംകൂടി കണക്കിലെടുത്തായിരിക്കും ഡിസൈനുകൾ ആവിഷ്കരിക്കുക. കേരള റോഡ് ഫണ്ട് ബോർഡിന്റെ പരിധിയിൽ വരുന്ന റോഡുകളുടെ നിർമ്മാണം ഐ.ആർ.സി. മാനദണ്ഡങ്ങൾ പാലിച്ചാണ് നിർമ്മിക്കുന്നത്.

(ഡി) പ്രളയത്തെത്തുടർന്ന് ഗതാഗതതടസ്സമുള്ള റോഡുകളിലൂടെയുള്ള ഗതാഗതം പുനഃസ്ഥാപിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിയന്തരമായി നടപ്പിലാക്കേണ്ട അറ്റകുറ്റപ്പണികളിൽ 4429 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്. ഹ്രസ്വകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതികളെല്ലാം അടിയന്തരമായി പൂർത്തീകരിക്കുന്നതാണ്. ഉപരിതലം പുതുക്കുന്നതിനായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എല്ലാംതന്നെ ടെണ്ടർ ചെയ്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയപാതകളെല്ലാംതന്നെ മഴക്കെടുതികൾമൂലമുണ്ടായ എല്ലാ നാശനഷ്ടങ്ങളും താൽക്കാലികമായി പരിഹരിച്ച് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇവയുടെ ശാശ്വതമായ പരിഹാരത്തിനുള്ള പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ വാർഷിക പദ്ധതിയിലും (ആനുവൽ പ്ലാൻ), വാർഷിക റിന്യൂവൽ പദ്ധതിയിലും ഉൾപ്പെടുത്തിയാണ് അനുമതി നൽകുന്നത്. ആയതിനാൽ ഇവയുടെ പൂർത്തീകരണത്തിന് 12 മുതൽ 18 മാസം വരെ കാലാവധി എടുക്കുന്നതാണ്. കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിലുള്ള ശംഖുമുഖം ബീച്ച് റോഡിന്റെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## ദേശീയപാത വികസനം ലക്ഷ്യംകാണുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

24(1094) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേശീയപാത നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായുള്ള സ്ഥലമെടുപ്പ് നടപടികൾ ഏതൊക്കെ ജില്ലകളിൽ പൂർത്തിയാക്കിയെന്ന് അറിയിക്കുമോ;

(സി) കാസർഗോഡ് ജില്ലയിലെ തലപ്പാടി-ചെങ്കള, ചെങ്കള-കാലിക്കടവ് റീച്ചുകളുടെ അനുമതിക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ അതിന് അനുമതി ലഭിച്ചിട്ടുണ്ടോ;

(ഡി) ദേശീയപാത വികസനത്തിൽ കേന്ദ്രം സംസ്ഥാനത്തോട് അനുഭാവ പൂർവ്വമായ നിലപാടാണോ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) 2020-ൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ട ദേശീയപാത വികസനം ലക്ഷ്യം കാണുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ദേശീയപാതകൾ നാലുവരിപ്പാതയാക്കലിന്റെ നിലവിലെ സ്ഥിതി ദേശീയപാത 544 (പഴയ എൻ.എച്ച്. 47) തൃശ്ശൂർ - അങ്കമാലി 4 വരിപ്പാത യാക്കലും അങ്കമാലി - എടപ്പള്ളി നവീകരണവും ഉൾപ്പെട്ട 63.94 കി.മീ. ഡിസംബർ 2011-ൽ പൂർത്തീകരിച്ചു. വാളയാർ-വടക്കഞ്ചേരി 53.495 കി.മീ. 4 വരിപ്പാതയാക്കൽ ഒക്ടോബർ 2015-ൽ പൂർത്തീകരിച്ചു. വടക്കാഞ്ചേരി - തൃശ്ശൂർ 28.355 കി.മീ. 6 വരിപ്പാതയാക്കലിന്റെ പ്രവൃത്തികൾ സെപ്റ്റംബർ 2012-ൽ തുടങ്ങി 83% പൂർത്തീകരിച്ചു.

<u>ദേശീയപാത 66 (പഴയ എൻ. എച്ച്. 17 &47)</u>

ദേശീയപാത 66 (പഴയ എൻ.എച്ച്. 17) തലപ്പാടി മുതൽ കാപ്പിരിക്കാട് വരെയുള്ള കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ കൂടി കടന്നുപോകുന്ന ഭാഗങ്ങളിലെ സ്ഥലമെടുപ്പ് പുരോഗമിക്കുന്നു. ദേശീയപാത 66-ൽ കടിക്കാട് മുതൽ ഇടപ്പള്ളി വരെയുള്ള തൃശ്ശൂർ ജില്ലയിലുള്ള ഭാഗത്തെ സർവ്വേയും ഡിമാർക്കേഷനും പൂർത്തിയായി 3(ഡി) നോട്ടിഫിക്കേഷൻ ഫെബ്രുവരി 2019-ന് പുറപ്പെടുവിക്കും. എറണാകുളം ജില്ലയിൽ ഉള്ള ഭാഗത്തെ 3(എ) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. അലൈൻമെന്റ് നിശ്ചയിക്കൽ പുരോഗമിക്കുന്നു. ദേശീയപാത 66 (പഴയ എൻ.എച്ച്. 47)-ലെ ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽക്കൂടി കടന്നുപോകുന്ന ഭാഗത്തെ 3(എ) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. അതിർത്തിക്കല്ലുകൾ ഇടുന്നതും 3 (ഡി) നോട്ടിഫിക്കേഷനും പുരോഗമിക്കുന്നു.

(ബി) ദേശീയപാത 544-ന്റെ ആവശ്യത്തിനുള്ള പാലക്കാട്, തൃശ്ശൂർ, എറണാകുളം ജില്ലകളിലെ സ്ഥലമെടുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ സ്ഥലമെടുപ്പിന്റെ നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്.

(സി) കാസർഗോഡ് ജില്ലയിലെ തലപ്പാടി-ചെങ്ങള,ചെങ്ങള – കാലിക്കടവ് റീച്ചുകളുടെ അനുമതിക്ക് കേന്ദ്ര മന്ത്രാലയത്തെ സമീപിച്ചിട്ടുണ്ട്. ഈ രണ്ട് പദ്ധതികളും ടെണ്ടർ സ്റ്റേജിലാണ്. അംഗീകാരത്തിനായി സ്റ്റാന്റിംഗ് ഫിനാൻസ് കമ്മിറ്റി (SFC) മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ഡി) അതെ.

(ഇ) തലപ്പാടി മുതൽ കാപ്പിരിക്കാട് വരെയുള്ള ദേശീയപാത 66-ന്റെ 4/6 വരിപ്പാതയാക്കാനുള്ള സ്ഥലമെടുപ്പ് പുരോഗമിച്ചുവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്നതാണ്.

4 വരി: തലശ്ശേരി - മാഹി ബൈപ്പാസിന്റെയും നീലേശ്വരം റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണം പുരോഗമിക്കുന്നു. കോഴിക്കോട് ബൈപ്പാസിന്റെ 6 വരിപ്പാത നിർമ്മാണത്തിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 6 വരി: തലപ്പാടി മുതൽ ചെങ്ങള വരെയും ചെങ്ങള മുതൽ നീലേശ്വരം വരെയും ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. മൂരാട്, പാലോളി എന്നീ പാലങ്ങളുടെ നിർമ്മാണം സ്റ്റാന്റ് എലോൺ ആയി നടപ്പിലാക്കുവാൻ ടെണ്ടറുകൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഹെഡ് ക്വാർട്ടേഴ്സിന്റെ അംഗീകാരത്തിന് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന എല്ലാ പ്രവൃത്തികളും 2019-20 സാമ്പത്തിക വർഷത്തിൽ അവാർഡ് ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കേരളത്തിലെ ദേശീയപാത വികസനം**

25(1095) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ തലപ്പാടി മുതലുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(സി) സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കിയ സ്ഥലങ്ങളിലെ റോഡിന്റെ ടെണ്ടർ നടപടിക്രമങ്ങൾ എന്ന് ആരംഭിക്കാനാവും എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) കാസർഗോഡ്-തിരുവനന്തപുരം ദേശീയപാത 4/6 വരിപ്പാതയാക്കലിന്റെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു :

<u>കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ</u>

തലപ്പാടി മുതൽ കാപ്പിരിക്കാട് വരെയുള്ള ദേശീയപാത 66-ന്റെ 4/6 വരിപ്പാതയാക്കാനുള്ള സ്ഥലമെടുപ്പ് പുരോഗമിച്ചുവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്നതാണ്.

4 വരി: തലശ്ശേരി - മാഹി ബൈപ്പാസിന്റെയും നീലേശ്വരം റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണം പുരോഗമിക്കുന്നു.

കോഴിക്കോട് ബൈപ്പാസിന്റെ 6 വരിപ്പാത നിർമ്മാണത്തിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

6 വരി: തലപ്പാടി മുതൽ ചെങ്ങള വരെയും ചെങ്ങള മുതൽ നീലേശ്വരം വരെയും ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

മൂരാട്, പാലോളി എന്നീ പാലങ്ങളുടെ നിർമ്മാണം സ്റ്റാന്റ് എലോൺ ആയി നടപ്പിലാക്കുവാൻ ടെണ്ടറുകൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഹെഡ് ക്വാർട്ടേഴ്സിന്റെ അംഗീകാരത്തിന് നൽകിയിട്ടുണ്ട്.

<u>തൃശ്ശൂർ ജില്ലയിൽ</u>

3 എ നോട്ടിഫിക്കേഷൻ പൂർത്തീകരിച്ചു. 3 ഡി നോട്ടിഫിക്കേഷൻ ഫെബ്രുവരിയിൽ പുറപ്പെടുവിക്കുന്നതാണ്.

<u>എറണാകുളം ജില്ലയിൽ</u>

3 എ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. അലൈൻമെന്റ് സ്ഥിരപ്പെടുത്തൽ നടപടി പുരോഗമിച്ചു വരുന്നു.

<u>ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ</u>

3 എ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. അതിരു കല്ലിടലും 3 ഡി നോട്ടിഫിക്കേഷനും പുരോഗമിച്ചുവരുന്നു.

## തിരുവനന്തപുരം കാസർഗോഡ് നാലുവരിപ്പാത

26(1096) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-നകം തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നാലുവരി പ്പാതയാക്കുക എന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് ഇതിനോടകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ പാതാ വികസനത്തിന് മറ്റ് സംസ്ഥാനങ്ങളെക്കാൾ കേരളത്തിൽ ചെലവ് കൂടുതലാണെന്ന് കേന്ദ്ര റോഡ് ഉപരിതല ഗതാഗത മന്ത്രാലയം അറിയിച്ചിട്ടുണ്ടോ;

(സി) കാസർഗോഡ് ജില്ലയിലെ തലപ്പാടി-ചെങ്കള, ചെങ്കള-കാലിക്കടവ് പാതകളുടെ വികസനത്തിനായി ദേശീയ പാതാ വിഭാഗം ഒരു കിലോമീറ്റർ റോഡിന് എത്ര കോടി രൂപയുടെ ബജറ്റാണ് തയ്യാറാക്കിയിട്ടുള്ളത് എന്നറിയിക്കാമോ;

(ഡി) ഈ സാമ്പത്തിക വർഷം എത്ര കിലോമീറ്റർ നാലുവരിപ്പാത യാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്;

(ഇ) പ്രസ്തുത ലക്ഷ്യം സാക്ഷാത്കരിക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് - തിരുവനന്തപുരം ദേശീയപാത 4/6 വരിപ്പാത യാക്കലിന്റെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു.

<u>കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ</u>

തലപ്പാടി മുതൽ കാപ്പിരിക്കാട് വരെയുള്ള ദേശീയപാത 66-ന്റെ 4/6 വരിപ്പാതയാക്കാനുള്ള സ്ഥലമെടുപ്പ് പുരോഗമിച്ചുവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്നതാണ്.

4 വരി: തലശ്ശേരി - മാഹി ബൈപ്പാസിന്റെയും നീലേശ്വരം റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണം പുരോഗമിക്കുന്നു.

കോഴിക്കോട് ബൈപ്പാസിന്റെ 6 വരിപ്പാത നിർമ്മാണത്തിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

6 വരി: തലപ്പാടി മുതൽ ചെങ്ങള വരെയും ചെങ്ങള മുതൽ നീലേശ്വരം വരെയും ദേശീയപാത അതോറിറ്റിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

മൂരാട്, പാലോളി എന്നീ പാലങ്ങളുടെ നിർമ്മാണം സ്റ്റാന്റ് എലോൺ ആയി നടപ്പിലാക്കുവാൻ ടെണ്ടറുകൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഹെഡ് ക്വാർട്ടേഴ്സിന്റെ അംഗീകാരത്തിന് നൽകിയിട്ടുണ്ട്.

<u>തൃശ്ശൂർ ജില്ലയിൽ</u>

3 എ നോട്ടിഫിക്കേഷൻ പൂർത്തീകരിച്ചു. 3 ഡി നോട്ടിഫിക്കേഷൻ ഫെബ്രുവരിയിൽ പുറപ്പെടുവിക്കുന്നതാണ്.

എറണാകുളം ജില്ലയിൽ

3 എ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. അലൈൻമെന്റ് സ്ഥിരപ്പെടുത്തൽ നടപടി പുരോഗമിച്ചുവരുന്നു.

ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ

3 എ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. അതിരു കല്ലിടലും 3 ഡി നോട്ടിഫിക്കേഷനും പുരോഗമിച്ചുവരുന്നു.

(ബി) ദേശീയപാതാ വികസനത്തിന് മറ്റ് സംസ്ഥാനങ്ങളേക്കാൾ കേരളത്തിൽ ചെലവ് കൂടുതലാണെന്ന് കേന്ദ്ര മന്ത്രാലയം അറിയിച്ചിട്ടുണ്ട്.

(സി) കാസർഗോഡ് ജില്ലയിലെ തലപ്പാടി-ചെങ്ങള, ചെങ്ങള-നീലേശ്വരം ദേശീയപാത 6 വരിപ്പാതയായി വികസിപ്പിക്കുന്നതിന് ഏകദേശം ഒരു കിലോ മീറ്ററിന് 35.4 കോടി രൂപയാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ കണക്കാക്കിയിരിക്കുന്നത്.

(ഡി) ഈ സാമ്പത്തിക വർഷം തലശ്ശേരി - മാഹി ബൈപ്പാസിന്റെ 5 കി.മീ. നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്.

(ഇ) സാധ്യമാണ്.

## ബൈപ്പാസുകളുടെ നിർമ്മാണം

27(1097) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകളിൽ നിലവിലുള്ള വാഹനത്തിരക്കിന്റെ പശ്ചാത്തലത്തിൽ വാഹനഗതാഗതത്തിൽ ഭാവിയിലുണ്ടാകാവുന്ന വർദ്ധന മുന്നിൽക്കണ്ട് റോഡുകൾ വികസിപ്പിക്കുന്നതിനും ബൈപ്പാസുകൾ നിർമ്മിക്കുന്നതിനും വിപുലമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് ആലോചിക്കുമോ;

(ബി) സംസ്ഥാനത്തെ ദേശീയപാതകളിൽ ഇപ്പോൾ നടക്കുന്ന ബൈപ്പാസ് നിർമ്മാണങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ദേശീയ-സംസ്ഥാന പാതകളിലെ ബൈപ്പാസ് നിർമ്മാണത്തിലുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) ദേശീയ പാതയിലെ ബൈപ്പാസ് നിർമ്മാണങ്ങൾ ദ്രുതഗതിയിലാക്കു ന്നതിൽ നാഷണൽ ഹൈവേ അതോറിറ്റി പിന്നാക്കം പോകാതിരിക്കാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) കൊല്ലം ബൈപ്പാസ് പൂർത്തിയാക്കാൻ 47 വർഷമെടുത്തത് മൂലമുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഇത്തരം ദുരവസ്ഥ ഭാവിയിൽ ഉണ്ടാകാതിരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ദേശീയപാതകൾ ഗതാഗത സാന്ദ്രത കണക്കിലെടുത്ത് വികസിപ്പിക്കുവാൻ കേന്ദ്ര മന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എൻ. എച്ച്. -544-ഉം എൻ. എച്ച്. -66-ഉം നാല്/ആറ് വരിപ്പാതയായി വികസിപ്പിക്കുന്ന നടപടി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തരം പുരോഗമിക്കുന്നു. മറ്റ് ദേശീയപാതകളായ എൻ.എച്ച്.-85, 83, 185, 183 എ, 744, 766 & 966 എന്നിവ പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടു വരിപ്പാതയായി വികസിപ്പിക്കുന്ന പദ്ധതി സംസ്ഥാന പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുവാനുള്ള വിശദമായ പദ്ധതി രൂപരേഖകൾ തയ്യാറാക്കുകയും താണാവ്-നാട്ടുകൽ (പാലക്കാട് ജില്ല), മൂന്നാർ-ബോഡിമെട്ട് (ഇടുക്കി ജില്ല) എന്നിവിടങ്ങളിലെ പ്രവൃത്തികൾ നടപ്പിലാക്കിയും വരുന്നു. ദേശീയപാതകൾ വികസിപ്പിക്കുമ്പോൾ ഭാവിയിലെ ഗതാഗതവും കണക്കിലെടുത്താണ് ഡിസൈൻ ചെയ്യുന്നത്. കൂടാതെ ബൈപ്പാസ് ആവശ്യമുള്ളിടത്ത് ബൈപ്പാസ് വിഭാവന ചെയ്യുന്നുമുണ്ട്. കാഞ്ഞിരപ്പള്ളി ബൈപ്പാസ്, കൊടുവായൂർ ബൈപ്പാസ്, പേരാമ്പ്ര ബൈപ്പാസ്, കുറ്റ്യാടി ബൈപ്പാസ്, കാസർഗോഡ് ബൈപ്പാസ്, പെരുമ്പാവൂർ ബൈപ്പാസ്, ഒറ്റപ്പാലം ബൈപ്പാസ്, പണ്ടാരപ്പറമ്പ്-ഉണ്ടോടിക്കടവ് ബൈപ്പാസ്, ഓരോട്ടും പാലം - വൈലോങ്ങര ബൈപ്പാസ്, അങ്കമാലി ബൈപ്പാസ് എന്നീ പ്രവൃത്തികൾ കിഫ്ബി ധനസഹായത്തോടുകൂടി ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഐ.ആർ.സി. സ്റ്റാന്റേർഡ് മാനദണ്ഡം അനുസരിച്ചാണ് കെ.ആർ.എഫ്.ബി. റോഡുകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ തെരഞ്ഞെടുത്ത കൺസൾട്ടന്റ്സ് തയ്യാറാക്കുന്നത്. നിലവിലുള്ള ഗതാഗത തിരക്കും ഭാവിയിലെ ആവശ്യകതയും കണക്കിലെടുത്താണ് പദ്ധതികൾ തയ്യാറാക്കുന്നത്.

(ബി) ദേശീയപാതകളിൽ നിലവിൽ തലശ്ശേരി - മാഹി, കോഴിക്കോട്, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ബൈപ്പാസുകളുടെ നിർമ്മാണമാണ് നടക്കുന്നത്.

(സി) ദേശീയപാതകളിലും സംസ്ഥാന പാതകളിലും ബൈപ്പാസ് നിർമ്മാണം വൈകുവാൻ കാരണം സ്ഥലമെടുപ്പിൽ ഉണ്ടാകുന്ന കാലതാമസമാണ്. (ബൈപ്പാസിനാവശ്യമായ സ്ഥലമോ ബൈപ്പാസ് ഭാഗമായിട്ടുള്ള പദ്ധതിയുടെ മറ്റ് ഭാഗങ്ങളിലെ സ്ഥലമോ ലഭിക്കാതെ വരുന്ന സാഹചര്യം) ഭൂമി കൈമാറി ലഭ്യമാകുന്ന മുറയ്ക്ക് ബൈപ്പാസുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ട്.

(ഡി) സ്ഥലം ഏറ്റെടുത്തിട്ടും നടപ്പിലാകാതെ കിടക്കുന്ന ബൈപ്പാസുകൾ ഒന്നുംതന്നെ നിലവിലില്ല. എന്നാൽ മൂവാറ്റുപുഴ, കോതമംഗലം ബൈപ്പാസുകൾ ഉൾപ്പെടുന്ന ദേശീയപാത 85-ന്റെ മറ്റക്കുഴി-മൂന്നാർ വികസനത്തിന്റെ പദ്ധതി രൂപരേഖ തയ്യാറാക്കൽ കേന്ദ്ര മന്ത്രാലയം നിർത്താൻ ആവശ്യപ്പെട്ട സാഹചര്യത്തിൽ ഈ രണ്ടു ബൈപ്പാസുകളും പ്രത്യേകം പദ്ധതിയായി നടപ്പിലാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണം വൈകിയത് ഈ രണ്ട് ബൈപ്പാസുകളും ഉൾപ്പെട്ട ദേശീയപാത 66-ലെ ചേർത്തല-ഓച്ചിറ റീച്ചിന്റെ സ്ഥലമെടുക്കൽ പൂർത്തിയാകാത്തതിനാലായിരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിൽ പൊതുജന സഹകരണം ഉറപ്പുവരുത്താനുള്ള ആകർഷണീയമായ നഷ്ടപരിഹാര പാക്കേജാണ് നിലവിലുള്ളത്.

### കെട്ടിട നിർമ്മാണ മേഖലയിൽ പുതിയ രീതികൾ

28(1098) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ കാലം പുതിയ നിർമ്മാണം എന്ന നയത്തിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ പ്രീ ഫാബ്രിക്കേഷൻ, കോമ്പോസിറ്റ് സ്ട്രക്ചർ, ഹരിതനിർമ്മാണ ചട്ടങ്ങൾ തുടങ്ങിയവ പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇത് നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവ് കുറയ്ക്കുന്നതിനും കാലവിളംബം ഇല്ലാതാക്കുന്നതിനും ഇടയാക്കിയിട്ടുണ്ടോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഡിസൈൻ വിംഗിനെ ശക്തിപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പുതിയ കാലം, പുതിയ നിർമ്മാണം എന്ന നയത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ പ്രീ ഫാബ്രിക്കേഷൻ, കോമ്പോസിറ്റ് സ്ട്രക്ചർ, ഹരിത നിർമ്മാണ ചട്ടങ്ങൾ തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത സാങ്കേതികവിദ്യകൾ സ്വീകരിച്ചാൽ കെട്ടിടം നിർമ്മിക്കാനെടുക്കുന്ന കാലവിളംബം ഒഴിവാക്കാൻ കഴിയും.

(സി) ഉണ്ട്. പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിംഗിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്തെ ഡിസൈൻ കാര്യാലയത്തിൽ സ്ട്രക്ചറൽ ഡിസൈൻ യൂണിറ്റ്, ബ്രിഡ്ജ് ഡിസൈൻ യൂണിറ്റ്, ഹൈവേ ഡിസൈൻ യൂണിറ്റ്, പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ്, ജിയോ ടെക്നിക്കൽ എഞ്ചിനീയറിംഗ് യൂണിറ്റ്, എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് യൂണിറ്റ്, എം.ഇ.പി. (മെക്കാനിക്കൽ ഇലക്ട്രിക്കൽ & പ്ലംബിംഗ്) ഡിസൈൻ യൂണിറ്റ് തുടങ്ങിയ 7 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ റീജിയണൽ ഡിസൈൻ ഓഫീസുകളും ഇതേ ജില്ലകളിൽത്തന്നെ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളിൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റുകളും തിരുവനന്തപുരത്ത് ഒരു റീജിയണൽ ഇൻവെസ്റ്റിഗേഷൻ &ക്വാളിറ്റി കൺട്രോൾ ലാബും ആരംഭിച്ചിട്ടുണ്ട്. ഇവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി പുതിയ യൂണിറ്റുകളിലേയ്ക്കും ഓഫീസുകളിലേയ്ക്കും പോസ്റ്റുകൾ ഡിപ്ലോയ് ചെയ്തുവരുന്നു.

**നിർമ്മാണം നിലച്ചുപോയ കെട്ടിടങ്ങൾ**

29(1099) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് മുഖേന വിവിധ വകുപ്പുകൾക്ക് കീഴിൽ നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കാനാകാതെ നിർമ്മാണം നിലച്ചുപോയ എത്ര കെട്ടിടങ്ങൾ നിലവിലുണ്ടെന്നത് സംബന്ധിച്ച് എന്തെങ്കിലും കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇത്തരത്തിൽ കണക്ക് സൂക്ഷിച്ചിട്ടില്ലെങ്കിൽ ആയത് തയ്യാറാക്കുമോ;

(ബി) ഇത്തരത്തിൽ നിർമ്മാണം നിലച്ചുപോയ കെട്ടിടങ്ങൾ പൂർത്തിയാക്കുന്നതിനോ പൂർത്തിയാക്കാനാവാത്ത വിധം ബലക്ഷയം സംഭവിച്ച കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിനോ എന്തെങ്കിലും നടപടികൾ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ചാലക്കുടി പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ്

30(1100) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസിന്റെ അഡീഷണൽ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായ സാഹചര്യത്തിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനും ഫർണിച്ചറുകളും മറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടി പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസിന്റെ ഗ്രേഡ് ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 10-5-2018-ലെ സ.ഉ.(പി.) നമ്പർ 6/2018/പൊ.മ.വ. പ്രകാരം ചാലക്കുടി റസ്റ്റ് ഹൗസ് ക്ലാസ്സ് I റെസ്റ്റ് ഹൗസായി ഉയർത്തിയിട്ടുണ്ട്. റെസ്റ്റ് ഹൗസിന്റെ അഡീഷണൽ ബ്ലോക്കിലേയ്ക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ ആവശ്യത്തിന് സ്റ്റാഫുണ്ട്. ആവശ്യമെങ്കിൽ അധിക തസ്തിക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പൊതുമരാമത്ത് വിശ്രമ കേന്ദ്രങ്ങൾ

31(1101) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വിശ്രമ കേന്ദ്രങ്ങളുടെ നവീകരണത്തിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത വിശ്രമ കേന്ദ്രങ്ങളിൽ കുറഞ്ഞ വാടകനിരക്കിൽ കാന്റീനിന്െറ നടത്തിപ്പ് ചുമതല ഏൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ റസ്റ്റ് ഹൗസുകളിലും അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തിയാക്കുകയും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയുള്ള നവീകരണ പ്രവൃത്തികൾ നടന്നുവരികയുമാണ്. പൊതുമരാമത്ത് വിശ്രമ കേന്ദ്രങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 872.18 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 4219.61 ലക്ഷം രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ ഇതുവരെയായി 1061.90 ലക്ഷം രൂപയുടെയും

അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ ഇപ്പോൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കൂടാതെ റസ്റ്റ് ഹൗസിലെ ജീവനക്കാർക്ക് യൂണിഫോം ഏർപ്പെടുത്തുകയും എൺപതോളം ജീവനക്കാർക്ക് " ഹോസ്പിറ്റാലിറ്റി" ട്രെയിനിംഗ് നൽകുകയും ബാക്കി ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

(ബി) ക്യാന്റീൻ സംവിധാനം ഏർപ്പെടുത്താൻ സൗകര്യമുള്ള എല്ലാ റസ്റ്റ് ഹൗസുകളിലും ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്കിൽ തന്നെയാണ് നടത്തിപ്പിന് ചുമതലപ്പെടുത്തിയിട്ടുള്ളത്.

## കാട്ടാക്കടയിൽ റസ്റ്റ് ഹൗസ്

32(1102) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കടയിൽ റസ്റ്റ് ഹൗസ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

കാട്ടാക്കട നിയോജക മണ്ഡലത്തിലെ കുളത്തോട് മലയിൽ സെല്ലാർ, ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ എന്നിങ്ങനെ മൂന്ന് നിലകളിലായി ആകെ 753.27 ച.മീ. വിസ്തീർണ്ണത്തിൽ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് സ്ഥാപിക്കുന്നതിനുവേണ്ടി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള 248.45 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതി നൽകുന്നതിനുവേണ്ടി പരിശോധിച്ചുവരുന്നു.

## പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിലെ പദ്ധതി ഫയലുകളിലെ കാലതാമസം

33(1103) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിൽ ജീവനക്കാരുടെ കുറവും ഓഫീസ് അധികാരഘടനയിലെ ന്യൂനതയുംമൂലം നിരവധി പദ്ധതികളുടെ ഫയലുകളിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് ജില്ലയിലെ 2 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ അംഗീകാരം നൽകുന്നതിനുള്ള അധികാരം നിരവധി ജില്ലകളുടെ ചാർജുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നല്കിയത് മൂലമുണ്ടാകുന്ന പ്രവൃത്തി ബാഹുല്യവും കാലതാമസവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പി.ഡബ്ല്യൂ.ഡി സെക്ഷൻ ഓഫീസിനും ഡിവിഷൻ ഓഫീസിനും ഇടയിൽ മറ്റ് സബ് ഓഫീസുകൾ ഇല്ലാത്തതാണ് ഇത്തരം കാലതാമസത്തിന് കാരണം എന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇത് മറികടക്കാൻ സർവ്വീസ് ഘടനയിലെ പരിഷ്കരണം ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് ഇലക്ട്രിക്കൽ ഡിവിഷന് കീഴിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം തുടങ്ങിയ 5 ജില്ലകൾ ഉൾപ്പെടുന്നുണ്ട്. ടി ജില്ലകളിലെ 2 ലക്ഷം മുതൽ 20 ലക്ഷം വരെയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികളും തുടർ പ്രവർത്തനങ്ങളും നടത്തുന്നത് കോഴിക്കോട് ഇലക്ട്രിക്കൽ ഡിവിഷനിൽ നിന്നാണ്. കഴിഞ്ഞ ഒരു വർഷത്തിൽ കോഴിക്കോട് ഇലക്ട്രിക്കൽ ഡിവിഷൻ 373 എഗ്രിമെന്റുകൾ വച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ശാക്തീകരണത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ഉൾപ്പെടെ ഇലക്ട്രിക്കൽ വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

**ആലുവ-മൂന്നാർ റോഡ്**

34 (1104) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 വർഷത്തെ ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ ആലുവ-മൂന്നാർ റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തീകരിച്ച് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) വളരെയധികം പ്രാധാന്യമുള്ളതും ആയിരക്കണക്കിന് ടൂറിസ്റ്റുകൾ നിത്യേന ഉപയോഗിക്കുന്നതുമായ പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ആലുവ-മൂന്നാർ റോഡിന്റെ ആലുവ മുതൽ കോതമംഗലം വരെയുള്ള ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ വർക്ക് പൂർത്തീകരിച്ച് 134.298 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

(സി&ഡി) ഭരണാനുമതിയും സാങ്കേതികാനുമതിയും അടിയന്തരമായി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്.

## മൂവാറ്റുപുഴ നഗര വികസനം

35(1105) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.സി. റോഡിൽ മൂവാറ്റുപുഴ നഗരഭാഗത്തിന്റെ വികസനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത നഗര വികസനം എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) മൂവാറ്റുപുഴ ടൗൺ വികസനത്തിനായുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. ഇതുവരെ സ്ഥലമെടുപ്പ് നടപടികൾ നടത്തിവരുന്നത് കെ.എസ്.ടി.പി. ഡിവിഷൻ മൂവാറ്റുപുഴയും സ്പെഷ്യൽ തഹസിൽദാർ, എൽ.എ. (എൻ. എച്ച്. നമ്പർ (1), കാക്കനാട് ആഫീസിൽ നിന്നുമാണ്. 2015-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഡ്രാഫ്റ്റ് ഡിക്ലറേഷനിൽ ഉൾപ്പെട്ടുവരുന്ന 82 കേസുകളുടെ സ്ഥലമെടുപ്പാണ് നടന്നുവരുന്നത്. 82 കേസുകളിൽ 78 കേസുകളിലെ സ്ഥലം കെ.എസ്.ടി.പി.-ക്ക് കൈമാറിയിട്ടുള്ളതും ടി സ്ഥലങ്ങളിൽ ഉൾപ്പെട്ടുവരുന്ന കെട്ടിടങ്ങൾ/ കെട്ടിടഭാഗങ്ങൾ പൊളിച്ചുനീക്കുന്ന പ്രവൃത്തി കരാറുകാരൻ മുഖാന്തരം പുരോഗമിച്ചുവരുന്നു. മൂവാറ്റുപ്പുഴ ടൗൺ വികസനം സ്ഥലമെടുപ്പ് കാലതാമസം കാരണം കെ.എസ്.ടി.പി.-യുടെ ഏറ്റുമാനൂർ-മൂവാറ്റുപ്പുഴ അപ്ഗ്രഡേഷൻ പ്രോജക്ടിൽ നിന്ന് ഒഴിവാക്കിയിരുന്നു. റോഡ് വികസനത്തിനായി ബാക്കി ആവശ്യമുള്ള സ്ഥലങ്ങളുടെ റിക്വിസിഷൻ ലിസ്റ്റ് പൊതുമരാമത്ത് നിരത്തു വിഭാഗം തയ്യാറാക്കിവരുന്നു. ആയതിനുള്ള സർവ്വേ വർക്കുകളും പുരോഗമിക്കുകയാണ്. ടൗൺ വികസനത്തിന്റെ ബാക്കി സ്ഥലമെടുപ്പും റോഡ് നിർമ്മാണവും കിഫ്ബിയിൽ

ഉൾപ്പെടുത്തി പൊതുമരാമത്ത് നിരത്തു വിഭാഗമാണ് നടപ്പിലാക്കുന്നത്. നഗര വികസനത്തിനാവശ്യമായ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പൊതുമരാമത്ത് നിരത്തു വിഭാഗത്തിന് അവശേഷിക്കുന്ന റിക്വിസിഷൻ സമർപ്പിക്കുവാനും സ്ഥലമേറ്റെടുപ്പുമായി മുന്നോട്ടുപോകുവാനും സാധിക്കുകയുള്ളൂ. സ്ഥലമേറ്റെടുപ്പ് കഴിഞ്ഞാൽ മാത്രമേ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ.

## കരമന-വെള്ളറട റോഡിന്റെ നവീകരണം

36(1106) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കരമന - വെള്ളറട റോഡിന്റെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള എൽ.എ. പ്രോപ്പോസലും റിക്വസിഷൻ ഫോറവും പൂർണ്ണമായും ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പൂർണ്ണമായും സമർപ്പിക്കാനാകുമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി യിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് തയ്യാറാക്കാനാകുമെന്ന് വിശദമാക്കാമോ;

(സി) റവന്യൂ വകുപ്പിന് കണ്ടിജൻസി ചാർജ് നൽകിയിട്ടുണ്ടോ; അതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കരമന-വെള്ളറട റോഡിന്റെ ആകെ 35.5 കിലോ മീറ്ററിൽ, 5.5 കി.മീ. മുതൽ 15.5 കി.മീ. വരെ 15-5-2018-ലും 5.5 കി.മീ. മുതൽ 17.5 കി.മീ. വരെ 18-9-2018-ലും 17.5 കി.മീ. മുതൽ 29 കി.മീ. വരെ 22-1-2019-ലും ലാൻഡ് അക്വിസിഷൻ പ്രൊപ്പോസലും റിക്വിസിഷൻ ഫോറവും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള 29 കിലോ മീറ്റർ മുതൽ 35.5 കിലോ മീറ്റർ വരെയുള്ള റോഡിന്റെ ലാൻഡ് അക്വിസിഷൻ നടപടികൾ നടന്നുവരികയാണ്. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ജില്ലാ കളക്ടർക്ക് ലാൻഡ് അക്വിസിഷൻ പ്രൊപ്പോസലും റിക്വിസിഷൻ ഫോറവും സമർപ്പിക്കാനാകുന്നതാണ്.

(ബി) ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഹൈവേ (ഡിസൈൻ വിംഗിനെ) ഏൽപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) റവന്യൂ വകുപ്പിന് കണ്ടിജൻസി ചാർജ് നൽകിയിട്ടുണ്ട്. ട്രഷറി ചെക്ക് മുഖേന 1.0724 കോടി രൂപ 8443-00-117-99 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്.

## വഴയില-നെടുമങ്ങാട് റോഡ്

37(1107) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഴയില - നെടുമങ്ങാട് റോഡ് നാലുവരി പാതയാക്കുന്നതിന് 2016 നവംബറിൽ അമ്പതുലക്ഷം രൂപ ടോക്കണായി ബജറ്റിൽ വകയിരുത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡ് നാലുവരിപ്പാതയാക്കുന്നതിനുള്ള സ്ഥലമെടുപ്പ് ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത പാതയ്ക്ക് കിഫ്ബിയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പാതയുടെ നിർമ്മാണം നിർത്തിവെയ്ക്കുവാൻ കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിർദ്ദേശം നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം-തെന്മല സംസ്ഥാന പാതയിൽ വഴയില ജംഗ്ഷനിൽ നിന്നും ആരംഭിച്ച് പഴകുറ്റി ജംഗ്ഷൻ വരെയുള്ള 9.50 കി.മീ. റോഡും നെടുമങ്ങാട് ടൗണിൽ പഴകുറ്റി ജംഗ്ഷനിൽ നിന്നും ആരംഭിച്ച് കച്ചേരിനട വഴി 11-ാം കല്ല് വരെയുള്ള 1.740 കി.മീ. ദൂരവും നാല് വരിപ്പാതയാക്കുന്നതിനായി 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 50 കോടി രൂപ വകയിരുത്തിയിട്ടുള്ളതാണ്. തുടർന്ന് 1-11-2016-ലെ സ.ഉ.(സാധാ.) നമ്പർ 1502/2016/പൊമവ. പ്രകാരം തത്വത്തിൽ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി&സി) നാലുവരിപ്പാതയുടെ സ്ഥലമെടുപ്പിന് കിഫ്ബി അംഗീകാരം നൽകി 59.22 കോടി രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ എൽ.എ. തഹസിൽദാരെ നിയമിക്കുകയും റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും ആവശ്യമായ ഉത്തരവിറക്കുകയും ചെയ്തു. എന്നാൽ തുടർന്ന് നാഷണൽ ഹൈവേ വിഭാഗത്തിൽ നിന്നും ഇതേ റോഡിൽ ഒരു പ്രവൃത്തി വരാനുള്ള സാധ്യത കണക്കിലെടുത്ത് കിഫ്ബിയിൽ നിന്നും പദ്ധതി മരവിപ്പിച്ചതിനാൽ സ്ഥലമെടുപ്പ് നടപടിക്രമങ്ങൾ നിർത്തിവച്ചിരിക്കുകയാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാഷണൽ ഹൈവേ വിഭാഗത്തിൽ നിന്നും ഒരു പ്രവൃത്തി നടപ്പിലാക്കാനുള്ള സാധ്യത കണക്കിലെടുത്താണ് നാലുവരിപ്പാത നിർമ്മാണം നിർത്തിവയ്ക്കാനായി കിഫ്ബി സി.ഇ.ഒ. നിർദ്ദേശം നൽകിയത്. എന്നാൽ തുടർന്ന്

കിഫ്ബി സി.ഇ.ഒ.-യുടെ കാര്യാലയത്തിൽ 24-1-2019-ാം തീയതിയിൽ നടന്ന മീറ്റിംഗിൽ ഈ പദ്ധതിയിലെ എൻ.എച്ച്.-ൽ നിന്നും പഠനം നടത്താത്ത നെടുമങ്ങാട് ടൗണിൽ വരുന്ന ഭാഗം 4 വരിപ്പാതയായും ബാക്കിഭാഗം കിഫ്ബി ഗൈഡ്‌ലൈൻ പ്രകാരമുള്ള നിർദ്ദിഷ്ട വീതിയിൽ രണ്ട് വരിപ്പാതയായും ചെയ്യുന്നതിനായുള്ള പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാനായി കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ട്.

**കക്കറ-കുരാറ -മാക്കുൽ പീടിക റോഡ്**

38(1108) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-19 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ട തലശ്ശേരി നിയോജക മണ്ഡലത്തിലെ പ്രവൃത്തിയായ കക്കറ-കുരാറ-മാക്കുൽ പീടിക റോഡിന് (ഭരണാനുമ തിയില്ലാത്ത മരാമത്ത് പണികൾ, ക്രമനമ്പർ 1479) ഭരണാനുമതി ലഭ്യമായോ;

(ബി) ഇല്ലെങ്കിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 5/460 കി.മീ. ദൈർഘ്യമുള്ള കക്കറ-കുരാറ-മാക്കുൽ പീടിക റോഡിന്റെ ചെയിനേജ് 0/000 മുതൽ 1/500 വരെയുള്ള ഭാഗം കഴിഞ്ഞ വർഷം ടാറിംഗ് പ്രവൃത്തി ചെയ്തതാണ്. 1/500 മുതൽ 2/500 വരെയുള്ള ഭാഗം എഫ്.ഡി.ആർ. പ്രവൃത്തിയിൽ ഉൾപ്പെടുത്തി ബി.എം. & ബി.സി. പ്രവൃത്തി ചെയ്യുന്നതിന് ടെണ്ടർ ചെയ്തിട്ടുണ്ട്. 2/500 മുതൽ 5/460 വരെയുള്ള ബാക്കി ഭാഗത്ത് ബി.എം. & ബി.സി. പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

**കോന്നി ബൈപ്പാസ് നിർമ്മാണം**

39(1109) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് തണ്ണീർത്തടം നികത്തുന്നതിന് അനുമതി ആവശ്യപ്പെട്ട് പ്രാദേശിക നിരീക്ഷണ സമിതിയ്ക്ക് അപേക്ഷ നൽകിയതെന്നാണ്; ആയതിൻമേൽ നടപടി പൂർത്തീകരിച്ച് ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പ് എന്തെങ്കിലും തുടർ നടപടി കൈക്കൊണ്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) പ്രസ്തുത അപേക്ഷ നടപടികൾ പൂർത്തീകരിച്ച് പ്രാദേശിക നിരീക്ഷണ സമിതിയിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിനും തുടർനടപടികൾ പൂർത്തീകരിക്കുവാനും അടിയന്തര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കോന്നി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് തണ്ണീർത്തടം നികത്തുന്നതിന് അനുമതി ആവശ്യപ്പെട്ട് പ്രാദേശിക സമിതിക്ക് 31-5-2018-ൽ അപേക്ഷ നൽകിയിട്ടുണ്ട്. കോന്നി കൃഷി ഓഫീസിൽ നിന്നുള്ള റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(ബി&സി) കോന്നി കൃഷി ഓഫീസിൽ നിന്നും അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പത്തനംതിട്ട നിരത്തുവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും കോന്നി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

## ഏറനാട് മണ്ഡലത്തിലെ പ്രവൃത്തികൾ

40(1110) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് അനുവദിച്ച പ്രവൃത്തികളും തുകയും പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചതും പണിപൂർത്തീകരിച്ചതുമായ പാലം, റോഡ്, കെട്ടിടങ്ങൾ മുതലായവയുടെ വിവരം നൽകാമോ;

(സി) പ്രളയവും മണ്ണിടിച്ചിലും ഉരുൾപൊട്ടലും ഏറ്റവും അധികം ബാധിച്ച മണ്ഡലം എന്ന നിലയിൽ ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് പുതുതായി ഭരണാനുമതി നല്കിയത്;

(ഡി) ഏതെല്ലാം പദ്ധതികളാണ് ഭരണാനുമതിക്കായി പരിഗണനയിലുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികളുടെ വിശദ വിവരങ്ങളും കെട്ടിട വിഭാഗത്തിന് കീഴിലുള്ളവയുടെ വിശദ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. *

(ഡി) 1. അരീക്കോട് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന് കെട്ടിട നിർമ്മാണം - 100 ലക്ഷം രൂപ.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. തച്ചണ്ണ ഗവൺമെന്റ് എൽ.പി. സ്കൂളിന് കെട്ടിട നിർമ്മാണം (12 ക്ലാസ് മുറികൾ) - 1250 ലക്ഷം രൂപ.

3. എടവണ്ണ സീതിഹാജി സ്മാരക ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന് കെട്ടിട നിർമ്മാണം (രണ്ടാം ഘട്ടം) - 300 ലക്ഷം രൂപ

4. എടവണ്ണ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം - സ്ഥലം ലഭ്യമായിട്ടില്ല.

5. എടവണ്ണ രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം - സ്ഥലം ലഭ്യമായിട്ടില്ല.

6. അരീക്കോട് ഗവൺമെന്റ് ഐ.ടി.ഐ. ഓഡിറ്റോറിയം നിർമ്മാണം - 150 ലക്ഷം രൂപ.

7. അരീക്കോട് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം - 300 ലക്ഷം രൂപ എന്നീ പദ്ധതികളാണ് കെട്ടിട നിർമ്മാണത്തിനു കീഴിൽ ഭരണാനുമതിക്കായി പരിഗണനയിലുള്ളത്. നിരത്തുകൾ വിഭാഗത്തിന് കീഴിലുള്ളവയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

## വകയാർ-വള്ളിക്കോട്-കൈപ്പട്ടൂർ റോഡ് പുനരുദ്ധാരണം

41(1111) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജക മണ്ഡലത്തിലെ വകയാർ - വള്ളിക്കോട് - കൈപ്പട്ടൂർ റോഡ് പുനരുദ്ധാരണത്തിന് സാങ്കേതിക അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) നാളിതുവരെ അനുമതി നൽകിയിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സാങ്കേതികാനുമതി അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) കോന്നി നിയോജകമണ്ഡലത്തിലെ വകയാർ- വള്ളിക്കോട് - കൈപ്പട്ടൂർ റോഡ് പുനരുദ്ധാരണത്തിനായി 28-3-2018-ലെ സ.ഉ.(എംഎസ്.) നമ്പർ 9/2018/പി.ഡബ്ല്യു.ഡി. ഉത്തരവ് പ്രകാരം 7 കോടി രൂപയ്ക്ക് ഭരണാനുമതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നൽകിയിട്ടുണ്ട്. 5 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിക്കേണ്ടതിനാൽ ആയത് പരിശോധനയ്ക്കുശേഷം സി.റ്റി.ഇ. നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ചും നിലവിലുള്ള ഡി.എസ്.ഒ.ആർ. പ്രകാരവും പുതുക്കി സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇടുക്കി ജില്ലയിലെ പ്രളയത്തിൽ തകർന്ന റോഡുകൾ**

42(1112) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയത്തിൽ തകർന്ന ഇടുക്കി ജില്ലയിലെ റോഡുകൾ പുനരുദ്ധരിക്കാൻ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) തൊടുപുഴ നിയോജക മണ്ഡലത്തിലെ റോഡുകൾ പുനരുദ്ധരിക്കാൻ അനുവദിച്ച തുകയെത്ര; പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രളയത്തിൽ തകർന്ന ഇടുക്കി ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകൾ പുനരുദ്ധരിക്കാൻ 30250.00 ലക്ഷം രൂപയും ദേശീയപാത വിഭാഗത്തിന്റെ അധികാര പരിധിയിൽ വരുന്ന റോഡുകൾ പുനരുദ്ധരിക്കാൻ 38.1273 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) തൊടുപുഴ നിയോജക മണ്ഡലത്തിലെ റോഡുകൾ പുനരുദ്ധരിക്കാൻ 4500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. സാങ്കേതികാനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**എക്കൽ-കക്കയം ഡാം സൈറ്റ് റോഡ്**

43(1113) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്കൽ-കക്കയം ഡാം സൈറ്റ് റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇ.കെ.ഡി റോഡ് നവീകരിക്കുന്നതിനായി സ്വീകരിച്ച വരുന്ന നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കിഫ്ബി മുഖാന്തരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിന് 10-7-2017-ലെ സ.ഉ.(സാധാ.) നമ്പർ 942/2017/പൊ.മ.വ. (ക്രമ നമ്പർ 27) പ്രകാരം 20 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകിയ പി.യു.കെ.സി. റോഡ് പ്രവൃത്തിക്ക് പകരമായി എകരൂൽ-കക്കയം ഡാം സൈറ്റ് റോഡ് നവീകരണ പ്രവൃത്തിക്ക് അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

## തൃശ്ശൂർ-കുറ്റിപ്പുറം റോഡിന്റെ വികസനം

44(1114) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ-കുറ്റിപ്പുറം പാതയിൽ മഴുവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ വികസനത്തിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പഠനം സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത റോഡിൽ കേച്ചേരി, ചൂണ്ടൽ എന്നിവിടങ്ങളിൽ പുതിയതായി നിർമ്മിക്കുന്ന പാലങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ)കിഫ്ബിയിൽ ഉൾക്കൊള്ളിച്ച് 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചതിനുശേഷം ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി ജില്ലാകളക്ടർക്ക് അർത്ഥന സമർപ്പിക്കുന്നതാണ്. സാമൂഹികാഘാത പഠനത്തിനുള്ള ഏജൻസിയെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) തൃശ്ശൂർ-കുറ്റിപ്പുറം റോഡിലുള്ള ചൂണ്ടൽ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന പഴയ പാലം പൊളിച്ചുനീക്കി പുതിയ പാലത്തിന്റെ അടിത്തറ നിർമ്മിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. എർത്ത് വർക്കിനുവേണ്ടിയുള്ള ലെവൽസ് എടുത്ത് കേച്ചരി പാലം പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## തിരുവല്ല ബൈപ്പാസ് നിർമ്മാണം

45(1115) ശ്രീ. മാത്യു ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി.യുടെ മേൽനോട്ടത്തിൽ നടന്നുവരികയായിരുന്ന തിരുവല്ല ബൈപ്പാസിന്റെ പണികൾ നിറുത്തി വയ്ക്കാനുണ്ടായ സാഹചര്യം എന്തായിരുന്നു; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പണി പുനരാരംഭിക്കുന്നതിന് മുമ്പ് എന്തെല്ലാം നടപടി ക്രമങ്ങൾ പൂർത്തീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) തിരുവല്ല ബൈപ്പാസിന്റെ പണികൾ എന്ന് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ-സി) കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി 2.3 കി.മീ. ദൈർഘ്യമുള്ള തിരുവല്ല ബൈപ്പാസ് നിർമ്മാണം 31.8 കോടി രൂപ കരാർ തുകയിൽ M/s. EKK & Co. Perumbavoor 19-12-2013-ൽ നിർമ്മാണം ആരംഭിച്ചു. 24 മാസം നിർമ്മാണ കാലാവധി നിശ്ചയിച്ചിരുന്ന ഈ പ്രവൃത്തി ചില പരിസ്ഥിതി പ്രവർത്തകർ നൽകിയ കേസിനെത്തുടർന്ന് Hon'ble Green Tribunal സ്റ്റേ ചെയ്യുകയുണ്ടായി. ഇതേത്തുടർന്ന് പ്രവൃത്തികൾ നിർത്തിവയ്ക്കുകയും ചെയ്തു. ഗ്രീൻ ട്രൈബ്യൂണലിന്റെ സ്റ്റേ നിയമപരമായി മാറിയശേഷം കോൺട്രാക്ടർക്ക് പണി പൂർത്തിയാക്കാൻ 263 അധിക ദിവസം നൽകാൻ തീരുമാനിക്കുകയും അതിനെത്തുടർന്ന് പണി പുനരാരംഭിക്കുകയും ചെയ്തു. പണി പുരോഗമിച്ച വേളയിൽ ചില സാങ്കേതിക കാരണങ്ങളാലും സൈറ്റിന്റെ പ്രത്യേകതയും മണ്ണിന്റെ സ്വഭാവവും നിമിത്തം ചില വലിയ വ്യത്യാസങ്ങൾ ഡി.പി.ആർ.-ൽ നിന്നും വ്യത്യസ്തമായി വരുത്തേണ്ടതായി വന്നു. 31.8 കോടി രൂപ കരാർ തുകയായിരുന്ന ഈ നിർമ്മാണത്തിൽ ഇപ്പോൾ ഏകദേശം 19 കോടി രൂപയുടെ പ്രവൃത്തികൾ ചെയ്തുകഴിഞ്ഞു.

31-5-2017 വരെ നിർമ്മാണം നടത്തുന്നതിനുള്ള സമയം അനുവദിച്ചിരുന്നുവെങ്കിലും 28-3-2017-ൽ ഉഭയസമ്മത പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കോൺട്രാക്ടർ സമർപ്പിക്കുകയും 7-11-2017-ൽ നടന്ന സ്റ്റിയറിംഗ് കമ്മിറ്റി പ്രസ്തുത പ്രവൃത്തി ടെർമിനേറ്റ് ചെയ്യുന്നതിനും പുതിയ ടെൻഡർ നടപടികൾ ആരംഭിക്കാനും ആവശ്യപ്പെട്ടു. ലോകബാങ്കിന്റെ നോ ഒബ്ജക്ഷൻ ലഭിച്ചതിനുശേഷം 21-2-2018-ൽ കരാർ റദ്ദ് ചെയ്യുകയുണ്ടായി. തുടർന്ന് പുതിയ ടെൻഡർ വിളിക്കുകയും 37.03 കോടി രൂപയ്ക്ക് മുംബൈ ആസ്ഥാനമായ M/s. GHV (India) Pvt. Ltd. എന്ന കമ്പനിയുമായി 29-12-2018-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 9 മാസമാണ് ഈ വർക്കിന്റെ കാലാവധി. 225 മീറ്റർ നീളമുള്ള ഒരു via duct-ന്റെ (പാലം) നിർമ്മാണമാണ് ബാക്കിയുള്ള പ്രവൃത്തികളിൽ പ്രധാനം.

## കണ്ണൂർ ജില്ലയിൽ സി.ആർ.എഫ്.-ൽ ഉൾപ്പെടുത്തിയ റോഡുകൾ

46(1116) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽ 2016-17, 2017-18, 2018-19 വർഷങ്ങളിൽ കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം റോഡുകൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഒടുവള്ളിത്തട്ട്- നടുവിൽ - കുടിയാൻമല റോഡിന് കേന്ദ്രഗവൺമെന്റ് അനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇതിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) തളിപ്പറമ്പ്- ഇരിക്കൂർ - ഇരിട്ടി റോഡ് സി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി യിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽ 2016-17, 2017-18, 2018-19 വർഷങ്ങളിൽ കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ അനുമതി ലഭിച്ച റോഡുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു :

2016-17

1. ചിറക്കുനി-ആണ്ടല്ലൂർ-പാറപ്രം-മൂന്നുപെരിയ-ചക്കരക്കൽ കാഞ്ഞിരോട്-മുണ്ടെരിമൊട്ട-ചെട്ടിക്കുളം-കരികൽക്കുഴി-പറശ്ശിനിക്കടവ്റോഡ് അഭിവൃദ്ധി പ്പെടുത്തൽ.
2. പയ്യന്നൂർ ചെറുപുഴ റോഡ് കി.മീ. 0/000 മുതൽ 15/000 വരെയുള്ള റോഡ് - അഭിവൃദ്ധിപ്പെടുത്തൽ.
3. കൊട്ടിയോടി-ചെറുവാഞ്ചേരി-കണ്ണവം റോഡ്- കി.മീ. 0/000 മുതൽ 15/000 വരെയുള്ള റോഡ് - അഭിവൃദ്ധിപ്പെടുത്തൽ
4. തിരൂർ-ബ്ലാത്തൂർ-ഇരിക്കൂർ-മട്ടന്നൂർ-റോഡ് - അഭിവൃദ്ധിപ്പെടുത്തൽ.
5. തളിപ്പറമ്പ-മന്ന-വെള്ളാവ്-കുറ്റിയേരി-പാണത്തൂർ - കാട്ടാമ്പള്ളിക്കടവ് - പൂവം റോഡ് - അഭിവൃദ്ധിപ്പെടുത്തൽ
6. കുപ്പം-എരിപുരം റോഡ് - കി.മീ. 0/000 മുതൽ 10/000 വരെയുള്ള റോഡ് - അഭിവൃദ്ധിപ്പെടുത്തൽ.

7. എടാട്ട് - ഹനുമാനമ്പലം - ഭാസ്കരൻ പീടിക – ശ്രീസ്ഥ – എമ്പേറ്റ് റോഡ് - കി.മീ. 0/000 മുതൽ 14/000 വരെ റോഡ് പുനരുദ്ധാരണം.

8. കയ്യാലി-കൊളശ്ശേരി - എരഞ്ഞോളി - തോട്ടുമ്മൽ - കതിരൂർ - കി.മീ. 0/000 മുതൽ 10/000 വരെ റോഡ് പുനരുദ്ധാരണം.

2017-18

1. കോളയാട്-മേനച്ചോടി-തൃക്കടാരിപൊയിൽ-കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് റോഡ്.

2. വാരപീടിക – മഞ്ഞളാംപുറം റോഡ് അഭിവൃദ്ധിപ്പെടുത്തൽ

2018-19

1. പിണറായി ഹോസ്പിറ്റൽ - പുത്തൻകണ്ടം - കോളല്ലൂർ - അറത്തിക്കാവ് - ശ്മശാനം റോഡ് - പാത്തക്കപ്പാറ സ്റ്റേഡിയം - വെണ്ടുട്ടായി - കമ്പൗണ്ടർ ഷോപ്പ് റോഡ്.

2. കൂട്ടുംമുഖം - കാവുംമ്പായി - നെടിയങ്ങ – ചുഴലി - പന്നിയൂർ - പൂവം റോഡ് - വെള്ളച്ചാൽ - വേങ്ങാട് റോഡ്.

3. ഇരിട്ടി - ശ്രീകണ്ഠാപുരം - തളിപ്പറമ്പ് റോഡ്.

4. ഉളിക്കൽ - അറബി കോളിത്തട്ട് - ആനക്കുഴി - പേരട്ട റോഡ്.

5. തൃക്കരിപ്പൂർ - മാത്തിൽ - മാതമംഗലം റോഡ്.

(ബി) ഒടുവള്ളിത്തട്ട് - നടുവിൽ - കുടിയാൻമല റോഡിന് കേന്ദ്രഗവൺമെന്റ് അനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. 30% പ്രവൃത്തി പൂർത്തിയായി.

(സി) തളിപ്പറമ്പ്-ഇരിക്കൂർ-ഇരിട്ടി റോഡ് സി.ആർ.എഫ്.-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 35 കോടി രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത്.

**കോങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

47(1117) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-19-ൽ കോങ്ങാട് മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പൊതുമരാമത്ത് പ്രവൃത്തികളുടെ തുക ഉൾപ്പെടെയുള്ള വിശദവിവരം നൽകുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പ്രവൃത്തികളിൽ എത്ര എണ്ണത്തിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(സി) ഇവയിൽ എത്ര പ്രവൃത്തികളുടെ പണി ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) 2018-19-ൽ കോങ്ങാട് നിയോജക മണ്ഡലത്തിൽ കെട്ടിട വിഭാഗത്തിന്റെ കീഴിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഗവ.യു.പി. സ്കൂൾ കെട്ടിട നിർമ്മാണം, കോങ്ങാട് റസ്റ്റ് ഹൗസ് നിർമ്മാണം എന്നിവയാണ്. ഗവ. യു.പി. സ്കൂളിന്റെ എസ്റ്റിമേറ്റ് തുക 40,00,000 രൂപയാണ്. കോങ്ങാട് റസ്റ്റ് ഹൗസ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയാണ്. പ്രസ്തുത സ്ഥലം വകുപ്പിന് കൈമാറ്റം ചെയ്തിട്ടില്ല. നിരത്തു വിഭാഗത്തിന് കീഴിലുള്ള 24 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. 20 പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

## മലപ്പുറം മണ്ഡലത്തിലെ പ്രവൃത്തികൾ

48(1118) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-19 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മലപ്പുറം മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) അവ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ;

(സി) സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് നടപ്പു വർഷം ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും അവ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കുമോ?

ഉത്തരം

(എ-സി) 2018-19 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പെരിങ്ങോട്ടുപാലം ജി.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണത്തിന് 2018-19 വർഷത്തെ എം.എൽ.എ. ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയുടെ ഭരണാനുമതി മലപ്പുറം ജില്ലാ കളക്ടർ നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തിക്ക് സാങ്കേതികാനുമതി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ലഭ്യമാവുകയും ടെണ്ടർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. നിരത്ത് വിഭാഗത്തിന് കീഴിൽ Budget work 2018-19 Special sanction-providing BM & BC Malappuram-Kottappadi Byepass between km 0/000 -0/610 & widening of Tirur-Malappuram road between km 25/650-26/230 in Malappuram LAC എന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ദേശീയപാത വിഭാഗത്തിൽ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി 2018-19 സാമ്പത്തിക വർഷത്തിൽ മലപ്പുറം മണ്ഡലത്തിലെ കാവുങ്ങൽ ബൈപ്പാസ് (4 വരി)-ന്റെ പുനരുദ്ധാരണത്തിന് 6 കോടി രൂപയുടെ ഭരണാനുമതി കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി ലഭ്യമായാൽ ഉടൻതന്നെ തുടർനടപടികൾ ആരംഭിക്കുന്നതാണ്.

**വാമനപുരം നിയോജകമണ്ഡലത്തിലെ റോഡ് നവീകരണം**

49(1119) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ഇരുന്നൂറ്റി അമ്പതു കിലോമീറ്റർ പി.ഡബ്ല്യു.ഡി. റോഡിൽ എത്ര കിലോമീറ്റർ നവീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ബാക്കിയുള്ളതിൽ എത്ര കിലോമീറ്റർ നവീകരിക്കുന്നതിനായി ഭരണാനുമതി ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) നവീകരിച്ചതിനു ശേഷമുള്ള റോഡിൽ ഇനിയും എത്ര കിലോമീറ്റർ അത്യാവശ്യമായി നവീകരിക്കേണ്ടതുണ്ടെന്നും അതിന് എന്ത് തുക വേണ്ടിവരുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന 250 കി.മീ. പി.ഡബ്ല്യു.ഡി. റോഡിൽ 25.5 കി.മീ. റോഡ് നവീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളതിൽ 77.98 കി.മീ. നവീകരിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഇനി 67 കി.മീ. നവീകരിക്കേണ്ടതായിട്ടുണ്ട്. അതിന് 102 കോടി രൂപ വേണ്ടിവരും.

## നടക്കാവ്-പിറവം-ഓലിയപ്പുറം-കൂത്താട്ടുകുളം റോഡ് പുനർ നിർമ്മാണം

50(1120) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയംമൂലം പിറവം നിയോജകമണ്ഡലത്തിലെ നടക്കാവ്-പിറവം-ഓലിയപ്പുറം-കൂത്താട്ടുകുളം റോഡിനുണ്ടായ നാശനഷ്ടവും തകർച്ചയും കണക്കാക്കുകയോ പരിശോധിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ ഈ റോഡിന്റെ ഏതൊക്കെ ഭാഗങ്ങളിൽ /റീച്ചുകളിൽ ആണ് ഏറ്റവും കൂടുതൽ തകർച്ച ഉണ്ടായത് എന്നറിയിക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ പേപ്പതി മുതൽ ഓലിയപ്പുറം വരെയുള്ള ഭാഗം പ്രളയത്തിന് മുമ്പെടുത്ത എസ്റ്റിമേറ്റ് അനുസരിച്ച് ബിറ്റുമിൻ കോൺക്രീറ്റ് ചെയ്യുന്നതിന് അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കുമോ;

(സി) പ്രളയത്തിൽ പ്രസ്തുത റോഡ് ഭാഗം പൂർണ്ണമായും തകർന്ന സാഹചര്യത്തിൽ ബി.എം. ചെയ്യാതെ പുനരുദ്ധരിച്ചാൽ അടുത്ത മഴക്കാലത്ത് റോഡ് വീണ്ടും തകരുന്നത് ഒഴിവാക്കാൻ കഴിയുമോ; ഇല്ലെങ്കിൽ പ്രസ്തുത ഭാഗത്ത് കാനകൾ നിർമ്മിച്ച് ബി.എം.ബി.സി. ചെയ്ത് പൂർണ്ണമായും പുനരുദ്ധരിക്കുന്നതിന് കൂടുതൽ തുക അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പേപ്പതിക്കും പാഴൂരിനുമിടയിൽ ചെയിനേജ് 16/400 മുതൽ 17/200 വരെയുള്ള ഭാഗം, ദേവിപ്പടി, പിറവം ടൗൺ, വാളിയപ്പാടം ജംഗ്ഷൻ എന്നിവിടങ്ങളിൽ സാരമായ കേടുപാട് സംഭവിച്ചിട്ടുണ്ട്.

(ബി) പേപ്പതി മുതൽ അഞ്ചൽപ്പെട്ടി കൂരാപ്പിള്ളി കുരിശ് വരെയുള്ള ഭാഗം ബി.സി. ചെയ്യുന്നതിന് 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) പ്രളയത്തിന് മുമ്പെടുത്ത എസ്റ്റിമേറ്റ് തൃപ്പൂണിത്തുറ-പിറവം റോഡിൽ 16/400 മുതൽ 20/300 വരെയും തൊടുപുഴ-പിറവം റോഡിലെ കി.മീ. 25/000 മുതൽ 33/400 വരെയും ആയിരുന്നു. ബി.എം. ചെയ്യാതെ പുനരുദ്ധരിച്ചാൽ അടുത്ത മഴക്കാലത്ത് റോഡ് വീണ്ടും തകരുന്നത് ഒഴിവാക്കാൻ കഴിയില്ല. ആയതിനാൽ ഏറ്റവും മോശമായി തകർന്ന സ്ഥലങ്ങളിൽ ബി.എം. & ബി.സി. ചെയ്യാൻ ഇപ്പോൾ എസ്റ്റിമേറ്റ് 5 കോടി രൂപയ്ക്കുതന്നെ റിവൈസ് ചെയ്തിട്ടുണ്ട്.

## വെങ്ങാട് - ചെമ്മലശ്ശേരി റോഡ്

51(1121) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 28-3-2018-ലെ 9/18/പൊ.മ.വ. നമ്പർ സർക്കാർ ഉത്തരവിലെ 27-ാം ഇനപ്രകാരം തുക അനുവദിച്ചിട്ടുള്ള മങ്കട നിയോജക മണ്ഡലത്തിലെ വെങ്ങാട്-ചെമ്മലശ്ശേരി റോഡ് നിർമ്മാണം നാളിതുവരെ ആരംഭിക്കാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് ടെക്നിക്കൽ സാങ്ഷൻ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇല്ല. ഭരണാനുമതി നൽകിയതിനുശേഷം ടാറിന്റെ റേറ്റിൽ മാറ്റം വന്നതുകൊണ്ട് ചെയിനേജിൽ മാറ്റം വരുത്തി പ്രവൃത്തി പുനഃനാമകരണം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## പാലക്കാട് ജില്ലയിൽ മലയോര ഹൈവേ

52(1122) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ മലയോര ഹൈവേയുടെ നീളം എത്രയാണെന്നും എവിടെ മുതൽ എവിടെ വരെയാണെന്നും വ്യക്തമാക്കാമോ;

(ബി) അതിൽ എത്ര കിലോമീറ്റർ ദൂരം ആലത്തൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുമെന്നും എവിടെ തുടങ്ങി എവിടെ അവസാനിക്കുമെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ മലയോര ഹൈവേയുടെ മൊത്തം നീളം 83.40 കിലോമീറ്ററാണ്. പാലക്കാട് ജില്ലയിൽ പൊൻപാറ-എടത്തനാട്ടുകര-കാപ്പുപറമ്പ് തിരുവിഴാംകുന്ന് കോട്ടോപ്പാടം കുമരംപുത്തൂർ മണ്ണാർക്കാട്-ചന്ദ്രനഗർ (പാലക്കാട് ടൗൺ) കല്ലിംഗൽ-പുതുനഗരം-കൊല്ലങ്കോട്-നെന്മാറ-വടക്കഞ്ചേരി വരെ നീണ്ട് കിടക്കുന്നു.

(ബി) വള്ളിയോട് മുതൽ പള്ളി വരെ 10 കി.മീ. ദൂരമാണ് ആലത്തൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്നത്.

(സി) ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

## ആലത്തൂർ നിയോജകമണ്ഡല പരിധിയിലെ എസ്.എൽ.റ്റി.എഫ്. പദ്ധതികൾ

53(1123) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ആലത്തൂർ നിയോജക മണ്ഡല പരിധിയിൽ എസ്.എൽ.റ്റി.എഫ്. പദ്ധതിയിൻകീഴിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

## വൈപ്പിൻ-മുനമ്പം സംസ്ഥാന പാതയുടെ അറ്റകുറ്റപ്പണി

54(1124) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ-മുനമ്പം സംസ്ഥാന പാതയുടെ അറ്റകുറ്റപ്പണിക്ക് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഈ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാന പാതയുടെ 25.50 കി.മീ. അറ്റകുറ്റപ്പണികൾക്ക് രണ്ടു ഭാഗങ്ങളിലായി 15 ലക്ഷം രൂപയുടെയും 20 ലക്ഷം രൂപയുടെയും രണ്ട് വർക്കുകൾക്ക് അനുമതി ലഭിച്ചു. പല പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും കരാറുകാർ ആരും ഏറ്റെടുക്കാത്തതിനാൽ ക്വട്ടേഷൻ മുഖാന്തരം വർക്ക് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ

55(1125) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മലയോര ഹൈവേകളുടെ വികസനത്തിൽ എത്ര ശതമാനം പുരോഗതി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ റീച്ചുകളിലാണ് ഇനിയും പ്രവൃത്തികൾ ആരംഭിക്കാൻ അവശേഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലയോര ഹൈവേയുടെ നിർമ്മാണത്തിൽ എടുത്തുപറയത്തക്ക രീതിയിലുള്ള പുരോഗതി കൈവരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല മുതൽ കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് വരെയുള്ള മലയോര ഹൈവേയുടെ നിർമ്മാണത്തിനായി 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 3500 കോടി രൂപ വകയിരുത്തിയതായി പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് നമ്പർ 942/2017/പി.ഡബ്ല്യു.ഡി., തീയതി 10-7-2017 പ്രകാരം 3500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകുകയും തുക കിഫ്ബിയിൽ നിന്നും ലഭ്യമാക്കുവാനും ഉത്തരവായി. ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിൽ കൂടിയും മലയോര ഹൈവേ കടന്നുപോകുന്നുണ്ട്. മലയോര ഹൈവേയുടെ നിർമ്മാണത്തിനായി സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നതിനായി 24 പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചു. ഇതിൽ 17 പദ്ധതികൾക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ചു. ഇവയിൽ തിരുവനന്തപുരം ജില്ലയിലെയും കൊല്ലം ജില്ലയിലെയും ഓരോ പ്രവൃത്തിയും കാസർഗോഡ് ജില്ലയിലെ 2 പ്രവൃത്തികളും എഗ്രിമെന്റ്വച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി ലഭിച്ച മറ്റ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കാസർഗോഡ് ജില്ലയിലെ ചേവാർ-ഇടപ്പറമ്പ, കോളിച്ചാൽ-ചെറുപുഴ എന്നീ രണ്ടു റീച്ചുകളിലാണ് ഇനിയും പ്രവൃത്തികൾ ആരംഭിക്കാൻ അവശേഷിക്കുന്നത്.

## മാനന്തവാടി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡ് പ്രവൃത്തികൾ

56(1126) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും നിലവിൽ സാങ്കേതികാനുമതി ലഭിക്കാനുള്ളതുമായ പൊതുമരാമത്ത് റോഡ് പ്രവൃത്തികളുടെ പേരുവിവരം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബി.എം. & ബി.സി. നിലവാരത്തിലേക്ക് റോഡുകൾ ഉയർത്തുന്നതിനായി മണ്ഡലത്തിലെ എത്ര പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;

(സി) മണ്ഡലത്തിൽ എത്ര കിലോമീറ്റർ റോഡാണ് ബി.എം. & ബി.സി. നിലവാരത്തിലേയ്ക്ക് മാറ്റുന്നതിന് നിലവിൽ ഭരണാനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

(ബി) 16 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) 63.92 കിലോമീറ്റർ റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിലേയ്ക്ക് മാറ്റുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

**നിലമ്പൂർ മണ്ഡലത്തിലൂടെ കടന്നുപോകുന്ന മലയോര ഹൈവേ**

57(1127) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ മണ്ഡലത്തിലൂടെ കടന്ന് പോകുന്ന മലയോര ഹൈവേയുമായി ബന്ധപ്പെട്ട നടപടി ഏതുവരെയായി; ഇതുമായി ബന്ധപ്പെട്ട ഫയൽ ഏത് ഓഫീസിലാണുള്ളതെന്ന് അറിയിക്കാമോ;

(ബി) ഫയൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ എത്തിയത് ഏത് ദിവസമാണ്; ഫയൽ എന്നാണ് സമർപ്പിച്ചത്;

(സി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതിക അനുമതി ലഭിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പ്രസ്തുത മലയോര ഹൈവേയുടെ പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് സാമ്പത്തികാംഗീകാരം ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, കേരള റോഡ് ഫണ്ട് ബോർഡിൽ 22-1-2019-ന് ലഭിക്കുകയും 28-1-2019-ൽ നടന്ന ടെക്നിക്കൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തു. കമ്മിറ്റി നിർദ്ദേശിച്ച തിരുത്തലുകൾ വരുത്തി എസ്റ്റിമേറ്റ് PRICE വഴി സമർപ്പിക്കുവാൻ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (കേരള റോഡ് ഫണ്ട് ബോർഡ്)-ൽ നിന്നും മഞ്ചേരി റോഡ്സ് വിഭാഗം എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ച തിരുത്തലുകൾ വരുത്തി എസ്റ്റിമേറ്റ് PRICE വഴി ലഭിച്ചാലുടൻ തന്നെ സാങ്കേതികാനുമതി നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മലപ്പുറത്തെ മലയോര ഹൈവേ നിർമ്മാണം

58(1128) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറത്തെ നിർദ്ദിഷ്ട മലയോര ഹൈവേ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ;

(ബി) ഇതിന്റെ നിർമ്മാണ ചുമതല ആർക്കാണെന്നും പണി ആരംഭിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; ഇല്ലെങ്കിൽ എന്നേക്ക് പണി ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) നിർമ്മാണത്തിനാവശ്യമായ തുക എത്രയെന്ന് വ്യക്തമാക്കാമോ; ഇതിനുള്ള തുക അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ മലയോര ഹൈവേ നിർമ്മാണത്തിനുവേണ്ടി 3 പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാംഗീകാരം ലഭ്യമായിട്ടുണ്ട്. ഈ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിലേയ്ക്കായി ടെക്നിക്കൽ കമ്മിറ്റി ഇതിനകം പരിഗണിക്കുകയും കമ്മിറ്റി നിർദ്ദേശിച്ച തിരുത്തലുകൾ വരുത്തിയ എസ്റ്റിമേറ്റ് PRICE വഴി ലഭിച്ചാലുടൻതന്നെ സാങ്കേതികാനുമതി നൽകുന്നതാണ്.

(ബി) നിർമ്മാണച്ചുമതല എസ്.പി.വി. ആയ KRFB-ക്കാണ്. സാങ്കേതികാനുമതി നൽകിയാൽ ഉടൻതന്നെ ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതാണ്.

(സി) മേൽ പ്രവൃത്തികൾക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാംഗീകാരം ലഭിച്ചതിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു :

1. പൂക്കോട്ടുംപാടം - തമ്പുരാട്ടിക്കല്ല് - 115.38 കോടി രൂപ.
2. പൂക്കോട്ടുംപാടം - മേലേപ്പാടം റോഡ് - 49.5 കോടി.
3. പൂക്കോട്ടുംപാടം ജംഗ്ഷൻ മുതൽ പൊൻപാറ വരെ -103.11 കോടി.

## മൂവാറ്റുപ്പുഴ ബൈപ്പാസ്

59(1129) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ ബൈപാസ് നിർമ്മാണത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ബൈപാസ് എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## ഉത്തരം

(എ) 130 ജംഗ്ഷനിൽ നിന്നും ആരംഭിച്ച് എൻ.എച്ച്. 49-ന്റെ കടാതി ഭാഗത്ത് അവസാനിക്കുന്ന 2.27 കി.മീ. ദൂരം വരുന്ന മൂവാറ്റുപുഴ ബൈപ്പാസിന് (മുറിക്കല്ല് ബൈപ്പാസ്) വേണ്ടി വെള്ളൂർക്കുന്നം വില്ലേജിലെ 1.1542 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് റോഡ് നിർമ്മാണം ഫോർമേഷൻ ലെവൽ വരെ പൂർത്തീകരിച്ചിട്ടുണ്ട്. അതോടൊപ്പം മുറിക്കല്ല് പാലവും പൂർത്തീകരിച്ചു. ബാക്കിയുള്ള 1.636 കി.മീ. ദൂരം വരുന്ന മാറാടി വില്ലേജ് ഭാഗത്തെ 2.2037 ഹെക്ടർ സ്ഥലം ഇനിയും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഈ പ്രവൃത്തിക്കുവേണ്ടി 2018 ആഗസ്റ്റിൽ 50 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി കിഫ്ബി മുഖാന്തരം നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മൂവാറ്റുപുഴ ബൈപ്പാസിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ വർക്ക് പൂർത്തീകരിച്ച് ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി നടന്നുവരുന്നു. കെ.എസ്.ഇ.ബി. യൂട്ടിലിറ്റി ഷിഫ്റ്റിംഗിനും വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ മാറ്റുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനും കെട്ടിടങ്ങളുടെ നഷ്ടപരിഹാരവും ഉൾപ്പെടുത്തി ഈ പദ്ധതിയുടെ മൊത്തം എസ്റ്റിമേറ്റ് തുക 66.41 കോടി രൂപയാണ്.

(ബി) സ്ഥലം ഏറ്റെടുക്കൽ, കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചാൽ 18 മാസത്തെ കാലയളവിൽ ടി പദ്ധതി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

## ആറ്റിങ്ങൽ ബൈപ്പാസ്

60(1130) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ പട്ടണത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാനായി ആറ്റിങ്ങൽ ബൈപ്പാസ് അടിയന്തര പ്രാധാന്യത്തോടെ നിർമ്മിക്കുവാൻ സാധിക്കുമോ;

(ബി) കഴക്കൂട്ടം-ചേർത്തല പാതയുടെ പൂർത്തീകരണത്തിന് മുൻപായി, അതിരൂക്ഷ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ആറ്റിങ്ങൽ പോലുള്ള പ്രദേശത്ത് പ്രവൃത്തി പൂർത്തീകരിക്കാൻ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) പ്രവൃത്തി നടപ്പാക്കാനുദ്ദേശിക്കുന്ന ചേർത്തല-ഓച്ചിറ-കഴക്കൂട്ടം (കി.മീ. 379/100 മുതൽ കി.മീ. 465/000 വരെ) നാലുവരിപ്പാത വികസന പദ്ധതിയിൽ ആറ്റിങ്ങൽ ബൈപ്പാസിന്റെ പുതിയ അലൈൻമെന്റ് ഉൾപ്പെട്ടിട്ടുണ്ട്.

(ബി) ആറ്റിങ്ങൽ ടൗണിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനായി ടൗണിൽ കൂടി കടന്നുപോകുന്ന ദേശീയപാതയുടെ വികസനത്തിന് 7-11-2017-ലെ സംസ്ഥാന സർക്കാർ ഉത്തരവ് നമ്പർ (സാധാ.)/1662/2017/പൊ.മ.വ. പ്രകാരം 24.77 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 10-12-2018-ൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പൂവമ്പാറ മുതൽ മൂന്നുമുക്ക് വരെയുള്ള ആറ്റിങ്ങൽ ടൗണിലൂടെ കടന്നുപോകുന്ന പാത 16 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**തിരുവമ്പാടി മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ**

61(1131) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലുൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് തിരുവമ്പാടി മണ്ഡലത്തിൽ നടപ്പിലാക്കുന്ന ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത, കൈതപ്പൊയിൽ - കോടഞ്ചേരി - അഗസ്ത്യാർമൂഴി റോഡ് നിർമ്മാണം, അടിവാരം - കേളൻമൂല റോഡ് നിർമ്മാണം, തിരുവമ്പാടി - ആനക്കാംപൊയിൽ - മറിപ്പുഴ റോഡ് നിർമ്മാണം, മണാശ്ശേരി - ചുള്ളിക്കാപറമ്പ് - കവിലട റോഡ് നിർമ്മാണം, മലയോര ഹൈവേ - കോഴഞ്ചേരി മുതൽ കക്കാടംപൊയിൽ വരെ എന്നീ പദ്ധതികളുടെ നിലവിലുള്ള സ്ഥിതിയും വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) ഇവയിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾക്ക് എന്ന് ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി തുരങ്കപാതയ്ക്കുവേണ്ടി ഡി.പി.ആർ. തയ്യാറാക്കുന്നതിന് കൊങ്കൺ റെയിൽവേ കോർപ്പറേഷനുമായുള്ള MOU തയ്യാറാക്കിവരുന്നു. കൈതപ്പൊയിൽ - കോടഞ്ചേരി - അഗസ്ത്യാർമൂഴി റോഡിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. അടിവാരം-കേളൻമൂല റോഡ് പ്രവൃത്തിക്കായുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു. തിരുവമ്പാടി - ആനക്കാംപൊയിൽ - മറിപ്പുഴ റോഡ് പ്രവൃത്തിക്കായുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. മണാശ്ശേരി - ചുള്ളിക്കാപറമ്പ്-കാവിലട റോഡ് പ്രവൃത്തിയുടെ മണാശ്ശേരി മുതൽ തെയ്യത്തുംകടവ് വരെയും കൊടിയത്തൂർ മുതൽ കാവിലട വരെയും ആവശ്യമായ സ്ഥലം ലഭ്യമായതിനാൽ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിനും തെയ്യത്തും കടവ് മുതൽ കൊടിയത്തൂർ വരെയുള്ള ഭാഗത്ത് സ്ഥലം ഏറ്റെടുക്കേണ്ടതായുള്ളതിനാൽ പ്രസ്തുത ഭാഗം രണ്ടാംഘട്ടമായി പൂർത്തിയാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മലയോര ഹൈവേ നിർമ്മാണം - കോടഞ്ചേരി മുതൽ കക്കാടംപൊയിൽ വരെയുള്ള പ്രവൃത്തിക്ക് 144 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്രളയത്തിൽ തകർന്ന എറണാകുളം ജില്ലയിലെ പി.ഡബ്ല്യൂ.ഡി. റോഡുകൾ

62(1132) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018 ആഗസ്റ്റ് മാസമുണ്ടായ പ്രളയത്തിൽ തകർന്ന മൂവാറ്റുപുഴ, കോതമംഗലം, തൃപ്പൂണിത്തുറ, പിറവം, പെരുമ്പാവൂർ, കുന്നത്തുനാട് എന്നീ നിയോജക മണ്ഡലങ്ങളിലെ പി.ഡബ്ല്യൂ.ഡി. റോഡുകൾ നന്നാക്കുന്നതിന് എത്ര രൂപ ആകെ അനുവദിച്ചുവെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) മേൽപ്പറഞ്ഞ മണ്ഡലങ്ങളിലെ പ്രളയത്തിൽ തകർന്ന പി.ഡബ്ല്യൂ.ഡി. റോഡുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കാൻ എത്ര തുക ആവശ്യപ്പെട്ടിരുന്നു എന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും ഉപരിതലം പുതുക്കുന്നതിനുമായി താഴെപ്പറയും പ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| മൂവാറ്റുപ്പുഴ | - | 1750 ലക്ഷം രൂപ |
| കോതമംഗലം | - | 1750 ലക്ഷം രൂപ |
| പിറവം | - | 1150 ലക്ഷം രൂപ |
| പെരുമ്പാവൂർ | - | 1200 ലക്ഷം രൂപ |
| കുന്നത്തുനാട് | - | 1150 ലക്ഷം രൂപ |
| തൃപ്പൂണിത്തുറ | - | 1070 ലക്ഷം രൂപ |

(ബി) അറ്റകുറ്റപ്പണികൾക്കായി താഴെപ്പറയും പ്രകാരം ഫണ്ട് ആവശ്യപ്പെട്ടിരുന്നു.

| | | |
|---|---|---|
| മൂവാറ്റുപ്പുഴ | - | 882.00 ലക്ഷം രൂപ |
| കോതമംഗലം | - | 1218 ലക്ഷം രൂപ |
| പിറവം | - | 736 ലക്ഷം രൂപ |
| പെരുമ്പാവൂർ | - | 1099 ലക്ഷം രൂപ |
| കുന്നത്തുനാട് | - | 864 ലക്ഷം രൂപ |
| തൃപ്പൂണിത്തുറ | - | 63.50 ലക്ഷം രൂപ |

## ഈരാറ്റുപേട്ട-വാഗമൺ റോഡിന്റെ നിർമ്മാണ പ്രവൃത്തി

63(1133) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 66 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും സ്ഥലം ഏറ്റെടുപ്പ് നടപടികൾ നീളുന്ന, ഈരാറ്റുപേട്ട-വാഗമൺ റോഡിന്റെ പ്രവൃത്തിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിലുള്ള കാലതാമസം ഒഴിവാക്കുവാൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഈരാറ്റുപേട്ട-വാഗമൺ റോഡിന്റെ വികസന പ്രവൃത്തികൾക്ക് കിഫ്ബിയിൽ നിന്ന് അംഗീകാരവും 63.99 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. 23.800 കി.മീ. നീളമുള്ള ഈരാറ്റുപേട്ട-വാഗമൺ റോഡിന്റെ പുനരുദ്ധാരണ ജോലികളുടെ പ്രാരംഭ നടപടികളിൽപ്പെട്ട പെഗ്മാർക്കിംഗ്, അതിർത്തിക്കല്ലുകൾ സ്ഥാപിക്കൽ എന്നീ ജോലികൾക്ക് കരാർ നൽകിയിട്ടുള്ളതുമാണ്. കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിലെ ഈരാറ്റുപേട്ട, തീക്കോയി എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട 18340 ചതുരശ്ര മീറ്റർ സ്ഥലത്തിന് 1961-ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ട് പ്രകാരം 6(1) നോട്ടിഫിക്കേഷൻ നമ്പർ 1616 പ്രകാരം 14-6-2018-ന് ലഭ്യമായിട്ടുണ്ട്. ഇടുക്കി ജില്ലയിൽ 420 ചതുരശ്ര മീറ്റർ സ്ഥലത്തിനുള്ള 6(1) ലഭിക്കുന്നതിനായി റിക്വിസിഷൻ ഫോറം ഇടുക്കി കളക്ടർക്ക് 17-9-2018-ൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ മാർഗ്ഗരേഖകൾ പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കുകയും ചട്ടപ്രകാരമുള്ള എല്ലാ അനുമതി പത്രങ്ങളും ലഭിക്കുകയും ചെയ്താലേ സാങ്കേതികാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ.

(ബി) കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പ്രവൃത്തികൾ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കിഫ്ബി പ്രവൃത്തികളുടെ അവലോകനവും നടത്താറുണ്ട്.

## അങ്ങാടിപ്പുറം റെയിൽവേ ഓവർബ്രിഡ്ജ് ടാറിംഗ്

64(1134) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-കോഴിക്കോട് ദേശീയപാതയിൽ അങ്ങാടിപ്പുറം റെയിൽവേ ഓവർബ്രിഡ്ജിന്റെ ഉപരിതലവും അപ്രോച്ച് റോഡും ഗതാഗതയോഗ്യമല്ലാതായതിനെ തുടർന്ന് നിലവിലെ ടാറിംഗ് നീക്കം ചെയ്ത് കരാറുകാരന്റെ സ്വന്തം ചെലവിൽ പുതിയ ടാറിംഗ് ചെയ്യുന്നതിന് ആർ.ബി.ഡി.സി.കെ. നൽകിയ നിർദ്ദേശപ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി പ്രവൃത്തി പൂർത്തീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഏതെല്ലാം തരത്തിലുള്ള പരിശോധനകളാണ് ആർ.ബി.ഡി.സി.കെ. നടത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനായി റെയിൽവേ ഓവർബ്രിഡ്ജ് താൽക്കാലികമായി അടച്ചിടേണ്ടതായിട്ടുണ്ട്. അതിനായി ട്രാഫിക് ഡൈവേർഷൻ പ്ലാൻ തയ്യാറാക്കി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. അനുവാദം ലഭിക്കുന്ന മുറയ്ക്ക് റോഡ് ക്ലോസ് ചെയ്ത് അടിയന്തരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) MORTH നിഷ്കർഷിക്കുന്ന Bitumin extraction test, gradation test തുടങ്ങിയ പരിശോധനകൾ നടത്തിയിട്ടുണ്ട്.

## ഒറ്റപ്പാലത്തെ റോഡുകളുടെയും പാലങ്ങളുടെയും പുനർ നിർമ്മിതി

65(1135) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയിൽ തകർന്ന റോഡുകളും, പാലങ്ങളും പുനർ നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പ്രളയക്കെടുതിയിൽ തകർന്ന റോഡുകളും, പാലങ്ങളും പുനർ നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) എത്ര തുക ഇതിനായി അനുവദിച്ചു; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയത്തിൽ തകർന്ന റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന്റെ ഭാഗമായി അടിയന്തര അറ്റകുറ്റപ്പണികൾ യുദ്ധകാല അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലം റോഡിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നതിനായി അനുവദിച്ച 2395 പ്രവൃത്തികൾ എല്ലാംതന്നെ പൂർത്തീകരിച്ചിട്ടുണ്ട്. 7956 കി.മീറ്ററിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും തകർന്ന കലുങ്കുകൾ, സംരക്ഷണഭിത്തികൾ തുടങ്ങിയവ പുനർ നിർമ്മിക്കുന്നതിനുള്ള 656 പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. നോൺപ്ലാൻ ഫണ്ട്, ദുരന്ത നിവാരണ ഫണ്ട് എന്നിവയിൽനിന്നും മേൽപ്പറഞ്ഞ ഹ്രസ്വകാല അടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾക്കെല്ലാംതന്നെ 2018 സെപ്റ്റംബർ 18-നകം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 4429 കി.മീ റോഡിലെ അറ്റകുറ്റപ്പണികളും 164 മറ്റ് പ്രവൃത്തികളും ജനുവരി 1-ന് മുമ്പായി പൂർത്തീകരിച്ചിട്ടുണ്ട്. 3148 കി.മീ. റോഡുകളുടെ അറ്റകുറ്റപ്പണികളും 429 മറ്റ് പ്രവൃത്തികളും പുരോഗതി യിലാണ്. 379 കി.മീ. റോഡുകളിലെ അറ്റകുറ്റപ്പണികളും 63 മറ്റ് പ്രവൃത്തികളും ടെണ്ടർ നടപടികളിലുമാണ്. ഈ പ്രവൃത്തികൾ എല്ലാംതന്നെ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപരിതലം പുതുക്കൽ ആവശ്യമായ റോഡുകൾ മുൻഗണനാ പ്രകാരം ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 27-11-2018-ലെ G.O.(Rt) No.1842/2018/PWD പ്രകാരം ബഡ്ജറ്റ് ശീർഷകത്തിൽ 239.69 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 22-12-2018-ലെ G.O. (Rt) No. 1978/2018/PWD പ്രകാരം വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർ നിർമ്മാണത്തിനും അറ്റകുറ്റപ്പണി കൾക്കുമായി 1191 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡിസൈൻ ചെയ്ത് പുനർ നിർമ്മിക്കേണ്ട റോഡുകൾ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പുനർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. KRFB-യുടെ പരിധിയിൽ വരുന്ന ശംഖുമുഖം-ബീച്ച് റോഡിൽ ഏകദേശം 300 മീറ്റർ റോഡ് തകർന്ന നിലയിലാണ്. ഇതിന് ഏകദേശം 42.62 ലക്ഷം രൂപയുടെ നാശനഷ്ടം വരുന്നതായി കണക്കാക്കിയിട്ടുണ്ട്. KRFB റോഡുകളുടെ കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ചാലുടൻ പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പ്രളയക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനർ നിർമ്മാണത്തിനായി 8 പ്രവൃത്തികൾക്കായി 53 ലക്ഷം രൂപ അനുവദിച്ചു. കൂടാതെ ബഡ്ജറ്റ് 2018-19-ൽ ഒരു പ്രവൃത്തിക്ക് 200 ലക്ഷം രൂപയും ഫ്ലഡ് 2018-19-ൽ 4 പ്രവൃത്തികൾക്കായി 700 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെട്ട കോങ്ങാട് മംഗലംകുന്ന് റോഡിന് പ്രളയത്തിൽ സംഭവിച്ച കേടുപാടുകൾ കരാറുകാരൻതന്നെ പൂർത്തീകരിച്ചിട്ടുള്ളതാണ്.

(സി) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

## കടുത്തുരുത്തി വലിയപാലത്തോട് ചേർന്ന് ബസ് ബേ നിർമ്മാണം

66(1136) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി വലിയപാലത്തോട് ചേർന്ന് ബസ് ബേ നിർമ്മിക്കുന്നതിന് 2018-2019 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന 2 കോടി 20 ലക്ഷം രൂപയുടെ പൊതുമരാമത്ത് പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ; ഇല്ലെങ്കിൽ ആയത് എന്നത്തേയ്ക്ക് ലഭ്യമാക്കും എന്ന് വ്യക്തമാക്കാമോ;

(ബി) ഇതേ ആവശ്യമുന്നയിച്ച് 20-1-2018-ൽ സർക്കാരിന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ നമ്പർ ജ 1/67/2018 പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഡി.പി.ആർ തയ്യാറായിട്ടുണ്ടോ; ഈ ഡി.പി.ആർ തയ്യാറാക്കുന്നതിന് മുമ്പായി ജനപ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ഡി) പദ്ധതിക്ക് അന്തിമ രൂപം നൽകിയിട്ടുണ്ടോ എന്നും വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ 28-1-2019-ൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ല. ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടതിനാൽ അതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി 5.46 ലക്ഷം രൂപയുടെ ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി ഡി.പി.ആർ. തയ്യാറാക്കുന്നതാണ്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുമുമ്പായി ജനപ്രതിനിധികളുമായി ചർച്ച നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഡി) ഡി.പി.ആർ. തയ്യാറാക്കിയാൽ മാത്രമേ പദ്ധതിക്ക് അന്തിമരൂപം നൽകുകയുള്ളൂ.

## തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

67(1137) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനു കീഴിൽ നടന്നു വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ; ഈ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയപാതാ വിഭാഗത്തിൻകീഴിൽ സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി നടക്കുന്ന ജഗതി - തിരുവല്ലം പ്രവൃത്തിയിൽ ജഗതി കണ്ണേറ്റുമുക്ക് വലിയശാലാ റോഡിലെ ഓട നിർമ്മാണം നടന്നുവരുന്നു. റോഡ് പുനരുദ്ധാരണ പ്രവൃത്തി ഉടൻ ആരംഭിക്കും. ഈസ്റ്റ്ഫോർട്ട്- മണക്കാട് (അട്ടക്കുളങ്ങര) ഫ്ലൈ ഓവർ ആർ.ബി.ഡി.സി.കെ. ആണ് നിർമ്മിക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ അലൈൻമെന്റ് തയ്യാറാക്കി വരികയാണ്. നിരത്തുകളും പാലങ്ങളും, കെട്ടിടവിഭാഗം എന്നിവയുടെ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## തീയിട്ടതിനാൽ കോഴിക്കോട് ജില്ലയിൽ റോഡുകൾക്കുണ്ടായ കേടുപാടുകൾ

68(1138) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ അടുത്തിടെയുണ്ടായ ഹർത്താലുകളുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ തീയിട്ടത് കാരണം റോഡുകൾക്ക് കേടുപാടുകൾ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ നഷ്ടമാണ് സംഭവിച്ചതെന്ന് വിശദമാക്കുമോ;

(സി) നഷ്ടപരിഹാരം ഈടാക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. കോഴിക്കോട് ജില്ലയിൽ അടുത്തിടെയുണ്ടായ ഹർത്താലുകളുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ തീയിട്ടതുകാരണം പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ 47200 രൂപയുടെയും ദേശീയപാതാ വിഭാഗത്തിനുകീഴിൽ 49856 രൂപയുടെയും നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച പരാതി തുടർനടപടികൾക്കായി പോലീസിന് കൈമാറിയിട്ടുണ്ട്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

69(1139) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2011-12, 2012-13, 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ നടത്തിയ പൊതുമരാമത്ത് പ്രവൃത്തികൾ (റോഡ്, പാലം, ബിൽഡിംഗ്) ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും ഭരണാനുമതി നൽകിയ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) 2012 മുതൽ 2016 മാർച്ച് വരെ ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ പൂർത്തിയാക്കേണ്ട പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പ് 2011-12 മുതൽ നിരത്ത്/കെട്ടിട വിഭാഗങ്ങൾ നടത്തിയ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.* ദേശീയപാതാ വിഭാഗത്തിനുകീഴിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2013-14 വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ സി.ആർ.എഫ്. പദ്ധതിയിലുൾപ്പെടുത്തി രണ്ട് റോഡുകളുടെ നവീകരണ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. ഇംപ്രൂവ്മെന്റ് ഓഫ് ഉദിയൻകുളങ്ങര - പ്ലാമൂട്ടുക്കട - ചാരോട്ടുകോണം ചെങ്കവിള ആന്റ് പ്ലാമൂട്ടുക്കട - ഇടിച്ചക്ക പ്ലാമൂട് ഓഫ് എൻ.എച്ച്. 47 - 12 കോടി രൂപ

2. ഇംപ്രൂവ്മെന്റ് ആന്റ് സ്ട്രെങ്ത്തണിംഗ് ഓഫ് വീക്ക് പേവ്മെന്റ് ബൈ പ്രൊവൈഡിംഗ് ബി.എം. ആൻഡ് ബി.സി. ഫോർ എം.ഡി.ആർ. സ്റ്റാർട്ടിംഗ് ഫ്രം 581/600 കണക്ടിംഗ് ബാലരാമപുരം-കാഞ്ഞിരംകുളം-പൂവാർ ഇൻ തിരുവനന്തപുരം ഡിസ്ട്രിക്ട് - 12 കോടി രൂപ.

(സി) ദേശീയപാതാ വിഭാഗത്തിനുകീഴിൽ 2012 മുതൽ 2016 മാർച്ച് വരെ ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ പൂർത്തീകരിക്കേണ്ട പ്രവൃത്തികളൊന്നും തന്നെയില്ല. നിരത്ത് വിഭാഗത്തിൽ 2014-15 കാലയളവിൽ ഭരണാനുമതി ലഭിച്ച പ്ലാമൂട്ടുക്കട-മാവിളക്കടവ് റോഡിന്റെയും പഴയകട-കാഞ്ഞിരംകുളം റോഡിലെ കി.മീ. 0/000 മുതൽ 3/150 വരെയുള്ള പുനരുദ്ധാരണ പ്രവൃത്തി പൂർത്തിയാകാനുണ്ട്. 2011-12 കാലയളവിൽ ഭരണാനുമതി ലഭിച്ച പാഞ്ചിക്കാട്ട് കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

## ചെർപ്പുളശ്ശേരി ഓവർ ബ്രിഡ്ജ് പ്രവൃത്തിയുടെ പുനർനാമകരണം

70(1140) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 വർഷത്തെ കിഫ്ബി പ്രവൃത്തിയായ ഷൊർണ്ണൂർ മണ്ഡലത്തിലെ 'ചെർപ്പുളശ്ശേരി ഓവർ ബ്രിഡ്ജ്' എന്ന പ്രവൃത്തി 'ചെർപ്പുളശ്ശേരി ബൈപ്പാസ് നിർമ്മാണവും നഗരവികസനവും' എന്നാക്കി പുനർനാമകരണം ചെയ്യുവാൻ പ്രൊപ്പോസൽ സമർപ്പിച്ചതിൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പുനർനാമകരണം നടത്തി ഈ പ്രവൃത്തിക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2017-18 സാമ്പത്തിക വർഷത്തിൽ കിഫ്ബിയിലുൾപ്പെടുത്തി തത്വത്തിൽ അനുമതി നൽകിയ 'ചെർപ്പുളശ്ശേരി ഓവർ ബ്രിഡ്ജ് ' എന്ന പ്രവൃത്തിക്ക് പകരമായി 'ചെർപ്പുളശ്ശേരി ബൈപ്പാസ് നിർമ്മാണവും നഗരവികസനവും' എന്ന പ്രവൃത്തിക്ക് അനുമതി നൽകുന്ന പ്രൊപ്പോസൽ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തിരുവനന്തപുരത്തെ മേൽപ്പാലങ്ങളുടെ നിർമ്മാണം

71(1141) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ഉള്ളൂരിലും ശ്രീകാര്യത്തും പട്ടത്തും നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇവയുടെ സാമൂഹികാഘാത പഠനം പൂർത്തിയാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) പ്രസ്തുത ആവശ്യത്തിനായി എത്ര ഏക്കർ സ്ഥലമാണ് ഓരോ സ്ഥലത്തും ഏറ്റെടുക്കേണ്ടതെന്നും എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കണമെന്നും കണ്ടെത്തിയിട്ടുണ്ടോ;

(ഡി) മേൽപ്പാലത്തിന് സ്ഥലമേറ്റെടുക്കുമ്പോൾ റോഡിന്റെ രണ്ട് വശത്ത് നിന്നും തുല്യമായി സ്ഥലമേറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) തിരുവനന്തപുരത്ത് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കാനാവശ്യമായ സ്ഥലമെടുപ്പിനുള്ള പ്രക്രിയ പുരോഗമിച്ചു വരികയാണ്. ഇതിൽ ശ്രീകാര്യത്ത് സ്ഥലമെടുപ്പ് പ്രക്രിയയുടെ ഭാഗമായ സാമൂഹികാഘാത പഠനം പൂർത്തിയായി. ഉള്ളൂരിൽ പ്രസ്തുത പഠനം പുരോഗമിച്ചു വരുന്നു. പട്ടം മേൽപ്പാലത്തിന്റെ സാമൂഹികാഘാത പഠനം അടുത്തുതന്നെ ആരംഭിക്കുന്നതാണ്. സ്ഥലമെടുപ്പ് പൂർത്തിയാകുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(സി) ഡി.എം.ആർ.സി. തയ്യാറാക്കി സമർപ്പിച്ച രൂപരേഖ പ്രകാരം ശ്രീകാര്യം - 3.28 ഏക്കർ, ഉള്ളൂർ - 1.41 ഏക്കർ, പട്ടം-0.57 ഏക്കർ എന്നിങ്ങനെയാണ് സ്ഥലമെടുപ്പിന്റെ തോത്. ശ്രീകാര്യത്ത് നടന്ന സാമൂഹികാഘാത പഠനത്തിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് എട്ട് വീടുകൾ പ്രസ്തുത സ്ഥലമെടുപ്പിൽ പൂർണ്ണമായും ബാധിക്കപ്പെടുന്നുണ്ട്.

(ഡി) നിലവിൽ സർക്കാർ കൈവശം ലഭ്യമായിട്ടുള്ള ഭൂമിയുടെ തോത്, ലൈറ്റ് മെട്രോയുടെ സാങ്കേതിക ആവശ്യങ്ങൾ എന്നിവ പരിഗണിച്ച് ഏറ്റവും കുറഞ്ഞ തോതിൽ സ്ഥലമെടുപ്പ് ആവശ്യമായിവരുന്ന രീതിയിലാണ് ഡി.എം.ആർ.സി. പ്രസ്തുത രൂപരേഖകൾ തയ്യാറാക്കിയിട്ടുള്ളത്. മേൽപ്പറഞ്ഞ കാരണങ്ങളാൽ ഇരുവശത്തുനിന്നും സ്ഥലമെടുപ്പിന്റെ വിസ്തീർണ്ണത്തിൽ വ്യത്യാസമുണ്ട്.

## കെ. സി. പാലത്തിന്റെ പുനർനിർമ്മാണം

72(1142) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ-ചങ്ങനാശ്ശേരി ദേശീയ ജലപാതയിൽ കിടങ്ങറ ഭാഗത്തുള്ള കെ. സി. പാലത്തിന്റെ ഉയരക്കുറവ് മൂലം യാത്രാബോട്ടുകളും ടൂറിസ്റ്റ് ബോട്ടുകളും കടന്നുപോകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ പ്രളയകാലത്ത് കുട്ടനാട്ടിലുള്ള ജനങ്ങൾക്ക് ഇതുവഴി ചങ്ങനാശ്ശേരിയിൽ എത്താൻ കഴിഞ്ഞില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ തോട് ദേശീയ ജലപാതയാക്കിയതിനാൽ പാലത്തിന്റെ ഡിസൈനും നിർമ്മാണവും സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ കേന്ദ്രസർക്കാർ നല്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) എങ്കിൽ അതുസംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ഇ) ഈ പാലത്തിന്റെ പുനർനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നൽകിയിട്ടുണ്ട്.

(ഡി) ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ 2016-ൽ ദേശീയ ജലപാതാ നമ്പർ 8 ആയി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ഈ ജലപാതയിൽ സ്ഥിതിചെയ്യുന്ന കെ.സി. പാലം ദേശീയപാത അതോറിറ്റിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി പുനർ നിർമ്മിക്കണമെന്ന് (IWAI-യുടെ എറണാകുളം മരടിലുള്ള റീജിയണൽ ഓഫീസിൽനിന്നും 29-9-2018-ലെ IWAI/COCL/1/(125)/2018/708-ാം നമ്പർ കത്ത് പ്രകാരം) ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ദേശീയ ജലപാത അതോറിറ്റിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി പൊതുമരാമത്ത് ഡിസൈൻ വിഭാഗം കെ. സി. പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിയതിനെത്തുടർന്ന് PRICE ID No. 2019/17 പ്രകാരം 39 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വക്കം - കായിക്കര കടവ് പാലം നിർമ്മാണം

73(1143) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വക്കം-കായിക്കര കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

വക്കം-കായിക്കര കടവ് പാലത്തിന്റെ Tentative ഡിസൈൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. ഇതിന് ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന്റെ പുതിയ മാനദണ്ഡങ്ങൾ പ്രകാരമുള്ള ക്ലിയറൻസ് നൽകിക്കൊണ്ട് ഡിസൈൻ നവീകരിച്ചുവരുന്നു.

## മുനമ്പം - അഴീക്കോട് പാലം

74(1144) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനമ്പം-അഴിക്കോട് പാലം സംബന്ധിച്ച് നിലവിൽ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) അഴീക്കോട് - മുനമ്പം പാലത്തിന്റെ പ്രവൃത്തിക്കായി 160 കോടി രൂപയുടെ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ചെങ്കിലും ഡിസൈൻ സംബന്ധമായ പോരായ്മകൾ ചൂണ്ടിക്കാണിച്ച് ലാന്റ് അക്വിസിഷന് മാത്രമായി 14.6 കോടി രൂപയുടെ അംഗീകാരം ലഭിച്ചു. ഇപ്പോൾ ഡിസൈൻ സംബന്ധമായ ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയുമാണ്. സ്ഥലം ഏറ്റെടുക്കുന്നതിന് 28-2-2018-ലെ സ.ഉ. (സാധാ.) നമ്പർ 358/2018/പൊ.മ.വ. പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. സാമൂഹികാഘാത പഠനത്തിനായി പണം അനുവദിച്ച് തൃശ്ശൂർ, എറണാകുളം ഭാഗങ്ങളിലെ സാമൂഹികാഘാത പഠനം നടത്തിയിട്ടുള്ളതും എറണാകുളം ഭാഗത്തെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. അഴീക്കോട്ഭാഗത്ത് ഏറ്റെടുക്കേണ്ട ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ അധീനതയിലുള്ള 49.50 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി അലൈൻമെന്റ് സ്റ്റോൺ സ്ഥാപിച്ച് അളന്ന് തിട്ടപ്പെടുത്തുന്നതിലേയ്ക്കായി കൊടുങ്ങല്ലൂർ

താലൂക്ക് തഹസിൽദാർക്ക് സ്കെച്ച് സഹിതം അപേക്ഷയും എൻ.ഒ.സി.-ക്കായി ഫിഷറീസ് വകുപ്പിലേയ്ക്ക് അപേക്ഷയും സമർപ്പിച്ചിട്ടുണ്ട്. മുനമ്പം ഭാഗത്തെ സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ പൊന്നുംവില നടപടിയിൽ കണ്ടിജൻസി തുകയായ 30,13,333 രൂപ റവന്യൂ വകുപ്പിന് ലഭിക്കുന്നതിനായി കേരള റോഡ് ഫണ്ട് ബോർഡിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്.

(ബി) സ്ഥലമെടുപ്പിനും ഡിസൈനിനും വേണ്ടിവരുന്ന വിവിധ നടപടി ക്രമങ്ങൾക്ക് ആവശ്യമായിവരുന്ന സമയം മാത്രമാണ് ടി പദ്ധതിയിൽ വന്നിട്ടുള്ളത്.

## എരഞ്ഞോളി പാലം നിർമ്മാണം

75(1145) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തലശ്ശേരി നിയോജകമണ്ഡലത്തിലെ എരഞ്ഞോളി പാലം നിർമ്മാണ പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് അറിയിക്കാമോ; ആയത് പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

സംസ്ഥാന ജലപാതയുടെ നിയമാവലിക്ക് വിധേയമായി പാലത്തിന്റെ പുതുക്കിയ ഡിസൈൻ തയ്യാറാക്കി അംഗീകാരം നൽകിയിട്ടുണ്ട്. പുതുക്കിയ ഡിസൈൻ അനുസരിച്ച് പാലത്തിന്റെ പ്രവൃത്തി കരാറുകാരൻ പുനരാരംഭിച്ചിട്ടുണ്ട്. പുതുക്കിയ ഡിസൈൻ പ്രകാരം 32 മീറ്റർ സ്പാൻ കൂടാതെ 15 മീറ്ററിന്റെ 2 സ്പാനുകൾ ഇരുഭാഗങ്ങളിൽ നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇതിന് മുന്നോടിയായി ഫൗണ്ടേഷനുവേണ്ടിയുള്ള മണ്ണ് പരിശോധനയും പൈൽ ലോഡ് ടെസ്റ്റിംഗും പൂർത്തീകരിച്ചു. പുതുക്കിയ ഡിസൈൻ പ്രകാരം പാലത്തിന്റെ തൂണുകളുടെ ഉയരം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിലവിൽ പണി പൂർത്തീകരിച്ച തൂണുകൾ പൊളിച്ച് പുതുക്കി പണിയുന്നതിനുള്ള പ്രവൃത്തി നടന്നുവരുന്നു. പുതുതായി നിർമ്മിക്കേണ്ട തൂണുകളുടെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കൽ നടപടി

പാലത്തിന്റെ അനുബന്ധ/സർവ്വീസ് റോഡുകൾക്കായുള്ള സ്ഥലമേറ്റെടുപ്പ് പ്രക്രിയയുടെ 11(1) വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി ഗവൺമെന്റ് പ്രസ്, തിരുവനന്തപുരത്തിന് 16-1-2019-ന് റവന്യൂ അധികൃതർ സമർപ്പിച്ചിട്ടുണ്ട്. വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയതിനുശേഷം 15 ദിവസത്തിനുള്ളിൽ പരാതിയുണ്ടെങ്കിൽ അത് പരിഹരിച്ച് സർവ്വേ ചെയ്ത്

ഏറ്റെടുക്കേണ്ട ഭൂമി സംബന്ധിച്ച് അടിസ്ഥാന ഭൂവിലയും കെട്ടിടങ്ങളുടെയും ഉഭയങ്ങളുടെയും വില ഉൾപ്പെടെയുള്ള രേഖ തയ്യാറാക്കി കളക്ടറുടെ അംഗീകാരത്തിനായി സമർപ്പിക്കും. അംഗീകാരത്തിനുശേഷം സർവ്വേ സൂപ്രണ്ട് സൂക്ഷ്മ പരിശോധന നടത്തി സെക്ഷൻ 19 പ്രകാരം ഗസറ്റിലും ദിനപത്രങ്ങളിലും പ്രസിദ്ധപ്പെടുത്തും. തുടർന്ന് വിശദമായ വിലനിർണ്ണയ റിപ്പോർട്ട് തയ്യാറാക്കി ജില്ലാ കളക്ടറുടെ അംഗീകാരത്തിനായി സമർപ്പിക്കും. ഏറ്റെടുക്കുന്ന ഭൂമിയുടെ അവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നതിന് കക്ഷികൾക്ക് നോട്ടീസ് നൽകുകയും തുടർന്ന് ഡ്രാഫ്റ്റ് അവാർഡ് തയ്യാറാക്കി ജില്ലാ കളക്ടറുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും അംഗീകാരത്തിനുശേഷം അവാർഡ് പ്രഖ്യാപിക്കുകയും നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കുകയും ചെയ്യുന്നു.

## ഒള്ളൂർ കടവ് പാലത്തിന്റെ നിർമ്മാണം

76(1146) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി മണ്ഡലത്തെയും കൊയിലാണ്ടി മണ്ഡലത്തെയും ബന്ധിപ്പിക്കുന്ന ഒള്ളൂർ കടവ് പാലത്തിന്റെ നിർമ്മാണം അനിശ്ചിതമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒള്ളൂർ കടവ് പാലത്തിന്റെ നിർമ്മാണത്തിനായി ചെങ്ങോട്ട്കാവ് ഭാഗത്തും ഉള്ളേര്യരി ഭാഗത്തുമായി 1.4443 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ചെങ്ങോട്ട്കാവ് ഭാഗത്തെ അലൈൻമെന്റ് സ്റ്റോൺ സ്ഥാപിക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഉള്ളേര്യരി ഭാഗത്ത് ഭൂവുടമകളുടെ എതിർപ്പുമൂലം അലൈൻമെന്റ് സ്റ്റോൺ സ്ഥാപിക്കൽ പ്രവൃത്തിക്ക് കാലതാമസം നേരിട്ടിരുന്നെങ്കിലും ഇപ്പോൾ പ്രവൃത്തി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. അലൈൻമെന്റ് സ്കെച്ച് എൽ.എ. ഡിപ്പാർട്ട്മെന്റിലേയ്ക്ക് തുടർനടപടികൾക്കായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കൽ പ്രവൃത്തി വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കരുവാറ്റ പാലത്തിന് ഭരണാനുമതി

77(1147) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂനൂർ പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന കരുവാറ്റ പാലത്തിന് ഭരണാനുമതി നൽകുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരുവാറ്റ പാലത്തിന്റെ ഭരണാനുമതിക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(സി) കരുവാറ്റ പാലത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകുന്നതിന് എന്താണ് തടസ്സമെന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) കരുവാറ്റക്കടവ് ജീപ്പബിൾ ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി മാന്ദ്യവിരുദ്ധ പാക്കേജിലുൾപ്പെടുത്തി നമ്പർ 1185/09/പൊ.മ.വ. തീയതി 14-8-2009 സീരിയൽ നമ്പർ 59 പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ സാങ്കേതികാനുമതിക്കായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഭരണാനുമതി ലഭിച്ചതിനേക്കാൾ തുക കൂടുതലായിവന്നു. ആയതിനാൽ കത്ത് നമ്പർ CE/R&B/KKD/2016/5287/PRICE തീയതി 1-11-2017 പ്രകാരം 210 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിലേയ്ക്ക് ഭരണാനുമതിക്കായി ലഭ്യമായി. ആയത് പരിശോധിച്ചുവരുന്നു. 2018-19 വർഷത്തെ ബഡ്ജറ്റിൽ ഈ പ്രവൃത്തിക്ക് വാല്യം രണ്ട് ക്രമനമ്പർ 3407 പ്രകാരം 100 രൂപ ടോക്കൺ പ്രൊവിഷനുണ്ട്. 5054-04-101-98 എന്ന ശീർഷകത്തിലാണ് ഈ പ്രവൃത്തി ഉൾപ്പെടുത്തിയിരിക്കുന്നത്. പരിശോധനയുടെ ഭാഗമായി ടി പ്രൊപ്പോസലിന്മേൽ ആവശ്യപ്പെട്ട ചില വിവരങ്ങൾ ലഭ്യമാകാനുണ്ടായ കാലതാമസവും ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമുള്ള പാലം പ്രവൃത്തികൾക്ക് പ്രൊപ്പോസലുകൾ ഈ സാമ്പത്തിക വർഷം അവസാനത്തോടെ മാത്രമേ പരിഗണിക്കാൻ കഴിയൂ എന്നതിനാലുമാണ് കാലതാമസം നേരിടുന്നത്.

## കായംകുളം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

78(1148) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കോയിക്കൽപടിക്കൽ പാലം, കല്ലുകടവ് പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ നിലവിൽ ഭരണാനുമതി ലഭിച്ച പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) <u>കോയിക്കൽ പാലം</u>:

PRICE ID No. 2018/79 പ്രകാരം 406 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതി ലഭ്യമാക്കാനായി 3-1-2019-ൽ സർക്കാരിലേയ്ക്ക് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധനയ്ക്കുശേഷം ബഡ്ജറ്റ് പ്രൊവിഷൻ, ശീർഷകം എന്നിവ അറിയിക്കുന്നതിനായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>കല്ലുകടവ് പാലം</u>:

എസ്റ്റിമേറ്റ് പ്രയോറിറ്റി ലിസ്റ്റിലുൾപ്പെടുത്തി സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 1. ബഡ്ജറ്റ് 2017-18

<u>പാർക്ക് ജംഗ്ഷൻ പാലം</u>

വിശദമായ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി തയ്യാറാക്കിവരുന്നു. സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾക്കായുള്ള പ്രൊപ്പോസൽ 27-10-2018-ൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധനയ്ക്കുശേഷം ടി പ്രൊപ്പോസൽ ഡയറക്ട്/നെഗോഷ്യയേറ്റഡ് പർച്ചേഴ്സ് പ്രകാരമുള്ളതായതിനാൽ റവന്യൂ വകുപ്പിന്റെ അഭിപ്രായത്തിനായി കൈമാറിയിട്ടുണ്ട്.

2. ബഡ്ജറ്റ് 2017-18–

<u>കണ്ണീശക്കടവ് പാലം</u> -

ഭരണാനുമതി നൽകി. സർക്കാർ ഉത്തരവ് നമ്പർ G.O.(Rt) No. 1795/2018/PWD തീയതി 19-11-2018 പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.

3. ബഡ്ജറ്റ് 2018-19

മുട്ടേൽ പാലം എഗ്രിമെന്റ്വച്ചു.

4. കിഫ്ബി 17-18 മുനമേൽക്കടവ് - സൊസൈറ്റിക്കടവ് പാലം - ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയ ഈ പ്രോജക്ടിന്റെ ഡിസൈൻ തയ്യാറാക്കിവരുന്നു.

## ഓട്ടോഫീസ് കടവ് പാലത്തിന്റെ നിർമ്മാണം

79(1149) ശ്രീ. മാത്യു ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടോഫീസ് കടവ് പാലത്തിന്റെ നിർമ്മാണം എന്നാണ് തുടങ്ങിയതെന്ന് വ്യക്തമാക്കാമോ;

(ബി) പാലത്തിന്റെ പണികൾ കരാറുകാരൻ അനന്തമായി നീട്ടികൊണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓട്ടോഫീസ് കടവ് പാലത്തിന്റെ നിർമ്മാണം 22-9-2010-ൽ ആരംഭിക്കുകയും 14-12-2017-ൽ പാലം പണി പൂർത്തീകരിക്കുകയുമുണ്ടായി. പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം 1-3-2018-ൽ ആരംഭിച്ചു.

(ബി) പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം പുരോഗമിക്കവേ ഒരു സ്ഥലവാസി നൽകിയ (WPC-10355/2018) കേസ്സിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ പണി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. സ്റ്റേ നീക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സ്റ്റേ നീക്കി കിട്ടിയാൽ അപ്രോച്ച് റോഡിന്റെ പണി രണ്ട് മാസത്തിനകം പൂർത്തീകരിക്കാൻ കഴിയും.

## കന്നിപ്പുറം - നെയ്യാറ്റിൻകര പാലം നിർമ്മാണം

80(1150) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നിപുറം-നെയ്യാറ്റിൻകര പാലം നിർമ്മാണത്തിന് ഇനി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ;

(സി) 2019 മാർച്ചിന് മുൻപ് പാലത്തിന്റെ നിർമ്മാണപ്രവൃത്തി ആരംഭിക്കാൻ കഴിയുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കന്നിപ്പുറം-നെയ്യാറ്റിൻകര പാലത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി. സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തിയായശേഷം പ്രവൃത്തി ആരംഭിക്കാൻ കഴിയും.

(ബി) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കണ്ടിജന്റ് ചാർജ്ജ് ഇനത്തിൽ 2,75,436 രൂപ ബന്ധപ്പെട്ട എൽ.എ. തഹസീൽദാർക്ക് ഒടുക്കിയിട്ടുണ്ട്. കൂടാതെ അലൈൻമെന്റിൽ നഷ്ടപ്പെട്ട അതിർത്തി കല്ലുകൾ പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം റവന്യൂ വകുപ്പിൽനിന്ന് സ്ഥലം ഏറ്റെടുത്ത് നൽകേണ്ടതുണ്ട്.

(സി) ഭൂമി ഏറ്റെടുക്കൽ പൂർത്തിയായാൽ മാത്രമെ പാലം നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ 2010 മാർച്ച് മാസത്തിനുമുമ്പ് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയില്ല.

## കോഴിക്കോട് ജില്ലയിലെ നടമ്മൽകടവ് പാലം പണി

81(1151) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നടമ്മൽകടവ് പാലത്തിന് ഭരണാനുമതി നൽകിയത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ഇതുവരെ എത്ര ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളതെന്നും പ്രവൃത്തി ടെണ്ടർ ചെയ്തിട്ടും പാലത്തിന്റെ പണി ആരംഭിക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായതെങ്ങനെയെന്നും അറിയിക്കുമോ;

(സി) ഭൂമി ഏറ്റെടുക്കുന്നതിൽ വരുന്ന കാലതാമസം അധിക സാമ്പത്തിക ബാധ്യത വരുത്തുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പൊന്നും വിലയ്ക്കെടുക്കേണ്ട ഭൂമിയിൽ പ്രവേശിക്കാൻ തടസ്സം നിൽക്കുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഉത്തരവ് G.O. (Rt.) No. 269/2011/PWD dated 17-2-2011 പ്രകാരം 840 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. റവന്യൂ വിഭാഗം ഭൂമി ഏറ്റെടുത്ത് നൽകാത്തതിനാൽ പാലത്തിന്റെ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സർവ്വേ ആന്റ് ബൗണ്ടറീസ് ആക്ട് പ്രകാരം സെക്ഷൻ 6(1) നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയതിനുശേഷം ഭൂമിയിൽ പ്രവേശിക്കുന്നത് തടസ്സപ്പെടുത്തുന്നവർക്കെതിരെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ക്രിമിനൽ നടപടി സ്വീകരിക്കാൻ കഴിയും.

## കോഴിക്കോട് ജില്ലയിൽ ഭരണാനുമതി നൽകിയ പാലങ്ങളുടെ അവസ്ഥ

82(1152) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഭരണാനുമതി നൽകിയ നടമ്മൽകടവ്, തൊണ്ടിലക്കടവ്, അന്നാരുകണ്ടം, മുക്കത്ത് കടവ്, മുനമണ്ണിൽ, കരുവാറ്റ ജീപബിൾ ബ്രിഡ്ജ് എന്നീ പാലങ്ങളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച് എട്ട് വർഷം കഴിഞ്ഞ സാഹചര്യത്തിൽ ഇവയുടെ എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) എങ്കിൽ പുതിയ അടങ്കൽ തുക എത്രയെന്ന് കണക്കായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) നടമ്മൽ കടവ് പാലം-ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു കൊണ്ടിരിക്കുകയാണ്. അന്നാരുകണ്ടം നടപ്പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ കരാർ ഉടമ്പടി റദ്ദുചെയ്തു. മുക്കത്ത് കടവ് പാലത്തിന് 63 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കേണ്ടതുണ്ട്. തൊണ്ടില കടവ് പാലത്തിന്റെ നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പിനുവേണ്ടി G.O. (Rt) No. 1319/2017/PWD dated 30-8-2017 ഉത്തരവ് പ്രകാരം 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പിനായുള്ള അഭ്യർത്ഥന റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. എൽ.എ. നടപടികൾ തുടങ്ങുന്നതിനായി റവന്യൂ ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെട്ട 5 ശതമാനം കണ്ടിജൻസി ചാർജ്ജിനുള്ള ഫണ്ടിനായി FR2-134/14 dated 14-1-2019 പ്രകാരം പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. മുനമണ്ണിൽ പാലത്തിന് ഭരണാനുമതി നൽകുകയും അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി ആവശ്യമായ വീതിയിൽ സ്ഥലം ലഭ്യമാകാത്തതിനാൽ പാലത്തിന്റെ വീതി കുറച്ച് പുതിയ രൂപകല്പന ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കരുവാറ്റ ജീപ്പബിൾ ബ്രിഡ്ജിന്

വേണ്ടി 31-1-2019-ലെ Order No. KKD/2018/8841 പ്രകാരം 2.30 ലക്ഷം രൂപയുടെ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) മുക്കത്ത് കടവ് പാലത്തിന് 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രവൃത്തി മൂന്ന് പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവൃത്തി ഏറ്റെടുത്തില്ല. ആയതിനാൽ 63 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

**മാനന്തവാടി മണ്ഡലത്തിലെ പാലം പ്രവൃത്തികൾ**

83(1153) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള പാലം പ്രവൃത്തികളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(സി) മാനന്തവാടി മണ്ഡലത്തിൽ ഉടൻ പുതുക്കിപ്പണിയേണ്ട പാലങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ;

(ഡി) പനമരം-ചെറുപുഴ പാലം പുതുക്കിപ്പണിയുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) താളിപ്പാറക്കടവ് പാലം, ചെറുപുഴ പാലം, പൊള്ളമ്പാറ പാലത്തിന്റെ സമീപ റോഡിന്റെ തകർന്ന സംരക്ഷണഭിത്തിയുടെ പുനർനിർമ്മാണം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ചെറുപുഴ പാലത്തിന്റെ പ്രവൃത്തി അവസാനഘട്ടത്തിലാണ്. താളിപ്പാറക്കടവ് പാലത്തിന്റെ പൈലിംഗ് പ്രവൃത്തികൾ തുടങ്ങിയിട്ടുണ്ട്. പൊള്ളമ്പാറ പാലത്തിന്റെ സമീപ റോഡിന്റെ സംരക്ഷണഭിത്തി പുനർനിർമ്മാണ പ്രവൃത്തി 240 ലക്ഷം രൂപയ്ക്ക് ടെണ്ടർ ചെയ്തിട്ടുണ്ട്.

(സി) പനമരം-ചെറുപുഴ, നായ്ക്കട്ടി പാലം, ബാവലി പാലം, കരിന്തിരിക്കടവ് പാലം, 41-ാം മൈൽ പാലം എന്നീ 5 പാലങ്ങൾ പുതുക്കിപ്പണിയുന്നതിന് പരിഗണിച്ചിട്ടുള്ളതാണ്.

(ഡി) പരിഗണനയിലുണ്ട്.

## ഓർക്കുളം-തൈക്കടപ്പുറം പാലത്തിന്റെ നിർമ്മാണം

84(1154) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ ഓർക്കുളം-തൈക്കടപ്പുറം റോഡുപാലത്തിന് 2018-19-ലെ ബജറ്റിൽ ആവശ്യമായ തുക ഭരണാനുമതിക്കായി വകയിരുത്തിയിട്ടും ഡി.പി.ആർ. തയ്യാറാക്കാൻ വൈകുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ; ഈ പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

ഓർക്കുളം-തൈക്കടപ്പുറം റോഡ് പാലം എന്ന പ്രവൃത്തിക്ക് ബഡ്ജറ്റ് 2017-18-ലെ മറുപടി പ്രസംഗത്തിൽ 20 ശതമാനം ബഡ്ജറ്റ് പ്രൊവിഷൻ ഉൾപ്പെടുത്തിയിരുന്നു. 20 കോടി രൂപയായിരുന്നു ഇത്. പാലത്തിന്റെ ഭരണാനുമതിക്കായി വിശദമായ പദ്ധതിരൂപരേഖയ്ക്കുവേണ്ടി ഡിസൈൻ തയ്യാറാക്കേണ്ടിയിരുന്നു. ഇതിനായി ഇൻവെസ്റ്റിഗേഷനുവേണ്ടി (പ്രൈസ് ഐ.ഡി. 2017/3127) തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് തിരുത്തലുകൾക്കായി തിരിച്ച് നൽകുകയും തുടർന്ന് തിരുത്തലുകൾ വരുത്തിയ എസ്റ്റിമേറ്റ് 31-1-2019-ന് തിരികെ ലഭ്യമാക്കിയിട്ടുമുണ്ട്. ഇൻവെസ്റ്റിഗേഷനും ഡിസൈനും പൂർത്തീകരിച്ചാൽ പാലം പണിയുടെ ഭരണാനുമതിക്കായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാൻ കഴിയും. ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ചെങ്ങന്നൂരിലെ പാലങ്ങളുടെ നിർമ്മാണം

85(1155) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ വരട്ടാർ നദിക്ക് കുറുകെയുള്ള കൈപ്പാല കടവ് പാലം, അച്ചൻ കോവിലാറിനു കുറുകെയുള്ള വഴവാടി കടവ് പാലം, ചെങ്ങന്നൂർ കുട്ടംപേരൂർ നദിക്ക് കുറുകെയുള്ള മഠത്തിൽ കടവ് പാലം എന്നിവയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം നെഗോഷ്യേറ്റ്/ഡയറക്ട് പർച്ചേസ് മുഖേന ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ പ്രത്യേക പരിഗണന നൽകുമോ എന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) 1. കൈപ്പാലക്കടവ് പാലം:

30 പൈലുകളിൽ 22 എണ്ണവും 12 പൈൽക്യാപ്പുകളിൽ 3 എണ്ണവും 12 പിയറുകളിൽ 2 എണ്ണത്തിന്റെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2. വഴുവാടിക്കടവ് പാലം :

24 പൈലുകളിൽ 18 എണ്ണവും 6 പൈൽ ക്യാപ്പുകളിൽ
4 4 എണ്ണവും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

3. മഠത്തിൽക്കടവ് പാലം :

11.80 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പിനാവശ്യമായ റിക്വിസിഷനും ഭരണാനുമതി ഉത്തരവും ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്.

(ബി) (1) കൈപ്പാലക്കടവ് പാലം :

സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി അർത്ഥന സർക്കാരിലേയ്ക്ക് 19-8-2018-ൽ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. ആയത് പരിശോധനയ്ക്കുശേഷം ഫ്രീ സറണ്ടർ ലാന്റ് ആരെങ്കിലും വാഗ്ദാനം ചെയ്തിട്ടുണ്ടോ എന്നറിയിക്കാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നെഗോഷ്യേറ്റഡ് പർച്ചേസ്/ ഡയറക്ട് പർച്ചേസ് പ്രകാരം സ്ഥലം ലഭ്യമാക്കണമെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ ഇപ്പോൾ അറിയിച്ചിട്ടുണ്ട്.

(2) വഴുവാടിക്കടവ് പാലം :

സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി അർത്ഥന 2-8-2018-ലാണ് സർക്കാരിലേയ്ക്ക് ലഭ്യമായത്. പരിശോധിച്ചപ്പോൾ ഏറ്റെടുക്കേണ്ട ഭൂമിയുടെ ചില സർവ്വേ നമ്പരുകൾ ആവർത്തിക്കപ്പെട്ടിട്ടുള്ളതായി കണ്ടതിനാൽ ആവർത്തിക്കപ്പെട്ടവ ഒഴിവാക്കി പുതുക്കിയ അർത്ഥനാപത്രം സമർപ്പിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) മഠത്തിൽക്കടവ് പാലം :

4-9-2018-ലെ സ.ഉ.(സാധാ.) നമ്പർ 1356/2018/പൊ.മ.വ. നമ്പർ ഉത്തരവിലൂടെ ഡയറക്ട്/നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകിയതിനെത്തുടർന്ന് അനന്തര നടപടികൾക്കായി അർത്ഥനാപത്രവും ഭരണാനുമതി ഉത്തരവും ആലപ്പുഴ ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്.

## വള്ളിക്കുന്ന് മണ്ഡലത്തിലെ പാലങ്ങൾ

86(1156) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിന് അനുമതി ലഭിക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ വിശദമാക്കാമോ;

(ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ ആനങ്ങാടിയിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് ലഭിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ അപകട ഭീഷണിയിലായ ഇരുമ്പോത്തിങ്ങൽ പാലം പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഒരു ലക്ഷത്തിൽ കൂടുതൽ TVU-ഉള്ള ലെവൽ ക്രോസുകൾക്കാണ് റെയിൽവേ ആർ.ഒ.ബി. നിർമ്മാണത്തിനായി അനുമതി നൽകുന്നത്. ഓരോ വർഷവും റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട ആർ.ഒ.ബി.-കളുടെ പട്ടിക കേരള സർക്കാർ, ചീഫ് ബ്രിഡ്ജ് എഞ്ചിനീയർക്ക് നൽകേണ്ടതും അത് റെയിൽവേ മാനദണ്ഡങ്ങൾക്കനുസൃതമായി പരിശോധിച്ച് യോഗ്യമെന്ന് കാണുന്നവ കോസ്റ്റ് ഷെയറിംഗിനും അല്ലാത്തവ ഡെപ്പോസിറ്റ് വർക്കായും അതാത് വർഷത്തെ റെയിൽവേ വർക്ക് പ്ലാനിൽപ്പെടുത്തുന്നു. വർക്ക് പ്ലാനിൽ ഉൾപ്പെടുന്ന ആർ.ഒ.ബി.-കളിൽ കോസ്റ്റ് ഷെയറിംഗ് വർക്കുകളുടെ 50 ശതമാനവും ഡെപ്പോസിറ്റ് വർക്കുകളുടെ 100 ശതമാനവും സ്റ്റേറ്റ് ഗവൺമെന്റ് വഹിക്കേണ്ടതാണ്.

(ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ ആനങ്ങാടിയിൽ റെയിൽവേ മേൽപ്പാലം നിർമ്മാണം സംബന്ധിച്ച വസ്തുതകൾ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ, ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം, ചീഫ് എഞ്ചിനീയർ, റോഡുകളും പാലങ്ങളും വിഭാഗം എന്നിവരോട് ലഭ്യമാക്കാൻ 11-1-2019-ലെ PWD-D2/332/2018 നമ്പർ കത്ത് മുഖേന ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(സി) ഇരുമ്പോത്തിങ്ങൽ പാലം പുനർനിർമ്മിക്കുന്നതിനായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## പള്ളിക്കമണ്ണടി പാലം

87(1157) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനാവശ്യമായ നടപടികളിലെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ;

(ബി) സ്ഥലമേറ്റെടുക്കുന്നതിലേക്കായി പുതിയ അർത്ഥനാപത്രം, ലാന്റ് ഷെഡ്യൂൾ, അലൈൻമെന്റ് സ്കെച്ച്, ഡീമാർക്കേഷൻ സ്കെച്ച് എന്നിവ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികളുടെ തുടർച്ചയായി നാളിതുവരെയുള്ള പുരോഗതി എന്തെന്ന് വ്യക്തമാക്കാമോ;

(സി) സ്ഥലമേറ്റെടുക്കുന്നതിനും പാലം പണി ആരംഭിക്കുന്നതിനും എന്തെല്ലാം നടപടികളാണ് ഇനി പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലം നിർമ്മാണത്തിനായി Stimulus Package Budget 2009-ൽ ഉൾപ്പെടുത്തി 315.00 ലക്ഷം രൂപയുടെ ഭരണാനുമതി 14-8-2009-ലെ G.O. (Rt.) No. 1185/09/PWD ഉത്തരവ് പ്രകാരം നൽകിയിരുന്നു. തുടർന്ന് സർവ്വേയും മണ്ണ് പരിശോധനയും നടത്തി. ജനറൽ ഡിസൈൻ തയ്യാറാക്കുകയും പാലത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനായി അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പാലത്തിനാവശ്യമുള്ള സ്ഥലത്തിലുൾപ്പെട്ട നിലം നികത്തുന്നതിന് റവന്യൂ അധികാരികൾ അളന്ന് തിട്ടപ്പെടുത്തിയ സ്ഥലം നെൽവയൽ നികത്തുന്നതിനുള്ള അനുമതിക്കായി സർക്കാരിൽ കൃഷി വകുപ്പിൽ ജില്ലാ കളക്ടർ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. വസ്തു ഏറ്റെടുക്കൽ നടപടിയിലേയ്ക്ക് എൽ.എ.ആർ. ആക്ട് 2013 പ്രകാരം പുതിയ അർത്ഥനാപത്രം സമർപ്പിക്കണമെന്ന കളക്ടറുടെ നിർദ്ദേശാനുസരണം പുതുക്കിയ അർത്ഥനാപത്രം 24-2-2018-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പാലത്തിന്റെ റീ ഡിസൈൻ ആവശ്യമായതിനാൽ ആയതും പുതുക്കി തയ്യാറാക്കിയിട്ടുണ്ട്. ആയതിൻപ്രകാരം 8.00 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) സ്ഥലമേറ്റെടുക്കലിനായി പുതിയ അർത്ഥനാപത്രം 24-2-2018-ന് ബഹുമാനപ്പെട്ട ജില്ല കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) സ്ഥലമേറ്റെടുക്കലിനും പാലം പണി ആരംഭിക്കുന്നതിലേയ്ക്കും ഫണ്ട് ലഭ്യമാക്കേണ്ടതായിട്ടുണ്ട്.

**കരമന-കളിയിക്കാവിള ദേശീയപാത വികസനം**

88(1158) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരമന -കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ രണ്ടാം ഘട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രാവച്ചമ്പലം മുതൽ കൊടിനട വരെയുള്ള ആറുവരി പാതയുടെ നിർമ്മാണ പ്രവർത്തനം ഈ സർക്കാർ വന്നതിനുശേഷം ഇത്രകാലം നീണ്ടു പോയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി എത്ര പ്രാവശ്യം ടെൻഡർ വിളിക്കുകയുണ്ടായി; ഓരോ പ്രാവശ്യവും ആരൊക്കെയാണ് ടെൻഡറിൽ പങ്കെടുത്തത്; അവർ രേഖപ്പെടുത്തിയ കുറഞ്ഞ തുക എത്രയായിരുന്നു;

(സി) നിലവിൽ ഏത് സ്ഥാപനത്തിന്, എത്ര തുകക്കാണ് ടെൻഡർ നൽകിയതെന്ന് അറിയിക്കുമോ;

(ഡി) നിശ്ചയിച്ച തുകയിൽ നിന്നും എത്ര തുക അധികമായിട്ടാണ് നിലവിലത്തെ കരാറുകാർക്ക് ടെൻഡർ ഉറപ്പിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരമന-കളിയിക്കാവിള ഒന്നാം ഘട്ടം രണ്ടാം റീച്ച് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം കിഫ്ബിയിലുൾപ്പെടുത്തി 162.42 കോടി രൂപയ്ക്ക് 16-11-2016-ലെ 31/കിഫ്ബി/2016 ഉത്തരവു പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. സ്ഥലമേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 15-12-2016-ൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും ഇതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തുടർപ്രവർത്തനങ്ങളുടെ ഫലമായി 2017 മദ്ധ്യത്തോടുകൂടി പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള ഭാഗത്തെ സ്ഥലമേറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലെത്തുകയും തുടർന്ന് 7-7-2017-ൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സ്ഥലമെടുപ്പ് പൂർത്തീകരിക്കാറായ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള ഭാഗം ആദ്യഘട്ടമായി വികസിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ഈ ഭാഗത്തെ നിർമ്മാണ പ്രവൃത്തിക്കായുള്ള സാങ്കേതികാനുമതി

പി.എം.യു.കെ.ആർ.എഫ്.ബി. വഴി നൽകുകയും 2018 ഏപ്രിൽ മാസം ഈ പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തു. ടെണ്ടർ അപ്രൂവൽ കമ്മിറ്റി 8-8-2018-ൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന് ടെണ്ടർ പാസ്സാക്കി ടെണ്ടർ എക്സസിന്റെ ഫിനാൻഷ്യൽ കൺകറൻസിന് കിഫ്ബിയിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ നിർമ്മാണത്തിനുള്ള മെറ്റീരിയൽസിന്റെയും ബിറ്റുമിന്റെയും ഈ കാലയളവിലെ വിലവർദ്ധനവ് ചൂണ്ടിക്കാട്ടി കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരൻ പണി ഏറ്റെടുക്കാൻ വിസമ്മതിച്ച് പിൻമാറുകയും അതിന്റെ അടിസ്ഥാനത്തിൽ ടെർമിനേറ്റ് ചെയ്യുകയും ചെയ്തു. ഇതേത്തുടർന്ന് ഒക്ടോബർ മാസത്തിൽ പ്രവൃത്തി റീ ടെണ്ടർ ചെയ്യുകയും ഇതിൽ മൂന്ന് കമ്പനികൾ പങ്കെടുക്കുകയും ചെയ്തു. ഇതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ പ്രവൃത്തി ഏല്പിക്കാൻ തീരുമാനിക്കുകയും 4-1-2019-ൽ പ്രസ്തുത സൊസൈറ്റിയുമായി കരാർ ഒപ്പുവയ്ക്കുകയുമാണുണ്ടായത്. 24 മാസക്കാലമാണ് നിർമ്മാണ പൂർത്തീകരണ കാലാവധിയായി നിശ്ചയിച്ചിട്ടുള്ളത്. സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട കേസുകൾമൂലമുണ്ടായ കാലതാമസമൊഴികെ മറ്റ് കാര്യങ്ങളിലെല്ലാം നടപടിക്രമങ്ങളിലുണ്ടാകുന്ന സ്വാഭാവികമായ കാലതാമസം മാത്രമാണ് നേരിട്ടിട്ടുള്ളത്.

(ബി) രണ്ട് തവണ ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ഒന്നാമത്തെ ടെണ്ടറിൽ പങ്കെടുത്തവർ :

1. ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനി - രൂപ 105,92,79,661.93
2. നാഥ് ഇൻഫ്രാസ്ട്രക്ച്ചേഴ്സ് - രൂപ 121,92,56,749.37

<u>രണ്ടാമത്തെ ടെണ്ടറിൽ പങ്കെടുത്തവർ:</u>

1. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി - രൂപ 112,07,33,937.02
2. ഇ.കെ.കെ.ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് - രൂപ 121,20,38,652.30
3. ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനി - രൂപ 142,83,71,754.06

(സി) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാണ് ടെണ്ടർ നൽകിയത്. രൂപ 112,07,33,937.02 തുകയ്ക്കാണ് കരാർ ഉറപ്പിച്ചത്.

(ഡി) നിശ്ചയിച്ച തുകയായ 97,54,05,399 രൂപയിൽനിന്നും 14.89 ശതമാനത്തിലധികം തുകയ്ക്കാണ് കരാർ ഉറപ്പിച്ചത്.

## റോഡ് സുരക്ഷ

89(1159) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി ജംഗ്ഷൻ നവീകരണവുമായി ബന്ധപ്പെട്ട് ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന് പ്രൊപ്പോസൽ അയച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ അടിയന്തരമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നടപ്പുസാമ്പത്തിക വർഷം കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി ജംഗ്ഷൻ ഉൾപ്പെടുന്ന ദേശീയപാതയുടെ ഉപരിതലം ബലപ്പെടുത്തുന്ന പ്രവൃത്തിക്ക് 25 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയത്തിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിൽ ആവശ്യമായ റോഡ് സുരക്ഷാ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 2017-18 -ലെ വാർഷിക പദ്ധതിയിൽ കേന്ദ്ര മന്ത്രാലയം വളാഞ്ചേരി ജംഗ്ഷന്റെ നവീകരണത്തിനായി റോഡ് സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി 7 കോടി രൂപയുടെ പ്രാഥമിക അംഗീകാരം നൽകിയിരുന്നു. എങ്കിലും ഇതിനുള്ള പദ്ധതി രൂപരേഖയും എസ്റ്റിമേറ്റും കൺസൾട്ടന്റ് മുഖാന്തരം വേണമെന്ന് നിഷ്കർഷിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ കൺസൾട്ടൻസി സർവ്വീസിനുള്ള ടെണ്ടർ ക്ഷണിക്കുകയും തെരഞ്ഞെടുത്ത കൺസൾട്ടന്റിനെ അംഗീകരിക്കാൻ കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചെങ്കിലും അംഗീകാരം ലഭിക്കുകയുണ്ടായില്ല. കേന്ദ്ര വാർഷിക പദ്ധതി 2018-19-ലെ റോഡ് സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി പ്രാഥമിക അംഗീകാരം ലഭിക്കുന്നതിനുവേണ്ടി 10 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ അനുമതി ലഭിച്ചിട്ടില്ല.

(സി) മേൽ കൺസൾട്ടൻസിയുടെ അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ശാസ്ത്രീയമായ രീതിയിൽ പഠനം നടത്തി പദ്ധതി രൂപരേഖ ഇൻ-ഹൗസ് തയ്യാറാക്കാൻ നിർദ്ദേശം നൽകുന്നതാണ്.

## ദേശീയപാത മുത്തകുന്നം-ഇടപ്പള്ളി റീച്ചിലെ വികസനം

90(1160) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ നിലവിൽ വിജ്ഞാപനം ചെയ്തിട്ടുള്ള എൻ എച്ച് 66 മുത്തകുന്നം-ഇടപ്പള്ളി റീച്ചിൽ കഴിഞ്ഞ ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ വ്യാപകമായി വെള്ളം കയറി വാഹനങ്ങളും യാത്രക്കാരും അപകടത്തിൽപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശത്ത് വരുന്ന ഏകദേശം 24 കിലോമീറ്റർ റോഡിന്റെ നിർമ്മാണത്തിന് ആവശ്യമായ എൻവയേൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ്, സോഷ്യൽ ഇംപാക്ട് അസസ്സ്മെന്റ്, ഫീസിബിലിറ്റി സ്റ്റഡി, പബ്ലിക് ഹിയറിങ് ഇവ നടത്തി യിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ പഠനങ്ങളിൽ പ്രസ്തുത പ്രളയവും ആയത് ദേശീയപാത ഗതാഗത യോഗ്യമല്ലാതാക്കിയതും പഠന വിഷയം ആയിരുന്നോ;

(ഡി) അങ്ങനെയെങ്കിൽ ഭാവിയിൽ ഇത്തരം സാഹചര്യം നേരിടാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് ഈ പഠനങ്ങൾ മുന്നോട്ട് വച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഇ) മേൽ സൂചിപ്പിച്ച പഠനങ്ങളിൽ, ദേശീയപാത വികസനത്തിന് വേണ്ടിയും എൻ എച്ച് 966A പാതയ്ക്കുവേണ്ടിയും 10-12 വർഷം മുൻപ് കുടിയിറക്കപ്പെട്ട ജനങ്ങൾ വീണ്ടും കുടിയിറക്കപ്പെടുന്നു എന്നത് പഠനവിഷയം ആയിരുന്നോ; ആയിരുന്നു വെങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നിർദ്ദേശമാണ് മുന്നോട്ട് വച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഇ) എൻ.എച്ച്. 66 രാമനാട്ടുകര (കി.മീ. 263.140) മുതൽ ഇടപ്പള്ളി (കി.മീ. 438.600) വരെയാണ്. 167 കി.മീ. നീളമുള്ള ഈ ദേശീയപാത കേരളത്തിലെ കോഴിക്കോട്, മലപ്പുറം, എറണാകുളം ജില്ലകളിലൂടെ കടന്നുപോകുന്നു. പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായി പദ്ധതിയുണ്ടാക്കുന്ന പാരിസ്ഥിതിക ആഘാതം സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ട്. (Environment Impact Assessment) തുടർന്ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ജനപ്രതിനിധികളുടെ യോഗം നടത്തി. അലൈൻമെന്റ് സ്ഥിരപ്പെടുത്തുകയും പ്രസ്തുത അലൈൻമെന്റിന് സംസ്ഥാന സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച ആക്ഷേപങ്ങളിൽ പബ്ലിക് ഹിയറിംഗ് നടത്തി തീരുമാനമെടുക്കുന്നത് ബന്ധപ്പെട്ട ഡെപ്യൂട്ടി കളക്ടർ (CALA, NH) ആണ്. പ്രസ്തുത പദ്ധതി സമൂഹത്തിന് സൃഷ്ടിക്കുന്ന ആഘാതം സംബന്ധിച്ചും ഇത് സമൂഹതാല്പര്യത്തിനനുസൃതമാണോ എന്നത് സംബന്ധിച്ചും പഠനം നടത്തിയിട്ടുണ്ട്.

## കൊല്ലം ബൈപ്പാസ്

91(1161) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ബൈപ്പാസിന്റെ കല്ലുംതാഴം മുതൽ കാവനാട് വരെയുള്ള മൂന്നും നാലും ഘട്ട പണികളുടെ കരാർ ഉറപ്പിച്ചതും പണി ആരംഭിച്ചതും എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പണി എന്നത്തേക്ക് പൂർത്തിയാക്കുന്നതിനാണ് കരാറിൽ വ്യവസ്ഥ ചെയ്തിരുന്നതെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത കരാർ കാലാവധി വർദ്ധിപ്പിച്ച് നൽകുകയുണ്ടായോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര ദേശീയ പാത മന്ത്രാലയം 2019 ജനുവരിയിൽ ബൈപാസ് ഉദ്ഘാടനത്തിനുള്ള സൗകര്യം ആരാഞ്ഞ് സംസ്ഥാന സർക്കാരിന് കത്ത് നൽകിയിരുന്നോ;

(ഇ) എങ്കിൽ പ്രസ്തുത കത്ത് ലഭിച്ചതിനു ശേഷം 2019 ഫെബ്രുവരി 2-ന് ബൈപാസ് ഉദ്ഘാടനം നടത്തുമെന്ന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചത് ഏത് സാഹചര്യത്തിലായിരുന്നുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കൊല്ലം ബൈപ്പാസിന്റെ കല്ലുംതാഴം മുതൽ കാവനാട് വരെയുള്ള മൂന്നും നാലും ഘട്ടം ഉൾപ്പെടുന്ന കാവനാട് മുതൽ മേവറം വരെയുള്ള 13 കി.മീ. ബൈപാസിന്റെ പണിയുടെ കരാർ ഉറപ്പിച്ച തീയതി 2015 ഫെബ്രുവരി 11-ഉം പ്രവൃത്തി ആരംഭിച്ച തീയതി 25-5-2015-ഉം ആണ്.

(ബി) കരാർ വ്യവസ്ഥയനുസരിച്ച് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്ന തീയതി 25-11-2017 ആയിരുന്നു.

(സി) ഈ ബൈപ്പാസ് നിർമ്മാണത്തിന് രണ്ടര ലക്ഷത്തിലധികം ക്യൂബിക് മീറ്റർ ഗ്രാവൽ ആവശ്യമായിരുന്നു. എന്നാൽ സംസ്ഥാനത്ത് ഇവയുടെ ഖനനത്തിന് നിയന്ത്രണമുണ്ടായ സാഹചര്യത്തിൽ പദ്ധതി വൈകുന്നതിന് കാരണമായി. പദ്ധതി മേൽനോട്ടം വഹിക്കുന്ന അതോറിറ്റീസ് എഞ്ചിനീയറിന്റെ ശിപാർശ പ്രകാരം പദ്ധതി പൂർത്തീകരിക്കുന്ന തീയതി 22-8-2018 വരെ നീട്ടി നൽകിയിട്ടുണ്ടായിരുന്നു. തുടർന്ന് സംസ്ഥാനത്തുണ്ടായ ഓഖി കൊടുങ്കാറ്റും അതിതീവ്ര മഴയും

കാരണം തുടർച്ചയായി പണി നടത്തുവാൻ സാധിക്കാതെ വന്നതിനാൽ 31-12-2018 വരെ കാലാവധി നീട്ടി നൽകിയിരുന്നു. ഈ കാലയളവിൽ തന്നെ പ്രവൃത്തി പൂർത്തീകരിച്ചു. ഇപ്പോഴത്തെ സർക്കാർ അധികാരമേൽക്കുമ്പോൾ ഈ പ്രവൃത്തി നിശ്ചലാവസ്ഥയിലായിരുന്നു. കേവലം 24 ശതമാനം മാത്രമായിരുന്നു പൂർത്തിയായിരുന്നത്. ഇത്തരത്തിൽ പ്രവൃത്തി മന്ദഗതിയിലായതും കാലാവധി നീട്ടി നൽകാൻ കാരണമായിട്ടുണ്ട്. ഇക്കാരണത്താൽ പൊതുമരാമത്ത് വകുപ്പുമന്ത്രി, ജില്ലയിലെ മന്ത്രിമാർ, എം.എൽ.എ.-മാർ, മറ്റ് ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി നാല് യോഗങ്ങൾ വിളിക്കുകയും ഗ്രാവലിന്റെ പ്രശ്നം ഉൾപ്പെടെ പരിഹരിക്കുകയും 25-10-2018-ന് ജില്ലയിലെ മന്ത്രിമാർ, ബൈപ്പാസ് മേഖലയിലെ എം.പി.-മാർ, എം.എൽ.എ.-മാർ കൊല്ലം മേയർ എന്നിവരോടൊപ്പം ബൈപ്പാസിന്റെ 13 കിലോമീറ്ററും സഞ്ചരിച്ച് പുരോഗതി വിലയിരുത്തിയതുൾപ്പെടെയുള്ള തുടർച്ചയായ മോണിറ്ററിംഗ് നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ബാക്കി 76 ശതമാനം പണികളും ഇത്ര വേഗത്തിൽ പൂർത്തീകരിക്കാനും ബൈപ്പാസ് നാടിന് സമർപ്പിക്കാനുമായത്.

(ഡി&ഇ) നൽകിയിട്ടുണ്ട്. ജനുവരി ആദ്യവാരം കൊല്ലം ബൈപ്പാസിന്റെ ഉദ്ഘാടനം നടത്തണമെന്ന് കത്ത് നമ്പർ RE/NH/12037/434/2009-KL/Z-III dated 1-1-2019 പ്രകാരം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം ആവശ്യപ്പെടുന്ന കത്ത് ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ ആഫീസിൽ 3-1-2019-ന് ലഭിക്കുകയുണ്ടായി. 2018 ഒക്ടോബർ 30-ന് തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണോദ്ഘാടന വേളയിൽ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ശ്രീ. നിധിൻ ഗഡ്കരിയോട് പൊതുമരാമത്ത് വകുപ്പുമന്ത്രി കൊല്ലം ബൈപ്പാസ് 2019 ജനുവരിയിൽ പ്രവൃത്തി പൂർത്തീകരിക്കുമെന്നതിനെക്കുറിച്ചും ഉദ്ഘാടനത്തിന് അദ്ദേഹം പങ്കെടുക്കണമെന്നും നിർദ്ദേശം വച്ചിരുന്നു. സാധാരണഗതിയിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽനിന്നും അനുസംബന്ധിച്ച അറിയിപ്പ് സംസ്ഥാന സർക്കാരിലേയ്ക്ക് നേരിട്ട് ലഭിക്കാറുണ്ടായിരുന്നു. എന്നാൽ 3-1-2019 വരെ കേന്ദ്ര സർക്കാരിൽ നിന്നോ MoRTH-ൽ നിന്നോ ഉദ്ഘാടനം സംബന്ധിച്ച യാതൊരു അറിയിപ്പും ലഭിക്കാത്ത സാഹചര്യത്തിലും പത്രദൃശ്യ മാധ്യമങ്ങളിൽ ഉദ്ഘാടനം സംബന്ധിച്ച് ആധികാരികമല്ലാത്ത വാർത്തകൾ സംസ്ഥാന സർക്കാരിന് ഒരറിവുമില്ലാതെ തുടർച്ചയായി വരികയും ആശയക്കുഴപ്പമുണ്ടാക്കുകയും ചെയ്ത സാഹചര്യത്തിലും ഈ പ്രവൃത്തിയുടെ പകുതി ചെലവ് വഹിക്കുന്നതിനുപുറമേ പ്രവൃത്തിയുടെ നിർവ്വഹണം, മേൽനോട്ടം എന്നിവ പൂർണ്ണമായും നടത്തുന്നത് സംസ്ഥാന പൊതുമരാമത്ത് ദേശീയപാതാ വിഭാഗമാണെന്ന സാഹചര്യത്തിലും പ്രവൃത്തിയുടെ ഭാഗമായ ലൈറ്റിംഗ് ഉൾപ്പെടെ

പൂർത്തീകരിക്കാനാവശ്യമായ സമയംകൂടി കണക്കിലെടുത്തുകൊണ്ടാണ് 2019 ഫെബ്രുവരി 2-ന് ഉദ്ഘാടനം ചെയ്യുമെന്ന പ്രഖ്യാപനം നടത്തിയത്. എങ്കിലും അതിനുശേഷം ഉദ്ഘാടനം ചെയ്യാനുള്ള താല്പര്യം കേന്ദ്ര സർക്കാരിൽനിന്നും ഔദ്യോഗികമായി അറിയിപ്പ് ലഭിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരസ്യമായി അതിനെ സ്വാഗതം ചെയ്യുകയും അതിനാവശ്യമായ ക്രമീകരണങ്ങളും നടപടികളും ത്വരിതഗതിയിൽ സ്വീകരിക്കുകയും ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുകയുമുണ്ടായി.

**ചാലക്കുടി മണ്ഡലത്തിലെ ദേശീയപാത നിർമ്മാണ പ്രവൃത്തികൾ**

92(1162) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് ദേശീയ പാത 66-ൽ ചാലക്കുടി മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാലക്കുടി കോടതി ജംഗ്ഷനിൽ അണ്ടർ പാസ്സേജ് നിർമ്മാണം ആരംഭിച്ച് മാസങ്ങൾ പിന്നിട്ടിട്ടും ആയതിന്റെ നിർമ്മാണം എങ്ങുമെത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൺസഷൻ എഗ്രിമെന്റിന്റെ ചെയിഞ്ച് ഓഫ് സ്കോപ്പ് (അധിക പ്രവൃത്തി) ആയി ചാലക്കുടി കോർട്ട് ജംഗ്ഷനിലെ അണ്ടർപാസിന്റെ നിർമ്മാണം 2018 മാർച്ച് 25-നാണ് തുടങ്ങിയത്. പ്രസ്തുത നിർമ്മാണത്തിന് ഉദ്ദേശിച്ച പുരോഗതിയില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ചാലക്കുടി കോടതി ജംഗ്ഷനിൽ അണ്ടർപാസിന്റെ നിർമ്മാണം പ്രോഗ്രാം ഷെഡ്യൂൾ പ്രകാരം 2019 മേയ് 31-നാണ് പൂർത്തിയാക്കേണ്ടത്. സമയബന്ധിതമായി പൂർത്തീകരിക്കാൻ കരാർ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഇടപ്പള്ളി, കുണ്ടന്നൂർ ജംഗ്ഷനുകളിലെ വികസന പദ്ധതി

93(1163) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ട്രാഫിക് ഡെൻസിറ്റി പഠന വിധേയമാക്കിയപ്പോൾ കണ്ടെയ്നർ റോഡിൽ മൂലമ്പിള്ളി ഭാഗത്ത് നിന്ന് ആരംഭിച്ച് ചാത്തനാട് വഴി പറവൂർ പട്ടണം കടന്ന് പോകുന്ന പുതിയ ഒരു സംസ്ഥാന പാത നിർമ്മാണത്തിലിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് വടക്കൻ കേരളത്തിലേക്കുള്ള കണ്ടെയ്നർ ഗതാഗതം ഗണ്യമായി കുറയ്ക്കും എന്നത് പഠനത്തിന്റെ ഭാഗമായിരുന്നോ;

(ബി) വിഴിഞ്ഞം തുറമുഖ നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി വല്ലാർപാടം ടെർമിനലിൽ നിന്ന് തെക്കൻ കേരളത്തിലേക്കുള്ള കണ്ടെയ്നർ ഗതാഗതം ഗണ്യമായി കുറയും എന്ന വസ്തുത പ്രസ്തുത പഠനത്തിന്റെ ഭാഗമായിരുന്നോ;

(സി) ദേശീയ പാതകൾ സംഗമിക്കുന്ന ഈ പാതയിലെ തന്നെ ഇടപ്പള്ളി, കുണ്ടന്നൂർ ജംഗ്ഷനുകളിൽ ഏത് തരത്തിലുള്ള വികസന പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇടപ്പള്ളി ജംഗ്ഷന്റെ വികസനത്തിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്ന ജോലി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കുണ്ടന്നൂർ ജംഗ്ഷന്റെ വികസനത്തിന്റെ ഭാഗമായി ഫ്ളൈഓവറിന്റെ നിർമ്മാണം ഏകദേശം 38 ശതമാനം പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിയുടെ പൂർത്തീകരണ കാലാവധി 2020 മാർച്ച് 25 ആണ്.

## ചേരാനല്ലൂർ ജംഗ്ഷൻ വികസനം

94(1164) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 45 മീറ്റർ വീതിയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ദേശീയ പാതകളായ ദേശീയപാത-66, ദേശീയപാത-966A എന്നിവ സംഗമിക്കുന്ന എറണാകുളം ജില്ലയിലെ ചേരാനല്ലൂരിലെ ജംഗ്ഷൻ, 40 ഏക്കറിൽപരം സ്ഥലം ഏറ്റെടുത്ത് ക്ലോവർ ലീഫ്/റൗണ്ട് എബൗട്ട് രൂപത്തിൽ വികസിപ്പിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) 60 മീറ്റർ വീതിയിൽ റോഡ് വികസിപ്പിക്കാൻ ലക്ഷ്യമിട്ട സമയത്ത് രൂപപ്പെടുത്തിയ പ്രസ്തുത ക്ലോവർ ലീഫ് രൂപരേഖയിൽ റോഡ് വീതി 45 മീറ്റർ ആയി ചുരുക്കിയിട്ടും ക്ലോവർ ലീഫിന് കുറവ് വരുത്താത്തത് എന്തുകൊണ്ട്; ക്ലോവർ ലീഫ്/ബട്ടർഫ്ലൈ റൗണ്ട് എബൗട്ട് നിർമ്മിക്കുന്നത് ഏത് പഠനത്തിന്റെ അടിസ്ഥാനത്തിലാണ്; വിവരിക്കാമോ;

(സി) പ്രസ്തുത പഠനം അനുസരിച്ച് ചേരാനല്ലൂർ ജംഗ്ഷനിലെ ട്രാഫിക് ഡെൻസിറ്റി പഠന വിധേയമാക്കിയിട്ടുണ്ടോ; ഇത്തരം റൗണ്ട് എബൗട്ട് ഇന്ത്യയിൽ മറ്റെവിടെയെങ്കിലും നിർമ്മാണ ഘട്ടത്തിലെങ്കിലും ഉള്ളതായി അറിവുണ്ടോ;

(ഡി) നിലവിലെ ബട്ടർഫ്ലൈ ഫ്ലൈഓവർ രൂപരേഖയ്ക്ക് മറ്റേതെങ്കിലും ബദൽ, പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) ചേരാനല്ലൂർ ICTT ജംഗ്ഷനിൽ രണ്ട് നാഷണൽ ഹൈവേ സംഗമിക്കുന്നതുകൊണ്ട് (എൻ.എച്ച്. 66 & എൻ.എച്ച്. 966 എ) എല്ലാ ദിശയിലും ഹെവി ട്രാഫിക് ഉണ്ടാകും. ജംഗ്ഷനിലെ എല്ലാ ശാഖാ റോഡുകളിലും മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്ന ലെവൽ ഓഫ് സർവ്വീസ് ലഭിക്കുന്നതിന് വേണ്ടിയാണ് ക്ലോവർ ലീഫ് ഇന്റർ ചെയ്ഞ്ച് പ്രൊപ്പോസ് ചെയ്തിട്ടുള്ളത്. പ്രസ്തുത ജംഗ്ഷനിലെ എല്ലാ കൈവഴികളിലെയും പീക് അവർ ട്രാഫിക് സ്റ്റഡി (Peak Hour Traffic Study) നടത്തിയപ്പോൾ 2016-ൽ 8672 PCU ലഭിക്കുകയുണ്ടായി. ഇത് 2021 ആകുമ്പോഴേയ്ക്കും 10000 PCU ആയി മാറും. അതുകൊണ്ട് IRC.SP.90.2010 പ്രകാരം പ്രസ്തുത ജംഗ്ഷനിൽ ക്ലോവർ ലീഫ് ഇന്റർ ചെയ്ഞ്ച് മാത്രമേ പ്രൊപ്പോസ് ചെയ്യാൻ കഴിയുകയുള്ളൂ. NH 17-ൽ മുത്തകുന്നം മുതൽ ഇടപ്പള്ളി വരെയുള്ള ആന്വൽ ആവറേജ് ഡെയ്‌ലി ട്രാഫിക് (AADT) കണക്ക് ചുവടെ ചേർക്കുന്നു :

| Financial Year | Ernakulam District (PCU) |
|---|---|
| FY 17 | 30846 |
| FY 22 | 42932 |
| FY 27 | 60197 |
| FY 32 | 83930 |
| FY 37 | 114189 |
| FY 42 | 152865 |
| FY 47 | 197966 |

## കാസർഗോഡ് ജില്ലയിൽ എൻ.എച്ച്. വികസനം

95(1165) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.എച്ച്-66 ന്റെ വികസനവുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ ഭൂമി ഏറ്റെടുക്കൽ നടപടി ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) ജില്ലയിൽ നിലവിൽ എത്ര കിലോമീറ്റർ റോഡിന്റെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും ഇതിന്റെ അടങ്കൽ തുക എത്രയാണെന്നും വിശദമാക്കാമോ;

(സി) ജില്ലയിൽ എൻ.എച്ച്.-ന്റെ വികസനം എന്ന് ആരംഭിക്കാനാവുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ സ്റ്റാറ്റസ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) ജില്ലയിലെ എൻ.എച്ച്.-ന്റെ വികസനം, ടെണ്ടർ നടപടികൾ, അടങ്കൽ തുക തുടങ്ങിയവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കാസർഗോഡ് താലൂക്കിലെ നാലുവരിപ്പാത നിർമ്മാണം

96(1166) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാലുവരിപ്പാത നിർമ്മാണത്തിനായി കാസർഗോഡ് താലൂക്കിലെ കുഡ്‌ലു, അടക്കത്ത്ബയൽ, കാസർഗോഡ്, ചെങ്കള വില്ലേജുകളിൽ എത്ര പേരുടെ എത്ര സ്ഥലം വീതം നഷ്ടപ്പെട്ടുമെന്ന് സ്ഥലമുടമകളുടെ പേരു സഹിതം വ്യക്തമാക്കാമോ;

(ബി) ഈ സ്ഥലമുടമകൾ ഓരോരുത്തർക്കും നൽകിയിട്ടുള്ളതോ നൽകാൻ ബാക്കിയുള്ളതോ ആയ നഷ്ടപരിഹാരതുക സംബന്ധിച്ച വിശദാംശങ്ങൾ ഉടമകളുടെ പേര് തിരിച്ച് വ്യക്തമാക്കാമോ;

(സി) നാലുവരിപ്പാത നിർമ്മാണത്തിന് പ്രസ്തുത നാലു വില്ലേജുകളിൽ എത്ര കെട്ടിടങ്ങളാണ് പൊളിച്ചു നീക്കേണ്ടതെന്നും ഈ കെട്ടിടങ്ങളുടെ ഉടമകൾ ആരെല്ലാമാണെന്നും ഓരോ കെട്ടിടത്തിനും ഇതിനകം നൽകിയതും ഇനി നൽകാനുള്ളതുമായ നഷ്ടപരിഹാര തുക എത്രയാണെന്നും വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ-സി) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ കുഡില്ലു വില്ലേജിൽ 3.3714 ഹെക്ടർ ഭൂമിയും അടക്കത്ത്ബയൽ വില്ലേജിൽ 0.6623 ഹെക്ടർ ഭൂമിയും കാസർഗോഡ് വില്ലേജിൽ 3.3152 ഹെക്ടർ ഭൂമിയും ദേശീയപാത നാലുവരിയായി വികസിപ്പിക്കുന്നതിനായി ഏറ്റെടുക്കുന്നുണ്ട്. ഇതുവരെ ഭൂമിക്കും കെട്ടിടത്തിനും നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഇനിയും ധാരാളം ഭൂവുടമകൾ കൈവശാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ നഷ്ടപരിഹാരം നൽകാൻ ബാക്കിയുള്ള ഭൂവുടമകളുടെ വിവരങ്ങൾ ലഭ്യമല്ല. കെട്ടിടങ്ങളുടെ വില നിർണ്ണയം പൂർത്തിയായിട്ടില്ല. വിലനിർണ്ണയം പൂർത്തിയാക്കി നഷ്ടപരിഹാര തുക വിതരണം ചെയ്ത് കെട്ടിടങ്ങൾ ഏറ്റെടുക്കാൻ ബാക്കിയുള്ളതിനാൽ കെട്ടിട ഉടമകളുടെ പേര് വിവരം/തുക സംബന്ധിച്ച പൂർണ്ണവിവരം ലഭ്യമല്ല.

**നളന്ദ വനിതാ ഹോസ്റ്റലിന്റെ സ്ഥലം**

97(1167) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് നളന്ദയിൽ വിമൺ ഹോസ്റ്റലിനോടനുബന്ധിച്ചുള്ള സ്ഥലം വൈലോപ്പിള്ളി സംസ്കൃതി ഭവൻ അതിഥി മന്ദിരം നിർമ്മിക്കുന്നതിനായി ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഇത് സംബന്ധിച്ച് രേഖാമൂലം വകുപ്പുതലത്തിൽ കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരത്ത് നളന്ദയിൽ വിമൺസ് ഹോസ്റ്റലിനോടനുബന്ധിച്ചുള്ള സ്ഥലം വൈലോപ്പിള്ളി സംസ്കൃതി ഭവൻ അതിഥി മന്ദിരം നിർമ്മിക്കുന്നതിനായി നിലവിൽ ആവശ്യപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കോന്നി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം

98(1168) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സ്ഥലം വനം വകുപ്പിൽ നിന്നും വിട്ടുകിട്ടുന്നതിന് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്നതിന് ആവശ്യമായ പ്രോജക്ട് റിപ്പോർട്ട്, എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കി നൽകുന്നതിന് ഫയർ ആന്റ് റെസ്ക്യൂ വകുപ്പ് പൊതുമരാമത്ത് വകുപ്പ് അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയതെന്നും ആയതിന്മേൽ നാളിതുവരെ കൈക്കൊണ്ട നടപടികളും വ്യക്തമാക്കുമോ;

(ബി) ഫയർ ആന്റ് റെസ്ക്യൂ വകുപ്പ് ആവശ്യപ്പെട്ടവ അടിയന്തരമായി കൈമാറുവാൻ നിർദ്ദേശം നൽകുമോ;

(സി) ഇതിനോടകം നൽകിയിട്ടുണ്ടെങ്കിൽ ആയത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ഡി) നാളിതുവരെ കൈമാറിയിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഫയർ ആന്റ് റസ്ക്യൂ വകുപ്പ്, പത്തനംതിട്ടയുടെ ആവശ്യകതകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 13-4-2018-ലും 21-5-2018-ലുമായി പത്തനംതിട്ട കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്തുകൾ നൽകിയിട്ടുണ്ട്. തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ 23-5-2018-ൽ ചീഫ് ആർക്കിടെക്ടിനോട് പ്ലാൻ തയ്യാറാക്കുന്നതി ലേയ്ക്കായി ഡ്രോയിംഗ് ആവശ്യപ്പെടുകയും ചീഫ് ആർക്കിടെക്ട് ലഭ്യമാക്കിയ കരട് ആർക്കിടെക്ചറൽ ഡ്രോയിംഗിന്റെ പകർപ്പ് ഫയർ ആന്റ് റസ്ക്യൂ വകുപ്പിൽ (പത്തനംതിട്ട) പരിശോധനയ്ക്ക് നൽകിയിട്ടുള്ളതും പുതുക്കിയ ആർക്കിടെക്ചറൽ ഡ്രോയിംഗ് 20-10-2018-ൽ ചീഫ് ആർക്കിടെക്ടിൽനിന്നും ലഭ്യമാകുകയും അത് അസിസ്റ്റന്റ് ഡിവിഷണൽ ഫയർ ഓഫീസർക്ക് കൈമാറുകയും ജില്ലാ ഫയർ ഓഫീസർ അംഗീകരിച്ച ടി ഡ്രോയിംഗ് 26-12-2018-ൽ വിശദമായ ആർക്കിടെക്ട് ഡ്രോയിംഗ് ലഭ്യമാക്കുന്നതിലേയ്ക്കായി ചീഫ് ആർക്കിടെക്ടിന് നൽകിയിട്ടുള്ളതുമാകുന്നു.

(ബി-ഡി) ചീഫ് ആർക്കിടെക്ടിൽനിന്നും ഫൈനൽ ഡ്രോയിംഗ് ലഭ്യമാകുന്ന മുറയ്ക്ക് പ്രോജക്ട് റിപ്പോർട്ട്, പ്ലാൻ തുടങ്ങിയവ തയ്യാറാക്കി എല്ലാ നടപടികളും പൂർത്തീകരിച്ച് ഫയർ ആന്റ് റസ്ക്യൂ വകുപ്പിന് കൈമാറുന്നതാണ്.

**മഞ്ചേരി പോളിടെക്നിക് കെട്ടിട നിർമ്മാണം**

99(1169) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി പോളിടെക്നിക്കിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും അക്കാഡമിക് ബ്ലോക്കും നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ സമർപ്പിച്ച ഡി.പി.ആർ. പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരം ലഭ്യമാക്കുന്നതിനായി ഫേസ്-1-ൽ ഉൾപ്പെട്ട പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) മഞ്ചേരി പോളിടെക്നിക്കിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും അക്കാഡമിക് ബ്ലോക്കും നിർമ്മിക്കുന്നതിനായി 28-1-2016-ലെ ജി.ഒ. (ആർ.ടി.) 2931/2016/ഉന്നതവി. പ്രകാരം ഉന്നതവിദ്യാഭ്യാസ വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി എ.ആർ. ഡ്രോയിംഗ്, ഡിസൈൻ എന്നിവ പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചർ ഡിസൈൻ (DRIQ) വിഭാഗവും തയ്യാറാക്കിവരുന്നു.

**ചിറ്റാർ ആശുപത്രി കെട്ടിട നിർമ്മാണം**

100(1170) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജക മണ്ഡലത്തിലെ ചിറ്റാർ സാമൂഹികാരോഗ്യ കേന്ദ്രത്തിന് കെട്ടിടം പണിയുന്നതിനായി മരങ്ങൾ മുറിച്ചുമാറ്റി സൈറ്റ് പി.ഡബ്ല്യു.ഡി.-ക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ എന്നാണ് കൈമാറിയതെന്ന് അറിയിക്കുമോ;

(ബി) ആയതിന്മേൽ നാളിതുവരെ പി.ഡബ്ല്യു.ഡി. കൈക്കൊണ്ട നടപടി ക്രമങ്ങൾ ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) നിലവിലുള്ള എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് തിരികെ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് അറിയിക്കുമോ;

(ഡി) ഇല്ലെങ്കിൽ ആയത് തിരികെ നൽകാൻ താമസിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 25-1-2018-ന് സൈറ്റ് പി.ഡബ്ല്യു.ഡി.-ക്ക് കൈമാറിയിട്ടുണ്ട്.

(ബി) മണ്ണ് പരിശോധന നടത്തി സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ അംഗീകരിച്ചിട്ടുണ്ട്.

(സി-ഇ) റിവൈസ്ഡ് എസ്റ്റിമേറ്റിന് 28-1-2019-ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ അംഗീകാരം നൽകിയിട്ടുണ്ട്. അനുബന്ധ കരാർ ഉടമ്പടി ഒപ്പുവയ്ക്കുന്നതിനായി കരാറുകാരനെ അറിയിച്ചിട്ടുണ്ട്. കരാറുകാരൻ അനുബന്ധ കരാർ ഉടമ്പടി ഒപ്പു വച്ചതിനുശേഷം ഉടൻതന്നെ നിർമ്മാണം ആരംഭിക്കും.

**പരിസ്ഥിതി സൗഹാർദ്ദ ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ**

101(1171) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ 16 പ്രദേശങ്ങളിൽ ആസ്തി വികസന സ്കീമിൽ നിന്നും തുക ചെലവഴിച്ച് പരിസ്ഥിതി സൗഹാർദ്ദ ബസ്സ് കാത്തിരിപ്പു കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് പ്രതീക്ഷാ ബസ് ഷെൽറ്റേഴ്സ് ലിമിറ്റഡിനെ ചുമതലപ്പെടുത്തി 27-2-2016-ന് ഭരണാനുമതി നൽകിയിരുന്ന പ്രവൃത്തിയിൻമേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; കാലതാമസം നേരിട്ടതിനുള്ള കാരണങ്ങൾ വിശദീകരിക്കാമോ

(ബി) ഭരണാനുമതി പുറപ്പെടുവിച്ച് രണ്ടു വർഷം പിന്നിടുന്ന സാഹചര്യത്തിൽ ഇനിയെങ്കിലും പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്ന പ്രവൃത്തികൾ പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡുമായി ജോയിന്റ് വെഞ്ച്വർ അടിസ്ഥാനത്തിൽ പ്രവൃത്തികൾ ഏറ്റെടുത്തുനടത്തുന്ന ഗ്രീൻ ട്രേഡേഴ്സ് എന്ന കമ്പനിയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. SDF സ്കീമിൽ 3 ബസ് ഷെൽട്ടറുകൾ ഈ ധാരണയിൽ കമ്പനി നിർമ്മിച്ചു. നിർമ്മിച്ച ബസ് ഷെൽട്ടർ തിരുവനന്തപുരം കോർപ്പറേഷൻ ഏറ്റെടുക്കാൻ തയ്യാറായില്ലെന്നാണ് ടി ജോയിന്റ് വെഞ്ച്വർ കമ്പനി അറിയിച്ചിട്ടുള്ളത്. ആയതിന് അംഗീകാരം ലഭിക്കാത്തതിനാൽ മൂന്നാമത് നിർമ്മിച്ച ബസ് ഷെൽട്ടറിന്റെ ബില്ലുകൾ നൽകിയിട്ടില്ല. 2015-2016-ലെ ആസ്തിവികസന ഫണ്ടുപയോഗിച്ച് ബസ് ഷെൽട്ടർ നിർമ്മിക്കേണ്ട തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ റോഡുകൾ ടി.ആർ.ഡി.സി.എൽ., റോഡ് ഫണ്ട് ബോർഡ്

എന്നീ സ്ഥാപനങ്ങളുടെ അധീനതയിലായതിനാൽ ആ സ്ഥാപനങ്ങളുടെയും അനുമതി ആവശ്യമായിരുന്നു. മാത്രമല്ല പണി പൂർത്തിയായ ബസ് ഷെൽട്ടറുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് തിരുവനന്തപുരം കോർപ്പറേഷനിൽനിന്നും രേഖാമൂലമുള്ള ഉറപ്പും ലഭിച്ചിട്ടില്ല. ഇവ ലഭിച്ചെങ്കിൽ മാത്രമേ എൽ.എസ്.ജി.ഡി.-യുമായി എഗ്രിമെന്റ്വച്ച് പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

## റാന്നിയിലെ ശബരിമല പിൽഗ്രിം സെന്ററിന്റെ നിർമ്മാണം

102(1172) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റാന്നി ശബരിമല പിൽഗ്രിം സെന്റർ നിർമ്മാണം പൂർത്തീകരിക്കേണ്ട കാലാവധി കഴിഞ്ഞ് 2 വർഷക്കാലമായിട്ടും 50 ശതമാനം പോലും പണികൾ പൂർത്തീകരിക്കാത്ത കരാറുകാരനെ ഒഴിവാക്കി നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

റാന്നി പിൽഗ്രിം ഷെൽട്ടർ നിർമ്മാണം ഏറ്റെടുത്ത കരാറുകാരനെ ഒഴിവാക്കാനുള്ള നടപടികൾ തുടങ്ങവെ കരാറുകാരന്റെ അപേക്ഷയിന്മേൽ 15 ദിവസത്തെ പ്രോഗ്രാം നൽകുകയും അത് തൃപ്തികരമായി പൂർത്തീകരിച്ചതിനാൽ ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി വാങ്ങി പ്രവൃത്തി തുടർന്ന് നടത്തി എത്രയുംവേഗം പൂർത്തീകരിക്കാൻ പത്തനംതിട്ട കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാലും 30 ദിവസത്തെ പുരോഗതികൂടി വിലയിരുത്തിയശേഷം തൃപ്തികരമല്ലെങ്കിൽ കരാറുകാരനെ ഒഴിവാക്കി പുനർദർഘാസ് നടത്തി പണി പൂർത്തീകരിക്കുന്നതാണ്.

## കുമ്പളങ്ങി ഫെറിയിൽ ബസ് കാത്തിരിപ്പ് കേന്ദ്രം

103(1173) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ കുമ്പളങ്ങി ഫെറിയിൽ എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് ബസ് കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് എന്നാണ് ഭരണാനുമതി ലഭിച്ചതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ നാളിതുവരെയുള്ള നടപടികൾ തീയതി സഹിതം വ്യക്തമാക്കാമോ;

(സി) ഈ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ;

(ഡി) ഇതിന്റെ നിർമ്മാണത്തിൽ വന്നിട്ടുള്ള കാലതാമസത്തിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ കുമ്പളങ്ങി ഫെറിയിൽ എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് ബസ് കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കുന്നതിന് 4-4-2017-ന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

(ബി-ഡി) ഭരണാനുമതി 4-4-2017-ൽ ലഭ്യമായിട്ടുണ്ട്. സാങ്കേതികാനുമതി നൽകി, ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തിക്ക് 18-1-2018-ലാണ് എഗ്രിമെന്റ് വച്ചിട്ടുള്ളത്. 2-4-2018-ൽ സിവിൽ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം സോളാർ പാനൽ, എഫ്.എം. റേഡിയോ സ്ഥാപിക്കൽ മുതലായ പ്രവൃത്തികൾ നടത്തുന്നതിനായി ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൊയിലാണ്ടി മണ്ഡലത്തിലെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ**

104(1174) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് കൊയിലാണ്ടി നിയോജകമണ്ഡലം പരിധിയിൽ വിവിധഫണ്ടുകൾ വഴി പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം, സ്പെഷ്യൽ ബിൽഡിംഗ് വിഭാഗം എന്നിവ നടപ്പിലാക്കിയ മൂന്ന് ലക്ഷത്തിൽ കൂടുതൽ തുക ചെലവഴിച്ച പ്രവൃത്തികൾ സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ പട്ടികയായി വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭ്യമായതും എന്നാൽ പ്രവൃത്തി ആരംഭിക്കാത്തതുമായ പ്രവൃത്തികളുടെ പട്ടിക കൂടി ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കല്ല്യാശ്ശേരി മണ്ഡലത്തിലെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ

105(1175) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും അവയുടെ നിർമ്മാണ പുരോഗതിയുടെയും വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

ഉത്തരം അനുബന്ധമായി ചേർക്കുന്നു.*

## വാമനപുരം നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

106(1176) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം പുനരുദ്ധരിക്കുന്നതിനായി അനുമതി ലഭിച്ച റോഡ് പ്രവൃത്തികൾ ഏതൊക്കെ;വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി അറിയിക്കാമോ;

(സി) കിഫ്ബിയുടെ നിബന്ധനകളിൽ നിശ്ചിത സമയക്രമത്തിനുള്ളിൽ നിശ്ചിത ശതമാനം പ്രവൃത്തി പൂർത്തിയാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) വാമനപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി പ്രവൃത്തികൾ കരാറെടുത്തിട്ടുള്ളവർ പ്രസ്തുത നിബന്ധനകളിൽ വീഴ്ച വരുത്തിയിട്ടുണ്ടോ; ഏതൊക്കെ കരാറുകാർ ആണ് വീഴ്ച വരുത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ; പ്രസ്തുത കരാറുകാർ ഓരോ പ്രവൃത്തിയിലും എന്തുമാത്രം വീഴ്ച വരുത്തിയെന്ന് വിശദമാക്കാമോ; വീഴ്ച വരുത്തിയ കരാറുകാർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) കിഫ്ബി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്താൻ പൊതുമരാമത്തു വകുപ്പ് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ; കെ.ഡബ്ല്യു.എ., കെ.എസ്.ഇ.ബി., ബി.എസ്.എൻ.എൽ. തുടങ്ങിയ യൂട്ടിലിറ്റി സർവ്വീസുകൾ മാറ്റി സ്ഥാപിക്കുന്നതിനുണ്ടാകുന്ന കാലതാമസം കിഫ്ബി പ്രവൃത്തിയുടെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പുരോഗതിയെ സാരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(എഫ്) ആധുനിക രീതിയിൽ ആധുനിക യന്ത്രസാമഗ്രികൾ ഉപയോഗിച്ച് നിർമ്മാണം നടത്തുന്ന കിഫ്ബി പ്രവൃത്തികൾക്ക് വളരെ നീണ്ട കരാർ കാലാവധി നൽകുന്നത് പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കുന്നതിന് തടസ്സമാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കരാറിന്റെ കാലാവധി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) കിഫ്ബി പ്രവൃത്തികളിൽ കരാർ ഏറ്റെടുത്ത് ആരംഭിച്ച റോഡ് പ്രവൃത്തികളിൽ യഥാസമയം പണി ചെയ്യാത്തതിനാൽ കുണ്ടും കുഴിയുംമൂലം ഗതാഗതയോഗ്യമല്ലാതായിരിക്കുന്നവ അടിയന്തരമായി അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കുന്നതിന് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) 1. വെഞ്ഞാറമൂട് - റിംഗ് റോഡ്

2. വാമനപുരം - ചിറ്റാർ റോഡ്

3. പാലോട് - ബ്രൈമൂർ റോഡ്

4. മലയോര പാതയിലെ ചല്ലിമുക്ക് - പാലോട് റോഡ് ഉൾപ്പെടുന്ന ഒരു പ്രവൃത്തിയും പെരിങ്ങമ്മല-വിതുര റോഡ് ഉൾപ്പെടുന്ന ഒരു പ്രവൃത്തിയും.

(ബി) ആദ്യ മൂന്ന് പ്രവൃത്തിയും കരാർ നൽകി പ്രവൃത്തി പുരോഗമിക്കുന്നു. മലയോര ഹൈവേയിലെ ചല്ലിമുക്ക് - പാലോട് റോഡ് ഉൾപ്പെടുന്ന പ്രവൃത്തി ടെണ്ടർ ചെയ്തു. താമസിയാതെ കരാർ ഉടമ്പടി ചെയ്യാൻ സാധിക്കും. മലയോര പാതയിലെ പെരിങ്ങമ്മല-വിതുര റോഡ് ഉൾപ്പെടുന്ന പ്രവൃത്തിക്കായി സൗജന്യമായി സ്ഥലം ഏറ്റെടുക്കുന്നതിനായി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനായുള്ള ഒരു പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

(സി) കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതരത്തിൽ പ്രോഗ്രാം ചാർട്ട് (ഡബ്ല്യു.ബി.എസ്.) കരാറുകാർ തന്നെ തയ്യാറാക്കി. അതിൻപ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്ന തരത്തിലാണ് പ്രവൃത്തികൾ നടപ്പിലാക്കിവരുന്നത്. അല്ലാത്തപക്ഷം കോൺട്രാക്ടറിൽനിന്നും പിഴ ഈടാക്കാൻ വ്യവസ്ഥയുണ്ട്.

(ഡി) വാമനപുരം നിയോജകമണ്ഡലത്തിൽ വെഞ്ഞാറമൂട് റിംഗ് റോഡ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള M/s Thoppil Constructions-ഉം വാമനപുരം - ചിറ്റാർ റോഡ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള M/s Thoppil Constructions India Private Limited -ഉം ആദ്യതവണ സമർപ്പിച്ച ഡബ്ല്യു.ബി.എസ്. പ്രകാരമുള്ള പുരോഗതി കൈവരുത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഇരു കരാറുകാർക്കും കരാർ ഉടമ്പടിയിൽ പറഞ്ഞിട്ടുള്ള കാലാവധിക്കുള്ളിൽതന്നെ പൂർത്തിയാക്കുന്നതരത്തിൽ ഡബ്ല്യു.ബി.എസ്. പുതുക്കി സമർപ്പിക്കാനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഡബ്ല്യു.ബി.എസ്. പ്രകാരം പ്രവൃത്തികൾ പുരോഗതിയിലാണോയെന്ന് മോണിറ്റർ ചെയ്യുന്നതിനാവശ്യമായ ട്രെയിനിംഗ് പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് നൽകിയിട്ടുണ്ട്. KWA, KSEB എന്നീ യൂട്ടിലിറ്റി സർവ്വീസുകൾ മാറ്റിസ്ഥാപിക്കുന്നതിലുണ്ടായ കാലതാമസം വാമനപുരം നിയോജക മണ്ഡലത്തിലെ എല്ലാ കിഫ്ബി പ്രവൃത്തികളുടെയും പുരോഗതിയെ ബാധിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി പുതുതായി ടെണ്ടർ ചെയ്യാനുള്ള എല്ലാ പ്രവൃത്തികളിലും യൂട്ടിലിറ്റി ഏജൻസിയിൽനിന്നും എസ്റ്റിമേറ്റുകൾ ലഭ്യമാക്കി അത് ടെണ്ടറിൽ ഉൾപ്പെടുത്തുന്നതിനുള്ള തീരുമാനം കിഫ്ബി എടുത്തിട്ടുണ്ട്.

(എഫ്) തുടക്കത്തിൽ ടെണ്ടർ ചെയ്ത് നടപ്പിലാക്കിവരുന്ന വാമനപുരം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾക്ക് യൂട്ടിലിറ്റി സർവ്വീസുകൾ മാറ്റി സ്ഥാപിക്കുന്നതിനുണ്ടാകുന്ന കാലതാമസംകൂടി മുൻകൂട്ടി കണ്ടുകൊണ്ടാണ് നീണ്ട കാലാവധി നൽകിയിട്ടുള്ളത്. എന്നാൽ ഇനി മുതൽ ടെണ്ടർ ചെയ്യുന്ന പ്രവൃത്തികൾക്ക് കരാർ കാലാവധി കുറയ്ക്കുന്നത് പരിഗണിക്കുന്നതാണ്.

(ജി) കുണ്ടും കുഴിയും അടിയന്തരമായി അറ്റകുറ്റപ്പണി നടത്തി ഗതാഗത യോഗ്യമാക്കുന്നതിന് ഇതിനകം തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്.

## വൈപ്പിൻ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

107(1177) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് കിഫ്ബി വഴി വൈപ്പിൻ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഷൊർണ്ണൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

108(1178) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന കിഫ്ബി പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും ഭരണാനുമതി ലഭിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഷൊർണ്ണൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികളും അവയുടെ സ്ഥിതി, ഭരണാനുമതി ലഭിച്ച തുക എന്നിവയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പൊതുമരാമത്ത് വൈദ്യുത വിഭാഗത്തിലെ ഓവർസിയർ/ജനറേറ്റർ മെക്കാനിക് തസ്തിക

109(1179) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 18-4-1983 ലെ ജി.ഒ.(പി) നമ്പർ 104/83/PWD സ്പെഷ്യൽ റൂൾ നോട്ട് 4 അനുസരിച്ച് പൊതുമരാമത്ത് വൈദ്യുത വിഭാഗത്തിലെ (ii എ) കാറ്റഗറിക്കാരായ ഗ്രേഡ്-1 ഓവർസിയർ/ ജനറേറ്റർ മെക്കാനിക്ക് തസ്തിക, ഗ്രേഡ്-II ഓവർസിയറുടെ പ്രൊമോഷൻ തസ്തികയാണെന്നിരിക്കെ ഈ തസ്തികയിലേക്ക് ഇതുവരെ ഗ്രേഡ്-II ഓവർസിയറിൽ നിന്നും എത്ര ജീവനക്കാരെ പ്രൊമോഷൻ വഴി നിയമിച്ചിട്ടുണ്ട്;

(ബി) പി.എസ്.സി.-യുടെ 1-1-2002-ലെയും 15-3-2003-ലെയും അഡ്വ. നമ്പർ RIA(3)23736/02/GW പ്രകാരവും 29-8-2005-ലെ അഡ്വ.നമ്പർ RIA(3) 22701/04/GW 29-8-2005 പ്രകാരവും ജനറേറ്റർ മെക്കാനിക്കായി നിയമിച്ച 3 പേർക്ക് അസിസ്റ്റന്റ് എഞ്ചിനീയറായി പ്രമോഷൻ നൽകിയ ഒഴിവിലേക്ക് ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ;

(സി) രാജ്ഭവൻ, സെക്രട്ടേറിയറ്റ്, കോഴിക്കോട് മെഡിക്കൽ കോളേജ്, നിയമസഭ മെക്കാനിക്കൽ സബ്-ഡിവിഷൻ, തൃശ്ശൂർ മെഡിക്കൽ കോളേജ് എന്നീ പൊതുമരാമത്ത് വൈദ്യുതി വിഭാഗം സെക്ഷനുകളിലായുള്ള 10 ഗ്രേഡ്-I ഓവർസിയർ/ജനറേറ്റർ മെക്കാനിക് തസ്തികയിലേക്കുള്ള പ്രൊമോഷനുവേണ്ടി പരിഗണിയ്ക്കുന്ന ഗ്രേഡ്-II ഓവർസിയർമാരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഓവർസിയർ ഗ്രേഡ് I (ഇലക്ട്രിക്കൽ) തസ്തികയും ജനറേറ്റർ മെക്കാനിക് തസ്തികയും വ്യത്യസ്ത തസ്തികകളാണ്. പൊതുമരാമത്ത് സ്പെഷ്യൽ റൂൾ പ്രകാരം ആയവയുടെ നിയമന രീതി വ്യത്യസ്തമാണ്. നാളിതുവരെ ഓവർസിയർ ഗ്രേഡ് II (ഇലക്ട്രിക്കൽ) തസ്തികയിലുള്ള 72 പേർക്ക് ഓവർസിയർ ഗ്രേഡ് I (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ഇതിൽ ജനറേറ്റർ മെക്കാനിക് തസ്തിക ഉൾപ്പെടുന്നില്ല.

(ബി) ഇല്ല.

(സി) ഓവർസിയർ ഗ്രേഡ് I (ഇലക്ട്രിക്കൽ) തസ്തികയും ജനറേറ്റർ മെക്കാനിക് തസ്തികയും വ്യത്യസ്ത തസ്തികകളാണ്. ഓവർസിയർ ഗ്രേഡ് II (ഇലക്ട്രിക്കൽ) തസ്തികയിൽനിന്ന് ഓവർസിയർ ഗ്രേഡ് I (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നടത്തുന്നതിനായി 1-4-1994 മുതൽ 25-9-2013 വരെയുള്ള ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## സാങ്കേതിക യോഗ്യതയുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ബൈ ട്രാൻസ്ഫർ വഴി നിയമനം

110(1180) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിലെ സബോർഡിനേറ്റ് തസ്തികയിൽപ്പെട്ട സാങ്കേതിക യോഗ്യതയുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ബൈട്രാൻസ്ഫർ വഴി അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ അടക്കമുള്ള ടെക്നിക്കൽ തസ്തികകളിലേയ്ക്ക് നിയമനം ലഭിക്കുന്നതിനുവേണ്ടിയുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ പൊതുമരാമത്ത് വകുപ്പിലെ ടെക്നിക്കൽ തസ്തികകളിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനങ്ങളിലേയ്ക്ക് അപേക്ഷിക്കുന്നതിന് ടെക്നിക്കൽ യോഗ്യതയും ഫീൽഡ് പരിചയവും ഉള്ളതും ബൈട്രാൻസ്ഫർ നിയമനത്തിനുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കുവാൻ അർഹതയുണ്ടോ; വിശദമാക്കാമോ;

(സി) മറ്റ് പല വകുപ്പുകളിലും ഉയർന്ന തസ്തികയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനങ്ങൾക്ക് ക്ലാസ്സ് III ജീവനക്കാരായ ഡ്രൈവർമാർക്ക് അവസരമുള്ളതുപോലെ പൊതുമരാമത്ത് വകുപ്പിലെ ഡ്രൈവർമാരെക്കൂടി യോഗ്യതയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ പോലുള്ള ഉയർന്ന തസ്തികകളിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനത്തിന് ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം പൊതുമരാമത്ത് വകുപ്പിലെ സബോർഡിനേറ്റ് തസ്തികയിൽപ്പെട്ട സാങ്കേതിക യോഗ്യതയുള്ള താഴ്ന്നവിഭാഗം ജീവനക്കാർക്ക് ബൈട്രാൻസ്ഫറായി ഉയർന്ന തസ്തികയിലേയ്ക്കുള്ള നിയമനങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. അസിസ്റ്റന്റ് എഞ്ചിനീയർ :

ഒന്നാം ഗ്രേഡ്, രണ്ടാം ഗ്രേഡ്, മൂന്നാം ഗ്രേഡ് ഓവർസിയർ/ട്രേസർ തസ്തികയിൽ, വകുപ്പിൽ സേവനമനുഷ്ഠിക്കുന്നവർക്ക് കുറഞ്ഞത് 2 വർഷം സേവന ദൈർഘ്യവും ക്ലാർക്ക്. ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ്-ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ, വകുപ്പിൽ സേവനമനുഷ്ഠിക്കുന്നവർക്ക് കുറഞ്ഞത് 6 വർഷത്തെ സേവന ദൈർഘ്യവുമുണ്ടായിരിക്കണം. കൂടാതെ താഴെപ്പറയുന്ന ഏതെങ്കിലും വിദ്യാഭ്യാസ യോഗ്യതയുണ്ടായിരിക്കണം.

(1) എഞ്ചിനീയറിംഗ് ഡിഗ്രി

(2) ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ് ഇൻഡ്യയുടെ അസോസിയേറ്റ് മെമ്പർഷിപ്പ് ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യം.

(3) അസോസിയേറ്റ് മെമ്പർഷിപ്പ് പരീക്ഷകൾ എ&ബി സെക്ഷനുകളിലെ വിജയം.

2. ഒന്നാംതരം ഡ്രാഫ്റ്റ്സ്മാൻ:

2 വർഷത്തെ സേവന ദൈർഘ്യവും ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ള രണ്ടാംതരം ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ, മൂന്നാംതരം ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ, ക്ലാർക്ക്, ടൈപ്പിസ്റ്റ് ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നിവർക്ക് അപേക്ഷിക്കാം.

3. മൂന്നാംതരം ഓവർസിയർ:

നിലവിൽ സ്പെഷ്യൽ റൂൾ അനുസരിച്ച് പൊതുമരാമത്ത് വകുപ്പിൽ ജോലി ചെയ്യുന്ന നിശ്ചിത യോഗ്യതയുള്ള ബ്ലൂ പ്രിന്റർമാരെയും ബൈട്രാൻസ്ഫർ വഴി അറ്റൻഡർമാരെയും (ഇപ്പോൾ ഈ തസ്തിക വകുപ്പിൽ നിലവിലില്ല) മാത്രമാണ് പ്രൊമോഷൻ വഴി നിയമിക്കുന്നത്. വിദ്യാഭ്യാസ യോഗ്യത ചുവടെ ചേർക്കുന്നു :

1. S.S.L.C. pass + Certificate in Civil Engineering അല്ലെങ്കിൽ

S.S.L.C. pass + Junior Technical School Leaving Certificate

2. മേൽപ്പറഞ്ഞവരുടെ അഭാവത്തിൽ Tracing, Sketching, Drawing എന്നിവയിൽ പരിചയമുള്ളവരെയും നിയമിക്കാം.

(ബി&സി) നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം ഇത്തരം നിയമനങ്ങൾ സാദ്ധ്യമല്ല. പൊതുമരാമത്ത് വകുപ്പിലെ ഡ്രൈവർമാർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർപോലുള്ള തസ്തികകളിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനം നൽകുന്ന കാര്യത്തിൽ നിലവിൽ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

**കായംകുളം മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ**

111(1181) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് റോഡ്സ് & ബ്രിഡ്ജസ്, കെട്ടിട വിഭാഗങ്ങൾ വഴി കായംകുളം മണ്ഡലത്തിൽ ചെറുതും വലുതുമായ പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ള തുക എത്രയെന്നും പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതികളുടെയും നിലവിലെ പുരോഗതി എന്തെന്നും വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം വഴി കായംകുളം മണ്ഡലത്തിൽ ചെറുതും വലുതുമായ പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ളതുകയുടെ വിശദാംശങ്ങളും കെട്ടിട വിഭാഗത്തിനുകീഴിലെ പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.* കായംകുളം മണ്ഡലത്തിലെ മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാല പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കാനുള്ള അർത്ഥനാപത്രം 24-12-2018-ന് ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. അതിർത്തി കല്ലുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചടയമംഗലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

112(1182) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മേയ് മാസം മുതൽ 2018 ഡിസംബർ 31 വരെ ചടയമംഗലം മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

ചടയമംഗലം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭ്യമായിട്ടുള്ള പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പീരുമേട് നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

113(1183) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പീരുമേട് നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചതും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുമായ പ്രവൃത്തികൾ ഏതൊക്കെയെന്ന് ഇനം തിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പീരുമേട് നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നോൺപ്ലാൻ ഇനത്തിൽ 283 ലക്ഷം രൂപയും ബഡ്ജറ്റ് വർക്ക് ഇനത്തിൽ 701.80 ലക്ഷം രൂപയും ശബരിമല വർക്ക് ഇനത്തിൽ 230 ലക്ഷം രൂപയും കിഫ്ബി ഇനത്തിൽ 80 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ നോൺപ്ലാൻ ഇനത്തിൽ 374 ലക്ഷം രൂപയും ബഡ്ജറ്റ് വർക്ക് ഇനത്തിൽ 997.40 ലക്ഷം രൂപയും ശബരിമല വർക്ക് ഇനത്തിൽ 463 ലക്ഷം രൂപയും കിഫ്ബി ഇനത്തിൽ 25 കോടി രൂപയും ഹിൽഹൈവേ ഇനത്തിൽ 73.91 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ നോൺപ്ലാൻ ഇനത്തിൽ 705.50 ലക്ഷം രൂപയും ബഡ്ജറ്റ് വർക്ക് ഇനത്തിൽ 250 ലക്ഷം രൂപയും ശബരിമല വർക്ക് ഇനത്തിൽ 1060 ലക്ഷം രൂപയും ഫ്ലഡ് വർക്ക് ഇനത്തിൽ 3000 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലെ SLTP പ്രവൃത്തികളും ശബരിമല പ്രവൃത്തികളും പൂർത്തീകരിച്ചു. 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 59 SLTF

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രവൃത്തികളിൽ 14 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കിയുള്ളവ പുരോഗതിയിലാണ്. 2018-19 ശബരിമല ഉത്സവവുമായി ബന്ധപ്പെട്ട 6 പ്രവൃത്തികളിൽ 3 പ്രവൃത്തികൾ പൂർത്തീകരിച്ചു, 3 എണ്ണം പുരോഗതിയിലാണ്. ബഡ്ജറ്റ് പ്രവൃത്തികളുടെയും കിഫ്ബി, ഹിൽഹൈവേ പ്രവൃത്തികളുടെയും അവലോകന റിപ്പോർട്ടും ദേശീയപാത, കെട്ടിട വിഭാഗങ്ങളിലെ വിശദാംശവും അനുബന്ധമായി ചേർക്കുന്നു.*

## പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികൾ

114(1184) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിന് കീഴിൽ പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

115(1185) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിക്കൂർ നിയോജമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിക്കും എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികളിൽ ഏതെല്ലാമാണ് ടെണ്ടർ ചെയ്തിട്ടുള്ളതെന്നും ബാക്കിയുള്ളവ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(സി) ശ്രീകണ്ഠപുരം-ചെമ്പന്തൊട്ടി-നടുവിൽ റോഡിന്റെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; എങ്കിൽ ഈ പ്രവൃത്തിയുടെ ചെലവെത്രയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 'കണിയാർവയൽ - കാഞ്ഞിലേരി - തിരൂർ-തേർമല-ഉളിക്കൽ റോഡ് - 0/000 മുതൽ 18/000 ' എന്ന പ്രവൃത്തി ആരംഭിച്ചു. 'ആലക്കോട് - പൂവൻചാൽ - മാവിൻത്തട്ട്-കാപ്പിമല റോഡ് കി.മീ. 0/000 മുതൽ 13/000 വരെയുള്ള' പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി പുരോഗമിക്കുന്നു.

(സി) ശ്രീകണ്ഠപുരം - ചെമ്പന്തൊട്ടി നടുവിൽ റോഡ് എന്ന പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി പുരോഗമിക്കുന്നു.

### ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

116(1186) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണാനുമതി നൽകിയത്; വിശദാംശം നൽകാമോ; ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് അനുവദിച്ചതെന്നും ഓരോ പ്രവൃത്തിയുടെയും കാലിക സ്ഥിതിയും വിശദമാക്കാമോ;

(ബി) 2018-19 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ശ്രീകൃഷ്ണപുരത്ത് ഗ്രാമന്യായാലയ കോടതി സമുച്ചയനിർമ്മാണം, ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണം, കല്ലടിക്കോട്-ശ്രീകൃഷ്ണപുരം റോഡ്, അമ്പലപ്പാറ മണ്ണൂർ റോഡ്, ലക്കിടി റെയിൽവേസ്റ്റേഷൻ റോഡ്, ഒറ്റപ്പാലം കിഴക്കേതോട്ടിൽ പാലം നിർമ്മാണം, മംഗലം മുരുക്കുംപറ്റ റോഡ് നിർമ്മാണം, വരോട് ചുനങ്ങാട് റോഡ്, അമ്പലപ്പാറ-മേലൂർ കീഴൂർ റോഡ്, ഒറ്റപ്പാലം റെയിൽവേസ്റ്റേഷൻ റോഡ് എന്നീ പ്രവൃത്തികളുടെ കാലികസ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവർത്തനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* ഇവ കൂടാതെ ദേശീയപാത വിഭാഗത്തിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന കോങ്ങാട്-മംഗലംകുന്ന് റോഡിന്റെ പുനരുദ്ധാരണത്തിന് 2016-17 സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽനിന്നും 15 കോടി രൂപയുടെ ഭരണാനുമതി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗതിയിലാണ്. കൂടാതെ ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണം ആർ.ബി.ഡി.സി.കെ. ആണ് ചെയ്യുന്നത്. ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയ വിശദമായ പദ്ധതിരേഖയ്ക്ക് 78.05 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിൽ ഭൂമി ഏറ്റെടുക്കൽ നടപടി താല്ക്കാലികമായി തടഞ്ഞുകൊണ്ട് കോടതിവിധി നിലനിൽക്കുന്നതിനാൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന ജോലി ആരംഭിക്കാൻ സാധിച്ചിട്ടില്ല.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

117(1187) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016 ജൂൺ മാസത്തിനുശേഷം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ള റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുന്ന പട്ടിക ലഭ്യമാക്കുമോ;

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച ആലുംകടവ്-പദ്മനാഭൻകുട്ടി റോഡ്, ചിറ്റുമൂല-മാലുമേൽ റോഡ് 2017-18 ലെ വവ്വാക്കാവ്-തഴവ റോഡ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) കരുനാഗപ്പള്ളി മുതൽ ഓച്ചിറ വരെ ദേശീയ പാതയുടെ ഇരുവശങ്ങളിലും താഴ്ന്ന പ്രദേശങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആർ.ബി.ഡി.സി.കെ. മുഖേന ചെയ്യുന്ന കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ മാളിയേക്കൽ (റെയിൽവേ മേൽപ്പാലം), പുതിയകാവ് - ചക്കുപ്പള്ളി (ചിറ്റുമൂല) എന്നീ പ്രവൃത്തികളുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. പൊതുമരാമത്ത് വകുപ്പ് നിരത്ത്, ദേശീയപാത, കെട്ടിടവിഭാഗം എന്നിവ മുഖേന ചെയ്യുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി&സി) 2016-17 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച ആല്യംകടവ്-പത്മനാഭൻ ജെട്ടി റോഡിന്റെ വീതികൂട്ടൽ പ്രവൃത്തി പുരോഗമിക്കുന്നു. ചിറ്റമൂല വാല്യമേൽ റോഡിന്റെ ബി.എം. വർക്ക് പൂർത്തിയായി. ബി.സി. വർക്ക് പുരോഗമിക്കുന്നു. വവ്വാക്കാവ്-തഴവ റോഡിന്റെ ലെവൽസ് അപ്രൂവലിന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഓച്ചിറ മുതൽ കരുനാഗപ്പള്ളി വരെയുള്ള എൻ.എച്ച്. 66-ന്റെ ഭാഗം NHAI മുഖാന്തരം നാലുവരിപ്പാതയായി വികസിപ്പിക്കാനുള്ളതാകയാൽ വലിയ പദ്ധതികളൊന്നുംതന്നെ കേന്ദ്ര മന്ത്രാലയം അനുവദിക്കുന്നതല്ല. ഗതാഗത സുരക്ഷ കണക്കിലെടുത്ത് സംരക്ഷണഭിത്തി അത്യാവശ്യമാണെന്ന് കണ്ടെത്തുകയാണെങ്കിൽ സംരക്ഷണഭിത്തി നിർമ്മിച്ച് നൽകും.

## സബ് രജിസ്ട്രാർ ഓഫീസുകൾ അഴിമതിരഹിതമാക്കുന്നതിന് നടപടി

118(1188) ശ്രീ. ബി. സത്യൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. സ്വരാജ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആധാരം ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം എല്ലാ രജിസ്ട്രേഷൻ ഓഫീസുകളിലും ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) സബ് രജിസ്ട്രാർ ഓഫീസുകളിലെ രജിസ്റ്ററുകൾ കൈകാര്യം ചെയ്യുന്നതും സൂക്ഷിക്കുന്നതും കൂടുതൽ സൗകര്യപ്രദമാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) സബ് രജിസ്ട്രാർ ഓഫീസുകൾ അഴിമതി രഹിതമാക്കുന്നതിന്റെ ഭാഗമായി വിവിധ സേവനങ്ങളുടെ ഫീസുകൾ ഇ-പേയ്മെന്റായി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) വ്യാജ മുദ്രപത്രങ്ങൾ തടയുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു :

1. രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന ആധാര വിവരങ്ങൾ ഓൺലൈനായി നൽകിക്കൊണ്ട് രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ച് ഓൺലൈൻ ടോക്കൺ എടുക്കാവുന്ന സംവിധാനം ഏർപ്പെടുത്തി. പൊതുജനങ്ങൾക്ക് രജിസ്ട്രാർ ഓഫീസിൽ കാലതാമസം കൂടാതെ ആധാരം രജിസ്റ്റർ ചെയ്യുന്നതിന് സൗകര്യം ഏർപ്പെടുത്തി.

2. വിൽക്കുന്ന ആളിനോ വാങ്ങുന്ന ആളിനോ തന്നെ രജിസ്ട്രേഷനായി ആധാരം സ്വയം തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി. പ്രസ്തുത സംവിധാനം കൂടുതൽ സൗകര്യപ്രദമാക്കുന്നതിന് A3 വലുപ്പത്തിലുള്ള ഫയലിംഗ് ഷീറ്റുകൾ A4 വലുപ്പത്തിലാക്കി പരിഷ്കരിച്ചിട്ടുണ്ട്.

3. വസ്തു കൈമാറ്റവുമായി ബന്ധപ്പെട്ട ആധാര ഇടപാടുകളിന്മേൽ മുദ്രവില ഈടാക്കുന്നതിനുള്ള മാനദണ്ഡം ഗൈഡ് ലൈൻ വാല്യു എന്ന രീതിക്ക് പകരമായി സംസ്ഥാനത്തെ ഭൂമിക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ന്യായവിലയിന്മേലുള്ള അപാകതകൾ പരിഹരിക്കുന്നതിനായി ഭൂവില യുക്തിപരമായി പുതുക്കി നിശ്ചയിച്ചു.

4. ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ ഒടുക്കേണ്ട ഫീസുകൾ ഇ-പേമെന്റ് മുഖേന ട്രഷറിയിൽ ഒടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി.

5. ഒരു ലക്ഷം രൂപയ്ക്കുമുകളിലുള്ള എല്ലാ രജിസ്ട്രേഷൻ സംബന്ധമായ മുദ്രപ്പത്രങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം ഏർപ്പെടുത്തി.

6. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്നമുറയ്ക്കുതന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ലഭ്യമാക്കുന്നതിലൂടെ പോക്കുവരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.

7. ഓൺലൈനായി ബാദ്ധ്യതാ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും ഇ-പേമെന്റ് സംവിധാനം വിനിയോഗിച്ച് ഫീസ് ഒടുക്കുന്നതിനോടൊപ്പം ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയതിലൂടെ സബ് രജിസ്ട്രാർ ഓഫീസിൽ നേരിട്ട് ഹാജരാകാതെതന്നെ ജനങ്ങൾക്ക് ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നുണ്ട്.

8. പാർട്ണർഷിപ്പ് ഫേം, സൊസൈറ്റി എന്നിവ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

9. സബ് രജിസ്ട്രാർ ഓഫീസുകളിലെ റെക്കോർഡ് മുറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി 18 ഓഫീസുകളിൽ ആധുനിക രീതിയിലുള്ള കോമ്പാക്റ്ററുകൾ സ്ഥാപിച്ചു.

10. ഡിജിറ്റൈസേഷൻ പദ്ധതിക്ക് തുടക്കം കുറിച്ചു.

(ബി) ആധാരം രജിസ്റ്റർ ചെയ്യുന്നതിനായി കക്ഷികൾ സബ് രജിസ്ട്രാർ ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതുണ്ട്. എന്നാൽ ആധാരത്തിന്റെ വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ഇ-പേമെന്റ് സംവിധാനത്തിലൂടെ രജിസ്ട്രേഷൻ ഫീസ് അടയ്ക്കുന്നതിനും ആധാര രജിസ്ട്രേഷനായി ഓഫീസിൽ ഹാജരാകുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ച് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനും സാധിക്കുന്നതാണ്.

(സി) ഡിജിറ്റൈസേഷൻ പദ്ധതിയുടെ ഭാഗമായി സബ് രജിസ്ട്രാർ ഓഫീസുകളിലെ രജിസ്റ്റർ വാല്യങ്ങളും ഇൻഡക്സ് രജിസ്റ്ററുകളും ഡിജിറ്റൽ രൂപത്തിലാക്കി സംരക്ഷിക്കുന്നതാണ്. സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കിയതോടെ അക്കൗണ്ട് രജിസ്റ്ററുകൾ ഭാഗികമായും ഇൻഡക്സ് രജിസ്റ്ററുകൾ പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. രജിസ്റ്റർ വാല്യങ്ങൾ സൗകര്യപ്രദമായി കൈകാര്യം ചെയ്യുന്നതിനുവേണ്ടി ഫയലിംഗ് ഷീറ്റിന്റെ വലുപ്പം A3-യിൽനിന്നും A4 ആയി കുറയ്ക്കുകയും രജിസ്റ്റർ വാല്യത്തിലെ പേജുകളുടെ എണ്ണം 500-ൽനിന്നും 250 ആയി കുറയ്ക്കുകയും ചെയ്തു.

(ഡി) ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) കേരള മുദ്രപ്പത്ര നിയമത്തിൽ ഭേദഗതി വരുത്തി 2017 മേയ് മാസം മുതൽ സംസ്ഥാനത്ത് ഒരു ലക്ഷം രൂപയ്ക്കുമുകളിൽ മുദ്രവില ആവശ്യമായിവരുന്ന ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന ട്രഷറി വകുപ്പിന്റെയും കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെയും സംയുക്ത സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഒരു ലക്ഷം രൂപവരെയുള്ള മുദ്രപ്പത്രങ്ങൾക്കും ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾക്കും കൂടി ഇ-സ്റ്റാമ്പിംഗ് ബാധകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മാനന്തവാടി സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിടം**

119(1189) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി സബ് രജിസ്ട്രാർ ഓഫീസിനായുള്ള പുതിയ കെട്ടിടം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത നിർമ്മാണത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും നിർമ്മാണ കരാർ എടുത്തിരിക്കുന്നത് ഏത് ഏജൻസിയാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) മാനന്തവാടി സബ് രജിസ്ട്രാർ ഓഫീസിനായുള്ള പുതിയ കെട്ടിട നിർമ്മാണത്തിന്റെ ടെണ്ടർ നടപടി പൂർത്തിയാക്കി കരാറുകാരനെ തീരുമാനിച്ചിട്ടുണ്ട്.

(ബി) നിർമ്മാണം ആരംഭിച്ച് ഒരു വർഷംകൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത നിർമ്മാണത്തിനായി 1,20,00,000 (ഒരു കോടി ഇരുപത് ലക്ഷം) രൂപ അനുവദിച്ചിട്ടുണ്ട്. മുഹമ്മദ് ഷാഫി, മലപ്പുറം എന്ന കരാറുകാരനാണ് നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത്.

**രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിട നിർമ്മാണം**

120(1190) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര രജിസ്ട്രാർ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു എന്ന് ജില്ല/താലൂക്ക്/സ്ഥലം എന്നിവ തിരിച്ച് അറിയിക്കാമോ;

(ബി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ രജിസ്ട്രാർ ഓഫീസുകൾക്കും സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പുതുതായി നിർമ്മിക്കുന്ന രജിസ്ട്രാർ ഓഫീസുകൾ, രേഖകളുടെ ആധുനിക രീതിയിലുള്ള സംരക്ഷണം ഉൾപ്പെടെ, ഒരു ഏകീകൃത പ്ലാൻ പ്രകാരം നിർമ്മിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 128 എണ്ണം. പട്ടിക അനുബന്ധമായി ചേർക്കുന്നു. *

(ബി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 33 രജിസ്ട്രാർ ഓഫീസുകൾക്ക് കിഫ്ബി മുഖേന സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സർക്കാർ ഭൂമിയോ/സ്വകാര്യ വ്യക്തികളിൽനിന്നും ദാനമായോ ഭൂമി ലഭ്യമാകുന്നമുറയ്ക്ക് ബാക്കിയുള്ള ഓഫീസുകൾക്ക് കെട്ടിടനിർമ്മാണ നടപടി സ്വീകരിക്കുന്നതാണ്.

(സി) സബ് രജിസ്ട്രാർ ഓഫീസുകൾക്ക് നിലവിൽ കക്ഷിപ്പുര, റിക്കാർഡുകൾ സൂക്ഷിക്കുന്നതിനായി റിക്കാർഡ് റൂം, ഓഫീസ് റൂം എന്നിവയടങ്ങുന്ന ഏകീകൃത രൂപമാണുള്ളത്. എന്നാൽ ലഭ്യമായിട്ടുള്ള സ്ഥലത്തിന്റെ അളവുകൾക്കനുസൃതമായിട്ടാണ് കെട്ടിടം നിർമ്മിക്കുന്നത്. റിക്കാർഡുകൾ സൂക്ഷിക്കുന്നതിനായി കോംപാക്ടർ സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്.

## കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം

121(1191) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കല്ല്യാശ്ശേരി വില്ലേജ് പരിധിയിലുള്ള കല്ല്യാശ്ശേരി അംശം ദേശത്ത് ധർമ്മശാല എന്ന സ്ഥലത്ത് റീസർവ്വേ നമ്പർ 387/2-ൽപ്പെട്ട 58 സെന്റ് സ്ഥലത്ത് എക്സൈസ് വകുപ്പിനുകൂടി ഒന്നിച്ച് കെട്ടിടം നിർമ്മിക്കാവുന്നതാണോയെന്ന് കണ്ണൂർ ജില്ലാ കളക്ടർ പരിശോധിച്ചുവരികയാണ്. അതേസമയം, കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ആഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി ബക്കളം അംശം കാനൂർ ദേശത്ത് ശ്രീ നെല്ലിയോട്ട് ഭഗവതി ക്ഷേത്രംവക 10 സെന്റ് സ്ഥലം വിട്ടുനൽകുന്നതിനുള്ള സമ്മതപത്രം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണോയെന്ന കാര്യവും പരിശോധിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സെമി ഹൈസ്പീഡ് ട്രെയിനുകൾ

122(1192) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മുതൽ കാസർകോഡ് വരെ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള പാതക്ക് പുറമെ രണ്ട് പാതകൾ കൂടി പണിയുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിരുന്നോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ ചെലവ് വളരെ ഉയർന്നതാകയാൽ വിശദമായ പഠനം നടത്തുവാൻ റെയിൽവേ ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ-ഡി) സംസ്ഥാനത്തെ റെയിൽവേ വികസനത്തിന്റെ ഭാഗമായി നിലവിലുള്ള റെയിൽപ്പാതയ്ക്ക് സമാന്തരമായി ഇരട്ടപ്പാത നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ട്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 510 കി.മീ. ദൂരത്തിൽ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ടപ്പാതയ്ക്കുപുറമേ മൂന്നും നാലും പാത എന്ന പദ്ധതി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മുൻഗണനാ പട്ടികയിലുള്ള പദ്ധതിയാണ്. പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കുകയും 2017 ഡിസംബർ അവസാനത്തോടെ റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഈ പദ്ധതിയുടെ ചെലവും സങ്കീർണ്ണതയും കണക്കിലെടുത്ത് വിശദമായ ഒരു പഠനം നടത്തി വീണ്ടും കേന്ദ്ര ഗൺമെന്റിന് സമർപ്പിക്കാൻ റെയിൽവേ ബോർഡ് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തുന്നതിലേയ്ക്കുള്ള ജനറൽ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുകയും ഡി.പി.ആർ. രൂപരേഖ തയ്യാറാക്കി ഈ സാമ്പത്തിക വർഷംതന്നെ റെയിൽവേ ബോർഡിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഏകദേശം 55,337 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ 5 വർഷത്തിനകം നടപ്പിലാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കൊല്ലം-ചെങ്കോട്ട പാതയിൽ ട്രെയിൻ സർവ്വീസുകൾ

123(1193) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടികൾ ചെലവിട്ട് ഗേജ് മാറ്റം വരുത്തിയ കൊല്ലം-ചെങ്കോട്ട പാതയിൽ ആവശ്യത്തിന് ട്രെയിൻ സർവ്വീസുകൾ ആരംഭിക്കാത്തതിനാൽ യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുരുവായൂർ-പുനലൂർ പാസഞ്ചർ മധുരയിലേക്ക് നീട്ടണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ റെയിൽവെ ബോർഡിന്റെ പ്രതികരണം അറിയിക്കാമോ;

(സി) കൊല്ലം-ചെങ്കോട്ട ലൈനിൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം റെയിൽവേ ബോർഡിന് സമർപ്പിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കൊല്ലം-ചെങ്കോട്ട ലൈനിൽ യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിലേയ്ക്കായി കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള ട്രെയിൻ സർവ്വീസുകൾ നീട്ടുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് റെയിൽവേയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. റെയിൽവേ ബോർഡിൽനിന്നും അനുകൂല നിലപാടുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ പുതിയ റെയിൽപ്പാത

124(1194) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള തിരുവനന്തപുരം-കാസർഗോഡ് രണ്ടുവരി റെയിൽ പാതയ്ക്ക് സമാന്തരമായി രണ്ടുവരിപാത നിർമ്മിക്കുന്നതിന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന് കേന്ദ്ര ആസൂത്രണ ബോർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പാത യാഥാർത്ഥ്യമാകുമ്പോൾ തിരുവനന്തപുരത്തു നിന്നും എത്ര സമയം കൊണ്ട് കാസർഗോഡ് എത്തിച്ചേരാമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കാവശ്യമായ തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത രണ്ടുവരിപാതയുടെ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-ഡി) സംസ്ഥാനത്തെ റെയിൽവേ വികസനത്തിന്റെ ഭാഗമായി നിലവിലുള്ള റെയിൽപ്പാതയ്ക്ക് സമാന്തരമായി ഇരട്ടപ്പാത നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 510 കി.മീ. ദൂരത്തിൽ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ടപ്പാതയ്ക്കുപുറമേ മൂന്നും നാലും പാത എന്ന പദ്ധതി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മുൻഗണനാ പട്ടികയിലുള്ള പദ്ധതിയാണ്. പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കുകയും 2017 ഡിസംബർ അവസാനത്തോടെ റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഈ പദ്ധതിയുടെ ചെലവും സങ്കീർണ്ണതയും കണക്കിലെടുത്ത് വിശദമായ ഒരു പഠനം നടത്തി വീണ്ടും കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാൻ റെയിൽവേ ബോർഡ് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തുന്നതിലേയ്ക്കുള്ള ജനറൽ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുകയും ഡി.പി.ആർ. രൂപരേഖ തയ്യാറാക്കി ഈ സാമ്പത്തിക വർഷംതന്നെ റെയിൽവേ ബോർഡിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പ്രസ്തുത പദ്ധതിക്ക് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ 5 വർഷത്തിനകം നടപ്പിലാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി പൂർത്തിയാക്കുന്നതിന് 55,337 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ ധനശേഖരണ രൂപം ചുവടെ വിവരിക്കുന്നു :

| Parties | % contribution | Amount | Remarks |
|---|---|---|---|
| (1) | (2) | (3) | (4) |
| Equity by GOK | 10% | 5534 | Total equity for Railways and GOK stands at 20% only |
| Equity by GOI | 10% | 5534 | |

| (1) | (2) | (3) | (4) |
|---|---|---|---|
| Loan from multilateral overseas development agencies | 60% | 33202Cr. | Soft loans @ 0.5% rate of interest for long tern of 30-35 years |
| Fund raising through selling of property rights, Real estate develo[ment etc. Along the corridor. | 20% | 11,067 Cr. | Expected loans @ 20% of cost through open tendering system, the right can be awarded. |
| Total | 100% | 55337 Cr. | |

ഈ പദ്ധതി ഒരു സ്റ്റാന്റ് എലോൺ എലിവേറ്റഡ് റെയിൽ കോറിഡോറായി നടപ്പിലാക്കുന്നതിന് കേന്ദ്ര റെയിൽവേ മന്ത്രാലയം അനുകൂലിക്കുന്നതായും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സഹായ സഹകരണങ്ങൾ ലഭ്യമാക്കുമെന്നും കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ട്. ഈ പാത യാഥാർത്ഥ്യമാകുമ്പോൾ തിരുവനന്തപുരത്തുനിന്നും കാസർഗോഡ് വരെ നാലര മണിക്കൂറിൽ എത്തിച്ചേരാൻ സാധിക്കും.

**ഇടപ്പള്ളി റെയിൽവേ സ്റ്റേഷനിൽ മേൽപ്പാലം**

125(1195) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ഇടപ്പള്ളി റെയിൽവേ സ്റ്റേഷനിൽ നിന്ന് അമൃത ഹോസ്പിറ്റലിലേക്ക് പോകുന്ന യാത്രക്കാരുടെ എണ്ണം വർദ്ധിച്ചതുമൂലം റോഡ് ക്രോസിംഗിന് ബുദ്ധിമുട്ട് നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ഒരു മേൽപ്പാലം പണിയുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. എറണാകുളം ജില്ലയിൽ ഇടപ്പള്ളി അമൃത ആശുപത്രിക്കടുത്ത് മേൽപ്പാലം പണിയുന്നതിന് 17-5-2011-ലെ G.O. (Rt.) No. 713/2011/PWD പ്രകാരം ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തി ആർ.ബി.ഡി.സി.കെ.-യെ ഏല്പിക്കുകയും ചെയ്തു. നിലവിൽ ലെവൽ ക്രോസ് ഇല്ലാത്ത സ്ഥലമായതിനാൽ പാലത്തിന്റെ മുഴുവൻ നിർമ്മാണച്ചെലവും സംസ്ഥാന സർക്കാർതന്നെ വഹിക്കേണ്ടതാണ്. ഇതിനായി ഭൂമി ഏറ്റെടുക്കലും റെയിൽവേ ഭാഗം ഉൾപ്പെടെയുള്ള നിർമ്മാണ ചെലവുംകൂടി 35.79 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിക്കായി ലഭിച്ച പ്രൊപ്പോസൽ പരിശോധിക്കുകയും സർക്കാരിന് ഭീമമായ സാമ്പത്തിക ബാദ്ധ്യത യുണ്ടാകുന്നതിനാലും 500 മീറ്റർ ദൂരത്തിനുള്ളിൽ മറ്റൊരു ആർ.ഒ.ബി. നിലവിലുള്ള തിനാലും ഈ പദ്ധതി നടപ്പാക്കുന്നത് തൽക്കാലം മാറ്റിവയ്ക്കുകയുണ്ടായി.

**മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലം**

126(1196) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കിഫ്ബിയുടെ അംഗീകാരം ലഭിച്ച കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാല പദ്ധതിക്കായി സ്ഥലമേറ്റെടുക്കാനുള്ള അർത്ഥനാപത്രം 24-12-2018-ന് ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മാവേലിക്കരയിൽ റെയിൽവേ മേൽപ്പാലം**

127(1197) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കരയിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കാവശ്യമായ കേന്ദ്രവിഹിതം ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തിക്കായി സംസ്ഥാനം വകയിരുത്തിയ തുകയുടെ കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര, കല്ലുമല ആർ.ഒ.ബി. നിർമ്മിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിന് കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ട്. ഡി.പി.ആർ. പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തി റെയിൽവേ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. മേൽപ്പാല നിർമ്മാണം പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രമേ കേന്ദ്ര വിഹിതം ലഭ്യമാകുകയുള്ളൂ.

(സി) ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ച് തുടർന്ന് കിഫ്ബിയുടെ അനുമതി ലഭിക്കുന്നമുറയ്ക്കു മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ഡി) പ്രസ്തുത പ്രവൃത്തിക്കായി 22.5 കോടി രൂപയാണ് സംസ്ഥാനം വകയിരുത്തിയിരിക്കുന്നത്.

**കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനിലെ നിയമനം**

128(1198) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന പൊതുമേഖല സ്ഥാപനത്തിൽ സെക്ഷൻ എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നടത്തിയ നിയമനത്തിൽ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരമുള്ള സാമുദായിക സംവരണ വ്യവസ്ഥകൾ പാലിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള ഇന്റർവ്യൂ ബോർഡിൽ സിവിൽ എഞ്ചിനീയറിംഗിൽ പ്രാവീണ്യം നേടിയവർ എത്ര പേരുണ്ടായിരുന്നു;

(സി) പ്രസ്തുത തസ്തികയുടെ റാങ്ക് ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത തസ്തികയിൽ നടത്തിയ നിയമനങ്ങളിൽ സംവരണ വിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലായെന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) നിയമനം ലഭിച്ചവർക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പ് ചട്ടവിരുദ്ധമായി അവധി അനുവദിച്ചിട്ടുണ്ടോ;

(ഇ) സർക്കാരിന്റെയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ബോർഡിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണോ നിയമനം നടത്തിയതെന്ന് വ്യക്തമാക്കാമോ;

(എഫ്) തികച്ചും സുതാര്യമല്ലാതെ നടത്തിയ പ്രസ്തുത നിയമനം റദ്ദുചെയ്ത് വീണ്ടും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കേരള റെയിൽ ഡെവലപ്‌മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ സെക്ഷൻ എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നടത്തിയ നിയമനത്തിൽ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരമുള്ള സാമുദായിക സംവരണ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ പ്രസ്തുത തസ്തികയ്ക്കുവേണ്ടി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ ആവശ്യമായ തൊഴിൽ പരിചയമുള്ളവരാണോയെന്ന് ഉറപ്പിക്കാൻവേണ്ടി ഒരു ക്ലാരിഫിക്കേഷൻ 25-9-2018-ൽ കേരള റെയിൽ ഡെവലപ്‌മെന്റ് കോർപ്പറേഷനിൽ ലഭിച്ചിരുന്നു.

(ബി) ഒന്ന്.

(സി) നിലവിലുള്ള സംവരണതത്വം പാലിച്ചുകൊണ്ട് കേരള റെയിൽ ഡെവലപ്‌മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ വെബ്സൈറ്റിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. ഇതുസംബന്ധിച്ച് ആരുടെയും പരാതി ലഭിച്ചിട്ടില്ല.

(ഡി) ഇല്ല.

(ഇ) ബോർഡ് അംഗീകരിച്ചിട്ടുള്ള sub delegation of powers പ്രകാരം മാനേജിംഗ് ഡയറക്ടറുടെ അധികാരം ഉപയോഗിച്ചാണ് നിയമനം നടത്തിയിട്ടുള്ളത്.

(എഫ്) പ്രസ്തുത നിയമനം നിലവിലുള്ള നിയമന രീതി പ്രകാരം സുതാര്യമായി നടത്തിയിട്ടുള്ളതിനാൽ റദ്ദ് ചെയ്ത് വീണ്ടും നടത്തേണ്ട ആവശ്യമില്ല.

**ഹരിത വിദ്യാലയം**

129(1199) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പും സി.ഡിറ്റും സംയുക്തമായി നടപ്പിലാക്കിയ ഹരിത വിദ്യാലയം റിയാലിറ്റി ഷോയിൽ, കോട്ടയ്ക്കൽ രാജാസ് ഹയർ സെക്കണ്ടറി സ്കൂളിന് രണ്ടാം സമ്മാനമായി ലഭിച്ച പത്തു ലക്ഷം രൂപ ബാങ്കിൽ നിക്ഷേപിച്ചതിന്

പലിശയായി ലഭിച്ച തൊണ്ണൂറായിരം രൂപ പിൻവലിക്കുന്നതിന് സ്കൂൾ അധികൃതർ 11-9-2018-ന് പൊതുവിദ്യാഭ്യാസ വകുപ്പിന് നൽകിയ നിവേദനം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തുക പിൻവലിക്കുവാൻ സ്കൂളിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുമോ; കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) പ്രസ്തുത നിവേദനം സർക്കാരിൽ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

130(1200) ശ്രീ. മാത്യു ടി .തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഇതിനോടകം ഏറ്റെടുത്ത പ്രവൃത്തികൾ ഏതു ഘട്ടത്തിലായി എന്ന് വിശദമാക്കാമോ;

(ബി) അൺ എയ്ഡഡ് മേഖലയിൽ നിന്നും പൊതുവിദ്യാഭ്യാസ മേഖലയിലേക്ക് കുട്ടികൾ കൂടുതലായി എത്തിച്ചേർന്നതിന്റെ കഴിഞ്ഞ രണ്ടു വർഷത്തെ വിവരങ്ങൾ വെളിപ്പെടുത്താമോ;

(സി) 2018-19 അദ്ധ്യയന വർഷം ഏതു സമയത്തിനുള്ളിൽ പാഠപുസ്തക വിതരണം പൂർത്തിയാക്കിയെന്നും, പ്രളയത്തിൽ പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് എപ്രകാരം പകരം പുസ്തകം ലഭ്യമാക്കി എന്നും വിശദമാക്കാമോ;

(ഡി) 2019-20 അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രകാരമുള്ള പ്രവർത്തനങ്ങൾ പ്രധാനമായും ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

1. നിർമ്മാണ പ്രവർത്തനം

(a) കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ മികവിന്റെ കേന്ദ്രങ്ങളായി തെരഞ്ഞെടുത്ത 141 സ്കൂളുകളിൽ 137 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തു. ഇതിൽ 127 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ച് അത് വിവിധ ഘട്ടങ്ങളിലാണ്. 10 സ്കൂളുകളുടെ

നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. 4 സ്കൂളുകളുടെ കാര്യത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(b) കിഫ്ബിയുടെ 3 കോടി രൂപ ധനസഹായത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 229 സ്കൂളുകൾ തെരഞ്ഞെടുത്തിരുന്നു. അതിൽ 215 സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു. ഇതിൽ 185 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിനായി കിഫ്ബി അംഗീകാരം ലഭിക്കുകയു ണ്ടായി. 28 സ്കൂളുകളുടെ അംഗീകാരം കിഫ്ബിയുടെ പരിഗ ണനയിലാണ്. 2 സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി വരുന്നു. അപ്രകാരം അംഗീകാരം ലഭിച്ച 185 സ്കൂളുകളിൽ 115 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു. 70 സ്കൂളുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്യുകയും അതിൽ 58 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും 12 സ്കൂളുകളുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(c) 2018-19 വർഷത്തിലെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി രൂപയുടെയും 500 മുതൽ 1000 വരെ കുട്ടികൾ പഠിക്കുന്ന 444 സ്കൂളുകൾക്ക് 1 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

2. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിൽ ഹൈടെക് ക്ലാസ് മുറികൾ, കമ്പ്യൂട്ടർ ലാബ്, ഉപകരണങ്ങൾ മൗണ്ട് ചെയ്ത് ഉപയോഗിക്കുന്നതിന് അടച്ചുറപ്പില്ലാത്ത ക്ലാസുകളിൽ പഠിക്കുന്ന (ഹൈടെക് ആക്കാൻ കഴിയാത്ത) കുട്ടികൾക്കും പദ്ധതിയുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിനുള്ള ഉപകരണ വിതരണം, ഡിജിറ്റൽ വിഭവങ്ങൾക്ക് 'സമഗ്ര' പോർട്ടൽ, വയനാട് ജില്ലയിലെ തോൽപ്പെട്ടി സർക്കാർ ഹൈസ്കൂൾ ഒഴികെയുള്ള എല്ലാ ഹൈടെക് സ്കൂളുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റും ഏർപ്പെടുത്തി. സ്കൂളുകളിലെ ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള നെറ്റ് വർക്കിംഗ് 2019 മേയ് മാസത്തോടെ പൂർത്തിയാക്കത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

3. <u>അക്കാദമിക പ്രവർത്തനം</u>

മിഷനും വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മറ്റ് ഏജൻസികളും ചേർന്ന് അക്കാഡമിക പ്രവർത്തനങ്ങൾ നടത്തിവരുന്നു. എല്ലാ സ്കൂളുകളിലും നടപ്പാക്കിയ അക്കാഡമിക മാസ്റ്റർ പ്ലാനിനോടനുബന്ധിച്ചുള്ള നിർവ്വഹണ പദ്ധതി രൂപീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓരോ സ്കൂളും അഞ്ച് പ്രവർത്തനങ്ങൾ നിശ്ചയിച്ച് പ്രവർത്തനം ആരംഭിക്കുകയുണ്ടായി. പഠന പ്രയാസം നേരിടുന്നവർക്കുള്ള ശ്രദ്ധ, ശാസ്ത്രം, ഗണിതം തുടങ്ങിയവയിൽ ഉയർന്ന ശേഷി കൈവരിക്കുന്നതിനുള്ള പ്രവർത്തനം 'മലയാളത്തിളക്കം', 'ഗണിതവിജയം', 'സുരീലി ഹിന്ദി', 'ടാലന്റ് ലാബ്' എന്നീ പദ്ധതികളും നടന്നുവരുന്നു. അതോടൊപ്പം ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവ സജ്ജീകരിക്കുകയുണ്ടായി. കൂടാതെ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി വളർത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കുട്ടികളുടെ പഠന മികവുകൾ പൊതുസമൂഹവുമായി പങ്കുവയ്ക്കുന്നതിനും അങ്ങനെയൊരു സാമൂഹിക വിലയിരുത്തൽ നടത്തുന്നതിനും കുട്ടികളുടെ പഠനത്തിനായി സമൂഹവും രക്ഷിതാക്കളും വഹിക്കേണ്ട പങ്കിനെക്കുറിച്ച് മനസ്സിലാക്കുന്നതിനും മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂൾ എന്ന പരിമിതി മറികടക്കാൻ സ്കൂളുകളെ പ്രാപ്തമാക്കുന്നതിനുമായി ജനുവരി അവസാനം മുതൽ പ്രവേശനോത്സവം വരെ നീളുന്ന പഠനോത്സവം എല്ലാ വിദ്യാലയങ്ങളിലും നടത്തിവരുന്നു.

(ബി) മുൻവർഷത്തിൽ ഒന്നുമുതൽ ഒൻപത് വരെ ക്ലാസുകളിലുണ്ടായിരുന്നവർക്കു പുറമെ, രണ്ട് മുതൽ ഒൻപത് വരെ ക്ലാസുകളിൽ പുതുതായി വന്നുചേർന്നവരും മുൻവർഷത്തെ അപേക്ഷിച്ച് ഒന്നാം ക്ലാസ്സിൽ കൂടുതൽ വന്നുചേർന്നവരും ഉൾപ്പെടെ 2016-17 അദ്ധ്യയന വർഷത്തെ അപേക്ഷിച്ച് 2017-18-ൽ 1,57,406 കുട്ടികളും 2017-18-നെ അപേക്ഷിച്ച് 2018-19-ൽ 1,85,971 കുട്ടികളും എത്തിച്ചേർന്നു. ഹയർസെക്കണ്ടറി മേഖലയിൽ 2016-17, 2017-18, 2018-19 അദ്ധ്യയന വർഷങ്ങളിൽ അൺ എയ്ഡഡ് മേഖലയിൽ പ്രവേശനം നേടിയ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ എണ്ണം 32495, 30115, 28055 എന്ന ക്രമത്തിൽ കുറഞ്ഞുവരികയും പൊതുവിദ്യാലയങ്ങളിൽ 352197, 349415, 357923 എന്ന ക്രമത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) 2018-19 അദ്ധ്യയന വർഷത്തെ 1 മുതൽ 10 വരെ ക്ലാസുകളിലേയ്ക്കുള്ള ഒന്നാം വാല്യം പാഠപുസ്തകത്തിന്റെ വിതരണം 2018 ജനുവരി 15-ാം തീയതി മുതലും രണ്ടാം വാല്യം ആഗസ്റ്റ് ആറാം തീയതി മുതലും മൂന്നാം വാല്യം ഒക്ടോബർ പതിനേഴാം തീയതി മുതലും സ്കൂൾ സൊസൈറ്റികളിലെത്തിച്ച് കൃത്യസമയത്തു തന്നെ വിതരണം പൂർത്തീകരിച്ചു. സ്കൂൾ അദ്ധ്യയന വർഷാരംഭത്തിന് 5 മാസം മുമ്പുതന്നെ സ്കൂളുകളിൽ ഒന്നാം വാല്യം പാഠപുസ്തകങ്ങളെത്തിച്ച് നൽകിയിരുന്നു. രണ്ടുമുതൽ ഒമ്പതുവരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് വർഷാവസാന പരീക്ഷ തീരുന്നമുറയ്ക്കും ഒൻപതാം ക്ലാസിലെ റിസൾട്ട് വരുന്നമുറയ്ക്ക് പത്താം ക്ലാസ്സിലെയും പാഠപുസ്തകങ്ങൾ നൽകാനുള്ള നടപടിയും സ്വീകരിച്ചിരുന്നു. പ്രകൃതിക്ഷോഭംമൂലവും വെള്ളപ്പൊക്കത്തിലും പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് ആയത് നൽകുന്നതിലേയ്ക്കായി ആറ് ലക്ഷം പാഠപുസ്തകങ്ങൾ പ്രളയബാധിത ജില്ലകളിൽ സമയബന്ധിതമായി എത്തിച്ച് വിതരണം ചെയ്തിരുന്നു. സംസ്ഥാനത്തുണ്ടായ കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭംമൂലവും സ്കൂൾ പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് ആയത് നൽകുന്നതിലേയ്ക്കായി സ്കൂളുകളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർമാർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് 1-9-2018-ന് ലഭ്യമാക്കിയിരുന്നു. അതുപ്രകാരം വിവിധ ഉപജില്ലാ ഓഫീസുകളിലും വിവിധ വിദ്യാഭ്യാസ ഉപഡയറക്ടറാഫീസുകളിലും ലഭ്യമായിരുന്ന ബഫർ സ്റ്റോക്കിൽനിന്നും കെ.ബി.പി.എസ്.-ൽനിന്നും ശേഖരിച്ച് ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പത്തനംതിട്ട എന്നീ ജില്ലകളിലേയ്ക്ക് എത്തിച്ചുനൽകി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം പാഠപുസ്തകങ്ങൾ വിതരണം ചെയ്തു. പ്രളയബാധിത പ്രദേശങ്ങളിൽ പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ട അംഗീകൃത അൺ-എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും അവരാവശ്യപ്പെട്ടതുപ്രകാരമുള്ള പാഠപുസ്തകങ്ങൾ അതാത് വിദ്യാഭ്യാസ ഓഫീസർമാർ നൽകിയിട്ടുണ്ട്. മുൻ നിശ്ചയിച്ച പ്രകാരം എല്ലാ ജില്ലകളിലും 3-9-2018-ന് വിതരണം ആരംഭിച്ച് 10-9-2018-നകം പരാതിക്കിടനൽകാത്തവിധം വിതരണം പൂർത്തീകരിക്കുകയും ചെയ്തു.

ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും Centre for Advanced Printing and Training ആണ് നിർവ്വഹിക്കുന്നത്. 2018-19 വർഷത്തെ ഓൺലൈൻ ഇന്റഡന്റ് പ്രകാരമുള്ള പാഠപുസ്തകങ്ങൾ അദ്ധ്യയന വർഷാരംഭത്തിന് മുമ്പായിത്തന്നെ അതാത് സ്കൂളുകളിൽ വിതരണം ചെയ്തിട്ടുള്ളതാണ്. പ്രളയത്തിൽ പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ട ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനായി ഹയർ സെക്കണ്ടറി വകുപ്പിൽനിന്നും സമയബന്ധിതമായി തന്നെ നടപടികൾ കൈക്കൊണ്ടതിന്റെ ഭാഗമായി 31-8-2018-നകം വിദ്യാർത്ഥി

കളിൽനിന്നും നഷ്ടപ്പെട്ട പുസ്തകങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് 3-9-2018-നകം കണക്ക് നൽകണമെന്ന അറിയിപ്പ്, പത്രങ്ങൾ മുഖാന്തരവും ഹയർ സെക്കണ്ടറി പോർട്ടൽ മുഖാന്തരവും ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾമാർക്ക് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രളയബാധിത സ്കൂളുകളിൽനിന്നും ഇൻഡന്റ് നൽകിയ പ്രകാരം അധികൃതർ ജില്ലാ സെന്ററുകളിൽനിന്നും പുസ്തകങ്ങൾ കൈപ്പറ്റി.

(ഡി) 2019-20 അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് സർക്കാർ കെ.ബി.പി.എസ്.-നെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിലേയ്ക്കായുള്ള റ്റെന്റേറ്റീവ് പ്രിന്റ് ഓർഡർ 17-10-2018, 27-10-2018 എന്നീ തീയതികളിൽ നൽകിക്കഴിഞ്ഞു. സ്കൂളുകളിൽനിന്നും ആവശ്യമായ പാഠപുസ്തകങ്ങൾക്കായുള്ള ഓൺലൈൻ ഇൻഡന്റ് 12-11-2018 മുതൽ 5-12-2018 വരെ KITE-ന്റെ വെബ്സൈറ്റ് വഴി സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അന്തിമ പ്രിന്റ് ഓർഡർ 24-12-2018-ന് കെ.ബി.പി.എസ്.-ന് നൽകുകയും ചെയ്തു. ആയതുപ്രകാരം അച്ചടി 30 ശതമാനം പൂർത്തീകരിക്കുകയും വിവിധ ഹബ്ബുകളിൽ 2019 ജനുവരി മാസം മുതൽ തന്നെ എത്തിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. പാഠപുസ്തക വിതരണം മോണിറ്റർ ചെയ്യുന്നതിനായി സംസ്ഥാനതലത്തിൽ മൂന്ന് മേഖലകളായി തിരിച്ച് രണ്ട് അഡീഷണൽ ഡയറക്ടർമാർക്കും ഒരു ജോയിന്റ് ഡയറക്ടർക്കും ഇതിനോടകംതന്നെ ചുമതലയും നൽകിക്കഴിഞ്ഞു. ജില്ലാ തലത്തിൽ കുറ്റമറ്റ രീതിയിൽ വിതരണം നടത്തുന്നതിലേയ്ക്കായി അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാരെയും സൊസൈറ്റികളിലെ വിതരണം മോണിറ്റർ ചെയ്യുന്നതിനും പുനഃക്രമീകരണം നടത്തുന്നതിനുമായി അതാത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെയും ചുമതലപ്പെടുത്തിക്കഴിഞ്ഞു. 2019-20 അദ്ധ്യയന വർഷത്തേയ്ക്കുള്ള 1 മുതൽ 10 വരെ പാഠപുസ്തകങ്ങളുടെ ആദ്യഘട്ട വിതരണം ഫെബ്രുവരി മാസം ആദ്യവാരം തുടങ്ങുന്നതിനുള്ള നിർദ്ദേശം കെ.ബി.പി.എസ്.-ന് നൽകിക്കഴിഞ്ഞു. രണ്ട് മുതൽ ഒൻപത് വരെയുള്ള പാഠപുസ്തകങ്ങൾ മദ്ധ്യവേനലവധിക്ക് മുമ്പുതന്നെ വിദ്യാർത്ഥികൾക്ക് എത്തിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ടി സാഹചര്യത്തിൽ 2019-20-ലേയ്ക്കുള്ള പാഠപുസ്തക വിതരണത്തിന് എല്ലാ ക്രമീകരണങ്ങളും ഇതിനോടകം സ്വീകരിച്ചുകഴിഞ്ഞു. ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ C-Apt മുഖാന്തരമാണ് അച്ചടിച്ച് സ്കൂളുകളിൽ വിതരണം ചെയ്തുവരുന്നത്. 2019-20 അദ്ധ്യയന വർഷത്തേയ്ക്ക് വേണ്ടുന്ന പാഠപുസ്തക വിതരണം സംബന്ധിച്ച നടപടികൾ 2018 നവംബർ മാസത്തിൽ തന്നെ ആരംഭിച്ചിട്ടുണ്ട്.

## അക്കാദമിക് മികവിനായി വിദ്യാലയങ്ങൾ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ

131(1201) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം വിലയിരുത്തിയിട്ടുണ്ടോ;

(ബി) അക്കാഡമിക് മികവിനായി വിദ്യാലയങ്ങൾ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(സി) കേന്ദ്രസർക്കാർ ആരംഭിച്ച സമഗ്ര ശിക്ഷാ അഭിയാന്റെ അടിസ്ഥാനത്തിൽ എസ്.സി.ഇ.ആർ.റ്റി, ഡൈറ്റ് തുടങ്ങിയവ ഉന്നതനിലവാരത്തിലെത്തിക്കുന്നതിന് ആരംഭിച്ച പദ്ധതികൾ എന്തൊക്കെയാണ്; ഇതിനായി കേന്ദ്രം പ്രത്യേക ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിലെ അദ്ധ്യാപക നിയമനം എപ്രകാരമാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ; യോഗ്യതയുള്ള അദ്ധ്യാപകരെ രാഷ്ട്രീയ പരിഗണന കൂടാതെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായാണ് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നത്.

(ബി) അക്കാദമിക് മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തന പദ്ധതികൾ സ്കൂളുകൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

(സി) എസ്.എസ്.എ. പദ്ധതിയുടെ ഭാഗമായി എസ്.സി.ഇ.ആർ.റ്റി., ഡയറ്റ് എന്നിവ ശക്തിപ്പെടുത്തുന്നതിന് പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ട്. ഫാക്കൽറ്റി ഇംപ്രൂവ്മെന്റ്, പുതുതായി നിയമിക്കുന്ന ഫാക്കൽറ്റികൾക്കുള്ള ശമ്പളം, ഗവേഷണ പദ്ധതികൾ, സാങ്കേതിക വിദ്യാവികസനം, വാർഷിക ഗ്രാന്റ്, പരിശീലകരുടെ പരിശീലനം, ദിക്ഷ (ടീച്ചർ എഡ്യൂക്കേഷൻ പ്ലാറ്റ്ഫോം)എന്നീ ശീർഷകങ്ങളിലാണ് പദ്ധതി വിഹിതം നൽകുന്നത്.

(ഡി) എസ്.സി.ഇ.ആർ.റ്റി.-യിലെ ഫാക്കൽറ്റി നിയമനം പുതിയ സ്പെഷ്യൽ റൂൾ നിലവിൽ വരാത്തതിനാൽ യോഗ്യരായ അദ്ധ്യാപകരെ അഭിമുഖം നടത്തി ഡെപ്യൂട്ടേഷനിൽ നിയമിച്ചുവരുന്നു. ഡയറ്റ് സ്പെഷ്യൽ റൂൾ സംബന്ധിച്ച് ചില കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ തൽക്കാലം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാതിരിക്കാൻ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടത്തിയത്. നിയമനങ്ങളിൽ ഒരുവിധ രാഷ്ട്രീയ പരിഗണനയുമില്ല.

**ഹൈടെക് പഠന സൗകര്യം**

132(1202) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികളിൽ ഹൈടെക് പഠന സൗകര്യം ഏർപ്പെടുത്തിയതു പ്രകാരം സംസ്ഥാനത്താകെ എത്ര ക്ലാസ് മുറികളിൽ ഹൈടെക് പഠനസൗകര്യം ലഭ്യമാക്കിയിട്ടുണ്ട്;

(ബി) ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ എൽ.പി, യു.പി, സ്കൂളുകളിലെ ക്ലാസ് മുറികളിലും ഹൈടെക് പഠനസൗകര്യം ലഭ്യമാക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഇതുപ്രകാരം എത്ര ക്ലാസ് മുറികൾ ഹൈടെക് പഠന സൗകര്യമുള്ളതായി മാറും; വിശദമാക്കുമോ;

(ഡി) ഇതിനായി എത്ര കോടി രൂപ ചെലവ് വരുമെന്നും, ഇത് എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 8 മുതൽ 12 വരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെയും അടച്ചുറപ്പും വൈദ്യുതി സൗകര്യവുമുള്ള 40087 ക്ലാസ് മുറികൾ ഹൈടെക് ആക്കിയിട്ടുണ്ട്. ഉപകരണങ്ങൾ മൗണ്ട് ചെയ്ത് ഉപയോഗി ക്കുന്നതിന് അടച്ചുറപ്പില്ലാത്ത ക്ലാസുകളിൽ പഠിക്കുന്ന (ഹൈടെക് ആക്കാൻ കഴിയാത്ത) കുട്ടികൾക്കും പദ്ധതിയുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിന് 3163 ലാപ്ടോപ്പ്, 2196 പ്രോജക്ടർ എന്നിവ സ്കൂളുകൾക്ക് പൊതുവായും നൽകിയിട്ടുണ്ട്.

(ബി) ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നതിനായി കിഫ്ബി 493.5 കോടി രൂപ (നാനൂറ്റി തൊണ്ണൂറ്റി മൂന്ന് കോടി അൻപത് ലക്ഷം രൂപ) അനുവദിച്ചിട്ടുണ്ട്. ഇതിൽ 311.02 കോടി രൂപ (മുന്നൂറ്റി പതിനൊന്ന് കോടി രണ്ട് ലക്ഷം രൂപ) ഇതുവരെ കിഫ്ബി വഴി ചെലവഴിച്ചിട്ടുണ്ട്.

(സി) ഉണ്ട്. സംസ്ഥാനത്തെ എല്ലാ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിലും ഹൈടെക് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്) മുഖാന്തരം വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) തയ്യാറാക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) 300 കോടി രൂപയുടെ പദ്ധതിക്കാണ് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത്. കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതി പൂർത്തീകരിക്കുന്ന കാലയളവ് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല.

**ചലഞ്ച് ഫണ്ട്**

133(1203) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ ചലഞ്ച് ഫണ്ട് പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും സഹായധനം നൽകിയ സ്കൂളുകൾ എത്രയെന്നും, അനുവദിച്ച തുകയും വ്യക്തമാക്കാമോ;

(സി) തീരദേശ മേഖലയിലെയും ആദിവാസി മേഖലയിലെയും സ്കൂളുകൾക്ക് ഈ പദ്ധതി പ്രകാരം മുൻഗണന നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയ സ്കൂളുകൾ മാസ്റ്റർ പ്ലാൻ പ്രകാരം അവിടുത്തെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള രൂപരേഖ സമർപ്പിച്ചിരുന്നോ; അതിന്റെ അടിസ്ഥാനത്തിലാണോ ധനസഹായം അനുവദിച്ചതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 23 സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി& സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) മാസ്റ്റർ പ്ലാൻ പ്രകാരം വിശദമായ രൂപരേഖ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് 23 സ്കൂളുകൾക്ക് ഭരണാനുമതി നൽകിയത്.

## മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകൾ

134(1204) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ മതിയായ എണ്ണം കുട്ടികളില്ലാത്ത എൽ.പി., യു.പി, ഹൈസ്കൂളുകൾ എത്ര വീതമുണ്ട്; വെളിപ്പെടുത്താമോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പിലാക്കിയ ശേഷം 2017-18-ൽ എത്ര എൽ.പി, യു.പി, ഹൈസ്കൂളുകൾ മതിയായ കുട്ടികൾ ഉള്ളതായി മാറിയെന്ന് വെളിപ്പെടുത്താമോ;

(സി) ലാഭകരമല്ലാത്ത സ്കൂളിലെ കുട്ടികളുടെ എണ്ണം 25-ൽ നിന്നും 15 ആയി കുറച്ചില്ലായെങ്കിൽ ഉള്ള വിശദാംശം കൂടി ലഭ്യമാക്കുമോ?

ഉത്തരം

(എ) 2017-18 അദ്ധ്യയന വർഷത്തിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു :

| | 2017-18 | | |
|---|---|---|---|
| | സർക്കാർ | എയ്ഡഡ് | ആകെ |
| എൽ.പി. | 1859 | 2401 | 4260 |
| യു.പി. | 453 | 605 | 1058 |
| ഹൈസ്കൂൾ | 252 | 110 | 362 |
| ആകെ | 2564 | 3116 | 5680 |

(ബി) എൽ.പി. വിഭാഗം

സർക്കാർ സ്കൂളുകൾ - 37 എണ്ണം

എയ്ഡഡ് സ്കൂളുകൾ - 45 എണ്ണം

യു.പി. വിഭാഗം

സർക്കാർ സ്കൂളുകൾ - 8 എണ്ണം

(സി) സ്കൂളുകൾ ലാഭകരമാണോ അല്ലയോ എന്നത് കണക്കാക്കുന്നതിനു പകരം മുഴുവൻ കുട്ടികൾക്കും പഠനസൗകര്യം ലഭ്യമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യം.

## ലിന്റാ തോമസ്, ലിനീറ്റാ തോമസ് എന്നിവരുടെ നിയമന അംഗീകാരം

135(1205) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 മുതൽ യഥാക്രമം ലിറ്റിൽ ഫ്ളവർ എൽ.പി.എസ്. അയ്യമ്പാറ, സെന്റ് തോമസ് എൽ.പി.എസ് മംഗളഗിരി എന്നിവിടങ്ങളിൽ എൽ.പി.എസ്.എ ആയി നിയമനം ലഭിച്ച് ശമ്പളം വാങ്ങി വന്നിരുന്ന ലിന്റാ തോമസ്, ലിനീറ്റാ തോമസ് എന്നിവരുടെ ശമ്പളം തടഞ്ഞുകൊണ്ടുള്ള ഉത്തരവിനെതിരെയുള്ള ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ 31-10-2018-ൽ ഡി.പി.ഐ ഹിയറിംഗ് നടത്തിയതിനു ശേഷവും ഇതുവരെ ഉത്തരവ് പുറപ്പെടുവിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ ആരുടെയൊക്കെ പക്കൽ, എത്ര ദിവസം തീരുമാനമെടുക്കാനായി കൈവശം വച്ചിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടും മനപ്പൂർവ്വം കാലതാമസം വരുത്തുകയും പൊതുജനങ്ങളോടും പൊതുപ്രവർത്തകരോടും അവജ്ഞയോടും നിരുത്തരവാദപരമായും പെരുമാറുന്ന ഡി.പി.ഐ. എഫ് സെക്ഷനിലെയും ഓഫീസ് സെക്ഷനിലെയും ഉദ്യോഗസ്ഥരുടെ നിലപാടിനെതിരെ വകുപ്പുതല അന്വേഷണം നടത്തുമോ;

(സി) പ്രസ്തുത എഫ് സെക്ഷനിലെ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും ഡി.പി.ഐ.-യുടെ സി.എ ആരെന്നും അറിയിക്കാമോ; ഇവർ എത്ര വർഷമായി എഫ് സെക്ഷനിലും ഡി.പി.ഐ ഓഫീസിലും ജോലി ചെയ്യുന്നുവെന്നും ഇവർ വിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച ശേഷം ട്രാൻസ്ഫർ ഉണ്ടായിട്ടുണ്ടോ എന്നും അറിയിക്കാമോ;

(ഡി) കേരളത്തിൽ പുതുതായി ആരംഭിച്ച സ്കൂളുകളിലെ നിയമനങ്ങൾക്ക് 51 എ അവകാശികൾക്കുള്ള മുൻഗണന കെ.ഇ.ആർ. ചട്ടങ്ങൾ പ്രകാരമുള്ളതാകയാൽ, ഗവൺമെന്റ് പുറെപ്പടുവിക്കുന്ന എക്സിക്യൂട്ടീവ് ഉത്തരവുകളോ സർക്കുലറുകളോ മുഖാന്തരം നിയമനം നിഷേധിക്കപ്പെടുവാൻ സാധിക്കുകയില്ല എന്നും കെ.ഇ.ആർ. പരിഷ്കരിക്കാതെ ചട്ടങ്ങൾക്ക് വിരുദ്ധമായി 51 എ അവകാശികളെക്കാൾ മുൻഗണന, സംരക്ഷിത അദ്ധ്യാപകർക്ക് നൽകുന്ന സർക്കാർ ഉത്തരവുകളെ കെ.ഇ.ആർ. ചട്ടങ്ങൾ മറികടക്കുന്നതാണ് എന്നും ഉള്ള വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ, പുതുതായി ആരംഭിച്ച സ്കൂളുകളിലെ നിയമനത്തിന് 2006 മുതൽ സർക്കാർ ഉത്തരവുകളിലൂടെ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ 51 എ അവകാശികൾക്ക് ബാധകമല്ലാതാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് 2006 മുതലുള്ള മുൻകാല പ്രാബല്യത്തോടെ പുറപ്പെടുവിക്കാൻ സാധിക്കുമോ;

(എഫ്) കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം പുതുതായി ആരംഭിച്ച സ്കൂളുകളിലെ നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ 51 എ അവകാശികൾക്ക് ബാധകമല്ല എന്ന കാരണത്താൽ, അംഗീകരിക്കപ്പെട്ട 51 എ അവകാശികളുടെ 2006 മുതലുള്ള നിയമനങ്ങൾ പൊതുവായ സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഓഡിറ്റ് ഒബ്ജക്ഷൻ നേരിടുന്നതു പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ;

(ജി) ലിന്റാ തോമസ്, ലിനീറ്റാ തോമസ് എന്നീ അദ്ധ്യാപികമാർ 2004 മുതൽ 51 എ അവകാശികളാണ് എന്ന കാര്യം പരിഗണിച്ച് 5-6-2006 മുതലുള്ള ഇവരുടെ നിയമനാംഗീകാരം ഉപാധികളില്ലാതെ സാധൂകരിച്ച്,തടഞ്ഞുവച്ചിരിക്കുന്ന ശമ്പളം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) ലിന്റാ തോമസ്, ലിനീറ്റാ തോമസ് എന്നിവരുടെ ശമ്പളം തടഞ്ഞു കൊണ്ടുള്ള ഉത്തരവിനെതിരെയുള്ള ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ 31-10-2018-ൽ ഡി.പി.ഐ. ഹിയറിംഗ് നടത്തി 7-1-2019-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഫയൽ ആരുടെയും പക്കൽ മനഃപൂർവ്വമായി തീരുമാനമെടുക്കാതെ കൈവശം വച്ചിരുന്നില്ല. ടി വിഷയത്തിൽ അക്കൗണ്ടന്റ് ജനറലിന്റെ അഭിപ്രായം തേടിയിരുന്നതിനാലാണ് ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളത്.

(ബി) കോടതി ഉത്തരവ് പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ ആരും തന്നെ മനഃപൂർവ്വമായ കാലതാമസം വരുത്തുകയോ പൊതുജനങ്ങളോടോ പൊതുപ്രവർത്തകരോടോ മോശമായി പെരുമാറുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എഫ് സെക്ഷനിലെ ഉദ്യോഗസ്ഥർ ജൂനിയർ സൂപ്രണ്ടും അഞ്ച് ക്ലാർക്കുമാരുമാണ്.

ജൂനിയർ സൂപ്രണ്ട് - ശ്രീ. അരുൺ കുമാർ എ.പി. - 18-6-2018 മുതലും

എഫ് 1- ജീന വി.എസ്.-28-7-2016 മുതലും

എഫ്2- രഞ്ജിനി - 14-6-2018 മുതലും

എഫ്3- വിപിൻ കുമാർ - 16-2-2018 മുതലും

എഫ്4- അനിത എസ്. -9-7-2015 മുതലും

എഫ്5- വഹീദാബീവി- 28-1-2015 മുതലും

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സി.എ. - ശ്രീമതി ശ്രീലേഖ 10-9-2013 മുതലും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ജോലി ചെയ്യുന്നു. എഫ്2 സെക്ഷൻ ക്ലാർക്ക് ഒഴികെ എല്ലാപേർക്കും വിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചശേഷം ട്രാൻസ്ഫർ ഉണ്ടായിട്ടുണ്ട്.

(ഡി) നിലവിലുള്ള ചട്ടപ്രകാരം പുതുതായി ആരംഭിച്ച സ്കൂളുകളിലെ 29-1-2016 മുതലുള്ള നിയമനങ്ങൾക്ക് സംരക്ഷിത അധ്യാപകരേക്കാൾ 51 എ അവകാശികൾക്കാണ് മുൻഗണന.

(ഇ&എഫ്) അതതുകാലം നിലനിൽക്കുന്ന വ്യയനിയന്ത്രണവും മറ്റു പരിഗണനകളും കണക്കിലെടുത്ത് ഏർപ്പെടുത്തുന്ന നിബന്ധനകളുടെ ഭാഗമായാണ് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം 14 എ ചട്ടം 1(1), കേരള വിദ്യാഭ്യാസ നിയമം സെക്ഷൻ II എന്നിവയിൽ നിഷ്കർഷിക്കുന്ന പ്രകാരം 'അതതുകാലം സർക്കാർ പുറത്തിറക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി' മാനേജർ നിയമനം നടത്തേണ്ടത്. ഭാവിയിൽ നയവ്യതിയാനമുണ്ടായി, പുതുക്കിയ ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ അതിന് മുൻകാല പ്രാബല്യം നൽകുന്നത് ഭൗതിക സാഹചര്യങ്ങളിലെ മാറ്റങ്ങൾ വിശദമായി പഠിച്ചുമാത്രമേ ആകാൻ കഴിയൂ. പുതുതായി ആരംഭിച്ച സ്കൂളുകളിലെ 51 എ അവകാശികളുടെ 2006 മുതലുള്ള നിയമനങ്ങൾക്ക് ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള പ്രൊപ്പോസൽ തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(ജി) ഓഡിറ്റ് തടസ്സവാദം പരിഹരിക്കാത്തിടത്തോളം ഉപാധികളില്ലാതെ നിയമനാംഗീകാരം സാധൂകരിച്ച് തടഞ്ഞുവച്ചിരിക്കുന്ന ശമ്പളം നൽകുവാൻ കഴിയുകയില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കുവാനും കഴിയുകയില്ല.

**ബെസ്റ്റ് പി.ടി.എ. അവാർഡുകൾ**

136(1206) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ ശാക്തീകരണ യജ്ഞം താഴെതട്ടിൽ സജീവമായി നടക്കുമ്പോൾ സ്കൂൾ പി.ടി.എ. കമ്മിറ്റികളുടെ പ്രോൽസാഹനത്തിന് വേണ്ടി സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ;

(ബി) നിലവിലുള്ള ബെസ്റ്റ് പി.ടി.എ. അവാർഡുകൾ കൂടുതൽ ആകർഷകമാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ബെസ്റ്റ് പി.ടി.എ. അവാർഡുകൾ നിർണ്ണയിക്കുമ്പോൾ എൽ.പി., യു.പി. വിഭാഗങ്ങളെ ഒരേ വിഭാഗത്തിൽ (പ്രൈമറി) ഉൾപ്പെടുത്തുന്നതിനാൽ എൽ.പി. സ്കൂളുകൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) എൽ.പി. സ്കൂൾ പി.ടി.എ.കൾക്ക് മാത്രമായി സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സബ് ജില്ലാതലത്തിൽ 163-ഉം വിദ്യാഭ്യാസ ജില്ലാതലത്തിൽ 41-ഉം റവന്യൂ ജില്ലാതലത്തിൽ പ്രൈമറി (ഒന്നാംസ്ഥാനം) 14, പ്രൈമറി (രണ്ടാം സ്ഥാനം) 14, സെക്കണ്ടറി (ഒന്നാംസ്ഥാനം) 14, സെക്കണ്ടറി (രണ്ടാം സ്ഥാനം) 14, സംസ്ഥാന തലത്തിൽ പ്രൈമറി തലത്തിൽ 5-ഉം, സെക്കണ്ടറി തലത്തിൽ 5-ഉം സ്ഥാനങ്ങൾക്ക് ബെസ്റ്റ് പി.റ്റി.എ. അവാർഡുകൾ വിതരണം ചെയ്തുവരുന്നു. 90 ലക്ഷം രൂപയാണ് സബ് ജില്ല, ജില്ല, റവന്യൂ ജില്ല, സംസ്ഥാനതലം എന്നിങ്ങനെ ബെസ്റ്റ് പി.ടി.എ. അവാർഡ് വിതരണം ചെയ്യുന്നതിനായി സർക്കാർ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്.

(ബി) നിലവിൽ പരിഗണനയിലില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിലവിൽ പരിഗണനയിലില്ല.

## സ്കൂളുകളുടെ സമഗ്ര വികസന പദ്ധതി

137(1207) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളുടെ സമഗ്ര വികസനത്തിന് ഒരു കോടി രൂപ വീതം അനുവദിച്ചു കൊണ്ട് 27-3-2018-ൽ 1249/2008 നമ്പരായി പുറപ്പെടുവിച്ചിരുന്ന സർക്കാർ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ചെങ്ങന്നൂർ ജെ.ബി.എസ്സ് എന്നതിന് പകരം ചെങ്ങന്നൂർ കിഴക്കേനട യു.പി. സ്കൂൾ എന്ന് മാറ്റം വരുത്തണമെന്ന അപേക്ഷയിലെ നടപടികളിൽ ഉണ്ടാകുന്ന കാലതാമസം എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ചെങ്ങന്നൂർ പുന്തല ജെ.ബി.എസ്സ്-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ വന്നിട്ടുള്ള തെറ്റ് തിരുത്തുന്നതിന് നൽകിയ അപേക്ഷയിൽ തീരുമാനമെടുത്ത് ഉത്തരവ് ഉടൻ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) തെറ്റുതിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിവിധ വകുപ്പുകളുടെ ഇടപെടൽ ആവശ്യമായതിനാലാണ് കാലതാമസം വരുന്നത്.

## മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾ

138(1208) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(സി) ഈ സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 15-10-2018-നാണ് ആരംഭിച്ചത്.

(ബി) മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണത്തിൽ 77 footing ഉള്ളതിൽ 14 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്.

(സി) മേയ് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിലെ സ്കൂളുകളിൽ നടത്തിയ പ്രവർത്തനങ്ങൾ

139(1209) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എ, ആർ.എം.എസ്.എ എന്നീ പദ്ധതികളുടെ ഭാഗമായി 2017-18, 2018-19 വർഷങ്ങളിൽ കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിലെ സ്കൂളുകളിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിൽപ്പെടുന്ന സ്കൂളുകളിൽ മതിയായ ശൗചാലയങ്ങൾ ഇല്ലാത്ത സ്കൂളുകൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) 2017-18-ൽ കൊട്ടാരക്കര സബ് ജില്ലയിലെ എല്ലാ ഗവൺമെന്റ്/ എയ്ഡഡ് സ്കൂളുകളിലും സാമൂഹിക പങ്കാളിത്തത്തോടെ പ്രവേശനോത്സവം, സ്കൂളുകളുടെ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്കൂൾ ഗ്രാന്റ്, ടീച്ചർ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, എൽ.പി., യു.പി. അറ്റാച്ച്ഡ് ഗവ. സ്കൂളുകൾക്ക് സൗജന്യ യൂണിഫോം, ക്ലസ്റ്റർ റിസോഴ്സ് സെന്ററിലെ സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ, വായനാശീലം പരിപോഷിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിപാടികൾ, ജി.യു.പി.എസ്. മേലില, ജി.എച്ച്.എസ്.എസ്. സദാനന്ദപുരം, ജി.യു.പി.എസ്. പഴയതെരുവ്, എം.എൻ.യു.പി.എസ്, നെടുമ്പായിക്കുളം, യു.പി.എസ്. കോട്ടാത്തല എന്നീ സ്കൂളുകളിൽ ശാസ്ത്രോത്സവം സംഘടിപ്പിച്ചു. ജി.യു.പി.എസ്. കോക്കാട്, ജി.എസ്.കെ.വി.എൽ.പി.എസ്. കുഴിക്കലിടവക സ്കൂളുകളിൽ ജൈവ വൈവിധ്യ ഉദ്യാനം, ജി.ഡബ്ല്യൂ.പി.എസ്. ചിറ്റാകോഡ്, ജി.റ്റി.യു.പി.എസ്. കൊട്ടാരക്കര, ജി.എച്ച്.എസ്. തലച്ചിറ-സദാനന്ദപുരം എന്നീ സ്കൂളുകളുടെ സിവിൽ വർക്സ്, ജി.റ്റി.യു.പി.എസ്. കൊട്ടാരക്കര, ജി.ഡബ്ല്യു.യു.പി.എസ്. അയിരുക്കുഴി സ്കൂളുകൾക്ക് ഗണിതലാബ്, ജി.യു.പി.എസ്. പടിഞ്ഞാറ്റിൻകര സ്കൂളിന് ശാസ്ത്ര പാർക്ക് ജി.യു.പി.എസ്. പടിഞ്ഞാറ്റിൻകര സ്കൂളിൽ പ്രതിഭോത്സവം സംഘടിപ്പിച്ചു, 6 ക്ലസ്റ്റർ റിസോഴ്സ് സെന്ററുകളിലായി സർഗ്ഗപ്രതിഭകളെ വാർത്തെടുക്കുന്ന പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

2018-19-ൽ കൊട്ടാരക്കര സബ് ജില്ലയിലെ എല്ലാ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലും പ്രവേശനോത്സവം സാമൂഹിക പങ്കാളിത്തത്തോടെ സംഘടിപ്പിച്ചു. സ്കൂളുകളുടെ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി സ്കൂൾ ഗ്രാന്റ്, ഗവൺമെന്റ് ഹൈസ്കൂളുകൾക്ക് സൗജന്യ യൂണിഫോം, ക്ലസ്റ്റർ റിസോഴ്സ് സെന്ററിലെ സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പരിപാടികൾ സംഘടിപ്പിച്ചു. കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി 'ഹലോ ഇംഗ്ലീഷ്', 'മലയാളത്തിളക്കം', 'സുരീലി ഹിന്ദി' തുടങ്ങിയ പദ്ധതികൾ സബ് ജില്ലയിലെ മുഴുവൻ സ്കൂളുകളിലും നടപ്പിലാക്കി. ജി.എച്ച്.എസ്. തലച്ചിറ സ്കൂളിൽ ശാസ്ത്രോത്സവം സംഘടിപ്പിച്ചു, ജി.ഡബ്ല്യു.യു.പി.എസ്. അമ്പലപ്പുറം (റാമ്പ് ആന്റ് റെയിൽ), ജി.യു.പി.എസ്. പടിഞ്ഞാറ്റിൻകര-(2 ബോയ്സ് ടോയ്ലറ്റ്) സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ സിവിൽ വർക്ക് പദ്ധതികൾ, പ്രതിഭാ കേന്ദ്രങ്ങൾക്ക് 5 ക്ലസ്റ്റർ റിസോഴ്സ് സെന്ററുകളിൽ സർഗ്ഗപ്രതിഭകളെ വാർത്തെടുക്കുന്ന പദ്ധതി, ജി.എച്ച്.എസ്. സദാനന്ദപുരം, ജി.എച്ച്.എസ്. തലച്ചിറ, ജി.എച്ച്.എസ്. കൊട്ടാരക്കര, ജി.യു.പി.എസ്. പടിഞ്ഞാറ്റിൻകര, ജി.എം.എച്ച്.എസ്. വെട്ടിക്കവല, ജി.യു.പി.എസ്. മേലില എന്നീ സ്കൂളുകളിലെ പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ട്രെയിനിംഗ്, ജി.ഡബ്ല്യു.യു.പി.എസ്. അയിരുക്കുഴി, ജി.റ്റി.യു.പി.എസ്. കൊട്ടാരക്കര സ്കൂളുകളിൽ നൂതനാശയ പ്രവർത്തന പരിപാടികൾ,

സബ് ജില്ലയിലെ എല്ലാ സ്കൂളുകളിലും കുട്ടികളുടെ പഠന മികവുകൾ സമൂഹവുമായി പങ്ക് വയ്ക്കുന്നതിനായി പഠനോത്സവങ്ങൾ സംഘടിപ്പിച്ചു. ജി.വി.എൽ.പി.എസ്. അവണൂർ, ജി.എൽ.പി.എസ്. എഴുകോൺ, ജി.ഡബ്ല്യു.എൽ.പി.എസ്. പാങ്ങോട് സ്കൂളുകളിൽ ശാസ്ത്രീയ പ്രീ സ്കൂൾ ശാക്തീകരണ പരിപാടി എന്നിവ നടപ്പിലാക്കി യിട്ടുണ്ട്.

(ബി) സർവ്വശിക്ഷാ അഭിയാൻ ഫണ്ടുപയോഗിച്ച് പരമാവധി സ്കൂളുകളിൽ ശൗചാലയങ്ങൾ നിർമ്മിച്ചിട്ടുണ്ട്. 1:40 അനുപാതമനുസരിച്ച് അവശേഷിക്കുന്ന സ്കൂളുകളിൽ കൂടി ശൗചാലയം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്. 2019-2020-ൽ ഈ നേട്ടം കൈവരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## സർക്കാർ സ്കൂളുകളിൽ പ്രീ പ്രൈമറി വിഭാഗം ആരംഭിക്കുവാൻ നടപടി

140(1210) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ പ്രീ പ്രൈമറി വിഭാഗം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രീ പ്രൈമറി വിഭാഗത്തെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്ത ണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) സർക്കാർ സ്കൂളുകളോടനുബന്ധിച്ച് 2012 വരെയുള്ള പ്രീപ്രൈമറി വിദ്യാലയങ്ങളിലെ (പി.ടി.എ. നടത്തുന്നതുൾപ്പെടെയുള്ള) കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകിവരുന്നുണ്ട്.

## സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനം

141(1211) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നതിനായുള്ള സ്കീം അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം സ്കൂളുകളിൽ പ്രസ്തുത സ്കീം നടപ്പിലാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ലാബ് നവീകരണ പദ്ധതിയിൽ ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അതിൽ ഏതെല്ലാം സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിയെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 15 സ്കൂളുകൾക്ക് തുക അനുവദിക്കുകയും 14 സ്കൂളുകളിൽ സ്കീം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. താഴെപ്പറയുന്നവയിൽ എസ്.എൻ.വി.ജി. എച്ച്.എസ്. പരവൂർ സ്കൂൾ ഒഴികെയുള്ള 14 സ്കൂളുകളിലാണ് സ്കീം നടപ്പിലാക്കിയിട്ടുള്ളത്.

1. ഗവ. എച്ച്. എസ്. ഭൂതക്കുളം.
2. ആദിച്ചനല്ലൂർ പഞ്ചായത്ത് ഹൈസ്കൂൾ
3. ഗവ. എച്ച്. എസ്. ചാത്തന്നൂർ
4. ഗവ. എച്ച്.എസ്. നെടുങ്ങോലം
5. ഗവ. എച്ച്.എസ്. ചിറക്കര
6. എസ്.എം.എച്ച്.എസ്.എസ്. കൊട്ടറ
7. ജി.യു.പി.എസ്. ആദിച്ചനല്ലൂർ
8. ജി.യു.പി.എസ്. കുറുമണ്ടൽ
9. ചെമ്പകശ്ശേരി യു.പി.എസ്. ഭൂതക്കുളം
10. കെ.കെ.പി.എം.എം. യു.പി.എസ്. വരിഞ്ഞം
11. ഗവ. എൽ.പി.എസ്. അടുതല
12. ഗവ. എൽ.പി.എസ്. ഭൂതക്കുളം സൗത്ത്
13. ഗവ. എൽ.പി.എസ്. കൈതക്കുഴി
14. എൻ.ജെ.പി.എം.എൽ.പി.എസ്. കോഴിക്കോട്
15. എസ്.എൻ.വി.ജി.എച്ച്.എസ്. പരവൂർ (സ്കീം നടപ്പിലാക്കിയിട്ടില്ല.)

(ബി) വിവരം ശേഖരിച്ചുവരുന്നു.

## അൺ എയ്ഡഡ് സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കൽ നടപടി

142(1212) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങൾ ഹൈടെക് ആക്കിയതിലൂടെ കൂടുതൽ കുട്ടികളെ പൊതുവിദ്യാലയ ങ്ങളിലേക്ക് ആകർഷിക്കുവാൻ സാധിച്ചതായി വിലയിരുത്തുന്നുണ്ടോ;

(ബി) അത് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകളുടെ എണ്ണത്തിൽ കുറവ് ഉണ്ടാക്കുന്നതിന് സഹായകമായിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹൈടെക് സ്കൂൾ പദ്ധതിയിലൂടെയും പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ മറ്റ് പ്രവർത്തനങ്ങളിലൂടെയും കൂടുതൽ കുട്ടികളെ പൊതുവിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചു പൂട്ടുന്നതിനായി നടപടി സ്വീകരിക്കുകയുണ്ടായി. തുടർന്ന് ഈ സ്കൂളുകൾക്ക് അടച്ചു പൂട്ടൽ നോട്ടീസ് ഉൾപ്പെടെ നൽകുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ സ്കൂൾ അധികൃതർ ബഹു. കോടതിയെ സമീപിക്കുകയും ഇടക്കാല ഉത്തരവ് വാങ്ങുകയും ചെയ്തു. ഈ കേസുമായി ബന്ധപ്പെട്ട് കോടതിയിൽ നടന്ന വാദത്തിൽ 2018-19 വർഷം സ്കൂൾ അടച്ച് പൂട്ടുന്ന നടപടി ഉണ്ടാകില്ല എന്ന് സർക്കാർ കോടതിയെ അറിയിക്കുകയും ചെയ്തു. ആയതിനാൽ നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടില്ല.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

143(1213) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നാളിതുവരെയായി കാസർഗോഡ് ജില്ലയിൽ എത്ര സ്കൂളുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്;

(ബി) തുക അനുവദിച്ച സ്കൂളിന്റെ പേര് തുക സഹിതം വിശദമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 15 സ്കൂളുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

(ബി) സ്കൂളുകളുടെ പേരും അനുവദിച്ച തുകയും താഴെ ചേർക്കുന്നു :

| നമ്പർ | സ്കൂളിന്റെ പേര് | അനുവദിച്ച തുക (കോടി) |
|---|---|---|
| (1) | (2) | (3) |
| 1 | C.K.N.S. Memorial GHSS, പിലിക്കോട്, കാസർഗോഡ് | 5.00 |
| 2 | ഗവ. VHSS മൊഗ്രാൽ | 5.00 |
| 3 | ഗവ. മുസ്ലീം VHSS തളങ്കര | 5.00 |
| 4 | GHSS പെരിയ | 5.00 |
| 5 | കക്കാട്ട് ഗവ. HSS | 5.00 |
| 6 | ബന്തടുക്ക ഗവ. HSS | 3.00 |
| 7 | ബെല്ലിക്കോത്ത് M.P.S.G.V.H.S.S. | 3.00 |
| 8 | ചേർക്കള സെൻട്രൽ GHSS | 3.00 |

| (1) | (2) | (3) |
|---|---|---|
| 9 | GHSS കുട്ടമത്ത് | 3.00 |
| 10 | GHSS ചായോത്ത് | 2.86 |
| 11 | കുമ്പള GHSS | 3.00 |
| 12 | മൊഗ്രാൽ പുത്തൂർ GHSS | 3.00 |
| 13 | കാഞ്ഞങ്ങാട് GVHSS | 3.00 |
| 14 | അഡൂർ GHSS | 3.00 |
| 15 | മാലോത്ത് കസബ GHSS | 3.00 |
| 16 | GHSS ബലാന്തോട് | 3.00 |

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള പ്രവൃത്തികൾ**

144(1214) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ കോഴഞ്ചേരി ഗവ. ഹൈസ്കൂളിനെ കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഹൈടെക് സ്കൂൾ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ ആറന്മുള നിയോജക മണ്ഡലത്തിലെ 8 മുതൽ 12 വരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും നടപ്പിലാക്കി.

(ബി) ആറന്മുള നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ ഹൈടെക് ഉപകരണങ്ങൾ ലഭ്യമാക്കിയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.* സ്കൂളുകളിലെ ക്ലാസ് മുറികൾ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്കിംഗ് 2019 മേയ് മാസത്തോടെ പൂർത്തിയാകത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതുകൂടാതെ സ്കൂളുകൾക്ക് മൾട്ടിഫംഗ്ഷൻ പ്രിന്റർ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്

145(1215) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചശേഷം സർക്കാർ വിദ്യാലയങ്ങളിൽ ചേർന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ; 2017-18, 2018-19 അദ്ധ്യയന വർഷങ്ങളിൽ ഉണ്ടായ വർദ്ധന വ്യക്തമാക്കുമോ;

(ബി) എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ മേൽപറഞ്ഞ കാലയളവിൽ എത്ര വർദ്ധനയാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചശേഷം പൊതുവിദ്യാലയങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്കിൽ കുറവ് വന്നിട്ടുണ്ടോ; സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ കഴിഞ്ഞ രണ്ട് വർഷത്തെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഒന്നു മുതൽ ഒമ്പതു വരെ ക്ലാസുകളിൽ മുൻവർഷത്തെ അപേക്ഷിച്ച് 2016-17 അദ്ധ്യയനവർഷത്തിൽ നിന്നും 2017-18 വർഷം 157406 കുട്ടികളും 2017-18 നെ അപേക്ഷിച്ച് 2018-19 ൽ 185971 കുട്ടികളും വർദ്ധിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ കാലയളവിൽ എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ 2017-18-ൽ 100693-ഉം 2018-19-ൽ 115327-ഉം വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചശേഷം പൊതുവിദ്യാലയങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്കിൽ കുറവ് വന്നിട്ടുണ്ട്. കൊഴിഞ്ഞുപോയ കുട്ടികളുടെ എണ്ണം താഴെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| വർഷം | കൊഴിഞ്ഞുപോയ കുട്ടികളുടെ എണ്ണം | | |
|---|---|---|---|
| | സർക്കാർ | എയ്ഡഡ് | ആകെ |
| 2016-17 | 3499 | 3611 | 7110 |
| 2017-18 | 2503 | 3137 | 5640 |

## വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

146(1216) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ വകുപ്പ് ബഡ്ജറ്റ് ഫണ്ട്, കിഫ്ബി. എന്നിവയിൽ ഉൾപ്പെടുത്തി വിദ്യാല യങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മലപ്പുറം നിയോജക മണ്ഡലത്തിൽ അനുവദിച്ച ഫണ്ടുകളുടെ വിശദാംശം നൽകുമോ;

(ബി) അവ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ്; നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കി ഓരോന്നും എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് മലപ്പുറം നിയോജകമണ്ഡലത്തിലെ മലപ്പുറം ഗവ. ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്നതിന് 5 കോടി രൂപയും പൂക്കോട്ടൂർ GHSS ന്റെയും MSP GHSS ന്റെയും ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 3 കോടി രൂപയും കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ 2018-19 പ്ലാൻ ഫണ്ടിൽ ഉൾപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ മലപ്പുറം ജില്ലയിൽ നിന്ന് 21 സ്കൂളുകൾക്ക് ഒരു കോടി രൂപ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) മലപ്പുറം GHSS സ്കൂളിന്റെ ഫൗണ്ടേഷൻ വർക്കുകൾ നടന്നുവരുന്നു. പൂക്കോട്ടൂർ GHSS ന്റെ ആദ്യനിലയുടെ പില്ലറുകളുടെ പണികൾ പുരോഗമിച്ചുവരുന്നു. MSP GHSS ന്റെ സെറ്റൗട്ട് കഴിഞ്ഞു. മണ്ണ് നീക്കുന്ന പണികൾ പൂർത്തിയായി. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിധിയിൽപ്പെട്ട ഒരു കോടി രൂപ പദ്ധതിയിലുൾപ്പെട്ട 21 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ശക്തിപ്പെടുത്തൽ

147(1217) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അദ്ധ്യയനവർഷം പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായ സാഹചര്യത്തിൽ അടുത്ത അദ്ധ്യയന വർഷവും കൂടുതൽ കുട്ടികളെ പൊതുവിദ്യാലയങ്ങളിലേയ്ക്ക് എത്തിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഡി) പൊതുവിദ്യാലയങ്ങളിലെ അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് മികച്ച പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളെ മെച്ചപ്പെടുത്തുന്നതിന് ഭൗതിക സൗകര്യവികസനം, ഹൈടെക് വൽക്കരണം, അക്കാദമിക മികവ് ഉറപ്പാക്കുന്നതിനുള്ള പരിപാടികൾ എന്നിവ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു.

(സി) പൊതുജന പങ്കാളിത്തത്തോടെയാണ് സ്കൂൾ വികസന പദ്ധതികൾ നടപ്പിലാക്കുന്നത്. സർക്കാർ പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട് എന്നിവകൾക്ക് പുറമെ എം.പി., എം.എൽ.എ. ഫണ്ടുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, പൂർവ്വ വിദ്യാർത്ഥികൾ, അഭ്യുദയകാംക്ഷികൾ, രക്ഷിതാക്കൾ മുതലായവരുടെ സാമ്പത്തിക സഹായങ്ങളും ഭൗതിക സൗകര്യ വികസനത്തിന് പ്രയോജനപ്പെടുത്തുന്നു. അക്കാദമിക മികവ് ഉറപ്പാക്കുന്നതിൽ പ്രാദേശികമായി ലഭ്യമായ മാനവവിഭവശേഷി ഉപയോഗി ക്കുന്നതിനൊപ്പം ജനപങ്കാളിത്തത്തോടെയാണ് അക്കാദമിക് മാസ്റ്റർ പ്ലാനുകൾ വികസിപ്പിച്ചിട്ടുള്ളത്.

(ഡി) അദ്ധ്യാപക ശാക്തീകരണത്തിനായി പാഠ്യപദ്ധതി വിനിമയത്തിന്റെ വിവിധ തലങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് മുഴുവൻ അദ്ധ്യാപകർക്കും ശാക്തീകരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. ഹൈടെക് സംവിധാനം ഉപയോഗിച്ചുകൊണ്ടുള്ള വിനിമയത്തിന് പ്രാപ്തമാക്കാൻ പ്രായോഗിക പരിശീലനം നൽകിയിട്ടുണ്ട്. ഹയർസെക്കണ്ടറി അദ്ധ്യാപകർക്ക് പത്ത് ദിവസത്തെ അദ്ധ്യാപക പരിവർത്തന പരിപാടി ആരംഭിച്ചിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ ഇ-ഗവേണൻസ്**

148(1218) <u>ഡോ. എം. കെ. മുനീർ</u> :
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി സമഗ്ര ഇ-ഗവേണൻസ് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ;

(സി) പ്രസ്തുത ഇ-ഗവേണൻസ് നടപ്പിലാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാലയങ്ങളിലെ അക്കാദമികവും ഭൗതികവുമായ നിലവാരം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഇതിന്റെ ഭാഗമായി 8 മുതൽ 12 വരെ ക്ലാസുകളുള്ള സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും ഐ.ടി. ഉപകരണങ്ങൾ, ഡിജിറ്റൽ വിഭവങ്ങൾ, അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റി, അദ്ധ്യാപകർക്കും തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം തുടങ്ങിയവ ലഭ്യമാക്കി. ഡിജിറ്റൽ വിഭവങ്ങളും ആസൂത്രണ രേഖകളും വികസിപ്പിക്കുന്നതിന് സമഗ്ര വിദ്യാഭ്യാസ പോർട്ടലിന് രൂപം നൽകി. പാഠപുസ്തകങ്ങൾ മെച്ചപ്പെടുത്തുന്നതിനും പഠനബോധനക്രിയ ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു. സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ ഗവേഷണ പഠനങ്ങൾ സംഘടിപ്പിച്ചു. പ്രളയവുമായി ബന്ധപ്പെട്ട് ദുരന്ത നിവാരണത്തിനുള്ള സന്നദ്ധത വികസിപ്പിക്കുന്നതിന് യൂണിസെഫിന്റെ സഹകരണത്തോടെ വിവിധ

പദ്ധതികൾ ആവിഷ്കരിച്ചു. അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്ത സ്കൂളുകളിൽ കെട്ടിടങ്ങൾ നിർമ്മിക്കുകയും ഹൈസ്കൂൾ-ഹയർ സെക്കണ്ടറി സ്കൂളുകൾ ഹൈടെക്കായി മാറ്റുകയും ചെയ്തു. സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു. അടിസ്ഥാന സൗകര്യങ്ങൾ, അക്കാദമിക് പദ്ധതികൾ എന്നിവ മുൻനിർത്തി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2018-19 അദ്ധ്യയന വർഷം നടപ്പിലാക്കേണ്ട അക്കാദമിക പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്ന അക്കാദമിക മാസ്റ്റർ പ്ലാനിനും രൂപം നൽകുകയുണ്ടായി.

(ബി) ഉണ്ട്. നവീകരിച്ച ഹൈടെക് ക്ലാസ് മുറികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും പ്രവർത്തനാധിഷ്ഠിത ക്ലാസ് മുറികൾ യാഥാർത്ഥ്യമാക്കുന്നതിനും സഹായകമായ വിധത്തിൽ പഠനവിഭവങ്ങൾ ഉൾപ്പെടുന്ന 'സമഗ്ര' വിഭവ പോർട്ടൽ സജ്ജമാക്കി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ക്ലാസ് മുറികളിൽ പഠനബോധന തന്ത്രങ്ങൾ കൂടുതൽ ഫലപ്രദമായി അവതരിപ്പിക്കുവാൻ സഹായകമായ പാഠാസൂത്രണങ്ങളുടെ ബൃഹത്ശേഖരമാണ് സമഗ്രപോർട്ടൽ. ഒന്നുമുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ വിവിധ വിഷയങ്ങളുടെ 5.5 ലക്ഷം സമഗ്രാസൂത്രണ രേഖകളും 8.89 ലക്ഷം സൂക്ഷ്മാസൂത്രണ രേഖകളും 24388 ഡിജിറ്റൽ റിസോഴ്സുകളും ഇതിൽ ലഭ്യമാക്കിയിട്ടുണ്ട്. അനുയോജ്യമായ പഠനതന്ത്രങ്ങൾ, പഠന സാമഗ്രികൾ, ഡിജിറ്റൽ റിസോഴ്സുകൾ, മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ എന്നിവ അടങ്ങിയതാണ് ഇതിന്റെ ഘടന.

(സി) സമഗ്ര വിഭവ പോർട്ടൽ സജ്ജമാക്കി എല്ലാ അദ്ധ്യാപകർക്കും വിദ്യാഭ്യാസ ഓഫീസർക്കുമായി ലഭ്യമാക്കി. ഒന്നുമുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ വിവിധ വിഷയങ്ങളുടെ 5.5 ലക്ഷം സമഗ്രാസൂത്രണ രേഖകളും 8.89 ലക്ഷം സൂക്ഷ്മാസൂത്രണ രേഖകളും 24388 ഡിജിറ്റൽ റിസോഴ്സുകളും ഇതിൽ ഉൾപ്പെടുത്തി. ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങളിലെ എല്ലാ അദ്ധ്യാപകർക്കും വിഷയധാഷ്ഠിതമായി 'സമഗ്ര' ഉപയോഗിക്കുന്നതിന് പ്രത്യേക പരിശീലനം നൽകി. 'സമഗ്ര'യുടെ ഉപയോഗം ഉറപ്പുവരുത്തുന്നതിനും പരിശോധിക്കുന്നതിനുമായി എല്ലാ ഹൈസ്കൂൾ ഹയർസെക്കണ്ടറി പ്രഥമാദ്ധ്യാപകർക്കും പരിശീലനം നൽകി.

## പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ

149(1219) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനായി ആരംഭിച്ച മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ശ്രദ്ധ, നവപ്രഭ തുടങ്ങിയ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഓരോ സ്കൂളിലും തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കുട്ടികളിലെ പഠന മികവിനുള്ള പ്രോത്സാഹനമായി ആരംഭിച്ച സർഗ്ഗോത്സവം എന്ന പദ്ധതി എത്രത്തോളം ഫലപ്രദമായിട്ടുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. "മലയാളത്തിളക്കം"-മാതൃഭാഷാ പ്രാവീണ്യം നേടുന്നതിന് നടപ്പിലാക്കുന്ന പദ്ധതിയാണ്. ഹലോ ഇംഗ്ലീഷ്-ഇംഗ്ലീഷ് ഭാഷയിൽ മികവ് നേടുന്നതിനുപയോഗിക്കുന്നു. നവപ്രഭ, ശ്രദ്ധ-പഠനപ്രയാസം നേരിടുന്ന കുട്ടികൾക്ക് പഠനപുരോഗതി കൈവരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ്. ഈ പദ്ധതികളുടെ വിലയിരുത്തൽ സമയാസമയങ്ങളിൽ നടത്തിയിട്ടുള്ളതും കുട്ടികൾ കൈവരിച്ച അക്കാദമിക മികവ് സംബന്ധിച്ച റിപ്പോർട്ട് അതതു സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(ബി) അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ പ്രവർത്തന പദ്ധതികളുണ്ടാക്കി ഓരോ സ്കൂളുകളും അഞ്ച് ആക്ഷൻ പ്ലാനുകൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2017-18 ഏപ്രിൽ മാസത്തിൽ കുട്ടികളിലെ പഠനമികവ് സമൂഹവുമായി പങ്കുവയ്ക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ അക്കാദമിക മികവിനുവേണ്ടിയുള്ള പ്രവർത്തനങ്ങളെ സർഗ്ഗോത്സവം എന്ന പേരിൽ തീരുമാനിക്കുകയും പിന്നീട് അത് മികവുൽസവം എന്ന പേരിൽ നടത്തുകയുമുണ്ടായി. ഈ വർഷം കുട്ടികളുടെ പഠനമികവ് സമൂഹവുമായി പങ്കുവയ്ക്കുന്നതിന് പഠനോത്സവം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ജനുവരി അവസാനവാരം മുതൽ പ്രവേശനോത്സവം വരെ നീണ്ടുനിൽക്കുന്നു.

**പൊതുവിദ്യാലയങ്ങളുടെ സംരക്ഷണം**

150(1220) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ തുറക്കുമ്പോൾ തന്നെ വിദ്യാർത്ഥികൾക്ക് പുസ്തകം, യൂണിഫോം എന്നിവ ലഭ്യമാക്കുന്നതുൾപ്പെടെ ഈ സർക്കാർ കാലയളവിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ സർക്കാർ സ്കൂളുകളിൽ ഉണ്ടായിരുന്ന വിദ്യാർത്ഥികൾ എത്ര; തുടർന്നുള്ള വർഷങ്ങളിലെ കണക്ക് എത്രയെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലെയും ഓരോ ക്ലാസ്സ് മുറിയിലും ലൈബ്രറിയും എല്ലാ സ്കൂളുകളിലും ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതി വിഭാവനം ചെയ്തതിനു ശേഷം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) മുൻ സർക്കാർ കാലയളവിൽ പൂട്ടിയ സർക്കാർ സ്കൂളുകൾ എത്ര; ഈ സർക്കാർ കാലയളവിൽ സ്കൂളുകൾ പൂട്ടുകയുണ്ടായോ; എങ്കിൽ എത്ര; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ നിലവിൽ എന്തെല്ലാം പ്രശ്നങ്ങൾ നേരിടുന്നുവെന്നും അവ പരിശോധിച്ച് പരിഹരിക്കാൻ നടത്തുന്ന തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(ജി) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപകരുടെ എണ്ണം എത്ര; ഇവരിൽ എത്ര ശതമാനം പേർ സാലറി ചലഞ്ചിൽ പങ്കെടുത്തുവെന്ന് സർക്കാർ/എയ്ഡഡ് മേഖലകൾ തരംതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

**പൊതുവിദ്യാഭ്യാസ മേഖലയുടെ വളർച്ച**

151(1221) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-19 സാമ്പത്തികവർഷം പൊതുവിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി നടപ്പുസാമ്പത്തിക വർഷം ഇതുവരെ ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഹൈടെക് ക്ലാസ് മുറികളും ഐ.ടി. ലാബുകളും ഇതിനോടകം എത്ര സ്കൂളുകളിൽ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് സ്കൂൾ ബസുകൾ

152(1222) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം,എൽ.എ.-യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച്,സ്കൂൾ ബസ്സുകൾ ലഭ്യമാക്കുന്ന പദ്ധതിയിൽ ബന്ധപ്പെട്ട ഡി.ഡി.ഇ.-മാർ ബസ്സ് കമ്പനികളുമായി എഗ്രിമെന്റ് ഒപ്പ് വെയ്ക്കേണ്ടതായിട്ടുണ്ടോ ;

(ബി) എങ്കിൽ എഗ്രിമെന്റ് എത്ര തുകയ്ക്കുള്ള മുദ്രപ്പത്രത്തിലാണ് വേണ്ടത്; വിശദമാക്കാമോ ?

ഉത്തരം

(എ) ആസ്തി വികസന ഫണ്ടുപയോഗിച്ച് സ്കൂൾ ബസുകൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ബസ് കമ്പനികളുമായി എഗ്രിമെന്റിൽ ഒപ്പുവയ്ക്കാറുണ്ട്.

(ബി) 200 രൂപ (ഇരുന്നൂറ് രൂപ മാത്രം)യുടെ മുദ്രപത്രമാണ് ഇതിനായി ഉപയോഗിക്കുന്നത്.

## കെ-ടെറ്റ് പരീക്ഷാ ചോദ്യപേപ്പർ തമിഴ്ഭാഷയിലും ലഭ്യമാക്കുന്നതിനുള്ള നടപടി

153(1223) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ ടെറ്റ് പരീക്ഷയുടെ ചോദ്യപേപ്പർ മലയാളത്തിലും ഇംഗ്ലീഷിലും മാത്രമായതിനാൽ നാമമാത്രമായ തമിഴ് ഭാഷാ ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്കു മാത്രമേ പ്രസ്തുത പരീക്ഷയുടെ യോഗ്യത നേടുവാൻ കഴിയുന്നുള്ളു എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) ഏങ്കിൽ, കെ-ടെറ്റ് പരീക്ഷാ ചോദ്യപേപ്പർ തമിഴിൽ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പി.എസ്.സി വിജ്ഞാപനം ചെയ്തിട്ടുള്ള കാറ്റഗറി നമ്പർ 271/2018, 272/2018-29/12/18 പ്രകാരമുള്ള എൽ.പി, യു.പി തമിഴ് അദ്ധ്യാപകരുടെ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് കെ.ടെറ്റ് യോഗ്യത, നിബന്ധനകളോടെ ഇളവ് ചെയ്ത് ടി.ടി.സി (ഡി.എഡ്) യോഗ്യതയുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും ടി തസ്തികയിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) പരിശോധിച്ചുവരുന്നു.

## പ്രീ പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൂടി ഉച്ചഭക്ഷണം

154(1224) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, എയ്ഡഡ് സ്കൂളുകളുടെ ഭാഗമായി ആരംഭിച്ച പ്രീ പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൂടി ഉച്ചഭക്ഷണം നൽകുന്നതിനായി സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) അംഗീകാരമില്ലാത്ത പ്രീ പ്രൈമറി ക്ലാസുകളിലെ കുട്ടികളുടെ ഭക്ഷണ ചെലവ് മാത്രം വഹിക്കുന്ന കാര്യത്തിൽ പരിശോധന നടത്താനായി ഏതെങ്കിലും തരത്തിലുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുന്നുണ്ടോ?

<u>ഉത്തരം</u>

(എ&ബി) സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ നടത്തുന്ന (പി.ടി.എ. നടത്തുന്നതുൾപ്പെടെ) അംഗീകാരമുള്ള പ്രീപ്രൈമറി വിദ്യാലയങ്ങളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നുണ്ട്. 2011-12 അദ്ധ്യയന വർഷത്തിനുശേഷം ആരംഭിച്ചിട്ടുള്ളതും അംഗീകാരം ലഭിക്കാത്തതുമായ പ്രീ പ്രൈമറി വിഭാഗത്തിലെ കുട്ടികളെ ഉച്ചഭക്ഷണ പദ്ധതിയിലുൾപ്പെടുത്തിയിട്ടില്ല.

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ചലഞ്ച് ഫണ്ട്

155(1225) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലെ എൽ.പി, യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗത്തിൽപ്പെട്ട സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ അനുവദിച്ച ചലഞ്ച് ഫണ്ട് എത്ര സ്ഥാപനങ്ങൾക്ക് അനുവദിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് ചലഞ്ച് ഫണ്ട് അനുവദിച്ചത് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

## മലയാളം പാരലൽ ഡിവിഷൻ

156(1226) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കന്നഡ മീഡിയം സ്കൂളുകളിൽ പി.റ്റി.എ.-യുടെ ആവശ്യ പ്രകാരം മലയാളം പാരലൽ ഡിവിഷനുകൾ അനുവദിച്ചിട്ടുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ മലയാളം പാരലൽ ഡിവിഷനുകൾ അനുവദിച്ച സ്കൂളുകളിൽ അതിന് ആനുപാതികമായി അദ്ധ്യാപക തസ്തികകൾ അനുവദിച്ച് നൽകാത്തതിനാൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ശമ്പളം നൽകാൻ കഴിയാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ പരിഗണനയിലുള്ള എ.എൽ.പി. സ്കൂൾ ബഡൂർ പടവ്, എ.യു.പി. സ്കൂൾ കുന്താർ എന്നിവയുമായി ബന്ധപ്പെട്ട F2/204/18/Gedn, F2/20/19/GEdn എന്നീ ഫയലുകളിൽ എന്ത് തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ആകെ 8 അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ല.

മഞ്ചേശ്വരം - 2- ബാഡൂർ പടവ് എ.എൽ.പി. സ്കൂൾ

കുമ്പള - 1- എസ്.ഡി.പി.എ. യു.പി. സ്കൂൾ, ബൻപത്തടുക്ക

കാസർഗോഡ്- 5- കെ.എം.എ.യു.പി. സ്കൂൾ - കല്ലക്കട്ട

(സി) എ.എൽ.പി. സ്കൂൾ ബഡൂർപടവ്-ൽ മലയാളം മീഡിയം പാരലൽ ഡിവിഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് G.Edn./F2/204/18/G.Edn നമ്പർ ഫയലിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ, മഞ്ചേശ്വരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരോട് 29-6-2018-ലെ സർക്കാർ കത്തുപ്രകാരം റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്. എ.യു.പി. സ്കൂൾ കുന്താറുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ ഫയലൊന്നും സർക്കാരിന്റെ മുന്നിൽ പരിഗണനയിലില്ല. G.Edn./F2/20/19/Edn. എന്ന നമ്പർ ഫയൽ ന്യൂനപക്ഷ പദവി നൽകുന്നതുമായി ബന്ധപ്പെട്ടതാണ്.

**ഗ്രേസ് മാർക്ക്**

157(1227) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്ന ഗ്രേസ് മാർക്കുകളുടെ മാനദണ്ഡം നിലവിൽ പുതുക്കി ഉത്തരവായിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

നിലവിൽ സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്ന ഗ്രേസ് മാർക്കുകളുടെ മാനദണ്ഡം പുതുക്കി ഉത്തരവായിട്ടില്ല.

**വയനാട് ജില്ലയിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം**

158(1228) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വയനാട് ജില്ലയിലെ വിവിധ സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര രൂപയുടെ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന ശേഷം വയനാട് ജില്ലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഓരോ സ്കൂളിനും അനുവദിച്ച തുകയുടെ വിശദാംശം സ്കൂളുകളുടെ പേരു സഹിതം ലഭ്യമാക്കാമോ;

(സി) അടിസ്ഥാന സൗകര്യ വികസനത്തിനായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച വയനാട് ജില്ലയിലെ സ്കൂളുകളുടെ പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

## എയ്ഡഡ് സ്കൂളുകളിലെ പി.ടി.എ.

159(1229) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകളിലെ പി.റ്റി.എ. എക്സിക്യൂട്ടീവ് കമ്മിറ്റികളിൽ സ്കൂൾ മാനേജർമാരെ ഉൾപ്പെടുത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 11-2-2019-ലെ സ.ഉ.(കൈ) നമ്പർ 7/2019/പൊവിവ പ്രകാരം എയ്ഡഡ് സ്കൂളുകളിലെ പി.ടി.എ. എക്സിക്യൂട്ടീവ് കമ്മിറ്റികളിൽ സ്കൂൾ മാനേജർമാരെ എക്സ് ഒഫീഷ്യോ അംഗമായി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## എയ്ഡഡ് സ്കൂളുകൾക്ക് നൽകുന്ന ആസ്തി വികസന ഫണ്ട്

160(1230) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകൾക്ക് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും പരമാവധി എത്ര രൂപ വരെ അനുവദിക്കാം എന്ന് വിശദമാക്കാമോ;

(ബി) ഹൈടെക് ക്ലാസ് റൂമുകൾ ആസ്തി വികസന ഫണ്ട് മുഖേന അനുവദിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സർക്കാർ സ്കൂളുകൾക്ക് നൽകുന്ന എല്ലാ വികസന പദ്ധതികളും എയ്ഡഡ് മേഖലക്കും ലഭ്യമാക്കുമോ;

(ഡി) പഴയ രീതിയിൽ നിർമ്മിച്ചിട്ടുള്ള സ്കൂൾ കെട്ടിടങ്ങളിൽ ഹൈടെക് ക്ലാസ്സ് മുറികൾ നിർമ്മിക്കാൻ മുൻകൂർ അനുമതി ആവശ്യമാണോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) എയ്ഡഡ് സ്കൂളുകൾക്ക് അനുവദിക്കുന്ന ചലഞ്ച് ഫണ്ടിൽ വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ അനുവദിക്കുന്നതിന് തുല്യമായ തുക എം.എൽ.എ. -മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. ഇതുസംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ 1-3-2018-ലെ സ.ഉ.(അച്ചടി)നമ്പർ 30/2018/ധന. തീയതി പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങളും സർക്കാർ സ്ഥാപനങ്ങളും പ്രോജക്ടുകളും നേരിട്ടും എം.എൽ.എ./എം.പി./തദ്ദേശഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ടുപയോഗിച്ച് വാങ്ങുന്നതിനും 6-1-2018-ലെ സ.ഉ.(സാധാ) 97/18/പൊ.വി.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

(സി) സർക്കാർ, എയ്ഡഡ് വ്യത്യാസമില്ലാതെ എല്ലാ സ്കൂളുകളിലും ഹൈടെക് പദ്ധതി നടപ്പിലാക്കുന്നുണ്ട്. എല്ലാ വികസന പദ്ധതികളും എയ്ഡഡ് മേഖലയ്ക്ക് ലഭ്യമാക്കുന്നില്ല.

(ഡി) ഹൈടെക് ക്ലാസ് മുറികൾ സജ്ജമാക്കുന്നതിന് പ്രത്യേകാനുമതി ആവശ്യമില്ല.

**നഷ്ടമായ അദ്ധ്യയന ദിനങ്ങൾ**

161(1231) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയന വർഷം വിദ്യാർത്ഥികൾക്ക് ഇരുന്നൂറ് അദ്ധ്യയന ദിനങ്ങൾ ഉറപ്പാക്കുമെന്ന് സർക്കാർ പ്രഖ്യാപിക്കുകയുണ്ടായോ;

(ബി) എങ്കിൽ ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ സർക്കാർ പ്രതീക്ഷിച്ച പ്രവൃത്തി ദിനങ്ങൾ എത്രയെന്നും ലഭിച്ച അദ്ധ്യയന ദിനങ്ങൾ എത്രയെന്നും വ്യക്തമാക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഈ കാലയളവിൽ അഞ്ചു ജില്ലകളിൽ നടന്ന ഹർത്താലുകളും ഒട്ടേറെ പ്രാദേശിക ഹർത്താലുകളും സ്കൂളുകളെ നിശ്ചലമാക്കിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ നികത്താൻ വരും മാസങ്ങളിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ സർക്കാർ പ്രതീക്ഷിച്ച പ്രവർത്തി ദിനങ്ങൾ 137 ആണ്. ഈ കാലയളവിൽ ഏതാനും സാദ്ധ്യായ ദിനങ്ങൾ അവധി ദിനങ്ങളായി പ്രഖ്യാപിച്ചിരുന്നുവെങ്കിലും സംസ്ഥാന വ്യാപകമായി ശരാശരി 7 അവധി ദിനങ്ങളുണ്ടായിട്ടുണ്ട്. അവധി ദിവസങ്ങളായി പ്രഖ്യാപിച്ച സാദ്ധ്യായ ദിവസങ്ങളെ സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| ജില്ല | നഷ്ടപ്പെട്ട ദിനങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 8 |
| കൊല്ലം | 5 |
| ആലപ്പുഴ | 21 |
| പത്തനംതിട്ട | 9 |
| കോട്ടയം | 11 |
| എറണാകുളം | 3 |
| തൃശ്ശൂർ | 3 |
| ഇടുക്കി | 8 |
| മലപ്പുറം | 10 |
| പാലക്കാട് | 8 |
| കോഴിക്കോട് | 6 |
| വയനാട് | 2 |
| കണ്ണൂർ | 6 |
| കാസർഗോഡ് | 3 |

ജില്ലാടിസ്ഥാനത്തിൽ പ്രാദേശികമായി മുകളിൽ പറഞ്ഞിട്ടുള്ളതിൽ വ്യത്യാസമുണ്ടായിട്ടുണ്ട്. ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ അക്കാദമിക് കലണ്ടർ 2018-19 പ്രകാരം ജൂൺ മാസം മുതൽ ഡിസംബർ മാസം വരെ 137 അദ്ധ്യയന ദിനങ്ങളാണ് സാദ്ധ്യായദിനങ്ങളായിട്ടുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ നികത്താൻ വരും മാസങ്ങളിൽ നിലവിലെ സാദ്ധ്യായ ദിനങ്ങൾക്ക് പുറമെ ഏതാനും ദിനങ്ങൾ കൂടി പ്രവർത്തിദിനങ്ങളാക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

## സ്കൂൾ പ്രവൃത്തി ദിവസങ്ങൾ

162(1232) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളുടെ അക്കാഡമിക് കലണ്ടർ പ്രകാരം 2018-19-ൽ സ്കൂളുകൾക്ക് എത്ര പ്രവൃത്തി ദിവസമാണ് നിശ്ചയിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്തുണ്ടായ പ്രളയവും ഇടക്കിടെയുണ്ടാകുന്ന ഹർത്താലുകളും പണിമുടക്കുകളുംമൂലം അദ്ധ്യയന ദിവസങ്ങളിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) ഹർത്താലിൽ നിന്നും സ്കൂളുകളെ ഒഴിവാക്കണമെന്ന നിർദ്ദേശം രാഷ്ട്രീയ കക്ഷികളുമായി ചർച്ച ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലും ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലും സ്കൂളുകളുടെ അക്കാദമിക് കലണ്ടർ പ്രകാരം 2018-19 ൽ 200 പ്രവൃത്തി ദിവസമാണ് നിശ്ചയിച്ചിട്ടുള്ളത്. വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ 222 പ്രവൃത്തി ദിവസമാണുള്ളത്.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ സംസ്ഥാനത്തുണ്ടായ പ്രളയവും ഇടയ്ക്കിടെയുണ്ടാകുന്ന ഹർത്താലുകളും പണിമുടക്കുകളുംമൂലം അദ്ധ്യയന ദിവസങ്ങളിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് സാദ്ധ്യായദിനങ്ങളിൽ അധികസമയം കണ്ടെത്തിയും പരമാവധി ശനിയാഴ്ചകളെ ഉൾപ്പെടുത്തിയും ക്ലാസുകൾ നടത്തി കുറവുണ്ടായിട്ടുള്ള ദിനങ്ങളിലെ ക്ലാസുകൾക്ക് പരിഹാരം കാണാനുള്ള ശ്രമം നടന്നുവരുന്നു. ഹയർ

സെക്കണ്ടറി വിഭാഗത്തിൽ ഇത് നികത്തുന്നതിനായി തുടർന്നുവരുന്ന ശനിയാഴ്ചകളെ പ്രവൃത്തിദിനമാക്കിക്കൊണ്ട് ബന്ധപ്പെട്ട ആർ.ഡി.ഡി.-മാർ പ്രഖ്യാപിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ശനിയാഴ്ചയും പ്രവൃത്തി ദിവസമാണ്.

(സി) ഹർത്താലിൽ നിന്നും സ്കൂളുകളെ ഒഴിവാക്കണമെന്ന നിർദ്ദേശം സർക്കാർ തലത്തിൽ ഇപ്പോൾ പരിഗണിക്കുന്നില്ല.

**നീന്തൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

163(1233) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ തലമുറയിലെ കുട്ടികളിൽ തൊണ്ണൂറ് ശതമാനത്തിനും നീന്തൽ വശമില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതു കാരണം കഴിഞ്ഞ ആഗസ്റ്റ് മാസം മുതൽക്കിങ്ങോട്ടുള്ള അഞ്ച് മാസങ്ങൾക്കിടയിൽ മുങ്ങിമരിച്ചത് അൻപത്താറ് കുട്ടികളാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിനോദസഞ്ചാരത്തിനിടെ വെള്ളച്ചാട്ടങ്ങൾ സന്ദർശിക്കുന്നതിനിടയിൽ മുങ്ങിമരിക്കുന്നവരിലും ക്വാറിയിലും പുഴയിലും കുളിക്കടവിലും കുളിക്കാനിറങ്ങി മുങ്ങിമരിക്കുന്നവരിലും ഭൂരിഭാഗവും വിദ്യാർത്ഥികളാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) തട്ടേക്കാട് ബോട്ടപകടത്തിൽ പതിനെട്ട് പേർ മരിച്ചപ്പോൾ അതിൽ പതിനഞ്ച് പേരും വിദ്യാർത്ഥികളായിരുന്നുവെന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(ഇ) എങ്കിൽ നീന്തൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും സ്കൂളുകളോടനു ബന്ധിച്ച് ഇതിനുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ധാരാളം കുട്ടികൾ നീന്തലറിയാത്തവരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ടായി. ധാരാളം വിദ്യാർത്ഥികൾ മുങ്ങി മരണത്തിൽപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) സ്കൂൾ പദ്ധതിയിൽ കായിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി നീന്തൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എല്ലാ പ്രദേശങ്ങളിലും നീന്തൽ പരിശീലിപ്പിക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാലും വിദഗ്ധരായ നീന്തൽ പരിശീലകരുടെ അഭാവംകൊണ്ടും എല്ലാ കുട്ടികൾക്കും നീന്തൽ പരിശീലനം ഉറപ്പുവരുത്താൻ കഴിയുന്നില്ല. എന്നാൽ പ്രാദേശിക സർക്കാരുകളുമായി ചേർന്നും വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയും നീന്തൽ പരിശീലനവും ബോധവത്കരണവും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

## അൺ എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനം നിയന്ത്രിക്കാൻ സംവിധാനം

164(1234) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺഎയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിലുള്ള സർക്കാർ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദാമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിനായി അടിയന്തര സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) അൺഎയ്ഡഡ് സ്കൂളുകൾക്കെതിരെയുള്ള പരാതികൾ പരിഹരിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) അൺ എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനം പരിശോധിക്കുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് അധികാരമുണ്ട്. കർശനമായ നിബന്ധനകളോടെയാണ് അൺ എയ്ഡഡ് സ്കൂളുകൾക്ക് സർക്കാർ അംഗീകാരവും പ്രവർത്തനാനുമതിയും നൽകുന്നത്.

(സി) അൺ എയ്ഡഡ് സ്കൂളുകൾക്കെതിരെയുള്ള പരാതികൾ സർക്കാരിലെ പൊതുവിദ്യാഭ്യാസ വകുപ്പിലും പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും ബന്ധപ്പെട്ട ഓഫീസുകളിലും നൽകാവുന്നതും ആയത് അന്വേഷണം നടത്തി പരിഹാരം കാണാറുമുണ്ട്.

## സ്കൂളുകളുടെ വിശദവിവരങ്ങൾ ക്രോഡീകരിച്ച് വെബ്സൈറ്റ്

165(1235) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൽ.പി., യു.പി., ഹയർ സെക്കണ്ടറി വിഭാഗങ്ങളിലുള്ള എല്ലാ വിദ്യാലയങ്ങളുടെയും വിശദവിവരങ്ങൾ ക്രോഡീകരിച്ച് ഓൺലൈനായി ലഭ്യമാക്കുന്ന തരത്തിൽ ഒരു വെബ്സൈറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ സംവിധാനം തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത്; ഇതിലേക്കായി സർക്കാരിന് ചെലവായ തുകയെത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) ഏത് ശീർഷകത്തിലാണ് ഈ ചെലവ് വകയിരുത്തിയത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാന വിവരങ്ങളിൽ ക്യാമ്പസിലെ വിവിധ വിഭാഗങ്ങളുടെ സ്കൂൾ കോഡുകൾ, പാർലമെന്റ്-അസംബ്ലി-തദ്ദേശസ്ഥാപനം എന്നിവയുടെ പേര്, വിലാസം തുടങ്ങിയവ ഉൾപ്പെടെ അമ്പതിലധികം ഭൗതിക സൗകര്യവിവരങ്ങളും അദ്ധ്യാപകരുടെയും അദ്ധ്യാപകേതര ജീവനക്കാരുടെയും തസ്തികയും പേരും, വിദ്യാർത്ഥിയുടെ ക്ലാസ്, മീഡിയം തിരിച്ചുള്ള എണ്ണം തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു വെബ് പോർട്ടൽ സജ്ജമാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിൽ സ്കൂളുകൾ നേരിട്ട് സെർച്ച് ചെയ്യാനും പാർലമെന്റ്-അസംബ്ലി മണ്ഡലങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ ജില്ലകൾ തുടങ്ങിയവ തിരിച്ച് റിപ്പോർട്ടുകൾ കാണാനും സൗകര്യമൊരുക്കുന്നുണ്ട്. പോർട്ടലിന്റെ ഹോം പേജിൽ സംസ്ഥാനതല ക്രോഡീകൃത വിവരങ്ങളും ഡാഷ് ബോർഡും ലഭ്യമാകും.

(ബി&സി) പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്) ആണ് ഈ സംവിധാനം തയ്യാറാക്കുന്നത്. ഇതിനായി പ്രത്യേക തുക ചെലവഴിച്ചിട്ടില്ല.

## സ്കൂളുകളിൽ കൗൺസിലിംഗ്

166(1236) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികൾ സ്കൂളിലും പുറത്തും നേരിടുന്ന ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ എഴുതി നിക്ഷേപിക്കുന്നതിനായി സ്കൂളുകളിൽ സുരക്ഷാപെട്ടി സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ;

(ബി) ഏത് പദ്ധതിയുടെ ഭാഗമായിട്ടാണ് ഇത് നടപ്പിലാക്കുന്നത്; നിലവിൽ വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ കൗൺസിലിംഗ് നൽകുന്നതിന് സംവിധാനമുണ്ടോ;

(സി) സ്കൂൾകുട്ടികൾക്കുള്ള കൗൺസിലിംഗിനായി മനഃശാസ്ത്ര വിദഗ്ദ്ധരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ വിദ്യാർത്ഥികൾ നേരിടുന്ന ശാരീരികവും മാനസികവുമായ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പരാതികൾ എഴുതി നിക്ഷേപിക്കുന്നതിനായി സ്കൂളുകളിൽ സഹായപ്പെട്ടികൾ സ്ഥാപിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പരാതിപ്പെട്ടി തുറന്ന് പരിശോധിക്കുന്നതിന് വിദ്യാർത്ഥികൾ, അദ്ധ്യാപകർ, പി.ടി.എ., കമ്മിറ്റി അംഗം എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്കുള്ള പരാതികൾ അറിയിക്കുന്നതിനായി പോക്സോ ഓൺലൈൻ പരാതിപ്പെട്ടി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

(ബി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലും തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലും സുരക്ഷാപ്പെട്ടി സ്ഥാപിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിൽ വിദ്യാർത്ഥികൾക്ക് സ്കൂൾ കൗൺസിലിംഗ് നൽകുന്നതിന് സാമൂഹ്യനീതി വകുപ്പ് സ്കൂൾ കൗൺസിലർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന സൗഹൃദ ക്ലബ് മുഖേന കൗൺസിലിംഗ് ഉൾപ്പെടെ കൗമാരക്കാരായ വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങളിൽ സൗഹൃദ ക്ലബ് കോ-ഓർഡിനേറ്റർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ സൗഹൃദ ക്ലബിന്റെ ഭാഗമായി 2012-13 അധ്യയനവർഷം മുതൽ കൗൺസിലിംഗ് നൽകുന്നതിനുള്ള അവസരമുണ്ട്.

(സി) പൊതുവിദ്യാഭ്യാസ വകുപ്പിൽ സ്കൂൾ കുട്ടികൾക്കുള്ള കൗൺസിലിംഗിനായി മനഃശാസ്ത്ര വിദഗ്ധരുടെ പാനൽ തയ്യാറാക്കിയിട്ടില്ല. ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ്, ബാംഗ്ലൂരിൽ നിന്നും പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ സേവനവും മറ്റ് വിദഗ്ധരുടെ സേവനവും ലഭ്യമാണ്. ഇവരുടെ പട്ടിക സൗഹൃദ ക്ലബ്ബുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ മനഃശാസ്ത്ര വിദഗ്ധരുടെ പാനൽ തയ്യാറാക്കിയിട്ടില്ല.

**അംഗീകാരമില്ലാത്ത സ്കൂളുകളുടെ അടച്ചുപൂട്ടൽ**

167(1237) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018-19 അദ്ധ്യയന വർഷം അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് മുൻപ് പ്രസ്തുത മേഖലയിൽ ഉണ്ടാകാൻ സാധ്യതയുള്ള വിദ്യാഭ്യാസപരവും തൊഴിൽപരവുമായ പ്രതിസന്ധികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരം സ്ഥാപനങ്ങൾ അടച്ച് പൂട്ടുമ്പോൾ, ബദൽ ക്രമീകരണം ഈ അദ്ധ്യയനവർഷം തന്നെ പൂർണ്ണമായി നടപ്പിലാക്കാൻ കഴിയുമോ; വിശദമാക്കാമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് സാവകാശം നൽകുകയോ, ചട്ട പ്രകാരമുള്ള നിലവാരം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്ത് പൊതുവിദ്യാഭ്യാസ രംഗത്തെ പ്രതിസന്ധി കുറയ്ക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും 16-3-2016-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ CRMP No. 4426/05/LA1/2015/KeSCPCR നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ വ്യക്തമായി പരിശോധിച്ചാണ് അനംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ നിർത്തലാക്കാനുള്ള തീരുമാനം സർക്കാർ കൈക്കൊള്ളുകയും 19-7-2017-ലെ സർക്കാർ കത്ത് നമ്പർ G.Edn./F1/27/2017/G.Edn. പ്രകാരം സംസ്ഥാനത്തെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുള്ള നടപടി

സ്വീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകുകയും അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അടച്ചുപൂട്ടൽ നോട്ടീസ് നൽകുന്നത് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് സ്കൂൾ മാനേജ്മെന്റുകൾ ബഹു. കോടതിയെ സമീപിക്കുകയും ടി വിഷയം കോടതി പരിഗണിക്കുകയും തുടർന്നുള്ള വാദത്തിൽ 2018-19 വർഷം സ്കൂളുകൾ അടച്ചുപൂട്ടുന്ന നടപടിയുണ്ടാവില്ല എന്ന് സർക്കാർ കോടതിയെ ബോധിപ്പിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ സ്കൂളുകൾ അടച്ചുപൂട്ടുന്ന നടപടിക്രമങ്ങൾ നിർത്തിവയ്ക്കുകയുണ്ടായി. തുടർന്ന് റിട്ട് ഹർജി നമ്പർ 31912/2014 ഉൾപ്പെടെ ഒരു കൂട്ടം ഹർജികളിന്മേലുള്ള 5-7-2018-ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിൽ അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനും സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സി. നൽകുന്നതിനും നടപടി സ്വീകരിക്കുവാൻ ഉത്തരവായിട്ടുണ്ട്. തുടർ കാര്യങ്ങൾ പരിശോധിച്ചുവരുന്നു.

(ബി) അനംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ നിർത്തലാക്കാൻ തീരുമാനമെടുക്കുന്നതിന് മുന്നോടിയായി ഈ വിഷയത്തിന്റെ വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചിരുന്നു.

(സി &ഡി) (എ) പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**വിദ്യാർത്ഥികളുടെ സോഷ്യൽ മീഡിയ ദുരുപയോഗം**

168(1238) <u>ശ്രീ. എം. ഉമ്മർ</u> :

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർത്ഥികളിൽ സോഷ്യൽ മീഡിയയുടെ ദുരുപയോഗം വർദ്ധിച്ചു വരുന്നത് തടയുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സ്കൂളുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) ഹയർസെക്കണ്ടറി വകുപ്പിൽ 2017-18 അക്കാദമിക വർഷം നിംഹാൻസ്, ബംഗളൂരു എന്ന സ്ഥാപനവുമായി ചേർന്ന് പരിശീലനം നൽകിയ നൂറ്റിപ്പത്തോളം സൗഹൃദ കോ-ഓർഡിനേറ്ററുമാരുടെ പ്രവർത്തനം ഈ രംഗത്ത് എത്ര കണ്ട് ഫലപ്രദമായി വിനിയോഗിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരം പരിശീലനം സിദ്ധിച്ച അദ്ധ്യാപകർ പ്രസ്തുത വിഷയവുമായി ബന്ധപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവെന്നത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത ട്രെയിനിംഗിനായി സർക്കാർ തലത്തിൽ ചെലവാക്കിയ തുക എത്രയാണ്; വിശദമാക്കാമോ;

(ഇ) ഹാപ്പിലേണിംഗ്സ്, ഫെയ്സ് ടു ഫെയ്സ് എന്നീ പദ്ധതികളുടെ പ്രവർത്തന പുരോഗതി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ കുട്ടികൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് കർശനമായി വിലക്കിയിട്ടുണ്ട്. കൂടാതെ സ്കൂൾ കമ്പ്യൂട്ടറുകളിൽ ഫെയ്സ് ബുക്ക്, വാട്ട്സ് ആപ് എന്നിവയുടെ ഉപയോഗവും കർശനമായി നിയന്ത്രിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കായി ബോധവത്കരണ ക്ലാസുകളും നൽകി വരുന്നുണ്ട്. ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ പരിശീലനം നൽകപ്പെട്ട സൗഹൃദ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് സൈബർ ക്രൈം, സൈബർ സെക്യൂരിറ്റി എന്നിവയെ സംബന്ധിച്ചും സോഷ്യൽ മീഡിയ ദുരുപയോഗം സംബന്ധിച്ചും അവബോധം നൽകുന്നുണ്ട്. തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ പോലീസ് വകുപ്പിന്റെ സഹകരണത്തോടെ വിദ്യാർത്ഥികൾക്ക് സൈബർ അവയർനെസ് പ്രോഗ്രാം എന്ന പേരിൽ ബോധവത്കരണം നടത്തുന്നു.

(ബി) 2017-18 വർഷം നിംഹാൻസ് ബംഗളൂരുവിൽ വച്ച് 110 സൗഹൃദ കോ-ഓർഡിനേറ്റർമാർക്ക് മെന്റൽ ഹെൽത്ത് സംബന്ധിച്ച് ഒരു ആക്ടിവിറ്റി ഓറിയന്റഡ് ട്രെയിനിംഗ് നടത്തുകയുണ്ടായി. മേൽ പരിശീലനം ലഭിച്ച 110 അദ്ധ്യാപകരെ 10 വീതം വിദ്യാലയങ്ങളിൽ വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതിയുമായി ബന്ധപ്പെട്ടുള്ള മെന്റൽ ഹെൽത്ത് ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിനായി നിയോഗിച്ചിരുന്നു. മേൽ അദ്ധ്യാപകരുടെ ക്ലാസുകൾ ഫലപ്രദമായി നടത്തുന്നതിനെ സംബന്ധിച്ച് അവലോകനം ചെയ്യുന്നതിനും ക്ലാസുകളുടെ പുരോഗതി മോണിറ്റർ ചെയ്യുന്നതിനും ജില്ലാ കോ-ഓർഡിനേറ്റർമാരെയും ജില്ലാ കൺവീനർമാരെയും നിയോഗിച്ച് പരിശോധിച്ചുവരുന്നു. ഇവ കൂടാതെ ഫെബ്രുവരി മാസത്തിൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ വിദ്യാലയങ്ങളിൽ ഇവ സംബന്ധിച്ച് അവലോകനം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) പരിശീലനം ലഭിച്ച അദ്ധ്യാപകർ 10 വീതം വിദ്യാലയങ്ങളിൽ "know Thyself" എന്ന വിഷയവുമായി ബന്ധപ്പെട്ട് മെന്റൽ ഹെൽത്തിന്റെ ആക്ടിവിറ്റി ഓറിയന്റഡ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നുണ്ട്. ഇവയ്ക്കുപരിയായി എച്ച്.എസ്.ഇ. സി.ജി. & എ.സി. സെല്ലിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ 58 സെന്ററുകളിൽ

നടന്ന സ്റ്റുഡന്റ് കൺവീനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാമുകളിൽ കൗമാര മാനസിക ആരോഗ്യത്തെ സംബന്ധിച്ച വിഷയങ്ങളിലെ ക്ലാസുകൾക്ക് പരിശീലനം ലഭിച്ച ഈ അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

(ഡി) ബംഗളൂരു നിംഹാൻസുമായി ചേർന്ന് 2017-18 വർഷം 110 അദ്ധ്യാപകർക്ക് 5 ദിവസം നീണ്ടുനിന്ന മെന്റൽ ഹെൽത്ത് ആക്ടിവിറ്റി ഓറിയന്റഡ് ട്രെയിനിംഗ് 3 ഘട്ടങ്ങളിലായാണ് നടത്തിയത്. ട്രെയിനിംഗിന്റെ ഭാഗമായി താമസം, ഭക്ഷണം, നിംഹാൻസ് ഫാക്കൽറ്റിമാരുടെ പ്രതിഫലം എന്നിവയുൾപ്പെട്ട ചെലവുകൾ എല്ലാം സഹിതം 6,25,000 രൂപയാണ് 3 ബാച്ചുകൾക്കായി ചെലവായത്.

(ഇ) തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ പഠനത്തോട് വിമുഖതയും പരീക്ഷയെ അഭിമുഖീകരിക്കുവാനുള്ള പേടിയും ചില വിദ്യാർത്ഥികളി ലെങ്കിലും കണ്ടുവരുന്നു. അതിനെ അഭിമുഖീകരിക്കുന്നതിന് മനഃശാസ്ത്രജ്ഞന്മാരുടെ സേവനത്തോടെ ഹാപ്പി ലേണിംഗ് എന്ന പേരിൽ നടക്കുന്ന ക്ലാസുകൾ കുട്ടികൾക്ക് വളരെയധികം പ്രയോജനം ചെയ്യുന്നതിനായി മനസ്സിലാക്കുന്നു. വിദ്യാർത്ഥികൾക്ക് സ്വയം തൊഴിൽ നേടുന്നതിനും ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും സംരംഭകരെ ഉൾപ്പെടുത്തി ഫെയ്സ് ടു ഫെയ്സ് എന്ന പേരിൽ സംവാദം നടത്തുന്നതിനുള്ള അവസരം കുട്ടികൾക്ക് ലഭിക്കുന്നു.

## സ്വകാര്യ വിദ്യാലയങ്ങൾക്ക് അംഗീകാരം

169(1239) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്ന സ്വകാര്യ വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതുവരെ എത്ര അപേക്ഷകളാണ് ഇതിനായി ലഭിച്ചതെന്നും അതിൽ എത്ര സ്കൂളുകൾക്ക് അഗീകാരം നല്കിയെന്നും വ്യക്തമാക്കുമോ;

(സി) അംഗീകാരത്തിന് അപേക്ഷിക്കാത്തതോ, അംഗീകാരം ലഭിക്കാത്തതോ ആയ സ്കൂളുകൾ അടച്ച് പൂട്ടുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;വ്യക്തമാക്കുമോ;

(ഡി) അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സി. നൽകണമെന്ന് ഹൈക്കോടതി വിധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എത്ര സ്കൂളുകൾക്ക് എൻ.ഒ.സി. നൽകി എന്നറിയിക്കാമോ ?

ഉത്തരം

(എ) അനംഗീകൃത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതു സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല. എന്നാൽ റിട്ട് ഹർജി നമ്പർ 31912/2014 ഉൾപ്പെടെ ഒരു കൂട്ടം ഹർജികളിന്മേലുള്ള 5-7-2018-ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിൽ അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനും സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. അഫിലിയേഷൻ നൽകുന്നതിനും നടപടി സ്വീകരിക്കുവാൻ ഉത്തരവായിട്ടുണ്ട്.

(ബി) ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. അഫിലിയേഷനുള്ള എൻ.ഒ.സി.-ക്കുവേണ്ടി 2110 അപേക്ഷകളും സ്റ്റേറ്റ് സിലബസിൽ അംഗീകാരത്തിനുള്ള 428 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ഇപ്രകാരം ഒരു സ്കൂളിനും അംഗീകാരം നൽകിയിട്ടില്ല.

(സി) ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അനംഗീകൃത സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുള്ള നടപടിക്രമങ്ങൾ നിർത്തിവച്ചിരിക്കുകയാണ്.

(ഡി) റിട്ട് ഹർജി നമ്പർ 31912/2014 ഉൾപ്പെടെ ഒരു കൂട്ടം ഹർജികളിന്മേലുള്ള 5-7-2018-ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിൽ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സി. നൽകുന്നതിന് നടപടി സ്വീകരിക്കാൻ ഉത്തരവായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സർക്കാർ റിവിഷൻ ഹർജിയും തുടർന്ന് റിട്ട് അപ്പീലും ഫയൽ ചെയ്തിരിക്കുകയാണ്.

## സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതി

170(1240) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ഹൈസ്കൂൾ, ഹയർസെക്കണ്ടറി തലത്തിലുള്ള ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുമെന്ന പ്രഖ്യാപനം പൂർണ്ണ തോതിൽ പ്രാവർത്തി കമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) കുട്ടികളുടെ അഭിരുചിയും മികവും മനസ്സിലാക്കുന്നതിനും അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും പൊതുവിദ്യാലയങ്ങളിലെ കുട്ടികൾ മിക്കപ്പോഴും പിന്തള്ളപ്പെടുന്ന ഇംഗ്ലീഷ് ഭാഷ, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്നിവയിൽ പരിശീലനം നൽകുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(സി) ഉന്നത നിലവാരത്തിലുള്ള മത്സര പരീക്ഷകളിലും ഇന്റർവ്യൂകളിലും പങ്കെടുക്കുന്നതിന് നമ്മുടെ കുട്ടികളെ പ്രാപ്തരാക്കുന്നതിന് ഹൈസ്കൂൾ തലത്തിൽ തന്നെ സ്ഥിരം പാഠ്യവിഷയങ്ങൾക്ക് പുറമെയുള്ള ക്ലാസ്സുകൾ ആരംഭിക്കുന്നതിന് പദ്ധതി നടപ്പിലാക്കുമോ;

(ഡി) പൊതു വിദ്യാലയങ്ങളുടെ പ്രസക്തിയും ആവശ്യകതയും വീണ്ടെടുക്കുന്നതിന് പുതുതായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് 8 മുതൽ 12 വരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെയും അടച്ചുറപ്പും വൈദ്യുതി സൗകര്യവുമുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കി. ഉപകരണങ്ങൾ മൗണ്ട് ചെയ്ത് ഉപയോഗിക്കുന്നതിന് അടച്ചുറപ്പില്ലാത്ത ക്ലാസുകളിൽ പഠിക്കുന്ന (ഹൈടെക് ആക്കാൻ കഴിയാത്ത) കുട്ടികൾക്കും പദ്ധതിയുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിന് സ്കൂളുകൾ ആവശ്യപ്പെട്ട നിശ്ചിതയെണ്ണം ലാപ് ടോപ്പ്, പ്രൊജക്ടർ എന്നിവയും നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. കുട്ടികളെ ഇംഗ്ലീഷ് ഭാഷാനൈപുണ്യമുള്ളവരാക്കി മാറ്റുന്നതിനായി സമഗ്ര ശിക്ഷയുടെ നേതൃത്വത്തിൽ ഹലോ ഇംഗ്ലീഷ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം നേടുന്നതിന് സഹായകമാകുന്ന know your learner, Teachers Journal, ലേണിംഗ് ഫെസ്റ്റ്, തീയേറ്റർ ക്യാമ്പ്, ഇംഗ്ലീഷ് അദ്ധ്യാപകരുടെ കൂട്ടായ്മ, ടീച്ചർ ടോക്ക് രൂപീകരിക്കൽ മുതലായവ സംഘടിപ്പിച്ചിട്ടുണ്ട്.

(സി) സമപ്രായക്കാരായ ഏതു രാജ്യത്തിലെ കുട്ടികളോടും സംവദിക്കാൻ ഉതകുന്ന വിദ്യാഭ്യാസമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിഭാവന ചെയ്തിട്ടുള്ളത്.

(ഡി) പൊതുവിദ്യാലയങ്ങളുടെ പ്രസക്തിയും ആവശ്യകതയും വീണ്ടെടുക്കുന്ന തരത്തിൽ അക്കാദമിക നിലവാരം ഉയർത്തുന്നതിനാവശ്യമായ അക്കാദമിക് മാസ്റ്റർ പ്ലാൻ എല്ലാ പൊതുവിദ്യാലയങ്ങളും തയ്യാറാക്കി അതിനനുസരിച്ച് ആക്ഷൻ പ്ലാനുകൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു. പൊതുവിദ്യാലയങ്ങളിലെ കുട്ടികൾ ആർജിച്ച കഴിവുകളും ശേഷികളും ബഹുജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ഉതകുംവിധം പഠനോൽസവങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രവേശനോത്സവം വരെ നീണ്ടുനിൽക്കുന്ന വിവിധ പരിപാടികൾ സ്കൂളുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും.

## ആലത്തൂർ നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ

171(1241) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നാളിതുവരെ ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂമുകൾ ആയി ഉയർത്തിയിട്ടുണ്ട്;

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് നേരിട്ട് എത്ര ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റിയിട്ടുണ്ട്;

(സി) ഇനിയും എത്ര ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി ആലത്തൂർ നിയോജകമണ്ഡലത്തിലെ 8 മുതൽ 12 വരെ ക്ലാസുകളുള്ള എല്ലാ (24) സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും നടപ്പിലാക്കി. ടി സ്കൂളുകളിൽ ആകെയുള്ള 299 ൽ 206 ക്ലാസ് മുറികളിൽ ഹൈടെക് ഉപകരണങ്ങൾ മൗണ്ട് ചെയ്ത് ഉപയോഗിക്കുന്നതിനും നിലവിൽ മൗണ്ട് ചെയ്യാൻ കഴിയാത്ത 93 ക്ലാസ് മുറികളിൽ പൊതുവായി ഉപയോഗിക്കുന്നതിന് ലാപ് ടോപ്പുകളും പ്രൊജക്ടറുകളും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) മുഖാന്തരമാണ് നടപ്പിലാക്കിയത്.

(സി) ആലത്തൂർ നിയോജകമണ്ഡലത്തിലെ 8 മുതൽ 12 വരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ എല്ലാ ക്ലാസ് മുറികളും ഹൈടെക് പഠനത്തിന് സജ്ജമാക്കിയിട്ടുണ്ട്. പ്രൈമറി വിഭാഗം ക്ലാസുകളിലേയ്ക്ക് ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) മുഖാന്തരം തയ്യാറാക്കിയ വിശദമായ പദ്ധതി രേഖയ്ക്ക് (ഡി.പി.ആർ.) ഭരണാനുമതി നൽകുകയും കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## നെടുമങ്ങാട് മണ്ഡലത്തിലെ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം

172(1242) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം സർക്കാർ സ്കൂളുകളെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയെന്നും എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് ഹൈടെക് ക്ലാസ് മുറികൾ സജ്ജമാക്കിയതെന്ന് വ്യക്തമാക്കുമോ; ഓരോ സ്കൂളിലും എത്ര ഹൈടെക് ക്ലാസ് മുറികളാണ് സജ്ജമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് ഇനിയും ഹൈടെക് ക്ലാസ് മുറികൾ സജ്ജമാക്കിയിട്ടില്ലാത്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## കൊട്ടാരക്കര മണ്ഡലത്തിലെ സ്കൂളുകൾ ഹൈടെക് ആക്കുന്ന പദ്ധതി

173(1243) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകൾ ഹൈടെക് ആക്കുന്ന പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) നിയോജകമണ്ഡലത്തിലെ സ്കൂളുകളെ ഹൈടെക് ആക്കുന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; ഇനിയും അവശേഷിക്കുന്ന പ്രവൃത്തികൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ 8 മുതൽ 12 വരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ ഹൈടെക് പദ്ധതിയുടെ ഭാഗമായുള്ള പ്രധാന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. സ്കൂളുകളിലെ ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള നെറ്റ് വർക്കിംഗ് 2019 മേയ് മാസത്തോടെ പൂർത്തിയാക്കത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂളുകൾക്ക് മൾട്ടി ഫംഗ്ഷൻ പ്രിന്റർ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

## അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന സ്കൂളുകൾ

174(1244) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ ഉദ്ദേശിക്കുന്ന സ്കൂളുകൾ എതൊക്കെയാണെന്നും അതിനുള്ള പ്രവർത്തനങ്ങൾ ഏത് വരെയായെന്നും വിശദമാക്കാമോ; നിലവിൽ ഏതെല്ലാം സ്കൂളുകളിൽ പ്രവൃത്തി ആരംഭിച്ചുവെന്ന് അറിയിക്കാമോ;

(ബി) എല്ലാ സ്കൂളുകളിലെയും പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ടെണ്ടർ നടപടികൾ പൂർത്തിയായിട്ടും പ്രവൃത്തികൾ ആരംഭിക്കാത്ത സ്കൂളുകൾ ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് പദ്ധതി

175(1245) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പ് സ്ക്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് പദ്ധതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇത് വിജയപ്രദമാണെന്ന് കരുതുന്നുണ്ടോ;

(സി) സംസ്ഥാനത്ത് എത്ര ശതമാനം സ്ക്കൂളുകളാണ് ഹൈടെക് ആക്കിയിട്ടുള്ളത്;

(ഡി) ഇതിനായി ഉപയോഗിക്കുന്ന സമഗ്ര പോർട്ടൽ പ്രയോജനപ്രദമാണോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. ഹൈടെക് ക്ലാസ് മുറികളിലെ ഒന്നാംഘട്ട അവസ്ഥാപഠനത്തിൽ താഴെപ്പറയുന്ന വിശദാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. സ്കൂളുകളിൽ നിലവിൽ 73333 അദ്ധ്യാപകർ (92%) ക്ലാസ് മുറികളിൽ പ്രൊജക്ടറുകളും ലാപ് ടോപ്പും ഉപയോഗിച്ച് പഠിപ്പിക്കുന്നു. 13489 അദ്ധ്യാപകർ സമഗ്ര പോർട്ടലിലെ വിഭവങ്ങൾക്കുപുറമെ സ്വന്തമായി ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കുന്നു. 69611 അദ്ധ്യാപകർ സമഗ്ര പരിശീലനം നേടി പോർട്ടലിൽ അംഗത്വമെടുത്തിട്ടുണ്ട്. 1.79 ലക്ഷം കുട്ടികളിൽ നിന്നാണ് നേരിട്ട് ഹൈടെക് ക്ലാസുകളുടെ ഫലപ്രാപ്തിയെക്കുറിച്ച് വിവരശേഖരണം നടത്തിയത്. ഇതിൽ 92% കുട്ടികളും (1.61 ലക്ഷം) ക്ലാസ് മുറിയിൽ പ്രൊജക്ടർ, ലാപ് ടോപ്പ് എന്നിവ നന്നായി പ്രവർത്തിക്കുന്നുവെന്ന് രേഖപ്പെടുത്തി. ക്ലാസ് മുറികളിൽ പ്രൊജക്ടറുകൾ ഉപയോഗിച്ച് ഡിജിറ്റൽ ഉള്ളടക്കം പ്രദർശിപ്പിക്കുമ്പോൾ എല്ലാവർക്കും നന്നായി കാണാൻ കഴിയുന്നുവെന്ന് 1.68 ലക്ഷം കുട്ടികളും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി വിജയപ്രദമാണെന്ന് കരുതുന്നു.

(സി) സംസ്ഥാനത്തെ എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളുള്ള 4752 സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ 4698 വിദ്യാലയങ്ങൾ (98.87%) ഹൈടെക് ആക്കി.

(ഡി) സമഗ്ര പോർട്ടൽ പ്രയോജനപ്രദമാണ്. 2018 ഒക്ടോബർ, നവംബറിൽ നടത്തിയ ഹൈടെക് ക്ലാസ് മുറികളിലെ ഒന്നാംഘട്ട അവസ്ഥാപഠനത്തിൽ താഴെപ്പറയുന്ന വിശദാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. 'സമഗ്ര' പോർട്ടൽ പഠന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുന്നുവെന്നും ഡിജിറ്റൽ റിസോഴ്സുകളുടെ അവതരണം, ചർച്ച, ക്രോഡീകരണം എന്നിവ ഫലപ്രദമായി നടത്താൻ നിലവിലെ ക്ലാസ് അന്തരീക്ഷം പര്യാപ്തമാണെന്നും 96% അദ്ധ്യാപകർ അഭിപ്രായപ്പെട്ടു. പ്രൊജക്ടർ, ലാപ്ടോപ്പ് എന്നിവ ക്ലാസിൽ വിന്യസിച്ചിരിക്കുന്നത് സൗകര്യപ്രദമാണ് എന്നാണ് 94% അദ്ധ്യാപകരും (54652) അഭിപ്രായപ്പെട്ടത്. 16928 അദ്ധ്യാപകരാണ് 'സമഗ്ര' മൊബൈൽ ആപ് ഉപയോഗിച്ചിട്ടുള്ളത്.

## തലശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകൾ

176(1246) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് ഏതൊക്കെ സ്കൂളുകൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും അതിന് അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) കിഫ്ബി മുഖാന്തരം അനുമതി നൽകിയ സ്കൂളുകളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നത് ദ്രുതഗതിയിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## മാങ്കോട് എച്ച്.എസ്.എസ്. കെട്ടിടനിർമ്മാണം

177(1247) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിലുള്ള മാങ്കോട് എച്ച്.എസ്.എസ് കെട്ടിട നിർമ്മാണത്തിന് 365 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ്; വ്യക്തമാക്കുമോ;

(ബി) നാളിതുവരെ നിർമ്മാണത്തിനായി പുറത്തിറക്കിയ ലിസ്റ്റിൽ ഈ സ്കൂൾ ഉൾപ്പെട്ടിട്ടില്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി കൈക്കൊള്ളുമോ;

(സി) കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടാതിരുന്ന പ്രസ്തുത പ്രവൃത്തി അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ നടപടി കൈക്കൊള്ളുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കോന്നി നിയോജകമണ്ഡലത്തിലുള്ള മാങ്കോട് എച്ച്.എസ്.എസ്. കെട്ടിടനിർമ്മാണത്തിന് 365 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ 22-12-2016-ൽ ലഭ്യമായിട്ടുണ്ട്.

(ബി) ഉണ്ട്. വകുപ്പിന് ലഭ്യമാകുന്ന ഫണ്ട് പരിമിതമായതിനാൽ എസ്റ്റിമേറ്റ് ലഭ്യമാക്കിയ എല്ലാ സ്കൂളുകളെയും നിർമ്മാണം സംബന്ധിച്ച പട്ടികയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

(സി) അടുത്ത വർഷം ലഭിക്കുന്ന ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിശോധി ക്കുന്നതാണ്.

## മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

178(1248) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിവിവരങ്ങൾ അറിയിക്കുമോ;

(സി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓരോ നിയോജകമണ്ഡലത്തിൽനിന്നും ഒരു സ്കൂളിനെ തെരഞ്ഞെടുത്ത് കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി മാവേലിക്കര ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്.-നെ തെരഞ്ഞെടുത്തിട്ടുണ്ട്. ഭൗതിക സാഹചര്യവികസനത്തിന് കിഫ്ബിയുടെ 3 കോടി രൂപ ധനസഹാ യത്തോടെ ജി.വി.എച്ച്.എസ്.എസ്. ചുനക്കര, കെ.കെ.എം.ജി.വി. എച്ച്.എസ്.എസ്. ഇലിപ്പക്കുളം എന്നിവയേയും തെരഞ്ഞെടുത്തിട്ടുണ്ട്. 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ മാവേലിക്കര ജി.വി.എച്ച്.എസ്.എസ്., കുന്നം ജി.എച്ച്.എസ്.എസ്., കടശ്ശനാട് ജി.വി.എച്ച്.എസ്.എസ്. എന്നിവയുടെ നിർമ്മാണത്തിനായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി & സി) 1. കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ മാവേലിക്കര ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്.-നെ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി ഫൗണ്ടേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2. കിഫ്ബിയുടെ 3 കോടി രൂപ ധനസഹായത്തോടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ചുനക്കര ജി.വി.എച്ച്. എസ്.എസ്.-ന്റെ ടെണ്ടർ നടപടികൾ പൂർത്തിയായി. കെ.കെ.എം. ജി.വി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണ പ്രവർത്തനത്തിന് കിഫ്ബിയിൽ നിന്നും 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 2018-19 വാർഷിക പദ്ധതിയിൽപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഗവൺമെന്റ് എൽ.പി.എസ്. ചത്തിയറ (71 ലക്ഷം), ജി.എൽ.പി.എസ്. കണ്ണനാകുഴി (60 ലക്ഷം), എടനാട് ജെ.ബി.എസ്. (100 ലക്ഷം), അങ്ങാടിക്കൽ സൗത്ത് ചെങ്ങന്നൂർ (100 ലക്ഷം), ഗവൺമെന്റ് ഗേൾസ് എച്ച്.എസ്. ചെങ്ങന്നൂർ (100 ലക്ഷം) എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനായി സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

**ബാലുശ്ശേരി മണ്ഡലത്തിലെ സ്കൂളുകൾ**

179(1249) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-19 വർഷത്തെ ബഡ്ജറ്റിൽ ബാലുശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകൾക്കാണ് കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) 2016-17 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 3 കോടി രൂപ അനുവദിച്ച സ്കൂളുകളുടെ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുമോ;

(സി) സർക്കാർ എൽ.പി. സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുതിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 2018-19 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് തെരഞ്ഞെടുത്ത താഴെപ്പറയുന്ന സ്കൂളുകൾക്ക് സർക്കാരിൽ നിന്നും നിർമ്മാണ പ്രവർത്തനത്തിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കിഫ്ബി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മൂന്നുകോടി ധനസഹായത്തിലുൾപ്പെട്ട സ്കൂളുകൾ.

1. അവിടനല്ലൂർ ജി.എച്ച്.എസ്.എസ്.

2. ജി.എം.യു.പി.എസ്. പൂനൂർ

ഒരു കോടിയിൽ ഉൾപ്പെട്ട സ്കൂളുകൾ

1. ഗവ. വി.എച്ച്.എസ്.എസ്.,ബാലുശ്ശേരി

2. ഗവ. എം.യു.പി.എസ്., വേളൂർ

3. ഗവ. എച്ച്.എസ്.എസ്. കായണ്ണ

4. ഗവ. യു.പി.എസ്. ഉണ്ണികുളം

5. ഗവ. എച്ച്.എസ്.എസ്. ശിവപുരം

(ബി) ഉണ്ട്. ഈ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) 2018-19 വർഷത്തെ ബഡ്ജറ്റിൽ 500-നും 1000 നും ഇടയിൽ കുട്ടികളുള്ള സർക്കാർ സ്കൂളുകൾക്കും, 1000 കുട്ടികളിൽ കൂടുതലുള്ള സർക്കാർ സ്കൂളുകൾക്കും 1 കോടി, 3 കോടി രൂപ വീതം അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

## നിലമ്പൂർ മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ പദ്ധതികൾ

180(1250) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം നിലമ്പൂർ മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും അനുവദിച്ച തുക എത്രയെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഇനി ചെയ്യാനു ദ്ദേശിക്കുന്ന പദ്ധതികളും അവയ്ക്കായി നീക്കി വെയ്ക്കാൻ ഉദ്ദേശിക്കുന്ന തുകയും എത്രയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നിലമ്പൂർ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പിൽ ചുവടെപ്പറയുന്ന സ്കൂളുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | തുക (കോടി) | വർഷം |
|---|---|---|---|
| 1 | മാനദേവൻ ജി.എച്ച്.എസ്.എസ്. | 5 | 2017-18 |
| 2 | ജി.എച്ച്.എസ്.എസ്. പൂക്കോട്ടുംപാടം | 3 | 2017-18 |
| 3 | ജി.എച്ച്.എസ്.എസ്. പുല്ലങ്ങോട് | 3 | 2017-18 |
| 4 | ജി.എച്ച്.എസ്.എസ്. എടക്കര | 3 | 2017-18 |
| 5 | ജി.എച്ച്.എസ്.എസ്. മൂത്തേടത്ത് | 3 | 2017-18 |
| 6 | ജി.എം.വി.എച്ച്.എസ്.എസ്. മാമ്പാട് | 3 | 2018-19 |
| 7 | ജി.യു.പി.എസ്. പറമ്പ | 3 | 2018-19 |
| 8 | ജി.യു.പി.എസ്. പുള്ളിയിൽ | 1 | 2018-19 |
| 9 | ജി.യു.പി.എസ്. കുറിമ്പിലങ്ങാട് | 1 | 2018-19 |
| 10 | ജി.എച്ച്.എസ്. മുണ്ടേരി | 1 | 2018-19 |
| 11 | ഗവ. എച്ച്.എസ്. മരുത | 1 | 2018-19 |
| 12 | ഗവ. എം.യു.പി.എസ്., നിലമ്പൂർ | 1 | 2018-19 |
| 13 | ഗവ. എം.എൽ.പി.എസ്. നിലമ്പൂർ | 1 | 2018-19 |

(ബി) 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ സ്കൂൾ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം നിലമ്പൂർ നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന സ്കൂളുകൾക്ക് കെട്ടിടനിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഭരണാനുമതി നൽകിയ തുക (കോടി) |
|---|---|---|
| 1 | ജി.എം.എൽ.പി.എസ്. പള്ളിക്കുന്ന് | 1 |
| 2 | ജി.എം.എൽ.പി.എസ്. ചന്തക്കുന്ന് | 1.49 |
| 3 | ഗവ. യു.പി.എസ്. പറമ്പ | 2 |

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയിലുൾപ്പെടുത്തി താഴെപ്പറയുന്ന സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി (ഒരു കോടി രൂപ വീതം) ഭരണാനുമതി നൽകിയിട്ടുണ്ട്.

1. ഗവ. എച്ച്.എസ്.എസ്., മരുത
2. ഗവ. എം.എൽ.പി.എസ്., നിലമ്പൂർ
3. ഗവ. എം.യു.പി.എസ്., നിലമ്പൂർ.

**വെറ്റിലപ്പാറ ഗവൺമെന്റ് എച്ച്.എസ്.എസ്. ന്റെ വികസനം**

181(1251) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ ഗവൺമെന്റ് എച്ച്.എസ്.എസ്.-ൽ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) 80 ശതമാനത്തിൽ അധികം ആദിവാസി, പട്ടികജാതി ദുർബല വിഭാഗത്തിൽപ്പെട്ടവർ പഠിക്കുന്ന വെറ്റിലപ്പാറ ഗവൺമെന്റ് എച്ച്.എസ്.എസ്.ന്റെ വികസനത്തിന് ഫണ്ട് അനുവദിക്കുന്നതിനും ഹ്യുമാനിറ്റീസ് ബാച്ച് അനുവദിയ്ക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) വെറ്റിലപ്പാറ ഗവൺമെന്റ് എച്ച്.എസ്.എസ്.-ൽ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് ബഡ്ജറ്റ് വിഹിതത്തിനനുസരിച്ചും വർക്കിംഗ് ഗ്രൂപ്പ് അംഗീകാരത്തിനുവിധേയമായും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. കൂടാതെ പുതിയതായി ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിക്കുന്ന അവസരത്തിൽ ടി സ്കൂളിൽ ഹ്യുമാനിറ്റീസ് ബാച്ച് അനുവദിക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്.

## ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ

182(1252) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന ഷൊർണ്ണൂർ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അവ എന്ന് പൂർത്തിയാക്കാൻ കഴിയും എന്ന വിവരവും ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു. 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന ജി.എച്ച്.എസ്. വെള്ളിനേഴി, 500-നും ആയിരത്തിനുമിടയിൽ കുട്ടികൾ പഠിക്കുന്ന മാരായമംഗലം ജി.എച്ച്.എസ്.എസ്., ഷൊർണ്ണൂർ ജി.എച്ച്.എസ്.എസ്. എന്നിവയ്ക്ക് യഥാക്രമം 3 കോടി രൂപ, 1 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി അനുമതിക്ക് വിധേയമായി ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## കോങ്ങാട് മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

183(1253) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;

(ബി) ഇവയുടെ തുക ഉൾപ്പെടെയുള്ള വിശദവിവരം നൽകുമോ;

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിയ്ക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ഭരണാനുമതി നൽകിയിട്ടുണ്ട്.

1. പത്തിരിപ്പാല വി.എച്ച്.എസ്. സ്കൂൾ (മികവിന്റെ കേന്ദ്രമാക്കുന്നതിന്) - 5 കോടി.
2. കാരക്കുറിശ്ശി ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ - 3 കോടി
3. മങ്കര ഗവ. ഹയർ സെക്കന്ററി സ്കൂൾ - 3 കോടി
4. കരിമ്പ ഗവ. ഹൈസ്കൂൾ - 3 കോടി
5. കോങ്ങാട് ഗവ. അപ്പർ പ്രൈമറി സ്കൂൾ - 3 കോടി
6. പൊറ്റശ്ശേരി ഗവ. ഹൈസ്കൂൾ - 1 കോടി
7. ഇടത്തറ ഗവ. അപ്പർ പ്രൈമറി സ്കൂൾ - 1 കോടി
8. കരിമ്പ ഗവ. അപ്പർ പ്രൈമറി സ്കൂൾ - 1 കോടി

(സി) പത്തിരിപ്പാല വി.എച്ച്.എസ്.എസ്. 2019 മേയ് മാസവും കാരക്കുറിശ്ശി ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ 2019 ആഗസ്റ്റ് മാസവും പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. ഭരണാനുമതി ലഭ്യമായ മറ്റ് സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ധനസഹായ പദ്ധതി

184(1254) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ രക്ഷിതാക്കൾക്ക് അപകടമരണം സംഭവിച്ചാൽ കുട്ടികളുടെ തുടർപഠനത്തിന് 50,000 രൂപ ട്രഷറിയിൽ നിക്ഷേപിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനകം എത്രപേർക്ക് ആനുകൂല്യം നൽകിയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ഒന്നു മുതൽ 10 വരെ ക്ലാസുകളിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ രക്ഷിതാക്കൾക്ക് അപകടമരണം സംഭവിച്ചാൽ കുട്ടികളുടെ തുടർപഠനത്തിന് 50,000 രൂപ ട്രഷറിയിൽ നിക്ഷേപിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 30-9-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 163/2016/പൊവിവ. പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടില്ല.

**ജൈവ വൈവിധ്യ ഉദ്യാനം**

185(1255) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലായി ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലായി ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുള്ള നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ 21 സ്കൂളുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | സ്കൂളിന്റെ പേര് |
|---|---|
| (1) | (2) |
| 1 | ഗവ. എൽ.പി.എസ്., നെടുമങ്ങാട് |
| 2 | ടൗൺ യു.പി.എസ്., നെടുമങ്ങാട് |
| 3 | ഗവ. എൽ.പി.എസ്., കരച്ചിറ |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| (1) | (2) |
|---|---|
| 4 | ഗവ. എൽ.പി.എസ്., മണലക്കം |
| 5 | ഗവ. എൽ.പി.എസ്., കുറ്റിയാനി |
| 6 | ഗവ. എൽ.പി.എസ്., ചെല്ലംകോട് |
| 7 | ഗവ. എൽ.എം.എ. എൽ.പി.എസ്., നെടുമങ്ങാട് |
| 8 | ഗവ. ബോയ്സ് എച്ച്.എസ്., നെടുമങ്ങാട് |
| 9 | എൽ.വി.എച്ച്.എസ്., പോത്തൻകോട് |
| 10 | എം.എച്ച്.എസ്. ബോയ്സ്., കണിയാപുരം |
| 11 | ഗവ. എച്ച്.എസ്., പിരപ്പൻകോട് |
| 12 | ഗവ. എൽ.പി.എസ്., കോലിയക്കോട് |
| 13 | ഗവ. എൽ.പി.എസ്., തച്ചപ്പള്ളി |
| 14 | ഗവ. യു.പി.എസ്., കഴുനാട് |
| 15 | ഗവ. എൽ.പി.എസ്., കന്യാകുളങ്ങര |
| 16 | ഗവ. എൽ.പി.എസ്., പഴകുറ്റി |
| 17 | വിദ്യാധിരാജ എൽ.പി.എസ്. (എയ്ഡഡ്), എട്ടാംകല്ല് |
| 18 | ഗവ. എൽ.പി..എസ്., ചീരാനിക്കര |
| 19 | ഗവ. എച്ച്.എസ്., അയിരൂപ്പാറ |
| 20 | ഗവ. ഗേൾസ് എച്ച്.എസ്., കന്യാകുളങ്ങര |
| 21 | ഗവ. എച്ച്.എസ്., നെടുവേലി |

## കരുത്ത് പദ്ധതി

186(1256) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള കരുത്ത് എന്ന പദ്ധതിയെ കുറിച്ച് വിശദമാക്കാമോ; സംസ്ഥാനത്ത് ഏതെല്ലാം സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഹയർ സെക്കണ്ടറി സ്കൂളുകളിലെ പെൺകുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പരിപാടിയാണ് കരുത്ത്. സ്വയം പ്രതിരോധിക്കുന്നതിനായി ഓരോ വർഷവും നിശ്ചിത സ്കൂളുകൾ തെരഞ്ഞെടുത്ത് പെൺകുട്ടികൾക്ക് ഏതെങ്കിലുമൊരു ആയോധനകലയിൽ പരിശീലനം നൽകുന്നു. തായ്ക്കോണ്ടോ, കരാട്ടെ, കളരിപ്പയറ്റ് തുടങ്ങിയ ഇനങ്ങളിലാണ് സാധാരണയായി പരിശീലനം നൽകുന്നത്. ഈ വർഷം 100 ഹയർ സെക്കണ്ടറി സ്കൂളുകളിലാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഓരോ സ്കൂളിൽ നിന്നും 30 കുട്ടികൾക്കാണ് 40 ദിവസത്തെ പരിശീലനം നൽകുന്നത്. പരിശീലകനുള്ള ഓണറേറിയം, കുട്ടികൾക്കുള്ള ലഘുഭക്ഷണം, പരിശീലന വസ്തുക്കൾ, പ്രത്യേക യൂണിഫോമുകൾ തുടങ്ങിയവയ്ക്കുള്ള ഫണ്ട് പ്ലാൻ ഫണ്ടിലുൾപ്പെടുത്തി ഡയറക്ടറേറ്റിൽ നിന്നും നൽകുന്നു. ഈ വർഷം 93 സ്കൂളുകളിൽ കരുത്ത് പ്രോഗ്രാം നടന്നുവരുന്നു.

## ജൈവവൈവിധ്യ ഉദ്യാനം

187(1257) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നതിനുവേണ്ടി അനുമതി നൽകിയ വിദ്യാലയങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഉദ്യാന നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) 1 എ.വി.എൽ.പി.എസ്. വടക്കഞ്ചേരി

2 എം.എം.യു.പി.എസ്. പിട്ടുകാരികുളമ്പ്

3 എ.എം.എൽ.പി.എസ്. പുഞ്ചപ്പാടം

4 എ.എൽ.പി.എസ്. പഴമ്പാലക്കോട്

5 കെ.ഇ.എം.എ.എൽ.പി.എസ്. ഇളവംപാടം

6 എ.എൽ.പി.എസ്. പാട്ടൂർ

7 എ.എൽ.പി.എസ്. മുടപ്പല്ലൂർ സൗത്ത്

8 എ.യു.പി.എസ്. കണ്ണമ്പ്ര

9 സി.എ.എൽ.പി.എസ്. പഴത്തറ

10 എ.എൽ.പി.എസ്. കുട്ടാല

11 സി.എച്ച്.എസ്. ആയക്കാട്

12 സി.എം.എച്ച്.എസ്. മംഗലംപാടം

13 എം.എം.എച്ച്.എസ്. പന്തലാംപാടം

14 എസ്.എം.എം.എച്ച്.എസ്. പഴമ്പാലക്കോട്

15 ജി.എൽ.പി.എസ്. പുള്ളോട്

(ബി) ഉദ്യാനം നിർമ്മിക്കുന്നതിനുവേണ്ടി അനുമതി നൽകിയ മേൽപ്പറഞ്ഞ വിദ്യാലയങ്ങളിലെ പദ്ധതി നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**സ്പെഷ്യൽ സ്കൂളുകൾക്കായി പാക്കേജ്**

188(1258) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്കായി സർക്കാർ പാക്കേജ് പ്രഖ്യാപിച്ചിരുന്നോ;

(ബി) എത്ര കോടിരൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചതെന്നും എന്തൊക്കെ കാര്യങ്ങളാണ് അതിൽ ഉൾക്കൊള്ളിച്ചതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഡി) മുന്നൂറോളം സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കും, അവിടത്തെ അദ്ധ്യാപകർക്കും പ്രയോജനപ്രദമായ പാക്കേജ് അടിയന്തിരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി-ഡി) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27-11-2017-ന് കൂടിയ യോഗതീരുമാന പ്രകാരം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്കായി ഒരു സമഗ്ര ആശ്വാസ പാക്കേജ് സാമൂഹ്യനീതി വകുപ്പ് മുഖേന തയ്യാറാക്കുകയും പ്രസ്തുത പാക്കേജ് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9-8-2018-ന് ചേർന്ന യോഗത്തിൽ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 വർഷത്തെ ബഡ്ജറ്റിൽ സ്പെഷ്യൽ സ്കൂളുകൾക്കുള്ള പ്രത്യേക ധനസഹായമായി വകയിരുത്തിയിട്ടുള്ള 40 കോടി രൂപ ഈ പാക്കേജിന്റെ നടത്തിപ്പിനായി വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 5-1-2019-ന് വീണ്ടും യോഗം ചേർന്ന് ടി പാക്കേജിന്റെ നടത്തിപ്പ് സംബന്ധിച്ച വിഷയം അവലോകനം ചെയ്യുകയും ചുവടെ പറയും പ്രകാരമുള്ള പ്രവർത്തനങ്ങൾ അടിയന്തരമായി നടപ്പിലാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് നടപടി സ്വീകരിച്ച് വരികയുമാണ്.

1. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ ആരോഗ്യ വകുപ്പിലെയും വിദ്യാഭ്യാസ വകുപ്പിലെയും ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ടീം സന്ദർശിച്ച് കുട്ടികളുടെ എണ്ണം, ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ, അദ്ധ്യാപകരുടെ എണ്ണം, അദ്ധ്യാപകരുടെ യോഗ്യത തുടങ്ങിയവ വിലയിരുത്തിയശേഷം A, B, C എന്നീ മൂന്ന് ഗ്രേഡുകളായി തരംതിരിക്കൽ.

2. A ഗ്രേഡ് സ്കൂളുകൾക്ക് 83,05,200 രൂപയും B ഗ്രേഡ് സ്കൂളുകൾക്ക് 51,55,200 രൂപയും C ഗ്രേഡ് സ്കൂളുകൾക്ക് 19,47,600 രൂപയും പ്രതിവർഷം ഗ്രാന്റായി നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ.

3. തിരുവനന്തപുരം പാങ്ങാപ്പാറയിലുള്ള സി.എച്ച്. മുഹമ്മദ് കോയ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനത്തെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്കുള്ള പരിശീലന കേന്ദ്രമായും സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള മികവിന്റെ കേന്ദ്രമായുമാക്കി മാറ്റുന്നത്.

## പ്രീ സ്കൂൾ മുതൽ പ്ലസ് ടു വരെയുള്ള പഠന പദ്ധതി ഏകീകരണം

189(1259) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീസ്കൂൾ മുതൽ പ്ലസ് ടു വരെയുള്ള പഠനപദ്ധതി ഏകീകരിക്കുന്നതിന് സമഗ്രശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) ഒന്നുമുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സൗജന്യ പാഠപുസ്തകവും രണ്ട് ജോഡി സൗജന്യ യൂണിഫോമും നൽകുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ടോ;

(സി) എങ്കിൽ 2018-19 വർഷം ഈയിനത്തിൽ എന്ത് സഹായമാണ് ലഭിച്ചത്; വിശദമാക്കുമോ;

(ഡി) സമഗ്ര ശിക്ഷാ അഭിയാൻ പ്രകാരം കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം പുറത്തിറക്കിയ മറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. പ്രീസ്കൂൾ മുതൽ പ്ലസ് ടു വരെയുള്ള പഠന പദ്ധതി ഏകീകരിക്കണമെന്ന കേന്ദ്ര നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ എന്നിവയുടെ നടത്തിപ്പിനായി രൂപീകരിച്ച യഥാക്രമം പ്രൈമറി എഡ്യൂക്കേഷൻ ഡെവലപ്മെന്റ് സൊസൈറ്റി, സെക്കണ്ടറി ഡെവലപ്മെന്റ് സൊസൈറ്റി എന്നിവ പിരിച്ചുവിടുകയും പുതിയ കേന്ദ്രാവിഷ്കൃത പദ്ധതിയായ 'സമഗ്ര ശിക്ഷാ കേരള' യ്ക്കായി സ്കൂൾ എഡ്യൂക്കേഷൻ ഡെവലപ്മെന്റ് സൊസൈറ്റി (സെഡസ്ക്) എന്ന പേരിൽ പുതിയ സൊസൈറ്റി രൂപീകരിക്കുകയും സെഡസ്കിന്റെ ആദ്യ ഗവേണിംഗ് കൗൺസിൽ യോഗം 13-12-2018-ന് ബഹു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും പ്രസ്തുത മീറ്റിംഗിന്റെ തീരുമാനപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(ബി) ഉണ്ട്.

(സി) 2018-19 അദ്ധ്യയന വർഷത്തിൽ സൗജന്യ യൂണിഫോം നൽകുന്ന പദ്ധതിക്കായി 4506.59 ലക്ഷം രൂപയും (നാല്പത്തിയഞ്ച് കോടി ആറ് ലക്ഷത്തി അൻപത്തി ഒൻപതിനായിരം രൂപ) സൗജന്യ പാഠപുസ്തക പദ്ധതിക്കായി 7097 ലക്ഷം രൂപയും (എഴുപത് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷം രൂപ) കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്.

(ഡി) പ്രീ സ്കൂൾ മുതൽ പ്ലസ് ടു വരെയുള്ള പഠന പദ്ധതി ഏകീകരിക്കുന്നതിന്റെ ഭാഗമായി സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ, ടീച്ചർ എഡ്യുക്കേഷൻ എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംയോജിപ്പിച്ച് 'സമഗ്രശിക്ഷ' എന്ന പുതിയ കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും ഇതിനായി ഒരു സിംഗിൾ ഇംപ്ലിമെന്റിംഗ് സൊസൈറ്റി രൂപീകരിക്കുവാനും കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയം മാർഗ്ഗനിർദ്ദേശം നൽകുകയുണ്ടായി. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം 'സമഗ്രശിക്ഷാ - കേരള' എന്ന പുതിയ കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് ആരംഭിക്കുകയും ഇതിനായി 'സെഡസ്ക്' എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിക്കുകയും 13-12-2018-ന് ചേർന്ന സെഡസ്കിന്റെ ആദ്യ ഗവേണിംഗ് കൗൺസിൽ യോഗതീരുമാനപ്രകാരമുള്ള തുടർപ്രവർത്തനങ്ങൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## കൽപ്പറ്റയിലെ കുറിച്യാർമല സ്കൂളിന്റെ സ്ഥലമെടുപ്പ്

190(1260) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തിൽ തകർന്ന കൽപ്പറ്റ മണ്ഡലത്തിലെ പൊഴുതന പഞ്ചായത്തിലെ കുറിച്ച്യാർമല സ്കൂളിന്റെ സ്ഥലമെടുപ്പ് നടപടികൾ എന്ന് പൂർത്തീകരിക്കാനാവുമെന്നും ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെന്നും വിശദമാക്കുമോ?

ഉത്തരം

പ്രളയത്തിൽ തകർന്ന കൽപ്പറ്റ മണ്ഡലത്തിലെ പൊഴുതന പഞ്ചായത്തിലെ കുറിച്ച്യാർമല സ്കൂളിന്റെ പുനർനിർമ്മാണത്തിനായി ഒരു സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 3 ഏക്കർ ഭൂമി വിലയ്ക്ക് നൽകുവാൻ തയ്യാറാണെന്ന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. പൊഴുതന ഗ്രാമപഞ്ചായത്തുമായും വയനാട് ജില്ലാ പഞ്ചായത്തുമായും ബന്ധപ്പെട്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

191(1261) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) 2016-17, 2017-18, 2018-19 വർഷങ്ങളിൽ വകുപ്പിന് ലഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമെന്നും ഇതിൽ നടപ്പിലാക്കാത്ത പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളിൽ സംസ്ഥാന വിഹിതം കൃത്യമായി ഉപയോഗിച്ച പദ്ധതികൾ ഏതെല്ലാമെന്ന വ്യക്തമാക്കുമോ;

(ഡി) ഇവയിൽ സംസ്ഥാന വിഹിതം ലഭ്യമാക്കിയിട്ടില്ലെന്ന കാരണത്താൽ നഷ്ടപ്പെട്ട പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**പൊതുവിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ പദ്ധതി**

192(1262) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാലയങ്ങളിൽ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കാണ് ഉച്ചഭക്ഷണം നൽകുന്നതെന്നും ഇതിൽ ഒരു വിദ്യാർത്ഥിക്ക് ഏതെല്ലാം ഭക്ഷണങ്ങളാണ് നൽകുന്നതെന്നും വിശദമാക്കാമോ;

(ബി) അതിനായി ഒരു കുട്ടിക്ക് ലഭിക്കുന്ന അരിയുടെയും അനുബന്ധ വസ്തുക്കൾക്കായി അനുവദിച്ചിട്ടുള്ള തുകയുടെയും കണക്ക് ലഭ്യമാക്കാമോ;

(സി) സർക്കാർ ചെലവിൽ പ്രഭാത ഭക്ഷണം നൽകുന്നുണ്ടോ എന്ന് വിശദീകരിക്കുമോ;

(ഡി) ഉച്ചഭക്ഷണ പദ്ധതി പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ ഒന്നു മുതൽ 8 വരെ ക്ലാസുകളിലുള്ള വിദ്യാർത്ഥികൾ, സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ നടത്തുന്ന, (പി.ടി.എ. നടത്തുന്നതുൾപ്പെടെ) അംഗീകാരമുള്ള പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ കുട്ടികൾ മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ/ബദൽ സ്കൂളുകളിലെ കുട്ടികൾ, സർക്കാർ അംഗീകൃത സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾ, ടെക്നിക്കൽ ഹൈസ്കൂളിലെ 8-ാം ക്ലാസ് വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങളിലെ കുട്ടികൾക്കാണ് ഉച്ചഭക്ഷണം നൽകുന്നത്. ഉച്ചഭക്ഷണത്തിന് കുട്ടികൾക്ക് ചോറിനോടൊപ്പം ഒരു കറിയും രണ്ട് വിഭവങ്ങളും നൽകുന്നു. വിവിധതരം പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ, ഇലക്കറികൾ എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തത്തക്ക വിധത്തിലാണ് കറികളും വിഭവങ്ങളും തയ്യാറാക്കുന്നത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ചും കുട്ടികളുടെ താല്പര്യം കണക്കിലെടുത്തും മത്സ്യം/മാംസാഹാരം എന്നിവ മെനുവിൽ ഉൾപ്പെടുത്തുവാൻ സ്കൂളുകൾക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്. ഇതോടൊപ്പം ഉച്ചഭക്ഷണം കഴിക്കുന്ന എല്ലാ കുട്ടികൾക്കും ആഴ്ചയിൽ ഒരു ദിവസം മുട്ടയും രണ്ട് ദിവസം പാലും (150 മില്ലി ലിറ്റർ വീതം) നൽകുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 1 മുതൽ 5 വരെയുള്ള വിദ്യാർത്ഥികളെ പ്രൈമറി വിഭാഗത്തിൽ ഉൾപ്പെടുത്തി കുട്ടിയൊന്നിന് പ്രതിദിനം 100 ഗ്രാം അരിയും 6 മുതൽ 8 വരെയുള്ള വിദ്യാർത്ഥികളെ അപ്പർ പ്രൈമറി വിഭാഗത്തിൽ ഉൾപ്പെടുത്തി കുട്ടിയൊന്നിന് പ്രതിദിനം 150 ഗ്രാം അരിയും അനുവദിച്ചുവരുന്നു. പദ്ധതി നടത്തിപ്പിന് ആവശ്യമായ അരി എഫ്.സി.ഐ. മുഖാന്തരം കേന്ദ്ര സർക്കാർ അനുവദിക്കുന്നു. ഫെയർ ആവറേജ് ക്വാളിറ്റി (FAQ) വിഭാഗത്തിൽപ്പെടുന്ന പ്രസ്തുത അരിയുടെ വില കിലോയ്ക്ക് 3 രൂപയാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. അനുബന്ധ വസ്തുക്കൾക്കായി പാചക ചെലവിനത്തിൽ താഴെപ്പറയും വിധം തുക അനുവദിക്കുന്നു.

1. 150 കുട്ടികൾ വരെ ഫീഡിംഗ് സ്ട്രെങ്ത്തുള്ള സ്കൂളുകളിൽ കുട്ടിയൊന്നിന് പ്രതിദിനം 8 രൂപ.

2. 151 മുതൽ 500 കുട്ടികൾ വരെ ഫീഡിംഗ് സ്ട്രെങ്ത്തുള്ള സ്കൂളുകളിൽ ആദ്യത്തെ 150 കുട്ടികൾക്ക് പ്രതിദിനം 8 രൂപയും തുടർന്ന് 151 മുതൽ 500 വരെ വരുന്ന 350 കുട്ടികൾക്ക് പ്രതിദിനം കുട്ടിയൊന്നിന് 7 രൂപയും.

3. 500 ന് മുകളിൽ ഫീഡിംഗ് സ്ട്രെങ്ത്തുള്ള സ്കൂളുകളിൽ ആദ്യത്തെ 150 കുട്ടികൾക്ക് പ്രതിദിനം 8 രൂപയും തുടർന്നുള്ള 350 കുട്ടികൾക്ക് (151 മുതൽ 500 വരെ) കുട്ടിയൊന്നിന് 7 രൂപയും 500 ന് മുകളിൽ കുട്ടിയൊന്നിന് പ്രതിദിനം 6 രൂപയും.

100 കുട്ടികൾ വരെയുള്ള സ്കൂളുകൾക്ക് കുട്ടിയൊന്നിന് പ്രതിദിനം അനുവദിക്കുന്ന നിലവിലെ നിരക്കായ 8 രൂപ 9 രൂപയായി ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) സ്കൂളുകളിലെ പ്രഭാത ഭക്ഷണ പരിപാടി സർക്കാർ പദ്ധതിയല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് പ്രയോജനപ്പെടുത്തിയോ, സ്കൂൾ പി.ടി.എ., ചാരിറ്റബിൾ സൊസൈറ്റികൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്താലോ നിലവിൽ സംസ്ഥാനത്ത് 1667 സ്കൂളുകളിൽ പ്രഭാത ഭക്ഷണ പരിപാടി നടന്നുവരുന്നു.

(ഡി) ഉച്ചഭക്ഷണ പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയായാണ് നടപ്പിലാക്കുന്നത്. നിലവിൽ 1 മുതൽ 8 വരെയുള്ള വിദ്യാർത്ഥികളാണ് പദ്ധതിയുടെ പരിധിയിൽ വരുന്നത്. 9, 10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നത് നിലവിൽ ആലോചനയിലില്ല.

## എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ മലയാള പാഠപുസ്തകം

193(1263) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലും ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിൽ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി നൽകുന്ന മലയാള പാഠപുസ്തകം നിർബന്ധമായി പഠിപ്പിക്കണമെന്ന് കാണിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇപ്രകാരമുള്ള പാഠപുസ്തകം പഠിപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ചുമതലപ്പെട്ട ഉന്നത ഉദ്യോഗസ്ഥൻ ആരാണ്; ഇത് പഠിപ്പിക്കാൻ വിമുഖത കാട്ടുന്ന കേന്ദ്രീയ വിദ്യാലയങ്ങൾക്കും എയ്ഡഡ് /അൺഎയ്ഡഡ് മേഖലകളിലെ സി.ബി.എസ്.സി., ഐ.സി.എസ്.സി. ഉൾപ്പെടെയുള്ള സ്കൂളുകൾക്കുമെതിരെ എന്തെല്ലാം നടപടികൾ ഏതെല്ലാം രീതിയിൽ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്;

(സി) ഡി.പി.ഐ. ചെയർമാനായ പട്ടം കേന്ദ്രീയ വിദ്യാലയത്തിലും ഇത് കൃത്യമായി പഠിപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; മുൻ വർഷങ്ങളിൽ ഇക്കാര്യത്തിനായി താൽക്കാലിക അദ്ധ്യാപകരെ നിയമിച്ചുവെങ്കിലും അതിനായി അനുവദിച്ച ക്ലാസ് പീരിയഡുകൾ പിന്നീട് ഇല്ലാതാകുകയാണുണ്ടായതെന്ന കാര്യം ഗൗരവമായി കാണുമോ;

(ഡി) കേന്ദ്രീയ വിദ്യാലയങ്ങൾ ഇക്കാര്യത്തിലുള്ള ഉത്തരവ് ലംഘിക്കുന്നതായി ബോദ്ധ്യപ്പെട്ടിട്ടും സ്കൂൾ അധികൃതർക്ക് എതിരെ നടപടി സ്വീകരിക്കാതെ പോകുന്നത് തുടരാതിരിക്കാൻ ആവശ്യമായ നടപടി ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താംതരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ചട്ടങ്ങൾ ഉൾക്കൊള്ളുന്ന 2018-ലെ മലയാള ഭാഷാപഠന ചട്ടങ്ങൾ 2018 ജൂൺ 2-ലെ സ.ഉ.(അച്ചടി) നമ്പർ 14/2018/ പൊ.വി.വ. പ്രകാരം നിലവിൽ വന്നിട്ടുണ്ട്. ആയതിൽ എസ്.സി.ഇ.ആർ.ടി. അതാത് ക്ലാസുകൾക്കുവേണ്ടി തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ പഠിപ്പിക്കേണ്ടതും സമയക്രമമനുസരിച്ച് പഠനനിലവാരം മൂല്യനിർണ്ണയം നടത്തേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 2018-ലെ മലയാള ഭാഷാപഠന ചട്ടങ്ങളിലെ നിർദ്ദേശങ്ങളനുസരിച്ച് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഒന്നാംതരം മുതൽ പത്താം തരം വരെ മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ചുമതലയാണ്. മലയാള ഭാഷ പഠന ആക്ട്, 2017-ലെ സെക്ഷൻ 3 പ്രകാരം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും 2018-19 അധ്യയന വർഷം മുതൽ മലയാളം ഒരു ഭാഷയായി പഠിപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലപ്രദമായ പൂർത്തീകരണത്തിനാണ് 2018-ലെ മലയാള ഭാഷാപഠന ചട്ടങ്ങൾ നിലവിൽ വന്നിട്ടുള്ളത്. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും വിദ്യാഭ്യാസ ഉപഡയറക്ടറുടെയും നേതൃത്വത്തിലുള്ള അദ്ധ്യാപകരുടെ പാനലുകൾ രൂപീകരിച്ച് സ്കൂളുകളിൽ മലയാള ഭാഷാപഠനം നടക്കുന്നുണ്ടോയെന്ന് പരിശോധിച്ച് വരുന്നു. സംസ്ഥാനത്തെ എല്ലാ ഓറിയന്റൽ, അൺ എയ്ഡഡ്, സി.ബി.എസ്.ഇ., സി.ഐ.എസ്.സി.ഇ. തുടങ്ങിയ കേന്ദ്ര ബോർഡുകളുടെ കീഴിലുള്ള സ്കൂളുകളിലെല്ലാം ഇതുസംബന്ധിച്ച പരിശോധനകൾ നടത്തുന്നുണ്ട്. ഇതിൽ കേന്ദ്രീയ വിദ്യാലയങ്ങളും ഉൾപ്പെടും. പൊതുവെ മലയാള ഭാഷാപഠനത്തോട് സ്കൂളുകൾ വിമുഖത കാട്ടുന്നതായ റിപ്പോർട്ടുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. ചട്ടപ്രകാരം വ്യവസ്ഥാപിതമായ മലയാളഭാഷാ പഠനം മനഃപൂർവ്വം നിർവ്വഹിക്കാത്ത സ്കൂളുകൾ കണ്ടെത്തുകയാണെങ്കിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മലയാള ഭാഷാ പഠന ചട്ടങ്ങൾ, 2018-ലെ ചട്ടം 2-ൽ നിഷ്കർഷിക്കുന്ന സ്കൂൾ പരിശോധനകൾ പൂർത്തിയായി വരികയാണ്. തിരുവനന്തപുരം വിദ്യാഭ്യാസ ജില്ലയിലെ സ്കൂൾ പരിശോധന ടീം ഉടൻ തന്നെ പട്ടം കേന്ദ്രീയ വിദ്യാലയം സന്ദർശിച്ച് മലയാള ഭാഷാപഠനം അവിടെ നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതാണ്. മലയാളം പഠിപ്പിക്കുന്നതിനായി മുൻ വർഷങ്ങളിൽ താൽക്കാലിക അധ്യാപകരെ നിയമിച്ചിരുന്നെങ്കിലും അതിനുള്ള ചെലവ് കണ്ടെത്താൻ കഴിയാതെ വന്നതിനാൽ പ്രസ്തുത നടപടി അവസാനിപ്പിക്കുകയാണുണ്ടായത്. രക്ഷിതാക്കളിലെ അധ്യാപകരെ ഉപയോഗിച്ച് സ്കൂളിൽ മലയാള ഭാഷാപഠനം നടപ്പാക്കുമെന്ന് സ്കൂൾ അധികൃതർ ഉറപ്പ് നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂളിൽ നേരിട്ടെത്തി ആവശ്യമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

(ഡി) ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പാഠ്യപദ്ധതി പരിഷ്കരണം

194(1264) ശ്രീമതി ഇ.എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും സമഗ്രമായി പരിഷ്കരിക്കുന്നത് ആലോചിക്കുന്നുണ്ടോ;

(ബി) പാഠ്യപദ്ധതിയിൽ തൊഴിൽ പഠനം ഉൾപ്പെടുത്തുന്നതിനും ദുരന്ത നിവാരണം സംബന്ധിച്ച അവബോധം വളർത്തുന്നതിനും ഉതകുന്ന തരത്തിലുള്ള പാഠഭാഗങ്ങൾ ഉൾപ്പെടുത്തുമോ:

(സി) വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിലും പഠന പ്രവർത്തനങ്ങളിലും എന്തൊക്കെ മാറ്റങ്ങളാണ് വരുത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ജനാധിപത്യ മതേതര മൂല്യങ്ങൾ പാഠപുസ്തകങ്ങളിലൂടെ പകർന്നു നല്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദേശീയ തൊഴിൽ നൈപുണി ചട്ടക്കൂട് (എൻ.എസ്.ക്യൂ.എഫ്.) സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി തൊഴിൽ പരിശീലനം വ്യാപകമാക്കാൻ കഴിയും. 2018-ലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട ആശയങ്ങൾ വിദ്യാർത്ഥികളിലും അദ്ധ്യാപകരിലും എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. കൂടാതെ സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട ആശയങ്ങൾ എല്ലാ വിദ്യാർത്ഥി കളിലും എത്തിക്കുന്നതാണ്.

(സി) സ്കൂളുകളിൽ സാങ്കേതികവിദ്യയുടെ സാധ്യതകൾ ഒരുക്കിയതിന്റെ ഭാഗമായി ഡിജിറ്റൽ പഠന വിഭവങ്ങൾ ആവശ്യമായി വന്നിട്ടുണ്ട്. 'കൈറ്റി'ന്റെ സഹകരണത്തോടെ എസ്.സി.ഇ.ആർ.ടി. ഇതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തു വരുന്നു. 'സമഗ്ര' വിദ്യാഭ്യാസ പോർട്ടലിൽ ഡിജിറ്റൽ വിഭവങ്ങളും അവ ഉപയോഗിക്കാൻ അവസരം നൽകുന്ന പാഠാസൂത്രണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ എൻ.സി.ടി .ഇ.-യുടെ

സഹകരണത്തോടെ 'ദിക്ഷ' പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. 'എനർജൈസിംഗ് ടെക്സ്റ്റ് ബുക്ക്' എന്ന പേരിൽ പാഠപുസ്തകത്തിൽ ക്യൂ.ആർ. കോഡുകൾ ഉൾച്ചേർക്കാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ഡി) ഇത്തരം മൂല്യങ്ങൾ ഇതിനകം തന്നെ പാഠ്യപദ്ധതിയിലുണ്ട്. പാഠ്യപദ്ധതി പരിഷ്കരിക്കുന്ന വേളയിൽ ജനാധിപത്യം, മതേതരത്വം തുടങ്ങിയ ഭരണഘടനാ മൂല്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതാണ്.

## എൽ.പി. സ്കൂൾ അദ്ധ്യാപകരുടെ ഒഴിവുകൾ

195(1265) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ എത്ര എൽ.പി.സ്കൂൾ (മലയാളം മീഡിയം) അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ടി ഒഴിവുകൾ നിലവിൽ വന്നത് എന്നു മുതലാണെന്ന് വ്യക്തമാക്കാമോ;

(സി) 2016-17 അദ്ധ്യയന വർഷം തിരുവനന്തപുരം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ എത്ര എൽ.പി. സ്കൂൾ (മലയാളം മീഡിയം) സ്ഥിരം അദ്ധ്യാപകർ സേവനം അനുഷ്ഠിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 510 ഒഴിവുകൾ നിലവിലുണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ആകെ 2017 എൽ.പി.എസ്.എ. മാർ സേവനമനുഷ്ഠിച്ചുവരുന്നു.

## നീതി ആയോഗിന്റെ നിർദ്ദേശങ്ങൾ

196(1266) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപകരുടെ നിലവാരം അളക്കുവാൻ സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് വർഷത്തിൽ മൂന്ന് തവണ പരീക്ഷ നടത്തണമെന്ന ശിപാർശ നീതി ആയോഗ് നൽകിയിട്ടുണ്ടോ;

(ബി) 2022 ഓടെ വിദ്യാഭ്യാസ മേഖലയ്ക്കുള്ള ഫണ്ട് ജി.ഡി.പി.-യുടെ 6 ശതമാനം ആക്കണമെന്ന നീതി ആയോഗിന്റെ നിർദ്ദേശം പ്രാവർത്തികമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) കുട്ടികൾ കുറവുള്ള സ്കൂളുകൾ ലയിപ്പിക്കണമെന്ന നിർദ്ദേശം സംസ്ഥാനത്ത് എപ്രകാരം പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) വൊക്കേഷണൽ കോഴ്സുകൾ സ്കൂൾ തലത്തിൽ ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശം പുറത്തിറക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഇ) നീതി ആയോഗിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇതുമായി ബന്ധപ്പെട്ട ഉത്തരവ് ലഭിച്ചിട്ടില്ല.

(ബി & സി) ഇതുമായി ബന്ധപ്പെട്ട തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി) 9, 10 ക്ലാസ്സുകളിലെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുന്ന തൊഴിൽ ഘടകങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവ പ്രത്യേകം ഊന്നൽ നൽകി പരിശീലിപ്പിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

(ഇ) നീതി ആയോഗിന്റെ നിർദ്ദേശങ്ങൾ വിശദമായ പഠനങ്ങൾക്ക് വിധേയമാക്കിയിട്ടില്ല.

**പ്രീ-പ്രൈമറി സ്കൂളുകൾക്ക് അംഗീകാരം**

197(1267) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന മുഴുവൻ പ്രീ-പ്രൈമറി സ്കൂളുകൾക്കും അംഗീകാരം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

എയ്ഡഡ് വിഭാഗത്തിലെ പ്രീ-പ്രൈമറികൾക്ക് അംഗീകാരം നൽകുന്നില്ല. 7-12-2012-നുശേഷം ഗവൺമെന്റ് സ്കൂളുകളിൽ പുതുതായി പ്രീ-പ്രൈമറി സ്കൂളുകൾ ആരംഭിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്.

## ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ

198(1268) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് പ്രൈമറി സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ വ്യാപകമായി വരുന്ന പ്രവണതയുണ്ടോ ;

(ബി) ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ ഉള്ള ഗവൺമെന്റ് സ്കൂളുകളിൽ മലയാളം മീഡിയം ഡിവിഷനുകളിൽ പഠിച്ചാൽ വിദ്യാർത്ഥികൾക്ക് ശരിയായ വിധത്തിൽ അദ്ധ്യയനം ലഭിക്കില്ല എന്ന് രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കുമിടയിൽ ആശങ്ക വളരുന്ന സാഹചര്യമുണ്ടോ;

(സി) മലയാളം മീഡിയം ഡിവിഷനുകളിലും ഇംഗ്ലീഷ് ഭാഷാപഠനം ഉൾപ്പെടെയുള്ള പഠന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല. 22-5-2012-ലെ തീയതിയിലെ സ.ഉ.(കൈ) നമ്പർ 156/2012/പൊ.വി.വ പ്രകാരം രണ്ട് മലയാളം ഡിവിഷനുകളുള്ള 1,5,8 ക്ലാസ്സുകളിൽ അതിൽ ഒന്ന് ഇംഗ്ലീഷ് മീഡിയമായി പ്രവർത്തിക്കുവാൻ അനുമതിയുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ് ഭാഷയ്ക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള കരിക്കുലം കമ്മിറ്റി രൂപീകരിച്ച ഭാഷാ പഠന പദ്ധതി പ്രകാരമാണ് പഠന ക്രമങ്ങൾ നടന്നുവരുന്നത്.

## പ്രീ-പ്രൈമറി വിഭാഗം അദ്ധ്യാപകർ

199(1269) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂളുകളോട് ചേർന്ന് പ്രവർത്തിക്കുന്ന പ്രീപ്രൈമറി വിഭാഗത്തിൽ എത്ര അദ്ധ്യാപകർക്കാണ് സർക്കാർ ശമ്പളം നൽകിവരുന്നത്; എത്ര അദ്ധ്യാപകർക്കാണ് സ്കൂൾ പി.ടി.എ./എസ്.എം.സി.-കളുടെ നേതൃത്വത്തിൽ ശമ്പളം നൽകി വരുന്നത്;

(ബി) മിക്ക സ്കൂളുകളിലും പ്രീപ്രൈമറിയിൽ കൂടുതൽ ഡിവിഷനുകൾ ഉണ്ടായിട്ടും കേവലം ഒന്നോ രണ്ടോ പേർക്ക് മാത്രം സർക്കാർ ശമ്പളം നൽകുമ്പോൾ ബാക്കിയുള്ളവർക്ക് ശമ്പളം നൽകാൻ പി.ടി.എ.കൾ പ്രയാസപ്പെടുന്നത് സ്കൂളിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ സർക്കാർ പ്രീപ്രൈമറി വിഭാഗത്തിൽ ജോലി ചെയ്യുന്ന എല്ലാവർക്കും നിയമനാംഗീകാരവും ശമ്പളവും നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**പ്രീപ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും നൽകുന്ന ഓണറേറിയം**

200(1270) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വിദ്യാലയങ്ങളിൽ പി.റ്റി.എ.-യുടെ കീഴിൽ ആരംഭിച്ച പ്രീപ്രൈമറി ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും, ആയമാർക്കും നിലവിൽ എത്ര രൂപ വീതമാണ് ഓണറേറിയം നൽകുന്നത്;

(ബി) ഈ സർക്കാരിന്റെ പ്രകടന പത്രികയിൽ തൊഴിലാളികളുടെ മിനിമം ദിവസവേതനം 500 രൂപയാക്കും എന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ പ്രീ പ്രൈമറി അദ്ധ്യാപകർക്കും, ആയമാർക്കും നിലവിൽ നൽകുന്ന ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രീപ്രൈമറി അദ്ധ്യാപകർക്ക് 10,000 രൂപയും ആയമാർക്ക് 6,000 രൂപയും ഓണറേറിയം നൽകി വരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രീപ്രൈമറി അദ്ധ്യാപകർക്കുള്ള ഓണറേറിയം 5,000 രൂപയിൽ നിന്ന് 10,000 (പതിനായിരം) രൂപയായും ആയമാരുടെ ഓണറേറിയം 3,500 രൂപയിൽ നിന്ന് 6,000 (ആറായിരം) രൂപയായും വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

**കോട്ടയ്ക്കൽ മണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന വികസനം**

201(1271) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ ഗവ. എൽ.പി.സ്കൂൾ ചൂനൂർ, ഗവ. എൽ.പി. സ്കൂൾ കരേക്കാട് എന്നീ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കണമെന്ന അപേക്ഷ വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) കെട്ടിടങ്ങളുടെ അപര്യാപ്തത മൂലം ബുദ്ധിമുട്ടുന്ന പ്രസ്തുത സ്കൂളുകളുടെ പ്രൊപ്പോസലുകൾ വിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ;

(സി) പൊതു വിദ്യാഭ്യാസ ഡയറക്ടർ പ്രസ്തുത സ്കൂളുകളുടെ പ്രൊപ്പോസലുകൾ പരിശോധിച്ചിട്ടുണ്ടോ; പരിശോധന റിപ്പോർട്ട് ലഭ്യമാക്കുമോ;

(ഡി) ഈ വർഷം തയ്യാറാക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രൊപ്പോസലിൽ പ്രസ്തുത രണ്ട് സ്കൂളുകളെ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) കുറ്റിപ്പുറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പേര് GO(Rt) 5501/2018/പൊ.വി. (എം) വകുപ്പ് 31-12-2018 എന്ന ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ലെന്ന കാര്യം കാണിച്ച് നൽകിയ അപേക്ഷയിന്മേൽ എടുത്ത നടപടികൾ അറിയിക്കുമോ; പ്രസ്തുത സ്കൂളിന്റെ പേര് ജി.എച്ച്.എസ്.എസ്. പേരശ്ശന്നൂർ എന്നത് ജി.എച്ച്.എസ്.എസ്. കുറ്റിപ്പുറം എന്ന് തിരുത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) കോട്ടയ്ക്കൽ മണ്ഡലത്തിലെ ഗവൺമെന്റ് എൽ.പി.സ്കൂൾ, ചൂനൂരിന് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പ്രൊപ്പോസൽ 27-12-2018-ൽ (Receipt No.3123032/18) ലഭ്യമായിട്ടുണ്ട്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് അടിസ്ഥാന സൗകര്യവികസനത്തിനായി തുക വകയിരുത്തിയിട്ടുള്ള ശീർഷകങ്ങളിൽ (മൂലധന, റവന്യൂ ശീർഷകങ്ങൾ) നീക്കിയിരുപ്പ് ഇല്ലാത്തതിനാൽ പ്രസ്തുത പ്രൊപ്പോസലിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഗവൺമെന്റ് എൽ.പി.സ്കൂൾ കരേക്കാടിന്റെ പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ലഭ്യമായിട്ടില്ല.

(ഇ) പരിശോധിച്ചുവരുന്നു.

**ഭിന്നശേഷിക്കാർക്കുള്ള പരീക്ഷാ ആനുകൂല്യങ്ങൾ**

202(1272) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിന്നശേഷിക്കാർക്കുള്ള പരീക്ഷാ ആനുകൂല്യങ്ങളുടെ മറവിൽ ചില സ്കൂളുകൾ എസ്.എസ്.എൽ.സി.-ക്ക് നൂറ് ശതമാനം വിജയം ലഭിക്കുന്നതിനായി കുട്ടികൾക്ക് പഠനവൈകല്യമുണ്ടെന്ന് സർട്ടിഫിക്കറ്റ് കരസ്ഥമാക്കി അവരെ പരീക്ഷ എഴുതിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) വൈകല്യമുള്ള കുട്ടികളുടെ ബുദ്ധിപരിശോധന എട്ടാം ക്ലാസ്സിൽ നടത്തി ആവശ്യക്കാർക്ക് പ്രത്യേക പരിശീലനം നൽകണമെന്നും അതിനുശേഷവും പഠന വൈകല്യം ഉണ്ടെന്ന് കണ്ടെത്തുന്ന കുട്ടികൾക്ക് മാത്രമേ പരീക്ഷാ ആനുകൂല്യം നൽകാവു എന്നും ബാലാവകാശ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭിന്നശേഷിക്കാർക്കുള്ള പരീക്ഷാ ആനുകൂല്യങ്ങൾ ദുരുപയോഗം ചെയ്യുന്നതായി നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാർക്കുള്ള പരീക്ഷാ ആനുകൂല്യങ്ങൾ ദുരുപയോഗം ചെയ്യുന്നത് തടയു ന്നതിനായി സർക്കാർ ഉത്തരവ് (കൈ) നമ്പർ 63/2018/പൊവിവ, തീയതി 15-5-2018, സർക്കാർ ഉത്തരവ് (സാധാ) നമ്പർ 5186/2018/പൊവിവ, തീയതി 7-12-2018 എന്നിവ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 7-12-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 5186/2018/പൊ.വി.വ. പ്രകാരം 2020, 2021 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതേണ്ട ഇപ്പോൾ 9,8 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ പഠനവൈകല്യം തിരിച്ചറിയു ന്നതിനുള്ള നടപടികൾ 31-3-2019-നകം ക്ലാസ്സ് അദ്ധ്യാപകർ ബി.ആർ.സി/ യു.ആർ.ഡി. സഹായത്തോടെ പൂർത്തിയാക്കേണ്ടതാണെന്നും തുടർന്ന് ബന്ധപ്പെട്ട സർക്കാർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് നൽകുന്ന ഐ.ക്യൂ. അസ്സസ്സ്മെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് സൈക്യാട്രിസ്റ്റ് നൽകുന്ന പഠന വൈകല്യ സർട്ടിഫിക്കറ്റുകൾ 30-6-2019-നകം ലഭ്യമാക്കേണ്ടതാണെന്നുമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലംമാറ്റം**

203(1273) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് എന്നറിയിക്കുമോ;

(ബി) 2019-ൽ സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരുടെ എത്ര ഒഴിവുകൾ ഉണ്ടാവും എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രിൻസിപ്പൽ നിയമനത്തിനായി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഒഴിവുകൾ അടുത്ത അദ്ധ്യയന വർഷം തുടങ്ങുന്നതിന് മുമ്പ് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 28 ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരുടെ ഒഴിവുകൾ നിലവിലുണ്ട്.

(ബി) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ നിലവിലെ 28 ഒഴിവുകൾ കൂടാതെ 2019 ജൂലൈ 1 വരെ പ്രിൻസിപ്പൽമാരുടെ റിട്ടയർമെന്റ്മൂലം 125 ഒഴിവുകൾ കൂടിയുണ്ടാകും.

(സി) അടുത്ത അദ്ധ്യയന വർഷം തുടങ്ങുന്നതിന് മുമ്പ് പ്രിൻസിപ്പൽമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**നാഷണൽ സർവ്വീസ് യൂണിറ്റുകൾക്കുള്ള പ്രവർത്തന ഫണ്ട്**

204(1274) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിലെ നാഷണൽ സർവ്വീസ് യൂണിറ്റുകൾക്ക് സർക്കാർ പ്രവർത്തന ഫണ്ട് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ എത്ര യൂണിറ്റുകൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇക്കാര്യത്തിനായി കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ 2016-17, 2017-18 വർഷങ്ങളിൽ എത്ര തുകയാണ് കേന്ദ്രം അനുവദിച്ച തെന്ന് വ്യക്തമാക്കുമോ;

(സി) നാഷണൽ സർവ്വീസ് യൂണിറ്റുകൾക്ക് സർക്കാർ നൽകേണ്ട തുക കുടിശ്ശികയായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷത്തെയെന്ന് അറിയിക്കുമോ;

(ഡി) കുടിശ്ശിക തുക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിലെ നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകൾക്ക് സംസ്ഥാന സർക്കാർ പ്രവർത്തന ഫണ്ട് അനുവദിക്കുന്നില്ല. കേന്ദ്ര സർക്കാർ പ്രവർത്തന ഫണ്ട് നൽകിവരുന്നു. അത്തരം 525 യൂണിറ്റുകളുണ്ട്.

(ബി) കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുന്നുണ്ട്.

| | |
|---|---|
| 2016-17-ൽ 2015-16-ലെ ബാക്കി ഗ്രാന്റ് തുക | - 38,58,598 രൂപ |
| 2016-17-ലെ ഗ്രാന്റ് തുക | - 1,92,70,942 രൂപ |
| ആകെ | - 23,12,9,540 രൂപ |
| 2017-18-ൽ ആകെ ലഭിച്ചത് | - 1,86,025,00 രൂപ |

(സി) 2016-17 മുതൽ 17-18 വരെ ഭാഗികമായും 2018-19 പൂർണ്ണമായും കുടിശ്ശികയുണ്ട്.

(ഡി) കേന്ദ്ര സർക്കാരിൽ നിന്ന് കുടിശ്ശിക തുക ലഭ്യമായാൽ നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുന്നതാണ്.

## സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിലെ ലാബ് അസിസ്റ്റന്റുമാർ

205(1275) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽ നിയമനം ലഭിച്ചിട്ടുള്ള എത്ര ലാബ് അസിസ്റ്റന്റുമാർ, ലാബ് അറ്റൻഡർ ടെസ്റ്റ് പാസ്സായിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) അൻപത് വയസ്സിന് മുകളിൽ പ്രായമുള്ളവരെ ടെസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ള ഉത്തരവുകൾ എന്തെങ്കിലും നിലവിലുണ്ടോ;

(സി) എസ്.എസ്.എൽ.സി യോഗ്യത മാത്രമുള്ള പരീക്ഷ പാസ്സായി വരുന്ന ജീവനക്കാർക്ക് ഡിഗ്രി ലെവൽ പരീക്ഷ പ്രയാസകരമാണ് എന്നുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ 15 വർഷം സർവീസ് പൂർത്തിയാക്കിയവരും 40 വയസ്സിന് മുകളിൽ പ്രായമുള്ളവരുമായ ലാബ് അസിസ്റ്റന്റുമാരെ ടെസ്റ്റിൽ നിന്നും ഒഴിവാക്കു ന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) 2015-ൽ പി.എസ്.സി നടത്തിയ ലാബ് അറ്റൻഡർ ടെസ്റ്റിൽ സർക്കാർ/ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജോലി നോക്കിവരുന്ന 227 ലാബ് അസിസ്റ്റന്റുമാർ ടെസ്റ്റ് പാസ്സായിട്ടുണ്ട്. സർക്കാർ സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാരുടെ മാത്രമായി തരംതിരിച്ച് പി.എസ്.സി റിസൾട്ട് പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിലവിൽ സർവ്വീസിലുള്ള ജീവനക്കാരുടെ കാര്യത്തിൽ ഒരു 'One time Settlement' എന്ന രീതിയിൽ ലാബ് അറ്റന്റേഴ്സ് ടെസ്റ്റ് പാസ്സാകണമെന്ന വ്യവസ്ഥ ഒഴിവാക്കി മറ്റു തരത്തിൽ യോഗ്യരാണെങ്കിൽ ടി ആൾക്കാരുടെ പ്രൊബേഷൻ പ്രഖ്യാപിച്ച് ഉത്തരവാകുന്നത് സംബന്ധിച്ചും പ്രസ്തുത ടെസ്റ്റിന് പകരം വകുപ്പുതലത്തിൽ തന്നെ പ്രൊബേഷൻ കാലയളവിനുള്ളിൽ ഒരു 'In service training'ഏർപ്പെടുത്തുന്നത് സംബന്ധിച്ചും പരിശോധിച്ചുവരികയാണ്.

**സർക്കാർ വിദ്യാലയങ്ങളിലെ പ്രവേശനം**

206(1276) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സർക്കാർ സ്കൂളുകളുടെ പഠന നിലവാരവും ഭൗതിക സാഹചര്യങ്ങളും വളരെയധികം മെച്ചപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ചില സർക്കാർ വിദ്യാലയങ്ങളിൽ എൽ.പി., യു.പി. ക്ലാസ്സുകളിലെ പ്രവേശനത്തിന് രക്ഷിതാക്കൾ പല തരത്തിലുള്ള ശുപാർശകളും മറ്റും നടത്തേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനും ക്രമപ്പെടുത്തുന്നതിനും വേണ്ടി കേരളത്തിലെ സ്കൂളുകളിലെ പ്രവേശനത്തിന് പൊതുവായ മുൻഗണനാ മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ മാനദണ്ഡങ്ങൾ കൊണ്ടുവരുമോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല. പ്രവേശനം സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടാകുന്ന പക്ഷം സ്കൂൾ തലത്തിൽതന്നെ മാനദണ്ഡങ്ങൾ രൂപീകരിക്കാവുന്നതാണ്.

## ലാബ് ആന്റ് ലൈബ്രറികൾ ആരംഭിക്കുന്നതിനുള്ള പദ്ധതി

207(1277) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ എച്ച്. എസ്.എസ്.-ലും കുളത്തുമ്മൽ എച്ച്.എസ്.എസി-ലും ലാബ് ആന്റ് ലൈബ്രറികൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ?

ഉത്തരം

2017-18 വാർഷിക പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച " 38 ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബ് നിർമ്മാണം" എന്ന പ്രവൃത്തി നിർവ്വഹണത്തിനായി കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE)-നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. സാങ്കേതിക കാരണങ്ങളാൽ യഥാസമയം ലഭ്യമാകാത്തതിനാൽ 2017-18 സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുമ്പ് കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ എച്ച്.എസ്.എസ്., കുളത്തുമ്മൽ എച്ച്.എസ്.എസ്. എന്നിവ ഉൾപ്പെടെ 38 സ്കൂളുകളിലും ടി പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല.

## ഹിന്ദു-വിശ്വകർമ്മ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്

208(1278) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ഹിന്ദു- വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്ക് 2015 -2016 വർഷത്തിനു ശേഷം അർഹതപ്പെട്ട സ്കോളർഷിപ്പ് ലഭിക്കുന്നില്ലെന്ന് കാണിച്ച് വിശ്വകർമ്മ സഭ മേഖലാ കമ്മിറ്റി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പരാതിയ്ക്ക് ഇടയാക്കിയ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ; പരാതി പരിഹരിക്കുന്നതിനും അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് ലഭിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് 2015-16 മുതലാണ് ഡി.ബി.റ്റി മോഡിൽ വിതരണം ചെയ്തു തുടങ്ങിയത്. എന്നാൽ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച പ്രശ്നങ്ങൾ കാരണം വിതരണം ചെയ്ത തുകയിൽ പകുതിയലധികവും നിരസിക്കപ്പെട്ടിരുന്നു. അക്കൗണ്ട് സംബന്ധമായ

പ്രശ്നങ്ങൾ പരിഹരിച്ച് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിലേയ്ക്കായി ബാങ്കിൽ നിന്നും വിദ്യാർത്ഥികളുടെ ബെനിഫിഷ്യറി ഐ.ഡി ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ച് അതാത് സ്കൂളുകളുമായി ബന്ധപ്പെട്ട് ശരിയായ അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകുകയും സ്കൂളുകളിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ ഒ.ബി.സി. വിദ്യാർത്ഥികൾക്ക് 50% കേന്ദ്ര സഹായത്തോടെ സ്കോളർഷിപ്പ് അനുവദിക്കുന്ന ടി പദ്ധതിയിൽ 2014-15 വരെ സ്കോളർഷിപ്പ് സ്കൂൾ പ്രധാനാധ്യാപകരുടെ ബാങ്ക് അക്കൗണ്ട് മുഖേനയാണ് വിതരണം ചെയ്തിരുന്നത്. എന്നാൽ കേന്ദ്ര സ്കോളർഷിപ്പുകൾ ഡി.ബി.റ്റി മോഡിൽ വിതരണം ചെയ്യേണ്ടതുള്ളതിനാൽ 2015-16 മുതൽ സ്കോളർഷിപ്പ് തുക വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിലേയ്ക്കാണ് ട്രാൻസ്ഫർ ചെയ്തത്. എസ്.ബി.റ്റി., എസ്.ബി.ഐ ലയനം, അക്കൗണ്ട് നമ്പറിലെ ന്യൂനതകൾ, അക്കൗണ്ട് ലൈവ് അല്ലാത്ത അവസ്ഥ, സീറോ ബാലൻസ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിലെ നിയന്ത്രണങ്ങൾ തുടങ്ങിയ കാരണങ്ങളാൽ വിതരണം ചെയ്ത തുകയിൽ പകുതിയിലധികവും നിരസിക്കപ്പെടുകയുണ്ടായി. പ്രസ്തുത തുകകൾ അതാത് വിദ്യാർത്ഥികളുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി രണ്ട് താൽക്കാലിക ജീവനക്കാരെ സർക്കാർ അനുമതിയോടെ നിയമിക്കുകയും അതാത് സ്കൂളുകളുമായി ബന്ധപ്പെട്ട് അക്കൗണ്ട് സംബന്ധമായ ന്യൂനതകൾ പരിഹരിച്ച് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

## ചെറുവാടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ കെട്ടിട നിർമ്മാണം

209(1279) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയിലുൾപ്പെടുത്തി 3.4 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ചെറുവാടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ കെട്ടിട നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. മാർച്ച് അവസാനത്തിൽ പണികൾ ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## വെങ്ങാനൂർ ഹയർ സെക്കണ്ടറി സ്കൂൾ ജീവനക്കാരുടെ ആനുകൂല്യങ്ങൾ

210(1280) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലിന്റെ ചുമതല ഇപ്പോൾ ആർക്കാണെന്ന് വ്യക്തമാക്കാമോ; ചുമതല മാറ്റി നൽകാനുള്ള കാരണവും എന്നു മുതലാണ് ഇപ്രകാരം ചുമതല മാറ്റി നൽകിയതെന്നും വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ എത്ര പ്രാവശ്യം ടി സ്കൂളിൽ നേരിട്ട് എത്തിയെന്ന് വ്യക്തമാക്കുമോ;

(സി) ടി സ്കൂളിൽ എത്ര ജീവനക്കാരാണ് ഉള്ളതെന്നും, ജീവനക്കാരുടെ സർവ്വീസ് കാര്യങ്ങളും വാർഷിക ശമ്പള വർദ്ധനവ്, ലീവ് സറണ്ടർ എന്നീ ആനുകൂല്യങ്ങളും പാസ്സാക്കി നൽകേണ്ട ചുമതല ആർക്കാണെന്നും വ്യക്തമാക്കാമോ; ഇത്തരം ചുമതലകൾ നിലവിലെ ഓഫീസർ നിർവ്വഹിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ടി സ്കൂളിലെ എത്ര ജീവനക്കാർക്ക് അർഹമായ വാർഷിക ശമ്പള വർദ്ധനവ് നിശ്ചയിച്ച് നൽകാനുണ്ടെന്നും ഇതിലൂടെ ഓരോ ജീവനക്കാരനും കുടിശ്ശികയായി ലഭിക്കേണ്ടത് എത്ര രൂപയാണെന്നുമുള്ള കണക്കും ലഭ്യമാക്കുമോ;

(ഇ) ടി സ്കൂളിന്റെ പ്രിൻസിപ്പലിന്റെ ചുമതല വഹിക്കുന്ന ജീവനക്കാരന് വാർഷിക ശമ്പള വർദ്ധനവോ മറ്റേതെങ്കിലും അർഹമായ ആനുകൂല്യങ്ങളോ തടയപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) സ്വന്തമായി ലഭിക്കേണ്ട അർഹമായ ആനുകൂല്യങ്ങൾ കൈപ്പറ്റുകയും കീഴ് ജീവനക്കാരുടെ അർഹമായ മിനിമം ആനുകൂല്യങ്ങൾ മാസങ്ങളായി നിഷേധിക്കുന്നതും ഏത് ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(ജി) ടി സ്കൂളിലെ ജീവനക്കാരുടെ വാർഷിക ശമ്പള വർദ്ധനവ് യഥാസമയം നൽകാതെ മതിയായ കാരണമില്ലാതെ തടഞ്ഞുവച്ചതിലൂടെ ജീവനക്കാർക്ക് ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടത്തിന്റെ ഉത്തരവാദി ആരെന്ന് വ്യക്തമാക്കാമോ; ഈ സ്കൂളിലെ മുഴുവൻ ജീവനക്കാർക്കും ലഭിക്കേണ്ട ഇത്തരം ആനുകൂല്യങ്ങൾ എന്ന് അനുവദിച്ചു നൽകാൻ കഴിയുമെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂരിൽ സർക്കാർ എയ്ഡഡ് മേഖലകളിലായി ആകെ 3 ഹയർ സെക്കണ്ടറി സ്കൂളുകൾ നിലവിലുള്ളതും ഇതിൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രിൻസിപ്പാൾ ചുമതല ശ്രീമതി റാണി എം.റ്റി.-യ്ക്കും, വെങ്ങാനൂർ വി.പി.എസ് എച്ച്.എസ്.എസ് ഫോർ ബോയ്സിന്റെ പ്രിൻസിപ്പാൾ ചുമതല ശ്രീമതി എസ്.പത്മകുമാരിയ്ക്കും വെങ്ങാനൂർ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാളിന്റെ താത്ക്കാലിക ചുമതല, ടി സ്കൂളിലെ പ്രിൻസിപ്പാൾ ആയിരുന്ന ശ്രീ. സുധീർ ജെ. നായർ സസ്പെൻഷനിൽ ആയതിനെ തുടർന്ന് മേഖലാ ഉപമേധാവിക്ക് പ്രിൻസിപ്പാളിന്റെ പൂർണ്ണ അധിക ചുമതലയും 26-4-2018 മുതൽ ശ്രീ. പ്രേമജ് കുമാർ ഡി.ബി.-യ്ക്ക് സാമ്പത്തികം ഒഴികെ പ്രിൻസിപ്പാളിന്റെ ചുമതലയും നൽകി ഉത്തരവായിട്ടുണ്ട്.

(ബി) ഭരണപരമായ കാര്യങ്ങൾ നിരീക്ഷിക്കുന്നതിനും അക്കാദമിക നിലവാരം വിലയിരുത്തുന്നതിനുമായി തിരുവനന്തപുരം മേഖലാ ഡെപ്യൂട്ടി ഡയറക്ടർ യഥാസമയം വിവിധ സ്കൂളുകൾ സന്ദർശിക്കുന്നതുപോലെ ടി സ്കൂളുകളിലും സന്ദർശനം നടത്തിയിട്ടുണ്ട്.

(സി) വെങ്ങാനൂർ ഗവൺമെന്റ് മോഡൽ ഹയർ സെക്കണ്ടറി സ്കൂളിൽ 13 അദ്ധ്യാപകരും 2 ലാബ് അസിസ്റ്റന്റും ഉൾപ്പെടെ 15 ജീവനക്കാരും, വി.പി.എസ്.എച്ച്.എസ്.എസ് ഫോർ ബോയ്സ് വെങ്ങാനൂർ 27 ജീവനക്കാരും, വെങ്ങാനൂർ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ നിലവിൽ 30 അദ്ധ്യാപകരും 4 ലാബ് അസിസ്റ്റന്റും ഉൾപ്പെടെ 34 ജീവനക്കാരുമാണുള്ളത്. വെങ്ങാനൂർ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ ജീവനക്കാരുടെ സാമ്പത്തികേതര ചുമതലകൾ നിർവ്വഹിക്കുന്നത് നിലവിലെ സ്കൂൾ പ്രിൻസിപ്പളാണ്. എന്നാൽ സ്കൂളിന്റെ സാമ്പത്തിക ഇടപാടുകൾ, ശമ്പള വർദ്ധനവ്, ലീവ് സറണ്ടർ എന്നീ ആനുകൂല്യങ്ങൾ പാസ്സാക്കി നൽകേണ്ട ചുമതല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്കാണുള്ളത്. ടി ചുമതലകൾ നിലവിലെ ഓഫീസർ കൃത്യതയോടെ നിർവ്വഹിക്കുന്നുണ്ട്. മറ്റു സ്കൂളുകളിലെ ജീവനക്കാരുടെ വിവിധ ആനുകൂല്യങ്ങൾ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ യഥാസമയം അനുവദിച്ചു നൽകിവരുന്നു.

(ഡി) മേൽപ്പറഞ്ഞ 3 സ്കൂളുകളിലേയും ജീവനക്കാരുടെ വാർഷിക ശമ്പള വർദ്ധനവ് അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ് & ജി) അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്.

**പ്രളയത്തിൽ തകർന്ന ചെങ്ങന്നൂർ മണ്ഡലത്തിലെ സ്കൂളുകൾ**

211(1281) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പ്രളയത്തിൽ തകർന്ന സ്കൂളുകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് സമർപ്പിക്കപ്പെട്ട എസ്റ്റിമേറ്റ് സഹിതമുള്ള സ്കൂളുകളുടെ ലിസ്റ്റിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശവും ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കുമോ?

ഉത്തരം

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പ്രളയത്തിൽ തകർന്ന സ്കൂളുകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് സർക്കാരിൽ ലഭിച്ചിട്ടുള്ള സ്കൂളുകളുടെ പേരും നാശ നഷ്ടങ്ങളുടെ വിവരവും അടങ്ങുന്ന ലിസ്റ്റ് പരിശോധിച്ച് എസ്റ്റിമേറ്റ് സഹിതം അടിയന്തരമായി റിപ്പോർട്ട് ചെയ്യുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ ശാക്തീകരണ യജ്ഞത്തിന്റെ ഭാഗമായ പദ്ധതികൾ**

212(*T 1282) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ ശാക്തീകരണ യജ്ഞത്തിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 5 കോടി / 3 കോടി രൂപയുടെ പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച എത്ര സ്കൂളുകളിൽ പ്രവൃത്തി ആരംഭിച്ചുവെന്ന് അറിയിക്കാമോ;

(ബി) ഒന്നാം ഘട്ടത്തിൽ മലപ്പുറം ജില്ലയിൽ 3 കോടി രൂപ വീതം അനുവദിച്ച 26 സ്കൂളുകളുടെ പ്രവൃത്തി ഇതുവരെയും ടെൻഡർ ചെയ്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) ഈ പദ്ധതി ടെൻഡർ ചെയ്യാതെ നീണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിലെ പ്രസ്തുത 26 സ്കൂളുകളിലെ 3 കോടി രൂപയുടെ പദ്ധതി ടെൻഡർ നടപടി പൂർത്തീകരിച്ച് എന്ന് പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## കലാ-കായിക അദ്ധ്യാപകരുടെ നിയമനം

213(1283) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ എണ്ണം നോക്കാതെ എല്ലാ സ്കൂളുകളിലും കലാ-കായിക അദ്ധ്യാപകരുടെ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വയനാട് ജില്ലയിൽ ഏതെല്ലാം സ്കൂളുകളിൽ കലാ-കായിക അദ്ധ്യാപകരുടെ തസ്തികകൾ സൃഷ്ടിക്കാനുണ്ടെന്ന് അറിയിക്കുമോ;

(സി) വയനാട് ജില്ലയിൽ ഏതെല്ലാം സ്കൂളുകളിൽ കലാ-കായിക അദ്ധ്യാപകരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) കെ.ഇ.ആർ. പ്രകാരം തസ്തിക നിലനിൽക്കുന്ന എല്ലാ സ്കൂളുകളിലും തസ്തിക അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) ഗവൺമെന്റ് എച്ച്.എസ്. വടുവഞ്ചാൽ, ജി.എച്ച്.എസ്. കണിയാമ്പറ്റ, ജി.എച്ച്.എസ് മേപ്പാടി, എ.എം.എം.ആർ.ജി.എച്ച്.എസ്. നല്ലൂർനാട്, ആശ്രാമം എച്ച്.എസ്. തിരുനെല്ലി, ഗവൺമെന്റ് എച്ച്.എസ്. കാട്ടിക്കുളം എന്നിവിടങ്ങളിൽ സംഗീതാധ്യാപക തസ്തികയും, ജി.എം.ആർ.എസ്. കൽപ്പറ്റയിൽ ചിത്രകലാധ്യാപക തസ്തികയും ഒഴിഞ്ഞുകിടക്കുന്നുണ്ട്.

## എൽ.പി.എസ് തസ്തികയിലെ സ്ഥിരം ഒഴിവുകൾ

214(1284) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള 14 എ.ഇ.ഒ, 4 ഡി.ഇ.ഒ. ഓഫീസുകളുടെ കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളിലെ എൽ.പി.എസ് തസ്തികയിൽ എത്ര സ്ഥിരം ഒഴിവുകളുണ്ടെന്ന വിവരം എ.ഇ.ഒ/ഡി.ഇ.ഒ തിരിച്ചും സ്കൂൾ തിരിച്ചും അറിയിക്കുമോ;

(ബി) 2019-2020 അധ്യയന വർഷത്തിൽ പ്രസ്തുത തസ്തികകളിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപകരുടെ എണ്ണം സ്കൂൾ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

## എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനാംഗീകാരം

215(1285) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2016 ജൂൺ മാസം മുതൽ എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരായി ജോലിയിൽ പ്രവേശിച്ചവർക്ക് മൂന്ന് വർഷമായിട്ടും നിയമനത്തിന് അംഗീകാരവും ശമ്പളവും ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) തസ്തിക നിർണ്ണയത്തിൽ ഒഴിവുള്ളതായി കണ്ടെത്തിയ തസ്തികകളിൽ നിയമിതരായ അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ & ബി) 2016 മുതൽ നാളിതുവരെ കേരളത്തിലെ എയ്ഡഡ് സ്കൂളുകളിൽ മാനേജർമാർ നിയമാനുസൃതം നടത്തുന്ന നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ സർക്കാർ യാതൊരുവിധ വിലക്കുകളോ തടസ്സങ്ങളോ ഏർപ്പെടുത്തിയിട്ടില്ല. കേരള വിദ്യാഭ്യാസ നിയമത്തിനും ചട്ടങ്ങൾക്കും, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും അനുസൃതമായി എയ്ഡഡ് സ്കൂളുകളിലെ മാനേജർമാർ നടത്തുന്ന നിയമനങ്ങൾക്കെല്ലാം അംഗീകാരം നൽകുന്നുണ്ട്. 3-12-2016-ലെ G.O.(P) 199/16/പൊ.വി.വ. പ്രകാരം സർക്കാർ കൊണ്ടുവന്ന കെ.ഇ.ആർ. ഭേദഗതിയിൽ ഉൾപ്പെട്ട നിയമനം, നിയമനാംഗീകാരം, പുനർവിന്യാസം എന്നിവയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി (ഡിവിഷൻ ബെഞ്ച്) status quo ഉത്തരവായിട്ടുണ്ട്. കോടതിയുടെ അന്തിമ ഉത്തരവിനനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ കഴിയൂ.

## എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് നിയമനാംഗീകാരം

216(1286) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനുവരി 30 മുതൽ എയ്ഡഡ് സ്കൂളുകളിൽ നിയമനം നേടിയ അധ്യാപക-അനധ്യാപക ജീവനക്കാർക്ക് മൂന്ന് വർഷമായിട്ടും നിയമനാംഗീകാരം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) നിയമനാംഗീകാരം ലഭിക്കാത്തതുമൂലം ശമ്പളം കിട്ടാതെ കഷ്ടപ്പെടുന്ന ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) 2016 മുതൽ നാളിതുവരെ കേരളത്തിലെ എയ്ഡഡ് സ്കൂളുകളിൽ മാനേജർമാർ നിയമാനുസൃതം നടത്തുന്ന നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ സർക്കാർ യാതൊരുവിധ വിലക്കുകളോ തടസ്സങ്ങളോ ഏർപ്പെടുത്തിയിട്ടില്ല. കേരള വിദ്യാഭ്യാസ നിയമത്തിനും ചട്ടങ്ങൾക്കും, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും അനുസൃതമായി എയ്ഡഡ് സ്കൂളുകളിലെ മാനേജർമാർ നടത്തുന്ന നിയമനങ്ങൾക്കെല്ലാം അംഗീകാരം നൽകുന്നുണ്ട്. 3-12-2016-ലെ G.O. (P) 199/16/ പൊ.വി.വ. പ്രകാരം സർക്കാർ കൊണ്ടുവന്ന കെ.ഇ.ആർ. ഭേദഗതിയിൽ ഉൾപ്പെട്ട നിയമനം, നിയമനാംഗീകാരം, പുനർവിന്യാസം എന്നിവയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി (ഡിവിഷൻ ബഞ്ച്) status quo ഉത്തരവായിട്ടുണ്ട്. കോടതിയുടെ അന്തിമ ഉത്തരവിനനുസരിച്ച് മാത്രമേ ഇക്കര്യത്തിൽ നടപടികൾ സ്വീകരിക്കാൻ കഴിയൂ.

## മലപ്പുറം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ

217(1287) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പി.എ. തസ്തികകൾ ഉൾപ്പെടെ നിരവധി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒഴിവുകളുടെ വിശദാംശം നൽകുമോ;

(ബി) ഇതുമൂലമുള്ള ഭരണപരമായ പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എസ്.എസ്.എൽ.സി. പരീക്ഷ അടുത്ത സാഹചര്യത്തിൽ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പരീക്ഷ എഴുതുന്ന മലപ്പുറം ജില്ലയിലെ ഒഴിവുകൾ എത്രയും വേഗം നികത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) മലപ്പുറം റവന്യൂ ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിലുള്ള മലപ്പുറം, തിരൂർ, തിരൂരങ്ങാടി, വണ്ടൂർ എന്നീ നാല് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ഒഴിവുകളൊന്നും നിലവിലില്ല. എന്നാൽ ഒഴിവുണ്ടായിരുന്ന മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പി.എ. തസ്തികയിൽ 28-1-2019-ൽ സർക്കാർ ഉദ്യോഗക്കയറ്റം നൽകി നിയമിച്ച് ഉത്തരവായിട്ടുണ്ട്.

## മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിലെ കാലതാമസം

218(1288) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ വൈക്കം സെന്റ് ലിറ്റിൽ തെരേസാസ് ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ അധ്യാപികയായ ലിസിയുമ്മ സി. ജെ. യുടെ മെഡിക്കൾ റീം ഇംബേഴ്സ്മെന്റ് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള T1/261/2018 GED നംപർ ഫയലിൽ തീർപ്പുകൽപ്പിക്കാൻ ഉണ്ടായിരിക്കുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) റിട്ടയർ ചെയ്യാൻ മാസങ്ങൾ മാത്രം ബാക്കിയുള്ള ഈ അദ്ധ്യാപികയുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് സംബന്ധിച്ച് ഹയർ സെക്കണ്ടറി ഡയറക്ടേറ്റ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ചുണ്ടായിട്ടുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; ഹയർ സെക്കണ്ടറി ഡയറക്ടേറ്റ് ഇത് സംബന്ധിച്ച് റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കും എന്നറിയിക്കാമോ;

(സി) മെഡിക്കൽ അഡ്വാൻസ് എടുത്ത തുകയുടെ സെറ്റിൽമെന്റും റീ ഇംബേഴ്സ്മെന്റും പാസ്സാക്കി നൽകണമെന്ന് കാണിച്ച് കാൻസർ രോഗബാധിതയായ അദ്ധ്യാപിക വിദ്യാഭ്യാസ വകുപ്പിന് നൽകിയ പരാതിയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വൈക്കം സെന്റ് ലിറ്റിൽ തെരേസാസ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ ശ്രീമതി ലിസിയമ്മ സി.ജെ.-യുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷ ന്യൂനതകൾ പരിഹരിച്ച് തിരികെ നൽകുന്നതിനായി 28-6-2018-ൽ ഹയർ സെക്കണ്ടറി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ ശ്രീമതി ലിസിയമ്മ സി.ജെ. 15-9-2018-ൽ സർക്കാരിൽ സമർപ്പിച്ച പരാതി T/261/2018/Gedn ഫയൽ പ്രകാരം ഹയർ സെക്കണ്ടറി ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ച് അപേക്ഷയും അനുബന്ധ രേഖകളും തിരികെ ലഭിച്ചാലുടൻ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

## അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കും ജീവനക്കാർക്കും മിനിമം വേതനം

219(1289) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കും ജീവനക്കാർക്കും മിനിമം വേതനം നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;വിശദമാക്കുമോ;

(സി) മിനിമം വേതനത്തിന് പുറമെ തൊഴിൽ സുരക്ഷ, ജോലി സമയം, അവധി തുടങ്ങിയ കാര്യങ്ങളിൽ ഈ മേഖലയിൽ നിലനിൽക്കുന്ന കടുത്ത വിവേചനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുവാൻ വിദ്യാഭ്യാസ വകുപ്പ് എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി) സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകളിലെ മുഴുവൻ അദ്ധ്യാപകരെയും മിനിമം വേതനത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി നിയമ നിർമ്മാണം നടത്തുന്നതിനുള്ള കരട് ബിൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി&ഡി) ഉണ്ട്. സംസ്ഥാനത്തെ അംഗീകാരമുള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് മിനിമം വേതനത്തിന് പുറമെ തൊഴിൽ സുരക്ഷ, ജോലി സമയം, അവധി തുടങ്ങിയ കാര്യങ്ങളിൽ ഈ മേഖലയിൽ നിലനിൽക്കുന്ന കടുത്ത വിവേചനം പരിഹരിക്കുന്നതിനും കൂടിയുള്ള പുതിയ നിയമ നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട കരട് ബിൽ സർക്കാർ പരിശോധിച്ചു വരുന്നത്.

**നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകർ**

220(1290) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമനം ലഭിച്ച് മൂന്ന് വർഷത്തിലധികമായിട്ടും അംഗീകാരം ലഭിക്കാതെ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ സെക്രട്ടേറിയറ്റിനു മുന്നിലെ ഭിക്ഷാടന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമനാംഗീകാരം ലഭിക്കാതെ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ എണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(സി) കെ.ഇ.ആർ. ഭേദഗതി കേസുകൾ അനന്തമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ ഇവരുടെ നിയമനം അംഗീകരിക്കുവാൻ സർക്കാർ തലത്തിൽ മറ്റ് എന്തെങ്കിലും ശ്രമങ്ങൾ നടത്തുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) എയ്ഡഡ് വിദ്യാലയങ്ങളിൽ ശമ്പളമില്ലാതെ ജോലി ചെയ്യുന്ന എല്ലാ അദ്ധ്യാപക അനദ്ധ്യാപകർക്കും മാനുഷിക പരിഗണന നൽകി നിയമന അംഗീകാരം നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമനം ലഭിച്ച് മൂന്ന് വർഷത്തിലധികമായിട്ടും അംഗീകാരം ലഭിക്കാതെ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ടുള്ള നിവേദനം ലഭ്യമായിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) 3-12-2016-ലെ ജി.(പി) നമ്പർ 199/2016/പൊ.വി.വ. പ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി സംബന്ധിച്ച കേസ്സുകളാണ് ഇപ്പോൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലുള്ളത്. G.O.(P) 199/16/പൊ.വി.വ. തീയതി 3-12-2016 പ്രകാരം സർക്കാർ കൊണ്ടുവന്ന കെ.ഇ.ആർ. ഭേദഗതിയിൽ ഉൾപ്പെട്ട നിയമനം, നിയമനാംഗീകാരം, പുനർവിന്യാസം എന്നിവയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി (ഡിവിഷൻ ബഞ്ച്) status quo ഉത്തരവായിട്ടുമുണ്ട്. കോടതിയുടെ അന്തിമ ഉത്തരവിനനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ കഴിയൂ.

(ഡി) കേരളത്തിലെ എയ്ഡഡ് സ്കൂളുകളിൽ നിയമനാംഗീകാര പ്രക്രിയയ്ക്ക് യാതൊരു വിലക്കും സർക്കാർ ഏർപ്പെടുത്തിയിട്ടില്ല. ചട്ടങ്ങൾക്കും ഉത്തരവുകൾക്കും അനുസൃതമായി മാനേജർമാർ നടത്തിയിട്ടുള്ള യോഗ്യമായ നിയമനങ്ങൾക്കെല്ലാം അംഗീകാരം ലഭിക്കുകതന്നെ ചെയ്യും. ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ചിലുള്ള ഉത്തരവിന്റെ അന്തിമ വിധിക്ക് അനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ നടപടി കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

**ബൈട്രാൻസ്ഫർ നിയമനം**

221(1291) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ അധ്യാപക യോഗ്യതയുള്ള അനധ്യാപക ജീവനക്കാർക്ക് ബൈട്രാൻസ്ഫർ നിയമനം നൽകാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ അധ്യാപക യോഗ്യതയുള്ള അനധ്യാപക ജീവനക്കാർക്ക് ബൈടാൻസ്ഫർ നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട കേരള ഹയർ സെക്കണ്ടറി സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭേദഗതി ചെയ്യാനായി ഭേദഗതി ചട്ടങ്ങളുടെ കരട് നിയമവകുപ്പിന്റെ പരിശോധനയിലാണ്.

## ഹയർ സെക്കണ്ടറി ഗണിതശാസ്ത്രം ജൂനിയർ, സീനിയർ അദ്ധ്യാപക തസ്തികകൾ

222(1292) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ ഗണിതശാസ്ത്രം ജൂനിയർ, സീനിയർ അദ്ധ്യാപക തസ്തികകൾ എത്രയാണെന്ന് ഇനം തിരിച്ച് അറിയിക്കുമോ; പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഗണിതശാസ്ത്രം ജൂനിയർ അദ്ധ്യാപക തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അതിൽ എത്ര ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) ഗണിതശാസ്ത്രം ജൂനിയർ അദ്ധ്യാപക തസ്തികയിൽ നിലവിൽ ജോലിയിൽ തുടരുന്നവരുടെ പേര്, സമുദായം, ജോലിചെയ്യുന്ന സ്കൂളിന്റെ പേര്, കോഡ്, ജോലിയിൽ പ്രവേശിച്ച തീയതി, നിയമനരീതി എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഹയർ സെക്കണ്ടറി സീനിയർ ഗണിതശാസ്ത്ര അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ എപ്രകാരമാണ് നികത്തപ്പെടുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ മേഖലയിൽ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ ഗണിതശാസ്ത്രം ജൂനിയർ വിഭാഗത്തിൽ 317 തസ്തികയും സീനിയർ വിഭാഗത്തിൽ 900 തസ്തികയുമുണ്ട്. 234 പേർ ജൂനിയർ തസ്തികയിലും 752 പേർ സീനിയർ തസ്തികയിലും ജോലി ചെയ്തുവരുന്നു. എയ്ഡഡ് മേഖലയിൽ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ ഗണിതശാസ്ത്രം ജൂനിയർ വിഭാഗത്തിൽ 330 പേരും സീനിയർ വിഭാഗത്തിൽ 888 പേരും ജോലി ചെയ്തു വരുന്നു.

(ബി) നിലവിലുള്ള 83 ഒഴിവുകളിൽ നേരിട്ടുള്ള നിയമനത്തിനായി 44 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു *.

(ഡി) സ്പെഷ്യൽ റൂൾ പ്രകാരം യോഗ്യരായ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ) അധ്യാപകരുണ്ടെങ്കിൽ അവർക്ക് ഹയർ സെക്കണ്ടറി സ്കൂൾ സീനിയർ ടീച്ചർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നു. അവരുടെ അഭാവത്തിൽ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ സീനിയർ തസ്തികയിലെ ഒഴിവുകൾ 1:3 എന്ന അനുപാതത്തിൽ HSA/UPSA/LPSA തസ്തികയിൽ നിന്ന് ബൈട്രാൻസ്ഫർ മുഖേനയും പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം മുഖേനയും നികത്തുന്നു.

## സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ വേതനം

223(1293) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരാണ് ജോലിചെയ്യുന്നത്;

(ബി) ഇവർക്ക് നിലവിൽ ശമ്പളമായി എന്ത് തുകയാണ് പ്രതിമാസം നൽകുന്നത്; അതിൽ കേന്ദ്ര -സംസ്ഥാന വിഹിതമെത്രയാണ്;

(സി) കഴിഞ്ഞ അദ്ധ്യയന വർഷം നൽകിയിരുന്ന ശമ്പളം ഈ അദ്ധ്യയന വർഷവും പ്രസ്തുത അദ്ധ്യാപകർക്ക് നല്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണ മെന്താണ്;

(ഡി) സംസ്ഥാനത്തെ സ്കൂളുകളിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ തസ്തിക സ്ഥിരം ഒഴിവായി കണക്കാക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടോ;

(ഇ) സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ശമ്പളം വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സമഗ്രശിക്ഷാ-കേരള പദ്ധതി പ്രകാരം 2018-19 അദ്ധ്യയന വർഷം 2685 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുവാൻ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം അംഗീകാരം നൽകുകയും ഇവരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനകം 1640 പേർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് കേന്ദ്ര വിഹിതമായ 7,000 രൂപയും (ഏഴായിരം രൂപ) സംസ്ഥാന വിഹിതമായ 7,000 രൂപയും (ഏഴായിരം രൂപ) ചേർത്ത് 14,000 രൂപയാണ് (പതിനാലായിരം രൂപ) നിലവിൽ വേതനമായി നൽകുന്നത്.

(സി) ഇല്ല. 2018-19 അദ്ധ്യയന വർഷത്തിൽ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ 7000 (ഏഴായിരം രൂപ) പ്രതിമാസ വേതനത്തിൽ പാർട്ട് ടൈം അദ്ധ്യാപകരായി നിയമിക്കുവാനാണ് അംഗീകാരം നൽകിയിട്ടുള്ളത്.

(ഡി) സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക നിലവിലില്ലാത്ത സ്കൂളുകളിൽ സമഗ്ര ശിക്ഷ കേരള പദ്ധതിയുടെ ഭാഗമായി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ മാത്രമേ നിയമിക്കുവാൻ നിർവ്വാഹമുള്ളൂ.

(ഇ) 2018-19 അദ്ധ്യയന വർഷം കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം പ്രതിമാസം 7,000 രൂപ (ഏഴായിരം രൂപ) ശമ്പള നിരക്കിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ പാർട്ട് ടൈം വ്യവസ്ഥയിൽ നിമയിക്കുവാനാണ് അനുമതി നൽകിയിട്ടുള്ളത്. സംസ്ഥാന സർക്കാർ ഇവർക്ക് 7,000 രൂപ (ഏഴായിരം രൂപ) കൂടി അധികവേതനം അനുവദിച്ചതിൻ പ്രകാരം പ്രതിമാസം 14,000 രൂപ (പതിനാലായിരം രൂപ) വേതനമായി നൽകിവരുന്നു.

## പൊതുവിദ്യാഭ്യാസ വകുപ്പിലെ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം

224(1294) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ 1-1-2013-ന് ശേഷം പട്ടികജാതി/ പട്ടികവർഗ്ഗ പ്രാതിനിധ്യം അടിസ്ഥാനമാക്കിയുള്ള വാർഷിക അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ 1-1-2014, 1-1-2015, 1-1-2016, 1-1-2017, 1-1-2018 വർഷങ്ങളിലെ വാർഷിക അവലോകനം നടത്തിയതിന്റെ റിപ്പോർട്ട് നൽകാമോ;

(സി) മേൽപ്പറഞ്ഞ വർഷങ്ങളിൽ ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ എത്ര തസ്തികകളുടെ കുറവാണ് കണ്ടെത്തിയത്; അവയിൽ നിയമനം നടത്തിയിട്ടുണ്ടോ;വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. 1-1-2017 വരെ അവലോകനം നടത്തിയിട്ടുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ 1-1-2014, 1-1-2015, 1-1-2016, 1-1-2017 എന്നീ വർഷങ്ങളിൽ വാർഷിക അവലോകനം നടത്തി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ 1-1-2014, 1-1-2015, 1-1-2016, 1-1-2017 വർഷങ്ങളിലെ വാർഷിക അവലോകനം നടത്തിയതിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രാതിനിധ്യ കുറവ് ഇല്ല എന്ന് കണ്ടെത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധമായി ചേർക്കുന്നു*). കൂടാതെ 1-1-2018 അടിസ്ഥാനമാക്കി വാർഷിക അവലോകനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ 1-1-2014, 1-1-2015 എന്നീ വർഷങ്ങളിലെ വാർഷിക അവലോകനം നടത്തിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് പ്രത്യേക നിയമനത്തിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു *.

(സി) പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കീഴിലുള്ള സ്ഥാപനങ്ങളിലെ കണക്ക് ചുവടെ ചേർക്കുന്നു :

| വർഷം | ഗസറ്റഡ് | നോൺ ഗസറ്റഡ് | ലാസ്റ്റ് ഗ്രേഡ് | മറ്റ് വിവരങ്ങൾ |
|---|---|---|---|---|
| 1-1-2014 | ഇല്ല. | ഇല്ല. | ഇല്ല. | സ.ഉ.(കൈ) നമ്പർ 378/2017/പൊ.ഭ.വ. തീയതി 22-12-2017 |
| 1-1-2015 | ഇല്ല. | ഇല്ല. | ഇല്ല. | സ.ഉ.(കൈ) നമ്പർ 23/2018/പൊ.ഭ.വ. തീയതി 25-01-2018 |
| 1-1-2016 | ഇല്ല. | ഇല്ല. | ഇല്ല. | സ.ഉ.(കൈ) നമ്പർ 125/2018/പൊ.ഭ.വ. തീയതി 12-6-2018 |
| 1-1-2017 | ഇല്ല. | 29 | ഇല്ല. | സ.ഉ.(കൈ) നമ്പർ 222/2018/പൊ.ഭ.വ തീയതി 27-10-2018 |
| 1-1-2018 | അവലോകനത്തിനായി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. | | | |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നോൺ ഗസറ്റഡ് വിഭാഗത്തിൽ 1-1-2017-ൽ കുറവുള്ളതായി കണ്ടെത്തിയ 29 ഒഴിവുകളും (എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി) പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 1-1-2014-ന് മുമ്പ് പ്രാതിനിധ്യക്കുറവുള്ളതായി കണ്ടെത്തിയ 31 തസ്തികകളിൽ ഗസറ്റഡ് വിഭാഗത്തിലെ 9 എണ്ണം നികത്താനുണ്ട്. ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ 1-1-2014, 1-1-2015, 1-1-2016, 1-1-2017 വർഷങ്ങളിലെ വാർഷിക അവലോകനം നടത്തിയതിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രാതിനിധ്യ കുറവില്ല എന്ന് കണ്ടെത്തി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 1-1-2018 അടിസ്ഥാനമാക്കി വാർഷിക അവലോകനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ 1-1-2014-ലെ പട്ടികജാതി/പട്ടികവർഗ്ഗ വാർഷിക അവലോകന റിപ്പോർട്ട് പ്രകാരം ചുവടെ ചേർക്കുന്ന എണ്ണം ഒഴിവുകൾ വിവിധ തസ്തികകളിൽ കുറവുള്ളതായി കണ്ടെത്തുകയുണ്ടായി. സ.ഉ.(കൈ) നമ്പർ 63/2016/പൊ.ഭ.വ തീയതി 3-5-2016

| | നോൺ ഗസറ്റഡ് (പട്ടിക വർഗ്ഗത്തിനു മാത്രം) | | നിയമനം നടന്നത് |
|---|---|---|---|
| (1) | (2) | (3) | (4) |
| (i) | എൽ.ഡി.ക്ലാർക്ക് | 5 | 3 |
| (ii) | വൊക്കേഷണൽ ഇൻസ്ട്രക്ടർ(അഗ്രിക്കൾച്ചർ) | 2 | |
| (iii) | നോൺ വൊക്കേഷണൽ ടീച്ചർ (GFC Junior) | 4 | |
| (iv) | നോൺ വൊക്കേഷണൽ ടീച്ചർ (English Junior) | 1 | നിയമനം നടന്നിട്ടില്ല. 2016 |
| (v) | നോൺ വൊക്കേഷണൽ ടീച്ചർ (Biology Junior) | 1 | ജൂൺ/ആഗസ്റ്റ് മാസങ്ങളിൽ |

| | | | |
|---|---|---|---|
| | <u>ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ്</u> | | ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (i) | കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | 2 | |
| (ii) | പ്രിന്റിംഗ് ടെക്നോളജി | 2 | |
| (iii) | നഴ്സറി മാനേജ്മെന്റ്&ഓർണമെന്റൽ ഗാർഡനിംഗ് | 2 | |
| (iv) | ഓഫീസ് സെക്രട്ടറിഷിപ്പ് | 4 | |
| (v) | അക്കൗണ്ടൻസി & ഓഡിറ്റിംഗ് | 4 | |

1-1-2015-നെ അടിസ്ഥാനമാക്കിയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വാർഷിക അവലോകന 9-2-2018-ലെ (സ.ഉ.(കൈ) നമ്പർ 38/2018/പൊ.ഭ.വ. റിപ്പോർട്ട് പ്രകാരം

ഗസറ്റഡ് 7(പട്ടികജാതി) 5 (പട്ടികവർഗ്ഗം)

നോൺ ഗസറ്റഡ് 52 (പട്ടികജാതി)

ലാസ്റ്റ് ഗ്രേഡ് 1(പട്ടികജാതി/പട്ടികവർഗ്ഗം) എന്നിങ്ങനെ പ്രാതിനിധ്യ കുറവുള്ളതായി കണ്ടെത്തുകയുണ്ടായി ഇതിൽ നോൺ ഗസറ്റഡ് തസ്തികയിലെ 52 ഒഴിവുകളിൽ 15 ഒഴിവുകൾ (ഫിസിക്സ് ജൂനിയർ-5, ജി.എഫ്.സി(ജൂനിയർ)-5, മാത്തമറ്റിക്സ്-5) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റുള്ള തസ്തികകളിൽ നിലവിൽ ഒഴിവുകൾ ഇല്ലാത്തതിനാൽ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിഞ്ഞില്ല.

**കെ.ഇ.ആർ. ഭേദഗതി**

225(1295) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016 ഡിസംബർ മാസത്തിൽ കൊണ്ടുവന്ന കെ.ഇ.ആർ ഭേദഗതി കാരണം സംസ്ഥാനത്ത് നിയമനാംഗീകാരം ലഭിക്കുന്നത് തടയപ്പെട്ട എത്ര എയ്ഡഡ് അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ ഉണ്ടെന്ന് തിട്ടപ്പെടുത്തി യിട്ടുണ്ടോ; ഇനം തിരിച്ചുള്ള കണക്കുകൾ നൽകാമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് നിയമനാംഗീകാരം നൽകുന്നതിന് തടസ്സമായ വ്യവസ്ഥയെന്താണെന്ന് വിശദമാക്കുമോ;

(സി) കഴിഞ്ഞ മൂന്ന് വർഷക്കാലമായി വേതനം ലഭിക്കാത്തതിനാൽ ഇവരും കുടുംബങ്ങളും അനുഭവിക്കുന്ന ദുരിതാവസ്ഥ പരിഹരിക്കാൻ നിയമനാംഗീകാരം നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 3-12-2016-ലെ ജി.ഒ.(പി) നമ്പർ 199/2016/പൊ.വി.വ. പ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ ഭേദഗതി കാരണം എയ്ഡഡ് സ്കൂളിലെ നിയമനങ്ങൾക്ക് അംഗീകാരം തടസ്സപ്പെടുന്നു എന്ന വാദം വസ്തുതകൾക്ക് നിരക്കുന്നതല്ല. കാലാകാലങ്ങളിൽ ഉണ്ടാകുന്ന സർക്കാർ ഉത്തരവുകൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി എയ്ഡഡ് സ്കൂൾ മാനേജർമാർ നിയമനം നടത്തുന്നതാണ് അവ അംഗീകരിക്കപ്പെടാതിരിക്കുന്നതിനുള്ള മുഖ്യ കാരണം. 3-12-2016-ലെ കെ.ഇ.ആർ. ഭേദഗതിക്ക് നൽകിയ 29-1-2016 മുതലുള്ള പ്രാബല്യം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചും അംഗീകരിച്ചിട്ടുള്ളതാണ്. ആയതിനാൽ അതുമൂലം നിയമനങ്ങൾക്ക് അംഗീകാരം തടസ്സപ്പെട്ടിട്ടില്ല. 3-12-2016-ലെ G.O.(P) 199/16/പൊ.ഭ.വ. പ്രകാരം സർക്കാർ കൊണ്ടുവന്ന കെ.ഇ.ആർ ഭേദഗതിയിൽ ഉൾപ്പെട്ട നിയമനം, നിയനാംഗീകാരം, പുനർവിന്യാസം എന്നിവയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി (ഡിവിഷൻ ബഞ്ച്) status quo ഉത്തരവായിട്ടുണ്ട്. ഇക്കാരണത്താൽ നിയമനാംഗീകാരം നൽകാനാകാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

(സി) ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലിരിക്കുന്ന കേസ്സിലെ വിധിക്കനുസ്സരിച്ച് മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാനാകുകയുള്ളൂ.

**എയ്ഡഡ് സ്കൂളിലെ നിയമനങ്ങൾ**

226(1296) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നിയമനം അംഗീകരിക്കുന്നത് സംബന്ധിച്ചുള്ള തടസ്സങ്ങൾ മാറ്റുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നിയമനം അംഗീകരിക്കുന്നത് ഏത് സർവ്വീസ് റൂൾ പ്രകാരമാണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ കേരള വിദ്യാഭ്യാസ നിയമത്തിനും ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി നിയമിക്കപ്പെടുന്ന അദ്ധ്യാപക, അനദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതിന് സർക്കാർ യാതൊരുവിധ തടസ്സങ്ങളും നിരോധനങ്ങളും ഏർപ്പെടുത്തിയിട്ടില്ല. ചട്ടങ്ങൾക്ക് വിരുദ്ധമായി നടത്തുന്ന നിയമനങ്ങൾക്കാണ് അംഗീകാരം ലഭിക്കാതെ വരുന്നത്.

(ബി) കേരള വിദ്യാഭ്യാസ നിയമം, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നത്.

**കരാർ അടിസ്ഥാനത്തിലുള്ള അദ്ധ്യാപകർ**

227(1297) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ കരാർ അടിസ്ഥാനത്തിൽ എത്ര അദ്ധ്യാപകരാണ് സേവനമനുഷ്ഠിച്ച് വരുന്നത്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അദ്ധ്യാപക തസ്തികകളിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(സി) എങ്കിൽ, പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ സേവനമനുഷ്ഠിച്ച് വരുന്ന ഇത്തരം അദ്ധ്യാപകരുടെ സേവനം സംബന്ധിച്ച ആശങ്കകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ നിലവിൽ കരാർ അടിസ്ഥാനത്തിൽ അധ്യാപകർ ജോലി നോക്കുന്നില്ല. ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചുവരുന്നു. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ചുവടെ ചേർക്കുന്ന പ്രകാരം കരാർ ജീവനക്കാരുണ്ട്.

നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ)-241

| | |
|---|---|
| തിരുവനന്തപുരം | 11 |
| കൊല്ലം | 9 |

| | |
|---|---|
| ആലപ്പുഴ | 7 |
| പത്തനംതിട്ട | 6 |
| കോട്ടയം | 25 |
| എറണാകുളം | 13 |
| തൃശ്ശൂർ | 6 |
| ഇടുക്കി | 2 |
| മലപ്പുറം | 17 |
| പാലക്കാട് | 17 |
| കോഴിക്കോട് | 8 |
| വയനാട് | 6 |
| കണ്ണൂർ | 47 |
| കാസർഗോഡ് | 67 |

നോൺ വൊക്കേഷണൽ ടീച്ചർ (സീനിയർ)-68

| | |
|---|---|
| കൊല്ലം | 1 |
| ഇടുക്കി | 5 |
| മലപ്പുറം | 15 |
| പാലക്കാട് | 5 |
| കോഴിക്കോട് | 12 |
| വയനാട് | 10 |
| കണ്ണൂർ | 11 |
| കാസർഗോഡ് | 9 |

വൊക്കേഷണൽ ടീച്ചർ-49

| | |
|---|---|
| തിരുവനന്തപുരം | 1 |
| കൊല്ലം | 1 |
| കോട്ടയം | 2 |
| ഇടുക്കി | 3 |
| മലപ്പുറം | 8 |
| പാലക്കാട് | 4 |
| കോഴിക്കോട് | 8 |
| വയനാട് | 8 |
| കണ്ണൂർ | 5 |
| കാസർഗോഡ് | 9 |

(ബി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ നോൺ വൊക്കേഷണൽ ടീച്ചർ (ജി.എഫ്.സി), വൊക്കേഷണൽ ടീച്ചർ (എൽ.എസ്.എം), വൊക്കേഷണൽ ടീച്ചർ (സി.സി.എം) തസ്തികയിലെ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്.

(സി) ഈ വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചിട്ടില്ല.

## എറണാകുളം ജില്ലയിൽ അദ്ധ്യാപക ബാങ്കിൽനിന്നുള്ള അദ്ധ്യാപകരുടെ വിന്യാസം

228(1298) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ, ഹൈസ്കൂൾ വിഭാഗത്തിൽ സാമൂഹ്യശാസ്ത്ര വിഭാഗത്തിലെ എത്ര അദ്ധ്യാപകർ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഏതെല്ലാം സ്കൂളുകളിൽ ഇവരെ വിന്യസിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) സംരക്ഷിത അദ്ധ്യാപകരും അദ്ധ്യാപക ബാങ്കിൽ നിന്നുള്ള അദ്ധ്യാപകരും ജോലിചെയ്യുന്നത് സർക്കാർ സ്കൂളുകളിലെ സ്ഥിരം തസ്തികകളിലാണോ എന്നും പ്രസ്തുത തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടവയാണോ എന്നും വിശദീകരിക്കുമോ;

(സി) പ്രസ്തുത ജില്ലയിലെ സർക്കാർ വിദ്യാലയങ്ങളിൽ ഒഴിവുള്ള എല്ലാ തസ്തികകളും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2018-19-ൽ എറണാകുളം ജില്ലയിലെ അദ്ധ്യാപക ബാങ്കിൽ 30 സംരക്ഷിത എച്ച്.എസ്.റ്റി. (സാമൂഹ്യ ശാസ്ത്രം) അദ്ധ്യാപകരാണുള്ളത്. അവരുടെ പേരും നിലവിൽ പുനർവിന്യസിച്ചിരിക്കുന്ന സ്കൂളുകളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു *.

(ബി) അതെ, അത്തരത്തിലുള്ള തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നിലവിലുള്ള എല്ലാ തസ്തികകളിലേയും ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## എച്ച്.എസ്.എ. മലയാളം അദ്ധ്യാപക തസ്തികകൾ

229(1299) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർക്കാർ സ്കൂളുകളിൽ എച്ച്.എസ്.എ. മലയാളം അദ്ധ്യാപകരുടെ എത്ര തസ്തികകളാണ് നില വിലുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിൽ എത്ര അദ്ധ്യാപകർ ഇപ്പോൾ ഏതെല്ലാം സ്കൂളുകളിൽ സൂപ്പർ ആന്വേഷനിൽ തുടരുന്നു; വ്യക്തമാക്കാമോ ;

(സി) 2019 ജൂൺ 1, 2020 ജൂൺ 1, 2021 ജൂൺ 1 എന്നീ കാലയളവുകളിൽ ഏതെല്ലാം അദ്ധ്യാപകർ ടി തസ്തികയിൽ നിന്ന് വിരമിക്കും ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) പത്തനംതിട്ട ജില്ലയിൽ എച്ച്.എസ്.റ്റി മലയാളം അദ്ധ്യാപകരുടെ 61 തസ്തികകളാണ് നിലവിലുള്ളത്.

(ബി) സൂപ്പർ ആനുവേഷനിൽ ആരും തന്നെ സേവനത്തിൽ തുടരുന്നില്ല.

(സി) 2019-4 അദ്ധ്യാപകർ

2020-1 അദ്ധ്യാപകൻ

2021-2 അദ്ധ്യാപകർ

## പോസ്റ്റ് ഗ്രാഡുവേറ്റ് ടീച്ചർമാരെ നിയമിക്കാൻ നടപടി

230(1300) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 8-ാം ക്ലാസ്സ് മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള വിദ്യാഭ്യാസം ഒറ്റ യൂണിറ്റായി കണ്ട് അദ്ധ്യാപക നിയമനത്തിൽ പോസ്റ്റ് ഗ്രാജേറ്റ് യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് നടപടി സ്വീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഇക്കാര്യം വിശദമായി പരിശോധിച്ചുവരുന്നു.

## എൽ.പി.എസ്.എ. (മലയാളം) തസ്തികയിലെ ഒഴിവുകൾ

231(1301) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ തിരുവനന്തപുരം ജില്ല എൽ.പി.എസ്.എ. (മലയാളം) തസ്തികയിലെ 169 വേക്കൻസികൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 10-8-2018-ലെ ഒ.എ. 1924/16 പ്രകാരം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ ഉത്തരവായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടി കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ 17-10-2018, 5-1-2018 തീയതികളിൽ എ 5/56097/18 ഡി.പി.ഐ നമ്പർ ഉത്തരവിലൂടെ അടിയന്തരമായി പി.എസ്.സിക്ക് വേക്കൻസി റിപ്പോർട്ട് ചെയ്യാൻ തിരുവനന്തപുരം ഡി.ഡി.ഇ.യോട്ആവശ്യപ്പെട്ടിട്ടും നാളിതുവരെ വേക്കൻസി റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെയും ബഹു. ഹൈക്കോടതിയുടെയും ഉത്തരവ് ഉണ്ടായിട്ടും വേക്കൻസി റിപ്പോർട്ട് ചെയ്യാത്ത നടപടി സംബന്ധിച്ച് ദൃശ്യമാധ്യമങ്ങളിൽ സർക്കാരിനെതിരായ രീതിയിൽ വാർത്തകൾ വന്നത് ശ്രദ്ധിച്ചിട്ടുണ്ടോ;

(ഡി) കോടതി ഉത്തരവ് ഉണ്ടായിട്ടും അന്യായമായ കാരണങ്ങൾ നിരത്തി വേക്കൻസി റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽ വന്നിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

## എച്ച്.എസ്.എ. നിയമന യോഗ്യത

232(1302) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപകരുടെ മിനിമം യോഗ്യത എന്താണ്;

(ബി) ഡിഗ്രിക്ക് ഫിസിക്സ് മെയിൻ സബ്ജക്റ്റിനോടൊപ്പം കെമിസ്ട്രിയും, കെമിസ്ട്രിയോടൊപ്പം ഫിസിക്സും സബ്സിഡിയറിയായി പഠിച്ചിരിക്കണം എന്ന വ്യവസ്ഥ നിലവിലുള്ളതു കൊണ്ട് ബന്ധപ്പെട്ട വിഷയങ്ങളിൽ പി.ജി. ഉണ്ടായിട്ടും ഡിഗ്രിക്ക് സബ്സിഡിയായി കമ്പ്യൂട്ടർ സയൻസ് പോലുള്ള വിഷയങ്ങൾ പഠിച്ച എന്ന കാരണത്താൽ പി.എസ്.സി. വഴിയുള്ള എച്ച്.എസ്.എ. നിയമനങ്ങളിൽനിന്നും ഒഴിവാക്കപ്പെടുന്നുവെന്ന ഉദ്യോഗാർത്ഥികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഹൈസ്കൂൾ വിദ്യാഭ്യാസം പരിപൂർണ്ണമായി ഹൈടെക് തലത്തിലേക്ക് മാറിയതുകൊണ്ട് എച്ച.എസ്.എ നിയമനങ്ങളിൽ, സബ്സിഡിയറിയായി കമ്പ്യൂട്ടർ സയൻസ് പഠിച്ചവരെയും പരിഗണിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപകരുടെ മിനിമം യോഗ്യത ചുവടെ ചേർക്കുന്നു. A Degree in the concerned subject and B.Ed/BT in the concerned subject conferred or recognised by the Universities in Kerala. കൂടാതെ കെ-ടെറ്റ് യോഗ്യത നേടിയിരിക്കണം.

(ബി) ഡിഗ്രിക്ക് ഫിസിക്സ് മെയിൻ സബ്ജക്ടിനോടൊപ്പം കെമിസ്ട്രിയും, കെമിസ്ട്രിയോടൊപ്പം ഫിസിക്സും സബ്സിഡിയറിയായി പഠിച്ചിരിക്കണം എന്ന നിർദ്ദേശം സർക്കാർ നൽകിയിട്ടില്ലെങ്കിലും ബഹുമാനപ്പെട്ട KAT-ന്റെ O.A.No. 370/12 മേലുള്ള 19-6-2012-ലെ വിധിയെ തുടർന്ന് പി.എസ്.സി- ടി വ്യവസ്ഥ പിന്തുടരുന്നതിനാൽ പല ഉദ്യോഗാർത്ഥികൾക്കും ജോലി ലഭിക്കുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ കോടതി വിധിക്ക് അനുസൃതമായി എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് ബിരുദ തലത്തിൽ ഫിസിക്സ്, കെമിസ്ട്രി മുഖ്യ വിഷയമായോ ഉപവിഷയമായോ നേടിയവരെ മാത്രം പരിഗണിച്ചാൽ മതിയോ എന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) നിലവിലെ നിയമങ്ങൾ അത് അനുവദിക്കുന്നില്ല.

**അദ്ധ്യാപക നിയമനങ്ങൾ**

233(1303) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേരെ അദ്ധ്യാപകരായി സ്ഥിര നിയമനം നൽകി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ദിവസ വേതന പ്രകാരവും താല്ക്കാലികമായും എത്ര അദ്ധ്യാപകർക്ക് നിയമനം നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ 6943 പേർക്കും ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ സർക്കാർ സ്കൂളുകളിൽ 1913 പേർക്കും അദ്ധ്യാപകരായി സ്ഥിര നിയമനം നൽകിയിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ വൊക്കേഷണൽ ടീച്ചർ-56, നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ)-180, നോൺ വൊക്കേഷണൽ ടീച്ചർ (സീനിയർ)-32 എന്നിങ്ങനെ 268 പേർക്കും നിയമനം നൽകിയിട്ടുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ വൊക്കേഷണൽ ടീച്ചർ-49, നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ)-241, നോൺ വൊക്കേഷണൽ ടീച്ചർ (സീനിയർ)-68 എന്നിങ്ങനെ 358 അദ്ധ്യാപകർക്ക് താത്ക്കാലികാടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലെയും ഹയർ സെക്കണ്ടറി വിഭാഗത്തിലെയും വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകൾ

234(1304) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ പ്രസ്തുത അദ്ധ്യാപകരെ എപ്രകാരമാണ് നിയമിക്കുന്നത്;

(സി) സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കൂടിയിട്ടും, സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകൾ പുനർ നിർണ്ണയിക്കുവാൻ വിദ്യാഭ്യാസ വകുപ്പ് തയ്യാറാകാത്തത് എന്തുകൊണ്ടാണ്;

(ഡി) സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ള ജില്ലകളിൽ പോലും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ കരാർ വ്യവസ്ഥയിൽ അദ്ധ്യാപകരെ നിയമിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നൽകുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 1181

(ബി) പി.എസ്.സി ആശ്രിത നിയമനം, അന്തർജില്ലാ സ്ഥലം മാറ്റം എന്നിവ വഴിയാണ് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നത്.

(സി) കുട്ടികളുടെ എണ്ണത്തിനനുസരിച്ച് തസ്തിക നിർണ്ണയം നടത്തി അദ്ധ്യാപക തസ്തികകളുടെ എണ്ണം പുനർ നിർണ്ണയിക്കാറുണ്ട്.

(ഡി) സർക്കാർ മാനദണ്ഡങ്ങൾ അനുശാസിക്കുംവിധം കുട്ടികളുടെ എണ്ണം നിലനിൽക്കാത്ത സ്കൂളുകളിൽ കേന്ദ്ര മാനവവിഭവ മന്ത്രാലയത്തിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എ മുഖാന്തരം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിവരുന്നു.

(ഇ) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാറുണ്ട്.

## എയ്ഡഡ് സ്കൂളിന്റെ ഉടമസ്ഥാവകാശം

235(1305) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളിന്റെ ഉടമസ്ഥാവകാശം അതേ സ്കൂളിലല്ലാത്ത എയ്ഡഡ് സ്കൂൾ അദ്ധ്യാപകന് സ്വീകരിക്കാൻ സാധിക്കുമോ ; വ്യക്തമാക്കാമോ;

(ബി) ഇതിനായി സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങിക്കേണ്ടതുണ്ടോ;

(സി) ഒസ്യത്തായി ലഭിച്ച സ്കൂളിന്റെ ഉടമസ്ഥാവകാശം ലഭിക്കാനായി പ്രത്യേകാനുമതി വാങ്ങേണ്ടതുണ്ടെങ്കിൽ ആർക്കാണ് അപേക്ഷ നൽകേണ്ടതെന്നും അപേക്ഷയുടെ കൂടെ എന്തെല്ലാം രേഖകൾ ഹാജരാക്കേണ്ടതുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ) സാധിക്കുന്നതാണ്.

(ബി) ഇല്ല.

(സി) ഒസ്യത്തായി ലഭിച്ച എയ്ഡഡ് സ്കൂളിന്റെ ഉടമസ്ഥാവകാശം സ്വന്തമാക്കുന്നതിന് 1959-ലെ കേരള വിദ്യാഭ്യാസ ചട്ടം അധ്യായം-III, ചട്ടം 5 A പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതി വാങ്ങേണ്ടതും ആയതിന് വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. ഒസ്യത്തിന്റെ അസ്സൽ, മുന്നാധാരത്തിന്റെ പകർപ്പ്, സോൾവൻസി സർട്ടിഫിക്കറ്റ്, സ്കൂളിന്റെ സ്ഥാവര-ജംഗമ വസ്തുക്കളുടെ പട്ടിക (വിദ്യാഭ്യാസ ഓഫീസർ സാക്ഷ്യപ്പെടുത്തിയത്), കൈവശാവകാശ സർട്ടിഫിക്കറ്റ്, ഭൂനികുതി ഒടുക്കിയ രസീത്, വിദ്യാഭ്യാസ ഓഫീസർ സാക്ഷ്യപ്പെടുത്തിയ സ്റ്റാഫ് സ്റ്റേറ്റ്മെന്റ്, ഒസ്യത്തുകാരന്റെ മരണ സർട്ടിഫിക്കറ്റ്, മുൻ മാനേജരുടെ നിമയനം വകുപ്പുതലത്തിൽ അംഗീകരിച്ച ഉത്തരവിന്റെ പകർപ്പ്, 1959-ലെ കേരള വിദ്യാഭ്യസ ചട്ടം അധ്യായം III, ചട്ടം 8 പ്രകാരമുള്ള സത്യപ്രസ്താവന നോട്ടറി സാക്ഷ്യപ്പെടുത്തിയത്, ഒസ്യത്ത് ലഭിച്ചയാളെ സംബന്ധിച്ച പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് എന്നീ പ്രമാണങ്ങളാണ് ഇതിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടത്.

## സ്കൂൾ വാഹനങ്ങൾക്ക് ജി.പി.എസ്.

236(1306) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ സ്കൂൾ വാഹനങ്ങൾക്കും, ജി.പി.എസ് വേണമെന്ന കേന്ദ്ര നിബന്ധന നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കയാണ്;

(ബി) ജി.പി.എസ്. ഘടിപ്പിക്കാത്ത വാഹനങ്ങളുടെ സ്കൂൾ മാനേജ്മെന്റിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം 1-1-2019 മുതൽ പുതുതായി രജിസ്റ്റർ ചെയ്യുന്ന എല്ലാ പബ്ലിക് സർവ്വീസ് വാഹനങ്ങളിലും ജി.പി.എസ്-നിർബന്ധമാക്കിയിട്ടുണ്ട്. സ്കൂൾ വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

**സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി**

237(1307) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനസിക വെല്ലുവിളികൾ നേരിടുന്ന 100 വിദ്യാർത്ഥികളിൽ കൂടുതൽ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകി മുൻ സർക്കാർ പുറത്തിറക്കിയ ഉത്തരവ് ഈ സർക്കാർ റദ്ദ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തീരുമാനത്തിന് ശേഷം എല്ലാ സ്പെഷ്യൽ സ്കൂളുകളെയും ഉൾപ്പെടുത്തി ഒരു സമഗ്ര പാക്കേജിന് രൂപം നൽകുമെന്ന് ഈ സർക്കാർ പ്രഖ്യാപിച്ചിരുന്നോ ;

(സി) എങ്കിൽ പ്രസ്തുത പാക്കേജിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റദ്ദ് ചെയ്തിട്ടില്ല.

(ബി & സി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27-11-2017-ന് കൂടിയ യോഗതീരുമാന പ്രകാരം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്കായി ഒരു സമഗ്ര ആശ്വാസ പാക്കേജ് സാമൂഹ്യനീതി വകുപ്പ് മുഖേന തയ്യാറാക്കുകയും പ്രസ്തുത പാക്കേജ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9-8-2018-ന് ചേർന്ന യോഗത്തിൽ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 5-1-2019-ന് വീണ്ടും യോഗം ചേരുകയും പാക്കേജിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ചുവടെ പറയുന്ന പ്രവർത്തനങ്ങൾ അടിയന്തരമായി നടപ്പിലാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് നടപടി സ്വീകരിച്ച് വരികയുമാണ്.

1. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ ആരോഗ്യ വകുപ്പിലേയും വിദ്യാഭ്യാസ വകുപ്പിലേയും ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ടീം സന്ദർശിച്ച് കുട്ടികളുടെ എണ്ണം, ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ, അദ്ധ്യാപകരുടെ എണ്ണം, അദ്ധ്യാപകരുടെ യോഗ്യത തുടങ്ങിയവ വിലയിരുത്തിയ ശേഷം A,B,C എന്നീ മൂന്ന് ഗ്രേഡുകളായി തരം തിരിക്കൽ.

2. A ഗ്രേഡ് സ്കൂളുകൾക്ക് 83,05,200 രൂപയും, B ഗ്രേഡ് സ്കൂളുകൾക്ക് 51,55,200 രൂപയും C ഗ്രേഡ് സ്കൂളുകൾക്ക് 19,47,600 രൂപയും പ്രതിവർഷം ഗ്രാന്റായി നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ.

3. തിരുവനന്തപുരം പാങ്ങപ്പാറയിലുള്ള സി.എച്ച്. മുഹമ്മദ് കോയ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനത്തെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്കുള്ള പരിശീലന കേന്ദ്രമായും സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ഒരു മികവിന്റെ കേന്ദ്രമായും ആക്കി മാറ്റിയെടുക്കൽ.

## സ്കൂളുകളിൽ കലാകായിക സാംസ്കാരിക പാർക്കുകൾ

238(1308) ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ കലാകായിക സാംസ്കാരിക പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിലേക്കായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ഓരോ സ്കൂളിൽ വീതം കലാ-കായിക സാംസ്കാരിക പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണ്; ഇതിനായി കഴിഞ്ഞ ബജറ്റിൽ വകയിരുത്തിയ തുകയെത്രയെന്നും ചെലവഴിച്ച തുകയെത്രയെന്നും അറിയിക്കുമോ?

ഉത്തരം

(എ) കായിക രംഗത്തെ വളർച്ചയ്ക്കായി ഗെയിംസ് വിഭാഗത്തിൽ 18 ഇനങ്ങൾ പുതിയതായി ഉൾപ്പെടുത്തുകയും കേരള സ്കൂൾ സ്പോർട്സ് മാന്വൽ പരിഷ്കരിക്കുകയും ചെയ്തു. കേരള സ്കൂൾ കലോത്സവത്തിൽ നാല് മത്സരയിനങ്ങൾ കൂടി ആൺ/പെൺ

വിഭാഗം തിരിച്ച് തടത്തുകയും കേരള സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിക്കുകയും ചെയ്തു. കലാ-കായിക-പ്രവൃത്തി പരിചയ അദ്ധ്യാപകരുടെ 2685 താൽക്കാലിക തസ്തികകൾ എം.എച്ച്.ആർ.ഡി. അനുവദിച്ചു നൽകുകയും ഇവരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. 2018-19 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ കലാകായിക അദ്ധ്യാപകർക്ക് പരിശീലനം നൽകുന്ന തിനായി ഫണ്ട് വകയിരുത്തുകയും പരിശീലനം നൽകി വരികയും ചെയ്യുന്നു. കലാ-കായിക-സാംസ്കാരിക പാർക്കുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചു.

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ കലാ-കായിക സാംസ്കാരിക പാർക്കുകൾ നിർമ്മിക്കുന്നതിന് 700 ലക്ഷം രൂപ 4202-01-202-83 (പി) എന്ന ശീർഷകത്തിൽ വകകൊള്ളിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു ജില്ലയിൽ ഒരു വിദ്യാലയത്തിന് 50 ലക്ഷം രൂപ വീതം അനുവദിച്ച് ഭരണാനുമതി നൽകുകയുമുണ്ടായി. എന്നാൽ സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ 2018-19 സാമ്പത്തിക വർഷത്തിലെ പദ്ധതിയിനത്തിൽ നിന്നും ഈ പദ്ധതിയുടെ തുക കുറവ് ചെയ്യേണ്ടിവരുകയും പദ്ധതി മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കാതെ വരികയും ചെയ്തു.

## പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീക്രട്ട് സെക്ഷൻ

239(1309) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീക്രട്ട് സെക്ഷനിൽ അതീവ പ്രാധാന്യമുള്ള ഫയലുകളും മറ്റു തപാലുകളും ഒപ്പിട്ടു വാങ്ങുവാനുള്ള അധികാരം ആർക്കെല്ലാമാണ്; ഇതിന്റെ വിശദാംശം നൽകുമോ;

(ബി) ഇക്കഴിഞ്ഞ ഡിസംബർ 31-ന് ഒപ്പിട്ടുവാങ്ങുവാൻ അധികാരമുള്ളവർ ഓഫീസിൽ ഉണ്ടായിരിക്കെ സെക്യൂരിറ്റി ചുമതലയുള്ളയാൾ തപാലുകളും മറ്റും ഒപ്പിട്ടു വാങ്ങിയെന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഇതിന്റെ വിശദവിവരം നൽകുമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ വരുന്ന തപാലുകളാണ് സീക്രട്ട് സെക്ഷനിൽ ഒപ്പിട്ടുവാങ്ങാറുള്ളത്. പി.എ., സി.എ., ജൂനിയർ സൂപ്രണ്ട് എന്നിവരാണ് ഒപ്പിട്ടുവാങ്ങുന്നത്. സാധാരണ തപാലുകൾ തപാൽ സെക്ഷനിലാണ് സ്വീകരിക്കുന്നത്.

(ബി) മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെടുകയോ ഡിസംബർ 31-ന് തപാലുകൾ സ്വീകരിക്കുവാൻ കഴിഞ്ഞില്ലായെന്നത് സംബന്ധിച്ച് പരാതി ലഭിക്കുകയോ ചെയ്തിട്ടില്ല.

## ഭിന്നശേഷിക്കാർക്ക് വേണ്ടി സ്പെഷ്യൽ ടീച്ചർമാരെ നിയമിക്കാൻ കേന്ദ്രഫണ്ട്

240(1310) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്രശിക്ഷാ അഭിയാൻ വഴി ഭിന്നശേഷിക്കാർക്ക് വേണ്ടി സ്പെഷ്യൽ ടീച്ചർമാരെ നിയമിക്കാൻ കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) കേന്ദ്ര ഫണ്ട് ലഭിച്ചിട്ടും സ്പെഷ്യൽ ടീച്ചർമാരെ നിയമിക്കാത്ത സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ;

(സി) കേന്ദ്രഫണ്ട് ലഭിച്ചിട്ടും വിനിയോഗിക്കാതെ നഷ്ടപ്പെട്ടു പോകുന്നത് തടയാൻ പൊതുവിദ്യാഭ്യാസ വകുപ്പ് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 2018-19 അദ്ധ്യയനവർഷം സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിനെ (റിസോഴ്സ് അദ്ധ്യാപകർ) നിയമിക്കുന്നതിനായി 6060.75 ലക്ഷം രൂപ (അറുപത് കോടി ആറ് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ) കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയം അനുവദിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര ഫണ്ട് ലഭിച്ചിട്ടും സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിനെ നിയമിക്കാത്ത സാഹചര്യം നിലവിലില്ല.

(സി) കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക്തന്നെ സമഗ്ര ശിക്ഷാ- കേരള സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്ക് ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനോടൊപ്പം ടി തുക അതാത് വർഷത്തെ ആനുവൽ വർക്ക് പ്ലാൻ പ്രകാരം അംഗീകാരം ലഭിച്ച മേഖലകൾക്കുവേണ്ടി ചെലവഴിക്കാൻ നിർദ്ദേശം നൽകുന്നുണ്ട്. ഇപ്രകാരം കേന്ദ്രഫണ്ട് ഫലപ്രദമായി വിനിയോഗിച്ചുവരുന്നു.

## സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റി

241(1311) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാക്ഷരതാ മിഷന്റെ ഹയർസെക്കണ്ടറി തുല്യതാ പരീക്ഷ പാസ്സായവർക്കും നിലവിൽ പഠനം നടത്തുന്നവർക്കും തുടർന്നു പഠിക്കുന്നതിനുള്ള സംവിധാനമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ കേരളത്തിൽ ലക്ഷക്കണക്കിനാളുകൾ പഠിക്കുവാനുള്ള അവസരത്തിനു കാത്തുനിൽക്കുന്ന സാഹചര്യത്തിൽ ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റിയുടെ മാതൃകയിൽ സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കുമോ എന്നും സാക്ഷരതാ മിഷനെ സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റിയാക്കി മാറ്റുമോ എന്നും വ്യക്തമാക്കാമോ;

(സി) നിലവിൽ ഏതെല്ലാം ഗൾഫ് രാജ്യങ്ങളിലാണ് സാക്ഷരതാ മിഷന്റെ തുല്യതാ പഠനത്തിന് സംവിധാനമുള്ളതെന്നും ഇല്ലാത്ത രാജ്യങ്ങളിൽ കൂടി ഇത് വ്യാപിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നിലവിൽ ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷ പാസാകുന്നവർക്ക് ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി, കേരളാ യൂണിവേഴ്സിറ്റി, കാലിക്കറ്റ് യൂണിവേഴ്സിറ്റി, എം.ജി. യൂണിവേഴ്സിറ്റി, കണ്ണൂർ യൂണിവേഴ്സിറ്റി എന്നീ കേന്ദ്രങ്ങളിൽ തുടർ പഠനത്തിന് അവസരം ലഭ്യമാണ്. സാക്ഷരതാ മിഷനെ സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റിയാക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(സി) സാക്ഷരതാ മിഷൻ നടത്തുന്ന പത്താംതരം തുല്യതാ കോഴ്സ് ദുബായിൽ നടത്തിവരുന്നു. സാക്ഷരതാ മിഷൻ നടത്തുന്ന കോഴ്സുകൾ മറ്റ് രാജ്യങ്ങളിൽ ആരംഭിക്കുന്നതിനുള്ള ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

## കൊല്ലം താലൂക്ക് വിഭജിച്ച് പുതിയ താലൂക്ക് രൂപീകരണം

242(1312) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം താലൂക്ക് വിഭജിച്ച് പുതിയ താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച് നിലവിൽ കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) കൊല്ലം താലൂക്ക് വിഭജിച്ച് പുതുതായി രൂപീകരിക്കേണ്ട താലൂക്കിന്റെ ആസ്ഥാനം സംബന്ധിച്ച് ജില്ലാ കളക്ടറുടെ റിപ്പോർട്ടിൽ എന്താണ് സൂചിപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ നിയോഗിച്ച ടീം ഇതിനകം പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ കൊല്ലം താലൂക്ക് വിഭജിച്ച് പുതിയ താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കൊല്ലം താലൂക്കിന്റെ തെക്കൻ മേഖലകളായ പാരിപ്പള്ളി, കല്ലുവാതുക്കൽ, പൂതക്കുളം, കോട്ടപ്പുറം, പരവൂർ, ചിറക്കര, മീനാട്, ആദിച്ചനല്ലൂർ, പള്ളിമൺ, നെടുമ്പന എന്നീ വില്ലേജുകളും, കൊട്ടാരക്കര താലൂക്കിലെ പൂയപ്പള്ളി വില്ലേജും ഉൾപ്പെടുത്തി ചാത്തന്നൂർ ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപീകരിക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ചാത്തന്നൂർ.

(സി & ഡി) റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## ഓൺലൈൻ റിപ്പോർട്ട് നൽകുന്നതിൽ വില്ലേജ് ഓഫീസുകളിലെ കാലതാമസം

243(1313) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ചികിത്സാ സമാശ്വാസ സഹായത്തിനായി ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽനിന്നും സമർപ്പിക്കപ്പെട്ട ചില അപേക്ഷകളിൽ തുടർ നടപടിക്രമത്തിന്റെ ഭാഗമായി ഓൺലൈൻ റിപ്പോർട്ട് നൽകുവാൻ വില്ലേജ് ഓഫീസുകളിൽ വളരെയധികം കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം കാലതാമസം വന്നിട്ടുള്ള എത്ര അപേക്ഷകളാണ് ചെങ്ങന്നൂരിലെ വില്ലേജ് ഓഫിസുകളിൽ നിലവിലുള്ളതെന്ന് അറിയിക്കുമോ;

(സി) കാലതാമസത്തിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 148

(സി) ബന്ധപ്പെട്ട അപേക്ഷകർ ആവശ്യമായ രേഖകൾ ഹാജരാക്കുവാൻ ഉണ്ടാകുന്ന കാലതാമസമാണ് ഇതിനുകാരണം.

## പ്രളയനാശനഷ്ടം കണക്കാക്കിയ റീ ബീൽഡ് ആപ്പിനെതിരെ പരാതി

244(1314) ശ്രീ. പി. ടി. തോമസ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ വീടുകൾക്കും മറ്റും സംഭവിച്ച നാശനഷ്ടം റീ ബിൽഡ് ആപ് വഴി തിട്ടപ്പെടുത്തിയതിനെതിരെ വ്യാപകമായ പരാതികൾ ഉയർന്നിട്ടുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പരാതികൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിരിക്കുന്നത് എന്നറിയിക്കുമോ;

(സി) നാശനഷ്ടം തിട്ടപ്പെടുത്തുന്നതിൽ മുൻപരിചയം ഇല്ലാത്ത കോളേജ് വിദ്യാർത്ഥികളെ ഇതിനായി നിയോഗിച്ചത് എന്തടിസ്ഥാനത്തിൽ ആയിരുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

## കോന്നിയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പാലങ്ങൾ

245(1315) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് കോന്നി നിയോജക മണ്ഡലത്തിൽ നിർമ്മിച്ചുവരുന്ന പാലങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) 4-10-2018-ലെ സംസ്ഥാന ഉന്നതതല സമിതി കൈക്കൊണ്ട തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്ന്; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത തീരുമാനം ഉടൻ നടപ്പിലാക്കുവാൻ നിർദ്ദേശം നൽകുമോ;

(ഡി) നിർമ്മിതി കേന്ദ്ര ഉന്നയിച്ചിട്ടുള്ള റേറ്റ്റിവിഷൻ,ഡിസൈൻ ചെയ്ഞ്ച് എന്നിവയ്ക്ക് ധനകാര്യ വകുപ്പ് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ശിപാർശ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇല്ലെങ്കിൽ ആയത് ലഭ്യമാക്കി തുടർനടപടികൾ പൂർത്തീകരിക്കാൻ നടപടി കൈക്കൊള്ളുമോ;

(എഫ്) ഇത് സംബന്ധിച്ചുള്ള കോടതിവിധി നടപ്പിലാക്കാൻ നാളിതുവരെ കൈക്കൊണ്ടിട്ടുള്ള തുടർനടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) കോന്നി നിയോജകമണ്ഡലത്തിലെ പണി ആരംഭിച്ച 3 പാലങ്ങളുടെ നിർമ്മാണത്തിൽ നിർമ്മാണ കമ്പനിയായ M/s.SERMS കമ്പനിയുടെ ആവശ്യ പ്രകാരം നിർമ്മാണ പ്രവൃത്തികളിൽ മോഡിഫിക്കേഷൻ വരുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. ജില്ലയിൽ RMF ഫണ്ടിൽ പാലങ്ങളുടെ നിർമ്മാണത്തിനായി തുക നീക്കിയിരിപ്പ് ഇല്ലാത്തതിനാൽ നിലവിൽ നിർമ്മാണ പ്രവൃത്തികൾ നിർത്തിവച്ചിരിക്കുന്നു.

(ബി&സി) 4-10-2018-ലെ സംസ്ഥാന ഉന്നതതല സമിതിയുടെ തീരുമാനപ്രകാരം മലപ്പുറം ജില്ലയിൽ നിന്നും 50 ലക്ഷം രൂപയും പാലക്കാട് ജില്ലയിൽ നിന്നും 43,52,062 ലക്ഷം രൂപയും തൃശ്ശൂർ ജില്ലയിൽ നിന്നും 50 ലക്ഷം രൂപയും ടി ജില്ലകളിലെ RMF അക്കൗണ്ടുകളിൽ നിന്നും പത്തനംതിട്ട ജില്ലാ കളക്ടറുടെ RMF അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യുവാൻ 24-1-2019-ലെ സ.ഉ. (സാധാ) നമ്പർ 256/2019/റവ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) കരാറുകാരനാണിത് ഉന്നയിച്ചിട്ടുള്ളത്. ശിപാർശ ലഭിച്ചിട്ടില്ല.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) കോടതിവിധി നടപ്പിലാക്കുന്നതിനായി ജില്ലാ കളക്ടർക്കുള്ള കോടതി നിർദ്ദേശമായ പാർട്ട് ബിൽ പാസ്സാക്കി നൽകിയിട്ടുള്ളതാണ്. മറ്റ് ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**അങ്കമാലി നിയോജകമണ്ഡലത്തിൽ പുനരുദ്ധാരണ പാക്കേജ്**

246(1316) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ പ്രളയത്തിൽ അങ്കമാലി നിയോജക മണ്ഡലത്തിൽപ്പെട്ട എത്രപേരുടെ വീടുകളാണ് പൂർണ്ണമായും ഭാഗീകമായും തകർന്നതെന്നും ഇവരുടെ പേരും വിലാസവും ഇവയ്ക്ക് സർക്കാർ കണക്കാക്കിയ നഷ്ടവും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കുടുംബങ്ങൾക്കാണ് പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തി പുതിയ ഭവനമോ അറ്റകുറ്റപ്പണികളോ നടത്തിക്കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വായ്പ എടുത്ത് നിർമ്മിച്ച പല വീടുകളും തകർന്ന സാഹചര്യത്തിൽ ഇത്തരം കുടുംബങ്ങളുടെ വായ്പ പൂർണ്ണമായും എഴുതി തള്ളുന്നതിനും, പുതിയ വീട് വയ്ക്കുന്നതിനും തകർന്ന വീടുകളുടെ അറ്റകുറ്റപ്പണിക്കുമായി പലിശ രഹിത വായ്പ സർക്കാർ ലഭ്യമാക്കാമോ; വിശദാംശം ലഭിക്കുമോ?

ഉത്തരം

| | |
|---|---|
| (എ) പൂർണ്ണമായി തകർന്ന വീടുകൾ | 133 |
| ഭാഗികമായി തകർന്ന വീടുകൾ | 8044 |

പൂർണ്ണമായി തകർന്ന വീടുകൾക്ക് 4,00,000 രൂപയും ഭാഗികമായി തകർന്ന വീടുകൾക്ക് താഴെപ്പറയും പ്രകാരവും തുക അനുവദിച്ചു വരുന്നു.

| | |
|---|---|
| 15% വരെ | 10,000 രൂപ |
| 16%-28% | 60,000 രൂപ |
| 30%-59% | 1,25,000 രൂപ |
| 60%-74% | 2,50,000 രൂപ |

ഇപ്രകാരം ദുരിതാശ്വാസം അനുവദിച്ചിട്ടുള്ളവരുടെ പേരും മേൽവിലാസവും നിയോജകമണ്ഡലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) പൂർണ്ണമായി തകർന്ന 54 വീടുകൾ 4,00,000 രൂപ ധനസഹായത്തിന്റെ ആദ്യ ഗഡു ആയ 95,100 രൂപ പ്രകാരം 51,35,400 രൂപ നൽകിയിട്ടുണ്ട്. 18 പേർക്ക് 2-ാം ഗഡു ആയ 1,52,450 രൂപ വീതവും നൽകിയിട്ടുണ്ട്.

(സി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ഭൂമി കയ്യേറ്റം തടയാൻ നടപടി

247(1317) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമി കയ്യേറ്റങ്ങൾ തടയുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കയ്യേറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി എല്ലാ ജില്ലകളിലും ജാഗ്രതാസ്ക്വാഡുകൾ രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും ജാഗ്രതക്കുറവ് കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് നിർദ്ദേശിച്ചിട്ടുള്ളത്;

(ഡി) കാലാവധി കഴിഞ്ഞതും വ്യവസ്ഥകൾ ലംഘിച്ചതുമായ പാട്ടഭൂമി തിരിച്ചെടുക്കാൻ എന്തെല്ലാം ഊർജ്ജിത നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭൂമി കയ്യേറ്റം തടയുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957, കേരള ഭൂസംരക്ഷണ ചട്ടം 1958, കേരള ഭൂ സംരക്ഷണ ഭേദഗതി നിയമം 2009 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി) കയ്യേറ്റം തടയുന്നതിലേയ്ക്കായി ജില്ലാതലത്തിൽ എൽ.ആർ ഡെപ്യൂട്ടി കളക്ടർമാരുടേയും താലൂക്ക് തലത്തിൽ എൽ.ആർ തഹസീൽദാർമാരുടെ നേതൃത്വത്തിലും സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു.

(സി) സമയബന്ധിതമായി കയ്യേറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കെ.എൽ.സി ആക്ടിലെ സെക്ഷൻ 7 പ്രകാരം നടപടിയും വകുപ്പുതല അച്ചടക്ക നടപടികളും സ്വീകരിക്കുന്നു.

(ഡി) പാട്ട വ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി ഉപയോഗിക്കുന്നവർ പാട്ട കുടിശ്ശിക വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം പാട്ടകുടിശ്ശിക വരുത്തിയിട്ടുള്ള വ്യക്തികളേയും സ്ഥാപനങ്ങളേയും സംഘടനകളേയും നിയമാനുസൃതം നോട്ടീസ് നൽകി പാട്ട കുടിശ്ശിക അടിയന്തരമായി പിരിച്ചെടുക്കുന്നതിനും പാട്ട കുടിശ്ശിക ഒടുക്കാൻ വിസമ്മതിക്കുന്നപക്ഷം ടി വ്യക്തികളുടെ കൈവശമിരിക്കുന്ന സർക്കാർ ഭൂമി അടിയന്തരമായി പാട്ടം റദ്ദ് ചെയ്ത് സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## റവന്യൂ ഭൂമി തിരിച്ചുപിടിക്കുന്നതിനും പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നടപടികൾ

248(1318) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാട്ടക്കാലാവധി കഴിഞ്ഞതും കോടികൾ വിലമതിക്കുന്നതുമായ 548.4722 ഹെക്ടർ റവന്യൂ ഭൂമി സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും കൈവശ പ്പെടുത്തിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ ജില്ലകളിൽ എത്ര ഹെക്ടർവീതം റവന്യൂ ഭൂമി ഈ വിധം കൈവശപ്പെടുത്തിയിട്ടുണ്ടെന്നറിയിക്കുമോ;

(സി) പാട്ടക്കുടിശ്ശിക ഇനത്തിൽ സർക്കാരിന് എത്ര കോടി രൂപ ഇതിനകം ലഭിക്കേണ്ടതായിട്ടുണ്ട്;

(ഡി) എങ്കിൽ അന്യാധീനപ്പെട്ട റവന്യൂ ഭൂമി തിരിച്ചുപിടിക്കുന്നതിനും പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എത്ര ഹെക്ടർ ഭൂമിയാണ് ഇത്തരത്തിൽ നൽകിയിട്ടുള്ളതെന്ന് വിവരം ശേഖരിച്ചു വരുന്നു.

(സി) പാട്ടക്കുടിശ്ശിക ഇനത്തിൽ സർക്കാരിന് ഏകദേശം ആയിരത്തി ഒരുനൂറ് കോടിയോളം രൂപ ലഭിക്കേണ്ടതായിട്ടുണ്ടെന്ന് പ്രാഥമിക വിവരങ്ങളിൽ നിന്നും ബോദ്ധ്യപ്പെടുന്നു.

(ഡി) പാട്ട വ്യവസ്ഥയിൽ സർക്കാർ ഭൂമി ഉപയോഗിക്കുന്നവർ പാട്ട കുടിശ്ശിക വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം പാട്ടക്കുടിശ്ശിക വരുത്തിയിട്ടുള്ള വ്യക്തികളെയും സ്ഥാപനങ്ങളെയും സംഘടനകളെയും അന്യാധീനപ്പെട്ട റവന്യൂ ഭൂമി തിരിച്ച് പിടിക്കുന്നതിനും ടി വ്യക്തികളെയും നിയമാനുസൃതം നോട്ടീസ് നൽകി സമയബന്ധിതമായി നേരിൽ കേൾക്കുന്നതിനും ഭൂമി തിരിച്ച് പിടിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പാട്ടക്കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി സർക്കാർ തലത്തിൽ ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണർ കൺവീനറും ധന-നിയമ-റവന്യൂ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായും ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി പാട്ടക്കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്.

## ഹാരിസൺ പ്ലാന്റേഷൻ ലിമിറ്റഡിൽ നിന്നും ഭൂമി തിരിച്ചുപിടിക്കാൻ നടപടി

249(1319) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാരിസൺ പ്ലാന്റേഷൻ ലിമിറ്റഡ് കൃത്രിമ രേഖകളുടെ പിൻബലത്തിൽ കൈവശം വച്ചിരിക്കുന്ന ഭൂമി സർക്കാർ ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ WP(C) 33122/14 നമ്പർ കേസിൽ കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 11-4.-2018-ലെ ഉത്തരവിനെതിരെ സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്യുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 11-4-2018-ലെ WP(C) 33122/2014-ലെയും അനുബന്ധ കേസ്സുകളിലെയും വിധിയിൽ ഹാരിസൺ മലയാളം ലിമിറ്റഡും അവരിൽനിന്നും ഭൂമി വാങ്ങിയവരും കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ കോടതി റദ്ദാക്കുകയും ഭൂമിയുടെ ഉടമസ്ഥത സംസ്ഥാന സർക്കാരിനാണെന്ന് സ്ഥാപിക്കുന്നതിന് സർക്കാരിന് സിവിൽ കോടതിയെ സമീപിക്കാവുന്നതാണെന്നും ഉത്തരവായിരുന്നു. പ്രസ്തുത വിധി സംസ്ഥാന സർക്കാരിന്റെ താൽപ്പര്യത്തിന് വിരുദ്ധമാകയാൽ സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ ഫയൽ ചെയ്തിരുന്നവെങ്കിലും ആയത് 17-9-2018-ന് തള്ളുകയുണ്ടായി. സിവിൽ കേസ് ഫയൽ ചെയ്യുന്നതടക്കം ഈ വിഷയത്തിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

**കോട്ടകമ്പൂരിലെ ഭൂമി കയ്യേറ്റം**

250(1320) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ കോട്ടകമ്പൂരിൽ ഭൂമി കയ്യേറി എന്ന കേസിൽ ഭൂമി സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ ഇടുക്കി എം.പി. നേരിട്ട് ഹാജരാകണമെന്ന ദേവികുളം സബ്കളക്ടറുടെ ഉത്തരവിനെതിരെ ബഹു. ഹൈക്കോടതി എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; പ്രസ്തുത കോടതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേസ് ഹൈക്കോടതി പരിഗണിച്ചപ്പോൾ റവന്യൂ വകുപ്പിന് വേണ്ടി ഹാജരായ അഭിഭാഷകർ ആരെന്ന് വ്യക്തമാക്കുമോ;

(സി) നേരിട്ട് ഹാജരാകുന്നതിൽ നിന്നും ഒഴിവാക്കണമെന്ന എം.പി.യുടെ അപേക്ഷ പരിഗണിച്ചപ്പോൾ സർക്കാർ അഭിഭാഷകൻ എന്ത് നിലപാടാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ഡി) കോട്ടകമ്പൂർ ഭൂമി ഇടപാടിൽ ഭൂമിയുടെ ഉടമസ്ഥത തെളിയിക്കുന്ന രേഖകളുമായി ഇടുക്കി എം.പി. ഹാജരാകണമെന്ന് അന്നത്തെ ആർ.ഡി.ഒ. പലതവണ ഉത്തരവിട്ടിട്ടും ഹാജരായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉത്തരവിനെതിരെ ലാന്റ് റവന്യൂ കമ്മീഷണറിൽ നിന്നും സ്റ്റേ വാങ്ങിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) നിരന്തരമായും നിയമവിരുദ്ധമായും സർക്കാർഭൂമി കയ്യേറുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ കോട്ടകമ്പൂരിൽ ഭൂമി കയ്യേറിയെന്ന കേസിൽ ഭൂമി സംബന്ധമായ രേഖകൾ ഹാജരാക്കുവാൻ ഇടുക്കി എം.പി. നേരിട്ട് ഹാജരാകണമെന്ന ദേവികുളം സബ് കളക്ടറുടെ ഉത്തരവിനെതിരായി ഫയൽ ചെയ്ത WP(C) 514/2019 നമ്പർ കേസ് 8-1-2019-ൽ തീർപ്പായിട്ടുള്ളതായി ബന്ധപ്പെട്ട സർക്കാർ പ്ലീഡർ ഫോൺ സന്ദേശം മുഖാന്തരം ഇടുക്കി സബ്കളക്ടറെ അറിയിച്ചിരുന്നുവെങ്കിലും ആയത് സംബന്ധിച്ച വിധി ഉത്തരവിന്റെ പകർപ്പ് ലഭിച്ചിട്ടില്ലാത്തതാണ്.

(ബി) പ്രസ്തുത കേസ് ഹൈക്കോടതി പരിഗണിച്ചപ്പോൾ സീനിയർ സർക്കാർ പ്ലീഡറായി അഡ്വക്കേറ്റ് സൈജി ജേക്കബ് പാലാട്ടി സർക്കാരിനുവേണ്ടി ഹാജരായിരുന്നു.

(സി) നേരിട്ട് ഹാജരാകണമെന്ന അപേക്ഷയിന്മേൽ സർക്കാർ അഭിഭാഷകൻ സ്വീകരിച്ച നിലപാട് സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടയവും തണ്ടപ്പേരും റദ്ദ് ചെയ്തതിനെതിരെ ഹർജിക്കാരൻ ഇടുക്കി ജില്ലാ കളക്ടർ മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിരുന്നു. ഹർജിക്കാരനെ ഒരിക്കൽക്കൂടി കേട്ടതിന് ശേഷം മാത്രം തീരുമാനമെടുക്കുന്നതിനായി ദേവികുളം സബ് കളക്ടർക്ക് റിമാന്റ് ചെയ്തുകൊണ്ട് അപ്പീൽ ഹർജി തീർപ്പാക്കുകയും ടി സമയം വരെ പ്രസ്തുത ഭൂമി സർക്കാർ ഭൂമിയായി നിലനിൽക്കുന്നതാണെന്നും വ്യക്തമാക്കി ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ഈ ഉത്തരവിനെതിരായി ഹർജി കക്ഷികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 27681/2018 നമ്പർ ഹർജിന്മേലുള്ള 14-8-2018-ലെ ഉത്തരവിൽ, ഹർജിക്കാരൻ ലാൻഡ് റവന്യൂ കമ്മീഷണർ മുമ്പാകെ സമർപ്പിച്ചിരുന്ന റിവിഷൻ ഹർജിയിൽ കക്ഷികൾക്ക് യഥാവിധി നോട്ടീസ് നൽകി തീർപ്പാക്കേണ്ടതാണെന്നും ടി ഉത്തരവ് നടപ്പാകുന്നത് വരെ ഇടുക്കി ജില്ലാ കളക്ടറുടെ ഉത്തരവ് സ്റ്റേ ചെയ്തുകൊണ്ടും ഉത്തരവായിട്ടുള്ളതാണ്. ആയതിനെത്തുടർന്ന് ലാൻഡ് റവന്യൂ കമ്മീഷണറുടെ

23-11-2018-ലെ എൽ.ആർ.ജെ3-8420/18 നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടറുടെ ഉത്തരവിലെ ക്രമ നമ്പർ 2-ലെ "the land will stay in government possession" എന്ന വാദം റദ്ദ് ചെയ്ത് റിവിഷൻ ഹർജി ഭാഗികമായി അനുവദിച്ചിരുന്നു. ഈ കേസ്സിന്മേൽ അന്തിമ ഉത്തരവ് ഉണ്ടാകുന്നതുവരെ ടി ഭൂമിക്ക് നികുതി സ്വീകരിക്കുകയോ, കൈവശാവകാശ സാക്ഷ്യപത്രം അനുവദിക്കുകയോ ചെയ്യുവാൻ പാടില്ലാത്തതാണെന്നും, വിചാരണവേളയിൽ കൈവശക്കാരൻ തന്റെ കൈവശാവകാശം തെളിയിക്കുന്നതിലേയ്ക്കായി ദേവികുളം സബ് കളക്ടർ മുമ്പാകെ ഹാജരാകേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. തുടർന്ന് 10-1-2019-ലേയ്ക്ക് വിചാരണ തീയതി നിശ്ചയിച്ച് കക്ഷികൾക്ക് നോട്ടീസ് നൽകിയിരുന്നുവെങ്കിലും ടിയാന്മാർ ഹാജരായിട്ടില്ലാത്തതാണ്. തുടർന്ന് ഹർജിക്കാർ ഫയൽ ചെയ്ത WP(C)-514/2019 നമ്പർ കേസ്സിന്മേൽ വിധിന്യായത്തിന്റെ പകർപ്പ് ലഭ്യമാകുന്നതുവരെ ടി വിഷയവുമായി ബന്ധപ്പെട്ട് ദേവികുളം സബ് കളക്ടറുടെ കാര്യാലയത്തിലെ തുടർ നടപടികൾ നീട്ടിവയ്ക്കണമെന്ന് ബഹുമാനപ്പെട്ട കോടതി ഉത്തരവിട്ടിട്ടുള്ളതായി സീനിയർ സർക്കാർ പ്ലീഡർ അഡ്വക്കേറ്റ് സൈജി ജേക്കബ് പാലാട്ടി 10-1-2019-ൽ ദേവികുളം സബ്കളക്ടറെ ഫോൺ മുഖാന്തരം അറിയിച്ചിട്ടുള്ളതാണ്.

(ഇ) സർക്കാർ ഭൂമി കയ്യേറ്റക്കാർക്കെതിരെ 1957-ലെ കേരള ഭൂസംരക്ഷണ നിയമം, കേരള ഭൂസംരക്ഷണ നിയമം (ഭേദഗതി 2009) പ്രകാരമുള്ള ശിക്ഷാ നടപടികൾ, 1971-ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) നിയമം എന്നിവ പ്രകാരമുള്ള ഭൂസംരക്ഷണ നടപടികൾ സമയബന്ധിതമായി സ്വീകരിച്ചു വരുന്നു.

## നെയ്യാറ്റിൻകര താലൂക്ക് പരിധിയിൽ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചതിന്റെ ചെലവ്

251(1321) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്ക് പരിധിയിൽ 2006-ലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം വില്ലേജിൽ ബെഡ്സൈഡ റിസോർട്ടിലെ കയ്യേറ്റം ഒഴിപ്പിച്ചതിന് എത്ര തുക ചെലവായി എന്ന് വ്യക്തമാക്കാമോ;

(ബി) നെയ്യാറ്റിൻകര താലൂക്കിലെ ജി 4/10121/2006 നമ്പർ ഫയൽ പ്രകാരം 4325 രൂപയുടെ ബില്ല്/വൗച്ചറുകൾ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക അനുവദിച്ച് കൊണ്ടുള്ള നടപടി ക്രമത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) തുക അനുവദിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര താലൂക്ക് പരിധിയിൽ 2006-ലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം വില്ലേജിൽ ബെഡ്സൈഡ റിസോർട്ടിലെ കയ്യേറ്റം ഒഴിപ്പിച്ചതിന് 11,110 രൂപ ചെലവായിട്ടുള്ളതാണ്.

(ബി) ജി4/10121/06 ഫയൽ പ്രകാരം 4,325 രൂപയുടെ ബില്ല്/വൗച്ചറുകൾ സമർപ്പിച്ചതായി അറിയിച്ചിട്ടുണ്ടെങ്കിലും ആയത് തിരുവനന്തപുരം ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ ലഭ്യമല്ലെന്ന് കാണുന്നു. ടി വിവരം 18-7-2013-ലെ ബി16-77820/04-ാം നമ്പർ കത്ത് മുഖേന നെയ്യാറ്റിൻകര അഡീഷണൽ തഹസീൽദാരെ അറിയിച്ചിട്ടുണ്ട്.

(സി) ടി തുകയ്ക്കുള്ള റെസ്പീറ്റുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുക അനുവദിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കുന്നതാണ്.

**പട്ടയ വിതരണം**

252(1322) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാലങ്ങളായി പട്ടയം ലഭിക്കാതിരുന്ന എത്ര പേർക്ക് ഈ സർക്കാർ കാലയളവിൽ പട്ടയം നല്കിയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ തിരുവനന്തപുരം ജില്ലയിലെ എത്ര പേരുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കാലയളവിൽ വർക്കല മണ്ഡലത്തിലെ എത്ര പേർക്ക് പുതുതായി പട്ടയം നല്കിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്തൊട്ടാകെ വിവിധ ഇനങ്ങളിലായി 1,03,313 പട്ടയങ്ങളും 407 കൈവശരേഖകളും വിതരണം ചെയ്തിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ പട്ടയം ലഭിക്കാതിരുന്ന 1215 പേർക്കാണ് ഈ സർക്കാർ കാലയളവിൽ പട്ടയം വിതരണം ചെയ്തിട്ടുള്ളത്.

(സി) കാലങ്ങളായി പട്ടയം ലഭിക്കാതിരുന്ന 130 പേർക്കാണ് വർക്കല മണ്ഡലത്തിൽ പുതുതായി പട്ടയം നൽകിയിട്ടുള്ളത്.

## പട്ടയം ലഭിക്കുവാൻ അർഹതപ്പെട്ട കുടുംബങ്ങൾ

253(1323) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടയം ലഭിക്കുവാൻ അർഹതപ്പെട്ട എത്ര കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) എത്ര പട്ടയങ്ങളാണ് ഈ സർക്കാർ കാലയളവിൽ വിതരണം ചെയ്തതെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ അധികാരത്തിൽ വന്നതിന്റെ ആയിരം ദിവസം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ പേർക്ക് പട്ടയം വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ഓരോ ജില്ലയിലും വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്ന പട്ടയങ്ങളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ പട്ടയം ലഭിക്കുന്നതിനായി 121617 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ നിന്നും നിലവിലെ ചട്ടപ്രകാരം അർഹതപ്പെട്ട അപേക്ഷകൾ വിശദമായ പരിശോധനയിലൂടെ മാത്രമേ കണ്ടെത്താൻ കഴിയുകയുള്ളൂ.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ 1,03,313 പട്ടയങ്ങൾ വിവിധ ഇനങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്തൊട്ടാകെ കൂടുതൽ പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള തയ്യാറെടുപ്പ് നടന്നുവരുന്നു. വിവിധ ജില്ലകളിലായി പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച 121617 അപേക്ഷകൾ പരിഗണനയിലുണ്ട്. അപേക്ഷകളിലെ അർഹത പരിശോധിച്ച് നിലവിലെ ചട്ടപ്രകാരം പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു :

(ഡി) സംസ്ഥാനത്തൊട്ടാകെ ഡിസംബർ, ജനുവരി മാസങ്ങളിലായി പട്ടയമേളകൾ സംഘടിപ്പിച്ച് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | വിതരണം ചെയ്യാൻ നടപടി സ്വീകരിച്ച വരുന്ന പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | വർക്കല, ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ 139 കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി പുരോഗമിച്ച വരുന്നു. |
| 2 | കൊല്ലം | 2-2-2019-ന് നടക്കുന്ന പട്ടയമേളയിൽ വിതരണത്തിനായി ഏകദേശം 358 പട്ടയങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. |
| 3 | പത്തനംതിട്ട | 371 പട്ടയങ്ങൾ വിതരണത്തിനായി തയ്യാറാക്കി വരുന്നു. |
| 4 | ആലപ്പുഴ | 28-12-2018-ന് നടന്ന പട്ടയമേളയിൽ 152 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 5 | കോട്ടയം | 28-12-2018-ന് നടന്ന പട്ടയമേളയിൽ 212 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 200 പട്ടയങ്ങൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ച വരുന്നു. |
| 6 | ഇടുക്കി | 22-1-2019-ന് പട്ടയമേളയിൽ 6065 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 7 | എറണാകുളം | 360 പട്ടയങ്ങൾ വിതരണത്തിനായി തയ്യാറാക്കി വരുന്നു. |
| 8 | തൃശ്ശൂർ | 21-1-2019-ന് പട്ടയമേള സംഘടിപ്പിച്ച് 9032 പട്ടയങ്ങൾ വിതരണം ചെയ്തിരുന്നു. |

| (1) | (2) | (3) |
|---|---|---|
| 9 | പാലക്കാട് | 5-1-2019-ന് നടന്ന പട്ടയമേളയിൽ 2866 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 10 | മലപ്പുറം | 17-12-2018-ന് നടന്ന പട്ടയമേളയിൽ 4463 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 34 പട്ടയങ്ങൾ വിതരണത്തിനായി തയ്യാറാക്കി വരുന്നു. |
| 11 | കോഴിക്കോട് | 17-12-2018-ന് നടന്ന പട്ടയമേളയിൽ 1504 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 12 | വയനാട് | 29-12-2018-ന് നടന്ന പട്ടയമേളയിൽ 404 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 13 | കണ്ണൂർ | 24-12-2018-ന് നടന്ന പട്ടയമേളയിൽ 1448 പട്ടയങ്ങൾ, വിതരണം ചെയ്തിട്ടുണ്ട്. |
| 14 | കാസർഗോഡ് | 7-1-2019-ന് നടന്ന പട്ടയമേളയിൽ 2167 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കൂടുതൽ പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

## പട്ടയം ലഭ്യമാക്കാൻ നടപടി

254 (1324) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം എത്രപേർക്ക് നാളിതു വരെ പട്ടയം നല്കിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് പട്ടയത്തിനായി അവശേഷിക്കുന്ന അപേക്ഷകർ എത്ര; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) ലാൻഡ് ബോർഡ്, ലാൻഡ് ട്രിബ്യൂണൽ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കി, അവശേഷിക്കുന്ന പട്ടയ അപേക്ഷകർക്ക് സമയബന്ധിതമായി പട്ടയം ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്തൊട്ടാകെ വിവിധ ഇനങ്ങളിലായി 1,03,313 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1215 |
| 2 | കൊല്ലം | 750 |
| 3 | പത്തനംതിട്ട | 205 |
| 4 | ആലപ്പുഴ | 780 |
| 5 | കോട്ടയം | 550 |
| 6 | ഇടുക്കി | 20419 |
| 7 | എറണാകുളം | 3812 |
| 8 | തൃശ്ശൂർ | 30123 |
| 9 | പാലക്കാട് | 11648 |
| 10 | മലപ്പുറം | 16400 |
| 11 | കോഴിക്കോട് | 6717 |
| 12 | വയനാട് | 1151 |
| 13 | കണ്ണൂർ | 4024 |
| 14 | കാസർഗോഡ് | 5519 |
| | ആകെ | 103313 |

(ബി) സംസ്ഥാനത്ത് പട്ടയത്തിനായി 121617 അപേക്ഷകൾ അവശേഷിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 3330 |
| 2 | കൊല്ലം | 771 |
| 3 | പത്തനംതിട്ട | 1351 |
| 4 | ആലപ്പുഴ | 1090 |
| 5 | കോട്ടയം | 547 |
| 6 | ഇടുക്കി | 28236 |
| 7 | എറണാകുളം | 1706 |
| 8 | തൃശ്ശൂർ | 2941 |
| 9 | പാലക്കാട് | 35880 |
| 10 | മലപ്പുറം | 15083 |
| 11 | കോഴിക്കോട് | 12568 |
| 12 | വയനാട് | 1140 |
| 13 | കണ്ണൂർ | 16344 |
| 14 | കാസർഗോഡ് | 630 |
| | ആകെ | 121617 |

(സി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ തീർപ്പാക്കാനായി ശേഷിക്കുന്ന കേസ്സുകൾ 500-ൽ താഴെയായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നാൽ ഏറ്റവും കൂടുതൽ കേസ്സുകൾ തീർപ്പാക്കാനായി

ശേഷിക്കുന്നത് തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ്. ഇവിടങ്ങളിൽ 10000-20000 വരെ കേസ്സുകളാണ് ഓരോ ജില്ലയിലും ശേഷിക്കുന്നത്. ഈ സാഹചര്യത്തിൽ കേസ്സുകൾ കുറവായ ജില്ലകളിലെ ലാന്റ് ട്രൈബ്യൂണലുകളെ കേസ്സുകൾ വളരെ കൂടുതൽ കെട്ടികിടക്കുന്ന ജില്ലകളിലേയ്ക്ക് വിന്യസിച്ചിട്ടുണ്ട്. കേസ്സുകൾ കുറവായ തെക്കൻ ജില്ലകളിലെ അവശേഷിക്കുന്ന കേസ്സുകൾ തീർപ്പാക്കാനും പുതിയ അപേക്ഷകൾ ഉണ്ടെങ്കിൽ പരിഗണിക്കാനുമായി പ്രസ്തുത ജില്ലകളിൽ എല്ലാ താലൂക്കുകളിലും തഹസിൽദാർമാരെ ലാന്റ് ട്രൈബ്യൂണലായി നിയമിച്ച് അധിക ചുമതല നൽകിയിട്ടുണ്ട്.

1. ലാന്റ് ട്രൈബ്യൂണൽ ജീവനക്കാർ അടിക്കടി സ്ഥലംമാറി പോകുന്നത് ഒഴിവാക്കാനായി അവരെ രണ്ട് വർഷത്തേക്ക് സ്ഥലം മാറ്റരുതെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. കേരളത്തിൽ ഏറ്റവും കൂടുതൽ കേസ്സുകൾ തീർപ്പാക്കാൻ ശേഷിക്കുന്ന തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കാൻ 29 സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാന്റ് ട്രൈബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായിട്ടുണ്ട്. ഇതിന്റെ കാലാവധി തുടർന്നും നീട്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ലാന്റ് ബോർഡ് താലൂക്ക് ലാന്റ് ബോർഡുകൾ മിച്ചഭൂമിയായി പ്രഖ്യാപിക്കുന്ന ഭൂമി ബന്ധപ്പെട്ട തഹസിൽദാർമാർ മുഖേന ഏറ്റെടുക്കുന്നതിനും ആയത് അർഹരായ ഭൂരഹിതർക്ക് കേരള ഭൂപരിഷ്കരണ നിയമം 96-ാം വകുപ്പിലും 1970-ലെ കേരള ഭൂപരിഷ്കരണ (ഭൂപരിധി) ചട്ടങ്ങൾ ചട്ടം 27 മുതൽ 31 വരെയുള്ള നടപടികൾ പാലിച്ച് കൊണ്ട് പട്ടയമേളയിൽ സംഘടിപ്പിച്ചും അല്ലാതെയും അർഹരായ ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകൾ**

255(1325) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ പട്ടയം ലഭിക്കുന്നതിനായുള്ള എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് തീയതിയും മേൽവിലാസവും സഹിതം വിശദമാക്കുമോ;

(ബി) ഈ അപേക്ഷകളിൽ ഓരോന്നിലും സ്വീകരിച്ച നടപടികളുടെ വിശദ വിവരങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കോഴിക്കോട് താലൂക്കിൽ പട്ടയം ലഭിക്കുന്നതിന് ആകെ 62 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകൾ ലഭിച്ച തീയതിയും അപേക്ഷകരുടെ മേൽ വിലാസവും അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളും വിശദവിവരങ്ങളും അനുബന്ധമായി ചേർക്കുന്നു*.

**തലനാട്, തിക്കോയി പഞ്ചായത്തുകളിൽ താമസിക്കുന്നവർക്ക് പട്ടയം**

256(1326) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽപ്പെട്ട പൂഞ്ഞാർ വടക്കേകര വില്ലേജിൽ തലനാട്, തിക്കോയി പഞ്ചായത്തുകളിൽ താമസിക്കുന്നവർക്ക് നാളിതു വരെ പട്ടയം ലഭ്യമാക്കിയിട്ടില്ലാത്തത് സംബന്ധിച്ച് റവന്യൂ മന്ത്രിക്ക് എം.എൽ.എ. നൽകിയ കത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രദേശവാസികൾക്ക് പട്ടയം ലഭിക്കുവാൻ കാലതാമസം ഉണ്ടാകുന്നത് എന്ത് കൊണ്ടാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) മീനച്ചിൽ താലൂക്കിൽ തലനാട് വില്ലേജിൽ ബ്ലോക്ക് 59-ൽപ്പെട്ട അപേക്ഷാ സ്ഥലത്തിന് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് താലൂക്ക് സർവ്വേയർ മുഖേന സ്ഥല പരിശോധന നടത്തി അതിർത്തി പുനർ നിർണ്ണയം നടത്തിയതിൽ ടി അപേക്ഷാ സ്ഥലം പൂർണ്ണമായും ആറ്റു പുറമ്പോക്കിൽ ഉൾപ്പെട്ട് വരുന്നു. നിലവിലുള്ള കേരളാ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ആറ്റു പുറമ്പോക്കിൽ ഉൾപ്പെട്ട സ്ഥലങ്ങൾ പതിച്ച് നൽകുന്നതിന് നിർവ്വാഹമില്ലാത്തതാണ്.

**ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം**

257(1327) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ ചിന്നക്കനാൽ, വട്ടവട, കെ.ഡി.എച്ച്. വില്ലേജുകളിൽ പട്ടയവിതരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കെ.ഡി.എച്ച്. വില്ലേജിലെ രവീന്ദ്രൻ പട്ടയം പരിശോധിച്ച് അർഹർക്ക് പട്ടയം ലഭ്യമാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) മൂന്നാർ ടൗണിൽ കച്ചവടക്കാരും മറ്റും താമസം തുടങ്ങിയിട്ട് കാലങ്ങളായിട്ടും ബ്രിട്ടീഷ് ഇന്ത്യയിലെ സാഹചര്യങ്ങൾക്കനുസൃതമായി ജീവിക്കേണ്ടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഇവരുടെ കാര്യങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വ്യാപകമായ കയ്യേറ്റങ്ങളുടെയും നിയമവിരുദ്ധമായ ഭൂവിനിയോഗത്തിന്റെയും പശ്ചാത്തലത്തിൽ മൂന്നാർ മേഖലയിൽ നടന്ന ഒഴിപ്പിക്കൽ നടപടികൾക്കുശേഷം ചിന്നക്കനാൽ വില്ലേജിൽ പട്ടയനടപടികൾ സ്വീകരിച്ചിട്ടില്ല. നീലക്കുറിഞ്ഞി സാങ്ച്വറിയായി ഉദ്ദേശവിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള മേഖലയിൽപ്പെട്ട വട്ടവട വില്ലേജിൽ കൈവശക്കാരുടെ അവകാശങ്ങൾ പരിശോധിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഭൂമി തിട്ടപ്പെടുത്തുന്നതിനും ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുള്ളതും പരിശോധനകൾ നടന്നുവരുന്നതുമാണ്. ടി പരിശോധനകൾ എത്രയും വേഗം പൂർത്തിയാക്കി പട്ടയനടപടികൾ ആരംഭിക്കുന്നതാണ്. കെ.ഡി.എച്ച്. വില്ലേജിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) 1964-ലെ പതിവു ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിന് പതിവു ലിസ്റ്റിന് ഭൂമി പതിവുകമ്മിറ്റി അംഗീകാരം നൽകിയിട്ടുള്ളതും തുടർനടപടികൾ നടന്നുവരുന്നതുമാണ്. കെ.ഡി.എച്ച്. വില്ലേജിൽ മുൻകാലങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ളതും നിയമപ്രശ്നങ്ങളിൽപ്പെട്ടതുമായ പട്ടയങ്ങളുടെ പരിശോധന നടന്നുവരുന്നതും കോടതിയിൽ കേസ് നിലവിലുള്ളതുമാണ്. ടി പട്ടയങ്ങൾ ക്രമപ്രകാരമുള്ളതാണെന്ന് തീർപ്പാകുന്നപക്ഷം റെഗുലറൈസ് ചെയ്ത് നൽകുന്നതാണ്. കൂടാതെ കെ.ഡി.എച്ച്. വില്ലേജിൽ അർഹരായ അപേക്ഷകർക്ക് നിയമാനുസൃതം പട്ടയം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇപ്രകാരം ഒരു സാഹചര്യം മൂന്നാറിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കാർഷിക ആവശ്യത്തിന് പതിച്ച് കൊടുക്കുന്ന ഭൂമി

258(1328) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ വില്ലേജിലെ ആയിരത്തോളം കർഷകർ പട്ടയത്തിനുവേണ്ടി അപേക്ഷ നല്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 27-7-2011-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭൂരഹിതർക്ക് വീട് വച്ച് താമസിക്കുന്നതിനായി 15 സെന്റ് ഭൂമിക്ക് മാത്രമാണ് പട്ടയം നല്കി വരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിൽ 2014-ൽ വരുത്തിയിട്ടുള്ള ഭേദഗതി പ്രകാരം ഹിൽടോക്ക് പ്രദേശങ്ങളിൽ 4 ഏക്കർ ഭൂമി വരെ കാർഷിക ആവശ്യത്തിന് പതിച്ച് കൊടുക്കാമെന്ന വ്യവസ്ഥ നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) ഇത്തരത്തിൽ 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിൽ 2014-ൽ വരുത്തിയിട്ടുള്ള ഭേദഗതി പ്രകാരം ഹിൽടോക്ക് മേഖലയായ കുട്ടമ്പുഴയിലും കാർഷിക ആവശ്യത്തിനായി 4 ഏക്കർ വരെ ഭൂമി പതിച്ച് കൊടുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കുട്ടമ്പുഴ വില്ലേജിൽ 416 പതിവ് അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്.

(ബി) 27-7-2011-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭൂരഹിതർക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേക്ക് പഞ്ചായത്ത് ഏരിയായിൽ പരമാവധി 15 സെന്റ് ഭൂമിക്കാണ് ഇപ്പോൾ പട്ടയം നൽകിവരുന്നത്.

(സി) ഉണ്ട്. 2014-ലെ ഭേദഗതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ഡി) 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള പതിവ് നടപടികൾ സ്വീകരിക്കുന്നതാണ്.

**പാലക്കാട് ജില്ലയിലെ പട്ടയവിതരണം**

259(1329) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പട്ടയവിതരണം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) നെല്ലിയാമ്പതി പഞ്ചായത്തിൽ നൂറടി, പാടഗിരി പ്രദേശത്ത് പട്ടയവിതരണത്തിന് ഫോറസ്റ്റ് വകുപ്പിന്റെ എൻ.ഒ.സി. ലഭിച്ചിട്ടുണ്ടോ;

(സി) അതിന്റെ അടിസ്ഥാനത്തിൽ എത്രപേർക്ക് ഇതുവരെ പട്ടയം നൽകുന്നതിന് സാധിച്ചിട്ടുണ്ട്; തുടർന്ന് എത്രപേർക്കുകൂടി പട്ടയവിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായതനുസരിച്ച് ആ ഓഫീസുകളിൽ നിന്നും പട്ടയം വിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽ കേട്ട് ദേവസ്വം പട്ടയ അപേക്ഷകളിൽ വളരെ പെട്ടെന്ന് തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികളും, എല്ലാ താലൂക്കുകളിലും അസൈൻമെന്റ് കമ്മിറ്റികൾ സമയാസമയങ്ങളിൽ യോഗം ചേർന്ന് പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികളും ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമി വിതരണം ചെയ്യുന്നതിനായുള്ള ചട്ടപ്രകാരമുള്ള നടപടികളും സമയബന്ധിതമായി സ്വീകരിച്ചുവരുന്നു.

(ബി & സി) എൻ.ഒ.സി. ലഭിക്കാത്തതിനാൽ പട്ടയം നൽകിയിട്ടില്ല.

## പട്ടയവിതരണം ത്വരിതപ്പെടുത്തുന്നതിന് നടപടി

260 (1330) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) അർഹതപ്പെട്ടവർക്ക് പട്ടയവിതരണം ത്വരിതപ്പെടുത്തുന്നതിന് നടപടി ക്രമങ്ങളിൽ ഇളവ് വരുത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കൈവശ ഭൂമിക്ക് പട്ടയം ലഭിക്കാനായി 118939 അപേക്ഷകളുണ്ട്.

(ബി) ലാന്റ് ട്രിബ്യൂണൽ പട്ടയങ്ങൾ നൽകുന്നത് ഉൾപ്പെടെയുള്ള പല നടപടിക്രമങ്ങളും ഇളവു വരുത്തിയിട്ടുണ്ട്. ഇനിയും നടപടിക്രമങ്ങളിൽ ഇളവു വരുത്തുന്നത് നയപരമായ തീരുമാനമെടുക്കേണ്ട കാര്യമാണ്.

## പുതുപ്പാടി വില്ലേജിലെ പട്ടയവിതരണം

261(1331) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുപ്പാടി വില്ലേജിലെ ചെറുപ്ലാട് വനഭൂമി നിവാസികൾ, തിരുവമ്പാടി വില്ലേജിലെ പാമ്പിഴഞ്ഞപാറ നിവാസികൾ എന്നിവർ ദീർഘകാലമായി പട്ടയത്തിന് അപേക്ഷ നൽകിയിട്ടും അവ അനുവദിക്കുന്നതിന് കാലതാമസം നേരിടേണ്ടി വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പട്ടയം എന്ന് വിതരണം ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈങ്ങാപ്പുഴ വില്ലേജിലെ (പഴയ പുതുപ്പാടി വില്ലേജ്) ചെറുപ്ലാട് വനഭൂമി നിവാസികൾ പ്രസ്തുത സ്ഥലം വർഷങ്ങളായി കൈവശംവച്ച് വരുന്നുണ്ടെങ്കിലും പട്ടയം ലഭിക്കുന്നതിനുള്ള നിയമാനുസൃതമായ അപേക്ഷകൾ ഈ അടുത്ത കാലത്താണ് സമർപ്പിച്ചിട്ടുള്ളത്. ആയതിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. തിരുവമ്പാടി വില്ലേജിലെ പാമ്പിഴഞ്ഞപാറ എന്ന സ്ഥലം സ്വകാര്യ ഭൂമിയായതിനാൽ അന്യം നിൽപ്പ് ഭൂമിയാക്കി മാറ്റിയതിനുശേഷമേ പട്ടയം അനുവദിക്കുന്നതിന് സാധിക്കുകയുള്ളൂ.

(ബി&സി) ചെറുപ്ലാട് വനഭൂമി നിവാസികളുടെ അപേക്ഷയിന്മേൽ 12 (1) നോട്ടീസ് തയ്യാറാക്കി വരുന്നതും ആയത് ഉടൻ പരസ്യപ്പെടുത്തി തുടർനടപടി സ്വീകരിക്കുന്നതാണെന്നും പാമ്പിഴഞ്ഞപാറയിലെ സ്വകാര്യ ഭൂമി അന്യം നിൽപ്പ് ഭൂമി ആക്കി മാറ്റുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട സബ് കളക്ടർക്ക് 24-1-2019-ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് എന്നും നിയമാനുസൃത നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

**ദുരിതബാധിതർക്ക് വിതരണം ചെയ്ത സഹായധനം**

262(1332) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ദുരിതബാധിതർക്ക് വിതരണം ചെയ്ത തുക സംബന്ധിച്ച കേന്ദ്രീകൃതമായ കണക്ക് ശേഖരണം ഒരു വർഷമായിട്ടും നടന്നിട്ടില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഓഖി ദുരന്തത്തിൽപ്പെട്ട സഹായധനം ആവശ്യമായവർക്കെല്ലാം ലഭ്യമാക്കിയെന്ന് സർക്കാർ ഉറപ്പുവരുത്തിയോ; ഇല്ലെങ്കിൽ ഏതൊക്കെ വിഭാഗങ്ങ ളിൽപ്പെട്ട എത്രപേർക്ക് ഇനിയും സഹായധനം നൽകുവാനുണ്ട്; വിശദമാക്കുമോ;

(സി) പ്രളയ ദുരിതാശ്വാസമായി പ്രഖ്യാപിച്ച തുകയിൽ നിന്ന് 143.54 കോടി രൂപ കേന്ദ്രം വെട്ടിക്കുറച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായോ;

(ഡി) ഓഖി ദുരന്തബാധിതർക്കായി കേന്ദ്രം അനുവദിച്ച തുകയിൽ ഇനിയും ചെലവഴിക്കാതെ വന്ന തുകയാണോ ഈ വിധം വെട്ടിക്കുറച്ചത്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഓഖി ദുരിതാശ്വാസം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി&ഡി) സംസ്ഥാന ദുരന്ത പ്രതികരണ നിധി(SDRF) ദുരന്ത നിവാരണ നിയമപ്രകാരം രൂപീകൃതമായ സഞ്ചിത നിധിയാണ്. ധനകാര്യകമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ഒരു നിശ്ചിത തുക എല്ലാ വർഷവും ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്നും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്ക് അനുവദിക്കും. ഓരോ വർഷവും ലഭിക്കുന്ന തുക അതാത് വർഷം ചെലവഴിക്കുന്ന രീതിയല്ല ഈ നിധിക്ക് നിയമപ്രകാരമുള്ളത്. നടപ്പ് സാമ്പത്തിക വർഷം ഉപയോഗിക്കാത്ത തുക അടുത്ത സാമ്പത്തിക വർഷത്തേക്ക് മുതൽക്കൂട്ടുന്നതാണ് ഈ നിധിയുടെ രീതി. ഇത്തരത്തിൽ എപ്പോഴും സംസ്ഥാനത്തിന്റെ കൈവശം അംഗീകൃത ദുരന്തങ്ങളുടെ പ്രതികരണത്തിന് ആവശ്യമായ പണം ഉണ്ടായിരിക്കുവാനാണ് ഈ നിധിയിലൂടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ദുരന്തം ഉണ്ടാകുന്ന അവസരങ്ങളിൽ സംസ്ഥാനത്തെ ദുരന്ത പ്രതികരണ നിധിയിലുള്ള തുക മതിയാകാതെ വരുന്ന സാഹചര്യത്തിൽ സംസ്ഥാനം കേന്ദ്രത്തെ ഒരു മെമ്മോറാണ്ടവുമായി അധിക സഹായത്തിനായി സമീപിക്കുകയും കേന്ദ്ര സർക്കാർ ആവശ്യമാണെങ്കിൽ ഉന്നത ഉദ്യോഗസ്ഥരെ അയച്ച് പരിശോധിച്ച് അധികമായി ആവശ്യമായിവരുമെന്ന് കാണുന്ന തുക നിർണ്ണയിച്ച് കേന്ദ്ര മാനദണ്ഡ പ്രകാരം അധിക സഹായം അനുവദിക്കുകയും ചെയ്യുന്നു.

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നൽകിയ ഈ തുക ഏതെങ്കിലും പ്രത്യേക മേഖലയിൽ ചെലവഴിക്കുവാനായിട്ടല്ല നൽകുന്നത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ തുക സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡ പ്രകാരം മാത്രമേ വിനിയോഗിക്കുവാൻ സാധിക്കുകയുള്ളൂ. അധികമായി അനുവദിക്കുന്ന തുക അതാത് ദുരന്തത്തിന് പ്രത്യേക നിധിയായി അല്ല അനുവദിക്കുന്നത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേക്ക് മൊത്തത്തിൽ അനുവദിക്കുകയും സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിക്കുന്നത് പ്രകാരം ജില്ലാ കളക്ടർമാരുടെ ആവശ്യാനുസരണം ഉചിതമായ ദുരന്ത പ്രതികരണത്തിന് ചെലവഴിക്കുകയും ചെയ്യുന്നതാണ് ഇതിന്റെ രീതി. ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും അധിക സഹായമായി തുക അനുവദിക്കുമ്പോൾ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ മുൻകാലങ്ങളിലെ നീക്കിയിരുപ്പായുള്ള തുകയുടെ പകുതി കുറയ്ക്കുക എന്നത് ധനകാര്യ കമ്മീഷൻ അംഗീകരിച്ച കേന്ദ്ര മാനദണ്ഡമാണ്. 2018-19 സാമ്പത്തിക വർഷാരംഭത്തിൻ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ 287.08

കോടി രൂപ മുൻകാലങ്ങളിലെ നീക്കിയിരുപ്പായി ഉണ്ടായിരുന്നു. ഈ തുകയുടെ നേർപകുതിയായ 143.54 കോടി രൂപയാണ് കേന്ദ്ര മാനദണ്ഡം അനുസരിച്ച് സംസ്ഥാനത്തിന്റെ അധിക സഹായ അർഹതയിൽ നിന്നും കുറവ് ചെയ്തത്. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് 111.7 കോടി രൂപ മാത്രമാണ് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്ന് അനുവദിച്ചിട്ടുള്ളത്.

## ഫ്ലഡ് സ്കീമിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്ന റോഡുകൾ

263(1333) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ലഡ് സ്കീമിൽ ഉൾപ്പെടുത്തി റോഡുകൾ പുനർനിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) മഴമൂലം തകർന്ന ചില റോഡുകളിൽ റീടാറിംഗ് നിലനിൽക്കുകയില്ലായെങ്കിൽ ഇത്തരം റോഡുകൾ ഫ്ലഡ് സ്കീമിൽ ഉൾപ്പെടുത്തി പുനർനിർമ്മാണം നടത്തുവാൻ സാധിക്കുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡമനുസരിച്ചുള്ള 20-5-2015-ലെ സ.ഉ.(കൈ)നമ്പർ 194/2015/ഡി.എം.ഡി. ഉത്തരവ് പ്രകാരം അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ അടിയന്തര സ്വഭാവമുള്ള ഗതാഗത പുനഃസ്ഥാപനത്തിനുവേണ്ടി മാത്രമേ ദുരന്ത പ്രതികരണ നിധി വിനിയോഗിക്കാൻ വ്യവസ്ഥയുള്ളൂ. പ്രസ്തുത മാനദണ്ഡ പ്രകാരം പ്രകൃതി ദുരന്തത്തിൽ നാശം സംഭവിക്കുന്ന ഗ്രാമീണ റോഡുകളുടെ (Rural Roads) പുനരുദ്ധാരണത്തിന് കിലോമീറ്ററിന് 60,000 രൂപയും മേജർ റോഡുകളുടെ പുനരുദ്ധാരണത്തിന് കിലോമീറ്ററിന് ഒരു ലക്ഷം രൂപയും മാത്രമാണ് ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചെലവഴിക്കാൻ വ്യവസ്ഥയുള്ളത്. ആയത് പ്രകാരം റോഡുകളുടെ പുനർ നിർമ്മാണം (reconstruction) നടത്തുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും തുക അനുവദിക്കുന്നതിന് സാധിക്കുകയില്ല അടിയന്തര പുനരുദ്ധാരണത്തിന് മാത്രമാണ് അനുമതിയുള്ളത്.

## മണൽ വിപണനത്തിന് നടപടി

264(1334) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലിന്റെ ലഭ്യതക്കുറവ് മൂലം നിർമ്മാണമേഖലയും മണൽ വാരി ഉപജീവനം നടത്തിയിരുന്ന തൊഴിലാളികളും നിലവിൽ കടുത്ത പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തുണ്ടായ പ്രളയത്തിനുശേഷം പുഴകൾ കര കവിഞ്ഞ് ഒഴുകിയതിന്റെ ഫലമായി പൊതുഇടങ്ങളിലും സ്വകാര്യ ഇടങ്ങളിലും വലിയ തോതിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലിന്റെ വിപണനം പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ;

(സി) പരിസ്ഥിതിക്ക് കോട്ടം വരാത്ത വിധം, വ്യക്തമായ നിബന്ധനകൾക്ക് വിധേയമായി, മണൽ ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)പ്രളയത്തെ തുടർന്ന് നദിയോടടുത്ത പ്രദേശങ്ങളിൽ അടിഞ്ഞുകൂടിയ മണലും ചെളിയും വേർതിരിച്ച് സൂക്ഷിക്കുന്നതിനും അവ പ്രളയബാധിതർക്ക് വീട് നിർമ്മാണം, റോഡു നിർമ്മാണം തുടങ്ങിയ ആവശ്യങ്ങൾക്ക് സർക്കാർ നിരക്കിലുള്ള തുക ഈടാക്കി വിൽപ്പന നടത്തുന്നതിനും തുക അതാത് ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് മുതൽക്കൂട്ടുവാനും 27-9-2018-ലെ സ.ഉ.(സാധാ)നമ്പർ 3987/2018/ റവന്യൂ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ ജില്ലകളിൽ സ്വീകരിച്ചുവരുന്നു.

(സി) പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ മണൽ ഖനനം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള 2013-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി), ആക്ട് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡ പ്രകാരമാണ് ജില്ലകളിൽ നദീതീര സംരക്ഷണ പ്രവർത്തനങ്ങളും മണൽ ഖനനവും നടന്നു വരുന്നത്.

**പ്രളയ ബാധിതർക്കുള്ള സർക്കാർ ആനുകൂല്യങ്ങൾ**

265(1335) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയത്തിൽ ഉപജീവനമാർഗം നഷ്ടമായ വ്യാപാരികൾക്കും ചെറുകിട കച്ചവടക്കാർക്കും വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർക്കും സർക്കാർ പലിശരഹിത വായ്പ വാഗ്ദാനം ചെയ്തിരുന്നുവോ;

(ബി) വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് കുടുംബശ്രീ വഴി നൽകുന്ന വായ്പയ്ക്ക് ഒൻപത് ശതമാനം പലിശ ഈടാക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രളയത്തിൽ ഉപജീവനമാർഗ്ഗം നഷ്ടമായ വ്യാപാരികൾക്കും ചെറുകിട കച്ചവടക്കാർക്കും സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ ഇതുവരെ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ ചെറുകിട, ഇടത്തര വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ, കടകൾ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്ത ബാധിതർക്ക് ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ പ്രയോജനപ്പെടുത്തി പുനരാരംഭിക്കുന്നതിന് 'ഉജ്ജീവന വായ്പാ പദ്ധതി' എന്ന പേരിലും പ്രളയക്കെടുതിയെ തുടർന്ന് വീടുകൾക്കും വീട്ടുപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചവർക്ക് കുടുംബശ്രീ മുഖേന ഗാർഹിക വായ്പാ പദ്ധതിയും നടപ്പിലാക്കിയിട്ടുള്ളതാണ്. വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് കുടുംബശ്രീ വഴി നൽകുന്ന ഈ വായ്പയ്ക്ക് ബാങ്കുകൾ 9% പലിശ ഈടാക്കുന്നുണ്ട്. 9% വരെയുള്ള പലിശ ബാങ്കുകൾ ഗുണഭോക്താക്കളിൽനിന്നും ഈടാക്കുകയും പിന്നീട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും കുടുംബശ്രീ വഴി ഗുണഭോക്താവിന് തിരികെ നൽകുന്നതുമാണ്.

(സി) ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്. ഉജ്ജീവന പദ്ധതി പ്രകാരമുള്ള ആനുകൂല്യം വ്യവസായവകുപ്പിന്റെ സർവ്വേയിൽ ഉൾപ്പെട്ട യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആറന്മുള മണ്ഡലത്തിലെ പ്രളയബാധിതർ**

266(1336) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിൽ പ്രളയ ദുരിത ബാധിതരായി എത്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ടെന്നും അവരുടെ എണ്ണം എത്രയെന്നും വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ആറൻമുള നിയോജകമണ്ഡലത്തിൽപ്പെട്ട എത്രപേർക്ക് 10,000-രൂപ ധനസഹായം ലഭിക്കാൻ അർഹത ഉണ്ടായിരുന്നുവെന്നും നാളിതുവരെ എത്ര പേർക്ക്പ്രസ്തുത തുക വിതരണം ചെയ്തുവെന്നും വ്യക്തമാക്കുമോ;

(സി) ഈ നിയോജകമണ്ഡലത്തിലെ പ്രളയബാധിതരായ എത്ര കുടുംബങ്ങൾക്ക് റവന്യൂ വകുപ്പ് മുഖാന്തരം നൽകിയ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പ്രളയത്തെത്തുടർന്ന് ഭാഗികമായും പൂർണ്ണമായും തകർന്ന വീടുകളുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ആറന്മുള നിയോജകമണ്ഡലത്തിൽ പ്രളയദുരിത ബാധിതരായി 13980 കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. അവരുടെ വില്ലേജ് തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(ബി) ആറന്മുള നിയോജകമണ്ഡലത്തിൽ 13980 കുടുംബങ്ങൾക്ക് അർഹതയുണ്ടായിരുന്നു. അർഹതയുണ്ടായിരുന്ന 13980 കുടുംബങ്ങൾക്കും 10,000 രൂപ വീതം ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(സി) ആറന്മുള നിയോജകമണ്ഡലത്തിൽ പ്രളയബാധിതർ ഉൾപ്പെടെ 20312 കുടുംബങ്ങൾക്ക് റവന്യൂ വകുപ്പ് മുഖാന്തരം കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ആറന്മുള നിയോജക മണ്ഡലത്തിൽ പൂർണ്ണമായും ഭാഗികമായും വീട് തകർന്നവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

**പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാര തുക**

267(T*1337) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ നൂറ്റാണ്ടിലെ മഹാപ്രളയത്തിൽ വീട് നഷ്ടപ്പെട്ടവരുടെ എണ്ണവും നഷ്ടപരിഹാര തുകയും എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വീടുകളുടെ പുനർനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) പൂർണ്ണമായും ഭാഗികമായും വീട് തകർന്നവർക്ക് തീരുമാനിച്ചിട്ടുള്ള നഷ്ടപരിഹാര തുക എത്ര വീതമാണ്;

(ഡി) ഈ പുനർനിർമ്മാണപദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ലഭിച്ച അപേക്ഷകളിൽ ജില്ലാകളക്ടർമാർ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ 13362 വീടുകളാണ് പൂർണ്ണമായും തകർന്നത്. വിവിധ തോതിലുള്ള തകർച്ച നേരിട്ട വീടുകൾക്ക് ദുരിതാശ്വാസ സഹായമായി 1,611.85 കോടി രൂപ ആവശ്യമാണ്.

(ബി) തൃശ്ശൂർ ജില്ലയിൽ 7 വീടുകളും പാലക്കാട് ജില്ലയിൽ 3 വീടുകളും വയനാട് ജില്ലയിൽ 17 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ടി ജില്ലകൾ ഉൾപ്പെടെ എല്ലാ ജില്ലകളിലും ആദ്യ ഗഡു ധനസഹായം നൽകിയ വീടുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. Care Home പദ്ധതിയിൽ ഉൾപ്പെടുത്തിയ വീടുകൾ എത്രയും വേഗം പണി തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാന സർക്കാർ രാജ്യത്തുതന്നെ ഏറ്റവും ഉയർന്ന തോതിൽ ദുരന്തത്തിൽ തകർന്നുപോയ വീടുകളുടെ പുനർനിർമ്മാണത്തിനുള്ള Minimum Relief code നിർണ്ണയിച്ചിട്ടുണ്ട്. പൂർണ്ണമായി തകർന്നതോ 75% അധികം തകർച്ച നേരിടുകയും വാസയോഗ്യമല്ലാതാകുകയും ചെയ്ത വീടുകളുടെ പുനർനിർമ്മാണത്തിന് 4 ലക്ഷം രൂപ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ മലയോര മേഖലയിൽ 1,01,900 രൂപയാണ് (സമതലത്തിൽ 95,100 രൂപ) ഇതിനായി അനുവദിച്ചിട്ടുള്ളത്. ആകെ നൽകുന്ന 4 ലക്ഷത്തിൽ ബാക്കിയുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് നൽകുന്നത്. Minimum Relief Code അനുസരിച്ച് സംസ്ഥാനത്തെ ദുരന്തങ്ങളിൽ തകരുന്ന വീടുകൾക്ക് നേരിട്ടിട്ടുള്ള നാശനഷ്ടത്തിന്റെ തോതനുസരിച്ച് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%ത്തിനു മേലെ എന്നിങ്ങനെ അഞ്ചു വിഭാഗമായി തിരിച്ച് ഓരോ വിഭാഗത്തിലും ധനസഹായ നിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്. പൂർണ്ണമായും സ്ഥലം ഒഴുകി പോയവർക്ക് സ്വന്തമായി കേരളത്തിൽ സ്ഥലം ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീട് നിർമ്മാണത്തിന് അനുയോജ്യം അല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ, പ്രമാണത്തിലുള്ള തുകയോ, ഏതാണോ കുറവ് ആ തുക അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. രാജ്യത്ത് സ്ഥലം ദുരന്തത്തിൽ ഒഴുകി പോയ ദുരന്ത ബാധിതർക്ക് വീടു വയ്ക്കാൻ സ്ഥലം വാങ്ങുന്നതിന് ഇത്രയും ഉയർന്ന അളവിൽ ദുരിതാശ്വാസ സഹായം അനുവദിക്കുന്ന മറ്റൊരു സംസ്ഥാനവുമില്ല.

പ്രകൃതി ദുരന്തങ്ങളിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം ദുരിതബാധിതരുടെ നേതൃത്വത്തിലും പൂർണ്ണ പങ്കാളിത്തത്തിലും ആകണമെന്ന രാജ്യാന്തരതലത്തിലുള്ള അംഗീകൃതമാതൃക പിന്തുടർന്ന് 2018-ൽ പ്രളയത്തിൽ പൂർണ്ണമായും തകർന്നതും ഗുരുതരമായി (75%ത്തിലേറെ) കേടുസംഭവിച്ച് വാസയോഗ്യമല്ലാതായതുമായ വീടുകളുടെ പുനർനിർമ്മാണം ആരംഭിക്കുന്നതിന് വീടുനഷ്ടപ്പെട്ടവരുടെ യോഗങ്ങൾ ബ്ലോക്കു തലത്തിൽ വിളിച്ച് ചേർക്കുവാനും വിശദമായി വിവിധ ഭവന നിർമ്മാണ സാദ്ധ്യതകൾ വിശദീകരിച്ച് നൽകുകയും ചെയ്തു. 'സുരക്ഷിത കൂടൊരുക്കാം കേരളം' എന്ന പേരിൽ ബോക്കുതലത്തിലും നഗരസഭാതലത്തിലും ഭവന നിർമ്മാണ സഹായകേന്ദ്രങ്ങളും ആരംഭിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചു. ലൈഫ് മിഷനാണ് ഈ കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതല. വൈദ്യുതി വിച്ഛേദിക്കപ്പെട്ട 25.57 ലക്ഷം കെട്ടിടങ്ങളിലേക്കുള്ള വൈദ്യുതി ബന്ധം 1-9-2018-ഓടുകൂടി തന്നെ പുനഃസ്ഥാപിച്ചു നൽകി.

(ഡി) പ്രളയത്തിൽ പൂർണ്ണമായി തകർന്ന വീടുകൾ ഇപ്പോഴത്തെ കണക്കനുസരിച്ച് 13,362 ആണ്. അതിൽ 7428 പേർ സ്വയം വീട് നിർമ്മിച്ചു കൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്. ആകെ 9341 പേർക്ക് ആദ്യ ഗഡു സഹായം നല്കി വീട് പണി ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവ സഹകരണ സ്ഥാപനങ്ങളുടെ കൂട്ടായ്മ, കെയർ ഹോം സന്നദ്ധ സംഘടനകൾ എന്നിവ മുഖേന നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. പൂർണ്ണമായി തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടത്തിയിട്ടുണ്ട്.

## മഹാപ്രളയത്തിലെ നാശനഷ്ടങ്ങൾ

268(1338) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിലെ നാശനഷ്ടങ്ങൾ സംബന്ധിച്ച് റവന്യൂ ദുരന്തനിവാരണ വകുപ്പ് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിവിധ വകുപ്പുകൾ തയ്യാറാക്കിയ കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) നവ കേരള നിർമ്മിതിക്കും പുനരധിവാസത്തിനുമായി സർക്കാർ നാളിതുവരെ ചെലവഴിച്ച തുകയും നടത്തിയ പ്രവർത്തനങ്ങളും വിശദീകരിക്കാമോ;

(സി) ഇക്കാര്യങ്ങൾക്കായി പ്രവാസി മലയാളികൾ, വ്യവസായ പ്രമുഖർ, ലോകബാങ്ക്, മറ്റ് ഏജൻസികൾ എന്നിവയിൽ നിന്നുള്ള സഹായങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ കണക്കുകൾ വെളിപ്പെടുത്തുമോ;

(ഡി) പുനരധിവാസത്തിനായി വിനിയോഗിച്ച തുക സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ദേശിയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡമനുസരിച്ച് 5616 കോടി രൂപയുടെ ദുരിതാശ്വാസ ധനസഹായത്തിന് അർഹമായ നാശനഷ്ടങ്ങളുടെ വിവരമാണ് ദുരന്ത നിവാരണ അതോറിറ്റി കണക്കാക്കിയിട്ടുള്ളത്. ആദ്യഘട്ടത്തി ലുണ്ടായ പ്രളയത്തിന് 820 കോടി രൂപയും രണ്ടാംഘട്ടത്തിലെ മഹാപ്രളയത്തിന് 4796 കോടി രൂപയും ഉൾപ്പെടെയാണിത്. വിവിധ വകുപ്പുകൾ തയ്യാറാക്കി നൽകിയത് അനുസരിച്ചാണ് മെമ്മോറാണ്ടം തയ്യാറാക്കിയത്. ആയതിന്റെ പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രളയത്തെത്തുടർന്ന് മാതൃകാപരമായ രീതിയിൽ സംസ്ഥാനത്തുടനീളം പരാതികൾക്കിട നൽകാത്ത വിധം ക്യാമ്പുകൾ നടത്താനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ക്യാമ്പുകളിൽ നിന്ന് വീടുകളിലേക്ക് മടങ്ങുന്ന പ്രളയ ബാധിതരായ കുടുംബങ്ങൾക്ക് അവശ്യസാധനങ്ങളടങ്ങുന്ന കിറ്റ് നൽകി. ഇത്തരത്തിൽ 7,24,352 കിറ്റുകൾ വിതരണം ചെയ്തു. സംസ്ഥാനത്തെ മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. പ്രളയബാധിതമേഖലയിലെ ദുർബല വിഭാഗങ്ങൾക്കും സാമ്പത്തികമായി പിന്നോക്കം നൽകുന്നവർക്കും 500 രൂപ വിലവരുന്ന സൗജന്യ ഭക്ഷ്യധാന്യ കിറ്റും സപ്ലൈകോ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ 10,50,838 കിറ്റുകൾ വിതരണം ചെയ്തു. ഇതിനായി 51.54 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുൻഗണനേതര കാർഡുകാർക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ച് കിലോ വീതം അരി നൽകി. പ്രളയക്കെടുതിയിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് സർവകലാശാല, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, കമ്മീഷനുകൾ, ഡയറക്ടറേറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഡ്യൂപ്ലിക്കേറ്റ്/പുതിയ രേഖകൾ നൽകുമ്പോൾ യാതൊരുവിധ ഫീസും ഈടാക്കുവാൻ പാടില്ലെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രളയ ബാധിതമായ ജില്ലകളിൽ നഷ്ടപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിന് അദാലത്തുകൾ നടത്തി. സംസ്ഥാന ദുരന്ത പ്രതികരണ നിധിയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയും ഉപയോഗിച്ച് പ്രളയബാധിതരിൽ നിന്ന് 6,87,843 കുടുംബങ്ങൾക്ക് 10,000 രൂപയുടെ അടിയന്തര സഹായം ബാങ്ക് മുഖാന്തരം നേരിട്ട് നൽകിയിട്ടുണ്ട്. ഇതിൽ ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമായ 3800 രൂപയ്ക്ക് പുറമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 6200 രൂപ കൂടി ഉൾപ്പെടുത്തിയാണ് 10,000 രൂപയുടെ സഹായം നൽകിയത്. രണ്ട് ദിവസം അടുപ്പിച്ച് വീട്ടിൽ വെള്ളം കയറുകയോ വീടിന് 75%അധികം നാശനഷ്ടം നേരിടുകയോ വീട് പൂർണ്ണമായും തകർന്നു പോകുകയോ ചെയ്തവർക്കാണ് കേന്ദ്ര മാനദണ്ഡപ്രകാരം മേൽ സഹായത്തിന് അർഹത.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രളയത്തിൽ മരണമടഞ്ഞ വ്യക്തികളുടെ കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദനീയമായ 4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രളയത്തിൽ കഷ്ടതകളനുഭവിക്കുന്ന ജനങ്ങൾക്ക് അവരുടെ ജീവനും ജീവനോപാധികളും തിരിച്ചുപിടിക്കാനുള്ള സഹായത്തിലേക്കായി RKLS (Resurgent Kerala Loan Scheme) എന്ന സാമ്പത്തിക സഹായ പദ്ധതി രൂപീകരിച്ച് 1 ലക്ഷം രൂപവരെ വായ്പലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും കുടുംബശ്രീയെ അതിന്റെ ചുമതല ഏൽപ്പിക്കുകയും ചെയ്തു. ഈ വായ്പയുടെ പലിശ (9%) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകാനും തീരുമാനിച്ചു. രാജ്യത്തെ അടിസ്ഥാന ദുരിതാശ്വാസത്തിൽ ഉൾപ്പെടാത്ത സൂക്ഷ്മ, ചെറുകിട, ഇടത്തര, വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ, കടകൾ, തേനീച്ച കർഷകർ, അലങ്കാര പക്ഷി കർഷകർ എന്നിവർക്ക് 2 ലക്ഷം രൂപ വരെയുള്ള ഉജ്ജീവന സഹായ പദ്ധതി നടപ്പാക്കി. ഉജ്ജീവന സഹായ പദ്ധതി പ്രകാരം കിസാൻ ക്രെഡിറ്റ് കാർഡുള്ള പ്രളയ ബാധിതരായ കർഷകർക്ക് സംസ്ഥാന സർക്കാർ 4%താങ്ങ് പലിശ നൽകുന്നു.

ദുരന്തത്തിൽ തകർന്നുപോയ വീടുകളുടെ പുനർനിർമ്മാണത്തിന് Minimum Relief Code നിർണ്ണയിച്ചിട്ടുണ്ട്. പൂർണ്ണമായി തകർന്നതോ 75% അധികം തകർച്ച നേരിടുകയും വാസയോഗ്യമല്ലാതാകുകയും ചെയ്ത വീടുകളുടെ പുനർനിർമ്മാണത്തിന് 4 ലക്ഷം രൂപ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ മലയോര മേഖലയിൽ 1,01,900 രൂപയും (സമതലത്തിൽ 95100 രൂപ) ഇതിനായി അനുവദിച്ചിട്ടുള്ളത്. ഇതിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള തുകയ്ക്ക് ഉപരിയായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നാണ് നൽകുന്നത്. Minimum Relief Code അനുസരിച്ച് സംസ്ഥാനത്തെ ദുരന്തങ്ങളിൽ തകരുന്ന വീടുകൾക്ക് നേരിട്ടുള്ള നാശനഷ്ടത്തിന്റെ തോതനുസരിച്ച് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75% ത്തിനു മേലെ എന്നിങ്ങനെ അഞ്ചു വിഭാഗമായി തിരിച്ച് ഓരോ വിഭാഗത്തിലും ധനസഹായനിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്. പൂർണ്ണമായും സ്ഥലം ഒഴുകിപോയവർക്ക് സ്വന്തമായി കേരളത്തിൽ സ്ഥലം ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീടുനിർമ്മാണത്തിന് അനുയോജ്യം അല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ, പ്രമാണത്തിലുള്ള തുകയോ, ഏതാണോ കുറവ് ആ തുക അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 2.36 ലക്ഷം പ്രളയ ദുരന്തബാധിതരായ കർഷകർക്കായി ഇതുവരെ 65 കോടി രൂപയുടെ ധനസഹായം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും വിതരണം ചെയ്തു. കൃഷിയിടങ്ങളിലെ ചെളിയും എക്കലും മാറ്റുവാൻ മാനദണ്ഡം അനുസരിച്ച് കർഷകർക്കായി കൃഷി വകുപ്പിന് മാനദണ്ഡം അനുസരിച്ചുള്ള രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദിച്ചു.

ഈ തുക കർഷകർക്ക് നൽകി വരുന്നു. ദുരന്ത ബാധിതമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പ്രദേശത്തെ കർഷകരുടെ ലോണുകളുടെ റിക്കവറി നടപടികൾക്ക് ഒരു വർഷം മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ റിസർവ് ബാങ്ക് മാനദണ്ഡ പ്രകാരം ദുരന്ത ബാധിത പ്രദേശത്തെ കടങ്ങൾക്ക് ബാങ്കുകളും മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. തകർന്ന ബണ്ടുകൾ നന്നാക്കുവാനും, പാടശേഖരത്തിൽ കയറിയ വെള്ളം വറ്റിക്കുവാനും കർഷക സംഘങ്ങൾക്ക് ചെലവായ തുക സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം നൽകി. ദുരിതാശ്വാസം സംബന്ധിച്ച പരാതികൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും (Deputy Collector, Disaster Management/ADM as the case may be), ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ തീരുമാനത്തിൽ പരാതിയുള്ളവർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാനായ കളക്ടറെയും സമീപിക്കുന്നതിന് ഉതകുന്ന രീതിയിൽ പരാതി പരിഹാര സംവിധാനം രൂപീകരിച്ചിട്ടുണ്ട്. പ്രളയ ദുരന്തത്തിന്റെ പാഠങ്ങൾ കൂടി ഉൾക്കൊണ്ടുകൊണ്ട് ദുരന്ത നിവാരണ പ്രവർത്തനങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വേണ്ടി സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ഉപഗ്രഹ ഫോൺ (Satelite Phone)നല്കുവാനുള്ള നടപടി സ്വീകരിച്ചു. ആദ്യ ഘട്ടമായി വയനാട്, എറണാകുളം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലാ കളക്ടർമാർക്ക് ഉപഗ്രഹ ഫോൺ നൽകി.

(സി) ഉണ്ട്. എന്നാൽ പ്രസ്തുത സംഭാവനകൾ തരം തിരിച്ച് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ഡി) 22-12-2018 വരെ 897.3 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ചിലവഴിച്ചിട്ടുണ്ട്.

## അപകടമരണങ്ങളിൽ ധനസഹായം അനുവദിക്കുന്നതിനുള്ള വരുമാനപരിധി

269(1339) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടമരണം സംഭവിക്കുന്ന കേസുകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്ന പരമാവധി ധനസഹായം എത്ര രൂപയാണെന്ന് അറിയിക്കുമോ;

(ബി) ഇത്തരം കേസുകളിൽ ധനസഹായം ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വരുമാന പരിധി വർദ്ധിപ്പിക്കണമെന്ന ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അപകടമരണത്തിന് ഇരയായവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സാധാരണഗതിയിൽ ഒരു ലക്ഷം രൂപ ധനസഹായം നൽകിവരുന്നു. എന്നാൽ ചില പ്രത്യേക ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ കൂടുതൽ തുകയും നൽകി വരുന്നുണ്ട്.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്.

(സി) പരിശോധിച്ചുവരികയാണ്.

## പ്രളയദുരിതാശ്വാസത്തിന്റെ ഭാഗമായ സംഭരണ കേന്ദ്രങ്ങളിലെ ഭക്ഷ്യ വസ്തുക്കൾ

270(1340) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയദുരിതാശ്വാസത്തിന്റെ ഭാഗമായി ശേഖരിച്ച വസ്തുങ്ങളും ഭക്ഷ്യ വസ്തുക്കളും മറ്റും സംഭരണകേന്ദ്രങ്ങളിൽ കിടന്ന് നശിയ്ക്കുന്നതായ മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പ്രളയദുരിതം അനുഭവിക്കുന്നവർക്ക് വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മറ്റു സംസ്ഥാനങ്ങളിൽനിന്നും വ്യക്തികളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും ലഭിച്ച മുമ്പ് ഉപയോഗിച്ച വസ്തുങ്ങൾ വിതരണം ചെയ്യാതെ സൂക്ഷിച്ചിരുന്നതായി മാധ്യമ വാർത്തകൾ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രകാരം ലഭിച്ചതിൽ ഉപയോഗയോഗ്യമായവ അർഹരായവർക്ക് വിതരണം ചെയ്യുകയും ഉപയോഗശൂന്യമായതും പഴകിയതുമായവ റീസൈക്കിൾ ചെയ്യുന്നതിന് അംഗീകൃത റീസൈക്ലിംഗ് കേന്ദ്രങ്ങളിലേക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

## റിവർ മാനേജ്മെന്റ് ഫണ്ട്

271(1341) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ 2017-18 വർഷത്തെ വരവ്, ചെലവ് എന്നിവയുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

കോഴിക്കോട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ 2017-18 വർഷത്തെ വരവ്, ചെലവ് എന്നിവയുടെ വിശദമായ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## എറണാകുളം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് പ്രവൃത്തികൾ

272(1342) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് 2015 മുതൽ വർഷം തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ഇനിയും ആരംഭിക്കാത്ത പ്രവൃത്തികളുണ്ടെങ്കിൽ അതിനുള്ള കാരണവും അറിയിക്കാമോ?

ഉത്തരം

(എ&ബി)2015 മുതൽ എറണാകുളം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ലിസ്റ്റും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

## ഡാറ്റാ ബാങ്കിലെ പിശകുകൾ പരിഹരിക്കാൻ നടപടി

273(1343) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിൽ വന്നിട്ടുള്ള പിശകുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(സി) ദശാബ്ദങ്ങളായി വീടിരിക്കുന്നതും അഞ്ച് സെന്റിൽ കുറവുള്ളതുമായ സ്ഥലങ്ങൾപോലും ഡാറ്റാ ബാങ്കിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം ന്യായമായ പരാതികൾ അദാലത്തുകൾ നടത്തി സമയബന്ധിതമായി പരിഹരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിൽ വന്നിട്ടുള്ള പിശകുകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 4 ഡി പ്രകാരം ഡാറ്റാബാങ്ക് അന്തിമമാക്കിയതിന് ശേഷം പ്രദർശിപ്പിച്ചിട്ടുള്ള ഡാറ്റാ ബാങ്കിലെ പിശകുകൾ പരിഹരിക്കുന്നതിന് ആക്ഷേപങ്ങൾ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഫാറം 5-ലുള്ള അപേക്ഷാ ഫാറത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതും ആയത് പ്രകാരം ലഭിക്കുന്ന അപേക്ഷകൾ നെൽവയലുകളെ സംബന്ധിച്ചുള്ളതാണെങ്കിൽ ബന്ധപ്പെട്ട കൃഷി ഓഫീസർക്കും തണ്ണീർത്തടങ്ങളെ സംബന്ധിച്ചുള്ളതാണെങ്കിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്കും റിപ്പോർട്ടിനായി അയച്ചുകൊടുക്കേണ്ടതും, റിപ്പോർട്ട് ലഭിച്ചതിനുശേഷം ഉചിതമാണെന്ന് കാണുന്ന പക്ഷം ആർ.ഡി.ഒ. നേരിട്ട് പരിശോധന നടത്തിയോ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടുകൂടിയോ ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ പരിശോധിച്ച് അപേക്ഷയിന്മേൽ തീരുമാനമെടുക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഡാറ്റാ ബാങ്കുകളിലെ തെറ്റായ വിവരംമൂലം സങ്കടമനുഭവിക്കുന്ന വ്യക്തിക്ക് പുനഃപരിശോധന അപേക്ഷ സമർപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തികൊണ്ട് ഡാറ്റാ ബാങ്ക് പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള വ്യവസ്ഥ സർക്കാരിന്റെ 30-5-2017-ലെ സ.ഉ.(പി)നമ്പർ34/2017/റവ. നമ്പർ വിജ്ഞാനപ്രകാരം ഭേദഗതി ചെയ്യുകയും, ഇത്തരത്തിലുള്ള 201364 വ്യക്തിഗത അപേക്ഷകൾ 27-11-2017 വരെ ബന്ധപ്പെട്ട പ്രാദേശിക നിരീക്ഷണ സമിതി കൺവീനറായ കൃഷി ഒഫിസർമാർ സ്വീകരിക്കുകയും, ഇപ്രകാരം ലഭ്യമായ അപേക്ഷകളിൽ ആവശ്യമായ സ്ഥല പരിശോധനയും ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ചുള്ള ശാസ്ത്രീയ പരിശോധനയും നടത്തുന്ന പ്രക്രിയകൾ അതത് പ്രാദേശിക സമിതികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(സി) റവന്യൂ രേഖകൾ പ്രകാരം നിലം തരത്തിൽപ്പെട്ടതും എന്നാൽ വർഷങ്ങൾക്ക് മുമ്പ് നികന്നതും മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്നതുമായ ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രകാരമുള്ള തെറ്റുകൾ തിരുത്തുന്നതിന് 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരം പരാതികൾ റവന്യൂ ഡിവിഷണൽ ഓഫീസർതലത്തിലും വില്ലേജ് ഓഫീസർ തലത്തിലും കൃഷി ഓഫീസർ തലത്തിലുമായി തീർപ്പാക്കേണ്ടതാണ്. വിവിധ തലത്തിലുള്ള റിപ്പോർട്ടുകളും പരാതി പരിഹാരത്തിന് അനിവാര്യമാണ്.

**നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള ഡാറ്റാ ബാങ്ക്**

274 (1344) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട നിയമപ്രകാരം ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം നിലവിൽ മന്ദഗതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ എത്ര വില്ലേജുകളിൽ നാളിതുവരെ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഡാറ്റാ ബാങ്കിൽ തെറ്റായ വിവരങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ അത് തിരുത്തുന്നതിനായി ലഭിച്ച അപേക്ഷകളിൽ വ്യക്തമായി തീർപ്പ് കല്പിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഈ സർക്കാർ കൊണ്ടുവന്ന ഭേദഗതിപ്രകാരം 2008 ന് മുമ്പ് നികത്തിയ നെൽവയലുകൾ ഫീസ് ഒടുക്കി ക്രമവൽക്കരിക്കാമെന്ന നിബന്ധന ദുരുപയോഗപ്പെടുത്തുന്നില്ലായെന്ന് എപ്രകാരമാണ് ഉറപ്പാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വില്ലേജ് തലത്തിൽ അല്ല ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്നത്. സംസ്ഥാനത്തെ 1076 കൃഷിഭവനുകളിൽ 29 എണ്ണത്തിൽ നെൽവയലോ തണ്ണീർത്തടമോ ഇല്ലാത്തതിനാൽ ഡാറ്റാ ബാങ്ക് ഇല്ലാത്തതാണ്. നാളിതുവരെ 791 കൃഷി ഭവനുകളിൽ ഡാറ്റാബാങ്ക് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഡാറ്റാ ബാങ്ക് പ്രസിദ്ധപ്പെടുത്താനുള്ള ബാക്കിയുള്ള 256 കൃഷിഭവനുകളിൽ കരട് ഡാറ്റാ ബാങ്ക് KSREC-യുടെ സഹായത്തോടെ ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗപ്പെടുത്തി പരിശോധിച്ച് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ പ്രാദേശികതല നിരീക്ഷണസമിതികൾ സ്വീകരിച്ചു വരുന്നു.

(സി) ഡാറ്റാ ബാങ്കിൽ തെറ്റായ വിവരങ്ങൾ തിരുത്തുന്നതിനായി ലഭിച്ച അപേക്ഷകളിൽ പ്രാദേശികതല നിരീക്ഷണ സമിതികൾ ഇപ്പോൾ നടത്തുന്ന സ്ഥല പരിശോധനയിലൂടെ 2008 ആഗസ്റ്റ് 12-ലെ വസ്തുവിന്റെ സ്ഥിതി സംബന്ധിച്ച് വിവരം ബോധ്യപ്പെടുന്ന പക്ഷം വ്യക്തമായി തീർപ്പുകൽപ്പിക്കാൻ സാധിക്കുന്നുണ്ട്. അപ്രകാരം തീർപ്പ് കൽപ്പിക്കാൻ സാധിക്കാതെ വരുന്ന അവസരങ്ങളിൽ വസ്തുവിന്റെ 2008-ലെ ആഗസ്റ്റ് 12-ലെ അവസ്ഥ സംബന്ധിച്ച് KSREC-യുടെ ഉപഗ്രഹ ചിത്ര പരിശോധനാ റിപ്പോർട്ട് പ്രാദേശികതല നിരീക്ഷണ സമിതികൾക്ക് പരിഗണിക്കേണ്ടി വരുന്നുണ്ട്. ചില വില്ലേജുകളുടെ റീസർവേ നടപടികൾ പൂർത്തീകരിക്കാത്തത് കാരണം അപേക്ഷകളിൻമേൽ തീരുമാനം കൈക്കൊള്ളാനും സാധിക്കാത്ത അവസ്ഥയുമുണ്ട്. കൂടാതെ, കൃഷി-റവന്യൂ ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധന അപേക്ഷകളിൽ വേണ്ടി വരുന്നതുകൊണ്ട് അപേക്ഷകളിൽ തീർപ്പാക്കാൻ കാലതാമസം ഉണ്ടാകുന്നുമുണ്ട്.

(ഡി) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമങ്ങളും, ചട്ടങ്ങളും പ്രകാരവും നടപടികൾ കൃത്യമായി പാലിച്ചുകൊണ്ട്, ടി ക്രമവൽക്കരണം ദുരുപയോഗപ്പെടുത്തുന്നില്ലായെന്ന് ഉറപ്പാക്കുന്നതിനായി വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഉപഗ്രഹചിത്ര പരിശോധനയുടെ അടിസ്ഥാനത്തിലും ഉറപ്പുവരുത്തിയ ശേഷമാണ് ക്രമവൽക്കരിക്കാൻ അനുമതി നൽകുന്നത്.

## കുടിയൊഴിപ്പിക്കലിനും ഏറ്റെടുക്കലിനും ബദൽ മാർഗ്ഗങ്ങൾ

275(1345) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ചേരാനല്ലൂരിലെ നിലവിലുള്ള ജംഗ്ഷൻ വികസന പദ്ധതിക്ക് താരതമ്യേന കുടിയൊഴിപ്പിക്കലും ഏറ്റെടുക്കലും കുറവുള്ള ബദൽ മാർഗ്ഗങ്ങൾ പരിഗണനയിലുണ്ടോ; ആയത് ദേശീയ പാത അതോറിറ്റിയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) പ്രസ്തുത ജംഗ്ഷൻ വികസനത്തിന് വേണ്ടി മാത്രം ഒരു പട്ടികജാതി കോളനി ഉൾപ്പെടെ 180 വീടുകളും 40 കടമുറികളും 3 ആരാധനാലയങ്ങളും 500 രോഗികൾ ദിവസേന ആശ്രയിക്കുന്ന ആശുപത്രിയും മറ്റ് പൊതുസ്ഥലങ്ങളും മാറ്റേണ്ടി വരും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇങ്ങനെ കുടിയൊഴിപ്പിക്കപ്പെട്ടവർ കഴിഞ്ഞ 12 വർഷത്തിനുള്ളിൽ ഒന്നിലധികം തവണ പൊതു ആവശ്യത്തിനു വേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവരാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഒന്നിലധികം തവണ കുടിയിറക്കുന്നത് നിയമവിരുദ്ധമാണ് എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) ഒന്നിലധികം തവണ കുടിയിറക്കിന് വിധേയരാക്കപ്പെട്ടവർ എന്നത് മുൻ നിർത്തി കൂടുതൽ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ചേരാനല്ലൂർ ജംഗ്ഷനിലെ വളരെ കുറച്ച് ഭൂമി ഏറ്റെടുത്തുകൊണ്ട് ജംഗ്ഷൻ വികസനം സാധ്യമാകുമോ എന്ന വിവരത്തിന് വിശദമായ റിപ്പോർട്ട് നൽകുന്നതിന് എറണാകുളം ജില്ലാകളക്ടർ, പ്രോജക്ട് ഡയറക്ടർ എൻ.എച്ച്.എ.ഐ.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ജംഗ്ഷൻ വികസനത്തിന് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന നടപടി നിർത്തിവച്ചിട്ടുള്ളതിനാൽ വീടുകൾ, കടമുറികൾ, ആരാധനാലയങ്ങൾ എന്നിവയുടെ കൃത്യമായ കണക്കുകൾ എടുത്തിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എൻ.എച്ച് 966 എ (കണ്ടെയ്നർ റോഡ്) നിർമ്മാണ വേളയിൽ ചേരാനല്ലൂർ ജംഗ്ഷൻ വികസനത്തിന് 12 വർഷത്തിനുള്ളിൽ കുടിയൊഴിപ്പിക്കപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വർഷങ്ങൾക്കുമുമ്പ് പൊതുമരാമത്ത് വകുപ്പിന്റെ അർത്ഥന പ്രകാരം പഴയ എൻ.എച്ച് 17-ന് (പുതിയ എൻ.എച്ച് 66) ഈ പ്രദേശത്ത് 30 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുത്തിരുന്നു. ഇപ്പോൾ 45 മീറ്റർ വീതിയിൽ ദേശീയപാത 66 നിർമ്മിക്കേണ്ടിവരുമ്പോൾ അധികമായി 15 മീറ്റർ സ്ഥലം കൂടി ഏറ്റെടുക്കേണ്ടതായിവരും കൂടാതെ ക്ലാവർലീഫ് ഇന്റർ ചെയിഞ്ച് (സിഗ്നൽ ലൈറ്റ് സംവിധാനം ഇല്ലാതെ തന്നെ വാഹനങ്ങൾ ഇടതടവില്ലാതെ കടന്നുപോകുന്ന രീതി) സംവിധാനം നടപ്പിലാക്കുന്നതിന് ചേരാനല്ലൂർ ജംഗ്ഷനിൽ വളരെയധികം ഭൂമി ഏറ്റെടുക്കേണ്ടതായിവരും.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ദേശീയപാത വികസനത്തിനായി 1956-ലെ ദേശീയപാത നിയമ പ്രകാരമാണ് ഭൂമി ഏറ്റെടുക്കുന്നത്. ദേശീയപാത നിയമപ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ LARR Act, 2013-ലെ ഷെഡ്യൂൾ 1 പ്രകാരം കോംപൻസേഷനും ഷെഡ്യൂൾ 2 പ്രകാരം പുനരധിവാസവും നൽകണമെന്നാണ് നിയമം അനുശാസിച്ചിട്ടുള്ളത്. എന്നാൽ ജനസാന്ദ്രത കൂടിയ പ്രദേശമെന്ന നിലവിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് LARR Act 2013-ലെ ഷെഡ്യൂൾ 2-ൽ പ്രതിപാദിച്ചിരിക്കുന്നതിനെക്കാൾ കൂടുതൽ തുക നൽകുന്നതിനായി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 29-12-2017-ലെ ജി.ഒ. (എംഎസ്) 448/2017/RD പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)* കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കൂടുതൽ തുക ഉൾപ്പെടുത്തികൊണ്ട് ഉത്തരവായിട്ടുണ്ട്.

## ഭൂമി ഏറ്റെടുക്കൽ

276 (1346) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാന പാതയുടെ വികസനത്തിനായി സാമൂഹ്യാഘാത പഠനം നടത്തുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനും ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സാമൂഹ്യാഘാത പഠനത്തിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ചേറ്റുപുഴ പാടം പ്രദേശത്ത് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും യോഗം വിളിച്ച് ചേർത്തിട്ടുണ്ടോ ; സ്ഥലം വിട്ടുതരുന്നതിന് ഭൂവുടമകൾ തയ്യാറായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ) തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാനപാതയുടെ ഒന്നാം ഘട്ട വികസനവുമായി ബന്ധപ്പെട്ട് അരണാട്ടുകര വില്ലേജ് മുതൽ എറവ് വില്ലേജ് വരെ ആറ് വില്ലേജുകളിലായി 3.7914 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി അർത്ഥന സമർപ്പിച്ചിട്ടുള്ളതും കണ്ടിൻജൻസി ചാർജ്ജിനത്തിൽ 50 ലക്ഷം രൂപ ഒടുക്കിയിട്ടുള്ളതുമാണ്. ഭൂമി ഏറ്റെടുക്കുന്നതിനായി ലാന്റ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ തൃശ്ശൂർ-നെ നിയമിച്ചിട്ടുള്ളതുമാണ്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള ശിപാർശ ജില്ലാ കളക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് LARR Act, 2013-ലെ മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

(ബി) ഇല്ല.

(സി) ചേറ്റുപ്പുഴ പാടത്ത് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് സ്ഥല ഉടമകൾ, റവന്യൂ സർവ്വേ, പൊതുമരാമത്ത് ഉദ്യോഗസ്ഥർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ പ്രതിനിധി, മണലൂർ എം.എൽ.എ. എന്നിവരുടെ നേതൃത്വത്തിൽ 8-12-2018-ന് അരിമ്പൂർ പഞ്ചായത്ത് ഹാളിൽ വച്ച് നടത്തിയ യോഗത്തിൽ പദ്ധതിക്കായി സ്ഥലം വിട്ടുതരുന്നതാണെന്ന് സ്ഥലമുടമകൾ സമ്മതിച്ചിട്ടുള്ളതാണ്.

## ഭൂമി ഏറ്റെടുക്കുമ്പോൾ വീട് നഷ്ടപ്പെടുന്നവരുടെ പുനരധിവാസം

277 (1347) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; ഇക്കാര്യത്തിലുള്ള തടസ്സങ്ങൾ നീക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂമി ഒഴിയുന്നവരുടെ പുനരധിവാസം സംബന്ധിച്ച കാര്യങ്ങളിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തിയെന്ന് വ്യക്തമാക്കുമോ;

(സി) പുനരധിവാസ പാക്കേജിൽ ആകർഷകമായ മാറ്റം വരുത്തി പുനരധിവാസ നയം രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ഭൂമി ഏറ്റെടുക്കലിൽ വീട് നഷ്ടപ്പെടുന്നവർക്ക് വീട് നല്കുന്നതിനും പ്രോജക്ട് മൂലമുണ്ടാകുന്ന തൊഴിലവസരങ്ങളിൽ മുൻഗണന നല്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വൻകിട വികസന പദ്ധതികൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>റെയിൽവേ വികസനം</u>

a. റെയിൽവെ ലൈൻ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലായി താഴെ പറയുന്ന രീതിയിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. കോട്ടയം ജില്ലയിൽ 3 റീച്ചുകളിലായിട്ടാണ് സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ളത്.

റീച്ച് 1 (വെള്ളൂർ-കുറുപ്പന്തറ)

ഏറ്റെടുക്കാനുള്ള 7.92 ഹെക്ടർ സ്ഥലത്തിൽ മുഴുവൻ സ്ഥലവും ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്.

റീച്ച് 2 (കുറുപ്പന്തറ-ചിങ്ങവനം)

ഏറ്റെടുക്കാനുള്ള 9.1967 ഹെക്ടർ സ്ഥലത്തിൽ 4.8753 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുള്ളതാണ്. ഇനി 4.32.14 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറുവാനുണ്ട്.

റീച്ച് 3 (ചിങ്ങവനം-പായിപ്പാട്)

ഏറ്റെടുക്കാനുള്ള 10.43.26 ഹെക്ടർ സ്ഥലത്തിൽ മുഴുവൻ സ്ഥലവും ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ തിരുവല്ല റെയിൽവേ സ്റ്റേഷനിൽ ഗുഡ്സ് യാർഡ് നിർമ്മാണത്തിനായി 75.02 ആർ സ്ഥലം എൽ.എ.ആർ.ആർ. നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

ആലപ്പുഴ ജില്ലയിൽ ഹരിപ്പാട്-അമ്പലപ്പുഴ റെയിൽവേ ലൈൻ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രീതിയിലാണ് സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ളത്.

ഫേസ് 1

ഏറ്റെടുക്കാനുള്ള 19.24.79 ഹെക്ടർ സ്ഥലത്തിൽ മുഴുവൻ സ്ഥലവും ഏറ്റെടുത്ത് റെയിൽവേക്ക് കൈമാറിയിട്ടുണ്ട്.

ഫേസ് 2

ഏറ്റെടുക്കാനുള്ള 8.52 ആർ സ്ഥലത്തിൽ മുഴുവൻ സ്ഥലവും ഏറ്റെടുത്ത് കൈമാറിക്കഴിഞ്ഞു.

ഫേസ് 3

ഏറ്റെടുക്കാനുള്ള 24.86 ആർ സ്ഥലത്തിൽ 17.46 ആർ സ്ഥലം ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. ഇനി 7.40 ആർ സ്ഥലം മാത്രമാണ് ഏറ്റെടുക്കുവാനുള്ളത്. ഈ വസ്തു ഏറ്റെടുത്ത് നൽകുന്നതിന്റെ നടപടിയുടെ ഭാഗമായി 14-1-2019-ൽ കൂടിയ SLEC ഭൂമിവില അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

റെയിൽവേ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് മറ്റ് അക്വിസിഷനുകൾ

1. അരൂർ ബ്രിഡ്ജ്

2.72 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് 14-1-2019-ൽ കൂടിയ SLEC ഭൂമിവില അംഗീകരിച്ച് നൽകിയിട്ടുണ്ട്.

2.സേഫ്റ്റി ഇൻസ്റ്റലേഷൻ, ചേർത്തല

1.74 ആർ സ്ഥലം ഏറ്റെടുത്ത് റെയിൽവെയ്ക്ക് കൈമാറി.

b. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽവേപാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മുതൽ നേമം വരെയുള്ള ഭാഗത്തെ വികസനത്തിനായി തിരുമല, നേമം, തൈക്കാട്, പള്ളിച്ചൽ വില്ലേജുകളിൽപ്പെട്ട 15 ഹെക്ടർ ഭൂമി എൽ.എ.ആർ.ആർ. നിയമപ്രകാരം ഏറ്റെടുക്കാൻ 7-11-2018-ലെ G.O (Rt) 495/2018/ Trans പ്രകാരം എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രദേശത്ത് സംയുക്ത പരിശോധന നടത്തി സാമൂഹ്യ പ്രത്യാഘാത

പഠനം നടത്തുന്നതിനുള്ള നടപടികൾ ജില്ലാകളക്ടർ സ്വീകരിച്ചുവരുന്നു. കൂടാതെ നേമം മുതൽ നെയ്യാറ്റിൻകര വരെയുള്ള റെയിൽവേപാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് പള്ളിച്ചൽ, അതിയന്നൂർ, നെയ്യാറ്റിൻകര വില്ലേജുകളിൽ നിന്നായി 3.20 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥന സമർപ്പിച്ചുവെങ്കിലും അർത്ഥന പഴയ സർവ്വേ നമ്പറിന്റെ അടിസ്ഥാനത്തിലുള്ളതിനാൽ റീ സർവ്വേ നമ്പറുകളുടെ അടിസ്ഥാനത്തിലുള്ള പുതുക്കിയ അർത്ഥന ലഭ്യമാക്കുന്നതിന് റെയിൽവേയും ആയതിലേക്കായി റെയിൽവേ അധികാരികളെ സഹായിക്കുന്നതിന് റെയിൽവേ (എൽ.എ) സ്പെഷ്യൽ തഹസീൽദാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

c. അങ്കമാലി-ശബരി റെയിൽവേയ്ക്കുവേണ്ടി എറണാകുളം ജില്ലയിൽ എരമല്ലൂർ, കോതമംഗലം, മുളവൂർ, വെള്ളൂർകുന്നം, മൂവാറ്റുപുഴ, മഞ്ചല്ലൂർ വില്ലേജുകളിൽ നിന്നായി 87.23 ഹെക്ടർ ഭൂമിയും പെരുമ്പാവൂർ, കൂവപ്പടി, വേങ്ങൂർ വെസ്റ്റ്, അശമന്നൂർ, റായമംഗലം വില്ലേജുകളിൽ നിന്നായി 26-2-80 ഹെക്ടർ ഭൂമിയും, ചേലമറ്റം, പെരുമ്പാവൂർ, കൂവപ്പടി വില്ലേജുകളിൽ നിന്നായി 18.37.28 ഹെക്ടർ ഭൂമിയും ഉൾപ്പെടെ മൊത്തം 131.62 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത്. ഈ ഭൂമി 2013-ലെ എൽ.എ.ആർ.ആർ. നിയമപ്രകാരം ഏറ്റെടുക്കുവാൻ തീരുമാനിക്കുകയും 17-1-2018-ലെ G.O (P) No.6/2018/RD പ്രകാരം പ്രസ്തുത ഏറ്റെടുക്കലിന്റെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനായി M/s.ഡോൺ ബോസ്കോ ആർട്ട്സ് & സയൻസ് കോളേജിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 24-7-2018-ൽ കൂടിയ SLEC യോഗത്തിൽ അങ്കമാലി-ശബരി റെയിൽവേയ്ക്കുവേണ്ടിയുള്ള മുഴുവൻ ഭൂമിയും റെയിൽവേ ആക്ട് മുഖേന ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. റെയിവെ അധികാരികൾ നാളിതുവരെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ടിട്ടുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 22-11-2018-ന് M/s ഡോൺ ബോസ്കോ ആർട്ട്സ് & സയൻസ് കോളേജ്, പെരുമ്പാവൂർ അടിസ്ഥാനമാക്കിയുള്ള സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. റെയിൽവേ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം അനന്തമായി നീണ്ടു പോകുന്ന സാഹചര്യത്തിൽ സമാന്തരമായി എൽ.എ.ആർ.ആർ. നിയമ പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകാൻ തീരുമാനിക്കുകയുണ്ടായി.

കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റെയിൽപാതയ്ക്കായി ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ്. മീനച്ചിൽ-കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ ലൈൻ കടന്നുപോകുന്നതിൽ രാമപുരം, കടനാട്, വെള്ളിലാപ്പള്ളി വില്ലേജുകളിൽപ്പെട്ട 22.19.80 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനാപത്രം ലഭിച്ചിട്ടുള്ളതും സംയുക്ത സ്ഥലപരിശോധന പൂർത്തിയാക്കിയിട്ടുള്ളതും ഫണ്ടിനായി റെയിൽവേയോട് അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്. മറ്റു വില്ലേജുകളിൽ ഫൈനൽ ലൊക്കേഷൻ സർവ്വെ നടപടികൾ റെയിൽവേ അധികൃതർ സ്വീകരിച്ചുവരുന്നു.

<u>ദേശീയപാത വികസനം</u>

സംസ്ഥാനത്ത് ഓരോ ജില്ലകളിലും ദേശീയപാതയുടെ വികസനത്തിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെ പുരോഗതി റിപ്പോർട്ട് അനുബന്ധമായി* ചേർത്തിരിക്കുന്നു.

<u>വിമാനത്താവള വികസനം</u>

(a) <u>തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം</u>:-

തിരുവനന്തപുരം വിമാനത്താവള വികസനത്തിനായി പേട്ട വില്ലേജിൽപ്പെട്ട 18 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എൽ.എ.ആർ.ആർ. ആക്ട്, 2013 സെക്ഷൻ 19(1) പ്രകാരമുള്ള പ്രഖ്യാപനം നടത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(b) <u>കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം</u>:-

കണ്ണൂർ വിമാനത്താവളത്തിനായി ഒന്നും രണ്ടും മൂന്നും നാലും ഘട്ടങ്ങളിലായി 2000.34 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 1192.18 ഏക്കർ ഭൂമി KIAL-ന് ownership ആയി കൈമാറുകയും ബാക്കി ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്.

(ബി-ഡി) വികസനപ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ LARR Act, 2013-ലെ ഷെഡ്യൂൾ 2 പ്രകാരം പുനരധിവാസം നൽകണമെന്നാണ് നിയമം അനുശാസിച്ചിട്ടുള്ളത്. എന്നാൽ, ജനസാന്ദ്രതകൂടിയ പ്രദേശമെന്ന നിലയിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് LARR Act 2013-ലെ ഷെഡ്യൂൾ 2-ൽ പ്രതിപാദിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ തുക നല്കുന്നതിനായി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 29-12-2017-ലെ ജി.ഒ. (എംഎസ്)448/2017/RD പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)* കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കൂടുതൽ തുക ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഭൂമി ഏറ്റെടുക്കുമ്പോഴുള്ള സാമൂഹ്യ ആഘാത പഠനം

278 (1348) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി പൊന്നും വിലക്കെടുക്കുമ്പോൾ സാമൂഹ്യ ആഘാത പഠനം നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര വിസ്തീർണത്തിലുള്ള ഭൂമി ഏറ്റെടുക്കുമ്പോഴാണ് പഠനം നടത്തേണ്ടതെന്ന് വിശദമാക്കാമോ;

(സി) പഠനം നടത്തേണ്ടത് ഏത് ഏജൻസിയാണ്;

(ഡി) 10 സെന്റ് വരെ ഭൂമി ഏറ്റെടുക്കുന്നതിന് ഈ വ്യവസ്ഥ ഒഴിവാക്കാൻ സാധിക്കുമോ;

(ഇ) ഡയറക്ട് പർച്ചേസിന് പൊന്നുംവില നിയമം ബാധകമല്ലാത്തതുകൊണ്ട് ഈ നിബന്ധനകളിൽ ഇളവ് നൽകാൻ സാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ തരത്തിലുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്കും സാമൂഹ്യ ആഘാത പഠനം നിർബന്ധമാണ്.

(സി) 200 ആർ-ൽ താഴെയുള്ള ഭൂമി ഏറ്റെടുക്കൽ കേസുകളിൽ ജില്ലാ കളക്ടർമാർ എംപാനൽ ചെയ്തിട്ടുള്ള ജില്ലാതല ഏജൻസിയും 200 ആർ-ന് മുകളിലുള്ള ഭൂമി ഏറ്റെടുക്കൽ കേസുകളിൽ സംസ്ഥാന സർക്കാർ എംപാനൽ ചെയ്തിട്ടുള്ള സംസ്ഥാനതല ഏജൻസിയുമാണ് സാമൂഹ്യ ആഘാത പഠനം നടത്തുന്നത്.

(ഡി) ഇല്ല.

(ഇ) ഡയറക്ട് പർച്ചേസ് മുഖേന ഭൂമി ഏറ്റെടുക്കുന്ന അവസരങ്ങളിൽ 2013-ലെ എൽ.എ.ആർ.ആർ. നിയമം ബാധകമല്ലാത്തതിനാൽ സാമൂഹ്യ ആഘാത പഠനം നടത്തേണ്ടതില്ല.

## ഭൂമി ഏറ്റെടുക്കുന്നതിനുള്ള റവന്യൂ നടപടിക്രമങ്ങൾ പരിഷ്കരിക്കാൻ നടപടി

279 (1349) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ നടപടിക്രമങ്ങൾമൂലം ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നിലവിലുള്ള സംവിധാനം പരിഷ്കരിക്കുന്നതിനുള്ള നിയമ നിർമ്മാണം പരിഗണനയിലുണ്ടോ;

(ബി) നിലവിൽ സംസ്ഥാനതല കമ്മിറ്റിക്കുള്ള (SLEC) അധികാരങ്ങൾ വികേന്ദ്രീകരിച്ച് ജില്ലാതല സമിതികൾ രൂപീകരിച്ച് അധികാരം നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പരിഗണനയിലില്ല.

## റോഡ് വീതി കൂട്ടുന്നതിന് മുസ്ലീംലീഗ് പാർട്ടിയുടെ ഓഫീസ് സ്ഥലം ഏറ്റെടുത്ത നടപടി

280 (1350) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറത്ത് റോഡ് വീതി കൂട്ടുന്നതിന് മുസ്ലീംലീഗ് പാർട്ടിയുടെ ഓഫീസ് സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സെന്റ് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്;

(ബി) ഏത് വ്യവസ്ഥയിലാണ് ഏറ്റെടുത്തിട്ടുള്ളത്;

(സി) ഇതിന് മൊത്തം നൽകേണ്ടിവരുന്ന പണം എത്രയാണ്;

(ഡി) നോട്ടിഫൈ ചെയ്ത വിലയുടെ എത്ര ഇരട്ടിയാണ് ഇതിന് നൽകേണ്ടി വരുന്നത്എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. 2.37 സെന്റ്

(ബി) 2013-ലെ RFCTLARR ആക്ട് പ്രകാരമാണ് ഏറ്റെടുത്തിട്ടുള്ളത്.

(സി) 1,06,72,745 (ഒരു കോടി ആറ് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി എഴുന്നൂറ്റി നാല്പത്തി അഞ്ച് രൂപാ മാത്രം)

(ഡി) ഭൂമിവിലയുടെയും (BVR), കുഴിക്കൂർ ചമയങ്ങളുടെയും ആകെ വിലയും, ആയതിന്റെ 100% സാന്ത്വന പ്രതിഫലവും, ഭൂമിവിലയുടെ (BVR) 12% വർദ്ധനയുമാണ് [4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി മുതൽ അവാർഡ് പാസ്സാക്കുന്ന തീയതി വരെ] നല്കിയിരിക്കുന്നത്.

## ആംഗ്ലോ ഇന്ത്യൻ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി റവന്യൂ ഭൂമി

281(1351) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംഗ്ലോ ഇന്ത്യൻ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിലേയ്ക്കായി എറണാകുളം ജില്ലയിൽ 25 സെന്റിൽ കുറയാത്ത റവന്യൂ ഭൂമി കണ്ടെത്തുന്നതിനായി എറണാകുളം കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശം നൽകിയതെന്നാണെന്നും ഇതു സംബന്ധിച്ച ഫയൽ നമ്പറും കത്തിന്റെ പകർപ്പും ലഭ്യമാക്കാമോ;

(സി) പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

### ഉത്തരം

(എ&ബി) ആംഗ്ലോ ഇന്ത്യൻ സാംസ്കാരിക നിലയം പണിയുന്ന ആവശ്യത്തിലേയ്ക്കായി എറണാകുളം ജില്ലയിൽ 25 സെന്റിൽ കുറയാത്ത റവന്യൂ ഭൂമി കണ്ടെത്തുന്നതിന് പിന്നോക്കവിഭാഗ വികസന (ബി) വകുപ്പ് സെക്രട്ടറിയുടെ 1-3-2018-ലെ 2148242/B2/2018/BCDD കത്തു മുഖേന എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) ഭൂമി കണ്ടെത്തുന്നതിനായി 8-3-2018-ൽ എറണാകുളം ജില്ലാ കളക്ടർ എല്ലാ തഹസിൽദാർമാർക്കും നിർദ്ദേശം നൽകുകയും പറവൂർ, കണയന്നൂർ എന്നീ താലൂക്കുകളിൽ ടി ആവശ്യത്തിലേയ്ക്ക് ഉപയുക്തമായ ഭൂമി ലഭ്യമല്ലെന്ന് ബന്ധപ്പെട്ട തഹസിൽദാർമാർ അറിയിച്ചിട്ടുള്ളതും മറ്റ് താലൂക്കുകളിൽനിന്ന് റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ എറണാകുളം ജില്ലാ കളക്ടർ തഹസിൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## റാണി മണ്ഡലത്തിലെ അപ്ലൈഡ് സയൻസ് കോളേജിന് പി.ഐ.പി. ഭൂമി

282(1352) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ അയിരൂരിൽ അനുവദിച്ച ഐ.എച്ച്.ആർ.ഡി.-യുടെ അപ്ലൈഡ് സയൻസ് കോളേജിനായി പി.ഐ.പി.-യുടെ എത്ര ഭൂമിയാണ് വിട്ടു നൽകാൻ സമ്മതം അറിയിച്ചിട്ടുള്ളത്; ഈ ഭൂമി ഐ.എച്ച്.ആർ.ഡി.ക്ക് വിട്ടുനൽകുന്നതിനായി എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; ഭൂമി വിട്ടുനൽകിക്കൊണ്ടുള്ള ഉത്തരവ് ഇതുവരെ പുറത്തിറക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) വിദ്യാഭ്യാസ സ്ഥാപനം എന്ന പരിഗണന നൽകി ഭൂമി സൗജന്യമായി വിട്ടു നൽകാൻ പി.ഐ.പി തയ്യാറായപ്പോൾ ഇതിന് തുക അടയ്ക്കണമെന്ന് നിർദേശിച്ചത് ആരാണ്;

(സി) വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനം എന്ന പരിഗണനയിൽ സൗജന്യമായി ഭൂമി ലഭ്യമാക്കണം എന്നഭ്യർത്ഥിച്ച് റാന്നി എം.എൽ.എ. ബഹു. റവന്യൂ മന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പി.ഐ.പി സൗജന്യമായി വിട്ടു നൽകിയ ഭൂമി ഐ.എച്ച്.ആർ.ഡി കോളേജിനായി സൗജന്യമായിത്തന്നെ വിട്ടു നല്കാൻ എന്താക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-ഡി) അയിരൂർ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ ഉടമസ്ഥതയിലുള്ള 1 ഏക്കർ സ്ഥലത്ത് ആരംഭിക്കുന്ന ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിനോട് ചേർന്നുകിടക്കുന്ന പി.ഐ.പി.-യുടെ കൈവശമുള്ള 20.24 ആർ സ്ഥലം സൗജന്യമായി പ്രസ്തുത ആവശ്യത്തിനായി വിട്ടു നൽകണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. ജലവിഭവ വകുപ്പിനു കീഴിലുള്ള പമ്പാ ഇറിഗേഷൻ പ്രോജക്ടിനു വേണ്ടി ഏറ്റെടുത്ത ഭൂമി പ്രസ്തുത പ്രോജക്ടിനു തുടർന്ന് ആവശ്യമില്ലാത്തപക്ഷം ആയത് ജലവിഭവ വകുപ്പ് 22-01-2000-ലെ സ.ഉ.(കൈ)387/2000/റവ ഉത്തരവു പ്രകാരം റവന്യൂ വകുപ്പിനു തിരികെ ഏൽപ്പിക്കേണ്ടതാണ് തുടർന്ന് പ്രസ്തുത ഭൂമി മറ്റ് ആവശ്യങ്ങൾക്കായി പാട്ടത്തിനോ കമ്പോളവില ഈടാക്കി പതിച്ചു നൽകുകയോ

ചെയ്യേണ്ടത് റവന്യൂ വകുപ്പാണ്. ഐ.എച്ച്.ആർ.ഡി. എന്ന സ്ഥാപനം സേവന വകുപ്പിന്റെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ സേവന വകുപ്പുകൾ തമ്മിലുള്ള സൗജന്യ ഭൂമി കൈമാറ്റത്തിനു വ്യവസ്ഥയില്ലാത്തതിനാൽ കമ്പോളവില ഈടാക്കി പതിച്ചു നൽകാനോ പാട്ടത്തിനു നൽകാനോ മാത്രമേ സാധ്യമാവുകയുള്ളൂ. അര ഏക്കർ സ്ഥലത്തിന്റെ ആകെ കമ്പോള വിലയായി നിർണ്ണയിച്ചിട്ടുള്ള 4,04,800 രൂപ നല്കി പ്രസ്തുത ഭൂമി ഏറ്റെടുക്കുവാൻ കഴിയാത്തപക്ഷം ടി ഭൂമി പാട്ടം കൊള്ളുവാൻ സന്നദ്ധമാണെങ്കിൽ ആയതിനുള്ള അപേക്ഷ ജില്ലാകളക്ടർക്ക് സമർപ്പിക്കുവാൻ ഐ.എച്ച്.ആർ.ഡി. അധികൃതരെ അറിയിച്ചിട്ടുണ്ട്. പാട്ടം സ്വീകരിക്കുന്നതിനായി അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## വൈലോങ്ങര-ഓരാടം-പാലം ബൈപ്പാസിനുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ

283(1353) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ വൈലോങ്ങര-ഓരാടം-പാലം ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ലാൻഡ് അക്വിസിഷൻ നടത്തുന്ന പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് മലപ്പുറം ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മങ്കട നിയോജകമണ്ഡലത്തിലെ വൈലോങ്ങര-ഓരാടം-പാലം ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് 1.2475 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 27-9-2016-ലെ സ.ഉ.1324/2016/PWD പ്രകാരം ഭരണാനുമതി നല്കിയിട്ടുള്ളതും 10-7-2018-ന് അർത്ഥനാധികാരി അർത്ഥന സമർപ്പിച്ചിട്ടുള്ളതുമാണ് എന്നാൽ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

## പുറമ്പോക്ക് ഭൂമി ഏറ്റെടുക്കാൻ നടപടി

284(1354) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കടയിൽ തൊഴിൽ വകുപ്പിനുകീഴിൽ പോളിടെക്നിക്കിനുവേണ്ടി മൂന്ന് ഏക്കർ പുറമ്പോക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) ഇതുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണയിൽ പ്രവർത്തിക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് ഭൂമി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ഉത്തരം

(എ) പെരിന്തൽമണ്ണ താലൂക്കിൽ മങ്കട വില്ലേജിൽ കർക്കിടകം ദേശം 48/1, 48/12 എന്നീ സർവേ നമ്പറുകളിലായി ഏറ്റെടുത്തിട്ടുള്ളതും പൊതു ആവശ്യത്തിന് മാറ്റിവച്ചതുമായ 3.82 ഏക്കർ മിച്ചഭൂമിയിൽ പുഴക്കാട്ടിരി ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഉപയോഗാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ മലപ്പുറം ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് 21-5-2018-ൽ സമർപ്പിച്ചിട്ടുള്ളതും ആയത് ലാൻഡ് റവന്യൂ കമ്മീഷണർ പരിശോധിച്ചു വരുന്നതുമാണ്. ഇക്കാര്യത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സർക്കാർ തലത്തിൽ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) പെരിന്തൽമണ്ണയിൽ പ്രവർത്തിക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട്, ടി ആവശ്യത്തിനായി ഭൂമി ലഭ്യമാണോ എന്നും ലഭ്യമായ ഭൂമി അനുയോജ്യമാണോ എന്നുമുള്ള കാര്യങ്ങൾ ജില്ലാ കളക്ടർ പരിശോധിച്ചുവരികയാണ്.

## കോഴിക്കോട് മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്ന-കൂളിമാട് കടവ് പാലം

285(1355) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്ന കൂളിമാട് കടവ് പാലത്തിന്റെ അക്വിസിഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) നഷ്ടപരിഹാരം നൽകി എത്ര ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്;

(സി) ഇനി എത്ര ഭൂമിയാണ് ഏറ്റെടുക്കാനുള്ളത്;

(ഡി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ അക്വിസിഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്. മലപ്പുറം ജില്ലയിലെ അക്വിസിഷൻ നടപടികൾ പൂർത്തിയായിട്ടില്ല.

(ബി&സി) കോഴിക്കോട്, മലപ്പുറം ജില്ലകളെ തമ്മിൽ ബന്ധിക്കുന്ന കൂളിമാട് പാലത്തിന് കോഴിക്കോട് ജില്ലയിൽ ഉൾപ്പെട്ട 0.1866 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 21.06 ആർ ഭൂമിയാണ് ഏറ്റെടുക്കാനുള്ളത്.

(ഡി) ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സങ്ങളൊന്നുമില്ല.

## ഈരാറ്റുപേട്ട ബൈപ്പാസിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ

286(1356) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈരാറ്റുപേട്ട ബൈപാസിന്റെ റീച്ച്-1, റീച്ച്-2 സ്ഥലമേറ്റെടുക്കൽ നടപടികൾ എത്ര നാളുകൾക്കകം പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ചുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഈരാറ്റുപേട്ട ബൈപ്പാസ് വികസനവുമായി ബന്ധപ്പെട്ട് റീച്ച് 1-ൽ 1.26 ഹെക്ടറും റീച്ച്-2-ൽ 1.24 ഹെക്ടറും ഉൾപ്പെടെ 2.50 ഹെക്ടർ സ്ഥലം എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് പുതുക്കിയ അർത്ഥനാപത്രം യഥാക്രമം 27-11-2018, 19-12-2018 എന്നീ തീയതികളിൽ ലഭിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ റീച്ച്-1, റീച്ച്-2-ന്റെ സാമൂഹ്യാഘാത പഠനം നടത്തുന്നതിനുള്ള പുതുക്കിയ 4(1)നോട്ടിഫിക്കേഷൻ യഥാക്രമം 7-1-2019, 17-1-2019 എന്നീ തീയതികളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾ ഉദ്ദേശം ഒന്നര വർഷത്തിനകം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## അങ്ങാടിപ്പുറം മാനത്തുമംഗലം ബൈപ്പാസ്

287(1357) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണത്തിന്റെ ഭാഗമായി അതിർത്തി കല്ലുകൾ സ്ഥാപിച്ച ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിൽ നിന്നും രേഖാമൂലം അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി നാളിതുവരെ അർത്ഥന സമർപ്പിച്ചിട്ടില്ല.

(ബി) മഞ്ചേരി പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 18-1-2019 തീയതികളിലെ ഇ 3-വർക്സ്-2017 കത്തിൽ പൊതുമരാമത്തും റെയിൽവേയും സംയുക്ത സ്ഥലപരിശോധന നടത്തി പുതിയ അലൈൻമെന്റ് തയ്യാറാക്കി ചെന്നൈ സതേൺറെയിൽവെ ചീഫ് എഞ്ചിനീയർക്ക് അയച്ച് കൊടുത്തതായി അറിയിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനിയർ, സതേൺ റെയിൽവേ അലൈൻമെന്റ് അംഗീകരിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് സ്ഥലമേറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകുന്നതാണ്.

**കിഴക്കേക്കോട്ടയിലെ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കൽ നടപടി**

288(1358) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിലെ കിഴക്കേക്കോട്ടയിലെ സംരക്ഷണ മതിലിന് ചുറ്റുമുള്ള കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള 72.250 സെന്റ് ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്ന വിഷയത്തിൽ തിരുവനന്തപുരം തഹസിൽദാർ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള സി.സി നോട്ടീസ് 15-4-2017-ൽ നൽകിയ പ്രകാരം ഒഴിപ്പിക്കൽ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഒഴിപ്പിക്കൽ എന്ന് ആരംഭിക്കുമെന്നറിയിക്കുമോ;

(സി) ഒഴിപ്പിക്കപ്പെടുന്ന അനധികൃത കച്ചവടക്കാർക്ക് പുനഃരധിവാസം ഒരുക്കാൻ കാട്ടുന്ന അമിത താൽപര്യം മറ്റ്സർക്കാർ ഇടങ്ങളിലും പുതു കയ്യേറ്റക്കാർക്ക് അവസരം ഒരുക്കാൻ സാദ്ധ്യതയുണ്ടെന്ന വസ്തുത പരിശോധിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഒഴിപ്പിക്കൽ നടപടി ആരംഭിച്ചിട്ടില്ല.

(ബി) ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ടി കയ്യേറ്റത്തിൽ ഉൾപ്പെട്ട അർഹരായ 20 വഴിയോര കച്ചവടക്കാരെ പുനരധിവസി പ്പിക്കുന്നതിന് തീരുമാനിച്ചിരുന്നു. പുനരധിവാസ നടപടികൾ പൂർത്തിയാക്കാത്ത തിനാലാണ് കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിക്കാൻ സാധിക്കാത്തത്. കച്ചവടക്കാരെ പുനരധിവസിപ്പിച്ച ശേഷം ഒഴിപ്പിക്കൽ നടപടി സ്വീകരിക്കാവുന്നതാണ്.

(സി) കിഴക്കേക്കോട്ടയിൽ ഒഴിപ്പിക്കൽ നോട്ടീസ് നൽകിയവരിൽ നീണ്ടകാലയളവിലായി കുത്തകപ്പാട്ടം പ്രകാരം നികുതി അടച്ച് ഭൂമി കൈവശം വച്ച് വരുന്നവർ ഉൾപ്പെടുന്നു. പിന്നീട് ടി പാട്ടങ്ങൾ റദ്ദാക്കിയിരിക്കുന്നു. നീണ്ടകാലയള

വിലായി പാട്ടം അടച്ച് വരുന്നതും ഉപജീവനമാർഗ്ഗമായി ടി സ്ഥലം കച്ചവടത്തിനായി ഉപയോഗിച്ചുവരുന്നതുമായ പ്രത്യേക സാഹചര്യം കണക്കിലെടുത്താണ് ഈ വിഷയത്തിൽ പുനരധിവാസത്തിനുള്ള സാധ്യതകൾ പരിഗണിച്ചത്. പ്രത്യേകമായി മാനുഷിക പരിഗണന നൽകേണ്ട ഇത്തരം കേസുകളിലൊഴികെ മറ്റ് കയ്യേറ്റങ്ങൾക്കെതിരെ ഭൂസംരക്ഷണ നിയമപ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

**എൻ.എച്ച് 66-നായുള്ള ഭൂമി ഏറ്റെടുക്കൽ**

289 (1359) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.എച്ച് 66-ന്റെ വികസനത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കാൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏത് നിയമപ്രകാരമാണ് പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) 1956-ലെ നാഷണൽ ഹൈവേ ആക്ട് അനുസരിച്ച് ഭൂമി ഏറ്റെടുത്താൽ 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിൽ വിഭാവന ചെയ്യുന്ന സുതാര്യത, ശരിയായ നഷ്ടപരിഹാരം, പുനരധിവാസം, പുനക്രമീകരണം (റീസെറ്റിൽമെന്റ്) എന്നിവ ഉറപ്പ് നൽകുവാൻ കഴിയുമോ;

(സി) ദേശീയപാത എൻ.എച്ച് 966 എ യ്ക്കുവേണ്ടി കുടിയിറക്കപ്പെട്ടവരെ ഇപ്പോഴും പുനരധിവസിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ എൻ.എച്ച് 66-ന് വേണ്ടി കുടിയിറക്കപ്പെടുന്നവർക്ക്, കുടിയിറക്കപ്പെടുന്നതിന് മുൻപുതന്നെ പുനരധിവാസം ഉറപ്പാക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ ആക്ട് നിലനിൽക്കേ ദേശീയപാതാ പരിപാലനം മുഖ്യ ലക്ഷ്യമായിട്ടുള്ള 1956 ലെ നാഷണൽ ഹൈവേ ആക്ട് അനുസരിച്ച് ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചത് ഏത് സർക്കാരിന്റെ / ഏജൻസിയുടെ (കേന്ദ്ര/സംസ്ഥാന)തീരുമാനം അനുസരിച്ചാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 1956-ലെ ദേശീയപാത നിയമപ്രകാരമാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി&സി) ദേശീയപാത വികസനത്തിനായി 1956-ലെ ദേശീയപാത നിയമപ്രകാരമാണ് ഭൂമി ഏറ്റെടുക്കുന്നത്. ദേശീയപാത നിയമപ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ LARR Act, 2013-ലെ ഷെഡ്യൂൾ 1 പ്രകാരം കോംപൻസേഷനും ഷെഡ്യൂൾ 2 പ്രകാരം പുനരധിവാസവും നൽകണമെന്നാണ് നിയമം അനുശാസിച്ചിട്ടുള്ളത്.

എന്നാൽ ജനസാന്ദ്രത കൂടിയ പ്രദേശമെന്ന നിലയിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് LARR Act 2013-ലെ ഷെഡ്യൂൾ 2-ൽ പ്രതിപാദിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ തുക നല്കുന്നതിനായി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 29-12-2017-ലെ ജി.ഒ.(എംഎസ്) 448/2017/RD പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)* കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കൂടുതൽതുക ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(ഡി) ദേശീയപാത വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ 1956-ലെ ദേശീയപാത നിയമപ്രകാരമാണ് നടന്നുവരുന്നത്. ഭാരതത്തിലെ ദേശീയപാതകൾ വികസിപ്പിക്കുന്നതിനും പുതിയ ദേശീയപാതകൾ നിർമ്മിക്കുന്നതിനുമാണ് 1956-ലെ ദേശീയപാത നിയമം വിഭാവന ചെയ്തിരിക്കുന്നത്.

## ആശിക്കും ഭൂമി ആദിവാസികൾക്ക് പദ്ധതി

290 (1360) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ 'ആശിക്കും ഭൂമി ആദിവാസികൾക്ക് എന്ന പദ്ധതി പരാജയപ്പെടാൻ ഇടയായ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇടനിലക്കാരെ ഒഴിവാക്കി അർഹരായ ആദിവാസികൾക്ക് ഭൂമി നല്കുന്നതിനായി ലാൻഡ് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇതിലേക്കായി ഭൂമി വാങ്ങുന്നതിന് പരിഗണിക്കുന്ന മാനദണ്ഡങ്ങളും മറ്റുഘടകങ്ങളും അറിയിക്കുമോ;

(ഡി) പ്രസ്തുത ഭൂമി വിതരണത്തിന് സ്വീകരിച്ച നടപടികളും അതിന്റെ പുരോഗതിയും അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് 23-10-2013-ലെ സർക്കാർ ഉത്തരവ് 84/2013 പജപവവിപ. പ്രകാരം നടപ്പിലാക്കിയ ' ആശിക്കും ഭൂമി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതി പ്രകാരം ഗുണഭോക്താക്കൾ സ്വന്തമായി കണ്ടെത്തുന്ന ഭൂമി 25 സെന്റിൽ കുറയാതെയും 1 ഏക്കറിൽ അധികരിക്കാതെയും പരമാവധി 10 ലക്ഷം രൂപ ചെലവഴിച്ച് ഭൂമി വാങ്ങി നൽകുകയാണ് ചെയ്തിരുന്നത്. സ്വന്തമായി ഭൂമി കണ്ടെത്തി കൊണ്ടുവരാൻ കഴിയാത്ത പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭിക്കാത്ത സാഹചര്യത്തിലും സംസ്ഥാനമൊട്ടാകെ 12000-ത്തോളം ഭൂരഹിത പട്ടികവർഗ്ഗക്കാർ നിലവിലുള്ളപ്പോൾ ടി പദ്ധതികൊണ്ട് ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ലായെന്നും ടി പദ്ധതിയിൽ വാസയോഗ്യവും, കൃഷിയോഗ്യവുമല്ലാത്തതും വഴി സൗകര്യമില്ലാത്തതും മാർക്കറ്റ് വിലയേക്കാൾ വളരെ കൂടിയ വിലയ്ക്കുള്ള ഭൂമി വാങ്ങി നൽകി എന്നിങ്ങനെയുള്ള ആരോപണങ്ങളെ തുടർന്ന് പല ജില്ലകളിലും വിജിലൻസ് അന്വേഷണം ഉണ്ടാകുകയും ചെയ്തിരുന്നു. ആയത് പട്ടികവർഗ്ഗ വികസനവകുപ്പിന്റെ ഭൂമി വാങ്ങിനൽകൽ പദ്ധതിക്ക് പൊതുസമൂഹത്തിന്റെ മുമ്പിൽ വ്യാപക വിമർശനം ഏറ്റുവാങ്ങേണ്ടി വരികയും പദ്ധതി വേണ്ടരീതിയിൽ മുന്നോട്ട് പോകാതെയുമിരിക്കാൻ കാരണമായി. ഇക്കാരണങ്ങളാൽ മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ' ആശിക്കും ഭൂമി ആദിവാസികൾക്ക് 'എന്ന പദ്ധതി പരാജയപ്പെടാൻ ഇടയാക്കി.

(ബി) ഇടനിലക്കാരെ ഒഴിവാക്കി അർഹരായ ആദിവാസികൾക്ക് ഭൂമി നല്കുന്നതിനായി പട്ടികവർഗ്ഗ മേഖലകളോട് ചേർന്ന പ്രദേശങ്ങളിലും ഭൂരഹിതർ ഇപ്പോൾ താമസിക്കുന്ന പഞ്ചായത്ത്/കോർപ്പറേഷൻ പരിധിയിലുമുള്ള സ്ഥലങ്ങൾക്ക് മുൻഗണന നൽകി വാസയോഗ്യവും, കൃഷിയോഗ്യവുമായ ഭൂമി ഭൂ ഉടമയിൽ നിന്നും ജില്ലാ മിഷൻ വാങ്ങി ലാന്റ് ബാങ്കായി നിലനിർത്തുന്നു. പദ്ധതി 3-3-2018-ലെ സ.ഉ.(എംഎസ്)നമ്പർ21/18/പജപവവിവ. ഉത്തരവ് പ്രകാരം ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം ജില്ലാ കളക്ടർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തുന്ന വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിച്ച് വാങ്ങി നൽകുകയാണ് ചെയ്യുന്നത്.

(സി) 3-3-2018-ലെ സ.ഉ.(എംഎസ്)നമ്പർ 21/2018/പജപവവിവ. പ്രകാരം ഭൂമി വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ ഇതോടൊപ്പം അനുബന്ധം*ആയി ചേർത്തിരിക്കുന്നു.

(ഡി) മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ പത്രമാധ്യമങ്ങൾ മുഖാന്തരം വിജ്ഞാപനം പുറപ്പെടുവിക്കുകയും, ഭൂമി വിൽക്കാൻ തയ്യാറുള്ള ഭൂ ഉടമകളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും, ഇതിനായി സംസ്ഥാനെമൊട്ടാകെ (കണ്ണൂർ, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ഒഴികെ) 689 ഭൂവുടമകളിൽ നിന്നും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1674.77 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*[*] ലഭിച്ച അപേക്ഷകളിൽ ഭൂരിഭാഗം അപേക്ഷകളിന്മേലും പഞ്ചായത്തുതല പരിശോധനയും പൂർത്തിയായിവരുന്നുണ്ട്. ടി പരിശോധനകൾ പൂർത്തിയാക്കിയ അപേക്ഷകൾ ജില്ലാതല പർച്ചേസ് കമ്മിറ്റിയുടെ ശിപാർശയ്ക്കായി അയച്ചിട്ടുണ്ട്. ജില്ലകളിൽ നിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഭൂമി വാങ്ങുന്നതിനായി തുക അനുവദിച്ച് നൽകുന്നതാണ്.

## വളാഞ്ചേരി ടൂറിസ്റ്റ് ബംഗ്ലാവിന്റെ സ്ഥലം ഉപയോഗിക്കുന്നതിലെ നിബന്ധനകൾ

291(1361) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളാഞ്ചേരി നഗരസഭയ്ക്ക് കൈമാറിയിട്ടുള്ള വളാഞ്ചേരി ടൂറിസ്റ്റ് ബംഗ്ലാവിന്റെ സ്ഥലം ഉപയോഗിക്കുന്നതിലെ നിബന്ധനകൾ ലഘൂകരിച്ച് കിട്ടുവാൻ വേണ്ടി നഗരസഭ ചെയർപേഴ്സൺ എന്നാണ് സർക്കാരിന് കത്ത് നൽകിയത്; കത്ത് എന്നാണ് ജില്ല കളക്ടർക്ക് അയച്ചത്; വ്യക്തമാക്കുമോ;

(ബി) ജില്ലാ കളക്ടർ എന്നാണ് സർക്കാരിന് റിപ്പോർട്ട് അയച്ചത്, എന്നാണ് ലാന്റ് റവന്യൂ കമ്മിഷണർക്ക് കത്ത് അയച്ചത് എന്നിവയുടെ വിശദാംശം അറിയിക്കാമോ;

(സി) ഇത് സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മിഷണർ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; നിബന്ധനകൾ ലഘൂകരിച്ച ഉത്തരവ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വളാഞ്ചേരി നഗരസഭ ചെയർപേഴ്സൺ 1-8-2017-നാണ് സർക്കാരിന് കത്ത് നൽകിയത്. 7-9-2017-നാണ് Rev P3/150/2017 നമ്പർ കത്ത് പ്രകാരം പ്രസ്തുത നിവേദനം മലപ്പുറം ജില്ലാ കളക്ടർക്ക് നൽകിയിട്ടുള്ളത്.

(ബി) മലപ്പുറം ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. 12-11-2018-ന് മലപ്പുറം ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മിഷണർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് 24-1-2019-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് പരിശോധിച്ചു വരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സാങ്കേതിക സർവ്വകലാശാല ആസ്ഥാനത്തിന് ഭൂമി

292(1362) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാനം നിർമ്മിക്കുന്നതിന് വിളപ്പിൽശാലയിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ ഫോറം ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടിയും തുടർനടപടിയും വിശദമാക്കുമോ?

ഉത്തരം

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയ്ക്ക് അക്കാഡമിക്ക് ക്യാമ്പസ് സ്ഥാപിക്കുന്നതിനായി കാട്ടാക്കട താലൂക്കിൽ വിളപ്പിൽ വില്ലേജിൽ ഉൾപ്പെട്ട 42.13.66 ഹെക്ടർ സ്ഥലം എൽ.എ.ആർ.ആർ. നിയമം 2013-ലെ വ്യവസ്ഥകൾ പ്രകാരം ഏറ്റെടുക്കുന്നതിനുള്ള അർത്ഥന എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല രജിസ്ട്രാർ 16-1-2019-ലെ 35/2014/കെ.റ്റി.യു. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സ്ഥലം ഏറ്റെടുക്കുന്നതിന് മുന്നോടിയായി കെട്ടിവയ്ക്കേണ്ട 5% കണ്ടിജൻസി ചാർജ് നാളിതുവരെയായി കെട്ടിവച്ചിട്ടില്ലാത്തതിനാൽ സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല.

## വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന്റെ നടപടിക്രമങ്ങൾ

293(1363) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി സർക്കാരിന്റെയോ പൊതുവായതോ ആയ ആവശ്യത്തിന് മറ്റൊരു വകുപ്പിന് കൈമാറുമ്പോൾ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ എന്തൊക്കെയാണ്;

(ബി) വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന് സങ്കീർണ്ണമായ നടപടി ക്രമങ്ങൾ നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ നടപടിക്രമങ്ങൾ ലളിതമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സേവന വകുപ്പുകൾക്ക് ഭൂമി കൈമാറുന്നത് 1968-ലെ സർക്കാർ ഭൂമിയും കെട്ടിടങ്ങളും കൈമാറ്റ ചട്ടങ്ങൾ പ്രകാരമാണ്. വർദ്ധിച്ചുവരുന്ന വികസനാവശ്യങ്ങൾ, ഭൂമി കൈമാറ്റത്തിനുള്ള കാലതാമസം എന്നിവ പരിഗണിച്ച് നഗരപ്രദേശങ്ങളിൽ

10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്തിൽ 50 സെന്റ് വരെയുമുള്ള ഭൂമി സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് 5-6-2018-ലെ ജി.ഒ.(പി) നമ്പർ 31/18/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. ടി ഉത്തരവിന്റെയും വിശദമായ വില നിർണ്ണയം ഒഴിവാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റ നടപടികൾ സ്വീകരിക്കുന്നതിന് 1-11-2018-ലെ എൽ.ആർ.കെ. 2-27511/17-ാം നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന് നിലനിന്നിരുന്ന നടപടി ക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് ഗവൺമെന്റ് 5-6-2018-ൽ ജി.ഒ.(പി)31/18 നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. നിലവിൽ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന് സങ്കീർണ്ണമായ നടപടിക്രമങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കടുത്തുരുത്തി സർക്കാർ പോളിടെക്നിക്കിനുവേണ്ടി വാങ്ങിയ ഭൂമി

294(1364) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി സർക്കാർ പോളിടെക്നിക്കിനുവേണ്ടി കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ ഭൂമിയിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് ഭൂമി അനുവദിക്കുന്നതിന് സർവ്വേ സംബന്ധമായ നടപടികൾ പൂർത്തിയാക്കാൻ 23-10-2018 ൽ റവന്യൂ വകുപ്പിന് നൽകിയ ഫയലിൽ കോട്ടയം ജില്ലാകളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്ന കാലതാമസത്തിന്റെ കാരണം അറിയിക്കാമോ;

(ബി) ഓരോ ആവശ്യത്തിനും അനുവദിക്കേണ്ട ഭൂമിയുടെ സർവ്വെ നമ്പരും വിസ്തീർണ്ണവും കൃത്യമായി രേഖപ്പെടുത്തിക്കൊണ്ട് പഞ്ചായത്ത് ഏറ്റെടുത്ത ഭൂമി മാത്രം ഉൾപ്പെടുന്ന പുതുക്കിയ പ്രൊപ്പോസൽ എത്രയും വേഗം സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കടുത്തുരുത്തി സർക്കാർ പോളിടെക്നിക്കിനുവേണ്ടി വാങ്ങിയ ഭൂമിയിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട റവന്യൂ വകുപ്പിന്റെ ഫയലിന്റെ (ഫയൽ നമ്പർ RC4/137/2017 എൽ.എസ്.ജി.ഡി.) പുരോഗതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) കടുത്തുരുത്തി സർക്കാർ പോളിടെക്നിക്കിനുവേണ്ടി കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ ഭൂമിയിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് ഭൂമി അനുവദിക്കുന്നത് സംബന്ധിച്ചുള്ള ഫയൽ റവന്യൂ വകുപ്പിൽ നിലവിലില്ല. 23-10-2018-ൽ കോട്ടയം ജില്ലാ കളക്ടർ നൽകിയ നിർദ്ദേശം തദ്ദേശ സ്വയംഭരണ വകുപ്പ് പരിശോധിച്ചുവരികയാണ്.

**ഭൂമിയുടെ പാട്ടത്തുക കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി**

295(1365) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പാട്ടത്തിന് നൽകിയ ഭൂമിയുടെ പാട്ടത്തുക പല സ്ഥാപനങ്ങളും കുടിശ്ശിക ആക്കിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയാണ് ഈയിനത്തിൽ ലഭിക്കുവാനുള്ളത്;

(ബി) കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് നേടിയിട്ടുള്ള കേസുകളുടെ സ്റ്റേ ഉത്തരവ് നീക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) വ്യക്തമായ കാരണം ബോധിപ്പിക്കാത്ത സാഹചര്യത്തിൽ സ്റ്റേ ആറുമാസത്തിലധികം നിലനിൽക്കില്ലായെന്ന കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇത്തരം കേസുകളിൽ എന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ മൂന്ന് വർഷം കൂടുമ്പോഴും പാട്ടത്തുക പുതുക്കി നിശ്ചയിക്കണമെന്ന വ്യവസ്ഥ പ്രകാരം പാട്ടത്തുക പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പാട്ടകുടിശ്ശിക ഇനത്തിൽ സർക്കാരിന് ഏകദേശം ആയിരത്തി ഒരുന്നൂറു കോടിയോളം രൂപ ലഭിക്കേണ്ടതായിട്ടുണ്ടെന്ന് പ്രാഥമിക വിവരങ്ങളിൽ നിന്നും ബോദ്ധ്യമായിട്ടുണ്ട്.

(ബി&സി) കോടതിയിൽ സ്റ്റേ ഉത്തരവ് നേടിയിട്ടുള്ള കേസ്സുകളിൽ പ്രത്യേക താൽപ്പര്യമെടുത്ത് കേസുകളിൽ സ്റ്റേ ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് പാട്ടം നൽകിയിരിക്കുന്ന മുഴുവൻ കേസ്സുകളിലും ഇത്തരത്തിൽ 3 വർഷത്തിലൊരിക്കൽ പാട്ടം പുതുക്കി നിശ്ചയിച്ചിട്ടില്ല എന്നു കാണുന്നു. പാട്ടം പുതുക്കി നിശ്ചയിക്കാത്ത കേസ്സുകളിൽ അടിയന്തരമായി പാട്ടം പുതുക്കുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ സ്വീകരിക്കുന്നുണ്ട്.

## സീനിയറേജ് അടയ്ക്കാതെ തോട്ടങ്ങളിൽനിന്നും റബർ മരം മുറിച്ച് മാറ്റുന്നതിന് അനുമതി

296(1366) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ അടക്കമുള്ള വൻകിട തോട്ടങ്ങളിൽ നിന്നും സീനിയറേജ് അടയ്ക്കാതെ റബ്ബർ മരം മുറിച്ച് മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യം അറിയിക്കുമോ;

(ബി) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുവാൻ നിയോഗിച്ച കമ്മിറ്റി റബ്ബർ മരങ്ങളുടെ സീനിയറേജ് പൂർണ്ണമായും ഒഴിവാക്കി നൽകണമെന്ന് ശിപാർശ നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ എന്ത് തുക ഈടാക്കണമെന്നാണ് കമ്മിറ്റി ശിപാർശ ചെയ്തത്;

(ഡി) കമ്മിറ്റിയുടെ പ്രസ്തുത ശിപാർശയ്ക്ക് വിരുദ്ധമായി സീനിയറേജ് പൂർണ്ണമായും ഒഴിവാക്കിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഇ) കമ്മിറ്റിയുടെ ശിപാർശയ്ക്ക് വിരുദ്ധമായി സീനിയറേജ് പൂർണ്ണമായും ഒഴിവാക്കികൊണ്ടുള്ള ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ;

(എഫ്) സർക്കാർ ഉത്തരവ് വന്നത് മുതൽ ഹൈക്കോടതി ഇത് സ്റ്റേ ചെയ്യുന്നത് വരെ സീനിയറേജ് അടയ്ക്കാതെ റബ്ബർ മരങ്ങൾ മുറിച്ച് മാറ്റിയതിലൂടെ ഹാരിസൺ അടക്കമുള്ള വൻകിട തോട്ടമുടമകൾക്ക് എത്രകോടി രൂപയുടെ ആനുകൂല്യമാണ് ലഭിച്ചതെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) റബർ മരങ്ങൾ മറിച്ചു മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് തുക പൂർണ്ണമായും ഒഴിയാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 27-6-2018-ലെ സ.ഉ.(കൈ)24/18/വനം പ്രകാരമാണ് ഉത്തരവ് നൽകിയിട്ടുള്ളത്. എന്നാൽ മേൽ ഉത്തരവിൽ വൻകിടതോട്ടങ്ങൾ എന്നോ ചെറുകിട തോട്ടങ്ങൾ എന്നോ പരാമർശിച്ചിട്ടില്ല. റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ നിർദ്ദേശത്തിന്റെയും, 26-2-2018-ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന തൊഴിലാളി യൂണിയൻ നേതാക്കളുടെയും ഉന്നത ഉദ്യോഗസ്ഥൻമാരുടെയും യോഗത്തിലെ തീരുമാനത്തിന്റെയും വെളിച്ചത്തിൽ റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിൽ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് റബ്ബറിന്റെ സീനിയറേജ് ഒഴിവാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളത്.

(ബി) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിൽ "തോട്ടങ്ങളിൽ നിന്നും റബ്ബർ മരങ്ങൾ റീപ്ലാന്റേഷനുവേണ്ടി മുറിച്ചുമാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് സീനിയറേജ് ഈടാക്കുന്നത് നിർത്തലാക്കണം" എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി റിപ്പോർട്ട് പരിഗണിച്ച് ശിപാർശ നൽകുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ടാക്സസ്, ഫിനാൻസ്, ഫോറസ്റ്റ്, റവന്യൂ, അഗ്രികൾച്ചർ, ലേബർ & സ്കിൽസ്, നിയമം എന്നീ സെക്രട്ടറിമാർ അംഗങ്ങളായി രൂപീകരിച്ച കമ്മിറ്റി റബ്ബർ മരങ്ങളുടെ സീനിയറേജ് പൂർണ്ണമായും ഒഴിവാക്കി നൽകണമെന്ന് ശിപാർശ നൽകിയിരുന്നില്ല.

(സി) നിലവിലുണ്ടായിരുന്ന സീനിയറേജ് തുകയായ ഒരു ക്യൂബിക് മീറ്ററിന് 2500 രൂപ എന്ന നിരക്കിൽ നിന്നും 1000 രൂപയായി കുറയ്ക്കണമെന്നാണ് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി ശിപാർശ ചെയ്തിരുന്നത്.

(ഡി) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി സർക്കാർ നിയോഗിച്ച റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ, തോട്ടം മേഖലയിലെ പ്രതിസന്ധിതരണം ചെയ്യുന്നതിനുള്ള പരിഹാര നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതിൽ "തോട്ടങ്ങളിൽ നിന്നും റബ്ബർ മരങ്ങൾ റീപ്ലാന്റേഷനുവേണ്ടി മുറിച്ചുമാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് സീനിയറേജ് ഈടാക്കുന്നത് നിർത്തലാക്കണം" എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പരിശോധിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതതല കമ്മിറ്റിയെ നിയോഗിക്കുകയും മേൽ കമ്മിറ്റിയുടെ 27-9-2017-ൽ കൂടിയ യോഗത്തിൽ റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിൽ റബ്ബർ മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് നിലവിലുണ്ടായിരുന്ന ഒരു ക്യൂബിക് മീറ്ററിന് 2500 രൂപ എന്ന നിരക്കിൽ നിന്നും 1000 രൂപയായി കുറയ്ക്കുവാൻ ശിപാർശ ചെയ്യുകയുമുണ്ടായി. അതിനുശേഷം 26-2-2018-ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തൊഴിൽ വകുപ്പുമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും മറ്റു ഉന്നത ഉദ്യോഗസ്ഥരുടെയും തൊഴിലാളി യൂണിയൻ നേതാക്കളുടെയും യോഗം ചേരുകയും, ടി യോഗത്തിൽ "റബ്ബർ മരങ്ങൾ മുറിച്ച് മാറ്റാൻ കഴിയാത്ത സാഹചര്യം നിലനിൽകുന്ന സാഹചര്യത്തിൽ റീപ്ലാന്റിംഗിന് അവസരം സൃഷ്ടിക്കുന്നതിനായി സീനിയറേജ് ഒഴിവാക്കുന്നത് പരിഗണിക്കുന്നതാണ്" എന്ന് തീരുമാനിച്ചിട്ടുണ്ട്. റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ നിർദ്ദേശത്തിന്റെയും, 26-2-2018-ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന തൊഴിലാളി യൂണിയൻ നേതാക്കളുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും യോഗത്തിലെ തീരുമാനത്തിന്റെയും വെളിച്ചത്തിൽ, റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിൽ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് റബ്ബറിന്റെ സീനിയറേജ് ഒഴിവാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളത്.

(ഇ) WPC No.40726/18 എന്ന കേസിൽ 14-12-2018-ലെ ഉത്തരവിൻ പ്രകാരം 14-12-2018-ലെ തൽസ്ഥിതി തുടരാൻ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ.(കൈ)24/18/വനം തീയതി 27-6-2018 പ്രാവർത്തിക മാക്കുന്നത് ടി കേസിലെ തുടർ ഉത്തരവുകൾക്ക് വിധേയമായിരിക്കും എന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്.

(എഫ്) സീനിയറേജ് ഒഴിവാക്കിയതിനുശേഷമുള്ള റബ്ബർ മരങ്ങളുടെ മുറിച്ചുമാറ്റലിന്റെ വിവരങ്ങൾ വനം വകുപ്പ് ശേഖരിച്ചിട്ടില്ല.

**പാട്ടത്തിന് നൽകിയ സ്ഥലങ്ങൾ**

297 (1367) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ റവന്യൂ വകുപ്പ് പാട്ടത്തിന് നൽകിയ സ്ഥലങ്ങളുടെ വിശദാംശം നൽകുമോ;

(ബി) സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ)കോഴിക്കൊട് ജില്ലയിൽ റവന്യൂ വകുപ്പ് പാട്ടത്തിന് നൽകിയ ഭൂമിയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകിയ ഭൂമിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പാട്ടകാലാവധി കഴിഞ്ഞ ഭൂമി തിരിച്ച് പിടിക്കാൻ നടപടി**

298(1368) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമികളുടെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചുപിടിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(സി) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ച് പിടിക്കുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാടിസ്ഥാനത്തിൽ പ്രത്യേക കമ്മിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) പാട്ടക്കാലാവധി കഴിഞ്ഞ 415 കേസുകളിലായി 1155.31 കോടി രൂപ പാട്ടകുടിശ്ശികയുണ്ട്. ആയതിന്റെ ജില്ലാ അടിസ്ഥാനത്തിലുള്ള പട്ടിക ചുവടെ ചേർക്കുന്നു :

പട്ടിക

| ക്രമ നമ്പർ | ജില്ല | കേസുകളുടെ എണ്ണം | തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 85 | 1540759680 |
| 2 | കൊല്ലം | 49 | 956498636 |
| 3 | ആലപ്പുഴ | 14 | 14620656 |
| 4 | പത്തനംതിട്ട | 28 | 48392196 |
| 5 | കോട്ടയം | 14 | 113838088 |
| 6 | ഇടുക്കി | 31 | 2644244 |
| 7 | എറണാകുളം | 96 | 5854122597 |
| 8 | തൃശ്ശൂർ | 21 | 2131708266 |
| 9 | പാലക്കാട് | 9 | 34120309 |
| 10 | മലപ്പുറം | 10 | 114943066 |
| 11 | കോഴിക്കോട് | 11 | 703316174 |
| 12 | കണ്ണൂർ | 16 | 3190079 |
| 13 | വയനാട് | 0 | 0 |
| 14 | കാസർഗോഡ് | 31 | 34982459 |
| | മൊത്തം | 415 | 11553136450 |

(ബി) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ച് പിടിക്കാനായി നിയമം അനുശാസിക്കുന്നവിധം ഓരോ കക്ഷികൾക്കും നോട്ടീസ് നൽകി നേരിൽ കേൾക്കുന്നതിനും നാളിതുവരെയുള്ള പാട്ടത്തുക നിലവിലെ ചട്ടങ്ങൾ പ്രകാരം ഈടാക്കാനും അനധികൃതമായി കൈവശം വച്ചിരുന്ന ഭൂമി തിരിച്ചെടുക്കുന്നതിന് വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനും അതാത് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പാട്ടക്കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ പാട്ടകുടിശ്ശിക ഈടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ കൺവീനറായും ധന-നിയമ-റവന്യൂ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായും സർക്കാർ ഒരു സമിതി രൂപീകരിച്ചിരിക്കുന്നു. ടി സമിതി പാട്ടക്കുടിശ്ശിക വരുത്തിയിട്ടുള്ള ഓരോ സ്ഥാപനത്തിന്റെയും കേസ് വിശദമായി പരിശോധിച്ച് കുടിശ്ശിക തീർപ്പാക്കുന്നതിനായി ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഈ നിർദ്ദേശങ്ങൾ പരിശോധിച്ചുവരികയാണ്.

(സി) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ച് പിടിക്കുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ലാൻഡ് ട്രിബ്യൂണലുകളിലെ കേസ്സുകൾ

299(1369) ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അർഹരായവർക്ക് പട്ടയം നൽകുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിന് എന്തെല്ലാം ഊർജ്ജിത നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ലാൻഡ് ട്രിബ്യൂണലുകളിൽ കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള നടപടിക്രമം ലളിതമാക്കി കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇപ്രകാരമുള്ള കേസ്സുകൾ സംബന്ധിച്ച് യഥാസമയം തീരുമാനം എടുക്കുന്നതിനായി ഏതെല്ലാം ജില്ലകളിലാണ് സ്പെഷ്യൽ ട്രിബ്യൂണലുകൾ രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ലാൻഡ് ട്രൈബ്യൂണൽ വഴി ക്രയ സർട്ടിഫിക്കറ്റുകൾ (പട്ടയം) നൽകുന്ന പ്രവർത്തനമാണ് പ്രധാനമായും ലാൻഡ് ബോർഡിന്റെ അനുബന്ധ ഓഫീസുകളിൽ നടത്തുന്നത്. ലാൻഡ് ട്രൈബ്യൂണൽ കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ഓരോ ട്രൈബ്യൂണലിന്റെയും പ്രവർത്തന പുരോഗതി അവലോകനം ഓരോ മാസവും നടത്തിവരുന്നു.

(ബി) 1. ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാർ അടിക്കടി സ്ഥലംമാറി പോകുന്നത് ഒഴിവാക്കാനായി അവരെ രണ്ട് വർഷത്തേക്ക് സ്ഥലം മാറ്റരുതെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. കേരളത്തിൽ ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കാൻ ശേഷിക്കുന്ന തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ 29 സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായിട്ടുണ്ട്. ഇതിന്റെ കാലാവധി തുടർന്നും നീട്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ തീർപ്പാക്കാൻ ശേഷിക്കുന്ന കേസുകൾ 500-ൽ താഴെ കേസുകളായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ തൃശ്ശൂർ മുതലുള്ള വടക്കൻ ജില്ലകളിൽ 10000-20000 കേസുകൾ കെട്ടികിടക്കുന്നുണ്ട്. ഈ ജില്ലകളിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേസുകൾ തീരെ കുറവായ 6 ജില്ലകളിലെ ട്രൈബ്യൂണലുകളെ കേസുകൾ വളരെ കൂടുതലുള്ള ജില്ലകളിലേയ്ക്ക് പുനർവിന്യസിച്ചിട്ടുണ്ട്. കേസുകൾ കുറവായ ജില്ലകളിൽ ശേഷിക്കുന്ന കേസുകൾ തീർപ്പാക്കാനും പുതിയ അപേക്ഷകൾ പരിഗണിക്കാനുമായി പ്രസ്തുത ജില്ലകളിൽ എല്ലാ താലൂക്കുകൾ കേന്ദ്രീകരിച്ചും തഹസിൽദാർമാരെ ലാൻഡ് ട്രൈബ്യൂണലായി നിയമിച്ച് അധിക ചുമതല നൽകിയിട്ടുണ്ട്.

(സി) 1. സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാൻഡ് ട്രൈബ്യൂണലിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കാൻ അധികാരമുള്ള റിപ്പോർട്ടിംഗ് ഓഫീസറായി ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ഇതിലൂടെ ലാൻഡ് ട്രൈബ്യൂണൽ പട്ടയ കേസുകളിൽ സമയബന്ധിതമായി റിപ്പോർട്ടുകൾ സമർപ്പിക്കാൻ കഴിയുന്നുണ്ട്.

2. ജന്മിമാർ ഹാജരാകാത്ത കേസുകളിൽ ഫോറം 'ഡി '-യിൽ പബ്ലിക് നോട്ടീസ് പതിപ്പിച്ചതിന് ശേഷം ജന്മിമാരെ കാത്തിരിക്കാതെ തുടർനടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

3. 1976-ലെ കാണം കുടിയാന്മ നിർത്തലാക്കൽ നിയമം ബാധകമായ പഴയ കൊച്ചിൻ പ്രദേശത്ത് ഉൾപ്പെട്ടുവരുന്ന ഇന്നത്തെ എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ ചില താലൂക്കുകൾ എന്നിവിടങ്ങളിലെ കാണം കുടിയാന്മാർക്ക് അവരുടെ ഭൂമിയിൽ Full proprietory right ഉണ്ടെന്നും അവർക്ക് ലാൻഡ് ട്രൈബ്യൂണലിൽ നിന്ന് പ്രത്യേക പട്ടയം ആവശ്യമില്ലെന്നും ഉള്ള സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. ഇവർ കാണം തുക അടച്ചാലുടൻ മറ്റ് സങ്കീർണ്ണമായ നടപടി ക്രമമില്ലാതെ താലൂക്ക് തഹസിൽദാർമാർ സർട്ടിഫിക്കറ്റ് എഴുതി നൽകുന്നുണ്ട്. ഇതിലൂടെ മേൽപറഞ്ഞ പ്രദേശങ്ങളിലെ കാണം കുടിയാന്മാരുടെ പ്രശ്നങ്ങൾ ഏറെക്കുറെ പൂർണ്ണമായി പരിഹരിച്ചിട്ടുണ്ട്.

(ഡി) തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ് ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കാനായി ശേഷിക്കുന്നത്. ഇത് പരിഹരിക്കു ന്നതിനായി തൃശ്ശൂർ ജില്ലയിൽ 2-ഉം മറ്റ് ജില്ലകളിൽ 1-ഉം ലാൻഡ് ട്രിബ്യൂണലുകൾക്ക് പുറമേ പുതുതായി അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ ഈ ജില്ലകളിൽ 29 സ്പെഷ്യൽ തഹസിൽദാർമാർക്ക് അധിക ചുമതല നൽകി 29 സ്പെഷ്യൽ ലാൻഡ് ട്രൈബ്യൂണലുകൾ രൂപികരിച്ചിട്ടുണ്ട്. ഇവയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ലാന്റ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം

300(1370) ശ്രീ. ഇ. കെ.വിജയൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാന്റ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ജന്മിമാർ ഹാജരാകാത്തത് കാരണം കേസ്സുകളുടെ ഹിയറിംഗ് തുടർച്ചയായി നീട്ടിവയ്ക്കുന്ന പ്രവണത ഇപ്പോഴും നിലനില്ക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ലാന്റ് ട്രൈബ്യൂണലുകളിലെ കേസ്സുകൾ സംബന്ധിച്ച അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വില്ലേജ് ഓഫീസർമാർക്ക് അധികാരം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പഴയകൊച്ചി പ്രദേശത്തെ കാണം കുടിയാന്മാർക്ക് കൈവശഭൂമിയിന്മേൽ എല്ലാ അവകാശങ്ങളും (absolute right) നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ലാന്റ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം കാലാകാലങ്ങളിൽ അവലോകനത്തിന് വിധേയമാക്കാറുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ലാന്റ് ട്രൈബ്യൂണൽ ജീവനക്കാർ അടിക്കടി സ്ഥലം മാറി പോകുന്നത് ഒഴിവാക്കാനായി അവരെ രണ്ട് വർഷത്തേക്ക് സ്ഥലം മാറ്റരുതെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കാൻ ശേഷിക്കുന്ന തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ 29 സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാന്റ് ട്രൈബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായിട്ടുണ്ട്. ഇതിന്റെ കാലാവധി തുടർന്നും നീട്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ തീർപ്പാക്കാൻ ശേഷിക്കുന്ന കേസുകൾ 500-ൽ താഴെയായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ തൃശ്ശൂർ മുതലുള്ള വടക്കൻ ജില്ലകളിൽ 10000-20000 കേസുകൾ കെട്ടിക്കിടക്കുന്നുണ്ട്. ഈ ജില്ലകളിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേസുകൾ തീരെ കുറവായ 6 ജില്ലകളിലെ ട്രൈബ്യൂണലുകളെ കേസുകൾ വളരെ കൂടുതലുള്ള ജില്ലകളിലേക്ക് പുനർവിന്യസിച്ചിട്ടുണ്ട്. കേസുകൾ കുറവായ ജില്ലകളിൽ ശേഷിക്കുന്ന കേസുകൾ തീർപ്പാക്കാനും പുതിയ അപേക്ഷകൾ പരിഗണിക്കാനുമായി പ്രസ്തുത ജില്ലകളിൽ എല്ലാ താലൂക്കുകൾ കേന്ദ്രീകരിച്ചും തഹസിൽദാർമാരെ ലാന്റ് ട്രൈബ്യൂണലായി നിയമിച്ച് അധിക ചുമതല നൽകിയിട്ടുണ്ട്.

(ബി) ലാന്റ് ട്രിബ്യൂണലിലുള്ള പട്ടയത്തിനായുള്ള കേസുകളിൽ ബഹു ഭൂരിപക്ഷത്തിലും ജന്മിമാർ ഹാജരാകാറില്ല. എന്നാൽ ജന്മിമാർക്ക് നോട്ടീസ് നൽകണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. ജന്മിമാർക്ക് യഥാക്രമമുള്ള നോട്ടീസുകൾ നടത്തിയില്ലെങ്കിൽ ഭാവിയിൽ ഒരു പക്ഷേ ആ കാരണം കൊണ്ട് ക്രയ സർട്ടിഫിക്കറ്റ് (പട്ടയം) ചലഞ്ച് ചെയ്യാനുള്ള ഗ്രൗണ്ട് ഉണ്ടാകും. ഈ സാഹചര്യങ്ങൾ പരിഗണിച്ച് ഫോറം 'ഡി' യിൽ പൊതു സ്ഥലങ്ങളിൽ പബ്ലിക്

നോട്ടീസ് പതിപ്പിച്ചതിന് ശേഷം ജന്മിമാർ വരുന്നത് വരെ കാത്തിരിക്കാതെ അവരുടെ അഭാവത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. ഇപ്രകാരം ചെയ്യണമെന്ന് ലാന്റ് ബോർഡ് മുഖാന്തരം ലാന്റ് ട്രിബ്യൂണലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാന്റ് ട്രൈബ്യൂണലിലേക്ക് റിപ്പോർട്ട് സമർപ്പിക്കാൻ അധികാരമുള്ള റിപ്പോർട്ടിംഗ് ഓഫീസറായി ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ഇതിലൂടെ ലാന്റ് ട്രൈബ്യൂണൽ പട്ടയ കേസുകളിൽ സമയബന്ധിതമായി റിപ്പോർട്ടുകൾ സമർപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) 1976-ലെ കാണം കുടിയായ്മ നിർത്തലാക്കാൻ നിയമം ബാധകമായ പഴയ കൊച്ചിൻ പ്രദേശത്ത് ഉൾപ്പെട്ടുവരുന്ന ഇന്നത്തെ എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലയിലെ ചില താലൂക്കുകൾ എന്നിവിടങ്ങളിൽ കാണം കുടിയാന്മമാർക്ക് അവരുടെ ഭൂമിയിൽ Full proprietary right ഉണ്ടെന്നും അവർക്ക് ലാന്റ് ട്രബ്യൂണലിൽ നിന്ന് പ്രത്യേക പട്ടയം ആവശ്യമില്ലെന്നുമുള്ള സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. ഇവർ കാണം തുക അടച്ചാലുടൻ മറ്റ് സങ്കീർണ്ണമായ നടപടിക്രമമില്ലാതെ താലൂക്ക് തഹസിൽദാർമാർ 'സർട്ടിഫിക്കറ്റ്' എഴുതി നൽകുന്നുണ്ട്. ഇതിലൂടെ മേൽപ്പറഞ്ഞ പ്രദേശങ്ങളിലെ കാണം കുടിയാന്മാരുടെ പ്രശ്നങ്ങൾ ഏറെക്കുറെ പൂർണ്ണമായി പരിഹരിച്ചിട്ടുണ്ട്.

(ഇ) ലാന്റ് ട്രൈബ്യൂണലുകളിലെ കേസ് തീർപ്പാക്കലിന്റെ പുരോഗതി വിവരം എല്ലാ മാസവും അവലോകനം നടത്തിവരുന്നുണ്ട്. വീഡിയോ കോൺഫറൻസ് വഴിയും ഈ അവലോകനം ലാന്റ് ബോർഡ് മെമ്പർ (കമ്മീഷണർ, ലാന്റ് റവന്യൂ), ലാന്റ് ബോർഡ് സെക്രട്ടറി എന്നിവർ നടത്തിവരുന്നുണ്ട്. കൂടാതെ റവന്യൂ വകുപ്പ് സെക്രട്ടറി തലത്തിലും റവന്യൂ മന്ത്രി തലത്തിലും അവലോകനം നടത്തിവരുന്നു.

## പ്രളയാനന്തര നഷ്ടപരിഹാരം നൽകുന്നതിനുള്ള അപേക്ഷകൾ

301(1371) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയത്തെ തുടർന്ന് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് കല്പറ്റ നിയോജക മണ്ഡലത്തിൽപ്പെട്ട എത്ര അപേക്ഷകൾ ഇനിയും പരിഗണിക്കാനുണ്ട്; ഇവർക്കുള്ള നഷ്ടപരിഹാരം എന്ന് പൂർണ്ണമായും നൽകാൻ കഴിയുമെന്ന് വിശദമാക്കുമോ;

(ബി) ഇപ്രകാരം എത്ര പേർക്ക് പൂർണ്ണമായും നഷ്ടപരിഹാരം നൽകിയെന്നും എത്ര പേർക്ക് ഭാഗികമായി നഷ്ടപരിഹാരം നൽകിയെന്നും വിശദമാക്കുമോ;

(സി) കല്പറ്റ നിയോജക മണ്ഡലത്തിലെ എത്ര ആളുകൾക്ക് പ്രളയത്തെ തുടർന്ന് വീട് നഷ്ടമായെന്നും എത്ര പേർക്ക് വീടും സ്ഥലവും നഷ്ടമായെന്നുമുള്ള കണക്കുകൾ ലഭ്യമാണോ; എങ്കിൽ അറിയിക്കുമോ?

ഉത്തരം

(എ&ബി) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ പ്രളയക്കെടുതികളിൽ വീടുകൾക്ക് ഭാഗിക നാശനഷ്ടം സംഭവിച്ചവരിൽ 2231 അപേക്ഷകളിൽ 1867 പേർക്ക് അനുവദനീയമായ ദുരിതാശ്വാസം അനുവദിച്ചു. പൂർണ്ണമായി ഭവനനാശം സംഭവിച്ചതായി കണക്കാക്കിയിട്ടുള്ള 98 പേർക്ക് ആദ്യ ഗഡുവായി 1,01,900 രൂപ വീതം അനുവദിച്ചിട്ടുണ്ട്. പൂർണ്ണമായി തകർന്ന വീടുകൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമായ തുകയ്ക്ക് ഉപരിയായ തുക, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്നത് വീടിന്റെ ഓരോ നിർദ്ദിഷ്ട ഘട്ടങ്ങളും പൂർത്തീകരിക്കുന്ന മുറയ്ക്കാണ്. പ്രസ്തുത തുകയുടെ 50% വീട് നിർമ്മാണത്തിന്റെ 25% പൂർത്തിയാക്കുമ്പോഴും തുടർന്നുള്ള 50% വീട് നിർമ്മാണത്തിന്റെ 75%പൂർത്തിയാകുമ്പോഴും അനുവദിക്കുന്നതാണ്. അത് പ്രകാരം വീട് നിർമ്മാണത്തിന്റെ ഘട്ടങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

(സി) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 202 പേർക്ക് വീടും 37 പേർക്ക് വീടും സ്ഥലവും നഷ്ടപ്പെട്ടിട്ടുണ്ട്.

## വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി

302(1372) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനന്തവാടി മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(സി) ഏതെങ്കിലും പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് തടസ്സമുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ട് നടപ്പിലാക്കുന്ന ഏതെങ്കിലും പ്രവൃത്തികൾക്കായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതി നൽകുകയോ ഫണ്ട് അനുവദിക്കുകയോ ചെയ്യാറില്ല.

## പ്രളയത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം

303(1373) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തു തുക വീതമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഇനത്തിൽ കളമശ്ശേരി നിയോജകമണ്ഡലത്തിൽ എത്രപേർക്ക് സാമ്പത്തിക സഹായം നൽകിയെന്ന് അറിയിക്കുമോ;

(സി) പ്രളയത്തെത്തുടർന്ന് വീടുകൾ വൃത്തിയാക്കുന്നതിനിടയിൽ ഹൃദയസ്തംഭനംമൂലം ആരെങ്കിലും മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ അവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പ്രളയമുൾപ്പെടെയുള്ള അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽപ്പെട്ട് മരണപ്പെട്ട ആളുകളുടെ ആശ്രിതർക്ക് ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡ പ്രകാരം 4 ലക്ഷം രൂപയുടെ ദുരിതാശ്വാസ സഹായത്തിന് അർഹതയുണ്ട്. 28-1-2019 വരെയുള്ള വിവരമനുസരിച്ച് 18.566 കോടി രൂപ പ്രളയത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് അനുവദിച്ചിട്ടുണ്ട്. കളമശ്ശേരി നിയോജകമണ്ഡലത്തിൽ മരണപ്പെട്ട മൂന്ന് പേരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്.

(സി&ഡി) ഉണ്ട്. ദേശിയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അംഗീകൃത ദുരന്തങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് മാത്രമാണ് ആശ്വാസ ധനസഹായം നൽകുവാൻ വ്യവസ്ഥയുള്ളത്.

## പ്രളയക്കെടുതികളുടെ ആലപ്പുഴ ജില്ലയിലെ വിശദവിവരം

304(1374) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നാശനഷ്ടങ്ങളുടെ ആലപ്പുഴ ജില്ലയിലെ വിശദാംശങ്ങൾ താലൂക്കുകൾ തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രളയ ദുരിതം നേരിട്ടവർക്ക് നൽകിയ നഷ്ടപരിഹാരത്തുകയും ലഭിച്ചവരുടെ എണ്ണവും താലൂക്കുകൾ തിരിച്ച് ലഭ്യമാക്കുമോ;

(ഡി) അപേക്ഷ നല്കിയവരിൽ ഇനിയും നഷ്ടപരിഹാരം ലഭിക്കാനുള്ളവർ ഉണ്ടോയെന്നും ഉണ്ടെങ്കിൽ അവർക്ക് നഷ്ടപരിഹാരം ലഭിക്കാനുള്ള മാർഗ്ഗങ്ങൾ എന്തെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഐക്യരാഷ്ട്രസഭയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്മെന്റ് (PDNA) റിപ്പോർട്ട് പ്രകാരം 26,718 കോടി രൂപയുടെ നാശനഷ്ടം സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം അനുബന്ധമായി* ചേർക്കുന്നു :

(ബി)

| താലൂക്ക് | ഭാഗികം | പൂർണ്ണം |
|---|---|---|
| ചേർത്തല | 3189 | 119 |
| അമ്പലപ്പുഴ | 9588 | 605 |
| കാർത്തികപ്പള്ളി | 8831 | 171 |
| കുട്ടനാട് | 28438 | 451 |
| മാവേലിക്കര | 1800 ലധികം | 69 |
| ചെങ്ങന്നൂർ | 9260 | 147 |

(സി&ഡി)വിവരം അനുബന്ധമായിചേർക്കുന്നു.*

**മാതൃക വില്ലേജ് ഓഫീസ്**

305(1375) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ മാതൃക വില്ലേജ് ഓഫീസ് നിർമ്മിക്കുന്നത് ഏത് വില്ലേജിലാണെന്ന് വെളിപ്പെടുത്താമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയ്ക്കാണ് ഭരണാനുമതി നൽകിയത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ തിരുപുറം വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ മാതൃക വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് വില്ലേജ് ഓഫീസുകളെ തെരഞ്ഞെടുത്തിട്ടില്ല.

(സി)ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) തിരുപുറം വില്ലേജാഫീസ് കെട്ടിടത്തിന്റെ സ്ഥലപരിമിതി പരിഹരിക്കുന്നതിനായി 2018-19 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി അഡീഷണൽ റൂം നിർമ്മിക്കുന്നതിന് ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

## റാന്നി മിനി സിവിൽ സ്റ്റേഷൻ

306(1376) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയ ഒന്നാമത്തെ ബ്ലോക്കിൽ സ്ഥലം അനുവദിച്ചിട്ടും പ്രവർത്തനം പ്രസ്തുത കെട്ടിടത്തിലേക്ക് മാറ്റാത്ത സർക്കാർ ഓഫീസുകൾ ഏതൊക്കെയാണ്; ഓഫീസുകൾ മാറ്റാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ സ്ഥലസൗകര്യം നൽകിയിട്ടും മാറിയിട്ടില്ലാത്ത ഓഫീസുകൾക്ക് പ്രതിമാസം വാടകയിനത്തിൽ ചെലവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓഫീസുകൾ ഇവിടേക്ക് മാറ്റാൻ താല്പര്യമില്ലെങ്കിൽ പ്രസ്തുത സ്ഥലം മറ്റ് സർക്കാർ ഓഫീസുകൾക്ക് അനുവദിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടോ; ഇല്ലെങ്കിൽ ഇവിടേക്ക് മാറാൻ താൽപര്യം ഉള്ള ഓഫീസുകൾ ഇവിടേക്ക് മാറ്റാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുന്ന ഘട്ടത്തിൽ ഇല്ലാതിരുന്നതും പിന്നീട് അനുവദിക്കപ്പെട്ടതുമായ ഓഫീസുകൾക്ക് മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ സ്ഥലം അനുവദിച്ച് നൽകാൻ എന്തൊക്കെ നിബന്ധനകളാണ് ഉള്ളത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) റാന്നി സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തനം പ്രസ്തുത കെട്ടിടത്തിലേക്ക് മാറ്റിയിട്ടില്ല. റാന്നി സബ് രജിസ്ട്രാർ ഓഫീസിന് അനുവദിച്ച സ്ഥലം അപര്യാപ്തമായതിനാലാണ് പ്രവർത്തനം മാറ്റാത്തത്.

(ബി) ഇല്ല.

(സി) റാന്നി മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം അനുവദിച്ച സർക്കാർ ഓഫീസുകൾ ഒന്നുംതന്നെ ടി സ്ഥലം വേണ്ട എന്ന് രേഖാമൂലം അറിയിപ്പ് നൽകിയിട്ടില്ല. ആയതിനാൽ റാന്നി മിനി സിവിൽ സ്റ്റേഷനിൽ നിലവിൽ സ്ഥലം ഒഴിവില്ല. ടി വസ്തുതയാണ് മറ്റ് സർക്കാർ ഓഫീസുകൾക്ക് സ്ഥലം അനുവദിക്കുന്നതിനുള്ള സാങ്കേതിക തടസ്സം. റാന്നി മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം അനുവദിച്ചിട്ടുള്ള ഏതെങ്കിലും സർക്കാർ ഓഫീസുകൾ പ്രസ്തുത സ്ഥലം ആവശ്യമില്ലെന്ന് രേഖാമൂലം അറിയിക്കുന്നപക്ഷം മറ്റ് സർക്കാർ ഓഫീസുകൾക്ക് സ്ഥലം അനുവദിക്കാവുന്നതാണ്

(ഡി) റാന്നി മിനി സിവിൽ സ്റ്റേഷനിൽ വിവിധ വകുപ്പുകളുടെ 21 ഓഫീസുകളും ഒരു കോൺഫറൻസ് ഹാളും അനുവദിച്ചിട്ടുള്ളതാണ്. ടി മുറികൾ ആവശ്യമില്ലെന്ന് ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും രേഖാമൂലം അറിയിപ്പുകളൊന്നും നൽകിയിട്ടില്ലാത്തതാണ്. ഏതെങ്കിലും ഓഫീസുകൾ സ്ഥലം ആവശ്യമില്ലെന്ന് അറിയിക്കുന്നപക്ഷം മിനിസിവിൽസ്റ്റേഷൻ നിർമ്മിക്കുന്ന ഘട്ടത്തിൽ ഇല്ലാതിരുന്നതും പിന്നീട് അനുവദിക്കപ്പെട്ടതുമായ ഓഫീസുകൾക്ക് സ്ഥലം നൽകുന്നതാണ്. മറ്റ് നിബന്ധനകളൊന്നും നിലവിലില്ലാത്തതാണ്.

## വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം

307(1377) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾ നേരിട്ട് ഇടപെടുന്ന ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തണമെന്ന ഒമ്പതാം ശമ്പളപരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തത് പ്രകാരം പൊതുജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വില്ലേജ് അസിസ്റ്റന്റ്മാരുടെയും വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്മാരുടെയും അടിസ്ഥാന യോഗ്യത എന്താണ്; അവർക്ക് വില്ലേജ് ഓഫീസ് മാന്വലിൽ പ്രതിപാദിക്കുന്ന ജോലികൾ എന്തൊക്കെയാണ്;

(സി) സംസ്ഥാനത്ത് ആകെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്മാരുടെ എത്ര തസ്തിക നിലവിലുണ്ട്, 15 വർഷത്തിനുമുകളിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽ ജോലിചെയ്തു വരുന്ന എത്ര പേർ നിലവിലുണ്ട്;

(ഡി) വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്മാർക്ക് സമയബന്ധിതമായി സ്ഥാനക്കയറ്റം നൽകുന്നതിനും വില്ലേജ് ഓഫീസുകളിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്മാരുടെ സേവനം കൂടുതൽ ഉപയോഗപ്പെടുത്തി വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പാക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

(ബി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 1-7-2011-ലെ സ.ഉ.(എംഎസ്) 21/11/P&ARD പ്രകാരം എൽ.ഡി.സി.-യുടെ അടിസ്ഥാനയോഗ്യത പ്ലസ് 2 ആയി നിശ്ചയിക്കപ്പെട്ടിരുന്നു. എന്നാൽ 23-7-2013-ലെ സ.ഉ.(എം.എസ്) 21/2013/ ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പ്രകാരം വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്ക് തസ്തികയുടെ പരിഷ്കരിച്ച വിദ്യാഭ്യാസ യോഗ്യത നടപ്പാക്കുന്നത് താല്ക്കാലികമായി നിർത്തിവച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി ചെയ്യുന്നത് വരെ വിവിധ വകുപ്പുകളിലെ ലോവർ ഡിവിഷൻ ക്ലാർക്കിനുള്ള വിദ്യാഭ്യാസ യോഗ്യത A pass in SSLC or its equivalent എന്ന രീതിയിൽ തുടരുന്നു. പ്രസ്തുത വ്യവസ്ഥ റവന്യൂ വകുപ്പിന്റെ വില്ലേജ് അസിസ്റ്റന്റ് തസ്തികയ്ക്കും ബാധകമാണ്. 14-10-2016-ലെ സ.ഉ.(കൈ)നമ്പർ 538/16/ആർ.ഡി.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ വിദ്യാഭ്യാസ യോഗ്യത 7-ാം ക്ലാസ്സ് അല്ലെങ്കിൽ ഫോറം-III എന്നതിൽ നിന്നും SSLC/തത്തുല്യം പാസ്സ് എന്ന് പുനർനിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

വില്ലേജ് അസിസ്റ്റന്റിന്റെ കടമകൾ.

1. നികുതി പിരിവ്, കുടിശ്ശിക ഈടാക്കൽ എന്നിവയിൽ വില്ലേജ് ഓഫീസറെ സഹായിക്കുകയും തുകകൾ ഈടാക്കി രസീത് നൽകുകയും ചെയ്യുക.
2. വ്യക്തമായി അധികാരപ്പെടുത്തിയിട്ടുള്ള പക്ഷം ജംഗമവസ്തുക്കൾ ജപ്തി ചെയ്യുക.
3. പ്രതിമാസം മുതൽ-പിരിവ്-ബാക്കി പത്രികകൾ ഓൺലൈനായോ അല്ലാതെയോ തയ്യാറാക്കുക.

4. മേലുദ്യോഗസ്ഥർക്ക് അയയ്ക്കേണ്ട റിപ്പോർട്ടുകളും ആനുകാലികങ്ങളും തയ്യാറാക്കുക.

5. വില്ലേജ് ഓഫീസിലെ റിക്കാർഡുകൾ ക്രമപ്പെടുത്തി സൂക്ഷിക്കുകയും നശിപ്പിക്കുവാൻ കാലമായ റിക്കോർഡുകളുടെ പട്ടിക തയ്യാറാക്കുകയും ചെയ്യുക.

6. പുറമ്പോക്കുകൾ പരിശോധിക്കുകയും സർവേ ചെയ്യുകയും അവയിൽ പ്രവേശനങ്ങൾ കാണുന്ന പക്ഷം 'എ' ഫോറം റിപ്പോർട്ട്/'എ.എ'ഫോറം റിപ്പോർട്ട്, സ്കെച്ച്, മഹസർ എന്നിവ തയ്യാറാക്കുകയും ചെയ്യുക.

7. പുറമ്പോക്ക് ഭൂമികളുടെ അതിർത്തിക്കല്ലുകൾ പരിശോധിക്കുകയും അവയിൽ ഏതെങ്കിലും പുതുക്കുകയോ കേടുപാടു തീർക്കുകയോ ചെയ്യാനുണ്ടെങ്കിൽ സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

8. ഭൂമി പതിവ്, ഭൂ സംരക്ഷണം, ജമമാറ്റം (പോക്കുവരവ്), ഭൂമി ഏറ്റെടുക്കൽ, ഭൂമിയുടെ പരിവർത്തനം/രൂപാന്തരം തുടങ്ങിയ റവന്യൂ കേസുകളെ സംബന്ധിച്ച മഹസറുകളും റിക്കാർഡുകളും തയ്യാറാക്കുക.

9. ഇ-ഡിസ്ട്രിക്ട്, റവന്യൂ റിക്കവറി ഓൺലൈൻ, ഇന്റർഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ഭൂരേഖ) തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങളിൽ സൂക്ഷ്മ പരിശോധന (Scrutiny), പ്രോസ്സസിംഗ് വെരിഫിക്കേഷൻ കൂടാതെ റവന്യൂ ഇ-പേമെന്റ് സംവിധാനത്തിൽ യഥാസമയം അക്കൗണ്ട് ക്ലോസ് ചെയ്യൽ എന്നീ ജോലികൾ നിർവ്വഹിക്കുക.

10. എല്ലാവിധ എഴുത്തുകുത്ത് ജോലികളിലും വില്ലേജ് ഓഫീസറെ സഹായിക്കുകയും വില്ലേജ് ഓഫീസർ ചുമതലപ്പെടുത്തുന്ന മറ്റെല്ലാ ഔദ്യോഗിക ജോലികളും നിർവ്വഹിക്കുകയും ചെയ്യുക.

11. വില്ലേജ് ഓഫീസിൽ നേരിട്ട് ലഭിക്കുന്ന അപേക്ഷകൾ, ഹർജികൾ, നിവേദനങ്ങൾ എന്നിവയ്ക്കെല്ലാം നിശ്ചിത മാതൃകയിലുള്ള കൈപ്പറ്റ് രസീത് നൽകുക.

<u>വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ കടമകൾ.</u>

1. വില്ലേജിൽ പിരിയുന്ന തുകകൾ സർക്കാർ ഖജനാവിൽ ഒടുക്കുന്നതിന് വില്ലേജ് ഓഫീസറെ സഹായിക്കുക.

2. നികുതിദായകരുടെയോ കുടിശ്ശികക്കാരുടെയോ പേരിലുള്ള ഡിമാന്റ് നോട്ടീസുകളും മറ്റെല്ലാവിധ നോട്ടീസുകളും യഥാവിധി നടത്തുക.

3. നികുതിദായകരിൽ നിന്നും നികുതി ഇനത്തിലുള്ള തുകകൾ ഓൺലൈനായോ അല്ലാതെയോ സ്വീകരിച്ച് രസീത് നൽകുകയും വിവരം ബന്ധപ്പെട്ട അക്കൗണ്ടിലോ ലെഡ്ജറിലോ ചേർക്കുകയും ചെയ്യുന്നു.

4. വില്ലേജ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഫീൽഡ് ജോലികൾ ഉൾപ്പെടെയുള്ള മറ്റെല്ലാ ഔദ്യോഗിക ജോലികളും നിർവ്വഹിക്കുക.

(സി) സംസ്ഥാനത്ത് ആകെ 3221 വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്മാരുടെ തസ്തികയാണ് നിലവിലുള്ളത്. 15 വർഷത്തിനുള്ളിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്തുവരുന്നവരുടെ എണ്ണം 699 ആണ്.

(ഡി) 3-1-2014-ലെ സ.ഉ.(പി)1/14 നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം ജില്ലാതലത്തിൽ വി.എഫ്.എ.-മാർ ഉൾപ്പെടെയുള്ള താഴ്ന്ന വിഭാഗം ജീവനക്കാരുടെ സംയോജിത സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കി, ആയതിൽ നിന്നും സീനിയോരിറ്റി മുറയ്ക്കും 10% ഒഴിവിലേക്ക് തസ്തികമാറ്റ നിയമനം നൽകി വരുന്നു. റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനം സർക്കാർ പരിശോധിച്ചുവരുന്നു.

## വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം

308 (1378) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വില്ലേജ് ഓഫീസുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന വിവരം ജില്ല/താലൂക്ക് തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പുതുതായി നിർമ്മിക്കുന്ന വില്ലേജ് ഓഫീസുകൾക്ക് രേഖകളുടെ ആധുനിക രീതിയിലുള്ള സംരക്ഷണം, ഉപഭോക്തൃ സൗഹൃദ അന്തരീക്ഷം എന്നിവ മുൻനിർത്തിയുള്ള ഒരു ഏകീകൃത പ്ലാൻ പരിഗണിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജാഫീസുകളുടെ എണ്ണം താലൂക്ക് തിരിച്ച് അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജാഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ 13-ാം പഞ്ചവത്സര പദ്ധതിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് ഫണ്ടും ഭരണാനുമതിയും നൽകുന്ന മുറയ്ക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതാണ്.

(സി) വിവിധ സ്ഥലങ്ങളിൽ വില്ലേജാഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ലഭ്യമായ ഭൂമിയുടെ വിസ്തീർണ്ണം വ്യത്യാസമായതിനാൽ ഏകീകൃത പ്ലാൻ പ്രകാരം വില്ലേജാഫീസ് കെട്ടിടം നിർമ്മിക്കാൻ കഴിയുകയില്ല.

## കോതമംഗലം താലൂക്കിലെ വില്ലേജ് ഓഫീസുകൾ

309(1379) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലത്ത് 2014-ൽ ആരംഭിച്ച പുതിയ വില്ലേജ് ഓഫീസ് നിലവിൽ പഞ്ചായത്ത് വക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വില്ലേജ് ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിന് സ്വകാര്യ വ്യക്തി വിട്ടുനല്കിയിട്ടുള്ള 968/4/2/10 എന്ന സർവ്വേ നമ്പറിലുള്ള സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) പുതിയ കെട്ടിട നിർമ്മാണത്തിനായി എത്ര തുകയുടെ പ്രൊപ്പോസലാണ് പരിഗണനയിലുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പുതിയ വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുമ്പോൾ പ്രസ്തുത വില്ലേജിനെ സ്മാർട്ട് വില്ലേജ് ആക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(ഇ) കോതമംഗലം താലൂക്കിൽ നിലവിൽ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കിയിട്ടുള്ളത്; താലൂക്കിലെ കൂടുതൽ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) 2018-19 വർഷത്തിൽ സ്മാർട്ട് വില്ലേജ് പദ്ധതിയിൽപ്പെടുത്തി നിർമ്മിക്കാനുദ്ദേശിച്ചിരുന്ന ആലുവ ഈസ്റ്റ് വില്ലേജിന് നിലവിൽ സ്വന്തമായി എല്ലാ സൗകര്യങ്ങളുമുള്ള കെട്ടിടമുള്ളതിനാൽ ടി വില്ലേജിനു പകരമായി

കോതമംഗലം താലൂക്കിലെ പല്ലാരിമംഗലം വില്ലേജിനെ സ്മാർട്ട് വില്ലേജ് പദ്ധതിയിൽപ്പെടുത്തി 44 ലക്ഷം രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) കോതമംഗലം താലൂക്കിലെ പോത്താനിക്കാട് വില്ലേജ് 2018-19 വർഷത്തിൽ സ്മാർട്ട് വില്ലേജ് ആക്കുന്നതിലേയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളതാണ്. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിനു ഫണ്ട് അനുവദിക്കുന്നത്.

## വെളിയത്ത് സ്മാർട്ട് വില്ലേജ് ആഫീസ്

310(1380) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വെളിയം വില്ലേജ് ആഫീസ് സ്മാർട്ട് വില്ലേജ് ആഫീസാക്കി മാറ്റുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ചുമതല നിക്ഷിപ്തമാക്കിയിരിക്കുന്നത് ആരിലാണ്; നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷം സ്മാർട്ട് റവന്യൂ പദ്ധതി പ്രകാരം 44 ലക്ഷം രൂപ വെളിയം വില്ലേജ് ഓഫീസിന് അനുവദിച്ചിട്ടുണ്ട്. ടി സ്മാർട്ട് റവന്യൂ പദ്ധതിക്ക് ഭരണാനുമതി നൽകിക്കൊണ്ടും വില്ലേജുകളെ തെരഞ്ഞെടുത്തുകൊണ്ടുമുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ജില്ലാ നിർമ്മിതി കേന്ദ്രയ്ക്കാണ് നൽകിയിട്ടുള്ളത്. നിർമ്മാണ പ്രവൃത്തി ടെണ്ടർ നടപടിയിലാണ്. കൂടാതെ പഴയ വില്ലേജാഫീസ് കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള ലേല നടപടി നടന്നുവരുന്നു

## ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

311(1381) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ഏതെല്ലാം ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളാണ് നടന്നുവരുന്നതെന്ന് വിശദീകരിക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) വില്ലേജ് ഓഫീസുകളുടെ ആധുനികവത്ക്കരണവുമായി ബന്ധപ്പെട്ട് ഇവിടെ നടപ്പിലാക്കി വരുന്ന പദ്ധതികളെന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) താലൂക്ക് കോൺഫറൻസ് ഹാളിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഓച്ചിറ വില്ലേജിൽ സ്മാർട്ട് വില്ലേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആദിനാട്, കല്ലേലിഭാഗം വില്ലേജാഫീസുകളിൽ അഡീഷണൽ റൂം നിർമ്മാണത്തിന് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് പ്രവർത്തനാനുമതി നൽകിയിട്ടുള്ളതും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതുമാണ്.

(ബി) വില്ലേജ് ഓഫീസുകളുടെ ആധുനികവത്ക്കരണവുമായി ബന്ധപ്പെട്ട് സ്മാർട്ട് റവന്യൂ പദ്ധതി, വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനം എന്നീ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെവച്ചും (Any time anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. കുടിവെള്ള സൗകര്യം ലഭ്യമാക്കാൻ ടോയ്‌ലെറ്റ് നിർമ്മാണം അഡീഷണൽ റൂം നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം എന്നിവയാണ് വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്.

(സി) കോൺഫറൻസ് ഹാളിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് എം.എൽ.എ. ഫണ്ടിൽ നിന്നും തുക അനുവദിക്കുന്ന കാര്യം ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ പരിഗണനയിലാണ്.

## സ്മാർട്ട് വില്ലേജ് ഓഫീസുകൾ

312(1382) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഏതെല്ലാം വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റി എന്ന് വ്യക്തമാക്കുമോ;

(ബി) അവയിൽ എത്ര വില്ലേജ് ഓഫീസുകളുടെ നിർമ്മാണം പൂർത്തിയാക്കിയെന്നും ബാക്കിയുള്ളവ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുന്നതിന് ഭരണാനുമതി നൽകിയ വില്ലേജുകളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) 24 വില്ലേജാഫീസുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ 31-3-2019-നു മുമ്പ് പൂർത്തിയാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് സ്ഥലം

313(1383) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട നിയോജക മണ്ഡലത്തിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിൽ ഐ.ടി.ഐ.സ്ഥാപിക്കുന്നതിന് സ്ഥലം വിട്ട് നൽകുന്നത് സംബന്ധിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഐ.ടി.ഐ.നിർമ്മിക്കുന്നതിനായി കണ്ടെത്തിയ നിർദ്ദിഷ്ട സ്ഥലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണെന്ന് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(സി) പ്രസ്തുത പ്രദേശത്ത് ജലം ലഭ്യമാണോ; ആയത് സംബന്ധിച്ച് ഭൂജല വകുപ്പിൽ നിന്നുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഡി) ഐ.ടി.ഐ.സ്ഥാപിക്കുന്നതിനായി സ്ഥലം വിട്ട് കൊടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ&ബി) മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിലെ മങ്കട വില്ലേജിലെ കർക്കിടകം ദേശം സർവ്വേ നമ്പർ 48/1, 48/12 എന്നിവയിൽ ഉൾപ്പെടുന്ന 3.82 ഏക്കർ മിച്ചഭൂമി പുഴക്കാട്ടിരി ഐ.ടി.ഐ. നിർമ്മാണത്തിനായി കൈമാറുന്നതിനുള്ള ഭൂമി കൈമാറ്റ ശിപാർശ ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലം കേരള ഭൂപരിഷ്കരണ നിയമപ്രകാരം മിച്ച ഭൂമിയായി ഏറ്റെടുത്ത് പൊതു ആവശ്യത്തിനായി നീക്കിവെച്ച ലാന്റ് ബോർഡിന്റെ 28-11-1975-ലെ LBB9-44279/75/KDis നമ്പർ ഉത്തരവിൽ Quarry purpose -നാണ് മാറ്റിവച്ചിട്ടുള്ളത്. ആയത് കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണോ എന്ന് പരിശോധിച്ചുവരുന്നു.

(സി) റിപ്പോർട്ട് ലഭ്യമല്ല.

(ഡി) ടി സ്ഥലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണ് എന്ന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ക്ലാസ് ഫോർ ജീവനക്കാരുടെ പ്രൊമോഷൻ

314(1384) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 3-1-2014-ലെ സ.ഉ.1/2014 പ്രകാരം വിവിധ സർക്കാർ വകുപ്പുകളിലെ ക്ലാസ് ഫോർ ജീവനക്കാരുടെ പ്രമോഷൻ ക്വാട്ട 10% ആയി നിജപ്പെടുത്തിയിട്ടും റവന്യൂ വകുപ്പിൽ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാത്തത് കാരണം ക്ലാസ് ഫോർ ജീവനക്കാരുടെ പ്രൊമോഷൻ നടക്കുന്നില്ലായെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 3-1-2014-ലെ സരക്കാർ ഉത്തരവ് (പി)1/2014/ഉ.ഭ.പ.വ. പ്രകാരം താഴ്ന്ന വിഭാഗം ജീവനക്കാരുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റ് ജില്ലാ തലത്തിൽ തയ്യാറാക്കിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി മുറയ്ക്ക് തസ്തികമാറ്റ സ്ഥാനക്കയറ്റം നൽകി വരുന്നതുമാണ്.

(ബി) ബാധകമല്ല.

## റവന്യൂ വകുപ്പിൽ വിജിലൻസ് അന്വേഷണം നേരിടുന്നവർ

315(1385) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റവന്യൂ വകുപ്പിലെ ജീവനക്കാരിൽ എത്രപേർ അഴിമതിയുടെ പേരിൽ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; ഇവരുടെ തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

റവന്യൂ വകുപ്പിലെ ജീവനക്കാരിൽ 195 പേർക്കെതിരെ അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നേരിടുന്നു. ആയതിന്റെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ഡെപ്യൂട്ടി കളക്ടർ | 8 |
| 2 | തഹസിൽദാർ | 13 |
| 3 | ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് | 17 |
| 4 | വില്ലേജ് ഓഫീസർ | 78 |
| 5 | സ്പെഷ്യൽ വില്ലേജ് ഓഫീസർ/സീനിയർ ക്ലാർക്ക് | 27 |
| 6 | വില്ലേജ് അസിസ്റ്റന്റ്/ക്ലാർക്ക് | 29 |
| 7 | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | 21 |
| 8 | അറ്റൻഡർ | 01 |
| 9 | ഓഫീസ് അറ്റൻഡന്റ് | 01 |
| | ആകെ | 195 |

**തിരൂരങ്ങാടി താലൂക്ക് ഓഫീസ്**

316(1386) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി താലൂക്ക് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് റവന്യൂ വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്ന 40 ലക്ഷം രൂപ ലഭ്യമായിട്ടുണ്ടോ;

(ബി) തുക ലഭ്യമായിട്ടില്ലെങ്കിൽ ഓഫീസ് സുഗമമായി പ്രവർത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) താലൂക്ക് ഓഫീസ് കെട്ടിടം നിലവിലുള്ള സ്ഥലത്തുനിന്നും മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിന് 40 ലക്ഷം രൂപയുടെ പ്രവൃത്തി നിലവിലെ സാഹചര്യം കണക്കിലെടുത്ത് അനുവദിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ഓഫീസ് സജ്ജമാക്കുന്ന പ്രവൃത്തിക്ക് 50,000 രൂപ വരെ വകുപ്പ് മേധാവിക്കുതന്നെ ഭരണാനുമതി നൽകാവുന്നതാണെന്നും അല്ലാത്തപക്ഷം പരമാവധി 5 ലക്ഷം രൂപയ്ക്കുള്ളിൽ പരിമിതപ്പെടുത്തിക്കൊണ്ട് ടി പ്രവൃത്തിക്കാവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുവാനും ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിൽ നിലവിലുള്ള ഒഴിവുകൾ

317(1387) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ വിവിധ വില്ലേജ് ഓഫീസുകളിൽ നിലവിൽ എത്ര തസ്തികകളിൽ ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ;

(ബി) വില്ലേജോഫീസുകളിൽ വിവിധ ആവശ്യങ്ങൾക്കായെത്തുന്ന ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഒഴിഞ്ഞ് കിടക്കുന്ന പ്രസ്തുത തസ്തികകൾ നികത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജാഫീസുകളിലായി സ്പെഷ്യൽ വില്ലേജാഫീസറുടെ മൂന്ന് ഒഴിവുകളും വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ ഒരു ഒഴിവും നിലവിലുണ്ട്.

(ബി) ടി ഒഴിവുകൾ നികത്തുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടയ വിതരണം

318(1388) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജ് പരിധിയിൽ പട്ടയം അനുവദിച്ച് നൽകിയവരുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വില്ലേജ് പരിധിയിൽ പട്ടയം അനുവദിക്കുന്നതിനായി പരിശോധിച്ച് വരുന്നതും തീർപ്പാക്കാനുള്ളതുമായ അപേക്ഷകൾ എത്രയാണ്; അപേക്ഷകരുടെ പേരും വിലാസവും സഹിതം വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം വെസ്റ്റ് വില്ലേജ് പരിധിയിൽ ആർക്കും പട്ടയം അനുവദിച്ച് നൽകിയിട്ടില്ല.

(ബി) കൊല്ലം വെസ്റ്റ് വില്ലേജിൽ ശ്രീ. ഷാജഹാൻ ആറാട്ടുകുളത്തിൽ, നെല്ലിമുക്ക്, കൊല്ലം പേരിൽ 1.18 ആർസിന് പട്ടയം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. കൊല്ലം വെസ്റ്റ് വില്ലേജിന്റെ പരിധിയിലുള്ള ഏകദേശം അഞ്ഞൂറോളം പേർ പട്ടയത്തിന് സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിശോധിച്ചതിൽ ടിയാളുകൾ കടൽ പുറമ്പോക്കിൽ താമസിച്ചുവരുന്നവരും മിക്കവർക്കും കൈവശരേഖ ലഭിച്ചിട്ടുള്ളതുമാണ്. കടൽ പുറമ്പോക്ക് നിലവിലെ നിയമപ്രകാരം പതിവിന് വിധേയമല്ലാത്തതിനാൽ ടി കേസുകളിൽ പട്ടയം അനുവദിക്കാൻ നിർവ്വാഹമില്ലാത്തതാണ്.

## കയർ പാർക്കിന് അനുവദിച്ച ഭൂമി തിരികെ ഏറ്റെടുക്കുവാൻ സ്വീകരിച്ച നടപടി

319(1389) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജക മണ്ഡലത്തിലെ പെരുമണിൽ എൻ.സി.ആർ.എം.ഐ.-യുടെ ആഭിമുഖ്യത്തിൽ കയർ പാർക്ക് ആരംഭിക്കുന്നതിനായി വിട്ട് നൽകിയ 5.93 ഏക്കർ സർക്കാർ ഭൂമി, കയർ പാർക്ക് ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ തിരികെ ഏറ്റെടുക്കുവാൻ അഭ്യർത്ഥിച്ച് നൽകിയ പ്രൊപ്പോസൽ സംബന്ധിച്ച റവന്യൂ യു.2/157/2017 നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഇക്കാര്യത്തിൽ ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) കൊല്ലം നിയോജക മണ്ഡലത്തിലെ പെരുമണിൽ എൻ.സി.ആർ. എം.ഐ-യുടെ ആഭിമുഖ്യത്തിൽ കയർ പാർക്ക് ആരംഭിക്കുന്നതിനായി വിട്ടുനൽകിയ 5.93 ഏക്കർ സർക്കാർ ഭൂമി തിരികെ ഏറ്റെടുക്കുന്നത് സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ടിനായി ലാന്റ് റവന്യൂ കമ്മീഷണർക്ക് അയച്ചുകൊടുത്തിട്ടുള്ളതും നാളിതുവരെ റിപ്പോർട്ട് ലഭ്യമായിട്ടില്ലാത്തതും ആണ്.

## കോന്നി താലൂക്കിൽ റദ്ദ് ചെയ്ത പട്ടയങ്ങൾ

320(1390) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോന്നി താലൂക്കിൽ നൽകിയിരുന്ന പട്ടയങ്ങൾ റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ ആരുടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം റദ്ദ് ചെയ്യാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പട്ടയം റദ്ദ് ചെയ്തതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇവർക്ക് വീണ്ടും പട്ടയം ലഭിക്കുന്നതിന് എന്തെങ്കിലും തുടർ നടപടികൾ കൈക്കൊള്ളുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോന്നി താലൂക്കിൽ 1843 പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുണ്ട്. (ചിറ്റാർ-465, സീതത്തോട്-451, കലഞ്ഞൂർ-90, തണ്ണിത്തോട്-731, കോന്നിത്താഴം-78, അരുവാപ്പുലം-28). പട്ടയം റദ്ദ് ചെയ്തിട്ടുള്ള 1843 പേരുടെ വിവരങ്ങൾ 178 പേജുകളിലായി കോന്നി താലൂക്കാഫീസിലെ രജിസ്റ്ററിൽ സൂക്ഷിച്ചിട്ടുണ്ട്.

(ബി) 27-2-2016-ലെ സ.ഉ(എംഎസ്) നമ്പർ 174/2016/റവ പ്രകാരം പട്ടയം നൽകുന്നതിനായി ഉത്തരവായിരുന്നു. ടി ഉത്തരവിൽ വനംവകുപ്പ്/തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നിവയുമായി തർക്കങ്ങൾ നിലവിലില്ലെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി വ്യവസ്ഥ പാലിക്കാതെ പട്ടയം തയ്യാറാക്കി വിതരണം ചെയ്തതിനാലാണ് റദ്ദ് ചെയ്തിട്ടുള്ളത്.

(സി) സർക്കാർ ഉത്തരവ് പ്രകാരമല്ല റദ്ദ് ചെയ്തിട്ടുള്ളത്.

(ഡി) ഭക്ഷ്യോൽപ്പാദന മേഖലയായി പ്രഖ്യാപിക്കപ്പെട്ട പ്രദേശത്തിൽ പട്ടയം നൽകുവാൻ ബാക്കിയുള്ള കൈവശങ്ങൾക്ക് പട്ടയം നൽകുന്നതിൽ എതിർപ്പില്ലെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അറിയിച്ചിട്ടുണ്ട്. അപ്രകാരമുള്ള ഭൂമിയിൽ താമസിക്കുന്നവർക്കു പട്ടയം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കൂടുതൽ ഭൂമിയും 1-1-1977-നു മുമ്പുള്ള കൈവശഭൂമിയാണെന്ന് വനം വകുപ്പ് അറിയിച്ചത് അനുസരിച്ച് 1-1-1977-നു മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കയ്യേറ്റങ്ങൾ ക്രമപ്പെടുത്തുന്നതിനായി ടി ഭൂമിയുടെ കോ-ഓർഡിനേറ്റ്സ് എടുത്ത്

ജിയോ റെഫറൻസ് മാപ്പ് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി വെബ്സൈറ്റിൽ 2019 ഫെബ്രുവരി മാസം 20-ാം തീയതിക്കുള്ളിൽ അപ്‌ലോഡ് ചെയ്യണമെന്ന് പത്തനംതിട്ട ജില്ലാ കളക്ടറുടെ ചേംബറിൽ 18-1-2019-ാം തീയതിയിൽ ചേർന്ന റവന്യൂ, വനം വകുപ്പുമന്ത്രിമാരുടെ സംയുക്ത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ കൈക്കൊണ്ടുവരുന്നു

**ബേക്കൽ മിനി സ്റ്റേഡിയത്തിന് ഭൂമി**

321(1391) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഫസ്റ്റ് വില്ലേജിൽ 1.3 ഏക്കർ ഭൂമി പള്ളിക്കര പഞ്ചായത്തിന്റെ അധീനതയിലുള്ള ബേക്കൽ മിനി സ്റ്റേഡിയത്തിന് വിട്ടുനൽകിയിട്ടുണ്ടോ;

(ബി) റവന്യൂ വകുപ്പിന്റെ ഇതു സംബന്ധിച്ചുള്ള GO(MS)413/88/റവന്യൂ നമ്പർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ)ലാന്റ് അസൈൻമെന്റ് സ്പെഷ്യൽ തഹസിൽദാർ ഓഫീസ് നിർത്തലാക്കിയ ശേഷം 31-10-1999-ന് കൈമാറിക്കിട്ടിയ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും ഈ വിവരം കണ്ടെത്താൻ സാധിച്ചിട്ടില്ല.

(ബി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് പുരാരേഖ വകുപ്പിന്റെ കൈവശമാണുള്ളത്. ആയതിന്റെ പകർപ്പ് പ്രസ്തുത വകുപ്പിൽനിന്നും ശേഖരിച്ചു നല്കുന്നതാണ്.

**കളമശ്ശേരി മണ്ഡലത്തിലെ സ്ഥാപനങ്ങൾക്ക് ധനസഹായം**

322(1392) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെത്തുടർന്ന് കളമശ്ശേരി നിയോജകമണ്ഡലത്തിലെ വ്യാപാര, വ്യവസായ സ്ഥാപനങ്ങൾക്ക് ഉണ്ടായ നഷ്ടം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവർക്ക് ധനസഹായമായി എന്തു തുക ഇതുവരെ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) അർഹരായ എല്ലാവർക്കും ധനസഹായം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രളയത്തെ തുടർന്ന് കളമശ്ശേരി നിയോജകമണ്ഡലത്തിലെ 796 വ്യാപാര സ്ഥാപനങ്ങൾക്ക് 9,87,07,00,081 രൂപയുടെയും 547 വ്യവസായ സ്ഥാപനങ്ങൾക്ക് 1,17,72,64,727 രൂപയുടെയും ഉൾപ്പെടെ ആകെ 2,16,43,34,808 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ബി&സി) നിലവിൽ ധനസഹായം നൽകിയിട്ടില്ല. 17-12-2018-ലെ സ.ഉ. (എംഎസ്.)നമ്പർ 27/2018/ഡി.എം.ഡി. ഉത്തരവ് പ്രകാരം പ്രളയത്തിൽ നാശം സംഭവിച്ച വ്യാപാര-വ്യവസായ സംരംഭകർക്കായി ഉജ്ജീവന പദ്ധതി എന്ന പേരിൽ ഒരു സഹായ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

## നിലമ്പൂർ റവന്യൂ ടവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

323(1393) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് ബോർഡിനെ നിർമ്മാണചുമതല ഏൽപ്പിച്ച നിലമ്പൂർ റവന്യൂ ടവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) തടസ്സങ്ങൾ നീക്കി എന്നത്തേക്ക് നിലമ്പൂർ റവന്യൂ ടവറിന്റെ നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ)നിലമ്പൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 90-ൽ റീ സർവേ നമ്പർ 85/6-ന്റെ പാർട്ടിൽപ്പെട്ട നിലമ്പൂർ റവന്യൂ ടവറിനുള്ള 50.3 സെന്റ് സ്ഥലം 17-5-2018-ന് കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ ചെയ്ത് സ്കെച്ച് തയ്യാറാക്കി കെട്ടിടത്തിൽ ഉൾപ്പെടുത്തേണ്ട ഓഫീസുകളെ സംബന്ധിച്ച വിവരങ്ങൾ നിലമ്പൂർ താലൂക്ക് ഓഫീസിൽനിന്ന് ശേഖരിച്ച് പ്രദേശത്തെ മണ്ണ് പരിശോധന നടത്തി റിപ്പോർട്ട് ഹൗസിംഗ് ബോർഡ് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കെട്ടിടത്തിന്റെ റഫ് പ്ലാൻ തയ്യാറാക്കി നിലമ്പൂർ തഹസീൽദാർക്ക് അഭിപ്രായം അറിയിക്കുന്നതായി നൽകിയിരുന്നതും പ്ലാനിൽ വരുത്തേണ്ട മാറ്റങ്ങൾ തഹസീൽദാർ ഓഫീസിൽനിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്ലാൻ ഫൈനലൈസ് ചെയ്തുവരുന്നുണ്ട്. ഇത്തരത്തിലുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതുള്ളതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ഹൗസിംഗ് ബോർഡിന് ആരംഭിക്കാനായിട്ടില്ല.

(ബി) പ്ലാൻ ഫൈനലൈസ് ചെയ്തതിനുശേഷം സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്ത് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കി ഭരണാനുമതിയും കിഫ്ബിയുടെ അംഗീകാരവും ലഭ്യമാക്കിയതിനുശേഷം സാങ്കേതി കാനുമതി നൽകി പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## തരം മാറ്റിയ നെൽവയലുകളും തണ്ണീർത്തടങ്ങളും

324(1394) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ; ഇവയുടെ നിലവിലുള്ള വിസ്തീർണ്ണം എത്രയാണെന്ന് അറിയിക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് നെൽവയലുകളുടെയും തണ്ണീർത്തട ങ്ങളുടെയും വിസ്തീർണ്ണം എത്രയായിരുന്നു; വെളിപ്പെടുത്തുമോ;

(സി) നെൽവയൽ-തണ്ണീർത്തട നിയമ ഭേദഗതി പ്രകാരം പൊതു-സ്വകാര്യ ആവശ്യത്തിന് നിലം നികത്തുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; പ്രസ്തുത ചട്ടത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) 2008-ന് മുൻപ് നികത്തപ്പെട്ടതും ഡേറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും നിലവിൽ കൃഷിയില്ലാത്തതുമായ ഭൂമി തരം മാറ്റുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) നിയമഭേദഗതിക്ക് ശേഷം നാളിതുവരെയായി എത്ര ഏക്കർ ഭൂമി തരം മാറ്റിയത് നിയമവിധേയമാക്കി നല്കി; ആ ഇനത്തിൽ എത്ര തുക സർക്കാരിന് ലഭിച്ചു; പ്രസ്തുത തുക എന്ത് ആവശ്യത്തിനാണ് വിനിയോഗിക്കുന്നത്; വ്യക്തമാക്കുമോ;

(എഫ്) ഭൂമി തരംമാറ്റുന്നതിന് ഇത്തരത്തിൽ ചുമത്തുന്ന ചാർജ്ജ് നെൽകൃഷി പ്രോത്സാഹനത്തിനുള്ള ഫണ്ടായി നീക്കിവെയ്ക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിലേക്ക് നീക്കി വയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും അനിയന്ത്രി തമായി പരിവർത്തനപ്പെടുത്തുന്നത് ഫലപ്രദമായി നിയന്ത്രിക്കുന്നതിനും, 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, 2018-ലെ നെൽവയൽ-

തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം എന്നിവ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. അനധികൃതമായി പരിവർത്തനം വരുത്തിയിട്ടുള്ളവ കണ്ടെത്തി പൂർവ്വ സ്ഥിതിയിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തണ്ണീർത്തടങ്ങളുടെയും നെൽവയലുകളുടെയും സംരക്ഷണത്തിനായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 12-ൽ അനുശാസിക്കും വിധമുള്ള നടപടികളും, വകുപ്പ് 13 പ്രകാരം അനധികൃതമായി തരം മാറ്റിയ ഭൂമി പൂർവ്വ സ്ഥിതിയാലാക്കുന്നതിനുള്ള നടപടിയും വകുപ്പ് 20 പ്രകാരം വാഹന സാമഗ്രികൾ പിടിച്ചെടുത്ത് കണ്ട് കെട്ടുന്ന നടപടിയും വകുപ്പ് 23 പ്രകാരം പ്രോസിക്യൂഷൻ നടപടിയും സ്വീകരിച്ചുവരുന്നു. കൂടാതെ തരിശായികിടക്കുന്ന എല്ലാ നെൽവയലുകളും കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപടികൾ സ്വീകരിക്കുകയും മറ്റ് കൃഷിക്കാർ ചെയ്തുവരുന്ന നെൽവയലുകളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിനുപുറമെ നെൽവയലുകളും തണ്ണീർത്തടങ്ങളും രൂപാന്തരപ്പെടുത്തുന്നത് തടയുന്നതിനും തുടർ നടപടികൾ കൈക്കൊള്ളുന്നതിനുമായി താലൂക്ക് തലത്തിൽ ഭൂരേഖ തഹസീൽദാരുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു നെൽ വയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ജില്ല തിരിച്ചുള്ള ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു :

(വിസ്തീർണ്ണം ഹെക്ടറിൽ)

| ക്രമ നമ്പർ | ജില്ല | നെൽവയൽ | തണ്ണീർത്തടം | നെൽവയലും തണ്ണീർത്തടവുംകൂട്ടി ചേർത്തത് | ആകെ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | തിരുവനന്തപുരം | 2000.00.00 | -- | -- | 2000.00.00 |
| 2 | കൊല്ലം | -- | -- | 24372.26.96 | 24372.26.96 |
| 3 | പത്തനംതിട്ട | 5656.00.00 | -- | -- | 5656.00.00 |
| 4 | ആലപ്പുഴ | കണക്കാക്കിയിട്ടില്ല | -- | -- | കണക്കാക്കിയിട്ടില്ല |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 5 | കോട്ടയം | 18120 | -- | -- | 18120.00.00 |
| 6 | ഇടുക്കി | -- | 769.61.80 | -- | 769.61.80 |
| 7 | എറണാകുളം | 5950.00.00 | -- | -- | 5950.00.00 |
| 8 | തൃശ്ശൂർ | -- | -- | 28936.87.40 | 28936.87.40 |
| 9 | പാലക്കാട് | കണക്കാക്കിയിട്ടില്ല | -- | -- | -- |
| 10 | മലപ്പുറം | കണക്കാക്കിയിട്ടില്ല | -- | -- | ലഭ്യമായിട്ടില്ല |
| 11 | കോഴിക്കോട് | 4847.00.00 | -- | -- | 4847.00.00 |
| 12 | വയനാട് | 14515.00.00 | 4066.00.00 | -- | 18581.00.00 |
| 13 | കണ്ണൂർ | 5241.03.76 | 4691.48.33 | -- | 9932.52.09 |
| 14 | കാസർഗോഡ് | 4517.42.10 | -- | -- | 4517.42.10 |
| | ആകെ | 60846.45.86 | 9527.10.13 | 53309.14.36 | 123682.70.35 |

(ബി) മുൻ സർക്കാരിന്റെ കാലത്ത് നെൽ വയലുകളുടെയും തണ്ണീർത്തടങ്ങളുടെയും വിസ്തൃതി ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

(വിസ്തീർണ്ണം ഹെക്ടറിൽ)

| ക്രമ നമ്പർ | ജില്ല | നെൽവയൽ | തണ്ണീർത്തടം | നെൽവയലും തണ്ണീർത്തടവും കൂട്ടി ചേർത്തത് | ആകെ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1392.00.00 | -- | -- | 1392.00.00 |
| 2 | കൊല്ലം | -- | -- | 24374.32.09 | 24374.32.09 |
| 3 | പത്തനംതിട്ട | 565484.91 | -- | -- | 565484.91 |
| 4 | ആലപ്പുഴ | 37883.00.00 | -- | -- | 37883.00.00 |
| 5 | കോട്ടയം | 18120.00 | -- | -- | 18120.00.00 |
| 6 | ഇടുക്കി | ലഭ്യമല്ല | -- | -- | ലഭ്യമല്ല |
| 7 | എറണാകുളം | 5950.00.00 | -- | -- | 5950.00.00 |
| 8 | തൃശ്ശൂർ | 78619.55.40 | -- | 29665.80.00 | 108285.35.40 |
| 9 | പാലക്കാട് | -- | -- | -- | -- |
| 10 | മലപ്പുറം | -- | -- | -- | -- |
| 11 | കോഴിക്കോട് | 4906.00.00 | -- | -- | 4906.00.00 |
| 12 | വയനാട് | 14523.00.00 | 4066.00.00 | -- | 18589.00.00 |
| 13 | കണ്ണൂർ | 5879.82.80 | 4743.50.90 | -- | 10623.33.70 |
| 14 | കാസർഗോഡ് | -- | -- | -- | -- |
|  | ആകെ | 172928.23.11 | 8809.50.90 | 54040.12.09 | 235777.86.10 |

(സി) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് 10 പ്രകാരം പൊതു ആവശ്യത്തിന് പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ അത്യന്താപേക്ഷിതമാണെന്ന് സർക്കാർ കരുതുന്ന പക്ഷം ഈ ആക്ടിലെ വ്യവസ്ഥകളിൽ പിന്ന് ഒഴിവാക്കിക്കൊടുക്കാവുന്നതും അത് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുമാണ്. സർക്കാരിന് സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷം അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ രൂപാന്തര പ്പെടുത്തലോ ചേർന്നുകിടക്കുന്ന നെൽവയലിലെ നെൽകൃഷി ഏതെങ്കിലും ഉണ്ടെങ്കിൽ അതിനെയോ അതിലേക്കുള്ള സുഗമമായ നീരൊഴുക്കിനെയോ പ്രതികൂലമായി ബാധിക്കുകയില്ല എന്ന് അഭിപ്രായമുള്ള പക്ഷം, അപ്രകാരമുള്ള ഒഴിവാക്കൽ അനുവദിക്കാവുന്നതാണ്. ഒഴിവാക്കൽ അനുവദിക്കപ്പെട്ട ഭൂമിയിൽ ആവശ്യമായ അനുയോജ്യ ജലസംരക്ഷണ നടപടികൾ അപേക്ഷകൻ സ്വീകരിച്ചിട്ടുണ്ട്. എന്ന് സർക്കാർ ഉറപ്പ് വരുത്തേണ്ടതാണ്. ഒഴിവാക്കൽ അനുവദിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ അധികമാണെങ്കിൽ അപ്രകാരമുള്ള ഭൂമിയുടെ പത്ത് ശതമാനം ജലസംരക്ഷണ നടപടികൾക്കായി നീക്കിവക്കേണ്ടതാണ്. സംസ്ഥാനതല സമിതിയിൽനിന്നും റിപ്പോർട്ട് ലഭിക്കാത്ത പക്ഷം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് അധികാരസ്ഥാനത്തുനിന്നും റിപ്പോർട്ട് ആവശ്യപ്പെടാവുന്നതും ഒഴിവാക്കൽ അനുവദിച്ചുകൊണ്ടോ നിരസിച്ചുകൊണ്ടോ രേഖാമൂലം ഒരു ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്. 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം സംസ്ഥാനതല സമിതി മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാതിരിക്കുന്ന പക്ഷം നിശ്ചയിച്ചിട്ടുള്ള വിവിധ സ്ഥാപനങ്ങളിൽ ഏതെങ്കിലും ഒന്നിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടാവുന്നതാണ് ചട്ടത്തിന്റെ പകർപ്പ് ഉള്ളടക്കം *ചെയ്യുന്നു.

(ഡി) ഉണ്ട്. വീട് വയ്ക്കുന്നതിനുള്ള വാണിജ്യ ആവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്ന പക്ഷം 1000 രൂപ ഫീസടച്ച് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ അനുമതിക്കായി അപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിരക്കിൽ ഒരു ഫീസ് നൽകുവാൻ അപേക്ഷകൻ ബാധ്യസ്ഥനാണ്.

(ഇ) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ ഭേദഗതിക്ക് ശേഷം കൊല്ലം ജില്ലയിൽ അപേക്ഷ ഫീസ് ഇനത്തിൽ 20,000 രൂപയും കണ്ണൂർ ജില്ലയിൽ ഭൂമി തരം മാറ്റി നൽകിയ ഇനത്തിൽ 27867 രൂപയും ഉൾപ്പെടെ ആകെ 47,867 രൂപ ലഭ്യമായിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ 5 കേസുകളിലായി 0.75.18 ഹെക്ടർ ഭൂമിയ്ക്ക് തരം മാറ്റത്തിന് അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന തുക ചുവടെ ചേർക്കുന്ന ചെലവുകളുടെ ആവശ്യത്തിലേക്കായി ചെലവാക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെൽവയലുകൾ സംരക്ഷിക്കുന്നതിനും സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടിയോ അല്ലെങ്കിൽ സർക്കാർ നിർദ്ദേശിക്കുന്ന വിധത്തിലോ ആക്ടിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള ചെലവുകൾ.

(ബി) നെൽവയലുകൾ പൂർവ്വ സ്ഥിതിയിലാക്കുവാൻ വേണ്ടിവരുന്ന ചെലവുകൾ.

(സി) നെൽവയലുകൾ സംരക്ഷിക്കുന്നതിനായി രൂപീകരിക്കുന്ന ജില്ല/താലൂക്ക് തല സ്ക്വാഡുകളുടെ പ്രവർത്തനത്തിന് ആവശ്യമായ വാഹനങ്ങൾ ഏർപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള മറ്റെല്ലാവിധ ചെലവുകളും.

(ഡി) ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉപഗ്രഹ ചിത്രങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി വരുന്ന ചെലവുകൾ.

(ഇ) കൃഷി ഭൂമിയുടെ സംരക്ഷണത്തിനുള്ള ഒരു സുപ്രധാന നടപടിയായ ലൈഫ് മിഷൻ ഭവന സമുച്ചയ പദ്ധതിയിലെ ഓരോ യൂണിറ്റിന്റെയും നിർമ്മാണ ചെലവിന്റെ മൂന്നിൽ രണ്ടു ഭാഗം വരെയുള്ള ചെലവ്.

(എഫ്) ഉണ്ട്. ഭൂമി തരംമാറ്റുന്നതിന് ചുമത്തുന്ന ചാർജ്ജ് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെൽവയലുകൾ സംരക്ഷിക്കുന്നതിനും വേണ്ട ചെലവുകൾക്കും, നെൽവയലുകൾ പൂർവ്വ സ്ഥിതിയിലാക്കുവാൻവേണ്ട ചെലവുകൾക്കും നെൽവയലുകൾ സംരക്ഷിക്കുന്നതിനായി രൂപീകരിക്കുന്ന ജില്ലാ/താലൂക്ക് തല സ്ക്വാഡുകളുടെ വാഹനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ചെലവുകൾക്കും, ഉപഗ്രഹ ചിത്രങ്ങൾ ശേഖരിക്കുന്നതിന് വേണ്ടി വരുന്ന ചെലവുകൾക്കും ഉപയോഗിക്കുന്നതാണ്. കൂടാതെ ലൈഫ് മിഷൻ ഭവന സമുച്ചയ പദ്ധതിയിലെ ഓരോ യൂണിറ്റിന്റെയും നിർമ്മാണ ചെലവിന്റെ 2/3 ഭാഗം വരെയുള്ള ചെലവുകൾക്കും ഉപയോഗിക്കുന്നതാണ്.

**പട്ടയം ലഭിക്കുന്നതിനായുള്ള അപേക്ഷ**

325(1395) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിൻ കോർപ്പറേഷന്റെ 1-ാം ഡിവിഷനിൽപ്പെട്ട രാമൻ തുരുത്തിൽ (വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന് സമീപം) 150 വർഷത്തിലേറെയായി താമസിക്കുന്ന 5 കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനായുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഭൂമി ഏതെല്ലാം വകുപ്പുകളുടെ കൈവശത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത അപേക്ഷ എറണാകുളം ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ട്

(ബി) പ്രസ്തുത അപേക്ഷ അന്വേഷണത്തിനും വിശദമായ റിപ്പോർട്ടിനുമായി കൊച്ചി തഹസീൽദാർക്ക് കൈമാറിയിട്ടുള്ളതാണ്.

(സി) പ്രസ്തുത ഭൂമി റവന്യൂ വകുപ്പിന്റെ കൈവശത്തിലാണ് ഉള്ളത്.

**നിവേദിത പി. ഹരൻ റിപ്പോർട്ട് ശിപാർശകൾ**

326(1396) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിവേദിത പി ഹരൻ റിപ്പോർട്ട് പിൻവലിച്ച സാഹചര്യത്തിൽ ഈ റിപ്പോർട്ടുമായി ബന്ധപ്പെട്ട ഉത്തരവുകൾ നീലക്കുറിഞ്ഞി പ്രദേശവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ പിൻതുടരുന്നതിന്റെ സാഹചര്യം വ്യക്തമാക്കാമോ?

ഉത്തരം

നിവേദിത പി. ഹരൻ റിപ്പോർട്ട് പിൻവലിച്ചിട്ടില്ല. എന്നാൽ പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 16-2-2015-ലെ G.O. (Ms) 69/2015/റവ. ഉത്തരവ് ജനജീവിതം ദുഃസ്സഹമാക്കിയെന്നും വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തിയെന്നുമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവ് പുനഃപരിശോധിച്ച് 10-5-2018-ൽ പുറപ്പെടുവിച്ച G.O. (Ms) 178/2018/Rev നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നീലക്കുറിഞ്ഞി ഉദ്യാനവുമായി ബന്ധപ്പെട്ട നടപടികൾ തുടർന്ന് വരുന്നത്.

**സർവ്വേ നടപടികൾ പൂർത്തിയാക്കാത്തതിനാൽ തടസ്സപ്പെട്ടിരിക്കുന്ന പദ്ധതികൾ**

327(1397) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ നിയോജകമണ്ഡലത്തിലെ നിരവധി കിഫ്ബി പദ്ധതികൾ സർവ്വേ നടപടികൾ പൂർത്തിയാക്കാത്തതിനാൽ തടസ്സപ്പെട്ടിരിക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രത്യേക സർവ്വേ ടീമിനെ പ്രസ്തുത പദ്ധതി നിർവഹണത്തിനായി നിയമിക്കുമോ;

(ബി) 62.53 കോടി രൂപയുടെ കിഫ്ബി പദ്ധതിയായ വെറ്റമുക്ക്-താമരക്കുളം റോഡിന്റെ സർവ്വേ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) ഇപ്രകാരം 4 മണ്ഡലങ്ങളിലെ സർവ്വേ നടപടികൾ പൂർത്തിയാക്കേണ്ട തായിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി പ്രത്യേക സർവ്വേ ടീമിനെ നിയമിക്കുന്ന തിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) സർവ്വേ വകുപ്പിലെ ജീവനക്കാരുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർവേയർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കുന്നത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബിയുമായി ബന്ധപ്പെട്ട സർവ്വേ നടപടികൾ നടന്നുവരുന്നു. നിലവിൽ 4 സർവ്വേയർമാരെ പ്രസ്തുത സർവ്വേ ജോലികൾക്കായി നിയോഗിച്ചിട്ടുണ്ട്.

(ബി) വെറ്റമുക്ക്-താമരക്കുളം റോഡിന്റെ 70% ത്തോളം സർവ്വേ ജോലികൾ പൂർത്തിയാക്കിയിട്ടുള്ളതും ശേഷിക്കുന്ന ഭാഗത്തെ ജോലികൾ പുരോഗതിയിലുമാണ്.

(സി) കൊല്ലം ജില്ലയിലെ 6 താലൂക്കുകളിൽ കിഫ്ബിയുമായി ബന്ധപ്പെട്ട സർവ്വേ ജോലികളുണ്ടായിരുന്നതിൽ കൊട്ടാരക്കര താലൂക്കിലെ 90%-ഉം, കരുനാഗപ്പള്ളി, കുന്നത്തൂർ താലൂക്കുകളിൽ 40%-ഉം, കൊല്ലം താലൂക്കിൽ 70%-ഉം പുനലൂർ താലൂക്കിൽ മലയോര ഹൈവേ ഒഴികെയുള്ളതിന്റെ 80% ഉം പത്തനാപുരം താലൂക്കിലെ 80%-ത്തിലധികവും സർവ്വേ ജോലികൾ പൂർത്തിയാക്കിയിട്ടുള്ളതും കിഫ്ബിയുമായി ബന്ധപ്പെട്ട സർവ്വേ ജോലികൾക്കായി പ്രത്യേക സർവ്വേയർമാരെ നിയോഗിച്ച് സർവ്വേ നടപടികൾ തുടർന്ന് വരുന്നതുമാണ്.

(ഡി) സംസ്ഥാനത്തെ റിസർവ്വേ പ്രവർത്തനങ്ങൾ കൂടാതെ ഭൂപരിപാലനം (എൽ.ആർ.എം), ലാൻഡ് അക്വിസിഷൻ, പട്ടയം തുടങ്ങിയ ഭൂമി സംബന്ധമായ എല്ലാവിധ സർവ്വേ പ്രവർത്തനങ്ങൾക്കും ആവശ്യമായ സാങ്കേതിക വിഭാഗം ജീവനക്കാരെ സർവ്വേ വകുപ്പിൽ നിന്നാണ് നിയോഗിക്കുന്നത്. ഇത്തരം സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പിലെ ജീവനക്കാർ അപര്യാപ്തമാണ്. സർവ്വേയർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റീ സർവ്വേ പ്രവർത്തനം പൂർത്തീകരിച്ച വില്ലേജുകൾ**

328(1398) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീ സർവ്വേ പ്രവർത്തനം പൂർത്തീകരിച്ച എത്ര വില്ലേജുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര വില്ലേജുകൾ ഉണ്ടെന്നും ഇതിൽ റീ-സർവ്വേ പൂർത്തീകരിച്ചവ എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളുടെ റീ-സർവ്വേ പ്രവർത്തനം പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ ആകെയുള്ള 128 വില്ലേജുകളിൽ നാളിതുവരെ 23 വില്ലേജുകളുടെ റീ-സർവ്വേ പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്.

**ഭൂമിയുടെ ഉടമസ്ഥാവകാശം താമസക്കാർക്ക് നൽകുവാൻ നടപടി**

329(1399) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ മണമ്പൂർ തൈവിളാകത്തെ ചില കുടുംബങ്ങളുടെ ഭൂമി, റീസർവ്വേ റെക്കോർഡുകളിൽ തെറ്റായി രേഖപ്പെടുത്തിയതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം താമസക്കാർക്ക് നൽകുവാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ; ഇവിടത്തെ താമസക്കാർക്ക് പട്ടയം നൽകേണ്ടതായുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലെ കൈവശക്കാരിൽ, കേരള ഭൂപരിഷ്കരണ നിയമം (7 ഇ) വകുപ്പ് പ്രകാരം അർഹതയുള്ളവർക്ക് ക്രയ സർട്ടിഫിക്കറ്റും മറ്റുള്ളവർക്ക് 1970-ലെ കേരള ഭൂപരിഷ്കരണ നിയമം(സീലിംഗ്) ചട്ടങ്ങൾക്കനുസൃതമായി പട്ടയവും നൽകേണ്ടതുണ്ട്. മുൻ സർവ്വേ റിക്കാർഡ് പ്രകാരം മിച്ചഭൂമിയായി പ്രഖ്യാപിക്കപ്പെട്ട 15 ഏക്കർ 85 സെന്റ് 500 ച. ലിങ്ക്സ് സ്ഥലം റീ-സർവ്വേ പ്രകാരം നാളത് ഭൂമിയിൽ കോ-റിലേറ്റ് ചെയ്ത് മിച്ചഭൂമി ഏറ്റെടുത്ത് പട്ടയം നൽകുന്നതിനുള്ള നടപടി പൂർത്തീകരിക്കുന്നതിലേയ്ക്കായി കൈവശ സ്ഥല പരിശോധന, അവകാശ രേഖകളുടെ പരിശോധന എന്നിവ നടന്നുവരുന്നു. പ്രസ്തുത ഭൂമിയിലെ സർവ്വേ നടപടികൾ പൂർത്തിയാക്കി ഓരോ കൈവശങ്ങളുടേയും സ്കെച്ച് തയ്യാറാക്കി പട്ടയം നൽകുന്നതിനുള്ള നിയമാനുസൃതമായ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## റീ-സർവ്വേ സംബന്ധിച്ച പരാതികൾ

330(1400) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം ജില്ലകളിൽ റീസർവ്വേ പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) റീസർവ്വേ കഴിഞ്ഞതോടെ ഏതെല്ലാം താലൂക്കുകളിൽ എത്ര പരാതികൾ ലഭിച്ചുവെന്നും ഈ പരാതികൾ എത്രകാലമായി പരിഹരിക്കപ്പെടാതെ കെട്ടിക്കിടക്കുന്നുവെന്നും വ്യക്തമാക്കാമോ;

(സി) സർവ്വേ കുരുക്കിൽപ്പെട്ടതോടെ ഭൂമി വില്പന പോലും പ്രതിസന്ധിയിലായി മക്കളുടെ വിവാഹ ആവശ്യത്തിന് പോലും സ്ഥലം വിൽക്കാൻ കഴിയാതായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച പരിഹാരമാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര വില്ലേജുകൾ കേന്ദ്രീകരിച്ചാണ് റീ-സർവ്വേ നടന്നതെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ ഒരു ജില്ലയിലും റീസർവ്വേ പൂർണ്ണമായി പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല.

(ബി) റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിലെ ഭൂരേഖകളുടെ പരിപാലനവും റീസർവ്വേയ്ക്കു ശേഷമുണ്ടായ പരാതി തീർപ്പാക്കുന്നതിനുള്ള ചുമതല ഭൂരേഖ തഹസീൽദാർക്ക് നൽകി സ.ഉ. (കൈ) നമ്പർ 200/10/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്. നിലവിലുള്ള അപേക്ഷകളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) ചില ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അപേക്ഷകളിൽ മുൻഗണന നൽകി നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളുടെ റീ-സർവ്വേ പ്രവർത്തനം പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ആയതിന്റെ താലൂക്ക് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പത്തനംതിട്ട വില്ലേജിൽ റീ-സർവ്വേ നടപടികൾ

331(1401) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട വില്ലേജിൽ റീ-സർവ്വേ നടപടികൾ നാളിതുവരെ ആരംഭിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്;

(സി) പത്തനംതിട്ട വില്ലേജിൽ റീ-സർവ്വേ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പത്തനംതിട്ട ജില്ല കോഴഞ്ചേരി താലൂക്കിലെ പത്തനംതിട്ട വില്ലേജിന്റെ റീ-സർവ്വേ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്.

(സി) പത്തനംതിട്ട വില്ലേജിന്റെ റീ-സർവ്വേ പ്രവർത്തനങ്ങളുടെ പ്രാരംഭ ജോലികൾ ആരംഭിച്ചിട്ടുള്ളതാണ്. ടി വില്ലേജിന്റെ റീ-സർവ്വേ പ്രവർത്തനങ്ങളുടെ ഭാഗമായി റിക്കാർഡ് കളക്ഷൻ ജോലികൾ പൂർത്തീകരിച്ച് ജി.പി.എസ്. കൺട്രോൾ പോയിന്റുകൾ സ്ഥാപിച്ചിട്ടുള്ളതും ലൊക്കേഷൻ ജോലികൾ പുരോഗതിയിലുമാണ്.

## ഇ-ലാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയ പ്രോജക്ടുകൾ

332(1402) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഇ-ലാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകൾ എത്രകോടി രൂപയുടേതാണെന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര പ്രോജക്ടുകൾ പൂർത്തീകരിച്ചുവെന്നും എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) റവന്യൂ വകുപ്പിൽ നിലവിൽ ഇ-ലാന്റ് രജിസ്റ്ററോ അതിനോടനുബന്ധിച്ച പദ്ധതികളോ നിലവിലില്ലാത്തതാണ്.

(ബി) ബാധകമല്ല.

## റാന്നി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിലേക്കുള്ള വഴി

333(1403) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന റാന്നി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിലേക്ക് മെയിൻ റോഡിൽ നിന്നും തടസ്സങ്ങളില്ലാതെ പ്രവേശിക്കുവാൻ കഴിയും വിധത്തിലുള്ള വസ്തു ഏറ്റെടുത്ത് നൽകണമെന്ന് കാണിച്ച് റാന്നി എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) എന്നത്തേക്ക് ഭൂമി ഏറ്റെടുക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) റാന്നി മിനി സിവിൽ സ്റ്റേഷനിൽ സ്ഥിതി ചെയ്യുന്ന ഫയർ & റസ്ക്യൂ സ്റ്റേഷനിലേയ്ക്ക് പ്രവേശിക്കുന്നതിനുള്ള റോഡിന്റെ വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് റാന്നി തഹസീൽദാർ മുഖാന്തരം സ്ഥലപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ റോഡ് വികസനത്തിനായി റാന്നി വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ റീ സർവ്വേ 125/6-ൽപ്പെട്ട (മുൻ സർവ്വേ 440/5B) 0.0060 ഹെക്ടർ (1 ½ സെന്റ്) സ്ഥലം ഏറ്റെടുക്കണമെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ അർത്ഥന, അർത്ഥനാധികാരി ലഭ്യമാക്കുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ.ആക്ട്, 2013 പ്രകാരം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

## പ്രളയം സംബന്ധിച്ച കണക്കെടുപ്പ്

334(1404) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുണ്ടാകുന്ന പ്രളയ ദുരന്തങ്ങളെ പ്രതിരോധിക്കുവാനുതകുന്ന തരത്തിൽ, കഴിഞ്ഞ ആഗസ്റ്റിലുണ്ടായ പ്രളയം സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ ആരുടെ നേതൃത്വത്തിലാണ് പ്രസ്തുത കണക്കെടുപ്പ് നടത്തിയതെന്ന് അറിയിക്കുമോ;

(ബി) പ്രളയത്തിൽ ഓരോ സ്ഥലത്തും എത്ര മീറ്റർ വരെയാണ് വെള്ളം പൊങ്ങിയതെന്നത് സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ദുരന്തത്തെ സംബന്ധിച്ച് ഭാവിയിലേക്ക് വിവരങ്ങൾ നൽകാൻവേണ്ടി വെള്ളപ്പൊക്കം ബാധിച്ച എല്ലാ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രളയത്തിൽ വെള്ളം കയറിയ ഉയരം അടയാളപ്പെടുത്താൻ സർക്കാർ ഉത്തരവിറ ക്കിയിട്ടുണ്ട്. വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ കൃത്യമായ ഭൂപടം, വെള്ള പ്പൊക്കത്തിൽ വെള്ളം കയറിയ ഉയരം ഉൾപ്പെടെയുള്ള വിവരങ്ങൾ തയ്യാറാക്കുവാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, സംസ്ഥാനത്തെ Centre for Water Resources Development and Management, Kerala Forest Research Institute, MG University and Kerala State Remote Sensing and Environment Centre എന്നിവരെ ചുമതലപ്പെടുത്തി. പൊതുജനങ്ങൾക്ക് ഈ പ്രവർത്തനത്തിൽ പങ്കെടുക്കുവാൻ ഒരു മൊബൈൽ ആപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഇത്തരത്തിൽ ശേഖരിച്ച വിവരം കേന്ദ്ര ജല കമ്മീഷന് ആധികാരിക ഭൂപടം നിർമ്മിക്കുവാൻ നൽകിയിട്ടുണ്ട്.

**ഹാരിസൺ ഉൾപ്പെടെയുള്ള കമ്പനികളുടെ ഭൂവുടമസ്ഥത സംബന്ധിച്ച് ഹൈക്കോടതി ഉത്തരവ്**

335(1405) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാരിസൺ ഉൾപ്പെടെയുള്ള കമ്പനികളുടെ ഭൂവുടമസ്ഥത സംബന്ധിച്ച് ഹൈക്കോടതി നൽകിയിട്ടുള്ള ഉത്തരവുകൾ എന്തെല്ലാമാണെന്നുള്ള വിശദവിവരം നൽകുമോ;

(ബി) ഭൂവുടമസ്ഥത സ്ഥാപിക്കുവാൻ സർക്കാർ സിവിൽ കോടതിയെ സമീപിക്കണമെന്ന് ഹൈക്കോടതി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്ത് തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ വിശദാംശം നൽകുമോ;

(സി) ഹൈക്കോടതി ഉത്തരവ് നിലനിന്നിട്ടും പ്രസ്തുത കമ്പനികൾക്ക് ഭൂനികുതി അടയ്ക്കുവാൻ വേണ്ടി റവന്യൂ വകുപ്പ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ; ഇപ്രകാരം നിർദ്ദേശം നൽകുവാനുള്ള സാഹചര്യം എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഹാരിസൺസ് മലയാളം ലിമിറ്റഡും അവരിൽ നിന്നും ഭൂമി നേടിയ മറ്റുള്ളവരും കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമി ഏറ്റെടുക്കുന്നതിനായി 1957-ലെ KLC ആക്ട് പ്രകാരം നിയമിതനായ സ്പെഷ്യൽ ഓഫീസർ കൊല്ലം, പത്തനംതിട്ട,

ഇടുക്കി, കോട്ടയം എന്നീ ജില്ലകളിലായി ഹാരിസൺ മലയാളം ലിമിറ്റഡും മറ്റുള്ളവരും അനധികൃതമായി കൈവശം വച്ചിരിക്കുന്ന 38000 ഏക്കർ ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഏറ്റെടുക്കുന്നതിനായി ഭൂസംരക്ഷണ നിയമപ്രകാരം ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുകൾക്കെതിരെ കമ്പനികൾ ഫയൽ ചെയ്ത WP(C)33122/2014 ഉം മറ്റ് റിട്ട് ഹർജികളും പരിഗണിച്ച ബഹു ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 11-4-2018-ലെ വിധിന്യായ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദ് ചെയ്യുകയുണ്ടായി. KLC Act പ്രകാരം സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നിയമിതനായ സ്പെഷ്യൽ ഓഫീസർക്ക് ഭൂമിയുടെ ഉടമസ്ഥത സർക്കാരിനാണെന്ന് തീരുമാനിക്കാനുള്ള അധികാരമില്ലായെന്നും എന്നാൽ ഹാരിസൺ അടക്കമുള്ള കമ്പനികൾക്ക് ഭൂമിയിൽ ഉടമസ്ഥതയുള്ളതായി ബഹു.ഹൈക്കോടതി കണ്ടെത്തിയിട്ടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഉടമസ്ഥത സ്ഥാപിക്കുന്നതിന് സർക്കാരിന് സിവിൽ കോടതിയിൽ കേസുകൾ ഫയൽ ചെയ്യാവുന്നതാണെന്നും നിലവിലെ കേസ്സുകളിൽ സ്പെഷ്യൽ ഓഫീസറുടെ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള അധികാരം മാത്രമാണ് പരിശോധിക്കുന്നതെന്നും ബഹു.ഡിവിഷൻ ബഞ്ച് വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 11-4-2018-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമാനമായ മറ്റു കേസ്സുകളിലെ ബഹു.ഹൈക്കോടതി സിംഗിൾ ബഞ്ചുകൾ പുറപ്പെടുവിച്ചുവരുന്ന വിധിന്യായങ്ങളിൽ ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സർക്കാരിനോട് സിവിൽ കോടതിയെ സമീപിക്കുവാനും കരം സ്വീകരിക്കുന്നത് സിവിൽ കോടതിയിൽ ഫയൽ ചെയ്യുന്ന കേസിലെ അഡ്ജ്യൂഡിക്കേഷനു വിധേയമായിരിക്കുമെന്നും നിർദ്ദേശിച്ചിട്ടുള്ളതാകുന്നു.

(ബി) ഉണ്ട്. ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കാനായി സിവിൽ കോടതിയിൽ കേസുകൾ ഫയൽ ചെയ്യുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) ഇല്ല. ബഹു.ഹൈക്കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശത്തിൽ തർക്കം നിലനിൽക്കുന്ന ഹാരിസൺ മലയാളം ലിമിറ്റഡിന്റേയും മറ്റു കമ്പനികളുടേയും ഭൂമിയുടെ കരം ഉപാധികളോടെ സ്വീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ഭൂനികുതി അടയ്ക്കുന്നതു സംബന്ധിച്ച് റവന്യൂ വകുപ്പ് നിലവിൽ നിർദ്ദേശം ഒന്നും നൽകിയിട്ടില്ല.

**സർക്കാർ ഭൂമി കയ്യേറി നിർമ്മിച്ച ആരാധനാലയങ്ങൾ ഒഴിപ്പിക്കൽ**

236(1406) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർക്കുകൾ, പൊതുസ്ഥലങ്ങൾ, പൊതു മാർക്കറ്റുകൾ, സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് സ്ഥലങ്ങൾ എന്നിവ കയ്യേറി നിർമ്മിച്ച ആരാധനാലയങ്ങൾ ഒഴിപ്പിക്കണമെന്ന 2009 സെപ്റ്റംബർ 29 ലെ സുപ്രീംകോടതി വിധി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുസ്ഥലങ്ങൾ കയ്യേറി നിർമ്മിച്ച ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടുണ്ടായ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 29-9-2009-ലെ SLP(C) 8519/06 നമ്പർ വിധിന്യായം നടപ്പിൽ വരുത്തുന്നതിന് ആഭ്യന്തര വകുപ്പ് സെക്രട്ടറി, 24-10-2014-ലെ 67067/SSA3/09/Home കത്ത് പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പോലീസ്, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, എല്ലാ ജില്ലാ കളക്ടർമാർ എന്നിവരോട് നിർദ്ദേശം നൽകി. സുപ്രീം കോടതിയുടെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അനധികൃത കയ്യേറ്റങ്ങൾക്കെതിരെ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 17-9-2011-ൽ ആഭ്യന്തര വകുപ്പ് സെക്രട്ടറി ജില്ലാ കളക്ടർമാരുമായി നടത്തിയ വീഡിയോ കോൺഫറൻസിലെ നിർദ്ദേശ പ്രകാരം ആരാധനാലയങ്ങളുടെ അനധികൃത കയ്യേറ്റങ്ങൾ വാർഷിക പാട്ട വ്യവസ്ഥയ്ക്ക് നൽകി നിർമ്മാണം റെഗുലറൈസ് ചെയ്യുന്നതിനോ/ മാറ്റി സ്ഥാപിക്കുന്നതിനോ ആവശ്യമായ നടപടികൾ പൂർത്തിയാക്കാൻ നൽകിയ നിർദ്ദേശത്തിന്റെ കൂടി അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.

**പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരെ ഒഴിപ്പിക്കൽ**

337(1407) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ കോന്തുരുത്തി, തേവര പ്രദേശത്ത് കോന്തുരുത്തി പുഴയുടെ പുറമ്പോക്കിൽ കഴിഞ്ഞ അമ്പതുവർഷത്തിലധികമായി താമസിക്കുന്നതും കൊച്ചിൻ കോർപ്പറേഷൻ ബിൽഡിങ് നമ്പറും കൈവശാവകാശ സർട്ടിഫിക്കറ്റും അനുവദിച്ചിട്ടുള്ളതുമായ 150 ഓളം കുടുംബങ്ങളെ കുടി ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കോന്തുരുത്തി പുഴയുടെ പഴയ സ്ഥിതി പുന:സ്ഥാപിക്കണമെന്ന കോടതി ഉത്തരവിനെ തുടർന്ന് കിടപ്പാടം ഇല്ലാതാകുന്ന 150 ലധികം കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) എറണാകുളം ജില്ലയിലെ കോന്തുരുത്തിപ്പുഴയുടെ തീരങ്ങളിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കണമെന്നും പുഴയെ പൂർവ്വ സ്ഥിതിയിലാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.കെ.ജെ.ടോമി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത

WP(C) No. 1812/16 മേലുള്ള 30-6-2017-ലെ ഇടക്കാല ഉത്തരവ് പ്രകാരം നിയന്ത്രണാതീതമായ കയ്യേറ്റംമൂലം പുഴയുടെ വീതി കുറഞ്ഞിട്ടുള്ളതായും പുഴ പുറമ്പോക്ക് കയ്യേറിയവർക്ക് കൈവശ സർട്ടിഫിക്കറ്റ് നൽകിയതുവഴി അനധികൃത കയ്യേറ്റം ഭാഗികമായെങ്കിലും നിയമപരമാക്കുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ശ്രമം നടത്തുന്നതായും മഴക്കാലത്ത് പ്രസ്തുത ഭൂമിയിൽ വെള്ളപ്പൊക്കമുണ്ടാകാനിടയുണ്ടെന്നും ബഹു.ഹൈക്കോടതി നിരീക്ഷിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കണയന്നൂർ താലൂക്കിൽ എളംകുളം വില്ലേജിൽ സർവ്വേ നമ്പർ 1006-ൽപ്പെട്ട പുഴപുറമ്പോക്കിൽ താമസിക്കുന്ന 42 കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനും പ്രസ്തുത ആവശ്യത്തിലേക്ക് അടിയന്തരമായി ഭൂമി കണ്ടെത്താൻ എറണാകുളം ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## നാടാർ സ്വയംഭ്ര എഡ്യൂക്കേഷൻ ട്രസ്റ്റിന് ഭൂപരിഷ്കരണ നിയമത്തിൽ ഇളവ്

338(1408) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി താലൂക്കിലെ വടശ്ശേരിക്കരയിൽ നാടാർ സ്വയംഭ്ര എഡ്യൂക്കേഷൻ ട്രസ്റ്റിന് ഡെന്റൽ കോളേജ് തുടങ്ങുന്നതിനായി 22 ഏക്കർ ഭൂമി കൈവശം വയ്ക്കുന്നതിന് ഭൂപരിഷ്കരണ നിയമത്തിൽ ഇളവ് അനുവദിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) അയ്യപ്പ ദന്തൽ കോളേജിന്റെ കാര്യത്തിൽ ഇപ്രകാരം മുൻ സർക്കാരിന്റെ കാലത്ത് എടുത്ത തീരുമാനം റദ്ദ് ചെയ്യുന്നതിന് ബഹു. മന്ത്രി ശ്രീ. എ. കെ. ബാലൻ അദ്ധ്യക്ഷനായ സമിതി ശിപാർശ ചെയ്യുകയും 2017 ആഗസ്റ്റ് 10-ന് ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നോ;

(സി) എങ്കിൽ എന്ത് കാരണത്താലാണ് മുൻ യു.ഡി.എഫ്. സർക്കാരിന്റെ ഇക്കാര്യത്തിലുള്ള തീരുമാനം റദ്ദ് ചെയ്തതെന്ന് അറിയിക്കുമോ;

(ഡി) ഇപ്പോൾ നാടാർ സ്വയംഭ്ര എഡ്യൂക്കേഷൻ ട്രസ്റ്റിന് ഡെന്റൽ കോളേജ് തുടങ്ങുന്നതിനായി ഭൂപരിഷ്കരണ നിയമത്തിൽ ഇളവ് അനുവദിക്കുവാനുണ്ടായ പ്രത്യേക സാഹചര്യമെന്താണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 1-1-2016 മുതൽ 30-4-2016 വരെയുള്ള മന്ത്രിസഭായോഗ തീരുമാനങ്ങൾ പുനഃപരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള മന്ത്രിസഭാ ഉപസമിതി പ്രസ്തുത കോളേജ് ആരംഭിക്കുന്നതിനായി ആരോഗ്യ വകുപ്പിൽ നിന്നും നിരാക്ഷേപ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തതിനാലും മെഡിക്കൽ കൗൺസിലിന്റേയും മറ്റ് സ്ഥാപനങ്ങളുടേയും ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ലാത്തതിനാലും തീരുമാനം റദ്ദാക്കണമെന്ന് ശിപാർശ ചെയ്തിരുന്നു.

(ഡി) പാലതിയനാടാർ സ്വയംഭൂ നാടാർ എഡ്യൂക്കേഷൻ & ചാരിറ്റബിൾ ട്രസ്റ്റിന് നൽകിയ ഒഴിവ് റദ്ദ് ചെയ്തതിനെതിരെ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 9097/2018 നമ്പർ കേസിലെ വിധിന്യായം പ്രകാരം പുനഃപരിശോധിക്കുകയും ഉത്തരവ് റദ്ദ് ചെയ്യാനുണ്ടായ സാഹചര്യം ഇപ്പോൾ നിലനിൽക്കുന്നുണ്ടോയെന്ന് പരിശോധിച്ചതിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽനിന്നും ഡെന്റൽ കോളേജ് ആരംഭിക്കുന്നതിനും ജനറൽ നഴ്സിംഗ് കോഴ്സ് ആരംഭിക്കുന്നതിന് നിരാക്ഷേപ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള സാഹചര്യത്തിലും കോടതി ഉത്തരവിന്റെ വെളിച്ചത്തിലുമാണ് വീണ്ടും ഇളവ് അനുവദിച്ചിട്ടുള്ളത്.

## കേരളത്തിന്റെ പുനർ നിർമ്മാണത്തിനുള്ള സഹായം

339(T* 1409) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയിൽപ്പെട്ട സംസ്ഥാനത്തെ സഹായിക്കുന്നതിന് കേന്ദ്രത്തിൽ നിന്ന് ലഭ്യമായ ധനസഹായത്തിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുമ്പോൾ വിദേശ സഹായം സ്വീകരിക്കരുതെന്ന നയം നിലവിലുള്ള കേന്ദ്ര സർക്കാർ കൊണ്ടുവന്നതാണോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രളയക്കെടുതിയിൽ സംസ്ഥാനത്തിനുണ്ടായ നഷ്ടം സംബന്ധിച്ച് കേന്ദ്ര സർക്കാരിന് നൽകിയ നിവേദനത്തിന്മേലുള്ള പ്രതികരണം അറിയിക്കുമോ;

(ഡി) കേരളത്തിന്റെ പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; ആയതിന്മേലുള്ള പ്രതികരണം വിശദമാക്കുമോ?

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) 2018-ലെ പ്രളയത്തെ തുടർന്ന് ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം 2904.85 കോടി രൂപയുടെ അധിക സഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ഇത്തരം ഒരു നയം ഉള്ളതായി അറിവില്ല. ദേശീയ ദുരന്തലഘൂകരണ ആസൂത്രണ രേഖയിൽ ചാപ്റ്റർ 9.2 Accepting Foreign Assistance-ൽ പ്രതിബാധിക്കുന്നത് "As a matter of policy, the Government of India doesn't issue any appeal for foreign assistance in the wake of a disaster. However, if the national government of another country voluntarily offers assistance as a goodwill gesture in solidarity with the disaster victims, the Central Government may accept the offer. The Ministry of Home Affairs, Government of India is required to co-ordinate with the Ministry of External Affairs, Government of India which is primarily responsible for reviewing foreign offers of assistance and channelizing the same. In consultation with the concerned State Government, the MHA will assess the response requirements that the foreign teams can provide" എന്നാണ്.

(സി) ദേശീയ ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് കേരളം ആവശ്യപ്പെട്ടത് 5616 കോടി രൂപയുടെ ധനസഹായമാണ്. ആദ്യഘട്ടത്തിലുണ്ടായ പ്രളയത്തിന് 820 കോടിയും രണ്ടാംഘട്ടത്തിലെ മഹാപ്രളയത്തിന് 4796 കോടി രൂപയും ഉൾപ്പെടെയാണിത്. ഈ ആവശ്യം പരിഗണിച്ച് 2904.85 കോടി രൂപയുടെ അധിക സഹായം ദേശീയ ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നത് 5616 കോടി രൂപയുടെ ധനസഹായമാണ്. കൂടാതെ 5,000 കോടി രൂപയുടെ പാക്കേജും പ്രത്യേക ധനസഹായമായി ആവശ്യപ്പെട്ടിരുന്നു. പാക്കേജിന്മേൽ കേന്ദ്ര സർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടില്ല.

## പ്രളയക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണം

340(T*1410) <u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയക്കെടുതിയിൽ തകർന്ന പൊതുമരാമത്ത് റോഡുകൾ പുനരുദ്ധരിക്കാൻ എത്ര തുകയാണ് ആവശ്യപ്പെട്ടിട്ടുള്ളത്; ആയത് ആകെ തുകയുടെ എത്ര ശതമാനമാണ്;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) 1985-ലെ പ്രളയക്കെടുതിയിൽ തകർന്ന പൊതുമരാമത്ത് റോഡുകൾ പുനരുദ്ധരിക്കാൻ എത്ര തുകയാണ് ആവശ്യപ്പെട്ടിരുന്നത്; ആയത് അന്നത്തെ മെമ്മോറാണ്ടത്തിന്റെ എത്ര ശതമാനമാണ്;

(സി) 1985-ൽ ഓരോ മേഖലയ്ക്കും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ്, ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ച് റോഡുകളുടെ അറ്റകുറ്റപ്പണിക്ക് ആവശ്യപ്പെട്ടത് 71.25 കോടി രൂപയാണ്. ഈ തുക പൂർണ്ണമായും പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി &സി) വിവരം ശേഖരിച്ചുവരുന്നു.

**പ്രളയംമൂലം ഭവനരഹിതരായവർക്ക് സഹായം**

341(1411) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ പ്രളയത്തെതുടർന്ന് വീടുകൾ പൂർണ്ണമായും ഭാഗികമായും തകർന്നവർക്ക് നൽകിയിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(ബി) വീടുകൾ പുനർ നിർമ്മിക്കുന്നതിനാവശ്യമായ സഹായം എത്ര പേർക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ട്; എത്ര പേർക്ക് നൽകാൻ ബാക്കിയുണ്ട്;

(സി) പ്രസ്തുത മണ്ഡലത്തിലെ, പ്രളയം മൂലം ഭവനരഹിതരായ ജനങ്ങൾക്ക് ഏതൊക്കെ പദ്ധതികൾ പ്രകാരമാണ് ഭവനനിർമ്മാണത്തിന് സഹായം നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ പ്രളയത്തെ തുടർന്ന് 15% ഭവനനാശം സംഭവിച്ച 51 പേർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 5,200 രൂപ വീതവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 4,800 രൂപാ വീതവും അനുവദിച്ചിട്ടുണ്ട്. 16-29% ഭവന നാശം സംഭവിച്ച 40 പേർക്ക് 28,500 രൂപ വീതവും അനുവദിച്ചിട്ടുള്ളതാണ്. പൂർണ്ണനാശം സംഭവിച്ച 19 പേർക്ക് 95,100 രൂപ വീതവും അനുവദിച്ചിട്ടുള്ളതാണ്.

(ബി) 110 പേർക്ക് സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്. 91 പേർക്ക് ധനസഹായം നൽകാൻ ബാക്കിയുണ്ട്.

(സി) സംസ്ഥാന ദുരന്ത പ്രതികരണ നിധി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി എന്നിവയിൽ നിന്നുള്ള ഫണ്ട് വിനിയോഗിച്ചും ധനകാര്യ വകുപ്പിന്റെ സഹായത്തോടെ നടപ്പാക്കുന്ന കെയർ ഹോം പദ്ധതി പ്രകാരവുമാണ് ഭവന നിർമ്മാണത്തിന് സഹായം നൽകാൻ ഉദ്ദേശിക്കുന്നത്.

### പ്രളയ ദുരിതബാധിതർക്ക് ഭവന നിർമ്മാണ പദ്ധതി

342(T*1412) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയ ദുരിതബാധിതർക്ക് അനുവദിച്ച ഭവന നിർമ്മാണ പദ്ധതിയിൽ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ എത്ര ഗുണഭോക്താക്കളെയാണ് കണ്ടെത്തിയിട്ടുള്ളത്;

(ബി) ഇതിൽ എത്ര പേർക്കാണ് ഭവന നിർമ്മാണ അനുമതി നൽകി തുക അനുവദിച്ചിട്ടുള്ളത്; വിശദവിവരം നൽകാമോ;

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ വിലയിരുത്തിയിട്ടുള്ള നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ഡി) ഗുണഭോക്താക്കളുടെ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നിലവിൽ 147 ഗുണഭോക്താക്കൾക്കാണ് പ്രളയത്തിൽ പൂർണ്ണ ഭവന നാശം സംഭവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുള്ളത്. ഇതിൽ 87 പേർക്ക് ആദ്യ ഗഡുവായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള 95,100 രൂപ വീതം നൽകിയിട്ടുണ്ട്.

(സി) പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നുണ്ടെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

(ഡി) വിവരം അനുബന്ധമായി ചേർക്കുന്നു.*

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പ്രളയത്തെത്തുടർന്ന് വീടുകൾ തകർന്നവർക്ക് ഭവന നിർമ്മാണത്തിന് സഹായം

343(1413) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തെത്തുടർന്ന് കളമശ്ശേരി നിയോജക മണ്ഡലത്തിൽ വീടുകൾ പൂർണ്ണമായും ഭാഗികമായും തകർന്നവർക്ക് നൽകിയിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) വീടുകൾ പുനർ നിർമ്മിയ്ക്കുന്നതിനാവശ്യമായ സഹായം എത്ര പേർക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ട്; ഇനി എത്ര പേർക്ക് വീടുകൾ പുനർ നിർമ്മിയ്ക്കുന്നതിന് സഹായം നൽകാൻ ബാക്കിയുണ്ട്; വിശദാംശം നൽകാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ പ്രളയംമൂലം ഭവനരഹിതരായ ജനങ്ങൾക്ക് ഏതൊക്കെ പദ്ധതികൾ പ്രകാരമാണ് ഭവന നിർമ്മാണത്തിന് സഹായം നൽകാൻ ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പൂർണ്ണമായി തകർന്നതായി നിലവിൽ കണക്കാക്കിയിട്ടുള്ള വീടുകളിൽ വാസയോഗ്യമായ സ്വന്തം ഭൂമിയിൽ വീട് വയ്ക്കുന്നതിന് സ്വയം സന്നദ്ധരായ ഗുണഭോക്താക്കൾക്ക് സർക്കാർ പ്രഖ്യാപിച്ച നാല് ലക്ഷം രൂപയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ആദ്യഗഡുവായ 95,100 രൂപ വീതം അനുവദിച്ച് വരുന്നു. ബാക്കി തുകയിൽ 50% വീട് നിർമ്മാണം 25% പൂർത്തീകരിക്കുമ്പോഴും ശേഷിക്കുന്ന 50% വീട് പുനർ നിർമ്മാണം 75% പൂർത്തീകരിക്കുമ്പോഴും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നതാണ്. കൂടാതെ സ്വന്തം ഭൂമിയിൽ സർക്കാർ മേൽനോട്ടത്തിൽ ഭവനം നിർമ്മിക്കുന്നതിനും സ്പോൺസർ നേരിട്ട് കെട്ടിടം പുനർ നിർമ്മാണ ഏജൻസിയെ കണ്ടെത്തി ഭവനം പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. CARE Home പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ 337 വീടുകൾ നിർമ്മിച്ച് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ SDRF-ൽ നിന്നുള്ള 95100 രൂപ ഉൾപ്പെടെ ആകെ 5,00,000 രൂപ ചെലവ് വരുന്ന വീടുകളാണ് നിർമ്മിച്ചുവരുന്നത്. 2019 മാർച്ച് 25-ന് പൂർത്തീകരിക്കുന്ന വിധത്തിലാണ് പദ്ധതി നിർവ്വഹണ സമയം തീരുമാനിച്ചിട്ടുള്ളത്. 15% വരെ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് 10,000 രൂപയും

16% മുതൽ 29% വരെ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് 60,000 രൂപയും 30% മുതൽ 59% വരെ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് 1,25,000 രൂപയും 60% മുതൽ 74% വരെ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് 2,50,000 രൂപയും 75% ൽ അധികം നാശനഷ്ടം സംഭവിച്ച വീടുകൾക്ക് 4,00,000 രൂപയും അനുവദിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പൂർണ്ണമായും സ്ഥലം ഒഴുകിപ്പോയവർക്ക് സ്വന്തമായി വേറെ സ്ഥലം കേരളത്തിൽ ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീടുവയ്ക്കുന്നതിന് അനുയോജ്യമല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ പ്രമാണത്തിലുള്ള തുകയോ ഏതാണ് കുറവ് അത് അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

(ബി) പൂർണ്ണമായി തകർന്ന 202 വീടുകൾ പുനർനിർമ്മിക്കുന്നതിനുള്ള ആദ്യ ഗഡുവായ 95100 രൂപ വീതം 1,92,10,200 രൂപ അനുവദിച്ചിട്ടുണ്ട്. ഭാഗികമായി തകർന്ന 14582 വീടുകളുടെ തുക അനുവദിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(സി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ഫണ്ട് വിനിയോഗിച്ചും സഹകരണ വകുപ്പിന്റെ സഹായത്തോടെയും നടപ്പാക്കുന്ന Care Home പദ്ധതി പ്രകാരമുള്ള വീടുകളുടെ പുനർനിർമ്മാണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

## സർക്കാർ സ്ഥാപനങ്ങൾക്ക് ഹൗസിംഗ് ബോർഡ് വാടക

344(1414) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാരിന്റെ സ്ഥലം, പണം എന്നിവ ഉപയോഗപ്പെടുത്തി നിർമ്മിച്ച കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾക്ക് ഹൗസിംഗ് ബോർഡ് വാടക ഈടാക്കാറുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കെട്ടിടങ്ങളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളിൽനിന്നും ബോർഡ് വാടക ഈടാക്കാറുണ്ട്. എന്നാൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നത് കാരണം സർക്കാർ സ്ഥാപനങ്ങളുടെ വാടക ഒഴിവാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## പ്രളയകാലത്ത് ചങ്ങനാശ്ശേരി താലൂക്കിൽ നാശനഷ്ടം സംഭവിച്ച വീടുകളുടെ വിവരങ്ങൾ

345(1415) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പ്രളയകാലത്ത് ചങ്ങനാശ്ശേരി താലൂക്കിൽ എത്ര വീടുകൾക്കാണ് പൂർണ്ണമായ നാശനഷ്ടം സംഭവിച്ചിട്ടുള്ളതെന്നും ഭാഗികമായി നാശനഷ്ടം സംഭവിച്ചിട്ടുള്ളതെന്നുമുള്ളതിന്റെ വിശദാംശം അറിയിക്കാമോ;

(ബി) നഷ്ടം സംഭവിച്ചവർക്കെല്ലാം സഹായധനം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇനിയും സഹായധനം നൽകുവാനുണ്ടെങ്കിൽ എത്രയും പെട്ടെന്ന് നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചങ്ങനാശ്ശേരി താലൂക്കിൽ റവന്യൂ വകുപ്പ് മുഖാന്തരം നടത്തിയ പരിശോധനയിൽ 59 വീടുകൾക്ക് പൂർണ്ണമായും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. 1297 വീടുകൾക്ക് ഭാഗികമായും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. (15%-690, 16-29% 307, 30-59%-213, 60-74%-87)

(ബി & സി) പൂർണ്ണമായും നാശനഷ്ടം സംഭവിച്ച 59 കേസുകളിൽ സ്വന്തമായി വീടു വയ്ക്കുന്നതിന് സമ്മതപത്രം നൽകിയ 27 പേർക്ക് ഒന്നാം ഗഡുവും ഇവരിൽ 4 പേർക്ക് രണ്ടാം ഗഡു ധനസഹായവും അനുവദിച്ചിട്ടുണ്ട്. Care home പദ്ധതിയിൽ ഉൾപ്പെട്ട 10 പേരിൽ 9 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഭാഗികമായി തകർന്ന 788 വീടുകൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവർക്ക് ധനസഹായം അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പ്രകൃതിക്ഷോഭംമൂലം വീടുകൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം

346(1416) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പ്രകൃതിക്ഷോഭംമൂലം വീടുകൾ നഷ്ടപ്പെട്ട എത്ര പേർക്ക് ധനസഹായം അനുവദിച്ചു എന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ;

(ബി) ധനസഹായം ആവശ്യപ്പെട്ട് എത്ര അപേക്ഷ ലഭിച്ചു എന്നും അവയിൽ ഇനിയും തീർപ്പാക്കാത്ത എത്ര അപേക്ഷകളുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രകൃതിക്ഷോഭത്തിൽ പൂർണ്ണമായും ഭാഗികമായും വീട് തകർന്നതായ 726 പേർക്ക് ധനസഹായം അനുവദിച്ചു.

(ബി) 918 അപേക്ഷ ലഭിച്ചു. 726 പേർക്ക് ധനസഹായം വിതരണം ചെയ്തു.

**പങ്കാളിത്ത മത്സ്യപരിപാലന പദ്ധതികൾ**

347(1417) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :
<u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യ ബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനായി പങ്കാളിത്ത മത്സ്യ പരിപാലനപദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സമുദ്ര മത്സ്യബന്ധന മേഖലയുടെ സംരക്ഷണത്തിനും സുസ്ഥിരമായ മത്സ്യബന്ധന രീതികൾ നടപ്പാക്കുന്നതിനും വിവിധ സംസ്ഥാനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ആഗോള നിലവാരത്തിലുള്ള സുസ്ഥിര മത്സ്യബന്ധന രീതികൾ അവലംബിക്കുന്നതിനോടൊപ്പം പരമ്പരാഗതമായ അറിവുകളും ശാസ്ത്രീയ സംവിധാനങ്ങളും പ്രയോജനപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ(ഭേദഗതി) ആക്ട് പ്രകാരം സംസ്ഥാന, ജില്ല, വില്ലേജ് തലങ്ങളിൽ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾകൂടി ഉൾപ്പെടുന്ന ടി കൗൺസിലുകൾ മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനായുള്ള വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. മത്സ്യസമ്പത്ത് സംരക്ഷിച്ച് ചൂഷണം ചെയ്യുന്ന കാര്യത്തിലും ശാസ്ത്രീയമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനും വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തെറ്റായ മത്സ്യ സംസ്കരണ രീതികൾ ഒഴിവാക്കുന്നതിനും മത്സ്യ പ്രജനനകാലത്തെ മത്സ്യബന്ധന നിയന്ത്രണങ്ങൾ പാലിക്കുന്നതിനും മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുമുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും

FMC-കളിലൂടെ ലക്ഷ്യമിടുന്നു. മത്സ്യോല്പാദന വർദ്ധനവിനായി കടൽ കൂട്കൃഷി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിൽ കടൽ കൂട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങൾ സർവ്വേ നടത്തി കണ്ടെത്തുകയും ഇത്തരത്തിൽ കണ്ടെത്തിയ സ്ഥലം കൂട്കൃഷി ചെയ്യുന്നതിനായി മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് അനുവദിച്ച് നൽകുകയും ചെയ്യും. 2016-17 കാലയളവിൽ തിരുവനന്തപുരം ജില്ലയിലെ പുല്ലുവിള, തുമ്പ എന്നീ ഭാഗങ്ങളിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ സ്ഥാപിച്ചിരുന്നു. പുതുക്കുറിച്ചി, കൊച്ചുതുറ എന്നീ തീരക്കടൽ ഭാഗങ്ങളിൽ കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഉൾനാടൻ പൊതു ജലാശയങ്ങളിൽ മത്സ്യകൃഷി ചെയ്യുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് അനുമതി നൽകി മത്സ്യകൃഷി പ്രോത്സാഹിപ്പിക്കും. സുരക്ഷിതത്വ മേഖലയിലുൾപ്പെടുന്നത് ഒഴികെയുള്ള എല്ലാ പൊതുജലാശയങ്ങളേയും അവിടെയുള്ള മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവനോപാധി പ്രവർത്തനങ്ങളെ ബാധിക്കാതെ ജലകൃഷിയ്ക്കായി പ്രയോജനപ്പെടുത്തും. വലിയ/ഇടത്തര റിസർവോയറുകളിൽ മത്സ്യ ഉത്പാദന വർദ്ധനവിനായി പരിസര പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ, പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ എന്നിവ മുഖേന മത്സ്യത്തിന്റെ കൂടുകൃഷി വ്യാപിപ്പിക്കും. ഇതിനായി ഓരോ പൊതുജലാശയത്തിലും ഏർപ്പെടുത്താവുന്ന കൂടുകളുടെ എണ്ണം നിജപ്പെടുത്തുകയും ചെയ്യും.

(ബി) നവംബർ 10, 11 തീയതികളിൽ എറണാകുളം CMFRI-ൽ വച്ച് നടന്ന ദക്ഷിണേന്ത്യൻ മന്ത്രിമാരുടെ യോഗത്തിൽ സമുദ്ര മത്സ്യബന്ധന മേഖലയുടെ സംരക്ഷണത്തിനും സുസ്ഥിരമായ മത്സ്യബന്ധനരീതികൾ നടപ്പാക്കുന്നതിനും സ്വീകരിക്കാവുന്ന നടപടികളെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. CMFRI യുടെ ശിപാർശയനുസരിച്ച് കേരള സർക്കാർ നടപ്പാക്കിയ രീതിയിൽ എല്ലാ സംസ്ഥാനങ്ങളും പിടിച്ചെടുക്കാവുന്ന മത്സ്യങ്ങളുടെ നിയമപരമായ കുറഞ്ഞ വലിപ്പം നടപ്പിൽ വരുത്താൻ തീരുമാനിച്ചു. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിനും അവയെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുംവിധം സജ്ജമാക്കാനും കേന്ദ്രത്തോട് ആവശ്യപ്പെടാൻ പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. നശീകരണ മത്സ്യബന്ധന രീതികളായ ബുൾട്രോളിംഗ്, പെയർട്രോളിംഗ്, വിഷ പദാർത്ഥങ്ങൾ, രാസപദാർത്ഥങ്ങൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധന രീതികൾ നിരോധിക്കുന്നതിന് എല്ലാ സംസ്ഥാനങ്ങളും സമ്മതിച്ചിട്ടുണ്ട്. മത്സ്യ ബന്ധനശേഷി കുറച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി 'CIFT' ശിപാർശ ചെയ്തിട്ടുള്ള പ്രധാന വലകളുടെ കൂടിയ വലിപ്പവും കുറഞ്ഞ കണ്ണി വലിപ്പവും എല്ലാ സംസ്ഥാനങ്ങളും നടപ്പിൽ വരുത്താൻ തീരുമാനിച്ചു. ട്രോൾ വലകളുടെ കോഡ്

എൻഡിൽ ചതുരക്കണ്ണികൾ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ എല്ലാ സംസ്ഥാനങ്ങളും സ്വീകരിക്കുന്നതാണ്. മത്സ്യവിഭവ സംരക്ഷണത്തിന് എല്ലാ സംസ്ഥാനങ്ങളും IUU മത്സ്യബന്ധനം നിരോധിക്കുന്നതിനും മേഖലാ നിയന്ത്രണങ്ങൾ നടപ്പിൽ വരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതുമാണ്. സമുദ്രമാലിന്യം നിയന്ത്രിക്കുന്നതിനായി കേരള സർക്കാർ നടപ്പിലാക്കുന്ന ശുചിത്വ സാഗരത്തിന് സമാനമായ പദ്ധതികൾ മറ്റ് സംസ്ഥാനങ്ങൾ നടപ്പാക്കുന്നതാണ്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ കാര്യക്ഷമമാക്കുന്നതിന് മത്സ്യബന്ധന യാനങ്ങളിൽ സ്വയം പ്രവർത്തിത തിരിച്ചറിയൽ സംവിധാനവും യാനനിരീക്ഷണ സംവിധാനങ്ങളും നിർബന്ധമാക്കാൻ എല്ലാ സംസ്ഥാനങ്ങളും തീരുമാനിച്ചു. മത്സ്യകൃഷിക്കായി ഉപയോഗിക്കുന്ന മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് മത്സ്യ ഹാച്ചറികൾക്ക് അംഗീകാരം നിർബന്ധമാക്കാൻ എല്ലാ സംസ്ഥാനങ്ങളും തീരുമാനിച്ചു. മത്സ്യ വിഭവ മാനേജ്മെന്റിനായി പങ്കാളിത്ത മാനേജ്മെന്റ് പ്രോത്സാഹിപ്പിക്കുന്നതിന് ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിക്കുന്നതിനും എല്ലാ സംസ്ഥാനങ്ങളും തീരുമാനിച്ചു. മത്സ്യവിഭവ സംരക്ഷണത്തിന് ട്രോൾബാൻ നൽകുന്ന സംഭാവനകൾ കണക്കിലെടുത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സഹായം ലഭ്യമാക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം സംസ്ഥാന സർക്കാരുകൾക്ക് ലഭ്യമാക്കുവാൻ കേന്ദ്രത്തോട് ആവശ്യപ്പെടാനും എല്ലാ സംസ്ഥാനങ്ങളും തീരുമാനിച്ചിട്ടുണ്ട്.

(സി) പരമ്പരാഗതമായ അറിവുകളും ശാസ്ത്രീയ സംവിധാനങ്ങളും പ്രയോജനപ്പെടുത്താൻ പരിചയസമ്പന്നരായ മത്സ്യത്തൊഴിലാളികൾ, മറ്റ് കടലോരവാസികൾ, കർഷകർ, മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ, സാമൂഹ്യ പ്രവർത്തകർ, ശാസ്ത്രജ്ഞർ എന്നിവരിൽ നിന്നും സമാഹരിച്ച പാരമ്പര്യ വിജ്ഞാനങ്ങൾ ഉൾപ്പെടുത്തി കടലറിവുകൾ എന്ന ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## മത്സ്യബന്ധന മേഖലയിൽ ഇന്ധന സബ്സിഡി

348(1418) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിയ്ക്കടിയുണ്ടാകുന്ന ഡീസൽവില വർദ്ധനവ് മൂലം മത്സ്യബന്ധന മേഖല അനുഭവിക്കേണ്ടി വരുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നു; വിശദമാക്കാമോ;

(ബി) മത്സ്യഫെഡ് വഴി സബ്സിഡി നിരക്കിൽ ലഭിക്കുന്ന മണ്ണെണ്ണയുടെ സബ്സിഡി യഥാസമയം ലഭിക്കാത്തത് മത്സ്യത്തൊഴിലാളികൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിശ്ശികയില്ലാതെ സബ്സിഡി വിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മത്സ്യബന്ധന മേഖലയിൽ ഉപയോഗിക്കുന്ന ഇന്ധനങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളുടെ മാതൃകയിൽ നികുതിഇളവ്/സബ്സിഡി നൽകണമെന്ന ആവശ്യം ഈ മേഖലയിൽ നിന്നും ഉയർന്നിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഡീസൽ സബ്സിഡി നൽകുന്നുണ്ടെങ്കിലും അത് ബി.പി.എൽ. വിഭാഗത്തിന് മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ സംസ്ഥാനത്തെ മത്സ്യബന്ധന ബോട്ടുകൾക്ക് പ്രയോജനപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇത് പുനഃപരിശോധിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളികൾക്കുള്ള വെള്ള മണ്ണെണ്ണ സബ്സിഡിക്കായി 2018-19 ബഡ്ജറ്റിൽ 51.25 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 21.70 കോടി സബ്സിഡി കുടിശ്ശികയ്ക്കായി നൽകിക്കഴിഞ്ഞു. ആയതനുസരിച്ച് 2018 ആഗസ്റ്റ് മാസം വരെയുള്ള തുക ഗുണഭോക്താക്കൾക്ക് നൽകിക്കഴിഞ്ഞിട്ടുണ്ട്. 2018 നവംബർ മാസം വരെയുള്ള തുക ഉടൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മണ്ണെണ്ണ സബ്സിഡി തുക DBT ആയി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്കാണ് നൽകുന്നത്. സബ്സിഡി തുക യഥാസമയം മത്സ്യഫെഡ് വഴി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഉയർന്നിട്ടുണ്ട്. മത്സ്യബന്ധനത്തിനുള്ള ഇന്ധനം അടിസ്ഥാന വിലയിൽ അർഹരായ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് മത്സ്യഫെഡ് സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ കേന്ദ്ര പെട്രോളിയം മന്ത്രിക്ക് പ്രസ്തുത വിഷയം സംബന്ധിച്ച് നിവേദനം നൽകുകയും ബഹു മന്ത്രിയെ നേരിട്ട് കണ്ട് പ്രസ്തുത വിഷയം അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നവംബർ 10, 11 തീയതികളിലായി എറണാകുളം CMFRI-ൽ വച്ച് നടന്ന ദക്ഷിണേന്ത്യൻ ഫിഷറീസ് മന്ത്രിമാരുടെ യോഗത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും യോഗ

തീരുമാനങ്ങളിലൊന്ന് മണ്ണെണ്ണയുടെ ഉയർന്ന വില കുറയ്ക്കാനും മത്സ്യബന്ധന യാനങ്ങൾക്ക് നൽകുന്ന ഡീസലിന് നികുതി ഒഴിവാക്കുന്നതിനും കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുകയെന്നതായിരുന്നു.

**മത്സ്യബന്ധന നയത്തിന്റെ വിശദാംശങ്ങൾ**

349(1419) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീനിന്റെ വില നിശ്ചയിക്കുന്നതിനും വില്ക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് പൂർണ്ണ അവകാശം നൽകുന്ന മത്സ്യബന്ധന നയത്തിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായ ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ്, മത്സ്യ ഇനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി വിലനിശ്ചയിക്കൽ ഉൾപ്പെടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്നും ഇവയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാന തീര മേഖലയിലെ നശീകരണമത്സ്യബന്ധനം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയുവാനും മത്സ്യസമ്പത്ത് സംരക്ഷിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) മത്സ്യത്തൊഴിലാളികളുടെ ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ്, ബോട്ട് ബിൽഡിംഗ് യാർഡുകൾ, മത്സ്യബന്ധന യാനങ്ങൾക്ക് ഹോളോഗ്രാം രജിസ്ട്രേഷൻ, ദുരന്ത നിവാരണത്തിന് റെസ്ക്യൂ സ്ക്വാഡ് എന്നിവ ഉറപ്പുവരുത്താനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കടലിലേയും ഉൾനാടൻ ജലാശയങ്ങളിലേയും മത്സ്യബന്ധനത്തെ പരിപാലിച്ചും നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ജല ആവാസ വ്യവസ്ഥകൾ പുനരുജ്ജീവിപ്പിച്ചും ശാസ്ത്രീയ ജല കൃഷി പരിപാലന മുറകൾ അവലംബിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിച്ച് മൂല്യവർദ്ധനവ് നടത്തി വിളവിന് പരമാവധി വില ലഭ്യമാക്കിയും മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുക വഴി ഭക്ഷ്യസുരക്ഷ ഉറപ്പാക്കിയും മത്സ്യകർഷകരുടെ ആളോഹരി വരുമാനം ഇരട്ടിയാക്കി മത്സ്യത്തൊഴിലാളികളുടെ ആളോഹരി വരുമാനം പൊതുസമൂഹത്തിന്റെ ആളോഹരി വരുമാനത്തിന് തുല്യമാക്കിക്കൊണ്ടുവരികായെന്നതാണ് ഫിഷറീസ് നയം വിഭാവന ചെയ്യുന്നത്. മത്സ്യത്തൊഴിലാളി പിടിക്കുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനും

സ്വതന്ത്രമായി വില്പനയിൽ ഏർപ്പെടുന്നതിനുമുള്ള അവകാശം ഈ നയം വിഭാവന ചെയ്യുന്നു. മത്സ്യമേഖലയിലേയും അതിൽ പണിയെടുക്കുന്നവരുടേയും നിലവിലുള്ള പ്രശ്നങ്ങൾ ഉൾക്കൊണ്ട് അവ പരിഹരിക്കാനുതകുന്ന കാഴ്ചപ്പാടോടെയുള്ള ലക്ഷ്യ നിർവ്വഹണമാണ് ഈ നയരേഖ മുന്നോട്ടുവയ്ക്കുന്നത്. മത്സ്യമേഖലയിൽ ശാസ്ത്രീയമായ ഇടപെടലുകൾ നടത്തുക, മത്സ്യത്തൊഴിലാളികളുടെ സംരക്ഷണം ഉറപ്പു വരുത്തുക, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണം ഉറപ്പാക്കുക, മത്സ്യ വിപണന ത്തിനുള്ള സംവിധാനങ്ങൾ ഉറപ്പാക്കുക, മൂല്യ വർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുക, മത്സ്യത്തൊഴിലാളികളുടെ വികസനത്തിൽ മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമം നടപ്പാക്കുക എന്നിവയും ഈ നയം വിഭാവന ചെയ്യുന്നു.

(ബി) മത്സ്യബന്ധനത്തിന് ഉപയോഗപ്പെടുത്തുന്ന ഫിഷ്‌ലാന്റിംഗ് സെന്ററുകൾ ഓരോ പ്രദേശത്തിന്റേയും സവിശേഷതകൾ പരിഗണിച്ച് ആവിഷ്കരിക്കുക, നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങൾ സമ്പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുക, തീരശോഷണം ഉണ്ടാകാത്ത രീതിയിൽ പുതിയ ഹാർബറുകൾ നിർമ്മിക്കുക, മത്സ്യമാർക്കറ്റുകളേയും ലാന്റിംഗ് സെന്ററുകളേയും തമ്മിൽ ബന്ധിപ്പിക്കുന്ന തീരദേശ റോഡുകൾ വികസിപ്പിക്കുകയും ഗുണനിലവാരത്തോടുകൂടി സംരക്ഷിക്കുകയും ചെയ്യുക. ഗുണനിലവാരവും ശുചിത്വവും പാലിക്കുന്ന തരത്തിൽ നിലവിലുള്ള തുറമുഖങ്ങളുടെ നിലവാരം ഉയർത്തുക, മത്സ്യബന്ധന തുറമുഖങ്ങളുടെ സുരക്ഷയ്ക്കും മത്സ്യത്തൊഴി ലാളികൾ നേരിടുന്ന അത്യാഹിതങ്ങൾ കുറയ്ക്കുന്നതിനും നടപടികൾ സ്വീകരിക്കുക, ഹാർബറുകളുടേയും ലാന്റിംഗ് സെന്ററുകളുടേയും നടത്തിപ്പിന് മാനേജുമെന്റ് സൊസൈറ്റികൾ രൂപീകരിക്കുക, തുറമുഖ നിർമ്മാണവും നവീകരണവുമായി ബന്ധപ്പെട്ട് തൊഴിലും ഉപജീവനമാർഗ്ഗവും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് പുനരധിവാസവും നഷ്ടപരിഹാരവും ഉറപ്പാക്കുക എന്നീ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്. കേരള തീരത്ത് കൊല്ലങ്കോട് മുതൽ പരവൂർ പൊഴിക്കര വരെ 30 മീറ്റർ ആഴത്തിൽ വരെയും പരവൂർ പൊഴിക്കര മുതൽ ബംഗാര മഞ്ചേശ്വരം വരെ 20 മീറ്റർ ആഴം വരെയും മെക്കനൈസ്ഡ് ഫിഷിംഗ് വെസലുകൾക്ക് മത്സ്യബന്ധനം നടത്താൻ പാടില്ലെന്ന് കെ.എം.എഫ്.ആർ റൂളിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് കൃത്യമായി പാലിക്കുന്നതിന് മറൈൻ എൻഫോഴ്സ്മെന്റിന്റെ സഹായത്തോടുകൂടി നടപടികൾ സ്വീകരിച്ചുവരുന്നു. 12 വോൾട്ടിന് മുകളിലുള്ള ലൈറ്റ്, തെങ്ങിന്റെ ക്ലാഞ്ഞിൽ (spadix), കൂട്ടികെട്ടിയ പ്ലാസ്റ്റിക് കുപ്പികൾ, ഡയനാമിറ്റ്, വിഷ വസ്തുക്കൾ എന്നിവ ഉപയോഗിച്ചുള്ള നിരോധിത മത്സ്യബന്ധന രീതികളും കേരളത്തിന്റെ ചില തീര പ്രേദശങ്ങളിൽ കണ്ടു വരുന്നുണ്ട്. ഇത്തരം തെറ്റായ മത്സ്യബന്ധന രീതികൾ നിയന്ത്രിക്കുന്നതിനും മത്സ്യബന്ധനം വർദ്ധിപ്പിക്കുന്നതിനും കെ.എം.എഫ്.ആർ.

ആക്ടിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഇതുകൂടാതെ പ്രസ്തുത മത്സ്യബന്ധന രീതികളുടെ ഭവിഷ്യത്തുകൾ സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്ക് അവബോധം ഉണ്ടാക്കുന്നതിനായി അവർക്കിടയിൽ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. കേരള തീരത്ത് സുലഭമായ പ്രധാനപ്പെട്ട 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയത് ലംഘിക്കുന്നവർക്കെതിരെ കെ.എം.എഫ്.ആർ. ആക്ടും റൂളും അനുശാസിക്കുന്ന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് 2018-19-ൽ സർക്കാരിൽ നിന്നും 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ താല്പര്യമുള്ള കമ്പനികളിൽനിന്നും ഇ-ടെണ്ടർ ക്ഷണിക്കുകയും ഇതിൽ യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് ക്വാട്ട് ചെയ്ത പൂർണ്ണമായ നഷ്ടം മാത്രം കവർ ചെയ്യുന്നതിന് നിശ്ചിത വിലയുടെ 1%+ടാക്സും പൂർണ്ണവും ഭാഗീകവുമായ നഷ്ടം കവർ ചെയ്യുന്നതിന് ഒരുമിച്ച് നിശ്ചിത വിലയുടെ 1.5%+ടാക്സും എന്ന പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്. അതനുസരിച്ച് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ജില്ലകളിൽ നടക്കുന്നു. നടപ്പ് വർഷം നിശ്ചിത എണ്ണം യാനങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താൻ സാധിക്കും.

ഭേദഗതി വരുത്തിയ കെ.എം.എഫ്.ആർ. ആക്ടിൽ നിഷ്കർഷിക്കുന്ന രീതിയിൽ ബോട്ട് ബിൽഡിംഗ് യാർഡുകളുടെ രജിസ്ട്രേഷൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലെ തെരഞ്ഞെടുത്ത 60 മത്സ്യ ഗ്രാമങ്ങളിലായി 60 കടൽ സുരക്ഷാ സ്ക്വാഡുകളാണ് ആദ്യഘട്ടത്തിൽ രൂപീകരിക്കുന്നത്. ഒരു സ്ക്വാഡിൽ 5 മത്സ്യബന്ധന യാനങ്ങളും ഒന്നിൽ മൂന്ന് വീതം എന്ന കണക്കിൽ ആകെ 15 മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്നതാണ് ഒരു സ്ക്വാഡ്. ആകെ 900 മത്സ്യത്തൊഴിലാളികൾ. ഈ സ്ക്വാഡിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽവച്ച് ദുരന്ത നിവാരണം സംബന്ധിച്ചും പവർ ബോട്ട് പ്രവർത്തിപ്പിക്കുന്നതും കടൽ രക്ഷാ പ്രവർത്തനം എന്നിവ സംബന്ധിച്ചും പരിശീലനം നൽകി വരുന്നു. ആദ്യ ബാച്ചിൽ 40 പേരുടെ പരിശീലനം പൂർത്തീകരിച്ചു. രണ്ടാം ബാച്ചിൽ 40 പേരുടെ പരിശീലനം പുരോഗമിക്കുന്നു. ആദ്യഘട്ടത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ തെരഞ്ഞെടുത്ത 300 മെക്കനൈസ്ഡ് ഫിഷിംഗ് യാനങ്ങളിൽ ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ് ഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മത്സ്യത്തൊഴിലാളി മേഖലയുടെ വികസനം

350(1420) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ മത്സ്യത്തൊഴിലാളി മേഖലയുടേയും മത്സ്യ വിപണന മേഖലയുടേയും ഉന്നമനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളി മേഖലാ വികസനത്തിനായി പ്രഖ്യാപിച്ച 2000 കോടി രൂപയുടെ പാക്കേജിൽ ഏതെല്ലാം പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും ഇതിന്റെ പ്രവർത്തനപുരോഗതി എന്തെന്നും വിശദമാക്കുമോ ;

(സി) മത്സ്യത്തൊഴിലാളി മേഖലയിൽ സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾ എത്ര എന്നും അവർക്ക് വീടുവച്ചു നല്കുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നും വ്യക്തമാക്കുമോ;

(ഡി) 2018-ലെ പ്രളയത്തിൽ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടു നഷ്ടപ്പെട്ടു; എത്ര മത്സ്യലേല കേന്ദ്രങ്ങൾ, തീരദേശ റോഡുകൾ എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ചു എന്നും എത്ര കോടി നഷ്ടം സംഭവിച്ചു എന്നും വ്യക്തമാക്കുമോ;

(ഇ) ഇവയുടെ പുനർനിർമ്മാണത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം എന്നും ഇവയുടെ പുനർനിർമ്മാണം സാധ്യമാക്കുന്നതിന് ചെലവഴിക്കേണ്ട തുക എത്രയെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ കാലയളവിൽ മത്സ്യത്തൊഴിലാളി മേഖലയുടേയും മത്സ്യ വിപണന മേഖലയുടേയും ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ-2016-17 വർഷം നടപ്പിലാക്കിയ പദ്ധതികൾ

1. ഭവനരഹിതരായ 3149 മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി.
2. ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ഭൂമി അനുവദിക്കുന്ന പദ്ധതി.
3. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട 248 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി.

4. 4000 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി- 2000 ലക്ഷം രൂപ

5. 1700 ശുചിത്വമുള്ള ശൗചാലയ നിർമ്മാണ പദ്ധതി -297.50 ലക്ഷം രൂപ

6. മത്സ്യത്തൊഴിലാളികളുടെ കോളനി നവീകരണ പരിപാടി-750 ലക്ഷം രൂപ

7. 60 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ബോധവൽക്കരണ പരിപാടികൾ

8. മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് കരിയർ ഗൈഡൻസ് - 72 എണ്ണം.

9. 50 മെഡിക്കൽ ക്യാമ്പുകൾ

10. തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ അക്ഷരസാഗരം പദ്ധതി 10 ലക്ഷം രൂപ

11. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ- 20 കോടി രൂപ

12. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി., ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി.

13. മത്സ്യത്തൊഴിലാളി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം- 227 ലക്ഷം രൂപ

14. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ചെലവ് വഹിക്കൽ.

15. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയൽ പദ്ധതി പ്രകാരം-4000 പേർക്ക്.

16. ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം.

17. മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം-(4000 എണ്ണം)-800 ലക്ഷം രൂപ

18. തീരപ്രദേശത്ത് അംഗനവാടികൾ, ലൈബ്രറികൾ എന്നിവ ഒരുക്കലും സൗകര്യം മെച്ചപ്പെടുത്തലും.

19. മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിന് സമ്പാദ്യ സമാശ്വാസം പദ്ധതി.

20. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിൽ 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിച്ചു.

21. സീകേജ് ഫാമിംഗ് പദ്ധതി.

22. മത്സ്യത്തൊഴിലാളികൾക്ക് ഒറ്റത്തവണ ധനസഹായമായി 1350 രൂപ അനുവദിക്കുന്ന തണൽ പദ്ധതി.

23. ഫിഷറീസ് സ്കൂളുകളുടെ നവീകരണ പദ്ധതി.

24. മത്സ്യത്തൊഴിലാളികളുടെ മക്കൾ പഠിക്കുന്ന 20 സ്കൂളുകളിൽ അടുക്കളപ്പുര നവീകരണ പദ്ധതി-200 ലക്ഷം രൂപ.

25. 50 തീരദേശ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതി.

26. കൊല്ലം, എറണാകുളം, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിലെ മത്സ്യത്തൊഴിലാളികളുടെ 8, 9 ക്ലാസ്സുകളിൽ പഠിക്കുന്ന പെൺമക്കൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി -2000 പേർക്ക്.

27. തീരദേശത്തെ സ്കൂളുകളിൽ കായിക സൗകര്യവും കളിസ്ഥലവും ഏർപ്പെടുത്തുന്ന പദ്ധതി -50 സ്കൂളുകൾ

28. തീരദേശത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം.

29. തീരദേശത്തെ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ 2325.5 ലക്ഷം രൂപ

30. ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം.

31. തീരപ്രദേശത്ത് അംഗനവാടികൾ, ലൈബ്രറികൾ എന്നിവ ഒരുക്കലും മെച്ചപ്പെടുത്തലും.

32. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

2017-18 വർഷം താഴെ പറയുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു.

1. 1200 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ നിരക്കിൽ ധനസഹായം.

2. 750 മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം.

3. 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനായി 7 കോടി രൂപ

4. 200 മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മാണത്തിനായി 20 കോടി രൂപ.

5. സൗജന്യ മെഡിക്കൽ എൻട്രൻസ്/പി.എസ്.സി/ബാങ്ക് ടെസ്റ്റ്/ സിവിൽ സർവ്വീസ് പരിശീലന പരിപാടികൾ.

6. കൊല്ലം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ അക്ഷരസാഗരം പദ്ധതി.

7. 1.86 ലക്ഷം ഗുണഭോക്താക്കൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതിയിലൂടെ 4,500 രൂപ നിരക്കിൽ ആനുകൂല്യം.

8. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം

9. മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനായി 20 കോടി രൂപ

10. മത്സ്യത്തൊഴിലാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

11. പത്ത് റീജിയണൽ ഫിഷറീസ് സ്കൂളുകളെ സെന്റർ ഫോർ എക്സലൻസ് ആക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ

12. 40 കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ, 100 ബോധവൽക്കരണ പരിപാടികൾ, 30 മെഡിക്കൽ ക്യാമ്പുകൾ

13. ഗവൺമെന്റ് ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം/തീരദേശത്തെ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ-30 കോടി രൂപ.

2018-19 വർഷം താഴെ പറയുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു.

1. 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലായി പുനരധിവസിപ്പിക്കുന്നതിനായി ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്നതിന് 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചു.

2. ജി.ആർ.എഫ്.റ്റി.എച്ച്.എസ്.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 24.71 കോടി രൂപയുടെ പദ്ധതി

3. സൗജന്യ മെഡിക്കൽ എൻട്രൻസ്/പി.എസ്.സി./ബാങ്ക് ടെസ്റ്റ്/ സിവിൽ സർവ്വീസ് പരിശീലന പരിപാടികൾ.

4. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഇ-ട്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം -8 കോടി.

5. കരിയർ ഗൈഡൻസ്, 100 ബോധവൽക്കരണ പരിപാടികൾ, 30 മെഡിക്കൽ ക്യാമ്പുകൾ

6. 1,96,415 പേർക്ക് 4500 രൂപ നിരക്കിൽ സമ്പാദ്യ സമാശ്വാസ പദ്ധതി

7. തണൽ പദ്ധതി

8. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

9. മത്സ്യത്തൊഴിലാളി വിദ്യാർത്ഥികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനായി കായിക പ്രോൽസാഹന പദ്ധതികൾ

10. മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം

11. മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവ ശേഷി വികസനവും എന്നതിൽപ്പെടുത്തി കണ്ണൂർ (17.70 ലക്ഷം) കോഴിക്കോട്(15.00 ലക്ഷം) ജില്ലകളിൽ ആകെ 32.70 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതികൾ

12. മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനായി 25 കോടി.

II <u>ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ :

| ക്രമ നമ്പർ | പദ്ധതികൾ | ധനസഹായ തുക |
|---|---|---|
| 1. | <u>ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി</u><br>1. അപകടമരണം/ കാണാതാകൽ/ സ്ഥിരവും പൂർണ്ണവുമായ അവശത<br>2. അപകടംമൂലം സ്ഥിരവും ഭാഗീകവുമായി അവശത<br>3. കുട്ടികളുടെ പഠന ചെലവ് (2 പേർക്ക് പരമാവധി)<br>4. ശവസംസ്കാര ചെലവ്<br>5. അപകടത്തെത്തുടർന്ന് 24 മണിക്കൂർ ആശുപത്രി ചികിസയ്ക്ക് (പരമാവധി) | 10,00,000<br>5,00,000<br>10,000<br>2,000<br>25,000 |
| 2. | മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെയുള്ള മരണം<br>(ബോർഡിൽ നിന്നു ലഭിക്കുന്ന ധനസഹായം) | 50,000 |
| 3. | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10,000 |
| 4. | വാർദ്ധക്യകാല പെൻഷൻ<br>(പ്രതിമാസം) | 1,100 |

| | | |
|---|---|---|
| 5. | മത്സ്യത്തൊഴിലാളിയുടെ മരണം ആശ്രിതർക്കുള്ള ധനസഹായം(ബോർഡിൽ നിന്നും ലഭിക്കുന്ന ധനസഹായം) | 15,000 |
| 6. | <u>ആം ആദ്മി ബീമ യോജന പദ്ധതി</u> | |
| | 1. അപകടംമൂലം സംഭവിക്കുന്ന മരണം | 4,00,000 |
| | 2. അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത | 2,00,000 |
| | 3.അപകടംമൂലം സ്ഥിരവും ഭാഗീകവുമായ അവശത | 1,00,000 |
| | 4. സ്വാഭാവിക മരണം | 2,00,000 |
| | 5. 9,10,11,12 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,200 രൂപ (പ്രതിമാസം) |
| 7. | ആശ്രിതരുടെ മരണത്തോടനുബന്ധിച്ചുള്ള ചെലവ് | 600 |
| 8. | <u>എസ്.എസ്.എൽ.സി ക്യാഷ് അവാർഡ്</u> | |
| | 10 എ+ ലഭിക്കുന്നവർക്ക് | 5,000 |
| | 9 എ+ ലഭിക്കുന്നവർക്ക് | 4,000 |

| | | |
|---|---|---|
| | 8 എ+ ലഭിക്കുന്നവർക്ക്<br>റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) | 3,000<br>3,000 |
| 9. | കുടുംബ സംവിധാന പദ്ധതി | 500 |
| 10. | മാരക രോഗ ചികിത്സാ പദ്ധതി (പരമാവധി) | 50,000 |
| 11. | ചെയർമാൻസ് റിലീഫ് ഫണ്ട് | 5,000 |
| 12. | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് നിശ്ചയിക്കുന്ന തുക |
| 13. | പ്രസവ ശുശ്രൂഷാ ധനസഹായം | 750 |
| 14. | <u>ഉന്നത വിദ്യാഭ്യാസ പ്രോൽസാഹനം</u><br>+2 പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക്.<br>വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക് | 5,000<br>5,000 |
| 15. | മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ ഭാര്യയ്ക്ക് പെൻഷൻ (വിധവാ പെൻഷൻ) | 1,100 |

| | | |
|---|---|---|
| 16. | <u>കായിക വിനോദ മത്സരത്തിൽ പ്രശസ്ത വിജയം നേടുന്നവർക്ക് പാരിതോഷികം</u> | |
| | <u>എ. ദേശീയ തലത്തിൽ</u> | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 10,000 |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 8,000 |
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 5,000 |
| | <u>ദേശീയമത്സരങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർക്ക്</u> | |
| | <u>(ഗ്രൂപ്പ് അടിസ്ഥാനത്തിൽ)</u> | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 8,000 |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 5,000 |
| | മൂന്നാ സ്ഥാനം നേടുന്നവർക്ക് | 3,000 |
| | <u>ബി. സംസ്ഥാന തലത്തിൽ</u> | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 5,000 |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 3,000 |
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 2,000 |
| | <u>ഗ്രൂപ്പ് അടിസ്ഥാനത്തിൽ</u> | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 3,000 |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 2,000 |
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 1,000 |

| | | |
|---|---|---|
| 17. | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി | 1,350 |
| 18. | അപകടംമൂലമുള്ള താൽക്കാലിക അവശത | 500 |

അനുബന്ധ തൊഴിലാളി ക്ഷേമ പദ്ധതികൾ

| | | |
|---|---|---|
| 1. | <u>ഗ്രൂപ്പ് ഇൻഷ്വറൻസ്</u><br>1. അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത<br>2. അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത<br>3. കുട്ടികളുടെ പഠന ചെലവ്<br>(2 പേർക്ക് പരമാവധി)<br>4. ശവ സംസ്കാര ചെലവ്<br>5. അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സയ്ക്ക് ധനസഹായം (പരമാവധി) | 10,00,000<br>5,00,000<br>10,000<br>2,000<br>25,000 |
| 2. | വാർദ്ധക്യകാല പെൻഷൻ<br>(പ്രതിമാസം) | 1,100 |
| 3. | അനുബന്ധത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം | 15,000 |
| 4. | പ്രസവ ശുശ്രൂഷാ ധനസഹായം | 750 |
| 5. | <u>എസ്.എസ്.എൽ.സി.ക്യാഷ് അവാർഡ്</u> | |

| | | |
|---|---|---|
| | 10 എ+ ലഭിക്കുന്നവർക്ക്<br>9 എ+ ലഭിക്കുന്നവർക്ക്<br>8 എ+ ലഭിക്കുന്നവർക്ക്<br>റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) | 5,000<br>4,000<br>3,000<br>3,000 |
| 6. | മാരക രോഗ ചികിത്സാ പദ്ധതി(പരമാവധി) | 25,000 |
| 7. | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10,000 |
| 8. | കുടുംബ സംവിധാന പദ്ധതി | 500 |
| 9. | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് നിശ്ചയിക്കുന്ന തുക. |
| 10. | ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം<br>1. +2 പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എ+ ലഭിക്കുന്നവർക്ക്<br>2. വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയത്തിനും എ+ നേടുന്നവർക്ക് | 5,000<br>5,000 |
| 11. | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി (പ്രതിവർഷം) ഗവൺമെന്റ് അനുവദിക്കുന്ന മുറയ്ക്ക് | 1,350 |

(ബി) മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി
2. മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി ഉൽപ്പാദന ബോണസ്സ് പദ്ധതി
3. എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ
4. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യ വിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി
5. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം.
6. വലകൾക്കുള്ള സബ്സിഡി പദ്ധതി
7. ബാങ്കുകളിൽ നിന്നുള്ള വായ്പയ്ക്കുള്ള സബ്സിഡി പദ്ധതി
8. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി
9. നാടൻ വള്ളങ്ങളുടെ നവീകരണം
10. സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണ പദ്ധതി
11. മത്സ്യബന്ധനത്തിന് ഉപയോഗപ്രദമായ വിവിധ വാണിജ്യ പ്രവർത്തനങ്ങൾ
12. മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ
13. മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി

(സി) <u>സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

തീരമൈത്രി പദ്ധതിയിൽ ഉൾപ്പെടുത്തി 2 മുതൽ 4 വരെ സ്ത്രീകൾ അടങ്ങുന്ന ഗ്രൂപ്പുകൾക്ക് ലഘുസംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 2 ലക്ഷം രൂപ വരെ ഗ്രാന്റായി നൽകിവരുന്നു. കൂടാതെ തീരമൈത്രി പദ്ധതിയിൽ ഉൾപ്പെടുന്ന ഗ്രൂപ്പുകൾക്ക് ഒരു ലക്ഷം രൂപ വരെ തിരിച്ചടയ്ക്കേണ്ട റിവോൾവിംഗ് ഫണ്ടായും 25,000 രൂപ വരെ ടെക്നോളജി ഇംപ്രൂവ്മെന്റിനായും 50,000 രൂപ വരെ തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ ഗ്രൂപ്പിന്റെ പ്രവർത്തനം നിലച്ചുപോയ ഗ്രൂപ്പുകൾക്ക്

വീണ്ടും സംരംഭങ്ങൾ ആരംഭിക്കുന്നതിനായും നൽകിവരുന്നു. 5 ലക്ഷം രൂപ വരെ ബാങ്കിൽ നിന്നും ലോൺ എടുക്കുന്ന ഗ്രൂപ്പുകൾക്ക് പരമാവധി 60,000 രൂപ പലിശ ഇനത്തിലും നൽകിവരുന്നു.

തീരനൈപുണ്യ പദ്ധതിയിലൂടെ പ്ലസ്ടു തലം മുതൽ വിദ്യാഭ്യാസം നേടിയിട്ടുള്ള കുട്ടികൾക്ക് 2 മാസം നീണ്ടുനിൽക്കുന്ന ട്രെയിനിംഗിൽ ഓരോ വിദ്യാർത്ഥിക്കും പ്രതിമാസം സ്റ്റൈപ്പെന്റായി 3,000 രൂപയും യൂണിഫോമും പാസ്പോർട്ടും നൽകി വരുന്നു. തീരമൈത്രി പദ്ധതിക്ക് 2018-19-ൽ 17.60 കോടി രൂപ വകയിരു ത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

തീരദേശ മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, നബാർഡ് RIDF പദ്ധതി, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് എന്നിവ വഴി മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണവും നവീകരണവുമാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ റോഡുകളുടെ നിർമ്മാണം നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി എന്നിവ നടപ്പിലാക്കി വരുന്നു. ക്യാപിറ്റൽ റിപ്പയേഴ്സ് ആന്റ് മെയിന്റനൻസ്, ഡ്രഡ്ജിംഗ് ഓഫ് ഫിഷിംഗ് ഹാർബർ, ഓപ്പറേഷൻ മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് ഓഫ് ഫിഷിംഗ് ഹാർബർ എന്നീ ശീർഷകത്തിൽ ഉൾപ്പെടുത്തി ഹാർബറുകളുടെ ഡ്രെഡ്ജിംഗ്, മെയിന്റനൻസ് പ്രവൃത്തി നടപ്പിലാക്കി വരുന്നു.

ഈ സർക്കാർ കാലയളവിൽ മത്സ്യത്തൊഴിലാളി മേഖലയുടെ ഉന്നമനത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. 17.75 കോടി രൂപയുടെ 192 വ്യക്തിഗത ഫ്ലാറ്റുകൾ
2. 23 തീരദേശ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 65.09 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനം
3. 20 തീരദേശ വിദ്യാലയങ്ങളിൽ 2 കോടി രൂപയുടെ അടുക്കള നിർമ്മാണം
4. 29 തീരദേശ വിദ്യാലയങ്ങളിൽ 2.80 കോടി രൂപയുടെ 40 സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം
5. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥിനികൾക്ക് 1 കോടി രൂപയുടെ 2000 സൗജന്യ ബൈസിക്കിൾ വിതരണം

6. 55 തീരദേശ വിദ്യാലയങ്ങളിൽ 2.50 കോടി രൂപയുടെ സ്പോർട്സ് കിറ്റ്/ഗ്രൗണ്ട് നവീകരണം.

7. 30.27 കോടി രൂപയുടെ ആരോഗ്യാടിസ്ഥാന സൗകര്യ വികസനം 16 തീരദേശ ആശുപത്രികളിൽ.

8. 2 കോടി രൂപയുടെ കൃത്രിമപ്പാര് നിക്ഷേപിക്കൽ.

9. 5.15 കോടി രൂപയുടെ 2 ആധുനിക മത്സ്യ മാർക്കറ്റുകൾ.

10. 25 കോടി രൂപയുടെ സർക്കാർ മത്സ്യ ഫാമുകൾ/മത്സ്യഹാച്ചറികളുടെ വികസനം.

11. 3.29 കോടി രൂപയുടെ 2 ട്രെയിനിംഗ് സെന്റർ നിർമ്മാണം.

12. 55.00 ലക്ഷം രൂപയുടെ ഒരു ഡ്രെയിനേജ് നിർമ്മാണം.

ഇവയ്ക്ക് പുറമെ താഴെപ്പറയുന്ന കിഫ്ബി ധനസഹായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് നിയോഗിച്ചിരിക്കുന്നത്.

<u>കിഫ്ബിയുടെ അംഗീകാരം ലഭ്യമായവ</u>

46.94 കോടി രൂപയുടെ മുതലപ്പൊഴി, കായംകുളം, തോട്ടപ്പള്ളി, ചേറ്റുവ, തലായി, മഞ്ചേശ്വരം തീരസംരക്ഷണം.

<u>സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയ പദ്ധതികൾ</u>

- 294.72 കോടി രൂപയ്ക്ക് സംസ്ഥാനത്തെ തീരദേശ മേഖലയിലെ തെരഞ്ഞെടുത്ത 71 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസനം.
- 193.46 കോടി രൂപയ്ക്ക് സംസ്ഥാനത്തെ 63 മത്സ്യമാർക്കറ്റുകളുടെ ആധുനികവൽക്കരണം.
- 150.00 കോടി രൂപയുടെ പൂന്തുറ-വലിയതുറ തീരസംരക്ഷണം.
- 12.50 കോടി രൂപയുടെ കൊല്ലം-താന്നി തീരസംരക്ഷണം.
- 133.00 കോടി രൂപയുടെ പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണം.
- ആലപ്പുഴ ജില്ലയിലെ ചെത്തിയിൽ 111.00 കോടി രൂപയുടെ ഫിഷിംഗ് ഹാർബർ നിർമ്മാണം

ഇതുകൂടാതെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യോൽപ്പന്നങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ നളപാകം എന്ന പേരിലുള്ള കോമൺ പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചു വരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും 'ഡ്രിപ്പ് കേരള' എന്ന പേരിൽ ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് ഉണക്കമത്സ്യവും 'ഫിഷ് മെയ്ഡ്' എന്ന പേരിൽ മൂല്യവർദ്ധിത മത്സ്യ വിഭവങ്ങളും ഉൽപാദിപ്പിച്ചു വരുന്നു. മത്സ്യത്തൊഴിലാളികളിൽനിന്നും നേരിട്ട് സംഭരിക്കുന്ന മത്സ്യം ഒട്ടും മൂല്യശോഷണം സംഭവിക്കാതെ പ്ലാന്റിൽ എത്തിച്ച് പ്രത്യേകം പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളി വനിതകൾ വഴി പ്രീ-പ്രോസസിംഗ്നടത്തി മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളാക്കി വിപണിയിൽ എത്തിക്കുന്നു.

(ബി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിന്റെ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി 2000 കോടി രൂപയുടെ പ്രത്യേക പാക്കേജിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഏജൻസിയെ കണ്ടെത്തുന്നതിനും കോൺസെപ്റ്റ് നോട്ട് തയ്യാറാക്കുന്നതിനുമായി മുൻ ചീഫ് സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദ് ചെയർമാനായി ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് വിശദമായ പഠനം ആവശ്യമാണെന്ന് കണ്ടെത്തുകയും തീരദേശ അടിസ്ഥാന സൗകര്യങ്ങൾ, മത്സ്യത്തൊഴിലാളി മാനവ വികസന, സാമൂഹിക സുരക്ഷിതത്വം, ദുരന്ത നിവാരണം, കടൽ സുരക്ഷ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിന് TISS-നേയും ലൈവ്‌ലിഹുഡ്, ഇൻസ്റ്റിറ്റ്യൂഷൻസ്, കടലോര പരിപാലനം, മത്സ്യബന്ധനത്തിന്റെ സാമ്പത്തിക വശങ്ങൾ, മൂലധന ലഭ്യത തുടങ്ങിയവ സംബന്ധിച്ച് പഠിക്കുന്നതിനായി IRMA-യേയും തെരഞ്ഞെടുക്കുകയും Terms of reference അംഗീകരിച്ച് സർക്കാർ ഉത്തരവാകുകയും ചെയ്തു. TISS-മായി ആവശ്യമായ കരാറിൽ ഏർപ്പെടുകയും ചെയ്തു. മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് KPMG എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തു.

Rebuild Kerala-യുടെ പ്രവൃത്തിയുടെ ഭാഗമായി മത്സ്യബന്ധന മേഖലയുടെ സമഗ്ര വികസനം സംബന്ധിച്ച കാര്യങ്ങളും KPMG ഏറ്റെടുക്കുകയും കരട് കോൺസപ്റ്റ് നോട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്തൊട്ടാകെ 2,36,300 സജീവ മത്സ്യത്തൊഴിലാളികളും 2,25,000 മത്സ്യത്തൊഴിലാളി കുടുംബങ്ങളുമാണുള്ളത്. 2010-ൽ നടന്ന NIRD സർവ്വേ പ്രകാരം ഇതിൽ 11024 കുടുംബങ്ങൾ ഭൂരഹിത ഭവനരഹിതരും 18,185 പേർ ഭവനരഹിതരുമായിരുന്നു. ഭവനരഹിതരായി കണ്ടെത്തിയ 18185 പേരിൽ

17563 പേർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിന് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ലൈഫ് മിഷന്റെ കണക്കുകൾ പ്രകാരം, ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികളിൽ അനുവദിക്കപ്പെട്ട ഭവനങ്ങളിൽ നിർമ്മാണം പൂർത്തീകരിക്കാത്ത 426 ഭവനങ്ങളുണ്ടെന്ന് കണ്ടെത്തുകയും ആയതിന്റെ നിർമ്മാണം ലൈഫ് മിഷനിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചു വരികയും ചെയ്യുന്നു. ഇതിൽ 368 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ സ്വന്തമായി ഭൂമിയുള്ള അർഹതപ്പെട്ട എല്ലാവർക്കും ഭവന നിർമ്മാണ ധനസഹായം ലഭ്യമാക്കുമെന്നാണ് ലക്ഷ്യം. ലൈഫ് മിഷൻ സർവ്വേ പ്രകാരം 1220 മത്സ്യത്തൊഴിലാളികൾ ഭവന നിർമ്മാണത്തിനുള്ള അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 528 പേർ ഭവന നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. ഇതിനായുള്ള സംസ്ഥാന പദ്ധതി വിഹിതമായ ഒരു ലക്ഷം രൂപ വീതം ഫിഷറീസ് വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസ പദ്ധതിയാണ് ഫിഷറീസ് വകുപ്പ് നിലവിൽ നടപ്പിലാക്കുന്നത്.

(ഡി) 2018-ലെ പ്രളയത്തിൽ 520 വീടുകൾ ഭാഗികമായും 337 വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടു. മത്സ്യലേല കേന്ദ്രങ്ങൾ, തീരദേശ റോഡുകൾ എന്നിവയുടെ കേടുപാടുകൾ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(ഇ) പുനർ നിർമ്മാണം ഫിഷറീസ് വകുപ്പുവഴി നടപ്പിലാക്കുന്നില്ല.

**മത്സ്യസമ്പത്തിന്റെ ശോഷണം**

351(1421) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഴക്കടൽ മത്സ്യബന്ധനം പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പ്രോത്സാഹിപ്പിക്കുമെന്ന നിലപാട് കേന്ദ്ര സർക്കാർ സ്വീകരിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് മത്സ്യവിഭവങ്ങളുടെ അമിതമായ ചൂഷണത്തിനും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വരുമാനം കുറയുന്നതിനും കാരണമാകുമോ; വ്യക്തമാക്കാമോ;

(ബി) ഓഖി ദുരന്തത്തിന് ശേഷം കടൽ മത്സ്യസമ്പത്തിന്റെ ശോഷണം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയത് മത്സ്യമേഖലയിൽ ഉണ്ടാക്കി യിട്ടുള്ള പ്രതിസന്ധി ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ശാസ്ത്രീയ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുവാൻ കേരള മറൈൻ ഫിഷിങ് റെഗുലേഷൻ ആക്ട് (കെ.എം.എഫ്.ആർ.ആക്ട്) കർശനമായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 28-4-2017-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ദേശീയ സമുദ്ര മത്സ്യബന്ധന നയവുമായി ബന്ധപ്പെട്ട് മത്സ്യബന്ധന മേഖലയിൽ ചില ആശങ്കകൾ നിലനിൽക്കുന്നുണ്ട്. എൽ.ഒ.പി. നിർത്തലാക്കുമെന്ന് പുതിയ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പി.പി.പി. മോഡലിൽ സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്വകാര്യ മൂലധനനിക്ഷേപം പ്രോത്സാഹിപ്പിക്കുമെന്നും അന്താരാഷ്ട്ര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള മത്സ്യബന്ധനയാനങ്ങൾ പ്രോത്സാഹിപ്പിക്കുമെന്നുള്ള നയത്തിലെ പ്രഖ്യാപനം ഈ മേഖലയിൽ മൾട്ടി നാഷണൽ കമ്പനികൾ കടന്നു വരുമെന്നുള്ള ആശങ്ക മത്സ്യത്തൊഴിലാളി മേഖലയിൽ നിലനിൽക്കുന്നുണ്ട്. സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപവും വിദേശ സാങ്കേതിക വിദ്യയും വൻതോതിൽ കടന്നു വരുന്നത് മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമാകുകയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുമെന്ന ആശങ്കയും നിലനിൽക്കുന്നുണ്ട്. മത്സ്യ മേഖലയ്ക്ക് ഗുണകരമായി ഭവിക്കുമായിരുന്നതും സംസ്ഥാന സർക്കാർ ചൂണ്ടിക്കാട്ടിയ തുമായ പല കാര്യങ്ങളും പരിഗണിക്കപ്പെട്ടിട്ടില്ല. മത്സ്യബന്ധന മേഖലയുടേയും മത്സ്യത്തൊഴിലാളികളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഇതിനകം കേന്ദ്ര സർക്കാരിന് നിവേദനങ്ങൾ നൽകിയിട്ടുണ്ട്. ഇനിയും ഇക്കാര്യത്തിൽ ഇടപെടലുകൾ നടത്തുന്നതാണ്.

(ബി) ഓഖി ദുരന്തത്തിന്റെ ഭാഗമായി മത്സ്യശോഷണം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. പരിഷ്കരിച്ച കെ.എം.എഫ്.ആർ. ആക്ടിന്റേയും റൂളിന്റേയും അടിസ്ഥാനത്തിൽ ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് കടൽ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. 9 മറൈൻ ജില്ലകളിലും റെസ്ക്യൂ ബോട്ടുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷൻ ഇല്ലാത്ത കാസർഗോഡ്, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ ഫിഷറീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. മത്സ്യബന്ധന യാനങ്ങളുടെ എണ്ണം, വലയുടെ വലിപ്പം എന്നിവ നിയന്ത്രി ക്കുന്നതിനും കുറഞ്ഞ കണ്ണിവലിപ്പം നിഷ്കർഷിക്കുന്നതിനും വളരെ കൂടുതൽ കുതിരശക്തിയുള്ള യാനങ്ങളെ നിയന്ത്രിക്കുന്നതിനും പരിഷ്കരിച്ച കെ.എം.എഫ്.ആർ

ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്. വല നിർമ്മാണ യൂണിറ്റുകൾക്കും ബോട്ട് ബിൽഡിംഗ് യാർഡുകൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കാൻ നടപടി സ്വീകരിച്ചു. പ്രധാന ഹാർബറുകളിലും ലാന്റിംഗ് സെന്ററുകളിലും ക്യാമറ സംവിധാനം ഏർപ്പെടുത്തുന്ന തിനുദ്ദേശിക്കുന്നു. മൺസൂൺകാല ട്രോളിംഗ് നിരോധനം 52 ദിവസമായി വർദ്ധിപ്പിച്ചു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെ സമ്മേളനം കൊച്ചി CMFRI -ൽ വിളിച്ച് ചേർത്ത് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയത് പോലുള്ള MLS റെഗുലേഷൻ, കെ.എം.എഫ്.ആർ. ആക്ടിന്റേയും റൂളിന്റേയും പരിഷ്കരണം എന്നിവ എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും ഏകീകരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

**വിദേശ കപ്പലുകൾക്ക് ക്ലന്തൽ പിടിക്കുന്നതിനുള്ള അനുമതി**

352(1422) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള തീരത്തോട് ചേർന്ന കടലിൽ നിന്ന് കൂന്തൽ ശേഖരം പിടിക്കുന്നതിന് കേന്ദ്ര സർക്കാർ സംസ്ഥാനത്തെ മത്സ്യബന്ധന ബോട്ടുകളെ വിലക്കുകയും അതേ സമയം വിദേശക്കപ്പലുകളെ അനുവദിക്കുകയും ചെയ്യുന്ന വിഷയം ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ;

(ബി) 5000 വാട്സ് വെളിച്ചവും 495 കുതിരശക്തി എഞ്ചിനുമുള്ള സംസ്ഥാനത്തെ ബോട്ടുകൾക്ക് ബാധകമായ വിലക്ക് 20000 വാട്സിനു മുകളിൽ വെളിച്ചവും പതിനായിരവും അതിനുമുകളിലും കുതിര ശക്തി എഞ്ചിനുമുള്ള വിദേശകപ്പലുകൾക്ക് ബാധകമല്ലാത്തത് എന്തുകാരണങ്ങളാലാണെന്ന് കേന്ദ്രസർക്കാരിനോട് ആരാഞ്ഞി ട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ആഭ്യന്തര സമ്പദ്ഘടനയെ തകർക്കുംവിധം വിദേശകപ്പലുകൾക്ക് കൂന്തൽ പിടിക്കുന്നതിനുള്ള അനുമതി നല്കിയതിലുള്ള പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിദേശ കപ്പലുകൾക്ക് ഇന്ത്യൻ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് അനുവദിച്ചിരുന്ന LOP കേന്ദ്ര സർക്കാർ പിൻവലിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മത്സ്യബന്ധന ബോട്ടുകൾക്ക് കേന്ദ്ര സർക്കാർ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

**മത്സ്യനയം**

353(1423) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ മത്സ്യനയം രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത നയത്തിൽ ഊന്നൽ നൽകുന്നത് എന്തൊക്കെ കാര്യങ്ങൾക്കാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച മത്സ്യകർഷകർക്ക് വിള ഗ്യാരന്റ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മത്സ്യങ്ങളുടെ സംരക്ഷണത്തിനായി അക്വാട്ടിക് ആരോഗ്യ ഹെൽത്ത് ലാബുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാന മത്സ്യ മേഖലയിൽ കടലിലേയും ഉൾനാടൻ ജലാശയങ്ങളിലേയും മത്സ്യസമ്പത്തിന്റെ സംരക്ഷണവും വികസനവും വിനിയോഗവും പരിസ്ഥിതി സൗഹൃദപരമായി നടപ്പിലാക്കി മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുക, മത്സ്യ കൃഷിയിൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് ഉൽപാദനക്ഷമത വർദ്ധിപ്പിക്കുക, മൂല്യ വർദ്ധനവ് നടത്തി വിളവിന് പരമാവധി വില ലഭ്യമാക്കുക, മത്സ്യ കർഷകരുടെ ആളോഹരി വരുമാനം ഇരട്ടിയാക്കുക, സാമൂഹ്യ സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്തി മത്സ്യത്തൊഴിലാളികളുടെ ശരാശരി ആളോഹരി വരുമാനം പൊതു സമൂഹത്തിന്റെ ആളോഹരി വരുമാനത്തിന് തുല്യമായി ഉയർത്തികൊണ്ടുവരിക എന്നീ ദൗത്യങ്ങളിൽ ഊന്നൽ നൽകിയാണ് സംസ്ഥാന ഫിഷറീസ് നയം രൂപീകരിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) ഉണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ഉൾനാടൻ മത്സ്യവികസനവുമായി ബന്ധപ്പെട്ട് 'Support Service for Acquaculture' എന്ന ഘടകത്തിൽ ഉൾപ്പെട്ട അക്വാട്ടിക് ആനിമൽ ഹെൽത്ത് ലാബിനായി 600 ലക്ഷം രൂപ

വകയിരുത്തിയിട്ടുണ്ട്. ഓടയം (വർക്കല), പന്നിവേലിച്ചിറ (പത്തനംതിട്ട), പള്ളം (കോട്ടയം), തേവര(എറണാകുളം), അഴീക്കോട് (തൃശ്ശൂർ), ചുള്ളിയാർ(പാലക്കാട്), ഉള്ളണം(പരപ്പനങ്ങാടി), വെള്ളയിൽ(കോഴിക്കോട്), തളിപ്പുഴ (വയനാട്), കണ്ണൂർ എന്നീ സ്ഥലങ്ങളിലായി 10 അക്വാട്ടിക് ആനിമൽ ഹെൽത്ത് ലാബ് സ്ഥാപിക്കുന്നതിനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. അതിൽ എറണാകുളത്തെ തേവരയിലെ അക്വാട്ടിക് ആനിമൽ ഹെൽത്ത് ലാബ് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. മറ്റുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

## സമഗ്ര തീരദേശ പാക്കേജ് പദ്ധതി റിപ്പോർട്ട്

354(1424) ശ്രീമതി യു. പ്രതിഭ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) തീരത്തുനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിത അകലത്തേക്ക് മാറ്റിപ്പാർപ്പിക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) കരട് മത്സ്യനയത്തിൽ മത്സ്യത്തൊഴിൽ മേഖലയുടെ സമഗ്ര വികസനത്തിനായുള്ള വീക്ഷണം അറിയിക്കാമോ;

(ഡി) ഓഖി ദുരന്ത പശ്ചാത്തലത്തിൽ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി പ്രഖ്യാപിച്ചിട്ടുള്ള സമഗ്ര തീരദേശ പാക്കേജിന്റെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ഇ) തീരദേശവാസികളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതി ആവശ്യത്തോട് കേന്ദ്രസർക്കാരിന്റെ സമീപനം എന്തായിരുന്നുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2016-17-ൽ കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 2016-17-ൽ 25 കോടി രൂപയുടെ പ്രത്യേക പാക്കേജിന് സർക്കാർ ഭരണാനുമതി നൽകുകയും ഇവർക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപാ വീതം ധനസഹായം നൽകുകയും ചെയ്തു വരുന്നു. പദ്ധതിയിൽ ഉൾപ്പെട്ട 119 പേർ ഇതിനകം ഭൂമി വാങ്ങുകയും 112 പേർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

(ബി) തീരത്തുനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിത അകലത്തേക്ക് മാറ്റിപാർപ്പിക്കുന്ന പദ്ധതിയുടെ പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കടലിലേയും ഉൾനാടൻ ജലാശയങ്ങളിലേയും മത്സ്യസമ്പത്തിനെ പരിപാലിച്ചും നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ജല ആവാസ വ്യവസ്ഥകൾ പുനരുജ്ജീവിപ്പിച്ചും ശാസ്ത്രീയ ജലകൃഷി പരിപാലന മുറകൾ അവലംബിച്ചും മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുകവഴി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുകയും മത്സ്യത്തൊഴിലാളികളുടേയും മത്സ്യ കർഷകരുടേയും ആളോഹരി വരുമാനം ഇരട്ടിയാക്കുകയും മത്സ്യത്തൊഴിലാളികളുടെ തൊഴിൽ വേളയിലുള്ള അപകട സാദ്ധ്യത പരമാവധി കുറയ്ക്കുന്നതിനായി ജീവൻ സുരക്ഷ ഏർപ്പെടുത്തിയും പ്രകൃതി ക്ഷോഭംമൂലം മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യകൃഷിക്കും ഉണ്ടാകാൻ സാധ്യതയുള്ള നഷ്ടം പരിഹരിച്ച് അവ പുനരുജ്ജീവിപ്പിക്കുന്നതിനും അതുവഴി സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുകയുമാണ് വീക്ഷണം.

(ഡി) സമഗ്ര പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. അതോടൊപ്പം തീരസംരക്ഷണം, മത്സ്യബന്ധന ഹാർബറുകളുടെ വികസനം, തീരദേശത്തെ ആരോഗ്യസംവിധാനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ തുടങ്ങിയ അടിയന്തര സ്വഭാവമുള്ള പദ്ധതികൾ ഇതിനകം ഏറ്റെടുത്ത് കിഫ്ബി സഹായത്തോടെ നടപ്പാക്കാനാരംഭിച്ചു.

(ഇ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ 7340 കോടി രൂപയുടെ ഓഖി പുനരധിവാസ പാക്കേജ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. ആഗസ്റ്റ് മാസത്തിലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഫിഷറീസ് മേഖലയുടെ സമഗ്ര വികസനത്തിനായി 1086.86 കോടി രൂപയുടെ പുനരധിവാസ പാക്കേജ് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ ഇവയ്ക്ക് രണ്ടിനും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായിട്ടില്ല.

## കുമ്പഴ മത്സ്യ മാർക്കറ്റ് നവീകരണം

355(1425) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജക മണ്ഡലത്തിലെ കുമ്പഴ മത്സ്യ മാർക്കറ്റിന്റെ നവീകരണത്തിനായി ഫിഷറീസ് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) എങ്കിൽ പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്;

(സി) പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) തയ്യാറാക്കിയിട്ടുണ്ട്. 341 ലക്ഷം രൂപയാണ് പദ്ധതിയുടെ അടങ്കൽ തുക.

(സി) അനുമതി ലഭിച്ചിട്ടില്ല. 2018-19 ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാകുന്നതിന് പ്രസ്തുത പ്രൊപ്പോസൽ ശിപാർശ ചെയ്തിട്ടുള്ളതായി എൻ.എഫ്.ഡി.ബി-യിൽ നിന്ന് അറിയിച്ചിട്ടുണ്ട്.

**അക്വാട്ടിക് ആരോഗ്യ അനിമൽ ഹെൽത്ത് ലാബുകൾ**

356(1426) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ അക്വാട്ടിക് ആരോഗ്യ അനിമൽ ഹെൽത്ത് ലാബുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ ഉൾനാടൻ മത്സ്യവികസനവുമായി ബന്ധപ്പെട്ട് 'Support Service for Aquaculture' എന്ന ഘടകത്തിൽ ഉൾപ്പെട്ട അക്വാട്ടിക് ആനിമൽ ഹെൽത്ത് ലാബിനായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഓടയം(വർക്കല), പന്നിവേലിച്ചിറ(പത്തനംതിട്ട), പള്ളം(കോട്ടയം), തേവര (എറണാകുളം), അഴീക്കോട്(തൃശ്ശൂർ), ചുള്ളിയാർ(പാലക്കാട്), ഉള്ളണം(പരപ്പനങ്ങാടി), വെള്ളയിൽ (കോഴിക്കോട്), തളിപ്പുഴ(വയനാട്), കണ്ണൂർ എന്നീ സ്ഥലങ്ങളിലായി 10 അക്വാട്ടിക് ആനിമൽ ഹെൽത്ത് ലാബ് സ്ഥാപിക്കുന്നതിനായി ലക്ഷ്യമിട്ടിരിക്കുന്ന പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

## മത്സ്യബന്ധന മേഖലയുടെ സമഗ്ര വികസനം

357(1427) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. ജോയി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധനത്തിലും അനുബന്ധ തൊഴിലിലും ഏർപ്പെട്ടിരിക്കുന്നവരുടെ സമഗ്ര വികസനം ലക്ഷ്യമാക്കി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) മത്സ്യബന്ധനത്തിനും മത്സ്യം കേടുകൂടാതെ ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെയുള്ള ശാസ്ത്രീയ രീതികൾ പ്രചരിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) കടൽമത്സ്യ ശോഷണം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ;

(ഡി) ബ്ലൂ റവല്യൂഷന്റെ ഭാഗമായി സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പുമുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ

1. 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി പുനരധിവാസം, കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്ന പദ്ധതി, ഭൂരഹിത ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും നൽകുന്ന പദ്ധതി, മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മിച്ചുനൽകുക തുടങ്ങിയ പദ്ധതികൾ
2. മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ 4500 രൂപ നിരക്കിൽ സമ്പാദ്യം സമാശ്വാസ പദ്ധതി ആനുകൂല്യം.
3. മത്സ്യത്തൊഴിലാളികളുടെ അപകട ഇൻഷ്വറൻസ് പദ്ധതി -10 ലക്ഷം രൂപ
4. ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ പുതിയ 4 ഫിഷറീസ് സ്റ്റേഷനുകൾ
5. മത്സ്യത്തൊഴിലാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

6. സർക്കാർ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിനെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിനുള്ള സമഗ്ര വികസന പദ്ധതി

7. മെഡിക്കൽ /ബാങ്ക്/പി.എസ്.സി. പരീക്ഷകളിൽ കോച്ചിംഗ് പ്രോഗ്രാമുകൾ

8. രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് എസ്.സി/ എസ്.റ്റി. കുട്ടികൾക്ക് നൽകുന്ന അതേ നിരക്കിലുള്ള വിദ്യാഭ്യാസ ആനുകൂല്യം.

9. തീരദേശത്തെ സ്കൂളുകളുടെ വികസനം

10. മത്സ്യത്തൊഴിലാളി വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

11. ഓഖി പുനരധിവാസ പദ്ധതിയുടെ ഭാഗമായി 40000 പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ് വിതരണം, 15000 മത്സ്യത്തൊഴിലാളികൾക്ക് നാവിക ഉപകരണ വിതരണം, 1000 മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ നൽകുന്ന പദ്ധതി, കടൽ രക്ഷാ പ്രവർത്തനത്തിന് 900 കടൽ സുരക്ഷാ സ്ക്വാഡുകൾ, ഓഖിയിൽ മരിച്ചവരും കാണാതായവരുമായ 143 പേരുടെ മക്കൾക്ക് (309) പേർ ഡിഗ്രി തലംവരെ സൗജന്യ വിദ്യാഭ്യാസവും ട്രെയിനിംഗും പൂർണ്ണമായും നശിച്ച 72 വീടുകൾക്ക് 10 ലക്ഷം രൂപ നിരക്കിൽ വീടും സ്ഥലവും നൽകൽ, ഭാഗികമായി നശിച്ച 458 വീടുകൾക്ക് ധനസഹായം, കടൽ രക്ഷാ പ്രവർത്തനത്തിന് 3 മറൈൻ ആംബുലൻസുകൾ, മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 6.76 കോടി രൂപയുടെ നഷ്ടപരിഹാരം എന്നിവയും നടപ്പിലാക്കുന്നു.

12. മത്സ്യത്തൊഴിലാളികൾക്ക് ജി.പി.എസ്., ലൈഫ് ബോയ് ഉൾപ്പെടെയുള്ള കടൽ സുരക്ഷാ കിറ്റ്.

13. ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം.

14. തീരദേശത്തെ ആരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ.

15. മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി

16. കേന്ദ്ര സംസ്ഥാന സർക്കാർ ധനസഹായത്തോടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 200 FRP ബോട്ടുകൾ.

(b) <u>ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

1. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ;

| ക്രമ നമ്പർ | പദ്ധതികൾ | ധനസഹായ തുക |
|---|---|---|
| 1. | <u>ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി</u><br>1) അപകടമരണം/കാണാതാകൽ/സ്ഥിരവും പൂർണ്ണവുമായ അവശത<br>2)അപകടംമൂലം സ്ഥിരവും ഭാഗികവുമായി അവശത<br>3) കുട്ടികളുടെ പഠന ചെലവ്(2 പേർക്ക് പരമാവധി)<br>4) ശവസംസ്കാര ചെലവ്<br>5) അപകടത്തെത്തുടർന്ന് 24 മണിക്കൂർ ആശുപത്രി ചികിത്സയ്ക്ക് (പരമാവധി) | 10,00,000<br>5,00,000<br>10,000<br>2,000<br>25,000 |
| 2. | മത്സ്യബന്ധന സമയത്തോ, തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെയുള്ള മരണം(ബോർഡിൽ നിന്നു ലഭിക്കുന്ന ധനസഹായം) | 50,000 |
| 3. | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10,000 |

| | | |
|---|---|---|
| 4. | വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം) | 1,100 |
| 5. | മത്സ്യത്തൊഴിലാളിയുടെ മരണം ആശ്രിതർക്കുള്ള ധനസഹായം (ബോർഡിൽ നിന്നും ലഭിക്കുന്ന ധനസഹായം) | 15,000 |
| 6. | ആം ആദ്മി ബീമ യോജന പദ്ധതി<br>1) അപകടംമൂലം സംഭവിക്കുന്ന മരണം<br>2) അപകടംമൂലം സ്ഥരവും പൂർണ്ണവുമായ അവശത<br>3) അപകടംമൂലം സ്ഥിരവും ഭാഗീകവുമായി അവശത<br>4) സ്വാഭാവിക മരണം<br>5) 9,10,11,12 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | <br>4,00,000<br>2,00,000<br>1,00,000<br>2,00,000<br><br>1,200 രൂപ (പ്രതിമാസം) |
| 7. | ആശ്രിതരുടെ മരണത്തോടനുബന്ധിച്ചുള്ള ചെലവ് | 600 |
| 8. | എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്<br>10 എ+ ലഭിക്കുന്നവർക്ക്<br>9 എ+ ലഭിക്കുന്നവർക്ക്<br>8 എ+ ലഭിക്കുന്നവർക്ക്<br><br>റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) | <br>5,000<br>4,000<br>3,000<br><br>3,000 |

| | | |
|---|---|---|
| 9. | കുടുംബ സംവിധാന പദ്ധതി | 500 |
| 10. | മാരകരോഗ ചികിത്സാ പദ്ധതി (പരമാവധി) | 50,000 |
| 11. | ചെയർമാൻസ് റിലീഫ് ഫണ്ട് | 5,000 |
| 12. | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് നിശ്ചയിക്കുന്ന തുക |
| 13, | പ്രസവ ശുശ്രൂഷാ ധനസഹായം | 750 |
| 14. | ഉന്നത വിദ്യാഭ്യാസ പ്രോൽസാഹനം<br>+2 പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക് | 5,000 |
| | വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക് | 5,000 |
| 15. | മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ ഭാര്യയ്ക്ക് പെൻഷൻ(വിധവാ പെൻഷൻ) | 1,100 |
| 16. | കായിക വിനോദ മത്സരത്തിൽ പ്രശസ്ത വിജയം നേടുന്നവർക്ക് പാരിതോഷികം<br>എ. ദേശീയ തലത്തിൽ | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 10,000 |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 8,000 |
| | മൂന്നാ സ്ഥാനം നേടുന്നവർക്ക് | 5,000 |

| | | |
|---|---|---|
| | ദേശീയ മത്സരങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർക്ക്(ഗ്രൂപ്പ് അടിസ്ഥാനത്തിൽ)<br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക് | 8,000<br>5,000<br>3,000 |
| | ബി. സംസ്ഥാന തലത്തിൽ<br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക്<br>ഗ്രൂപ്പ് അടിസ്ഥാനത്തിൽ<br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക് | <br>5,000<br>3,000<br>2,000<br><br>3,000<br>2,000<br>1,000 |
| 17. | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി | 1,350 |
| 18. | അപകടംമൂലമുള്ള താൽക്കാലിക അവശത | 500 |

അനുബന്ധ തൊഴിലാളി ക്ഷേമ പദ്ധതികൾ

| | | |
|---|---|---|
| 1 | ഗ്രൂപ്പ് ഇൻഷ്വറൻസ്<br>1. അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത<br>2. അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത | 10,00,000<br>5,00,000 |

| | | |
|---|---|---|
| | 3. കുട്ടികളുടെ പഠന ചെലവ് (2 പേർക്ക് പരമാവധി)<br>4. ശവ സംസ്കാര ചെലവ്<br>5. അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സയ്ക്ക് ധനസഹായം(പരമാവധി) | 10,000<br>2,000<br>25,000 |
| 2. | വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം) | 1,100 |
| 3. | അനുബന്ധത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം | 15,000 |
| 4. | പ്രസവ ശുശ്രൂഷാ ധനസഹായം | 750 |
| 5. | എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്<br>10 എ+ ലഭിക്കുന്നവർക്ക്<br>9 എ+ ലഭിക്കുന്നവർക്ക്<br>8 എ+ ലഭിക്കുവന്നവർക്ക്<br>റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) | <br><br>5,000<br>4,000<br>3,000<br>3,000 |
| 6. | മാരകരോഗ ചികിത്സാ പദ്ധതി (പരമാവധി) | 25,000 |
| 7. | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10,000 |

| | | |
|---|---|---|
| 8. | കുടുംബ സംവിധാന പദ്ധതി | 500 |
| 9. | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് നിശ്ചയിക്കുന്ന തുക |
| 10. | ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം<br>1. +2 പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എ+ ലഭിക്കുന്നവർക്ക്<br>2. വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയത്തിനും എ+ നേടുന്നവർക്ക് | <br>5,000<br>5,000 |
| 11. | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി(പ്രതിവർഷം)സർക്കാർ അനുവദിക്കുന്ന മുറയ്ക്ക് | 1,350 |

(ബി) മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി.
2. മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി ഉൽപ്പാദന ബോണസ്സ് പദ്ധതി.
3. എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി. എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ.
4. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി.

5. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം.
6. വലകൾക്കുള്ള സബ്സിഡി പദ്ധതി.
7. ബാങ്കുകളിൽ നിന്നുള്ള വായ്പയ്ക്കുള്ള സബ്സിഡി പദ്ധതി.
8. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി.
9. നാടൻ വള്ളങ്ങളുടെ നവീകരണം.
10. സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണ പദ്ധതി.
11. മത്സ്യബന്ധനത്തിന് ഉപയോഗപ്രദമായ വിവിധ വാണിജ്യ പ്രവർത്തനങ്ങൾ
12. മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ
13. പരമ്പരാഗത മത്സ്യത്തൊഴിലാളി യാനങ്ങൾക്ക് മണ്ണെണ്ണ സബ്സിഡി.
14. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ക്രാഫ്റ്റ് &ഗിയർ സബ്സിഡി
15. മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി.

(സി) <u>സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

തീരമൈത്രി പദ്ധതിയിൽ ഉൾപ്പെടുത്തി 2 മുതൽ 4 വരെ സ്ത്രീകൾ അടങ്ങുന്ന ഗ്രൂപ്പുകൾക്ക് ലഘു സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 2 ലക്ഷം രൂപ വരെ ഗ്രാന്റായി നൽകിവരുന്നു. കൂടാതെ തീരമൈത്രി പദ്ധതിയിൽ ഉൾപ്പെടുന്ന ഗ്രൂപ്പുകൾക്ക് ഒരു ലക്ഷം രൂപ വരെ തിരിച്ചടയ്ക്കേണ്ട റിവോൾവിംഗ് ഫണ്ടായും 25,000 രൂപ വരെ ടെക്നോളജി ഇംപ്രൂവ്മെന്റിനായും 50,000 രൂപ വരെ തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ ഗ്രൂപ്പിന്റെ പ്രവർത്തനം നിലച്ചുപോയ ഗ്രൂപ്പുകൾക്ക് വീണ്ടും സംരംഭങ്ങൾ ആരംഭിക്കുന്നതിനായും നൽകി വരുന്നു. 5 ലക്ഷം രൂപ വരെ ബാങ്കിൽ നിന്നും ലോൺ എടുക്കുന്ന ഗ്രൂപ്പുകൾക്ക് പരമാവധി 60,000 രൂപ പലിശ ഇനത്തിലും നൽകി വരുന്നു.തീരനൈപുണ്യ പദ്ധതിയിലൂടെ പ്ലസ്ടു തലം മുതൽ വിദ്യാഭ്യാസം നേടിയിട്ടുള്ള കുട്ടികൾക്ക് 2 മാസം നീണ്ടുനിൽക്കുന്ന ട്രെയിനിംഗിൽ ഓരോ വിദ്യാർത്ഥിക്കും പ്രതിമാസം സ്റ്റൈപെന്റായി 3,000 രൂപയും യൂണിഫോമും പാസ്പോർട്ടും നൽകി വരുന്നു. തീരമൈത്രി പദ്ധതിക്ക് 2018-19-ൽ 17.60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

തീരദേശ മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, നബാർഡ് RIDF പദ്ധതി, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് എന്നിവ വഴി മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണവും നവീകരണവുമാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിലുൾപ്പെടുത്തി പുതിയ റോഡുകളുടെ നിർമ്മാണം, നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി എന്നിവ നടപ്പിലാക്കി വരുന്നു. ക്യാപിറ്റൽ റിപ്പയേർസ് ആന്റ് മെയിന്റനൻസ്, ഡ്രെഡ്ജിംഗ് ഓഫ് ഫിഷിംഗ് ഹാർബർ, ഓപ്പറേഷൻ മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് ഓഫ് ഫിഷിംഗ് ഹാർബർ എന്നീ ശീർഷകത്തിലുൾപ്പെടുത്തി ഹാർബറുകളുടെ ഡ്രെഡ്ജിംഗ് മെയിന്റനൻസ് പ്രവൃത്തി നടപ്പിലാക്കിവരുന്നു. ഈ സർക്കാർ കാലയളവിൽ മത്സ്യത്തൊഴിലാളി മേഖലയുടെ ഉന്നമനത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. 17.75 കോടി രൂപയുടെ 192 വ്യക്തിഗത ഫ്ലാറ്റുകൾ
2. 65.09 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനം 23 തീരദേശ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ
3. 2 കോടി രൂപയുടെ അടുക്കള നിർമ്മാണം 20 തീരദേശ വിദ്യാലയങ്ങളിൽ
4. 2.80 കോടി രൂപയുടെ 40 സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം 29 തീരദേശ വിദ്യാലയങ്ങളിൽ.
5. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥിനികൾക്ക് 1 കോടി രൂപയുടെ 2000 സൗജന്യ ബൈസിക്കിൾ വിതരണം
6. 2.50 കോടി രൂപയുടെ സ്പോർട്സ് കിറ്റ്/ഗ്രൗണ്ട് നവീകരണം 55 തീരദേശ വിദ്യാലയങ്ങളിൽ
7. 30.27 കോടി രൂപയുടെ ആരോഗ്യാടിസ്ഥാന സൗകര്യ വികസനം 16 തീരദേശ ആശുപത്രികളിൽ
8. 2 കോടി രൂപയുടെ കൃത്രിമപ്പാര് നിക്ഷേപിക്കൽ.
9. 5.15 കോടി രൂപയുടെ 2 ആധുനിക മത്സ്യമാർക്കറ്റുകൾ
10. 25 കോടി രൂപയുടെ സർക്കാർ മത്സ്യ ഫാമുകൾ/ മത്സ്യപച്ചറികളുടെ വികസനം.

11. 3.29 കോടി രൂപയുടെ 2 ട്രെയിനിംഗ് സെന്റർ നിർമ്മാണം.

12. 55.00 ലക്ഷം രൂപയുടെ ഒരു ഡ്രെയിനേജ് നിർമ്മാണം.

ഇവയ്ക്ക് പുറമെ താഴെപ്പറയുന്ന കിഫ്ബി ധനസഹായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് നിയോഗിച്ചിരിക്കുന്നത്.

<u>കിഫ്ബിയുടെ അംഗീകാരം ലഭ്യമായവ</u>

- 46.94 കോടി രൂപയുടെ മുതലപ്പൊഴി, കായംകുളം, തോട്ടപ്പള്ളി, ചേറ്റുവ, തലായി, മഞ്ചേശ്വരം തീരസംരക്ഷണം.

<u>സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയ പദ്ധതികൾ</u>

- 294.72 കോടി രൂപയ്ക്ക് സംസ്ഥാനത്തെ തീരദേശ മേഖലയിലെ തെരഞ്ഞെടുത്ത 71 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസനം.
- 193.46 കോടി രൂപയ്ക്ക് സംസ്ഥാനത്തെ63 മത്സ്യമാർക്കറ്റുകളുടെ ആധുനികവൽക്കരണം.
- 15.00 കോടി രൂപയുടെ പൂന്തുറ-വലിയതുറ തീരസംരക്ഷണം.
- 12.50 കോടി രൂപയുടെ കൊല്ലം-താന്നി തീരസംരക്ഷണം.
- 112.3 കോടി രൂപയുടെ പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണം.
- ആലപ്പുഴ ജില്ലയിലെ ചെത്തിയിൽ 111.00 കോടി രൂപയുടെ ഫിഷിംഗ് ഹാർബർ നിർമ്മാണം

ഇതുകൂടാതെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യഉൽപന്നങ്ങൾ ലഭ്യമാക്കുകായെന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ നളപാകം എന്ന പേരിലുള്ള കോമൺ പ്രോസസിംഗ് പ്ലാന്റ് പ്രവർത്തിച്ചു വരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും 'ഡ്രിഷ് കേരള' എന്ന പേരിൽ ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് ഉണക്കമത്സ്യവും 'ഫിഷ് മെയ്ഡ്' എന്ന പേരിൽ മൂല്യവർദ്ധിത മത്സ്യ വിഭവങ്ങളും ഉൽപാദിപ്പിച്ചു വരുന്നു. മത്സ്യത്തൊഴിലാളികളിൽ നിന്നും നേരിട്ട് സംഭരിക്കുന്ന മത്സ്യം ഒട്ടും മൂല്യശോഷണം സംഭവിക്കാതെ പ്ലാന്റിൽ എത്തിച്ച് പ്രത്യേകം പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളി വനിതകൾവഴി പ്രീ-പ്രോസസിംഗ് നടത്തി മൂല്യവർദ്ധിത മത്സ്യ ഉൽപന്നങ്ങളാക്കി വിപണിയിൽ എത്തിക്കുന്നു.

(ബി) പരിഷ്കരിച്ച കെ.എം.എഫ്.ആർ ആക്ടിന്റേയും റൂളിന്റേയും അടിസ്ഥാനത്തിൽ ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് കടൽ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. 9 മറൈൻ ജില്ലകളിലും റെസ്ക്യൂ ബോട്ടുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷൻ ഇല്ലാത്ത കാസർഗോഡ്, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ ഫിഷറീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മത്സ്യബന്ധന യാനങ്ങളുടെ എണ്ണം, വലയുടെ വലിപ്പം എന്നിവ നിയന്ത്രിക്കുന്നതിനും കുറഞ്ഞ കണ്ണിവലിപ്പം നിഷ്കർഷിക്കുന്നതിനും വളരെ കൂടുതൽ കുതിരശക്തിയുള്ള യാനങ്ങളെ നിയന്ത്രിക്കുന്നതിനും പരിഷ്കരിച്ച കെ.എം.എഫ്.ആർ ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്. വല നിർമ്മാണ യൂണിറ്റുകൾക്കും ബോട്ട് ബിൽഡിംഗ് യാർഡുകൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കാൻ നടപടി സ്വീകരിച്ചു. പ്രധാന ഹാർബറുകളിലും ലാന്റിംഗ് സെന്ററുകളിലും ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുദ്ദേശിക്കുന്നു. മൺസൂൺകാല ട്രോളിംഗ് നിരോധനം 52 ദിവസമായി വർദ്ധിപ്പിച്ചു. ദക്ഷിണേന്ത്യൻ സംസ്ഥാന ങ്ങളിലെ ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെ സമ്മേളനം കൊച്ചി CMFRI-ൽ വിളിച്ച് ചേർത്ത് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയത് പോലുള്ള MLS റെഗുലേഷൻ, കെഎം.എഫ്.ആർ ആക്ടിന്റേയും റൂളിന്റേയും പരിഷ്കരണം എന്നിവ എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും ഏകീകരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

ഉപഭോക്താക്കൾക്ക് വൃത്തിയുള്ളതും ഗുണമേന്മയുള്ളതുമായ മത്സ്യം വിതരണം ചെയ്യുന്നതിനായി സംസ്ഥാനത്ത് ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചു. അവിടെ മത്സ്യം മുറിക്കുന്നതിനും സംഭരിക്കുന്നതിനും ഡിസ്പ്ലേ ചെയ്യുന്നതിനുള്ള സൗകര്യം, കഴുകി വൃത്തിയാക്കാവുന്ന ടൈൽഡ് ഫ്ലോർ, ഫ്ലേക് ഐസ് യൂണിറ്റ്, ടോയ്‌ലെറ്റ് സൗകര്യം എന്നിവ ഒരുക്കിയിട്ടുണ്ട്. ഗുണമേന്മയുള്ള മത്സ്യം തന്നെയാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പാക്കുന്നതിനായി ജില്ലകൾ തോറും ഫിഷറീസ് വകുപ്പും ഭക്ഷ്യ സുരക്ഷാ വകുപ്പും ചേർന്ന് രൂപീകരിച്ച സ്ക്വാഡിന്റെ പ്രവർത്തനം പുരോഗമിക്കുന്നു. ഇത്തരം ഇടപെടലിലൂടെ രാസവസ്തുക്കൾ ചേർത്തുള്ള മത്സ്യവില്പന തടയുന്നതിനും കഴിഞ്ഞിട്ടുണ്ട്. മത്സ്യത്തെ ശരിയായ രീതിയിൽ ശീതീകരിച്ച് സൂക്ഷിച്ച് വില്പന നടത്തുന്നതിനുള്ള ബോധവൽക്കരണം നടത്തുകയും ചെയ്തു വരുന്നുണ്ട്. മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളികളിൽ നിന്നും നേരിട്ട് മത്സ്യം ശേഖരിച്ച് ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കളിൽ എത്തിക്കു ന്നതിനായി 33 ഫിഷ്മാർട്ടുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. അതുകൂടാതെ അന്തിപ്പച്ച എന്ന പേരിൽ തിരുവനന്തപുരത്ത് ഒരു മൊബൈൽ ഫിഷ്മാർട്ടും മൊബൈൽ ഫിഷ് മാർട്ടുകൾ കൊല്ലത്തും പ്രവർത്തിച്ചു വരുന്നു. കൂടുതൽ ഫിഷ് മാർട്ടുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(സി) സമുദ്ര മത്സ്യബന്ധന മേഖലയിൽ മത്സ്യോത്പാദനം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ കടൽ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി കൃത്രിമ പാരുകൾ സ്ഥാപിക്കൽ, സീക്കേജ് ഫാമിംഗ് പദ്ധതി എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. നമ്മുടെ തീരക്കടലിൽ സുലഭമായി ലഭ്യമാകുന്ന 58 ഇനം മത്സ്യങ്ങളുടെ മിനിമം ലീഗൽ സൈസ് നിഷ്കർഷിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജൂൺ, ജൂലൈ മാസങ്ങളിൽ 47 ദിവസമായിരുന്ന ട്രോൾ ബാൻ 52 ദിവസമായി വർദ്ധിച്ചിട്ടുണ്ട്. വിദേശ യാനങ്ങളെ നിയന്ത്രിക്കുന്നതോടൊപ്പം കൂടുതൽ കുതിരശക്തിയുള്ള യാനങ്ങളെ നിയന്ത്രിക്കുന്നതിനും കെ.എം.എഫ്.ആർ ആക്ട് ഭേദഗതിയിൽ നിഷ്കർഷിച്ചിട്ടുണ്ട്. വല നിർമ്മാണ യൂണിറ്റുകൾക്കും ബോട്ട് ബിൽഡിംഗ് യാർഡുകൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കാൻ നടപടി സ്വീകരിച്ചു. അനധികൃതവും നശീകരണ സ്വഭാവമുള്ളതുമായ മത്സ്യബന്ധന രീതികൾ നിരോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ട്രോൾ നൈറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർമെഷ് നിർബന്ധമാക്കി. ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനായി പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് കേന്ദ്ര ധനസഹായത്തോടെ 100 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ നൽകുന്ന തിനുള്ള പദ്ധതി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) 2018-19 സാമ്പത്തിക വർഷം ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 3691.51 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 8 പദ്ധതികൾ കേന്ദ്രാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചതിൽ താഴെപറയുന്ന ഘടകങ്ങൾക്ക് അനുമതി ലഭിച്ചു.

| ക്രമ നമ്പർ | പദ്ധതി | യൂണിറ്റ്/ ഹെക്ടർ | കേന്ദ്ര വിഹിതം (ലക്ഷത്തിൽ) | സംസ്ഥാന വിഹിതം (ലക്ഷത്തിൽ) | ആകെ തുക (ലക്ഷത്തിൽ) |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1. | ഓരുജലാശയങ്ങളിലെ കൂട് കൃഷി | 100 യൂണിറ്റ് | 74.16 | 54.84 | 129.00 |
| 2. | കല്ലുമ്മേക്കായ കൃഷി | 1000 ഹെക്ടർ | 37.08 | 27.42 | 64.5 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 3. | പുന:പര്യയന മത്സ്യകൃഷി | 125 ഹെക്ടർ | 185.4 | 137.1 | 322.5 |
| 4. | മത്സ്യകൃഷിയ്ക്കായി വാട്ടർ ലോഗ് പ്രദേശം പുനരുദ്ധരിക്കൽ | 80 ഹെക്ടർ | 128.5 | 95.1 | 223.6 |
| 5. | മത്സ്യത്തൊഴിലാളികളുടെ സുരക്ഷ | 200 എണ്ണം | 96 | 64 | 160 |
| 6. | 200 FRP ബോട്ടുകൾ | 200 എണ്ണം | 96 | 64 | 160 |
| | | ആകെ | 617.14 | 442.46 | 1059.60 |

## പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉന്നമനം ഉറപ്പാക്കുന്നതിന് പദ്ധതി

358(1428) ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. നൗഷാദ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉന്നമനം, അവകാശ സംരക്ഷണം, ശേഷി വികസനം എന്നിവ ഉറപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യബന്ധനമേഖലയിൽ ആവിഷ്ക്കരിച്ച് വരുന്ന വിവിധ വികസന പദ്ധതികൾ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കാലാവസ്ഥാ വ്യതിയാനം, മത്സ്യലഭ്യത എന്നിവയെക്കുറിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൃത്യമായി അറിയുന്നതിന് വിവര സാങ്കേതിക വിദ്യയുടെ പ്രയോജനം ഉറപ്പാക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവാക്കളിൽ നിന്നും (ഓഖിയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് മുൻഗണന) 200 പേരെ കോസ്റ്റൽ പോലീസിൽ കോസ്റ്റൽ വാർഡന്മാരായി തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പ് പൂർത്തിയാക്കി വരികയാണ്. കേന്ദ്ര സർക്കാരിന്റെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹയാത്തോടെ 200 FRP ബോട്ടുകൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനു ദ്ദേശിക്കുന്നു. ഘട്ടംഘട്ടമായി മറൈൻ പ്ലൈവുഡ്, തടിവള്ളങ്ങളിൽ നിന്നും കൂടുതൽ ബലവത്തായ FRP ബോട്ടുകളിലേയ്ക്ക് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പരിവർത്തനം ചെയ്യുവാനാണുദ്ദേശിക്കുന്നത്. 40% സബ്സിഡിയും 60% ഗുണഭോക്തൃവിഹിത വുമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധന രീതികളായി ട്യൂണ ലോംഗ് ലൈനിംഗ്, ഗിൽ നെറ്റിംഗ്, സ്ക്വിഡ് ജിഗ്ഗിംഗ് എന്നിവയിൽ ആവശ്യമായ സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 100 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ വാങ്ങുന്നതിന് കേന്ദ്രസർക്കാരിന് പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 40000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി അവസാന ഘട്ടത്തിലാണ്. കാലാവസ്ഥാ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികൾക്ക് കൈമാറുന്നതിന് ISRO സഹായത്തോടെ തയ്യാറാക്കി യിട്ടുള്ള നാവിക് ഉപകരണങ്ങൾ, 15000 എണ്ണം വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയും അവസാനഘട്ടത്തിലാണ്. കൂടാതെ ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന യാനങ്ങൾക്ക് 1000 സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്നതിന് ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. അതിൽ 500 എണ്ണം പരമ്പരാഗത യാനങ്ങൾക്കാണ്. അതും ഉടൻ വിതരണം ചെയ്യുന്നതാണ്. പരിഷ്കരിച്ച KMFR ആക്ട് പ്രകാരം സംസ്ഥാനം, ജില്ല, വില്ലേജ് തല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകൃതമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മത്സ്യ സമ്പത്ത് സംരക്ഷിച്ച് ഉപയോഗപ്പെടുത്തൽ, തീരദേശ സംരക്ഷണം, മത്സ്യമേഖലയുടെ സർവ്വതോന്മുഖമായ പുരോഗതി എന്നിവയിൽ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം എന്നതാണ് FMC കൊണ്ട് ഉദ്ദേശിക്കുന്നത്. കടൽ സുരക്ഷയ്ക്കും കടലിൽ അപകടത്തിൽപ്പെട്ട

ന്നവരുടെ രക്ഷയ്ക്കുംവേണ്ടി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തിലെ 9 മറൈൻ ജില്ലകളിലായി 900 മത്സ്യ ത്തൊഴിലാളികളെ കടൽ സുരക്ഷാ സ്ക്വാഡിന്റെ രൂപീകരണത്തിനായി തെരഞ്ഞെ ടുക്കുന്നുണ്ട്. ഇവർക്ക് ഗോവയിലെ കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും പവർ ബോട്ട് പ്രവർത്തിപ്പിക്കുന്നതിനും കടൽ രക്ഷാ പ്രവർത്തനങ്ങളിലും വിദഗ്ധ പരിശീലനം നൽകുന്നു. 40 പേരടങ്ങുന്ന ആദ്യ ബാച്ചിന്റെ പരിശീലനം പൂർത്തിയാക്കി. രണ്ടാം ബാച്ചിന്റെ പരിശീലനം നടന്നു വരുന്നു.

(ബി) കടൽ മത്സ്യ സമ്പത്ത് സംരക്ഷിച്ച് ഉപയോഗപ്പെടുത്തുക, തീരക്കടലിലെ മത്സ്യബന്ധനത്തിരക്ക് കുറയ്ക്കുക, ശാസ്ത്രീയമായ മത്സ്യബന്ധനം ഉറപ്പാക്കുക, മത്സ്യ മേഖലയിലെ വികസന പ്രവർത്തനങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ കൂടി പങ്കാളിത്തം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ KMFR ആക്ട് പരിഷ്ക്കരിക്കുകയും പുതിയ KMFR ചട്ടങ്ങൾ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുന്ന വിധമാണ് ടി പരിഷ്ക്കരണങ്ങൾ വരുത്തിയിട്ടുള്ളത്. പുതിയ KMFR ചട്ടം 3(3) പ്രകാരം തിരുവനന്തപുരം ജില്ലയിലെ പറവൂർ പൊഴിക്കര വരെ 30 മീറ്റർ ആഴം വരെയും അവിടം മുതൽ കാസർഗോഡ് ജില്ലയിലെ ബെംഗാരമഞ്ചേശ്വരം വരെ 20 മീറ്റർ വരെ ആഴത്തിലും മെക്കനൈസ്ഡ് ഫിഷിംഗ് വെസ്സൽ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിച്ചിട്ടുണ്ട്. തീരക്കടലിൽ (12 നോട്ടിക്കൽ മൈൽവരെ) 20 മീറ്ററിന് മുകളിൽ എഞ്ചിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തി. മത്സ്യബന്ധന വലകളുടെ ആകെ വലിപ്പവും കണ്ണി വലിപ്പവും നിയന്ത്രിച്ചു. കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (MLS) നിശ്ചയിച്ച് വിജ്ഞാപനം ചെയ്തു. MLS നടപ്പിലാക്കുകവഴി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ സാധിച്ചു.

(സി) കാലാവസ്ഥാ വ്യതിയാനം, മത്സ്യലഭ്യത എന്നിവ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിനായി ഇൻകോയിസ് എന്ന സ്ഥാപനത്തിന് 143000 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പരുകൾ കൈമാറിയിട്ടുണ്ട്. ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്തതും ഇപ്പോൾ കെൽട്രോൺ വ്യാവസായികമായി നിർമ്മിക്കുന്നതുമായ 15000 എണ്ണം നാവിക് ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിന് ഭരണാനുമതിയും ഫണ്ടും നൽകുകയും ആദ്യഘട്ടമായി 5000 എണ്ണം നാവിക് സപ്ലൈ ചെയ്യുന്നതിന് കെൽട്രോണുമായി കരാർ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. അതുടൻ വിതരണം ചെയ്തു തുടങ്ങും. ISRO സൗജന്യമായി നൽകിയ 250 നാവിക ഉപകരണങ്ങൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 1000 സാറ്റലൈറ്റ് ഫോണുകൾ മത്സ്യത്തൊഴി

ലാളികൾക്ക് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിൽ 500 എണ്ണം പരമ്പരാഗത യാനങ്ങൾക്കാണ്. കൂടാതെ കടലിൽ പോകുകയും തിരികെ എത്തുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ വിവരം രേഖപ്പെടുത്തുന്നതിന് എൻ.ഐ.സി.യുടെ സഹായത്തോടെ വികസിപ്പിച്ച 'സാഗര' എന്ന മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കി വരുന്നു.

## കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേനയുള്ള നിർമ്മാണം

359(1429) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നെയ്യാറ്റിൻകര ടൗൺ മാർക്കറ്റ്, പൊഴിയൂർ പി.എച്ച്.സി എന്നിവയുടെ നിർമ്മാണത്തിനായി കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കോടി രൂപയുടെ ഡി.പി.ആർ ആണ് കിഫ്ബിയിൽ സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) നെയ്യാറ്റിൻകര ടൗൺ മാർക്കറ്റ്, പൊഴിയൂർ പി.എച്ച്.സി എന്നിവയുടെ ഭരണാനുമതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര മാർക്കറ്റ് നിർമ്മാണ പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പൊഴിയൂർ പി.എച്ച്.സി നിർമ്മാണ പ്രവൃത്തി കിഫ്ബിയിലുൾപ്പെടുത്തി വകുപ്പിനു നടത്താനാവില്ല.

(ബി) നെയ്യാറ്റിൻകര മാർക്കറ്റ് നിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ-ന് അന്തിമ രൂപമായിട്ടില്ല.

(സി) മാർക്കറ്റ് നിർമ്മാണം കിഫ്ബി വഴി നടപ്പിലാക്കുന്നതു സംബന്ധിച്ച് എൽ.എസ്.ജി.ഡി വകുപ്പിന്റെ കൂടി അനുമതി ലഭ്യമാക്കേണ്ടതുണ്ടായിരുന്നതിനാൽ ഇക്കാര്യം ബഹു.തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യുകയും ചർച്ചയുടെ അടിസ്ഥാനത്തിൽ 63 മാർക്കറ്റുകളുടെ വികസനത്തിനുള്ള പദ്ധതി തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുവാൻ തീരുമാനമാവുകയും ചെയ്തിട്ടുണ്ട്. പി.എച്ച്.സി പദ്ധതികൾ ആരോഗ്യ വകുപ്പിന്റെ തനതു പദ്ധതിയായി നടപ്പാക്കുന്നതിനാൽ ഫിഷറീസ് വകുപ്പുവഴി നടപ്പിലാക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിരുന്നു.

## തീരദേശ നിരീക്ഷണ സംവിധാനങ്ങളുടെ കുറവ്

360(1430) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരീക്ഷണ സംവിധാനങ്ങളുടെ കുറവ് തീരദേശത്ത് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) മനുഷ്യക്കടത്തുപോലുള്ള കാര്യങ്ങൾ എളുപ്പമാക്കുന്നതിന് ഇതുവഴിയൊരുക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) നൂറുകണക്കിന് ബോട്ടുകൾ ദിനംപ്രതി കടലിലിറങ്ങുകയും തിരിച്ചു വരികയും ചെയ്യുന്ന ഹാർബറുകളിൽപോലും നിരീക്ഷണ ക്യാമറകൾ ഇല്ലാത്ത സാഹചര്യമുണ്ടോ;വിശദമാക്കുമോ;

(ഡി) ഓരോ ഹാർബറും കേന്ദ്രീകരിച്ച് എത്ര ബോട്ടുകൾ പ്രവർത്തിക്കുന്നുണ്ട് എന്നതിനെക്കുറിച്ചുള്ള കണക്കുകൾ ലഭ്യമാണോ;

(ഇ) 12 നോട്ടിക്കൽ മൈൽ മാത്രം അധികാര പരിധിയുള്ള തീരദേശ പോലീസിന്റെ നിരീക്ഷണം കാര്യക്ഷമമല്ലെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(എഫ്) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ കരാർ അടിസ്ഥാനത്തിൽ കോസ്റ്റൽ വാർഡന്മാരായി ഏതാനും ജില്ലകളിൽ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ&ബി) തീരദേശത്ത് പ്രത്യേക നീരീക്ഷണം നടത്തുന്നതിന് മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് എന്നിവ സദാ ജാഗരൂകരാണ്. ഇതുകൂടാതെ കേന്ദ്ര ഏജൻസികളായ നേവിയും കോസ്ററ് ഗാർഡും തീരദേശ നിരീക്ഷണത്തിൽ ജാഗ്രത പുലർത്തുന്നുണ്ട്. ജില്ലകളിൽ ഹാർബറുകൾ കേന്ദ്രീകരിച്ച് രൂപീകരിച്ചിട്ടുള്ള കടലോര ജാഗ്രതാ സമിതികൾ വഴിയും നിരീക്ഷണവും വിവരശേഖരണവും നടത്തുന്നുണ്ട്.

(സി) എറണാകുളം ജില്ലയിലെ മുനമ്പം ഹാർബറിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മറ്റു പ്രധാന ഹാർബറുകളിലും ഈ സംവിധാനം വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഡി) സംസ്ഥാനത്തെ മുഴുവൻ മത്സ്യബന്ധനയാനങ്ങളും ഫിഷറീസ് വകുപ്പിന്റെ റിയൽക്രാഫ്റ്റ് സോഫ്റ്റ്‌വെയർവഴി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ കണക്കുകൾ ലഭ്യമാണ്. എൻ.ഐ.സി.യുടെ സഹായത്തോടെ തയ്യാറാക്കിയിട്ടുള്ള സാഗര മൊബൈൽ ആപ്ലിക്കേഷൻവഴി പ്രധാന ഹാർബറുകളും ലാന്റിംഗ് സെന്ററുകളും രൂപീകരിച്ച് ഓരോ ദിവസവും മത്സ്യബന്ധനത്തിനു പോകുന്നതും വരുന്നതുമായ യാനങ്ങളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്തു വരുന്നു.

(ഇ) അത്തരം റിപ്പോർട്ടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) പരിഗണനയിലുണ്ട്. മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്നുള്ള 200 യുവാക്കളെ വ്യവസ്ഥകൾക്ക് വിധേയമായി താത്ക്കാലികമായി കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ കോസ്റ്റൽ വാർഡന്മാരായി നിയമിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ പോലീസ് വകുപ്പ് സ്വീകരിച്ചു വരുന്നു.

**വാടാനപ്പള്ളി ബീച്ചിൽ ഫിഷറീസ് വകുപ്പിന്റെ കൈവശമുള്ള ഭൂമി**

361(1431) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ വാടാനപ്പള്ളി ബീച്ചിൽ ഫിഷറീസ് വകുപ്പിന്റെ കൈവശം നിലവിൽ എത്ര ഭൂമിയുണ്ട്; ഈ ഭൂമി ഇപ്പോൾ എന്ത് ആവശ്യത്തിനാണ് ഉപയോഗിക്കുന്നത്;

(ബി) ഫിഷറീസ് വകുപ്പിന്റെ കൈവശമുള്ള ഭൂമി, ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മിക്കുന്നതിന് ഉപയോഗിക്കാൻ കഴിയുമോ എന്ന് അറിയിക്കാമോ;

(സി) 2018-19-ലെ സംസ്ഥാന ബഡ്ജറ്റിൽ വാടാനപ്പള്ളിയിൽ മത്സ്യ ത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മിക്കുന്നതിന് ടോക്കൺ പ്രൊവിഷൻ ഉൾപ്പെടു ത്തിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഫ്ലാറ്റ് നിർമ്മാണത്തിന് ഇതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ വാടാനപ്പള്ളി ബീച്ചിൽ വാടാനപ്പള്ളി വില്ലേജ് പരിധിയിൽ സർവ്വേ നമ്പർ 140/18 ൽ 1.63 ഏക്കർ സ്ഥലം ഫിഷറീസ് വകുപ്പിന്റെ കൈവശമുണ്ട്. ഈ ഭൂമി ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുകയാണ്.

(ബി) മേൽപ്പറഞ്ഞ 140/18 സർവ്വേ നമ്പറിലെ ഭൂമി കടലിൽ നിന്നും 200 മീറ്റർ പരിധിയിലാണ് വരുന്നത്. ആയതിനാൽ ഫ്ലാറ്റ് നിർമ്മാണത്തിന് അനുയോജ്യമല്ല. സമീപ പ്രദേശങ്ങൾ കടലാക്രമണ ഭീഷണിയിലാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മേൽ ഉത്തരത്തിന്റെ (ബി) വെളിച്ചത്തിൽ ബാധകമല്ല.

**പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ**

362(1432) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ ഘടിപ്പിച്ച് മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തിയിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ എന്തെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന കമ്പനി ഏതാണെന്നും ഈ പദ്ധതിക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതിയും ടി പദ്ധതിയ്ക്കായി 2018-19 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 1 കോടി രൂപ ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*

(സി) മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കുന്നത് യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്ന കമ്പനി മുഖേനയാണ്. ടി പദ്ധതിക്കായി 1 കോടി രൂപയാണ് 2018-19 സാമ്പത്തിക വർഷം നീക്കി വച്ചിട്ടുള്ളത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ഓഖി ദുരന്തം-പ്രത്യേക പാക്കേജ്**

363(1433) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ദുരന്തത്തെത്തുടർന്ന് പ്രത്യേക പാക്കേജായി കേന്ദ്രത്തോട് ആവശ്യപ്പെട്ട തുകയിൽ കേന്ദ്രസർക്കാർ ഇതുവരെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കുന്നതിനാണ് കേന്ദ്രസർക്കാരിനോട് പ്രത്യേക സഹായം ആവശ്യപ്പെട്ടത്; വിശദമാക്കുമോ;

(സി) സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിലേക്ക് കേന്ദ്രസഹായമായി എത്ര തുകയാണ് ഓഖിയോടനുബന്ധിച്ച് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തുക എന്തൊക്കെ കാര്യങ്ങൾക്കാണ് വിനിയോഗിച്ചത്; വിശദമാക്കുമോ;

(ഇ) പ്രസ്തുത തുക ദുരന്തങ്ങൾ നേരിടുന്നതിനാണ് അനുവദിച്ചതെന്നും ഓഖിക്ക് വേണ്ടി മാത്രമല്ലായെന്നുള്ള നിലപാട് ഫിഷറീസ് വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യമെന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന് 7340.45 കോടി രൂപയുടെ ഒരു സമഗ്ര പാക്കേജ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) മത്സ്യബന്ധന മേഖലയിൽ താഴെപറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനാണ് കേന്ദ്ര സർക്കാരിനോട് പ്രത്യേക സഹായം ആവശ്യപ്പെട്ടത്. ഭവന നിർമ്മാണത്തിനായി 3002.71 കോടി രൂപ, തീരദേശ റോഡുകൾക്കും പാലങ്ങൾക്കുമായി 650 കോടി രൂപ, തീരദേശ ആരോഗ്യ-സാമൂഹ്യക്ഷേമ മേഖലയ്ക്ക് 455 കോടി രൂപ, മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള പ്രത്യേക ധനസഹായ പദ്ധതിക്കായി 12.50 കോടി രൂപ, മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് ജീവനോപാധി ഏർപ്പെടുത്തുന്നതിനായി 12.15 കോടി രൂപ, മരണമടഞ്ഞവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസത്തിനായുള്ള പ്രത്യേക സഹായ പദ്ധതിക്കായി 7.5 കോടി രൂപ, പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾ അപ്ഗ്രേഡ് ചെയ്ത് ആഴക്കടൽ മത്സ്യബന്ധനത്തിന് പര്യാപ്തമാക്കുന്ന പദ്ധതിക്കായി 625 കോടി രൂപ, തീരദേശത്തെ മത്സ്യഗ്രാമങ്ങളിൽ സോളാർ അധിഷ്ഠിത ഡീസലൈനേഷൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 500 കോടി രൂപ, ഫിഷറീസ് സ്കൂളുകളുടെ

നവീകരണത്തിനായി 100 കോടി രൂപ, തീരദേശത്തെ സർക്കാർ സ്കൂളുകളുടെ അപ്ഗ്രഡേഷനായി 306 കോടി രൂപ, കമ്മ്യൂണിറ്റി പ്രൊഡക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി 50 കോടി രൂപ, റെസിഡൻഷ്യൽ മറൈൻ സ്കിൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനായി 50 കോടി രൂപ, ദേശീയ മത്സ്യത്തൊഴിലാളി കാര്യശേഷി വികസന സ്ഥാപനത്തിനായി 100 കോടി രൂപ, മറൈൻ ആംബുലൻസിനായി 63 കോടി രൂപ, തീരദേശ പോലീസിന് 35 കോടി രൂപ, വൈദ്യുതിയ്ക്ക് 537 കോടി രൂപ, കുടിവെള്ള വിതരണത്തിന് 28 കോടി രൂപ, തീരസംരക്ഷണത്തിന് 323 കോടി രൂപ, ഹാർബറുകളും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ എന്നിവയ്ക്കായി 25 കോടി രൂപ എന്നിവയാണ്.

(സി) ഓഖിയോടനുബന്ധിച്ച് ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ അധിക സഹായമായി ലഭിച്ച ആകെ തുക 111.7 കോടി രൂപയാണ്.

(ഡി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ച് താഴെ പറയുന്ന കാര്യങ്ങൾക്ക് വിനിയോഗിച്ചു.

1. സമുദ്ര മത്സ്യ തൊഴിലാളികൾക്കുള്ള ആശ്വാസ ധനസഹായം.
2. നാവിക് പരീക്ഷണം.
3. മറ്റു സംസ്ഥാനങ്ങളിൽ എത്തിയ മത്സ്യത്തൊഴിലാളികൾക്കുള്ള സഹായം
4. മരണപ്പെട്ടവരുടെയും കാണാതായവരുടെയും ആശ്രിതർക്കുള്ള സഹായം.
5. മരണപ്പെട്ടവരുടെ ബന്ധുക്കളെ കണ്ടെത്താൻ ഡി.എൻ.എ. ടെസ്റ്റ്
6. കൃഷിനാശം -ദുരിതാശ്വാസ സഹായം നൽകി.
7. കെ.എസ്.ഇ.ബി.യ്ക്ക് ഉണ്ടായ നാശനഷ്ടത്തിന് ദുരിതാശ്വാസ സഹായം
8. തെരച്ചിൽ നടത്തിയതിനുള്ള തുക
9. വീടുകളുടെ നാശനഷ്ടത്തിനുള്ള തുക- തിരുവനന്തപുരം മാത്രം
10. ക്യാമ്പുകളുടെയും മറ്റനുബന്ധ ചെലവും
11. വായുസേനയുടെ വിമാന കൂലി. (നൽകിയിട്ടില്ല, ബാധ്യതയായി തുടരുന്നു)

(ഇ) ഓഖി സമയത്ത് സഹായമായി കേന്ദ്ര സർക്കാർ സംസ്ഥാന ദുരന്തപ്രതികരണ നിധിയിലേയ്ക്ക് (SDRF) അനുവദിച്ചത് 111.7 കോടി രൂപയാണ്. അതിൽ കൂടുതൽ തുക ഓഖി ദുരന്തപ്രതികരണത്തിനായി SDRF-ൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

## ഓഖി സ്പെഷ്യൽ പാക്കേജ്

364(1434) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖിയുമായി ബന്ധപ്പെട്ട് സമുദ്രതീരമേഖലയിലെ മത്സ്യത്തൊഴിലാളി കൾക്കായി ഒരു സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുമെന്ന പ്രഖ്യാപനം നടത്തിയിരുന്നോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണെന്ന് അറിയിക്കുമോ;

(ബി) ഇതിനായി ശ്രീ.എസ്.എം. വിജയാനന്ദ് ചെയർമാനായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) തീരദേശത്തെ 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഫലപ്രദമാണോ; എങ്കിൽ ഇതിനകം എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാൻ സാധിച്ചുവെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്ര വികസനത്തിനായി 2,000 കോടി രൂപയുടെ ഒരു സമഗ്ര തീരദേശ വികസന പാക്കേജ് നടപ്പിലാക്കുന്നതിനായി ശ്രീ.എസ്.എം. വിജയാനന്ദ്, മുൻ ചീഫ് സെക്രട്ടറി, ചെയർമാനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി വിശദമായ പഠനങ്ങൾ നടത്തേണ്ടതും ഫീൽഡുതല വിവരങ്ങൾ ശേഖരിക്കേണ്ടതുമുണ്ട്. ജീവനോപാധി സംബന്ധിച്ചുള്ള പഠനങ്ങൾ IRMA(Institute of Rural Management, Anand) മുഖാന്തിരവും Basic Human Needs, Coastal Infrastructure, Human Development, Social Security, Quality of Public Services, Self Help Groups and Co-operatives, Safety, Disaster Management എന്നിവ സംബന്ധിച്ചുള്ള പഠനങ്ങൾ TISS (Tata Institute of Social Science) മുഖാന്തിരവും നടത്തുന്നതിന് തീരുമാനിക്കുകയും DPR തയ്യാറാക്കി സമർപ്പിക്കുന്നതിന് KPMG-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പഠനം സംബന്ധിച്ചുള്ള വിശദാംശങ്ങളും

47,86,026 രൂപയുടെ ബഡ്ജറ്റും TISS നൽകിയിട്ടുണ്ട്. TISS-മായി ഫിഷറീസ് ഡയറക്ടർ ധാരണാപത്രം ഒപ്പ് വയ്ക്കുകയും ആദ്യ ഗഡു (ബഡ്ജറ്റ് തുകയുടെ 30%) TISS-ന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) 2016-17, 2017-18 എന്നീ വർഷങ്ങളിലായി നടപ്പിലാക്കിയ 5 പുനരധിവാസ പദ്ധതികളിലായി 1065 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും 932 പേർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. കൂടാതെ 187 പേർക്ക് മുട്ടത്തറയിൽ ഫ്ലാറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്. 2018-19 കാലയളവിൽ 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കാനായി 78.20 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ നിർവഹണം പുരോഗമിക്കുന്നു.

## മത്സ്യത്തൊഴിലാളികൾക്ക് സംഭവിച്ച നാശനഷ്ടങ്ങൾ പരിഹരിക്കാൻ നടപടി

365(1435) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-ലെ പ്രളയകാലത്ത് രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ട മത്സ്യ ത്തൊഴിലാളികളുടെ വള്ളങ്ങൾക്കും മറ്റും സംഭവിച്ച നാശനഷ്ടങ്ങൾ പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രളയത്തിൽ ഇൻലാൻഡ്, കേജ് ഫിഷിങ് കർഷകർക്ക് സംഭവിച്ച നാശനഷ്ടങ്ങളുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കർഷകരുടെ നാശനഷ്ടങ്ങൾ പരിഹരിക്കുവാനും ജീവനോപാധി പുനഃസ്ഥാപിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയ ദുരന്തത്തിൽ രക്ഷാ പ്രവർത്തനം നടത്തുന്നതിനിടയിൽ കേടുപാടുകൾ സംഭവിച്ച മത്സ്യബന്ധന ഉപകരണങ്ങളുടെ തകരാർ പരിഹരിച്ചു നൽകുന്നതിനുവേണ്ടി മത്സ്യഫെഡിന്റെ കീഴിലുള്ള ജില്ലാതല ഉദ്യോഗസ്ഥർ ബന്ധപ്പെട്ട ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരുമായി ചേർന്ന് കേടുപാടുവന്ന

ഉപകരണങ്ങളുടെ നഷ്ടം തിട്ടപ്പെടുത്തുകയും അർഹരായവരുടെ ലിസ്റ്റ് സംയുക്തമായി തയ്യാറാക്കുകയും ചെയ്തു. തുടർന്ന് കേടുവന്ന മത്സ്യബന്ധന വള്ളങ്ങളുടെ തകരാർ സൗജന്യമായി പരിഹരിച്ചു നൽകുന്നതിനായി ഉടമകൾക്ക് സൗകര്യപ്രദമായ യാർഡുകളിലും എഞ്ചിനുകൾ റിപ്പയർ ചെയ്യുന്നതിന് മത്സ്യഫെഡിന്റെ വർക്ക് ഷോപ്പുകളിലും മറ്റ് പ്രൈവറ്റ് വർക്ക് ഷോപ്പുകളിലും സജ്ജീകരണം ഏർപ്പെടുത്തി. ഇത്തരത്തിൽ തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള തീരദേശ ജില്ലകളിലും കോട്ടയം ജില്ലയിലുമായി ഭാഗികമായും പൂർണ്ണമായും കേടുപാടുകൾ വന്ന 535 എഞ്ചിനുകളുടെയും 619 വള്ളങ്ങളുടെയും തകരാർ പരിഹരിച്ച് നൽകുകയുണ്ടായി. ഈ ഇനത്തിൽ മാത്രം മത്സ്യഫെഡിന് 2.11 കോടി രൂപ ചെലവായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പ്രളയാനന്തരം ഇൻലാന്റ് കേജ് ഫാമിംഗ് കർഷകർക്ക് സംഭവിച്ച നാശനഷ്ടങ്ങൾ ഉൾപ്പെടെ ഉൾനാടൻ മത്സ്യമേഖലയ്ക്കുണ്ടായ നഷ്ടം നികത്തുന്നതിനായി Restoration Package for Aqua Culture in Kerala എന്ന പദ്ധതി തയ്യാറാക്കുകയും ആയതിന് 40 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുമുണ്ട്. ആയത് കർഷകർക്ക് വിതരണം ചെയ്യുന്നതിനായി ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ, മത്സ്യകർഷകർക്ക് പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡങ്ങൾക്കനുസരിച്ച് അനുവദനീയമായ 10 കോടി രൂപയുടെ നഷ്ടപരിഹാരവും ജില്ലാ അടിസ്ഥാനത്തിൽ വിതരണം ചെയ്തുവരുന്നു.

**ഓപ്പറേഷൻ സാഗർ റാണി**

366(1436) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാസവസ്തുക്കൾ ചേർന്ന മത്സ്യവില്പന തടയുവാൻ ഭക്ഷ്യസുരക്ഷാ വകുപ്പും ഫിഷറീസ് വകുപ്പും സംയുക്തമായി നടപ്പിലാക്കിയ സാഗർ റാണി പദ്ധതി നിലച്ചതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും മത്സ്യം എത്തിച്ച് വില്പന നടത്തുന്ന വൻകിട ലോബിയുടെ സ്വാധീനത്തിന് വഴങ്ങിയാണ് ഓപ്പറേഷൻ സാഗർ റാണി മരവിപ്പിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പദ്ധതിയുടെ ഭാഗമായി മത്സ്യബന്ധന വിതരണ കേന്ദ്രങ്ങളിൽ കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ നടത്തിയ പരിശോധനകൾ എത്രയെന്നും എത്ര ടൺ രാസവസ്തുക്കൾ കലർന്ന മത്സ്യം പിടിച്ചെടുത്തു നശിപ്പിച്ചുവെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഇല്ല.

(സി) സംസ്ഥാനത്തുടനീളം സാഗർറാണിയുടെ ഭാഗമായി കഴിഞ്ഞ മൂന്ന് മാസമായി 118 മത്സ്യവിപണന മാർക്കറ്റുകളിൽ പരിശോധന നടത്തിയിട്ടുണ്ട്. എന്നാൽ ടി പരിശോധനകളിൽ ശേഖരിച്ച സാമ്പിളുകളുടെ പരിശോധനാഫലം പൂർണ്ണമായും ഇനിയും ലഭ്യമായിട്ടില്ല.

**മത്സ്യങ്ങളിൽ രാസ മാലിന്യങ്ങൾ കലർത്തി വിപണനം**

367(1437) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമ:

(എ) മറ്റു സംസ്ഥാനങ്ങളിൽനിന്നും വിപണനത്തിനെത്തുന്നതുൾപ്പെടെയുള്ള മത്സ്യങ്ങളിൽ രാസ മാലിന്യങ്ങൾ കലർത്തി വിപണനം നടത്തുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ 2018 ൽ ഇത്തരത്തിൽ എത്ര കേസുകൾ കണ്ടെത്തി യിട്ടുണ്ട്;

(സി) ഇത്തരത്തിൽ രാസപദാർത്ഥങ്ങൾ ചേർത്തവയും ഭക്ഷ്യയോഗ്യമല്ലാത്തതുമായ മത്സ്യങ്ങളുടെ കച്ചവടം തടയുവാനും ഭക്ഷ്യയോഗ്യമായതും ഗുണനിലവാരമുള്ളതുമായ മത്സ്യം ലഭ്യമാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വ്യക്തമാക്കുമോ;

(ഡി) മത്സ്യ വിപണന മേഖലയിൽ ഇടനിലക്കാരുടെ ഇടപെടൽമൂലം മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം എന്നും മത്സ്യങ്ങളിൽ രാസപദാർത്ഥങ്ങൾ ചേർക്കുന്നതിന് ഇത് കാരണമാകുന്നുണ്ടോ എന്നും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഇത് തടയുവാൻ സ്വീകരിച്ച നടപടി എന്തെല്ലാം; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തുടനീളം സാഗർറാണിയുടെ ഭാഗമായി കഴിഞ്ഞ 3 മാസമായി 118 മത്സ്യവിപണന മാർക്കറ്റുകളിൽ പരിശോധന നടത്തിയിട്ടുണ്ട്. മത്സ്യ സാമ്പിളുകൾ അംഗീകൃത ലാബുകളിൽ പരിശോധന നടത്തി ആയതിന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കേസ് ഫയൽ ചെയ്യുന്നതിന് നിയമാനുസൃതം

സാധിക്കുകയുള്ളൂ. ടി പരിശോധനകളിൽ ശേഖരിച്ച സാമ്പിളുകളുടെ പരിശോധനാ ഫലം പൂർണ്ണമായും ഇനിയും ലഭ്യമായിട്ടില്ല. ഭക്ഷ്യസുരക്ഷാ വകുപ്പാണ് പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടത്.

(സി) അനുവദനീയമല്ലാത്ത രാസപദാർത്ഥങ്ങൾ ചേർത്തുള്ള മത്സ്യവില്പന തടയുന്നതിനായി ജില്ലകൾതോറും ഭക്ഷ്യ സുരക്ഷാ വകുപ്പും ഫിഷറീസ് ഉദ്യോഗസ്ഥരും ചേർന്ന് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഇവ സംസ്ഥാനത്തുടനീളം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. സംസ്ഥാനമൊട്ടാകെ മത്സ്യത്തിന്റെ ഹോൾസെയിൽ/ റീട്ടെയിൽ മാർക്കറ്റുകൾ കേന്ദ്രീകരിച്ച് പരിശോധന നടത്തുകയും വിപണിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് രാസപദാർത്ഥങ്ങൾ ചേർത്തുള്ള മത്സ്യവില്പനയുടെ ദോഷ ഫലങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു. ഫോർമാലിൻ, അമോണിയ എന്നിവയുടെ സാന്നിധ്യം മനസ്സിലാക്കുന്നതിന് CIFT വികസിപ്പി ച്ചെടുത്ത സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. സ്ട്രിപ്പുകൾ ഉപഭോക്താക്കൾക്ക് പ്രയോജനപ്പെടുത്തുവാൻ കഴിയുന്ന തരത്തിൽ വിപണിയിൽ ലഭ്യമാണ്. ശുദ്ധമായ മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന് മത്സ്യഫെഡ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 33 ഫിഷ്മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നു. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ നിന്നും നേരിട്ട് മത്സ്യം സംഭരിച്ച് ഫിഷ് മാർട്ടുകളിലൂടെ വിപണനം ചെയ്യുന്നു. കൂടാതെ അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനായി തിരുവനന്തപുരത്ത് 1-ഉം, കൊല്ലത്ത് 2-ഉം അന്തിപ്പച്ച മൊബൈൽ ഫിഷ് യൂണിറ്റ് പ്രവർത്തിക്കുന്നു. കൂടുതൽ മാർട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ഡി) മത്സ്യക്കച്ചവടക്കാരുടേയും ഇടനിലക്കാരുടേയും അമിത ലാഭേച്ഛയോടു കൂടിയുള്ള പ്രവർത്തനങ്ങളാണ് പലപ്പോഴും മത്സ്യം സൂക്ഷിച്ചു വയ്ക്കുന്നതിനുള്ള കാലാവധി വർദ്ധിപ്പിക്കുന്നതിനായി രാസവസ്തുക്കൾ ചേർത്തുള്ള വിൽപ്പനയിലേയ്ക്ക് കലാശിക്കുന്നത്. പൊതുവിഭാഗവുമായി താരതമ്യം ചെയ്യുമ്പോൾ മത്സ്യത്തൊഴി ലാളികളിൽ വാർഷിക ആളോഹരി പകുതിയിൽ താഴെ മാത്രമാണ്. ഇതുമൂലം പലപ്പോഴും മത്സ്യത്തൊഴിലാളികൾ മൂലധന ചെലവിനായി ഇടനിലക്കാരിൽ നിന്നും ഉയർന്ന പലിശയ്ക്ക് വായ്പ എടുക്കുന്നു. ഇത് ഇവർ പിടിച്ച് കൊണ്ടുവരുന്ന മത്സ്യത്തിന് വില്പനാവകാശം പണയപ്പെടുത്തിയായിരിക്കും. ഇതിനാൽ മത്സ്യ ത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന്റെ യഥാർത്ഥ വില ലഭിക്കുന്നില്ല. ഇത് മറികടക്കുന്നതിനായി മത്സ്യഫെഡ് വിവിധ പദ്ധതികൾ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി നടത്തി വരുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്യുക, ബീച്ച് ലെവൽ ലേലം നടത്തുക, ചെറുകിട വായ്പകൾ നൽകുക ഉൾപ്പെടെയുള്ള വിവിധ പദ്ധതികളാണ് നടത്തി വരുന്നത്.

(ഇ) മത്സ്യത്തിൽ അമോണിയ, ഫോർമാലിൻ തുടങ്ങിയ രാസവസ്തുക്കൾ കലർത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കേന്ദ്ര സർക്കാർ സ്ഥാപനമായ CIFT തയ്യാറാക്കിയ പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള Test Kit പ്രയോജനപ്പെടുത്തുന്നു. കിറ്റ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലകൾതോറും ഭക്ഷ്യ സുരക്ഷാ വകുപ്പും ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനം നടന്നു വരുന്നു. മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മത്സ്യ ത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം സഹകരണ സംഘം വഴി ലേലം ചെയ്തു വരുന്നു. കൂടാതെ ലാന്റിംഗ് സെന്ററുകളിൽ നിന്ന് നേരിട്ട് സംഭരിക്കുന്ന മത്സ്യം മത്സ്യഫെഡ് ഫിഷ്മാർട്ടുവഴി വിപണനം ചെയ്തു വരുന്നു. ജില്ലകളിൽ മത്സ്യത്തൊഴിലാളികൾ, ബോട്ടുടമകൾ, ഉപഭോക്താക്കൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടു മത്സ്യത്തിൽ രാസവസ്തുക്കൾ ചേർക്കുന്നതിന്റെ ദോഷഫലങ്ങളെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

## രാസവസ്തുക്കൾ കലരാത്ത മത്സ്യം ലഭ്യമാക്കുന്നതിന് നടപടി

368(1438) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യ ബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർണ്ണാടക, തമിഴ്നാട്, മഹാരാഷ്ട്ര, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന രാസപദാർത്ഥങ്ങൾ കലർത്തിയ മത്സ്യം സംസ്ഥാനത്തെ വിപണിയിൽ വൻതോതിൽ വിറ്റഴിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ചെക്ക്പോസ്റ്റുകളിൽ നിന്നും ഭക്ഷ്യസുരക്ഷ, ഫിഷറീസ് ഉദ്യോഗസ്ഥർ പിടിച്ചെടുത്ത മത്സ്യത്തിൽ ഏതൊക്കെ രാസപദാർത്ഥങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) നിലവിൽ ഇത്തരം കേസുകൾ രജിസ്റ്റർ ചെയ്യുന്നതിൽ കാലതാമസം വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഡി) കൂടുതൽ ഉദ്യോഗസ്ഥരെ പരിശോധനയ്ക്കായി നിയോഗിച്ച് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും മാരകമായ രാസവസ്തുക്കൾ കലരാത്ത മത്സ്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഫോർമാലിന്റെ സാന്നിദ്ധ്യമാണ് കണ്ടെത്തിയത്.

(സി) മത്സ്യ സാമ്പിളുകൾ അംഗീകൃത ലാബുകളിൽ പരിശോധന നടത്തി ആയതിന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കേസ് ഫയൽ ചെയ്യുന്നതിന് നിയമാനുസൃതം സാധിക്കുകയുള്ളൂ. ടി നടപടിയ്ക്കുവേണ്ടി വരുന്ന സമയമാണ് ഈ വിഷയത്തിൽ ഉണ്ടായിട്ടുള്ളത്. മന:പൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ല. ഭക്ഷ്യസുരക്ഷാ വകുപ്പാണ് തുടർനടപടികൾ സ്വീകരിച്ചു വരുന്നത്.

(ഡി) സംസ്ഥാനത്ത് ലഭ്യമാകുന്ന മത്സ്യം കേടുകൂടാതിരിക്കുവാൻ അനുവദനീയമല്ലാത്ത രാസവസ്തുക്കൾ ചേർക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാനും അപ്രകാരമുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ടവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാനും ഭക്ഷ്യസുരക്ഷാ വകുപ്പും ഫിഷറീസ് വകുപ്പും സംയുക്തമായി രൂപീകരിച്ച ടാസ്ക് ഫോഴ്സ് സംസ്ഥാനത്തുടനീളം സജീവമായി പ്രവർത്തിക്കുന്നു. ജില്ലകളിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരും ഫിഷറീസ് വകുപ്പിലെ ടെക്നിക്കൽ ജീവനക്കാരും ഉൾപ്പെടുന്ന സ്ക്വാഡാണ് നിരന്തര പരിശോധനക്കായുള്ള ടീമിൽ ഉൾപ്പെട്ടിരിക്കുന്നത്. സംസ്ഥാനത്തൊട്ടാകെ മത്സ്യത്തിന്റെ ഹോൽസെയിൽ/റീട്ടെയിൽ മാർക്കറ്റുകൾ കേന്ദ്രീകരിച്ച് പരിശോധന നടത്തുകയും വിപണിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്യുന്നു. മേൽ സൂചിപ്പിച്ച സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് CIFT-ന്റെ സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിച്ച പരിശോധനാ സ്ട്രിപ്പുകൾ ഉപയോഗിച്ചു വരുന്നു. ടി സ്ട്രിപ്പുകൾ സാധാരണക്കാരായ വിപണനക്കാർക്കും ഉപഭോക്താക്കൾക്കും വിപണിയിൽ ലഭ്യമാണ്.

**ജനകീയ മത്സ്യകൃഷി പദ്ധതി**

369(1439) <u>ശ്രീ. വി. ജോയി</u> :
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> :
<u>ശ്രീ. കെ. ജെ. മാക്സി</u> :
<u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജനകീയ മത്സ്യകൃഷി പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഇതിനായി ഉപയോഗയോഗ്യമല്ലാത്ത പൊതുജലാശയങ്ങൾ വൃത്തിയാക്കി മത്സ്യവിത്ത് നിക്ഷേപിച്ച് മത്സ്യോല്പാദനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. 2017-18 സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി 650 ഹെക്ടർ സ്ഥലത്ത് മാതൃകാ മത്സ്യകൃഷി ഫാമുകൾ, 6500 ഹെക്ടർ സ്ഥലത്ത് പാടശേഖരങ്ങളിൽ മത്സ്യകൃഷി നടപ്പിലാക്കുന്ന ഒരു നെല്ലും ഒരു മീനും പദ്ധതി, 3000 ഹെക്ടർ സ്ഥലത്ത് ചെറുകുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി, 3000 ഹെക്ടർ സ്ഥലത്ത് വലിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കി. കൂടാതെ 2018-19 സാമ്പത്തിക വർഷം ഉൾനാടൻ ജലകൃഷി വികസന പ്രവർത്തനങ്ങൾ ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ശാസ്ത്രീയ കാർപ്പ് കൃഷി, അന്തരീക്ഷ വായു ശ്വസിക്കുന്ന മത്സ്യങ്ങളുടെ കൃഷി, ഗിഫ്റ്റ് കൃഷി, റീസർക്കുലേറ്ററി സംവിധാനത്തിലെ മത്സ്യ കൃഷി, ഒരു നെല്ലും ഒരു മീനും പദ്ധതി, ജലസംഭരണികളിലെ മത്സ്യകൃഷി, കാര/നാരൻ/വനാമി ചെമ്മീൻ കൃഷി, ഓരു ജല മത്സ്യകൃഷി, ഓരുജലകൂട്ട കൃഷി, ഞണ്ട് കൃഷി, കല്ലുമ്മേക്കായ് കൃഷി, കരിമീനിന്റെ വിവിധതരം കൃഷികൾ, സംയോജിത മത്സ്യകൃഷി, മത്സ്യവിത്ത് പരിപാലന പദ്ധതി എന്നിവയാണ് ഘടക പദ്ധതികൾ.

(സി) 2018-19 സാമ്പത്തിക വർഷം ഉപയോഗശൂന്യമായി കിടക്കുന്ന കുളങ്ങളും പൊതുജലാശയങ്ങളും സംരക്ഷിച്ച് അവയിൽ മത്സ്യ കൃഷി നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ജനകീയ മത്സ്യകൃഷി പദ്ധതി മുഖേന 2018-19 സാമ്പത്തിക വർഷം ശാസ്ത്രീയ സമ്മിശ്ര കാർപ്പ് മത്സ്യകൃഷി, കുളങ്ങളിലെ ആസാം വാള കൃഷി. കുളങ്ങളിലെ ഗിഫ്റ്റ് കൃഷി, ബഹുവർഗ്ഗ ഓരുജല മത്സ്യകൃഷി, പടുതാ കുളങ്ങളിലെ കരിമീൻ കൃഷി, പിന്നാമ്പുറ കുളങ്ങളിലെ കരിമീൻ കൃഷി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ 2018-19 സാമ്പത്തിക വർഷം ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ വെള്ളക്കെട്ടുകളിലെ മത്സ്യകൃഷി പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ ഉപയോഗശൂന്യമായി കിടക്കുന്ന ചെറിയ ജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന മുറ്റത്തൊരു മീൻതോട്ടം എന്ന പദ്ധതിയും ഫിഷറീസ് വകുപ്പിന്റെ കീഴിൽ അഡാക് വഴി നടപ്പിലാക്കി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഉൾനാടൻ മത്സ്യകൃഷി വികസനം

370(1440) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യ കൃഷി വികസനത്തിനായി ഈ സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പാടശേഖര മത്സ്യകൃഷി, ഉൾനാടൻ ശുദ്ധജല മത്സ്യ കൃഷി എന്നിവയിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് നിലവിൽ എന്തെല്ലാം സഹായങ്ങളാണ് ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പാടശേഖര മത്സ്യകൃഷിയിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് 100 ഹെക്ടർ വിസ്തൃതിയിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഇൻഫ്രാ സ്ട്രക്ച്ചർ ഡെവലപ്മെന്റ് കോസ്റ്റായി 12 ലക്ഷം രൂപയും പ്രവർത്തന ചെലവിന് 8 ലക്ഷം രൂപയും ഉൾപ്പെടെ 20 ലക്ഷം രൂപ നിരക്കിൽ 40% സബ്സിഡിയായി കർഷകർക്ക് നൽകി വരുന്നു. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ National Adaptation Fund for Climate Change എന്ന സ്കീമിൽ ഉൾപ്പെടുത്തി കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യ-നെൽകൃഷി പദ്ധതി 2015-19 അഡാക്ക് വഴി നടപ്പിലാക്കി വരുന്നു. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ(പൊക്കാളി), കണ്ണൂർ(കൈപ്പാട്) എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ടാർജറ്റ് 600 ഹെക്ടറാണ്. (പൊക്കാളി-300 ഹെക്ടർ, കൈപ്പാട്-300 ഹെക്ടർ). ഒരു യൂണിറ്റിന്റെ വിസ്തൃതി 5 ഹെക്ടർ ആയാണ് കണക്കാക്കിയിട്ടുള്ളത്. 80% സബ്സിഡിയും ട്രെയിനിംഗും ഗുണഭോക്തൃ ഗ്രൂപ്പിന് നൽകി വരുന്നു. ശുദ്ധജല മത്സ്യകൃഷിയിൽ ഉൾപ്പെട്ട വിവിധ പദ്ധതികൾക്കായി കർഷകർക്കുള്ള സഹായം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉൾനാടൻ മത്സ്യകൃഷിക്ക് സാമ്പത്തിക സഹായം

371(1441) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 വർഷത്തിൽ, ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യം വളർത്തുന്നതിന് സാമ്പത്തിക സഹായം ആവശ്യപ്പെട്ട് എത്ര അപേക്ഷകൾ വാമനപുരം നിയോജക മണ്ഡലത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര അപേക്ഷകർക്ക് സാമ്പത്തികസഹായം നൽകിയെന്നും എത്ര തുക വീതം നൽകിയെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2017-18 വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യം വളർത്തുന്നതിന് ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം (2017-19) ഘടക പദ്ധതിയായ മാതൃകാ കുളങ്ങളിലെ കാർപ്പ് മത്സ്യകൃഷി, ചെറിയ കുളങ്ങളിലും വലിയ കുളങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നൽകുന്ന പദ്ധതി, ബ്ലൂ റെവല്യൂഷൻ പദ്ധതി എന്നിവയ്ക്കായി അപേക്ഷ ക്ഷണിച്ചതിൽ വാമനപുരം നിയോജക മണ്ഡലത്തിൽ നിന്നും ആകെ 124 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 116 കർഷകർക്ക് ഇൻപുട്ട് സബ്സിഡി ഇനത്തിൽ മത്സ്യവിത്ത് വിതരണം ചെയ്യുകയുണ്ടായി. 5 കർഷകരെ മാതൃകാ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി (മിനിമം ഏരിയ 50 സെന്റ്) ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഒരാൾക്ക് 20,000 രൂപ നിരക്കിൽ 5 പേർക്ക് ആകെ 1 ലക്ഷം രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ ബ്ലൂറെവല്യൂഷൻ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന ആർ.എ.എസ്. ഘടക പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്ത 3 ഗുണഭോക്താക്കൾക്ക് ആകെ 4,76,653 രൂപ ധനസഹായമായി നൽകിയിട്ടുണ്ട്.

## ചെങ്ങന്നൂരിലെ ഉൾനാടൻ മത്സ്യ മേഖലയിലുണ്ടായ നഷ്ടം

372(1442) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയത്തിന് ശേഷം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ഉൾനാടൻ മത്സ്യ മേഖലയിലുണ്ടായ നഷ്ടം നികത്തുന്നതിന് വകുപ്പുതലത്തിൽ നടപ്പിലാക്കുന്ന സമഗ്ര പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രളയത്തിൽ നഷ്ടമുണ്ടായ ചെങ്ങന്നൂരിലെ മത്സ്യ കർഷകർക്ക് നൽകിയ നഷ്ടപരിഹാരത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ നിയോജക മണ്ഡലം ഉൾപ്പെടെ പ്രളയത്തിനുശേഷം സംസ്ഥാനത്തെ ഉൾനാടൻ മത്സ്യമേഖലയ്ക്കുണ്ടായ നഷ്ടം നികത്തുന്നതിനായി നാശനഷ്ടം സംഭവിച്ച ഫിഷ് ഫാമുകളുടെ പുനരുദ്ധാരണത്തിനും മത്സ്യകൃഷിയ്ക്കുമായി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയ 'റിസ്റ്റൊറേഷൻ പാക്കേജ് ഫോർ അക്വാകൾച്ചർ ഇൻ കേരള' എന്ന പദ്ധതിയ്ക്ക് ഈ സാമ്പത്തിക വർഷം 40 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത പദ്ധതി നടത്തിപ്പിനായി ജില്ലകൾക്ക് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ നിയോജക മണ്ഡലം ഉൾപ്പെടെ ആലപ്പുഴ ജില്ലയിൽ ഉൾനാടൻ മത്സ്യമേഖലയ്ക്കുണ്ടായ നഷ്ടം നികത്തുന്നതിനായി 'റിസ്റ്റൊറേഷൻ പാക്കേജ് ഫോർ അക്വാകൾച്ചർ ഇൻ കേരള' എന്ന പദ്ധതി പ്രകാരം ആദ്യ ഗഡുവായി 4 കോടി രൂപ ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. ആയത് കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**പന്നിവേലിച്ചിറ ഫാമിലെ പ്രവർത്തനങ്ങൾ**

373(1443) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ പന്നിവേലിച്ചിറ ഫാമിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത ഫാമിൽ ഏതെല്ലാം ഇനത്തിലുള്ള മത്സ്യങ്ങൾ കൃഷി ചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ;

(സി) ഫാമിന്റെ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ) കാർപ്പ് മത്സ്യകുഞ്ഞുങ്ങളുടെ പ്രേരിത പ്രജനനവും മത്സ്യകുഞ്ഞുങ്ങളുടെ പരിപാലനവും വിതരണവും ഗിഫ്റ്റ് മത്സ്യകുഞ്ഞുങ്ങളുടെ പരിപാലനവും വിതരണവും മത്സ്യകർഷകർക്കും ഡിപ്പാർട്ടുമെന്റ് സ്റ്റാഫുകൾക്കും വിദ്യാർത്ഥികൾക്കുമുള്ള ട്രെയിനിംഗ് നടത്തൽ, എക്സിബിഷനുകളിലും അക്വാഷോകളിലും പങ്കെടുക്കൽ, മത്സ്യകർഷക വികസന ഏജൻസി, ആത്മ, ജനകീയമത്സ്യകൃഷി എന്നിവ നടത്തുന്ന എക്സ്റ്റൻഷൻ പ്രവർത്തികൾ നടത്തൽ എന്നിവയാണ് പന്നിവേലിച്ചിറ ഫാമിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ നടക്കുന്ന പ്രവർത്തനങ്ങൾ.

(ബി) കട്‌ല, രോഹു, മൃഗാൽ, സൈപ്രിനസ്, ഗിഫ്റ്റ് തിലാപ്പിയ എന്നീ മത്സ്യങ്ങളാണ് പ്രസ്തുത ഫാമിൽ മുഖ്യമായും കൃഷി ചെയ്യുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫാമിലെ മത്സ്യവിത്തുൽപാദന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആകെ 47.60 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ ഗിഫ്റ്റ് ഹാച്ചറിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന തീരദേശ കോർപ്പറേഷൻ മുഖേന 117.17 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

**വക്കം-നിലക്കാമുക്ക് മാർക്കറ്റ്**

374(1444) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യബന്ധന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വക്കം-നിലക്കാമുക്ക് മാർക്കറ്റിന്റെ നവീകരണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

വക്കം-നിലക്കാമുക്ക് മാർക്കറ്റ് നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ടി പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.

**തീരദേശ വികസന കോർപ്പറേഷന്റെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ**

375(1445) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിലേക്കായി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ നിന്നും സമർപ്പിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചവ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ കിഫ്ബി മുഖേന നടപ്പാക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ കൊണ്ടുവന്നിരുന്നു.

| ക്രമ നമ്പർ | പദ്ധതി | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | ഫിഷ് ലാന്റിംഗ് സെന്റർ, വാടിക്കൽ | 70.00 |
| 2. | ഫിഷ് ലാന്റിംഗ് സെന്റർ, മാട്ടൂൽ | 70.00 |
| 3. | ഫിഷ് മാർക്കറ്റ്, പഴയങ്ങാടി | 95.00 |
| 4. | ഫിഷറീസ് ഡിസ്പെൻസറി പുതിയങ്ങാടി, പുതിയ കെട്ടിട നിർമ്മാണം | 80.00 |
| 5. | താലൂക്ക് ഹോസ്പിറ്റൽ, പഴയങ്ങാടി, പുതിയ കെട്ടിട നിർമ്മാണം | 110.00 |
| 6. | അംഗനവാടി, മാടായി | 25.00 |
| 7. | പുതിയങ്ങാടി ചൂട്ടാട് റോഡ് & ബൈറോഡ് ചൂട്ടാട് ഇരവിപുരം റോഡ് | 600.00 |
| 8. | അംഗനവാടി, മാട്ടൂൽ | 25.00 |
| 9. | മാട്ടൂൽ എച്ച്.എസ്.എസ്. പുതിയ കെട്ടിട നിർമ്മാണം | 120.00 |
| 10. | മുട്ടം പി.എച്ച്.സി. പുതിയ കെട്ടിട നിർമ്മാണം | 35.00 |
| 11. | മാടായി ഹോമിയോ ഡിസ്പെൻസറി പുതിയ കെട്ടിട നിർമ്മാണം | 50.00 |

(ബി) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി പഴയങ്ങാടി ഫിഷ് മാർക്കറ്റ് നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഇതുകൂടാതെ കണ്ണപുരം ഫിഷ് മാർക്കറ്റ് നിർമ്മാണം ജി.ജി.എച്ച്.എസ്.എസ് മാടായി എന്നീ പദ്ധതികൾ കൂടി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

## ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്റർ

376(1446) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

20-6-2018-ന് ഫിഷറീസ് വകുപ്പുമന്ത്രി വിളിച്ചു ചേർത്ത യോഗതീരുമാന പ്രകാരം കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണ പ്രവൃത്തിക്കായി സമർപ്പിച്ച വിശദമായ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

മാടായി ഗ്രാമപഞ്ചായത്തിലെ ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണ പ്രവൃത്തിക്ക് ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച 92.50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ അടുത്ത സാമ്പത്തിക വർഷം പരിഗണിക്കുന്നതാണ്.

## കായംകുളം ഗവൺമെന്റ് ഗേൾസ് സ്കൂളിൽ നടപ്പാക്കുന്ന പദ്ധതികൾ

377(1447) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വഴി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി കായംകുളം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ നടപ്പാക്കുന്ന പദ്ധതികളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

ഉത്തരം

കായംകുളം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കുന്നില്ല.

## കുമളിയിലെ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്

378(1448) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഏറ്റവും കൂടുതൽ മത്സ്യബന്ധന തൊഴിലാളികളുള്ള പീരുമേട് നിയോജക മണ്ഡലത്തിലെ കുമളിയിൽ പ്രവർത്തിക്കുന്ന ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് ഇടുക്കി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുവാൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഈ ഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യം സിവിൽ സ്റ്റേഷനിൽ ലഭ്യമാണോ;

(ബി) സിവിൽ സ്റ്റേഷനിൽ സൗകര്യങ്ങൾ ലഭ്യമല്ലെങ്കിൽ എല്ലാ സൗകര്യങ്ങളോടും കൂടി പ്രവർത്തിച്ചുവരുന്ന പ്രസ്തുത ഓഫീസ് കുമളിയിൽ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) ഇടുക്കി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് കുമളിയിൽ നിന്നും പൈനാവിലുള്ള സിവിൽസ്റ്റേഷനിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിന് 12-12-2018-ലെ സ.ഉ (സാധാ)നമ്പർ 975/2018/മ.ഇ.വ പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ക്രമീകരിച്ചു വരുന്നു.

**ചാലക്കുടി മണ്ഡലത്തിൽ അന്തിപ്പച്ച പദ്ധതി**

379(1449) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽ അന്തിപ്പച്ച പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടി ഏതു ഘട്ടത്തിലാണ്;വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അന്തിപ്പച്ച മൊബൈൽ യൂണിറ്റ് ആരംഭിക്കുന്നതിനായുള്ള വാഹനങ്ങൾ സർക്കാർ വെബ്സൈറ്റായ GeM-ലൂടെ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വാഹനങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ചാലക്കുടിയിൽ അന്തിപ്പച്ച പദ്ധതി ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ**

380(1450) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധനവും ഹാർബർ എഞ്ചിനിയറിംഗും വകുപ്പ് മുഖാന്തിരം 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരം വിശദമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ മാർക്കറ്റുകളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിങ്ങും വകുപ്പ് മുഖാന്തരം 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*

(സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ പാലമേലിൽ ആദിക്കാട്ടുകുളങ്ങര ഒരു ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനായി 174.61 ലക്ഷം രൂപയുടെ പദ്ധതി (നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് വിഹിതം -141.372 ലക്ഷം രൂപ, സംസ്ഥാന സർക്കാർ വിഹിതം- 33.238 ലക്ഷം രൂപ) അംഗീകാരം നൽകിയിരുന്നു. ടി മാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ചു. മാർക്കറ്റിൽ എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചു വരുന്നു. ഇതുകൂടാതെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 63 മത്സ്യമാർക്കറ്റ് വികസനം അടങ്ങുന്ന 193.4696 കോടി രൂപയുടെ കൺസെപ്റ്റ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ആയതിന് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം അംഗീകാരം നൽകിയ ലിസ്റ്റിൽ ക്രമ നമ്പർ 40,42,43 എന്നിവയിലായി 282.31 ലക്ഷം രൂപയുടെ തഴക്കര ഗ്രാമപഞ്ചായത്തിലെ മാങ്ങാംകുഴി മത്സ്യമാർക്കറ്റ് നവീകരണം, 300.00 ലക്ഷം രൂപയുടെ മാവേലിക്കര നഗരസഭയിലെ പുതിയകാവ് മത്സ്യ മാർക്കറ്റ് നവീകരണം, 282.02 ലക്ഷം രൂപയുടെ താമരക്കുളം മത്സ്യമാർക്കറ്റ് ആധുനികവൽക്കരണം എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനായി ഡി.പി.ആർ തയ്യാറാക്കി വരുന്നു.

## കൊയിലാണ്ടി ഹാർബറിൽ മത്സ്യഫെഡ് ഡീസൽ ബങ്ക്

381(1451) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ നിർമ്മാണത്തിലിരിക്കുന്ന ഹാർബറിൽ മത്സ്യഫെഡിനായി അനുവദിച്ച ഡീസൽബങ്ക് സ്ഥാപിക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ളകാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സാങ്കേതിക തടസ്സങ്ങൾ തരണം ചെയ്ത് എത്രയും വേഗം ഡീസൽ ബങ്ക് സ്ഥാപിക്കാനുള്ള നടപടി മത്സ്യഫെഡ് സ്വീകരിക്കുമോ; വിശദമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്ത് മത്സ്യത്തൊഴിലാളികൾക്ക് ഡീസൽ വിതരണം ചെയ്യുന്നതിനുള്ള ബങ്ക് സ്ഥാപിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ സ്ഥലം മത്സ്യഫെഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലം ചതുപ്പ് ആയതിനാലും നികത്തേണ്ടതുള്ളതിനാലും വാർഫ് ലഭ്യമല്ലാത്തതിനാലുമാണ് ബങ്കിന്റെ നിർമ്മാണത്തിൽ കാലതാമസമുണ്ടായിട്ടുള്ളത്. സ്ഥലം നികത്തുന്നതിനും വാർഫ് നിർമ്മിക്കുന്നതിനും വലിയ തുക ആവശ്യമായതിനാലാണ് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയാതെ വന്നിരിക്കുന്നത്.

(ബി) സാങ്കേതിക തടസ്സങ്ങൾ എത്രയും പെട്ടെന്ന് നീക്കി ഡീസൽബങ്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കൊട്ടാരക്കര, പുത്തൂർ മത്സ്യമാർക്കറ്റുകളുടെ നവീകരണം

382(1452) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജ മണ്ഡലത്തിൽപ്പെടുന്ന കൊട്ടാരക്കര, പുത്തൂർ എന്നീ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് വിശദമായ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഓരോ മാർക്കറ്റിന്റെയും നവീകരണത്തിന് ആവശ്യമായ തുക എത്രയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് അനുമതി ലഭ്യമായിട്ടുണ്ടോ; നിലവിലെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ-സി) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ കൊട്ടാരക്കര, പുത്തൂർ എന്നീ മത്സ്യമാർക്കറ്റുകൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പുത്തൂർ ഫിഷ് മാർക്കറ്റിന് 244.82 ലക്ഷം രൂപയും കൊട്ടാരക്കര ഫിഷ് മാർക്കറ്റിന് 1000 ലക്ഷം രൂപയുമാണ് പ്രാഥമികമായി വകയിരുത്തിയിട്ടുള്ളത്. ടി പ്രവൃത്തികളുടെ ഡി.പി.ആർ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.

## ചെട്ടികുളങ്ങര കരിപ്പുഴ ഫിഷ് മാർക്കറ്റ്

383(1453) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി ചെട്ടികുളങ്ങര കരിപ്പുഴ ഫിഷ്മാർക്കറ്റിന്റെ പുനരുദ്ധാരണത്തിനു വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ?

ഉത്തരം

ചെട്ടികുളങ്ങര കരിപ്പുഴ ഫിഷ് മാർക്കറ്റ് നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.

## അച്ചൻകോവിലാറിൽ നഞ്ച് കലക്കിയുള്ള മീൻപിടിത്തം

384(1454) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഞ്ച് കലക്കിയുള്ള മീൻപിടിത്തം വ്യാപകമായതോടെ അച്ചൻകോവിലാറിൽ പല ഭാഗത്തും മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങുന്ന സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഇതു മൽസ്യസമ്പത്തിന് കടുത്ത ഭീഷണിയും ജനങ്ങൾക്ക് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളും സൃഷ്ടിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് (സെക്ഷൻ 7) അനുസരിച്ച് നഞ്ച് പോലെയുള്ള വിഷവസ്തുക്കൾ കലർത്തിയ മത്സ്യബന്ധനം നിരോധിച്ചിട്ടുണ്ട്. മത്സ്യസമ്പത്തിന് കടുത്ത ഭിഷണിയും ജനങ്ങൾക്ക് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളും സൃഷ്ടിക്കുന്ന ഇത്തരം മത്സ്യബന്ധന രീതികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

## പെരിങ്ങൽകുത്ത്, ഷോളയാർ ഡാമുകളുടെ റിസർവ്വോയറുകളിൽ മത്സ്യക്കുഞ്ഞുങ്ങളുടെ നിക്ഷേപം

385(1455) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി മേഖലയിൽ മത്സ്യബന്ധനം ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവർക്ക് ക്ഷേമനിധി അംഗത്വം, വലകൾ, ചെറു കൊട്ടവഞ്ചികൾ അടക്കമുള്ള ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പെരിങ്ങൽകുത്ത്, ഷോളയാർ ഡാമുകളുടെ റിസർവ്വോയറുകളിൽ കരിമീൻ അടക്കമുള്ള തദ്ദേശീയ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) മീൻപിടിച്ച് ഉപജീവനം നടത്തുന്ന അതിരപ്പള്ളി പഞ്ചായത്തിലെ ആദിവാസി മേഖലയിലെ ആദിവാസികളെ 1980-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘം ആക്ട് പ്രകാരം മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 1980-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമസംഘം ആക്ട് പ്രകാരം പ്രസിദ്ധീകരിക്കുന്ന മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ആദിവാസി മേഖലയിൽ ഉൾപ്പെട്ടിട്ടുള്ളവർ ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതി ഉൾപ്പെടെയുള്ള എല്ലാ പദ്ധതി ആനുകൂല്യങ്ങൾക്കും അർഹരാണ്. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പാ പദ്ധതി മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്നുണ്ട്.

(ബി) പെരിങ്ങൽകുത്ത്, ഷോളയാർ ഡാമുകളുടെ റിസർവോയറുകളിൽ കരിമീൻ അടക്കമുള്ള തദ്ദേശീയ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

## മത്സ്യബന്ധനവകുപ്പിന്റെ തലശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ

386(1456) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-19 സാമ്പത്തിക വർഷം മത്സ്യബന്ധനവകുപ്പ് കിഫ്ബി മുഖാന്തരം ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യബന്ധന വകുപ്പ് തലശ്ശേരി മണ്ഡലത്തിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷം മത്സ്യബന്ധന വകുപ്പ് കിഫ്ബി മുഖാന്തരം തത്വത്തിൽ ഭരണാനുമതി നൽകിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കൊല്ലം-താന്നി ഷോർ പ്രൊട്ടക്ഷൻ പദ്ധതി
2. ഫിഷറീസ് വകുപ്പിന്റെ 71 സ്കൂളുകൾക്കും 63 മാർക്കറ്റുകൾക്കും
3. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പൂന്തുറ-വലിയതുറ ഷോർ പ്രൊട്ടക്ഷൻ പദ്ധതി
4. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പരപ്പനങ്ങാടി തുറമുഖ നിർമ്മാണം
5. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ചെത്തി തുറമുഖ നിർമ്മാണം

(ബി) മത്സ്യബന്ധന വകുപ്പ് തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. 2017-18 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭ്യമായ തലായ്-ഷോർ പ്രൊട്ടക്ഷൻ പദ്ധതി
2. ന്യൂ മാഹി ഫിഷ് മാർക്കറ്റ് തത്വത്തിൽ അംഗീകാരം നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

**വർക്കല മണ്ഡലത്തിലെ തീരദേശറോഡുകൾ**

387(1457) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വർക്കല മണ്ഡലത്തിലെ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്നതിനായി ഭരണാനുമതി ലഭിച്ച എത്ര പ്രവൃത്തികളുടെ ടെണ്ടർ നടപടി പൂർത്തിയാക്കുവാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടി പൂർത്തിയാക്കുവാൻ കഴിയാത്ത സാഹചര്യം എന്തെങ്കിലും നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല നിയോജകമണ്ഡലത്തിൽ 23 തീരദേശ റോഡുകളുടെ നിലവാരമുയർത്തുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 15 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുവാനുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ചെറുവാടി-കുളിമാട്-താഴത്തുമുറി റോഡിന് ഫണ്ട്

388(1458) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് ഫണ്ടുപയോഗിച്ച് ആദ്യഘട്ട പ്രവൃത്തി നടത്തിയ കൊടിയത്തൂർ പഞ്ചായത്തിലെ ചെറുവാടി-കുളിമാട്-താഴത്തുമുറി റോഡ് പ്രവൃത്തിക്ക് അടുത്തഘട്ടം ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(സി) പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ചെറുവാടി കുളിമാട് താഴത്തുമുറി റോഡ് അടുത്തഘട്ടം പ്രവൃത്തിക്ക് എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

## കാസർഗോഡ് ജില്ലയിലെ തീരദേശ റോഡുകൾ

389(1459) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കാസർകോട് ജില്ലയിൽ തീരദേശ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ റോഡുകൾ ഏതെല്ലാമാണെന്നും ഓരോ റോഡിനും എത്ര തുക എപ്പോഴാണ് അനുവദിച്ചതെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഭരണാനുമതി നൽകിയ റോഡുകളുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ഏതെല്ലാം റോഡുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും ഇനി ടെണ്ടർ ചെയ്യാനുള്ള റോഡുകൾ ഏതൊക്കെയാണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) കാസർകോട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തിലും വാർഡിലുമുള്ള റോഡുകളാണ് തീരദേശ പദ്ധതിയിൽ ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുത്താവുന്നതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഇ) തീരദേശ പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ അഭിവൃദ്ധിപ്പെടുത്താൻ വാർഡിനും പഞ്ചായത്തിനും വേണ്ട മാനദണ്ഡങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ തീരദേശ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനായി 31.96 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു :

| മണ്ഡലം | അനുവദിച്ച തുക(ലക്ഷം) |
|---|---|
| മഞ്ചേശ്വരം | 937.52 |
| കാഞ്ഞങ്ങാട് | 618.367 |
| തൃക്കരിപ്പൂർ | 669.66 |
| ഉദുമ | 786.15 |
| കാസർഗോഡ് | 184.98 |

(ബി&സി) കാസർഗോഡ് ജില്ലയിലെ തീരദേശ റോഡുകളുടെ വിവരവും അനുവദിച്ച തുകയും ഇപ്പോഴത്തെ നിലയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കുമ്പള, മഞ്ചേശ്വരം, മൊഗ്രാൽ, പുത്തൂർ, മംഗൽപ്പാടി എന്നീ പഞ്ചായത്തുകളും കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ കാഞ്ഞങ്ങാട് നഗരസഭയിലെ തീരദേശ വാർഡുകളും അജാനൂർ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഗ്രാമപഞ്ചായത്തിലുമുള്ള റോഡുകൾ തീരദേശ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഉദുമ നിയമസഭാമണ്ഡലത്തിൽ ഉദുമ, പള്ളിക്കര, ചെമ്മനാട് എന്നീ പഞ്ചായത്തുകളും തൃക്കരിപ്പൂർ മണ്ഡലത്തിൽ വലിയപറമ്പ, പെരുവത്തൂർ, പടന്ന, തൃക്കരിപ്പൂർ എന്നീ പഞ്ചായത്തുകളും നിലേശ്വരം മുനിസിപ്പാലിറ്റിയിലെ വാർഡുകളും കാസർഗോഡ് മണ്ഡലത്തിലെ കാസർഗോഡ് നഗരസഭയിലെ തീരദേശ റോഡുകളും ടി പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

(ഇ) മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ മാനദണ്ഡ പ്രകാരം തീരദേശ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റിയിലെയും കോർപ്പറേഷനുകളിലേയും തീരദേശ വാർഡുകൾ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ പാർക്കുന്ന സ്ഥലങ്ങൾ, ഉൾനാടൻ മത്സ്യഗ്രാമങ്ങൾ, കായൽ റിസർവോയർ തീരങ്ങൾ, സർക്കാർ വക മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ എന്നിവയിലേക്കുള്ള റോഡുകളെ തീരദേശ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകൾ**

390(1460) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ തീരദേശ റോഡുകൾ ഫിഷറീസ് വകുപ്പ് മുഖേന നവീകരിക്കുന്നതിന് സ്ഥലം എം.എൽ.എ. 2018-19 വർഷത്തിലേയ്ക്ക് നൽകിയ പ്രൊപ്പോസലുകളിൽ ഭരണാനുമതി നൽകിയ റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

2018-19 വർഷത്തിലെ സർക്കാർ അംഗീകരിച്ച ലിസ്റ്റുകളിൽ തിരൂരങ്ങാടി നിയോജകമണ്ഡലം എം.എൽ.എ പ്രൊപ്പോസ് ചെയ്ത 13 റോഡുകളാണുള്ളത്. അവയിൽ 1) പിലാക്കുളം റോഡിന് 17.60 ലക്ഷം രൂപയുടേയും 2) എൻ.സി.സി റോഡിന് 43.50 ലക്ഷം രൂപയുടേയും 3) മലയമ്പാട്ട് റോഡിന് 64 ലക്ഷം രൂപയുടേയും ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

## ഓഖി ദുരിതബാധിതർക്കായി നടപ്പാക്കാനുള്ള പദ്ധതികൾ

391(1461) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരിതബാധിതർക്കായി പ്രഖ്യാപിച്ച പല പദ്ധതികളും ഇനിയും പ്രാവർത്തികമാക്കിയിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇനിയും നടപ്പിലാക്കാനുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ വെളിപ്പെടുത്തുമോ; നാവിക്ക് സംവിധാനം കടലിൽ പോകുന്ന എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്ര സ്ക്വാഡുകൾ രൂപീകരിച്ചുവെന്നും അവർക്ക് എന്തൊക്കെ പരിശീലനങ്ങളാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

(ഡി) ഓഖി ദുരന്തത്തിൽ പൂർണ്ണമായും ഭാഗികമായും നാശനഷ്ടം സംഭവിച്ച മുഴുവൻ മത്സ്യബന്ധനയാനങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള തീരുമാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഓഖി ദുരിതബാധിതർക്കായി പ്രഖ്യാപിച്ച എല്ലാ പദ്ധതികളും പ്രാവർത്തികമാക്കിയിട്ടുണ്ട്.

(ബി) 1000 സാറ്റലൈറ്റ് ഫോണുകൾ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനായി 9.4261 കോടി രൂപയുടെ ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. BSNL-മായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്നതിനുള്ള ഗുണഭോക്താക്കളെ ജില്ലകളിൽ തെരഞ്ഞെടുത്തു വരികയാണ്. സാറ്റലൈറ്റ് ഫോൺ ലഭിക്കുന്നതിന് യന്ത്രവൽകൃത യാനങ്ങൾ വിലയുടെ 50% ഉം പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾ 10% ഉം ഗുണഭോക്തൃ വിഹിതമായി അടയ്ക്കേണ്ടതുണ്ട്. അത് സ്വീകരിച്ചു വരുന്നു. കടലിൽ മത്സ്യബന്ധനത്തിന് പോകുന്നതും തിരിച്ച് കരയിലെത്തുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരം ശേഖരിക്കുന്നതിനായി ഫിഷറീസ് വകുപ്പ് NIC

യുമായി ചേർന്ന് 'സാഗര' എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്. സാഗരയിൽ മത്സ്യബന്ധന യാനങ്ങളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 40,000 ലൈഫ് ജാക്കറ്റുകൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിന് ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഡി.പി.സി അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് വേഗത്തിൽ കരയിലെത്തിച്ച് ചികിത്സ ലഭ്യമാക്കുന്നതിന് സഹായകമായ 3 മറൈൻ ആംബുലൻസുകൾ നിർമ്മിക്കുന്ന നടപടി കൊച്ചിൻ ഷിപ്പിയാർഡ് ആരംഭിച്ചു കഴിഞ്ഞു. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് കടൽ രക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. ഗോവയിലെ കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ വച്ചാണ് പരിശീലനം നൽകുന്നത്. 60 മത്സ്യഗ്രാമങ്ങളിലായി 300 മത്സ്യബന്ധന യാനങ്ങൾ തെരഞ്ഞെടുത്ത് ഓരോ മത്സ്യബന്ധന യാനങ്ങളിലും 3 വീതം മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകിക്കൊണ്ട് ആകെ 900 മത്സ്യത്തൊഴിലാളികളുൾപ്പെടുന്ന കടൽ രക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിനുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് എല്ലാ ജില്ലകളിലും നടന്നു വരുന്നു. ആദ്യ ബാച്ചിൽ 40 പേരുടെ പരിശീലനം പൂർത്തീകരിച്ചു. രണ്ടാം ബാച്ചിൽ പരിശീലനം പുരോഗമിക്കുന്നു.

കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്കാണ് നാവിക് ലഭ്യമാക്കുന്നത്. ആദ്യഘട്ടമെന്ന നിലയിൽ ISRO നേരിട്ട് അനുവദിച്ച 250 നാവിക ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. 15,000 എണ്ണം നാവിക ഉപകരണങ്ങൾ കെൽട്രോണിൽ നിന്നും വാങ്ങുന്നതിന് ഭരണാനുമതിയും ഫണ്ടും അനുവദിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ 5000 നാവിക ഉപകരണങ്ങൾ നൽകുന്നതിന് കെൽട്രോണുമായി ധാരണാപത്രം ഒപ്പു വച്ചു. കെൽട്രോൺ നിർമ്മാണം ആരംഭിച്ചു.

(സി) കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. 9 തീരദേശ ജില്ലകളിലെ തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിലായി 60 യൂണിറ്റുകളാണ് ആദ്യഘട്ടത്തിൽ രൂപീകരിക്കുന്നത്. ഒരു യൂണിറ്റിൽ 5 മത്സ്യബന്ധന യാനങ്ങളും 15 മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്നു. ഈ സ്ക്വാഡിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ വച്ച് ദുരന്ത നിവാരണം സംബന്ധിച്ചും പവർ ബോട്ട് പ്രവർത്തിപ്പിക്കുന്നത്, കടൽ രക്ഷാ പ്രവർത്തനം എന്നിവ സംബന്ധിച്ചും പരിശീലനം നൽകി വരുന്നു.

(ഡി) ഓഖി ദുരന്തത്തിൽ പൂർണ്ണമായും ഭാഗികമായും നാശനഷ്ടം സംഭവിച്ച 369 മത്സ്യബന്ധന യാനങ്ങൾക്ക് 6.76 കോടി രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

**തീരദേശമേഖലയുടെ സമഗ്ര വികസനം**

392(T* 1462) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി 2018-19 ൽ പ്രഖ്യാപിച്ച 2000 കോടി രൂപ പാക്കേജിലെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാക്കേജിന്റെ ഭാഗമായി എത്ര കോടി രൂപ നാളിതുവരെ ചെലവഴിച്ചു എന്നും ഏതൊക്കെ ഇനങ്ങളിൽ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിന്റെ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി 2000 കോടി രൂപയുടെ പ്രത്യേക പാക്കേജിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് ഏജൻസിയെ കണ്ടെത്തുന്നതിനും കോൺസെപ്റ്റ് നോട്ട് തയ്യാറാക്കുന്നതിനുമായി മുൻ ചീഫ് സെക്രട്ടറി ശ്രീ. എസ്.എം. വിജയാനന്ദ് ഐ.എ.എസ്(റിട്ട) ചെയർമാനായി ഒരു വിദഗ്ദ്ധ കമ്മിറ്റി 15-3-2018-ലെ സർക്കാർ ഉത്തരവ് ജി.ഒ(ആർ.ടി) നമ്പർ 170/2018/മതുവ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് വിശദമായ പഠനം ആവശ്യമാണെന്ന് കണ്ടെത്തുകയും തീരദേശ അടിസ്ഥാന സൗകര്യങ്ങൾ, മത്സ്യത്തൊഴിലാളി മാനവ വികസനം, സാമൂഹിക സുരക്ഷിതത്വം, ദുരന്ത നിവാരണം, കടൽ സുരക്ഷ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിന് TISS നേയും ലൈവ്‌ലിഹുഡ്, ഇൻസ്റ്റിറ്റ്യൂഷൻസ്, കടലോര പരിപാലനം, മത്സ്യബന്ധനത്തിന്റെ സാമ്പത്തിക വശങ്ങൾ, മൂലധന ലഭ്യത തുടങ്ങിയവ സംബന്ധിച്ച് പഠിക്കുന്നതിനായി IRMA-യേയും തെരഞ്ഞെടുക്കുകയും Terms of reference അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. TISS മായി ആവശ്യമായ കരാറിൽ ഏർപ്പെടുകയും ചെയ്തു. സമഗ്ര തീരദേശ വികസന പദ്ധതിയിലൂടെ പല ഘടകങ്ങളും നടപ്പാക്കി വരികയാണ്. തീരസംരക്ഷണം, ഹാർബർ നിർമ്മാണം, പശ്ചാത്തല വികസനം, ആരോഗ്യ രംഗത്തെയും വിദ്യാഭ്യാസ രംഗത്തെയും പദ്ധതികൾ അടക്കം ഏകദേശം 900 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി വഴി നടപ്പാക്കി വരുന്നു. (കിഫ്ബി വഴി നടപ്പാക്കുന്ന തീരദേശ വികസന പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു). മത്സ്യബന്ധനോപകരണങ്ങൾ ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് വഴി പലിശരഹിത വായ്പ നൽകാൻ നടപടി സ്വീകരിച്ചു വരുന്നു.

(ബി) പദ്ധതി വിവിധ ഘട്ടത്തിലാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

**കുളത്തറ-കാട്ടിപ്പറമ്പ് പാലത്തിന് അനുബന്ധ റോഡ് നിർമ്മാണം**

393(1463) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നിയോജക മണ്ഡലത്തിലെ കുളത്തറ-കാട്ടിപ്പറമ്പ് പാലത്തിന് അനുബന്ധ റോഡുകൾ നിർമ്മിക്കാത്തതുമൂലം ജനങ്ങൾ നേരിടുന്ന യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) അനുബന്ധ റോഡുകൾ നിർമ്മിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) റോഡ് പൂർത്തിയാക്കി എന്നത്തേക്ക് ഗതാഗതയോഗ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) ഉണ്ട്. പാലത്തിന്റെ ഇരുവശവും മത്സ്യകൃഷി നടത്തുന്ന കെട്ട് ആയതിനാൽ പുതിയ പാലത്തിലേയ്ക്ക് നിലവിലുണ്ടായിരുന്ന സ്ലൂയിസിന്റെ പ്രവർത്തനം മാറ്റുന്നതിന് പല പ്രാവശ്യമായി അപ്രോച്ച് റോഡിന്റെ പ്രവൃത്തികൾ നിർത്തി വയ്ക്കേണ്ടി വന്നിട്ടുണ്ട്. കൂടാതെ അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി റോഡിന് ഇരുവശങ്ങളിലായി കല്ല് സ്റ്റോക്ക് ചെയ്യുന്നതിന് സ്ഥല സൗകര്യം കുറവായതിനാൽ ഭാഗികമായ അളവുകളിൽ മാത്രം കല്ല് സ്റ്റോക്ക് ചെയ്താണ് പ്രവൃത്തി ചെയ്തു വരുന്നത്. ഇത് കാലതാമസത്തിന് കാരണമായിട്ടുണ്ട്.

(സി&ഡി) കുളത്തറ-കാട്ടിപ്പറമ്പ് പാലത്തിന്റെ അനുബന്ധ റോഡായ കാട്ടിപ്പറമ്പ്-കുളത്തറ റോഡ് പ്രവൃത്തിയ്ക്കായി 55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. റോഡ് പ്രവൃത്തി 20% പൂർത്തിയായി. 2019 മാർച്ച് 31 നകം പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

**പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ**

394(1464) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനായുള്ള നടപടികളിലെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ;

(ബി) പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനായുള്ള സി.ഡബ്ല്യു.പി.ആർ.എസ്സിന്റെ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ടെന്ന് അറിയിക്കാമോ

ഉത്തരം

(എ) കൊല്ലം ജില്ലയിലെ പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് അന്വേഷണ ഗവേഷണ പഠനങ്ങൾ നടത്തുന്നതിന് 81 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുകയും മാതൃകാ പഠനം നടത്തുന്നതിന് കേന്ദ്ര ഏജൻസിയായ പൂണെ CWPRS-നെ ചുമതലപ്പെടുത്തിയിരിക്കുകയുമാണ്.

(ബി&സി) നിലവിലുള്ള ഹാർബറുകളുടെ പൂർത്തീകരണത്തിനാണ് സർക്കാർ മുൻഗണന നൽകിയിരിക്കുന്നത്. അതിനാൽ പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ ഇപ്പോൾ പരിഗണനയിലില്ല.

**കായംകുളം മത്സ്യബന്ധന തുറമുഖം**

395(1465) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മത്സ്യബന്ധന തുറമുഖവുമായി ബന്ധപ്പെട്ട ബ്രേക്ക് വാട്ടർ സംവിധാനത്തിന്റെ ഭാഗമായ പുലിമുട്ട് തകർന്നതിനാൽ സിഗ്നൽ സംവിധാനം തകരാറിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ സിഗ്നൽ സ്ഥാപിക്കുന്നതിനും തകർന്ന പുലിമുട്ട് പുനർനിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത ഫിഷിംഗ് ഹാർബറിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി 2016-നു ശേഷം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(സി) അഴിമുഖത്ത് അടിഞ്ഞുകൂടിയ മണ്ണ് ഏറ്റവും അവസാനമായി നീക്കം ചെയ്തത് എന്നാണെന്ന് വ്യക്തമാക്കുമോ; നിലവിൽ ഡ്രഡ്ജ് ചെയ്യേണ്ട സാഹചര്യമുണ്ടോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ബ്രേക്ക് വാട്ടറിന്റെ അഗ്രഭാഗം തകർന്നിട്ടുള്ളതിനാൽ അറ്റകുറ്റപ്പണികൾ നടത്തി പുലിമുട്ട് പുന:സ്ഥാപിക്കുന്നതിനായി 8.44 കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ച് വരികയാണ്. തകർന്ന പുലിമുട്ടിനു മുന്നിലായി ബോയ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മറൈൻ എൻഫോഴ്സ്മെന്റിന്റെ നിരീക്ഷണവുമുണ്ട്. ഫിഷിംഗ് ഹാർബറിൽ പ്രകാശം ലഭിക്കുന്നതിനാവശ്യമായ ഇലക്ട്രിക് ലൈറ്റുകൾ നിലവിൽ സ്ഥാപിച്ചിട്ടുണ്ട്. ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അഴിമുഖത്ത് പ്രകാശം ലഭിക്കുന്നതിനായി വലിയഴീക്കൽ പുലിമുട്ടിൽ സിഗ്നൽ ലൈറ്റ് സ്ഥാപിച്ചിട്ടുണ്ട്. അഴീക്കൽ പൊഴിമുഖത്ത് സിഗ്നൽ ലൈറ്റ് തകർന്ന് വീണതിനാൽ ബോട്ടുകൾക്കും വള്ളങ്ങൾക്കും ഹാർബറിനുള്ളിൽ പ്രവേശിക്കുന്നതിനായി നിലവിൽ പുലിമുട്ടിന്റെ അഗ്രഭാഗത്ത് ബോയ സ്ഥാപിച്ചിട്ടുണ്ട്. സോളാർ സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്കായി 30-1-2019 അവസാന തീയതിയായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(ബി)

| നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക(ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | അഴീക്കൽ ഓഫീസിന്റെ റൂഫ് ട്രസ്റ്റ് നിർമ്മാണം | 10.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2. | അഴീക്കലിലെ ഡ്യൂപ്ലക്സ് ഷോപ്പിന്റെ മെയിന്റനൻസ് | 4.86 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3. | കായംകുളം അഴീക്കൽ ടെമ്പററി ഷെഡിന്റെ മുൻവശത്ത് കോൺക്രീറ്റ് യാർഡിന്റെ നിർമ്മാണം | 8.10 | 98% പ്രവൃത്തി പൂർത്തീകരിച്ചു. 30-1- 2019-ൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് |

| (1) | (2) | (3) | (4) |
|---|---|---|---|
| 4. | കായംകുളം ഫിഷിംഗ് ഹാർബർ രണ്ടാമത്തെ താൽക്കാലിക ഷെഡ് നിർമ്മാണം | 10.9 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 5. | അഴീക്കലിലെ ഐറിഷ് ഡ്രെയിൻ നിർമ്മാണം | 2.90 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 6. | അഴീക്കലിലെ ഡ്രെയിൻ ക്ലീനിംഗ് | 1.30 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 7. | അഴീക്കലിലെ ഗേററ് ആന്റ് ഗേറ്റ് ഹൗസ് ബിൽഡിംഗിന്റെ റിപ്പയർ | 4.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 8. | അഴീക്കലിലെ ടോയ്‌ലെയറ്റ് ബ്ലോക്കിന്റെ മെയിന്റനൻസ് | 1.70 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 9. | അഴീക്കലിലെ നിലവിലുള്ള ലേലപ്പുരയുടെ മെയിന്റനൻസ് | 13.00 | പ്രവൃത്തി പൂർത്തീകരിച്ചു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 10. | അഴീക്കലിലെ താൽക്കാലിക ജെട്ടിയുടെ മെയിന്റനൻസ് | 7.80 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 11. | വലിയഴീക്കൽ ഹാർബർ ബേസിനിൽ നിന്നും മരക്കുറ്റികൾ നീക്കം ചെയ്യുന്ന പ്രവൃത്തി | 7.30 | കരാറിൽ ഏർപ്പെട്ടു. |
| 12. | കായംകുളം ഫിഷിംഗ് ഹാർബറിലേയക്ക് പ്രവേശിക്കുന്ന യാനങ്ങൾക്ക് സിഗ്നൽ നൽകുന്നതിനുവേണ്ടി ബോയ സ്ഥാപിക്കുന്ന പ്രവൃത്തി | 0.70 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 13. | അഴീക്കൽ ഹാർബറിന്റെ സതേൺ ബ്രേക്ക് വാട്ടറിൽ ഗൈഡ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി | 0.60 | 31-1-2019 അവസാന തീയതിയായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തിയാക്കി ഒരു മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |

| (1) | (2) | (3) | (4) |
|---|---|---|---|
| 14. | കായംകുളം ഫിഷിംഗ് ഹാർബറിലെ ഷെഡിന്റെ റിപ്പയർ ആന്റ് മെയിന്റനൻസ് | 2.30 | 90% പ്രവൃത്തി പൂർത്തീകരിച്ചു. |
| 15. | കായംകുളം അഴീക്കൽ ഹാർബറിലെ സൈക്കിൾ ഷെഡിന്റെ റൂട്ടീൻ മെയിന്റനൻസ് | 3.60 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 16. | കായംകുളം അഴീക്കൽ ഹാർബറിലെ ഇന്റേണൽ റോഡിന്റെ മെയിന്റനൻസ് | 13.80 | 90% പ്രവൃത്തി പൂർത്തീകരിച്ചു. 02/02/19-ൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 17. | കായംകുളം അഴീക്കൽ ഹാർബറിലെ 40 ടൺ ഐസ് പ്ലാന്റിന്റെ പ്ലാറ്റ് ഫോം ഉയർത്തുന്ന പ്രവൃത്തി | 12.0 | 90% പ്രവൃത്തി പൂർത്തീകരിച്ചു. 28/02/19-ൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 18. | വലിയഴീക്കൽ ഓഫീസ് ബിൽഡിംഗിന്റെ മെയിന്റനൻസ് | 10.20 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

| (1) | (2) | (3) | (4) |
|---|---|---|---|
| 19. | കായംകുളം അഴീക്കൽ 40 ടൺ ഐസ് പ്ലാന്റിന്റെ ജനറേറ്റർ, ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ടെമ്പററി ഷെഡിന്റെ നിർമ്മാണം. | 269.50 | 45% പ്രവൃത്തി പൂർത്തീകരിച്ചു. |
| 20. | അഴീക്കൽ(കായം കുളം) മത്സ്യബന്ധന തുറമുഖത്തിന്റെ 30 ടൺ,ബ്ലോക്ക് ഐസ് പ്ലാന്റ്, 10 ടൺ ചിൽഡ് റൂം എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി | 269.50 | സിവിൽ പ്രവൃത്തി പൂർത്തിയായി. ഇലക്ട്രിക്കൽ പ്രവൃത്തി നടന്നു വരുന്നു. |
| 21. | വലിയഴീക്കൽ ഫിഷ് ലാന്റിംഗ് സെന്ററിലെ അഡീഷണൽ ഡ്രഡ്ജിംഗ് | 50.00 | പ്രവൃത്തി 40% പൂർത്തിയായിട്ടുണ്ട് . ഇപ്പോൾ പ്രവൃത്തി തടസ്സപ്പെട്ടിരിക്കു ന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 22. | മെയിന്റനൻസ് ഡ്രഡ്ജിംഗ് കായംകുളം ഫിഷിംഗ് ഹാർബർ | 130.00 | ദർഘാസ് അംഗീകാരത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 23. | അഴീക്കൽ ഹാർബർ ഏരിയയിലെ മണ്ണ് ഐ.ആർ.ഇ.എൽ മുഖേന ഡ്രഡ്ജ് ചെയ്യുന്ന പ്രവൃത്തി | | കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

(സി) അഴിമുഖത്ത് അടിഞ്ഞുകൂടിയ മണ്ണ് ഏറ്റവും അവസാനമായി നീക്കം ചെയ്തത് 8-8-2013-ലാണ്. നിലവിൽ അഴിമുഖത്ത് ഡ്രഡ്ജ് ചെയ്യേണ്ട സാഹചര്യമുള്ളതിനാൽ ഐ.ആർ.ഇ.എൽ. മുഖേന ഡ്രഡ്ജ് ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മലപ്പുറത്തെ നിർമ്മാണ പ്രവൃത്തികൾ

396(1466) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വള്ളിക്കുന്ന് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം റോഡുകളുടെ പുനരുദ്ധാരണത്തിനായി എസ്റ്റിമേറ്റെടുത്ത് സമർപ്പിച്ച റോഡുകളുടെ പേരും ഓരോ റോഡിന്റെയും ഫയൽ നമ്പറുകളും നിലവിലെ അവസ്ഥയും വിശദമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ തീരദേശ റോഡുകളുടെ വികസനത്തിനായി മത്സ്യബന്ധന വകുപ്പ് മണ്ഡലം തലത്തിൽ 2017 ജനുവരി മുതൽ 2019 ജനുവരി വരെ അനുവദിച്ച ഫണ്ടുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) അരിയല്ലൂർ മിനിസ്റ്റേഡിയം പുനരുദ്ധരിക്കുന്നതിനാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വള്ളിക്കുന്ന് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം റോഡുകളുടെ പുനരുദ്ധാരണത്തിനായി എസ്റ്റിമേറ്റെടുത്ത് സമർപ്പിച്ച റോഡുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മലപ്പുറം ജില്ലയിൽ തീരദേശ റോഡുകളുടെ വികസനത്തിനായി മത്സ്യബന്ധന വകുപ്പ് 2017 ജനുവരി മുതൽ 2019 ജനുവരി വരെ അനുവദിച്ച മൊത്തം തുക 28.17 കോടി രൂപയാണ്. ഇതിന്റെ വിശദമായ കണക്ക് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | മണ്ഡലം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | വള്ളിക്കുന്ന് | 578.30 |
| 2. | തിരൂരങ്ങാടി | 712.19 |
| 3. | തവനൂർ | 665.45 |
| 4. | താനൂർ | 296.16 |
| 5. | പൊന്നാനി | 565.30 |
| | ആകെ തുക | 2817.40 |

(സി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ 2 ഏക്കറിലധികം വരുന്ന അരിയല്ലൂർ സ്റ്റേഡിയം വിവിധ കളി ഗ്രൗണ്ടാക്കാൻ ഉതകുന്ന രീതിയിൽ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു.എം.എൽ.എ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിയുടെ ആവശ്യകത സംബന്ധിച്ച് സാധ്യതാ പഠനം നടത്തി വരികയാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കശുമാവ് കൃഷി ലാഭകരമാക്കുന്നതിന് നടപടികൾ

397(1467) ശ്രീമതി യു. പ്രതിഭ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും കർഷകർക്ക് തോട്ടണ്ടിക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കൃഷി വിപുലീകരിക്കുന്നതിന്റെ ഭാഗമായി കർഷകരുടെ കൂട്ടായ്മകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കശുമാവ് കൃഷി കൂടുതൽ ലാഭകരമാക്കുന്നതിനായി കശുമാങ്ങയിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തിന് പുറത്ത് കശുമാവ് കൃഷി ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ ?

### ഉത്തരം

(എ) കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനായി ന്യാമായ വിലയ്ക്ക് ഗുണമേന്മയുള്ള തോട്ടണ്ടി ലഭ്യമാക്കുന്നതിനുള്ള നടപടികളെടുത്തു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങൾ ഉൾപ്പെടെ പ്രവർത്തന രഹിതമായിരുന്നു. കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ 2015 സെപ്റ്റംബർ മുതൽ അടച്ചിട്ടിരിക്കുകയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന് മൂന്നുമാസം തികയുന്നതിനുമുമ്പ് പൊതുമേഖലയിലുള്ള 40 ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിച്ചു. എന്നാൽ ധനകാര്യ സ്ഥാപനങ്ങൾ തുടർന്നു വന്ന ചില നിലപാടുകൾ കാരണം പൂട്ടിക്കിടന്ന സ്വകാര്യ ഫാക്ടറികൾ തുറക്കുന്നതിന് സാധിച്ചിരുന്നില്ല. ഇതിന് പരിഹാരം കാണുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബാങ്കിംഗ് സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് നിരവധി യോഗങ്ങൾ ചേർന്നിരുന്നു. അവസാനമായി 7-11-2018-ൽ ചേർന്ന യോഗത്തിന്റെ തീരുമാനപ്രകാരം ബാങ്കിംഗ് സ്ഥാപനങ്ങളുടേയും സർക്കാർ പ്രതിനിധികളുടേയും ഒരു കമ്മിറ്റി രൂപീകരിക്കുകയും

വ്യവസായങ്ങളെ നേരിട്ട് കേട്ട കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. അതിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. കമ്മിറ്റിയുടെ തീരുമാനത്തിൻ പ്രകാരം നിഷ്ക്രിയ ആസ്തിയും (NPA) വലിയ പ്രയാസമനുഭവിക്കുന്നതുമായ (Stressed) വ്യവസായ യൂണിറ്റുകൾക്ക് അധിക വായ്പയും പുനർവായ്പയും പ്രവർത്തനമൂലധനവും ബാങ്കുകൾ മുഖാന്തരം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. അധികവായ്പയിന്മേൽ പലിശ സബ്സിഡി നൽകുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തോട്ടണ്ടി ലഭ്യമാക്കിയാൽ വ്യവസായം തുടങ്ങാൻ തയ്യാറാകുന്ന യൂണിറ്റുകൾക്ക് ബാങ്കുകൾ സഹായം ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ കാഷ്യൂ ബോർഡിൽ നിന്നും ന്യായവിലയ്ക്ക് എക്സ്ക്രൂ അക്കൗണ്ട് അടിസ്ഥാനത്തിൽ തോട്ടണ്ടിയും ലഭ്യമാക്കുന്നതാണ്. പൂട്ടിക്കിടക്കുന്ന സ്വകാര്യ വ്യവസായങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനായി ബാങ്കുകൾ നൽകുന്ന അധിക വായ്പയിന്മേലുള്ള 2019 വർഷക്കാലത്തെ പലിശ സബ്സിഡിയായി നൽകുന്നതിന് ബജറ്റിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വ്യവസായികൾക്ക് തോട്ടണ്ടി ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് കാഷ്യൂബോർഡിന് തൻവർഷത്തിൽ 30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ സഹകരണ ബാങ്കിൽ നിന്നും സർക്കാർ ഗ്യാരന്റിയിൽ വായ്പയും ലഭ്യമാക്കിയിട്ടുണ്ട്.

ഒറ്റത്തവണ തീർപ്പാക്കൽ നടത്തേണ്ട 58 വ്യവസായ സ്ഥാപനങ്ങളുടെ ആകെ ബാദ്ധ്യത ഏകദേശം 372 കോടി രൂപയും അധിക ധനസഹായം ലഭ്യമാക്കേണ്ട 76 വ്യവസായങ്ങളുടെ ബാദ്ധ്യത ഏകദേശം 218 കോടി രൂപയും വായ്പ പുനഃക്രമീകരിച്ച് പുനരുദ്ധാരണം നടത്തേണ്ട 35 വ്യവസായങ്ങളുടെ ആകെ ബാദ്ധ്യത ഏകദേശം 216 കോടി രൂപയും അസറ്റ് റീസ്ട്രക്ച്ചറിംഗ് കമ്പനിക്ക് ശിപാർശ ചെയ്ത 6 വ്യവസായങ്ങളുടെ ആകെ ബാദ്ധ്യത ഏകദേശം 61 കോടി രൂപയുമാണ്. കമ്മിറ്റി ഒറ്റത്തവണ തീർപ്പാക്കലിന് ശിപാർശ ചെയ്ത വിഭാഗത്തിൽപ്പെട്ട ഫാക്ടറികളുടെ കാര്യത്തിൽ പുന:പരിശോധന നടത്തുന്നതാണ്. 2017-ൽ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് പൊതുമേഖലാ ഫാക്ടറികൾക്കും സ്വകാര്യ ഫാക്ടറികൾക്കും ആവശ്യത്തിന് തോട്ടണ്ടി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം ആസൂത്രണം ചെയ്യുകയാണ്. അതിനാവശ്യമായ ഫണ്ട് പദ്ധതി വിഹിതമായും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും സർക്കാർ ഗ്യാരന്റി നൽകിയും ലഭ്യമാക്കുകയാണ്. കേരള കാഷ്യൂ ബോർഡ് ഇതിനകം ആഫ്രിക്കൻ രാജ്യമായ ഗിനിബസ്സാവോയിൽ നിന്ന് 3000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് നൽകിയിട്ടുണ്ട്. മൊസാംബിക്കിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. ഈ മാസം തന്നെ തോട്ടണ്ടി കേരളത്തിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഘാനയിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്. ലഭ്യമായ മറ്റു

സ്ഥലങ്ങളിൽ നിന്നും സീസൺ അനുസരിച്ച് തുടർച്ചയായി തോട്ടണ്ടി ലഭ്യമാക്കാനാണ് കാഷ്യു ബോർഡ് ശ്രമിക്കുന്നത്. സ്വകാര്യ വ്യവസായം ഉൾപ്പെടെ കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടി കേരള കാഷ്യു ബോർഡ് മുഖാന്തിരം ന്യായവിലയ്ക്ക് ലഭ്യമാക്കാൻ സാധിക്കുന്നതോടുകൂടി തോട്ടണ്ടി ദൗർലഭ്യം എന്ന പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ സാധിക്കുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ.

കേരളത്തിൽ നിന്നുള്ള തോട്ടണ്ടി 2017 മുതൽ കാഷ്യു കോർപ്പറേഷനും കാപെക്സും ശേഖരിച്ചു വരികയാണ്. 2019-ലും സംഭരണം നടന്നു വരുന്നു. പൊതുമേഖലാസ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനായി തോട്ടണ്ടി ശേഖരിക്കുന്നതിനോടൊപ്പം കേരളത്തിലെ കശുമാവ് കർഷകർക്കും അവരുടെ തോട്ടണ്ടിക്കും ന്യായമായ വില ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ ഒരു വില നിർണ്ണയ സമിതി 2019 ജനുവരി 30-ന് ആദ്യയോഗം ചേർന്നെങ്കിലും സീസൺ ആരംഭമായതിനാൽ വില നിർണ്ണയം മറ്റൊരു തീയതിയിലേയ്ക്ക് മാറ്റി വച്ചിരിക്കുകയാണ്.

(ബി) കശുമാവ് കർഷകരുടെ കൂട്ടായ്മകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി കൂട്ടായ്മകൾക്ക് സർക്കാർ ധനസഹായത്തോടുകൂടി ഔദ്യോഗിക SHG (Self Help Group) രൂപീകരിക്കുന്നത് കെ.എസ്.എ.സി യുടെ 2019-20 പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു. കശുമാവ് കൃഷി വ്യാപന പദ്ധതിയിൽ ഉൾപ്പെടുത്തി കശുമാവ് കർഷകർ, കശുമാവ് കൃഷി ചെയ്യുന്ന പൊതു സ്ഥലങ്ങളിലേയും സോഷ്യൽ ഫോറസ്ട്രിയുടേയും ഉദ്യോഗസ്ഥർ, ജന പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ച് കശുമാവ് കൃഷിയുടെ പ്രാധാന്യവും കൃഷിയുടെ പ്രോത്സാഹനവും കർഷകരെ ബോധ്യപ്പെടുത്തുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷനും കശുമാവ് കൃഷി വികസന ഏജൻസിയും സംയുക്തമായി കശുമാവ് കർഷക ശിൽപശാല സദാനന്ദപുരം കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് നടത്തിയിട്ടുള്ളതാണ്.

(സി) മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ കാഷ്യു കോർപ്പറേഷനും കാപെക്സും സ്വീകരിച്ചു വരികയാണ്. 2018-19 സാമ്പത്തിക വർഷം പുതിയ മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ വിപണത്തിനായി 1 കോടി രൂപ വകയിരുത്തിയിട്ടുള്ളതാണ്. കൂടാതെ ബ്രാൻഡ് ബിൽഡിംഗിനായി 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ കൊട്ടിയത്തുള്ള വാല്യു അഡീഷൻ യൂണിറ്റിൽ കശുമാങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളായ കാഷ്യു സോഡ, കാഷ്യു പൈൻ ജാം എന്നിവയും ഉത്പാദനം നടത്തി വരുന്നു. 2018 ഡിസംബർ മാസത്തിൽ പുതിയ 2 ഉത്പന്നങ്ങളും വിപണിയിൽ ഇറക്കിയിട്ടുള്ളതാണ്. കശുവണ്ടി

പരിപ്പിന്റെയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടേയും വിപണനം ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷൻ മാർക്കറ്റ് ഫെഡുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും മാർക്കറ്റ് ഫെഡ് വഴി കേരളത്തിനകത്തും പുറത്തും കശുവണ്ടി പരിപ്പ് മറ്റു മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവ വിറ്റഴിക്കുന്നതിനുള്ള വിപണി ശൃംഖല ആരംഭിച്ചിട്ടുള്ളതുമാണ്. കൂടാതെ ഡിസ്ട്രിബ്യൂട്ടർമാർ, ഫ്രാഞ്ചൈസികൾ, സർക്കാർ ഏജൻസികൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ മുഖാന്തിരം കശുവണ്ടി പരിപ്പിന്റേയും മൂല്യ വർദ്ധിത ഉത്പന്നങ്ങളുടേയും വിപണനം നടത്തി വരുന്നു. കോർപ്പറേഷന്റെ 10 ഫാക്ടറികളിലുള്ള ഔട്ട്‌ലെറ്റ് മുഖാന്തിരം നേരിട്ട് കശുവണ്ടി പരിപ്പും മൂല്യ വർദ്ധിത ഉത്പന്നങ്ങളും വിപണനം നടത്തി വരുന്നു.

(ഡി) സ്വീകരിച്ചിട്ടില്ല.

## കശുവണ്ടി വ്യവസായത്തിന്റെ പുനരുദ്ധാരണം

398(1468) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കശുവണ്ടി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി (എസ്.എൽ.ബി.സി.)-യുമായി എത്ര മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്; പ്രസ്തുത മീറ്റിംഗുകളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങൾ ഉൾപ്പെടെ പ്രവർത്തന രഹിതമായിരുന്നു. കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ 2015 സെപ്റ്റംബർ മുതൽ അടച്ചിട്ടിരിക്കുകയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന് മൂന്നുമാസം തികയുന്നതിന് മുമ്പ് പൊതുമേഖലയിലുള്ള 40 ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിച്ചു. എന്നാൽ ധനകാര്യ സ്ഥാപനങ്ങൾ തുടർന്നു വന്ന ചില നിലപാടുകൾ കാരണം പൂട്ടിക്കിടന്ന സ്വകാര്യ ഫാക്ടറികൾ തുറക്കുന്നതിന് സാധിച്ചിരുന്നില്ല. ഇതിനു പരിഹാരം കാണുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബാങ്കിങ് സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് നിരവധി യോഗങ്ങൾ ചേർന്നിരുന്നു. അവസാനമായി 7-11-2018-ൽ ചേർന്ന യോഗത്തിന്റെ തീരുമാന പ്രകാരം ബാങ്കിങ് സ്ഥാപനങ്ങളുടേയും സർക്കാർ

പ്രതിനിധികളുടേയും ഒരു കമ്മിറ്റി രൂപീകരിക്കുകയും വ്യവസായങ്ങളെ നേരിട്ട് കേട്ട കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുമുണ്ട്. അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കമ്മിറ്റിയുടെ തീരുമാനത്തിൻ പ്രകാരം നിഷ്ക്രിയ ആസ്തിയും (NPA) വലിയ പ്രയാസമനുഭവിക്കുന്നതുമായ (Stressed) വ്യവസായ യൂണിറ്റുകൾക്ക് അധിക വായ്പയും പുനർവായ്പയും പ്രവർത്തനമൂലധനവും ബാങ്കുകൾ മുഖാന്തരം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. അധികവായ്പയിന്മേൽ പലിശ സബ്സിഡി നൽകുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തോട്ടണ്ടി ലഭ്യമാക്കിയാൽ വ്യവസായം തുടങ്ങാൻ തയ്യാറാകുന്ന യൂണിറ്റുകൾക്ക് ബാങ്കുകൾ സഹായം ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ കാഷ്യൂ ബോർഡിൽ നിന്നും ന്യായവിലയ്ക്ക് എക്സ്ക്രൂ അക്കൗണ്ട് അടിസ്ഥാനത്തിൽ തോട്ടണ്ടിയും ലഭ്യമാക്കുന്നതാണ്. പൂട്ടിക്കിടക്കുന്ന സ്വകാര്യ വ്യവസായങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനായി ബാങ്കുകൾ നൽകുന്ന അധിക വായ്പയിന്മേലുള്ള 2019 വർഷക്കാലത്തെ പലിശ സബ്സിഡിയായി നൽകുന്നതിന് ബജറ്റിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വ്യവസായികൾക്ക് തോട്ടണ്ടി ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് കാഷ്യൂബോർഡിന് തൻവർഷത്തിൽ 30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ സഹകരണ ബാങ്കിൽ നിന്നും സർക്കാർ ഗ്യാരണ്ടിയിൽ വായ്പയും ലഭ്യമാക്കിയിട്ടുണ്ട്.

ഒറ്റത്തവണ തീർപ്പാക്കൽ നടത്തേണ്ട 58 വ്യവസായ സ്ഥാപനങ്ങളുടെ ആകെ ബാദ്ധ്യത ഏകദേശം 372 കോടി രൂപയും അധിക ധനസഹായം ലഭ്യമാക്കേണ്ട 76 വ്യവസായങ്ങളുടെ ബാദ്ധ്യത ഏകദേശം 218 കോടി രൂപയും വായ്പ പുനഃക്രമീകരിച്ച് പുനരുദ്ധാരണം നടത്തേണ്ട 35 വ്യവസായങ്ങളുടെ ആകെ ബാദ്ധ്യത ഏകദേശം 216 കോടി രൂപയും അസറ്റ് റീ-സ്ട്രക്ച്ചറിംഗ് കമ്പനിക്ക് ശിപാർശ ചെയ്ത 6 വ്യവസായങ്ങളുടെ ആകെ ബാദ്ധ്യത ഏകദേശം 61 കോടി രൂപയുമാണ്. കമ്മിറ്റി ഒറ്റത്തവണ തീർപ്പാക്കലിന് ശിപാർശ ചെയ്ത വിഭാഗത്തിൽപ്പെട്ട ഫാക്ടറികളുടെ കാര്യത്തിൽ പുന:പരിശോധന നടത്തുന്നതാണ്. 2017-ൽ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് പൊതുമേഖലാ ഫാക്ടറികൾക്കും സ്വകാര്യ ഫാക്ടറികൾക്കും ആവശ്യത്തിന് തോട്ടണ്ടി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം ആസൂത്രണം ചെയ്യുകയാണ്. അതിനാവശ്യമായ ഫണ്ട് പദ്ധതി വിഹിതമായും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും സർക്കാർ ഗ്യാരന്റി നൽകിയും ലഭ്യമാക്കുകയാണ്. കേരള കാഷ്യൂ ബോർഡ് ഇതിനകം ആഫ്രിക്കൻ രാജ്യമായ ഗിനിബസ്സാവോയിൽ നിന്ന് 3000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ നൽകിയിട്ടുണ്ട്. മൊസാംബിക്കിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. ഈ മാസം തന്നെ തോട്ടണ്ടി കേരളത്തിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഘാനയിൽ നിന്നും

തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്. ബെനിൻ ഉൾപ്പെടെ ലഭ്യമായ മറ്റു സ്ഥലങ്ങളിൽ നിന്നും സീസൺ അനുസരിച്ച് തുടർച്ചയായി തോട്ടണ്ടി ലഭ്യമാക്കാനാണ് കാഷ്യൂ ബോർഡ് ശ്രമിക്കുന്നത്. സ്വകാര്യ വ്യവസായം ഉൾപ്പെടെ കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടി കേരള കാഷ്യൂ ബോർഡ് മുഖാന്തിരം ന്യായവിലയ്ക്ക് ലഭ്യമാക്കാൻ സാധിക്കുന്നതോടുകൂടി തോട്ടണ്ടി ദൗർലഭ്യം എന്ന പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ സാധിക്കുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ.

ആറളം ഫാം, പ്ലാന്റേഷൻ കോർപ്പറേഷൻ തുടങ്ങി വിവിധ സർക്കാർ വകുപ്പുകളുടെ കീഴിൽ പൊതുമേഖലയിലുള്ള തോട്ടങ്ങളിൽ നിന്നും സർക്കാർ നിശ്ചയിച്ച വിലയ്ക്ക് കാപെക്സിനും കശുവണ്ടി കോർപ്പറേഷനും 2017 മുതൽ തോട്ടണ്ടി ശേഖരിച്ചു ലഭ്യമാക്കി വരുന്നു. 2019-ലും തോട്ടണ്ടി സംഭരണം തുടർന്നു വരുന്നുണ്ട്. കേരളത്തിൽ കശുമാവ് കൃഷി വ്യാപിപ്പിച്ച് കശുവണ്ടി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്. അത്യുല്പാദനശേഷിയുള്ള കശുമാവ് തൈകളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നത്. തോട്ടമടിസ്ഥാന കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനാണ് ഏജൻസി കൂടുതൽ ശ്രദ്ധ പതിപ്പിച്ചു വരുന്നത്.

(ബി) 15-2-2018, 23-5-2018, 8-6-2018, 15-10-2018, 7-11/-2018 തീയതികളിലായി 5 മീറ്റിംഗുകൾ നടത്തിയതിന്റെ മിനിട്ട്സിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

## കശുവണ്ടി വ്യവസായ മേഖലയിലെ ഇടപെടലുകൾ

399(1469) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്ന് ലക്ഷം വരുന്ന കശുവണ്ടി തൊഴിലാളികളുടെ തൊഴിൽ ഉറപ്പ് വരുത്തുന്നതിന് നിലവിലെ സർക്കാർ നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ഇടപെടലുകൾ എത്രമാത്രം ഫലവത്തായി എന്ന് വെളിപ്പെടുത്താമോ;

(സി) കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം നിലവിലെത്രയാണ്; കശുവണ്ടി വ്യവസായത്തിന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമുള്ള കശുവണ്ടിയുടെ എത്ര ശതമാനമാണ് നിലവിലുള്ള ആഭ്യന്തര ഉല്പാദനമെന്ന് വെളിപ്പെടുത്താമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഇ) കശുവണ്ടി മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ-ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ എല്ലാം തന്നെ അടഞ്ഞുകിടക്കുകയായിരുന്നു. ഈ സർക്കാരിന്റെ ഇടപെടൽമൂലം കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള ഫാക്ടറികൾ എല്ലാം തന്നെ 2016 ഓണത്തിന് മുൻപ് പ്രവർത്തനം ആരംഭിക്കുകയും കാപ്പെക്സ് 2016 ൽ 62 തൊഴിൽ ദിനങ്ങളും 2017 കാലയളവിൽ 178 തൊഴിൽ ദിനങ്ങളും 2018 കാലയളവിൽ 181 തൊഴിൽ ദിനങ്ങളും തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. വർഷാവർഷം സർക്കാർ പദ്ധതി വിഹിതത്തിൽ കണക്കിനത്തിൽ പ്പെടുത്തി മതിയായ തുക ധനസഹായമായി കാപ്പെക്സിന് നൽകി വരികയാണ്. 2016-17 കാലയളവിൽ 14 കോടി രൂപയും (2015-16 പദ്ധതി വിഹിതം 10 കോടി രൂപയും 2016-17- ലെ പദ്ധതി വിഹിതം 4 കോടി രൂപയും ചേർത്ത്) 2017-18 കാലയളവിൽ 24.55 കോടി രൂപയും 2018-19 കാലയളവിൽ 17.61 കോടി രൂപയും ധനസഹായമായി ഈ സർക്കാർ വകയിരുത്തി നൽകിയിട്ടുണ്ട്. ഇടനിലക്കാരില്ലാതെ ഇറക്കുമതിയിലൂടെ കശുവണ്ടി സംഭരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളായ കാപ്പെക്സിനും കെ.എസ്.സി.ഡി.സി.ക്കും സ്വകാര്യ ഫാക്ടറി ഉടമകൾക്കും നൽകുന്നതിനായി സർക്കാർ കേരള കാഷ്യു ബോർഡ് ലിമിറ്റഡ് എന്ന സ്ഥാപനം രൂപീകരിച്ച് പ്രവർത്തനം നടത്തി വരികയാണ്. പ്രസ്തുത സ്ഥാപനത്തിന് ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തി നൽകുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കശുവണ്ടി വികസന കോർപ്പറേഷന്റെ പുനരുദ്ധാരണത്തിനായി നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം 18-9-2015 തീയതി മുതൽ അടഞ്ഞു കിടക്കുകയായിരുന്ന കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 17-8-2016 തീയതി മുതലാണ് തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. പുനരുദ്ധാരണത്തിനായി അനുവദിച്ച് നൽകിയിട്ടുള്ള തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

2016-17

1. ആധുനികവൽക്കണത്തിനും ഭാഗീകയന്ത്രവൽക്കരണത്തിനും അടഞ്ഞു കിടന്ന ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും ഓണം ബോണസ് നൽകുന്നതിനും 30 കോടി രൂപ

2. ഫാക്ടറികളുടെ തുടർച്ചയായ പ്രവർത്തനത്തിനും തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനും 30 കോടി രൂപ

3. ബാങ്കുകൾക്ക് ബാദ്ധ്യതയായ തുക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽപ്പെടുത്തി ബാങ്കുകൾക്ക് നൽകിയിട്ടുള്ളത് 80 കോടി രൂപ

2017-18

1. ഫാക്ടറികളുടെ നവീകരണത്തിനും ഭാഗീക യന്ത്രവൽക്കരണത്തിനുമായി 40 കോടി രൂപ.

2. തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുന്നതിന് 35 കോടി രൂപ

3. ഓണം ബോണസ് വിതരണത്തിനായി 10 കോടി രൂപ.

2018-19

1. മൊഡണൈസേഷന് 20 കോടി രൂപ

   (a) ആയതിൽ ഷെയർ ക്യാപിറ്റൽ ഇൻവെസ്റ്റുമെന്റ് ഇനത്തിൽ 15 കോടി രൂപ കേരളം കാഷ്യു ബോർഡിന് നൽകിയിട്ടുള്ളതാണ്.

   (b) വർക്കിംഗ് ക്യാപിറ്റൽ ഇനത്തിൽ 5 കോടി രൂപയിൽ 2.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

2. പുതിയ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിപണനത്തിനായി 1 കോടി രൂപ

3. സി.ഡി.സി ബ്രാൻഡ് ബിൽഡിംഗിനുവേണ്ടി 50 ലക്ഷം രൂപ

4. 2011-12 വർഷങ്ങളിലെ ഗ്രാറ്റുവിറ്റി നൽകുന്നതിനായി 16.5 കോടി രൂപ.

കാഷ്യു കോർപ്പറേഷനേയും കാപ്പെക്സിനേയും സഹായിക്കുന്നതിനായി 2017 മുതൽ കേരളത്തിൽ നിന്നും ലഭ്യമായ തോട്ടണ്ടി ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കൃഷി വകുപ്പ്, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ, റീ-ഹാബിലിറ്റേഷൻ പ്ലാന്റേഷൻ,

സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽ ഉൽപാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി കാഷ്യു കോർപ്പറേഷനും കാപെക്സിനും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2019 സീസണിലെ കശുവണ്ടി Price Fixation Committee തീരുമാനിക്കുന്ന വിലയെ അടിസ്ഥാനപ്പെടുത്തി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ധനകാര്യ സ്ഥാപനങ്ങൾ തുർന്നു വന്ന ചില നിലപാടുകൾ കാരണം പൂട്ടിക്കിടന്ന സ്വകാര്യ ഫാക്ടറികൾ തുറക്കുന്നതിന് സാധിച്ചിരുന്നില്ല. ഇതിന് പരിഹാരം കാണുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബാങ്കിങ് സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് നിരവധി യോഗങ്ങൾ ചേർന്നിരുന്നു. അവസാനമായി 7-11-2018-ൽ ചേർന്ന യോഗത്തിന്റെ തീരുമാന പ്രകാരം ബാങ്കിങ് സ്ഥാപനങ്ങളുടേയും സർക്കാർ പ്രതിനിധികളുടേയും ഒരു കമ്മിറ്റി രൂപീകരിക്കുകയും വ്യവസായങ്ങളെ നേരിട്ട് കേട്ട കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുമുണ്ട്. അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കമ്മിറ്റിയുടെ തീരുമാനത്തിൻ പ്രകാരം നിഷ്ക്രിയ ആസ്തിയും (NPA) വലിയ പ്രയാസമനുഭവിക്കുന്നതുമായ (Stressed) വ്യവസായ യൂണിറ്റുകൾക്ക് അധിക വായ്പയും പുനർവായ്പയും പ്രവർത്തനമൂലധനവും ബാങ്കുകൾ മുഖാന്തിരം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. അധികവായ്പയിന്മേൽ പലിശ സബ്സിഡി നൽകുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തോട്ടണ്ടി ലഭ്യമാക്കിയാൽ വ്യവസായം തുടങ്ങാൻ തയ്യാറാകുന്ന യൂണിറ്റുകൾക്ക് ബാങ്കുകൾ സഹായം ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ കാഷ്യു ബോർഡിൽ നിന്നും ന്യായവിലയ്ക്ക് എസ്ക്രൂ അക്കൗണ്ട് അടിസ്ഥാനത്തിൽ തോട്ടണ്ടിയും ലഭ്യമാക്കുന്നതാണ്. പൂട്ടിക്കിടക്കുന്ന സ്വകാര്യ വ്യവസായങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനായി ബാങ്കുകൾ നൽകുന്ന അധിക വായ്പയിന്മേലുള്ള 2019 വർഷക്കാലത്തെ പലിശ സബ്സിഡിയായി നൽകുന്നതിന് ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വ്യവസായികൾക്ക് തോട്ടണ്ടി ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് കാഷ്യുബോർഡിന് തൻവർഷത്തിൽ 30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ സഹകരണ ബാങ്കിൽ നിന്നും സർക്കാർ ഗ്യാരണ്ടിയിൽ വായ്പയും ലഭ്യമാക്കിയിട്ടുണ്ട്.

ഒറ്റത്തവണ തീർപ്പാക്കൽ നടത്തേണ്ട 58 വ്യവസായ സ്ഥാപനങ്ങളുടെ ആകെ ബാദ്ധ്യത ഏകദേശം 372 കോടി രൂപയും അധിക ധനസഹായം ലഭ്യമാക്കേണ്ട 76 വ്യവസായങ്ങളുടെ ബാദ്ധ്യത ഏകദേശം 218 കോടി രൂപയും വായ്പ പുന:ക്രമീകരിച്ച് പുനരുദ്ധാരണം നടത്തേണ്ട 35 വ്യവസായങ്ങളുടെ ആകെ ബാദ്ധ്യത ഏകദേശം 216 കോടി രൂപയും അസറ്റ് റീ-സ്ട്രക്ച്ചറിംഗ് കമ്പനിക്ക് ശിപാർശ ചെയ്ത 6 വ്യവസായങ്ങളുടെ ആകെ ബാദ്ധ്യത ഏകദേശം 61 കോടി

രൂപയുമാണ്. കമ്മിറ്റി ഒറ്റത്തവണ തീർപ്പാക്കലിന് ശിപാർശ ചെയ്ത വിഭാഗത്തിൽപ്പെട്ട ഫാക്ടറികളുടെ കാര്യത്തിൽ പുന:പരിശോധന നടത്തുന്നതാണ്. പൊതുമേഖല യിലേയും സ്വകാര്യ മേഖലയിലേയും കശുവണ്ടി ഫാക്ടറികൾക്ക് തോട്ടണ്ടി ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് കേരള കാഷ്യുബോർഡ് നടപടി ആരംഭിച്ചു കഴിഞ്ഞു. ഗിനിയ ബിസാവോയിൽ നിന്നും ആദ്യമായി ഇറക്കുമതി ചെയ്ത 2887.934 മെട്രിക് ടൺ തോട്ടണ്ടി കാഷ്യൂ കോർപ്പറേഷൻ വാങ്ങിയിട്ടുള്ളത് ഉപയോഗിച്ച് തൊഴിലാളികൾക്ക് തൊഴിൽ നൽകിയിട്ടുള്ളതാണ്. കാഷ്യു ബോർഡ് വഴി മൊസാംബിക് ഒറിജിൻ തോട്ടണ്ടി വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായി. ഘാനയിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടി അവസാന ഘട്ടത്തിലാണ്. ടാൻസാനിയ, ബെനിൻ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്നും സീസൺ അനുസരിച്ച് തുടർച്ചയായി തോട്ടണ്ടി ഇറക്കുമതി ചെയ്യുവാനാണ് കേരള കാഷ്യു ബോർഡ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ ഫണ്ട് സർക്കാർ ലഭ്യമാക്കു ന്നതാണ്.

സർക്കാർ ഇടപെടലുകൾ വഴി ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അടഞ്ഞ് കിടക്കുകയായിരുന്ന പൊതുമേഖലയിലെ 40 ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഫാക്ടറികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചതുവഴി മെച്ചപ്പെട്ട തൊഴിൽ സാഹചര്യവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക 2 വർഷത്തേയ്ക്ക് (2011, 2012) നൽകാൻ കഴിഞ്ഞിട്ടുള്ളതും സ്റ്റാറ്റ്യൂട്ടറിയായ തൊഴിലാളി വിഹിതങ്ങൾ (ഇ.എസ്.ഐ.പി.എഫ് ക്ഷേമനിധി) കൃത്യമായി അടയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ കശുവണ്ടി ഉൽപാദനം ഏകദേശം 35,000 മെട്രിക് ടൺ മുതൽ 80,000 മെട്രിക് ടൺ വരെയാണ്. കേരളത്തിലെ വ്യവസായത്തിന് ഒരു വർഷം 6.5 ലക്ഷം മെട്രിക് ടൺ തോട്ടണ്ടി ആവശ്യമുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കാനായി കശുമാവ് കൃഷി ഏജൻസി കശുമാവ് കൃഷിയിൽ തൽപരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുന്ന വിവിധ പദ്ധതികൾ (കശുമാവ് പുതുകൃഷി, കശുമാവ് തോട്ടം, മുറ്റത്തൊരു കശുമാവ്) നടപ്പിലാക്കി വരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ RKVY-RAFTAAR സബ് സ്കീമിൽ ഉൾപ്പെടുത്തി 4000 ഹെക്ടർ പുതുകൃഷിക്കും 500 ഹെക്ടർ ഹൈ ഡെൻസിറ്റി പ്ലാന്റിംഗും നടപ്പിലാക്കി വരുന്നു. കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. <u>കശുമാവ് പുതുകൃഷി</u>

ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നു. 7 മീറ്റർ x7 മീറ്റർ അകലത്തിൽ ഒരു ഹെക്ടറിൽ 200 തൈകളെന്ന അനുപാതത്തിലാണ് തൈകൾ നടുന്നത്. അതിജീവിക്കുന്ന ഓരോ തൈകൾക്കും 20:20:20 എന്ന അനുപാതത്തിൽ മൂന്ന് വാർഷിക ഗഡുക്കളായി ധനസഹായം നൽകുന്നു.

2. <u>കശുമാവ് തോട്ടം നിർമ്മാണം</u>

2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000 രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

3. <u>മുറ്റത്തൊരു കശുമാവ്</u>

കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷൻ, കശുവണ്ടി ഫാക്ടറി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതി. പൊക്കം കുറഞ്ഞ, അധികം പടരാത്ത, വീട്ടുമുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി ഈ പദ്ധതിയിലൂടെ നൽകി വരുന്നു.

4. <u>ഹൈ ഡെൻസിറ്റി പ്ലാന്റിംഗ്</u>

സംസ്ഥാനത്തെ സ്ഥലത്തിന്റെ ദൗർലഭ്യം പരിഗണിച്ച് സ്ഥലത്തിനാനുപാതികമായി ഉൽപാദനക്ഷമത വർദ്ധിപ്പിക്കുകായെന്ന ലക്ഷ്യത്തോടെ 5 മീറ്റർ x 5 മീറ്റർ അകലത്തിൽ ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈ ഡെൻസിറ്റി പ്ലാന്റിംഗ് പ്രോജക്ട് നടപ്പിലാക്കി വരുന്നു. തൈകൾ സൗജന്യമായി നൽകുന്നതിന് പുറമെ അതിജീവിക്കുന്ന ഓരോ തൈകൾക്കും 20:20:20 എന്ന അനുപാതത്തിൽ മൂന്ന് വാർഷിക ഗഡുക്കളായി ധനസഹായം നൽകുന്നു. കുറഞ്ഞത് ഒരു ഹെക്ടറിൽ കൃഷി ചെയ്യുന്നവർക്ക് മാത്രമേ സബ്സിഡി ആനുകൂല്യം ലഭിക്കുകയുള്ളൂ.

ആഭ്യന്തരമായി കശുവണ്ടി ഉത്പാദിപ്പിക്കുന്നതിനായി കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി മുഖാന്തരം സ്വീകരിച്ചു വരുന്നു. ആയതിലേയ്ക്കായി സർക്കാർ ഉടമസ്ഥതയിലുള്ള തരിശു ഭൂമികളിൽ കശുമാവിൻ തൈവച്ച് പിടിപ്പിക്കുന്നതിലേയ്ക്ക് കശുമാവ് കൃഷി വികസന ഏജൻസി, ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ച

വരുന്നു. കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുല്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉല്പാദിപ്പിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ഏജൻസി ഫോർ കാഷ്യൂ കൾട്ടിവേഷന്റെ ആവശ്യ പ്രകാരം പ്രതിവർഷം അത്യുൽപാദനശേഷിയുള്ള 2 ലക്ഷം കശുമാവിൻ തൈകൾ ഇവിടെ ഉത്പാദിപ്പിച്ച് വരുന്നു. ഇപ്രകാരം ഉത്പാദിപ്പിക്കുന്ന കശുമാവിൻ തൈകൾ കർഷകർക്കും ഏജൻസികൾക്കും മറ്റ് ആവശ്യക്കാർക്കും കോർപ്പറേഷൻ നേരിട്ട് 40 രൂപാ നിരക്കിൽ വിതരണം ചെയ്ത് വരുന്നു. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറി കോമ്പൗണ്ടുകളിലും കശുമാവ് കൃഷി ചെയ്ത് വരുന്നുണ്ട്. ഇപ്രകാരം കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളിലായി 5500 ഓളം കശുമാവിൻ തൈകൾ കൃഷി ചെയ്യുന്നതാണ്.

കശുമാവ് കൃഷി വികസന ഏജൻസി വിഭാവന ചെയ്തിട്ടുള്ള മാതൃകാ കശുമാവിൻ തോട്ടം പദ്ധതി പ്രകാരം കോർപ്പറേഷന്റെ കൊട്ടിയം, പുത്തൂർ, ചാത്തന്നൂർ, കണ്ണനല്ലൂർ, തെറ്റിക്കുഴി ഫാക്ടറികളിലായി 25 ഏക്കർ സ്ഥലത്ത് അത്യുത്പാദന ശേഷിയുള്ള കശുമാവ് തൈകളുടെ നടീൽ ആരംഭിച്ചിട്ടുള്ളതാണ്. കൂടാതെ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷനും കശുമാവ് കൃഷി വികസന ഏജൻസിയുമായി ചേർന്ന് ആർ.പി.എൽ, പുനലൂർ ബീ.ബീ എസ്റ്റേറ്റ് എന്നിവിടങ്ങളിലും കശുമാവ് കൃഷി ആരംഭിച്ചിട്ടുള്ളതാണ്. കശുമാവ് കൃഷി വ്യാപന പദ്ധതിയിൽ ഉൾപ്പെടുത്തി കശുമാവ് കർഷകർ, കശുമാവ് കൃഷി ചെയ്യുന്ന പൊതു സ്ഥലങ്ങളിലേയും സോഷ്യൽ ഫോറസ്ട്രിയുടെയും ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ച് കശുമാവ് കൃഷിയുടെ പ്രാധാന്യവും കൃഷിയുടെ പ്രോത്സാഹനവും കർഷകരെ ബോധ്യപ്പെടുത്തുന്നതിനായി ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്.

## കശുവണ്ടി ഫാക്ടറി ജീവനക്കാരുടെ ക്ഷേമം

400(1470) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ കശുവണ്ടി ഫാക്ടറി ജീവനക്കാരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കശുവണ്ടി ഫാക്ടറി ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും തീരുമാനം സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കശുവണ്ടി വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ സംബന്ധിച്ച ദീർഘകാല കരാറിന്റെ കാലാവധി 31-12-2015-ൽ അവസാനിച്ച സാഹചര്യത്തിൽ 18-12-2018-ൽ കൂടിയ കശുവണ്ടി വ്യവസായ ബന്ധസമിതി യോഗം 1-8-2017 മുതൽ പ്രാബല്യത്തിൽ വരത്തക്ക തരത്തിൽ 5 വർഷക്കാലത്തേയ്ക്കുള്ള ശമ്പള പരിഷ്കരണ കരാർ ഒപ്പുവച്ചിട്ടുള്ളതും കശുവണ്ടി വികസന കോർപ്പറേഷനിൽ ഇത് സർക്കാർ അംഗീകാരത്തിന് വിധേയമായി നടപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്. ഓണത്തിന് കാഷ്യൂ ഐ.ആർ.സി കരാർ പ്രകാരം സ്റ്റാഫിന് 3 മാസത്തേയ്ക്കും 11 ദിവസത്തേയ്ക്കും ശമ്പളത്തിന് തുല്യമായ തുക ബോണസായി നൽകിയിട്ടുള്ളതാണ്. കൂടാതെ ജീവനക്കാരുടെ സ്റ്റാറ്റ്യൂട്ടറി വിഹിതങ്ങളായ ഇ.എസ്.ഐ.പി.എഫ്, ക്ഷേമനിധി എന്നിവയും കൃത്യമായി കോർപ്പറേഷൻ അടച്ചു വരുന്നതാണ്. കോർപ്പറേഷൻ ജീവനക്കാരുടെ ചരിത്രത്തിലാദ്യമായിട്ടാണ് ശമ്പള പരിഷ്കരണത്തിൽ 3500 രൂപ മുതൽ 8000 രൂപ വരെ വർദ്ധനവുണ്ടായിട്ടുള്ളത്.

## സ്വകാര്യ കശുവണ്ടി മേഖലയിലെ പ്രതിസന്ധി

401(1471) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടണ്ടിയുടെ ദൗർലഭ്യം, പ്രവർത്തന മൂലധനത്തിന്റെ അഭാവം എന്നിവ കാരണം സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി മേഖല പ്രതിസന്ധിയിലാണെന്നതും അവിടെ ജോലി ചെയ്തിരുന്ന പതിനായിരക്കണക്കിന് തൊഴിലാളികൾ പട്ടിണിയിലാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധനകാര്യ സ്ഥാപനങ്ങളുമായി ഇടപെട്ട് നിലവിലുള്ള വായ്പ പുനഃക്രമീകരിച്ച് പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് അടഞ്ഞുകിടക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് രൂപീകരിച്ച കേരള ക്യാഷ്യൂ ബോർഡിന്റെ പ്രവർത്തനം കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് എത്ര മാത്രം സഹായകമാണ്; പ്രസ്തുത സ്ഥാപനം പരാജയമായി മാറിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തോട്ടണ്ടിയുടെ ആഭ്യന്തര ലഭ്യത വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; ആയത് ഫലപ്രദമാണോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങൾ ഉൾപ്പെടെ പ്രവർത്തന രഹിതമായിരുന്നു. കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ 2015 സെപ്റ്റംബർ മുതൽ അടച്ചിട്ടിരിക്കുകയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന് മൂന്ന് മാസം തികയുന്നതിന് മുമ്പ് പൊതുമേഖലയിലുള്ള 40 ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിച്ചു. എന്നാൽ ധനകാര്യ സ്ഥാപനങ്ങൾ തുടർന്നു വന്ന ചില നിലപാടുകൾ കാരണം പൂട്ടിക്കിടന്ന സ്വകാര്യ ഫാക്ടറികൾ തുറക്കുന്നതിന് സാധിച്ചിരുന്നില്ല. ഇതിന് പരിഹാരം കാണുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബാങ്കിങ്ങ് സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് നിരവധി യോഗങ്ങൾ ചേർന്നിരുന്നു. അവസാനമായി 7-11-2018-ൽ ചേർന്ന യോഗത്തിന്റെ തീരുമാന പ്രകാരം ബാങ്കിങ് സ്ഥാപനങ്ങളുടേയും സർക്കാർ പ്രതിനിധികളുടേയും ഒരു കമ്മിറ്റി രൂപീകരിക്കുകയും വ്യവസായങ്ങളെ നേരിട്ട് കേട്ട കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുമുണ്ട്. അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കമ്മിറ്റിയുടെ തീരുമാന പ്രകാരം നിഷ്ക്രിയ ആസ്തിയും (NPA)വലിയ പ്രയാസമനുഭവിക്കുന്നതുമായ (Stressed) വ്യവസായ യൂണിറ്റുകൾക്ക് അധിക വായ്പയും പുനർവായ്പയും പ്രവർത്തനമൂലധനവും ബാങ്കുകൾ മുഖാന്തരം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. അധിക വായ്പയിന്മേൽ പലിശ സബ്സിഡി നൽകുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തോട്ടണ്ടി ലഭ്യമാക്കിയാൽ വ്യവസായം തുടങ്ങാൻ തയ്യാറാകുന്ന യൂണിറ്റുകൾക്ക് ബാങ്കുകൾ സഹായം ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ കാഷ്യു ബോർഡിൽ നിന്നും ന്യായവിലയ്ക്ക് എസ്ക്ക്രൂ അക്കൗണ്ട് അടിസ്ഥാനത്തിൽ തോട്ടണ്ടിയും ലഭ്യമാക്കുന്നതാണ്. പൂട്ടിക്കിടക്കുന്ന സ്വകാര്യ വ്യവസായങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനായി ബാങ്കുകൾ നൽകുന്ന അധിക വായ്പയിന്മേൽ 2019 വർഷക്കാലത്തെ പലിശ സബ്സിഡിയായി നൽകുന്നതിന് ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വ്യവസായികൾക്ക് തോട്ടണ്ടി ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് കാഷ്യുബോർഡിന് തൻവർഷത്തിൽ 30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ സഹകരണ ബാങ്കിൽ നിന്നും സർക്കാർ ഗ്യാരണ്ടിയിൽ വായ്പയും ലഭ്യമാക്കിയിട്ടുണ്ട്.

ഒറ്റത്തവണ തീർപ്പാക്കൽ നടത്തേണ്ട 58 വ്യവസായ സ്ഥാപനങ്ങളുടെ ആകെ ബാദ്ധ്യത ഏകദേശം 372 കോടി രൂപയും അധിക ധനസഹായം ലഭ്യമാക്കേണ്ട 76 വ്യവസായങ്ങളുടെ ബാദ്ധ്യത ഏകദേശം 218 കോടി രൂപയും വായ്പ പുനഃക്രമീകരിച്ച് പുനരുദ്ധാരണം നടത്തേണ്ട 35 വ്യവസായങ്ങളുടെ ആകെ ബാദ്ധ്യത ഏകദേശം 216 കോടി രൂപയും അസറ്റ് റീ-സ്ട്രക്ച്ചറിംഗ് കമ്പനിക്ക് ശിപാർശ ചെയ്ത 6 വ്യവസായങ്ങളുടെ ആകെ ബാദ്ധ്യത ഏകദേശം 61 കോടി രൂപയുമാണ്. കമ്മിറ്റി ഒറ്റത്തവണ തീർപ്പാക്കലിന് ശിപാർശ ചെയ്ത വിഭാഗത്തിൽപ്പെട്ട ഫാക്ടറികളുടെ കാര്യത്തിൽ പുന:പരിശോധന നടത്തുന്നതാണ്.

(സി) അസംസ്കൃത തോട്ടണ്ടിയുടെ ദൗർലഭ്യമാണ് സ്വകാര്യ-പൊതുമേഖലാ കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി. പ്രോസസിംഗിനാവശ്യമായ തോട്ടണ്ടിക്ക് പ്രധാനമായും ഇറക്കുമതിയെയാണ് സ്വകാര്യ-പൊതുമേഖലാ കശുവണ്ടി വ്യവസായം ആശ്രയിച്ചിരുന്നത്. ഭീമമായ തുകയാണ് തോട്ടണ്ടി ഇറക്കുമതിക്ക് ആവശ്യമായിരുന്നത്. ഈ സാഹചര്യത്തിലാണ് ഉല്പാദക രാജ്യങ്ങളിൽ നിന്നും ഇടനിലക്കാരില്ലാതെ തോട്ടണ്ടി സംഭരിച്ച് സർക്കാർ-സർക്കാരിതര ഫാക്ടറികൾക്കും കമ്പനികൾക്കും ലഭ്യമാക്കുകായെന്ന ലക്ഷ്യത്തോടെ സർക്കാർ തലത്തിൽ കേരളാ കാഷ്യൂ ബോർഡ് രൂപീകരിച്ചിട്ടുള്ളത്. 2017-ൽ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് പൊതുമേഖലാ ഫാക്ടറികൾക്കും സ്വകാര്യ ഫാക്ടറികൾക്കും ആവശ്യത്തിന് തോട്ടണ്ടി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം ആസൂത്രണം ചെയ്യുകയാണ്. അതിനാവശ്യമായ ഫണ്ട് പദ്ധതി വിഹിതമായും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും സർക്കാർ ഗ്യാരണ്ടി നൽകിയും ലഭ്യമാക്കുകയാണ്. കേരള കാഷ്യൂ ബോർഡ് ഇതിനകം ആഫ്രിക്കൻ രാജ്യമായ ഗിനിബസ്സാവോയിൽ നിന്ന് 3000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് നൽകിയിട്ടുണ്ട്. മൊസാംബിക്കിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. ഈ മാസംതന്നെ തോട്ടണ്ടി കേരളത്തിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഘാനയിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്. ലഭ്യമായ മറ്റു സ്ഥലങ്ങളിൽ നിന്നും സീസൺ അനുസരിച്ച് തുടർച്ചയായി തോട്ടണ്ടി ലഭ്യമാക്കാനാണ് കാഷ്യൂ ബോർഡ് ശ്രമിക്കുന്നത്. സ്വകാര്യ വ്യവസായം ഉൾപ്പെടെ കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടി കേരള കാഷ്യൂ ബോർഡ് മുഖാന്തിരം ന്യായവിലയ്ക്ക് ലഭ്യമാക്കാൻ സാധിക്കുന്നതോടുകൂടി തോട്ടണ്ടി ദൗർലഭ്യം എന്ന പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ സാധിക്കുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ.

(ഡി) കേരളത്തിലെ കശുവണ്ടി വ്യവസായത്തിന് ഏകദേശം ആറര ലക്ഷം ടൺ തോട്ടണ്ടി ആവശ്യമാണ്. എന്നാൽ ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്നത് ഏകദേശം 80000 മെട്രിക ടൺ മാത്രമാണ്. ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിച്ചും ഇറക്കുമതി ചെയ്തും മാത്രമേ വ്യവസായത്തിന്റെ ആവശ്യം നിറവേറ്റാനാകൂ. 2017 മുതൽ കേരളത്തിൽ നിന്നും ആഭ്യന്തരമായി ലഭ്യമായ തോട്ടണ്ടി കാഷ്യൂ കോർപ്പറേഷനും കാപ്പെക്സും ശേഖരിച്ചു വരികയാണ്. സർക്കാർ രൂപീകരിച്ച വിലനിർണ്ണയ സമിതി നിശ്ചയിക്കുന്ന വിലയ്ക്കാണ് തോട്ടണ്ടി ശേഖരിക്കുന്നത്. കൃഷി വകുപ്പ്, പട്ടിക ജാതി-പട്ടികവർഗ്ഗ വകുപ്പ് തുടങ്ങി സർക്കാർ വകുപ്പുകൾക്ക് കീഴിലുള്ള സ്ഥലങ്ങളിൽ നിന്നും തോട്ടണ്ടിയാണ് ശേഖരിച്ചു വരുന്നത്. തോട്ടണ്ടി ശേഖരണം 2019-ലും പുരോഗമിച്ചു വരുന്നു. തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കാനായി കശുമാവ് കൃഷി വികസന ഏജൻസി കശുമാവ് കൃഷിയിൽ തൽപരരായ കർഷകരെ കണ്ടെത്തി സൗജന്യമായ കശുമാവിൻ തൈകൾ നൽകുന്ന വിവിധ പദ്ധതികൾ

(കശുമാവ് പുതുകൃഷി, കശുമാവ് തോട്ടം, മുറ്റത്തൊരു കശുമാവ്) നടപ്പിലാക്കി വരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ RKVY-RAFTAAR സബ് സ്കീമിൽ ഉൾപ്പെടുത്തി 4000 ഹെക്ടർ പുതുകൃഷിയും 500 ഹെക്ടർ ഹൈ ഡെൻസിറ്റി പ്ലാന്റിംഗും നടപ്പിലാക്കി വരുന്നു. കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. <u>കശുമാവ് പുതുകൃഷി</u>

ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നു. 7 മീറ്റർ x7 മീറ്റർ അകലത്തിൽ ഒരു ഹെക്ടറിൽ 200 തൈകൾ എന്ന അനുപാതത്തിലാണ് തൈകൾ നടുന്നത്. അതിജീവിക്കുന്ന ഓരോ തൈകൾക്കും 20:20:20 എന്ന അനുപാതത്തിൽ മൂന്ന് വാർഷിക ഗഡുക്കളായി ധനസഹായം നൽകുന്നു.

2. <u>കശുമാവ് തോട്ടം നിർമ്മാണം</u>

2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000 രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

3. <u>മുറ്റത്തൊരു കശുമാവ്</u>

കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷൻ, കശുവണ്ടി ഫാക്ടറി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി. പൊക്കം കുറഞ്ഞ, അധികം പടരാത്ത, വീട്ട്മുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി ഈ പദ്ധതിയിലൂടെ നൽകി വരുന്നു.

4. <u>ഹൈ ഡെൻസിറ്റി പ്ലാന്റിംഗ്</u>

സംസ്ഥാനത്തെ സ്ഥലത്തിന്റെ ദൗർലഭ്യം പരിഗണിച്ച് സ്ഥല ത്തിനാനുപാതികമായി ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുകായെന്ന ലക്ഷ്യത്തോടെ 5 മീറ്റർ x 5 മീറ്റർ അകലത്തിൽ ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈ ഡെൻസിറ്റി പ്ലാന്റിംഗ് പ്രോജക്ട് നടപ്പിലാക്കി വരുന്നു. തൈകൾ സൗജന്യമായ നൽകു ന്നതിന് പുറമെ അതിജീവിക്കുന്ന ഓരോ തൈകൾക്കും 20:20:20 എന്ന അനുപാതത്തിൽ മൂന്ന് വാർഷിക ഗഡുക്കളായി ധനസഹായം നൽകുന്നു. കുറഞ്ഞത് ഒരു ഹെക്ടറിൽ കൃഷി ചെയ്യുന്നവർക്ക് മാത്രമേ സബ്സിഡി ആനുകൂല്യം ലഭിക്കുകയുള്ളൂ.

കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുല്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉല്പാദിപ്പിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ഏജൻസി ഫോർ കാഷ്യു കൾട്ടിവേഷന്റെ ആവശ്യ പ്രകാരം പ്രതിവർഷം അത്യുൽപാദനശേഷിയുള്ള 2 ലക്ഷം കശുമാവിൻ തൈകൾ ഇവിടെ ഉത്പാദിപ്പിച്ച് വരുന്നു. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന കശുമാവിൻ തൈകൾ കർഷകർക്കും ഏജൻസികൾക്കും മറ്റ് ആവശ്യക്കാർക്കും കോർപ്പറേഷൻ നേരിട്ട് 40 രൂപ നിരക്കിൽ വിതരണം ചെയ്ത് വരുന്നു. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറി കോമ്പൗണ്ടുകളിലും കശുമാവ് കൃഷി ചെയ്ത് വരുന്നുണ്ട്. ഇപ്രകാരം കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളിലായി 5500 ഓളം കശുമാവിൻ തൈകൾ കൃഷി ചെയ്യുന്നുണ്ട്.

കശുവണ്ടിയുടെ വർദ്ധിച്ച ഉൽപാദനം ലക്ഷ്യമിട്ട് കശുമാവ് കൃഷി വികസന ഏജൻസിയുടെ മാതൃകാ കശുമാവിൻ തോട്ടം കോർപ്പറേഷന്റെ കൊട്ടിയം, പുത്തൂർ, ചാത്തന്നൂർ, കണ്ണനല്ലൂർ, തെറ്റിക്കുഴി ഫാക്ടറികളിലായി 25 ഏക്കർ സ്ഥലത്ത് ആരംഭിച്ചിട്ടുണ്ട്. കൂടാതെ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷനും കശുമാവ് കൃഷി വികസന ഏജൻസിയുമായി ചേർന്ന് ആർ.പി.എൽ, പുനലൂർ ബീ.ബീ എസ്റ്റേറ്റ് എന്നിവിടങ്ങളിലും കശുമാവ് കൃഷി ആരംഭിച്ചിട്ടുള്ളതാണ്. കശുമാവ് കൃഷി വ്യാപന പദ്ധതിയിൽ ഉൾപ്പെടുത്തി കശുമാവ് കർഷകർ, കശുമാവ് കൃഷി ചെയ്യുന്ന പൊതുസ്ഥലങ്ങളിലേയും സോഷ്യൽ ഫോറസ്ട്രീയുടേയും ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ച് കശുമാവ് കൃഷിയുടെ പ്രാധാന്യവും കൃഷിയുടെ പ്രോത്സാഹനവും കർഷകരെ ബോധ്യപ്പെടുത്തുന്നതിനായ കശുവണ്ടി വികസന കോർപ്പറേഷനും കശുമാവ് കൃഷി വികസന ഏജൻസിയും സംയുക്തമായി കശുമാവ് കർഷക ശില്പശാല സംഘടിപ്പിച്ചിട്ടുണ്ട്.

## കശുവണ്ടി വ്യവസായ സംരക്ഷണത്തിന് സ്വീകരിച്ചു വരുന്ന നടപടികൾ

402(1472) ശ്രീ. സജി ചെറിയാൻ :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്ന് ലക്ഷത്തോളം തൊഴിലാളികൾ ആശ്രയിക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ ഏറിയ പങ്കും അടഞ്ഞു കിടക്കുന്നത് കണക്കിലെടുത്ത് കശുവണ്ടി വ്യവസായ സംരക്ഷണത്തിന് സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ;

(ബി) വ്യവസായികളെ ആത്മഹത്യയിലേക്ക് നയിക്കുന്ന രീതിയിലുള്ള ബാങ്കുകളുടെ നിഷേധാത്മക സമീപനം തുടരുന്നു എന്നു പറയുന്ന സാഹചര്യത്തിൽ, ഇക്കാര്യത്തിൽ സർക്കാർ ഏതെങ്കിലും വിധത്തിലുള്ള ഇടപെടലിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉല്പാദക രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിന് രൂപീകരിച്ച കാഷ്യൂ ബോർഡിന് ഫലപ്രദമായി പ്രവർത്തിക്കാൻ സാധ്യമായിട്ടുണ്ടോ; ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി സ്വകാര്യ ഫാക്ടറികൾക്കു കൂടി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) കശുവണ്ടി വ്യവസായ സംരക്ഷണത്തിനായി യന്ത്രവൽക്കരണത്തെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; നിലവിൽ കടുത്ത തൊഴിൽ പ്രതിസന്ധി നേരിടുന്ന പ്രസ്തുത മേഖലയിൽ യന്ത്രവൽക്കരണം സൃഷ്ടിക്കാനിടയുള്ള പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങൾ ഉൾപ്പെടെ പ്രവർത്തന രഹിതമായിരുന്നു. കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ 2015 സെപ്റ്റംബർ മുതൽ അടച്ചിട്ടിരിക്കുകയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന് മൂന്ന് മാസം തികയുന്നതിന് മുമ്പ് പൊതുമേഖലയിലുള്ള 40 ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിച്ചു. എന്നാൽ ധനകാര്യ സ്ഥാപനങ്ങൾ തുടർന്നു വന്ന ചില നിലപാടുകൾ കാരണം പൂട്ടിക്കിടന്ന സ്വകാര്യ ഫാക്ടറികൾ തുറക്കുന്നതിന് സാധിച്ചിരുന്നില്ല. ഇതിന് പരിഹാരം കാണുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബാങ്കിങ്ങ് സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് നിരവധി യോഗങ്ങൾ ചേർന്നിരുന്നു. അവസാനമായി 7-11-2018-ൽ ചേർന്ന യോഗത്തിന്റെ തീരുമാന പ്രകാരം ബാങ്കിങ് സ്ഥാപനങ്ങളുടേയും സർക്കാർ പ്രതിനിധികളുടേയും ഒരു കമ്മിറ്റി രൂപീകരിക്കുകയും എട്ട് ദിവസങ്ങളിൽ വ്യവസായങ്ങളെ നേരിട്ട് കേട്ട കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കമ്മിറ്റിയുടെ തീരുമാനത്തിൻ പ്രകാരം നിഷ്ക്രിയ ആസ്തിയും (NPA) വലിയ പ്രയാസമനുഭവിക്കുന്നതുമായ (Stressed) വ്യവസായ യൂണിറ്റുകൾക്ക് അധിക വായ്പയും പുനർ വായ്പയും പ്രവർത്തന മൂലധനവും ബാങ്കുകൾ മുഖാന്തിരം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. അധിക വായ്പയിന്മേൽ പലിശ സബ്സിഡി നൽകുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തോട്ടണ്ടി ലഭ്യമാക്കിയാൽ വ്യവസായം തുടങ്ങാൻ തയ്യാറാകുന്ന യൂണിറ്റുകൾക്ക് ബാങ്കുകൾ സഹായം ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ കാഷ്യൂ ബോർഡിൽ നിന്നും ന്യായവിലയ്ക്ക് എക്സ്ക്രൂ അക്കൗണ്ട് അടിസ്ഥാനത്തിൽ തോട്ടണ്ടിയും ലഭ്യമാക്കുന്നതാണ്. പൂട്ടിക്കിടക്കുന്ന സ്വകാര്യ വ്യവസായങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനായി ബാങ്കുകൾ നൽകുന്ന അധിക വായ്പയിന്മേലുള്ള 2019 വർഷക്കാ ലത്തെ പലിശ സബ്സിഡിയായി നൽകുന്നതിന് ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വ്യവസായികൾക്ക് തോട്ടണ്ടി ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് കാഷ്യൂബോർഡിന് തൻവർഷത്തിൽ 30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ സഹകരണ ബാങ്കിൽ നിന്നും സർക്കാർ ഗ്യാരന്റിയിൽ വായ്പയും ലഭ്യമാക്കിയിട്ടുണ്ട്.

ഒറ്റത്തവണ തീർപ്പാക്കൽ നടത്തേണ്ട 58 വ്യവസായ സ്ഥാപനങ്ങളുടെ ആകെ ബാദ്ധ്യത ഏകദേശം 372 കോടി രൂപയും അധിക ധനസഹായം ലഭ്യമാക്കേണ്ട 76 വ്യവസായങ്ങളുടെ ബാദ്ധ്യത ഏകദേശം 218 കോടി രൂപയും വായ്പ പുനഃക്രമീകരിച്ച് പുനരുദ്ധാരണം നടത്തേണ്ട 35 വ്യവസായങ്ങളുടെ ആകെ ബാദ്ധ്യത ഏകദേശം 216 കോടി രൂപയും അസറ്റ് റീ-സ്ട്രക്ച്ചറിംഗ് കമ്പനിക്ക് ശിപാർശ ചെയ്ത 6 വ്യവസായങ്ങളുടെ ആകെ ബാദ്ധ്യത ഏകദേശം 61 കോടി രൂപയുമാണ്. കമ്മിറ്റി ഒറ്റത്തവണ തീർപ്പാക്കലിന് ശിപാർശ ചെയ്ത വിഭാഗത്തിൽപ്പെട്ട ഫാക്ടറികളുടെ കാര്യത്തിൽ പുന:പരിശോധന നടത്തുന്നതാണ്. 2017-ൽ രൂപീകരിച്ച കേരള കാഷ്യു ബോർഡ് പൊതുമേഖലാ ഫാക്ടറികൾക്കും സ്വകാര്യ ഫാക്ടറികൾക്കും ആവശ്യത്തിന് തോട്ടണ്ടി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം ആസൂത്രണം ചെയ്യുകയാണ്. അതിനാവശ്യമായ ഫണ്ട് പദ്ധതി വിഹിതമായും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും സർക്കാർ ഗ്യാരന്റി നൽകിയും ലഭ്യമാക്കുകയാണ്.

കേരള കാഷ്യു ബോർഡ് ഇതിനകം ആഫ്രിക്കൻ രാജ്യമായ ഗിനിബസ്സാവോയിൽ നിന്ന് 3000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് നൽകിയിട്ടുണ്ട്. മൊസാംബിക്കിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. ഈ മാസം തന്നെ തോട്ടണ്ടി കേരളത്തിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഘാനയിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്. ലഭ്യമായ മറ്റു സ്ഥലങ്ങളിൽ നിന്നും സീസൺ അനുസരിച്ച് തുടർച്ചയായി തോട്ടണ്ടി ലഭ്യമാക്കാനാണ് കാഷ്യു ബോർഡ് ശ്രമിക്കുന്നത്. സ്വകാര്യ വ്യവസായം ഉൾപ്പെടെ കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടി കേരള കാഷ്യു ബോർഡ് മുഖാന്തരം ന്യായവിലയ്ക്ക് ലഭ്യമാക്കാൻ സാധിക്കുന്നതോടുകൂടി തോട്ടണ്ടി ദൗർലഭ്യം എന്ന പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ സാധിക്കുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ.

(ഡി) സർക്കാർ നവീകരണത്തിനായി കോർപ്പറേഷന് അനുവദിച്ച തുക ഉപയോഗിച്ച് കോർപ്പറേഷൻ ഫാക്ടറികളിൽ ഷെല്ലിംഗ് സെക്ഷനിൽ ഭാഗീകയന്ത്രവത്ക്കരണം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കശുവണ്ടി വ്യവസായ സംരക്ഷണത്തിനായി ആധുനകവത്ക്കരണത്തിനും ഭാഗികമായ യന്ത്രവത്ക്കരണത്തിനും സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളായ കാപ്പെക്സിനും കെ.എസ്.സി.ഡി.സി.-ക്കും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കശുവണ്ടി പരിപ്പിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കൂടുതൽകാലം കേടുകൂടാതെയിരിക്കുന്നതിനും യന്ത്രവൽക്കരണം സഹായിക്കും. പൂർണ്ണമായ യന്ത്രവത്ക്കരണം ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെ ബാധിക്കുമെന്നതിനാൽ ഭാഗികമായ യന്ത്രവത്ക്കരണത്തിനും ആധുനികവൽക്കരണത്തിനുമാണ് സർക്കാർ പ്രാധാന്യം നൽകുന്നത്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M.]

## II. തിരുത്തിയ ഉത്തരം

(1) നക്ഷത്രചിഹ്നമിട്ട 93-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 3-12-2018-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 93-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

(2) നക്ഷത്രചിഹ്നമിടാത്ത 1125-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 3-3-2018-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1125-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

മി. സ്പീക്കർ: കാര്യോപദേശക സമിതി ഇന്ന് അപരാഹ്ന സമ്മേളനം ഉണ്ടായിരിക്കുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. മൂന്ന് മണിക്കൂർ സമയം 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റുമായി ബന്ധപ്പെട്ട പൊതുചർച്ചയും അതിനുശേഷം 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ അന്തിമ ഉപധനാഭ്യർത്ഥനകൾ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പുമുണ്ട്. ആകെ ആറ് മണിക്കൂർ ചർച്ചയുണ്ടെന്നുള്ളത് മനസ്സിലാക്കി സമയക്രമം പാലിച്ചാൽ മാത്രമേ ഇന്നത്തെ സമ്മേളനം വൈകുന്നേരം 6 മണിക്കെങ്കിലും അവസാനിപ്പിക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ സമയക്രമം നിർബന്ധമായും പാലിക്കണം. അടിയന്തരപ്രമേയം 30 മിനിട്ടിനുള്ളിലും ശ്രദ്ധക്ഷണിക്കൽ 10 മിനിട്ടിനുള്ളിലും അവസാനിപ്പിക്കണമെന്നും സബ്മിഷനുകളും അവയ്ക്കുള്ള മറുപടിയും കഴിയുമെങ്കിൽ ഒറ്റ വാചകത്തിൽ അവതരിപ്പിക്കുകയും മറുപടി കൂടുതലുണ്ടെങ്കിൽ മേശപ്പുറത്ത് വയ്ക്കുകയും ചെയ്യണമെന്നാണ് ചെയർ നിർദ്ദേശിക്കുന്നത്. എല്ലാ അംഗങ്ങളും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## III. അടിയന്തരപ്രമേയം

കരിപ്പൂർ വിമാനത്താവള വികസനം

മി. സ്പീക്കർ: കരിപ്പൂർ വിമാനത്താവള വികസനത്തിനും നടത്തിപ്പിനും ന്യായമായ പരിഗണന നൽകാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തയ്യാറാകാത്തതുമൂലം വിമാനത്താവളത്തിന്റെ ഭാവി അപകടത്തിലാകുന്നതായി പറയപ്പെടുന്ന സ്ഥിതി

*അനുബന്ധമായി വച്ചിട്ടുണ്ട്

വിശേഷവും വിമാനത്താവള വികസനത്തിന് സർക്കാർ സ്വീകരിക്കേണ്ട നടപടികളും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. എം. കെ. മുനീർ, സർവ്വശ്രീ കെ. സി. ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കരിപ്പൂർ വിമാനത്താവളത്തിന്റെ വികസനത്തിനും നടത്തിപ്പിനും മുന്തിയ പരിഗണനയാണ് സംസ്ഥാന സർക്കാർ നൽകിവരുന്നത്. സംസ്ഥാനത്തെ ഹജ്ജ് തീർത്ഥാടകരുടെ പ്രധാന യാത്രാ കേന്ദ്രമെന്ന നിലയിൽ കരിപ്പൂർ വിമാനത്താവളത്തിന് വലിയ സാധ്യതകളാണുള്ളത്. എന്നാൽ വിമാനത്താവളത്തിന്റെ വികസനത്തിനാവശ്യമായ പിന്തുണയും സഹകരണവും കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും വേണ്ടത്ര ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. മംഗലാപുരം വിമാനത്താവളത്തിലെ അപകടത്തിനുശേഷം, ടേബിൾടോപ്പ് വിമാനത്താവളമായ കോഴിക്കോട് വിമാനത്താവളത്തിൽനിന്നും അന്താരാഷ്ട്ര വിമാന സർവ്വീസുകളുടെ എണ്ണത്തിൽ സുരക്ഷാകാരണങ്ങളാൽ കുറവ് വരുത്തിയിരുന്നു. ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളും നിബന്ധനകളും പാലിക്കുന്നതിന് വിമാനത്താവളത്തിലെ ബേസിക് സ്ട്രിപ്പിൽ സ്ഥിതി ചെയ്യുന്ന ടെർമിനൽ കെട്ടിടവും ഏപ്രണും മാറ്റി സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. കൂടാതെ നിലവിലുള്ള റൺവേയുടെ ദൈർഘ്യം, പാരലൽ ടാക്സി വേ, റൺവേ & സേഫ്റ്റി ഏരിയ എന്നിവ നിയമാനുസൃതമായി വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ ഭൗതിക സാഹചര്യങ്ങൾ എയർപോർട്ടിൽ സജ്ജമാക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 137 ഏക്കർ ഭൂമിയാണ് വിമാനത്താവള വികസനത്തിനായി അധികമായി വേണ്ടി വരുന്നത്. അതിനോടൊപ്പം കാർ പാർക്കിംഗ് സൗകര്യത്തിനായി 15.25 ഏക്കർ ഭൂമികൂടി ആവശ്യമുണ്ട്. സ്ഥലമേറ്റെടുത്ത് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

നമ്മുടെ സംസ്ഥാനത്ത് വിവിധ പദ്ധതികൾക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന സന്ദർഭങ്ങളിൽ ആ പ്രദേശങ്ങളിലെ ജനങ്ങളുടെ ഭാഗത്തുനിന്നും പ്രതിഷേധങ്ങൾ ഉണ്ടാകാറുണ്ട്. വിമാനത്താവള വികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന സന്ദർഭത്തിൽ ഇത്തരം പ്രതിഷേധം ഉണ്ടാകുന്നത് വികസന പ്രവർത്തനങ്ങളെ പിന്നോട്ടടിപ്പിക്കും. ഇത് മറികടക്കാനുള്ള കൂട്ടായ ശ്രമം ഉണ്ടാകേണ്ടതുണ്ട്. കരിപ്പൂർ വിമാനത്താവളത്തിൽ വലിയ വിമാനങ്ങളുടെ സർവ്വീസ് പുനരാരംഭിക്കുന്നതിനായി സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെടുകയുണ്ടായി. അതുപ്രകാരമാണ് 2018 ആഗസ്റ്റിൽ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ ഇതിനായി അനുമതി നൽകിയത്. തുടർന്ന് സർവ്വീസ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കരിപ്പൂർ വിമാനത്താ

വളത്തിന്റെ പ്രവർത്തനത്തിനും പുരോഗതിക്കും എല്ലാവിധ സഹായവും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും നൽകി വരുന്നുണ്ട്. 2017-18-ൽ 226 കോടി രൂപയായിരുന്ന വരുമാനം 2018-19 -ൽ 305 കോടി രൂപയായും ലാഭം 2017-18-ൽ 92 കോടി രൂപയായിരുന്നത് 2018-19-ൽ 162 കോടി രൂപയായും വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്നാണ് എയർപോർട്ട് ഡയറക്ടർ അറിയിച്ചിട്ടുള്ളത്. ഹജ്ജ് എംബാർക്കേഷൻ പോയിന്റായി കോഴിക്കോട് വിമാനത്താവളത്തെക്കൂടി ഉൾപ്പെടുത്തണമെന്ന് 1-2-2018-ലും 1-9-2018-ലും സംസ്ഥാനം ആവശ്യപ്പെട്ടത് പ്രകാരമാണ് 2018 ഒക്ടോബറിൽ ന്യൂനപക്ഷ മന്ത്രാലയം ഇക്കാര്യം അംഗീകരിച്ചത്. റൺവേ വികസനത്തിനായി 2015 മേയ് മാസം ഒന്നാം തീയതി കോഴിക്കോട് വിമാനത്താവളത്തിൽനിന്നും നിർത്തലാക്കിയ വലിയ വിമാന സർവ്വീസുകൾ മൂന്നര വർഷത്തിനുശേഷം കഴിഞ്ഞ വർഷമാണ് പുനരാരംഭിച്ചത്. കോഡ്-ഇ ശ്രേണിയിൽപ്പെട്ട വലിയ വിമാനങ്ങൾ ഉപയോഗിച്ചുള്ള സർവ്വീസും പുനരാരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ ആറ് മാസത്തിനിടെ സൗദി എയർലൈൻസ്, ഫ്ലൈ ദുബായ്, ഗൾഫ് എയർ എന്നീ വിമാന സർവ്വീസുകൾ പുതുതായി ആരംഭിച്ചു. ഈ വർഷം മുതൽ കരിപ്പൂർ വിമാനത്താവളത്തെ ഹജ്ജ് എംബാർക്കേഷൻ പോയിന്റായി പുനഃസ്ഥാപിച്ചുകൊണ്ട് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം ഉത്തരവായിട്ടുണ്ട്. എമിറേറ്റ്സ്, എയർ ഇന്ത്യ തുടങ്ങിയ വിമാനക്കമ്പനികൾക്ക് വലിയ വിമാനങ്ങൾ ഉപയോഗിച്ചുള്ള വിമാന സർവ്വീസ് നടത്തുന്നതിനാവശ്യമായ അനുമതി കേന്ദ്ര വ്യോമയാന വകുപ്പ് ലഭ്യമാക്കുമെന്ന് പ്രതിക്ഷിക്കുന്നു. വിമാനത്താവളത്തിലെ പുതിയ അന്താരാഷ്ട്ര അറൈവൽ ബ്ലോക്ക് കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇവിടെ ഒരേസമയം 5000 പേരെ ഉൾക്കൊള്ളാൻ സാധിക്കും. 2015-16-ൽ യാത്രക്കാരുടെ എണ്ണത്തിൽ 10.76 ശതമാനം കുറവുണ്ടായിരുന്നത് 2016-17-ൽ 15 ശതമാനമായും 2017-18 -ൽ 18.01 ശതമാനമായും വർദ്ധിച്ചു. 2017-18-ൽ യാത്രക്കാരുടെ എണ്ണം 32 ലക്ഷമായിരുന്നത് 2018-19-ൽ 34 ലക്ഷമായി ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്. റൺവേയുടെ ദൈർഘ്യം വർദ്ധിപ്പിക്കണമെന്ന ശിപാർശ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചുവെങ്കിലും നിലവിലുള്ള ചട്ടങ്ങൾ പാലിച്ചുകൊണ്ട് പ്രസ്തുത ശിപാർശ പുനഃസമർപ്പിക്കുവാൻ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയം നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ശിപാർശ സമർപ്പിക്കുന്നതിന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ ചെയർമാനോടും കോഴിക്കോട് എയർപോർട്ട് ഡയറക്ടറോടും അഭ്യർത്ഥിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി വിമാനത്താവളങ്ങൾ അൺസെർവ്ഡ്, അണ്ടർസെർവ്ഡ് വിമാനത്താവളങ്ങളല്ലാത്തതിനാൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ലാൻഡിംഗ് ഫീസിലും പാർക്കിംഗ് ഫീസിലും ഹാന്റ്ലിഗ് ചാർജിലും ഇളവ് വരുത്തിക്കൊണ്ട് ഈ ആവശ്യം ഉന്നയിക്കാത്തതിനാലാണ് ഈ

വിമാനത്താവളങ്ങളെ 'ഉഡാൻ (UDAN)' പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാത്തത്. കണ്ണൂർ വിമാനത്താവളം ഗ്രീൻഫീൽഡ് വിമാനത്താവളം ആയതിനാൽ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഭാരിച്ച ചെലവ് വരും. പുതിയ വിമാനത്താവളം ആയതിനാലും 'ഉഡാൻ' പദ്ധതിയിൽ ഉൾപ്പെടേണ്ടതിനാലുമാണ് ഇന്ധന നികുതി 10 വർഷത്തേയ്ക്ക് ഒരു ശതമാനമായി കുറയ്ക്കാൻ തീരുമാനിച്ചത്.

ഡോ. എം. കെ. മുനീർ: സർ, വിമാനത്താവളങ്ങളുടെ ഇന്ധന നികുതി കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് 2017-ൽ ക്യാബിനറ്റ് എടുത്ത ഒരു തീരുമാനമുണ്ട്. 2017 സെപ്റ്റംബർ 29-ന് ക്യാബിനറ്റിൽ വന്നത്, എല്ലാ വിമാനത്താവളങ്ങളിലും ഒരു ശതമാനമാക്കി വാറ്റ് കുറയ്ക്കണമോ എന്ന വിഷയമാണ്, VAT on Aviation Turbine Fuel may be reduced to 1% in respect of regional connectivity scheme flights by overruling the opinion of the Finance Department? അന്ന് ഫിനാൻസ് ഡിപ്പാർട്ട്മെന്റ് എതിർത്തു. അത് ക്യാബിനറ്റിലേക്ക് കൊണ്ടുവന്നത് ടാക്സസ് ഡിപ്പാർട്ട്മെന്റാണ്. 2017-ൽ ടാക്സസ് ഡിപ്പാർട്ട്മെന്റ് ഒരു ശതമാനമാക്കി കുറയ്ക്കുന്നതിനുവേണ്ടി കൊണ്ടുവന്നപ്പോൾ, അത് സാധിക്കാത്തതിനാൽ ക്യാബിനറ്റ് അഞ്ച് ശതമാനമാക്കി കുറയ്ക്കാൻ തീരുമാനിച്ചു. കേരളത്തിലുള്ള കണ്ണൂർ എയർ പോർട്ടിന്റെ ഉദ്ഘാടനം അന്ന് നടന്നിട്ടില്ല. കണ്ണൂർ എയർപോർട്ടിന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നതിന് മുമ്പ് 27-9-2017-ൽ അഞ്ച് ശതമാനമാക്കി എല്ലാ എയർപോർട്ടുകളിലേയും ഫ്യൂവൽ ടാക്സ് കുറയ്ക്കാൻ തീരുമാനിച്ചിട്ടും ഗസറ്റ് നോട്ടിഫിക്കേഷൻ ഇറങ്ങിയിട്ടും ഇത്രയും കാലമായി എന്തുകൊണ്ട് അഞ്ച് ശതമാനമായി കുറച്ചില്ല; ഇപ്പോഴും എല്ലാ എയർപോർട്ടുകളിലും 29 ശതമാനമാണ് ഫ്യൂവൽ ടാക്സ്. എന്നാൽ കുറച്ചുനാളുകൾക്കുശേഷം കണ്ണൂർ എയർപോർട്ട് ആരംഭിച്ചപ്പോൾ ഒരു ശതമാനമാക്കി മാറ്റാമെന്ന് ഒരു തീരുമാനം വന്നിരിക്കുന്നു. ഇപ്പോൾത്തന്നെ വിവിധ സംസ്ഥാനങ്ങൾ പരിശോധിച്ചാൽ, ആദ്യം ആന്ധ്രാപ്രദേശാണ് ഈ നിർദ്ദേശവുമായി വരികയും അവരുടെ എയർപോർട്ടുകളിൽ ഫ്യൂവൽ ടാക്സുകൾ ഒരു ശതമാനമാക്കി കുറയ്ക്കുകയും ചെയ്തത്. അതിനുശേഷം പിന്നീട് വിവിധ സംസ്ഥാനങ്ങൾ അത് ഏറ്റെടുത്തു. ശ്രീ. സിദ്ധരാമയ്യ കർണ്ണാടകത്തിലെ എല്ലാ എയർപോർട്ടുകളിലും ഒരു ശതമാനമാക്കാൻ തീരുമാനിച്ചു. കേരളത്തിൽ മാത്രം 5 ശതമാനമാക്കാൻ തീരുമാനിച്ചിട്ട് ആ തീരുമാനം പോലും പിൻവലിച്ചു. കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിന്റെ എം.ഡി-യായ ശ്രീ. വി.ജെ. കുര്യനാണ് അന്ന് ആദ്യമായി ഇത് ഒരു ശതമാനമാക്കണമെന്ന അഭ്യർത്ഥന വച്ചത്. എന്നാൽ അഞ്ച് ശതമാനമാക്കിക്കൊടുത്തപ്പോൾ, അങ്ങനെ ചെയ്താൽ നമുക്ക് എല്ലാ ആനുകൂല്യങ്ങളും കിട്ടില്ലെന്നും അതുകൊണ്ട് ഒരു ശതമാനമാക്കിതന്നെ കുറയ്ക്കണമെന്ന് അദ്ദേഹം വീണ്ടും പറഞ്ഞു. എന്നാൽ ആ തീരുമാനമൊന്നും നടപ്പിലാക്കായില്ല. 2017-ൽ എന്തടിസ്ഥാനത്തിലാണ് അഞ്ച് ശതമാനമായി കുറച്ചത്? ഇപ്പോഴും എന്താണ്

സംഭവിക്കുന്നത്; ഫ്യുവൽ ടാക്സ് കുറയ്ക്കുന്നതും ഉഡാനുമായി ബന്ധപ്പെടുത്തേണ്ട ആവശ്യമില്ല. ഇപ്പോഴും നമുക്ക് കൂടുതൽ വിമാനങ്ങൾ ലാഭകരമായി പോകുന്നതിനു വേണ്ടി ടാക്സ് കൊടുക്കാനും കുറയ്ക്കാനും എല്ലാ അർത്ഥത്തിലും സാധിക്കുമെന്നുള്ള സൂചനയാണ് 2017-ൽ ഇത് കുറയ്ക്കാൻ എടുത്ത തീരുമാനം. പക്ഷേ ആ തീരുമാനം നടപ്പിലാക്കിയില്ല. അതുകൊണ്ട് ഇപ്പോൾ എന്ത് സംഭവിക്കുന്നു? ഇപ്പോൾത്തന്നെ കോഴിക്കോട്നിന്നും ഹൈദ്രാബാദിലേക്കും ചെന്നൈയിലേക്കും ബാംഗ്ലൂരിലേക്കും പോകുന്ന മൂന്ന് ഫ്ലൈറ്റുകൾ ക്യാൻസൽ ചെയ്തിട്ടുണ്ട്. വരുംകാലങ്ങളിൽ അതുപോലെതന്നെ ഭീകരമായ റേറ്റ് ചെയ്ഞ്ചിലേയ്ക്ക് വരുന്നതോടെ ആളുകൾ കോഴിക്കോട് വിമാനത്താവളത്തെ ബഹിഷ്കരിക്കുവാൻ തീരുമാനിക്കുന്ന ഒരവസ്ഥ വരും. ഗ്രീൻഫീൽഡ് എയർപോർട്ടിന് ഒരു പോളിസി തന്നെയുണ്ട്. ആ പോളിസി പ്രകാരം ടാക്സ് കുറയ്ക്കുക മാത്രമല്ല, അവിടത്തെ ലാൻഡ് യൂട്ടിലൈസ് ചെയ്യുന്നതിനു വേണ്ടി, റിയൽ എസ്റ്റേറ്റ് തുടങ്ങുന്നതിനുവേണ്ടി പെർമിറ്റ് ചെയ്യുന്ന വിശാലമായ ഒരു പോളിസി ഗ്രീൻഫീൽഡ് എയർപോർട്ട് പോളിസി എന്നുപറഞ്ഞ് ഡിക്ലെയർ ചെയ്തിട്ടുണ്ട്. പാരിസ്ഥിതിക പ്രതിസന്ധിയൊന്നുമില്ലാതെ പുതിയതായി തുടങ്ങുന്ന ഒരു എയർപോർട്ടിനെയാണ് ഗ്രീൻഫീൽഡ് എന്നുപറയുന്നത്. ഗ്രീൻഫീൽഡിനുള്ള ചെലവിനെക്കാൾ ഏറ്റവും കൂടുതൽ ചെലവ് വരുന്നത് ഒരു ടേബിൾ ടോപ്പിനാണ്. ടേബിൾ ടോപ്പിനെ സംബന്ധിച്ചിടത്തോളം, കോഴിക്കോട് വിമാനത്താവളം എന്നുപറയുന്നത് എല്ലാ സ്ഥലത്തേയും വാണിജ്യ വ്യവസായ സംരംഭങ്ങളെയും പിടിച്ച് നിർത്തുന്ന ഒരു എയർപോർട്ടാണ്. കണ്ണൂർ എയർപോർട്ട് നന്നാകുന്നതിനെ തിരായല്ല ഞങ്ങൾ സംസാരിക്കുന്നത്. പക്ഷെ കണ്ണൂരിന് മാത്രമായി ഒരു തീരുമാനം ഉണ്ടാകരുത്. അങ്ങ് കേരളത്തിന്റെ മുഖ്യമന്ത്രിയായി നിൽക്കണം, കണ്ണൂർ ജില്ലയുടെ മാത്രം മുഖ്യമന്ത്രിയായി നിൽക്കാൻ പാടില്ല. കേരളത്തിലുള്ള മുഴുവൻ എയർപോർട്ടുകൾക്കും ഇത് ചെയ്യില്ലെന്നുള്ള തീരുമാനം എടുക്കാൻ പറ്റില്ല. കാരണം, മുമ്പ് എടുത്ത തീരുമാനവും ഗസറ്റ് നോട്ടിഫിക്കേഷനും ഒരു ഭാഗത്ത് നിൽക്കുന്നു. അതെങ്ങനെ ഫ്രീസ് ചെയ്യപ്പെട്ടുപോയി എന്നുള്ളതിനാണ് ഞങ്ങൾക്ക് മറുപടി കിട്ടേണ്ടത്. അഞ്ച് ശതമാനമാക്കി കുറച്ചിട്ടും ഇപ്പോഴും 29 ശതമാനത്തിൽ എങ്ങനെ നിൽക്കുന്നുവെന്നുള്ളത് ഉത്തരം കിട്ടാത്ത ഒരു ചോദ്യമാണ്. എന്നാൽ ഒരു സുപ്രഭാതത്തിൽ ഒരു വിമാനത്താവളംമാത്രം തീരുമാനത്തിന് വിരുദ്ധമായി അഞ്ചിൽ നിന്ന് ഒന്നിലേയ്ക്ക്, നിങ്ങൾ ഫ്രീസ് ചെയ്തതിൽനിന്നും രക്ഷപ്പെടുത്തി, എങ്ങനെയാണ് ഒരു വിമാനത്താവളത്തെ മാത്രം കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തിക്കുന്നത്; അങ്ങ് എടുത്ത താല്പര്യത്തെ ഞങ്ങൾ ബഹുമാനിക്കുന്നു. പക്ഷെ ഇതിനുവേണ്ടി എടുക്കുന്നത് അമിത താല്പര്യമാണ്. ഉഡാൻ എന്നുപറഞ്ഞാൽ എന്താണ്? അത് ഡൊമസ്റ്റിക് എയർപോർട്ടുകൾക്കുള്ളതാണ്. പക്ഷേ, കണ്ണൂർ വിമാനത്താവളത്തിന് അങ്ങയുടെ സമ്മർദ്ദത്തിൽ ഇന്റർനാഷണൽ ഫ്ലൈറ്റ്സുണ്ട്.

ഇത് ഉഡാൻ ആണോയെന്ന് ചോദിച്ചാൽ ഉഡാനാണ്, ഉഡാൻ അല്ലേയെന്ന് ചോദിച്ചാൽ ഉഡാൻ അല്ല. അങ്ങനെയുള്ള ഒരു അവസ്ഥയിൽ നിൽക്കുന്ന എയർപോർട്ടായി കണ്ണൂർ എയർപോർട്ട് മാറിയിട്ടുണ്ട്. അതിന് ധാരാളം താല്പര്യമെടുക്കുന്നുണ്ട്. ഇതേ താല്പര്യത്തിന്റെ ഒരംശം മാത്രമേ ഞങ്ങൾ കോഴിക്കോട് എയർപോർട്ടിന് ചോദിക്കുന്നുള്ളൂ. എല്ലാ എയർപോർട്ടുകൾക്കും ഇത് ബാധകമാണെന്ന് അങ്ങ് തീരുമാനിച്ചിട്ടും കൊച്ചി എയർപോർട്ട് ഇതിനുവേണ്ടി എത്രയോ കാലമായി ആവശ്യപ്പെട്ടിട്ടും അതിനെ എന്തുകൊണ്ട് നിരാകരിക്കുന്നു; വരും ദിവസങ്ങളിൽ ഇത് കൂടുതൽ ലാഭകരമായി വരുമെന്ന് അങ്ങ് പറഞ്ഞല്ലോ; പക്ഷേ അവിടത്തെ ഫ്ലൈറ്റ്സ് മുഴുവനായി ക്യാൻസൽ ചെയ്ത് ഇനി ചാർട്ടേർഡ് ഫ്ലൈറ്റ്സ് മാത്രം ഓപ്പറേറ്റ് ചെയ്യുന്ന ഒരു എയർപോർട്ടായി കോഴിക്കോട് എയർപോർട്ട് മാറാൻ പോകുന്നുവെന്ന ഭയപ്പാടിലാണ് ഞങ്ങൾ. വികസനത്തെക്കുറിച്ച് അങ്ങ് പറഞ്ഞു, എന്തുകൊണ്ടാണ് അവിടെ എതിർപ്പ് വന്നത്? ഒരു ദിവസം പറയും ഇത്ര ലാന്റ് വേണം, പിറ്റേദിവസം അതല്ല അതിനപ്പുറം വേണമെന്ന് പറയും. അപ്പോൾ അവിടെയുള്ള ജനങ്ങൾ നീങ്ങി നീങ്ങി പോകുകയാണ്. അവർ ചോദിക്കുന്ന ഒറ്റ കാര്യമേയുള്ളൂ. നിങ്ങൾ അന്തിമമായി എത്ര ലാന്റ് എടുക്കുന്നുവെന്ന് പറയുക, അത് 137 ഏക്കറാണെങ്കിൽ അതിന് അവർക്ക് പ്രശ്നമില്ല. കാലാകാലത്തേയ്ക്ക് അത് മതിയെന്ന് പറയുകയാണെങ്കിൽ അവരതിന് തയ്യാറാകുമെന്നാണ് എന്റെ വിശ്വാസം. ഓരോ പ്രാവശ്യവും മുന്നോട്ടു പോകുന്നതുകൊണ്ട്, എന്നാണ് ഞങ്ങളുടെ മേലുള്ള അക്വിസിഷൻ പേടി അവസാനിക്കുക എന്നാണ് അവർ ചോദിക്കുന്നത്; അപ്പോൾ വികസനവുമായി ബന്ധപ്പെട്ട് അവിടെയുള്ള ആളുകൾ മുഴുവൻ സഹകരിക്കുമെന്നുള്ള ഒരു ഉറച്ച വിശ്വാസത്തിലാണ് നമ്മൾ. അതിന് ഒരുമിച്ചുനിന്നുകൊണ്ട് സഹായിക്കാൻ തയ്യാറുമാണ്. പക്ഷെ, അതല്ലല്ലോ; അതിനപ്പുറമൊന്നും ചെയ്തുകൊടുക്കേണ്ട കാര്യമില്ല. നമുക്ക് ഓർമ്മയില്ലേ; എത്ര പ്രയാസപ്പെട്ടാണ് ഒരു വൈഡ്ബോഡി അവിടെ ഇറക്കുന്നതിനുള്ള സമ്മർദ്ദം ചെലുത്തിയത്, അത് ജനകീയപ്രക്ഷോഭമായി മാറി, സമ്മർദ്ദങ്ങളുണ്ടായി, അങ്ങനെയാണ് വീണ്ടും നമുക്ക് വൈഡ്ബോഡി തിരിച്ചുകിട്ടിയിരിക്കുന്നത്. മാത്രമല്ല ഹജ്ജ് എംബാർക്കേഷൻ പോയിന്റ് പോയി, അത് തിരിച്ചുകിട്ടാൻ എല്ലാവരും കൂട്ടായി പ്രയത്നിച്ചിട്ടുണ്ട്. പക്ഷെ, ഇപ്പോൾ സ്റ്റേറ്റ് ഗവൺമെന്റിന് ചെയ്യാൻ പറ്റുന്ന കാര്യത്തിൽ ഗവൺമെന്റ് എന്തുകൊണ്ട് മുൻകയ്യെടുക്കുന്നില്ല. ഒരു ശതമാനമാക്കിയാലുള്ള ഗുണം എന്താണെന്നറിയാമോ; ഇപ്പോൾ 30 ശതമാനമാക്കി എന്നു വയ്ക്കുക, അല്ലെങ്കിൽ 29 ശതമാനമാണെങ്കിൽ ഫ്ലൈറ്റ്സ് വരാതിരിക്കുകയും ടാക്സ് കിട്ടാതിരിക്കുകയുമാണ് ചെയ്യുന്നത്. അതേസമയം എല്ലായിടത്തും ഒരു ശതമാനത്തിൽ കൊണ്ടുവന്നാൽ കൂടുതൽ ഫ്ലൈറ്റ്സ് വരികയും ചെയ്യും. ഇപ്പോൾ ഫ്യൂവൽ നിറയ്ക്കാൻ പോകുന്നത് ശ്രീലങ്കയിലാണ്. ശ്രീലങ്കയിൽ പോയി ഫ്യൂവൽ നിറയ്ക്കുന്ന ഫ്ലൈറ്റ്സിനെ ഇങ്ങോട്ടേയ്ക്ക് ആകർഷിക്കാൻ പറ്റുന്ന

രീതിയിൽ നമ്മുടെ എയർപോർട്ടുകളെ മാറ്റണം. എല്ലാ സംസ്ഥാനത്തും അത് ചെയ്തിട്ടുണ്ട്. ഒരു എയർപോർട്ട് മാത്രമല്ല കർണ്ണാടകയിൽ, ആന്ധ്രപ്രദേശിൽ എല്ലാമുണ്ട്. അതുകൊണ്ട് ഈ ചെറിയൊരു ജില്ലയ്ക്ക് മാത്രമായി നിൽക്കുന്നൊരു മുഖ്യമന്ത്രിയാകാതെ, അങ്ങ് കേരളത്തിന്റെ മുഖ്യമന്ത്രിയായി നിന്നുകൊണ്ട്, 2017-ൽ ഞങ്ങൾ 5 ശതമാനമാക്കാൻ തീരുമാനിച്ചത് പോലെതന്നെ എല്ലാ എയർപോർട്ടുകൾക്കും ഒരു ശതമാനമാക്കാൻ തീരുമാനിച്ചിരിക്കുന്നുവെന്ന് പറഞ്ഞാൽ കരിപ്പൂർ വിമാനത്താവളം രക്ഷപ്പെടും. നമ്മൾ മനസ്സിലാക്കേണ്ടത് കണ്ണൂർ, കൊച്ചിൻ എയർപോർട്ടുകൾ സ്വകാര്യ കമ്പനിയാണ്. ഇപ്പോഴത്തെ ബഡ്ജറ്റിൽ കോർപ്പറേറ്റ്, ബഹുരാഷ്ട്രം എന്നൊക്കെ പറഞ്ഞിട്ടുണ്ട്. പൊതുമേഖലയോടുള്ള താല്പര്യം കുറഞ്ഞോ? പൊതു മേഖലയിൽ നിൽക്കുന്ന ഏക എയർപോർട്ടിനെ തകർക്കരുത്. അങ്ങ് ഈ ഒറ്റ തീരുമാനമെടുത്താൽ ആ എയർപോർട്ടിനെ തിരിച്ച്, പഴയ പ്രതാപത്തിലേയ്ക്ക് കൊണ്ടുവരുവാൻ നമുക്ക് സാധിക്കും. ടേബിൾ ടോപ്പിനാണ് ഗ്രീൻ ഫീൽഡ് എയർപോർട്ടിനെക്കാൾ കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടതെന്ന് പറഞ്ഞുകൊണ്ട് മറുപടിയിൽ അങ്ങ് ഈ കാര്യം ഉൾപ്പെടുത്തുമെന്ന വിശ്വാസത്തിൽ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച്ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാന്യനായ ഡോ. എം. കെ. മുനീർ ഒരു തെറ്റായ ചിത്രം വരച്ചുകാട്ടാനുള്ള ശ്രമമാണ് ഇവിടെ നടത്തിയത്. കോഴിക്കോട് എയർപോർട്ടിന്റെ വികസനം തടയപ്പെട്ടത് എങ്ങനെയാണ് എന്നത് അദ്ദേഹം അറിയാത്തതല്ല. അദ്ദേഹത്തിനാണ് അത് ഏറ്റവും കൂടുതൽ നന്നായി അറിയുന്നത്. അവിടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നം അതീവ ഗൗരവമായി ഉയർന്നുവന്നിരുന്നു. സ്ഥലമെടുക്കുന്നതിന് വലിയ എതിർപ്പ് ഉയർന്നുവന്നു. ആരായിരുന്നു ആ എതിർപ്പിന്റെ കൂടെ; അദ്ദേഹം പ്രകടിപ്പിച്ച വികാരത്തിന്റെ നേരിയ അംശമെങ്കിലും ഉണ്ടെങ്കിൽ ഇപ്പോൾ ആ ശബ്ദം ഉയർത്തുന്നവർ ആ സ്ഥലമെടുക്കുന്നതിനല്ലേ കൂടെ നിൽക്കേണ്ടിയിരുന്നത്; പൂർണ്ണമായും അതിൽ നിന്നും മാറി നിൽക്കുകയല്ലേ ചെയ്തത്; ഒരു നടപടിയും സ്വീകരിക്കാതിരുന്നു. എന്തുകൊണ്ടാണ് അവിടെ അങ്ങനെയൊരു നിലപാടിലേയ്ക്ക് പോയത്? അങ്ങനെ ഒരു കാലം ഇവിടെ ഉണ്ടായല്ലോ; ആ കാലത്തിന് ശേഷം എപ്പോഴാണ് അതിന് ജീവൻ വച്ചത്; ആ സ്ഥലം എടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സമഗ്രമായ നടപടികൾ ഉണ്ടായത് എപ്പോഴാണ്? എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് അവിടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ഇടപെടലുണ്ടാകുന്നത്. ആ കാര്യത്തിൽ മാത്രമല്ല, ഇതുപോലെ മുടങ്ങിക്കിടന്ന എല്ലാ കാര്യങ്ങളിലുമുണ്ടായി. ഈ വിഷയത്തിൽ ബന്ധപ്പെട്ട ജനപ്രതിനിധികളുമായും മറ്റും ചർച്ച ചെയ്യുന്നതിനായി ബഹുമാന്യനായ മന്ത്രി ഡോ. കെ. ടി. ജലീൽ

അവിടെ പോയി, കാര്യങ്ങൾ ചർച്ച ചെയ്തു. എന്നിട്ടും എതിർപ്പിന് വലിയ മാറ്റമുണ്ടായോ? ഇവിടെ, നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വികസനത്തിന് ഒഴിച്ചുകൂടാനാകാത്തതാണ് കോഴിക്കോട് എയർപോർട്ടിന്റെ വികസനമെന്ന് മനസ്സിലാക്കണ്ടേ; അത് മനസ്സിലാക്കാൻ തയ്യാറായില്ലല്ലോ; അതിന്റെ ഭാഗമായല്ലേ ആ വികസനം തടസ്സപ്പെട്ടത്. ഇപ്പോൾ ആകെ വേണ്ടത് 136 ഏക്കർ സ്ഥലമാണ്. അതുസംബന്ധിച്ച നിലപാട് വ്യക്തമായതിനുശേഷവും കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനല്ലേ കൂടെ നിൽക്കേണ്ടത്; അതിനല്ലേ വേഗത കൂട്ടേണ്ടത്; അതിന്റെ കൂടെയല്ലേ അണിനിരക്കേണ്ടത്? ബഹുമാന്യനായ ഡോ. എം. കെ. മുനീറിനെപ്പോലുള്ളവരും അവിടെയുള്ള ജനപ്രതിനിധികളും എല്ലാവരും ഈ കാര്യത്തിനല്ലേ അണിനിരക്കേണ്ടത്; എന്തുകൊണ്ടാണ് അത്തരമൊരു നടപടി സ്വീകരിക്കാത്തത്? കണ്ണൂർ എയർപോർട്ടിന്റെ കാര്യത്തിൽ ഞാൻ അമിത താൽപ്പര്യമെടുക്കുന്നുവെന്നാണ് ഇവിടെ പറയുന്നത്. അമിതമായ താൽപ്പര്യമെടുത്തിട്ടുണ്ട്. ഒരു പുതിയ വിമാനത്താവളം വരണമെന്ന കാര്യത്തിൽ അമിത താൽപ്പര്യമെടുക്കാൻ പാടില്ലേ? കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാകുന്നതിനുവേണ്ടി താൽപ്പര്യമെടുത്തിട്ടുണ്ട്. അത് ഈ നാടിന്റെ വികസനത്തിന് ആവശ്യമല്ലേ; ഈ നാടിന്റെ വികസനത്തിന് ആവശ്യമല്ല എന്നാണോ പറയുന്നത്; കണ്ണൂർ വിമാനത്താവളത്തിന്റെ കാര്യത്തിൽ മാത്രമല്ല, ഇനി ശബരിമലയിൽ ഒരു വിമാനത്താവളം ആരംഭിക്കാൻ സാധിക്കുമോ എന്നുള്ളതും നമ്മൾ നോക്കുന്നില്ലേ; ഈ നാട്ടിൽ വിമാനത്താവളങ്ങൾ വരുന്നതിൽ എന്താണ് തെറ്റ്? ......... (ബഹളം)..........

തിരുവനന്തപുരം വിമാനത്താവളത്തിന്റെ കാര്യത്തിൽ ഫലപ്രദമായ നടപടിയല്ലേ എടുത്തുകൊണ്ടിരിക്കുന്നത്? ആറന്മുളയെ സംബന്ധിച്ച് എന്താണ് പ്രശ്നം; ആറന്മുളയെ അറിയാത്തവരാണോ നിങ്ങൾ? എന്നിട്ട് ആറന്മുളയാണ് തികട്ടി വരുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിന് ഏറ്റവും പ്രാധാന്യമുള്ള കാര്യങ്ങളിലാണ് സംസ്ഥാന സർക്കാർ ഇടപെടുന്നത്. അതിലെന്താണ് തെറ്റ്? .... (ബഹളം)....

<u>മി. സ്പീക്കർ</u>: ഡോ. എം. കെ. മുനീർ സംസാരിച്ചപ്പോൾ ഇവിടെ എല്ലാവരും പരിപൂർണ്ണ നിശ്ശബ്ദരായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമ്പോഴും നിങ്ങൾ ആ സഹിഷ്ണുത കാണിക്കണം ....പ്ലീസ്...

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സംസ്ഥാനത്തിന്റെ വികസനത്തിനാവശ്യമായ ഇടപെടലുകളാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. നേരത്തേ പറഞ്ഞതു പോലെ, കണ്ണൂർ വിമാനത്താവളം ഒരു പുതിയ വിമാനത്താവളമാണ്. 'ഉഡാൻ' പദ്ധതിയിൽ ആ വിമാനത്താവളം ഉൾപ്പെടുന്നതിന്റെ ഭാഗമായി ഇന്ധന നികുതി ഒരു

ശതമാനമാക്കി കുറച്ചുവെന്നുള്ളത് വസ്തുതയാണ്. അത് കോഴിക്കോടിനും കൊച്ചിക്കും തിരുവനന്തപുരത്തിനും ബാധകവുമായിരുന്നില്ല എന്നതാണ് വസ്തുത. മറ്റ് വിമാനത്താവളങ്ങൾ എത്രയോ കാലമായി നിലനിൽക്കുകയാണ്. ഇതൊരു പുതിയ വിമാനത്താവളമെന്ന നിലയ്ക്ക് ഒരു പ്രോത്സാഹന നടപടി 'ഉഡാൻ' പദ്ധതിയുടെ ഭാഗമായിക്കൂടി സ്വീകരിച്ച ഒരു കാര്യമാണ്. അതാണ് ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് ഇക്കാര്യം ഏതെങ്കിലും തരത്തിൽ കോഴിക്കോട് വിമാനത്താവളത്തെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ് എന്ന് ആശങ്കപ്പെടേണ്ടതായിട്ടില്ല. എല്ലാ തരത്തിലും കോഴിക്കോട് വിമാനത്താവളത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അത് അദ്ദേഹം തന്നെ സമ്മതിച്ച കാര്യമാണ്. അവിടെ വലിയ വിമാനങ്ങൾ ഇപ്പോൾ ഇറങ്ങുന്നതും ഹജ്ജ് എംബാർക്കേഷന്റെ ഭാഗമായി നടപടികൾ വന്നതുമെല്ലാം അദ്ദേഹംതന്നെ സമ്മതിച്ചിട്ടുണ്ട്. അതിനൊക്കെ സംസ്ഥാന സർക്കാരല്ലേ ഫലപ്രദമായി ഇടപെട്ടത്; എത്രവട്ടമാണ് സിവിൽ വ്യോമയാന മന്ത്രിയെയും പ്രധാനമന്ത്രിയെയും അടക്കം കണ്ടത്; സിവിൽ വ്യോമയാന വകുപ്പ് സെക്രട്ടറിയുമായി എത്ര തവണ ചർച്ച ചെയ്തു; ഇതൊക്കെ ഒരു സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമല്ലേ? ആ ഉത്തരവാദിത്വം ഞങ്ങൾ ശരിയായി നിറവേറ്റുന്നുണ്ട്. ഒരാശങ്കയും വേണ്ട. കോഴിക്കോട് വിമാനത്താവളത്തെ കൂടുതൽ വികസനത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ നടപടി തന്നെയാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞ കാര്യങ്ങൾക്കല്ല ബഹുമാന്യനായ മുഖ്യമന്ത്രി മറുപടി പറഞ്ഞത്. കേരളത്തിൽ മാത്രമാണ് നാല് ഇന്റർനാഷണൽ എയർപോർട്ടുകളുള്ളത്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത്രയും വലിയ ഒരു മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് കേരളീയരായ നമുക്ക് അഭിമാനിക്കാൻ കഴിയുന്ന കാര്യമാണ്. തിരുവനന്തപുരം, കൊച്ചി, കണ്ണൂർ, കോഴിക്കോട് എന്നിങ്ങനെ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളുള്ള മറ്റൊരു സംസ്ഥാനം ഇന്ത്യയിലില്ല. ഈ നാല് വിമാനത്താവളങ്ങളും പുരോഗമിക്കണം, വികസിക്കണം എന്നുള്ള കാര്യത്തിൽ ഇവിടെ ആർക്കും തർക്കമില്ല. കണ്ണൂർ എയർപോർട്ടിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്തോ വലിയ താൽപ്പര്യമെടുത്തു എന്നുള്ള ആക്ഷേപം ഉന്നയിച്ചുവെന്ന് അദ്ദേഹം ഇവിടെ പറഞ്ഞു. അങ്ങനെയൊരു ആക്ഷേപവും ആരും ഇവിടെ ഉന്നയിച്ചിട്ടില്ല.

കണ്ണൂർ എയർപോർട്ടിന്റെ പണി എൺപത് ശതമാനവും പൂർത്തിയാക്കിയത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാരായിരുന്നു. തുടർച്ചയായി വന്നൊരു സർക്കാർ എന്ന നിലയിൽ നിങ്ങൾ അത് പൂർത്തിയാക്കിക്കാണും, ഇല്ലെന്ന് ഞാൻ പറയുന്നില്ല. ശബരിമലയിൽ പുതിയ എയർപോർട്ട് വേണമെന്ന് ആഗ്രഹിച്ചു കൊണ്ട് അതിനുവേണ്ടി ആറന്മുളയിൽ സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള നടപടികൾ നടത്തിയതും മുൻ സർക്കാരായിരുന്നു. ഇപ്പോൾ എവിടെയാണ് സ്ഥലമെടുക്കുന്നത് എന്ന് നിങ്ങൾ പറഞ്ഞിട്ടില്ലല്ലോ. അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിയാണ് എടുക്കാൻ പോകുന്നത് എന്നുള്ള വാർത്തകൾ പത്രത്തിൽ വരുന്നുണ്ട്. അത് വന്നതിനുശേഷം നമുക്ക് അഭിപ്രായം പറയാം. പക്ഷേ, കേരളത്തിൽ ഇനിയും ഒന്നോ രണ്ടോ എയർപോർട്ടുകൾ വരുന്നത് ഇവിടെ എല്ലാവരും സ്വാഗതം ചെയ്യുന്ന കാര്യമാണ്. കാരണം, നമ്മുടെ നാട്ടിൽനിന്നാണ് ഏറ്റവും കൂടുതൽ ആളുകൾ വിദേശത്ത് പോകുന്നത്. ഇവിടെ എയർപോർട്ട് കൂടുതൽ വേണമെന്നുള്ളതിൽ അവർക്ക് താൽപ്പര്യമുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിക്ക് അത് അനിവാര്യവുമാണ്. പക്ഷേ ഇവിടത്തെ പ്രശ്നം അതല്ല, ഇന്ധന നികുതി കുറയ്ക്കുക എന്നുള്ളതാണ്. കേന്ദ്ര സർക്കാരാണ് Aviation Turbine Fuel (ATF) ഒരു ശതമാനമായി കുറയ്ക്കണമെന്നാവശ്യപ്പെട്ടത്. സിവിൽ ഏവിയേഷൻ എക്സ്പെർട്ടുകളുടെ അഭിപ്രായമെന്താണ്. Aviation experts pointed out that bringing down ATF's tax would lead to reduction in fares and attracting more aircraft and enhancing fuel intake. "About 300 aircraft are flying over Kerala skies everyday. ഇന്ധന നികുതി കുറച്ചാൽ കൂടതൽ വിമാനങ്ങൾ ഇവിടെ ഇന്ധനം എടുക്കാൻവേണ്ടി വരും. മൂന്നൂറ് വിമാനങ്ങൾ കേരളത്തിന് മുകളിലൂടെ പറക്കും. Thiruvananthapuram is even the mid-point of the busy Gulf-Singapore sector. If the State could offer ATF at competitive rates, many of these flights may prefer to take fuel from here and the state could get more income from tax. ഫ്യൂവൽ ടാക്സ് കുറച്ചാൽ ശ്രീലങ്കയിലും മറ്റ് സ്ഥലങ്ങളിലും പോയി ഇന്ധനം നിറയ്ക്കുന്ന എയർക്രാഫ്റ്റുകൾ തിരുവനന്തപുരത്തോ, കൊച്ചിയിലോ കോഴിക്കോടോ വരും. അങ്ങനെ വന്നാൽ ഇൻകം ടാക്സ് സംസ്ഥാന സർക്കാരിന് കൂടുതൽ കിട്ടും. ഇവിടെ ബഹുമാന്യനായ ഡോ. എം. കെ. മുനീർ ഉന്നയിച്ചത് 27-9-2017-ലെ മന്ത്രിസഭാ തീരുമാനമാണ്. ഈ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ നിന്ന് വന്നപ്പോൾ ധനകാര്യ വകുപ്പ് എതിർത്തു. കാരണം 100 കോടി രൂപയുടെ നഷ്ടമുണ്ടാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇത് ക്യാബിനറ്റിൽ വച്ചു. അജണ്ട നം. 1471 ആയിട്ടുള്ള ക്യാബിനറ്റ് നോട്ട് ഞങ്ങളുടെ കയ്യിലുണ്ട്. ഇന്ധന നികുതി 29%-ത്തിൽ നിന്ന് 5%-മായി കുറയ്ക്കാൻ വേണ്ടി ക്യാബിനറ്റ് തീരുമാനിച്ച് നോട്ടിഫിക്കേഷനും ഇറക്കി.

ആ നോട്ടിഫിക്കേഷൻ ഇറക്കിയശേഷം എന്തുകൊണ്ട് അത് നടപ്പാക്കുന്നില്ല എന്നതാണ് ഞങ്ങളുടെ ചോദ്യം. കണ്ണൂരെന്നോ കോഴിക്കോടെന്നോ കൊച്ചിയെന്നോ തിരുവനന്തപുരമെന്നോ നോക്കണ്ട. എല്ലാ എയർപോർട്ടുകൾക്കുമാണ് അങ്ങയുടെ അദ്ധ്യക്ഷതയിൽ കൂടിയ ക്യാബിനറ്റ്, ഇന്ധന നികുതി അഞ്ച് ശതമാനമായി കുറയ്ക്കാൻ തീരുമാനിച്ചത്. കൊച്ചി വിമാനത്താവളം പി.പി.പി. മോഡലാണ്. നേരത്തേതന്നെ അത് ഒരു ശതമാനമായി കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടത് പരിഗണിച്ചുകൊണ്ടാണ് അഞ്ച്ശത മാനമായി കുറച്ചത്. കണ്ണൂരിൽ പുതിയ വിമാനത്താവളം വരുമ്പോൾ അതിനെ പ്രോത്സാഹിപ്പിക്കേണ്ടതാവശ്യമാണ്. ഞങ്ങളൊക്കെ ആ പക്ഷത്തുതന്നെയാണ്, അതിൽ സംശയമൊന്നും വേണ്ട, ഞങ്ങൾ അതിനെ പൂർണ്ണമായും അനുകൂലിക്കുന്ന വരുമാണ്. കണ്ണൂർ വിമാനത്താവളം വലിയ സാധ്യതയുള്ള ഒന്നാണ്. കാരണം, ഏറ്റവും വലിയ റൺവേയുള്ളതും കൂടുതൽ ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞതും അവിടെയാണ്. മറ്റ് വിമാനത്താവളങ്ങളെ അപേക്ഷിച്ച് വലിയ വികസന സാധ്യതകളാണ് അവിടെയുള്ളത്. അവിടെയുള്ള റോഡുകൾ വികസിക്കുമ്പോഴും മറ്റ് പശ്ചാത്തല വികസനമുണ്ടാകുമ്പോഴും റിയൽ എസ്റ്റേറ്റ് ബിസിനസ് പുരോഗമിക്കുന്നതിന് ധാരാളം സാധ്യതകളുണ്ട്. മാത്രമല്ല, ഉത്തരമലബാറിന്റെ സമഗ്ര വികസനത്തിലേക്ക് വഴിതെളിയിക്കുന്ന ഒന്നാണത്. അതിന് ആരും എതിരല്ല. അങ്ങയുടെ ക്യാബിനറ്റ് എടുത്ത തീരുമാനം എന്തുകൊണ്ട് നടപ്പിലാക്കുന്നില്ല? ഇവിടെ UDAN എന്നു പറയുന്നത് "Ude Desh ka Aam Nagrik" എന്നൊരു പദ്ധതിയാണ്. അത് ഡൊമസ്റ്റിക് എയർപോർട്ടുകളിൽ നിന്നുള്ള സാധാരണക്കാരായ ആളുകൾ യാത്ര ചെയ്യാൻ വേണ്ടി അവരെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയാണ്. ഇന്ധന നികുതി ഒരു ശതമാനം ആക്കിയാൽ വിമാനയാത്ര നിരക്ക് കുറയും. അത് തിരുവനന്തപുരത്തും കൊച്ചിയിലുമാകാം. കൊച്ചി-കോയമ്പത്തൂർ, കൊച്ചി-മൈസൂർ, കൊച്ചി-ബാംഗ്ലൂർ, കൊച്ചി-ഡൽഹി, കൊച്ചി-ജയ്പൂർ എന്നീ റൂട്ടുകളിലേയ്ക്കുള്ള ചാർജ്ജ് കുറയും. ഡൊമസ്റ്റിക് എയർപോർട്ടുകളിൽ നിന്നും സാധാരണക്കാരായ ആളുകൾക്ക് വിമാനയാത്ര ചെയ്യാനുള്ള ഒരു സൗകര്യമാണ് ഉഡാൻ പദ്ധതി. ഇത് ആദ്യമായി നടപ്പാക്കിയത് ആന്ധ്രാപ്രദേശിലാണ്, അതിന്റെ ഗുണവും അവർക്കുണ്ട്. അപ്പോൾ ഞങ്ങളുടെ ചോദ്യം വളരെ ലളിതമാണ്. അങ്ങ് രോഷം കൊള്ളേണ്ട. എന്തിനാണ് വെറുതെ ബഹളമുണ്ടാക്കുന്നത്? നമ്മൾ എയർപോർട്ടുകൾക്ക് എതിരാണോ, അനുകൂലിക്കുന്നവരല്ലേ. കേരളത്തിൽ എത്ര എയർപോർട്ടുകൾ വന്നാലും നമ്മൾ അനുകൂലിക്കും. ഞങ്ങൾക്ക് പറയാനുള്ളത് അങ്ങയുടെ ക്യാബിനറ്റ് 27-9-2017-ൽ എടുത്ത തീരുമാനപ്രകാരം നോട്ടിഫിക്കേഷൻ ഇറക്കിയതാണ്. അതിനുശേഷം ശ്രീ. വി. ജെ. കുര്യന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും അവർ ഉഡാൻ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയുമാണ്. പ്രസ്തുത പദ്ധതി പ്രകാരം കേരളത്തിലെ എല്ലാ

എയർപോർട്ടുകൾക്കും എന്തുകൊണ്ട് ഇന്ധന നികുതി 29%-ൽ നിന്നും 5%-മായി കുറച്ചുകൂടാ; അപ്പോൾ സംസ്ഥാന സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്താൻ കഴിയും. നമുക്ക് കൂടുതൽ ടാക്സ് ലഭിക്കുന്ന അവസരത്തിൽ ഈ നഷ്ടം ഇല്ലാതാകും. അപ്പോൾ കോഴിക്കോട് എയർപോർട്ടിനാകും കൂടുതൽ ഗുണം ലഭിക്കുക. ഞാൻ മിനിഞ്ഞാന്ന് കോഴിക്കോടുണ്ടായിരുന്നു. അവിടെയുള്ള ആളുകൾ പറയുന്നത് 4 വിമാനങ്ങൾ റദ്ദ് ചെയ്തു എന്നാണ്. അപ്പോൾ ഹജ്ജാജിമാർ എന്തായിരുന്നു ചെയ്തത്? അവർ ഹജ്ജ് ഹൗസിൽ പോകാതെ കൊച്ചിയിൽ വന്നിട്ടാണ് ഹജ്ജിന് പോയിക്കൊണ്ടിരുന്നത്. കൊച്ചി വരെ അവർക്ക് യാത്ര ചെയ്യേണ്ടിവന്നത് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കിയിരുന്നു. എന്നാൽ ഇപ്പോൾ അത് മാറി, ഹജ്ജ് എംബാർക്കേഷൻ പോയിന്റ് ഇവിടെയായി. കേരളത്തിലെ എം. പി.-മാരും സംസ്ഥാന സർക്കാരും അതിനുവേണ്ടി ശ്രമിച്ചിട്ടുണ്ട്. ഇല്ലെന്നൊന്നും ആരും പറയുന്നില്ല, നമ്മളെല്ലാവരും അതിനുവേണ്ടി ശ്രമിച്ചിട്ടുണ്ട്. ഇപ്പോൾ അത് മാറി; കോഴിക്കോട് വിമാനത്താവളത്തിൽനിന്നുതന്നെ ഹജ്ജിന് പോകാനുള്ള സൗകര്യമുണ്ടായിരിക്കുന്നു. അതിനിടയിലാണ് ഇടിത്തീ പോലെ നാല് എയർക്രാഫ്റ്റുകൾ റദ്ദാക്കിയിരിക്കുന്നത്. ഈ ആശങ്ക പരിഹരിക്കാനുള്ള നടപടിയാണുണ്ടാകേണ്ടത്. അതാണ് ഡോ. എം. കെ. മുനീർ ഇവിടെ ഉന്നയിച്ചത്. ഈ കാര്യത്തിൽ മുഖ്യമന്ത്രിക്ക് ഒരു പിടിവാശിയുടെയും ആവശ്യമില്ല. അങ്ങയുടെ ക്യാബിനറ്റ് എടുത്ത തീരുമാനം നടപ്പിലാക്കണമെന്ന് ഞങ്ങൾ പറയുമ്പോൾ എന്തിനാണ് ബഹളമുണ്ടാക്കുന്നത്; എന്തിനാണ് അതിനെ ഒരു prestige issue ആയി എടുക്കുന്നത്. അതുകൊണ്ട് അങ്ങ് ഈ ക്യാബിനറ്റ് നോട്ട് പരിശോധിക്കണം. സംസ്ഥാനത്തിന്റെ താൽപര്യത്തിനുവേണ്ടി പ്രത്യേകിച്ച് മലബാറിന്റെ വികസനത്തിന് കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂരിന്റെ ഒരു ഭാഗം എന്നീ പ്രദേശങ്ങളിലുള്ള ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട യാത്രാമാർഗ്ഗമായ കോഴിക്കോട് എയർപോർട്ടിന്റെ സമഗ്ര വികസനത്തിന് ഇത് സഹായിക്കും. അങ്ങ് ഭൂമി ഏറ്റെടുക്കുന്നതിനെപ്പറ്റി പറഞ്ഞു. ഭൂമി ഏറ്റെടുക്കുന്നതിന് ആരാണ് ഏതെല്ലാം കാലങ്ങളിൽ സമരം ചെയ്തതെന്നും ആരെല്ലാമാണ് തടസ്സം നിന്നതെന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ദേശീയപാത വികസനമുൾപ്പെടെ ......(ബഹളം)... അതോടൊപ്പംതന്നെ ഗെയിൽ പൈപ്പ് ലൈനിനെതിരെ സമരം ചെയ്ത ആളുകളുടെയൊന്നും പേര് ഞാൻ പറയുന്നില്ല .....(ബഹളം)....... ഭരണത്തിലിരിക്കുമ്പോൾ ഒരു നയവും പ്രതിപക്ഷത്തിരിക്കുമ്പോൾ വേറൊരു നയവും ഞങ്ങൾക്കില്ല എന്നാണ് എനിക്ക് പറയാനുള്ളത്.......(ബഹളം)........ ഇവിടെ യു.ഡി.എഫ്., കോഴിക്കോട് വിമാനത്താവളത്തിന്റെ സ്ഥലമെടുപ്പിന് എതിരല്ല. ഞങ്ങൾ സഹകരിക്കും, ഞങ്ങൾ സഹകരിച്ചിട്ടുണ്ട്, നാളെയും സഹകരിക്കും അതിന് സംശയമൊന്നുമില്ല. അതുകൊണ്ട് ഈ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗൗരവത്തിലെടുത്ത് കോഴിക്കോട് വിമാനത്താവളത്തെ സംരക്ഷിക്കാനും കേരളത്തിലെ

4 എയർപോർട്ടുകൾക്കും വേണ്ടി നികുതി കുറയ്ക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. ഒരു പ്രത്യേക താൽപര്യം എല്ലാ എയർപോർട്ടുകളുടെ കാര്യത്തിലും എടുക്കണ മെന്നതാണ് ഞങ്ങളുടെ ആവശ്യം, അല്ലാതെ ഞങ്ങൾ ഇതിനെതിരല്ല. UDAN പദ്ധതിയിൽ കണ്ണൂർ വിമാനത്താവളം വരുന്നതിന് ആരാണ് എതിര്? നമ്മളെല്ലാം അതിനെ സ്വാഗതം ചെയ്യുന്നതല്ലേ? നമുക്ക് എല്ലാവർക്കും പോകേണ്ടതല്ലേ? അതുകൊണ്ട് കേരളത്തിന്റെ സമഗ്ര വികസനത്തിലേയ്ക്ക് വഴിതെളിയിക്കുന്ന ഈ കാര്യത്തിൽ സർക്കാർ പിടിവാശി ഉപേക്ഷിക്കണം. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ഡോ. എം. കെ. മുനീർ: സർ, സ്ഥലമെടുപ്പിന് ആരും എതിരല്ല. ഇന്നലെ ആ പ്രദേശത്തുള്ള രണ്ട് എം.എൽ.എ. -മാരായ ശ്രീ. പി. അബ്ദുൽ ഹമീദും ശ്രീ. ടി. വി. ഇബ്രാഹിമും അടക്കം സ്ഥലമെടുക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനമെടു ക്കുന്നതിനുവേണ്ടി സർക്കാരിന്റെ കൂടെ നിൽക്കുകയാണ്. സ്ഥലമെടുക്കുന്ന കാര്യത്തിൽ സർക്കാരിന്റെ കൂടെ ഞങ്ങളുണ്ട്. കാരണം, ആ എയർപോർട്ട് നഷ്ടപ്പെടാൻ പാടില്ല. രണ്ടാമത്തെ കാര്യം, അങ്ങ് പറഞ്ഞതുപോലെ കണ്ണൂർ എയർപോർട്ടിന് ഞങ്ങൾ എതിരല്ല. എനിക്ക് കണ്ണൂരിനോടുള്ള ബന്ധം അങ്ങേയ്ക്കറിയാമല്ലോ, കണ്ണൂർ എയർപോർട്ട് വരുന്നതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. പക്ഷേ അത് കരിപ്പൂർ വിമാനത്താവളം തകർന്നുകൊണ്ടാകരുത്. 27-9-2017-ന് ഇന്ധന നികുതി അഞ്ച് ശതമാനമാക്കാൻ അങ്ങ് എടുത്ത തീരുമാനം എല്ലാ എയർപോർട്ടുകളും ഒരു ശതമാനമാക്കുന്നതിനുള്ള ഒരു തീരുമാനമാക്കി മാറ്റിയാൽ ഈ പ്രശ്നങ്ങൾക്കൊക്കെ പരിഹാരമുണ്ടാകും. എല്ലാ എയർപോർട്ടുകളും വികസിക്കും. കേരള സംസ്ഥാനം വികസിക്കും. മറ്റെല്ലാ സ്ഥലങ്ങളിൽ നിന്നുമുള്ള വിമാനങ്ങൾ ഇവിടെ വന്ന് ഫ്യൂവൽ നിറച്ച് പോകുന്ന ഒരു സാഹചര്യമുണ്ടാകും. ഇന്ധന നികുതി മുപ്പത് ശതമാനമാക്കിയാൽ വിമാനങ്ങൾ വരില്ല. വിമാനങ്ങൾ കുറയുമ്പോൾ നികുതി കൂട്ടിവയ്ക്കാമെന്നല്ലാതെ വിമാനങ്ങൾ കിട്ടില്ല എന്നുള്ള കാര്യം അങ്ങ് മനസ്സിലാക്കണം. ഇതൊന്നും അങ്ങ് എന്തുകൊണ്ട് മുഖവിലയ്ക്കെടുത്തില്ല; ഇത് അങ്ങയെ കുറ്റപ്പെടുത്തുന്ന ഒരു കാര്യമായി ഞങ്ങൾ അവതരിപ്പിച്ചുവെന്നുള്ള ചിന്ത അങ്ങേയ്ക്ക് വരരുത്. അങ്ങ് ഒരു പ്രദേശത്തിന്റെ മാത്രം മുഖ്യമന്ത്രിയായി നിൽക്കരുത്. ഈ നാല് എയർപോർട്ടുകളും വികസിക്കും, അവിടെയൊക്കെ വിമാനങ്ങൾ വരുന്ന സാഹചര്യമുണ്ടാകും എന്ന് പറയാൻ അങ്ങ് മുന്നോട്ട് വരാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. കെ. എം. മാണി: സർ, ഈ വിഷയം വളരെ ലളിതമാണ്. കണ്ണൂർ വിമാനത്താവളത്തിന് ഒരു ശതമാനം ഇന്ധന നികുതി കുറച്ചത് സ്വാഗതാർഹമാണ്. ഈ നല്ല നടപടി മറ്റ് വിമാനത്താവളങ്ങളിലും അവിടെ നിന്ന് പുറപ്പെടുന്ന സർവ്വീസുകൾക്കും പ്രയോജനമുണ്ടാകണം, മറ്റ് വിമാനത്താവളങ്ങളിലേയ്ക്കും ഇത് വ്യാപിപ്പിക്കണം എന്നുള്ളൊരാവശ്യമാണ് ഞങ്ങൾക്കുള്ളത്. ആ ആവശ്യത്തിന്മേൽ ഇതുവരെയും മുഖ്യമന്ത്രി വ്യക്തമായതും പോസിറ്റീവായതുമായ മറുപടി പറയാത്തതിന്റെ പേരിൽ ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ കഴിഞ്ഞ ഏപ്രിൽ-ഡിസംബർ മാസങ്ങളിൽ കരിപ്പൂരിൽ നിന്നുള്ള ആഭ്യന്തര യാത്രികരുടെ എണ്ണം 29 ശതമാനം വർദ്ധിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. ഇതിനിടയിൽ തന്നെയാണ് മൂന്ന് ആഭ്യന്തര സെക്ടറുകൾ വിമാനങ്ങൾ ക്യാൻസൽ ചെയ്തത്. ഇന്ധന നികുതി കുറച്ചാൽ ഇത് നിലനിർത്താൻ കഴിയുമെന്നത് ഇതിൽ നിന്നും വളരെ വ്യക്തമാണ്. ആഭ്യന്തര യാത്രികർക്കുള്ള സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും. ഇവിടെ നേരത്തെ ഡോ. എം. കെ. മുനീർ സർ സൂചിപ്പിച്ചതുപോലെ എല്ലാ വിമാനത്താവളങ്ങൾക്കും ഒരേ രീതിയിലുള്ള പരിഗണന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അത് നൽകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും ഈ വാക്കൗട്ടിൽ പങ്ക് ചേരുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി)

ശ്രീ. ഒ. രാജഗോപാൽ: സർ, ഈ സർക്കാർ പിന്തുടരുന്ന 'കണ്ണൂർ ഫസ്റ്റ് ' എന്ന നയം നാടിന് നല്ലതല്ല. പക്ഷേ സർക്കാർ ആ നിലയ്ക്ക് തന്നെ മുന്നോട്ട് പോകുന്നു, അതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി

ശ്രീ. എം. നൗഷാദ്: സർ, കൊല്ലത്തിന്റെ സമ്പദ്ഘടന നിലനിർത്തുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്ന കശുവണ്ടി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധിയെക്കുറിച്ചാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്.

രണ്ട് ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയാണത്. അതിൽ 864 സ്വകാര്യ ഫാക്ടറികളും 40 പൊതുമേഖലാ ഫാക്ടറികളുമാണുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാല്പത് ഫാക്ടറികൾ തുറന്നുപ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ഇപ്പോൾ സ്വകാര്യ മേഖലയിൽ പകുതിയോളം ഫാക്ടറികൾ തുറന്നുകഴിഞ്ഞു. പക്ഷെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ തൊഴിൽ ദിനങ്ങൾ കൊടുക്കാൻ അവർക്ക് കഴിയുന്നില്ല. കൊല്ലം എം.പി. കേന്ദ്ര സർക്കാരിന് നൽകിയ ഒരു നിവേദനത്തെത്തുടർന്ന് 10 ശതമാനം ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയതുമുതലാണ് ഈ വ്യവസായത്തിന്റെ ബുദ്ധിമുട്ട് ആരംഭിക്കുന്നത്. അതിനുശേഷം സ്വാഭാവികമായും തോട്ടണ്ടിയുടെ വില ക്രമാതീതമായി കൂടുകയും ബാങ്കുകൾ ക്രയവിക്രയം നടത്താൻ കഴിയാതെ വ്യവസായ പ്രതിസന്ധിയിലേയ്ക്ക് പോകുകയും ചെയ്തു. 90 ദിവസം കഴിഞ്ഞ് ബാങ്കുകൾ ഈ വ്യവസായികളെ മുഴുവൻ എൻ.പി.എ. ആക്കി. അങ്ങനെ വല്ലാത്തൊരു പ്രതിസന്ധിയാണ് ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്നത്. ഈ പ്രതിസന്ധി മറികടക്കാൻ സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമങ്ങളെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയാണ്. പക്ഷെ പ്രധാനപ്പെട്ട പ്രശ്നം, സർഫാസി ആക്ട് ഉപയോഗിച്ച് 165 പേരുടെ പുതിയ പ്രൊപ്പോസൽ കമ്മിറ്റി രൂപീകരിച്ചു. അതിനെത്തുടർന്ന് അവരുമായി ചർച്ച നടത്തി നെഗോഷ്യേറ്റ് ചെയ്തു. അതിൽ 30-ഓളം പേരെ ഒൺ ടൈം സെറ്റിൽമെന്റ് (ഒ.റ്റി.എസ്) ആക്കണമെന്ന നിർബന്ധ നിലപാടാണ് ബാങ്കുകൾ സ്വീകരിക്കുന്നത്. ഒരിക്കലും അത് പ്രായോഗികമാകില്ല. അത് റീ-സ്ട്രക്ച്ചർ ചെയ്യുന്നതിന് ബാങ്ക് ഗ്യാരന്റി കൊടുക്കുന്ന കാര്യങ്ങളൊക്കെ മന്ത്രി സൂചിപ്പിച്ചു. ഒ.റ്റി.എസ്. എന്നുള്ള ബാങ്കിന്റെ നിലപാടിനെ മാറ്റി അവരെക്കൂടി ലോൺ റീസ്ട്രക്ച്ചർ ചെയ്യിക്കണം, അതിനോടൊപ്പംതന്നെ വ്യവസായത്തിൽ ഏറ്റവും പ്രധാനപ്പെട്ട പ്രതിസന്ധി തോട്ടണ്ടിയുടെ ലഭ്യതക്കുറവാണ്.

മി.സ്പീക്കർ: സമയപരിധിയുണ്ട്, ഇത് രാവിലെ ചർച്ച ചെയ്തതാണ്.

ശ്രീ. എം. നൗഷാദ്: സർ, അതുകൊണ്ട് കാഷ്യു ബോർഡ്‌വഴി ലഭ്യമാക്കുന്ന തോട്ടണ്ടി സ്വകാര്യ മുതലാളിമാർക്ക് ലോണായി നൽകാൻ കഴിയുമോ? അതല്ലെങ്കിൽ തോട്ടണ്ടി അവർക്ക് കൊടുത്ത് അവരെക്കൊണ്ട് പ്രോസസ്സ് ചെയ്യിപ്പിച്ച്, ഒരു പ്രോസസ്സിംഗ് ഫീസ് അവരുമായി നെഗോഷ്യേറ്റ് ചെയ്ത് തീരുമാനിച്ചുകൊണ്ട് കാഷ്യു കോർപ്പറേഷന് തന്നെ തിരിച്ചെടുക്കാൻ കഴിയുമോ? അതുപോലെതന്നെ ഇപ്പോൾ ഒരു വർഷത്തേക്കുള്ള ഇന്ററസ്റ്റ് ഗ്യാരന്റി എന്നുള്ളത് കുറച്ചുകൂടി വർദ്ധിപ്പിച്ച് നൽകാൻ കഴിയുമോ എന്നുകൂടി പരിശോധിച്ച് ഉചിതമായൊരു തീരുമാനമെടുക്കണം. 165 വ്യവസായികൾ സംരക്ഷിക്കപ്പെടുമ്പോൾ രണ്ടര ലക്ഷം തൊഴിലാളികളാണ് സംരക്ഷിക്കപ്പെടുന്നതെന്നുള്ള യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് അവരെ സഹായിക്കാൻ അതിശക്തമായി ഇടപെടണമെന്നും നേരത്തെ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്ത നങ്ങളും ഇടപെടലുകളും കുറച്ചുകൂടി ശക്തമാക്കണമെന്നുമാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഇറക്കുമതി ചുങ്കവും തോട്ടണ്ടി ദൗർലഭ്യവും കേരളത്തിലെ കശുവണ്ടി വ്യവസായത്തെ പ്രതിസന്ധിയിലാക്കി. നിരന്തരമായ നിവേദനങ്ങളെത്തുടർന്ന് ഇറക്കുമതി ചുങ്കം 2.5 ശതമാനമായി കുറയ്ക്കാൻ കേന്ദ്രം തയ്യാറായിട്ടുണ്ട്. ഇറക്കുമതി ചുങ്കം പൂർണ്ണമായി ഒഴിവാക്കിയാൽ മാത്രമേ പ്രതിസന്ധിയിലായ വ്യവസായത്തിന് പ്രയോജനം ലഭിക്കുകയുള്ളൂ.

കേരളത്തിലെ കശുവണ്ടി വ്യവസായത്തിന് ആകെ ആറര ലക്ഷം ടൺ തോട്ടണ്ടി ആവശ്യമാണ്. ആഭ്യന്തര ഉല്പാദനം കേവലം 80,000 ടണ്ണാണ്. ഈ അവസരത്തിലാണ് കേന്ദ്ര സർക്കാർ തോട്ടണ്ടിയുടെ ഇറക്കുമതി ചുങ്കം 9.36% ആക്കിയത്. ഇത് തോട്ടണ്ടിയുടെ വില ക്രമാതീതമായി വർദ്ധിക്കുന്നതിന് ഇടയാക്കി. കൂടാതെ വിയറ്റ്നാമിൽ നിന്നും കശുവണ്ടിപ്പരിപ്പ്, മൂല്യം കുറഞ്ഞ ഉല്പന്നം എന്ന വ്യാജേന ഇറക്കുമതി ചെയ്യാൻ അനുമതി നൽകിയതും പ്രശ്നം സങ്കീർണ്ണമാക്കി. ഗുണനിലവാരം കുറഞ്ഞ കശുവണ്ടിപ്പരിപ്പ് സ്പെഷ്യൽ ഇക്കണോമിക് സോൺ വഴി ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തത് വിപണനം നടത്തുന്ന കശുവണ്ടിപ്പരിപ്പിന്റെ ആഭ്യന്തര വിപണിയെ ഗുരുതരമായി ബാധിച്ചു. ഫലത്തിൽ പല വ്യവസായ സ്ഥാപനങ്ങളും അടച്ചുപൂട്ടി. ഇത് വ്യവസായത്തിൽ വായ്പയെടുത്ത തൊഴിലുടമകളുടെ കടബാദ്ധ്യത വർദ്ധിക്കുന്നതിന് ഇടയാക്കി. വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വ്യവസായികൾ കടക്കെണിയിലായി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനെത്തുടർന്ന് പൊതുമേഖലയിലെ എല്ലാ ഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചെങ്കിലും ധനകാര്യ സ്ഥാപനങ്ങൾ തുടരുന്ന ചില നിലപാടുകൾ പൂട്ടിക്കിടന്ന ഫാക്ടറികൾ തുറക്കുന്നതിന് സഹായകരമായിട്ടില്ല. ഇതിന് പരിഹാരം കാണുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബാങ്കിംഗ് സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് നിരവധി യോഗങ്ങൾ ചേർന്നിരുന്നു. അവസാനമായി 7-11-2018-ൽ ചേർന്ന യോഗ തീരുമാനപ്രകാരം ബാങ്കിംഗ് സ്ഥാപനങ്ങളുടെയും സർക്കാർ പ്രതിനിധികളുടെയും ഒരു കമ്മിറ്റി രൂപീകരിക്കുകയും വ്യവസായികളുമായി നേരിട്ട് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുമുണ്ട്. അതിന്മേൽ തുടർനടപടി സ്വീകരിച്ചുവരുന്നു. കമ്മിറ്റിയുടെ തീരുമാനപ്രകാരം നിഷ്ക്രീയ ആസ്തിയും (NPA) വലിയ പ്രയാസവുമനുഭവിക്കുന്ന, അതായത് സ്ട്രെസ്ഡായ വ്യവസായ യൂണിറ്റുകൾക്ക് അധികവായ്പയും പുനർവായ്പയും പ്രവർത്തന മൂലധനവും ബാങ്കുകൾ മുഖാന്തരം ലഭ്യമാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. അധിക വായ്പയിന്മേൽ പലിശ സബ്സിഡി നൽകുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തോട്ടണ്ടി ലഭ്യമാക്കിയാൽ വ്യവസായം തുടങ്ങാൻ തയ്യാറാകുന്ന

യൂണിറ്റുകൾക്ക് ബാങ്കുകൾ സഹായം ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ കാഷ്യൂ ബോർഡിൽ നിന്ന് ന്യായവിലയ്ക്ക് എസ്ക്രൂ അക്കൗണ്ട് അടിസ്ഥാനത്തിൽ തോട്ടണ്ടി ലഭ്യമാക്കുന്നതാണ്. പൂട്ടിക്കിടക്കുന്ന സ്വകാര്യ വ്യവസായങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനായി ബാങ്കുകൾ നൽകുന്ന അധിക വായ്പയിന്മേലുള്ള 2019 വർഷക്കാലത്തെ പലിശ നൽകുന്നതിന് ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വ്യവസായികൾക്ക് തോട്ടണ്ടി ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് കാഷ്യൂ ബോർഡിന് തൻ വർഷം 30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ സഹകരണ ബാങ്കിൽ നിന്ന് സർക്കാർ ഗ്യാരന്റി വായ്പയും കാഷ്യൂ ബോർഡിന് ഉറപ്പാക്കിയിട്ടുണ്ട്.

ഒറ്റത്തവണ തീർപ്പാക്കൽ നടത്തേണ്ട 58 വ്യവസായ സ്ഥാപനങ്ങളുടെ ആകെ ബാധ്യത ഏകദേശം 372 കോടി രൂപയും അധിക സഹായം ലഭ്യമാക്കേണ്ട 76 വ്യവസായങ്ങളുടെ ബാധ്യത ഏകദേശം 218 കോടി രൂപയും വായ്പ പുനഃക്രമീകരിച്ച് പുനരുദ്ധാരണം നടത്തേണ്ട 35 വ്യവസായങ്ങളുടെ ബാധ്യത 216 കോടി രൂപയും അസ്സറ്റ് റീ-സ്ട്രക്ച്ചറിംഗ് കമ്പനിക്ക് ശിപാർശ ചെയ്ത ആറ് വ്യവസായങ്ങളുടെ ബാധ്യത 61 കോടി രൂപയുമാണ്. കമ്മിറ്റി ഒറ്റത്തവണ തീർപ്പാക്കലിന് ശിപാർശ ചെയ്ത വിഭാഗത്തിൽപ്പെട്ട ഫാക്ടറികളുടെ കാര്യത്തിൽ പുനഃപരിശോധന നടത്തേണ്ട കാര്യമുണ്ടെന്ന് സർക്കാർ കരുതുന്നു.

കേരള കാഷ്യൂ ബോർഡ് ഇതിനകം ആഫ്രിക്കൻ രാജ്യമായ ഗിനിയ ബിസ്സാവിൽ നിന്ന് RCN ഇറക്കുമതി ചെയ്യാൻ പോകുന്നു. എസ്.എൽ.ബി.സി. ഉദാരമായ സമീപനം സ്വീകരിച്ചേ മതിയാകൂ. ഇന്ന് അവർ പല വ്യവസായങ്ങളെയും എൻ.പി.എ. ആക്കി ശക്തമായ നടപടിയിലേയ്ക്ക് നീങ്ങുകയാണ്. സർഫാസി ആക്ട് കൂടാതെ ഇപ്പോൾ എ.ആർ.സി. പ്രകാരം കണ്ണായ ഭൂമി പിടിച്ചെടുത്ത് 30 ശതമാനം വിലയ്ക്ക് വിറ്റ് പങ്കുവയ്ക്കുകയാണ്. ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന ഒരു പരമ്പരാഗത വ്യവസായത്തെ പുനരുദ്ധരിക്കുന്നതിന് ബാങ്കുകൾ നിർബന്ധമായും സഹകരിച്ചേ മതിയാകൂ. ഈ കമ്മിറ്റി റിപ്പോർട്ട് അനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഡേറ്റ് അടിയന്തരമായി വാങ്ങി അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സ്വകാര്യ വ്യവസായികളെക്കൂടി സഹായിക്കുകയെന്നതാണ് സർക്കാരിന്റെ നയം അതിന് അടിയന്തര നടപടി സ്വീകരിക്കും.

(2) <u>ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കാൻ നടപടി</u>

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, വളരെ സുപ്രധാനമായ ഒരു വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നമ്മുടെ ഏറ്റവും പ്രധാന ഭരണഘടനാ സ്ഥാപനമായ പി.എസ്.സി.-യിൽ ഇപ്പോൾ അപേക്ഷ സ്വീകരിച്ച് റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ അഞ്ച് മുതൽ എട്ട് വർഷം വരെ

എടുക്കുകയാണ്. ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ പുറത്തുനിൽക്കുന്ന ഘട്ടത്തിൽ യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ പേരിൽ, അല്ലെങ്കിൽ കൃത്യമായി നിയമനം നടക്കാത്തതിന്റെ പേരിൽ ധാരാളം വിഷമങ്ങൾ അനുഭവിക്കുകയാണ്. 2009-ൽ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണ കാലഘട്ടത്തിൽ പതിനേഴ് ലക്ഷത്തി ഇരുപത്തിനാലായിരം അപേക്ഷകൾ വന്നതിൽ നാൽപത്തി മൂവായിരത്തോളം നിയമനങ്ങൾ കൊടുക്കാൻ കഴിഞ്ഞു. എന്നാൽ 2017 ആയപ്പോൾ വിവിധ വകുപ്പുകളിലായി 13151351 പേർ ലിസ്റ്റിൽ വന്നെങ്കിലും നിയമനം കൊടുത്തത് 35,911 പേർക്കാണ്. പത്ത് വർഷം മുമ്പ് പതിനേഴ് ലക്ഷം അപേക്ഷകരുള്ള ലിസ്റ്റ് തയ്യാറാക്കിയതിൽ നിന്ന് 43,000 പേർക്ക് നിയമനം കൊടുക്കാൻ കഴിഞ്ഞു. പല കാരണങ്ങളാൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ പലതും ഇപ്പോൾ പി.എസ്.സി-ക്ക് റിപ്പോർട്ട് നൽകുന്നില്ല. റൂൾ ഫ്രെയിം ചെയ്യിട്ടില്ലെന്ന കാരണത്താൽ റിപ്പോർട്ട് ചെയ്യാൻ കഴിയുന്നില്ല. താല്ക്കാലിക നിയമനം നിർത്തിവച്ച് പൂർണ്ണമായും പി. എസ്.സി.-യ്ക്ക് വിടുമ്പോഴാണ് കൃത്യമായും സത്യസന്ധമായും അതിന്റെ എല്ലാ പ്രവർത്തനവും നടക്കുന്നത്. ഇപ്പോൾ താല്ക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടക്കുന്നു. കൃത്യമായും പി.എസ്.സി.-ക്ക് കൊടുക്കുന്നില്ല. വകുപ്പ് മേധാവികൾ റിപ്പോർട്ട് ചെയ്യുവെന്ന് വിവിധ ചോദ്യങ്ങൾക്ക് മറുപടിയായി അങ്ങ് ഇവിടെ പറഞ്ഞിട്ടുണ്ട്. റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് കൃത്യമായും പരിശോധിക്കണമെന്ന് അങ്ങ് പറഞ്ഞപ്പോൾ, റിപ്പോർട്ട് ചെയ്യുന്നുണ്ട് എന്നാണ് അങ്ങേയ്ക്ക് കിട്ടുന്ന മറുപടി. റിപ്പോർട്ട് ചെയ്യുന്നതിൽ തെറ്റ് വരുന്നുണ്ട്. മാനുവൽ റിപ്പോർട്ടും ഇ-റിപ്പോർട്ടിംഗുമുണ്ട്. റിപ്പോർട്ട് അയച്ചോയെന്ന് ചോദിച്ചാൽ അയച്ചുവെന്ന് റിപ്പോർട്ട് ചെയ്യും. പക്ഷേ കൃത്യമായി പി.എസ്.സി.-ക്ക് നിയമനം നടത്താനാവശ്യമായ നടപടിയെടുക്കാൻ കഴിയുന്നില്ല. അതുപോലെതന്നെ ഒരു നിയമനംപോലും നടത്താതെ ലിസ്റ്റ് ക്യാൻസൽ ചെയ്ത സംഭവവുമുണ്ട്. 1076 ആളുകളുടെ ലിസ്റ്റ് 18-2-2017-ന് ക്യാൻസൽ ചെയ്തു. സുവോളജി സീനിയർ ഹയർ സെക്കൻണ്ടറി ടീച്ചർ, സാൻസ്ക്രിറ്റ് ടീച്ചർ എന്നീ ലിസ്റ്റുകൾ ക്യാൻസലായിട്ടുണ്ട്. ആയുർവ്വേദ വകുപ്പിലും ഇതുപോലെ നടക്കുന്നുണ്ട്. ഇപ്പോൾ സ്പാർക്ക് വഴിയാണ് ശമ്പളം കൊടുക്കുന്നത്. സ്പാർക്ക് പി.എസ്.സി.-യിൽ കൂടി ലിങ്ക് ചെയ്യുകയാണെങ്കിൽ എപ്പോഴാണ് റിട്ടയേർഡ് ആകുന്നത്, എപ്പോഴാണ് ഒഴിവ് വരുന്നത് എന്നത് മുൻകൂട്ടി കാണാനും ലിസ്റ്റ് തയ്യാറാക്കാനും നിയമനം നടത്താനും പി.എസ്.സി.-ക്ക് കഴിയും. അങ്ങനെയുള്ള ഒരു സംവിധാനം ഏർപ്പെടുത്തണമെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്. രണ്ടാമതായി, റൂൾ ഫ്രെയിം ചെയ്യണം. യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിയമനങ്ങൾ നടക്കുന്നില്ല. റൂൾ ഫ്രെയിം ചെയ്യാത്തതാണ് ഇതിന് കാരണം. പത്ത് മുതൽ പതിനഞ്ച് വർഷമായി ഇതിന്റെ നടപടികൾ ഒന്നും ആയിട്ടില്ല. അത് അങ്ങ് തന്നെ മുമ്പ് ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞിട്ടുണ്ട്. അങ്ങ് ഇതിൽ പ്രത്യേകമായി ഇടപെടണം. കാരണം,

ഭരണഘടനാ സ്ഥാപനമായ പി.എസ്.സി. മുഖേന നിയമനം നടത്തിയാൽ മാത്രമേ അക്കാര്യങ്ങൾ നടക്കുകയുള്ളൂ. ഇവിടെ ധാരാളം വിഷയങ്ങളുണ്ട്. അയ്യായിരത്തോളം അദ്ധ്യാപകരെ നിയമിക്കാൻ പി.എസ്.സി. നടപടിയെടുത്തു. കെ-ടെറ്റ് (കേരള ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ്) എന്നൊരു അഡീഷണൽ യോഗ്യത വന്നതുകൊണ്ട് അവർ കോടതിയിൽ പോയി. അതുകൊണ്ട് നിയമനം നടത്താൻ കഴിയാതെ പോയി. ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പറഞ്ഞതുപോലെ രണ്ട് ലക്ഷം വിദ്യാർത്ഥികൾ പുതിയതായി പൊതുമേഖലയിൽ വന്നിട്ടുണ്ട്. അങ്ങനെ വരുമ്പോൾ അവിടെ അദ്ധ്യാപകരെ നിയമിക്കണം, പഠിപ്പിക്കാൻ അദ്ധ്യാപകർ വേണം. പി.എസ്.സി. ലിസ്റ്റ് തയ്യാറാക്കാൻ തന്നെ പത്ത് വർഷം എടുക്കുന്നു. ഇപ്പോൾ എഴുപതാം വാർഷികത്തിന്റെ ഭാഗമായി അത് ഏഴ് വർഷമായി ചുരുക്കിയിട്ടുണ്ട്. ഇപ്പോൾ പ്രൊഫഷണൽ കോഴ്സ് പഠിച്ച് കഴിഞ്ഞ ഒരാൾ അയാളുടെ പ്രൊഫഷൻ എല്ലാം മറന്നുകഴിയുമ്പോഴാണ് നിയമനം കിട്ടുന്നത്. അത് ഒഴിവാക്കാൻ വേണ്ടിയാണ് യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷനും റെയിൽവേയുമൊക്കെ ഒരു വർഷത്തേയ്ക്കുള്ള നിയമനം ഒഴിവനുസരിച്ച് നടത്തുന്നത്. ആ ഒരു വർഷം കഴിയുമ്പോൾ വീണ്ടും അവർ വിജ്ഞാപനം വിളിച്ച് നിയമനം നടത്തും. ഇതിനാൽ അവരുടെ കോമ്പീറ്റൻസി കുറയാതെ പെട്ടെന്ന് നിയമനം കൊടുക്കാനും അവർക്ക് കൂടുതൽ പങ്കെടുക്കാനുമുള്ള അവസരം കിട്ടും. ഈ സമീപനം സ്വീകരിക്കാൻ അങ്ങ് പ്രത്യേകം നടപടി സ്വീകരിക്കണമെന്ന് ഞാൻ പറയുകയാണ്. ഇങ്ങനെ നിയമനങ്ങൾ പൂർണ്ണമായും പല വഴിക്ക് നടക്കുന്നതുകൊണ്ട് കൃത്യമായും പി.എസ്.സി.-മുഖേന വരാത്തതുകൊണ്ട് ഒരുപാട് നഷ്ടങ്ങൾ ഉണ്ടാകുന്നുണ്ട്. കഴിവുള്ള ലക്ഷക്കണക്കിന് യുവാക്കൾ പുറത്ത് നിൽക്കുന്ന സാഹചര്യത്തിൽ അവർക്കെല്ലാം കൃത്യമായി അപേക്ഷിക്കാനും കഴിയും. എന്നാൽ ഒരു ലിസ്റ്റ് വന്ന് പത്തും പതിനഞ്ചും വർഷം കഴിഞ്ഞാണ് ഇവർക്ക് നിയമനം ലഭിക്കുന്നത്. എന്നിട്ട് ഈ ലിസ്റ്റ് ക്യാൻസലായി പോകുന്നുവെന്ന് പറഞ്ഞാൽ വളരെ ദയനീയമായ അവസ്ഥയാണ്. ഈ ദയനീയാവസ്ഥയിലേയ്ക്ക് അങ്ങയുടെ ശ്രദ്ധക്ഷണിച്ചുകൊണ്ടും സ്പാർക്ക് പി.എസ്.സി.-യുമായി ലിങ്ക് ചെയ്യുന്നതിനും നടപടി സ്വീകരിച്ചാൽ ഈ ഒമിഷൻ ഒഴിവാക്കാൻ കഴിയുകയും പെട്ടെന്ന് കൃത്യമായ ഒഴിവ് മുൻകൂട്ടികണ്ട് നിയമനം കൊടുക്കാൻ കഴിയുകയും ചെയ്യും. അതുപോലെ യു.പി.എസ്.സി., റെയിൽവേ ബോർഡ് എന്നിവ ചെയ്യുന്നതുപോലെ ഓരോ വർഷവും പ്രത്യേകമായി ദ്രുതഗതിയിൽ നിയമനം നടത്തി കഴിഞ്ഞാൽ കോമ്പീറ്റൻസിയുള്ള ഉദ്യോഗസ്ഥന്മാരെ കണ്ടെത്താൻ കഴിയും. ഇതുകൂടി പരിഗണിച്ചുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അതീവ ഗൗരവമായ ഒരു പ്രശ്നമാണ് ബഹുമാന്യനായ അംഗം ഉന്നയിച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെട്ട

ത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്. ഒഴിവുകൾ കൃത്യമായി യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനം ഉറപ്പുവരുത്തുന്നതിനും ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം ഉന്നയിച്ച റിട്ടയർമെന്റ് തീയതി മുൻകൂട്ടിത്തന്നെ അറിയിക്കുന്ന തരത്തിലുള്ള ഒരു സംവിധാനം കൊണ്ടുവരുന്നതിനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള അണിയറ നീക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2018 ഡിസംബർ വരെ 90183 പേർക്ക് നിയമന ശിപാർശ നൽകി. ഇക്കാലയളവിൽ വിദ്യാഭ്യാസ വകുപ്പിൽ 4434-ഉം ആരോഗ്യ വകുപ്പിൽ 4217-ഉം ഉൾപ്പെടെ വിവിധ വകുപ്പുകളിലായി 18896 പുതിയ തസ്തികകൾ സൃഷ്ടിച്ചു. മാത്രമല്ല, വിവിധ സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനങ്ങൾ പി.എസ്.സി. മുഖാന്തരമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. നിയമനം പി.എസ്.സി.-യ്ക്ക് വിട്ട സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നതിനായി അടിയന്തരമായി സ്പെഷ്യൽ റൂൾസ് രൂപീകരിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അതാണ് അദ്ദേഹം പ്രധാനമായും ഉന്നയിച്ച ഒരു പ്രശ്നം. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി 'വരം' എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം ഒഴിവുകൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യുന്നതിന് പി.എസ്.സി.-യുടെ ഇ-വേക്കൻസി സോഫ്റ്റ്‌വെയറും ഉപയോഗിച്ചുവരുന്നു. എല്ലാ വകുപ്പുകളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും സർവ്വകലാശാലകളിലേയും എല്ലാ തസ്തികകളിലും നിലവിലുള്ള ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിവരുന്നു. 2019-ലെ പ്രതീക്ഷിത ഒഴിവുകൾ ജനുവരി 31-നുമുമ്പ് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിരുന്നു. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ വിവിധ വകുപ്പുകളിൽ പരിശോധന നടത്തുന്നുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരോട് വിശദീകരണം തേടുകയും സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഒരു വർഷത്തിനുള്ളിൽ നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് അദ്ദേഹം ഉന്നയിച്ച മറ്റൊരു പ്രധാനപ്പെട്ട കാര്യം. ഇക്കാര്യത്തിൽ വലിയ കാലതാമസമുണ്ടാകുന്നതുകൊണ്ട് പലരെയും നമ്മുടെ സംസ്ഥാനത്തിന് നഷ്ടപ്പെടുന്നുണ്ട്. അവർ മറ്റ് ജോലി തേടി അന്യസംസ്ഥാനങ്ങളിൽ പോകുന്നുണ്ട്. ആ കാര്യവും ഗൗരവമായിത്തന്നെ സർക്കാർ പരിഗണിച്ചുവരികയാണ്. ആവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീ. സി. മമ്മൂട്ടി: സർ, സ്പാർക്ക് മുഖേന ഇത് ബന്ധിപ്പിക്കുകയും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വിശദീകരണം ചോദിക്കാതെ കർശന നടപടി സ്വീകരിക്കുകയും വേണം. അങ്ങനെയൊരു നടപടി സ്വീകരിക്കാൻ അങ്ങ് പ്രത്യേകമായൊരു നിയമ വ്യവസ്ഥകൊണ്ടുവരണം.

ശ്രീ. പിണറായി വിജയൻ: സർ, സ്പാർക്ക് വേണോ അതോ മറ്റുതരത്തിലുള്ള സംവിധാനം വേണമോയെന്നുള്ളത് പരിശോധിക്കുന്നുണ്ട്. ഏതായാലും അതിനൊരു സംവിധാനം വേണമെന്നതന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. ഇത്തരം വീഴ്ചകൾ തുടരുകയാണെങ്കിൽ ചിലപ്പോൾ നടപടി സ്വീകരിക്കേണ്ടിവരും.

## V സബ്മിഷൻ

### (1) കാലാവസ്ഥാ വ്യതിയാന കേന്ദ്രത്തിന്റെ പ്രവർത്തനം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലമായ കോട്ടയത്ത് കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രം പ്രവർത്തിച്ചുവരികയാണ്. 2014-ലെ 3/2014-ാം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ കൊച്ചി ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതാണ് ഈ സ്ഥാപനം. ഇതിൽ രണ്ട് പ്രധാനപ്പെട്ട ഭരണ സമിതികളാണുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ ഗവേണിംഗ് കൗൺസിലിന്റെയും പരിസ്ഥിതി വകുപ്പുമന്ത്രി, ഇപ്പോഴത്തെ സ്ഥിതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ, ചെയർമാനായ എക്സിക്യൂട്ടീവ് കൗൺസിലിന്റെയും നേതൃത്വത്തിലാണ് അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നത്. 8-2-2017-ലാണ് ഈ രണ്ട് സമിതികളുടെയും യോഗം അവസാനമായി ചേർന്നത്. ഇന്ന് നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഗവേഷണം നടത്തുന്നതിന് വിവക്ഷിക്കപ്പെട്ട ഒരു സ്ഥാപനമായി ഈ കാലാവസ്ഥാ വ്യതിയാന പഠന ഗവേഷണ കേന്ദ്രത്തെ വളർത്തികൊണ്ടു വരേണ്ടതാണ്. ഇത്തരത്തിലുള്ള സ്ഥാപനം കേരളത്തിൽ ഒന്നേയുള്ളൂ. ഇന്ന് കേരളം അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾക്ക് ഒരു പരിഹാരം നിർദ്ദേശിക്കാൻ കഴിയുന്ന, നമ്മുടെ ശാസ്ത്രജ്ഞൻമാരെയെല്ലാം ക്രോഡീകരിച്ച് മുന്നോട്ടുകൊണ്ടു പോകാൻ സാധിക്കുന്ന പ്രമുഖമായൊരു കേന്ദ്രമായി നമുക്കതിനെ നാളെയും വളർത്തിക്കൊണ്ടു പോകേണ്ടതാണ്. 16-5-2017-ലെ ഉത്തരവുപ്രകാരം കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന് പന്ത്രണ്ട് പ്രോജക്ടുകൾ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ എട്ട് പ്രോജക്ടുകളും കേന്ദ്ര സർക്കാരിന്റെ രണ്ട് പ്രോജക്ടുകളുമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കുന്ന നിലപാടുകളോട് ഞാൻ യോജിക്കുകയാണ്. കാരണം വികസന പ്രവർത്തനത്തിൽ, പ്രത്യേകിച്ച് കാലാവസ്ഥാ വ്യതിയാനം പോലൊരു

കാര്യത്തിൽ ഒരിക്കലും രാഷ്ട്രീയം കാണരുത്. അദ്ദേഹം പരസ്യമായി എടുത്തിട്ടുള്ള എല്ലാ നടപടികളെയും ഞാൻ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു. അവിടെ നിലവിലു ണ്ടായിരുന്ന പരിസ്ഥിതി വകുപ്പിന്റെ ഏഴ് തസ്തികകൾ ഇല്ലാതാക്കി ഒന്നൊന്നായി താഴേയ്ക്ക് കൊണ്ടുപോവുകയാണ്. നിലവിൽ പരിസ്ഥിതി വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിക്കാണ് കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം ഡയറക്ടറുടെ അധിക ചുമതല നൽകിയിരിക്കുന്നത്. അവിടെയൊരു സ്ഥിരം ഡയറക്ടറെ നിയമിക്കണം. ഇപ്പോൾ നിലവിലുള്ള പത്ത് പ്രോജക്ടുകൾ തുടരുന്നതിനുവേണ്ടി പ്രോജക്ട് എക്സ്റ്റൻഷൻ കൊടുക്കണം. അവരുടെ കയ്യിലുണ്ടായിരുന്ന തിരിച്ചെടുത്ത ഫണ്ട് മടക്കി കൊടുക്കണം. അത് മടക്കി കൊടുക്കുന്നതിന് എന്തെങ്കിലും പ്രെസ്റ്റീജ് ഇഷ്യൂ ഉദ്യോഗസ്ഥർ പറയുകയാണെങ്കിൽ പകരം സർക്കാർ പുതിയ ഫണ്ട് അനുവദിക്കണം. ഈ കുഞ്ഞിനെ കൊല്ലരുത്, അതിനെ നിലനിർത്തണമെന്നാണ് എന്റെ അഭ്യർത്ഥന. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം പോസിറ്റീവായെടുക്കുമെന്ന് ഞാൻ കരുതുന്നു.

11.00 A.M.]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മറുപടി ഒരു വാചകത്തിൽ ഒതുക്കണമെന്നുള്ളതുകൊണ്ട് വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുകയാണ്* ഒരു വാചകം മാത്രം പറയാം. കേരളത്തിന്റെ പുനർനിർമ്മാണ പദ്ധതിയായ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കീഴിൽ ഇത്തരത്തിൽപ്പെട്ട എല്ലാ സർക്കാർ ഏജൻസികളുടെയും വകുപ്പുകളുടെയും ശേഷിവികസനത്തിനുള്ള നടപടികളുണ്ടാകും. അതോടൊപ്പംതന്നെ സാങ്കേതിക സ്ഥാപനങ്ങളുടെ സഹായവും ആഗോളതല മികവുറ്റ സങ്കേതങ്ങളുടെ മാതൃകകളും ഇതിനായി ഉപയോഗപ്പെടുത്തുകയും ചെയ്യും.

## (2) ഭൂമി തിരിച്ചെടുക്കൽ

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഏറ്റുമാനൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനോട് ചേർന്ന് പത്തേക്കർ ഭൂമി ഗവൺമെന്റ് ഓഫ് ഇന്ത്യ പ്രൊഡക്ഷൻ സെന്ററിനുവേണ്ടി സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കൊടുത്തിട്ടുണ്ട്. ഒരുകാലത്ത് മൂന്ന് ഷിഫ്റ്റ് നടത്തി ഇന്ത്യയുടെ പ്രതിരോധ ആവശ്യത്തിനുള്ള ഉപകരണങ്ങൾ നിർമ്മിച്ചിരുന്ന ഈ സ്ഥാപനം ഇന്ന് പൂർണ്ണമായും പ്രവർത്തനരഹിതമാണ്. പ്രത്യേകിച്ച് ഒരു ജോലിയുമില്ലാതെ പതിനഞ്ചോളം ആളുകൾ ആ സെന്ററിൽ തുടരുകയാണ്. ഈ ജീവനക്കാരെ പുനർവിന്യസിച്ച് പ്രസ്തുത ഭൂമി സംസ്ഥാന സർക്കാരിന് പൂർണ്ണമായും വിട്ടുകിട്ടാനുള്ള നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ അധീനതയിലുണ്ടായിരുന്ന പത്തേക്കർ ഭൂമി ഉപയോഗശൂന്യമായി കിടക്കുകയാണ്. ഭൂമിക്ക് ഒട്ടനവധി ആവശ്യങ്ങൾ ഇന്ന് ഏറ്റുമാനൂർ മണ്ഡലത്തിലുണ്ട്, ഫലപ്രദമായ

---

*അനുബന്ധമായി ചേർത്തിട്ടുണ്ട്.

ആവശ്യങ്ങൾക്ക് ഈ ഭൂമി ഏറ്റെടുക്കുകയും പുനർവിന്യാസം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) സർ, കോട്ടയം താലൂക്കിൽ അതിരമ്പുഴ വില്ലേജിലെ ബ്ലോക്ക് നമ്പർ 28-ൽ സർവ്വേ നമ്പർ 175/1-ൽ ഉൾപ്പെട്ട 4.2150 ഹെക്ടർ സ്ഥലത്താണ് കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പ്രൊഡക്ഷൻ സെന്റർ സ്ഥിതി ചെയ്യുന്നത്. ഇതിന് തൊട്ടടുത്താണ് സർവ്വേ നമ്പർ 175/2-ൽ ഉൾപ്പെട്ട 11.6850 ഹെക്ടർ ഭൂമി വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന സിഡ്കോയുടെ കൈവശമുള്ളത്. കേന്ദ്ര സർക്കാരിന്റെ കൈവശമുള്ള സ്ഥലത്ത് പ്രവർത്തിച്ചിരുന്ന സ്ഥാപനം എത്രയോ വർഷങ്ങളായി പ്രവർത്തിക്കുന്നില്ല. അവിടെയിപ്പോൾ ചില ജീവനക്കാർ വന്നുപോകുന്നത് മാത്രമാണ് കാണുന്നത്. ഒരു പ്രവർത്തനവും നടക്കുന്നില്ല. റീസർവ്വേ 75/1-ൽ ഉൾപ്പെട്ട കേന്ദ്ര ഗവൺമെന്റിന്റെ സ്ഥാപനം നിൽക്കുന്നത് 4.2150 ഹെക്ടർ പുറമ്പോക്ക് സ്ഥലത്താണെന്നാണ് റിക്കോർഡിൽ കാണുന്നത്. ആ സ്ഥലം ഒരിക്കലും കേരളത്തിന് വിട്ടുതന്നിട്ടില്ലെന്ന് മാത്രമല്ല അത് സിഡ്കോയ്ക്കും ലഭ്യമല്ല. സിഡ്കോയുടെ കൈവശമുള്ള രേഖയിലോ ഭൂമിയിലോ ഇതൊന്നും കാണുന്നില്ല. കേന്ദ്ര സർക്കാരിന്റെ പ്രൊഡക്ഷൻ സെന്റർ എന്ന് രേഖപ്പെടുത്തിയെന്നുള്ളതല്ലാതെ അവരുടെ കൈവശവും അതിനു യാതൊരുവിധ ആധികാരിക രേഖകളുമില്ല. പുറമ്പോക്ക് ഭൂമിയിലുള്ളൊരു സ്ഥാപനമാണിത്. ആ സ്ഥലം തിരിച്ചെടുക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാരുമായി ആലോചിച്ച് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### (3) മണൽ ലേലം ചെയ്യലും മണൽവാരൽ പുനരാരംഭിക്കലും

ശ്രീ. എൽദോ എബ്രഹാം: സർ, കഴിഞ്ഞ മൂന്നര വർഷക്കാലമായി സംസ്ഥാനത്ത് പുഴമണൽ വാരൽ നിർത്തിവച്ചിരിക്കുകയാണ്. പുഴമണൽ വാരൽ വീണ്ടും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ജനുവരി മുതൽ മേയ് മാസം വരെയുള്ള കാലം സംസ്ഥാനത്ത് നിർമ്മാണ മേഖലയിൽ പ്രവൃത്തികൾ ഏറ്റവും അധികം നടക്കുന്ന കാലയളവാണ്. അതുകൊണ്ട് ഈ സന്ദർഭത്തിൽ പാറമണലിന്റെ വില ക്രമാതീതമായി വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഒരടി മണലിന് ക്രഷറുകൾ 65 രൂപവരെ ഈടാക്കുന്നൊരു സാഹചര്യം ഇപ്പോഴുണ്ട്. ഇത് കെട്ടിട നിർമ്മാണ മേഖലയെ സാരമായി ബാധിക്കുന്നുവെന്നുള്ളതുകൊണ്ട് പുഴ മണൽ വാരൽ ആരംഭിച്ചാൽ റിവർ മനേജ്മെന്റ് ഫണ്ട് സ്വരൂപിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

തനത് വരുമാനത്തിന്റെ വർദ്ധനവിനും ലൈഫ് പോലുള്ള പദ്ധതികൾക്കാവശ്യമായ മണൽ മിതമായ നിരക്കിൽ നൽകുന്നതിനും സാധിക്കുന്നതാണ്. ഇതെല്ലാം മണൽ വാരൽ ആരംഭിച്ചാലുണ്ടാകാവുന്ന നേട്ടങ്ങളാണ്. പ്രളയത്തെത്തുടർന്ന് സംസ്ഥാനത്ത് പുഴയ്ക്ക് സമീപം കരയ്ക്കടിഞ്ഞ് കിടക്കുന്ന മണൽ ലേലം ചെയ്യുന്നതിനോ സർക്കാരിന്റെ ഏതെങ്കിലും പൊതുവായിട്ടുള്ള പദ്ധതികൾക്ക് ഉപയോഗപ്പെടുത്തുന്നതിനോ തീരുമാനമുണ്ടാകണം. തൊഴിലാളികളുടെ തൊഴിലും ഒരു സുപ്രധാന പ്രശ്നമാണ്. അതുകൊണ്ട് സംസ്ഥാനത്ത് പുഴയിൽ നിന്നുള്ള മണൽ വാരൽ പുനരാരംഭിക്കണമെന്ന ആവശ്യമാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. മറ്റൊന്ന്, മട്ടി മണൽ ഖനനം മധ്യകേരളത്തിൽ പല സ്ഥലത്തും നടക്കുന്നുണ്ട്. മട്ടി മണൽഖനനം ചെയ്ത് കഴുകി കൊല്ലം പോലുള്ള ജില്ലകളിൽ വിതരണം ചെയ്യുന്നത് കെട്ടിട നിർമ്മാണത്തെ ദുർബലപ്പെടുത്തും. അതുകൊണ്ട് മട്ടി മണൽഖനനം നിരോധിക്കാനാവശ്യമായ നടപടികൾകൂടി സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, പ്രളയത്തെത്തുടർന്ന് നദികളോടടുത്ത് സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ അടിഞ്ഞു കൂടിയ ചെളിയും മണലും വേർതിരിക്കുന്നതിനും വേർതിരിക്കുന്ന മണൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ വിനിയോഗിച്ച് ജില്ലാ കളക്ടർമാരുടെ ചുമതലയിൽ ശേഖരിച്ച് സൂക്ഷിക്കുവാനും പിന്നീടവ പ്രളയ ദുരിത ബാധിതർക്ക് വീട് നിർമ്മാണം, റോഡ് പുനർ നിർമ്മാണം തുടങ്ങിയ ആവശ്യങ്ങൾക്ക് സർക്കാർ നിരക്കിലുള്ള തുക ഈടാക്കി നടപടിക്രമം പാലിച്ച് വിൽപ്പന നടത്തുന്നതിനും പ്രസ്തുത തുക അതാത് ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുവാനും ജില്ലാകളക്ടർമാരെ 27-9-2018-ലെ സർക്കാർ ഉത്തരവുപ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. മണൽ ഖനനം നടത്തുന്നതിലേയ്ക്കുള്ള സാന്റ് ഓഡിറ്റ് നടത്തുവാൻ തിരുവനന്തപുരം ILDM (Institute of Land and Disaster Management)-ന്റെ നേതൃത്വത്തിൽ വിവിധ ഏജൻസികളെ നിയോഗിക്കുകയും കടലുണ്ടി, കുറ്റ്യാടി, ചന്ദ്രഗിരി, കല്ലട, കുളത്തൂപ്പുഴ, പമ്പ, പെരിയാർ, ഇത്തിക്കര, വാമനപുരം, നെയ്യാർ, കബനി, കറുവന്നൂർ, അഞ്ചരക്കണ്ടി, മൂവാറ്റുപുഴ, ചാലിയാർ, മീനച്ചൽ, കരമന, ചാലക്കുടി, അച്ചൻകോവിൽ, വളപട്ടണം എന്നീ പത്തൊൻപത് നദികളിലെ സാന്റ് ഓഡിറ്റിംഗ് പൂർത്തീകരിച്ച് റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മണൽ ലഭ്യതയുണ്ടെന്ന് കണ്ടെത്തിയ നദികളിൽ നിന്ന് മണൽ വാരുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, പഞ്ചായത്ത്-മുനിസിപ്പാലിറ്റി സെക്രട്ടറിമാർ എന്നിവർ മുമ്പാകെ അപേക്ഷ സമർപ്പിച്ച് അടിയന്തരമായി പാരിസ്ഥിതികാനുമതി നേടാൻ 31-12-2018-ലെ സർക്കാർ ഉത്തരവുപ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തികളുടെ നടപടി പുരോഗമിക്കുന്നു. കൂടാതെ മാഹി,

ശ്രീകണ്ഠപുരം, കാര്യംകോട്, ഭവാനി, കേച്ചേരി, പെരുമ്പ, ഷിറിയ, ഉപ്പള, മണിമല, കുപ്പം, വള്ളത്തോട്, ഗായത്രിപ്പുഴ, മൊഗ്രാൽ, ചന്ദ്രഗിരി(പാർട്ട് II) എന്നീ പതിനാല് നദികളിലെ സാന്റ് ഓഡിറ്റിംഗ് പുരോഗമിക്കുകയാണ്. ഇപ്രകാരം സംസ്ഥാനത്തെ എല്ലാ നദികളിലെയും മണൽ ലഭ്യത കണ്ടെത്തി മണൽ വാരുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

(4) തടയണ പുനർനിർമ്മാണം

ശ്രീ. കെ. വി. വിജയദാസ്: സർ, കണ്ണാടിപ്പുഴയും കല്പാത്തിപ്പുഴയും സംഗമിക്കുന്ന പറളി പഞ്ചായത്തിൽപ്പെട്ടതാണ് ഭാരതപ്പുഴയിലെ തടയണ. ആ തടയണ മഹാപ്രളയത്തിൽ വലിയ തോതിൽ ഒലിച്ചുപോയി നാലു മീറ്റർ നീളത്തിൽ റെയിൽവേ ട്രാക്കിനടുത്ത് എത്തിയിരിക്കുകയാണ്. ഇപ്പോൾ അത് റെയിൽവേ ട്രാക്കിന് വലിയ ഭീഷണിയാണ്. മാത്രമല്ല, ആ തടയണയ്ക്ക് ഇപ്പോൾ വലിയ തോതിൽ ചോർച്ചയും വന്നിരിക്കുന്നു. ചോർച്ച തടഞ്ഞാൽ മാത്രമേ തടയണയിൽ നിന്ന് ആയിരത്തോളം കുടുംബങ്ങൾക്ക് കുടിക്കാനുള്ള വെള്ളമെടുക്കാൻ കഴിയുകയുള്ളൂ. ഏതാണ്ട് നാലായിരത്തോളം ആളുകളാണ് ആ തടയണയിലെ കുടിവെള്ളം ഉപയോഗിക്കുന്നത്. ഇപ്പോൾ വശങ്ങൾ സംരക്ഷിച്ചിട്ടില്ലാത്തതിനാൽ റെയിൽവേ ട്രാക്കിലേയ്ക്ക് പുഴ അതിക്രമിച്ച് കടക്കുകയാണ്, ചോർച്ചയും സംഭവിച്ചു. അതുകൊണ്ട് സർക്കാർ ഗൗരവമായി ഇടപെട്ടുകൊണ്ട് ചോർച്ച തടയാനും വശങ്ങൾ സംരക്ഷിക്കാനുമുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, മഹാപ്രളയത്തെത്തുടർന്ന് ഭാരതപ്പുഴയിലെ തടയണ തകർന്നുപോയതിനാൽ മുടങ്ങിക്കിടക്കുന്ന പറളി പഞ്ചായത്തിലെ കുടിവെള്ള പദ്ധതി പുനഃസ്ഥാപിക്കുന്നതിനുള്ള ശാശ്വതപരിഹാരം, തടയണയുടെ തകർന്ന അരികും അരികുഭിത്തിയും പുനർനിർമ്മിക്കുകയെന്നതാണ്. ഇതിന്റെ ഭാഗമായി പൊളിഞ്ഞ കരഭാഗം കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിക്കാതിരിക്കാനും റെയിൽപ്പാളം സംരക്ഷിക്കുന്നതിനുമായി 7.06 ലക്ഷം രൂപയുടെ അടിയന്തര പ്രവൃത്തിക്ക് ചീഫ് എഞ്ചിനീയർ സാമ്പത്തികാനുമതി നൽകി. പ്രവൃത്തി ക്വട്ടേഷൻ വഴി പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്പോൾ പമ്പിംഗ് നടക്കുന്നുണ്ട്. തടയണയുടെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണത്തിന് 19.9 ലക്ഷം രൂപയുടെ സാമ്പത്തികാനുമതിയും ഭരണാനുമതിയും നൽകി. ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തി 2019 മാർച്ച് മാസം പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ താൽക്കാലിക നടപടി പൂർത്തിയാകുന്ന മുറയ്ക്ക് പമ്പിംഗ് മുടങ്ങാതെ നടക്കുമെന്നും പ്രതീക്ഷിക്കുന്നു. തടയണയുടെ ജലചോർച്ച തടയുന്നതിന് 96 ലക്ഷം രൂപയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തി 2020-മേയ് മാസം അവസാനം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

## (5) കാർഷിക ഗവേഷണ കേന്ദ്രം

ശ്രീ. എം. രാജഗോപാലൻ: സർ, എന്റെ മണ്ഡലത്തിലെ പീലിക്കോട് പ്രവർത്തിക്കുന്ന കേരള കാർഷിക സർവ്വകലാശാലയുടെ റീജിയണൽ റിസർച്ച് സ്റ്റേഷൻ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകൾക്കുവേണ്ടിയുള്ളതാണ്. 1916-ൽ മദ്രാസ് സർക്കാരിന്റെ ഭാഗമായി ആരംഭിച്ചതാണിത്. ശതവത്സരം പിന്നിട്ട ഈ സ്ഥാപനം സംസ്ഥാനത്തെ കാർഷിക മേഖലയിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകി നന്നായി പ്രവർത്തിച്ചുവരുന്നതാണ്. 1972 മുതൽ കേരള കാർഷിക സർവ്വകലാശാലയുടെ മേൽനോട്ടത്തിൽവന്ന ഈ സ്ഥാപനത്തിന് പീലിക്കോട്, നീലേശ്വരം എന്നിവിടങ്ങളിലായി 75 ഹെക്ടർ ഭൂമിയാണുള്ളത്. 1934-ൽ തന്നെ തെങ്ങിൽ അത്യുൽപ്പാദനശേഷിയുള്ള കേരശ്രീ ഇനം ഉൽപ്പാദിപ്പിക്കുകയും തുടർന്ന് ഇപ്പോൾ അനന്തഗംഗ, രക്ഷഗംഗ, കേര ഗംഗ, കേരസാഗര, കേരമധുര എന്നിങ്ങനെ അത്യുൽപ്പാദന ശേഷിയുള്ള തെങ്ങുകളുൽപ്പാദിപ്പിച്ച് വിതരണം ചെയ്തുകൊണ്ട് ഇതൊരു മാതൃകാ സ്ഥാപനമായി മാറിയിട്ടുണ്ട്. അത്യുൽപ്പാദന ശേഷിയുള്ള നെല്ലിനങ്ങളും പച്ചക്കറിയും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന ഈ സ്ഥാപനം കൃഷിക്കാരുടെ വഴികാട്ടിയാണ്. നിരവധി മേഖലകളിൽ വലിയ സംഭാവന ചെയ്തുവരുന്ന ഈ സ്ഥാപനം മേലധികാരികളുടെ അശ്രദ്ധ കാരണം ഇന്ന് ഏറെ പ്രയാസത്തിലാണ്. ഇവിടെ ഗവേഷകരുടേയും തൊഴിലാളികളുടെയും നിരവധി തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. 33 ശാസ്ത്രജ്ഞർ വേണ്ടിടത്ത് 28 എണ്ണവും ഭരണപരമായ ജീവനക്കാരിൽ 23-ൽ അഞ്ചിലധികവും ഒഴിഞ്ഞുകിടക്കുകയാണ്. ലാബ് അസിസ്റ്റന്റ്, ടെക്നിക്കൽ അസിസ്റ്റന്റ്, ഫാം അസിസ്റ്റന്റ് തസ്തികകളും ഒഴിഞ്ഞ് കിടക്കുകയാണ്. പ്രതിമാസം 15 ലക്ഷത്തോളം രൂപ വരുമാനം ഭക്ഷ്യ വസ്തുക്കളിലൂടെയുള്ള വൈവിദ്ധ്യവൽക്കരണം വഴിയും തെങ്ങിൻ തൈ, പച്ചക്കറി വിത്തുകൾ, നടീൽ വസ്തുക്കൾ, പാൽ, കശുവണ്ടിപ്പരിപ്പ് എന്നിവ വഴിയും നേടിത്തരുന്ന ഈ സ്ഥാപനത്തിൽ മതിയായ ജീവനക്കാരെയും കൂടുതൽ തൊഴിലാളികളെയും നിയമിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഇവിടെ നിരവധി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമുണ്ടായിരുന്നു. അവിടെയുണ്ടായിരുന്ന തസ്തികകൾ പലതും നികത്തിയിട്ടില്ലെന്നുമാത്രമല്ല, പല തസ്തികകളും അവിടെയുള്ള ഉദ്യോഗസ്ഥരുടെ സൗകര്യാർത്ഥം ഷിഫ്റ്റ് ചെയ്യുന്ന സാഹചര്യവുമുണ്ടായിരുന്നു. അതെല്ലാം പരിഹരിച്ചുകൊണ്ട് ആ തസ്തികകൾ പുനഃസ്ഥാപിച്ചിട്ടുണ്ട്. നിലവിലുള്ള ഒഴിവുകൾ നികത്താനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഫാം ജീവനക്കാരുടെ മൂന്ന് ഒഴിവുകളും

ഡ്രൈവർ തസ്തികയിലെ രണ്ട് ഒഴിവുകളും പി.എസ്.സി. വഴി നികത്തേണ്ടതാണ്. പി.എസ്.സി. ലിസ്റ്റില്ലാത്തതുകൊണ്ട് അത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്താനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. അതോടൊപ്പംതന്നെ ഏറ്റവും പ്രധാനപ്പെട്ട കാര്യം അദ്ധ്യാപക തസ്തികയുമായി ബന്ധപ്പെട്ടതാണ്. ഗവേഷകരുടെ തസ്തികയിലേയ്ക്ക് വർഷങ്ങളായി സെലക്ഷൻ പൂർത്തീകരിക്കപ്പെടാതിരുന്ന സാഹചര്യത്തിൽ, യൂണിവേഴ്സിറ്റിയിലെ എല്ലാ തസ്തികകളിലും നിയമനം നടത്തുന്നതിനാവശ്യമായ രീതിയിൽ സുതാര്യമായ നിലയിലുള്ള അഭിമുഖം പൂർത്തീകരിച്ച് കഴിഞ്ഞിരിക്കുകയാണ്. ഉടൻ തന്നെ ലിസ്റ്റ് പ്രസിദ്ധീകരിച്ച് അടിയന്തരമായി നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (6) ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി

ശ്രീ. ബി. ഡി. ദേവസ്സി: സർ, ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടിയിലെ ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി 110 ഏക്കർ സ്ഥലത്താണ് പ്രവർത്തിക്കുന്നത്. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്ന് 10 കി. മീറ്റർ മാത്രം ദൂരത്തായി, ദേശീയപാത, റെയിൽവേ സ്റ്റേഷൻ എന്നിവയുടെ സമീപത്തായി സ്ഥിതിചെയ്യുന്ന ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി നിലവിൽ ചിതറിക്കിടക്കുന്ന ജീർണ്ണിച്ച കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഈ പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി വിവിധ വിഭാഗങ്ങൾ ഒരു കുടക്കീഴിലാക്കുന്നതിന് ഒരു കെട്ടിട സമുച്ചയം നിർമ്മിക്കേണ്ടതുണ്ട്. ഇതിനായി പി.ഡബ്ല്യു.ഡി. വിശദമായൊരു എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളതാണ്. നല്ല രീതിയിൽ പ്രവർത്തിക്കുന്നൊരു ഒ.പി. വിഭാഗവും ഈ ആശുപത്രിയിലുണ്ട്. ആശുപത്രിയുടെ പ്രവർത്തനത്തിനാവശ്യമുള്ള സ്ഥലം കഴിച്ച് ബാക്കിയുള്ള 100 ഏക്കറിലധികം വരുന്ന സ്ഥലത്ത് ആരോഗ്യ മേഖലയിലെ പ്രധാനപ്പെട്ട ഒരു പ്രോജക്ട് നടപ്പാക്കുന്നത് ഉചിതമായിരിക്കും. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വിവിധ ചികിത്സാ വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന മെഡിസിറ്റി സ്ഥാപിക്കുന്നതിനായി Inkel പ്രോജക്ട് തയ്യാറാക്കിയിരുന്നെങ്കിലും തുടർനടപടികളുണ്ടായില്ല. സംസ്ഥാനത്തെ എയിംസ് പോലുള്ള ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം കൂടിയാണിത്. നിലവിലെ ത്വക്ക് രോഗാശുപത്രിയുടെ പ്രവർത്തനത്തിനായി പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനും ബാക്കിവരുന്ന സ്ഥലത്ത് ആരോഗ്യമേഖലയിലെ ഏതെങ്കിലും പ്രധാനപ്പെട്ട ഒരു പ്രോജക്ട് അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കൊരട്ടിയിലെ ത്വക്ക് രോഗാശുപത്രി 110 ഏക്കർ സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്.

നേരത്തെ തന്നെ ബ്രിട്ടീഷ് മിഷനറി ഗ്രൂപ്പിന്റെ നേതൃത്വത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇതുപോലുള്ള ത്വക്ക് രോഗാശുപത്രികൾ സ്ഥാപിച്ചിരുന്നു. ഏക്കർ കണക്കിന് സ്ഥലത്തിന്റെ നടുവിലായിട്ടാണ് അന്ന് ലെപ്രസി ബാധിച്ചവരെ അവിടെ പുനരധിവസിപ്പിച്ചിരുന്നത് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ആലപ്പുഴ ജില്ലയിലെ നൂറനാടും ഇതുപോലെതന്നെയാണുണ്ടായിരുന്നത്. കാലക്രമേണ അതിന്റെ പ്രവർത്തനങ്ങൾ ക്ഷയിച്ച് പോകുകയും ഇപ്പോഴും അതവിടെ ലെപ്രസി ഹോസ്പിറ്റലായി സ്ഥിതിചെയ്യുകയും ചെയ്യുന്നുണ്ട്. കൊരട്ടിയിലെ സ്ഥാപനം 1955-ൽ സർക്കാരിന്റെ കീഴിൽ വന്നു. നേരത്തെ അതൊരു ബ്രിട്ടീഷ് മിഷനറി ഗ്രൂപ്പായ സാൽവേഷൻ ആർമി ഗ്രൂപ്പിന്റെ കീഴിലായിരുന്നു. എന്നാൽ 1955-ൽ തന്നെ ഈ സ്ഥാപനം സർക്കാരിന്റെ കീഴിലായിട്ടുണ്ട്. തുടർന്ന് ഈ സ്ഥാപനത്തിന്റെ പേര് ഗാന്ധിഗ്രാം ഗവൺമെന്റ് ഹോസ്പിറ്റൽ ഓഫ് ഡെർമറ്റോളജി എന്നാക്കി മാറ്റിയിട്ടുണ്ട്. നേരത്തെ അത് 610 കിടക്കകൾ അനുവദിച്ച ഒരു സ്ഥാപനമായിരുന്നു. ഇപ്പോൾ 154 രോഗികളാണുള്ളത്. അവിടെ പുരുഷന്മാരുടെ 8 വാർഡുകളും സ്ത്രീകളുടെ 6 വാർഡുകളും വിവിധയിടങ്ങളിൽ ചെറിയ കെട്ടിടങ്ങളിൽ സ്ഥിതി ചെയ്യുന്നു. കെട്ടിടങ്ങളെല്ലാം നാശത്തിന്റെ വക്കിലാണ്. സർക്കാർ ഇക്കാര്യങ്ങളെല്ലാം വിശദമായി പരിശോധിക്കുകയാണ്. നൂറനാട് ലെപ്രസി സാനിറ്റോറിയം സർക്കാർ പരിശോധിക്കുകയും 40 കോടി രൂപയുടെ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും അതിപ്പോൾ നബാർഡ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രിയടക്കം ഏറ്റവും ആധുനികമായി മാറ്റിയെടുക്കുന്നതിനാണ് തീരുമാനം. കൊരട്ടിയിൽ നേരത്തെ ഇങ്ങനെയൊരു പ്രൊപ്പോസൽ വന്നെങ്കിലും അത് പിന്തുടരുകയോ തുടർനടപടികളുണ്ടാകുകയോ ചെയ്തിട്ടില്ല. പക്ഷേ ഇത്രയും ഏക്കർ സ്ഥലവും സാനിറ്റോറിയവും അനാഥമാക്കാൻ സാധിക്കില്ല. ഇതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറോട് ഒരു പ്രത്യേക പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആ പ്രൊപ്പോസൽ ഏകദേശം തയ്യാറായി വരുന്നുണ്ട്. അത് പരിശോധിച്ച് നടപടികൾ സ്വീകരിക്കാം. മറ്റൊരു കാര്യം, എയിംസ് കേരളത്തിന് അനുവദിച്ചിട്ടേയില്ല. നിരവധി തവണ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യവകുപ്പുമന്ത്രിയുമെല്ലാം ഇടപെട്ടെങ്കിലും കേന്ദ്രത്തിൽനിന്നും എയിംസ് പ്രഖ്യാപിച്ചിട്ടില്ല. ലെപ്രസി ഹോസ്പിറ്റലിന്റെ കാര്യം ഗൗരവമായി പരിശോധിക്കുന്നതാണ്. ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയതനുസരിച്ച് പ്രൊപ്പോസൽ തയ്യാറാക്കുകയാണ്.

## (7) ബാലനീതി നിയമം

ശ്രീ. പി. ഉബൈദുള്ള: സർ, അനാഥാലയങ്ങളുടെ നടത്തിപ്പിൽ ജെ. ജെ ആക്ട് (Juvenile Justice Act) കർശനമായി പാലിക്കണമെന്ന സുപ്രീംകോടതി ഉത്തരവിനെത്തുടർന്ന് സംസ്ഥാനത്തെ അഗതി, അനാഥമന്ദിരങ്ങൾ, ശിശു സംരക്ഷണ

കേന്ദ്രങ്ങൾ എന്നിവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ചട്ടങ്ങൾ രൂപീകരിക്കുവാൻ സംസ്ഥാന സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് എന്റെ സബ്മിഷൻ. പുതിയ നിബന്ധനകൾമൂലം സംസ്ഥാനത്ത് 400-ൽപ്പരം അനാഥാലയങ്ങൾ പൂട്ടിയെന്നാണ് കണക്ക്. ഇതിനെത്തുടർന്ന് 7000-ത്തിൽപ്പരം കുട്ടികൾ വീണ്ടും അനാഥരായി. അവരെ ഏറ്റെടുക്കാൻ മറ്റുസ്ഥാപനങ്ങൾക്ക് ഈ നിയമം വഴി സാധ്യമാകുന്നില്ല. ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ അംഗീകാരത്തോടെ മാത്രമേ ഓരോ സ്ഥാപനങ്ങളും കുട്ടികളെ സ്വീകരിക്കാൻ പാടുള്ളൂ എന്നാണ് നിയമം. ഒരു ജില്ലയിൽ പ്രവർത്തിക്കുന്ന അനാഥാലയങ്ങളിൽ ഇതര ജില്ലയിലെ കുട്ടികളെ താമസിപ്പിക്കരുതെന്നും കുട്ടികൾ അവധിയിൽ പോകുമ്പോൾ ജില്ലാ അധികൃതരുടെ മുന്നിൽ ഹാജരാക്കി അനുമതി വാങ്ങണമെന്നതുമുൾപ്പെടെയുള്ള നിബന്ധനകൾ അനാഥാലയങ്ങളെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് അധിക ജീവനക്കാരെ നിയമിക്കണമെന്നും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നുമുള്ള നിർദ്ദേശങ്ങൾ, സാമ്പത്തിക പ്രയാസ മനുഭവിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളെ വീണ്ടും പ്രയാസത്തിലേയ്ക്ക് തള്ളിവിടു കയാണ്. ജെ.ജെ. ആക്ടനുസരിച്ച് 100 കുട്ടികളുള്ള സ്ഥാപനത്തിൽ ആകെ 25 ജീവനക്കാരെ നിയമിക്കണം. അവർക്ക് സർക്കാർ നിർദ്ദേശിക്കുന്ന ശമ്പളം നൽകണം. അതുപോലെ അദ്ധ്യാപകർ, കെയർ ടേക്കർ, ഡോക്ടർ, ഗൈനക്കോളജിസ്റ്റ്, എം.എസ്.ഡബ്ല്യു. യോഗ്യതയുള്ള സാമൂഹിക പ്രവർത്തകൻ, സുരക്ഷാ ഉദ്യോഗസ്ഥർ, പരിശീലകൻ എന്നിങ്ങനെയാണ് ജീവനക്കാരുടെ പട്ടിക. ഇതൊരു മണ്ഡലത്തിന്റെ കാര്യമല്ല. പൊതുവായി അനാഥാലയങ്ങളുടെ വിഷയമാണ്. അതുപോലെ ദത്തെടുക്കൽ കർശനമാക്കിയിട്ടുണ്ട്. ഒരേസമയം കേന്ദ്ര/ സംസ്ഥാന നിയമങ്ങൾ കർശനമായി നടപ്പാക്കുമ്പോൾ നിലനിൽപ്പുതന്നെ ഭീഷണിയിലായി കൂടുതൽ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ട സ്ഥിതിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. സർക്കാർ അടിയന്തരമായി ഇടപെട്ടില്ലെങ്കിൽ ആയിരക്കണക്കിന് കുട്ടികളുടെ ഭാവി കൂടി അനിശ്ചിതത്വത്തിലാകും. അദ്ധ്യയനവർഷം അവസാനിക്കുന്ന മാർച്ചോടെ ഇപ്പോൾ പ്രവർത്തിക്കുന്ന 700-ൽപ്പരം അനാഥാലയങ്ങളിൽ പകുതിയലധികവും പൂട്ടുമെന്ന് ഓർഫനേജ് കൺട്രോൾ ബോർഡ് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിലെ പ്രത്യേക സാമൂഹ്യ സാഹചര്യം കണക്കിലെടുത്ത് ഈ ഉത്തരവ് നടപ്പാക്കുന്നതിൽ ഇളവുകൾക്കായി ചട്ടങ്ങൾക്ക് രൂപം നൽകുമെന്ന് സംസ്ഥാന സർക്കാർ ഉറപ്പ് നൽകിയെങ്കിലും 2015-ൽ ജെ. ജെ. ആക്ട് വന്ന്, ഇപ്പോൾ നാലാം വർഷത്തിലേയ്ക്ക് കടന്നിട്ടും ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. അതുകൊണ്ട് അടിയന്തരമായി ചട്ടങ്ങൾ രൂപീകരിച്ച് അനാഥാലയങ്ങൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കേന്ദ്ര സർക്കാർ 2000-ത്തിലെ Juvenile Justice Act റദ്ദ് ചെയ്തുകൊണ്ട് Juvenile Justice (Care and Protection of Children) Act 2015-ൽ പുറപ്പെടുവിച്ചു. ഈ ആക്ട് 15-1-2016 മുതൽ പ്രാബല്യത്തിൽ വന്നു. 2015-ലെ ജുവനൈൽ ജസ്റ്റിസ് ആക്ടിലെ വകുപ്പ് 41(1) പ്രകാരം സംസ്ഥാന സർക്കാരോ സന്നദ്ധ സംഘടനകളോ സർക്കാരിതര സംഘടനകളോ പൂർണ്ണമായോ ഭാഗികമായോ നടത്തുന്നതോ ശ്രദ്ധയും സംരക്ഷണവും ആവശ്യമായതോ നിയമവുമായി പൊരുത്തപ്പെടാത്തതോ ആയ കുട്ടികളുടെ സംരക്ഷണത്തിനുവേണ്ടി നടത്തുന്ന എല്ലാ സ്ഥാപനങ്ങളും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഗ്രാന്റ് വാങ്ങിക്കൊണ്ടിരുന്നതായാലും അല്ലെങ്കിലും സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരം രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുകയുണ്ടായി. പ്രസ്തുത വ്യവസ്ഥ പാലിക്കാത്ത സ്ഥാപനാധികൃതർക്ക് ഒരു വർഷത്തെ തടവോ ഒരു ലക്ഷം രൂപയിൽ കുറയാത്ത പിഴയോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കാവുന്നതാണെന്നും 2015-ലെ Juvenile Justice (Care and Protection of Children) Act-ന്റെ 42-ാം വകുപ്പിൽ പറയുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 5-5-2017-ലെ വിധിന്യായത്തിലൂടെ എല്ലാ ചൈൽഡ് കെയർ സ്ഥാപനങ്ങളുടെയും ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ നടപടികൾ 31-12-2017-ന് മുൻപ് പൂർത്തിയായിയെന്ന് ഉറപ്പാക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് കർശന നിർദ്ദേശം നൽകിയിരുന്നു. 30-6-2018 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് വനിത-ശിശു വികസന വകുപ്പ് നേരിട്ട് നടത്തുന്നതടക്കം 817 സ്ഥാപനങ്ങളുണ്ട്, 27 എണ്ണം സർക്കാരിന്റേതും 790 എണ്ണം വിവിധ സംഘടനകൾ നടത്തുന്നതുമാണ്. ഇത് ബാലനീതി നിയമപ്രകാരം ഇപ്പോൾതന്നെ രജിസ്റ്റർ ചെയ്ത് കഴിഞ്ഞിട്ടുണ്ട്. 30-6-2018-ലെ കണക്കുപ്രകാരം സംസ്ഥാനത്ത് ബാലനീതി നിയമപ്രകാരം രജിസ്ട്രേഷൻ നേടാത്ത 288 ശിശു സംരക്ഷണ സ്ഥാപനങ്ങൾ പൂട്ടുകയുണ്ടായി. ഇപ്പോൾ 346 സ്ഥാപനങ്ങൾ പ്രവർത്തനം നിർത്തിയതായി ഓർഫനേജ് കൺട്രോൾ ബോർഡിനെ അറിയിച്ചിട്ടുണ്ട്. 2015-ലെ ബാലനീതി നിയമപ്രകാരം സ്ഥാപനം എന്നത് കുട്ടികളുടെ അവസാനത്തെ അഭയകേന്ദ്രമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിപ്രകാരം രജിസ്റ്റർ ചെയ്യാത്ത ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികളുടെ പുനരധിവാസം സംബന്ധിച്ച് നടപടി സ്വീകരിക്കുവാൻ അതാത് ജില്ലകളിലെ ചെൽഡ് വെൽഫെയർ കമ്മിറ്റികൾക്കും ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ കഴിയുന്ന കുട്ടികളെ 2015-ലെ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള പദ്ധതികളായ Adoption, Fostercare, Sponsorship എന്നിവ മുഖേന പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ശിശുസംരക്ഷണ

സ്ഥാപനങ്ങളിൽ കഴിയുന്ന ഇതര സംസ്ഥാന കുട്ടികളുടെ പുനരധിവാസത്തിന് അതാതു സംസ്ഥാനത്തെ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ മുഖാന്തരം കുട്ടികളുടെ പുനരധിവാസ നടപടികൾ സ്വീകരിച്ചുവരുകയാണ്.

മി. സ്പീക്കർ: പ്ലീസ്......

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇത് പ്രധാനപ്പെട്ട ഒരു വിഷയമാണ്, കോടതി ഇടപെടുന്നൊരു വിഷയമാണ്.

മി. സ്പീക്കർ: ടേബിൾ ചെയ്ത് സർക്കുലേറ്റ് ചെയ്താൽ മതി.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ടേബിൾ ചെയ്താൽ മതിയോ?

മി. സ്പീക്കർ: മതി. പ്രധാന കാര്യങ്ങൾ മന്ത്രി പറഞ്ഞാൽ മതി.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇതിന്റെ പ്രധാനപ്പെട്ട ഭാഗമാണ് പറയുന്നത്. ചട്ടങ്ങൾ രൂപീകരിക്കാത്തതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. ഇതിൽ ചട്ടങ്ങളിൽ നമുക്ക് മാറ്റം വരുത്താനുള്ള വളരെ മൈന്യൂട്ടായിട്ടുള്ള ഇടമേയുള്ളൂ. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ചട്ടങ്ങളെ മറികടക്കാനുള്ള ചട്ടങ്ങൾ നമുക്ക് നിശ്ചയിക്കാൻ കഴിയാത്ത വിധം വളരെ ശക്തമാണ് ഈ ആക്ടും അത് സംബന്ധിച്ചുള്ള സെൻട്രൽ റൂൾസും. കാരണം, കുട്ടികളെ അധിവസിപ്പിക്കുന്ന സ്ഥാപനങ്ങളിൽ ഇന്നയിന്ന കാര്യങ്ങൾ ഉണ്ടായിരിക്കണമെന്നത് കർശനമായ നിബന്ധനയാണ്. ഇത് ചർച്ച ചെയ്യാതിരുന്നിട്ടില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ നിരവധി തവണ ഓർഫനേജ് കൺട്രോൾ ബോർഡുമായും അതുപോലെ തന്നെ സ്ഥാപനത്തിന്റെ ഉടമകളുമായും നിരവധി തവണ ചർച്ചകൾ സംഘടിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മീറ്റിംഗുകൾ സംഘടിപ്പിച്ചിരുന്നു. സാമൂഹ്യനീതി വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഞാനും നിരവധി തവണ ഇവരുമായെല്ലാം ചർച്ചകൾ നടത്തുന്നുണ്ട്. നമുക്കുള്ള പഴുതുകളെല്ലാം ഉപയോഗപ്പെടുത്തുന്നുണ്ട്. സുപ്രീംകോടതിയുടെ നേരിട്ടുള്ള പരിഗണനയിലുള്ള വിഷയമായതിനാൽ ഇതിനപ്പുറം നമുക്കൊന്നും ചെയ്യാൻ സാധിക്കില്ല. കരട് രൂപീകരിക്കാൻ താമസം നേരിട്ടത്, നമുക്കെന്തെങ്കിലും പഴുതുണ്ടാക്കി സ്ഥാപനങ്ങൾ നിലനിർത്താൻ കഴിയുമോയെന്ന് പരിശോധിച്ചതിനാലാണ്. അത്രയും കുട്ടികൾ വെളിയിലേയ്ക്ക് വരുമ്പോൾ ഉൾക്കൊള്ളാൻ കഴിയാത്ത അവസ്ഥ സർക്കാരിനും വരും. പക്ഷേ ഇതിനകത്ത് പറഞ്ഞിട്ടുള്ള കാര്യങ്ങൾ നമുക്ക് തള്ളിക്കളയാൻ പറ്റില്ല. നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചേ മതിയാകൂ എന്നുള്ള അവസ്ഥയാണ് നമുക്കുള്ളത്. ചർച്ചകൾ ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. കരട് ഏകദേശം അവസാന രൂപത്തിലായിട്ടുണ്ട്.

## (8) വികസന പദ്ധതി

ശ്രീ. കെ. മുരളീധരൻ: സർ, തിരുവനന്തപുരം നഗരത്തിലെ വട്ടിയൂർക്കാവ് ജംഗ്ഷന്റെയും ശാസ്തമംഗലം, പേരൂർക്കട, വഴയില എന്നിവിടങ്ങളിലേയ്ക്കുള്ള റോഡുകളുടെയും വികസനത്തിനായി 2017-18-ലെ ബഡ്ജറ്റിൽ തുക വകയിരുത്തുകയും സർക്കാർ ഉത്തരവ് 942/2017 പ്രകാരം 100 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുകയും 17-3-2017-ലെ സർക്കാർ ഉത്തരവ് (പ്ലാനിംഗ്) പ്രകാരം വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനത്തിനായി ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി 45 കോടി രൂപ അനുവദിക്കുകയുമുണ്ടായി. 6-10-2017-ലെ സർക്കാർ ഉത്തരവുപ്രകാരം പദ്ധതിക്കുവേണ്ടി ഏറ്റെടുക്കേണ്ട ഭൂമിയുടെ സർവ്വേ നമ്പർ ഉൾപ്പെടുത്തി റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 13-6-2018-ലെ സർക്കാർ ഉത്തരവു പ്രകാരം ഭൂമി ഏറ്റെടുക്കലിന്റെ സോഷ്യൽ ഇംപാക്റ്റ് നിർണ്ണയിക്കുന്നതിന് കമ്മിറ്റി രൂപീകരിച്ചെങ്കിലും ആയത് പൂർത്തീകരിച്ചില്ല. ഈ പദ്ധതിയുടെ എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡ് ഡി.പി.ആർ. തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിന് നൽകിയെങ്കിലും ആയതും നാളിതുവരെ അംഗീകരിച്ചിട്ടില്ല. ഇതുസംബന്ധിച്ച് 4-12-2018-ൽ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ യോഗം ചേർന്ന് ഭൂമി ഏറ്റെടുക്കുന്നതിന് ടിഡിയെയും റോഡ് വികസനത്തിനും നിർമ്മാണത്തിനും റോഡ് ഫണ്ട് ബോർഡിനെയും ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു. എന്നാൽ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10-12-2018-ൽ കൂടിയ യോഗ തീരുമാനപ്രകാരം പേരൂർക്കട-മണ്ണറക്കോണം, മണ്ണറക്കോണം-വഴയില, ശാസ്തമംഗലം-മണ്ണറക്കോണം എന്നീ റോഡുകളുടെ വികസനത്തിന് ഫണ്ട് ലഭ്യമാകാത്തതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടി നിർത്തിവയ്ക്കാൻ റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിരിക്കുകയാണ്. 2011-ൽ തുടങ്ങിയ പ്രസ്തുത പദ്ധതി നാളിതു വരെ നടപ്പാകാത്തതിന്റെ കാരണം റവന്യൂ, പി.ഡബ്ല്യൂ.ഡി, തദ്ദേശ സ്വയംഭരണം, ധനകാര്യ വകുപ്പുകളുടെ ഏകോപനമില്ലായ്മയാണ്. എത്രയും പെട്ടന്ന് ഇവ പരിഹരിച്ച് ഈ ജംഗ്ഷൻ വികസനം യാഥാർത്ഥ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു വികസന പദ്ധതിയാണിത്. വിശദമായ മറുപടി ഞാൻ വായിക്കുന്നില്ല. പ്രധാനപ്പെട്ട പോയിന്റുകൾ മാത്രം പറയാം. 2017-ൽ ആസൂത്രണ വകുപ്പ് ഭൂമിയേറ്റെടുക്കാനായി 45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 2017-18-ലെ കിഫ്ബി പദ്ധതിയിൽ ഇതിന് വീണ്ടും 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. റോഡ് നിർമ്മാണമുള്ളതുകൊണ്ട് അതിന്റെ എസ്.പി.വി.-യായി കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തി. കോമ്പൻസേഷനുവേണ്ടി 30% പൈസ ടിഡി ആവശ്യപ്പെട്ടു. അതിനാവശ്യമായ ശിപാർശ തദ്ദേശ സ്വയംഭരണ

വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് 28-12-2017-ൽ അയച്ചുകൊടുത്തിട്ടുണ്ട്. സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്താനായി കളക്ടർ ആവശ്യപ്പെട്ട 1,15,000 രൂപ 19-6-2018-ൽ നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന് 10 കോടി രൂപയുടെ റോഡ് നിർമ്മാണമാണുള്ളത്. അതിന്മേൽ എസ്.പി.വി. ആയിട്ടാണ് കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയത്. അശാസ്ത്രീയമായി ഇത് ചുമതലപ്പെടുത്തിയതുകൊണ്ടാണ് ദീർഘകാലമായി പണി നടക്കാതിരുന്നത്. പി.ഡബ്ല്യൂ.ഡി. റോഡിൽ ട്രിഡയ്ക്ക് റോഡ് നിർമ്മിക്കാൻ സാധ്യമല്ലെന്ന് അറിയിച്ചിട്ടും അവരെ ചുമതലപ്പെടുത്തി. ഇപ്പോൾ ഞാൻ ഇടപെട്ടാണ് റോഡ് നിർമ്മാണം പി.ഡബ്ല്യൂ.ഡി. കമ്പനിയായിട്ടുള്ള റോഡ് ഫണ്ട് ബോർഡ് നടത്തുന്നത്. മറ്റെല്ലാ കാര്യങ്ങളും ട്രിഡ നടത്തും. അതിന്റെയെല്ലാം തീരുമാനമായി. അതിലൊന്നും ഒരു പ്രശ്നവുമില്ല. അതിന് പ്രത്യേക യോഗം ചേർന്നു. ഇൻവെസ്റ്റിഗേഷൻ തയ്യാറാക്കി ടെണ്ടർ നടപടി സ്വീകരിച്ചുവരികയാണ്. കിഫ്ബിയുടെ അംഗീകാരം കിട്ടിയാലുടനെ ടെണ്ടർ നടപടികൾ ആരംഭിക്കും. പി.ഡബ്ല്യൂ.ഡി.-യെ സംബന്ധിച്ച് യാതൊരു തടസ്സവുമില്ല. ട്രിഡയുടെ കാര്യം പ്രത്യേകം ചർച്ച ചെയ്യണം. അവരും സജീവമായി ഇടപെടുന്നുണ്ട്.

(9) റെയിൽവേ മേൽപ്പാലം

ശ്രീ. മോൻസ് ജോസഫ്: സർ, കടുത്തുരുത്തി മണ്ഡലത്തിൽ ഉൾപ്പെട്ടതും കുറവിലങ്ങാട്-ആലപ്പുഴ മിനി ഹൈവേയിലുള്ളതുമായ കുറുപ്പന്തറ റെയിൽവേ ക്രോസിന് പകരമായി കുറുപ്പന്തറയിൽ സർക്കാർ അനുവദിച്ചിട്ടുള്ള റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ആരംഭിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. ഇക്കാര്യത്തിൽ സർക്കാർ ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും സ്ഥലമെടുപ്പിന്റെ കാര്യത്തിൽ ഇപ്പോഴും തീരുമാനമാകാതെ പ്രതിസന്ധിയുണ്ടായിരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷന്റെയും റവന്യൂ വകുപ്പിന്റെയും റെയിൽവേയുടെയും കോ-ഓർഡിനേഷൻ അത്യന്താപേക്ഷിതമാണ്. അവിടെ ജനങ്ങൾ വലിയ പ്രക്ഷോഭത്തിലാണ്. അതുകൊണ്ട് ഇക്കാര്യം കോട്ടയം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുന്നതാണ് ഉചിതം. സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങൾ പൂർത്തിയാക്കി പി.ഡബ്ല്യൂ.ഡി.-യുമായി സഹകരിച്ചുകൊണ്ട് റെയിൽവേയുടെ സഹകരണത്തോടെ എത്രയുംപെട്ടെന്ന് കുറുപ്പന്തറ ആർ.ഒ.ബി.-യുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഈ റെയിൽവേ ക്രോസ് ജനങ്ങൾക്ക് ബുദ്ധിമുട്ടായതുകൊണ്ട് പകരം ഉപയോഗിച്ചുകൊണ്ടിരുന്നത് സമീപത്തുള്ള മാഞ്ഞൂർ-കുറുപ്പന്തറ-മല്ലൂർ ബൈപ്പാസ് റോഡാണ്. അവിടെയുള്ള മേൽപ്പാലവും റെയിൽവേ ഡബ്ലിംഗിന്റെ ഭാഗമായി പൊളിച്ചു, അതിന്റെ പണി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. അപ്രോച്ച് റോഡ് നിർമ്മിക്കണമെങ്കിൽ പി.ഡബ്ല്യൂ.ഡി.-ക്ക് റവന്യൂ വകുപ്പ് സ്ഥലമെടുത്തുകൊടുക്കണം. അത് സംസ്ഥാന സർക്കാർ ചെയ്യേണ്ടതായിട്ടുണ്ട്.

അക്കാര്യങ്ങളിലും പുരോഗതി ഉണ്ടാകണമെന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അതിനാവശ്യമായ നിർദ്ദേശം കൊടുക്കുകയും അതിനുവേണ്ട നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കുറുപ്പന്തറ ആർ.ഒ.ബി.-ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആർ.ബി.ഡി.സി.കെ. പദ്ധതി തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ ഓർഡർ 22-5-2018-ൽ ഇറങ്ങുകയും 30.56 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 81.1 ആർ സ്ഥലം ഏറ്റെടുക്കണം. അതിന് 2018 ജൂലൈ 10-നുതന്നെ ജില്ലാ കളക്ടർക്ക് അഭ്യർത്ഥന കൊടുത്തിട്ടുണ്ട്. സ്ഥലമെടുക്കുന്ന എല്ലായിടത്തും പ്രശ്നമുണ്ടാകുന്നതുപോലെ അവിടെയുമുണ്ട്. അവിടെ സംയുക്ത പരിശോധന നടത്തി ചെലവിനായി 5 ശതമാനം കണ്ടിജൻസി ചാർജ്ജായ 10,78,500 രൂപ അനുവദിച്ചിട്ടുണ്ട്. ഇത് കിഫ്ബിയുടെ പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. അടിയന്തരപ്രാധാന്യം കണക്കിലെടുത്ത് എസ്.ഐ.എ. യൂണിറ്റ് നിർമ്മിക്കുന്നതിന് 3 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾക്കായി എസ്.പി.വി. ആയ ആർ.ബി.ഡി.സി.കെ. നടപടികൾ സ്വീകരിച്ചുവരികയാണ്. അങ്ങ് പറഞ്ഞ മാഞ്ഞൂർ റെയിൽവേ മേൽപ്പാലം പൊതുമരാമത്ത് വകുപ്പല്ല നിർമ്മിക്കേണ്ടത്, റെയിൽവേ നേരിട്ട് നിർമ്മിക്കുന്നതാണ്.അതിന്റെ പണി ത്വരിതപ്പെടുത്താൻ ആവശ്യപ്പെടാം.

## (10) യു.പി. സ്കൂൾ അപ്ഗ്രഡേഷൻ

ശ്രീ. എം. ഉമ്മർ: സർ, പുല്ലൂർ ഗവൺമെന്റ് സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. 1920-ൽ സ്ഥാപിച്ച സ്കൂളാണത്. 1946-ൽ സർക്കാർ ആ സ്കൂൾ ഏറ്റെടുക്കുകയും 1974-ൽ യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യുകയും ചെയ്തു. ഇപ്പോൾ അവിടെ പഠിക്കുന്ന 884 കുട്ടികളിൽ 187 കുട്ടികൾ 7-ാം ക്ലാസ്സിലാണ്. മഞ്ചേരി മുനിസിപ്പാലിറ്റിയിലെ തൃക്കലങ്ങോട്, പുൽപ്പറ്റ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുടെ ഏക ആശ്രയമാണ് ഈ യു.പി. സ്കൂൾ. പിന്നാക്ക വിഭാഗത്തിൽപ്പെട്ട എസ്.സി./എസ്.റ്റി. വിദ്യാർത്ഥികളും അവിടെ പഠിക്കുന്നുണ്ട്. വിദ്യാഭ്യാസ വകുപ്പ് 5-8-2015-ന് ആ സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനായി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മലപ്പുറം ഡി.ഡി.ഇ.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1-3-2016-ന് ചേർന്ന മന്ത്രിസഭായോഗം സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ തീരുമാനിച്ചുവെങ്കിലും പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കാതെയായി. അതുകൊണ്ട് ആയിരത്തോളം കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയം അപ്ഗ്രേഡ് ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.* ഇതുസംബന്ധിച്ച പ്രധാനപ്പെട്ട കാര്യങ്ങൾ പറയാം. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായപ്രകാരം വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ പ്രദേശങ്ങൾ വിജ്ഞാപനം ചെയ്യുകയുണ്ടായി. ഈ വിജ്ഞാപനത്തിൽ പുല്ലൂർ എന്ന പ്രദേശം ഉൾപ്പെട്ടിട്ടുണ്ട്. അവിടെ അനുയോജ്യമായ സർക്കാർ സ്കൂൾ കണ്ടെത്തി അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ ശിപാർശ പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുന്നതനുസരിച്ച് സർക്കാർ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## അറിയിപ്പ്

മി. സ്പീക്കർ: അപരാഹ്ന സമ്മേളനമുള്ളതിനാൽ അംഗങ്ങൾക്കുള്ള ഭക്ഷണം ഡൈനിംഗ് ഹാളിൽ തയ്യാറാക്കിയിട്ടുണ്ട്.

# VI. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

## മാരക കീടനാശിനികളുടെ നിരോധനം

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, നമ്മുടെ സംസ്ഥാനത്ത് കാർഷിക ഉല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് വൻതോതിൽ മാരക വിഷാംശമുള്ള കീടനാശിനികൾ യാതൊരു തത്വദീക്ഷയുമില്ലാതെയും ദൂഷ്യവശങ്ങൾ മനസ്സിലാക്കാതെയും കർഷകർ ഉപയോഗിച്ചുവന്നിരുന്നു. എന്നാൽ പിന്നീട് മാരകമായ കീടനാശിനികളെ നിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി നടപടികളുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 2011 മുതൽ 2018 വരെയുള്ള കാലഘട്ടത്തിൽ 27 ഇനം കീടനാശിനികൾ നമ്മുടെ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. ഇവയ്ക്കുപുറമെ 5 കീടനാശിനികൾക്കുകൂടി 2020 ഡിസംബർ 31 മുതൽ വില്പന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. 7 കീടനാശിനികളെ നിയന്ത്രിത കീടനാശിനികളായി നിശ്ചയിച്ച് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിയന്ത്രിത കീടനാശിനികൾ അത്യാവശ്യഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയോടുകൂടി മാത്രം വിൽക്കേണ്ടതും ഉപയോഗിക്കേണ്ടതുമാണെന്ന് കൃഷി വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2018 ഡിസംബർ 10-ന് കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംസ്ഥാനത്തെ കീടനാശിനി/കളനാശിനി ഉപയോഗം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മാരകമായ കീടനാശിനികളുടെ അമിത ഉപയോഗം തടയുന്നതിനുവേണ്ടി കീടനാശിനികളുടെ

---

*അനുബന്ധമായി ചേർക്കുന്നു

വിതരണവും വില്പനയും ഉപയോഗവും നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും ശാസ്ത്രീയമായരീതിയിൽ മാത്രം കീടനാശിനി ഉപയോഗം പരിമിതപ്പെടുത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 3-1-2019-ൽ എല്ലാ കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്കും നല്കിയിട്ടുണ്ട്. കേരളത്തെ ഘട്ടംഘട്ടമായി രാസകീടനാശിനി വിമുക്ത മേഖലയാക്കുക എന്നതാണ് സർക്കാരിന്റെ നയം. ഇതിന്റെ ഭാഗമായി പൊതുജനാരോഗ്യത്തിനും പൊതു ആവാസ വ്യവസ്ഥയ്ക്കും പരിസ്ഥിതിക്കും ഹാനികരമായ കീടനാശിനികളുടെ അമിത ഉപയോഗം തടയുന്നതിന് "കീടനാശിനി ഉപയോഗം നിയന്ത്രിക്കു, സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തു" എന്ന സന്ദേശം കർഷകരിലും പൊതുജനങ്ങളിലും എത്തിക്കുന്നതിന്റെ ഭാഗമായി 2019 ജനുവരി 21 മുതൽ 31 വരെ ബോധവൽക്കരണ ക്യാമ്പയിൻ ഗ്രാമ/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ നടത്തുകയുണ്ടായി.

നിരോധിത കീടനാശിനികളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുവാൻ ഇൻസെക്ടിസൈഡ്സ് ആക്ട്, 1968 പ്രകാരം ശക്തമായ നടപടികളാണ് കൃഷിവകുപ്പ് കൈക്കൊണ്ടുവരുന്നത്. കീടനാശിനി ഡിപ്പോകൾ, ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർ, ജില്ലാതല സ്ക്വാഡ്, റീജിയണൽ സ്പെഷ്യൽ സ്ക്വാഡ്, സ്റ്റേറ്റ് വിജിലൻസ് സ്ക്വാഡ്, മൾട്ടി ഡിസിപ്ലിനറി സ്ക്വാഡ് തുടങ്ങിയവർ പരിശോധന നടത്തി നിരോധിത കീടനാശിനികളുടെ വില്പന നടക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർ മാസത്തിൽ രണ്ടുതവണയെങ്കിലും നിർബന്ധമായും കീടനാശിനി വില്പന നടത്തുന്ന ഷോപ്പുകളിൽ കൃത്യമായ പരിശോധന നടത്തുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് ശക്തമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ജീവനക്കാരുടെ പരിമിതി പരിഹരിക്കുന്നതിന് സംസ്ഥാന തലത്തിൽ ഒരു എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും തിരുവല്ല പെരിങ്ങര പഞ്ചായത്തിൽ കീടനാശിനി പ്രയോഗത്തിൽ ഏർപ്പെട്ട കർഷക തൊഴിലാളി മരണപ്പെട്ട സംഭവം സൂചിപ്പിക്കുന്നത് അശാസ്ത്രീയവും അനിയന്ത്രിതവുമായ കീടനാശിനി പ്രയോഗം സംസ്ഥാനത്ത് ചിലയിടങ്ങളിലെങ്കിലും ഇപ്പോഴും നടക്കുന്നുവെന്നതാണ്. ഈ സംഭവത്തെത്തുടർന്ന് സംസ്ഥാനത്തൊട്ടാകെ വളം-കീടനാശിനി പ്രയോഗത്തിൽ ഏർപ്പെടുന്ന തൊഴിലാളികളെ കൃഷിഭവൻ തലത്തിൽ ഫെബ്രുവരി 10-നകം രജിസ്റ്റർ ചെയ്യുന്നതിനും മരുന്ന് തളിക്കുന്ന ജോലിയിൽ ഏർപ്പെടുന്ന കർഷകത്തൊഴിലാളികൾ, കർഷകർ, കീടനാശിനി വിപണനം നടത്തുന്ന ഏജൻസികൾ എന്നിവർക്ക് കീടനാശിനികളുടെ ദോഷങ്ങളെ കുറിച്ചും പ്രയോഗരീതികളെക്കുറിച്ചും ഇതുമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ കുറിച്ചും കീടനാശിനി പ്രയോഗത്തിൽ അവലംബിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും

അവബോധം സൃഷ്ടിക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസ്സും മെഡിക്കൽ ക്യാമ്പും കൃഷിവകുപ്പിന്റെയും കേരള കാർഷിക സർവ്വകലാശാലയുടെയും പരിശീലന കേന്ദ്ര ങ്ങളിൽ വച്ച് ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ഫെബ്രുവരി 25-നകം സംഘടിപ്പിക്കാൻ വേണ്ട നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇത്തരം ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നിശ്ചിത ഇടവേളകളിൽ തുടർന്നും സംഘടിപ്പിക്കുന്നതാണ്.

കീടനാശിനി വിപണനം നടത്തുന്ന കമ്പനികളും അവരുടെ ഏജന്റുമാരും കർഷകരെ നേരിട്ട് സമീപിച്ച് കീടനാശിനികളെക്കുറിച്ചും അവയുടെ ഉപയോഗ ക്രമത്തെക്കുറിച്ചും ക്ലാസ്സുകളും ക്യാമ്പയിനുകളും നടത്തുന്ന സമ്പ്രദായം പരിപൂർണ്ണമായും വിലക്കുന്നതാണ്. മേൽ സൂചിപ്പിച്ച തരത്തിൽ കീടനാശിനി കമ്പനികളും ഏജന്റുമാരും കീടനാശിനികൾ വിൽക്കുന്ന റീട്ടെയിൽ ഷോപ്പുകളിൽ കീടനാശിനി കളെക്കുറിച്ചും അവയുടെ ഉപയോഗക്രമത്തെക്കുറിച്ചും ക്ലാസ്സുകളും ക്യാമ്പയിനുകളും നടത്തുന്നരീതിക്കും വിലക്ക് ഏർപ്പെടുത്തുന്നതാണ്. ഇത്തരത്തിൽ സർക്കാർ ഏർപ്പെടുത്തുന്ന വിലക്കുകളും നിരോധനവും നിയന്ത്രണവും ലംഘിക്കുന്ന കമ്പനികൾക്കും നിരോധിത കീടനാശിനികൾ വിപണനം നടത്തുകയോ കൃഷി ഓഫീസറുടെ കുറിപ്പടി ഇല്ലാതെ നിയന്ത്രിത കീടനാശിനികൾ വില്പന നടത്തുകയോ ചെയ്യുന്ന കച്ചവടക്കാർക്കും എതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. കീടനാശിനികളുടെ ഉപയോഗക്രമം, ഏതൊക്കെ വിളകളിൽ എത്രയൊക്കെ അളവിൽ ഉപയോഗിക്കാം, പാർശ്വഫലങ്ങൾ എന്തൊക്കെ, കീടനാശിനി പ്രയോഗത്തിൽ ശ്രദ്ധിക്കേണ്ട മുൻകരുതലുകൾ തുടങ്ങിയ വിവരങ്ങൾ കർഷകർക്കും കർഷകത്തൊ ഴിലാളികൾക്കും മനസ്സിലാകുന്ന ലളിതമായ ഭാഷയിൽ രേഖപ്പെടുത്തിയ ബോർഡുകൾ കീടനാശിനി വില്പനശാലകളുടെ പുറത്ത് ആളുകൾക്ക് കാണാവുന്ന തരത്തിൽ പ്രദർശിപ്പിക്കുന്നതിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

രാസകീടനാശിനി/കുമിൾ നാശിനികളുടെ ഉപയോഗം 2015-16-നെ അപേക്ഷിച്ച് 17.2% ആയി ഈ വർഷം കുറഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ജൈവ കീട-കുമിൾ നാശിനികളുടെ ഉപയോഗം 2015-16 വർഷത്തെ അപേക്ഷിച്ച് 15.47% വർദ്ധിച്ചിട്ടുണ്ട്. എന്നാൽ കളനാശിനികളുടെ ഉപയോഗം 71.25% വർദ്ധിച്ചിട്ടുണ്ട്. കളനാശിനികളിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് ഗ്ലൈഫോസേറ്റാണ് (2017-18-ൽ 129.436 ടണ്ണാണ് വില്പന നടത്തിയിട്ടുള്ളത്). സംസ്ഥാന സർക്കാർ നിയന്ത്രിത കീടനാശിനിയായി നിശ്ചയിച്ചിട്ടുള്ള 7 കീടനാശിനികളിൽ ഒന്നാണ് റൗണ്ട് അപ്പ്, ഗ്ലൈസൽ തുടങ്ങിയ വ്യാപാരനാമങ്ങളിൽ പൊതുവെ അറിയപ്പെടുന്ന ഗ്ലൈഫോസേറ്റ് എന്ന കളനാശിനി. തേയിലത്തോട്ടങ്ങളിലും കൃഷിയില്ലാത്ത ഭൂമിയിലും മാത്രം ശിപാർശ ചെയ്തിട്ടുള്ള ഈ കളനാശിനി നെൽപ്പാടങ്ങളിൽ

കൃഷിയിറക്കുന്നതിന് മുന്നോടിയായി വ്യാപകമായി ഉപയോഗിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. കൂടാതെ, പൈനാപ്പിൾ, വാഴ, മുതലായ വിളകളിലെ കളനിയന്ത്രണത്തിനായും ഇവ വ്യാപകമായി ഉപയോഗിക്കുന്നു. വീട്ടുമുറ്റത്തെ ഇന്റർലോക്ക് ഇഷ്ടികകൾക്കിടയിലെ പുല്ല് വളരാതിരിക്കുന്നതിനു വേണ്ടി പോലും ഈ മാരക കളനാശിനി പൊതുജനങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നുവെന്നത് ആശങ്കാജനകമായ കാര്യമാണ്. ജലാശയങ്ങൾ കൂടുതലുള്ള കേരളത്തിൽ, ഇത്തരം കളനാശിനികളുടെ അനിയന്ത്രിത പ്രയോഗം പൊതുജനാരോഗ്യത്തിനും പൊതു ആവാസ വ്യവസ്ഥയ്ക്കും പരിസ്ഥിതിക്കും ജൈവവൈവിധ്യത്തിനും ഗുരുതരമായ ദോഷം ചെയ്യുമെന്ന് കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2019 ജനുവരി 29-ന് ചേർന്ന, ഭക്ഷ്യസുരക്ഷ, കൃഷി വകുപ്പുകൾ, കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ എന്നിവരുടെ യോഗത്തിൽ വിലയിരുത്തുകയുണ്ടായി. ഗ്ലൈഫോസേറ്റിന്റെ ജൈവ സുരക്ഷിതത്വം സംബന്ധിച്ച് അന്വേഷണം നടത്തി കേരള സർവ്വകലാശാല 60 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനുള്ള ഉത്തരവും നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ ഘട്ടംഘട്ടമായി കീടനാശിനി വിമുക്തമാക്കി മാറ്റുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ഗ്ലൈഫോസേറ്റ് എന്ന കളനാശിനിയുടെ അമിത ഉപയോഗം ശ്രദ്ധയിൽപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ 1968-ലെ ഇൻസെക്ടിസൈഡ്സ് ആക്ട് സെക്ഷൻ 27(1)-ലെ വ്യവസ്ഥകൾ പ്രകാരം ഗ്ലൈഫോസേറ്റ് എന്ന കളനാശിനിയുടെയും ഗ്ലൈഫോസേറ്റ് അടങ്ങിയ മറ്റ് ഉല്പന്നങ്ങളുടെയും വില്പനയും വിതരണവും ഉപയോഗവും 2019 ഫെബ്രുവരി 2 മുതൽ സംസ്ഥാനത്ത് പൂർണ്ണമായി നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്ന വിവരം ഞാൻ ഈ സഭയെ അറിയിക്കുന്നു.

## VII ധനകാര്യം

### (i) 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച

ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. വി. ശശി): സർ, 2019-20 സാമ്പത്തിക വർഷത്തേയ്ക്ക് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. പ്രളയബാധിത കേരളത്തിന്റെ പുനഃസൃഷ്ടിക്കായി ഭാവനാശാലിയായ ധനകാര്യ വകുപ്പുമന്ത്രി നടത്തിയ ഉറപ്പും കരുത്തുമുള്ള സാമ്പത്തിക ചുവടുവയ്പാണിത്. നിയമസഭയിൽ ബഡ്ജറ്റ് ചർച്ചയ്ക്ക് തുടക്കം കുറിക്കാൻ അവസരം ലഭിച്ചതിൽ എനിക്ക് അഭിമാനവും ആഹ്ലാദവുമുണ്ട്. പ്രളയത്തെ അതിജീവിക്കാൻ ലോകം ശ്രദ്ധിച്ച ഒരു ജനകീയ കൂട്ടായ്മ രൂപപ്പെട്ടിരുന്നു. കേരളത്തിന്റെ നവോത്ഥാനമൂല്യങ്ങളുടെയും ദേശീയ വിമോചന പ്രസ്ഥാനത്തിന്റെയും സംഭാവന

യായിരുന്ന ആ കൂട്ടായ്മ. അതിനെ തകർക്കാനുള്ള സുവർണ്ണാവസരമായി ശബരിമല വിഷയത്തെ കൈകാര്യം ചെയ്യവർക്ക് ശക്തമായ മുന്നറിയിപ്പാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ്. ജനകോടികൾ അണിനിരന്ന ദേശീയ വിമോചന പ്രസ്ഥാനത്തിന് ഒരു പൊതുലക്ഷ്യമുണ്ടായിരുന്നു. സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം കാലഗതിയനുസരിച്ച് പുരോഗമിക്കാനും സദ്പാരമ്പര്യങ്ങൾ നിലനിർത്താനും നമ്മുടെ രാജ്യത്തിന് കഴിയണമെന്നതായിരുന്നു ആ പൊതുലക്ഷ്യം. ഭരണഘടന നിർമ്മാണസഭ ചർച്ചചെയ്യതും ആ പൊതുലക്ഷ്യം സാക്ഷാത്കരിക്കുന്നതിനെ ക്കുറിച്ചായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് മഹത്തായ ഇൻഡ്യൻ ഭരണഘടന രൂപംകൊള്ളുന്നത്. പ്രായപൂർത്തി വോട്ടവകാശവും പാർലമെന്ററി സമ്പ്രദായവും സ്വീകരിച്ചതും വ്യക്തി സ്വാതന്ത്ര്യവും പൗരസ്വാതന്ത്ര്യവും മറ്റ് ജനാധിപത്യ സ്വാതന്ത്ര്യങ്ങളും അംഗീകരിച്ചതും യാദൃച്ഛികമായിട്ടല്ല, ദേശീയ വിമോചന സമരത്തിന്റെ ലക്ഷ്യം പ്രായോഗികമാക്കാനാണ്. മതനിരപേക്ഷതയും സാമൂഹ്യനീതിയും സോഷ്യലിസവും ലക്ഷ്യമായി സ്വീകരിച്ചതും അങ്ങനെയാണ്. കാലഹരണപ്പെട്ട രാജഭരണം നാം അവസാനിപ്പിച്ചു. സതി, അയിത്തം തുടങ്ങിയ അനാചാരങ്ങളെയും നാട്ടുവാഴിത്ത വ്യവസ്ഥിതിയെയും നാം തള്ളിക്കളഞ്ഞു. സ്ത്രീക്കും പുരുഷനും ഹിന്ദുവിനും മുസ്ലീമിനും ക്രിസ്ത്യാനിക്കും അവർണ്ണനും സവർണ്ണനും ഭാരതത്തിൽ തുല്യ അവകാശമാണെന്ന് നാം അംഗീകരിക്കുകയും ചെയ്തു. എന്നാൽ ദേശീയ വിമോചന പ്രസ്ഥാനവുമായി പുലബന്ധമില്ലാത്ത ചില ശക്തികളും ചിന്തകളും മുളച്ചുപൊങ്ങുകയും ശക്തി പ്രാപിക്കുകയും ചെയ്തിരുന്നു. ശബരിമലയിൽ പല രൂപങ്ങളിൽ കണ്ടത് അവരുടെ പ്രകടനങ്ങളാണെന്ന് നാം തിരിച്ചറിയുന്നു. അവരെ പ്രതിരോധിക്കാൻ നമുക്ക് കഴിയണം. ഇക്കൂട്ടർ ഉപയോഗപ്പെടുത്തുന്ന മനുവാദങ്ങളെ നമുക്കൊരിക്കലും അംഗീകരിക്കാനാകില്ല. ഈ സ്മൃതിവാക്യങ്ങളെയാണ് 20-ാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് കുമാരനാശാൻ തന്റെ കാവ്യങ്ങളിലൂടെ ചോദ്യം ചെയ്തത്. ഇവർക്കെതിരായി കുമാരനാശാൻ നടത്തിയ സർഗ്ഗാത്മക കലാപങ്ങളെ സന്ദർഭോചിതമായി ഓർമ്മപ്പെടുത്തികൊണ്ട് ആ കാലഘട്ടത്തിലെ മനുഷ്യാവസ്ഥയെ ചിത്രീകരിക്കുന്ന 'ചിന്താവിഷ്ടയായ സീത'യിൽ നിന്നാണ് ബഡ്ജറ്റ് അവതരണം തുടങ്ങുന്നത്. ഇന്നാണ് 'ചിന്താവിഷ്ടയായ സീത' എഴുതിയിരുന്നതെങ്കിൽ നാമജപക്കാർ ശബരിമലയിൽ സ്ത്രീകളെ ആക്രമിച്ചതുപോലെ, ശ്രീ. പ്രിയനന്ദനനെ ചാണകവെള്ളം തളിച്ചതുപോലെ കുമാരനാശാനെയും വളഞ്ഞിട്ട് ആക്രമിക്കുമായിരുന്നു. കാരണം, ആശാൻ തന്റെ തൂലികയിലൂടെ ബ്രാഹ്മണ മേധാവിത്വത്തിന്റെ അടിസ്ഥാന ശിലകളെയാണ് എറിഞ്ഞുടച്ചത്. കേരളം ഇന്നോളം കണ്ടിട്ടില്ലാത്ത പ്രതിസന്ധികളെ ഒന്നിച്ച് അതിജീവിക്കേണ്ട കടുത്ത വെല്ലുവിളിയാണ് ഇപ്പോൾ നമുക്ക് മുന്നിലുള്ളത്. പ്രളയം ദുരന്തം വിതയ്ക്കുന്നതിനുമുമ്പേ കേന്ദ്ര സർക്കാരിന്റെ ചില നടപടികൾ കേരളത്തെ സാമ്പത്തികമായി വീർപ്പുമുട്ടിച്ചിരുന്നു. നോട്ടുനിരോധനവും മുന്നൊരുക്കങ്ങൾ ഇല്ലാതെയുള്ള

ജി.എസ്.ടി. നടപ്പാക്കലും ഓഖി ദുരന്തവുമൊക്കെ സമ്പദ്ഘടനയുടെ നട്ടെല്ലൊടിച്ചു. അതിനുപിന്നാലെ പ്രളയം സാമ്പത്തികമായും നടുവൊടിച്ചു. ഈ അരക്ഷിതാവസ്ഥയിൽനിന്ന് കരകയറാൻ കേരളം നടത്തിയ കഠിന ശ്രമങ്ങളെ കേന്ദ്ര സർക്കാർ കാഴ്ചക്കാരായി നോക്കിനിന്നു. നേരിട്ട് കാര്യമായി സഹായിച്ചില്ലെന്നുമാത്രമല്ല പുറത്തുനിന്നുള്ള സ്നേഹ സഹായങ്ങൾ പാടെ വിലക്കി. താങ്ങേണ്ടവർ ഇങ്ങനെ തള്ളിവീഴ്ത്തിയപ്പോഴും കേരളം തലയുയർത്തി എഴുന്നേറ്റുനിന്നത് ഇവിടെ ജനങ്ങൾ സോദരത്വേന വാഴുന്നതുകൊണ്ടും സത്വരമായ സംസ്ഥാന ഭരണനടപടികൾ നടക്കുന്നതുകൊണ്ടും സർവ്വോപരി കരുത്തനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ സംഘടനാ വൈഭവം കൊണ്ടുമാണ്. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് നവ കേരളത്തിന്റെ പുനഃസൃഷ്ടിയെക്കുറിച്ച് ധനകാര്യ വകുപ്പുമന്ത്രി ചിന്തിച്ചത്. കേരളത്തെ പുനഃസൃഷ്ടിക്കാൻ ഒരു വഴിയല്ല, 25 വഴികൾ ബഡ്ജറ്റിലൂടെ ധനമന്ത്രി തുറന്നിട്ടു. മൂലധനച്ചെലവ് മുൻവർഷത്തെ അപേക്ഷിച്ച് 53.3 ശതമാനം വർദ്ധിപ്പിച്ചു. അടിസ്ഥാന സൗകര്യങ്ങളുടെ വ്യാപ്തി ഇത് വെളിപ്പെടുത്തുന്നു. മുൻ വർഷത്തെ വായ്പയുടെ 56.03 ശതമാനം റവന്യൂച്ചെലവ് 33.40 ശതമാനമായി കുറച്ചുകൊണ്ടാണ് അധികത്തുക മൂലധനച്ചെലവിനുവേണ്ടി വിനിയോഗിക്കണമെന്ന അടിസ്ഥാന തത്വത്തിലേയ്ക്ക് കേരളം അടുത്തുകൊണ്ടിരിക്കുന്നത്. 1,24,125 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ റവന്യൂക്കമ്മി കേവലം 8779.29 കോടി രൂപ മാത്രമാണെന്നത് ആശ്വാസകരമാണ്. കോർപ്പറേറ്റ് നിക്ഷേപങ്ങൾ സ്വീകരിച്ചുള്ള കേരള മാതൃകയാണ് ബഡ്ജറ്റ് മുഖ്യമായും വിഭാവന ചെയ്യുന്നത്. മറ്റു പല സംസ്ഥാനങ്ങളും ഈ വഴിക്ക് മുന്നേറിയിട്ടുണ്ട്. എന്നാൽ നാടിനും ജനങ്ങൾക്കും പരമാവധി പ്രയോജനപ്പെടുംവിധം കോർപ്പറേറ്റുകളുടെ സാന്നിദ്ധ്യം ഉറപ്പാക്കണമെന്ന് കേരളം ലക്ഷ്യമിട്ടിരുന്നു. അതിന്റെ വ്യവസ്ഥകൾ കേരളാ മോഡലിലുണ്ട്. 15,600 കോടി രൂപയാണ് ഇതിനായി വകയിരുത്തുന്നത്. മലബാർ കോഫിക്ക് മുമ്പില്ലാത്ത രുചി ഇനിയുണ്ടാകും. വയനാടിന്റെ പ്രകൃതി പ്രയോജനപ്പെടുത്തുന്ന ബ്രാൻഡാണിത്. കാപ്പി കർഷകനെ മാത്രമല്ല, വയനാടിന്റെ അനുഗ്രഹീതമായ പ്രകൃതിയെയും പൊതുതാൽപ്പര്യത്തിനുവേണ്ടി പൂർണ്ണമായും പ്രയോജനപ്പെടുത്താൻ ഈ പദ്ധതി വിഭാവന ചെയ്യുന്നു. 1017 കിലോമീറ്റർ ദൈർഘ്യം വരുന്ന 24 നദികളെ നവീകരിക്കാൻ നീക്കിവച്ച 25 കോടി രൂപ കേരളത്തിന്റെ പുനഃസൃഷ്ടിയിൽ നിർണ്ണായകമാണ്. പമ്പ, പെരിയാർ, ഭാരതപ്പുഴ എന്നീ നദികളെ അടിസ്ഥാനമാക്കി റിവർ ബെയ്സിൻ അതോറിറ്റി രൂപീകരിക്കാൻ പദ്ധതി വിഭാവന ചെയ്യുന്നു. അതിവേഗ റെയിൽവേയ്ക്ക് പച്ചക്കൊടി കാട്ടിയതും പൊതുമേഖലയുടെ ഉയിർത്തെഴുന്നേൽപ്പും 1000 കോടി രൂപയുടെ കുട്ടനാട് പാക്കേജും കർഷക മേഖലയുടെ സമഗ്ര വികസനവും പൊതുവിദ്യാഭ്യാസത്തോടുള്ള പ്രത്യേക കരുതലും പരമ്പരാഗത വ്യവസായങ്ങളുടെ വീണ്ടെടുപ്പും നവകേരള സൃഷ്ടിക്കുള്ള സാർത്ഥകമായ

പദ്ധതികളാണ്. റബർ മേഖലയിൽ സിയാൽ മോഡൽ കമ്പനിയും ഈ പാക്കേജിന്റെ ഭാഗമാണ്. പാവപ്പെട്ട 42 ലക്ഷം കുടുംബങ്ങളെ 5 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമാക്കുന്നത് ഈ ബഡ്ജറ്റിന്റെ സമാനതകളില്ലാത്ത ജനകീയ മുഖമാണ്. കഴിഞ്ഞ വർഷം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ആരോഗ്യ പദ്ധതിയെ വിശ്വസിച്ചുപോയത് 'മല എലിയെ പ്രസവിച്ചതുപോലെ' പരിഹാസ്യമാണെന്ന് ധനകാര്യ വകുപ്പുമന്ത്രി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അതിന്റെ പോരായ്മകൾ തീർത്ത്, പഴുതുകളടച്ച് കേരളം നടപ്പാക്കുന്ന ഈ ജനക്ഷേമ പദ്ധതികളെ ശത്രുക്കൾപ്പോലും അഭിനന്ദിക്കാതിരിക്കില്ല. സ്ത്രീ ശാക്തീകരണം, നോർക്ക നിക്ഷേപം, തീരദേശ പുനരധിവാസം, കേരള ബാങ്ക്, സ്റ്റാർട്ടപ്പുകൾ, ഹെറിറ്റേജ് പ്രോജക്ടുകൾ, ഇലക്ട്രിക് വെഹിക്കിൾ, എനർജി മിഷൻ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം തുടങ്ങി സമസ്ത മേഖലകളെയും പുനരധിവാസ പാക്കേജിൽ പരിഗണിച്ചിട്ടുണ്ട്. ഈ സമഗ്ര പദ്ധതികൾക്ക് ധനമന്ത്രി അധിക വിഭവം കണ്ടെത്തിയത് പരമാവധി രണ്ടുവർഷത്തേയ്ക്ക് ഒരു ശതമാനം വീതം പ്രളയ നികുതി ചുമത്തിയാണ്. അത് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമായിരുന്നു. കേന്ദ്ര സഹായത്തിനുപകരം നൽകിയ ഇളവ്, അതുപോലെ ജനക്ഷേമകരവും സുരക്ഷിതവുമായി പ്രയോഗത്തിൽ വരുത്താൻ ധനകാര്യ വകുപ്പുമന്ത്രി ശ്രമിച്ചു. ജി.എസ്.ടി. നടപ്പാക്കിയപ്പോൾ ഇളവുലഭിച്ച നിരവധി ഉൽപ്പന്നങ്ങൾക്ക് ഈ അധിക നികുതി ബാധ്യതയാകില്ല. ആനുപാതികമായി നികുതി ഘടനയെ മനസ്സിലാക്കാൻ വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണം ആവശ്യമുണ്ടെന്ന് തോന്നുന്നു. ഇതേ സന്ദർഭത്തിൽ കേന്ദ്ര റയിൽവേ മന്ത്രി ശ്രീ. പീയുഷ് ഗോയൽ മറ്റൊരു ബഡ്ജറ്റ് കേന്ദ്രത്തിൽ അവതരിപ്പിച്ചത് നാം കണ്ടു. അത് തെരഞ്ഞെടുപ്പ് പ്രകടന പത്രികയാണെന്ന് ഇതിനോടകം സമൂഹം വിലയിരുത്തിക്കഴിഞ്ഞു. ശ്രീ. നരേന്ദ്ര മോദി കഴിഞ്ഞ 56 മാസക്കാലം ചെയ്തതിന്റെയും പറഞ്ഞതിന്റെയും നേർ വിപരീതമാണ് കാവൽ സർക്കാരിന്റെ പദവിയിലേയ്ക്കു മാറുന്ന ഈ ഘട്ടത്തിൽ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റിലുള്ളത്. പ്രധാനമന്ത്രി ബഡ്ജറ്റിലൂടെ മുമ്പ് പറഞ്ഞത് ഒന്നൊന്നായി സ്വയം നിഷേധിക്കുകയാണ്. പ്രതിവർഷം 2 കോടി തൊഴിലവസരങ്ങൾ, കള്ളപ്പണം പിടിച്ചെടുത്ത് വിതരണം ചെയ്യുമെന്ന പ്രഖ്യാപനം, കർഷകരുടെ വരുമാനം ഇരട്ടിയാക്കുമെന്ന പ്രഖ്യാപനം അങ്ങനെ എത്രയോ പ്രഖ്യാപനങ്ങളുണ്ടായിരുന്നു, ഒന്നും നടന്നില്ല. അത് പ്രകടമാക്കുന്ന സാമ്പത്തിക സർവ്വേ റിപ്പോർട്ട് പുറത്തിറക്കാതെ ഒളിപ്പിക്കുകയും ചെയ്തു. അസംഘടിത തൊഴിലാളികൾക്ക് 3,000 രൂപ പ്രതിമാസം പെൻഷൻ ലഭിക്കണമെങ്കിൽ മാസം 100 രൂപ 30 വർഷം നിക്ഷേപിച്ച് കാത്തിരിക്കേണ്ട പദ്ധതിയാണ് വലിയ സംഭവമായി പ്രഖ്യാപിച്ചിരിക്കുന്നത്. 5 ഏക്കർ വരെ ഭൂമിയുള്ള കർഷക കുടുംബങ്ങൾക്ക് പ്രതിമാസം നൽകുമെന്ന് പറയുന്ന തുക വളരെ തുച്ഛമാണ്. 'ആയുഷ്മാൻ ഭാരത്' പദ്ധതി കൊട്ടിഘോഷിക്കുമ്പോൾ ആകെ 6400

കോടി രൂപ മാത്രമാണ് അതിനായി വകയിരുത്തിയിട്ടുള്ളത്. 20,000 കോടി രൂപയെങ്കിലും വേണ്ടതാണ്. ഇൻകം ടാക്സ് പരിധി ഉയർത്തിയെന്നുപറയുമ്പോഴും നിലവിലെ സ്ലാബ് ഉയർത്തിയിട്ടില്ല. മാത്രമല്ല, സർചാർജ്ജടക്കം വർദ്ധിപ്പിക്കുകയും ചെയ്തു. തെരഞ്ഞെടുപ്പിന് മുമ്പ് പൊതുജനത്തെ കയ്യിലെടുക്കാൻ ഉദ്ദേശിച്ചുള്ള പദ്ധതികൾപ്പോലും വിശദമായി പരിശോധിച്ചാൽ കാപട്യമാണെന്ന് കാണാൻ കഴിയും. കേരളം പ്രളയക്കെടുതിയെ അതിജീവിക്കാനും പുനർനിർമ്മാണ പ്രവർത്തനം ഊർജ്ജിതപ്പെടുത്താനും ധനസഹായം പ്രതീക്ഷിച്ചുവെങ്കിലും അതുണ്ടായില്ല. ചിരകാലമായി നാം ആവശ്യപ്പെടുന്ന എയിംസ് അനുവദിക്കുമെന്ന് കരുതിയെങ്കിലും അതുമുണ്ടായില്ല. കഞ്ചിക്കോട് കോച്ച് ഫാക്ടറിയെക്കുറിച്ച് ഒരു പരാമർശംപോലും ഉണ്ടായില്ല. കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ പൂർണ്ണമായും കയ്യൊഴിഞ്ഞു. റബ്ബർ വിലസ്ഥിരതാ ഫണ്ടിനെ സംബന്ധിച്ച് മൗനമാണ്. ഇറക്കുമതി ചുങ്കത്തിന് ഇളവ് അനുവദിക്കുമെന്ന പ്രഖ്യാപനം റബ്ബർകൃഷിയെ കൂടുതൽ തകർച്ചയിലേയ്ക്ക് നയിക്കുമെന്നുറപ്പാണ്. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കാനോ 100 തൊഴിൽദിനങ്ങൾ ഉറപ്പുവരുത്താനോ ആവശ്യമായ പദ്ധതി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. കുതിച്ചുയരുന്ന ഇന്ധനവില പിടിച്ചുനിർത്താൻ ഫലപ്രദമായ ഒരു നിർദ്ദേശവും കേന്ദ്ര ബഡ്ജറ്റിൽ കാണാനില്ല. കേന്ദ്ര വിഹിതത്തിൽ 26,639 കോടി രൂപയും ജി.എസ്.ടി. കോമ്പൻസേഷൻ ഫണ്ടിൽ 38,265 കോടി രൂപയും കുറഞ്ഞിരിക്കുന്നുവെന്നത് ഗുരുതരമായ കാര്യമാണ്. അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഘട്ടത്തിൽ ഈ കുറവുകൾ കേരളത്തെയും ഗുരുതരമായി ബാധിച്ചു.

എന്റെ നിയോജകമണ്ഡലത്തിലെ ചില കാര്യങ്ങൾകൂടി ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെയും മറ്റ് വകുപ്പുമന്ത്രിമാരുടെയും ശ്രദ്ധയിൽ പ്പെടുത്താൻ ആഗ്രഹിക്കുകയാണ്. തോന്നയ്ക്കൽ കായിക്കര ആശാൻ സ്മാരകത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനാവശ്യമായ ധനസഹായമുണ്ടാകണം. പ്രേംനസീറിന്റെ ജൻമനാട്ടിൽ ഉചിതമായൊരു സ്മാരകമുണ്ടാകണമെന്നത് ദീർഘകാലമായി ജനങ്ങൾ ആഗ്രഹിക്കുന്ന ഒന്നാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം ഇതുസംബന്ധിച്ചുള്ള പരാമർശങ്ങൾ ബഡ്ജറ്റ് പ്രസംഗത്തിൽ ഉണ്ടാകാറുണ്ട്. പക്ഷെ ഇതുവരെ അതിനാവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടില്ല. ഈ സ്മാരകം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഇപ്പോൾ ലഭ്യമായിട്ടുണ്ട്. അതുകൊണ്ട് പ്രേംനസീർ സ്മാരക നിലയം നിർമ്മിക്കുന്നതിന് അഞ്ചുകോടി രൂപയെങ്കിലും ബഡ്ജറ്റിലുണ്ടാകണം, അതിനുള്ള പരാമർശം മറുപടി പ്രസംഗത്തിൽ വേണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. ചിറയിൻകീഴിൽ ഒരു മിനി സിവിൽ സ്റ്റേഷനും ഒരാവശ്യമായി ഉന്നയിച്ചിട്ടുണ്ട്. ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ ഒരു സർക്കാർ കോളേജില്ലെന്നുള്ളതാണ് മറ്റൊരു പ്രധാനപ്പെട്ട കാര്യമായി ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജില്ല. അവിടെയൊരു എയ്ഡഡ് കോളേജുള്ളത് തുമ്പയിലാണ്. തുമ്പ ചിറയിൻകീഴ് നിയോജക മണ്ഡലത്തിൽപ്പെട്ട താണെങ്കിലും ഏതാണ്ട് തിരുവനന്തപുരം സിറ്റിയോടു ചേർന്നുകിടക്കുന്ന പ്രദേശമാണ്. ഒരു എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജോ, ഗവൺമെന്റ് കോളേജോ ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ ഇല്ല. ഇത് സ്ഥാപിക്കുന്നതിന് ആവശ്യമായ അഞ്ചേക്കറിൽ കൂടുതൽ ഭൂമി അഴൂർ ഗ്രാമപഞ്ചായത്തിലുണ്ട്. തീർച്ചയായും അതിനാവശ്യമായ ഭൂമി നമുക്ക് ലഭ്യമാക്കാൻ സാധിക്കും. അതും വരും ദിവസങ്ങളിൽ ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ വികസന പട്ടികയിൽ ഉൾപ്പെടുത്താൻ അങ്ങ് സഹായിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ പത്ത് ട്രഷറി ഓഫീസുകൾ പുതുതായി പണിയാൻ ആരംഭിച്ചിട്ടുണ്ട്. അതിലൊന്ന് കടയ്ക്കാവൂരാണ്. സ്ഥലം ലഭ്യമല്ലാത്തതുകൊണ്ടാണ് ഇതുവരെ അത് നടപ്പാക്കാത്തത്. ഇപ്പോൾ അതിനാവശ്യമായ സ്ഥലം പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. അതുകൂടി അവിടെ ഉണ്ടാകണം.

അയ്യങ്കാളി നയിച്ച വിദ്യാഭ്യാസ അവകാശ സമരത്തിന്റെ ഭാഗമായിരുന്നു പഞ്ചമി എന്ന ബാലികയുടെ സ്കൂൾ പ്രവേശന സമരം. ഊരൂട്ടമ്പലം സ്കൂൾ അങ്കണത്തിൽ നടന്ന സംഘട്ടനത്തെ തുടർന്ന് വെങ്ങാനൂരിൽ അയ്യങ്കാളി സ്ഥാപിച്ച കുടിപ്പള്ളിക്കൂടത്തിലാണ് പിന്നീട് പഞ്ചമി പഠിച്ചത്. പഞ്ചമി പഠിച്ച സ്കൂൾ ഇന്ന് എയ്ഡഡ് യു.പി. സ്കൂളാണ്. പല കാരണങ്ങളാൽ ഈ സ്കൂളിന്റെ പ്രവർത്തനം ഇന്ന് സ്തംഭനാവസ്ഥയിലാണ്. അതിന്റെ കാരണം ഞാനിവിടെ വിശദീകരിക്കുന്നില്ല. പക്ഷെ പല കാരണങ്ങളാൽ ഇന്നത് അടച്ചുപൂട്ടലിന്റെ വക്കിലാണ്. ഈ സ്കൂൾ സർക്കാർ ഏറ്റെടുത്ത് അയ്യങ്കാളി മെമ്മോറിയൽ എം.ആർ.എസ്. ആയി പ്രവർത്തിപ്പിക്കാനുള്ള തീരുമാനമുണ്ടാകണം. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ഈ നിർദ്ദേശം വച്ചിരുന്നു. ഒരു കോടി രൂപ ആവശ്യപ്പെട്ടിരുന്നു. അവസാന വർഷം ഒരു കോടി രൂപ അനുവദിച്ചു. പിന്നീട് അധികാരത്തിൽ വന്ന യു.ഡി.എഫ്. ഗവൺമെന്റ് ആ ഒരു കോടി രൂപ അനുവദിച്ചുകൊണ്ടുള്ള ഉത്തരവിറക്കി. പക്ഷെ നിർഭാഗ്യവശാൽ ആ തുക പൂർണ്ണമായും ഇപ്പോഴും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. പത്തോ ഇരുപതോ ലക്ഷം രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. പല കാരണങ്ങളാൽ ആ സ്കൂളിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിലാണ്. ഇപ്പോൾ അവിടെ അമ്പതിൽതാഴെ വിദ്യാർത്ഥികൾ മാത്രമാണുള്ളത്. പത്തുവർഷങ്ങൾക്കു മുമ്പ് അറുന്നൂറോളം വിദ്യാർത്ഥികൾ പഠിച്ചിരുന്ന സ്കൂളായിരുന്നു. സ്കൂളിന്റെ ഇന്നത്തെ സ്ഥിതി മനസ്സിലാക്കി സർക്കാർ ഏറ്റെടുത്ത് എം.ആർ.എസ്. ആക്കി മാറ്റിയാൽ അയ്യങ്കാളി ആദ്യമായി സ്ഥാപിച്ച സ്കൂൾ, പഞ്ചമി പഠിച്ച സ്കൂൾ എന്നീ രീതിയിലുള്ള പ്രാധാന്യമുണ്ടാകും. ബഡ്ജറ്റിന്റെ മുഖചിത്രം തന്നെ അയ്യങ്കാളിയുടെയും പഞ്ചമിയുടെയുമാണ്. ഭാവനാശാലിയാണ് ധനകാര്യ വകുപ്പുമന്ത്രിയെന്ന് തുടക്കത്തിൽ

ഞാൻ സൂചിപ്പിച്ചു. നല്ല സാമ്പത്തിക ശാസ്ത്രജ്ഞരെല്ലാം അത്തരക്കാരാണ്. ധന വിനിയോഗ പദ്ധതികളെ കേവലം നിർമ്മാണ പ്രവർത്തനങ്ങളായി മാത്രം അവർ കാണാറില്ല. ഒരു നാടിന്റെ പുനഃസൃഷ്ടിയിൽ സാംസ്കാരിക നിർമ്മിതിക്കുള്ള പങ്ക് ധനകാര്യ വകുപ്പുമന്ത്രി ഒട്ടും കുറച്ച് കാണുന്നില്ല. ബഡ്ജറ്റിന്റെ തുടക്കത്തിലും ഒടുക്കത്തിലും കേരളത്തിന്റെ നവോത്ഥാന മഹാകവി കുമാരനാശാനെ അദ്ദേഹം സന്ദർഭോചിതമായി ഓർമ്മിച്ചു. ഉള്ളടക്കത്തിലേയ്ക്ക് കടക്കുംമുമ്പ് ബഡ്ജറ്റിന്റെ പുറംചട്ടയിലേയ്ക്ക് നോക്കണം. സൂക്ഷ്മമായ നോട്ടത്തിൽ അവിടെയും ഈ ബഡ്ജറ്റിന്റെ അന്തഃസത്ത മുഴുവനായും പ്രതിഫലിച്ചിട്ടുള്ളതായി കാണാം.

"തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും

വാച്ചിടും കല്ലുകൾ ഭാരതാംബേ

താണു കിടക്കുന്നു നിൻ കുക്ഷിയിൽ -

ച്ചാണ കാണാതെയാരേഴ കോടിയിന്നും"

കുമാരനാശാന്റെ ദുരവസ്ഥ എന്ന കവിതയിൽനിന്നുള്ള വരികാളാണിത്. ആ കോടികൾ ഭാരതത്തിൽ വർഷാവർഷം കൂടിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ താണുകിടക്കുന്നവർക്കുവേണ്ടിയാണ് കേരളത്തിന്റെ ഈ എളിയ ബഡ്ജറ്റ്. കേരളത്തിന്റെ പുനഃസൃഷ്ടി സ്വപ്നംകണ്ടുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുന്നു.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: സർ, ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. ഇത് ഭരണകക്ഷി അംഗമെന്ന നിലയിൽ നടത്തുന്ന ഔപചാരികമായ പിന്തുണയല്ല. കേന്ദ്രസർക്കാരിന്റെ ജനദ്രോഹ സാമ്പത്തിക നടപടികളും പ്രകൃതി ദുരന്തങ്ങളും തകർത്തെറിഞ്ഞ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയും ജീവിതാവസ്ഥയും പുനരുദ്ധരിക്കാനുള്ള ആസൂത്രിതമായ ചുവടുവയ്പ്പാണ് ഈ ബഡ്ജറ്റ്. കഴിഞ്ഞ ആഴ്ചയിൽ നാം രണ്ട് ബഡ്ജറ്റുകൾക്ക് സാക്ഷ്യം വഹിച്ചു. ശ്രീ. നരേന്ദ്ര മോദി സർക്കാർ അവതരിപ്പിച്ച ഇടക്കാല ബഡ്ജറ്റും ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റും. തേൻ പുരട്ടിയ അമ്പുപോലെയാണ് കേന്ദ്ര ബഡ്ജറ്റ് ജനങ്ങളുടെ നെഞ്ചിൽ തറച്ചതെങ്കിൽ നവകേരള നിർമ്മിതിക്കായുള്ള ആസൂത്രിത ചുവടുവയ്പ്പാണ് സംസ്ഥാന ബഡ്ജറ്റ് മുന്നോട്ടുവച്ചിട്ടുള്ളത്. വിളകൾക്ക് ന്യായമായ വില ലഭിക്കാത്തതുമൂലം കടക്കെണിയിലായ കർഷകർക്ക് അടുത്ത വിള ഇറക്കണമെങ്കിൽ വായ്പ ലഭ്യമായേ തീരൂ. വിളയിറക്കിയില്ലെങ്കിൽ അത് കർഷകരെ മാത്രമല്ല, രാജ്യത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയെയും ബാധിക്കും. നിലവിൽ കടമുള്ള കർഷകന് രാജ്യത്തെ ഒരു ബാങ്കും പുതിയ വായ്പ നൽകില്ല. ഈ പ്രതിസന്ധി മറികടക്കാൻ രണ്ട് മാർഗ്ഗങ്ങളാണ് സർക്കാരിന് അവലംബിക്കാനുള്ളത്. ഒന്ന്, കുത്തക

സംഭരണത്തിലൂടെ കാർഷികോത്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുക. രണ്ട്, നിലവിലുള്ള കടങ്ങൾ എഴുതിത്തള്ളുകയോ അല്ലെങ്കിൽ മൊറട്ടോറിയം പ്രഖ്യാപിക്കുകയോ ചെയ്യുക. ഇത് രണ്ടും ചെയ്യാൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല. അതിനുപകരം വർഷത്തിൽ ആറായിരം രൂപ നൽകാമെന്ന് വാഗ്ദാനം ചെയ്ത് കർഷകരെ പറ്റിക്കുകയാണ് ചെയ്തത്. ടൺ കണക്കിന് ഉള്ളിയും തക്കാളിയും വിലയില്ലാതെ തെരുവിൽ ഉപേക്ഷിക്കാൻ നിർബന്ധിതരായ കർഷകരെ ആക്ഷേപിക്കുകയാണ് കേന്ദ്ര ബഡ്ജറ്റിലൂടെ ശ്രീ. നരേന്ദ്ര മോദി ചെയ്തത്. അസംഘടിത മേഖലയിലെ പെൻഷൻ പ്രഖ്യാപനവും ഇതുപോലെയൊരു തെരഞ്ഞെടുപ്പ് ഗിമ്മിക് ആയിരുന്നില്ലേ? പത്തുകോടി ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകാൻ നീക്കിവച്ചത് വെറും അഞ്ഞൂറുകോടി രൂപയാണെന്നറിയുമ്പോൾ ഈ പ്രഖ്യാപനത്തിന്റെ പൊള്ളത്തരം വ്യക്തമാകും. പത്തുമുപ്പതു വർഷം തൊഴിലാളികൾ അടച്ച പണം ഏതെങ്കിലും ഇൻഷ്വറൻസ് കമ്പനിക്ക് നൽകുകയും അതിനുശേഷം അവർ നൽകുന്ന പെൻഷൻ വാങ്ങാൻ തൊഴിലാളികളെ നിർബന്ധിതരാക്കുകയും ചെയ്യുന്നത് തട്ടിപ്പാണ്. വരുമാനം കേന്ദ്രത്തിനും പദ്ധതി നടപ്പിലാക്കുന്നതിനുള്ള ബാധ്യത സംസ്ഥാനത്തിനുമെന്ന ദുരവസ്ഥയിലാണ് നാം. സംസ്ഥാന ബഡ്ജറ്റിന്റെ ആമുഖത്തിൽ പറഞ്ഞതുപോലെ രണ്ട് ദുരന്തങ്ങളാണ് ഈ വർഷം കേരളത്തെ വേട്ടയാടുന്നത്. പ്രളയത്തെ നാം അതിജീവിച്ചു. പുനരധിവാസ പ്രവർത്തനങ്ങളും നടന്നുവരുന്നു. പ്രളയാനന്തരം കേരളത്തോടുള്ള കേന്ദ്ര സർക്കാരിന്റെ സമീപനം ശത്രുതാപരമായിരുന്നുവെന്ന കാര്യം ഞാൻ വിശദീകരിക്കേണ്ടതില്ല. അംഗീകൃത വായ്പകൾ വെട്ടിച്ചുരുക്കിയും വായ്പകൾ നിഷേധിച്ചും കേരളത്തെ ഞെരുക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിച്ചത്. പക്ഷെ, നാം തളർന്നില്ല. കഴിഞ്ഞ വർഷമുണ്ടായ പ്രളയം ഒരു നിമിത്തമാണ്. കാലാകാലങ്ങളായി ആസൂത്രണമില്ലാതെ നടത്തിവന്ന വികസന പ്രവർത്തനങ്ങൾ മുതൽ ലാഭക്കൊതിയന്മാരുടെ കയ്യേറ്റംവരെ നമ്മുടെ നാടിനെയും പ്രകൃതിയെയും അലങ്കോലപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ പുനർ നിർമ്മാണത്തെക്കുറിച്ച് ചിന്തിക്കുന്ന ഈ ഘട്ടത്തിൽ നാടിന്റെ ഉല്പാദന വ്യവസ്ഥകളോടും പ്രകൃതിയോടും ചെയ്തുകൂട്ടിയ അപരാധങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യേണ്ടതുണ്ട്. അതിലേയ്ക്കുള്ള ചുവടുവയ്പ്പുകളാണ് ഈ ബഡ്ജറ്റിനെ മാതൃകാപരമാക്കുന്നത്. കർഷകരും തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നവരും രക്ഷപ്പെട്ടാലേ സംസ്ഥാനം രക്ഷപ്പെടൂവെന്ന ബോധ്യത്തിലൂടെയാണ് ഈ ബഡ്ജറ്റ് മുന്നോട്ട് പോകുന്നത്. അതിനാലാണ് പത്ത് കോടി തൊഴിൽ ദിനങ്ങൾ ലക്ഷ്യംവച്ചുകൊണ്ടുള്ള തൊഴിലുറപ്പ് പദ്ധതിക്ക് കൂടുതൽ തുക നീക്കിവച്ചത്. പ്രളയത്തിൽ നഷ്ടമായ ജീവനോപാധികൾ പുനഃസ്ഥാപിക്കുമെന്നുള്ള ഉറപ്പും ഈ ബഡ്ജറ്റ് നൽകുന്നുണ്ട്. നവകേരളത്തിനായി രൂപപ്പെടുത്തിയ 25 പദ്ധതികളും പ്രശംസനീയമാണ്. 'തൊഴിലാളി കർഷക ഐക്യം' എന്ന മുദ്രാവാക്യം വിളിച്ച് രാഷ്ട്രീയത്തിൽ പ്രവർത്തിച്ചയാളാണ് ഞാൻ. കാർഷിക വിപ്ലവവും ജനാധിപത്യ

വിപ്ലവവും തമ്മിൽ ഒരു പാരസ്പരിക ബന്ധമുണ്ട്. ഭൂപരിഷ്കരണത്തിന്റെ ഒരു ഘട്ടം വിജയകരമായി പൂർത്തിയാക്കുകയും ജന്മിത്തം അവസാനിപ്പിക്കുകയും ഭൂപരിധി നിയമം പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്ത സംസ്ഥാനമാണിത്. പക്ഷെ അതേസമയം കൃഷി ഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരികയും കാർഷികവൃത്തിയിൽ നിന്ന് ജനങ്ങൾ പിന്തിരിയുകയും ചെയ്യുന്ന അവസ്ഥയുണ്ട്. കുന്നിടിച്ചും വയൽ നികത്തിയും വികസനം കൊണ്ടുവരാമെന്ന സ്വപ്നം മിഥ്യയാണെന്ന് നാം തിരിച്ചറിഞ്ഞ് തുടങ്ങിയിട്ടുണ്ട്. ഇനി ഭൂപരിഷ്കരണത്തിന്റെ അടുത്ത ഘട്ടത്തിലേയ്ക്ക് പ്രവേശിക്കുകയാണ് വേണ്ടത്. സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യാനും കാർഷികോല്പന്നങ്ങൾക്ക് കുത്തക സംഭരണം ഏർപ്പെടുത്താനും അനുബന്ധ വ്യവസായങ്ങൾ വികസിപ്പിക്കാനും സാഹചര്യമുള്ള സംസ്ഥാനമാണ് കേരളം. നമ്മുടെ സഹകരണ മേഖല ശക്തമാണ്. ബോധപൂർവ്വമായ പ്രവർത്തനത്തിലൂടെ കർഷക-കർഷകത്തൊഴിലാളി വർഗ്ഗങ്ങളുടെ ഐക്യവും ഉല്പാദന വളർച്ചയും നേടിയെടുക്കാൻ നമുക്ക് സാധിക്കണം. ആധുനിക കൃഷിരീതികളും സാങ്കേതികവിദ്യയും പ്രയോജന പ്പെടുത്തി കോർപ്പറേറ്റുകളുടെ നിക്ഷേപത്തേക്കാൾ ഫലം തരുന്ന സാധ്യതയിലേയ്ക്ക് നാം ചുവടുവയ്ക്കണം. അതിനുള്ള സാഹചര്യങ്ങൾ ഈ ബഡ്ജറ്റ് മുന്നോട്ട് വയ്ക്കുന്നുണ്ട്. മലബാർ കോഫിയും കേര ഗ്രാമം പദ്ധതിയും റൈസ് പാർക്കുകളും ചക്കയുടെ മൂല്യവർദ്ധനയ്ക്കുള്ള പദ്ധതികളുമെല്ലാം അതിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. 'വെള്ളം വെള്ളം സർവ്വത്ര, തുള്ളി കുടിക്കാനില്ലത്രേ' എന്ന കുട്ടനാടിന്റെ അവസ്ഥയ്ക്ക് അന്ത്യം കുറിക്കുകയാണ് ഈ ബഡ്ജറ്റ്. 250 കോടി രൂപയുടെ കുട്ടനാട് കുടിവെള്ള പാക്കേജ് അതാണ് പറയുന്നത്. ഖനനംമൂലവും കടൽ കയറിയും തീരദേശവും മണലൂറ്റിയും കയ്യേറിയും പുഴയോരങ്ങളും ശോഷിച്ചുവരുന്ന സംസ്ഥാനമാണിത്. എല്ലാ തീരദേശ അക്രമങ്ങളും ലാഭത്തിനുവേണ്ടിയാണ്.അതുമൂലമുണ്ടാകുന്ന നഷ്ട ത്തെക്കുറിച്ച് ആർക്കും വേവലാതിയില്ല. ഈ പ്രശ്നത്തെയും ബഡ്ജറ്റ് അഭിസംബോധന ചെയ്യുന്നുണ്ട്. പട്ടികവിഭാഗങ്ങളുടെ ക്ഷേമം, സ്ത്രീ ശാക്തീകരണം, ഭവന നിർമ്മാണം, വിദ്യാഭ്യാസ ശാക്തീകരണം, ആരോഗ്യ സുരക്ഷ എന്നിങ്ങനെ സർവ്വതല സ്പർശിയായ ബഡ്ജറ്റാണിത്. ഞാൻ ഈ ബഡ്ജറ്റിനെ പാടിപ്പുകഴ്ത്താനല്ല ശ്രമിച്ചത്, ഒരു ഇടതുപക്ഷ സർക്കാർ വികസനത്തെ എങ്ങനെ കാണുന്നുവെന്ന് ചൂണ്ടിക്കാണിക്കുകയാണ്. പക്ഷെ, യു.ഡി.എഫ്. നേതൃത്വത്തിന്റെ പ്രതികരണങ്ങൾ നാം കണ്ടു. അതിൽ എനിക്ക് അത്ഭുതം തീരെയില്ല. അവരെ സംബന്ധിച്ച് ഭരണമെന്നത് കേവലമൊരു ശർക്കരക്കുടവും ബഡ്ജറ്റ് ഒരു വിൽപ്പന ചരക്കുമാണ്. ബഡ്ജറ്റിലൂടെ ബാർകോഴ പോലെയുള്ള സ്വാർത്ഥമോഹങ്ങളുമായി നടക്കുന്നവർക്ക് നവകേരള നിർമ്മാണം പോലെയുള്ള കാര്യങ്ങൾ മനസ്സിലാക്കാൻ പ്രയാസമാണ്. ഇതേ നാണയത്തിന്റെ മറുവശമാണ് ബി.ജെ.പി. അതിർത്തിയിൽ കാവൽ നിൽക്കുന്ന പട്ടാളക്കാരുടെ ആത്മാഭിമാനം വരെ പണയംവച്ച് ആയുധക്കച്ചവടം നടത്തുന്നവർക്ക് രാഷ്ട്ര പുനർ

നിർമ്മാണത്തെക്കുറിച്ച് അറിയേണ്ട കാര്യമേയില്ല. ഓരോ തെരഞ്ഞെടുപ്പ് വരുമ്പോഴും രാമക്ഷേത്ര നിർമ്മാണവും ഇടക്കാല തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളും മുന്നോട്ടുവച്ച് ജനങ്ങളെ ഇക്കിളിപ്പെടുത്തിയാൽ മതി. ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി സുസ്ഥിര വികസനത്തിനുവേണ്ടിയുള്ള ഈ ഇടതുപക്ഷ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി ഞാൻ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

12.00 Noon]

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ബി. സത്യൻ)

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. ജനവികാരം മനസ്സിലാക്കുന്ന ഒരാൾക്കും ഈ ബഡ്ജറ്റിനെ അനുകൂലിക്കാൻ സാധിക്കില്ല. മാധ്യമങ്ങൾ ജനങ്ങളുടെ വികാരത്തിന്റെ കണ്ണാടിയാണ്. ബഡ്ജറ്റ് അവതരിപ്പിച്ചതിന്റെ അടുത്ത ദിവസം കേരളത്തിലെ മാധ്യമങ്ങളുടെ വിലയിരുത്തൽ മാത്രം നോക്കിയാൽ മതി. മലയാള മനോരമ-പ്രളയഭാരം വീണ്ടും ജനങ്ങളുടെ ചുമലിൽ, 922 ഉല്പന്നങ്ങൾക്ക് സെസ്, പ്രളയത്തീവില; മാതൃഭൂമി - നികുതി ശരണം; കേരള കൗമുദി-വരവും ചെലവും കൂട്ടി ഐസക്കിന്റെ ബഡ്ജറ്റ്, നവകേരള ജാലവിദ്യ; ദീപിക-നികുതി പ്രളയം, പ്രളയ സെസ് ഒരു ശതമാനം, മിക്കതിനും വില കൂടും; മാധ്യമം-25 പദ്ധതികൾ, വില പ്രളയം; Indian Express - Here comes the tax man എന്നിങ്ങനെയാണ്. ഡോ. കുര്യൻ മിൽക്ക്മാനായിരുന്നു, ഡോ. ഐസക് ടാക്സ്മാനായി. ഇതാണ് കേരളത്തിലെ മാധ്യമങ്ങളുടെ സത്യസന്ധമായ വിലയിരുത്തൽ. ബഹുമാനപ്പെട്ട വി. എസ്. അച്യുതാനന്ദൻ പറഞ്ഞതുപോലെ ഇത് യു.ഡി.എഫ്.-ന്റെ കാഴ്ചപ്പാടല്ല, കേരള സമൂഹം വിലയിരുത്തുന്നത് ഈ രീതിയിലാണ്. പ്രളയക്കെടുതിമൂലം എല്ലാം നഷ്ടപ്പെട്ട കേരളത്തിലെ സാധാരണ ജനങ്ങളുടെ തലയിൽ വീണ ഇടിത്തീയാണ് ഈ ബഡ്ജറ്റ്. കടുത്ത സാമ്പത്തിക ഭാരമാണ് ബഡ്ജറ്റ് അടിച്ചേൽപ്പിക്കുന്നത്. വളരെ ക്രൂരമായിപ്പോയി. അങ്ങയെപ്പോലെയുള്ള ഒരു സാമ്പത്തിക ശാസ്ത്രജ്ഞൻ ഇതുപോലൊരു ബഡ്ജറ്റ് അവതരിപ്പിക്കാൻ പാടില്ലായിരുന്നു. ഒറ്റ വാക്കിൽ പറഞ്ഞാൽ ഇടി വെട്ടിയവനെ പാമ്പ് കടിച്ചതുപോലെയാണ് ഈ ബഡ്ജറ്റ്. സാധാരണക്കാരന്റെ കുടുംബ ബഡ്ജറ്റ് തകർക്കുന്ന ഒരു ബഡ്ജറ്റാണിത്. പ്രളയ സെസ് കേരളത്തെ വലിയ പണപ്പെരുപ്പത്തിലേയ്ക്ക് തള്ളിവിടും. കഴിഞ്ഞ ബഡ്ജറ്റിൽ കിഫ്ബിയുടെ ആധികാരികത പറയാൻ വേണ്ടി അങ്ങ് ഇന്റർനാഷണൽ റേറ്റിംഗ് ഏജൻസിയായ CRISIL-നെ ക്വാട്ട് ചെയ്യുകയുണ്ടായി. അവരുടെ അവസാനത്തെ റിപ്പോർട്ട് " The Report 'States of Growth 2.0', which compared the States on three macroeconomic yardsticks-growth, inflation and fiscal deficit has rated Kerala and Punjab as the worst performers in 2018 fiscal. Kerala is having the highest consumer price inflation among

all States, its debt overshooting the level set by the government and the economic growth at five percent the second slowest among the 17 medium-to-big States." CRISIL, അങ്ങേയ്ക്ക് വിശ്വാസ്യതയുള്ള ഏജൻസിയാണല്ലോ. 17 സംസ്ഥാനങ്ങളിൽ ഏറ്റവും രൂക്ഷമായ വിലക്കയറ്റമുള്ള സംസ്ഥാനം കേരളമാണെന്നാണ് അവർ പറയുന്നത്. അവിടെ അവസാനിക്കുന്നില്ല " ....the highest consumer inflation reported in Kerala at six percent and the lowest in Odisha 2.2 percent;" ഇങ്ങനെ അതിരൂക്ഷമായ വിലക്കയറ്റത്തിന്റെ കെടുതിയിലായ കേരളത്തെ അങ്ങയുടെ പുതിയ നികുതി നിർദ്ദേശങ്ങൾ വീണ്ടും വലിയ സാമ്പത്തിക ഭാരം അടിച്ചേൽപ്പിക്കുകയും ജനങ്ങളുടെ ജീവിതം ദു:സ്സഹമാക്കുകയും ചെയ്യും. കഴിഞ്ഞ ബഡ്ജറ്റിന്റെ സമയത്ത് നമ്മളെല്ലാവരും ഓഖി ദുരന്തത്തിന്റെ വേദനയിലായിരുന്നു. അങ്ങ് ആ വികാരം ഉൾക്കൊണ്ടു. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പാരഗ്രാഫ് (3)-യിൽ തീരദേശത്തിന് രണ്ടായിരം കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു. അതെവിടെ? കഴിഞ്ഞ സമ്മേളനത്തിൽ ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ നൽകിയ ഉത്തരത്തിൽ പറയുന്നത് പാക്കേജ് രൂപീകരണത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിന് ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കി വരുന്നുവെന്നാണ്. ഒരു വർഷമായിട്ടും ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ല. ഇതാണ് നിങ്ങളുടെ പ്രവർത്തനത്തിന്റെയും ബഡ്ജറ്റിലെ വാഗ്ദാനങ്ങളുടെയും സ്ഥിതി. ഇപ്പോൾ പറയുന്നത്, ഇത് വിപുലീകരിച്ചുകൊണ്ട് റീ ബിൽഡ് കേരളയിൽ 2019-20-ൽ തീരദേശ വികസനത്തിനായി ആയിരം കോടി രൂപ ചെലവഴിക്കുമെന്നാണ്. അങ്ങ് ആ പദ്ധതിയുടെ രൂപം മാറ്റാൻ പോവുകയാണ്. വാഗ്ദാനങ്ങൾ മാത്രം പോര. കഴിഞ്ഞ തവണ പറഞ്ഞ രണ്ടായിരം കോടി രൂപ ഇത്തവണ ആയിരം കോടി രൂപയായി ചുരുങ്ങി. ഇത് ആരെ കബളിപ്പിക്കാനാണ്?

കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പാരഗ്രാഫ് 35-ൽ പറയുന്നു, " ലൈഫ് പദ്ധതിക്കായി ഈ വർഷം 2500 കോടി രൂപ വകയിരുത്തുന്നു." ഈ സഭയിലെ ഭരണകക്ഷി അംഗമായ ശ്രീ. കെ. വി. വിജയദാസിന് നൽകിയ ഉത്തരം എന്റെ കയ്യിലുണ്ട്. 'ലൈഫ് പദ്ധതിക്കായി എത്ര കോടി രൂപ നാളിതുവരെ നൽകിയിട്ടുണ്ട് എന്ന ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ പറയുന്നത്, 'ലൈഫ് മിഷന് നാളിതുവരെയുള്ള പ്രവർത്തനങ്ങൾക്കായി 142.69 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ' പ്രഖ്യാപനം 2500 കോടി രൂപ, ചെലവാക്കിയത് 142.69 കോടി രൂപ. അങ്ങയുടെ ഗവൺമെന്റിന്റെ പ്രസ്റ്റീജിയസ് പ്രോഗ്രാമാണ് ലൈഫ് പദ്ധതി. ആ പദ്ധതി ഇപ്പോൾ എവിടെയാണ്? ലൈഫ് മിഷനുവേണ്ടി സംസ്ഥാന സർക്കാർ വീട് നിർമ്മിക്കാൻ ഒരു പൈസ പോലും കൊടുത്തിട്ടില്ല. കുറേ വീടുകളുടെ നിർമ്മാണം നടക്കുന്നുണ്ട്, അത് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടും പഞ്ചായത്ത് ഹഡ്കോയിൽനിന്ന് ലോണെടുത്തതും എസ്.റ്റി ഡിപ്പാർട്ടുമെന്റിന്റെ ഫണ്ടും

ചേർത്താണ്. അതല്ലാതെ അങ്ങ് വകയിരുത്തിയ 2500 കോടി രൂപയിൽ ഒരു പൈസപോലും ലൈഫ് മിഷനുവേണ്ടി കൊടുത്തിട്ടില്ല. പാരഗ്രാഫ് 78-ൽ SCP/TSP-ക്കുവേണ്ടി പി. കെ. കാളൻ പദ്ധതിയിൽ മാറ്റിവച്ച 110 കോടി രൂപ ചെലവാക്കിയോ; ഒരു പൈസ ചെലവഴിച്ചോ? അതുപോലെ RSBY (Rashtriya Swasthya Bima Yojana) പദ്ധതിയുട യാർഡ്സ്റ്റിക്കിൽ കേന്ദ്ര ഗവൺമെന്റ് മാറ്റം വരുത്തിയത് കേരളത്തിന് ദോഷകരമാണെന്ന് അങ്ങ് പറഞ്ഞു. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കുമെന്ന് അങ്ങ് പറഞ്ഞിട്ട് ഒരു വർഷം കഴിഞ്ഞു. ഇപ്പോഴത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പാരഗ്രാഫ് 108-ൽ പറയുന്നത്, "അത് നടപ്പിലാക്കാനായില്ല, മൂന്ന് തലമായി നടപ്പാക്കും" എന്നാണ്. അങ്ങേയ്ക്കൊരു വ്യക്തതയുണ്ടോ? സമഗ്ര ആരോഗ്യ പദ്ധതി ഒരു വർഷമായിട്ടും നടപ്പാക്കിയിട്ടില്ല. ഇപ്പോഴും പറയുന്നത് മൂന്ന് ഘട്ടമായി നടപ്പാക്കുമെന്നാണ്. യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന കാരുണ്യ പദ്ധതി ശ്രീ. കെ. എം. മാണിയുടെ ബ്രെയിൻ ചൈൽഡാണ്. ഖജനാവിൽ നിന്ന് ഒരു പൈസപോലും ചെലവഴിക്കാതെ ലോട്ടറിയിൽ നിന്നുള്ള വരുമാനംകൊണ്ടുമാത്രം നടപ്പിലാക്കിയ പദ്ധതിയാണ്. ആയിരക്കണക്കിന് ഹൃദ്രോഗികൾക്കും കാൻസർ രോഗികൾക്കും മറ്റ് പ്രയാസങ്ങൾ നേരിടുന്നവർക്കും വലിയ ആശ്വാസമായിരുന്നു കാരുണ്യ പദ്ധതി. അങ്ങ് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയതുമില്ല, കാരുണ്യ പദ്ധതിയെ കഴുത്തുഞ്ഞെരിച്ച് കൊല്ലുകയും ചെയ്തു. ദയവായി അങ്ങനെ ചെയ്യരുത്. അങ്ങേയ്ക്ക് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി കൊണ്ടുവരാം. കേന്ദ്ര സർക്കാർ പ്ലാനിംഗ് കമ്മീഷൻ നിർത്തലാക്കി. ഒരു കൊല്ലം പ്ലാൻ ഹോളിഡേയായിരുന്നു. നീതി ആയോഗ് കൊണ്ടുവരാൻ ഒരുവർഷമെടുത്തു. കാരുണ്യ പദ്ധതി സംസ്ഥാന ഖജനാവിന് മുതൽമുടക്കുള്ളതല്ല, ഒരു പൈസ ഖജനാവിൽ നിന്നും മാറ്റിവയ്ക്കുന്നില്ല, ലോട്ടറി വരുമാനത്തിൽ നിന്നാണ് കാരുണ്യ നടപ്പിലാക്കുന്നത്. ദയവായി കാരുണ്യ പദ്ധതി നിർത്തലാക്കുന്നത് പുനരാലോചിക്കണം. ഈ പദ്ധതി നവീകരിക്കുന്നത് കുളിപ്പിച്ച് കുളിപ്പിച്ച് കുഞ്ഞിനെ ഇല്ലാതാക്കുന്നതു പോലെയാണ്.

അതുപോലെ, അങ്ങ് നവകേരളത്തിനായി കുറേ പദ്ധതികൾ പ്രഖ്യാപിച്ചു. അങ്ങയുടെ ബഡ്ജറ്റിന്റെ അടിത്തറ കിഫ്ബിയാണ്. Budget minus KIIFB is a big zero. കേരളത്തിന്റെ വരുമാന സ്രോതസ് കുറവാണ്, നോൺ ബഡ്ജറ്ററി ഇൻകം കണ്ടെത്തണമെന്നതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. പക്ഷേ അങ്ങ് യാതൊരു വിധത്തിലുള്ള യാഥാർത്ഥ്യബോധവുമില്ലാതെയാണ് കിഫ്ബിക്കുവേണ്ടി പദ്ധതികൾ പ്രഖ്യാപിക്കുന്നത്. കിഫ്ബിക്കുവേണ്ടി 41,326 കോടി രൂപയുടെ പദ്ധതികൾക്ക് അനുവാദം കൊടുത്തുവെന്ന് അങ്ങ് തന്നെ പറയുന്നു. ഈ വർഷം വരാൻ പോകുന്നത് പതിനായിരം കോടി രൂപയുടെ പേമെന്റാണ്. ആകെ കിഫ്ബിക്ക് കൈവശമുള്ളത് 1772.64 കോടി രൂപ എന്നാണ് അങ്ങ് സഭയിൽ

പറഞ്ഞത്. പെട്രോൾ-ഡീസൽ സെസും മോട്ടോർ വെഹിക്കിൾ ടാക്സും മാത്രമാണുള്ളത്. മറ്റ് വരുമാനമൊന്നും ലഭിക്കുന്നില്ല. അങ്ങനെയുള്ള കിഫ്ബിയെ ആശ്രയിച്ച് 46,000 കോടി രൂപയുടെ വർക്ക് അഡ്വാൻസ് ചെയ്തത് എന്ത് സാമ്പത്തിക ശാസ്ത്രത്തിന്റെ പേരിലാണ്? ഇക്കാര്യം അങ്ങ് ഗൗരവത്തിൽ കാണണം. കേരളം വളരെ ഗുരുതരമായ കടക്കെണിയിലേയ്ക്ക് പോവുകയാണ്, debt trap-ലേയ്ക്ക് പോവുകയാണ്. വരുമാനം അറിഞ്ഞ് ചെലവഴിക്കാൻ സാധിക്കണം. വരുമാന സ്രോതസ്സ് കണ്ടെത്തണം. കേവലം വാഗ്ദാനങ്ങൾ കൊണ്ട് പദ്ധതികൾ നടപ്പിലാകില്ല. അങ്ങ് പ്രഖ്യാപിച്ച പ്രവാസി ചിട്ടി ഇപ്പോൾ എവിടെയാണ്? "നാളിതുവരെ കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടിക്കുവേണ്ടി എത്ര കോടി രൂപ സമാഹരിച്ചു" എന്ന ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിന്റെ 13-12-2018-ലെ ചോദ്യത്തിന് ഉത്തരമായി അങ്ങ് നിയമസഭയിൽ പറഞ്ഞത് "പ്രവാസി ചിട്ടിക്കുവേണ്ടി ആകെ ലഭിച്ചത് 3.3 കോടി രൂപ" എന്നാണ്. പ്രവാസിചിട്ടിയുടെ പരസ്യ ഇനത്തിൽ അഞ്ച് കോടി രൂപയോളം ചെലവഴിച്ചു. ഇങ്ങനെയുള്ള സ്രോതസുകളെ ആശ്രയിക്കാൻ സാധിക്കുമോ? നല്ലൊരു പദ്ധതി കണ്ടെത്തണം. വരുമാന സ്രോതസ്സില്ലാതെ പണം ചെലവഴിക്കുന്നതിന് ഒരു ന്യായീകരണവുമില്ല. അങ്ങ് റീ-ബിൽഡ് കേരളയ്ക്ക് ഒരു രൂപമുണ്ടാക്കി. ഇതുവരെ അതൊരു vague concept ആയിരുന്നു. എന്താണ് റീ-ബിൽഡ് കേരളയെന്ന് ആർക്കും അറിയില്ല, എല്ലാവരും പ്രസംഗിക്കുകയാണ്. റീ-ബിൽഡ് കേരള എന്നുപറയുന്നതിൽ 25 പദ്ധതികളുണ്ട്. ഈ പദ്ധതികളിൽ ഏതെങ്കിലും ഒന്ന് പുതിയതാണോ? എല്ലാം ആവർത്തനമാണ്. കഴിഞ്ഞ ബഡ്ജറ്റുകളിൽ ഉന്നയിച്ച കാര്യങ്ങൾ ഭാഷയും പറയുന്ന രീതിയും മാറി എന്നല്ലാതെ അതിനപ്പുറം ഒന്നുമുണ്ടായിട്ടില്ല. അങ്ങ് അവതരിപ്പിച്ച ബഡ്ജറ്റിന് ക്രെഡിബിലിറ്റിയില്ല. അങ്ങ് മൂന്ന് വർഷത്തിനുള്ളിൽ 50 ലക്ഷം ചതുരശ്ര അടിയുള്ള ഐ.ടി.പാർക്ക് നിർമ്മിക്കുമെന്ന് പറഞ്ഞു. മൂന്ന് വർഷം കൊണ്ട് എവിടെയെല്ലാമാണ് 50 ലക്ഷം ചതുരശ്ര അടിയുള്ള ഐ.ടി. പാർക്ക് നിർമ്മിച്ചതെന്ന് അങ്ങ് പറയണം. ജനങ്ങളെ കബളിപ്പിക്കരുത്. അതുപോലെ അങ്ങ് പറഞ്ഞ വയനാട് കാർബൺ ന്യൂട്രൽ സോൺ ആവർത്തനമാണ്. കുടുംബശ്രീക്ക് സഹായം കഴിഞ്ഞ തവണയും പ്രഖ്യാപിച്ചതാണ്. പ്രവാസികളുടെ കാര്യത്തിൽ കുറച്ചുകൂടി ഗൗരവം കാണിക്കണം. ഇനി കേരളം നേരിടാൻ പോകുന്ന പ്രധാന പ്രശ്നം പ്രവാസികളുടെ മടങ്ങിവരവാണ്. അതിനായി യാതൊരു പദ്ധതിയും ഈ ബഡ്ജറ്റിലില്ല. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഒരു പദ്ധതി കൊണ്ടുവന്നിരുന്നു. പക്ഷെ ബാങ്കുകൾ സഹകരിക്കുന്നില്ല. ബാങ്കുകളുമായി നിരവധി തവണ ചർച്ചകൾ നടത്തി. മടങ്ങിവരുന്ന പ്രവാസികൾക്ക് ജോലി കണ്ടെത്തുന്നതിനുള്ള മാർഗ്ഗം കണ്ടുപിടിക്കാനുള്ള ചുമതല കേരളത്തിനുണ്ട്. കാരണം കേരളത്തിന്റെ സമ്പദ്ഘടനയിൽ വലിയ സംഭാവന നൽകിയത് പ്രവാസികളാണ്. അവരെ അവഗണിക്കരുത്. പ്രവാസികളുടെ മൃതദേഹം കൊണ്ടുവരാൻ ഫണ്ട്

നൽകുമെന്ന് അങ്ങ് പറഞ്ഞു. അത് പുതിയ കാര്യമല്ല. യു.ഡി.എഫ്.-ന്റെ ഭരണകാലത്തും സ്പോൺസർമാരില്ലെങ്കിൽ സർക്കാർ പണം ചെലവഴിക്കുമായിരുന്നു. പ്രവാസികളുടെ മൃതദേഹം തിരിച്ചുകൊണ്ടുവരാൻ വേണ്ടി 16 കോടി രൂപ വകയിരുത്തുമെന്ന് അങ്ങ് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞു. ഇത്തവണയും അത് ആവർത്തിക്കുകയാണ്. ഈ ബഡ്ജറ്റ് ആവർത്തന വിരസവും ജനങ്ങൾക്ക് വലിയ സാമ്പത്തികഭാരമുണ്ടാക്കുന്നതുമാണ്. അന്യസംസ്ഥാന ലോട്ടറിക്ക് മടങ്ങിവരാൻ അവസരമുണ്ടാക്കാത്ത രീതിയിലുള്ള നിയമം കൊണ്ടുവരാൻ ദയവായി അങ്ങ് മുൻകയ്യെടുക്കണം. അതുപോലെ കേരള പ്രൈവറ്റ് ബാങ്കേഴ്സ് അസോസിയേഷന്റെ നിവേദനം ലഭിച്ചതായി പറഞ്ഞു. പൂർണ്ണമായും ക്യാഷ്‌ലെസ് ട്രാൻസാക്ഷനിലേയ്ക്ക് പോകാത്ത സാഹചര്യത്തിൽ രണ്ടുലക്ഷം രൂപയെങ്കിലും അവർക്ക് പണമായി കൈകാര്യം ചെയ്യാനുള്ള അവസരം കൊടുക്കണം. കേരളത്തിലെ അടയ്ക്കാ കച്ചവടക്കാരുടെ വിഷയം അങ്ങേയ്ക്കറിയാം, പിരിക്കാത്ത നികുതി അവരിൽ നിന്ന് ഈടാക്കുന്നത് ശരിയല്ല. പിരിക്കാത്ത നികുതി അടയ്ക്കാൻ അവർക്ക് നോട്ടീസ് കൊടുത്തിരിക്കുന്നു. ഇത്തരം കാര്യങ്ങൾ പരിഗണിക്കണം. ഈ ബഡ്ജറ്റ് നിരാശാജനകമാണ്. കേരളത്തെ അങ്ങ് കടക്കെണിയിലാക്കരുതെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനം ഒരു കാലത്തും അഭിമുഖീകരിച്ചിട്ടില്ലാത്ത പ്രതിസന്ധിയുണ്ടായ ഈ സാഹചര്യത്തിൽ അതിനെ നേരിടാനുള്ള സഹായം നൽകാൻ ബാധ്യതപ്പെട്ട കേന്ദ്ര സർക്കാർ അതിന് തയ്യാറാകാത്ത ഘട്ടത്തിൽ ഒരു സംസ്ഥാന സർക്കാരിനു വേണ്ടി അവതരിപ്പിക്കാൻ സാധിക്കുന്ന ഏറ്റവും ഫലപ്രദമായ ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചത്. ഇപ്പോൾ സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും സാധാരണക്കാരായ ആളുകൾക്ക് സ്വകാര്യ ആശുപത്രികളിലേയ്ക്ക് പോകാതെ ചികിത്സ നേടാനുള്ള സൗകര്യമുണ്ട്. വിദ്യാഭ്യാസ മേഖലയിൽ, സ്വകാര്യ കോളേജുകളെ ആശ്രയിക്കുന്നതിനുപകരം സർക്കാർ മേഖലയിലുള്ള സ്ഥാപനങ്ങളെ ചെറിയ ക്ലാസ് മുതൽ പ്രൊഫഷണൽ കോളേജുകൾ വരെ ആശ്രയിക്കാൻ സാധിക്കുന്ന അവസ്ഥ ഇന്ന് നമ്മുടെ നാട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് സാധിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ അഞ്ചുകൊല്ലം മുമ്പ് അധികാരത്തിൽ വന്നപ്പോൾ ജനങ്ങൾക്ക് നൽകിയ വാഗ്ദാനവും ഇപ്പോൾ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്ന അവസരത്തിൽ അവർ പറയുന്നതും പരിശോധിച്ചാൽ ആ സർക്കാർ എങ്ങനെ നീങ്ങുന്നുവെന്ന് ജനങ്ങൾക്ക് മനസ്സിലാകും. സംസ്ഥാന സർക്കാർ അതുപോലെയല്ല. അടിസ്ഥാനപരമായി ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നു. പ്രതിസന്ധികളെ അതിജീവിക്കാൻ സഹായിക്കുന്ന ഒരു കേന്ദ്ര സർക്കാരല്ല ഉള്ളത്. സംസ്ഥാനത്തിന്റെ കാർഷികമേഖലയിലെ

വരുമാനങ്ങൾ എങ്ങനെ കുറയ്ക്കാൻ സാധിക്കുമെന്ന് ചിന്തിക്കുന്ന ഒരു ഗവൺമെന്റാണ്. അതുമൂലം റബ്ബർ ഉൾപ്പെടെയുള്ള പല മേഖലകളിലും നമുക്ക് ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. അങ്ങനെയൊരു സാഹചര്യത്തിൽ കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന ഫലപ്രദമായ നടപടികളാണ് ഇവിടെ സ്വീകരിച്ചുവരുന്നത്. നാളികേര കൃഷിയെ മെച്ചപ്പെട്ട നിലയിലേയ്ക്ക് കൊണ്ടുവരുന്നു. നാളികേര ഉല്പാദനം വർദ്ധിച്ചാൽ സ്വാഭാവികമായും കേരളത്തിന്റെ സമ്പദ്ഘടന ഗുണകരമായ നിലയിലേയ്ക്ക് വരും. അതിന് സഹായകരമായ രൂപത്തിലുള്ള നടപടികളാണ് സംസ്ഥാനം സ്വീകരിക്കുന്നത്. അടയ്ക്ക പോലെയുള്ള കാർഷിക ഉല്പന്നങ്ങൾ വർദ്ധിപ്പിക്കാനുള്ള സാമ്പത്തികമായ സഹായം നൽകുന്നു. എല്ലാ വീടുകളിലും കുടിവെള്ളമെത്തിക്കാനുള്ള സംവിധാനങ്ങൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇങ്ങനെ ജനങ്ങളുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിന് സഹായകരമായ സംവിധാനങ്ങളിലേയ്ക്കാണ് സർക്കാർ പോയിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ ഗൾഫിലും സാമ്പത്തിക പ്രതിസന്ധി വന്നിരിക്കുന്നു. നമ്മൾ പ്രതീക്ഷിച്ചതുപോലെ കേരളത്തെ സഹായിക്കാൻ ഗൾഫ് മേഖലയിലുള്ളവർക്ക് സാധിക്കുന്നില്ല. വളരെക്കാലമായി ഗൾഫിൽ ജോലി ചെയ്തതിനുശേഷം നാട്ടിലേയ്ക്ക് തിരിച്ചുവന്ന് പുതിയ സംരംഭങ്ങൾ തുടങ്ങാനാഗ്രഹിക്കുന്നവർക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകാൻ സർക്കാർ സന്നദ്ധമാകേണ്ടതുണ്ട്. അങ്ങനെയൊരു പുതിയ പ്രതിസന്ധിയെയും സർക്കാർ അഭിമുഖീകരിക്കാൻ പോകുകയാണ്. വിദേശത്തുള്ള മലയാളികളിൽ ഒരു വലിയ വിഭാഗം നാട്ടിലേയ്ക്ക് തിരിച്ചുവരികയാണ്. ഇതുപോലെ സർക്കാർ പ്രതീക്ഷിക്കാത്ത പ്രതിസന്ധികളൊക്കെ ഉണ്ടെങ്കിലും നമ്മുടെ നാട്ടിലുള്ള അടിസ്ഥാനപരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുന്നുണ്ട്.

മറ്റൊരു കാര്യം, എന്റെ നിയോജകമണ്ഡലത്തിലെ ഇൻഡോർ സ്റ്റേഡിയത്തിന് കുറച്ചുകൂടി ഫണ്ട് അനുവദിച്ചാൽ അത് മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട ഇൻഡോർ സ്റ്റേഡിയമായി മാറും. സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും അതിന്റെ പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ബഹുമാനപ്പെട്ട ശ്രീ. കെ. സി. ജോസഫ് പറഞ്ഞതുപോലെ അടയ്ക്ക കച്ചവടക്കാരെ നികുതി അടയ്ക്കാൻ നിർബന്ധിക്കുന്ന ഒരു സാഹചര്യമുണ്ട്. അത് പരിശോധിച്ച്, സാധിക്കുമെങ്കിൽ പ്രസ്തുത നികുതി ഒഴിവാക്കാൻ ബഹുമാനപ്പെട്ട മന്ത്രി സന്നദ്ധമാകണം.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം അധികാരത്തിൽവന്ന സർക്കാരുകൾ സ്വീകരിച്ച സമീപനമല്ല നിലവിലെ കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. ഇപ്പോൾ മൂന്നുനാല് സംസ്ഥാനങ്ങളിൽ കേന്ദ്രം ഭരിക്കുന്ന കക്ഷി പരാജയപ്പെട്ടതിനുശേഷം അവർ സ്വീകരിക്കുന്ന ചില നടപടികൾ ഭയപ്പാടുണ്ടാക്കുന്നതാണ്. കുറച്ചു ദിവസ ങ്ങൾക്കുള്ളിൽ നാം തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ പോകുകയാണ്. ഈ സാഹചര്യത്തിൽ അതിനെയെല്ലാം നേരിടാൻ സാധിക്കുന്ന രൂപത്തിൽ പരിചയ

സമ്പന്നനായ, പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്ന ഒരു ധനകാര്യ മന്ത്രിക്ക് അവതരിപ്പിക്കാൻ സാധിക്കുന്ന ഒരു നല്ല ബഡ്ജറ്റാണ് അദ്ദേഹം അവതരിപ്പിച്ചത്. ഖാദി-കൈത്തറി മേഖലയുടെ വളർച്ചയ്ക്കും പ്രചരണത്തിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അത് സന്തോഷകരമാണ്. നമ്മുടെ നാട്ടിലെ സാധാരണക്കാരായ ആളുകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനാവശ്യമായ പുതിയ സാഹചര്യങ്ങളുണ്ടാകണം. കഴിഞ്ഞ രണ്ട് വർഷങ്ങളിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രവർത്തനഫലമായി പട്ടിണി കിടക്കുന്ന കുടുംബങ്ങൾ ഇന്ന് നമ്മുടെ നാട്ടിലില്ല. കുടുംബശ്രീ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ മുഖേന സ്ത്രീകൾക്കടക്കം ജോലി ലഭ്യമാക്കി കേരളം ഇന്ത്യക്ക് മാതൃകയാകുന്ന രൂപത്തിൽ വളർന്നുവരികയാണ്. ആ രീതിയിൽ എല്ലാ വിഭാഗത്തെയും ശ്രദ്ധിക്കുന്ന, സംസ്ഥാനത്തിന്റെ ഇന്നത്തെ സ്ഥിതിയിൽ അവതരിപ്പിക്കാൻ സാധിക്കുന്ന മെച്ചപ്പെട്ട ഒരു ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. സി. ജോർജ്: സർ, കേരളത്തിന്റെ ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ഇതിലും മെച്ചപ്പെട്ട ഒരു ബഡ്ജറ്റ് അവതരിപ്പിക്കാൻ ആർക്കും കഴിയുമെന്ന് ഞാൻ കരുതുന്നില്ല. ഡോ. ടി. എം. തോമസ് ഐസക് നല്ലൊരു ധനകാര്യ വിദഗ്ദ്ധനാണെന്നാണ് എന്റെ അഭിപ്രായം. കുറ്റം കണ്ടാൽ ഞാൻ കുറ്റം പറയും. ഇവിടെ നല്ലത് പറഞ്ഞാലും ചീത്ത പറഞ്ഞാലും കുഴപ്പമാണ്. ഞാൻ ഒരുപാട് നാളുകൊണ്ട് ബഡ്ജറ്റ് പ്രസംഗം കേട്ടുകൊണ്ടിരിക്കുന്ന ആളാണ്. പല മാന്യന്മാരുടെയും ബഡ്ജറ്റ് പ്രസംഗം കേട്ടിട്ടുണ്ട്. അതുമായി താരതമ്യം ചെയ്യുമ്പോൾ എത്രയോ നല്ല ബഡ്ജറ്റാണിത്. അതാണ് ഞാൻ ഇവിടെ പറഞ്ഞത്.

എനിക്ക് ചില നിർദ്ദേശങ്ങൾ അങ്ങയോട് പറയാനുണ്ട്. വില വർദ്ധനവിനുള്ള സാധ്യതയുള്ളതുകൊണ്ടാണ് ഡോ. ടി. എം. തോമസ് ഐസക്കിനോട് ഇക്കാര്യം പറയുന്നത്. ഓൺലൈൻ ടാക്സി നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടില്ല. ടാക്സി എന്ന നിലയിൽ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ഓൺലൈൻ ടാക്സി മൂന്നോ നാലോ സമ്പന്നന്മാരായ ചില ആളുകളിലേയ്ക്ക് മാറിയിരിക്കുകയാണ്. അവർ ഓൺലൈൻ ടാക്സി ഡ്രൈവർമാരെ പിഴിഞ്ഞെടുക്കുകയാണ്. അവരുടെ ടാക്സി കൂലി നേരിട്ട് അവർക്ക് കൊടുക്കാൻ കഴിയുന്ന ഒരു നടപടിയുണ്ടായാൽ വളരെ നന്നായി എന്നാണ് എന്റെ അഭിപ്രായം.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, അടയ്ക്കാ കച്ചവടക്കാർ രണ്ട് ശതമാനം സി.എസ്.ടി. അടച്ചാണ് കച്ചവടം നടത്തിയിട്ടുള്ളത്. ഇപ്പോൾ അത് അഞ്ച് ശതമാനമായതുകൊണ്ട് ബാക്കി പണം തിരികെ അടയ്ക്കണമെന്ന് പറയുകയാണ്. അവർ എവിടെ നിന്ന് അടയ്ക്കും; അവരുടെ കയ്യിൽ പണമുണ്ടോ? മറ്റ് സംസ്ഥാനങ്ങളിൽ പോയ പണം എങ്ങനെ തിരിച്ചുകൊണ്ടുവരാൻ കഴിയും? നിയമം നോക്കിയാൽ ഈ

തുക അവരിൽ നിന്നും ഈടാക്കേണ്ടെന്ന് പറയാൻ യാതൊരു കാരണവശാലും ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിയില്ലെന്ന് എനിക്കറിയാം. അതിനുള്ള അധികാരവും അങ്ങേയ്ക്കില്ല. പക്ഷെ, പാവങ്ങളുടെ ജപ്തി നടപടി അൽപ്പം താമസിപ്പിച്ച്, 60-70 ഗഡുക്കളാക്കി കൊടുത്ത് അവരെ സഹായിക്കാൻ കഴിയുമോ എന്ന് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണമെന്ന അഭിപ്രായമുണ്ട്.

അയ്യാ വൈകുണ്ഠസ്വാമികൾക്ക് സ്മാരകം നിർമ്മിക്കുന്നതിന് 20 കോടി രൂപ മുടക്കുമെന്ന് പറഞ്ഞതാണ്. നാടാർ സമുദായത്തിന്റെ ആത്മീയ ആചാര്യനാണ് അദ്ദേഹം. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്ന് ലോകത്തോട് ആദ്യമായി പറഞ്ഞ ആളാണ് അയ്യാ വൈകുണ്ഠസ്വാമികൾ. ശ്രീനാരായണ ഗുരുദേവനൊക്കെ പിന്നീടാണ് അത് ആവർത്തിച്ചത്. ഗുരുദേവനാണ് അത് പ്രാവർത്തികമാക്കിയത്. വൈകുണ്ഠസ്വാമികളുടെ സ്മാരകം നിർമ്മിക്കാൻ ശക്തമായ ഇടപെടൽ ഈ വർഷം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. നന്ദി, നമസ്കാരം.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ ഈ വിലക്കയറ്റ ബഡ്ജറ്റിനെ എതിർക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് എന്റെ പഴയ സുഹൃത്തായിരുന്നു; ഇപ്പോഴും സുഹൃത്താണ്. ചോർന്ന ഒരു ബഡ്ജറ്റടക്കം പത്താമത്തെ ബഡ്ജറ്റാണ് അദ്ദേഹം ഇവിടെ അവതരിപ്പിക്കുന്നത്. മറ്റുള്ളവരുടെ സ്വത്തിനും ജീവനും വിലകൽപ്പിക്കുന്ന, വലിയ അഹങ്കാരമോ ധാർഷ്ട്യമോ ഇല്ലാത്ത ഒരു പാവം കമ്മ്യൂണിസ്റ്റുകാരനായിട്ടാണ് ഞാൻ അദ്ദേഹത്തെ കണ്ടിട്ടുള്ളത്. ജി.എസ്.ടി. അഥവാ ഗബ്ബർസിംഗ് ടാക്സ് പിരിച്ച് അദ്ദേഹത്തിന് ഗബ്ബർസിംഗിന്റെ സ്വഭാവമായി; സാക്ഷാൽ ഗബ്ബർസിംഗായി അദ്ദേഹം മാറിയിട്ടുണ്ട്. പിടിച്ചുപറി അദ്ദേഹത്തിന്റെ ഹോബിയായി മാറിയെന്നാണ് ജനങ്ങൾ പറയുന്നത്. ഈ ബഡ്ജറ്റിനെ പറ്റി പരിശോധിക്കുന്നതിന് മുമ്പ് കഴിഞ്ഞ ബഡ്ജറ്റിന് എന്തു സംഭവിച്ചുവെന്ന് പരിശോധിക്കണ്ടേ?

ഓഖി ഫണ്ടിലേയ്ക്ക് നീക്കി വച്ച 2000 കോടി രൂപയിൽ എത്ര രൂപ ചെലവായി; തുറമുഖ വികസനത്തിനായി നീക്കിവച്ച 584 കോടി രൂപ വിനിയോഗിച്ച് എത്ര തുറമുഖങ്ങൾ വികസിപ്പിച്ചു; വൈറ്റില മൊബിലിറ്റി ഹബ്ബ് പോലെ കോഴിക്കോട് മൊബിലിറ്റി ഹബ്ബ്, വയനാട് കാപ്പി ബ്രാന്റഡായി മാർക്കറ്റിൽ ലഭിക്കും എന്നൊക്കെ പറഞ്ഞു. ഏത് മാർക്കറ്റിലാണ് ലഭിക്കുന്നത്? കൊച്ചി മെട്രോ നീട്ടും, എവിടേയ്ക്കാണ് നീട്ടിയത്, ഓർഗാനിക് കൃഷിക്ക് 10 കോടി രൂപ, മൂന്ന് കോടി മരത്തൈകൾ, മാലിന്യ പ്ലാന്റിന് കോടാനുകോടി രൂപ, ട്രാൻസ്ജെൻഡറുകൾക്ക് പത്ത് കോടി രൂപ, വനിതാ സുരക്ഷയ്ക്ക് 50 കോടി രൂപ, പൊതുടോയ്‌ലെറ്റ്, ഷീ ലോഡ്ജ്, നിർഭയ തുടങ്ങിയ കുറേ പദ്ധതികൾ പറയുന്നുണ്ട്. ഞാൻ മറ്റുള്ള കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഇന്നത്തെ കാലഘട്ടത്തിൽ അങ്ങേയ്ക്ക്

ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എത്ര പാട്ടകുടിശ്ശിക പിരിച്ചു, മുഴുവൻ പിരിച്ചെടുക്കാത്തത് എന്തുകൊണ്ടാണ്? പഞ്ചായത്തുകൾക്ക് കൊടുത്ത പണം അങ്ങ് മടക്കി വാങ്ങിയില്ലേ? കേരളത്തിന്റെ ഇന്നത്തെ സാമ്പത്തിക സ്ഥിതി ശരിക്കും മനസ്സിലാക്കിയിട്ടാണോ അങ്ങ് ബഡ്ജറ്റ് അവതരിപ്പിച്ചത്. ജനങ്ങളുടെയിടയിൽ ക്യാഷ് ഫ്ലോ 50 ശതമാനമായി ചുരുങ്ങിയിരിക്കുകയാണ്. ഇക്കാര്യം കച്ചവടക്കാരോടും കൃഷിക്കാരോടും ചോദിച്ചാൽ മനസ്സിലാകും. അവരുടെ കയ്യിൽ 50 ശതമാനം പണമാണ് വരുന്നത്. മുൻകാലങ്ങളേക്കാൾ 50 ശതമാനം കച്ചവടം കുറഞ്ഞിരിക്കുകയാണ്. വിദേശ രാജ്യങ്ങളിൽ നിന്ന് പ്രവാസികൾ അയയ്ക്കുന്ന പണവും കുറഞ്ഞിരിക്കുകയാണ്. ആരും പണം അയയ്ക്കുന്നില്ല. അയയ്ക്കുന്നുണ്ടെങ്കിൽത്തന്നെ, അത് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. നയാപൈസപോലും ഇവിടെ ചെലവാക്കുന്നില്ല, വിൽക്കലും വാങ്ങലും നടക്കുന്നില്ല. ഇതിന്റെയൊക്കെ അടിസ്ഥാനത്തിലാണ് ജി.എസ്.ടി. ഈ രീതിയിലെത്തിയത്. അല്ലെങ്കിൽ കുറച്ചുകൂടി നന്നാകുമായിരുന്നു. ഭാവിയിൽ ഇതിനേക്കാൾ രൂക്ഷമാകും. ഇന്നത്തെ നിലയിൽ നമ്മുടെ സാമ്പത്തിക സ്ഥിതി വലിയ മാന്ദ്യം നേരിടുകയാണ്. അത് അങ്ങ് അംഗീകരിക്കാത്തതാണ് പ്രശ്നം. അതിനനുസരിച്ചുള്ള ബഡ്ജറ്റല്ല ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

ഒരു കാരണവശാലും അങ്ങ് ആഗ്രഹിക്കുന്നതുപോലെ 30 ശതമാനം വർദ്ധന ജി.എസ്.ടി.യിൽ വരില്ല. മുമ്പ് മണൽ വാരി പണമുണ്ടാക്കുമെന്ന് പറഞ്ഞപ്പോൾ ഞങ്ങളെല്ലാവരും പറഞ്ഞതാണ് അത് ലഭിക്കില്ലെന്ന്. അതേ രീതിയിൽ തന്നെയാകുമോ മുപ്പത് ശതമാനം ജി.എസ്.ടി. വർദ്ധിക്കുമെന്ന് പറഞ്ഞതും. മുഖ്യമന്ത്രിയും അങ്ങുമൊക്കെ നന്ദിപ്രമേയ ചർച്ചയിൽ സർക്കാർ ആശുപത്രികളിലും സ്കൂളുകളിലും കുട്ടികൾ ധാരാളമായി വരുന്നുണ്ടെന്ന് പറഞ്ഞു. അക്കാര്യം ശരിയാണ്. അസ്സറ്റ് ഡെവലപ്മെന്റ് ഫണ്ട് വിനിയോഗിച്ച് സ്കൂളുകളും ആശുപത്രികളും നന്നാക്കിയിട്ടുണ്ട്. ഇപ്രാവശ്യം കിഫ്ബിയിൽ നിന്ന് കുറേ തുക വന്നിട്ടുണ്ട്. ചില സ്ഥലങ്ങളിൽ വർക്ക് തുടങ്ങി, എന്റെ മണ്ഡലത്തിൽ തുടങ്ങിയിട്ടില്ല. അതിന്റെ ഫലമായി കുട്ടികളുടെ എണ്ണം വർദ്ധിച്ചുവെന്നുള്ളത് ശരിയാണ്. അതൊന്നുമല്ല പ്രധാനപ്പെട്ട പ്രശ്നം. ജനങ്ങളുടെ കയ്യിൽ ചെലവാക്കാൻ പണമില്ല. പ്രൈവറ്റ് സ്കൂളുകളിൽ നിന്ന് കുട്ടികളുടെ പേര് വെട്ടി ഗവൺമെന്റ് സ്കൂളുകളിൽ ചേർക്കുകയാണ്. സ്വകാര്യ ആശുപത്രികളിൽ ചാർജ് കൂടുതലായതിനാൽ ഗവൺമെന്റ് ആശുപത്രിയിൽ പോയി അവിടെയുള്ള മരുന്ന് വാങ്ങി കഴിക്കുകയാണ്.

അങ്ങ് ഇവിടെ ഒരു ശതമാനം സെസ് ചാർജ് ചെയ്തിട്ടുണ്ട്. സ്വർണ്ണാഭരണങ്ങൾക്ക് കാൽ ശതമാനം സെസ് ഏർപ്പെടുത്തിയിട്ടുണ്ട്. കച്ചവടക്കാർ വലിയ ഷോപ്പുകളിൽ പോയി സാധനങ്ങൾ തെരഞ്ഞെടുത്ത് ബില്ലിംഗ് തമിഴ്നാട്ടിൽ ചെയ്ത് ഡെലിവറിയും സെലക്ഷനും ഇവിടെ വച്ച് നടത്തുന്ന രീതിയാണ് വരാൻ പോകുന്നത്. ധാരാളം

സാധനങ്ങൾ പുറത്തുനിന്നും കൊണ്ടുവരും. സെസ്സിൽ നിന്നും പിരിക്കുന്ന തുക മുഴുവനും കൊടുക്കേണ്ടത് പ്രളയബാധിതർക്കാണ്. അവർ കഷ്ടപ്പെടുന്നു, ഒരു ശതമാനം സെസ് എന്നത് ഒരിക്കലും നടക്കാത്ത കാര്യമാണ്. ഇവിടെ കുറേയധികം പുനർനിർമ്മാണം നടത്തണം. നിർമ്മാണ സാമഗ്രികൾക്ക് വില വർദ്ധിച്ചിരിക്കുകയാണ്. അതുകൊണ്ട് ഒരു ശതമാനം സെസ് ഏർപ്പെടുത്തിയിരിക്കുന്നത് മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്. വെള്ളപ്പൊക്കത്തിന്റെ ദുരിതം മുഴുവൻ അനുഭവിക്കാൻ വിധിക്കപ്പെട്ട കേരള ജനതയോടല്ല, മറിച്ച് ഡാം തുറന്നുവിടാൻ മടി കാണിച്ചിട്ടുള്ള ഉദ്യോഗസ്ഥർ, മന്ത്രിമാർ എന്നിവരിൽ നിന്നാണ് 33,000 കോടി രൂപ പിരിക്കേണ്ടത്. ഇതൊരു മനുഷ്യനിർമ്മിത ദുരന്തമാണ്. അതുകൊണ്ട് അവരിൽ നിന്നാണ് ഈ തുക പിരിക്കേണ്ടത്, അല്ലാതെ പാവപ്പെട്ട ജനങ്ങളിൽ നിന്നല്ല.

ഇന്ത്യയൊട്ടാകെ ഒരേ വില, ഒരേ നികുതി എന്ന് പറഞ്ഞിരുന്നു. One Nation One Tax ഇപ്പോൾ അതിന് കടകവിരുദ്ധമല്ലേ ഈ സെസ്. ഇന്ന് പ്രളയ സെസ്, നാളെ വേറൊരു സെസ്. പഴയ രീതിയിലേയ്ക്ക് തന്നെ നമ്മൾ പോകുകയാണ്. കുറേക്കാലം കഴിഞ്ഞ് മറ്റൊരു ഗവൺമെന്റ് വരുമ്പോൾ വേറൊരു സെസായിരിക്കും. ഏറ്റവും കൂടുതൽ നികുതി ഈടാക്കുന്ന സംസ്ഥാനം എന്ന രീതിയിലേയ്ക്ക് മാറാനുള്ള ആദ്യത്തെ നടപടിയാണിത്. ഇതുശരിയല്ല, ജി.എസ്.ടി.യുടെ നിയമം തന്നെ ഇല്ലാതാക്കുന്നതാണ്. അങ്ങ് പുനഃപരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ബഡ്ജറ്റിൽ ശബരിമലയ്ക്ക് 739 കോടി രൂപയും ദേവസ്വം ബോർഡിന് 100 കോടി രൂപയുമാണ് പ്രഖ്യാപിച്ചിട്ടുള്ളത്. വളരെ നല്ലത്. ഇതൊക്കെ കൊടുക്കേണ്ടതാണ്. പക്ഷെ, ഒരാളെ ചവിട്ടിക്കൊന്നിട്ട് ആ കൊന്നയാൾ തന്നെ കൊല്ലപ്പെട്ടവന് വേണ്ടി ഗംഭീര സദ്യയും അടിയന്തിരവും നടത്തുന്ന അതേ രീതിയാണിത്. ഗൾഫ് നാടുകളിലൊക്കെ blood money എന്നാണ് പറയുന്നത്. അതാണ് ഇവിടെ സംഭവിക്കുന്നത്.

മുന്നോക്ക ക്ഷേമവകുപ്പിന് 42 കോടി രൂപയും പിന്നോക്ക സമുദായ ക്ഷേമത്തിന് 114 കോടി രൂപയും പട്ടികവർഗ്ഗ ക്ഷേമത്തിന് 662 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. ഇതൊക്കെ കൊടുക്കേണ്ടതാണ്. പക്ഷേ, കേരളത്തിന്റെ ജനസംഖ്യയിൽ പകുതിയോളം വരുന്ന ന്യൂനപക്ഷങ്ങൾക്ക് കഴിഞ്ഞ വർഷം 97 കോടി രൂപ വച്ചിരുന്ന സ്ഥാനത്ത് ഇപ്രാവശ്യം 49 കോടി രൂപയാക്കി വെട്ടിച്ചുരുക്കിയിരിക്കുകയാണ്. യു.ഡി.എഫ്.-സർക്കാരിന്റെ അവസാന ബഡ്ജറ്റിൽ 170 കോടി രൂപയാണ് വച്ചിരുന്നത്. ന്യൂനപക്ഷങ്ങൾക്ക് 49 കോടി രൂപ നീക്കിവച്ചിരിക്കുന്നത് വർദ്ധിപ്പിക്കണം. ഇടതുപക്ഷം എപ്പോഴും ന്യൂനപക്ഷങ്ങളെപ്പറ്റി വലിയ കാര്യമായി സംസാരിക്കുകയും അവരുടെ പ്രശ്നങ്ങളെപ്പറ്റി പ്രസംഗിക്കുകയും ചെയ്യാറുണ്ട്. ബഡ്ജറ്റിൽ നേരെമറിച്ചുമാണ്.

തൊഴിലില്ലായ്മ ഏറ്റവും കൂടുതലുള്ള സംസ്ഥാനമായി കേരളം മാറിയിരിക്കു കയാണ്. ഇന്ത്യാരാജ്യത്തെ ജനസംഖ്യയിൽ 50 ശതമാനം പേരും 25 വയസ്സിന് താഴെയുള്ളവരാണ്. ഭാവിയിൽ ലോകത്തിലെ ഏറ്റവും വലിയ വർക്ക് ഫോഴ്സ് ഇന്ത്യാക്കാരായിരിക്കും; പ്രത്യേകിച്ച് മലയാളികൾ. ഇവരെ സ്കിൽഡ് ഫോഴ്സാക്കണമെങ്കിൽ ഇപ്പോഴുള്ളതിനേക്കാൾ എത്രയോ അധികം കോളേജുകൾ, ടെക്നിക്കൽ കോളേജുകൾ, യൂണിവേഴ്സിറ്റികൾ എന്നിവ വേണം. ഉന്നതവിദ്യാഭ്യാസരംഗത്തിനായി ബഡ്ജറ്റിൽ തുക എന്തെങ്കിലും നീക്കിവച്ചിട്ടുണ്ടോ? ഇതൊക്കെയല്ലേ നമ്മൾ നോക്കേണ്ടത്. ലോകത്തെ തന്നെ നിയന്ത്രിക്കുന്ന രാജ്യമായി ഇന്ത്യാ രാജ്യം മാറുമ്പോൾ അതിൽ മലയാളികളായിരിക്കും ഏറ്റവും കൂടുതലുള്ളത്. അവർക്കുവേണ്ടിയുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കണമെങ്കിൽ കൂടുതൽ ഫണ്ട് അനുവദിക്കണം. പ്രവാസി ചിട്ടികളിലൂടെ 1200 കോടി രൂപ പിരിക്കുമെന്നാണ് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്. എഴുപത്തി അയ്യായിരത്തോളം ആളുകൾ യു.എ.ഇ.-യിൽനിന്ന് ജോയിൻ ചെയ്യുമെന്ന് പറഞ്ഞിരുന്നു. അങ്ങനെ പറഞ്ഞിട്ട് 1949 ആളുകളെ മാത്രമാണ് ചേർക്കാൻ കഴിഞ്ഞത്. എന്താണ് അതിന് കാരണം? ഇന്ന് ഗൾഫിന്റെ അവസ്ഥ അതാണ്. അവർക്ക് തരാൻ പണമില്ല. ഇത് പ്രവാസികളോട് ചെയ്യുന്ന ഏറ്റവും വലിയ ക്രൂരതയാണ്. അവർ വാങ്ങുന്ന ഓരോ എയർ ടിക്കറ്റിനും 100 രൂപ സെസ് ചുമത്തുന്നതിലൂടെ സർക്കാരിന് ഒരു ദിവസം ഏകദേശം പത്ത് ലക്ഷം രൂപ കിട്ടും. വിദേശരാജ്യങ്ങളിൽ പ്രവാസികൾ മരണപ്പെട്ടാൽ അവരുടെ ഡെഡ് ബോഡി കൊണ്ടുവരുന്ന ചെലവ് സർക്കാർ വഹിക്കുമെന്ന് പറഞ്ഞ് നമ്മൾ കൊട്ടിഘോഷിക്കുകയാണ്. എത്ര ഡെഡ് ബോഡിക്ക് അങ്ങനെ പണം കൊടുക്കേണ്ടിവരും? അവരുടെ കത്തിന്റെ അടിസ്ഥാനത്തിൽ മുൻകാലങ്ങളിലൊക്കെ സർക്കാർ അങ്ങനെ കൊടുത്തിരുന്നു. പക്ഷേ എത്ര ഡെഡ് ബോഡികൾക്കാണ് സർക്കാർ പണം കൊടുക്കേണ്ടത്. മരണപ്പെടുന്ന പ്രവാസികൾ ജോലി ചെയ്തിരുന്ന കമ്പനിയും ഇൻഷ്വറൻസ് കമ്പനിയുമൊക്കെ അവർക്ക് പണം കൊടുക്കും. മാസത്തിൽ മൂന്നോ നാലോ ഡെഡ് ബോഡി കൊണ്ടുവരുന്നതിന് അവരിൽനിന്നും 100 രൂപ സെസ് വാങ്ങുന്നത് ശരിയല്ല. പാവപ്പെട്ട ആളുകളാണ് പ്രവാസികൾ. അതുകൊണ്ട് ആ ടിക്കറ്റ് ഫെയർ ഈടാക്കുന്നതിൽനിന്ന് പിൻമാറണമെന്നാണ് എനിക്ക് പറയാനുള്ളത്.

വിദേശ രാജ്യങ്ങളിൽ ജോലി നഷ്ടപ്പെടുന്ന ഏതൊരാൾക്കും അഞ്ച് മാസത്തെ ശമ്പളം കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ പ്രാവശ്യം ദുബായിൽ പോയപ്പോൾ പറഞ്ഞു. ആർക്കെങ്കിലും ഒരാൾക്ക് കൊടുക്കാൻ കഴിഞ്ഞോ; എന്തിനാണ് നടപ്പിലാക്കാൻ സാധിക്കാത്ത കാര്യങ്ങൾ പറയുന്നത്? ഇപ്പോൾ ലോക കേരളസഭ നമ്മൾ നടത്താൻ പോകുകയാണ്. ഒരു പദ്ധതിപോലും അവർക്ക് കൊടുക്കുന്നി ല്ലെങ്കിൽപ്പിന്നെ എന്തിനാണ് ലോക കേരളസഭ. ഇതുപോലെയുള്ള പരിപാടികൾ തട്ടിക്കൂട്ടി കുറച്ച് നേതാക്കന്മാരെ വിളിച്ചുവരുത്തി പ്രസംഗിപ്പിച്ചതുകൊണ്ടോ മുന്തിയ

ഹോട്ടലുകളിൽ അവരെ താമസിപ്പിച്ചതുകൊണ്ടോ അവർക്കൊക്കെ എം.എൽ.എ., എം.പി. പട്ടം പതിച്ചുകൊടുത്തതുകൊണ്ടോ സാധാരണക്കാരായ പ്രവാസികൾക്ക് ഒരു ഗുണവുമുണ്ടാകില്ല. അത് പുനഃപരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഈ സർക്കാരിന് ഇനി ശേഷിക്കുന്നത് വെറും 28 മാസങ്ങൾ മാത്രമാണ്. കഴിഞ്ഞ 32 മാസത്തിനിടയിൽ ഏതെങ്കിലുമൊരു വലിയ പദ്ധതി ഇവിടെ നടന്നോ? കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണ കാലത്തെ മൂന്ന് വർഷവും ഈ സർക്കാരിന്റെ മൂന്ന് വർഷവും തമ്മിൽ താരതമ്യ പ്പെടുത്തിയാൽ ഇവിടെ ഒരു പദ്ധതിയും നടന്നിട്ടില്ലെന്ന് നിങ്ങൾക്കറിയാൻ സാധിക്കും. വികസന മുരടിപ്പിൽനിന്നും ജനശ്രദ്ധ തിരിച്ചുവിടാനാണ് സുപ്രീംകോടതിയുടെ പേര് പറഞ്ഞ് കുറേ ആക്ടിവിസ്റ്റുകളെ പോലീസ് യൂണിഫോമിൽ ശബരിമലയിൽ കയറ്റാൻ തിടുക്കം കൂട്ടിയത്. കേരളത്തെ ഭിന്നിപ്പിക്കാനായി സർക്കാരും ബി.ജെ.പി.-യും ചെയ്യുന്ന ഒത്തുകളിയാണിതെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സാധാരണഗതിയിൽ മുൻ ഇടതുപക്ഷ സർക്കാരുകളൊക്കെ ചീത്തപ്പേര് വരുത്തുക നാലാമത്തേയോ അഞ്ചാമത്തേയോ വർഷത്തിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന് നൂറ് ദിവസത്തിനുള്ളിൽ ചീത്തപ്പേരുണ്ടാക്കി. സി.പി.ഐ.(എം.) നേതൃത്വം നൽകുന്ന അവസാനത്തെ സർക്കാരായിരിക്കും ഇതെന്നാണ് ജനങ്ങളിപ്പോൾ പറയുന്നത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം പ്രസംഗം ചുരുക്കണം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വരുന്ന തെരഞ്ഞെടുപ്പുകളിൽ ഈ സൂചന മുഴുവൻ ജനങ്ങൾ തിരിച്ചറിയുമെന്നും അതിനനുസരിച്ചായിരിക്കും അവർ വോട്ട് ചെയ്യുകയെന്നും സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

ശ്രീ. വി. ജോയി: സർ, പ്രിയങ്കരനായ കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 2019-2020-ലെ ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുന്നു. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലും ഓരോ നിയമസഭാ മണ്ഡലത്തിലും കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ച സന്തോഷകരമായ ഒരു സാഹചര്യത്തിലാണ് ഞാൻ നിൽക്കുന്നത്. എനിക്കുമുമ്പ് സംസാരിച്ച പലരും ഇവിടെ വികസന മുരടിപ്പാണെന്നും യാതൊന്നും നടക്കുന്നില്ലെന്നുമൊക്കെ സൂചിപ്പിക്കുകയുണ്ടായി. അവർ അവരുടെ കാലത്തെ പ്രവർത്തനങ്ങളെ ഉദ്ദേശിച്ചായിരിക്കും സൂചിപ്പിച്ചത്. കഴിഞ്ഞ 28 മാസക്കാലത്തി നിടയിൽ ഈ ഗവൺമെന്റ് ഏതെങ്കിലുമൊരു പാവപ്പെട്ടവന് പെൻഷൻ നൽകാതി രുന്നിട്ടുണ്ടോ? 23 മാസത്തെ പെൻഷൻ കുടിശ്ശിക വരുത്തിയിട്ട് പോയവരാണ് നിങ്ങൾ.

ആ പെൻഷൻ കുടിശ്ശികയടക്കം കൊടുത്തുതീർക്കുകയും പെൻഷൻ തുക വർദ്ധിപ്പിക്കുകയും ചെയ്ത ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ഇവിടെ ധാരാളം സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും സർക്കാരുദ്യോഗസ്ഥരുടെ ശമ്പളവും പെൻഷൻകാരുടെ പെൻഷനും മുടങ്ങിയോ? ട്രഷറി അനിശ്ചിതകാലത്തേയ്ക്ക് പൂട്ടിയിട്ട സാഹചര്യമുണ്ടായോ? ഇതൊന്നുമുണ്ടായില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം വലിയ സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ടെങ്കിലും അത് സാധാരണക്കാരായ ജനങ്ങളെ ബാധിക്കാത്ത തരത്തിൽ ധനകാര്യ മാനേജ്മെന്റ് വളരെ ഭംഗിയായി കൈകാര്യം ചെയ്യാൻ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിക്ക് സാധിച്ചുവെന്നുള്ളതാണ് ഏറ്റവും പ്രധാനം.

പരമ്പരാഗത മേഖലയ്ക്കാണ് ഈ ബഡ്ജറ്റ് കൂടുതൽ പ്രാധാന്യം നൽകുന്നത്. 'കേരളത്തിന്റെ സൈന്യം'-എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശേഷിപ്പിച്ച മത്സ്യ ത്തൊഴിലാളികൾക്കുവേണ്ടിയുള്ള പദ്ധതികളാണ് അതിൽ ഏറ്റവും പ്രധാനം. സമുദ്ര നിരപ്പിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് 200 മീറ്ററിന് പുറത്തേയ്ക്കുവന്ന് താമസിക്കാൻ 10 ലക്ഷം രൂപയാണ് ഈ ബജറ്റിന്റെ ഭാഗമായി നൽകുന്നത്. അതിന് കഴിയാത്തവർക്ക് ഫ്ലാറ്റ് അടക്കമുള്ള സംവിധാനങ്ങൾ ഇതിൽ പറയുന്നുണ്ട്. ലൈഫ് മിഷൻ മുഖേന മുഴുവൻ ആളുകൾക്കും വീട് നൽകുന്ന പദ്ധതി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കടലാക്രമണം തടയുന്നതിനുവേണ്ടി കടൽഭിത്തി, പുലിമുട്ട്, ഫിഷിംഗ് ഹാർബറുകൾ, തുറമുഖം ഫിഷിംഗ് മാർക്കറ്റുകൾ, തൊഴിലാളികളുടെ സുരക്ഷ എന്നിവയ്ക്ക് ബഡ്ജറ്റിൽ ഊന്നൽ നൽകിയിട്ടുണ്ട്. മാത്രമല്ല, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് 109 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഓഖി ദുരന്തത്തെക്കുറിച്ച് ഇവിടെ ആരോ സംസാരിച്ചു. ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുട്ടികൾക്ക് 2030-വരെയുള്ള വിദ്യാഭ്യാസാനുകൂല്യം അവരുടെ പേരിൽ ബാങ്കിൽ നിക്ഷേപിച്ചിരിക്കുകയാണ്.

മറ്റൊന്ന് കയറുമായി ബന്ധപ്പെട്ടുള്ളതാണ്. ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് കയർ വകുപ്പിന്റെകൂടി മന്ത്രിയാണ്. ഞാൻ കയറിന്റെ നാട്ടിൽ നിന്നും വരുന്ന ഒരു എം.എൽ.എ. ആണ്. ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധി ച്ചിരുന്നില്ലെങ്കിൽ മുൻകാലങ്ങളിലേതുപോലെ കയർ മേഖല നാമാവശേഷമാകുമാ യിരുന്നു. ഇപ്പോൾത്തന്നെ കയർ മേഖല വല്ലാത്ത പ്രതിസന്ധി നേരിടുകയാണെങ്കിലും അതിനെ മുന്നോട്ട് കൊണ്ടുപോകുന്നതിന് ഈ ബഡ്ജറ്റിന്റെ ധനസഹായം ഉപകരിക്കുന്നുണ്ടെന്നുള്ളത് നാം കാണണം. കയർപിരി മേഖലയിലും ഉല്പന്ന മേഖലയിലുംകൂടി അമ്പതിനായിരത്തോളം തൊഴിലാളികളാണ് ഇന്ന് പ്രവർത്തിക്കുന്നത്. ക്ഷേമനിധിയിൽ രണ്ട് ലക്ഷം പേരുണ്ടെന്നുള്ളത് ശരിയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടച്ചിട്ടിരുന്ന നൂറോളം കയർ സംഘങ്ങൾ

തുറന്ന് പ്രവർത്തിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. കൂടുതൽ വിലയ്ക്ക് കയർ വാങ്ങി കുറഞ്ഞ വിലയ്ക്ക് നൽകുന്ന PPSS (Purchase Price Stabilization Scheme) ഉണ്ട്. ഇതിന് വെറും 45 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. അത് കുറച്ചുകൂടി വർദ്ധിപ്പിച്ചാൽ ഉപകാരപ്രദമായിരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അതുപോലെ കശുവണ്ടി ഫാക്ടറികളെ സംബന്ധിച്ചിടത്തോളം നല്ല നിലപാട് സ്വീകരിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറപ്പിക്കുന്നതിനും കാഷ്യു കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികളിൽ കൂടുതൽ തൊഴിലാളികൾക്ക് ജോലി ലഭിക്കുന്നതിനുമൊക്കെയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. പരമ്പരാഗത മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം ബഡ്ജറ്റിൽ നൽകിയിട്ടുണ്ട്.

ഇവിടെ വികസന പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ലെന്ന് പറഞ്ഞു. ഓരോ മണ്ഡലത്തിലും ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്നതിനുശേഷം നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ ഒരു പട്ടിക പ്രസിദ്ധീകരിക്കാൻ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണം. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഏത് റോഡാണ് മോശമായിട്ടുള്ളത്? എല്ലാ പ്രതിപക്ഷ എം.എൽ.എ.-മാർക്കും തുല്യമായ ഫണ്ട് കിട്ടുന്ന ഒരു കാലം ഇതിനുമുമ്പുണ്ടായിട്ടുണ്ടോ? ഇല്ല. പ്രതിപക്ഷ എം.എൽ.എ.-മാർക്കും ഭരണപക്ഷ എം.എൽ.എ.-മാർക്കും ഒരുപോലെ ഫണ്ട് ലഭിക്കുകയാണ്. എല്ലാവരും ബഹുമാനപ്പെട്ട ജി. സുധാകരൻ സാറിനെ അഭിനന്ദിക്കുകയാണ്. ആരും മോശമായി പറയുന്നില്ല. ഫ്ലക്സ് കടക്കാർ മുഖ്യമന്ത്രിയുടെ പടം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പടം അടിക്കുന്നത് ബഹുമാന്യനായ ജി. സുധാകരൻ സാറിന്റെ പടമാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഫ്ലക്സ് നിരോധിച്ചുകൊണ്ടിരിക്കുകയാണ്. .......... (മൈക്ക് ഓഫ്)................

<u>ശ്രീ. വി. ജോയി</u>: സർ, അതെ, ഫ്ലക്സ് നിരോധിച്ചു കൊണ്ടിരിക്കുകയാണ്. അത് കുഴപ്പമില്ല. ടൂറിസം മേഖല പരിശോധിച്ചാൽ, വർക്കല പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് കേന്ദ്രമാണ്. ആ കേന്ദ്രത്തിന്റെ വികസനത്തിനുവേണ്ടി ബഹുമാന്യനായ കടകംപള്ളി സുരേന്ദ്രൻ പ്രത്യേക താല്പര്യം സ്വീകരിച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും. വർക്കലയിലെ ടൂറിസ്റ്റ് റീജിയൺ വളരെ പ്രധാനമാണ്. 19 രാജ്യങ്ങൾ സന്ദർശിക്കുന്നതിന്റെ കൂട്ടത്തിൽ കേരളത്തെയും സി.എൻ.എൻ.-ന്റെ ട്രാവൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടൂറിസം രംഗവും വളരെ ഭംഗിയായി കൊണ്ടുപോകാൻ നമുക്ക് സാധിക്കുന്നുണ്ട്.

കായികരംഗത്തെ മാറ്റം പ്രധാനമാണ്. എന്റെ മണ്ഡലത്തിലെ ഇടവ സ്റ്റേഡിയം ജില്ലാ സ്റ്റേഡിയമായി ഉയർത്തിയതിന്റെ തറക്കല്ലിടൽ നാളെ നടക്കുകയാണ്. എല്ലാ മേഖലകളിലും വികസനം വരുന്നുവെന്നുള്ളത് നാം മനസ്സിലാക്കേണ്ട ഒരു

പ്രധാനപ്പെട്ട കാര്യമാണ്. തിരുവനന്തപുരം ജില്ലയിലെ ഒരു പ്രതിപക്ഷ എം.എൽ.എ., ബഡ്ജറ്റുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ചാനലിൽ സംസാരിക്കുന്നത് ഞാൻ കേട്ടു. കിഫ്ബി ഒരു ദിവാസ്വപ്നമാണെന്ന് അദ്ദേഹം ആവർത്തിച്ചു പറയുകയാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ കിഫ്ബിയുമായി ബന്ധപ്പെട്ട് നടന്ന വികസന പ്രവർത്തനങ്ങൾ പരിശോധിച്ചാൽ, ഇവിടെ ഭരണപക്ഷത്തുള്ളവർക്ക് കിട്ടിയതിനേക്കാൾ എത്രയോ അധികമാണെന്ന് കാണാൻ കഴിയും. 31-12-2018-ൽ വിദ്യാഭ്യാസ വകുപ്പ് ഇറക്കിയ ഒരു ഉത്തരവിൽ കിഫ്ബി വഴി നൽകുന്ന സ്കൂളുകളുടെ ധനസഹായത്തെക്കുറിച്ചാണ് സൂചിപ്പിച്ചിട്ടുള്ളത്. അതിൽ ആയിരം കുട്ടികളിൽ കൂടുതൽ വന്നാൽ 3 കോടി രൂപയും 500-നും 1000-ത്തിനുമിടയിൽ വന്നാൽ ഒരു കോടി രൂപയുമാണ് നൽകുന്നത്. ഈ പ്രതിപക്ഷ എം.എൽ.എ.യുടെ മണ്ഡലത്തിൽ 20 കോടി രൂപയാണ് ഈ ഇനത്തിൽ മാത്രം കിട്ടിയത്. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് സ്കൂളുകൾ ഉയർത്തുന്നതിന് നേരത്തെ കൊടുത്തിട്ടുള്ള 3 കോടി രൂപയ്ക്കുപുറമേ, ഈ ഉത്തരവിന്റെ ഭാഗമായി മാത്രം 20 കോടി രൂപയാണ് ആ മണ്ഡലത്തിൽ വന്നിട്ടുള്ളതെന്ന് നാം കാണണം. ആ തുകയെല്ലാം വേണം; എല്ലാ പ്രവർത്തനങ്ങളും നടത്തണം. എന്നിട്ട് ഇവിടെ വികസന മുരടിപ്പാണെന്ന് പരസ്യമായി പറയുകയാണ്. അതുകൊണ്ടാണ് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നത്, ഓരോ മണ്ഡലത്തിലെയും കാര്യങ്ങളെ സംബന്ധിച്ച് കൃത്യമായൊരു അവതരണം വേണം. കഴിഞ്ഞ ദിവസം, സംയുക്തമായിട്ടുള്ള ഒരു അഭ്യർത്ഥന വന്നിരുന്നു. 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്നുപറഞ്ഞ മഹാത്മാ ഗാന്ധിയെ ഒരു തനിവർഗ്ഗീയവാദി വീണ്ടും ഒരിക്കൽക്കൂടി വെടിവച്ച് കൊല്ലുന്ന ചിത്രം വാർത്താ മാധ്യമങ്ങളിൽ കൂടി കണ്ടു. മഹാത്മാഗാന്ധിയുടെ വാക്കുകളെ ഭയക്കുന്നവർ ആ മഹാത്മാവിനെ ഇനിയും കൊന്നുകൊണ്ടേയിരിക്കുമെന്നുള്ളത് ശരിയാണ്.

'ഈശ്വർ അല്ലാഹ് തേരേ നാം

സബ്കോ സന്മതി ദേ ഭഗവാൻ' ഞാനൊരു ഉത്തമനായ ഹിന്ദുവാണ്, അതോടൊപ്പംതന്നെ ഞാൻ ഉത്തമനായ മുസ്ലീമുമാണ് എന്നാണ് പറയുന്നത്. എല്ലാവർക്കും നന്മകൾ ഉണ്ടാകട്ടെയെന്ന് പറഞ്ഞ മഹാത്മാവിനെ ഒരിക്കൽക്കൂടി വെടിവച്ച്, നമ്മുടെ രാജ്യത്ത് വർഗ്ഗീയതയുടെ വിഷലിപ്തമായിട്ടുള്ള കാര്യങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്ന ചിത്രം നാം കാണുന്നു. രാജ്യത്താകമാനം ഒരു വലിയ പ്രതിഷേധം ഈ കാര്യത്തിൽ ഉയർന്നുവരേണ്ടതായിരുന്നു. രാജ്യത്തെ ഏറ്റവും വലിയ ജനാധിപത്യ മതേതര പാർട്ടിയെന്ന് അവകാശപ്പെടുന്ന ഇൻഡ്യൻ നാഷണൽകോൺഗ്രസ് രാജ്യത്താകമാനം ഇതിനെതിരെ പ്രതിഷേധിക്കുന്നതിനുവേണ്ടി ചെറുവിരൽ പോലും അനക്കിയോയെന്നുള്ളത് പ്രധാനപ്പെട്ട വിഷയമാണ്.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. വി. ജോയി: സർ, ഇവിടെ യൂത്ത് കോൺഗ്രസ്സും മൂത്ത കോൺഗ്രസ്സുമുണ്ടായിരുന്നല്ലോ; ഏതെങ്കിലും ഒരു തെരുവിലിറങ്ങി നാല് മുദ്രാവാക്യം വിളിക്കാൻ, ഇതിനെതിരായി ഒരു പ്രതിഷേധം രേഖപ്പെടുത്താൻ നിങ്ങൾക്ക് സാധിച്ചോ? ഇല്ല; ഇവിടെ നാഥുറാം വിനായക് ഗോഡ്സെയെ വീണ്ടും തൂക്കിലേറ്റിക്കൊണ്ട് 1000 കേന്ദ്രങ്ങളിൽ ഡി.വൈ.എഫ്.ഐ. എന്ന സംഘടനയാണ് പ്രതിഷേധമുയർത്തിയതെന്നുള്ളത് നാം കാണണം. ഞാൻ ദീർഘിപ്പിക്കുന്നില്ല, ഒരിക്കൽ കൂടി ബഡ്ജറ്റിനെ അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ......... പോയിന്റ് ഓഫ് ഓർഡർ...........

മി. ചെയർമാൻ: അദ്ദേഹം സംസാരിച്ചുകഴിഞ്ഞു. ഇനി പോയിന്റ് എങ്ങനെയാണ്; അടുത്തയാൾ സംസാരിക്കുമ്പോൾ പറയാം. ഇപ്പോൾ അദ്ദേഹം സംസാരിച്ച് കഴിഞ്ഞ് ഇരിക്കുകയും ചെയ്തു. ഇനി എങ്ങനെയാണ് മറുപടി പറയാൻ കഴിയുക; എന്ത് പോയിന്റാണ് പറയാനുള്ളത്? എന്താണ് പറയാനുള്ളത്, പറയൂ.

ശ്രീ. എം. വിൻസെന്റ്: സർ, മഹാത്മാഗാന്ധിയെ വീണ്ടും വർഗ്ഗീയവാദികൾ വെടിവച്ചതിനെതിരായി ഒരക്ഷരംപോലും കോൺഗ്രസ്സ് ഉരിയാടിയില്ലെന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്. ഇൻഡ്യയിലെ എല്ലാ സംസ്ഥാന തലസ്ഥാനങ്ങളിലും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ പ്രതിഷേധ പരിപാടി നടക്കുകയാണ്. ഡൽഹിയിൽ ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ ഇതിനെതിരെ പ്രതിഷേധ പരിപാടി നടക്കുകയാണ്. തിരുവനന്തപുരത്ത് ബഹുമാനപ്പെട്ട അംഗത്തിന് വന്നു നോക്കാം. ഇന്ന് വൈകുന്നേരം ഗാന്ധിപാർക്കിൽ ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ പ്രതിഷേധ പരിപാടി നടത്തുകയാണ്. അടിസ്ഥാനരഹിതമായി ഉന്നയിച്ച വാക്കുകൾ സഭാരേഖയിൽ നിന്ന് നീക്കം ചെയ്യണം.

മി. ചെയർമാൻ: തെറ്റായ പരാമർശമുണ്ടാകില്ല, ഉണ്ടെങ്കിൽ അത് പരിശോധിക്കാം.*

1.00 P.M]

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഈ നൂറ്റാണ്ടിലെ മഹാപ്രളയത്തിൽ തകർന്നുപോയ കേരളത്തെ പുനരുജ്ജീവിപ്പിക്കുന്നതിനും മഹാപ്രളയം തകർത്തെറിഞ്ഞ ജീവിതമാർഗ്ഗങ്ങളെ തിരിച്ചുപിടിക്കുന്നതിനും തികഞ്ഞ യാഥാർത്ഥ്യത്തിൽ ഊന്നി നിന്നുകൊണ്ട് ധനമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുകയാണ്. ബേപ്പൂർ കടലോര മണ്ഡലമാണ്. പ്രളയസമയത്ത് ബേപ്പൂരിലെ മത്സ്യത്തൊഴിലാളികൾ അവരുടെ ബോട്ടുകൾ ലോറികളിൽ കയറ്റിക്കൊണ്ടുപോയി പ്രളയം ബാധിച്ച പല സ്ഥലങ്ങളിലെയും മനുഷ്യരുൾപ്പെടെയുള്ള ജീവജാലങ്ങളെ

*ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം ഫയൽ നമ്പർ 699/ഇ.ബി./2019 തീയതി 5-2-2019 രേഖയിൽ നിലനിർത്തി.

സംരക്ഷിക്കാൻ സ്തുത്യർഹമായ പ്രവർത്തനങ്ങൾ നടത്തിയവരെയെല്ലാം ഒരിക്കൽക്കൂടി അഭിനന്ദിക്കുന്നു. മത്സ്യത്തൊഴിലാളികൾ ധാരാളമുള്ള ബേപ്പൂർ പോർട്ടിന്റെ എതിർവശത്ത് ചാലിയത്ത് പ്രവർത്തിക്കുന്ന ഫിഷ് ലാന്റിംഗ് സെന്റർ യാതൊരു സൗകര്യവുമില്ലാത്തതും വൃത്തിയാക്കാൻ കഴിയാത്തതുമായ ഒന്നാണ്. ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ ജീവിക്കുന്ന പ്രദേശമാണെങ്കിലും അവിടെ ഒരു ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കാൻ കഴിഞ്ഞിരുന്നില്ല. ഈ ബഡ്ജറ്റിൽ ചാലിയം ഫിഷ് ലാന്റിംഗ് സെന്റർ അനുവദിച്ചത് വളരെയേറെ സന്തോഷകരമാണ്. ഇത് അനുവദിച്ച ധനകാര്യ വകുപ്പുമന്ത്രിയെയും സ്ഥലമൊരുക്കുന്നതിന് സഹായിച്ച വ്യവസായ വകുപ്പുമന്ത്രിയേയും വനം വകുപ്പുമന്ത്രിയെയും പ്രത്യേകം അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധനവ് ഇല്ലാതിരുന്നിട്ടും ചെലവ് ചുരുക്കുകയെന്ന കുറുക്കുവഴിയിലൂടെ മറികടക്കാനല്ല, നൂതനവും കൃത്യവുമായ മാർഗ്ഗങ്ങളിലൂടെ ലക്ഷ്യം നേടിയെടുക്കുകയെന്നതാണ് ബഡ്ജറ്റ് വിഭാവന ചെയ്യുന്നതെന്ന് കാണാൻ കഴിയും. പ്രതിശീർഷ ഉപഭോഗത്തിൽ കേരളം ഒന്നാം സ്ഥാനത്ത് നിൽക്കുമ്പോഴും അതിനനുസൃതമായി നികുതി വരുമാനം എന്തുകൊണ്ട് ഉണ്ടാകുന്നില്ലായെന്നത് തികച്ചും ശാസ്ത്രീയമായി അപഗ്രഥിക്കാനും പരിഹാരമാർഗ്ഗങ്ങൾ തേടാനും ബഡ്ജറ്റ് തയ്യാറായിയെന്നത് എടുത്തുപറയേണ്ട വസ്തുതയാണ്. കേരളത്തിലെ ഉപഭോഗത്തിലെ ഏറിയ പങ്കും മറ്റുസംസ്ഥാനങ്ങളിലെ ഉല്പാദനശാലകളിൽ നിന്നുള്ള ഉല്പന്നങ്ങളാണ്. അന്തർസംസ്ഥാന വ്യാപാരത്തിലുണ്ടാകുന്ന ചോർച്ച തടയുന്നതിനാവശ്യമായ പരിഷ്ക്കാരങ്ങൾ കൊണ്ടുവരണം. ക്ഷേമ വികസന പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാൻ ഉറച്ച തീരുമാനത്തോടെ പ്രവർത്തിക്കുമെന്ന പ്രഖ്യാപനം ഇടതു സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. വ്യവസായ, വ്യാപാരരംഗത്ത് മാന്ദ്യം അനുഭവപ്പെടുന്ന ഈ ഘട്ടത്തിൽ 30 ശതമാനം വർദ്ധന ഉറപ്പുവരുത്തുന്നതിന് മുന്നോട്ടുവച്ച ബഡ്ജറ്റ് നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. ഈ നിർദ്ദേശങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നികുതി വകുപ്പിനെ ശക്തിപ്പെടുത്തുന്ന നടപടികളും ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും. വാറ്റ് കുടിശ്ശിക തീർപ്പാക്കുന്നതിന് ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിലാക്കണമെന്ന കേരളത്തിലെ വ്യാപാരി വ്യവസായ സമൂഹത്തിന്റെ ആവശ്യം നടപ്പിലാക്കിയത് വലിയൊരാശ്വാസമായി അവർ കാണുന്നു. കൂടാതെ സർക്കാരിലേക്ക് ലഭിക്കേണ്ട കുടിശ്ശിക വലിയൊരളവിൽ തീർപ്പാക്കുന്നതിനും പിടിച്ചെടുക്കുന്നതിനും ഇത് സഹായകരമാകുകയും ചെയ്യും. 1963-നുശേഷം, കഴിഞ്ഞ 55 വർഷമായി വിൽപ്പന നികുതി വകുപ്പ് പല തവണയായി ആംനസ്റ്റി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ വിൽപ്പന നികുതി വകുപ്പിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും ഉദാരമായ ആംനസ്റ്റി പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളത്. അതിന് ധനകാര്യവകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. ഡിസ്പ്യൂട്ടഡ് ടാക്സുകൾക്ക് പ്രത്യേകമായ ഇളവ് പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ചെറുകിട സേവനദാതാക്കൾക്കായി 6 ശതമാനം നിരക്കിൽ ഒരു കോമ്പോസിഷൻ രീതി നടപ്പിൽ വരുത്താനുള്ള തീരുമാനം നല്ലതാണ്. ചരക്കുസേവന നികുതിയിൽ രജിസ്റ്റർ ചെയ്യാത്ത വ്യാപാരികളെ രജിസ്ട്രേഷനിലേയ്ക്ക് കൊണ്ടുവരാൻ ഇത് സഹായകരമാകും. അതോടൊപ്പം തന്നെ ഏതൊരു ഉപഭോക്താവും ബിൽ ചോദിച്ചുവാങ്ങുന്ന ഒരു സംസ്കാരത്തിലേക്ക് കേരളം എത്തണം. ഇതിനാവശ്യമായ നടപടികൾ ബഡ്ജറ്റിൽ മുന്നോട്ടുവയ്ക്കുന്നതിനെ സ്വാഗതം ചെയ്യുന്നു. ഉദാരമായ കുറേ നടപടികൾ ഈ ബഡ്ജറ്റിലുണ്ട്. പ്രധാനമായും ചരക്കുകൾ വിതരണം ചെയ്യുന്ന വ്യാപാരികളുടെ രജിസ്ട്രേഷൻ പരിധി 20 ലക്ഷം രൂപയിൽ നിന്ന് 40 ലക്ഷം രൂപയായി ഉയർത്തിയതും ചെറുകിട കച്ചവടക്കാർക്ക് വളരെയേറെ ഗുണം ചെയ്യുന്നതാണ്. കോമ്പൗണ്ടഡ് നികുതിയുടെ പരിധി ഒരു കോടി രൂപയിൽ നിന്ന് ഒന്നര കോടി രൂപയായി ഉയർത്തിയതും പ്രത്യേകം എടുത്തുപറയേണ്ടതാണ്. സേവന മേഖലയിൽ 50 ലക്ഷം രൂപ വരെ കോമ്പൗണ്ട് ചെയ്ത് 6 ശതമാനം നികുതിയിൽ കൊണ്ടുവന്നത് ചെറുകിട നിർമ്മാണ മേഖലയ്ക്ക് വലിയ ആശ്വാസം തന്നെയാണ്. ചെറുകിട വീട് നിർമ്മാണത്തിന് 18 ശതമാനം വരെയുണ്ടായിരുന്ന നികുതി കോമ്പൗണ്ട് ചെയ്യുന്നതോടെ കരാറുകാർക്ക് അടയ്ക്കേണ്ട നികുതി 6 ശതമാനമായി കുറയുന്നുവെന്നതാണ് ഇതിന്റെ ഗുണം.

പ്രളയദുരന്തം വരുത്തിവച്ച കഷ്ടനഷ്ടങ്ങൾക്ക് പരിഹാരം കാണാൻ ഒരു ശതമാനം സെസ് ചുമത്തിയത് എല്ലാവരും അംഗീകരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. എം.ആർ.പി.-യുള്ള സാധനങ്ങൾക്ക് സെസ് എം.ആർ.പി.-ക്ക് അകത്താണ്. ഇതിന്റെ നഷ്ടം വരുന്നത് വ്യാപാരികൾക്കാണ്. വ്യാപാരികളുമായി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി നടത്തിയ ചർച്ചയിൽ, മഹാദുരന്തം നടന്ന നമ്മുടെ നാടിനെ രക്ഷിക്കാനായി ഈ നഷ്ടം സഹിക്കാൻ വ്യാപാരികൾ തയ്യാറാകുകയാണ് ചെയ്തത്. ഒരു ശതമാനം സെസ് ചുമത്തിയാൽ നിത്യോപയോഗ സാധനങ്ങൾക്കെല്ലാം വില കൂടുമെന്ന് പറയുന്നത് വസ്തുതകൾക്ക് നിരക്കാത്തതാണ്. ഇത് വ്യാജ പ്രചരണമാണ്. ജീവനക്കാരുടെ സാലറി ചലഞ്ചിന് പാര വച്ചവർ തന്നെയാണ് ഇതിന്റെയും പ്രചാരകർ. ഭക്ഷ്യവസ്തുക്കളെയെല്ലാം സെസിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. അവശ്യസാധനങ്ങളായ അരി, പച്ചക്കറി, വെളിച്ചെണ്ണ, മറ്റു ഭക്ഷ്യ എണ്ണകൾ, ധാന്യം, പയർവർഗ്ഗങ്ങൾ, കോഴിയിറച്ചി, മറ്റ് ഇറച്ചികൾ, പഞ്ചസാര എന്നിവയൊക്കെ സെസിന് പുറത്താണ്. 5 ശതമാനം വരെ നികുതിയുള്ള എല്ലാ സാധനങ്ങളെയും ഒഴിവാക്കിയിട്ടുണ്ട്. ചെറുകിട കച്ചവടക്കാർക്ക് 40 ലക്ഷം രൂപ വരെ നികുതിയില്ല. ഒന്നരക്കോടി രൂപ വരെയുള്ള വിൽപ്പനയ്ക്ക് ഒരു ശതമാനം നികുതിയേയുള്ളൂ. ഇവരെല്ലാം സെസിന് പുറത്താണ്. എം.ആർ.പി. ഇല്ലാത്ത വസ്തുക്കൾക്ക് മാത്രമേ ഒരു ശതമാനം നികുതി ചുമത്തുന്നുള്ളൂ. ഇത് ഹോട്ടൽ മേഖലയെ ബാധിക്കുമെന്ന് പറയുന്നതിൽ വസ്തുതയില്ല. കാരണം ഹോട്ടൽ നികുതി

പരമാവധി 5 ശതമാനമാണ്. ഹോട്ടൽ മേഖലയിൽ 99 ശതമാനവും കോമ്പൗണ്ട് ചെയ്യുവരാണ്. ചുരുക്കത്തിൽ കേരളത്തിന്റെ അവശ്യ സാധനങ്ങൾക്കും സാധാരണക്കാർക്കും താഴ്ന്ന വരുമാനക്കാർക്കും സെസ് ബാധകമാകുകയില്ലെന്ന് കാണാൻ കഴിയും. സ്വർണ്ണത്തിന് കാൽ ശതമാനമാണ് സെസ് ചുമത്തിയിട്ടുള്ളത്. സ്റ്റാർ ഹോട്ടലിൽ താമസിക്കുന്നതിനും ഭക്ഷണത്തിനും വില കൂടിയ കാറുകൾ മുതലായവയ്ക്കുമാണ് സെസ് ബാധകമാകുന്നത്. വസ്തുതകൾ ഇതായിരിക്കെ രാഷ്ട്രീയ അന്ധതകൊണ്ട് കേരളം ഒരു തരത്തിലും രക്ഷപ്പെടരുതെന്ന വിചാരം നല്ലതല്ല. ഇത് കണ്ണിൽ ചോരയില്ലാത്ത ഏർപ്പാടാണ്. ഇതെല്ലാം പ്രബുദ്ധ കേരളം തിരിച്ചറിയുമെന്നത് തീർച്ചയാണ്. ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ നികുതി 22 ശതമാനം ഉണ്ടായിരുന്നത് 18 ശതമാനമായും 18 ശതമാനമുണ്ടായിരുന്നത് 12 ശതമാനമായും കുറച്ചു. എന്നാൽ ഇതിനനുസൃതമായി കമ്പനികൾ എം.ആർ.പി.-യിൽ മാറ്റം വരുത്തിയില്ല. ഈ ഇനത്തിൽ Hindustan Unilever Limited (HUL) 495 കോടി രൂപയുടെയും Jubilant FoodWorks Ltd. (Domino's) 41 കോടി രൂപയുടെയും Himalaya 19 കോടി രൂപയുടെയും McDonald's India 7 കോടി രൂപയുടെയും അമിതലാഭം ഉണ്ടാക്കിയതായി The National Anti-profiteering Authority (NAA) കണ്ടെത്തിയിട്ടുണ്ട്. ജി.എസ്.ടി. കുറച്ചിട്ടും അതിന്റെ പ്രയോജനം ഉപഭോക്താക്കൾക്ക് ലഭ്യമായില്ലെന്നാണ് കാണാൻ സാധിക്കുന്നത്. അത് വൻകിട കമ്പനികൾ തട്ടിയെടുക്കുകയാണ്. ഇതിനിടയിൽ വ്യാപാരി വ്യവസായി ക്ഷേമ ബോർഡിന് 10 കോടി രൂപയും ദുരിതത്തിൽ അകപ്പെട്ട വ്യാപാരികളെ സഹായിക്കുന്നതിന് 20 കോടി രൂപയും അനുവദിച്ചതിനെ പ്രത്യേകം സ്വാഗതം ചെയ്യുന്നു.

നികുതിപിരിവ് കാര്യക്ഷമമാക്കാനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണം. ഇതിനെല്ലാമുള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിലുണ്ടെന്നത് സർക്കാരിന്റെ ആത്മാർത്ഥതയെയാണ് കാണിക്കുന്നത്. ആലപ്പുഴ, കണ്ണൂർ എന്നിവിടങ്ങളിൽ ജി.എസ്.ടി. സമുച്ചയവും എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ അഡീഷണൽ കോംപ്ലക്സുകൾ നിർമ്മിക്കാനുള്ള തീരുമാനവും ജീവനക്കാർക്ക് മാത്രമല്ല നികുതിദായകർക്കും വലിയ ആശ്വാസം തന്നെയാണ്.

സർക്കാരിന് നികുതിയിനത്തിൽ വൻ നഷ്ടമുണ്ടാകുന്ന സ്വർണ്ണ കള്ളക്കടത്ത് തടയുന്നതിന് ശക്തമായ നടപടിയുണ്ടാകണം. സ്വർണ്ണത്തിന്റെ ഇറക്കുമതിയും കള്ളക്കടത്തും കുറഞ്ഞാൽ മാത്രമേ ബിൽ എഴുതുന്ന വ്യാപാരികൾക്ക് ഇന്നുള്ള പ്രയാസങ്ങൾ കുറയ്ക്കാൻ കഴിയുകയുള്ളൂ. അതിനാവശ്യമായ നടപടികളുണ്ടാകണം.

അംഗീകരിച്ച് തീർപ്പാക്കിയ ടാക്സ് അസെസ്മെന്റുകൾ 'മിസ് ക്ലാസിഫിക്കേഷൻ' എന്ന പേരിൽ റീ-ഓപ്പൺ ചെയ്യുന്ന നടപടികൾ അവസാനിപ്പിക്കണം. വകുപ്പിലെ ചില ഉദ്യോഗസ്ഥർ വ്യാപാരികളോടും വ്യവസായികളോടും ശത്രുതാ മനോഭാവം

സ്വീകരിക്കുന്നതുമൂലം പല വ്യാപാരികളും വലിയതോതിൽ കഷ്ടനഷ്ടങ്ങൾ അനുഭവിക്കുന്നുണ്ട്. പരിശോധനാ വേളയിൽ ഉദ്യോഗസ്ഥർ മനഃപൂർവ്വം ചെയ്യുന്ന തെറ്റിനു പോലും ഒരു നടപടിയും ഉണ്ടാകുന്നില്ല. ഇതുപോലുള്ള കാര്യങ്ങളിൽ പ്രത്യേകമായ ശ്രദ്ധയുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയിരുന്ന 37247 കോടി രൂപയിൽ 18467 കോടി രൂപ ഇനിയും ചെലവഴിക്കാനുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെ 7000 കോടി രൂപയിൽ 2977 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ 8097 കോടി രൂപയിൽ 3617 കോടി രൂപയും ഇനിയും ചെലവഴിക്കാനുണ്ട്. കേന്ദ്ര പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചില്ലെങ്കിൽ പ്രസ്തുത തുക നഷ്ടമാകുമെന്ന് അങ്ങേയ്ക്ക് അറിവുള്ളതാണ്. ഇവിടെയാണ് ഭരണപരിഷ്കാര കമ്മീഷന്റെ കണ്ടെത്തൽ എടുത്തുപറയേണ്ടത്. ജീവനക്കാരുടെ പ്രതിബദ്ധത കുറഞ്ഞിരിക്കുന്നു, സർക്കാർ സംവിധാനം കാര്യക്ഷമമല്ല എന്ന ഭരണ പരിഷ്കാര കമ്മീഷന്റെ കണ്ടെത്തലുകൾ സർക്കാർ ഗൗരവത്തോടെ എടുക്കുന്നുണ്ടോയെന്നാണ് എന്റെ സംശയം. ശ്രീനാരായണഗുരു ദർശനം ഏറ്റവും പ്രസക്തമായ കാലമാണിതെന്നാണ് ബഡ്ജറ്റ് പ്രസംഗത്തിന്റെ ആമുഖത്തിൽ പറഞ്ഞിരിക്കുന്നത്. "ഗുരു വിഭാവന ചെയ്ത 'മനുഷ്യ ജാതിയിലുള്ളവരായി നവോത്ഥാനം മലയാളികളെ പുനഃസൃഷ്ടിച്ചു" എന്നാണ് അങ്ങ് പറഞ്ഞത്. എന്നുമുതലാണ് നിങ്ങൾ ഗുരുദേവനെ അംഗീകരിച്ചു തുടങ്ങിയത്? 2015 സെപ്റ്റംബർ 5-ാം തീയതി ഓർമ്മയുണ്ടോ? കുവോട്ട് നിന്നും ഏഴാം മൈലിലേയ്ക്ക് നിങ്ങൾ നടത്തിയ ഘോഷയാത്രയിൽ ഗുരുദേവനെ കുരിശിൽ തറച്ച നിശ്ചലദൃശ്യം അവതരിപ്പിച്ചില്ലേ?'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് ' എന്ന ഗുരുവചനം 'പല ജാതി പല മതം പല ദൈവം മനുഷ്യന് എന്ന് തിരുത്തിയില്ലേ? ഇരുവശവും ചുറ്റികയും കൊടുത്ത് തലയിൽ കെട്ടുമായി ഒരാളിനെ നിർത്തി നിശ്ചലദൃശ്യം അവതരിപ്പിച്ചില്ലേ? സി.പി.ഐ.(എം.) പോളിറ്റ്ബ്യൂറോയും സംസ്ഥാന നേതൃത്വവും ഇതിൽ ഖേദം പ്രകടിപ്പിച്ചപ്പോൾ, ശ്രീനാരായണ ഗുരുദേവന്റെ ആശയങ്ങളെയാണ് കുരിശിലേറ്റിയതെന്നാണ് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത്. അത് തുറന്നുകാട്ടുന്ന ടാബ്ലോയിൽ താത്വികമായി യാതൊരു കുഴപ്പവുമില്ലെന്നാണ് അങ്ങ് പറഞ്ഞത്. അന്നത്തെ ന്യായീകരണം തെറ്റാണെന്ന് ഇപ്പോൾ അങ്ങേയ്ക്ക് തോന്നുന്നുണ്ടോ? അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം പത്രത്തിലുണ്ട്. അവ അങ്ങേയ്ക്ക് ഞാൻ കാണിച്ചു തരാം. എല്ലാം ഞാൻ സൂക്ഷിച്ചുവച്ചിട്ടുണ്ട്. തൊട്ടടുത്ത് പറയുന്നത് കുമാരനാശാൻ നവോത്ഥാനത്തിന്റെ മഹാകവിയെന്നാണ്. നിങ്ങളുടെ താത്വിക ആചാര്യനായ ഇ.എം.എസ്. നമ്പൂതിരിപ്പാട് കുമാരനാശാനെ വിശേഷിപ്പിച്ചിരുന്നത് ബൂർഷ്വാ എന്നാണ്. വെയിൽസ് രാജകുമാരനിൽ നിന്നും പട്ടും വളയും സ്വീകരിച്ചപ്പോൾ

ആശാനെ 'രാജാധിപത്യത്തിന്റെ ചെരുപ്പനക്കി' എന്നും ഇ.എം.എസ്. വിളിച്ചു. വിപ്ലവത്തിന്റെ ശുക്രനക്ഷത്രമാണ് കുമാരനാശാനെന്ന് ശ്രീ. ജോസഫ് മുണ്ടശ്ശേരി പറഞ്ഞപ്പോൾ, ഇ.എം.എസ്. അത് തിരുത്തി, ബൂർഷ്വാ വിപ്ലവകാരൻ എന്ന് പറഞ്ഞു, ഗുരുദേവനെ ശ്രീനാരായണൻ എന്നാണ് ഇ.എം.എസ്. അന്ന് അഭിസംബോധന ചെയ്തിരുന്നതെന്നത് ഓർമ്മയുണ്ടോ; ആധുനിക കേരളസൃഷ്ടിയിൽ ശ്രീനാരായണ പ്രസ്ഥാനങ്ങൾ ഒരു പങ്കും വഹിച്ചിട്ടില്ലെന്നാണ് ഇ.എം.എസ്.-ന്റെ പക്ഷം. ആശാനെ വിലയിരുത്തുമ്പോഴും ഇ.എം.എസ്. വാളോങ്ങിയിരുന്നത് ഗുരുദേവനിലേയ്ക്കാണെന്നതു് വസ്തുതയാണ്. ഇന്നലെകളിൽ ചെയ്ത നെറികേടുകൾ മറച്ചുപിടിക്കാനുള്ള കമ്മ്യൂണിസ്റ്റ് കാപട്യമാണോ ഇവിടെ കാണുന്നത്; അതോ സ്വന്തം പാർട്ടി പിന്തുടർന്ന ചരിത്രം തെറ്റായിരുന്നതുകൊണ്ടാണോ ഡോ. ടി. എം. തോമസ് ഐസക് കേരള നവോത്ഥാന ചരിത്രത്തിൽ ഗുരുദേവനെയും ആശാനെയും വാനോളം പുകഴ്ത്തുന്നതെന്ന് സംശയമുണ്ട്. ഇ.എം.എസ്. പ്രഥമ മന്ത്രിസഭയുടെ കാലത്ത് പത്രാധിപർ കെ. സുകുമാരൻ നടത്തിയ കുളത്തൂർ പ്രസംഗം സി.പി.ഐ.(എം.)-ന്റെ പിന്നോക്ക വിദ്വേഷപാരമ്പര്യത്തെ ഓർമ്മിപ്പിക്കുകയാണ്. പിന്നോക്ക സമുദായങ്ങൾക്ക് സർക്കാർ സർവ്വീസിൽ പ്രാതിനിധ്യസംവരണം ചെയ്തിരിക്കുന്നതുകൊണ്ട് സർക്കാരിന്റെ കാര്യക്ഷമത നശിക്കുന്നുവെന്നാണ് ഇ.എം.എസ്.-ന്റെ കമ്മിറ്റി കണ്ടെത്തിയതെന്നാണ് കെ. സുകുമാരൻ പറഞ്ഞത്. ഭൗതികവാദത്തിൽ അധിഷ്ഠിതമാണ് കമ്മ്യൂണിസമെങ്കിലും സമ്പൂർണ്ണ ഭൗതികവാദ പാർട്ടിയായി മാറാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ഒരു മനുഷ്യായുസ്സ് മുഴുവൻ ഒപ്പം കഴിഞ്ഞിട്ടും ഭാര്യയെ ഭൗതികവാദിയാക്കാൻ കമ്മ്യൂണിസ്റ്റ് താത്വിക ആചാര്യനുപോലും കഴിഞ്ഞിട്ടില്ല. സന്ധ്യാദീപം കൊളുത്തുക, നാമം ജപിക്കുക, മക്കൾക്ക് ഗുരുവായൂരിലും ചോറ്റാനിക്കരയിലും ചോറൂണ്, മൂകാംബികയിലും പനച്ചിക്കാട്ടും എഴുത്തിനിരുത്ത്, ആറ്റുകാലിൽ പൊങ്കാല, പറശ്ശിനിക്കടവിലെ നിവേദ്യം, കാടാമ്പുഴയിലെ പൂമൂടലും മുട്ടറുക്കലും മണ്ണാറശ്ശാലയിലെ ഉരുളികമഴ്ത്തൽ, ശബരിമല ദർശനം മുതലായവ ആളുകൾ കാലാകാലങ്ങളിൽ അനുഷ്ഠിച്ചുവരുന്ന പരമ്പരാഗത ആചാരങ്ങളാണ്. സി.പി.ഐ.(എം.)-കാർ രഹസ്യമായി അനുഷ്ഠിക്കുന്ന ആചാരങ്ങളാണ്. യഥാർത്ഥത്തിൽ ചെകുത്താനും കടലിനും ഇടയ്ക്കുള്ള ഞാണിൻമേൽ കളിയാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി നടത്തുന്നത്. ഒരു വശത്ത് സാമ്പത്തിക മാന്ദ്യഭീഷണി, മറുവശത്ത് വർദ്ധിച്ചുവരുന്ന പൊതുചെലവ്. റവന്യൂ പ്രതിവർഷം 10 ശതമാനം വളരുമ്പോൾ ചെലവ് 16 ശതമാനമാണ്. ഇത് സംസ്ഥാനത്തെ കടക്കെണിയിലാക്കും. ജി.എസ്.ടി.-ക്ക് ശേഷം നികുതിവെട്ടിപ്പു തന്നെ 4000 കോടി രൂപ കഴിഞ്ഞിരിക്കുകയാണ്. അത് തടയാൻ ഒരു ശ്രമവുമില്ല. പ്രളയ ദുരിതം മറികടക്കാൻ 4700 കോടി രൂപയുടെ ജീവനോപാധി പാക്കേജാണ് ഈ ബഡ്ജറ്റിലെ വലിയ പ്രഖ്യാപനം. എന്നാൽ ഇതിലേയ്ക്കും മറ്റ് മുഖ്യപദ്ധതി കളിലേയ്ക്കും പണം കണ്ടെത്താൻ സെസ് ഏർപ്പെടുത്തി. പ്രളയബാധിതരെ

കൊള്ളയടിക്കുന്നത് നിർഭാഗ്യകരമാണ്. ഭൂമിയുടെ ന്യായവില കഴിഞ്ഞവർഷം വർദ്ധിപ്പിച്ചിരുന്നു. ഇപ്പോൾ വീണ്ടും റവന്യൂ വകുപ്പിൽ നിന്നുള്ള എല്ലാ സേവനങ്ങൾക്കും തുക വർദ്ധിപ്പിച്ചു. അപ്പീലോ റിവിഷനോ നൽകാനുള്ള ഫീസ് 10 രൂപയായിരുന്നത് ഇപ്പോൾ 50 രൂപയാക്കി. കൂടാതെ സർക്കാരിന്റെ എല്ലാ വകുപ്പുകളും നൽകുന്ന സേവനങ്ങൾക്ക് ഫീസ് വർദ്ധിപ്പിക്കുകയും സർചാർജ്ജ് ഏർപ്പെടുത്തുകയും ചെയ്തു. വാഹനങ്ങൾക്ക് നികുതി വർദ്ധിപ്പിച്ചതോടൊപ്പം റോഡ് ടാക്സും വർദ്ധിപ്പിച്ചു. സിനിമാ ടിക്കറ്റിനുവരെ നികുതി വർദ്ധിപ്പിക്കുകയാണുണ്ടായത്. കഴിഞ്ഞ ബഡ്ജറ്റിൽ തീരദേശ വികസനത്തിന് 2000 കോടി രൂപ പ്രഖ്യാപിച്ചു. റിപ്പോർട്ട് തയ്യാറാക്കാൻ ഏൽപ്പിച്ചിരുന്ന മുൻ ചീഫ് സെക്രട്ടറി അത് സ്വകാര്യ കമ്പനിക്ക് മറിച്ചുവിറ്റിരിക്കുന്നുവെന്നാണ് ഇപ്പോൾ അറിയാൻ കഴിഞ്ഞത്. നാളിതുവരെയും അവർ ഒന്നും ചെയ്തിട്ടില്ല. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നാളിതുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. രണ്ടാം കുട്ടനാട് പാക്കേജിന് 1000 കോടി രൂപ വകയിരുത്തി. എന്നാൽ ഒന്നാം പാക്കേജിന്റെ അവസ്ഥയെന്താണ്? തെക്ക്-വടക്ക് സമാന്തര റെയിൽപ്പാത സ്വപ്നം കാണുന്ന അങ്ങ്, തലസ്ഥാനത്തും കോഴിക്കോട്ടും ആരംഭിക്കാനിരുന്ന ലൈറ്റ് മെട്രോയുടെ ഓഫീസുകൾ അടച്ചുപൂട്ടി മെട്രോമാനായ ശ്രീ. ഇ. ശ്രീധരനെ ഓടിച്ചത് എന്തിനാണെന്ന് പറയാൻ സാധിക്കുമോ? നിലവിലുള്ള റെയിൽപ്പാത ഇരട്ടിപ്പിക്കാൻ കോട്ടയം ജില്ലയിൽ 3.5 ഹെക്ടർ ഭൂമി ഏറ്റെടുത്ത് നൽകാൻ നാളിതുവരെയും കഴിഞ്ഞിട്ടില്ലെന്നത് ഓർത്താൽ നന്നായിരിക്കും. മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് സിയാൽ മോഡൽ കമ്പനി രൂപീകരിക്കുമെന്ന വാഗ്ദാനം നല്ലതാണ്. അത് വിജയിപ്പിക്കാനുള്ള സാമ്പത്തിക ശേഷിയും ആധുനിക അനുഭവസമ്പത്തും കൈവശമുണ്ടോ? ആറായിരം കിലോമീറ്റർ റോഡിന്റെ മുഖച്ഛായ രണ്ട് വർഷംകൊണ്ട് മാറ്റിമറിക്കുമെന്ന് പറയുന്നു. എന്ത് മായയാണ് അങ്ങ് നടത്താൻ പോകുന്നത്. പ്രളയാനന്തരമുള്ള ബുദ്ധിമുട്ടുകൾ നിലവിലുള്ളപ്പോൾ നവോത്ഥാനത്തിനും മതിലിനും സ്മാരകം പണിയാനും ഉദാരമാകുന്ന ബഡ്ജറ്റ്, ചെലവ് ചുരുക്കലിനെപ്പറ്റി മിണ്ടുന്നതേയില്ല. പ്രളയ സെസ് എന്ന പേരിൽ 1785 കോടി രൂപയുടെ അധികനികുതി കൊണ്ടുവന്നു. 12 ശതമാനം, 18 ശതമാനം, 28 ശതമാനം എന്നിങ്ങനെ ജി.എസ്.ടി. സ്ലാബുകൾ കൊണ്ടുവന്ന് മുഴുവൻ അവശ്യവസ്തുക്കളുടെയും വില വർദ്ധിപ്പിക്കുന്നു. നികുതിക്ക് പുറമെ സെസ് എന്നതിന് പകരം അടിസ്ഥാനവിലയിൽ സെസ് ചുമത്തുകയെന്ന മണ്ടൻ ആശയമാണ് നടപ്പിലാക്കുന്നത്. പദ്ധതികളുടെ എണ്ണം കൊണ്ട് ഇവിടെ ജാലവിദ്യ നടത്തുകയാണ്. മറ്റേതൊരു ധനകാര്യ വകുപ്പുമന്ത്രിയേയും തോൽപ്പിക്കുന്ന കൗശലം അങ്ങേയ്ക്കുണ്ടെന്ന് പറയേണ്ടതുണ്ട്. എന്നാൽ ഇതെല്ലാം നടപ്പിലാക്കാൻ കിഫ്ബി എന്ന മാന്ത്രികദണ്ഡ് മാത്രമാണ് ആകെ അങ്ങയുടെ കൈവശമുള്ളത്. ഇതിലേയ്ക്ക് എങ്ങനെ പണം വന്നുചേരുമെന്ന് ആർക്കും ഒരു എത്തുംപിടിയുമില്ല. ആഭ്യന്തര

ഉല്പാദനത്തിന്റെ മൂന്ന് ശതമാനത്തിൽ കൂടുതൽ വായ്പ പാടില്ലെന്ന തത്വം മറികട ക്കാനല്ലേ നിങ്ങൾ കിഫ്ബിയെ ഉപയോഗപ്പെടുത്തുന്നത്. കടക്കെണിക്കുമേൽ പുതിയ പദ്ധതികൾ പ്രഖ്യാപിക്കാനും നിലവിലുള്ളവ പൂർത്തിയാക്കാനും കഴിയാ ത്തതിന്റെ ക്ഷീണം മാറ്റാൻ നിലവിലുള്ള നവകേരളവുമായി ഘടിപ്പിക്കുക എന്ന കൗശലമാണ് 25 പദ്ധതികളിലൂടെ ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ അങ്ങ് ചെയ്യുന്നത്. നവകേരള നിർമ്മിതി ലക്ഷ്യംവച്ചുകൊണ്ടുള്ള ബഡ്ജറ്റെന്നാണ് അങ്ങ് പറയുന്നത്. എന്നാൽ സാധാരണക്കാരൻ പ്രതീക്ഷിച്ച യാതൊന്നും ഇതിലില്ല. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് അടുത്ത കാലവർഷത്തിനുമുമ്പ് വീട് നൽകാൻ മുൻഗണന നൽകുന്നില്ല. ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് അത് വീണ്ടെടുക്കാനുള്ള പദ്ധതികളൊന്നുമില്ല. പ്രളയം കശക്കിയെറിഞ്ഞവർക്ക് അടിസ്ഥാന സൗകര്യങ്ങൾ പുനർനിർമ്മിക്കാൻ സമയബന്ധിത പദ്ധതികളൊന്നും കാണുന്നില്ല. നികുതിയും സെസ്സും വർഷാവർഷം കൂട്ടുമ്പോഴും കഴിഞ്ഞ ബഡ്ജറ്റിൽ പിരിച്ചെടുക്കാതെ കുടിശ്ശികയായി കിടക്കുന്ന 11866 കോടി രൂപയുടെ കാര്യത്തിൽ ഒന്നും മിണ്ടുന്നില്ല. പ്രളയംമൂലം ദുരിതം അനുഭവിക്കുന്ന അനേകം ആളുകൾ ഇന്ന് കേരളത്തിലുണ്ട്. പ്രളയകാലഘട്ടത്തിൽ ഉരുൾപ്പൊട്ടൽമൂലം അനേകം ആളുകളുടെ ഭൂമിയും വീടും നഷ്ടപ്പെട്ടു. അവർക്കാകെ കിട്ടിയത് പതിനായിരം രൂപ മാത്രമാണ്. വീട് തകർന്നവരോട് ഇപ്പോൾ പട്ടയം കൊണ്ടുവരാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. 1-1-1977-ന് മുമ്പ് ഭൂമി കൈവശമുണ്ടായിരുന്ന ആളുകളിൽനിന്നും പത്തും പതിനഞ്ചും ഇരുപതും സെന്റും ഭൂമി വാങ്ങി വീടുവച്ച് പഞ്ചായത്തിൽ നിന്നും വീട്ടുനമ്പരും വൈദ്യുതി കണക്ഷനും ഇവർക്ക് ലഭിച്ചിട്ടുള്ളതാണ്. എന്നാൽ ഈ പാവങ്ങൾക്ക് പട്ടയം ലഭിച്ചില്ല എന്നതിന്റെ പേരിൽ അവർക്ക് ഒരാനുകൂല്യവും ലഭ്യമാകുന്നില്ലെന്ന് ഞാൻ അങ്ങയെ അറിയിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽ പണി നടന്നു കൊണ്ടിരിക്കുന്ന മെഡിക്കൽ കോളേജിന്റെ രണ്ടാംഘട്ടം ആരംഭിക്കുന്നതിന് ഒരുരൂപ പോലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. അത് പരിഗണിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കോന്നിയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ഒരു ബൈപ്പാസ് നിർമ്മിക്കുന്നതിനുവേണ്ടി സർവ്വേ നടത്തിയെങ്കിലും യാതൊരു തുടർ നടപടിയുമുണ്ടായില്ല. ഇതുസംബന്ധിച്ച് പല പ്രാവശ്യം ഞാൻ സബ്മിഷൻ അവതരിപ്പിക്കുകയുണ്ടായി. അന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി പറഞ്ഞത്, നേരത്തെ ബഡ്ജറ്റിൽ ഉണ്ടായിരുന്ന കാര്യമാണെങ്കിൽ അടുത്ത ബഡ്ജറ്റിൽ തീർച്ചയായും ഉൾപ്പെടുത്തുമെന്നാണ്. ഒരു വർഷം മുമ്പ് പറഞ്ഞ മറുപടിയാണ്. ഈ വർഷവും അക്കാര്യം പരിഗണിച്ചിട്ടില്ല. കോന്നിയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുവേണ്ടിയാണ് ബൈപ്പാസ് എന്ന ആശയം മുന്നോട്ടുവച്ചിട്ടുള്ളത്. ഫ്ലൈ ഓവറോ മറ്റ് കാര്യങ്ങളോ ഞാൻ പറഞ്ഞിട്ടില്ല. അവിടത്തെ പാവപ്പെട്ട ആളുകൾക്ക് ആവശ്യമായ ചില കാര്യങ്ങൾ

മാത്രമാണ് ഞാൻ ഉന്നയിച്ചിട്ടുള്ളത്. അങ്ങയുടെ മുന്നിലും ഈ വിഷയം പല പ്രാവശ്യം ഉന്നയിച്ചിട്ടുണ്ട്. ഈ വിഷയം പരിഗണിച്ച് ഇതിൻമേലുള്ള തീരുമാനം അങ്ങ് മറുപടി പ്രസംഗത്തിൽ പറയുമെന്ന് ഞാൻ കരുതുകയാണ്. അത് ഞാൻ സ്വപ്നം കാണുകയാണ് എന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്. അങ്ങ് എന്റെ സ്വപ്നം യാഥാർത്ഥ്യമാക്കിത്തരുമെന്ന് വിശ്വസിക്കുന്നു. ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ പൂർണ്ണമായി അനുകൂലിക്കുകയാണ്. ഏതൊക്കെ കാലഘട്ടത്തിൽ ഇടതുപക്ഷം അധികാരത്തിൽ എത്തിയിട്ടുണ്ടോ ആ കാലഘട്ടത്തിലെല്ലാം ഭരണത്തെ അട്ടിമറിക്കുന്നതിനുള്ള ഗൂഢശ്രമങ്ങൾ എല്ലാതലങ്ങളിലുമുണ്ടായിട്ടുണ്ട്. ഈ കാലഘട്ടങ്ങളിൽ നടന്ന സംഭവവികാസങ്ങളെ അതിന്റെ പ്രത്യക്ഷ പ്രതിഫലനമെന്നുള്ള നിലയിൽ മാത്രമാണ് കാണാൻ കഴിയുന്നത്. ഇതിൽ ഏറ്റവും ഗുരുതരമായിട്ടുള്ളത്, ക്രമസമാധാന പ്രശ്നം ഉണ്ടാക്കാൻ ശ്രമിക്കുന്നുവെന്നതിനേക്കാൾ ഒരു സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കി ഭരണത്തെ സ്തംഭിപ്പിക്കുന്നതിനുള്ള ഗൂഢാലോചനയാണ് നടത്തുന്നത്. അതിന് നേതൃത്വം നൽകിയത് ഒരു ഫെഡറൽ രാജ്യത്തിന്റെ ഭരണാധികാരികളാണ് എന്നുള്ളതാണ് ഏറ്റവും ദുഃഖകരമായ സാഹചര്യം. കേന്ദ്രം നമുക്ക് പ്രളയത്തെ അതിജീവിക്കാനുള്ള പാക്കേജ് നൽകിയില്ലെങ്കിലും വീണിടത്തുനിന്ന് എഴുന്നേൽക്കാൻ ശ്രമിക്കുമ്പോൾ പിന്നിൽ നിന്ന് ചവിട്ടാതിരിക്കാനുള്ള മാന്യതയെങ്കിലും കാണിക്കേണ്ടതാണ്. പ്രളയംമൂലമുണ്ടായ നഷ്ടം പരിഹരിക്കാൻ വായ്പാ പരിധി ഉയർത്താൻ അനുവാദമില്ല. ജി.എസ്.ടി. കൗൺസിൽ നോക്കുകുത്തിയായി നിൽക്കുകയാണ്. ജി.എസ്.ടി.-യുടെ അപാകതകൾ പരിഹരിച്ച് സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട വിഹിതം നൽകുന്നതിന് ഇനിയും നടപടിയായിട്ടില്ല. അതിന് മാസങ്ങൾ കാത്തിരിക്കേണ്ട ഒരു സാഹചര്യമുണ്ട്. നോട്ട് നിരോധനംമൂലമുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനുള്ള ഒരു വലിയ പരിശ്രമം നമ്മൾ നടത്തുന്നതിനിടയിൽ ജി.എസ്.ടി. എത്തി. യഥാർത്ഥത്തിൽ രാജ്യത്ത് അതൊരു സാമ്പത്തിക അടിയന്തരാവസ്ഥ തന്നെയുണ്ടാക്കി. ആ സാമ്പത്തിക അടിയന്തരാവസ്ഥ സംസ്ഥാനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ദീർഘവീക്ഷണത്തോടെ സാമ്പത്തിക സുരക്ഷയ്ക്ക് നമ്മൾ സംഭരിച്ച ട്രഷറി സേവിംഗ്സ് പോലും ബാങ്ക് ഡെപ്പോസിറ്റും വായ്പയുമായി കണക്കാക്കി 6,000 കോടി രൂപ നമുക്ക് വായ്പയ്ക്ക് അർഹതയുണ്ടായിരുന്നത് 1800 കോടി രൂപയാക്കി ചുരുക്കി എന്നത് കേരളത്തോട് കാണിച്ച ഒരു അനീതിയായി മാത്രമേ നമുക്ക് കാണാൻ കഴിയൂ. പ്രളയ പാക്കേജുമായി ബന്ധപ്പെട്ട് നമ്മൾ ആവശ്യപ്പെട്ട വായ്പാ പരിധിയിൽ അതിനെ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാർ അംഗീകരിക്കാൻ തയ്യാറായില്ല. കേരളജനതയോടുള്ള വെല്ലുവിളി എന്നുള്ള നിലയിൽ മാത്രമാണ് നമുക്കതിനെ കാണാൻ കഴിയുക. നമ്മുടെ രാജ്യത്തിന്റെ

സാമ്പത്തിക ഭദ്രതയുടെ താക്കോൽ കോർപ്പറേറ്റുകളെ ഏൽപ്പിക്കുന്ന ഒരു നയത്തോടും നമുക്ക് യോജിപ്പില്ല. കേന്ദ്ര ഭരണത്തിൽ മാറിമാറി വരുന്നവരുടെ നയങ്ങൾ അതാണ്. അതിസമ്പന്നന്മാരുടെ പട്ടിക നാൾക്കുനാൾ നമ്മുടെ രാജ്യത്ത് വർദ്ധിച്ചു വരുന്നുണ്ട്. ലോകസമ്പന്നന്മാരുടെ പട്ടികയിലേക്ക് അവർ എത്തിച്ചേരുകയും ചെയ്യുന്നു. പൗരന്റെ യഥാർത്ഥ ആളോഹരി വരുമാനം എന്താണെന്ന് മനസ്സിലാക്കി അതിന്റെ അടിസ്ഥാനത്തിൽ നിജസ്ഥിതി മനസ്സിലാക്കുമ്പോൾ മാത്രമാണ് ഒരു രാജ്യത്തിന്റെ യഥാർത്ഥ ആളോഹരി വരുമാനം എന്താണെന്ന് നമുക്ക് ബോദ്ധ്യപ്പെടുന്നത്. മലയാളിയെ എന്നും ലോകം കാണുന്നത് ആഗോള പൗരൻ എന്നുള്ള നിലയിലാണ്. മറ്റ് രാജ്യങ്ങളുടെ വളർച്ചയും മാന്ദ്യവും നമ്മളെയും ബാധിക്കുന്നു. ലോക രാജ്യങ്ങളിൽ പ്രത്യേകിച്ച്, ഗൾഫ് രാജ്യങ്ങളിലുണ്ടായ സാമ്പത്തിക മാന്ദ്യം എല്ലാ അർത്ഥത്തിലും കേരളത്തെ ബാധിച്ചിട്ടുണ്ട്. പ്രതിസന്ധിയിൽ നമുക്ക് നേരെ നീട്ടിയ കൈകളിൽ ഒന്ന് പിടിക്കാൻപോലും കേന്ദ്രം നമുക്ക് അനുവാദം നൽകിയില്ല എന്നതാണ് സത്യം. മറ്റൊരുതരം പ്രതിസന്ധി നമ്മുടെ നാട്ടിലുണ്ടാക്കുന്നതിനുള്ള ഗൂഢശ്രമങ്ങളുമുണ്ടായി. പള്ളികളിലും അമ്പലങ്ങളിലും നേർച്ചയിടുന്നതുമായി ബന്ധപ്പെട്ടാണത്. അമ്പലത്തിൽ വഴിപാടുകൾ നടത്താൻ പാടില്ലെന്ന രൂപത്തിൽ വലിയ പ്രചരണമുണ്ടായി. അമ്പലത്തിൽ വഴിപാട് ഇടുന്നതും ഇടാതിരിക്കുന്നതും ഭക്തരുടെ ഭക്തിയിലും വിശ്വാസത്തിലും അധിഷ്ഠിതമാണ്. അക്കാര്യത്തെ സംബന്ധിച്ച് ഞാൻ ഒരഭിപ്രായവും പറയുന്നില്ല. അത് പൗരസ്വാതന്ത്ര്യമാണ്. വെള്ളപേപ്പറിൽ സ്വാമിശരണമായാലും 2000 രൂപയുടെ നോട്ടായാലും തന്റെ ഭക്തർക്ക് നൽകുന്ന അനുഗ്രഹങ്ങളിൽ വ്യത്യാസമുണ്ടോ എന്ന് എനിക്കറിയില്ല. പക്ഷേ ഒരു കാര്യം ഉറപ്പാണ്. ദേവസ്വം ബോർഡിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് ജീവനക്കാരുടെ നിലനിൽപ്പിനെ അത് ബാധിക്കുന്നു. നവോത്ഥാനം പറയുക മാത്രമല്ല അതിന്റെ സംരക്ഷണത്തിന് ഉതകുംവിധം ദേവസ്വം ബോർഡുകളുടെ നിലനിൽപ്പിനായി ബഡ്ജറ്റ് വിഹിതം നീക്കിവച്ച നടപടിയെ പ്രശംസിക്കുകയാണ്. ഈ മാന്ദ്യകാലത്ത് റവന്യൂ കമ്മിയുടെ പേരിൽ സർക്കാർ ചെലവുകൾ വെട്ടിച്ചുരുക്കുകയാണ്. നമ്മുടെ സാമ്പത്തിക മാന്ദ്യം വർദ്ധിക്കുമെന്ന അങ്ങയുടെ നിരീക്ഷണത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ബഡ്ജറ്റിൽ പ്രഖ്യാപിച്ച 25 പദ്ധതികൾ ഈ മാന്ദ്യത്തിൽ നിന്നും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ കൈപിടിച്ച് ഉയർത്തുമെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല.

സാലറി ചലഞ്ച് സാങ്കേതികത്വത്തിന്റെ പേരിൽ പ്രതിപക്ഷം പരാജയപ്പെടുത്താൻ ശ്രമിച്ചപ്പോൾ, പരാജയപ്പെട്ടത് നിങ്ങൾ ഉൾപ്പെടെയാണെന്ന തിരിച്ചറിവുണ്ടാകണം. പ്രതിപക്ഷം അവരുടെ നിഴലിനോടാണ് ഇക്കാര്യത്തിൽ യുദ്ധം ചെയ്തത്. ബഡ്ജറ്റ് ചർച്ചകൾ എടുത്തുനോക്കിയാൽ, ബഹുമാന്യനായ കെ. സി. ജോസഫ് വിവിധ പത്രങ്ങൾ ഉദ്ധരിച്ചുപറഞ്ഞു. പ്രളയ സെസ് - എല്ലാ പത്രങ്ങളും പ്രളയ സെസ്-ൽ

കുടുങ്ങി നിൽക്കുകയാണ്. നവമാധ്യമങ്ങളാണെങ്കിൽ മദ്യത്തിന്റെ വിലയുമായി ബന്ധപ്പെടുത്തിയാണ് ബഡ്ജറ്റിനെ ആഘോഷിച്ചത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങ് ചഞ്ചലനാകേണ്ട എന്നാണ് അങ്ങയോട് അഭ്യർത്ഥിക്കുന്നത്. കാരണം, അങ്ങയുടെ സ്ഥാനം ചരിത്രത്തിന്റെ ഏടുകളിലാണ്. ആപത്തിനെ അവസരമാക്കിയ ഡോ. ടി. എം. തോമസ് ഐസക്കിനെപ്പറ്റി പഠിക്കാൻ പിൻതലമുറ എത്തുമെന്ന കാര്യത്തിൽ തർക്കമില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിരന്തരമായ ഇടപെടലും നിയമനിർമ്മാണവും നടത്തി കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള വലിയ പരിശ്രമമുണ്ടായി. അതിനു വേണ്ടി നമ്മൾ ഒരു നിയമംതന്നെ നിർമ്മിച്ചു, ആ നിയമത്തിൽ ഭേദഗതി വരുത്തി. ലോകമെമ്പാടുമുള്ള മലയാളികളെ കൂട്ടിച്ചേർത്ത് ലോകകേരള സഭ നടത്തി നിക്ഷേപകരെ ആകർഷിച്ച് നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള വലിയൊരു ഇടപെടൽ നടത്തുകയുണ്ടായി. ഇപ്പോൾ ലോക കേരള സഭയുടെ രണ്ടാംഘട്ടത്തിലേക്ക് നമ്മൾ പോകുകയാണ്. നമ്മൾ ഏറെ പ്രതീക്ഷയോടു കൂടിയാണ് ലോക കേരള സഭയുടെ രണ്ടാം വാർഷികത്തെ കാണുന്നത്. അതിനനുസരിച്ചുള്ള വലിയ നേട്ടം അവിടെ നിന്നുണ്ടാകുമെന്ന് ഈ ബഡ്ജറ്റിന്റെ ഒന്നാംഘട്ടം വായിച്ചാൽ മനസ്സിലാകും. ബഡ്ജറ്റിനെതിരെ ഉയർന്ന പ്രധാന വിമർശനം 'മലർ പൊടിക്കാരന്റെ സ്വപ്നം' എന്നാണ്. സ്വന്തം അസ്തിത്വം നഷ്ടപ്പെടുത്തുന്നവർക്ക് സ്വപ്നമാണ് ആദ്യം ഉണ്ടാകേണ്ടതെന്ന കാര്യത്തിൽ തർക്കമില്ല. ഭക്ഷണം കഴിക്കാനുള്ള അവകാശത്തിന്മേൽ കൈ കടത്തുകയാണ്. ഭക്ഷണത്തിന്റെയും തൊഴിലിന്റെയും പേരിൽ ആളുകളെ തെരുവിൽ കൊല്ലുന്നു, കൊലചെയ്യപ്പെടുന്നു. അഭിപ്രായ സ്വാതന്ത്ര്യം നിഷേധിച്ച് വിമർശനങ്ങൾ ഉന്നയിക്കുന്നവർ കൊല്ലപ്പെടുന്നു. എഴുത്തുകാർ എഴുത്ത് നിർത്തുന്നു. ഇനി നിങ്ങൾക്ക് ബാക്കിയുള്ളത് ഞങ്ങളുടെ സ്വപ്നങ്ങൾ മാത്രമാണ്. ഇന്ത്യൻ ഭരണഘടന തെരുവിൽ നഗ്നമാക്കപ്പെട്ടപ്പോൾ അതിന് ചുറ്റും കൂകി വിളിക്കുന്ന ആളുകളോടൊപ്പം കോൺഗ്രസ് കൊടിയെടുത്തും കൊടിയില്ലാതെയും ഉണ്ടാകരുതെന്ന അഭ്യർത്ഥനയാണുള്ളത്. നിങ്ങൾ ഒരു വലിയ ചരിത്രത്തിന്റെ പിൻതലമുറക്കാരാണെന്ന് ഒരിക്കലും മറന്നുപോകരുത്. ആ ചരിത്രം ഈ രാജ്യത്തിന്റെ ചരിത്രമാണ്. പറ്റിയ തെറ്റുകളും പാളിച്ചകളും ഉൾക്കൊണ്ടുകൊണ്ട് തിരുത്തിയില്ലെങ്കിൽ നിങ്ങൾക്ക് തിരിച്ചുവരാൻ കഴിയില്ല എന്നതാണ് പ്രശ്നം. നിങ്ങളുടെ തിരിച്ചുവരവ് ഞങ്ങളുടെ പ്രശ്നമല്ല. നമ്മുടെ രാജ്യത്തിന്റെ നിലനിൽപ്പ് ഞങ്ങളുടെ പ്രശ്നമാണ്. മഹാത്മാഗാന്ധി വീണ്ടും വെടിയേറ്റ് മരിക്കാൻ ഇടയാകരുത്. മഹാത്മാഗാന്ധി വെടിയേറ്റ് മരിച്ച സംഭവം പുനരാവിഷ്കരിച്ചതുമായി ബന്ധപ്പെട്ട് ക്രമപ്രശ്നം വന്നു. ആ വിഷയത്തിൽ കുറച്ചുകൂടി കർശനമായിട്ടുള്ള പ്രതികരണം ഉണ്ടാകേണ്ടതാണെന്ന വ്യക്തിപരമായ അഭിപ്രായം എനിക്കുണ്ട്. നിങ്ങൾ പ്രതിഷേധിക്കുന്നുണ്ടാകും. പ്രതിപക്ഷനേതാവ് തന്നെ നിയമസഭയിൽ ആ വിഷയം ഉന്നയിച്ചു. വീണ്ടും വീണ്ടും

മഹാത്മാഗാന്ധി വെടിയേറ്റ് മരിക്കുന്നതിനുള്ള അവസരമുണ്ടാകാതിരിക്കണമെങ്കിൽ വർഗ്ഗീയശക്തികളെ രാജ്യത്തിന്റെ ഭരണത്തിൽ നിന്നും മാറ്റിനിർത്തേണ്ടതുണ്ട്. കേന്ദ്രഭരണം എല്ലാ വിഷവും പരസ്യമായി ചീറ്റുന്നതിന്റെ പ്രത്യക്ഷ പ്രതിഫലനമെന്ന നിലയിൽ മാത്രമേ മഹാത്മാഗാന്ധിയുടെ മരണത്തിന്റെ/ കൊലപാതകത്തിന്റെ പുനരാവിഷ്കരണത്തെ നമുക്ക് കാണാൻ കഴിയൂ. കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ഫലപ്രദമായ ഫണ്ട് വിനിയോഗത്തിന് സംസ്ഥാന സർക്കാർ ഇടപ്പെട്ടിട്ടുണ്ട്. ഏറെ മാതൃകാപരമാണത്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കെല്ലാം അർഹമായ തുക സംസ്ഥാന സർക്കാർ മാറ്റിവയ്ക്കുന്നതിന് ബഡ്ജറ്റിൽ നിരന്തരമായ ജാഗ്രതകളുണ്ട്. ബഡ്ജറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് മാറ്റിവയ്ക്കേണ്ട അർഹമായ തുക മാറ്റിവയ്ക്കുകയും കേന്ദ്രാവിഷ്കൃത ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിന് എല്ലാ വകുപ്പുകളുമായി ബന്ധപ്പെട്ട് കാര്യമായിട്ടുള്ള ഇടപെടലുണ്ടാകുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ പലപ്പോഴും നമ്മുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണ്. നമുക്ക് പലപ്പോഴും അതിലേക്ക് എത്തിച്ചേരാൻ കഴിയാത്തതിന് ഒട്ടനവധി തടസ്സങ്ങളുണ്ട്. പി.എം.ജി.എസ്.വൈ., ഫുഡ് സേഫ്റ്റി ആക്ട് എന്നിവയിലൊക്കെ നമ്മൾ എന്നും ഒരു പടി മുമ്പിൽ നിൽക്കുന്നുവെന്നുള്ളതുകൊണ്ട് പലപ്പോഴും അതിന്റെ നിർവ്വഹണഘട്ടത്തിലേക്ക് എത്തുന്നതിന് ധാരാളം തടസ്സങ്ങളുണ്ടാകുന്നുണ്ട്. പക്ഷേ കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതം വകയിരുത്തി കേന്ദ്ര ഫണ്ട് നേടിയെടുക്കുവാൻ സംസ്ഥാന സർക്കാർ നിരന്തരമായി പരിശ്രമിച്ചിട്ടുണ്ടെന്ന് ബഡ്ജറ്റ് നോക്കുമ്പോൾ നമുക്ക് മനസ്സിലാകും. കൊട്ടിഘോഷങ്ങളും ആർപ്പുവിളികളും ഒന്നുമില്ലാതെ, ജനസമ്പർക്ക പരിപാടി ഇല്ലാതെ, ഖജനാവിൽ നിന്ന് പണം കൂടുതൽ ചെലവാക്കാതെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള പണം ഗുണഭോക്താവിന്റെ അക്കൗണ്ടുകളിലേക്ക് എത്തുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രി, ആരോഗ്യ വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി എന്നിവരുടെ ഫണ്ടിൽ നിന്നുള്ള ചികിത്സാ ധനസഹായം, മറ്റ് സഹായധനങ്ങൾ എന്നിവയൊക്കെ അതാത് അർഹതപ്പെട്ട ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് പോകുന്നു. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ, വിദ്യാഭ്യാസ വായ്പ എന്നിവ ഈ കാലഘട്ടം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളാണ്. അവ ഉയർത്തുന്ന വെല്ലുവിളികളെ ഒരിക്കലും നമുക്ക് ചെറുതായി കാണാൻ കഴിയില്ല. വിദ്യാഭ്യാസ വായ്പാ കുടിശ്ശികമൂലം ബാങ്കുകൾ വിദ്യാർത്ഥികൾക്ക് പുതിയ വായ്പ നിഷേധിക്കുന്നതും കർഷക വായ്പകൾ നൽകാതിരിക്കുന്നതും ഗൗരവമായി കാണണം. സാമൂഹ്യസുരക്ഷാ ഫണ്ട് ബാങ്കുകൾ എങ്ങനെ വിനിയോഗിക്കുന്നുവെന്നത് പരിശോധിക്കാൻ സംവിധാനങ്ങളുണ്ടാകണം. പല ബാങ്കുകളും വിദ്യാഭ്യാസ വായ്പ കൊടുക്കുന്നതിന് മടിക്കുന്നുവെന്ന് മാത്രമല്ല, വായ്പാ കുടിശ്ശികയുടെ പേര് പറഞ്ഞ്

വിദ്യാർത്ഥികൾക്ക് വായ്പ നിഷേധിക്കുകയും ചെയ്യുന്നു. സബ്ജക്ട് അഗ്രഗേറ്റീവ് മാർക്ക് 60 ശതമാനമെന്നത് 70 ശതമാനത്തിലേക്കും 80 ശതമാനത്തിലേക്കും എത്തിച്ചു കൊണ്ട് വിദ്യാർത്ഥികൾക്ക് വായ്പ നിഷേധിക്കുന്ന കർശനമായ ഇടപെടലുകൾ ബാങ്കുകളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത് ഉന്നത വിദ്യാഭ്യാസരംഗത്ത് വലിയ പോരായ്മയാണെന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. അത് പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകളുണ്ടാകണം. പ്രളയക്കെടുതിയിൽ ഉൾപ്പെട്ട കേരളത്തിന് ബാങ്കുകൾ എന്ത് കൈത്താങ്ങാണ് നൽകിയതെന്നു ള്ളതിന്റെ കണക്കുകൾ പ്രസിദ്ധപ്പെടുത്താൻ അങ്ങ് തയ്യാറാകണം.

പ്ലാന്റേഷനുകളുടെ കാര്യം ബഡ്ജറ്റ് പ്രസംഗത്തിന്റെ ഭാഗമായി സൂചിപ്പിച്ചിട്ടുണ്ട്. നാലോളം പ്ലാന്റേഷനുകൾ പീരുമേടിൽ മാത്രമായി പൂട്ടിക്കിടക്കുകയാണ്. അത് തുറക്കുന്നതിനുള്ള നിരന്തരമായ ശ്രമങ്ങൾ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. ശമ്പളപരിഷ്കരണം നടപ്പിലാക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. തോട്ടം മേഖലയുമായി ബന്ധപ്പെട്ട് ലാന്റ് ബോണ്ട്, ലാന്റ് പൂളിംഗ് തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ബഡ്ജറ്റ് പ്രസംഗത്തിന്റെ ഭാഗമായി പറഞ്ഞിട്ടുണ്ട്. തോട്ടം പാക്കേജ് പ്രഖ്യാപിക്കുകയാണെന്ന് കഴിഞ്ഞ പ്രാവശ്യം ബഡ്ജറ്റ് ചർച്ചയുടെ മറുപടി പ്രസംഗത്തിൽ അങ്ങ് പറഞ്ഞിരുന്നു. ആ പാക്കേജിന്റെ പ്രൊപ്പോസൽ ഏത് ഏജൻസി വഴിയാണ് തയ്യാറാക്കേണ്ടതെന്നത് സംബന്ധിച്ച് വേണ്ടത്ര വ്യക്തതയില്ലാത്തതുകൊണ്ട് വകുപ്പ് അക്കാര്യത്തിൽ മുന്നോട്ടുപോകാത്ത സാഹചര്യമുണ്ട്. പൂട്ടിക്കിടക്കുന്ന നാല് തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കുകയാണോ കമ്പനിയുടെ ഷെയർ വാങ്ങുകയാണോ എന്നത് സംബന്ധിച്ച് മറുപടി പ്രസംഗത്തിൽ വ്യക്തമാക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു. മലബാർ കോഫിയെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. വയനാട് മാതൃകയിൽ ഇടുക്കിയിലും പാക്കേജുകൾ നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇടുക്കിയിലെ ചെറുകിട തേയില കൃഷിക്കാരുടെ വിഷയത്തിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇടപെട്ടതാണ്. ചെറുകിട തേയില കൃഷിക്കാരടക്കം അനുഭവിക്കുന്ന പ്രതിസന്ധിക്ക് പരിഹാരമുണ്ടാകണമെങ്കിൽ, തേയില ഇലയ്ക്ക് വില കിട്ടണമെങ്കിൽ കേരള ടീയുടെ ബ്രാൻഡിംഗിനും മാർക്കറ്റിംഗിനും ഒരു പ്രൊഡ്യൂസിംഗ് കമ്പനിയെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് ഗൗരവതരമായ ചിന്തകളുണ്ടാകണം. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിൽ ഇടപെടുന്നതിനുള്ള പാക്കേജുണ്ടാകണം. തോട്ടം മേഖലയിൽ മൂന്ന് ലക്ഷത്തിലധികം തൊഴിലാളികൾ പ്രത്യക്ഷമായും പരോക്ഷമായും പണിയെടുക്കുന്നുണ്ട്. അതുകൊണ്ട് തോട്ടം മേഖലയ്ക്ക് വേണ്ടത്ര പരിഗണന പലപ്പോഴും ലഭ്യമാകാതെ പോകുന്നുണ്ടോയെന്ന സന്ദേഹം ബഡ്ജറ്റ് പ്രസംഗം കേട്ടപ്പോൾ തോന്നി.

പൊതുവിതരണവുമായി ബന്ധപ്പെട്ട ഒരു കാര്യം, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് മൂന്ന് വർഷത്തോളം ഫുഡ് സെക്യൂരിറ്റി ആക്ട് നടപ്പിലാക്കിയില്ല. ഒട്ടനവധി പ്രതിസന്ധികൾ അതുമായി ബന്ധപ്പെട്ടുണ്ടായിരുന്നു. ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിലും മാർക്കറ്റ് ഇന്റർവെൻഷന്റെ കാര്യത്തിലും ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മാതൃകാപരമായ പ്രവർത്തനം കാഴ്ച വച്ചിട്ടുണ്ട്. ഫുഡ് സെക്യൂരിറ്റി ആക്ട് നടപ്പിലാക്കുന്നതിനുള്ള 23 കോടി രൂപയും മറ്റൊരു 7 കോടി രൂപയുമടക്കം 52 കോടി രൂപയാണ് ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നതായി കണ്ടത്. പക്ഷെ, മാർക്കറ്റ് ഇന്റർവെൻഷന്റെ ഭാഗമായി കടം കൊടുത്ത് തീർക്കുന്നതിനു തന്നെ വലിയൊരു തുക ആവശ്യമായതുകൊണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷനുവേണ്ടി 250 കോടി രൂപ വകയിരുത്തുന്നത് സംബന്ധിച്ച് ആലോചിക്കണം. കാരണം, മാർക്കറ്റ് ഇന്റർവെൻഷൻ ഏറ്റവും മാതൃകാപരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, റേഷൻ കട, കൃഷി വകുപ്പ് തുടങ്ങിയവയൊക്കെ ജനങ്ങളുമായി ബന്ധപ്പെട്ടുള്ളതാണ്. വളരെ പെട്ടെന്ന് ആളുകളുടെ ഇടയിൽനിന്നും ഫീഡ്ബാക്ക് വരുന്നതുകൊണ്ട് അവശ്യ സാധനങ്ങളുടെ വിലനിലവാരം ഉയരാതെ പിടിച്ചുനിർത്തേണ്ടതുണ്ട്. പ്രളയ സെസ് വന്നപ്പോൾ ആളുകൾ പറഞ്ഞതും പ്രചരിപ്പിച്ചതും വിലക്കയറ്റം ഉണ്ടാകാൻ പോകുന്നുവെന്നതാണ്. അവശ്യ സാധനങ്ങൾക്ക് വിലക്കയറ്റമുണ്ടാകില്ലെന്ന് അങ്ങയുടെ പ്രസംഗത്തോട് കൂട്ടിച്ചേർത്ത് പറഞ്ഞുവെങ്കിലും ആളുകൾക്കുണ്ടായിട്ടുള്ള ആശങ്ക ഒഴിവാക്കുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഇടപെടലുണ്ടാകണം.

കൃഷി കുറച്ചുകൂടി വ്യാപിപ്പിക്കണം. കൃഷിയുമായി ബന്ധപ്പെട്ട് ബഡ്ജറ്റിലുള്ളതിനേക്കാൾ കൂടുതൽ കാര്യങ്ങൾ കണ്ടത് ഗ്രീൻ ബുക്കിലാണ്. കൃഷി വകുപ്പുമന്ത്രി ആ കാര്യത്തിൽ മാതൃകാപരമായ ഒരിടപെടൽ നടത്തിയിട്ടുണ്ട്. പ്രത്യേകിച്ച്, ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടി ശക്തമായ ഇടപെടൽ നടത്തുന്നുണ്ട്. രോഗം വന്നതിനു ശേഷം ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ നോക്കുകയാണ്. ആന്തരികാവയവങ്ങൾ അടക്കം നഷ്ടപ്പെട്ടുപോകുന്ന മാരകരോഗങ്ങൾ വർദ്ധിക്കുന്നത് നമുക്ക് സഹിക്കാൻ കഴിയുന്നതിനേക്കാൾ അപ്പുറമാണ്. ഭക്ഷണത്തിലൂടെയാണ് ഈ രോഗങ്ങൾ ഉണ്ടാകുന്നതെങ്കിൽ ഓർഗാനിക് ആഹാരശൈലിയിലേയ്ക്ക് നമ്മളെ എത്തിക്കുന്നതിന് അദ്ദേഹം നടത്തുന്ന പരിശ്രമത്തിന് കുറച്ചുകൂടി തുക മാറ്റി വയ്ക്കാനുള്ള പരിശ്രമം ഉണ്ടാകണം. ഇപ്രാവശ്യം ഞങ്ങൾക്ക് ജൈവകൃഷിക്കുള്ള അവാർഡിന്റെ ഒന്നാം സമ്മാനമായി ലഭിച്ചത് 15 ലക്ഷം രൂപയാണ്. കഴിഞ്ഞ വർഷം എന്റെ നിയോജകമണ്ഡലത്തിന് മൂന്നാം സ്ഥാനമായിരുന്നു. ജൈവകൃഷിക്കുള്ള അവാർഡിനായി ഞങ്ങൾ വലിയൊരു പരിശ്രമം നടത്തി. കഴിഞ്ഞ വർഷം മൂന്നാം സ്ഥാനത്തിന് ലഭിച്ച 5 ലക്ഷം രൂപയും ഈ വർഷം ഒന്നാം സ്ഥാനത്തിന് ലഭിച്ച 15 ലക്ഷം രൂപയും ചേർത്ത് 20 ലക്ഷം രൂപയ്ക്ക് രണ്ട് വാഹനങ്ങൾ വാങ്ങി രണ്ട്

ഹരിതസേനകളെ ഏൽപ്പിച്ച് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നുണ്ട്. ധനകാര്യ വകുപ്പിൽനിന്നും എസ്.ഡി.എഫ്.-ന്റെ പ്രത്യേക അനുമതിക്കുവേണ്ടി ശ്രമിച്ചിരുന്നുവെങ്കിലും കിട്ടിയില്ല. എന്നാൽ സമ്മാനത്തുക ഉപയോഗിച്ച് രണ്ട് വാഹനങ്ങൾ വാങ്ങി കൃഷിക്കാരുടെ ഓർഗാനിക് ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് വലിയൊരു ശ്രമം ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജൈവകൃഷി രീതി സംസ്ഥാനത്താകമാനം വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഇടപെടലുണ്ടാകണം.

ഏത് വകുപ്പ് പരിശോധിച്ചാലും അവയെല്ലാം നമുക്ക് ഒട്ടനവധി സന്തോഷം നൽകുന്നതാണ്. 141 എം.എൽ.എ.-മാർ എവിടെ ചെന്നാലും വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് എന്തെങ്കിലുമൊക്കെ പറയാൻ ബാക്കിയുണ്ടാകുമെന്ന കാര്യത്തിൽ തർക്കമില്ല. ഇന്നതില്ല. അതിന് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് എന്തെങ്കിലും അവാർഡ് കൊടുക്കണം. അദ്ദേഹത്തിന് അവാർഡ് കിട്ടിയതിൽ നമുക്ക് സന്തോഷമുണ്ട്. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അവാർഡ് കൊടുത്തുകൊണ്ടിരിക്കുന്നത് ജനങ്ങളാണ്. ഏത് സ്ഥലത്ത് പോകുമ്പോഴും വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് ഞങ്ങൾ വളരെ അഭിമാനത്തോടുകൂടി നിവർന്നുനിൽക്കുമ്പോൾ അങ്ങയുടെ മുഖം ഞങ്ങളുടെ മനസ്സിലുണ്ട്. ധനകാര്യ വകുപ്പുമന്ത്രി നടപ്പിലാക്കിയ, എല്ലാവരും പരിഹസിക്കുകയും അപഹസിക്കുകയും ചെയ്യുന്ന കിഫ്ബി തന്നെയാണ് അതിന്റെ അടിസ്ഥാന ശിലയെന്ന ബോധ്യത്തിൽ നിന്നുകൊണ്ടാണ് ഞങ്ങൾ ആ കാര്യങ്ങളെ കാണുന്നത്.

103013 പട്ടയം ഈ ഗവൺമെന്റിന്റെ ഭരണകാലത്ത്, 32 മാസക്കാലത്തിനിടയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്. 868-ഓളം പട്ടയങ്ങൾ തയ്യാറായിട്ടുണ്ട്. ശ്രീ. അടൂർ പ്രകാശ് മന്ത്രിയായിരുന്ന സമയത്തും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മന്ത്രിയായിരുന്ന സമയത്തും ഒൻപതോളം പ്രാവശ്യം മുഖ്യമന്ത്രി യോഗം വിളിച്ചുചേർത്ത് പത്ത് ചെയിനിൽ പട്ടയം കൊടുക്കാൻ പോകുന്നുവെന്ന് ആവർത്തിച്ച് പറഞ്ഞതാണ്. അത് ശ്രീ. പി. ടി. തോമസിന് അറിയാവുന്ന കാര്യമാണല്ലോ; പക്ഷേ കൊടുക്കാൻ തീരുമാനിച്ചെങ്കിലും കൊടുത്തില്ലായെന്നുള്ളതാണ് സത്യം. അന്ന് ഇലക്ട്രിസിറ്റി വകുപ്പുമന്ത്രി ആ കാര്യങ്ങളിൽ തടസ്സം നിന്നു. ഇപ്പോൾ ഇടുക്കിയിൽ നിന്നുള്ള ശ്രീ. എം. എം. മണിയാണ് ഇലക്ട്രിസിറ്റി വകുപ്പ് കൈകാര്യം ചെയ്യുന്നത്. വളരെ അഭിമാനത്തോടുകൂടി പറയുന്ന, പത്ത് ചെയിൻ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ നിർണ്ണായകമായ ഇടപെടലുകളിലൂടെയാണ്. ഏഴ് ചെയിനിൽ പട്ടയം കിട്ടി. മൂന്ന് ചെയിനിലെ പട്ടയത്തിനുള്ള ഉത്തരവ് ഏറെ താമസിയാതെ എത്തുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. അതിനൊരു ക്യാബിനറ്റ് ഓർഡർ ഉണ്ടെങ്കിൽ മാത്രമേ കൊടുക്കാൻ കഴിയുവെന്നാണ് അദ്ദേഹം പറയുന്നത്. ക്യാബിനറ്റ് ഓർഡറിന്റെ അടിസ്ഥാനത്തിലാണ് ഏഴ് ചെയിനിൽ പട്ടയം കൊടുത്തത്. മൂന്ന് ചെയിനിൽക്കൂടി പട്ടയം കൊടുക്കുമ്പോൾ പതിനായിരക്കണക്കിന് കുടുംബങ്ങളുടെ പ്രശ്നമാണ് അവിടെ പരിഹരിക്കപ്പെടുന്നത് എന്നുള്ളത് ഏറ്റവും സന്തോഷകരമായുള്ള ഒരു കാര്യമാണ്.

അതോടൊപ്പംതന്നെ ക്ഷീരരംഗത്ത് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാജു അവാർഡ് വാങ്ങി. ചെറിയൊരു അവാർഡെന്നുള്ളതിലല്ല കാര്യം. പാൽ ഉൽപ്പാദനത്തിന്റെ കാര്യത്തിൽ നമ്മൾ മിച്ച സംസ്ഥാനമായി മാറിനിന്ന ഒരു കാലഘട്ടത്തിലാണ് പ്രളയമുണ്ടാകുകയും പശുക്കളെ നഷ്ടമാകുകയും ചെയ്തത്. പക്ഷെ, അതിനായി ബജറ്റിൽ വകയിരുത്തിയ തുക കുറഞ്ഞുപോയി. കന്നുകുട്ടികളെ കൊടുക്കുന്നതിനും അതിന്റെ പരിപാലനത്തിനും തീറ്റ വിതരണത്തിനും സബ്സിഡിക്കുമായി കുറച്ചു തുകകൂടി അനുവദിക്കണം. ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പല യൂണി വേഴ്സിറ്റികൾക്കും പണം വകയിരുത്തിയപ്പോൾ വിട്ടുപോയ ഒരു യൂണിവേഴ്സിറ്റിയാണ് വെറ്ററിനറി യൂണിവേഴ്സിറ്റി. അവർ ഏകദേശം പതിനേഴോളം പ്രോജക്ടുകൾ വിവിധ ഘട്ടങ്ങളിലായി അങ്ങയുടെ മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. മാതൃകാപരമായ ഒട്ടനവധി പ്രോജക്ടുകൾ അതിന്റെ ഭാഗമായി വന്നിട്ടുണ്ട്. ദയവായി വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് അർഹതപ്പെട്ട തുക വകയിരുത്തുന്നതിനുള്ള ശക്തമായ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട് അങ്ങ് പ്രസിദ്ധീകരിച്ച ഗ്രീൻ ബുക്ക് ഈ ബഡ്ജറ്റിനോടൊപ്പം ലഭിച്ചുവെന്നുള്ളത് ഏറെ സന്തോഷകരമാണ്. ജെൻഡർ ബഡ്ജറ്റിംഗിന് തുക കുറഞ്ഞുപോയോ; കുടുംബശ്രീ പദ്ധതികളിൽ മാത്രം ഒതുങ്ങിപ്പോയോയെന്ന ആശങ്കയിലാണ് ബഡ്ജറ്റിന്റെ പ്രസംഗം വായിച്ചതെങ്കിൽ, ഗ്രീൻ ബുക്കിൽ ഏകദേശം എല്ലാ ഭാഗങ്ങളിലും അതിന് ആനുപാതികമായുള്ള തുക വകയിരുത്തുന്നതിന് ഓരോ ഹെഡ്ഡിലും പ്രത്യേകം തുക മാറ്റി വച്ചിട്ടുണ്ട്. ഗ്രീൻ ബുക്ക് സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിന് നടപടിയെടുത്തു. ഗ്രീൻ ബുക്കിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. അത് തയ്യാറാക്കുന്നതിന് വലിയൊരു എക്സിക്യൂട്ടീവ് ഗ്രൂപ്പിന്റെ സഹായം ഉണ്ടായിട്ടുണ്ടെന്ന് അറിയാം. അവരെ എല്ലാവരെയും ഈ അവസരത്തിൽ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ദീർഘവീക്ഷണത്തോടുകൂടി അങ്ങ് നാടിന് സമർപ്പിച്ചിട്ടുള്ള രേഖയാണ് ഗ്രീൻ ബുക്ക്. ജെൻഡർ ബഡ്ജറ്റിംഗിന് അങ്ങെടുത്ത താൽപ്പര്യത്തെയും പ്രത്യേകമായി ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്.

മണി ലെൻഡേഴ്സിന് ചില അനോമലികളും ആശങ്കകളുമുണ്ട്. ആക്ടുമായി കോൺഫ്ലിക്ടാകുന്ന ചില വിഷയങ്ങൾ അവർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവർക്ക് ചില സന്ദേഹങ്ങളുണ്ട്. വൻകിട ബാങ്കുകളോടാണ് അവർ മത്സരിക്കേണ്ടി വരുന്നതെന്ന് പറയുന്നത് ഒരു വലിയ പ്രശ്നമായി അവരുടെ മുമ്പിലുള്ളതുകൊണ്ട് മണി ലെൻഡേഴ്സുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് ചൂണ്ടിക്കാണിക്കുകയാണ്. ബഡ്ജറ്റുമായി ബന്ധപ്പെട്ട് അങ്ങ് പ്രയാസപ്പെടേണ്ടതില്ല. ദീർഘവീക്ഷണത്തോടു കൂടി പദ്ധതികൾ ആവിഷ്കരിക്കാൻ 156 പേജുകളിലായി 309 ഖണ്ഡികകളായാണ്

വിവിധ കാര്യങ്ങൾ പറഞ്ഞിട്ടുള്ളത്. ഇതെല്ലാം ഒന്ന് ഒന്നിനോട് കോർത്തിണക്കിയ മുത്തുകൾപോലെ, ബഡ്ജറ്റ് ഒരു സ്വപ്നം എന്നുള്ളതിനപ്പുറം യാഥാർത്ഥ്യമാക്കുന്നതിന് അങ്ങയോടൊപ്പം ഞങ്ങളുടെ പരിശ്രമവും ഉണ്ടാകും. ഈ കൊച്ചു കേരളത്തിന്റെ വലിയ പിന്തുണ അങ്ങയുടെ വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുമെന്ന് ഈ അവസരത്തിൽ സൂചിപ്പിച്ചുകൊണ്ട് ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, പ്രളയാനന്തര കേരള നവ നിർമ്മിതിക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു ബഡ്ജറ്റാണ് പ്രതീക്ഷിച്ചത്. ഈ ബഡ്ജറ്റിലെ പല നിർദ്ദേശങ്ങളും സ്വാഗതാർഹമായിട്ടുള്ളതാണ്. പക്ഷെ പ്രളയാനന്തര കേരളത്തിന്റെ നവ നിർമ്മിതിയിൽ വളരെയേറെ കുറവുകളുണ്ടെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. അത് ഏറ്റവും അധികം ബാധിച്ചിട്ടുള്ളത് വീട് നഷ്ടപ്പെട്ട ആളുകളെയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ സമയത്ത് വീഡിയോ കോൺഫറൻസ് വഴി കളക്ടർമാർക്ക് നിർദ്ദേശം നൽകി കാര്യങ്ങൾ നന്നായി മോണിറ്റർ ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വീഡിയോ കോൺഫറൻസ് ഇടുക്കി കളക്ടേറ്റിൽനിന്നും കേൾക്കുകയുണ്ടായി. വാസയോഗ്യമല്ലാത്ത വീടുകൾ പുനർനിർമ്മിക്കണമെന്നാണ് അന്ന് അദ്ദേഹം പറഞ്ഞത്. എന്നിട്ട് എന്താണ് ചെയ്തത്? എത്ര വീടുകൾ വാസയോഗ്യമല്ലാതായി തീർന്നിട്ടുണ്ടെന്ന് ഓരോ മേഖലയും പരിശോധിച്ചാൽ അറിയാം. കുട്ടനാട്ടിൽ ഒരു മാസവും പത്ത് ദിവസവും വെള്ളം കെട്ടിനിന്ന വീടുകൾ എന്ന് നിലംപൊത്തുമെന്ന് അറിയാത്ത അവസ്ഥയിലാണ്. ആ നിലയ്ക്ക് കണക്കെടുത്തതിൽ വലിയ തെറ്റുകൾ വന്നിട്ടുണ്ട്. ആദ്യത്തെ കണക്കുപ്രകാരമാണെങ്കിൽ ഒരു ലക്ഷം വീടുകളെങ്കിലും വാസയോഗ്യമല്ലാതായി തീർന്നിട്ടുണ്ട്. 1985-ൽ ഞാൻ റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയായിരുന്ന സമയത്ത് 1,05,000 വീടുകൾ പുനർ നിർമ്മിക്കണെമെന്നായിരുന്നു ആവശ്യപ്പെട്ടത്. 1985-ൽ ഒറ്റ വർഷം കൊണ്ട് ഒരു ലക്ഷത്തിൽപ്പരം വീടുകൾ നിർമ്മിച്ചു. ആഗസ്റ്റ് 15, 16, 17 തീയതികളിലെ പ്രളയക്കെടുതിക്കുശേഷം അഞ്ചുമാസം കഴിഞ്ഞിരിക്കുന്നു. എത്ര വീടുകൾ പൂർണ്ണമായി നിർമ്മിക്കാൻ സാധിച്ചു? ഒരു വീടുപോലും പൂർണ്ണമായി നിർമ്മിച്ചിട്ടില്ല. കണക്കെടുപ്പിലെ പ്രശ്നമാണ് അതിന് കാരണം. ആദ്യത്തെ കണക്കെടുപ്പ് കഴിഞ്ഞപ്പോൾ വീണ്ടും പല ഏജൻസികളെ പരിശോധനയ്ക്കായി ഏർപ്പെടുത്തി. ആദ്യം വില്ലേജ് ആഫീസിൽനിന്നും ഒരു ലിസ്റ്റയച്ചു, അതിനുശേഷം മൊബൈൽ ആപ്പ് കൊണ്ടുവന്നു. എന്റെ നിയോജക മണ്ഡലത്തിലെ ഒരു പ്രദേശത്ത് ഉരുൾപൊട്ടി ഒരു വീട് നടുക്ക് നിൽക്കുകയാണ്. ആ വീടിന് കേടുപാട് പറ്റിയിട്ടില്ലെങ്കിലും അതിൽ കയറാൻ കഴിയില്ല. പക്ഷേ ലിസ്റ്റിൽ ഉൾപ്പെടുന്നുമില്ല. ഫോട്ടോ എടുത്താൽ പണം കിട്ടില്ല. കാരണം വീട് നന്നായി ഇരിക്കുകയാണ്. ഇടുക്കിയിൽ ഏതാണ്ട് ഏഴായിരത്തോളം വീടുകൾ വാസയോഗ്യമല്ലെന്നാണ് കണക്കാക്കിയിട്ടുള്ളത്. കുട്ടനാട്ടിൽ വീടുകളൊന്നും ഇനി നിലനിൽക്കില്ല. അവയെല്ലാം പുനർനിർമ്മിക്കേണ്ടിവരും. ഇപ്പോഴും ഗവൺമെന്റ്

ഓഫ് ഇന്ത്യയിൽനിന്ന് ഒരു ലക്ഷം രൂപവരെ മാത്രമേ ലഭിക്കുകയുള്ളൂ. 1985-ൽ ഹഡ്കോയിൽ നിന്നും വൻതോതിൽ പണമെടുത്ത് പതിനൊന്നര മാസം കൊണ്ട് സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ഒരു ലക്ഷം വീടുകൾ പൂർത്തിയാക്കി. പ്രളയമുണ്ടായ സമയത്ത് കേരളത്തിൽ രാഷ്ട്രീയം നോക്കാതെ എല്ലാവിഭാഗം ജനങ്ങളും സഹകരിച്ചു. പിന്നെ എവിടെയാണ് കുഴപ്പമുണ്ടായത്? ശബരിമല പ്രശ്നം വന്നപ്പോൾ മുഖ്യമന്ത്രിയുടെ ശ്രദ്ധ മുഴുവനും അതിലേയ്ക്കായി. അന്നുമുതൽ ഈ മേഖല നിശ്ചലമാണ്. വീടുകളുടെ കാര്യത്തിൽ, ഞാൻ ഓരോ സ്ഥലത്തേയും കാര്യങ്ങൾ പരിശോധിച്ചിട്ടാണ് പറയുന്നത്. ആദ്യത്തെ ലിസ്റ്റെല്ലാം പോയി. എല്ലാം 74 ശതമാനത്തിൽ നിൽക്കുകയാണ്. 75 ശതമാനമായാൽ മുഴുവൻ തുക കൊടുക്കേണ്ടിവരും. 74 ശതമാനത്തിൽ താഴെയുള്ള കണക്കെടുത്ത് വച്ചിരിക്കുകയാണ്. ഒരു ലക്ഷം വീടെങ്കിലും പൂർത്തിയാക്കേണ്ട സ്ഥാനത്ത് ആദ്യം പതിനേഴായിരം ആയി, ഇപ്പോൾ പതിമൂവായിരമായി. ഈ പതിമൂവായിരം പോലും ഒന്നാം ഗഡുവിൽ നിൽക്കുകയാണ്. ഒന്നാം ഗഡുവിനുശേഷം പണി തുടരേണ്ടതല്ലേ. ഇനി എത്ര മാസം ബാക്കിയുണ്ട്. മേയ് പകുതിയാകുമ്പോൾ മഴക്കാലമാകും. ഈ സമയംകൊണ്ട് വീട് പൂർത്തിയാക്കാൻ കഴിയുമോ? സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗിക്കാൻ സാധിച്ചോ? അന്ന് 33,000 വീടുകൾ നാഷണൽ സർവ്വീസ് സ്കീമിലെ കുട്ടികളാണ് മോണിറ്റർ ചെയ്തത്. എസ്.എൻ.ഡി.പി., എൻ.എസ്.എസ്., ക്രിസ്ത്യൻ മാനേജ്മെന്റ് ഇവരെയെല്ലാം അതിലുൾപ്പെടുത്തി ആവശ്യത്തിനുള്ള പണം നൽകിയപ്പോൾ അവർ വേഗം പണി പൂർത്തീകരിച്ചു. അങ്ങനെയുള്ള ഏജൻസികളെയെല്ലാം ഇപ്പോൾ ഒഴിവാക്കിയിരിക്കുകയാണ്. ഈ മഴക്കാലത്തിനുള്ളിൽ വീടുപണി തീർക്കാൻ കഴിയില്ലെന്ന കാരണത്താൽ നെടുങ്കണ്ടത്ത് ഒരു സ്ത്രീ ആത്മഹത്യക്ക് ശ്രമിച്ചപ്പോൾ പിറ്റേ ദിവസം ഒന്നാം ഗഡു കൊടുത്തു. പരിശോധനകൾ തുടരുകയാണ്, പരിശോധിച്ചുകൊണ്ടിരിക്കുകയാണ് എന്ന മറുപടിയാണ് നിയമസഭയിൽ കിട്ടിയിരിക്കുന്നത്. ലിസ്റ്റ് ഫൈനലൈസ് ചെയ്യാതെ എങ്ങനെ പണം കൊടുക്കാൻ കഴിയും? ഞാൻ ഇപ്പോഴും പറയുന്നു ഹഡ്കോയോട് ആവശ്യപ്പെട്ടാൽ പണം ലഭിക്കും. അന്ന് ഹഡ്കോയിൽനിന്നും വൻതോതിൽ പണം കടമെടുത്താണ് ചെയ്തത്. നാല് ലക്ഷം രൂപ വച്ച് ഒരു ലക്ഷം വീടുകൾ പൂർത്തിയാക്കണമെങ്കിൽ എത്ര കോടി രൂപ ആവശ്യമായി വരും? അതിൽ ഗവൺമെന്റ് ഓഫ് ഇന്ത്യ തരുന്ന 95 ലക്ഷം രൂപയുണ്ട്. അധിവാസയോഗ്യമല്ലാത്ത വീടുകളെന്ന മുഖ്യമന്ത്രിയുടെ നിർദ്ദേശത്തെ അവഗണിച്ചുകൊണ്ട് ഉദ്യോഗസ്ഥർ ലിസ്റ്റ് തയ്യാറാക്കി ഒരു ലക്ഷം രൂപ എന്നത് 13,000 രൂപയാക്കി മാറ്റിയിരിക്കുകയാണ്. അടുത്ത മഴക്കാലം തുടങ്ങുമ്പോൾ ഇവരുടെ അവസ്ഥ എന്തായിരിക്കും? ഇടുക്കി ജില്ലയിൽ സ്ഥലം നഷ്ടപ്പെട്ട ആളുകൾക്ക് പകരം സ്ഥലം കണ്ടുപിടിക്കാൻ സാധിച്ചിട്ടുണ്ടോ? സ്ഥലം ലൊക്കേറ്റ് ചെയ്യാതെ എങ്ങനെ വീട് പണിയാൻ

സാധിക്കും? അവർ ബന്ധുക്കളുടെ വീടുകളിൽ താമസിക്കുകയാണ്. ഇത് അങ്ങേയറ്റത്തെ കൃത്യവിലോപമാണ്. മൊബൈൽ ആപ്പ് വഴി കണക്കെടുത്താൽ വീടിന് കുഴപ്പമില്ലെന്നാണ് കാണുന്നത്. കുന്നിന്റെ മുകളിൽ ഒരു വീട് നിൽപ്പുണ്ട്. ആ വീട്ടിൽ കയറണമെങ്കിൽ കോണി വച്ച് കയറണം. അത് കേടുപാടുള്ളതല്ല. വീടിന്റെ ഫോട്ടോ കാണുമ്പോൾ ഒരു കുഴപ്പവുമില്ല. വില്ലേജ് ആഫീസർമാർ ആദ്യമെടുത്ത കണക്കായിരുന്നു ശരി. ആ കണക്കനുസരിച്ച് ഒരു ലക്ഷം വീടുകളുണ്ടായിരുന്നു. ഒരു ലക്ഷം വീടുകൾ നിർമ്മിക്കാനുള്ള നടപടികളുമായി മുന്നോട്ട് പോകണമെന്നുമാത്രമേ ഇപ്പോൾ ഇതുസംബന്ധിച്ച് പറയുന്നുള്ളൂ. മഴക്കാലമായാൽ അവർക്ക് വീട് വിട്ടിറങ്ങേണ്ടിവരും. ഒരു വീടെങ്കിലും പൂർണ്ണമായി ഗവൺമെന്റിന്റെ നേതൃത്വത്തിൽ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോ? ഒന്നോ രണ്ടോ ഗഡു കൊടുത്താൽ വീടുകളുടെ പണി പൂർത്തിയാക്കാൻ കഴിയില്ല. ഒരു വീടുപോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഏതെങ്കിലും വോളന്റിയർ ഏജൻസികൾ പണിത് കൊടുത്തിട്ടുണ്ടെങ്കിൽ മാത്രമേയുള്ളൂ. പുനരധിവാസം, റീ ബിൽഡ് കേരള എന്നീ കാര്യങ്ങളിൽ അങ്ങേയറ്റത്തെ വീഴ്ച വരുത്തിയിരിക്കുന്നു.

മറ്റൊന്ന്, നോംസുമായി ബന്ധപ്പെട്ടാണ്. മുപ്പതിനായിരം കിലോമീറ്റർ റോഡ് നിർമ്മിക്കാൻ നോംസനുസരിച്ച് ഒരു ലക്ഷം രൂപയും അറുപതിനായിരം രൂപയുമൊക്കെയാണ്. നമ്മൾ എത്ര തുകയാണ് റോഡുകൾക്ക് വേണ്ടി ആവശ്യപ്പെട്ടത്? മൂവായിരം കോടി രൂപയെങ്കിലും ആവശ്യപ്പെടേണ്ടതായിരുന്നു. അങ്ങനെ ചെയ്തില്ല. 5700 കോടി രൂപയാണ് ആദ്യത്തെ മെമ്മോറാണ്ടമായി കൊടുത്തത്. അഡീഷണൽ മെമ്മോറാണ്ടം കൊടുക്കാൻ ആവശ്യപ്പെട്ടിട്ട് കൊടുത്തില്ല. ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്ക് പറഞ്ഞു നിൽക്കാൻ കഴിയും, കാരണം 5700 കോടി രൂപ ചോദിച്ചതിൽ 3000 കോടി രൂപ അനുവദിച്ചിരിക്കുന്നു. അൻപത് ശതമാനം തന്നു. എന്തുകൊണ്ട് ആവശ്യപ്പെട്ടില്ല? ഈ നോംസെല്ലാം വച്ച് പരിശോധിച്ചാൽ നമുക്ക് ചോദിക്കാമായിരുന്നു. ചോദിച്ചിട്ട് കിട്ടിയില്ലെങ്കിൽ അത് വേറെ കാര്യം. ഇടുക്കി ജില്ലയിലെ റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ എത്ര തുക വേണ്ടിവരും എന്നതുസംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാൻ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണിയും ഞങ്ങളും അവിടത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടു. 3,000 കോടി രൂപയുടെ എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചു. 3,000 കോടി രൂപയിൽ ഇപ്പോൾ 1,000 കോടി രൂപ വച്ച് ഓർഡർ ഇറക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, ഇപ്പോൾ അഞ്ച് മാസം കഴിഞ്ഞിട്ടും എ.എസ്. കൊടുത്തിട്ടില്ല. ഇത് ഇടുക്കി ജില്ലയിലെ റോഡുകളുടെ സ്ഥിതി മാത്രമല്ല. എ.എസ്. കൊടുത്തതിനുശേഷം ടി.എസ്. കൊടുക്കണം. പണി ചെയ്യേണ്ട സമയമായിരുന്ന ഈ വേനൽക്കാലം മുഴുവൻ കളഞ്ഞു. കുളമാവ് മുതൽ ഇടുക്കി വരെയുള്ള ഭാഗത്ത് 150 സ്ഥലങ്ങളിൽ

മണ്ണിടിച്ചിൽ നടന്നിട്ടുണ്ട്. അവിടെ മുകളിലൂടെ മണ്ണിട്ട് വൺവേ ട്രാഫിക്ക് നടക്കുന്നുണ്ട്. അതെല്ലാം നന്നാക്കാൻ സമയം വേണ്ടേ; ഈ മാസം മുഴുവൻ വെറുതെ കളഞ്ഞു. ഇവിടെ കുറച്ച് സ്ഥലത്ത് എ.എസ്. കൊടുത്തു. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് പറയാനുള്ളത്, അതിന് ടി.എസ്. കൊടുക്കണം. എ.എസ്.-ഉം ടി.എസ്.-ഉം നൽകി ടെണ്ടർ ചെയ്ത് പണി തുടങ്ങേണ്ട സമയമാണ്. ഒരിടത്തും പണികൾ ആരംഭിച്ചിട്ടില്ല. 30 കോടി രൂപ തൊടുപുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ട് ഇതുവരെ എ.എസ്. കൊടുത്തിട്ടില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കയ്യിൽ 6,000 കോടി രൂപയുണ്ട്. 1,700 കോടി രൂപയേ കൊടുത്തിട്ടുള്ളൂ. ബാക്കി ഏതാണ്ട് 4,800 കോടി രൂപ ഇപ്പോഴും കയ്യിലുണ്ട്. ഇത് കയ്യിൽ വച്ചുകൊണ്ടാണ് ഈ വീടുകളൊന്നും തീർക്കാതിരിക്കുന്നതും ഫണ്ട് കൊടുക്കാതിരിക്കുന്നതും. വീടുകളുടെ കാര്യത്തിൽ പരിശോധന നടക്കുകയാണ്. പശുക്കളെ നഷ്ടപ്പെട്ടവർക്ക് 30,000 രൂപ വീതം മൂന്ന് പശുക്കൾക്ക് കൊടുക്കാമെന്നാണ്. 15 ലിറ്റർ പാലുള്ള പശുവിന് ഏതാണ്ട് 75,000 രൂപ നൽകണം. ഇവിടെ 30,000 രൂപയായി ലിമിറ്റ് ചെയ്തിരിക്കുന്നു. 10 പശുക്കളെവരെ വാങ്ങാൻ ലോൺ നൽകുന്നുണ്ട്. അഞ്ചും പത്തും പശുക്കളെ വാങ്ങിയ പാവപ്പെട്ട ആളുകളുണ്ട്. മൂന്ന് പശുക്കളിൽ കൂടുതൽ കൊടുക്കാൻ പാടില്ല. ഗവൺമെന്റ് ഓഫ് ഇന്ത്യ സാംഗ്ഷൻ ചെയ്ത 42 കോടി രൂപയിൽ 17 കോടി രൂപ ഇപ്പോൾ തിരിച്ചുകൊടുക്കേണ്ടി വന്നിരിക്കുകയാണ്. അനിമൽ ഹസ്ബന്ററി രംഗത്ത് വലിയ നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ഇരുപത്തിഅയ്യായിരവും അൻപതിനായിരവും കോഴികൾ വരെ നഷ്ടപ്പെട്ടവർക്ക് 5,000 രൂപയിൽ കൂടുതൽ കൊടുക്കാൻ പാടില്ല എന്നാണ്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഇങ്ങനെയുള്ള നോംസുള്ളപ്പോൾ കൂടുതൽ തുക ആവശ്യപ്പെട്ട് അഡീഷണൽ മെമ്മോറാണ്ടം കൊടുക്കാം. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 1985-ൽ മൂന്ന് അഡീഷണൽ മെമ്മോറാണ്ടം കൊടുത്തിരുന്നു. അത് സാംഗ്ഷൻ ചെയ്തു. ഇപ്പോൾ അങ്ങനെ അഡീഷണൽ മെമ്മോറാണ്ടം കൊടുത്തോ? ഈ പ്രത്യേക സാഹചര്യത്തിൽ കേരളത്തിൽ മൂന്ന് പശുക്കൾക്കല്ല, 10 പശുക്കൾക്ക് വരെ ലോണുള്ള പാവപ്പെട്ടവരുണ്ട്. ഗവൺമെന്റ് ഓഫ് ഇന്ത്യ പറയുന്നത് അക്ഷരാർത്ഥത്തിൽ പാലിക്കുന്ന അനുസരണയുള്ള ഗവൺമെന്റാണിത്. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിൽ ഗംഭീരമായി പരാജയപ്പെട്ടിരിക്കുന്നു.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, അങ്ങ് തോട്ടപ്പള്ളി സ്പിൽവേയെക്കുറിച്ച് പറഞ്ഞു. പമ്പ, അച്ചൻകോവിൽ ആറുകളിലെ വെള്ളം മുഴുവൻ പോകേണ്ടത് തോട്ടപ്പള്ളി സ്പിൽവേയിലൂടെയാണ്. എന്താണ് അവിടത്തെ സ്ഥിതി; തോട്ടപ്പള്ളി

സ്പിൽവേയ്ക്ക് 365 മീറ്റർ വീതിയുണ്ട്. എന്നാൽ വിയ്യപുരത്തെ വീതി 80 മീറ്ററാണ്. അതിലൂടെ വെള്ളം പോകുമോ; അടഞ്ഞു കിടക്കുകയാണ്. 300 മീറ്ററെങ്കിലും അഡീഷണലായി എടുക്കാൻ ഏതാണ്ട് 750 കോടി രൂപ വേണം. ഇവിടെ ഏതാണ്ട് 60 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് നടപ്പാക്കിയില്ലെങ്കിൽ കുട്ടനാട്ടിൽ വീണ്ടും വെള്ളപ്പൊക്കമാണ്. പമ്പ, അച്ചൻകോവിൽ നദികളിലെ വെള്ളം മുഴുവൻ തോട്ടപ്പള്ളി സ്പിൽവേയിൽ വരേണ്ടതാണ്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാൻ അവസാനിപ്പിക്കാം. അതിന്റെ അഴിമുഖം തുറക്കുന്ന, മണ്ണ് വന്നടിഞ്ഞ സ്ഥലത്ത് സോഷ്യൽ ഫോറസ്ട്രി മരം വച്ച് പിടിപ്പിച്ചിരിക്കുകയാണ്. അതിനാൽ വെള്ളം അങ്ങോട്ട് ഒഴുകില്ല. കൃത്രിമമായി ഉണ്ടാക്കിയ വെള്ളപ്പൊക്കമാണ്. തോട്ടപ്പള്ളി സ്പിൽവേ വഴി വെള്ളമൊഴുകാൻ കഴിയാത്ത സ്ഥിതിയുണ്ടായി. ഐ.ആർ.ഇ. ലിമിറ്റഡ് ആ മണൽ മുഴുവൻ വാങ്ങാൻ സമ്മതിച്ചതാണ്. ഗവൺമെന്റിന് പണവും ലഭിക്കും. അങ്ങനെ ചെയ്താൽ അടുത്ത വർഷം വെള്ളപ്പൊക്കം ഉണ്ടാകാതിരിക്കും.

സെപ്റ്റേജിനെക്കുറിച്ച് അങ്ങ് പറഞ്ഞത് സ്വാഗതാർഹമാണ്. ഈ നാട്ടിലെ മലിന്യസംസ്കരണത്തെക്കുറിച്ച് പറയുകയാണെങ്കിൽ എറണാകുളത്തുമാത്രം ഒരു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുണ്ട്. അതുകൊണ്ട് വല്ലതുമായോ; നൂറുകണക്കിന് വാഹനങ്ങളിൽ കക്കൂസ് മാലിന്യങ്ങൾ പെരിയാറിലേയ്ക്ക് കൊണ്ടിടുകയാണ്. ആ കുടിവെള്ളമാണ് നമ്മൾ കുടിക്കുന്നത്. അതിനാൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് അടിയന്തരമായി നടപ്പാക്കണം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. ജെ. ജോസഫ്: സർ, പല നല്ല കാര്യങ്ങളുമുണ്ട്. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. മുംബൈ-കന്യാകുമാരി ഹൈസ്പീഡ് റെയിൽ കോറിഡോറിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രി കൊല്ലത്തുവന്ന് അനൗൺസ് ചെയ്തു. ഞാനൊരു മെമ്മോറാണ്ടംകൂടി കേന്ദ്രത്തിലേയ്ക്ക് കൊടുത്തതാണ്. അലഹബാദ്-മുംബൈ-അഹമ്മദാബാദ് 500 കിലോമീറ്റർ ചെയ്യുകയാണ്. അതിന് എത്രയാണ് ചെലവ്. ഹൈസ്പീഡിന് ഒരു കിലോമീറ്ററിന് 200 കോടി രൂപ ചെലവാകും. നമ്മുടെ സംസ്ഥാന ഗവൺമെന്റിനെക്കൊണ്ട് സാധിക്കുമോ? അങ്ങ് ആ ഖണ്ഡിക മാറ്റിവച്ചിട്ട് ഗവൺമെന്റ് ഓഫ് ഇന്ത്യയോട് ഹൈസ്പീഡ് റെയിൽ കോറിഡോർ സംബന്ധിച്ച് ശക്തമായി ആവശ്യപ്പെടണം. ഇവിടെ ഈ പ്രൊവിഷൻ ആവശ്യമില്ല. ബഹുമാനപ്പെട്ട പ്രധാനമന്ത്രി അനൗൺസ് ചെയ്ത കാര്യത്തെ നമ്മൾ സ്വാഗതം ചെയ്യണം. ഹൈസ്പീഡ് റെയിൽ കോറിഡോർ കേരളത്തിന് ലഭിക്കുന്ന ഏറ്റവും

വലിയ സംഭാവനയായിരിക്കും. സംസ്ഥാന ഗവൺമെന്റിന് ഒരു കാരണവശാലും അത് ഏറ്റെടുക്കാൻ കഴിയില്ല. ഒരു കിലോമീറ്ററിന് 200 കോടി രൂപയാണ് ചെലവ്. അവർ ജാപ്പനീസ് ഗവൺമെന്റിന്റെ സഹായത്തോടുകൂടിയാണ് ചെയ്തിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് വിചാരിച്ചാൽ എഗ്രിമെന്റ് ഉണ്ടാക്കാൻ സാധിക്കുമോ; അതുകൊണ്ട് ഹൈസ്പീഡ് റെയിൽ കോറിഡോർ നമുക്ക് വേണം. അക്കാര്യം ഗവൺമെന്റ് ഓഫ് ഇന്ത്യ അടിയന്തരമായി നടപ്പാക്കണമെന്ന ആവശ്യം ഉന്നയിക്കണം.

ബഡ്ജറ്റിലെ നല്ല കാര്യങ്ങളോട് ഞാൻ യോജിക്കുന്നു. അടിയന്തരമായി, യുദ്ധകാലാടിസ്ഥാനത്തിൽ ഇടപെട്ട് മഴക്കാലത്തിന് മുൻപ് വീടുകളുടെ നിർമ്മാണം പൂർത്തിയാക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, കേരളത്തിന്റെ സമഗ്രമായ വികസനത്തിനുതകുന്ന ഈ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുകയാണ്. പ്രളയാനന്തര പ്രതിസന്ധികളെ പ്രതിരോധിക്കാനും നവകേരള നിർമ്മിതിക്കുതകുന്ന സമഗ്രമായ കർമ്മ പദ്ധതികൾ ആവിഷ്കരിക്കാനും ലക്ഷ്യം വയ്ക്കുന്ന ഈ ബഡ്ജറ്റ് അങ്ങേയറ്റം അഭിനന്ദനാർഹമാണ്.

ബഡ്ജറ്റിന്റെ ഉള്ളടക്കത്തെയും പ്രതിപക്ഷത്തിന്റെ വിമർശനത്തെയും കുറിച്ചൊക്കെ പരാമർശിക്കുന്നതിന് മുൻപായി ഒന്നുരണ്ട് നിർദ്ദേശങ്ങൾ പറയാം. ഒന്ന്, സർവ്വീസ് ടാക്സ് സംബന്ധിച്ചാണ്. 1-3-2015 മുതൽ ഗവൺമെന്റ് ബിൽഡിംഗ് വർക്കുകൾക്ക് കേന്ദ്ര സർക്കാർ സർവ്വീസ് ടാക്സ് പ്രാബല്യത്തിലാക്കി. എന്നാൽ സംസ്ഥാന സർക്കാർ 26-2-2016-ലാണ് സർവ്വീസ് ടാക്സ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചത്. അതിനാൽ 1-3-2015 മുതൽ 25-2-2016 വരെ ടെണ്ടർ ചെയ്തിട്ടുള്ള വർക്കുകളുടെ സർവ്വീസ് ടാക്സ് സംബന്ധിച്ച് ഒരു പരിശോധന നടത്തി കരാറുകാർക്ക് അത് നിമിത്തമുണ്ടാകുന്ന അധിക ബാധ്യത ഒഴിവാക്കാനാവശ്യമായ നിർദ്ദേശമുണ്ടാകണമെന്നുള്ളതാണ് പൊതുവിൽ വന്നിട്ടുള്ളൊരു നിർദ്ദേശം.

രണ്ടാമതായി പറയാനുള്ളത്, എ.ഡി.എഫ്.ഉം ആയി ബന്ധപ്പെട്ടുള്ളതാണ്. എ.ഡി.എഫ്.ൽ ഇപ്പോൾ മൂന്നും നാലും തവണ ടെണ്ടർ ചെയ്തിട്ടും ടെണ്ടറെടുക്കാൻ കരാറുകാർ വരാത്ത കുറേ പദ്ധതികളുണ്ട്. വിവിധ വർഷങ്ങളായി കിടക്കുന്നതാണ്. അത് ലോക്കൽ മാർക്കറ്റ് റേറ്റുമായി ബന്ധപ്പെട്ട് കരാറുകാർ എടുക്കാൻ തയ്യാറാകാത്തതാണ്. പലതിന്റെയും വില നിശ്ചയിക്കുന്നത് പ്രായോഗികതയുടെ അടിസ്ഥാനത്തിലല്ല. അതുകൊണ്ടുതന്നെ പല വർക്കുകളും ടെണ്ടർ ചെയ്തിട്ട് പോകാതെ കിടക്കുന്നതായി കാണുന്നു. അത്തരം വർക്കുകളുടെ കാര്യത്തിൽ ഒരു തീരുമാനമുണ്ടാകണം. അല്ലെങ്കിൽ ആ ഫണ്ട് ലാപ്സായിപ്പോകും. അതുകൊണ്ട് മൂന്നോ നാലോ തവണ ടെണ്ടർ ചെയ്തിട്ടും എടുക്കാത്ത വർക്കുകൾക്ക് പകരം പദ്ധതികൾ നിർദ്ദേശിക്കാനുള്ള അനുവാദം നൽകണം.

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള പദ്ധതികളുടെ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് സോഷ്യൽ ഇംപാക്ട് സ്റ്റഡി, എൺവയോൺമെന്റൽ ഇംപാക്ട് സ്റ്റഡി തുടങ്ങിയ കാര്യങ്ങളൊക്കെയുണ്ട്. അതിനൊക്കെ അഞ്ചോ ആറോ ലക്ഷം രൂപയുടെ ചെലവേ വരുന്നുള്ളൂ. പക്ഷേ അതിന്റെ എ.എസ്. കിട്ടുന്നതിനു വേണ്ടിയുള്ള ഫയൽ ഫിനാൻസിൽ വന്ന് രണ്ടുമൂന്ന് മാസം കറങ്ങുകയാണ്. ടി.എസ്.നൽകുന്ന വകുപ്പുതന്നെ അതിനുള്ള അനുവാദം കൊടുത്താൽ നന്നായിരിക്കും. ബഡ്ജറ്റിൽ വകയിരുത്തിയ പണമാണ്. അഞ്ചോ ആറോ ലക്ഷം രൂപയ്ക്കുവേണ്ടി മാസങ്ങളോളം താമസിക്കുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ കഴിയണം.

2.00 P.M]

മറ്റൊരാവശ്യം, എന്റെ മണ്ഡലവുമായി ബന്ധപ്പെട്ടുള്ളതാണ്. സംസ്കൃത സർവ്വകലാശാലയ്ക്ക് ഒരു കെട്ടിടം എന്നുള്ളത് 13 വർഷമായി ഉന്നയിച്ചുകൊണ്ടിരിക്കുന്നതാണ്. ഇത്തവണയും ബഡ്ജറ്റിൽ നിർദ്ദേശിച്ചിരുന്നു. 15 കോടി രൂപയുണ്ടെങ്കിൽ അവിടെ നല്ലൊരു കെട്ടിടം നിർമ്മിക്കാൻ സാധിക്കും. ധാരാളം കോഴ്സുകളുള്ള സ്ഥാപനമാണ്. അതിനാവശ്യമായ സഹായം ചെയ്തുതരണം. അടയ്ക്കാ കർഷകരുടെയും മറ്റും കാര്യങ്ങൾ ഇവിടെ പറഞ്ഞിട്ടുള്ളതിനാൽ ഞാനത് ആവർത്തിക്കുന്നില്ല.

ശ്രീ. കെ. സി. ജോസഫും ശ്രീ. മഞ്ഞളാംകുഴി അലിയും പറഞ്ഞ കാര്യങ്ങളിലേയ്ക്ക് വരാം. ശ്രീ. മഞ്ഞളാംകുഴി അലി, 2006-ലെ ശ്രീ. വി. എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള സർക്കാരിനെക്കുറിച്ച് പറഞ്ഞു. ഈ സർക്കാർ ഇനി ഒരിക്കലും അധികാരത്തിൽ വരില്ലെന്നുള്ള ശാപവചനം ചൊരിഞ്ഞിട്ടാണ് അദ്ദേഹം ഇവിടെ നിന്നും പോയത്. എന്തായാലും അദ്ദേഹം എപ്പോൾ ശപിച്ചോ അപ്പോഴെല്ലാം വർദ്ധിത വീര്യത്തോടുകൂടി എൽ.ഡി.എഫ്. അധികാരത്തിൽവരുന്ന കാഴ്ചയാണ് കാണുന്നത്. ഈ സർക്കാർ 100 ദിവസംകൊണ്ട് ആളുകളെ പിണക്കി, ആളുകളെയെല്ലാം ശത്രുക്കളാക്കി എന്നൊക്കെയുള്ള പ്രസംഗം കേട്ടപ്പോൾ അദ്ദേഹം ഇവിടെയല്ലേ ജീവിക്കുന്നതെന്ന സംശയം എനിക്കുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും ഒടുവിൽ നടന്നതാണ് ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പ്. ഞങ്ങൾ പത്തിരുപത്തിയഞ്ച് വർഷക്കാലമായി തോറ്റുകൊണ്ടിരുന്ന അവിടെ സഖാവ് രാമചന്ദ്രൻ നായർ ജയിച്ചു. എന്നാൽ അദ്ദേഹം മരിച്ചു. അദ്ദേഹം 7,000 വോട്ടിന് ജയിച്ച ആ സ്ഥലത്താണ് ഇപ്പോൾ 21,000 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ജയിച്ചത്. അങ്ങ് ഇതൊന്നും കാണുന്നില്ലേ; അങ്ങയുടെ കാഴ്ച മങ്ങിപ്പോയോ എന്നാണ് എന്റെ സംശയം. ഞാൻ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ശബരിമല വിഷയം നിങ്ങൾ തീ പിടിപ്പിച്ചു നിർത്തിയിരിക്കുന്ന സമയത്തല്ലേ ഇവിടെ ത്രിതല പഞ്ചായത്ത് ഉപതെരഞ്ഞെടുപ്പുകൾ നടന്നത്. ഒരു അസംബ്ലി മണ്ഡലത്തിന്റെ ഏതാണ്ട് നല്ലൊരു

ഭാഗം വരുന്നതാണ് ജില്ലാ പഞ്ചായത്ത്. ആ ജില്ലാ പഞ്ചായത്ത് ഡിവിഷനിലേയ്ക്കടക്കം ഉപതെരഞ്ഞെടുപ്പ് നടന്നില്ലേ; നിങ്ങളുടെ കൈവശമിരിക്കുന്ന സീറ്റുകളല്ലേ ഞങ്ങൾ പിടിച്ചെടുത്ത് ഗംഭീരമായി ജയിച്ചത്? ഇതെല്ലാം കാണാതെ ശാപവചനങ്ങൾ ചൊരിഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ, ഇതെല്ലാം നമ്മൾ ഗംഭീരമായി വിജയിച്ചുകൊണ്ടിരിക്കുകയല്ലേ. 21-4-2016-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3175-ൽ ശ്രീ. കെ. കെ. ജയചന്ദ്രന്റെ ചോദ്യമായ 'ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷത്തേയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും എന്നാൽ നടപ്പിലാക്കാൻ കഴിയാതെ പോയതുമായ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ?' എന്നതിന് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നൽകിയ മറുപടി, 'ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ബഡ്ജറ്റുകളിൽ നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്, അവയിൽ ഒട്ടു മിക്ക സുപ്രധാന പദ്ധതികളും ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്, 'ഭരണാനുമതി, സാങ്കേതികാനുമതി, പാരിസ്ഥിതികാനുമതി, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ കാരണങ്ങളാൽ ചില പദ്ധതികൾ ഇതുവരേയും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.' എന്നാണ്. 101 പദ്ധതികളാണ് നടപ്പിലാക്കാതെ പോയത്. അത് വായിക്കണമെങ്കിൽ തന്നെ 25 മിനിറ്റ് വേണം. പറച്ചിൽ കേട്ടാൽ തോന്നും ഇതൊക്കെ ഗംഭീരമായി, അടിപൊളിയാക്കി നടത്തുന്ന പാർട്ടിയാണെന്ന്. ശ്രീ. എസ്. രാജേന്ദ്രന്റെ 16-2-2016-ലെ നക്ഷത്രചിഹ്നമിടാത്ത 1833-ാമത്തെ ചോദ്യമായ '2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഏതെല്ലാം ഹെഡ്ഡുകളിലായി വകയിരുത്തിയ വിഹിതമാണ് 100 ശതമാനം ചെലവഴിക്കപ്പെടാതെ ഇപ്പോൾ ബാക്കി നിൽക്കുന്നതെന്ന് വെളിപ്പെടുത്താമോ?'എന്നതിന്റെ ഉത്തരം വായിക്കണമെങ്കിൽ അരമണിക്കൂർ വേണം. ഇപ്പോഴത്തെ പ്രശ്നങ്ങൾ നേരത്തെയുള്ളത് തന്നെയാണ്. ചില കാര്യങ്ങളിൽ ഭൂമി ഏറ്റെടുക്കൽ, പാരിസ്ഥിതികാനുമതി എന്നിങ്ങനെയുള്ള പ്രശ്നങ്ങളിൽ വൈകുന്നുണ്ട്, പക്ഷെ മുൻകാലങ്ങളെ അപേക്ഷിച്ച് ഏറ്റവും മെച്ചപ്പെട്ട നിലയിൽ കാര്യങ്ങൾ നടക്കുന്നുവെന്നുള്ളതാണ് സത്യം. അതിന്റെ പ്രതിഫലനം നാട്ടിലാകെ കാണാൻ കഴിയുന്നുമുണ്ട്. പൊതുമരാമത്ത് വകുപ്പിലായാലും മറ്റു വകുപ്പുകളിലായാലും അത് പ്രതിഫലിക്കുന്നുമുണ്ട്. ഗൾഫിൽനിന്ന് മൃതശരീരം കൊണ്ടുവരുന്നതിന് ഒരു ലക്ഷം രൂപ നൽകുന്നതിനെ ശ്രീ. മഞ്ഞളാംകുഴി അലി അതിനിശിതമായി വിമർശിക്കുന്നത് കേട്ടു, ഇതുതന്നെയാണോ ലീഗിലെ മറ്റ് അംഗങ്ങളുടെയും അഭിപ്രായം; അതിനെ അങ്ങ് എന്തിനാണ് എതിർക്കുന്നത്? മൃതദേഹം കൊണ്ടുവരുന്നതിന് ഇൻഷ്വറൻസ് കമ്പനികൾ പണം കൊടുക്കും എന്നൊക്കെ പറഞ്ഞ് അങ്ങ് നല്ല കാര്യങ്ങളെ എതിർക്കരുത്, അങ്ങ് ഒരു ദോഷൈകദൃക്കായി മാറിപ്പോകുന്നുവെന്നുള്ളതാണ് എനിക്കുള്ള ദുഃഖം. പ്രവാസികളുടെ മൃതദേഹം ഇവിടെ എത്തിക്കാൻപോലും അങ്ങ് തയ്യാറാകുന്നില്ലെന്ന് പറഞ്ഞാൽ വലിയ കഷ്ടമാണ്.

പ്രളയത്തെക്കുറിച്ച് ഞാൻ പറയുന്നില്ല, കാരണം പ്രളയം വന്നയുടനെ നമ്മുടെ പ്രതിപക്ഷ നേതാവ്, നാടോടിക്കാറ്റ് സിനിമയിൽ തിലകൻ അവതരിപ്പിച്ച അനന്തൻ നമ്പ്യാർ എല്ലാം സൈന്യത്തെ ഏൽപ്പിച്ചിട്ട്, എസ്കേപ്പ്....എസ്കേപ്പ്.... എന്നു പറഞ്ഞതുപോലെയാണ്. പ്രളയത്തെ നമ്മൾ ശക്തമായി, ധൈര്യമായി നേരിടുകയും അതിനെ അതിജീവിക്കുകയും ചെയ്തു.

Budget minus KIIFB is equal to big zero എന്നാണ് ശ്രീ. കെ. സി. ജോസഫ് കിഫ്ബിയെക്കുറിച്ച് പറഞ്ഞത്. കിഫ്ബിയെക്കുറിച്ച് ഇവിടെ എന്തെല്ലാമായിരുന്നു ഉപമ? കിഫ്ബിയെക്കുറിച്ച് ഇവർ എന്തെല്ലാം ആക്ഷേപങ്ങൾ പറഞ്ഞുകൊണ്ടിരുന്നതാണ്. കിഫ്ബിയെക്കുറിച്ചുള്ള വിമർശനം ഉന്നയിക്കാൻ ഈ സഭയുടെ ഏതാണ്ട് നല്ലൊരു സമയം അപഹരിച്ചതാണ്. അതിൽ ഉപമയും ഉൽപ്രേക്ഷയും ചമയങ്ങളും അലങ്കാരങ്ങളും ആക്ഷേപങ്ങളുമെല്ലാംകൂടി പൊതിഞ്ഞുപറഞ്ഞു. അവസാനം കഴിഞ്ഞ സമ്മേളന സമയത്ത് ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത്, കിഫ്ബി ഞങ്ങളുടേതല്ലേ; ഞങ്ങൾ കൊണ്ടുവന്നതല്ലേ, അത് ഡോ. ടി. എം. തോമസ് ഐസക് എടുത്തു നടപ്പിലാക്കിയതല്ലേ എന്ന്. അതോടുകൂടി അത്രയും സമയം പാഴാക്കിയ ആളുകൾ പിന്നെ ഒരക്ഷരം മിണ്ടിയിട്ടില്ല, ഇപ്പോഴും ശ്രീ. കെ. സി. ജോസഫ് കിഫ്ബിയും പിടിച്ചുനടക്കുകയാണ്. നമ്മുടെ നാട്ടിൽ മറ്റെന്തെല്ലാം കാര്യങ്ങളുണ്ട്. ഏറ്റവും കൂടുതൽ തുക വാങ്ങിയവരാണ് വിമർശനം നടത്തുന്നത്. ഈ സർക്കാർ കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന പദ്ധതികളെല്ലാം സ്വന്തം മണ്ഡലത്തിൽ കൊണ്ടുപോയി, വാസ്തവത്തിൽ അതെല്ലാം നേടിയെടുത്തതിനുശേഷം യാതൊരു നാണവുമില്ലാതെ അതിനെ വിമർശിക്കുകയാണ്. ജനുവരി 31-ാം തീയതി ഇവിടെയും ഫെബ്രുവരി 1-ന് കേന്ദ്രത്തിലും ബഡ്ജറ്റ് അവതരിപ്പിച്ചു. ആ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളും ലക്ഷ്യങ്ങളും നോക്കണം. കേന്ദ്ര ബഡ്ജറ്റിലെ പ്രഖ്യാപനം 6,000 രൂപ കർഷകർക്ക് കൊടുക്കുമെന്നാണ്. സംസ്ഥാനം ഇപ്പോൾ വർദ്ധിപ്പിച്ചതനുസരിച്ച് പ്രതിമാസം 1300 രൂപ കർഷകർക്ക് കൊടുക്കുകയാണ്. അവിടെ 6,000 രൂപ കൊടുക്കുമ്പോൾ ഇവിടെ പ്രതിമാസം 1300 രൂപവച്ച് കൊടുക്കുകയാണ്. ഇപ്പോൾ പ്രഖ്യാപനത്തിന്റെ കാലമാണല്ലോ, ശ്രീ. രാഹുൽ ഗാന്ധി വന്ന് എന്തെല്ലാം പ്രഖ്യാപിച്ചു. ഇന്ദിരാ ഗാന്ധിയുടെ 'ഗരീബി ഹഠാവോ', രാജീവ് ഗാന്ധിയുടെ 'ബേക്കാരി ഹഠാവോ', ഇങ്ങനെ 'ഹഠാവോകൾ' എത്രയോ നമ്മൾ കണ്ടതാണ്. എന്തായാലും രാഹുൽ ഗാന്ധി പ്രസംഗിക്കുമ്പോൾ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ കേൾക്കുന്നില്ല, കേൾക്കുന്നില്ല എന്നുപറഞ്ഞത് എന്തുകൊണ്ടാണ്? ഇവിടെയുള്ള വിദ്യാലയങ്ങൾ, ആശുപത്രികൾ എന്നിവയെക്കുറിച്ചൊക്കെ ചോദിച്ചപ്പോൾ ശ്രീ. വി.ഡി. സതീശന് വിവർത്തനം ചെയ്യാൻ പറ്റുകയില്ല, അത് ശ്രീ. വി.ഡി. സതീശൻ മനസ്സിലാക്കി, ഇവിടെ താമസിക്കുന്ന ഒരാൾക്കും അത് പറയാൻ പറ്റുന്ന കാര്യമല്ലല്ലോ, അതുകൊണ്ട് ശ്രീ. വി.ഡി. സതീശൻ കേൾക്കുന്നില്ല, മൈക്ക് ചീത്തയായി എന്നു പറഞ്ഞു.

ശ്രീ. രാഹുൽ ഗാന്ധിയെക്കൊണ്ട് അങ്ങനെ പറയിപ്പിക്കാമോ? നമ്മളല്ലേ ഇന്ത്യയിൽ വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും നല്ല മുന്നേറ്റം നടത്തിയിട്ടുള്ളത്. എന്തായാലും ഇക്കാര്യങ്ങളിലെല്ലാം കേരളം കൈവരിച്ച വലിയ മുന്നേറ്റവും പുരോഗതിയും അഭിവൃദ്ധിയുമൊക്കെ കണ്ട് അഭിമാനം കൊള്ളുകയല്ലേ വേണ്ടത്. മറ്റു സംസ്ഥാന ങ്ങളെല്ലാം നഷ്ടപ്പെട്ടതോടുകൂടി ശ്രീ. നരേന്ദ്ര മോദി ഇടയ്ക്കിടക്ക് കേരളത്തിലേക്ക് വച്ചു പിടിക്കുകയാണ്. ഇവിടെ വന്ന് നമ്മുടെ സംസ്കാരത്തെക്കുറിച്ച് വല്ലാതെ പ്രസംഗിക്കുകയാണ്, എന്താണ് പ്രസംഗിക്കുന്നത്; ഇന്ന് ഇന്ത്യയിൽ ഏറ്റവും മെച്ചപ്പെട്ട മതസൗഹാർദ്ദവും മതേതരത്വവുമൊക്കെ നിലകൊള്ളുന്ന കേരളത്തെ അവഹേളിക്കാൻ ശ്രീ. നരേന്ദ്ര മോദി വേറെയെങ്ങും രക്ഷയില്ലാത്തതുകൊണ്ട് ഇടയ്ക്കിടക്ക് ഇങ്ങോട്ട് വരികയാണ്. ശ്രീ. രാഹുൽ ഗാന്ധി ഇവിടെ വന്ന് കേരളത്തെ ഇകഴ്ത്താൻ വേണ്ടി ശ്രമിക്കുമ്പോൾ നിങ്ങളിലൊരാളെങ്കിലും അങ്ങനെ പറയരുത്, ആളുകൾ നിങ്ങളെ 'പപ്പു' എന്ന വിളിച്ച് ആക്ഷേപിച്ചത് മാറ്റിക്കൊണ്ടു വരികയാണ്, അതിനാൽ വീണ്ടും നിങ്ങളെ 'പപ്പു' എന്ന വിളിപ്പിക്കാൻ ഇടകൊടുക്കരുതെന്നൊക്കെ പറഞ്ഞുകൊടുക്കേണ്ടതല്ലേ. ആ സാഹചര്യത്തിൽ നിങ്ങൾ പറഞ്ഞു കൊടുക്കാതിരുന്നതാണ് നിങ്ങൾക്ക് പറ്റിയ ഏറ്റവും വലിയ അബദ്ധം.

മി. ചെയർമാൻ: യെസ്.. സമയം കഴിഞ്ഞു...

ശ്രീ. എ. എം. ആരിഫ്: സർ, ശ്രീ. പി. ജെ. ജോസഫിന് നാലു മിനിറ്റ് കൂടുതൽ നൽകി, എനിക്ക് രണ്ടു മിനിറ്റ് നൽകിയാൽ മതി. അദ്ദേഹം ബഡ്ജറ്റിൽ കുറേ നല്ല കാര്യങ്ങളുണ്ടെന്നും അതിനെ സ്വാഗതം ചെയ്യണമെന്നും പോസിറ്റീവായിട്ടാണ് പറഞ്ഞത്, അല്ലാതെ അപ്പുറത്ത് എല്ലാവരും ചെയ്യുന്നതുപോലെ നിശിതമായ വിമർശനം അദ്ദേഹം നടത്തിയില്ല, അതുകൊണ്ട് അദ്ദേഹത്തിന് നാലു മിനിറ്റ് കൊടുത്തത് പാഴായില്ല. ശ്രീ. രമേശ് ചെന്നിത്തലയുടെ ഇന്നലത്തെ പ്രസംഗം ഞാൻ ടി.വി.യിൽ കേട്ടു, അദ്ദേഹം പറയുന്നത് 'കോൺഗ്രസ്സിനെ നിങ്ങൾ ഇവിടെ തോൽപ്പിച്ചിട്ട് ഇടതുപക്ഷം അവിടെപ്പോയി ഞങ്ങളെ പിൻതുണയ്ക്കുമെന്ന് പറയുന്നത് എന്ത് ശുദ്ധ അബദ്ധമാണ് എന്നാണ്. അത് മനുഷ്യനെ പറ്റിക്കലല്ലേ? ഞാൻ ഇപ്പോഴും ഓർക്കുന്നത്, 2004-ലെ തെരഞ്ഞെടുപ്പ് കാലമാണ്. 2004-ലെ തെരഞ്ഞെടുപ്പ് സമയത്ത് ഉത്തരേന്ത്യയിലെവിടെയോ ഒരു പ്രസംഗത്തിനിടയിൽ ബഹുമാനപ്പെട്ട ഞങ്ങളുടെ പാർട്ടി സെക്രട്ടറി സഖാവ് ഹർകിഷൻ സിംഗ് സുർജിത്തിനോട് അന്ന് ഉയർന്നുവന്ന പ്രധാനപ്പെട്ട ഒരു ചോദ്യമായിരുന്നു, ഇന്ത്യ ആകെ തിളങ്ങുന്നു, ഇന്ത്യ ആകെ തിളങ്ങുന്ന പരുവത്തിലാക്കിയ അടൽ ബിഹാരി വാജ്പേയിക്ക് പകരമായി ഒരു പ്രധാനമന്ത്രി പ്രതിപക്ഷത്തുണ്ടോ, എന്നുള്ള ചോദ്യം സഖാവ് ഹർകിഷൻ സിംഗ് സുർജിത്തിനോട് ചോദിച്ചു, ആ സമയത്ത് സഖാവ് സുർജിത്ത് നൽകിയ മറുപടി, 'വേണ്ടിവന്നാൽ ഞങ്ങൾ ശ്രീമതി

സോണിയാ ഗാന്ധിയെ പിന്തുണയ്ക്കാനും തയ്യാറാണ് എന്നാണ്. ആ പ്രസംഗം കേട്ടിട്ട് മലയാള മനോരമ പത്രം പിറ്റേദിവസം എഡിറ്റോറിയൽ എഴുതി, "ശ്രീമതി സോണിയാ ഗാന്ധിയെ പ്രധാനമന്ത്രിയാക്കാൻ ഇടതുപക്ഷം എന്തിനാണ് പരിശ്രമിക്കുന്നത്" എന്ന്. ആ മുഖപ്രസംഗം വായിച്ചിട്ട് 2004-ലെ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾ വോട്ടുചെയ്തപ്പോൾ ഇരുപതിൽ പതിനെട്ട് സീറ്റിലും ഇടതുപക്ഷ ജനാധിപത്യമുന്നണി സ്ഥാനാർത്ഥികളെ ജയിപ്പിച്ചുകൊണ്ടാണ് അതിന് മറുപടി കൊടുത്തത്. കാരണം ഇന്ത്യയെ വർഗ്ഗീയ വിപത്തിൽ നിന്ന് രക്ഷിക്കാൻ ഇടതുപക്ഷത്തിന്റെ അംഗങ്ങൾ പോകുന്നതാണ് നല്ലതെന്ന് തിരിച്ചറിഞ്ഞത് കേരളത്തിലെ ജനതയാണ്. ആ വികാരം ശ്രീ. രമേശ് ചെന്നിത്തല മനസ്സിലാ ക്കണം, ജനങ്ങൾ അത്തരത്തിലാണ് ഇതിനെ കാണുന്നതെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മിതിക്കായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 2019-2020 വർഷത്തേയ്ക്ക് അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ രക്തസാക്ഷി ദിനത്തിൽ ഹിന്ദു തീവ്രവാദികൾ പ്രതീകാത്മകമായി അദ്ദേഹത്തെ വെടിവയ്ക്കുകയും ഗോഡ്സെയ്ക്ക് മുദ്രാവാക്യം വിളിക്കുകയും ചെയ്ത സംഭവമുണ്ടായപ്പോൾ ഒരു കോൺഗ്രസുകാരനും അതിൽ പ്രതിഷേധിച്ചില്ലെന്ന് ശ്രീ. വി. ജോയി, എം.എൽ.എ. സൂചിപ്പിച്ചപ്പോൾ അതിന് മറുപടിയായി ശ്രീ. എം. വിൻസെന്റ് എം.എൽ.എ. പറഞ്ഞത്, ഇന്നാണ് ആ സംഭവത്തിലുള്ള പ്രതിഷേധം സംഘടിപ്പിക്കുന്നത് എന്നാണ്. ഒരാൾ മരിച്ച് പതിനാറടിയന്തിരവും കഴിഞ്ഞിട്ടാണ് പ്രതിഷേധിക്കുന്നത്, ഇപ്പോഴെങ്കിലും ചെയ്തത് നന്നായി.

നവകേരളം കെട്ടിപ്പടുക്കുന്നതിനുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ നിശ്ചയദാർഢ്യം വ്യക്തമാക്കുന്ന പദ്ധതികളാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റ്. കേരളത്തിന്റെ പുനർനിർമ്മാണത്തെ ഉൾക്കൊണ്ടുകൊണ്ടുള്ള വികസനോന്മുഖമായ ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. കാലവർഷക്കെടുതി സൃഷ്ടിച്ച പ്രതിസന്ധികൾക്കും കേന്ദ്ര സർക്കാരിന്റെ തെറ്റായ നടപടികൾക്കും ഇടയിൽ നിന്നുകൊണ്ടാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചത്. സാധാരണക്കാർക്ക് കൂടുതൽ പരിഗണന നൽകുന്ന ഈ ബഡ്ജറ്റ് നവകേരള നിർമ്മിതിക്കായി 25 പദ്ധതികളാണ് തയ്യാറാക്കിയത്. പുനർനിർമ്മാണത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച ഇരുപത്തിയഞ്ചിന പദ്ധതികൾ ഓരോന്നും പ്രത്യേകം ചർച്ച ചെയ്യേണ്ടതാണ്. കേരളത്തിന്റെ സകല മേഖലകളെയും പരിഗണിച്ചിട്ടുള്ള പദ്ധതികളാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്.

കേരളം കണ്ട ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയത്തിൽ ലക്ഷക്കണക്കി നാളുകളുടെ സ്വത്തും ഉപജീവനമാർഗ്ഗങ്ങളും നഷ്ടപ്പെട്ടു. പതിനയ്യായിരം കോടിയി ലധികം രൂപയുടെ വരുമാന നഷ്ടമുണ്ടായി. എന്നിട്ടും പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമിടുന്ന ഒട്ടേറെ പുതുമയാർന്ന പദ്ധതികളാണ് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. 42 ലക്ഷം കുടുംബങ്ങൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്താനുള്ള തീരുമാനം ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. ക്ഷേമ പെൻഷനുകൾ 100 രൂപ വർദ്ധിപ്പി ക്കാനുള്ള തീരുമാനം പാവങ്ങളോടുള്ള സർക്കാരിന്റെ കരുതലിന്റെ തെളിവാണ്. സ്ത്രീശാക്തീകരണത്തിന് 1420 കോടി രൂപയും കുടുംബശ്രീക്ക് 100 കോടി രൂപയും വകയിരുത്തിയത് വനിതാ മുന്നേറ്റത്തിന് കരുത്ത് പകരും. ശബരിമല വികസന ത്തിനായി 739 കോടി രൂപ വകയിരുത്തിയത് കള്ളപ്രചാരകർക്കുള്ള ശക്തമായ മറുപടിയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് 100 കോടി രൂപയും കെ.എസ്.ആർ.ടി.സി.-ക്ക് 1000 കോടി രൂപയും നീക്കിവച്ചത് പ്രത്യേകം അഭിനന്ദനമർഹിക്കുന്നു. സാധാരണക്കാരുടെ മേൽ നികുതിഭാരം അടിച്ചേൽപ്പി ക്കാതെയാണ് വിഭവ സമാഹരണത്തിന് ബഡ്ജറ്റ് ലക്ഷ്യമിടുന്നത്. സർക്കാരിന്റെ ശ്രദ്ധാപൂർവ്വമായ പ്രവർത്തനങ്ങൾ എല്ലാ മേഖലയിലും നടന്നുവരുന്ന സന്ദർഭത്തി ലാണ് ഇന്ത്യയുടെ പരമോന്നത നീതിപീഠമായ സുപ്രീംകോടതിയുടെ ശബരിമല വിഷയവുമായി ബന്ധപ്പെട്ടുള്ള ശ്രദ്ധേയമായ വിധി വന്നത്. പ്രസ്തുത വിധി നടപ്പിലാക്കുന്നത് ഈ സർക്കാരിന്റെ നിയമപരമായ ഉത്തരവാദിത്വമാണ്. ആ ഉത്തരവാദിത്വം നടപ്പിലാക്കാതിരിക്കാൻ ബി.ജെ.പി.-യും തീവ്രവാദ സംഘടനകളും പ്രത്യേകിച്ച് യു.ഡി.എഫ്.-ഉം കൂട്ടുനിന്നുകൊണ്ട് പ്രവർത്തിക്കുന്നത് നാം കണ്ടതാണ്. ഇതിനെതിരെ പ്രതിരോധം തീർത്ത വനിതാമതിൽ ലോക റെക്കോർഡുകളുടെ ഭാഗമായി എന്നും എടുത്തുപറയേണ്ട ഒന്നാണ്. സംസ്ഥാനത്തിന്റെ പൊതുസാമ്പത്തിക മേഖലയിലും സമ്പദ്ഘടനയിലും ഏറെ പ്രത്യാഘാതമുണ്ടാക്കിയ നടപടിയാണ് കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ടുനിരോധനവും കോൺഗ്രസ് നേതൃത്വത്തിലുള്ള മുൻ യു.പി.എ. സർക്കാർ നടപ്പിലാക്കാൻ ശ്രമിച്ച് പരാജയപ്പെട്ടതും തുടർന്നുവന്ന ബി.ജെ.പി. സർക്കാർ നടപ്പിലാക്കിയതുമായ ജി.എസ്.ടി.യും. ജി.എസ്.ടി.-യുടെ നേട്ടം പൊതുജനങ്ങൾക്കല്ല, മറിച്ച് കോർപ്പറേറ്റുകൾക്കാണ്. ചെറുകിട സ്ഥാപനങ്ങൾക്ക് ജി.എസ്.ടി ബാധകമായത് ആ മേഖലയ്ക്ക് തിരിച്ചടിയായി മാറി. കയറ്റുമതി അവതാളത്തിലായി, നികുതി വെട്ടിപ്പ് തടയാനായില്ല, ചെക്ക് പോസ്റ്റുകൾ ഇല്ലാതായി. ഇതിൽനിന്നും കരകയറാൻ ഈ സർക്കാർ കൊണ്ടുവന്ന കിഫ്ബിയുടെ പ്രവർത്തനം ശ്രദ്ധേയമായി. ഒപ്പംതന്നെ ബഡ്ജറ്റിലൂടെ കൊണ്ടുവന്ന സമ്പൂർണ്ണ സാമൂഹ്യസുരക്ഷ വിഭാവന ചെയ്ത എല്ലാവർക്കും വീട്, നല്ല ഭക്ഷണം, മെച്ചപ്പെട്ട വിദ്യാഭ്യാസം, സൗജന്യ ചികിത്സ, സാമൂഹ്യ ക്ഷേമപെൻഷനുകൾ തുടങ്ങിയവ ഏറെ ശ്രദ്ധേയമായി.

കേരളത്തിന്റെ സ്വന്തം സൈന്യമെന്ന് വിശേഷിപ്പിക്കാവുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് തീരദേശത്തിനായി 2000 കോടി രൂപയുടെ പാക്കേജ് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. ഈ ബഡ്ജറ്റിൽ അനുവദിച്ച 1000 കോടി രൂപയുംകൂടി ചേരുമ്പോൾ 3000 കോടി രൂപയുടെ സമഗ്രവികസനമായിരിക്കും 2019-2020 കാലയളവിൽ തീരദേശത്തിനുണ്ടാകാൻ പോകുന്നത്. ഇത് തീരദേശ നിവാസികൾക്ക് സ്വീകാര്യമാകുമെന്നതിൽ തർക്കമില്ല.

ഈ ബഡ്ജറ്റിൽ എടുത്തുപറയേണ്ട ഒന്നാണ് പൊതുമേഖല വ്യവസായങ്ങളുടെ വളർച്ച. ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം 8-ൽ നിന്ന് 20-ലേയ്ക്ക് എത്തിയിരിക്കുകയാണ്. 2800 കോടി രൂപയുടെ വിറ്റുവരവുണ്ടായി. ആകെ 1800 കോടി രൂപയുടെ ലാഭമുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാകുന്നത് ഏറെ ശ്രദ്ധേയമാണ്.

കേരളത്തിൽ പ്രതിവർഷം ആവശ്യമായിവരുന്ന വൈദ്യുതി ഉപഭോഗത്തിന്റെ ഏകദേശം 31.5% മാത്രമാണ് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നത്. ബാക്കി പുറമെ നിന്നും വാങ്ങി വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുമെന്ന ബഡ്ജറ്റിലെ നിർദ്ദേശവും സംസ്ഥാനത്തെ മുഴുവൻ വീടുകളിലും എൽ.ഇ.ഡി. ബൾബുകൾ എന്ന നിർദ്ദേശവും സ്വാഗതാർഹമാണ്. ഈ മണ്ഡല മാസക്കാലത്ത് പമ്പയിൽനിന്നും ആരംഭിച്ച കെ.എസ്.ആർ.ടി.സി.യുടെ വൈദ്യുതി ബസുകൾ ലാഭകരമായിരുന്നു. ഇത് കണക്കിലെടുത്ത് ഒരു വാഹന നയത്തിലേയ്ക്കും ഈ ബഡ്ജറ്റിലൂടെ മാറുകയാണ്. 2022 ആകുമ്പോഴേയ്ക്കും ഇലക്ട്രിക് ബസുകളുടെ എണ്ണം 10 ലക്ഷമാക്കാനുള്ള നടപടി കെ.എസ്.ആർ.ടി.സി. സ്വീകരിക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്.

കേരളത്തിലെ തുറമുഖ നഗരങ്ങളെയെല്ലാം ബന്ധിപ്പിച്ചുകൊണ്ട് 6,000 കോടി രൂപ കിഫ്ബി ധനസഹായത്തോടെ സൈക്കിൾ ട്രാക്കോടുകൂടിയ തീരദേശ ഹൈവേയുടെ നിർമ്മാണം സ്പൈസസ് റൂട്ടിന് വലിയ ഉത്തേജനമായിരിക്കുകയാണ്.

ഗൾഫ് രാജ്യങ്ങളിൽ മലയാളികൾ മരണപ്പെട്ടാൽ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുമെന്നത് ബഡ്ജറ്റിലെ എടുത്തു പറയാവുന്ന നിർദ്ദേശങ്ങളിലൊന്നാണ്. ഈ സാമ്പത്തിക വർഷത്തെ ഏറ്റവും നിർണ്ണായകമായ സംഭവമാണ് കേരള ബാങ്ക് രൂപീകരണം. സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ ബാങ്ക്, അവയുടെ എണ്ണൂറിലധികം വരുന്ന ശാഖകൾ തുടങ്ങിയവ കൂട്ടിച്ചേർത്ത് കേരളത്തിലെ ഏറ്റവും വലിയ ബാങ്കിംഗ് ശൃംഖല രൂപംകൊള്ളുകയാണ്. ഇന്ത്യയിലെ സഹകരണ മേഖലയിലെ ആദ്യത്തെ ഷെഡ്യൂൾഡ് ബാങ്കായിരിക്കും കേരള സഹകരണ ബാങ്ക്. 65000 അയൽക്കൂട്ടങ്ങൾക്ക് 4% പലിശയ്ക്ക് 3500 കോടി രൂപയുടെ ബാങ്ക് വായ്പ ലഭ്യമാക്കുന്ന പദ്ധതി സ്ത്രീശാക്തീകരണത്തിന് ശക്തി

പകരുന്നതാണ്. ലൈഫ് മിഷന്റെ പ്രവർത്തനങ്ങളും പൊതുവിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടങ്ങളും വളരെയധികം ഉണർവ്വോടുകൂടിയാണ് കേരള ജനത കാണുന്നത്.

3656 തസ്തികകളാണ് വിദ്യാഭ്യാസ മേഖലയിൽ പുതിയതായി ഈ സർക്കാർ സൃഷ്ടിച്ചത്. അതുപോലെതന്നെ ആരോഗ്യ മേഖലയിൽ 4217 തസ്തികകൾ സൃഷ്ടിച്ചത് തൊഴിൽ തേടുന്നവർക്ക് ഏറെ ആശ്വാസകരമാണ്. പ്രളയബാധിതരായ വ്യാപാരികൾ മാർച്ച് 31-നകം എടുക്കുന്ന വായ്പകളുടെ പലിശ ഒരു വർഷക്കാലത്തേക്ക് സർക്കാർ വഹിക്കുമെന്നതും ക്ഷേമനിധി അംഗങ്ങളായ 1130 പേർക്ക് ക്ഷേമ നിധിയിൽനിന്നും നഷ്ടപരിഹാരം നൽകുമെന്നതും ബഡ്ജറ്റിലെ ശുഭകരമായ തീരുമാനങ്ങളാണ്. സാമൂഹ്യ ക്ഷേമപെൻഷൻ വർദ്ധനവ്, വയോജന അയൽക്കൂട്ടം ആരംഭിക്കാനുള്ള തീരുമാനം, ആശുപത്രികളിൽ വയോജന സൗഹൃദത്തിനുള്ള നടപടികൾ എന്നിവ അഭിമാനകരമാണ്. ഇവയെല്ലാം മറ്റൊരു സർക്കാരിനും ചെയ്യാൻ സാധിക്കാത്ത കാര്യങ്ങളാണ്. ലൈബ്രേറിയന്മാരുടെ അലവൻസ് 20% വർദ്ധിപ്പിക്കാനുള്ള തീരുമാനം ആ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് വളരെ സഹായകരമായിരിക്കും. 1406 കോടി രൂപ അനുവദിച്ചുകൊണ്ട് ആരോഗ്യമേഖലയ്ക്ക് ഒരു കാലത്തുമില്ലാത്ത പിന്തുണ ബഡ്ജറ്റിലൂടെ നൽകിയിരിക്കുകയാണ്. ആരോഗ്യ മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളിലൂടെ മികച്ച നേട്ടമാണ് കൈവരിക്കാനാകുന്നത്.

സംസ്ഥാനങ്ങൾക്ക് നിലവിൽ ലഭിക്കുന്ന വിഹിതംപോലും വെട്ടിക്കുറയ്ക്കുന്ന ജനദ്രോഹ ബഡ്ജറ്റാണ് കേന്ദ്ര ബഡ്ജറ്റ്. പ്രളയക്കെടുതിയെ അതിജീവിക്കാനും പുനർനിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും കേരളത്തിന് പ്രത്യേക പാക്കേജ് ലഭ്യമാക്കിയിട്ടില്ല. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കേന്ദ്ര ബഡ്ജറ്റ് നിരാശാജനകമാണ്.

ടൂറിസം മേഖലയുടെ സമഗ്ര വികസനത്തിനായി 372 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ മാറ്റിവച്ചിരിക്കുന്നതിൽ മാർക്കറ്റിംഗ് മേഖലയ്ക്ക് മാത്രമായി 82 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പി ക്കുന്നതിനായി 132 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ലോക ഭൂപടത്തിൽ ടൂറിസം മേഖലയിൽ കേരളത്തിന് പ്രത്യേക സ്ഥാനമുണ്ട്. വരും നാളുകളിൽ ടൂറിസം മേഖലയിൽ കാര്യമായ പുരോഗതി കൈവരിക്കാൻ നമുക്ക് സാധിക്കും. ഭാഗ്യക്കുറിയിൽനിന്നുമുള്ള വരുമാനം പൂർണ്ണമായും നീക്കിവച്ചുകൊണ്ട് കേരളത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ആരോഗ്യപരിരക്ഷ ഉറപ്പുവരുത്താൻ സമഗ്രമായ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിരിക്കുന്നു. ഭാഗ്യക്കുറി നറുക്കെടുപ്പിൽ സമ്മാനർഹരായവർക്ക് ടിക്കറ്റ് ഹാജരാകാത്തതിന്റെ പേരിൽ വിതരണം ചെയ്യാത്ത 325 കോടിയോളം

രൂപ  ഇതിനായി വിനിയോഗിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. പൊതുഖജനാവിന്റെ 922 കോടി രൂപയാണ് മൊത്തത്തിൽ വകയിരുത്തിയിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസത്തിന് 695 കോടി രൂപയും സാങ്കേതിക വിദ്യാഭ്യാസ മേഖലയ്ക്ക് 249 കോടി രൂപയും നീക്കിവച്ചിരിക്കുന്നു. ഉന്നതനിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും വിദ്യാഭ്യാസ മേഖലയിൽ  പുതിയ ഉണർവ് സൃഷ്ടിക്കുന്നു. കേരളത്തിന്റെ വ്യവസായ നഗരമായ എറണാകുളം ജില്ലയ്ക്ക് ഈ ബഡ്ജറ്റിൽ പ്രത്യേക പരിഗണന നൽകിയതിന് ധനകാര്യ വകുപ്പുമന്ത്രി  ഡോ. ടി. എം. തോമസ് ഐസക്കിനെ പ്രത്യേകം അഭിനന്ദിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനെ ആത്മാർത്ഥമായി സ്നേഹിക്കുന്നവർപോലും അദ്ദേഹം അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ പിന്താങ്ങുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കാരണം അത്രയും വലിയ ക്രൂരതയാണ് അദ്ദേഹം സാധാരണക്കാരോടും പാവപ്പെട്ടവരോടും ചെയ്തത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശ്രീ. കെ. എം മാണി കൊണ്ടുവന്ന കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി വേണ്ടെന്നുവച്ചതോടുകൂടി ആയിരക്കണക്കിന് പാവപ്പെട്ട രോഗികൾ  വിദഗ്ദ്ധ ചികിത്സ കിട്ടാതെ മരിക്കുന്ന അവസ്ഥയിലാണ്.

കേരളത്തിലെ ആറിലൊന്ന് ആളുകളെ പ്രളയം ബാധിച്ചുവെന്നാണ് ലോകബാങ്ക് കണക്കാക്കിയിരിക്കുന്നത്. അത്രയും ആളുകളുടെ ജീവനോപാധിയും പ്രളയത്തിൽ ഒലിച്ചുപോയി. അവർക്ക് പ്രളയത്തിന്റെ ഒരു ആശ്വാസവും ലഭിച്ചില്ലെന്ന് മാത്രമല്ല ഈ ബഡ്ജറ്റിൽ പ്രളയബാധിതരുടെമേൽ ഒരു ശതമാനം സെസ് ഏർപ്പെടുത്തിയിരിക്കുകയുമാണ്.  താങ്കളുടെമേൽ വലിയ പ്രതീക്ഷ അർപ്പിച്ചിരുന്ന കച്ചവടക്കാർ ഇന്ന് വളരെ നിരാശയിലാണ്. അവർക്കൊന്നും ഈ ബഡ്ജറ്റിൽ ഒന്നും അനുവദിച്ചിട്ടില്ല. ചെറുകിട വ്യവസായികൾക്ക് നഷ്ടപരിഹാരം കൊടുക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുകയും താലൂക്ക് ഇൻഡസ്ട്രീസ് സെന്റർ വഴി അവരുടെ നഷ്ടപരിഹാരം തിട്ടപ്പെടുത്താനുള്ള ശ്രമങ്ങൾ പ്രളയം കഴിഞ്ഞയുടനെ ആരംഭിക്കുകയും ചെയ്തു. പക്ഷെ ഈ ബഡ്ജറ്റിൽ അവർക്കൊന്നും കിട്ടിയിട്ടില്ല. ബഡ്ജറ്റിൽ അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. പ്രളയം ഏറ്റവും കൂടുതൽ ബാധിച്ചത് കൃഷി, മൃഗസംരക്ഷണം, കച്ചവടം, മത്സ്യബന്ധനം,  ഗ്രാമവികസനം, വ്യവസായം, റോഡുകൾ, പാലങ്ങൾ തുടങ്ങിയ മേഖലകളെയാണ്. അങ്ങയുടെ നിലവിലുള്ള ബഡ്ജറ്റും പുതിയതായി അങ്ങ് അവതരിപ്പിച്ച ബഡ്ജറ്റും തമ്മിലുള്ള അന്തരം നോക്കുമ്പോൾ പ്രളയം ബാധിച്ച ഈ സംസ്ഥാനത്തെ എങ്ങനെയാണ് പുനരുജ്ജീവിപ്പിക്കുന്നത്, പുനഃസംഘടിപ്പിക്കുന്നത് എന്നെനിക്ക് സംശയം തോന്നുകയാണ്. കൃഷിക്ക് നിലവിലുള്ള ബഡ്ജറ്റിൽ 714.82 കോടി രൂപയാണ് വകയിരുത്തിയിരുന്നതെങ്കിൽ

ഇത്തവണ കൃഷിക്ക് 741.27 കോടി രൂപയും മണ്ണ്-ജല സംരക്ഷണത്തിന് 120.2 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. മൃഗസംരക്ഷണത്തിന് കഴിഞ്ഞ തവണ 330.35 കോടി രൂപയുണ്ടായിരുന്നത് ഈ വർഷം 314.7 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മത്സ്യബന്ധനത്തിന് 240.5 കോടി രൂപയായിരുന്നത് ഈ വർഷം 236.1 കോടി രൂപയും ഗ്രാമവികസനത്തിന് നിലവിലെ ബഡ്ജറ്റിൽ 669.81 കോടി രൂപയായിരുന്നത് പുതിയ ബഡ്ജറ്റിൽ 600 കോടി രൂപയും വ്യവസായത്തിന് കഴിഞ്ഞ തവണ 1567.4 കോടി രൂപയായിരുന്നത് ഇത്തവണ 1553.7 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. റോഡുകൾക്കും പാലങ്ങൾക്കും അങ്ങ് തുക കുറച്ചാണ് വക കൊള്ളിച്ചിട്ടുള്ളത്. കഴിഞ്ഞ തവണ 1454.32 കോടി രൂപയായിരുന്നത് ഇത്തവണ 1367.13 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പതിനായിരം കോടി രൂപയുടെ നാശനഷ്ടമാണ് കാർഷിക മേഖലയിൽ സംഭവിച്ചതെന്നാണ് സർക്കാരിന്റെ കണക്ക്. അടുത്ത വർഷത്തേയ്ക്ക് കൂട്ടതലായി വച്ചിട്ടുള്ളത് 26.45 കോടി രൂപ മാത്രമാണ്. കേരളത്തിലെ മുഴുവൻ ഡാമുകളും ഒന്നിച്ച് തുറന്നുവിട്ടതുമൂലം നദികൾ തന്നെ ഗതിമാറി ഒഴുകിയ സാഹചര്യത്തിൽ മണ്ണ്-ജല സംരക്ഷണത്തിന് ഒരു രൂപപോലും അധികം വച്ചിട്ടില്ല. ലക്ഷക്കണക്കിന് മൃഗങ്ങൾ ചത്തൊടുങ്ങിയ മേഖലയ്ക്ക് നയാപൈസപോലും അധികം വച്ചിട്ടില്ലെന്നു മാത്രമല്ല പ്ലാൻ വെട്ടിചുരുക്കിയിരിക്കുകയുമാണ്. 15.65 കോടി രൂപയാണ് നിലവിലുള്ള ബഡ്ജറ്റിൽനിന്നും ധനകാര്യ വകുപ്പുമന്ത്രി കുറവ് ചെയ്തിട്ടുള്ളത്. മത്സ്യത്തൊഴിലാളികളാണ് ഇന്നത്തെ കേരളത്തിന്റെ താരങ്ങൾ. നമ്മൾ എല്ലാവരും അവരെ പാടിപുകഴ്ത്തിയതാണ്. അവരാണ് നമ്മളെല്ലാവരെയും രക്ഷിച്ചതെന്ന് പറഞ്ഞു. സർക്കാരും വിവിധ സംഘടനകളും അവർക്ക് സ്വീകരണങ്ങൾ നൽകി വീർപ്പുമുട്ടിച്ചു. മനോരമ ന്യൂസ്മേക്കർ ഓഫ് ദ ഇയർ ആയി മത്സ്യത്തൊഴിലാളികളെ തെരഞ്ഞെടുത്തപ്പോൾ ഇവിടെ ധനകാര്യ വകുപ്പുമന്ത്രി ആ മേഖലയ്ക്ക് ഒന്നും കൊടുത്തില്ലെന്ന് മാത്രമല്ല നാല് കോടി രൂപയോളം കുറവ് ചെയ്യുകയും ചെയ്തു. ഗ്രാമവികസനത്തിനും വ്യവസായത്തിനും റോഡുകളുടേയും പാലങ്ങളുടേയും വികസനത്തിനും നിലവിലുള്ള ബഡ്ജറ്റിനേക്കാളും കുറഞ്ഞ തുകയാണ് ഇപ്പോൾ അവതരിപ്പിച്ച ബഡ്ജറ്റിലുള്ളത്. നവകേരള സൃഷ്ടിയുടെ ഒരു വലിയ മോഡലായിട്ടാണ് അങ്ങ് ഈ ബഡ്ജറ്റിനെ പറയുന്നത്. എങ്ങനെയാണ് നവകേരളം നമ്മൾ സൃഷ്ടിക്കുന്നത്; മൂന്ന് ദശാബ്ദങ്ങളായി കേരളത്തിന്റെ സാമ്പത്തിക മേഖലയുടെ ചാലകശക്തിയായ നിർമ്മാണമേഖലയെ ഈ ബഡ്ജറ്റ് തകർക്കും. നിരവധിയാളുകൾ തൊഴിൽരഹിതരാകും. കേരളത്തിലെ ഇക്കണോമിക് ബൂമിന്റെ അന്ത്യം കുറിക്കുന്ന ബഡ്ജറ്റാണിത്. വീട് ഒലിച്ചുപോയ പാവപ്പെട്ടവർക്ക് നൽകുന്ന 4 ലക്ഷം രൂപകൊണ്ട് കട്ടിളപ്പൊക്കംപോലും തീർക്കാൻ വിലക്കയറ്റംമൂലം സാധിക്കില്ല. ധനകമ്മി മൂന്ന് ശതമാനമായും റവന്യൂകമ്മി ഒരു ശതമാനമായും കുറയ്ക്കുമെന്നാണ് അങ്ങ് അവകാശവാദം ഉന്നയിച്ചിട്ടുള്ളത്. ജി.എസ്.ടി.

30 ശതമാനം വർദ്ധിക്കുമെന്നുള്ള പ്രതീക്ഷയാണ് അങ്ങേയ്ക്കുള്ളത്. നിലവിൽ ജി.എസ്.ടി. വളർച്ചാനിരക്ക് 10 ശതമാനം മാത്രമാണ്. 30 ശതമാനം എന്നത് അങ്ങയുടെ ഒരു ഉട്ടോപ്യൻ ആശയമാണ്. ധനകമ്മിയും റവന്യൂകമ്മിയും ഒരു പരിധിവിട്ട് വർദ്ധിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. വഖഫ് ബോർഡിന് കേവലം 72 ലക്ഷം രൂപയാണ് നിലവിലുള്ള ബഡ്ജറ്റിലുള്ളത്. അതിൽ 32 ലക്ഷം രൂപ മാത്രമാണ് റിലീസ് ചെയ്തത്. സാമൂഹ്യക്ഷേമ ഗ്രാന്റായി 8 കോടി രൂപയെങ്കിലും പ്രതിവർഷം ആവശ്യമുണ്ട്. അത് അനുവദിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിലെ എല്ലാ പ്രൊപ്പോസലിനെയും ഞാൻ തള്ളിപറയുന്നില്ല. ഏറ്റവും ഹൃദ്യമായ ഒരു സംഗതി വിശപ്പുരഹിത കേരളം പദ്ധതിയാണ്. അങ്ങ് ബഡ്ജറ്റിലൂടെ ഡി.വൈ.എഫ്.ഐ.-യെ അഭിനന്ദിച്ചിരിക്കുകയാണ്. വളരെയധികം സന്തോഷം തോന്നി. അത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മുഴുവൻ ആളുകളേയും ആ രീതിയിൽ കണക്കാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഉദാഹരണമായി, സൗജന്യമായി ഡയാലിസിസ് നടത്തുന്ന സി.എച്ച്. സെന്റർ ഉൾപ്പടെയുള്ള ധാരാളം കേന്ദ്രങ്ങളുണ്ട്. എല്ലാ പാർട്ടികൾക്കും സമുദായങ്ങൾക്കും അത്തരത്തിലുള്ള സംഘടനകളുണ്ട്. സൗജന്യ ഡയാലിസിസ് നടത്തുന്ന അത്തരം സ്ഥാപനങ്ങളുടെ വെള്ളക്കരവും വൈദ്യുതി ചാർജ്ജുമായി ലക്ഷ കണക്കിന് രൂപ പ്രതിമാസം കൊടുക്കണം. അതൊക്കെ അവരുടെ ചാരിറ്റിയുടെ ഭാഗമാണ്. ചാരിറ്റി നിർവ്വഹിക്കുന്ന, നയാപൈസപോലും പ്രതിഫലം കൂടാതെ ഡയാലിസിസ് ചെയ്യുന്ന സംഘടനകളുടെ വെള്ളക്കരവും വൈദ്യുതിചാർജ്ജും ഒഴിവാക്കി കൊടുക്കണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ ഡി.വൈ.എഫ്.ഐ.യുടെ കാര്യം പറഞ്ഞപ്പോൾ അങ്ങ് 20 കോടി രൂപ ഗ്രാന്റ് കൊടുക്കുന്ന കാര്യം സൂചിപ്പിച്ചു. അതിൽ ഇത്തരം സംഘടനകളെ കൂടി ഉൾപ്പെടുത്തണമെന്ന് ഞാനാവശ്യപ്പെടുകയാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം സംസാരിച്ചപ്പോൾ സൗജന്യ ഡയാലിസിസിനെക്കുറിച്ച് പറയുകയുണ്ടായി. കേരളത്തിൽ ഡയാലിസിസ് സെന്ററുകൾ നടത്തുന്ന ധാരാളം സ്ഥാപനങ്ങളുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജ് തന്നെ അതിന് ഉദാഹരണമായിട്ടെടുക്കാം. മഞ്ചേരി മെഡിക്കൽ കോളേജിൽ ഗവൺമെന്റ് നടത്തുന്ന ഡയാലിസിസ് സെന്ററിൽ 400 രൂപ കൊടുക്കണം. എച്ച്.എം.സി. ആണ് ആ ചെലവ് വഹിക്കുന്നത്. ആകെ 3 മെഷീനുകളാണുള്ളത്. തൊട്ടടുത്ത സി.എച്ച്. സെന്ററിൽ 12 മെഷീനുണ്ട്. അവിടെ 72 ആളുകൾക്ക് ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ഡയാലിസിസ് ചെയ്യുന്നുണ്ട്. നയാപൈസ അവർ വാങ്ങുന്നില്ല. അതിന്റെ അവസ്ഥ പരിതാപകരമാണെന്നത് ബഹുമാനപ്പെട്ട മന്ത്രിക്ക് പരിശോധിച്ചാൽ അറിയാൻ സാധിക്കും. അങ്ങനെ കേരളത്തിലുടനീളം ഡയാലിസിസ്

സെന്റർ നടത്തുന്ന സി.എച്ച്. സെന്റർ അടക്കമുള്ള സംഘടനകളുണ്ട്. അവരെ സഹായിക്കാൻ അങ്ങ് വിശാലമനസ്കത കാണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട അംഗം അക്കാര്യമാണ് പറഞ്ഞുവന്നതെന്ന് ഞാൻ കരുതുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, തീർച്ചയായും ഞാൻ ആ കാര്യം തന്നെയാണ് പറഞ്ഞത്. അതിൽ രാഷ്ട്രീയമോ മതമോ ജാതിയോ സംഘടനയോ നോക്കേണ്ട ആവശ്യമില്ല. ക്രൈസ്തവ-ഹൈന്ദവ സംഘടനകൾ ഡയാലിസിസ് സെന്ററുകൾ നടത്തുന്നുണ്ട്. രാഷ്ട്രീയപാർട്ടികൾ തന്നെ മുൻകയ്യെടുത്ത് നടത്തുന്നുണ്ട്. സി. എച്ച്. സെന്റർ ഇക്കാര്യത്തിൽ വളരെ ഉന്നതനിലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. അങ്ങ് പ്രഖ്യാപിച്ച ഇരുപത് കോടി രൂപയുടെ കൂട്ടത്തിൽ കുറച്ചുകൂടി ഫണ്ട് അനുവദിക്കണം. നൂറ് ശതമാനം ചാരിറ്റിയിൽ പ്രവർത്തിക്കുന്ന, ഡയാലിസിസ് പോലുള്ളവ സൗജന്യമായി ചെയ്യുന്ന സംഘടനകൾക്ക് കൂടി ഗ്രാന്റ് അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അങ്ങ് ഒരു കാരുണ്യം അവസാനിപ്പിച്ചുകൊണ്ട് മറ്റൊരു കാരുണ്യം തുടങ്ങിയിരിക്കുകയാണ്. അക്കാര്യത്തിൽ വളരെ സന്തോഷവുമുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് കൂടി നിലനിർത്തണം. അത് ശ്രീ. കെ. എം. മാണി കൊണ്ടുവന്നതാണെന്ന ധാരണയിൽ ഒഴിവാക്കിക്കളയരുത്. പാവപ്പെട്ട രോഗികൾക്ക്, പ്രത്യേകിച്ച് ഹൃദ്രോഗികൾക്കും ക്യാൻസർ രോഗികൾക്കും കിഡ്നി രോഗികൾക്കും വളരെയധികം പ്രയോജനപ്പെടുന്നതാണ് കാരുണ്യ ബെനവലന്റ് ഫണ്ട്. അതുപോലെ, അങ്ങ് ഇപ്പോൾ തുടങ്ങിവച്ച പദ്ധതിയിൽ ഇരുപത് കോടി രൂപ വകയിരുത്തിയിരിക്കുന്നു. അങ്ങയുടെ പേരും ചരിത്രത്തിന്റെ ഭാഗമാകുകയാണ്. അതിൽ കുറച്ചുകൂടി ഫണ്ട് അനുവദിച്ചുകൊണ്ട് ഞാൻ നേരത്തേ സൂചിപ്പിച്ച സംഘടനകൾക്കും സംരംഭങ്ങൾക്കും കൂടി ഗ്രാന്റ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ഉണ്ണി: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2019-20-ലെ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. ഈ ബഡ്ജറ്റ് ക്രൂരതയാണെന്നാണ് എനിക്ക് മുമ്പ് സംസാരിച്ച ബഹുമാന്യനായ വി. കെ. ഇബ്രാഹിം കുഞ്ഞ് പറഞ്ഞത്. ഈ അടുത്ത ദിവസം എന്റെ ജില്ലയിലെ അട്ടപ്പാടിയിൽ സ്ഥലം എം.എൽ.എ.-യും ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലനും പങ്കെടുത്ത ഒരു പരിപാടി ഉണ്ടായിരുന്നു. പിറ്റേന്നാണ് ഞാൻ അട്ടപ്പാടിയിൽ പോയത്. അവിടെ ഏറ്റവും വലിയ കട്ട്-ഔട്ട് അതായത് ഫ്ലക്സ് ബോർഡ് ഞാൻ കണ്ടത് അട്ടപ്പാടിയിലാണ്. വീടുകളിൽ നെല്ല് ഉണക്കുന്ന പരമ്പ് പോലുള്ള നിരവധി വലിയ ഫ്ലക്സുകളാണ് വച്ചിരുന്നത്. അതിൽ ഏറ്റവും വലിപ്പത്തിൽ ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.-യുടെ ചിത്രമാണ്, അദ്ദേഹത്തിന്റെ ചിത്രത്തിന്റെ താഴെ ഒരു പപ്പടവട്ടത്തിൽ വകുപ്പുമന്ത്രിയുടെ

ചിത്രവുമുണ്ട്. സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങളിൽ പൂർണ്ണ സംതൃപ്തി പ്രകടിപ്പിച്ചുകൊണ്ടാണ് എം.എൽ.എ. അത് വച്ചിട്ടുള്ളത്. പക്ഷേ, ലീഗിലെ എല്ലാ എം.എൽ.എ.-മാരും സർക്കാരിന്റെ പദ്ധതികളെയും വികസനത്തെയും കുറിച്ച് ഏകാഭിപ്രായക്കാരല്ലെന്ന് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നി. ഒരു പുതിയ കേരളം നിർമ്മിക്കാനാണ് നമ്മൾ ലക്ഷ്യമിടുന്നത്. ധാരാളം ദുരന്തങ്ങൾ ഈ അടുത്ത കാലത്ത് നമുക്ക് അനുഭവിക്കേണ്ടി വന്നു. അതിലൊന്നായിരുന്നു മാരകമായ 'നിപ' വൈറസ്. ആളുകളെ ഭീതിപ്പെടുത്തുന്ന ഒരവസ്ഥ കേരളത്തിലുടനീളമുണ്ടായി. അതിനേക്കാൾ വലിയ ദുരന്തമാണ് പ്രളയംമൂലം ഉണ്ടായത്. നൂറ് വർഷങ്ങൾക്കപ്പുറം കേരളത്തിൽ പ്രളയമുണ്ടായി എന്ന് പറഞ്ഞാലും ഈ പ്രളയത്തെ പ്രത്യേകമായി കാണേണ്ടതാണ്. നൂറ് വർഷങ്ങൾക്കപ്പുറമുണ്ടായിരുന്ന കേരളമല്ല ഇന്നത്തെ കേരളം. ജനവാസത്തിന്റെ കാര്യത്തിലായാലും വീടുകൾ, ഫാക്ടറികൾ, വ്യവസായങ്ങൾ തുടങ്ങിയവയുടെ കാര്യത്തിലായാലും ധാരാളം മാറ്റങ്ങൾ കേരളത്തിലുണ്ടായിട്ടുണ്ട്. നൂറ് വർഷങ്ങൾക്കപ്പുറം പ്രളയമുണ്ടായി എന്നത് ഒരു ആശ്വാസ വാക്കല്ല എന്നാണ് ഞാൻ പറഞ്ഞത്. അത്രയും ഗുരുതരമായ പ്രളയമാണ് കേരളത്തിലുണ്ടായത്. ആഗസ്റ്റ് 8-ാം തീയതി മുതൽ രണ്ടാഴ്ചയിലധികം കേരളത്തിലെ പല പ്രദേശങ്ങളും വെള്ളത്തിനടിയിലായിരുന്നു. ആ ദുരന്തത്തിന് പുറകേയാണ് ശബരിമല ചുഴലിക്കാറ്റടിച്ചത്. കേരളത്തിൽ പ്രളയകാലത്തുണ്ടായ ജനങ്ങളുടെ മാനസികമായ ഐക്യത്തെ വ്രണപ്പെടുത്തുന്ന തരത്തിലുള്ള ധാരാളം സംഭവങ്ങൾ ശബരിമല വിഷയത്തിന്റെ പേരിൽ വർഗ്ഗീയവാദികൾ കൊലവിളിയും അട്ടഹാസവും നടത്തിയതുമൂലമുണ്ടായി. അതും ഒരു ദുരന്തമായിരുന്നു. അങ്ങനെ ഒരവസ്ഥയിലൂടെയാണ് കേരളം മുന്നോട്ടുപോയത്. മുറിവേറ്റ മനസ്സുകളെ വീണ്ടെടുക്കാനും ഐക്യത്തോടുകൂടി കേരള പുനർനിർമ്മിതിക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ എല്ലാ ജനങ്ങളെയും ഒരുപോലെ അണിനിരത്താനും ഈ ബഡ്ജറ്റിലൂടെ നമുക്ക് കഴിയേണ്ടതുണ്ട്. ഈ ദുരന്തങ്ങൾ ഏൽപ്പിച്ച ആഘാതത്തിൽ നിന്നും കരകയറാൻ ദുഷ്കരമാണെങ്കിൽപ്പോലും നമുക്കത് സാധ്യമാകേണ്ടതുണ്ട്. സൃഷ്ടിപരമായ ഭാവനയുള്ള ഒരു ഭരണാധികാരിക്ക് മാത്രം സാധ്യമാകുന്നതാണ് പ്രതിസന്ധികൾക്കിടയിലും പ്രതീക്ഷകളോടെ ജനങ്ങൾക്ക് ആശ്വാസം പകരുന്ന ഈ ബഡ്ജറ്റ്. പതറാത്ത, നെഞ്ചുറപ്പുള്ള ഭരണാധികാരിയായ മുഖ്യമന്ത്രിയെ പ്രളയക്കെടുതിയിൽ നാം കണ്ടു. തുടർന്ന്, നവകേരളം പടുത്തുയർത്താൻ നാം ബാധ്യസ്ഥരാണെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ടുള്ള ബജറ്റ് അവതരിപ്പിച്ച ധനകാര്യ മന്ത്രിയെയും നാം കണ്ടു. നവകേരള നിർമ്മാണമാണ് ഈ ബഡ്ജറ്റിന്റെ പരമപ്രധാനമായ ലക്ഷ്യം. പ്രളയം തകർത്തെറിഞ്ഞ കേരളത്തെ നവീന മാതൃകയിൽ സൃഷ്ടിച്ചെടുക്കുക എന്ന വെല്ലുവിളിയാണ് ഈ ബഡ്ജറ്റിലൂടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഏറ്റെടുത്തിരിക്കുന്നത്. അദ്ദേഹത്തെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. നവകേരള നിർമ്മിതിക്കായി ഇരുപത്തിയഞ്ച്

പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. അതിനായി ഒരു ഫ്രെയിം തന്നെ ഈ ബഡ്ജറ്റിൽ ഒരുക്കി വച്ചിരിക്കുന്നു. പ്രളയം ബാധിച്ച പഞ്ചായത്തുകൾക്ക് കൈത്താങ്ങായി ഇരുപത്തിയഞ്ച് കോടി രൂപ പ്രഖ്യാപിച്ചിരിക്കുന്നത് ഉയർന്ന കാഴ്ചപ്പാടോടു കൂടിയാണ്. ധനകാര്യ വകുപ്പുമന്ത്രി വളരെ വിദഗ്ദ്ധമായാണ് ഇതിനെ കൈകാര്യം ചെയ്തിരിക്കുന്നത്. അത്യന്തം പ്രത്യാശയ്ക്ക് വക നൽകുന്നതാണ് ആ സമീപനം. വാർഷിക പദ്ധതിയിൽ നീക്കിവച്ച തുക അപര്യാപ്തമായാൽ ഇനിയും തുക അനുവദിക്കാമെന്ന ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ഉറപ്പ് ആശ്വാസകരമാണ്. തികച്ചും ഇടതുപക്ഷ കാഴ്ചപ്പാടാണ് ഈ ബഡ്ജറ്റിൽ കണ്ടത്. ഈ വർഷം ഇരുപത് വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലായി എന്നത് സർക്കാരിന്റെ മുഖമുദ്രയാണ്. കേരളത്തിലെ വ്യവസായ മേഖല ശ്മശാന തുല്യമായിരുന്നു. ആ മേഖലയെ തൊട്ടുണർത്താനും ഇരുപതോളം വ്യവസായശാലകൾ ലാഭകരമാക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വ്യവസായ വകുപ്പിന്റെ ഒരു വിജയമായി ഞാൻ കാണുകയാണ്. പ്രളയം തകർത്തെറിഞ്ഞ കേരളത്തിന് കേന്ദ്രത്തിൽ നിന്നും തുച്ഛമായ സഹായമാണ് ലഭിച്ചത്. എല്ലാം തിരസ്കരിക്കുന്ന, നിഷേധിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. കാർഷിക മേഖലയ്ക്ക് 2500 കോടി രൂപയാണ് ഈ സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. അതിൽ നെൽകൃഷിക്ക് മാത്രമായി 91 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്റെ നിയോജകമണ്ഡലം ഉൾക്കൊള്ളുന്ന പാലക്കാട് നെൽകൃഷിക്ക് വളരെ പ്രാമുഖ്യമുള്ള ഒരു ജില്ലയാണ്. ബഡ്ജറ്റിൽ നെൽകൃഷിക്ക് നൽകിയ പ്രാധാന്യം കണ്ടുകൊണ്ടാണ് ഇക്കാര്യം പറയുന്നത്. നെൽകൃഷി മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരി ക്കുന്നതിന് കൂടുതൽ ഫണ്ട് അനുവദിക്കണമെന്ന് ഞാൻ ധനകാര്യ വകുപ്പുമന്ത്രിയോട് അപേക്ഷിക്കുകയാണ്. കേരള പുനർനിർമ്മാണത്തിനാവശ്യമായ പദ്ധതികൾ ഒന്നിച്ചുകൊണ്ടുപോകുന്ന കാഴ്ചപ്പാടാണ് വളരെ സമർത്ഥമായി ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ബഡ്ജറ്റിൽ ഫണ്ട് വകയിരുത്താനും കഴിഞ്ഞിട്ടുണ്ട്. ഫ്ലക്സ് ബോർഡുകളും അതുപോലെയുള്ള പ്രചരണ ഉപാധികളുമല്ല വിഷയം. ജനങ്ങൾ ബഡ്ജറ്റിന്റെ ഗുണഫലങ്ങൾ എങ്ങനെ അനുഭ വിക്കുകയും കാണുകയും ചെയ്യുന്നു എന്നതാണ് കാണേണ്ടത്. പ്രളയം തകർത്തെറിഞ്ഞത് സംസ്ഥാനത്തെ പാലങ്ങളും റോഡുകളുമാണെന്ന വസ്തുത നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. തകർന്ന റോഡുകളും പാലങ്ങളും പുനർനിർമ്മിക്കുന്നതിന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ജി. സുധാകരന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നതിനുവേണ്ടി ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. പ്രളയത്തിൽ തകർന്ന റോഡുകൾ, പാലങ്ങൾ എന്നിവ പുനർനിർമ്മിക്കുന്നതിനായി 1191 കോടി രൂപയുടെ ഭരണാനുമതിയാണ് 20-12-2018-ൽ സർക്കാർ പുറപ്പെടുവിച്ചത്. അതിനുപുറമേ ഈ ബഡ്ജറ്റിൽ 1367 കോടി രൂപ പ്രഖ്യാപിച്ചിരിക്കുന്നു. 6000 കിലോമീറ്റർ ദൂരം റോഡ് നിർമ്മിക്കുമെന്ന

പ്രഖ്യാപനം ഗൗരവത്തിൽ തന്നെയാണ് കാണേണ്ടത്. കേരളത്തെ പുനർനിർമ്മിക്കുന്നതിനായി ഇരുപത്തിയഞ്ച് പദ്ധതികൾ എന്നത് എടുത്തുപറയേണ്ടതാണ്. 1.42 ലക്ഷം കോടി രൂപയുടെ പ്രതീക്ഷിത ചെലവാണ് ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചിരിക്കുന്നത്. വാർഷിക പദ്ധതി, പുനർനിർമ്മാണ പദ്ധതി, കിഫ്ബി ഇവ സംയോജിപ്പിച്ചാണ് ഓരോ പദ്ധതിയും യാഥാർത്ഥ്യമാക്കാൻ പോകുന്നത്. പ്രളയാനന്തര കേരളത്തെ പുനർനിർമ്മിക്കുക എന്നതും നവകേരളം പടുത്തുയർത്തുക എന്നതും ലക്ഷ്യബോധത്തോടെയുള്ള ഭാവനാപൂർണ്ണമായ നടപടികളാണ്. എൽ.ഡി. എഫ്.-ന്റെ ഭരണകാലത്താണ് വ്യവസായ മേഖല ലാഭത്തിൽ പ്രവർത്തിച്ചിട്ടുള്ളത്. നിലവിൽ ഇരുപത് വ്യവസായങ്ങൾ ലാഭകരമായി പ്രവർത്തിപ്പിക്കുന്നുവെന്നത് തൊഴിലാളികൾക്കും തൊഴിലാളി കുടുംബങ്ങൾക്കും പ്രതീക്ഷ നൽകുന്നതാണ്. വ്യവസായ വകുപ്പിൽ ശക്തമായ ഇടപെടൽ നടത്തുന്ന വ്യവസായ വകുപ്പുമന്ത്രിയെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു.

ക്ഷേമ പെൻഷനിലും 100 രൂപ വർദ്ധനവുണ്ടായി. ഇത് എൽ.ഡി.എഫ്.-ന്റെ തെരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്നു. പഞ്ചായത്തുകളിൽ വയോജനങ്ങൾക്ക് പകൽവീട്, പ്രളയബാധിത പഞ്ചായത്തുകൾക്ക് ധനസഹായം, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് 75 കോടി രൂപ, പതിനായിരം കോടി രൂപയുടെ പാലങ്ങളും റോഡുകളും ഇതൊക്കെയാണ് പ്രതീക്ഷ നൽകുന്ന ബഡ്ജറ്റിന്റെ ഉള്ളടക്കങ്ങൾ. നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾ മാത്രമല്ല, ഇതര സംസ്ഥാനങ്ങളിലെ ഭരണാധികാരികളും ജനങ്ങളും സംസ്ഥാന സർക്കാരിനെയും അതിന് നേതൃത്വം കൊടുക്കുന്ന മുഖ്യമന്ത്രിയെയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. ഇവിടെ ബഹുമാന്യനായ കെ. സി. ജോസഫ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചപ്പോൾ ചില പത്രവാർത്തകൾ വായിക്കുകയുണ്ടായി. അദ്ദേഹം ചില പത്രങ്ങൾ മാത്രമേ വായിക്കാറുള്ളോ എന്നതാണ് എന്റെ സംശയം. ഇന്നലെ പ്രസിദ്ധീകരിച്ച പ്രമുഖ ദിനപത്രമാണ് എന്റെ കയ്യിലുള്ളത്. ഇതിൽ മുഖ്യമന്ത്രിയെക്കുറിച്ചും അദ്ദേഹത്തിന്റെ സമീപനത്തെക്കുറിച്ചും ധാരാളം കാര്യങ്ങൾ എഴുതിയിട്ടുണ്ട്. സമയമില്ലാത്തതുകൊണ്ട് വായിക്കുന്നില്ല. ശ്രീ. കെ. സി. ജോസഫ് ഈ പത്രം വായിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. എ. എൻ. ഷംസീർ: സർ, ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു.കേരളത്തിന്റെ മണ്ണും ജലവും കൃഷിയും പ്രകൃതിയും വ്യവസായവും നവോത്ഥാന പാരമ്പര്യവും സംരക്ഷിച്ച് നാടിനെ മുന്നോട്ടുകൊണ്ടുപോകാൻ ദീർഘവീക്ഷണത്തോടെയാണ് അദ്ദേഹം ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് ഈ

ബഡ്ജറ്റിനെ പിന്തുണയ്ക്കാൻ ഞങ്ങൾ മുന്നോട്ടുവരുന്നത്. ഈ ബഡ്ജറ്റ് അവതരിപ്പിച്ച ദിവസം കേരളത്തിലെ ദൃശ്യ-പത്ര മാധ്യമങ്ങളിലെല്ലാം ഡിബേറ്റുകൾ സംഘടിപ്പിച്ചപ്പോൾ അതിൽ യു.ഡി.എഫ്.-കാരും പങ്കെടുത്തിരുന്നു. യു.ഡി.എഫ്.-കാർ ആരും തന്നെ ബഡ്ജറ്റിനെ കുറ്റപ്പെടുത്തിയില്ല. നിങ്ങൾ എവിടെനിന്നാണ് റിസോഴ്സ് കണ്ടെത്തു കയെന്ന് അവർ ചോദിച്ചു. അതിന് മറുപടിയായി നികുതി ചോർച്ച തടയുന്നതുവഴി റിസോഴ്സ് കണ്ടെത്തുമെന്ന് ഡോ. ടി. എം. തോമസ് ഐസക്തന്നെ ഡിബേറ്റിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞു. കേരളത്തിൽ കൂടുതൽ നികുതി ചോർച്ചയുണ്ടാകുന്നത് സ്വർണ്ണ വ്യാപാരവുമായി ബന്ധപ്പെട്ടാണ്. കേരളത്തിന്റെ ഓരോ മേഖലയിലുമുള്ള നികുതി ചോർച്ച തടഞ്ഞുകൊണ്ട് ഏറ്റവും മികച്ച നികുതി പിരിക്കുന്ന സംസ്ഥാനമാക്കി മാറ്റി റിസോഴ്സ് കണ്ടെത്തുമെന്നാണ് സഖാവ് ഡോ. ടി. എം. തോമസ് ഐസക് അന്ന് പറഞ്ഞത്. കേരളം മഹാദുരന്തങ്ങളെ അതിജീവിച്ച നാടാണ്. മുഖ്യമന്ത്രിയുടെ പത്രസമ്മേളനം വൈകുന്നേരങ്ങളിൽ ഒരു ടിവി സീരിയൽ കാണുന്നതുപോലെ കേരളത്തിലെ ജനങ്ങൾ കണ്ടു. കാരണം, ആ പത്രസമ്മേളനങ്ങളിലെല്ലാം ജനങ്ങൾക്ക് ആത്മവിശ്വാസം പകരുന്ന വാർത്തകളായിരുന്നു ഉണ്ടായിരുന്നത്. ഇവിടെ ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിൽ 25 പദ്ധതികൾ പ്രഖ്യാപിച്ചിരിക്കുന്നു. ഇതെല്ലാം പുതിയ കേരളമാക്കി മാറ്റാനുള്ള പ്രക്രിയയ്ക്ക് വേണ്ടിയാണ്. യു.ഡി.എഫ്. അംഗങ്ങൾ നിയമസഭയിൽ ബഡ്ജറ്റിനെ വിമർശിക്കു ന്നതുപോലെ അവരവരുടെ മണ്ഡലങ്ങളിൽ പോയി വിമർശിക്കാൻ ധൈര്യമുണ്ടോ? എല്ലാവരും ഞങ്ങൾക്ക് ഇത്ര കോടി രൂപ കിട്ടി എന്നുപറഞ്ഞുകൊണ്ടുള്ള ബോർഡ് വച്ചിട്ടുണ്ടല്ലോ. തെങ്ങിന്റെ മുകളിൽ നിന്ന് പലരും അഭിവാദ്യം ചെയ്യുന്നുണ്ടല്ലോ ഞങ്ങൾക്ക് ഇത്ര കോടി രൂപ കിട്ടിയെന്ന്. ഈ സ്കൂളിൽ ഞങ്ങൾ ഫണ്ട് അനുവദിച്ചിരിക്കുന്നു; ഇന്ന ആശുപത്രിക്ക് ഞങ്ങൾ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചിരിക്കുന്നു; കിട്ടാത്തവർ ആരാണുള്ളതെന്ന് ചോദിക്കുന്നുണ്ടല്ലോ? ഈ സർക്കാരിന്റെ ആനുകൂല്യം കിട്ടാത്ത ഏതെങ്കിലും നിയമസഭാ സാമാജികരുണ്ടോ? ഇവിടെ റിയാലിറ്റി ഷോയിലെ ജൂറിമാരെപ്പോലെയാണ് കുറ്റപ്പെടുത്തുന്നത്. റിയാലിറ്റി ഷോയിൽ എത്ര നന്നായി പാടിയാലും 'കുട്ടി ആ വരി കുറച്ചു നീട്ടണം, മറ്റേ വരി കുറച്ച് കുറയ്ക്കണം' എന്നൊക്കെ ജൂറിമാർ പറയും. റിയാലിറ്റി ഷോയിലെ ജൂറിമാരെപ്പോലെ കുറ്റം പറയുന്നതിനപ്പുറത്തേക്ക് ആത്മാർത്ഥമായി ഈ സർക്കാരിനെയും ബഡ്ജറ്റിനെയും വിമർശിക്കാൻ ഇവർക്കാർക്കെങ്കിലും സാധിക്കുമോയെന്ന ചോദ്യമാണ് വളരെ വിനയത്തോടെ ഞങ്ങൾ ചോദിക്കുന്നത്. ഈ സർക്കാർ അവതരിപ്പിച്ച പദ്ധതികളിൽ സാമൂഹ്യസുരക്ഷാ പെൻഷൻ 1200 രൂപയാക്കി. സമഗ്രപശ്ചാത്തല സൗകര്യ വികസനത്തിനായിരുന്നു ഈ സർക്കാർ ഊന്നൽ കൊടുത്തത്. ദേശീയപാത നവീകരണം കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നടപ്പാക്കും. കേരളത്തിൽ ഒന്നും നടക്കില്ലെന്ന സന്ദേശം മാറിയില്ലേ; കേരളത്തിന്റെ ദേശീയപാതകൾ നവീകരിക്കപ്പെടാൻ തുടങ്ങിയില്ലേ. തലശ്ശേരി-മാഹി ബൈപ്പാസ് ഞാൻ ജനിക്കുന്നതിന്

മുൻപുള്ളതാണ്. അതിന്റെ പ്രവൃത്തി ആരംഭിച്ചില്ലേ? 80% പണി നിങ്ങൾ കണ്ണൂർ എയർപോർട്ടിൽ പൂർത്തിയാക്കിയെന്നാണ് നിങ്ങൾ പറയുന്നത്. നിങ്ങൾ ഇറക്കിയ ഒരു 5 1/2 ടൺ ഭാരമുള്ള വിമാനമല്ല ഞങ്ങൾ കണ്ണൂർ എയർപോർട്ടിൽ ഇറക്കിയത്. കണ്ണൂർ വിമാനത്താവളം നിങ്ങൾക്കുകൂടി സഞ്ചരിക്കാൻ സാധിക്കുന്നരീതിയിലേക്ക് ഉദ്ഘാടനം ചെയ്തപ്പോൾ നിങ്ങളുടെ പാർട്ടിയിലുള്ള ഒരു സാമാജികൻ 'മുഖ്യമന്ത്രിയും മന്ത്രിമാരും എം.എൽ.എ.-മാരും സൗജന്യ യാത്ര നടത്തിയെന്ന്' പറഞ്ഞ് ആക്ഷേപിച്ചു. ഇത് ശരിയാണോ? കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമായിരിക്കുന്നു. പൊതു മേഖലാ വ്യവസായങ്ങളെ പൂർണ്ണമായും ലാഭത്തിൽ കൊണ്ടുവരാൻ ഈ സർക്കാരിന് സാധിച്ചു. അതോടൊപ്പം, പുനർനിർമ്മാണം എന്നുപറയുമ്പോൾ റോഡുകൾ തകർന്നത് ഇടതുപക്ഷത്തിന്റെ എം.എൽ.എ.-മാർ ജീവിക്കുന്ന പ്രദേശത്ത് മാത്രമാണോ? പുതിയ പാലം നിർമ്മിക്കുമ്പോൾ ആ പാലത്തിലൂടെ കമ്മ്യൂണിസ്റ്റുകാർ മാത്രമേ പോകാൻ പാടുള്ളൂവെന്ന് ഞങ്ങൾ എവിടെയും പറയുന്നില്ല. വീടുകൾ തകർന്നത് കമ്മ്യൂണിസ്റ്റുകാരുടെ മാത്രമല്ലല്ലോ. പ്രളയം വന്നപ്പോൾ ഒരു പ്രദേശത്തെ എല്ലാ ജനങ്ങളുടെയും വീടുകളും റോഡുകളും പാലങ്ങളും തകർന്നിട്ടുണ്ട്. ഈ സർക്കാർ അഭ്യർത്ഥിച്ചത് പ്രളയം ബാധിച്ച നാടിനെ രക്ഷിക്കാനായിരുന്നു. നിങ്ങൾ എന്താണ് ചെയ്തത്? നിങ്ങൾ കോൺഗ്രസും ബി.ജെ.പി.-യും സയാമീസ് സഹോദരങ്ങളാണ്. സാലറി ചലഞ്ച് പൊളിക്കാൻ യു.ഡി.എഫ്. പാരവച്ചപ്പോൾ വിദേശസഹായം തടയാൻ ബി.ജെ.പി. പാരവച്ചു, ഇതല്ലേ ഉണ്ടായത്? കേരളത്തെ രക്ഷിക്കാൻ ആർജ്ജവത്തോടുകൂടി ഈ ഗവൺമെന്റ് മുന്നിട്ടിറങ്ങിയപ്പോൾ കോൺഗ്രസും ബി.ജെ.പി.യും അതിന് പാരവയ്ക്കുന്ന കാഴ്ചയായിരുന്നു കേരളം കണ്ടത്. ഇവിടെ ഓരോ മേഖലയിലും കേരളത്തിന്റെ മുഖം മാറി. 1000 കോടി രൂപയുടെ കുട്ടനാട് പാക്കേജ്, കൃഷി വികസനം, റബ്ബർ പാർക്കുകൾ ഇങ്ങനെ ഓരോ കാര്യങ്ങളും എനിക്ക് മുൻപ് സംസാരിച്ച സഖാക്കൾ ഇവിടെ സൂചിപ്പിച്ചു. കേരള ബാങ്ക് യാഥാർത്ഥ്യമാകാൻ പോകുന്നു. അതിനും നിങ്ങൾ പാരവയ്ക്കുകയല്ലേ? കേരള ബാങ്ക് യാഥാർത്ഥ്യമാകുമ്പോൾ അതിലൂടെ നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി ഫണ്ട് വിനിയോഗിച്ചുകൂടേ? അതിനെയും നിങ്ങൾ പാരവയ്ക്കാൻ ശ്രമിക്കുന്നു. എന്തും ഏതും പാരവച്ച് കേരളത്തിന്റെ വികസനത്തിന് തുരങ്കം വയ്ക്കുന്ന സമീപനവുമായിട്ടാണ് നിങ്ങൾ മുന്നോട്ടു പോകുന്നത്. വ്യാവസായിക മേഖലയ്ക്ക് ഈ സർക്കാർ ഊന്നൽ കൊടുക്കുന്നു. കണ്ണൂരിൽ ഉൾപ്പെടെ പുതിയ വ്യാവസായിക പാർക്കുകൾ വരുന്നു. ബഹുമാനപ്പെട്ട എം. കെ. മുനീറിന് കണ്ണൂരിനോട് എന്തോ വെറുപ്പാണ്. അതുകൊണ്ടാണല്ലോ രാവിലെ പറഞ്ഞത്, നിങ്ങൾ കണ്ണൂർ എയർപോർട്ടിനെ മാത്രം രക്ഷിക്കാൻ ശ്രമിക്കുന്നുവെന്ന്. എന്തിനാണ് ഒരു കണ്ണൂർ വിരോധം? എന്തിനാണ് ഈ parochialism? അത് ഉപേക്ഷിക്കണം. അതുമാത്രമല്ല പുതിയ റോഡുകളും പാലങ്ങളുമുണ്ടാകുന്നു. കേരളത്തിന്റെ അടിസ്ഥാന വികസനത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള സമീപനങ്ങൾ സ്വീകരിച്ചുകൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. വനിതാ ശാക്തീകരണത്തിനും സർക്കാർ

പ്രാമുഖ്യവും പരിഗണനയും കൊടുക്കുന്നു. കേരളത്തിലെമ്പാടും സംഘികൾ പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നത് ശബരിമലയിലെയും ഹിന്ദു അമ്പലങ്ങളിലെയും ഫണ്ട് സർക്കാർ എടുത്തുകൊണ്ടുപോകുന്നുവെന്നാണ്. അത് പൂർണ്ണമായും തെറ്റാണെന്ന് ഞങ്ങൾ ഓരോ കാലത്തും പറഞ്ഞിട്ടുണ്ട്. 739 കോടി രൂപ ശബരിമല പാക്കേജ് പ്രഖ്യാപി ച്ചിരിക്കുന്നു. അതിനെയും നിങ്ങൾ പരിഹസിച്ചില്ലേ. എന്തിനെയും ഏതിനെയും പരിഹസിക്കുന്നരീതി ഉത്തരവാദപ്പെട്ട രാഷ്ട്രീയ പ്രവർത്തകർക്ക് യോജിച്ചതാ ണോയെന്ന് യു.ഡി.എഫ്. നേതൃത്വം നല്ലതുപോലെ ചിന്തിക്കണം. കോൺഗ്രസ് ഇപ്പോൾ ഐ.സി.യു.-വിൽനിന്നും സെമി ഐ.സി.യു.-വിലേയ്ക്ക് മാറിയിട്ടുണ്ട്. അല്ലാതെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ഇന്ത്യൻ രാഷ്ട്രീയത്തിലേയ്ക്ക് തിരിച്ചു വന്നുവെന്ന് നിങ്ങൾ വീമ്പടിക്കുകയൊന്നും വേണ്ട. ഇന്ത്യൻ രാഷ്ട്രീയത്തിൽ കോൺഗ്രസിന് തിരിച്ചുവരാൻ സാധിക്കുന്ന സാഹചര്യം ഇപ്പോഴില്ല. ആരാണ് ശ്രീ. ദീപക് തൽവാർ. കഴിഞ്ഞ ദിവസം ശ്രീ. രാഹുൽ ഗാന്ധി ദുബായിൽ പോയല്ലോ. അവിടെവച്ച് എന്തിനായിരുന്നു ശ്രീ. ദീപക് തൽവാറുമായി രഹസ്യചർച്ച നടത്തിയത്. ശ്രീ. ദീപക് തൽവാർ അഗസ്റ്റാവെസ്റ്റ് ലാൻഡിലെ 3600 കോടി ഹെലികോപ്റ്റർ ഡീലിന്റെ ഫിക്സ്ചറാണ്. അദ്ദേഹം ഇപ്പോൾ expedite ചെയ്ത് ഇന്ത്യയിലെത്തി. ഗാന്ധി കുടുംബവുമായി ശ്രീ. ദീപക് തൽവാറിനുള്ള ബന്ധത്തെക്കുറിച്ച് അന്വേഷിക്കണം. ആ അന്വേഷണം പുറത്തുവരുമ്പോൾ കോൺഗ്രസും ഗാന്ധി കുടുംബവും അഴിമതിയുടെ ഭാഗമാണെന്ന കാര്യം ഒരിക്കൽക്കൂടി ഉറപ്പുവരുത്താൻ കഴിയും. ഇവിടെ അഴിമതി നടത്തുന്ന കാര്യത്തിൽ കോൺഗ്രസും ബി.ജെ.പി.-യും ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണ്. ഇവിടെ കോൺഗ്രസിനെക്കുറിച്ച് വളരെ വിഖ്യാതമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. Virginia University-ലെ പ്രൊഫസ്സർ John Echeverri-Gent കോൺഗ്രസിൽ ജനാധിപത്യമില്ലാതാകുന്നു എന്ന് പറഞ്ഞത് എന്തുകൊണ്ടാണ്? കോൺഗ്രസിന്റെ ക്യാമ്പയിൻ ഫണ്ടുകൾ/ കോൺഗ്രസിന്റെ പൊളിറ്റിക്കൽ ഫണ്ടുകൾ ഒരു കുടുംബം കൈകാര്യം ചെയ്യുന്നു. ആ കുടുംബം മഹത്തരമുള്ള കുടുംബമാണെന്ന് സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുമ്പോൾ നിങ്ങൾ സ്വയം ചെറുതാകുന്നു എന്ന് മാത്രമേ ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളൂ. ഇവിടെ നിങ്ങൾ ആലോചിക്കേണ്ടത് കോൺഗ്രസിന്റെ സോഫ്റ്റ് ഹിന്ദുത്വത്തെക്കുറിച്ചാണ്. ഇവിടെ ലോകം ആദരിക്കുന്ന ഒരു രാഷ്ട്രീയ ചിന്തകനായ ഹർഷ് മന്ദർ പറഞ്ഞത്, "Muslims are becoming invisible in Congress party" എന്നാണ്. കോൺഗ്രസിലെ മുസ്ലീം മുഖങ്ങൾ എവിടെപ്പോയി. എവിടെപ്പോയി ശ്രീ. ഗുലാം നബി ആസാദ്? എവിടെപ്പോയി ശ്രീ. അഹമ്മദ് പട്ടേൽ? കോൺഗ്രസിൽ ശ്രീമതി സോണിയാ ഗാന്ധിയുടെ രാഷ്ട്രീയ ഉപദേശകനായിരുന്നു ശ്രീ. അഹമ്മദ് പട്ടേൽ. ഗുജറാത്ത് തെരഞ്ഞെടുപ്പിൽ നിങ്ങൾ ശ്രീ. ഗുലാം നബി ആസാദിനെ ഇറക്കിയോ? ഗുജറാത്ത് തെരഞ്ഞെടുപ്പിൽ നിങ്ങൾ ശ്രീ. അഹമ്മദ് പട്ടേലിനെ ഇറക്കിയോ? കോൺഗ്രസിന്റെ ഓരോ സംസ്ഥാനങ്ങളിലെയും മുസ്ലീം മുഖങ്ങളെ നിങ്ങൾ പൂർണ്ണമായും സൈഡ്ലൈൻ

ചെയ്തില്ലേ? എന്താണ് കാരണം? മുസ്ലീങ്ങളെ തെരഞ്ഞെടുപ്പ് ക്യാമ്പയിനിന്റെ മുന്നിൽ നിർത്തിയാൽ ഹിന്ദുവോട്ടുകൾ കേന്ദ്രീകരിപ്പിക്കാൻ സാധിച്ചില്ലെങ്കിലോ എന്ന ആശങ്കയാണ് മുസ്ലീം മുഖങ്ങളെ കോൺഗ്രസിൽ നിന്നും മാറ്റി നിർത്താൻ പ്രേരിപ്പിക്കുന്നത്. 1984-ലാണല്ലോ single largest party ആയി മൃഗീയ ഭൂരിപക്ഷത്തോടെ കോൺഗ്രസ് അധികാരത്തിലേയ്ക്ക് വന്നത്. 1991-ൽ ശ്രീ. പ്രണോയ് റോയ് അന്നത്തെ പാർട്ടി സെക്രട്ടറി ഹർകിഷൻ സിംഗ് സുർജിത്തിനോട് അഭിമുഖത്തിൽ ചോദിച്ചു, അന്ന് single largest party കോൺഗ്രസായിരുന്നു. സുർജിത്ത് പറഞ്ഞു "Let the Congress being a single largest party, let Congress form the Government." അന്ന് അത് ഇന്ത്യയിലെ കോൺഗ്രസ് പ്രവർത്തകൻമാരുടെ കാതുകൾക്ക് സംഗീതമായിരുന്നു. 2004-ൽ 'India Shining' എന്ന ക്യാമ്പയിനുമായി മുന്നോട്ടുപോയപ്പോഴും single largest party ആയ കോൺഗ്രസ്സ് ഭരിക്കട്ടെ എന്ന സമീപനമാണ് ഞങ്ങൾ സ്വീകരിച്ചത്. എന്നാൽ നിങ്ങളുടെ സ്വഭാവമെന്താണ്? 2004-ൽ വെന്റിലേറ്ററിലായിരുന്ന കോൺഗ്രസിന് കരുത്ത് കിട്ടിയപ്പോൾ ആ കരുത്തുകൊണ്ട് ആദ്യം ചവിട്ടിയത് ഇടതുപക്ഷത്തിന്റെ തലയ്ക്കായിരുന്നു. ഞങ്ങൾ ഒന്നേ പറയുന്നുള്ളൂ, നിങ്ങൾ കോൺഗ്രസാകണം, കോൺഗ്രസ് Cong-RSS ആകരുത്. കോൺഗ്രസ്, Cong-RSS ആയതുകൊണ്ടാണ് ശബരിമല സമരത്തിന്റെ പിറകെ നിങ്ങൾ ഓടിയത്. കോൺഗ്രസ് കോൺഗ്രസിന്റെ മതേതരസ്വഭാവം വീണ്ടെടുക്കണമെന്നേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളൂ. നിങ്ങൾ ബി.ജെ.പി.-യുടെ പിറകെ ഓടുന്ന കാഴ്ചയാണ് ഇപ്പോഴുള്ളത്. ഇപ്പോൾ നിങ്ങൾ ശ്രീ. നരേന്ദ്രമോദിയെ വിമർശിക്കുന്നു. ആരാണ് ശ്രീ. നരേന്ദ്ര മോദിയുടെ ഐക്കൺ? ശ്രീ. നരേന്ദ്ര മോദിയുടെ ഐക്കൺ ഇന്ദിരാ ഗാന്ധിയാണ്. ആരാണ് ഇന്ദിരാ ഗാന്ധി? ഇന്ദിരാ ഗാന്ധി ഡിക്റ്റേറ്ററായിരുന്നു. ജനാധിപത്യ കശാപ്പിന് നേതൃത്വം കൊടുത്ത വ്യക്തിയായിരുന്നു. ആ ഇന്ദിരാ ഗാന്ധിക്ക് സമമാണ് ശ്രീ. നരേന്ദ്ര മോദി. അതുകൊണ്ട് ഇന്ന് ശ്രീ. നരേന്ദ്ര മോദിയെ വിമർശിക്കാൻ കോൺഗ്രസിന് അവകാശമില്ല. ശ്രീ. നരേന്ദ്ര മോദിയെ വിമർശിക്കാൻ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് മാത്രമേ അവകാശമുള്ളൂ എന്നാണ് അതുമായി ബന്ധപ്പെട്ട് ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ ശ്രീ. അരുൺ ജെയ്റ്റ്ലി പറയുന്നത്, ഒരു ശരിയായ ഹിന്ദുത്വ പാർട്ടിയുള്ളപ്പോൾ പിന്നെ കോൺഗ്രസിന്റെ ആവശ്യം എന്താണ്; ഞങ്ങളാണല്ലോ ശരിയായ ഹിന്ദുത്വ പാർട്ടി, ഞങ്ങളാണല്ലോ ശരിയായ ഹിന്ദുക്കളുടെ വഴി സ്വീകരിക്കുന്നത്, ഇവിടെ കോൺഗ്രസിന്റെ പ്രസക്തിയെന്താണ് എന്നാണ്. ശബരിമലയുടെ പേരിൽ നിങ്ങൾ ആരുടെ കൂടെയായിരുന്നു? കൊടി മാറ്റിവച്ച് നാമജപ ഘോഷയാത്രയിൽ പങ്കെടുക്കണമെന്ന് നിങ്ങൾ പറഞ്ഞപ്പോൾ കോൺഗ്രസ് തള്ളിപ്പറഞ്ഞത് കോൺഗ്രസിന്റെ പൈതൃക മായിരുന്നു. കോൺഗ്രസിന് മതേതര സ്വഭാവമുണ്ടായിരുന്നില്ലേ; ഗാന്ധിയുടെ പൈതൃകമുണ്ടായിരുന്നില്ലേ. അത് തള്ളിപ്പറഞ്ഞ് കോൺഗ്രസ് മൃദുഹിന്ദുത്വ സമീപനം സ്വീകരിച്ച് മുന്നോട്ടുപോകുന്ന കാഴ്ചയാണ് പിന്നീട് നാം കണ്ടത്. അതുകൊണ്ട്

ഇപ്പോഴും ഞാൻ പറയുന്നത് 106 ലോക്സഭാ മണ്ഡലങ്ങളിൽ മാത്രമേ കോൺഗ്രസും ബി.ജെ.പി.യും നേരിട്ടുള്ള ഫൈറ്റുള്ളൂ. 437 നിയമസഭാമണ്ഡലങ്ങളിൽ മൾട്ടി പോളാർ ഫൈറ്റാണ്. കോൺഗ്രസിനിപ്പോഴും മൂന്ന് ഡിജിറ്റിലേയ്ക്ക് എത്താൻ സാധിക്കുന്ന അവസ്ഥ പോലുമില്ല. അന്ന് 400 പാർലമെന്ററി അംഗങ്ങളുള്ള പാർട്ടി ഇന്ന് കേവലം 44-ലേയ്ക്ക് എത്തിയെങ്കിൽ അത് നിങ്ങൾ ചെയ്തുകൂട്ടിയ കർമ്മത്തിന്റെ ഭാഗമാണ്. നിങ്ങൾ ഈ നാട്ടിൽ നടപ്പിലാക്കിയ നിയോ-ലിബറൽ പോളിസി തിരുത്താൻ തയ്യാറുണ്ടോ? വർഗ്ഗീയതയുള്ള കോൺഗ്രസിന്റെ സമീപനം തിരുത്താൻ കോൺഗ്രസ് തയ്യാറുണ്ടോ? നവ-ലിബറൽ നയങ്ങളിൽ ഞങ്ങൾക്ക് പാളിച്ച പറ്റിയിട്ടില്ലെന്ന് ഇപ്പോഴും കോൺഗ്രസ് പറയുന്നില്ല. വർഗ്ഗീയതയുടെ സോഫ്റ്റ് ലൈൻ ഇപ്പോഴും കോൺഗ്രസ് ഉപേക്ഷിക്കുന്നില്ല. ലീഗ് ഇപ്പോൾ കോൺഗ്രസ്സിനെ താങ്ങി നടക്കുകയല്ലേ. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം അവർക്ക് കരുത്തുകിട്ടുന്ന ഒരു സാഹചര്യമുണ്ടായാൽ അവർ ലീഗിനെയും തള്ളിപ്പറയും. അതുകൊണ്ട് ഞങ്ങൾ ഉറപ്പിച്ചു പറയുന്നു, ഈ രാജ്യത്തൊരു തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഒരു മതനിരപേക്ഷ സർക്കാർ ഉയർന്നുവരും, അതിൽ ഇടതുപക്ഷം നിർണ്ണായക പങ്ക് വഹിക്കും. ഇവിടെ ഭാരതരത്നം കൊടുത്ത് ആദരിച്ച മൂന്നുപേരിൽ ഒരാൾ ശ്രീ. നാനാജി ദേശ്മുഖ്, ആർ.എസ്.എസ്.-ആണ്. മറ്റൊരാൾ സംഗീതജ്ഞൻ, അദ്ദേഹവും ആർ.എസ്.എസ്-നുവേണ്ടി മത്സരിച്ച ഒരാളാണ്. മൂന്നാമത്തെയാൾ ശ്രീ. പ്രണബ് കുമാർ മുഖർജി, അദ്ദേഹം പകുതിയിൽ നിൽക്കുകയാണ്, അപ്പുറത്ത് പോകണോ ഇപ്പുറത്ത് പോകണോ എന്ന ശങ്കയാണ്. ബി.ജെ.പി-യിലേയ്ക്ക് പോകണോ അല്ലെങ്കിൽ കോൺഗ്രസ്സിൽ ഉറച്ചുനിൽക്കണോ എന്ന ശങ്കയുള്ള ശ്രീ. പ്രണബ് കുമാർ മുഖർജിയാണ് ഒരു ഭാഗത്തുള്ളത്. അതുകൊണ്ട് കോൺഗ്രസ് കൂട്ടത്തോടെ ബി.ജെ.പി. വത്ക്കരിക്കുന്ന കാലത്ത് വിശ്വസിക്കാൻ സാധിക്കുന്നത് ഇടതുപക്ഷത്തെയാണ്. ഞങ്ങൾ ജയിച്ചാൽ റിസോർട്ടുകൾ ആവശ്യമില്ല, റിസോർട്ടുകൾക്ക് ചുറ്റും ഇലക്ട്രിക് വേലികെട്ടേണ്ട ആവശ്യമില്ല. ജയിക്കുന്നവർ ഈ രാജ്യത്തെ മതനിരപേക്ഷ സർക്കാരിനുപിന്നിൽ അടിയുറച്ചുനിൽക്കുമെന്ന് മാത്രം പറഞ്ഞു കൊണ്ട് ഞാൻ സഖാവ് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നു.

(ii) 2018-2019 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും.

## VIII ക്രമപ്രശ്നം

### കേരള ബഡ്ജറ്റ് മാന്വലിലെ നിർദ്ദേശങ്ങളുടെ ലംഘനം

ശ്രീ. എം. ഉമ്മർ: സർ, ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 115 കേരള ബഡ്ജറ്റ് മാന്വൽ പാരാ 95(3), 94(1) എന്നിവയിൽ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന വ്യവസ്ഥകൾ പരാമർശിക്കുന്നുണ്ട്. എന്നാൽ ഈ സാമ്പത്തിക

വർഷം പുറപ്പെടുവിച്ച മൂന്ന് ഉപധനാഭ്യർത്ഥനകളും മേൽപ്പറഞ്ഞ പ്രകാരമുള്ള ചട്ടങ്ങൾ പാലിക്കാതെ പുറപ്പെടുവിച്ചതാണ്. 2018 ഡിസംബറിൽ പുറത്തിറക്കിയ ഉപധനാഭ്യർത്ഥനകളിൽ ഡിമാന്റ് നമ്പർ XIV-ൽ 2058-103-93-21-1 എന്ന ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രം നൽകുകയും എന്നാൽ 5-10-2018-ൽ 1813/2018 ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നമ്പറായി 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അതുപോലെ ഡിമാന്റ് നമ്പർ XVI-ൽ 20165-103-94-21-1 എന്ന ശീർഷകത്തിൽ ഉപധനാഭ്യർത്ഥനയിലെ ടോക്കൺ പ്രൊവിഷൻ നൽകുകയും 437/2018 നികുതി വകുപ്പ് വാഹനം വാങ്ങുന്നതിനായി ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ബഡ്ജറ്റ് മാന്വൽ പാരാ 95(3)-ൽ ഇപ്രകാരം പറയുന്നു, The grant as a whole should not be exceeded before supplementary grant has been made by the Legislature. ഇപ്രകാരം ഉപധനാഭ്യർത്ഥനയിൽ ടോക്കൺ പ്രൊവിഷൻ മാത്രം നൽകി വാഹനങ്ങൾ വാങ്ങാൻ ഭരണാനുമതി നൽകുകയും നിയമസഭയെ അവഹേളിക്കുകയുമാണ് ചെയ്തിട്ടുള്ളത്. മാത്രമല്ല, ഇപ്പോൾ മേശപ്പുറത്തുവച്ച അവസാന ഉപധനാഭ്യർത്ഥന ഫൈനൽ സപ്ലിമെന്ററിയിൽ മേൽ സൂചിപ്പിച്ച പ്രകാരമുള്ള തുകയ്ക്ക് സഭയുടെ അനുമതി തേടിയിട്ടുമില്ല. ഇത് കേരള ബഡ്ജറ്റ് മാന്വലിന്റെ നിർദ്ദേശങ്ങളുടെ ലംഘനമാണ്. ഇതിനകത്ത് ന്യൂ സർവ്വീസിനെ സംബന്ധിച്ച് പറയുന്നത് The provision of a new facility, or the alteration in character of an existing facility, and is normally looked upon as a 'new service', if it has not been contemplated in the annual financial statement (budget). A new instrument of service is treated as a 'new service', only if the expenditure involved is relatively large. 95 (3)-ൽ When an additional appropriation is required urgently in a case not involving a 'new service' and no savings are foreseen, the authority concerned should apply to Government in the Administrative Department for permission to incur the expenditure. The Administrative Department may........അവസാനം പറയുന്നത്, The grant as a whole should not be exceeded before supplementary grant has been made by the Legislature. ഇവിടെ വളരെ കൃത്യമാണ്. 1,000 രൂപ സപ്ലിമെന്ററിയിൽ വയ്ക്കുകയും പിന്നീട് സഭയുടെ അനുമതിയില്ലാതെ വാഹനം വാങ്ങുന്നതിനുവേണ്ടി 10 ലക്ഷം രൂപ ചെലവ് വഹിച്ച് എ.എസ്. കൊടുക്കുകയും ചെയ്തിരിക്കുകയാണ്. എ.എസ്. കൊടുത്തതിനുശേഷം ആ 10 ലക്ഷം രൂപ സഭയുടെ മുമ്പാകെ വരുന്നില്ല. സഭ പാസ്സാക്കിക്കൊടുത്തത് വെറും 1000 രൂപ മാത്രമാണ്. 2018 ജൂണിലെയും ഡിസംബറിലെയും 2019 ജനുവരിയിലെയും ഒന്നും രണ്ടും സപ്ലിമെന്ററി ഡിമാന്റിൽ പല ധനാഭ്യർത്ഥനകൾക്കും ന്യൂ സർവ്വീസ് പ്രൊസീഡ്യുവറാണ് കൊണ്ടുവന്നിട്ടുള്ളത്.

ന്യൂ സർവ്വീസ് കൊണ്ടുവന്നാൽ അത് നടപ്പ് സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കണമെന്നതാണ് വ്യവസ്ഥ. ഇവിടെ ന്യൂ സർവ്വീസ് ടോക്കൺ പ്രൊവിഷൻ മാത്രമേ നൽകിയിട്ടുള്ളൂ. ഞാൻ പറഞ്ഞ രണ്ട് കാര്യങ്ങളിലും 1000 രൂപ മാത്രമാണ് സഭ പാസ്സാക്കി കൊടുത്തിട്ടുള്ളത്. ഈ സാമ്പത്തിക വർഷം എങ്ങനെയാണ് നടപ്പിലാക്കാൻ സാധിക്കുക? ഇത് ഫൈനലല്ലേ. അതുകൊണ്ട് ഇനി റീ-അപ്രോപ്രിയേഷൻ നടപ്പിലാക്കാൻ ഹെഡ് ഓഫ് അക്കൗണ്ട്സിൽ ബാക്കിയുണ്ടാകും, അത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണ് പറയേണ്ടത്. സപ്ലിമെന്ററിക്ക് സപ്ലിമെന്ററി കൊണ്ടുവരാമോ, രണ്ട് സപ്ലിമെന്ററി കഴിഞ്ഞ് ഇനി മൂന്നാം സപ്ലിമെന്ററി അതിനുവേണ്ടി കൊണ്ടുവരാമോ? 1000 രൂപയുടെ ടോക്കൺ വച്ചിട്ട് 10 ലക്ഷം രൂപയുടെ വാഹനം വാങ്ങുന്നത് ശരിയാണോ? കോടിക്കണക്കിന് രൂപയുടെ ബഡ്ജറ്റാണ് അംഗീകരിക്കുന്നതെങ്കിലും ഞാൻ ഈ രണ്ടെണ്ണത്തിന്റെ ഉദാഹരണം മാത്രമേ എടുത്തിട്ടുള്ളൂ. സഭ അനുമതി കൊടുത്തിട്ടുള്ളത് 1000 രൂപയ്ക്കാണ്, പക്ഷെ 10 ലക്ഷം രൂപയുടെ വാഹനം വാങ്ങിയിരിക്കുകയാണ്.

<u>മി.സ്പീക്കർ</u>: അങ്ങ് പറഞ്ഞത് വ്യക്തമായി.

<u>ശ്രീ. എം. ഉമ്മർ</u>: സർ, 437/2017 ഉത്തരവുപ്രകാരം ഭാഗ്യക്കുറി ഡയറക്ടർ ഒരു വാഹനം ഇതുപോലെ വാങ്ങി. ആറ് മാസങ്ങൾക്കുശേഷം കൊണ്ടുവന്ന സപ്ലിമെന്ററി ടോക്കൺ മാത്രം വച്ചാണ് വാങ്ങിയത്. ആദ്യം വാഹനം വാങ്ങുക പിന്നീട് സപ്ലിമെന്ററിയിൽ 1000 രൂപ വയ്ക്കുക പിന്നീട് സഭയ്ക്കുമുമ്പാകെ വരുന്നില്ല. ഇപ്പോൾ കൊണ്ടുവന്ന ഫൈനൽ സപ്ലിമെന്ററിയിൽ തുക വന്ന് കാണുന്നില്ല. അപ്പോൾ ഈ നിയമസഭയുടെ അക്കൗണ്ടബിലിറ്റി എങ്ങനെയാണ്? നിയമസഭയുടെ പ്രധാന ഡ്യൂട്ടി എന്നു പറഞ്ഞാൽ ബഡ്ജറ്റ് പാസ്സാക്കുക, ചെലവഴിക്കപ്പെടുന്ന പണത്തിന് സഭയുടെ അക്കൗണ്ടബിലിറ്റി ഉണ്ടാകുകയെന്നുള്ളതാണ്. കേരള ബഡ്ജറ്റ് മാന്വൽ 95(3) പ്രകാരം അത് ഭരണഘടനാലംഘനമാണ്. ഇത് ആവർത്തിക്കാൻ പാടില്ല. അതുകൊണ്ട് വളരെ കൃത്യമായ റൂളിംഗ് ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, ധനവകുപ്പ് എടുത്തിട്ടുള്ള നടപടികൾ ചട്ടപ്രകാരവും കീഴ്വഴക്കങ്ങൾ അനുസരിച്ചിട്ടുള്ളതുമാണ്. ന്യൂ സർവ്വീസ് പ്രൊസീഡ്യുവർ പ്രകാരം ശീർഷകം സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് ടോക്കൺ പ്രൊവിഷൻ വയ്ക്കുന്നത്. അങ്ങനെ സൃഷ്ടിച്ചുകഴിഞ്ഞാൽ വാഹനം വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകും. ആക്ച്വൽ എക്സ്പെൻഡിച്ചറിന്റെ അടിസ്ഥാനത്തിൽ അധിക ധനാനുമതിയും ലഭ്യമാകും. അതിനുശേഷമാണ് ഇത് റെഗുലറൈസ് ചെയ്യാനായി സഭയിൽ വരുന്നത്. എന്നാൽ എല്ലാം സഭയിൽ വരണമെന്നില്ല കാരണം, പ്രസ്തുത ഡിമാന്റിന്റെ കീഴിൽ സേവിംഗ്സുണ്ടെങ്കിൽ അത് വച്ച് റെഗുലറൈസ് ചെയ്യാം. അതുകൊണ്ടാണ് അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെയുള്ള

ചില കാര്യങ്ങളിൽ, റീ-അപ്രോപ്രിയേഷൻ വഴി പണം കണ്ടെത്താൻ പറ്റുമെന്ന് ഉറപ്പുള്ളതുകൊണ്ടും ഒരുപക്ഷെ കണ്ടെത്തി കഴിഞ്ഞിട്ടുള്ളതു കൊണ്ടുമായിരിക്കും സഭയിൽ വരാത്തത്. അതുകൊണ്ട് സഭയുടെ കീഴവഴക്കങ്ങളേയോ ചട്ടങ്ങളേയോ ഒന്നും ഈ നടപടി ലംഘിക്കുന്നില്ലെന്നാണ് എനിക്ക് ബോധിപ്പിക്കാനുള്ളത്.

3.00 P.M.]

## റൂളിംഗ്

മി. സ്പീക്കർ: കഴിഞ്ഞ വർഷത്തെ ഉപധനാഭ്യർത്ഥനയിൽ ടോക്കൺ പ്രൊവിഷൻ മാത്രം വകയിരുത്തിയതിനുശേഷം അതുമായി ബന്ധപ്പെട്ട മുഴുവൻ തുകയും ചെലവഴിക്കുകയുണ്ടായെന്നും നിയമസഭ അന്തിമമായ അനുമതി നൽകാതെ പ്രസ്തുത തുക ചെലവഴിക്കുന്നത് ചട്ട ലംഘനമാണെന്നും ഇക്കാര്യത്തിൽ ഒരു റൂളിംഗ് വേണമെന്നുമാണ് ബഹുമാനപ്പെട്ട എം. ഉമ്മറിന്റെ ആവശ്യം. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി നമ്മുടെ കീഴ്വഴക്കങ്ങളെക്കുറിച്ച് ഇവിടെ വിശദീകരിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ നടപടിക്രമത്തിൽ അപാകതയുണ്ടായിട്ടില്ലെന്നാണ് ചട്ടങ്ങളും നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളും പരിശോധിച്ചപ്പോൾ ചെയറിന് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ പ്രസ്തുത ഡിമാന്റിന് കീഴിൽ സേവിംഗ്സ് കണ്ടെത്തി, റഗുലറൈസ് ചെയ്യുകയെന്നുള്ളത് സാധാരണഗതിയിലുള്ള ഒരു നടപടിക്രമം തന്നെയാണ്. നിയമസഭയിലെ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച് നടപടിക്രമം പാലിക്കുന്നതിൽ നിലവിലുള്ള കീഴ്വഴക്കത്തിൽ ഏതെങ്കിലും തരത്തിലുള്ള ലംഘനമുണ്ടായതായി കാണുന്നില്ല. ഇത് സഭയിൽ വർഷങ്ങളായി അനുവർത്തിച്ചുവരുന്ന ഒരു നടപടിക്രമം തന്നെയാണെന്ന് മനസ്സിലാക്കുന്നു. അതുതന്നെയാണ് ഇത്തവണയും പാലിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഇന്ന് ഉപധനാഭ്യർത്ഥന പാസ്സാക്കുന്നതോടുകൂടി അങ്ങ് ഉന്നയിച്ച പ്രശ്നങ്ങളിൽ അന്തിമമായ തീർപ്പാവുകയാണ്. ഈ സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

താഴെപ്പറയുന്ന മന്ത്രിമാർ പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച പ്രമേയം അവതരിപ്പിക്കേണ്ടതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 17,70,97,000 രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 26,73,32,000 രൂപയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,50,00,000 രൂപയുടെയും വാർത്താ വിതരണവും

പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,60,52,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ചരക്ക് സേവന നികുതിയും, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,48,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 19,00,00,000 രൂപയുടെയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 327,38,53,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 37,31,36,000 രൂപയുടെയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3849,89,77,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,16,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 408,52,35,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 827,51,88,000 രൂപയുടെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,29,99,000 കോടി രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 31,21,94,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,00,00,000 കോടി രൂപയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 23,50,24,000 രൂപയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 72,60,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 202,17,50,000 കോടി രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 307,95,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 271,13,66,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 34,61,92,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,15,06,000 രൂപയുടെയും ക്ഷീര വികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 30,49,27,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 24,53,46,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 138,74,73,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഗതാഗതം എന്ന XXXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 637,07,94,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2018-19 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ച ആരംഭിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. ബി. സത്യൻ: സർ, 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ഓഖി ദുരന്തത്തെയും നിപ എന്ന മഹാമാരിയെയും പ്രതിരോധിച്ച് മഹാപ്രളയം തകർത്ത കേരളത്തെ പുനരുദ്ധരിക്കുന്നതിനുവേണ്ടി ഒരു നാട് ഒരുമിച്ച് മുന്നേറുന്ന കാഴ്ചയാണ് ഈ കാലയളവിൽ കാണാൻ സാധിച്ചത്. എല്ലാ കാര്യങ്ങളിലും ഐക്യത്തോടും യോജിപ്പോടുംകൂടിയുള്ള മുന്നേറ്റത്തിനാണ് ഈ കാലയളവ് സാക്ഷ്യംവഹിച്ചത്. ദുരന്തമുഖങ്ങളിൽ നമ്മളത് തെളിയിച്ചു. ദുരന്തമുഖങ്ങളിൽനിന്ന് മാറുമ്പോൾ കക്ഷിയും രാഷ്ട്രീയവുമൊക്കെയായി അത് മാറുകയാണ്. രാജ്യത്തിന്റെ പുരോഗതിക്കും ഐക്യത്തിനുംവേണ്ടി ഏറ്റവും അനിവാര്യമായ സംഗതി എല്ലാവരും കൂട്ടായി യോജിച്ചുള്ള മുന്നേറ്റവും പ്രവർത്തനവുമാണെന്ന് ഈ പ്രളയദുരിത കാലഘട്ടത്തിൽ

നമ്മൾ തെളിയിച്ചതാണ്. അതോടൊപ്പം മാറിയും മറിഞ്ഞും കക്ഷിയും രാഷ്ട്രീയവും അതുപോലെ മറ്റ് പലതരത്തിലുള്ള ഭിന്നിപ്പുമൊക്കെ പല രീതിയിൽ ഉണ്ടായിട്ടുണ്ട്. യോജിച്ച പോരാട്ടത്തിനും മുന്നേറ്റത്തിനും വേണ്ടിയാണല്ലോ നമ്മൾ സഭയ്ക്കകത്തും പ്രവർത്തിക്കുന്നത്. ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾ മുൻ സർക്കാരുകളുടെ തുടർച്ചയാണെന്ന കാര്യത്തിൽ തർക്കമില്ല. കേരളത്തിലെ പൊതുവികസന കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ നാടിന്റെ പൊതുസ്ഥിതിയെന്താണ്; കേന്ദ്ര സർക്കാരിന്റെ കാലാവധി അവസാനിക്കാൻ ഇനി ഏതാനും മാസങ്ങൾ മാത്രം അവശേഷിക്കുമ്പോൾ നാം കാണുന്നതെന്താണ്? ഇപ്പോൾ നമ്മോട് പറയുന്ന തെന്താണ്? "ഭായി ഔർ ബഹനോം ചലോ അയോദ്ധ്യ" എന്ന സന്ദേശമാണല്ലോ ഇപ്പോൾ കിട്ടുന്നത്. ഇപ്പോൾ സംഘപരിവാർ പട്ടേലിന്റെ മൂവായിരം കോടി രൂപയുടെ പ്രതിമ നിർമ്മിച്ചു. ഇപ്പോൾ അവർ പറയുന്നത്, അയ്യായിരം കോടി രൂപ ചെലവഴിച്ച് യു.പി.-യിൽ രാമന്റെ പ്രതിമ നിർമ്മിക്കണമെന്നാണ്. ദാരിദ്ര്യവും പട്ടിണിയും ദുരിതവും കർഷകരുടെ പ്രശ്നങ്ങളും ദളിത് സമൂഹവും നേരിടുന്ന പ്രശ്നങ്ങളൊന്നും കേന്ദ്ര സർക്കാരിന്റെ മുന്നിലില്ല. 'ഡിജിറ്റൽ ഇന്ത്യ' എന്ന് പറഞ്ഞു. ഇപ്പോൾ അത് കേൾക്കാനില്ല. പിന്നീട് പറഞ്ഞു 'മേക്ക് ഇൻ ഇന്ത്യ', അതും നമുക്ക് കാണാനാകുന്നില്ല. പിന്നീട് 'സ്കിൽ ഇന്ത്യ' എന്ന് നമ്മളെ പഠിപ്പിച്ചു, അവസാനം 'സ്വച്ഛ് ഭാരത്' എന്ന് പറഞ്ഞു. കേന്ദ്ര സർക്കാർ കള്ളപ്പണം കണ്ടെത്താൻ പരിശ്രമിക്കുകയാണെന്ന് പറഞ്ഞു. കള്ളപ്പണം കണ്ടെത്തുമെന്ന് മാത്രമല്ല ഓരോരു ത്തരുടേയും അക്കൗണ്ടിലേയ്ക്ക് ഏതാണ്ട് പതിനഞ്ച് ലക്ഷം രൂപ വീതം നിക്ഷേപി ക്കുമെന്ന് കൂടി പറഞ്ഞപ്പോൾ ജനങ്ങൾ അത് സഹർഷം സ്വാഗതം ചെയ്തു. അവർ ശ്രീ. നരേന്ദ്ര മോദിയെന്നോ ബി.ജെ.പി.-യെന്നോ സംഘപരിവാറെന്നോ അല്ല കണ്ടത്. ഇത്രമാത്രം അത്ഭുതകരമായ മാറ്റം രാജ്യത്ത് സംഭവിക്കുമെന്ന് പറയുന്ന ഏത് പ്രസ്ഥാനമായാലും അവരോടൊപ്പം ചേരാനാണവർ ശ്രമിച്ചത്. പിന്നീട് ഇതൊന്നും നമുക്ക് കാണാൻ കഴിയുന്നില്ല. കേന്ദ്ര സർക്കാരും സംഘപരിവാറും നടത്തുന്ന ഈ പരിശ്രമങ്ങൾ വെറും പൊള്ളയായ പ്രഖ്യാപനങ്ങൾ മാത്രമായി പരിമിതപ്പെട്ടു. പിന്നീട് ഒരു രാത്രിയിൽ നോട്ട് നിരോധനം വന്നു. നോട്ട് നിരോധനം വഴി നമ്മുടെ നാടിന്റെ സമ്പദ്ഘടന തകർന്നു. പിന്നീട് പുതുതായി ജി.എസ്.ടി. കൊണ്ടുവന്നു. ജി.എസ്.ടി. ഈ നാടിനെ പുരോഗതിയിലേയ്ക്ക് നയിക്കുമെന്ന് പറഞ്ഞു. എന്നാൽ സമസ്തവിഭാഗം ജനങ്ങളെയും ബാധിക്കുന്ന വിഷയമായി ജി.എസ്.ടി. മാറിയ കാഴ്ച നാം കണ്ടു. ഇതൊക്കെയാണ് നമ്മുടെ രാജ്യത്തിന് കേന്ദ്രത്തിന്റെ സംഭാവനകളായി ലഭിച്ചുകൊണ്ടിരിക്കുന്നത്. പ്രധാനമന്ത്രി എൺപത്തിനാലോളം രാജ്യങ്ങളിൽ പോയി, അതിന്റെ ചെലവ് രണ്ടായിരം കോടി രൂപ. അതിനായി പരസ്യം നൽകിയതിന് ആറായിരം കോടി രൂപ. അദ്ദേഹത്തിന്റെ മുഖം മിനുക്കാനും ഫാഷൻ പരേഡിനുമായി ആയിരത്തിഎണ്ണൂറ് കോടി രൂപ മുടക്കി. ജനങ്ങൾക്ക് ലഭിച്ചത് നോട്ട് നിരോധനവും അതുവഴി സൃഷ്ടിക്കപ്പെട്ടിട്ടുള്ള സാമൂഹ്യവും

സാമ്പത്തികവുമായ അടിത്തറ ഇളക്കുന്ന സംഭവഗതികളുമാണ്. 8948 കർഷകർ ആത്മഹത്യ ചെയ്തുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതുപോലെതന്നെ കോർപ്പറേറ്റുകൾക്കായി ഏതാണ്ട് 13,08,000 കോടി രൂപ എഴുതിത്തള്ളിയെന്ന കണക്കുകളുമുണ്ട്. പ്രാണഭയംകൊണ്ട് പശു എന്ന് ഉച്ചരിക്കാൻ മാത്രമേ കഴിയുകയുള്ളൂ. ഒരിക്കൽ പശുവിന്റെ പാൽ കുടിക്കുമെന്ന് പറഞ്ഞിരുന്നുവെങ്കിൽ ഇന്ന് പശുവെന്ന് പറയാൻ നമ്മൾ ഭയപ്പെടുകയാണ്. ആ നിലയിലേയ്ക്ക് കാര്യങ്ങൾ വരുന്നു. പശുവിന് ശ്രേഷ്ഠപദവിയും മനുഷ്യന് ദുരിതവും സമ്മാനിക്കുന്നൊരു കാലത്താണ് നമ്മൾ നിൽക്കുന്നത്. പശുവെന്ന് കേട്ടാൽ മരണവാറണ്ട് ഉറപ്പാണെന്ന നില വരികയാണ്. ആദ്യമായി തൊഴിലില്ലായ്മ 40 ശതമാനം വർദ്ധിച്ചു. സമ്പത്ത് ഒരു ശതമാനം ആളുകളുടെ കൈകളിലേയ്ക്ക് എത്തി. പട്ടേലിന്റെ പ്രതിമയ്ക്ക് മൂവായിരം കോടി രൂപയും രാമന്റെ പ്രതിമ നിർമ്മിക്കാൻ അയ്യായിരം കോടി രൂപയും കണ്ടെത്തുന്ന നിലയിൽ രാജ്യം എത്തി നിൽക്കുന്നതാണ് നമ്മൾ കാണുന്നത്. ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് ഒരവസരം തരൂ എന്നാണ് പറഞ്ഞത്. പറഞ്ഞ കാര്യങ്ങളെല്ലാം ഇപ്പോൾ അവർ വിഴുങ്ങിയിരിക്കുകയാണ്. നോട്ട് നിരോധനത്തിനുശേഷം പ്രധാനമന്ത്രി പറഞ്ഞത്, അൻപത് ദിവസത്തിനകം ഇതിന്റെ ശരിയായ രീതിയിലുള്ള റിസൾട്ട് വന്നില്ലെങ്കിൽ എന്നെ കൊന്നേയ്ക്കു വെന്നാണ്. അത്രമാത്രം വലിയ മാറ്റങ്ങൾ രാജ്യത്തും സമൂഹത്തിലും സൃഷ്ടിക്കുമെന്ന് പറഞ്ഞുവെങ്കിലും എന്താണ് സംഭവിച്ചത്? വർഷാവർഷം രണ്ട് കോടി ആളുകൾക്ക് തൊഴിൽ ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചു. ഏതാണ്ട് പതിനാല് ലക്ഷം പേർക്ക് തൊഴിൽ നഷ്ടപ്പെട്ട രാജ്യമായി ഇന്ത്യ മാറി. ലോകത്തിലേറ്റവും കൂടുതൽ ജി.എസ്.ടി. പിഴിഞ്ഞെടുക്കുന്ന നാടായി നമ്മുടെ നാട് മാറി. ഇപ്പോൾ വിജയ് മല്ല്യയേയും ലളിത് മോദിയേയുമൊന്നും കാണാൻ കഴിയുന്നില്ല. രാജ്യത്തെ കബളിപ്പിച്ച് രാജ്യം വിട്ടുപോയി. പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്ന് ഏതാണ്ട് 11,400 കോടി രൂപ കട്ടുകൊണ്ടുപോയെന്നാണ് അറിയുന്നത്. പട്ടിണിയുടെ കാര്യത്തിൽ 119 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം നൂറാമത് നിൽക്കുകയാണ്. എല്ലാ മേഖലയിലും പരാജയപ്പെട്ടു. 'സ്വച്ഛ് ഭാരത് പദ്ധതിയിൽ അൻപത് ലക്ഷം ആളുകൾക്ക് കക്കൂസ് നിർമ്മിച്ച് കൊടുക്കാൻ കഴിഞ്ഞുവെന്നുള്ളത് ഗവൺമെന്റിന്റെ വലിയ നേട്ടമെന്നാണ് പത്രങ്ങൾ പറയുന്നത്. അതിന് 530 കോടി രൂപയുടെ പരസ്യമാണ് നൽകിയത്. കേന്ദ്ര സർക്കാരിന്റെ ഇത്തരത്തിലുള്ള ഭരണത്തിന്റെയിടയിലാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്. പണി പൂർത്തിയാകാത്ത അൻപതിനായിരം വീടുകൾ ഈ സർക്കാർ പൂർത്തീകരിച്ചുവെന്നുള്ളതൊരു യാഥാർത്ഥ്യമാണ്. കൂടാതെ ലൈഫ് പദ്ധതി പ്രഖ്യാപിച്ചു. മുൻസർക്കാർ ഭവനനിർമ്മാണത്തിന്റെ കാര്യത്തിൽ എന്ത് നിലപാട് സ്വീകരിച്ചു? അന്ന് പകുതി പണിപോലും പൂർത്തിയാക്കാത്ത വീടുകൾ പൂർത്തീകരിച്ചത് ഈ സർക്കാരാണെന്നതാണ് യാഥാർത്ഥ്യം.

ആർദ്രം എന്ന പുതിയ പദ്ധതിയിലൂടെ പൊതു ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. വിദ്യാലയങ്ങൾ നവീകരിച്ചത് ആർക്ക് നിഷേധിക്കാനാവും. ജനങ്ങൾ ഒരു സംസ്ഥാനത്തെ നോക്കിക്കാണുന്നത് അവിടത്തെ വിദ്യാലയങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യകേന്ദ്രങ്ങൾ, ആശുപത്രികൾ എന്നിവയിലൂടെയാണ്. അതിൽ മൗലികമായിട്ടുള്ള മാറ്റങ്ങളുണ്ടായിട്ടില്ലേ; ആർക്ക് നിഷേധിക്കാനാകും. എല്ലാ ജനപ്രതിനിധികളുടെയും മണ്ഡലങ്ങളിൽ പ്രൈമറി ഹെൽത്ത് സെന്റർ മുതൽ ജില്ലാ ആശുപത്രികൾ വരെയുണ്ട്. ആരോഗ്യ മേഖലയിൽ ധാരാളം തസ്തികകൾ സൃഷ്ടിച്ചു. യു.ഡി.എഫ്. ഭരണകാലത്ത് സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകൾ അംഗീകരിക്കുകയും അതിന്റെ ബാധ്യത അനുഭവിക്കേണ്ടിവന്നതും ഈ സർക്കാരിനാണ്. വിദ്യാഭ്യാസം, ആരോഗ്യം, കൃഷി എന്നീ മേഖലകളിൽ വലിയ മുന്നേറ്റങ്ങൾക്ക് നമ്മൾ ഇപ്പോൾ സാക്ഷിയാവുകയാണ്. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കി. ഒരു വീട് പെർമിറ്റോടുകൂടി നിർമ്മിച്ചില്ലെങ്കിൽ നിയമാനുസൃതമായുള്ള നമ്പർ കിട്ടില്ല. നമ്പറുണ്ടെങ്കിലേ വൈദ്യുതി കണക്ഷന് അപേക്ഷ കൊടുക്കാനാവുകയുള്ളൂ. അങ്ങനെയുള്ള ആയിരക്കണക്കിന് ആളുകൾക്ക് വെള്ളിവെളിച്ചം പകർന്നു നൽകാൻ ഈ സർക്കാരിന് കഴിഞ്ഞില്ലേ. പിന്നോക്ക-പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുൾപ്പെടെയുള്ള ജനവിഭാഗത്തിന്റെ മുന്നേറ്റത്തിന് വേണ്ടി ധാരാളം പദ്ധതികൾ നടപ്പിലാക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. ഇപ്പോൾ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റിന്റെ കവർ പേജിൽ അയ്യങ്കാളിയുടെ ചിത്രമാണ്. ആ കാലത്ത് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട പഞ്ചമിയെന്ന പെൺകുട്ടിയുമായി അയ്യങ്കാളി ഊരൂട്ടമ്പലം സ്കൂളിലേയ്ക്ക് പോകുന്ന ചിത്രമാണ് ആലേഖനം ചെയ്തിരിക്കുന്നത്. അതാണ് ഈ സർക്കാരിന്റെ പ്രതിബദ്ധത. ഒരുകാലത്ത് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടവരാണ് ദാക്ഷായണി വേലായുധൻ. ദളിത് വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് മേൽമുണ്ട് ധരിക്കാൻ പാടില്ലാത്ത കാലത്ത് മേൽമുണ്ട് ധരിക്കുകയും മഹാരാജാസ് കോളേജിൽ നിന്നും ഡിഗ്രിയും ഉപരിപഠനവും നേടുകയും ഭരണഘടനാ പ്രൊപ്രൈറ്ററി കമ്മിറ്റിയിലൊരംഗമായി മാറുകയും ചെയ്തത് നമ്മൾ കണ്ടതാണ്. തമസ്കരിക്കപ്പെട്ട, നിഷേധിക്കപ്പെട്ട, പിന്നോക്കം നിന്നുപോയ അങ്ങനെയുള്ള ഒരു സാംസ്കാരിക പ്രവർത്തകയുൾപ്പെടെയുള്ളവരുടെ പേരിൽ അവാർഡ് ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിക്കപ്പെട്ടൊരു കാലയളവാണ്. ആ നിലയിൽ ആദിവാസികൾ, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ, ദുർബല വിഭാഗത്തിൽപ്പെട്ടവർ എന്നിവരെ ഉദ്ധരിക്കാൻ വേണ്ടി നടത്തുന്ന നല്ലൊരു പരിശ്രമം ഈ കാലയളവിൽ നമുക്ക് കാണാൻ കഴിഞ്ഞു. ഇപ്പോൾ കിഫ്ബി പദ്ധതിയെ സംബന്ധിച്ച് പറഞ്ഞു. എല്ലാ നിയോജക മണ്ഡലങ്ങളിലും കിഫ്ബി പദ്ധതികൾ നടക്കുന്നുണ്ടെന്നത് ആർക്ക് നിഷേധിക്കാനാകും. സ്കൂളുകളിലെ അഞ്ച് കോടി രൂപയുടെ ആസ്തി വികസന ഫണ്ടുപയോഗിച്ചും അല്ലാതെ ലഭിച്ച കിഫ്ബിയുടെ വർക്കും എല്ലാ നിയോജകമണ്ഡലങ്ങളിലും

നടക്കുന്നുണ്ട്. യാഥാർത്ഥ്യ പൂർണ്ണമായ കാര്യങ്ങൾ എങ്ങനെ നിഷേധിക്കാനാകും. നമ്മൾ നേരിട്ട് കാണുന്നതും അനുഭവവേദ്യവുമായിട്ടുള്ള വിഷയങ്ങളാണിത്. ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കുന്നതുപോലെ പ്രതിപക്ഷാംഗങ്ങൾ ഇങ്ങനെയൊരു നിലപാട് സ്വീകരിക്കാൻ പാടില്ല. തീർച്ചയായും ഇത് കൂട്ടായ ഒരു പ്രവർത്തനത്തിന്റെ ഭാഗം തന്നെയാണ്, കൂട്ടായ വിജയമാണ്. ഒരു സർക്കാരെന്നാൽ എല്ലാവരും കൂടി ചേരുന്നതാണ്. രാഷ്ട്രീയമായ അഭിപ്രായവ്യത്യാസങ്ങളും ഭിന്നിപ്പുകളുമൊക്കെയുണ്ടാകാം. ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങളിൽ പുരോഗതി കൈവരിക്കാൻ കഴിയത്തക്ക നിലയിലുള്ള എല്ലാവിധ പിന്തുണയും ഞങ്ങളുടെ ഭാഗത്തുനിന്നുമുണ്ട്. പ്രളയം ബാധിച്ചപ്പോൾ മുതലുള്ള കാര്യങ്ങളിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് കാണിക്കുന്ന കടുത്ത അനീതി തീർച്ചയായിട്ടും സഭയുടെ ശ്രദ്ധയിലടക്കം വന്നിട്ടുള്ള കാര്യങ്ങളാണ്. എല്ലാതരത്തിലുള്ള പ്രതിസന്ധികളെയും അതിജീവിച്ച് ഈ സർക്കാർ ശക്തമായിട്ടുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയാണ്. ഞാൻ ഈ ഉപധനാഭ്യർത്ഥകളെ സ്വാഗതം ചെയ്യുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, 2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഈ ഉപധനാഭ്യർത്ഥനകളെക്കുറിച്ചുള്ള ചർച്ചകൾക്ക് മുമ്പ് നമ്മൾ മൂന്ന് വർഷം പിന്നോട്ട് പോകേണ്ടതാവശ്യമാണ്. എൽ.ഡി.എഫ്. സർക്കാർ 2016-ൽ അധികാരത്തിൽ വന്നതിനുശേഷം ആദ്യം ചെയ്തത് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഒരു ധവളപത്രമിറക്കലാണ്. ആ ധവള പത്രത്തിന്റെ ആമുഖത്തിൽ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്, സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്, ഇതിൽനിന്നും സംസ്ഥാനത്തെ കരകയറ്റുവാൻ മറ്റാരും ഏറ്റെടുക്കാത്ത ദൗത്യം സർക്കാർ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നുവെന്നാണ്. ധവളപത്രം അച്ചടിച്ചത് മണ്ണന്തലയുള്ള ഗവൺമെന്റ് പ്രസ്സിലാണ്. അതുകഴിഞ്ഞ് മൂന്ന് വർഷങ്ങൾ കഴിഞ്ഞ് പുല്ലൂരുള്ള ഗവൺമെന്റ് പ്രസ്സിലടിച്ച 2019-ന്റെ ബഡ്ജറ്റ് ഡോക്യുമെന്റിൽ ഇതേ ധനമന്ത്രിതന്നെ വളരെ വിഷമത്തോടെ പറയുകയാണ്, ജി.എസ്.ടി. വരുമാനം ഗണ്യമായി ഉയർത്തുന്നതിനും അതുവഴി 2006-2007-ൽ തുടങ്ങിയ ധനദ്രവീകരണ പാതയിലേയ്ക്ക് സംസ്ഥാനത്തെ തിരിച്ചുകൊണ്ടുവരുന്നതിനും സാധിക്കുമെന്ന പ്രതീക്ഷയോടെയാണ് ധവളപത്രം 2016-ൽ കൊണ്ടുവന്നത്. എന്നാൽ, മൂന്ന് വർഷം പിന്നിട്ടിട്ടും ഈ പ്രതീക്ഷ ഫലവത്തായിട്ടില്ല. മൂന്ന് വർഷത്തിനുശേഷം ബഡ്ജറ്റ് ഡോക്യുമെന്റിൽതന്നെ ഒരു മന്ത്രി ഇങ്ങനെ പറയുന്നത് ഈ ബഡ്ജറ്റൊരു പരാജയമാണെന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. യു.ഡി.എഫ്. സർക്കാരിനെ കുറ്റം പറഞ്ഞയാളുകൾ ആ ധവള പത്രത്തിലെ കണക്കുകൾ നോക്കണം. 2015-2016 കാലഘട്ടത്തിൽ റവന്യൂ കമ്മി 9,000 കോടി രൂപയായിരുന്നു. മൂന്ന്

വർഷം കഴിഞ്ഞ് അത് രണ്ടിരട്ടിയായി 16,900 കോടി രൂപയിലേയ്ക്ക് മാറിയിരിക്കുന്നു. ശ്രീ. ഉമ്മൻചാണ്ടി സർക്കാരിന്റെ അവസാന കാലഘട്ടത്തിൽ 15,000 കോടി രൂപയായിരുന്ന ധനക്കമ്മി ഇന്ന് 26,000 കോടി രൂപയായി മാറിയിരിക്കുന്നു. സംസ്ഥാനത്തിന്റെ ഗ്രോസ് ഡൊമസ്റ്റിക് പ്രോഡക്റ്റ് യു.ഡി.എഫ്. സർക്കാരിന്റെ സമയത്ത് 7.44 ശതമാനമായിരുന്നത് എൽ.ഡി.എഫ്. ഭരണകാലത്ത് കുറഞ്ഞ്, കൂപ്പുകുത്തി 6.2 ശതമാനമായി, വീണ്ടും 7 ശതമാനത്തിൽ എത്തിയപ്പോഴാണ് ഇന്ന് സാമ്പത്തിക രംഗത്ത് വളർച്ചയുണ്ടായിയെന്ന് നിങ്ങൾ പറഞ്ഞിരിക്കുന്നത്. എന്നുമാത്രമല്ല, ഇന്ത്യയിൽ തൊഴിൽ തേടുന്നവരുടെ എണ്ണം 5 ശതമാനമാണെങ്കിൽ ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ തൊഴിൽ തേടുന്നവരുടെ എണ്ണം ദേശീയ ശരാശരിയുടെ രണ്ടിരട്ടിയായി വർദ്ധിച്ചു. ഡോ. ടി. എം. തോമസ് ഐസക് ധവളപത്രത്തിലും ശ്രീ. എ. എൻ. ഷംസീർ ചർച്ചയിലും പറഞ്ഞത് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് നികുതിച്ചോർച്ചയുണ്ട്, നികുതിപ്പിരിവ് കുറവാണെന്നാണ്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ ഓരോ വർഷവും 25 ശതമാനം നികുതിപ്പിരിവ് കൂട്ടുമെന്ന് പറഞ്ഞിട്ട് കഴിഞ്ഞ മൂന്ന് വർഷമായി 10 ശതമാനത്തിലും 9 ശതമാനത്തിലുമൊക്കെയാണ് നികുതിപ്പിരിവ് നടക്കുന്നത്. ഈ സർക്കാരിന് ധനകാര്യ മാനേജ്മെന്റിൽ കാര്യക്ഷമതയില്ലെന്നുള്ളതാണ് വ്യക്തമായി ഇത് കാണിക്കുന്നത്. മാത്രമല്ല, കെടുകാര്യസ്ഥതയും ഈ സർക്കാരിന്റെ മുഖമുദ്രയാണ്. പ്രളയമുണ്ടായപ്പോൾ യു.എൻ. റിപ്പോർട്ടിൽ പറഞ്ഞതുപോലെ കേരളത്തിലെ 12 ജില്ലകളിൽ ആറ് ആളുകളിൽ ഒരാൾക്കെങ്കിലും പ്രളയത്തിന്റെ ആഘാതമേറ്റിട്ടുണ്ട്. ആളുകൾ മരണപ്പെട്ടു, വീടുകളും കന്നുകാലികളും നഷ്ടപ്പെട്ടു, കൃഷിയില്ലാതായി, സ്ഥാപനങ്ങളില്ലാതായി. ആ സാഹചര്യത്തിൽ രാഷ്ട്രീയവും ജാതിയും മതവും നോക്കാതെ നമ്മളെല്ലാവരും ഒരുമിച്ചുവന്നു. പക്ഷേ, അതിനുശേഷം ഇപ്പോൾ സർക്കാർ ചെയ്തിരിക്കുന്നതെന്താണ്? കേരളത്തിൽ 9208 ഉൽപ്പന്നങ്ങൾക്ക് ഒരുശതമാനം പ്രളയ സെസ്സ് രണ്ട് വർഷത്തേയ്ക്ക് ഏർപ്പെടുത്തിയിരിക്കുകയാണ്. ദുബായിൽ നിന്നും വരേണ്ട 700 കോടി രൂപ കിട്ടാത്തതുകൊണ്ടാണോ 700 കോടി രൂപയുടെ കണക്ക് പറയുന്നത്? ആറിലൊന്ന് ആളുകൾക്ക് പ്രളയംമൂലം ആഘാതമുണ്ടായപ്പോൾ 700 കോടി രൂപയുടെ വരുമാനമുണ്ടാക്കാൻ വേണ്ടി ഒരുശതമാനം സെസ്സ് ഏർപ്പെടുത്തേണ്ട ആവശ്യമെന്താണ്? റീ-ബിൽഡ് കേരള എന്ന് പറയുമ്പോൾ ഏറ്റവും കൂടുതൽ ശ്രദ്ധ ആവശ്യമുള്ളത് പുനരുദ്ധാരണ പദ്ധതികൾക്കാണ്, പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ വേണ്ടിയാണ്. 5 ശതമാനമൊഴികെയുള്ള ജി.എസ്.ടി. സ്ലാബിലുള്ള എല്ലാ സാധനങ്ങൾക്കും ഒരുശതമാനം അധികം വില വരുമ്പോൾ വീട് നിർമ്മാണത്തിന്റെ ചെലവ് മൂന്നിരട്ടിയോ നാലിരട്ടിയോ ആകാൻ പോകുകയാണ്. റീ-ബിൽഡ് കേരള എന്ന പദ്ധതിക്കുവേണ്ടി 1000 കോടി രൂപ എന്നുപറയുമ്പോൾ കഴിഞ്ഞ ഡിസംബറിലുള്ള സപ്ലിമെന്ററിയിൽ ടോക്കണായിട്ട് റീ-ബിൽഡ്

കേരളയ്ക്കുവേണ്ടി 1000 കോടി രൂപയുടെ പ്രൊവിഷൻ വച്ചു. ഡിസംബറിലെ സപ്ലിമെന്ററി കഴിഞ്ഞ് ഈ വർഷത്തെ അവസാന സപ്ലിമെന്ററിയായ 2018-2019 ജനുവരിയിലെ സപ്ലിമെന്ററി നോക്കുമ്പോൾ ആ ടോക്കൺപോലും ഇല്ലാത്ത അവസ്ഥയാണ്. അപ്പോൾ ടോക്കൺപോലും വയ്ക്കാതെ എന്ത് റീ-ബിൽഡ് കേരളയാണ് കേരളത്തിലുണ്ടാക്കാൻ നോക്കുന്നത്. രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളാണ് ഞാനിവിടെ ആവശ്യപ്പെടുന്നത്. ഒന്ന് അവശ്യവസ്തുക്കൾക്കും നിർമ്മാണ സാമഗ്രികൾക്കുമുള്ള ഒരുശതമാനം സെസ് അങ്ങ് തീർച്ചയായിട്ടും എടുത്ത് കളയണമെന്നുള്ളൊരു അഭ്യർത്ഥന വയ്ക്കുകയാണ്. മാത്രമല്ല, പ്രളയത്തിന്റെ ആഘാതമേറ്റ പ്രദേശങ്ങളിലെ കാർഷിക കടങ്ങൾ എഴുതിത്തള്ളാനുള്ള തീരുമാനമെടുക്കണം. മധ്യപ്രദേശിലോ ഛത്തീസ്ഘട്ടിലോ രാജസ്ഥാനിലോ കോൺഗ്രസ്സ് സർക്കാർ വന്നതിനുശേഷം എടുക്കുന്ന ആദ്യത്തെ എക്സിക്യൂട്ടീവ് തീരുമാനം അവിടുത്തെ കാർഷിക കടങ്ങൾ എഴുതി തള്ളുകയെന്നുള്ളതാണ്. അതുപോലെതന്നെ കിഫ്ബിയെക്കുറിച്ച് ഞാൻ ധാരാളം സംസാരിക്കുന്നുവെന്നുള്ള പരാതി കുറെയാളുകൾ ഈ സഭയിൽ പറഞ്ഞു. കിഫ്ബിയെക്കുറിച്ച് ഞാൻ എല്ലാ സഭാ സമ്മേളനങ്ങളിലും മറ്റ് സ്ഥലങ്ങളിലും പ്രസംഗിക്കുന്ന ഒരാളാണ്. എന്റെ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് കിട്ടിയതുകൊണ്ട് അതിനെ വിമർശിക്കാൻ പാടില്ലെന്ന് ഇടതുപക്ഷത്തിലുള്ളവർ ഒരിക്കലും പറയരുത്. കിഫ്ബിയെക്കുറിച്ചുള്ള എന്റെ ബുദ്ധിമുട്ടുകളും പരാതികളും ഞാൻ വീണ്ടും ഇവിടെ പറയാം. നിയമസഭയിൽ പറഞ്ഞിരിക്കുന്നത് കിഫ്ബിയുടെ 41,000 കോടി രൂപയുടെ പദ്ധതികളാണ്. 512 പദ്ധതികളാണ് നൽകിയിട്ടുള്ളത്. നിയമസഭയിൽ കഴിഞ്ഞയാഴ്ച അങ്ങ് തന്ന മറുപടിയനുസരിച്ച് അതിൽ 18 ശതമാനം പ്രവൃത്തികൾ മാത്രമാണ് തുടങ്ങിയിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ10 ശതമാനം പ്രവൃത്തികൾ പോലും കിഫ്ബിക്ക് തുടങ്ങാൻ കഴിഞ്ഞിട്ടില്ല. 2016-ൽ കിഫ്ബി തുടങ്ങിയപ്പോൾ അങ്ങ് പറഞ്ഞത്, കിഫ്ബി പ്രവൃത്തികൾ സമാന്തരമായി ചെയ്യുമ്പോൾ രണ്ട് വർഷംകൊണ്ട് പ്രവൃത്തികൾ പൂർത്തീകരിക്കാമെന്നാണ്. ഇവിടെ രണ്ട് വർഷമല്ല മൂന്ന് വർഷമായിട്ടും 18 ശതമാനം പ്രവൃത്തികൾ പോലും കിഫ്ബിക്ക് തുടങ്ങാൻ കഴിയാത്തത് അക്ഷന്തവ്യമായ തെറ്റ് തന്നെയാണ്. സ്കൂളിന്റെ കാര്യമാകട്ടെ, റോഡിന്റെ കാര്യമാകട്ടെ കിഫ്ബിയല്ലാതെ സ്റ്റേറ്റ് പ്ലാനിലായിരുന്ന വർക്കെങ്കിൽ എന്റെ മണ്ഡലത്തിലുള്ള പത്ത് പ്രവൃത്തിയിൽ എട്ടെണ്ണമെങ്കിലും തുടങ്ങുമെന്ന് എനിക്കുറപ്പുണ്ട്. എല്ലാ മണ്ഡലങ്ങളിലും ഇതുപോലെ തന്നെയാണ്. അപ്പോൾ കിഫ്ബികൊണ്ട് എന്ത് ഗുണംകിട്ടിയെന്നുള്ള ചോദ്യത്തിന് മറുപടി അങ്ങ് നൽകേണ്ടതുണ്ട്. അതോടൊപ്പം കിഫ്ബിക്കുള്ള ധനസമാഹരണത്തിന് എല്ലായിടത്തും മസാല ബോണ്ട് കൊണ്ടുവരുമെന്ന് പറഞ്ഞു. ഡോളർ വ്യതിയാനങ്ങൾ വന്നു. ഒരു രൂപയുടെപോലും മസാല ബോണ്ട് നമുക്ക് തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല. മോട്ടോർ വാഹന നികുതിയും നബാർഡിന്റെയും എസ്.ബി.ഐ.-യുടെയും സഹായം മാത്രമാണ്

കിട്ടിയിട്ടുള്ളത്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തിന്റെ അവസാനം വമ്പൻ പദ്ധതികൾക്ക് 2500 കോടി രൂപ മാറ്റിവച്ചതുകൊണ്ട് ആ പണവും ഇപ്പോൾ കിഫ്ബിയിലുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. അതോടൊപ്പം എല്ലാ ബഡ്ജറ്റിലും അദ്ദേഹം കുറെ പ്രവൃത്തികൾ പറയാറുണ്ട്. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിലും അദ്ദേഹത്തിന്റെ സ്വപ്നത്തിലുള്ള ചില പദ്ധതികൾ പറഞ്ഞു. അത് വീണ്ടും തുടർന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ മൂന്ന് വർഷം അങ്ങ് പറഞ്ഞ പ്രധാനപ്പെട്ട പദ്ധതികളൊക്കെ ഞാൻ എഴുതിവച്ചിട്ടുണ്ട്. അങ്ങ് ആദ്യത്തെ ബഡ്ജറ്റിൽ, അമിതവണ്ണമുണ്ടാക്കുന്ന ഭക്ഷണപദാർത്ഥങ്ങൾക്കെതിരെ ഫാറ്റ് ടാക്സ് കൊണ്ടുവരുമെന്ന് പറഞ്ഞു. എനിക്ക് കൂടി താൽപ്പര്യമുള്ള ഒരു പദ്ധതിയായിരുന്നു അത്. കഴിഞ്ഞ മൂന്ന് വർഷമായി ഞാൻ കഴിക്കുന്ന ഒരു ഭക്ഷണത്തിലും ഇതുവരെ ഫാറ്റ് ടാക്സ് കണ്ടിട്ടില്ല. അതോടൊപ്പം കെ-ഫോൺ പദ്ധതി തുടങ്ങി എല്ലായിടത്തും കണക്ടിവിറ്റി കൊണ്ടുവരുമെന്ന് അങ്ങ് പറഞ്ഞു. കെ-ഫോൺ പദ്ധതി തുടങ്ങിയിട്ടില്ല. തിരുവനന്തപുരത്തും കോഴിക്കോട്ടും ലൈറ്റ് മെട്രോ കൊണ്ടുവരുമെന്ന് അങ്ങ് പറഞ്ഞു. ഒരിടത്തും ലൈറ്റ് മെട്രോ തുടങ്ങിയിട്ടില്ല. ഇപ്പോൾ പറയുന്നു, തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നാലുമണിക്കൂറുള്ള അതിവേഗ ബുള്ളറ്റ് ട്രെയിൻ പദ്ധതി വരാൻ പോകുകയാണെന്ന്. അങ്ങ് സ്വപ്നം കാണുന്നതിൽ തെറ്റില്ല. ഞങ്ങളൊക്കെ സ്വപ്നം കാണുന്നവരാണ്. ഞാനൊക്കെ സ്വപ്നം കണ്ടാൽ അത് നടക്കാത്തതാണെങ്കിൽ നടക്കില്ലെന്ന് പറഞ്ഞ് ആ സ്വപ്നങ്ങൾ അയവിറക്കും. അങ്ങ് കാണുന്ന സ്വപ്നങ്ങൾ ഉടൻതന്നെ 100 പേജിൽ എഴുതിത്തുടങ്ങുകയും അടുത്ത ബഡ്ജറ്റിൽ അവ അതുപോലെ കൃത്യമായി കുറിക്കുകയും ചെയ്യും എന്നതാണ് പ്രത്യേകത. അഞ്ച് വർഷം ബഡ്ജറ്റ് അവതരിപ്പിച്ച് കഴിയുമ്പോഴും സ്വപ്നങ്ങൾ യാഥാർത്ഥ്യമായില്ലെങ്കിൽ അങ്ങയുടെ 'അഞ്ച് വർഷത്തെ ചിറകൊടിഞ്ഞ കിനാക്കൾ' ചിന്താ പബ്ലിക്കേഷൻസിനെക്കൊണ്ട് പുസ്തകമായി പ്രസിദ്ധീകരിക്കാമെന്നുള്ള ഉറപ്പ് അങ്ങേയ്ക്ക് ഞാൻ നൽകുകയാണ്. എന്തായാലും അധികം രാഷ്ട്രീയ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. കഴിഞ്ഞ അഞ്ച് വർഷമായി നമ്മെ ഭരിച്ച് ഇല്ലാതാക്കുന്ന ബി.ജെ.പി. സർക്കാരിന് വീണ്ടുമൊരു തെരഞ്ഞെടുപ്പ് വരികയാണ്. ഓരോ വർഷവും രണ്ട് കോടി തൊഴിലവസരങ്ങൾ കൊണ്ടുവരുമെന്ന് പറഞ്ഞ ബി.ജെ.പി. സർക്കാർ 5 വർഷംകൊണ്ട് 10 കോടി തൊഴിലവസരങ്ങൾ കൊണ്ടുവരേണ്ടതിനുപകരം കഴിഞ്ഞ ഒരു വർഷത്തെ ഏറ്റവും കൂടുതൽ തൊഴിലില്ലായ്മ റേറ്റ് ഉണ്ടാക്കിയിരിക്കുകയാണ്. പരസ്യങ്ങൾക്കുവേണ്ടി 8000 കോടി രൂപ ചെലവാക്കുന്നു. 15 ലക്ഷം നൽകാമെന്ന് പറഞ്ഞിട്ട് അവസാനത്തെ ബഡ്ജറ്റിൽ യാതൊരു ലെജിസ്ലേറ്റീവ് പവറും ഇല്ലാതെ വോട്ട് ഓൺ അക്കൗണ്ടിൽ 6000 രൂപ, പ്രതിദിനം 17 രൂപ ഒരു കുടുംബത്തിന് കൊടുക്കാമെന്നുള്ള കണക്കുകളാണ് പ്രധാനമന്ത്രി നൽകുന്നത്. ഇന്ത്യയുടെ സമ്പദ്‍വ്യവസ്ഥയെ കേന്ദ്ര സർക്കാർ ഇല്ലാതാക്കി. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിലാണ് 40 ശതമാനവും

കർഷക ആത്മഹത്യകൾ നടക്കുന്നത്. ബി.ജെ.പി. ഭരിച്ചിരുന്ന മദ്ധ്യപ്രദേശിൽ 8 മണിക്കൂറിൽ ഒരു കർഷകൻ ആത്മഹത്യ ചെയ്യുകയാണ്. ബി.ജെ.പി. ഭരിക്കുന്ന ഉത്തർപ്രദേശിലും മഹാരാഷ്ട്രയിലും ഈ കണക്കുകൾ തന്നെയാണ്. ലോകം കണ്ട ഏറ്റവും വലിയ അഴിമതിയായ റഫാൽ ഡീൽ നടക്കുന്നത് ഈ സർക്കാരിന്റെ ഭരണകാലത്താണ്. ബി.ജെ.പി.യുമായി ബന്ധമുള്ള ശ്രീ. അജിത് ഡോവൽ, ശ്രീ. അമിത് ഷാ, ശ്രീ. പീയുഷ് ഗോയൽ എന്നിവരുടെ ബന്ധുക്കൾക്കെതിരെ വലിയ അഴിമതി ആരോപണങ്ങൾ വരുന്നത് ഈ കാലഘട്ടത്തിലാണ്. ഈ സാഹചര്യത്തിൽ ജനങ്ങൾ വിശ്വസിക്കുന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെയാണ്. കഴിഞ്ഞ ഡിസംബറിലെ ഇലക്ഷനിൽ ബി.ജെ.പി.-ക്ക് 67 സീറ്റ് കിട്ടിയ പ്രദേശങ്ങളിൽ ഭൂരിഭാഗം സീറ്റുകളിലും നിയമസഭാ ഇലക്ഷൻ നടന്നപ്പോൾ, രാജസ്ഥാനിലും മദ്ധ്യപ്രദേശിലുമൊക്കെ വിജയിച്ചത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്. അങ്ങനെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കുടക്കീഴിൽ പ്രതിപക്ഷ പാർട്ടികൾ ഒരുമിച്ച് വരുമ്പോൾ അതിനെതിരായി നിൽക്കുന്നത് നിങ്ങളാണെന്നുള്ള കാര്യം ഞാൻ വിഷമത്തോടെ പറയുകയാണ്. ഇന്ന് ബംഗാളിൽ എന്താണ് സംഭവിക്കുന്നത്? ശ്രീമതി മമതാ ബാനർജിക്കെതിരെ സി.ബി.ഐ.-യും കേന്ദ്ര സർക്കാരിന്റെ എൻഫോഴ്സ്മെന്റും ഉപയോഗിച്ച് പിഴിയാൻ നോക്കുമ്പോൾ അവരെ സഹായിക്കുന്ന നിലപാടല്ലേ ഇന്ന് നമ്മൾ ചെയ്യുന്നത്. കണ്ണൂർ എയർപോർട്ട് ഉദ്ഘാടന സമയത്ത് ശ്രീ. അമിത് ഷാ വന്നപ്പോൾ ഒരു ഡി.വൈ.എഫ്.ഐ.ക്കാരനോ ഒരു സി.പി.ഐ.(എം.)കാരനോ ഒരു എസ്.എഫ്.ഐ.ക്കാരനോ അദ്ദേഹത്തിനെതിരെ കൂകുവാനോ കരിങ്കൊടി കാണിക്കുവാനോ കഴിഞ്ഞില്ല. പക്ഷേ ശ്രീ. അമിത് ഷാ കഴിഞ്ഞ ഒരു മാസമായി നിലംതൊടാതെ ബംഗാളിൽ പറന്നുകൊണ്ടിരിക്കുകയാണ്. ശ്രീ. അമിത് ഷായും ശ്രീ. നരേന്ദ്രമോദിയും മനഃപൂർവ്വം കേസ്സുകൾ ഫ്രെയിം ചെയ്യുമ്പോൾ ശ്രീ. രാഹുൽ ഗാന്ധി അടക്കമുള്ള എല്ലാ നേതാക്കളും ഒരുമിച്ചു നിൽക്കുമ്പോൾ അതിനെതിരെ ഇന്നും പാർലമെന്റിൽ പുറംതിരിഞ്ഞു നിൽക്കുന്ന ഏക പ്രതിപക്ഷ കക്ഷി സി.പി.ഐ.(എം.) ആണെന്നുള്ള കാര്യം മനസ്സിലാക്കണം. ഇവിടെയാണ് നിങ്ങളുടെ രാഷ്ട്രീയം വരുന്നത്. കേരളത്തിലായാലും ബംഗാളിലായാലും നിങ്ങളുടേത് ആന്റി കോൺഗ്രസ് പൊളിറ്റിക്സാണ്. കോൺഗ്രസ് തോറ്റാലും വേണ്ടില്ല ബി.ജെ.പി. വിജയിക്കണമെന്നുള്ള തന്ത്രമാണ് സി.പി.ഐ.(എം.)-ന്റെ ലക്ഷ്യം. അവസാനമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഒരു കാര്യം എനിക്ക് പറയാനുണ്ട്. ജി.എസ്.ടി.-ക്കുവേണ്ടി വാ തോരാതെ സംസാരിച്ചയാളാണ് അങ്ങ്. ശ്രീ. അരുൺ ജെയ്റ്റ്ലിക്കുവേണ്ടി ബി.ജെ.പി. സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാർ പ്രസംഗിച്ചതിനേക്കാൾ കൂടുതൽ വാശിയോടെ ജി.എസ്.ടി.യിലെ പല ക്ലാസുകൾക്കുംവേണ്ടി സംസാരിച്ചയാളാണ് അങ്ങ്. കഴിഞ്ഞയാഴ്ച എ.ഐ.സി.സി. അദ്ധ്യക്ഷൻ ശ്രീ. രാഹുൽ ഗാന്ധി ഇന്ത്യയിലുള്ള എല്ലാവർക്കും മിനിമം ഇൻകം

ഗ്യാരന്റി സ്കീമിനെക്കുറിച്ച് ഒരു പ്രഖ്യാപനം നടത്തി. കോൺഗ്രസ് അധികാരത്തിൽ വരികയാണെങ്കിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിപോലെ പുതിയൊരു സ്കീം തുടങ്ങാൻ പോകുകയാണെന്ന് പറഞ്ഞു. ലോക്സഭാ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ കോൺഗ്രസ് അധികാരത്തിൽ വരും. അപ്പോൾ ഇത്തരത്തിലുള്ള സ്കീമുകൾ കേരളത്തിൽ നടപ്പിലാക്കുമ്പോൾ സോഷ്യലിസ്റ്റായ അങ്ങാണ് മുന്നിൽ നിൽക്കേണ്ടതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ബഡ്ജറ്റിന്റെ ആമുഖത്തിൽ സൂചിപ്പിക്കുന്നതുപോലെ, അതി ജീവനത്തിന്റെ കാലത്ത് കരുത്ത് പകരുന്ന ആത്മവിശ്വാസത്തിന്റെ ഗവൺമെന്റാണിത്. പ്രതി സന്ധികളെയും പ്രശ്നങ്ങളെയും ഒരു സർക്കാർ നേരിടുന്നത് എങ്ങനെയാണെന്ന് തെളിയിച്ചു. ആ വിശ്വാസം ജനങ്ങളിലേയ്ക്കും എത്തിയിരിക്കുന്നു. ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ വന്ന മാറ്റം സംസ്ഥാനം അത്ഭുതത്തോടെയാണ് കാണുന്നത്. രണ്ടര ലക്ഷം വിദ്യാർത്ഥികൾ പൊതു വിദ്യാലയങ്ങളിലേയ്ക്ക് മാറിയതുമാത്രം മതി ഈ സർക്കാരിന്റെ ഗ്രാഫ് അളക്കാൻ. ഇതൊക്കെ യു.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തനത്തിന്റെ തുടർച്ചയാണെന്നൊക്കെ ശ്രീ. വി. ഡി. സതീശനെപ്പോലെ പരിചയസമ്പന്നനായ ഒരാൾ ചാനൽ ചർച്ചയിൽ പറഞ്ഞപ്പോൾ ഞാൻ അതിശയിച്ചു പോയി. ഇങ്ങനെയൊന്നും അങ്ങയെപ്പോലൊരാൾ അവകാശപ്പെടരുത്. പ്രളയ ദുരന്തം ലോകത്തെ അതിശയിപ്പിക്കുന്ന രീതിയിൽ നേരിട്ടിട്ടുള്ളവരാണ് കേരള ജനത. ജനങ്ങളെ ഒന്നിച്ചുനിർത്തുന്നതിൽ വിജയിച്ച സർക്കാരാണിത്. അതിന് നേതൃത്വം കൊടുത്ത മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ കേരളം മറക്കില്ല. സർക്കാർ അതിജീവനത്തിനായി ശ്രമിക്കുമ്പോൾ കേന്ദ്ര സർക്കാർ കണ്ട ഭാവം നടിച്ചില്ലെന്നുമാത്രമല്ല വിദേശമലയാളികളുടെ സഹായംപോലും തടസ്സപ്പെടുത്തുകയുണ്ടായി. ആ തടസ്സങ്ങളെയൊക്കെ മാറ്റിനിർത്തിയാണ് ഈ സർക്കാർ നവകേരള നിർമ്മിതിക്കായി ശ്രമിക്കുന്നത്. പ്രളയത്തിൽ വീടും ജീവനോപാധിയും നഷ്ടപ്പെട്ടവർക്ക് എല്ലാം തിരിച്ചുനൽകുന്ന നടപടികൾ ശക്തമായി പുരോഗമിക്കുകയാണ്. പ്രളയം നാശംവിതച്ച ഓരോ ഗ്രാമപഞ്ചായത്തിനും കോടിക്കണക്കിന് രൂപ വീതം നൽകുന്നു. വ്യവസായ രംഗത്തും ഭൗതിക സാഹചര്യ നിർമ്മിതിയിലും കേരളം കുതിക്കുകയാണ്. 6,700 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബിയിൽ നിന്ന് മാത്രം 15,600 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. വ്യവസായ പാർക്കുകളിലേയ്ക്ക് കോർപ്പറേറ്റ് സ്ഥാപനങ്ങളെ ആകർഷിക്കുകയാണ്. അടുത്ത ഒരു വർഷത്തിനുള്ളിൽ 5,000 പേർക്ക് ഇത്തരം സ്ഥാപനങ്ങളിൽ പുതിയതായി തൊഴിൽ ലഭിക്കും. കേന്ദ്ര സർക്കാരിന്റെ വ്യവസായ വാണിജ്യ മന്ത്രാലയം നടത്തിയ റാങ്കിംഗിൽ ഒന്നാമത് കേരളമാണ്. ഇന്ത്യയിൽ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് സംവിധാനമുള്ളത് കേരളത്തിലാണ്. തെങ്ങ് കൃഷിയുൾപ്പെടെ കാർഷിക രംഗത്ത് വലിയ മാറ്റം വരികയാണ്. റബ്ബറിന്റെ താങ്ങുവിലയ്ക്ക് 500 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. എല്ലാ പൊതുമേഖലാ

സ്ഥാപനങ്ങളും ലാഭത്തിലാവുകയാണ്. ഓരോ വ്യവസായശാലയ്ക്കും കൃത്യമായ പദ്ധതികളുണ്ട്. ഗതാഗതമേഖല പരിശോധിച്ചാൽ, എല്ലാ പി.ഡബ്ല്യൂ.ഡി. റോഡുകളും ബി.എം.&ബി.സി. ആയി മാറുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ എല്ലാ റോഡുകളും ഈ സർക്കാരിന്റെ ഭരണകാലത്തുതന്നെ ഗുണനിലവാരമുള്ള റോഡുകളായി മാറും.

കയർ വ്യവസായത്തിന് വലിയ പ്രാധാന്യമാണ് ബഡ്ജറ്റിൽ നൽകിയിരിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് കൊട്ടിഘോഷിച്ച് എന്റെ മണ്ഡലത്തിൽ കെട്ടിപ്പൊക്കിയ തുറക്കാത്ത ഫൈബർ പാർക്ക് ഈ പദ്ധതിയിലൂടെ തുറക്കുമെന്ന് അറിയുന്നത് അവിടത്തെ കയർ തൊഴിലാളികൾക്ക് ആശ്വാസമാണ്. പ്രവാസികൾക്ക് ഏർപ്പെടുത്തിയ 2,000 രൂപയുടെ പെൻഷൻ പദ്ധതി പരിഷ്കരിക്കുമെന്നറിയുന്നതിൽ സന്തോഷമുണ്ട്. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചതും സാധാരണക്കാർക്ക് ആശ്വാസമാണ്. ഞാൻ എല്ലാ വിഷയങ്ങളിലേയ്ക്കും പോകുന്നില്ല. കേരളത്തെ ഇന്ത്യയിൽ ഒന്നാമത്തെ സംസ്ഥാനമാക്കി മാറ്റുന്നതിന് ആരോഗ്യരംഗത്ത് ഇൻഷ്വറൻസ് പദ്ധതിയുൾപ്പെടെ നടപ്പാക്കി ദിശാബോധത്തോടുകൂടി നീങ്ങുന്ന ഗവൺമെന്റിനെയും കാഴ്ചപ്പാടുകൾക്കനുസരിച്ച് ബഡ്ജറ്റ് അവതരിപ്പിച്ച ഡോ. ടി. എം. തോമസ് ഐസക്കിനെയും ഞാൻ അഭിനന്ദിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ പ്രതിസന്ധികളെയും തരണം ചെയ്തുകൊണ്ട് സാധാരണക്കാർക്കുവേണ്ടി രാഷ്ട്രീയ വ്യത്യാസമില്ലാതെ ജാതി-മത-വർഗ്ഗ വ്യത്യാസമില്ലാതെ സത്യസന്ധമായി ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ചു. സാധാരണക്കാരന്റെ വികസനം ലക്ഷ്യമാക്കി കൊണ്ടുവന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ്, ആർദ്രം, ഹരിതകേരളം എന്നീ നാല് മിഷനുകൾ എത്ര വർഷം പിന്നിട്ടാലും രാജ്യം ഒരിക്കലും മറക്കുകയില്ല. പ്രതിപക്ഷം എന്തൊക്കെ പറഞ്ഞാലും സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ ഈ രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയാണ്. സാധാരണക്കാർക്കുവേണ്ടി ഈ സർക്കാർ ന്യായമായ കാര്യങ്ങൾ ചെയ്തു എന്നതിന് ഉദാഹരണമാണ് പ്രളയം. ഈ സർക്കാരിന്റെ ഭരണകാലത്ത് ഏറ്റവും വലിയ പ്രളയവും ഓഖി ദുരന്തവും നിപാ വൈറസും എല്ലാം ഉണ്ടായെങ്കിലും നാടിന്റെ വികസനത്തിനും വളർച്ചയ്ക്കും നാടിനെയും നാട്ടുകാരെയും സംരക്ഷിക്കുന്നതിനും വേണ്ടി അവതരിപ്പിച്ച ബഡ്ജറ്റാണിത്. ഈ സർക്കാർ നാടിന്റെ വികസനത്തിനുവേണ്ടി ചെയ്ത കാര്യങ്ങളെക്കുറിച്ച് പറയുമ്പോൾ ഏതെങ്കിലും പുതിയ പദ്ധതികൾക്ക് തറക്കല്ലിട്ടിട്ടുണ്ടോ എന്ന് പ്രതിപക്ഷം ചോദിക്കാറുണ്ട്. സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലും ലൈഫ് പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് തറക്കല്ലിട്ട് പ്രവൃത്തി തുടങ്ങിക്കഴിഞ്ഞു. അതുപോലെ എല്ലാ നിയോജകമണ്ഡലങ്ങളിലും സ്കൂളുകൾക്കുവേണ്ടി 5 കോടി രൂപയുടെ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടിട്ടുണ്ട്. അതൊക്കെ

നിഷേധിച്ചുകൊണ്ടാണ് ഇവിടെ പ്രതിപക്ഷാംഗങ്ങൾ പ്രസംഗിക്കുന്നത്. പക്ഷെ, യാഥാർത്ഥ്യ ബോധം ഉൾക്കൊണ്ടുകൊണ്ടുവേണം പ്രസംഗിക്കാൻ എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അഞ്ച് വർഷത്തിനകം സംസ്ഥാനത്തെ താഴെത്തട്ടിലെ ജനങ്ങളുടെ വികസനം പൂർത്തീകരിച്ചിരിക്കും. അതുകൊണ്ട് ജനങ്ങൾ മുഴുവൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ അഭിനന്ദിക്കുകയും അടുത്ത തവണയും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യും എന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്. ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കേരളത്തിന്റെ ധനകാര്യ മാനേജ്മെന്റ് ഏറ്റവും നല്ല രീതിയിലാണ് മുന്നോട്ട് പോകുന്നതെന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഈ ബഡ്ജറ്റ്. കഴിഞ്ഞ മൂന്ന് ബഡ്ജറ്റുകളിലായി നിരവധി വികസന പ്രവർത്തനങ്ങൾ ചിട്ടയായി കൊണ്ടുവരാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് സാധിച്ചുവെന്നുള്ളതാണ് ഏറ്റവും വലിയ കാര്യം. അടിസ്ഥാന വികസന രംഗത്ത് കോടിക്കണക്കിന് രൂപയുടെ വികസന പദ്ധതികൾ നടപ്പിലാക്കാൻ കേരളത്തിന് കഴിഞ്ഞുവെന്നുള്ളത് അഭിമാനപൂർവ്വം പറയാൻ കഴിയും. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം ഉയർത്താൻ ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട്. കൃഷി അനുബന്ധ മേഖലകൾ വലിയ തോതിലാണ് വളർന്നിട്ടുള്ളത്. ഉല്പാദന മേഖലയിൽ മികച്ച പ്രകടനമാണ് കഴിഞ്ഞ മൂന്ന് വർഷങ്ങളായി കണ്ടുവരുന്നത്. 7.8 ശതമാനത്തിൽ നിന്നും 9.2 ശതമാനമായി അത് വളർന്നുവെന്ന് പറഞ്ഞാൽ ഫിനാൻഷ്യൽ മാനേജ്മെന്റിന്റെ കരുത്തുറ്റ പ്രവർത്തനമാണ് സൂചിപ്പിക്കപ്പെടുന്നത്. പ്രതിശീർഷ വരുമാനം ദേശീയ ശരാശരിയേക്കാൾ ഉയർന്നാണ് നിൽക്കുന്നത്. അതോടൊപ്പം കിഫ്ബി ഫണ്ടുപയോഗിച്ചുള്ള മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾ വിലയിരുത്താൻ കൂടി ഈ അവസരം നിങ്ങൾ വിനിയോഗിക്കണം. എന്റെ നിയോജകമണ്ഡലം അടക്കമുള്ള മലപ്പുറത്തിന്റെ തീരപ്രദേശങ്ങളിൽ, വികസനം എത്തിനോക്കാത്ത പ്രദേശങ്ങളിൽ, ഇന്ന് ചരിത്രത്തിന്റെ താളുകളിൽ എഴുതിവയ്ക്കാവുന്ന തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ കിഫ്ബി മുഖാന്തരം നടന്നുവരികയാണ്. 300 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് താനൂർ നിയോജകമണ്ഡലത്തിൽ മാത്രം പൂർത്തിയാക്കാൻ പോകുന്നതെന്ന വസ്തുത നിങ്ങൾ മനസ്സിലാക്കണം. പ്രതിപക്ഷത്തെ പല അംഗങ്ങളും കിഫ്ബി വികസന മാതൃകയെ വലിയ രൂപത്തിലാണ് വിമർശിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ നേർചിത്രങ്ങളാണിത്. താനൂർ നിയോജകമണ്ഡലത്തിൽ പൂർത്തീകരിക്കാൻ പോകുന്ന കുടിവെള്ള പദ്ധതി അടക്കമുള്ള വികസന പ്രവർത്തനങ്ങൾ ഈ സർക്കാരിനും കേരളത്തിലെ ജനങ്ങൾക്കും അഭിമാനിക്കാൻ കഴിയുന്ന നേട്ടം തന്നെയാണ്. ഈ ബഡ്ജറ്റിനെ നമ്മൾ കാണേണ്ടത് മറ്റൊരു വിധത്തിലാണ്. നമ്മൾ കുറച്ച്

വർഷങ്ങളായി അഭിമാനിക്കുന്ന കേരള വികസന മോഡലിനെ വിലയിരുത്തുമ്പോൾ, ഇനിയും എത്ര മുന്നോട്ട് പോകാൻ കഴിയുമെന്നുള്ളത് പരിശോധിക്കേണ്ടതാണ്. നമ്മുടെ തനതായിട്ടുള്ള, ഇപ്പോൾ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിന് പുതിയ സോഴ്സുകൾ കണ്ടെത്തേണ്ട സമയമായിരിക്കുന്നു. മുൻകാലങ്ങളിൽ മറുനാടൻ മലയാളികളുടെയും വിദേശ മലയാളികളുടെയും പണം ഉപയോഗിച്ചുകൊണ്ടായിരുന്നു സംസ്ഥാനത്തിന്റെ സാമ്പത്തികനില മുന്നോട്ട് പോയിരുന്നതെങ്കിൽ ഇന്ന് അതിന് മാറ്റം വരുത്തേണ്ട സമയമായിരിക്കുന്നു. ടൂറിസം, നാനോ ടെക്നോളജി, ബയോ ടെക്നോളജി, ഐ.ടി. എന്നീ രംഗങ്ങളിൽ വേരുറപ്പിക്കാൻ ഈ ബഡ്ജറ്റ് നമുക്ക് കരുത്ത് പകരുന്നുണ്ട്. കാർഷിക രംഗത്ത് വയനാടിലെ കോഫി ബ്രാന്റ് ചെയ്യുന്ന ഏറ്റവും നൂതനമായ പദ്ധതി അംഗീകരിക്കേണ്ടതും അതുമായി മുന്നോട്ട് പോകേണ്ടതുമാണ്. ഇന്ന് ലോകത്തിൽ ഏറ്റവും നല്ല ശുദ്ധജലം ലഭിക്കുന്നത് മണ്ണാർക്കാടുള്ള ശിരുവാണി പുഴയിലാണ് എന്നതാണ് പുതിയ കണ്ടെത്തൽ. ശിരുവാണി പുഴയിലെ ജലം നമുക്ക് ബ്രാന്റഡായി കൊടുക്കേണ്ട സമയമായിരിക്കുന്നു. നാച്വറൽ സോഴ്സ് ഉപയോഗിച്ചുകൊണ്ട് പുതിയ റവന്യൂ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തെക്കുറിച്ച് ശ്രീ. കെ. എസ്. ശബരിനാഥൻ ഇവിടെ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞ നിത്യോപയോഗ സാധനങ്ങളായ അരി, പഞ്ചസാര, പയർ വർഗ്ഗങ്ങൾ, പലവ്യഞ്ജനം, ഭക്ഷ്യ എണ്ണ എന്നിവയ്ക്കൊന്നും വില കൂടില്ലെന്ന് മനസ്സിലാക്കുന്നത് നല്ലതാണ്. കാരണം, മഹാഭൂരിപക്ഷം വരുന്ന നിത്യോപയോഗ സാധനങ്ങൾക്കും നികുതിയില്ലാത്തതുകൊണ്ട് അവയ്ക്ക് വില കൂടുന്ന പ്രശ്നം ഉദിക്കുന്നില്ല. മദ്യത്തിന് വില കൂടുമെന്ന് പറഞ്ഞു. 100 രൂപ വിലയുള്ള ബിയറിന് 2 രൂപയാണ് നികുതി വർദ്ധിപ്പിച്ചിരിക്കുന്നത്. റവന്യൂ വരുമാനം കൂട്ടുന്നതിനുള്ള പദ്ധതികൾ ആലോചിക്കണം. സാലറി ചലഞ്ചും വിദേശ സഹായങ്ങളും യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ചേർന്ന് പൊളിച്ചില്ലേ? പ്രളയബാധിതമായ കേരളത്തെ പുനർനിർമ്മിക്കാൻ പണം ആവശ്യമാണ്. അതിനായി സെസ് ഏർപ്പെടുത്തുന്നതിൽ യാതൊരു തെറ്റുമില്ല. ഇന്നുവരെ കോൺഗ്രസ്സിന്റെയോ യു.ഡി.എഫ്.-ന്റെയോ ഒരംഗം പോലും കേന്ദ്ര ബഡ്ജറ്റിനെ വിമർശിക്കുന്നതായി കണ്ടില്ല. ഇന്ന് ഇന്ത്യയിലെ 199 അതിസമ്പന്നരുടെ ദിവസ വരുമാനം 220 കോടി രൂപയാണ്. അതിൽ 9 പേരുടെ ആസ്തി രാജ്യത്തെ 50.3 ശതമാനം പേരുടെ കയ്യിലാണ്. രാജ്യത്തിന്റെ സമ്പത്തിന്റെ 77.4% ഇന്ന് സമ്പന്നരുടെ കയ്യിലാണ്. അത്തരത്തിലുള്ള ഒരു രാജ്യത്ത് കേന്ദ്ര സർക്കാർ കൊണ്ടുവന്ന ബഡ്ജറ്റിനെക്കുറിച്ച് ഒരക്ഷരം വിമർശിക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ തയ്യാറാകാത്തത് സത്യത്തിൽ നാണക്കേടാണ്. കഴിഞ്ഞ ദിവസം എന്റെ സുഹൃത്ത് ശ്രീ. പി. കെ. അബ്ദു റബ്ബ് മലപ്പുറം ജില്ലയുടെ തീരത്ത് ആരംഭിക്കാൻ പോകുന്ന പരപ്പനങ്ങാടി ഹാർബറിനെക്കുറിച്ച്

ഇവിടെ പറയുകയുണ്ടായി. മലപ്പുറം ജില്ലയുടെ തീരദേശത്ത് വികസന പ്രവർത്തനങ്ങൾ നടത്തിയെന്ന് നിങ്ങൾ 50 വർഷമായി പറയുകയാണ്. നിങ്ങൾ 50 വർഷം പറഞ്ഞ കാര്യങ്ങൾ ഞങ്ങൾ 1000 ദിവസം കൊണ്ട് അവിടെ പൂർത്തീകരിച്ചു. അതുകൊണ്ടുതന്നെ നിങ്ങൾക്ക് അസ്വസ്ഥതയുണ്ടാകും. അതുമാത്രമല്ല മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി, താനൂർ, തവനൂർ, പൊന്നാനി, വള്ളിക്കുന്ന് അടക്കമുള്ള മുഴുവൻ മേഖലകളിലും കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ വരുമ്പോൾ സ്വാഭാവികമായും ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന് ചെറിയ തോതിലുള്ള വിഷമമുണ്ടാകുമെന്ന് ഞങ്ങൾക്കറിയാം. പൊന്നാനി അടക്കമുള്ള ലോക്‌സഭാ മണ്ഡലങ്ങളിൽ വരാൻപോകുന്ന ഇലക്ഷനും ഞങ്ങൾക്ക് അനുകൂലമാകുമെന്ന കാര്യത്തിൽ നിങ്ങൾക്കൊരു സംശയവുംവേണ്ട എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ വളരെ സന്തോഷത്തോടുകൂടിയാണ് ഈ ഉപധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുക്കുന്നത്. കാരണം, ഒരു രാഷ്ട്രീയ പ്രസ്ഥാനമായ സി.എം.പി.-യുടെ പ്രതിനിധി ശ്രീ. എൻ. വിജയൻ പിള്ളയുടെ, സി.എം.പി. എന്ന നിലയിലുള്ള അന്ത്യപ്രസംഗം കേൾക്കാനുള്ള ഭാഗ്യം നമുക്ക് ലഭിച്ചിരിക്കുകയാണ്. അദ്ദേഹത്തെ വിഴുങ്ങിയ സി.പി.ഐ. (എം.) ആ അന്ത്യ പ്രസംഗത്തിൽ ഒന്ന് കയ്യടിക്കാനുള്ള മര്യാദയെങ്കിലും കാണിക്കേണ്ടതായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. ശ്രീ. എ. എൻ. ഷംസീർ മാത്രം കയ്യടിച്ചു. വേറെയാരെയും കണ്ടില്ല. ഞാനൊരുകാര്യം പറയുമ്പോൾ മറ്റൊന്നും വിചാരിക്കരുത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്, 31 ഇന്നോവ കാറുകൾ വാങ്ങുന്നതിനുള്ള തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ 31 കാറുകൾ ഹൈക്കോടതി ജഡ്ജിമാർക്കാണ്. ജഡ്ജിമാർക്ക് ബെൻസ് കാർ നൽകിയാലും സന്തോഷമേയുള്ളൂ. പക്ഷെ കെട്ടിക്കിടക്കുന്ന കേസുകളൊക്കെ വേഗം തീർക്കാൻ അവരോട് പറഞ്ഞാൽ നന്നായിരിക്കും എന്നൊരു അഭിപ്രായമുണ്ട്. എത്ര കേസ്സുകളാണ് കെട്ടിക്കിടക്കുന്നത്, തീർക്കാൻ കഴിയണ്ടേ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ മണി ലെൻഡേഴ്സിന് വാങ്ങാവുന്ന പരമാവധി പലിശ 18 ശതമാനമായി കുറച്ചു. വളരെ നന്നായി. ഞാൻ അതിനെ അനുകൂലിക്കുകയാണ്. 22 ശതമാനമായിരുന്നത് 18 ശതമാനമായി കുറയ്ക്കാൻ തീരുമാനിച്ചതിനെ ഞാൻ അഭിനന്ദിക്കുന്നു. എന്നാൽ നിലവിൽ കൊശമറ്റം ഫിനാൻസ് ഈടാക്കുന്നത് 24 ശതമാനമാണ്, മുത്തൂറ്റ് ഫിൻ കോർപ്പിന്റെ പലിശ 24 ശതമാനത്തിന് മുകളിലാണ്. എച്ച്.ഡി.എഫ്.സി. 22 ശതമാനമാണ്. ന്യൂ ജനറേഷൻ ബാങ്കുകളുടെയെല്ലാം പലിശ 24 ശതമാനമാണ്. അവരെ നിയന്ത്രിക്കാൻ ഡോ. ടി. എം. തോമസ് ഐസക്കിന് പേടിയാണ്. അവരോടും 18 ശതമാനമാക്കാൻ പറയണം. ഈ രാജ്യത്ത് പാവപ്പെട്ടവർക്ക് ജീവിക്കണ്ടേ? മണി ലെൻഡേഴ്സായ പാവപ്പെട്ടവരെ മാത്രം ഉദ്ദേശിച്ചാൽ മതിയോ? അവരെക്കൂടി നിയന്ത്രിച്ചാൽ ഞാൻ ഡോ. ടി. എം. തോമസ് ഐസക്കിനെ ബഹുമാനിക്കാം. അത് ചെയ്യണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, അധികാരമുള്ള കാര്യങ്ങളല്ലേ ചെയ്യാൻ കഴിയൂ. ഈ പറഞ്ഞ സ്ഥാപനങ്ങളൊക്കെ നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ എന്ന രീതിയിൽ റിസർവ് ബാങ്ക് നിയമത്തിന്റെ കീഴിലാണ് വരുന്നത്. അതാണ് പ്രശ്നം. സംസ്ഥാന സർക്കാരിന്റെ നിയമത്തിന്റെ കീഴിൽ വരില്ല. അതുമായി ബന്ധപ്പെട്ട ഒരു കേസ് സുപ്രീംകോടതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഡോ. ടി. എം. തോമസ് ഐസക്, അതിനൊരു കാര്യം ചെയ്യണം. ഒരു നിയമം കൊണ്ടുവന്ന് ഈ സ്ഥാപനങ്ങൾക്കുനേരെ ടാക്സ് ചുമത്തണം. കാശ് ഇങ്ങോട്ടു വരും. ആ കാശ് നമ്മൾ നികുതിയായി പിടിക്കണം. ഒരു ചെറിയ കാര്യം കൂടി ഞാൻ സൂചിപ്പിക്കാം. ഇവിടെയൊരു വിമാനത്താവളത്തിന്റെ കാര്യം ചർച്ചയിൽ വന്നപ്പോൾ ഞാൻ വളരെ സന്തോഷത്തോടുകൂടി കേട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് ചർച്ചയിൽ ശബരിമല തീർത്ഥാടന സൗകര്യാർത്ഥം ഒരു വിമാനത്താവളം നിർമ്മിക്കുമെന്ന് പറഞ്ഞു. ആ വിമാനത്താവളത്തിന് അതായത്, ശബരി എയർപോർട്ടിന് സ്ഥലം ഏറ്റെടുക്കുന്നത് എരുമേലിയിലാണ്. അത് പൂർണ്ണമായും പൂഞ്ഞാർ നിയോജകമണ്ഡലത്തിലാണ്. അതിന്റെ സാധ്യതാപഠനം നടത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കെ.എസ്.ഐ.ഡി.സി.-യെ ഏൽപ്പിച്ചിരുന്നു. കെ.എസ്.ഐ.ഡി.സി.-യുടെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനു ശേഷം പരിസ്ഥിതി ആഘാത പഠനത്തിനായി ലൂയിസ് ബെർജർ കൺസൾട്ടൻസി എന്ന കമ്പനിയെ നിയോഗിച്ചു. കൾസൾട്ടൻസി ലഭ്യമാക്കിയ മുഴുവൻ റിപ്പോർട്ടും പരിശോധിച്ചു. ചെറുവള്ളി എസ്റ്റേറ്റിൽ 570 ഏക്കർ ഭൂമി ഉപയുക്തമാക്കി അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും ഈ കമ്പനിക്ക് 4 കോടി 63 ലക്ഷം രൂപ കൊടുത്തുകഴിഞ്ഞുവെന്നും നിയമപരമായ മറ്റു നടപടികൾ നീക്കുകയാണെന്നുമാണ് ഒരു ചോദ്യത്തിന് ഉത്തരമായും എന്റെ സബ്മിഷന് മറുപടിയായും അദ്ദേഹം പറഞ്ഞത്. 570 ഏക്കർ ഭൂമിയെന്നുപറഞ്ഞതിൽ ചെറിയൊരു വ്യത്യാസം വരുത്തണം. അവിടെ 2300 ഏക്കർ സ്ഥലമുണ്ട്. പാട്ടക്കാലാവധി കഴിഞ്ഞ ഭൂമിയുണ്ട്. എന്തുകൊണ്ട് 1000 ഏക്കർ സ്ഥലം എടുത്തുകൂടാ? വിമാനത്താവളമുണ്ടായിക്കഴിഞ്ഞാൽ സ്വാഭാവികമായും വസ്തുവിന് വില വർദ്ധിക്കും. ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലാണ് അമേരിക്ക ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ താമസിക്കുന്ന മലയാളികൾ മുഴുവനുമുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്. പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ അവസാനിപ്പിക്കാം. അങ്ങനെ ചെയ്താൽ ഏറ്റവും വലിയ അന്താരാഷ്ട്ര വിമാനത്താവളമായി എരുമേലിയിലാരംഭിക്കുന്ന ഈ വിമാനത്താവളം മാറും. ലോകം മുഴുവനുമുള്ള അയ്യപ്പ ഭക്തന്മാർ വരുന്ന വിമാനത്താ

വളമായി അത് മാറും. അതിനാൽ 570 ഏക്കർ എന്നത് 1000 ഏക്കറാക്കി മാറ്റണമെന്ന അഭിപ്രായം ഞാൻ രേഖപ്പെടുത്തുകയാണ്. ഈ നല്ല കാര്യം ചെയ്ത മുഖ്യമന്ത്രിയോടുള്ള സ്നേഹവും പരസ്യമായി പ്രകടിപ്പിക്കുകയാണ്. ഞാൻ അങ്ങനെ പ്രകടിപ്പിക്കുന്നതിന്റെ പേരിൽ ഒരു ഔദാര്യവും നിങ്ങൾ എനിക്ക് ചെയ്യേണ്ടതില്ല. ഒരു നന്ദി പറയാൻ ബാധ്യതയുള്ളതുകൊണ്ട് ആ നന്ദിയുംകൂടി ഞാൻ രേഖപ്പെടുത്തുന്നു.

4.00 P.M]

പ്രൊഫ. കെ. യു. അരുണൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ആരാധ്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിൽ വളരെ മനോഹരമായ "ശരി! പാവയോ ഇവൾ!" എന്ന് ആശാന്റെ സീത രാമനോട് ചോദിച്ചതിന്റെ നൂറാം വാർഷികം എന്നുപറഞ്ഞിട്ടുണ്ട്. "ശരി! പാവയോ ഇവൾ!" എന്ന് സീത രാമനോട് ചോദിച്ചു. കരുണാനിധി ചോദിച്ചതല്ല, ശ്രീരാമൻച്ചിറ എന്നു പറഞ്ഞപ്പോൾ നമ്മുടെ തൊട്ടടുത്ത സംസ്ഥാനത്തെ മുഖ്യമന്ത്രിയായിരുന്ന കരുണാനിധി, ശ്രീരാമൻ ഏത് ടെക്നിക്കൽ കോളേജിൽനിന്നാണ് ബി.ടെക് എടുത്തതെന്ന് ചോദിച്ചു. ശ്രീരാമൻ ചിറ കെട്ടണമെങ്കിൽ അതിന് സാങ്കേതികവിദ്യ വേണം. അതുകെട്ടിയത് ശ്രീരാമനാണെന്ന് പറഞ്ഞപ്പോൾ ചോദിച്ചത് ഇതാണ്. അത്രത്തോളം വളർന്ന യുക്തിചിന്ത ഭദ്രമായ യാഥാസ്ഥിതികബോധത്തെ ഉപേക്ഷിക്കാൻ തയ്യാറായിട്ടുള്ള മുഖ്യമന്ത്രിമാരുടെ കുറവ് നമുക്കിടയിലുണ്ടെങ്കിലും നമ്മുടെ മുഖ്യമന്ത്രി ആ കുറവ് പലപ്പോഴും പരിഹരിക്കുന്നുണ്ട് എന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിച്ചതാണ്. വളരെ പ്രസിദ്ധമായ, ഒരുപക്ഷെ ഷേക്സ്പിയറിനുശേഷം ഇംഗ്ലീഷ് സാഹിത്യത്തിലെ ഏറ്റവും പ്രസിദ്ധനായ നാടകകൃത്ത് ഇബ്സനിന്റെ ഒരു പുസ്തകമുണ്ട് 'ഡോൾസ് ഹൗസ്'. 'പാവക്കൂട്' എന്ന് മലയാളത്തിൽ പ്രൊഫ. എം. ജി. എസ്. നാരായണൻ തർജ്ജമ ചെയ്തിട്ടുണ്ട്. നല്ല പുസ്തകമാണ്. 'പാവക്കൂട്' എന്ന പുസ്തകത്തിലെ പ്രധാന കഥാപാത്രമാണ് 'നോറ'. കടം വാങ്ങിക്കുന്നത് പാപമാണെന്ന് കരുതിയിരുന്ന യൂറോപ്യൻ യാഥാസ്ഥിതിക ചിന്താഗതിയെ ചോദ്യം ചെയ്തുകൊണ്ട് മാരകരോഗം പിടിപെട്ട ഭർത്താവിന്റെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി ഭർത്താവറിയാതെ അച്ഛന്റെ കയ്യൊപ്പിട്ടുകൊടുത്ത് പണം വാങ്ങി അദ്ദേഹത്തിന്റെ രോഗം മാറ്റി. ഭർത്താവ് പണം കടം വാങ്ങില്ല. അതിനുശേഷമാണ് കടം വാങ്ങിയ വിവരം ഭർത്താവ് അറിയുന്നത്. അപ്പോൾ ഭർത്താവ് തന്റെ ജീവൻ രക്ഷിച്ച ഭാര്യയെ "എടീ കുലടേ" എന്നാണ് വിളിച്ചത്. സീതയെ ജനക മഹാരാജാവിന് കിട്ടിയതാണ്. സിതാമധ്യമെന്നാൽ ഉഴവുചാലെന്നാണ് അർത്ഥം. സിതാമധ്യത്തിൽനിന്നും കിട്ടിയതുകൊണ്ടാണ് സീതയെന്ന പേരുവന്നത്. സീത ജനക മഹാരാജാവിന്റെ മകളല്ല. യഥാർത്ഥത്തിൽ സീത രാവണപുത്രിയാണ്. നമുക്ക് എന്നും അഭിമാനിക്കാവുന്ന വയലാർ രാമവർമ്മയുടെ ഏറ്റവും പ്രസിദ്ധമായൊരു കവിതയുടെ പേരാണ് "രാവണപുത്രി" . സീതയാണ്

രാവണപുത്രി. വേദവതി എന്ന സ്ത്രീയിൽ രാവണനുണ്ടായ കുട്ടിയെ അവർ ഒരു ചെറിയ പാത്രത്തിലാക്കി നദിയിലൊഴുക്കി. അത് പല നദികൾ കടന്ന് ഒരു സ്ഥലത്തുവന്നു. ജനക മഹാരാജാവിന്റെ പാടത്ത് ഒരാൾ ഉഴാൻ ചെന്നപ്പോൾ സിതാമധ്യത്തിൽ നിന്നും ഒരു കുഞ്ഞിനെ കിട്ടി. അതാണ് സീത. പക്ഷെ രാവണന്റെ നേർക്ക് ശ്രീരാമൻ അസ്ത്രമെയ്ത് മരണാസന്നനായി കിടക്കുന്ന രാവണൻ അസ്ത്രം ഊരിക്കഴിഞ്ഞാൽ മരിക്കും, പക്ഷെ അതിനുമുമ്പ് തന്റെ ജീവിതത്തിലേയ്ക്കൊന്ന് തിരിഞ്ഞുനോക്കുമ്പോൾ മരിക്കാൻ പോകുന്ന രാവണന്റെ മനസ്സിലേയ്ക്ക് കാൽത്തളയുടെ, ചിലമ്പിന്റെ ശബ്ദം കേൾക്കുകയാണ്, അദ്ദേഹം വിചാരിച്ചു, അത് തന്റെ മകൾ സീതയാണ്. "രാവണപുത്രി" എന്ന കവിത എത്ര മനോഹരമാണെന്നറിയാമോ? എല്ലാ സങ്കൽപ്പങ്ങളെയും തകിടം മറിച്ചുകൊണ്ട് സത്യസന്ധമായി നിലനിൽക്കുന്ന പഴയ കഥകളാണ് വയലാർ ആവിഷ്കരിച്ചിട്ടുള്ളത്. വായിക്കാൻ ഏറ്റവും നല്ലതാണ് "രാവണപുത്രി" അച്ഛന്റെ മനസ്സിലേയ്ക്ക് മകൾ കടന്നുവരികയാണ്. പക്ഷെ അച്ഛന്റെ കൂടെ താമസിച്ചതിന് സീതയുടെ പരിശുദ്ധി തെളിയിക്കുന്നതിന്, അവളെ അഗ്നി ശുദ്ധിവരുത്താൻ ലക്ഷ്മണൻ വിറകുകൾ ശേഖരിക്കുകയായിരുന്നു. രാവണന്റെ സ്മൃതി പഥത്തിൽ അപ്പോഴൊക്കെത്തന്നെ തത്തിക്കളിക്കുന്ന, ഓടിനടക്കുന്ന ചിലമ്പിന്റെ ശബ്ദം പുറപ്പെടുവിക്കുന്നത് സീതയാണ്. ഞാൻ അതിവിടെ സൂചിപ്പിച്ചത് "ശരി! പാവയോ ഇവൾ" എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ, സ്ത്രീകളെ സംബന്ധിച്ചിടത്തോളം മറ്റ് 28 സംസ്ഥാനങ്ങളെ പിന്തള്ളിക്കൊണ്ട് മുന്നോട്ടുപോയിട്ടുള്ള ഒരു പുരോഗമന സംസ്ഥാനമാണ് കേരളം. മറ്റ് സ്ഥലങ്ങളിൽ ദമ്പതിമാരെ ആശുപത്രിയിൽകൊണ്ടു പോയി ഭ്രൂണ പരിശോധന നടത്തി പെൺകുഞ്ഞാണെങ്കിൽ ഭർത്താവിന്റെ കയ്യിൽനിന്നും 300 രൂപ വാങ്ങി ഭ്രൂണഹത്യ നടത്തും. അതിനെക്കുറിച്ച് ഇടശ്ശേരി ഗോവിന്ദൻ നായർ ഏറ്റവും മനോഹരമായി എഴുതിയിട്ടുണ്ട്. സ്വന്തം അമ്മയിൽ നിന്നും ഏതുനേരവും ചീത്തകേട്ടുമടുത്ത മകൾ തന്റെ അപ്പു എന്ന അനിയനേയും കൊണ്ട് കുളിക്കാൻ പോയിട്ട് അപ്പുവിനെ കൽപ്പടവിൽ ഇരുത്തിയശേഷം ആത്മഹത്യ ചെയ്യാൻ പോകുന്ന അപ്പുവിന്റെ ചേച്ചി പറയും, "മോനെ അപ്പു, ചേച്ചി പതുക്കെ വെള്ളത്തിലിറങ്ങി ആമ്പൽ പറിച്ച് വരും. അതുവരെ അപ്പു ആരൊക്കെ പറഞ്ഞാലും ചേച്ചിയെ കണ്ടില്ലെങ്കിലും മോൻ ചേച്ചിയെ അന്വേഷിച്ച് ഇറങ്ങി വരരുത്." അങ്ങനെ അപ്പുവിനെക്കൊണ്ട് സത്യം ചെയ്യിച്ചതിനുശേഷം അവർ പതുക്കെ വെള്ളത്തിലിറങ്ങി ആത്മഹത്യ ചെയ്യുകയാണുണ്ടായത്. അതേ ഇടശ്ശേരി തന്നെയാണ് എഴുതിയത്, പെണ്ണുകാണാൻ വരുന്നതിന്റെ അന്ന് പെൺകുട്ടിക്ക് ബ്ലൗസ് വാങ്ങാൻ പോയിരിക്കുന്ന അച്ഛനെ നോക്കിയിരിക്കുന്ന പെൺകുട്ടി. പെണ്ണു കാണാൻ വന്നവർ പെണ്ണിനെ കാണണമെന്നുപറഞ്ഞ് അസ്വസ്ഥരായി. പെണ്ണിന് ബ്ലൗസ് കിട്ടിയാൽ മാത്രമേ പുറത്തിറങ്ങാൻ കഴിയൂ. കാരണം, അവൾ ഇട്ടിരിക്കുന്നത് കീറിയ ബ്ലൗസാണ്. പെണ്ണുകാണാൻ വന്നവരുടെ അസ്വസ്ഥതകണ്ട് പെൺകുട്ടി

വിളിച്ചുപറഞ്ഞു "ഞാൻ ചെക്കനെ കണ്ടു, എനിക്കയാളെ പിടിച്ചില്ല" എന്ന്. ഞാൻ പറഞ്ഞുവന്നത് ഇബ്സന്റെ നാടകത്തിൽ ഭർത്താവുമായി തെറ്റിപ്പിരിഞ്ഞതിനു ശേഷം നോറ എന്ന ഭാര്യ ഇറങ്ങിപ്പോയി. നോറ ഇറങ്ങിപ്പോകാൻ നേരത്ത് ഭർത്താവ് ചോദിച്ചു എവിടെ പോകുന്നു? അവർ പറഞ്ഞു, എവിടേയ്ക്കെങ്കിലും. എപ്പോഴാണ് വരുന്നത്? വരില്ല. ഒരിക്കലും വരില്ലേ? ഇല്ല, ഒരിക്കലും വരില്ല എന്നുപറഞ്ഞ് ആ കുട്ടി വാതിൽ വലിച്ചടച്ചപ്പോൾ ആ വാതിൽ അടയ്ക്കുന്ന ശബ്ദം യൂറോപ്പിലെ ആർക്കും ഒരിക്കലും തകർക്കാൻ കഴിയില്ലെന്ന് വിശ്വസിച്ചിരുന്ന, വലിയ പാറപോലെ ഉറച്ച വിശ്വാസത്തെ മുഴുവൻ വെറും പഞ്ഞിക്കുനകളാക്കി കാണിച്ചുവെന്നുള്ളതാണ്. ആ രൂപത്തിൽ അങ്ങ് അവതരിപ്പിച്ച ഈ ബഡ്ജറ്റിനും അനന്തവും സമൃദ്ധവുമായ സാധ്യതകളുണ്ടെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കേരളം കണ്ട സാമൂഹ്യ പരിഷ്കർത്താക്കളിൽ പ്രഥമസ്ഥാനീയനായ ശ്രീനാരായണ ഗുരുദേവന്റെ പ്രകാശിക്കുന്ന വാക്കുകൾ ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് സഭയ്ക്കുമുമ്പാകെ അവതരിപ്പിച്ച 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആമുഖമായുണ്ട്. മനുഷ്യരുടെ മതം, വേഷം, ഭാഷ എങ്ങനെയിരുന്നാലും അവരുടെ ജാതി ഒന്നാണ് എന്ന ശ്രീനാരായണഗുരു ദർശനമാണത്. ആ ഒരൊറ്റ ജാതി മനുഷ്യജാതിയാണ്. ആ പുതിയ മനുഷ്യജാതിയുടെ പുറകിലാണ് സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ച കേരളം മനുഷ്യാലയമായി മാറിയത്. അതാണ് നവോത്ഥാനം എന്ന വാക്കിന്റെ അർത്ഥം. നമ്മെ പ്രളയം വന്ന് മൂടിയ ദുരിതത്തിന്റെ കാലത്ത് കൈത്താങ്ങായി മാറിയത് നാം നേടിയ ഈ മാനവമൂല്യങ്ങളാണ്. ഓർത്തെടുക്കുമ്പോൾ ഭയപ്പെടുകയും പിന്നീട് മലയാളിയായതിൽ അഭിമാനം തോന്നുകയും ചെയ്യുന്ന നിമിഷങ്ങൾ അക്കാലം നമുക്ക് നൽകി. ജാതിയുടെയും മതത്തിന്റെയും പണത്തിന്റെയും വരമ്പുകളില്ലാതായി. പാവപ്പെട്ടവനും പണക്കാരനും ഒരു പാത്രത്തിൽനിന്നും ഭക്ഷണം കഴിച്ചു. നന്മ നിറഞ്ഞ സാഹോദര്യത്തിന്റെ കാലമായി അതുമാറി. ആ കൂട്ടായ്മയെല്ലാം ബോംബുവച്ച് തകർക്കുവാൻ എന്നിട്ടും ചില നീചന്മാർക്ക് കഴിഞ്ഞു. കഴിഞ്ഞ ബഡ്ജറ്റിലുടനീളം ശ്രീനാരായണഗുരുവിന്റെ ശിഷ്യനും മഹാകവിയുമായ കുമാരനാശാന്റെ കാവ്യശകലങ്ങൾ ഇഴചേർന്ന് കിടക്കുന്നുണ്ട്. നവോത്ഥാന കവിയെന്ന തുല്യ സിംഹാസനം നൽകി ക്കൊണ്ടാണ് സാംസ്കാരിക കേരളം അദ്ദേഹത്തെ ആദരിച്ചത്. അതൊരു വെറും വാക്കായിരുന്നില്ല. "നെല്ലിൻചുവട്ടിൽ മുളയ്ക്കും കാട്ടുപുല്ലല്ല സാധുപുലയൻ" എന്ന് സാമാന്യ ധൈര്യത്തോടെ അദ്ദേഹം വിളിച്ചുപറഞ്ഞു. അതൊരു നൂറ്റാണ്ടുമുമ്പാണ്. ചണ്ഡാലഭിക്ഷുകിയുടെയും ചിന്താവിഷ്ടയായ സീതയുടെയും ശതാബ്ദിവർഷമാണിത്. അദ്ദേഹം "ദുരവസ്ഥയിൽ" ഇങ്ങനെ എഴുതി.

തൊട്ടുകൂടാത്തവൻ, തീണ്ടിക്കൂടാത്തവൻ

ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ!

കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ

യൊട്ടല്ലഹോ! ജാതിക്കോമരങ്ങൾ!

എന്നാൽ ഈ ജാതിക്കോമരങ്ങൾ ഒരുനൂറ്റാണ്ടുമുമ്പ് ജീവിച്ചിരുന്നവർ മാത്രമല്ല, വർത്തമാനകാലത്തും ജീവിക്കുന്നവരാണെന്ന് സമീപകാല സംഭവങ്ങൾ തെളിയിച്ചു. കുലപുരുഷൻമാരും കുലസ്ത്രീകളുമടങ്ങിയ ഈ ജാതിക്കോമരങ്ങളാണ് ശബരിമലയുടെ പേരിൽ അക്രമങ്ങൾ അഴിച്ചുവിട്ടത്. അവർക്ക് ഭരണഘടന മനസ്മൃതിയായിരുന്നു. അവർ തന്നെയാണ് കഴിഞ്ഞ ജനുവരി 30-ന് രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ നെഞ്ച് ഒരിക്കൽക്കൂടി പിളർത്തി ചോരപ്പുഴ ഒഴുക്കിയത്. "ഈ കാട്ടാള നീതിയുടെ ചവിട്ടടിയിൽനിന്ന് ഇത് തകരാൻ ഞങ്ങൾ അനുവദിക്കില്ല ഈ കേരളത്തെ" എന്ന പ്രഖ്യാപനമായിരുന്നു 'വനിതാ മതിൽ'. ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനെ നവകേരള സ്വപ്നമെന്ന് പരിഹാസച്ചുവയോടെ സമീപിച്ചവരുണ്ട്. അവർ മനസ്സിരുത്തി ഇതൊന്ന് വായിക്കണം. കഥയറിയാതെ ആട്ടം കാണുന്ന യാതൊരു ദിശാബോധവുമില്ലാത്ത നേതാക്കളും ഇത് വായിക്കണം. കൊല്ലം ബൈപ്പാസും ഗെയിൽ പൈപ്പ് ലൈനും കണ്ണൂർ വിമാനത്താവളവുമെല്ലാം പൂർത്തിയാകുമ്പോൾ അത് ഞങ്ങളാണ് ചെയ്തതെന്ന അർത്ഥത്തിൽ പ്രതിപക്ഷം പറയുമ്പോൾ നമുക്ക് ഓർമ്മവരുന്നത് വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രസിദ്ധമായ ഒരു കഥാപാത്രത്തെയാണ്. ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റ്, പ്രളയത്തിൽ തകർന്നുപോയ കേരളത്തെ കൈപിടിച്ചുയർത്താൻ ദീർഘവീക്ഷണത്തോടുകൂടി തയ്യാറാക്കിയ സർജിക്കൽ സ്ട്രൈക്കാണ്. ബഡ്ജറ്റിലെ ജീവനോപാധി വികസന പാക്കേജിൽ സ്വയംതൊഴിൽ, കൂലിവേല, നൈപുണ്യ വികസനം എന്നിവയ്ക്കായി 118 സ്കീമുകളുണ്ടെന്ന് പറഞ്ഞിരുന്നു. 4,700 കോടി രൂപയാണ് അതിനായി വകയിരുത്തിയിരിക്കുന്നത്. ഉപജീവന പുനരധിവാസ പദ്ധതിക്ക് 11,000 കോടി രൂപ വകയിരുത്തിയിരിക്കുന്നു. പ്രസ്തുത തുകയുടെ 60 ശതമാനം കൃഷിക്കും 20 ശതമാനം ചെറുകിട വ്യവസായ മേഖലയ്ക്കുമാണ്. സമഗ്ര ജീവനോപാധി പദ്ധതി തയ്യാറാക്കുന്നതിന് പഞ്ചായത്തുകൾക്ക് 250 കോടി രൂപ അധികമായി മാറ്റിവച്ചിരിക്കുന്നു. പ്രളയത്തകർച്ചയെ അതിജീവിക്കാൻ നവകേരള നിർമ്മിതിക്കായി സർവ്വതലസ്പർശിയും കേരളത്തിന്റെ ജീവാത്മാവുമായ 25 സമഗ്ര പദ്ധതികളാണ് ഈ ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നത്. വിപുലമായ സൗകര്യങ്ങളോടെ സജ്ജീകരിക്കുന്ന വ്യവസായ പാർക്കുകളാണ് അതിൽ ഒന്നാമത്തേത്. 6,700 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനും പാർക്കുകൾ സ്ഥാപിക്കുന്നതിനുമായി 15,600 കോടി രൂപ

വകയിരുത്തിയിരിക്കുന്നു. നിസാൻ, ടോറസ്, ടെക് മഹീന്ദ്ര, ഏണസ്റ്റ് ആന്റ് യംഗ് തുടങ്ങിയ കമ്പനികൾ ഇവിടേയ്ക്ക് വരുമെന്നാണ് അദ്ദേഹം പ്രതീക്ഷിക്കുന്നത്. വയനാട്ടിലെ കാപ്പിയെ ബ്രാന്റ് ചെയ്ത് 'മലബാർ കാപ്പി'യെന്ന പേരിൽ വിൽക്കാനുള്ള ശ്രമം വലിയ പരിവർത്തനങ്ങൾക്ക് തുടക്കം കുറിക്കുമെന്നാണ് എല്ലാവരും പ്രതീക്ഷിക്കുന്നത്. 'കേരം തിങ്ങും കേരളനാട്' എന്നത് ഉന്നതമായ മറ്റൊരു സ്വപ്നമാണ്. വർഷംതോറും ഗുണനിലവാരമുള്ള 10 ലക്ഷം തെങ്ങിൻതൈകൾ നട്ടുപിടിപ്പിക്കാനുള്ള പദ്ധതിയാണ് വരുന്നത്. വീട്ടുവളപ്പിൽ നിന്നും തേങ്ങ കൊണ്ടുപോയിട്ട് അതേ സമയത്തുതന്നെ കൃഷിക്കാരുടെ അക്കൗണ്ടിലേയ്ക്ക് ഓൺലൈനായി ഉയർന്നവില നൽകാൻ പോകുകയാണ്. റബ്ബറിന്റെ താങ്ങുവിലയ്ക്കായി വകയിരുത്തിയ 500 കോടി രൂപ ആ മേഖലയെ രക്ഷപ്പെടുത്തും. ഡിസൈൻഡ് റോഡുകൾ എന്ന പുതിയ സംവിധാനം ഈ ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നുണ്ട്. പുതിയ കാലം പുതിയ നിർമ്മാണം എന്നതാണ് മുദ്രാവാക്യം. 1,367 കോടി രൂപ അതിനായി വകയിരുത്തിയിരിക്കുന്നു. ഇവിടെ രണ്ട് കാര്യങ്ങൾ പ്രത്യേകമായി പറയേണ്ടതുണ്ട്. ഒന്ന്, കിഫ്ബി നിർമ്മാണരംഗത്ത് നൽകുന്ന വിസ്മയകരമായ സംഭാവനയാണ്. എത്രയോ കാലം പ്രതിപക്ഷാംഗങ്ങൾ വലിയ രീതിയിൽ ഇതിനെ വിമർശിച്ചതാണ്. ഇപ്പോൾ എല്ലാ മണ്ഡലങ്ങളിലും കിഫ്ബിയുടെ പ്രവർത്തനങ്ങൾ നാം കാണുകയാണ്. ഈ സർക്കാർ കേരളത്തിലെ മുഴുവൻ മണ്ഡലങ്ങളിലും തുല്യമായി പണം വിഭജിക്കുന്നു എന്നുള്ളത് എടുത്തു പറയാതെ വയ്യ. നാടിന്റെ സമ്പത്ത് മുഴുവൻ തങ്ങളുടെ മണ്ഡലത്തിലേക്ക് കവർന്നു കൊണ്ടുപോയ വലതുപക്ഷ സ്വാർത്ഥ രാഷ്ട്രീയത്തെ ധനകാര്യ വകുപ്പുമന്ത്രി വേരോടെ പിഴുതെറിഞ്ഞിരിക്കുന്നു. എല്ലാവർക്കും തുല്യനീതി കിട്ടുകയാണ്. അതുകൊണ്ടാണ് എം.എൽ.എ.-മാർ നൽകിയ നിർമ്മാണ നിർദ്ദേശങ്ങൾ ഏകദേശം 2,500 കോടി രൂപയുടെ പ്രൊവിഷനോടെ ബഡ്ജറ്റിൽ ഇടം കണ്ടെത്തിയിരിക്കുന്നത്. നവകേരള പദ്ധതിയിൽ 25-ാമത്തേത് സാർവ്വത്രിക ആരോഗ്യ സുരക്ഷ പദ്ധതിയാണ്. ജനകീയ പദ്ധതികൾ സർക്കാർ നടത്തുന്നില്ലെന്ന് ആരോപിച്ച് കേരളത്തിലെ 18 ലക്ഷം പേർക്ക് നേരിട്ട് കത്തയച്ച ആളാണ് നമ്മുടെ പ്രധാനമന്ത്രി. ആയുഷ്മാൻ ഭാരത് എടുത്താൽ പൊന്താത്ത പേരുള്ളതും അഞ്ച് ലക്ഷം രൂപയുടെ ആനുകൂല്യമുള്ളതുമായ ഇൻഷ്വറൻസിനെക്കുറിച്ചാണ് പറയുന്നത്. 8,000-ത്തോളം വരുന്ന പ്രീമിയം തുക തവണകളായി അടച്ചാൽ മാത്രം ലഭിക്കുന്ന ഇൻഷ്വറൻസ് പദ്ധതി മാത്രമാണിത്. ഇതിൽ കേന്ദ്ര വിഹിതം 100 കോടി രൂപയും സംസ്ഥാന വിഹിതം 800 കോടി രൂപയുമാണ്. ഇത്തരത്തിൽ ആന-മയിൽ-ഒട്ടകം പരിപാടിയുമായി ചുളുവിൽ പേരടിച്ച് കൊണ്ടുപോകാൻ ശ്രമിക്കുകയാണ് കേന്ദ്ര സർക്കാർ. ഇത്തരം ഉഡായിപ്പ് പ്രസ്ഥാനത്തിന്റെ ഉച്ചകോടി സമ്മേളനമാണ് യഥാർത്ഥത്തിൽ കഴിഞ്ഞ വെള്ളിയാഴ്ച കേന്ദ്ര മന്ത്രി ശ്രീ. പീയൂഷ് ഗോയൽ അവതരിപ്പിച്ച ബഡ്ജറ്റ് തട്ടിപ്പ്. ആയുർദൈർഘ്യ കണക്കനുസരിച്ച് 60 വയസ്സിന് മുമ്പേ സിംഹഭാഗം കർഷകരും

മരണപ്പെട്ടുപോകുന്ന ഈ രാജ്യത്ത് കർഷകരിൽ നിന്നും പണം പിരിച്ച് 60 വയസ്സിനുശേഷം പെൻഷൻ നൽകുമെന്ന് കേന്ദ്ര ബഡ്ജറ്റിലൂടെ പറയാൻ ഒരു ഉളുപ്പില്ലാത്ത കേന്ദ്ര രാഷ്ട്രീയത്തോട് ഈ രാജ്യത്തിലെ ജനങ്ങൾ പകരം ചോദിക്കും. ഉള്ളിക്ക് കിലോ ഗ്രാമിന് 50 രൂപ ലഭിച്ചിരുന്ന കർഷകന് ഇപ്പോൾ ലഭിക്കുന്നത് ഒരു രൂപയാണ്. കർഷകർ നെഞ്ചിടറി നിൽക്കുകയും ആത്മഹത്യ ചെയ്യുകയും ചെയ്യുന്ന ഈ സമയത്ത് കാർഷിക ഉല്പന്നങ്ങൾക്ക് എന്ത് പരിഗണനയാണ് കേന്ദ്ര സർക്കാർ നൽകുന്നതെന്ന് കേന്ദ്ര ബഡ്ജറ്റ് കണ്ടാൽ മനസ്സിലാകും. മറുവശത്ത് സംസ്ഥാന സർക്കാർ വികസന പദ്ധതികളെ നേർക്കുനേരെ നേരിടുകയാണ്. ഈ രാജ്യത്തെ ജനങ്ങൾ വരുന്ന തെരഞ്ഞെടുപ്പിൽ ഒരു അവസരത്തിനായി കാത്തിരിക്കുകയാണ്. സാമ്പത്തിക ശാസ്ത്രത്തിന്റെയും ആസൂത്രണത്തിന്റെയും സമഗ്ര സാധ്യതകൾ വിനിയോഗിച്ചുള്ള കൃത്യമായ ഒരു ബഡ്ജറ്റാണ് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചിരിക്കുന്നത്. ഒരുകാര്യം കൂടി എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. 17 കിലോമീറ്റർ നീളത്തിൽ നീണ്ടുകിടക്കുന്ന കേരളത്തിന്റെ മൂന്നിരട്ടി ജനസാന്ദ്രതയുള്ള തീരദേശ നിയോജകമണ്ഡലമാണ് ഞാൻ പ്രതിനിധാനം ചെയ്യുന്നത്. 25 ഇന പാക്കേജിലെ 50 മീറ്റർ തീരദേശവാസികൾക്കുള്ള പാർപ്പിട പദ്ധതിപ്രകാരം നിരവധി കുടുംബങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിക്കും. മാത്രമല്ല, കടൽഭിത്തി ശാശ്വതമായ പരിഹാരമല്ലെങ്കിലും കടലാക്രമണ ഭീഷണി പ്രതിരോധി ക്കുന്നതിനും തീരദേശവാസികളുടെ ഉൾഭയം ഇല്ലാതാക്കുന്നതിനും ഒരുപരിധി വരെ ഇത് സഹായകരമാണ്. അടുത്ത കടലാക്രമണം ഉണ്ടാകുന്നതിന് മുമ്പ് ഇത്തരം പദ്ധതികൾ കടലാസിൽനിന്ന് കടൽത്തീരത്തിലേക്ക് എത്തിക്കാൻവേണ്ട അടിയന്തര ശ്രദ്ധ വകുപ്പുമന്ത്രിയുടെ, പ്രത്യേകിച്ച് ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഉണ്ടാകണമെന്ന് സവിനയം അഭ്യർത്ഥിക്കുകയാണ്. ശരിയുടെ പാതയിൽ ശര വേഗതയിൽ സഞ്ചരിക്കുന്ന സർക്കാരിന് ശതകോടി പ്രണാമം അർപ്പിച്ചുകൊണ്ട് 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. 2018-19 വർഷത്തിൽ അവതരിപ്പിച്ച ബഡ്ജറ്റിന്റെ തനിയാവർത്തനം തന്നെയാണ് ഇപ്രാവശ്യവുമുള്ളത്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിന്റെ അവസാനം താങ്കൾ പറഞ്ഞ് അവസാനിപ്പിച്ചത് ബാലാമണിയമ്മയിൽ ആണെങ്കിൽ ഈ വർഷത്തെ ബഡ്ജറ്റ് അവസാനിപ്പിച്ചത് കുമാരനാശാന്റെ കവിത ചൊല്ലിയാണ്. കബീർദാസ് പറഞ്ഞിട്ടുണ്ട് എല്ലാ അറിവുകളുടെയും മീതെ ഒരു അറിവില്ലായ്മയും കരിമ്പടം പുതച്ചുകിടപ്പുണ്ടാകും. ആ കരിമ്പടത്തെ എടുത്തുമാറ്റി പുതിയൊരുതലത്തിലേക്ക് കൊണ്ടുപോകാനുള്ള ശ്രമം നടത്തണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ജി.എസ്.ടി.-യെ ഏറ്റവും കൂടുതൽ അംഗീകരിക്കുകയും

അത് വേണമെന്ന് വാദിക്കുകയും ചെയ്ത അങ്ങടക്കമുള്ള ഇടതുപക്ഷ പ്രസ്ഥാനം ഇന്ന് ജി.എസ്.ടി.-യുടെ കെടുതികളെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ജി.എസ്. ടി.-യുമായി ബന്ധപ്പെട്ട് ഇവിടെ ഒരുപാട് ചർച്ചകൾ നടന്നുകഴിഞ്ഞു. നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ, രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ നശിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങളുമായാണ് ബി.ജെ.പി. അടക്കമുള്ള വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ പോകുന്നത് എന്നുള്ളതുകൊണ്ട് ജി.എസ്.ടി.-യെ എതിർക്കാനാവശ്യമായ നടപടി അങ്ങയുടെയും ഇടതുപക്ഷത്തിന്റെയും ഭാഗത്തുനിന്നുമുണ്ടാകണം. പ്രിയപ്പെട്ട രാഹുൽ ഗാന്ധി കേരളത്തിൽ വന്ന് ജി.എസ്.ടി.-യെ പൊളിച്ചെഴുതുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. അങ്ങും അങ്ങയുടെ പ്രസ്ഥാനവും ഒരുമിച്ച് നിന്നുകൊണ്ട് ജി.എസ്.ടി.-യെ പൊളിച്ചെഴുതുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.

കെ.ടി.ഡി.സി.-ക്ക് കഴിഞ്ഞ വർഷം വകയിരുത്തിയത് 7.92 കോടി രൂപയാണ്. അതിൽ ഒരു പൈസപോലും ചെലവഴിച്ചിട്ടില്ല. ഹൗസിംഗിന് 6 കോടി രൂപ കൊടുത്തതിൽ നയാപൈസപോലും ചെലവ് കാണിച്ചിട്ടില്ല. വർക്കിംഗ് വിമൻസ് ഹോസ്റ്റലിന് 4.8 കോടി രൂപ കൊടുത്തതിൽ ഒരു ശതമാനംപോലും ചെലവഴിച്ചിട്ടില്ല. ആശ്വാസ് ജനറൽ ഹൗസിംഗ് സ്കീമിന് 4.30 കോടി രൂപ കൊടുത്തതിൽ ഒന്നും ചെലവഴിച്ചിട്ടില്ല. ലൈഫ് മിഷന്റെ കീഴിലുള്ള ഹൗസിംഗ് കോംപ്ലക്സിന് 12.50 കോടി രൂപ കൊടുത്തതിൽ നയാപൈസ പോലും ചെലവഴിച്ചിട്ടില്ല. ഇത്തരത്തിൽ ഒരു രൂപപോലും ചെലവഴിക്കാതിരിക്കുമ്പോഴാണ് വിവിധ വകുപ്പുകൾക്ക് ഉപധനാഭ്യർത്ഥനയിലൂടെ വീണ്ടും പണം കൊടുക്കുന്നത്. ഈ സർക്കാരിന്റെ വീഴ്ച കാരണമാണ് കഴിഞ്ഞ ബഡ്ജറ്റിന്മേൽ ഉപധനാഭ്യർത്ഥന ചർച്ച നടത്തേണ്ടി വരുന്നത്. യാഥാർത്ഥ്യ ബോധത്തോടുകൂടി അങ്ങ് ബഡ്ജറ്റ് അവതരിപ്പിച്ചിരുന്നുവെങ്കിൽ ഇങ്ങനെയൊരു അബദ്ധം ഉണ്ടാകുമായിരുന്നില്ലെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് തീർത്തും യാഥാർത്ഥ്യ ബോധമില്ലാത്തതാണെന്ന് ഇവിടെ എല്ലാവരും സൂചിപ്പിച്ചു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി audit in brief-ൽ 1.15 ട്രില്യൻ വരവും 1.41 ട്രില്യൻ ചെലവും പ്രതീക്ഷിക്കുകയാണ്. ക്യാപിറ്റൽ എക്സ്പെന്റിച്ചറും റവന്യൂ എക്സ്പെന്റിച്ചറും കൂടി കൂട്ടിയാണ് 1.41 ട്രില്യൻ ചെലവ് അങ്ങ് പ്രതീക്ഷിക്കുന്നത്. സംസ്ഥാന സർക്കാർ പ്രതീക്ഷിക്കുന്നതുപോലെയുള്ള വരവ് ലഭിക്കില്ലെന്ന ആശങ്ക ഇവിടെ എല്ലാവരും ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ജി.എസ്.ടി.-യിൽ നിന്ന് ആവശ്യമായ വരുമാനം ലഭിക്കാതിരിക്കുകയും മറ്റ് തലങ്ങളിൽ അവശത അനുഭവിക്കുകയും ചെയ്യുമ്പോൾ സ്വാഭാവികമായും ആ വരവ് അങ്ങേയ്ക്ക് ലഭിക്കില്ലെന്നതിൽ യാതൊരു സംശയവുമില്ല. അതോടൊപ്പം തന്നെ 60% commited liability കൊടുക്കുന്നത് പെൻഷനും സാലറിയുമടക്കമുള്ള മേഖലകളിലേയ്ക്കാണ്. 40% മാത്രമാണ് നമുക്ക്

ലഭിക്കാനുള്ളത്. 40% വരവ് ചെലവഴിക്കാൻ ലഭിച്ചില്ലെങ്കിൽ അങ്ങയുടെ പ്രതീക്ഷ അസ്ഥാനത്താകുമെന്നതിൽ യാതൊരു സംശയവുമില്ല. സംസ്ഥാനത്തിന്റെ റവന്യൂകമ്മി ആഭ്യന്തര ഉത്പാദനത്തിന്റെ 1% ആക്കാമെന്നും ധനകമ്മി സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിന്റെ 3% ആക്കാമെന്നുമുള്ള കണക്കുകൊണ്ടുള്ള കളി മാത്രമാണ് അങ്ങയുടെ ബഡ്ജറ്റിലൂടെ പറയുന്നത്. സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 8,770 കോടി രൂപയും ധനകമ്മി 25,250 കോടി രൂപയുമായി നിലനിർത്താൻ കഴിയുമെന്ന പ്രതീക്ഷ അസ്ഥാനത്തല്ലേ? ഫലത്തിൽ ഉണ്ടാകാൻ പോകുന്നത് ഭീമമായ കടക്കെണിയാണ്. നോട്ട് നിരോധനത്തെ തുടർന്ന് രാജ്യത്തെ ഒരു ലക്ഷത്തിലധികം കമ്പനികൾ പൂട്ടുകയും തൊണ്ണൂറ് ലക്ഷം പേർക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ആയിരക്കണക്കിന് സംരംഭകരെയും ഇത് ബാധിച്ചുവെന്ന് നമുക്കെല്ലാവർക്കും അറിയാം. പ്രവാസികളിൽ നിന്നുള്ള വരുമാനം കുറഞ്ഞു. ധന ഉത്തരവാദിത്വ മാനേജ്മെന്റ് ആക്ട് പ്രകാരം കണക്കുകൾ രൂപീകരിക്കാൻ വേണ്ടിമാത്രം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി യാഥാർത്ഥ്യമല്ലാത്ത കണക്കുകളാണ് അവതരിപ്പിച്ചിരിക്കുന്നത്. കിഫ്ബി വഴി ചെലവാക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതികൾകൂടി നടപ്പാക്കുമ്പോൾ കേരളത്തിന്റെ കടക്കെണി കൂടുകയും ഭാവി തലമുറയെ ബാധിക്കുകയും ചെയ്യുന്ന അവസ്ഥയായിരിക്കും ഉണ്ടാകുന്നത്. അതുകൊണ്ട് ആവശ്യമായ തിരുത്തൽ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാക്കാൻ ശ്രമിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.

ഓരോ വകുപ്പും പരിശോധിക്കുമ്പോൾ, ജലവിഭവ വകുപ്പ് 1,595 കോടി രൂപയിൽ 580 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഞാൻ അതിന്റെ വിശദീകരണങ്ങളിലേയ്ക്ക് പോകുന്നില്ല. സമയബന്ധിതമായി ഭരണാനുമതി ലഭിക്കാത്തതും ഉദ്യോഗസ്ഥർക്കുള്ള താത്പര്യക്കുറവുമാണ് അതിനുള്ള കാരണമെന്ന് പറഞ്ഞ് മാറിനിൽക്കാൻ സാധിക്കുമെങ്കിലും കേരളത്തിൽ അങ്ങ് പ്രഖ്യാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥാവിശേഷമുണ്ടെന്ന് എല്ലാവർക്കുമറിയാം. കിഫ്ബിയിൽ പ്രഖ്യാപിച്ചിരുന്ന എന്റെ മണ്ഡലത്തിലെ കുറ്റിപ്പുറം-കാങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന് പി.ഡബ്ല്യൂ.ഡി. എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റടക്കം കൊടുത്തിട്ടും അത് പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഒരു നടപടിയും അങ്ങയുടെ ഭാഗത്തുനിന്നോ വകുപ്പിന്റെ ഭാഗത്തുനിന്നോ ഉണ്ടായിട്ടില്ല.

പൊതുവിദ്യാഭ്യാസ മേഖലയിൽ കേരളം ഏറെ പുരോഗതി കൈവരിച്ചെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്ത് ആ മികവ് പുലർത്താൻ കഴിയുന്നില്ലെന്ന് നമ്മളെല്ലാവരും ആശങ്കപ്പെടുന്നവരാണ്. ആ അർത്ഥത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് നടന്നുകൊണ്ടിരിക്കുന്ന അപാകതകൾ കുറയ്ക്കാനുള്ള നിലപാട് അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് റൂസയിൽ

നിന്ന് നമുക്ക് ലഭിക്കേണ്ട ബഡ്ജറ്റ് വിഹിതത്തിൽ 9.37 ശതമാനം മാത്രമാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ആ മേഖലകളിലുള്ള ചെലവ് വർദ്ധിപ്പിക്കാനും കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസരംഗം ഉന്നതമായ തലത്തിലേയ്ക്ക് പോകാനുമുള്ള പ്രവർത്തനം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്.

പ്രളയവുമായി ബന്ധപ്പെട്ട കണക്കുകളും മറ്റ് കാര്യങ്ങളും ഇവിടെ എല്ലാവരും സൂചിപ്പിക്കുകയുണ്ടായി. ഓഖി ദുരന്തത്തോടനുബന്ധിച്ച് അങ്ങ് ധാരാളം പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ ഓഖിയുമായി ബന്ധപ്പെട്ട് അങ്ങ് നടത്തിയ പ്രഖ്യാപനം, അഞ്ചാമത്തെ പേജിൽ ആറാമത്തെ നമ്പരായി അതേ രണ്ടായിരം കോടി രൂപയാണ് ഈ വർഷം വീണ്ടും പ്രഖ്യാപിച്ചിരിക്കുന്നത്. അങ്ങ് സുഗതകുമാരി ടീച്ചറിന്റെയും ശ്രീമതി സാറാ ജോസഫിന്റെയും കഥകളെയും കാവ്യങ്ങളെയും ഉപമിച്ചു കൊണ്ട് ഉയർത്തെഴുന്നേൽപ്പിനെ പ്രാപ്തമാക്കുന്ന വനിതാ സംഗമത്തെ ഉന്നതിയിലേയ്ക്ക് കൊണ്ടുവരുമെന്ന ആശയോടുകൂടിയുള്ള പ്രഖ്യാപനമാണ് നടത്തിയത്. എന്ത് പുരോഗമനവും എന്ത് ഉയർച്ചയുമാണ് ഇവിടെ സ്ത്രീകൾക്കുണ്ടായതെന്ന് പറയാൻ അങ്ങേയ്ക്കും അങ്ങയുടെ സർക്കാരിനും കഴിയുമോ? ഇവിടെ വനിതാ മതിലുണ്ടാക്കിയതുകൊണ്ട് വനിതകൾക്ക് പുരോഗമനമുണ്ടായിയെന്ന് പറയാൻ കഴിയുമോ? സ്ത്രീകൾക്കുവേണ്ടിയുള്ള പുരോഗമനപരമായ ഒരു നടപടിയും അങ്ങയുടെ ഭാഗത്തു നിന്നുണ്ടായില്ല. ഓഖിയുമായി ബന്ധപ്പെട്ട പ്രഖ്യാപനങ്ങളും 2019-20-ലെ ബഡ്ജറ്റിൽ ആവർത്തിച്ചിരിക്കുകയാണ്.

സാമൂഹ്യനീതി വകുപ്പിന് ആവശ്യമായ സഹായം നൽകുമെന്ന പ്രഖ്യാപനം കഴിഞ്ഞ ബഡ്ജറ്റിലും ഉണ്ടായിരുന്നു. വളരെ വിഷമകരമായ കാര്യം, തവനൂരിലെ റെസ്ക്യൂ ഹോമിൽ 24 സ്ത്രീകളാണുള്ളത്. അവർ 22-25 വർഷങ്ങളായി നിരാലംബരായി ജീവിക്കുന്ന അവസ്ഥാവിശേഷത്തെക്കുറിച്ച് പത്രങ്ങളിലൊക്കെ വാർത്ത വന്നിരുന്നു. അവർക്ക് ആവശ്യമായ സഹായം ചെയ്യുന്നതിനുവേണ്ടി, ആ മേഖലയിൽ തുക ചെലവഴിക്കുന്നതിനാവശ്യമായ നടപടി അങ്ങയുടെ ഭാഗത്തു നിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിശപ്പ് രഹിത കേരളത്തെക്കുറിച്ച് ഇവിടെ എല്ലാവരും സൂചിപ്പിച്ചു. 20 കോടി രൂപ കഴിഞ്ഞ ബഡ്ജറ്റിൽ നവോത്ഥാന സംഘടനയ്ക്ക് എന്ന് പറഞ്ഞത് ഇപ്രാവശ്യം ഡി.വൈ.എഫ്.ഐ.-യ്ക്ക് എന്ന് തുറന്ന് പറഞ്ഞു. ഞങ്ങളാരും അതിനെതിരല്ല. കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളോടും സി.എച്ച്. സെന്ററുകളോടും ശിഹാബ് തങ്ങൾ ചാരിറ്റബിൾ ട്രസ്റ്റിനോടും അനുബന്ധിച്ച് നടത്തുന്ന ഒട്ടേറെ പ്രവർത്തനങ്ങളുണ്ട്. അവയൊന്നും കാണാതെ പോകരുത് എന്നുമാത്രമേ അക്കാര്യത്തെക്കുറിച്ച് പറയാനുള്ളൂ. ഇക്കാര്യം കൂടി അങ്ങ് പരിഗണിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട് പി.എസ്.സി.-ക്ക് നൽകിയ തെറ്റായ ഒരു വിവരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് ഇടപെട്ട് തിരിച്ചുവിളിക്കേണ്ട അവസ്ഥ ഭരണരംഗത്തുണ്ടായിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ലീഗൽ അസിസ്റ്റന്റുമാരുടെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനാവശ്യമായ നടപടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ബഡ്ജറ്റിൽ അങ്ങ് പ്രഖ്യാപിച്ചിരിക്കുന്ന മുഴുവൻ കാര്യങ്ങളും കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളതാണ്. 2017-18-ലെ ബഡ്ജറ്റ് അതേ രൂപത്തിൽ ആവർത്തിക്കുന്ന സ്ഥിതിയാണുണ്ടായിരിക്കുന്നത്. വെറും മോഹമാണ്, ഇത് വെറും സ്വപ്നമാണെന്ന് ഇവിടെ എല്ലാവരും പറഞ്ഞു. ഇത് വെറുമൊരു മോഹം, അതിലേറെ ഊഹം ഒട്ടുമേ ശമനമില്ല ദാഹം, ഇത് ആരുടെയോ അഹം നഹീഹെ ഹം എന്നുപറഞ്ഞുകൊണ്ട് ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള ഇന്ത്യൻ സാഹചര്യം പരിശോധി ക്കേണ്ടതുണ്ട്. നമ്മുടെ രാജ്യത്തെ ഫെഡറൽ സംവിധാനത്തെ തകർത്തുകൊണ്ട് കേന്ദ്ര പ്ലാനിംഗ് ബോർഡിനെ മാറ്റിമറിച്ച് നീതി ആയോഗ് എന്ന സംവിധാനം കൊണ്ടുവന്നും ജി.എസ്.ടി.-യും നോട്ട് നിരോധനവുമേർപ്പെടുത്തി രാജ്യത്തെ സാമ്പത്തികമായി തകർത്തും മറുവശത്ത് ജാതിയും മതവും വർഗ്ഗവും പറഞ്ഞ് രാജ്യത്തെ അരാജകത്വത്തിലേയ്ക്ക് തള്ളിവിടുകയും ചെയ്ത സാഹചര്യത്തിലാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. കേരളത്തിലെ ജനങ്ങളുടെ പൊതുജീവിതം സമ്പുഷ്ടമാക്കുന്നതിനുവേണ്ടി തുടർച്ചയായി നടത്തിവരുന്ന വികസന പ്രവർത്തനങ്ങളുടെ ബഡ്ജറ്റും അതിനോടനുബന്ധിച്ച ഉപധനാഭ്യർത്ഥനകളുമാണ് ഇവിടെ അവതരിപ്പി ച്ചിട്ടുള്ളത്. പൊതുവേ പ്രതിപക്ഷം എല്ലാ കാര്യങ്ങളെയും കുറ്റപ്പെടുത്തിക്കൊണ്ടിരി ക്കുകയാണ്. ഇന്ത്യൻ സാഹചര്യം മനസ്സിലാക്കാൻ നമുക്ക് സാധിക്കണം. ഇന്ത്യ ഭരിക്കുന്ന ബി.ജെ.പി. സർക്കാർ നമ്മുടെ രാജ്യത്തെ ശിഥിലമാക്കിക്കൊണ്ടിരി ക്കുമ്പോൾ മൗനം പാലിക്കുന്ന കേരളത്തിലെ പ്രതിപക്ഷത്തെയാണ് കാണാൻ സാധിക്കുന്നത്. അതിൽ വളരെയേറെ ദു:ഖമുണ്ട്. ആ സാഹചര്യത്തിൽ കേരളത്തിലെ എല്ലാ തരത്തിലുള്ള മതേതരത്വ ജനാധിപത്യമൂല്യങ്ങളും നവോത്ഥാന മൂല്യങ്ങൾ നിലനിർത്തി ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഈ സർക്കാർ വലിയ പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളം ഒരു പ്രതിസന്ധിയെ നേരിടുകയാണ്. എല്ലാവരും സൂചിപ്പിച്ചതുപോലെ ഓഖി ദുരന്തത്തെയും നിപ വൈറസിനെയും പ്രളയത്തെയും അവസാനം ശബരിമലയെയും സംബന്ധിക്കുന്ന വിഷയങ്ങളുണ്ടായിട്ടുണ്ട്. അത്തരം വിഷയങ്ങളെ ആളിക്കത്തിക്കുന്നതിന് സഹായി ച്ചിട്ടുള്ളത് പ്രതിപക്ഷവും അവരെ സഹായിക്കുന്ന ബി.ജെ.പി. സംഘ്പരിവാറുമാണ്.

അത്തരം കാര്യങ്ങളെ അതിജീവിക്കുന്ന സാഹചര്യം ഇന്ന് കേരളത്തിലുണ്ട്. ആ സാഹചര്യമുണ്ടാക്കിയത് കേരളത്തിലെ ശക്തമായ ഇടതുപക്ഷ സർക്കാരാണെന്നത് നമുക്ക് തള്ളിക്കളയാനാകില്ല. പ്രളയത്തോടനുബന്ധിച്ച് ഒട്ടനവധി നാശനഷ്ടങ്ങളും ദുരന്തങ്ങളും നമ്മുടെ സംസ്ഥാനത്തുണ്ടായി. ആ പശ്ചാത്തലത്തിലാണ് ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് രൂപപ്പെടുത്തിയിട്ടുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ ദുരന്തത്തിൽ നഷ്ടപ്പെട്ട തൊഴിൽ മേഖലകളും തൊഴിൽ സംരംഭങ്ങളും നിലനിർത്തുന്നതിനാവശ്യമായ പദ്ധതികൾ ഈ ബഡ്ജറ്റിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. അതുപോലെതന്നെ പ്രളയംമൂലം നഷ്ടപ്പെട്ട ഭൂമി, പാർപ്പിടം, കന്നുകാലികൾ തുടങ്ങിയവയെയെല്ലാം തിരിച്ചുപിടിക്കുന്നതിനുള്ള പരിശ്രമം ഈ ബഡ്ജറ്റിൽ കാണാൻ സാധിക്കും.

ആദിവാസി വിഭാഗത്തിന് ഊന്നൽ കൊടുത്തുകൊണ്ട് വളരെ കാര്യക്ഷമതയോടും ദീർഘവീക്ഷണത്തോടുംകൂടിയുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഒട്ടനവധി വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഈ സാഹചര്യത്തിൽ എല്ലാ പദ്ധതികളെയും തകർക്കുന്ന ഒരു സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. സംസ്ഥാനത്ത് പ്രളയമുണ്ടായപ്പോൾ സഹായിക്കേണ്ടതിനുപകരം എങ്ങനെ ദ്രോഹിക്കാൻ സാധിക്കുമെന്നാണ് കേന്ദ്രസർക്കാർ നോക്കിയത്. അതിനെ മറികടക്കാനുള്ള ശ്രമമാണ് സംസ്ഥാന സർക്കാർ ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. ആ ശ്രമങ്ങൾക്ക് ശക്തി പകരാൻ കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനം വലിയ ശ്രമം നടത്തുമ്പോൾ അതിനെ പിന്താങ്ങേണ്ട പ്രതിപക്ഷം കേരളത്തെ കലാപഭൂമിയാക്കാൻ ശ്രമിക്കുന്ന ബി.ജെ.പി.-യെയും ആർ.എസ്.എസ്.-നെയും പിന്തുണയ്ക്കുന്ന ഒരു സമീപനമാണ് കാണാൻ സാധിക്കുന്നത്.

കേന്ദ്രം അവതരിപ്പിച്ച ബഡ്ജറ്റിൽ എല്ലാം മോഹനവാഗ്ദാനങ്ങൾ മാത്രമാണ്. കേന്ദ്രസർക്കാർ കഴിഞ്ഞ പ്രാവശ്യം അധികാരത്തിൽ വന്നപ്പോൾ പറഞ്ഞ എല്ലാ വാഗ്ദാനങ്ങളും പൂർണ്ണമായും ലംഘിച്ചു. അഞ്ചുവർഷം പൂർത്തിയാക്കുമ്പോഴും വീണ്ടും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന അല്ലെങ്കിൽ മോഹന വാഗ്ദാനങ്ങൾ നൽകുന്ന ഒരു ബഡ്ജറ്റാണ് കേന്ദ്രം അവതരിപ്പിച്ചിട്ടുള്ളത്. പക്ഷെ ആ ബഡ്ജറ്റിനെ സംബന്ധിച്ച് കേരളത്തിലെ പ്രതിപക്ഷത്തിന് ഒരു അഭിപ്രായവുമില്ല. അതേസമയം പ്രായോഗി കമായി എല്ലാ കാര്യങ്ങളും നടക്കുന്ന ഒരു ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ അതിനെ വിമർശിക്കാനാണ് കേരളത്തിലെ പ്രതിപക്ഷം മുതിരുന്നത് എന്നുള്ള ദുഃഖകരമായ കാര്യവും നമ്മുടെ മുമ്പിലുണ്ട്. നേരത്തെ ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ സൂചിപ്പിച്ചതു പോലെ ഒരു കിലോഗ്രാം ഉള്ളിക്ക് ഒരു രൂപ ലഭിക്കുന്നതിനുവേണ്ടി സമരം ചെയ്ത് അവസാനം കർഷകർ ആത്മഹത്യ ചെയ്ത ഒരു രാജ്യത്താണ് നമ്മൾ നിൽക്കുന്നത്. പക്ഷെ ബി.ജെ.പി.-ക്ക് ഇത്തരം കാര്യങ്ങളൊക്കെ ഒരു തമാശയായി തോന്നാം.

ഈ രാജ്യത്ത് കഷ്ടപ്പെടുന്ന കർഷകരെയും തൊഴിലാളികളെയുമൊക്കെ സംഘടിപ്പിച്ച് കേന്ദ്രത്തിലെ ഇത്തരം തെറ്റായ നയങ്ങൾക്കെതിരെ സമരം ചെയ്യേണ്ട പ്രതിപക്ഷം നിസ്സഹായ നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഒരു വർഷം ഒരു കർഷകന് 6,000 രൂപ കൊടുക്കുമെന്നാണ് ഇപ്പോൾ ബി.ജെ.പി. പറയുന്നത്. അതുപ്രകാരം കണക്ക് കൂട്ടുമ്പോൾ ഒരു കർഷകന് ഒരു ദിവസം 16 രൂപ ലഭിക്കും. ഒരു ദിവസം 16 രൂപ കൊടുത്ത് ഒരു ഇൻഡ്യൻ പൗരനെ നാണം കെടുത്തുന്ന ബഡ്ജറ്റാണ് കേന്ദ്രം അവതരിപ്പിച്ചിട്ടുള്ളത്.

ബി.ജെ.പി. അധികാരത്തിൽ വരുമ്പോൾ 53-ഓളം കോടീശ്വരന്മാരാണ് ഇന്ത്യാ രാജ്യത്തുണ്ടായിരുന്നത്. പക്ഷെ 2018 അവസാനിക്കുമ്പോൾ 121 ശതകോടീശ്വരന്മാരെ ഇന്ത്യക്ക് സംഭാവന ചെയ്യാൻ ബി.ജെ.പി.-ക്ക് സാധിച്ചുവെന്നാണ് കാണാൻ കഴിയുന്നത്. നമ്മുടെ രാജ്യത്തിന്റെ ആഭ്യന്തര ഉല്പാദനത്തിന്റെ 22 ശതമാനം രാജ്യത്തെ ശതകോടീശ്വരന്മാർ കയ്യാളുന്നു. അതിന്റെ ബാക്കി മാത്രമാണ് 130 കോടിയോളം വരുന്ന ജനവിഭാഗം പങ്കിട്ടെടുക്കുന്നത്. അത്രയും പ്രയാസമേറിയ ഒരു രീതിയിലാണ് ഇന്ത്യൻ ജനാധിപത്യ സംവിധാനം മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. ഒരു ശതമാനം മാത്രം വരുന്ന ഇന്ത്യയിലെ കുത്തകമുതലാളിമാരും ശതകോടീശ്വരന്മാരുമാണ് ഇന്ത്യാ രാജ്യത്തെ ഏകദേശം മുഴുവൻ സമ്പത്തും കയ്യാളിക്കൊണ്ടിരിക്കുന്നതെന്നാണ് സ്വിസ് ബാങ്ക് ഗ്ലോബൽ ഹെൽത്തിന്റെ കണക്ക് പറയുന്നത്.

രാജ്യത്തെ കർഷകരെയും ജനങ്ങളെയുമൊക്കെ നമുക്ക് സംഘടിപ്പിക്കേണ്ടതുണ്ട്. പക്ഷെ ഈ കർഷകരെയും സാധാരണ ജനങ്ങളെയും സംഘടിപ്പിച്ചുകൊണ്ട് ഒട്ടനവധി പ്രക്ഷോഭങ്ങൾ ഈയിടയ്ക്ക് നമ്മുടെ രാജ്യത്ത് അങ്ങോളമിങ്ങോളം നടക്കുകയുണ്ടായി. അത്തരം പ്രക്ഷോഭങ്ങൾക്കും സമരങ്ങൾക്കുമൊക്കെ നേതൃത്വം കൊടുത്തിട്ടുള്ളത് സി.പി.ഐ.(എം.) ഉൾപ്പെടെയുള്ള ഇടതുപക്ഷ പ്രസ്ഥാനങ്ങളാണെന്ന് കാണാൻ സാധിക്കും. രാജ്യത്തെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടിയുള്ള ഒരു സമീപനമാണ് എക്കാലത്തും ഇടതുപക്ഷ മുന്നണിയും പുരോഗമന പ്രസ്ഥാനങ്ങളുമൊക്കെ നടത്തിയിട്ടുള്ളത്. ജാതി-മത-സാമ്പത്തിക അസമത്വങ്ങൾ നമ്മുടെ രാജ്യത്ത് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതിനെതിരെ നമുക്ക് പൊരുതേണ്ടതുണ്ട്. ഈ അവസരത്തിൽ ഒരു ബദൽ എന്ന നിലയ്ക്കാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാർ അതിനാവശ്യമായ നിലപാട് സ്വീകരിക്കുന്നത്. ചരിത്രം പരിശോധിച്ചാൽ, കേരളം ഇന്ന് കൈവരിച്ചിട്ടുള്ള പുരോഗമനം സാദ്ധ്യമാക്കിയിട്ടുള്ളത് ഇടതുപക്ഷ പ്രസ്ഥാനങ്ങളും നവോത്ഥാന പ്രസ്ഥാനങ്ങളും പുരോഗമന സാഹിത്യ നായകന്മാരുമൊക്കെയാണ്. അതുകൊണ്ട് അത്തരം കാര്യങ്ങൾ മുറുകെ പിടിച്ചുകൊണ്ടുതന്നെ കേരളത്തെ മുന്നോട്ടുനയിക്കേണ്ടതുണ്ട്. ബി.ജെ.പി., സംഘപരിവാർ ശക്തികളെ പരാജയപ്പെട്ട

ത്തിക്കൊണ്ട് കേരളത്തെ മുന്നോട്ടുനയിക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. നമ്മുടെ രാജ്യത്തിന്റെ മതേതര നവോത്ഥാന മൂല്യങ്ങൾ സംഘപരിവാറുകൾക്ക് അടിയറവച്ച് രാജ്യത്തെ തകർക്കുന്നതിനുവേണ്ടി ശ്രമിക്കുമ്പോൾ ഈ രാജ്യത്തെ ജനസമൂഹം ഒരുമിച്ചുനിന്ന് മുന്നേറണമെന്നാണ് ഈയവസരത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ പൂർണ്ണമായും ഞാൻ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. കെ. ബാബു</u>: സർ, പ്രളയാനന്തര കേരളത്തിന്റെ പ്രതീക്ഷാനിർഭരമായ ബഡ്ജറ്റിനോടൊപ്പം അവതരിപ്പിച്ച അന്തിമ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. 'ലോകത്തിലെ ഏറ്റവും മനോഹരമായ കാര്യങ്ങൾ ആസ്വദിക്കാൻ കണ്ണോ കയ്യോ വേണ്ട, ഹൃദയം മതി.' - ഇത് ഹെലൻ കെല്ലറുടെ വാക്കുകളാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് കേരള ജനതയ്ക്കുവേണ്ടി അവതരിപ്പിച്ച ബഡ്ജറ്റ് വ്യക്തമാക്കുന്നതും ആ ഹൃദയമാണ്. കഴിഞ്ഞയാഴ്ച മാധ്യമം വാരികയിൽ ദേശാഭിമാനി പുരസ്കാരം നേടിയ ശ്രീ. പി. രാമൻ മാസ്റ്ററുടെ ഒരു കവിതയുണ്ടായിരുന്നു.

"പ്രളയക്കൊടുംവെള്ള-
മേന്തിവന്നപ്പൊഴീ-
ക്കരയിലേക്കേറാതെ
കാത്ത പാടങ്ങളേ,
കതിരിട്ടു നിൽക്കുന്നു
നിങ്ങളിപ്പോ,ളന്നു
കരുതീല, യിക്കുറി
കൊയ്യുമെന്നാരുമേ"

ആ പ്രളയക്കെടുതിയെയാണ് നമുക്ക് അതിജീവിക്കേണ്ടത് അതുകൊണ്ടുതന്നെ നവകേരള സൃഷ്ടിക്കായുള്ള പദ്ധതികൾ പ്രതീക്ഷ ഉണർത്തുന്നതാണ്. റവന്യൂ വരുമാനം 15.35 ശതമാനം വർദ്ധിപ്പിച്ചും റവന്യൂ ചെലവ് 50.3 ശതമാനത്തിൽ നിന്നും 33.04 ശതമാനമായും കുറച്ചും 12.6 ശതമാനം മൂലധനച്ചെലവ് വർദ്ധിപ്പിച്ചും സമ്പദ്ഘടനയുടെ ഗതിവേഗം വർദ്ധിപ്പിക്കാൻ എടുത്ത നടപടിയെ ഞാൻ അഭിനന്ദിക്കുന്നു. പ്രളയാനന്തര പ്രവർത്തനങ്ങൾക്കുശേഷം തിരുവനന്തപുരം വിമാനത്താവളത്തിൽവച്ച് സൈനികർക്ക് നടത്തിയ ആദരവിൽ ചീഫ് ഓഫ് സതേൺ എയർകമാന്റ് മാർഷൽ ശ്രീ. ബി. സുരേഷ് പറഞ്ഞ വാക്കുകൾ ആർക്കാണ് നിഷേധിക്കാനാവുക. ഒരു യുദ്ധരംഗത്തെ

ന്നപോലെയാണ് സേനാംഗങ്ങൾ രക്ഷാപ്രവർത്തനം നടത്തിയത്. ഏതു യുദ്ധത്തി ലെന്നപോലെ ഇവിടെയും ഒരു സൈന്യാധിപനുണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയനായിരുന്നു ഇവിടെ കമാന്റർ-ഇൻ-ചീഫ് എന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹം തന്നെയാണ് മുന്നിൽ നിന്ന് യുദ്ധം നയിച്ചത്. അതുകൊണ്ടാണ് രാജ്യം കണ്ട ഏറ്റവും വലിയ രക്ഷാപ്രവർത്തനം കാര്യക്ഷമമായി നടത്താൻ കഴിഞ്ഞത്. അതിന്റെ എല്ലാ ബഹുമതിയും കേരളത്തിന്റെ മുഖ്യമന്ത്രിക്കാണെന്നാണ് അദ്ദേഹം പറഞ്ഞത്. പ്രളയാനന്തരം കേരളത്തിലെ യു.ഡി.എഫ്. തീർത്ത നുണ പ്രളയത്തെയും സെപ്റ്റംബർ 28-ന്റെ സുപ്രീംകോടതി വിധിക്കുശേഷം പെൺകുട്ടികളെ മുന്നിൽ നിർത്തി മുഖ്യമന്ത്രിക്കെതിരെ നടത്തിയ തെറിപ്രളയത്തെയും കേരള ജനത അതിജീവിക്കുക തന്നെ ചെയ്യും. അതുകൊണ്ടാണ് അവർക്ക് സമരപന്തലുകളിൽ നിന്ന് സ്വയം പായയും ചുരുട്ടി ഒളിച്ചോടേണ്ടി വന്നതെന്ന് നാം ഓർക്കണം. ഓഖി ദുരന്തം, നിപ്പ വൈറസ്, പ്രളയക്കെടുതി, ബി.ജെ.പി. ഗവൺമെന്റ് തീർത്ത നോട്ട് നിരോധനം, ജി.എസ്.ടി. എന്നിവയിലൂടെ ഏറെ സാമ്പത്തിക പ്രതിസന്ധി അനുഭ വിക്കുമ്പോഴും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും നയാപൈസ വെട്ടിക്കുറച്ചില്ലെന്ന് മാത്രമല്ല, കൂടുതൽ തുകയാണ് ഈ ബഡ്ജറ്റിലൂടെ ഡോ. ടി. എം. തോമസ് ഐസക് നീക്കിവച്ചിട്ടുള്ളത്.

1961-ൽ ജവഹർലാൽ നെഹ്റുവിന്റെ കാലഘട്ടം മുതൽ ആരംഭിച്ചതാണ് ബഡ്ജറ്റിന് മുമ്പ് സാമ്പത്തിക അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നത്. എന്നാൽ കേവലം അമ്പത് ദിവസത്തിൽ താഴെ മാത്രം അധികാരം ബാക്കിയുള്ള കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാർ വിഭവസമാഹരണത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായില്ല? ഒരു മാർഗ്ഗവും നിർദ്ദേശിക്കാതെ പൊള്ളയായ വാഗ്ദാനങ്ങളുടെ പെരുമഴ തീർത്ത കേന്ദ്ര ബഡ്ജറ്റിനെതിരെ പ്രതിഷേധിക്കാൻ യു.ഡി.എഫ്. അംഗങ്ങളാരെങ്കിലും തയ്യാറാകുന്നുണ്ടോ? എന്നാൽ നവകേരള സൃഷ്ടിക്കായി കേവലം രണ്ട് വർഷത്തേയ്ക്ക് ഒരു ശതമാനം സെസ് പിരിച്ചാൽ വലിയ വിലക്കയറ്റം ഉണ്ടാകുമെന്ന കോലാഹലമാണ് അവർ ഉയർത്തികൊണ്ടു വരുന്നത്. പ്രളയ സെസിലൂടെ നമുക്ക് കിട്ടാവുന്നത് 600 കോടി രൂപയാണ്. കേരളത്തിൽ 42 ലക്ഷം പേർക്ക് ക്ഷേമപെൻഷൻ നൽകുന്നുണ്ട്. അതിൽ നാലിലൊന്നും ഈ സർക്കാർ വന്നതിനുശേഷമാണ് കൊടുക്കുന്നത്. ഈ വർഷത്തെ 100 രൂപയുടെ വർദ്ധനവുൾപ്പെടെ 600 രൂപയിൽ നിന്ന് 1,200 രൂപയായി ക്ഷേമപെൻഷൻ വർദ്ധിപ്പിച്ചുവെന്ന് മാത്രമല്ല, അവരവരുടെ വീട്ടിലെത്തിക്കാനും സർക്കാർ തയ്യാറായി. ഇതിലേയ്ക്ക് 7533.72 കോടി രൂപയാണ് ആവശ്യമായി വരുന്നത്. മദ്യത്തിന് രണ്ട് ശതമാനം നികുതി വർദ്ധിപ്പിച്ചാൽ സംസ്ഥാനത്ത് വിലക്കയറ്റം ഉണ്ടാകുമെന്ന് പറഞ്ഞ് യു.ഡി.എഫ്. പ്രതിഷേധ പ്രകടനം നടത്തുന്നത് എന്ത് അർത്ഥത്തിലാണ്? മദ്യത്തിന് രണ്ട് ശതമാനം നികുതി വർദ്ധിപ്പിക്കുന്നതിലൂടെ 180 കോടി രൂപയാണ് ലഭിക്കുന്നത്. പുതിയ കുടിവെള്ള

പദ്ധതിക്ക് എൽ.ഡി.എഫ്. സർക്കാർ വകയിരുത്തിയിരിക്കുന്നത് 280 കോടി രൂപയാണ്. പാവപ്പെട്ടവർക്ക് വെള്ളം കുടിക്കണ്ടേ? തൊഴിലുറപ്പ് പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്ത ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ക്ഷേമനിധിയും മൂന്ന് വർഷത്തിൽ 25 ദിവസം തൊഴിലെടുത്തവർക്ക് പെൻഷനും നൽകുമെന്ന് ഈ സർക്കാർ പ്രഖ്യാപിച്ചു. ആശാവർക്കർമാർക്ക് 500 രൂപ കൂട്ടുതൽ കൊടുക്കാൻ തീരുമാനിച്ചു. തുച്ഛമായ വരുമാനമുള്ള ലൈബ്രേറിയന്മാർക്ക് 20 ശതമാനം ശമ്പള വർദ്ധനവും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പരിശോധിക്കാൻ കമ്മീഷനെയും നിയോഗിച്ചു. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണവും ഈ ബഡ്ജറ്റിലൂടെ സർക്കാർ പ്രഖ്യാപിച്ചുകഴിഞ്ഞു. വിശപ്പ് രഹിത കേരളത്തിന് 20 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ലൈഫ് പദ്ധതിയെ സംബന്ധിച്ച് യു.ഡി.എഫ്. അധികം ബേജാറാകേണ്ട കാര്യമില്ല. പൂർത്തീകരിക്കപ്പെടാത്ത 5436 ഭവനങ്ങളിൽ 90 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. 184255 പേരിൽ 79159 പേർക്ക് ഒന്നും രണ്ടും ഗഡു തുക കൊടുത്തുകഴിഞ്ഞു. എന്റെ നിയോജക മണ്ഡലത്തിലുള്ളവർ അവരുടെ സമ്പാദ്യവും കൂടി ചേർത്ത് നിരവധി വീടുകൾ പൂർത്തീകരിച്ചു. അവർക്കുള്ള പാരിതോഷികവും ഞങ്ങൾ കൊടുത്തു. മൂന്നാം ഘട്ടത്തിൽ ഫ്ലാറ്റും ഭൂമിയില്ലാത്തവർക്ക് ഭൂമിയും കൊടുക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഇതിനായി 1296 കോടി രൂപ മാറ്റിവച്ചു. എന്റെ നിയോജകമണ്ഡലത്തിൽ ഒരു പിടി മണ്ണുപോലും സ്വന്തമായി ഇല്ലാത്തവരായിരുന്ന നെല്ലിയാമ്പതിയിലെ ആദിവാസി സമൂഹം. ഈ സർക്കാർ വന്നതിനുശേഷമാണ് ഒരേക്കർ ഭൂമി വീതം 104 പേർക്ക് ഇപ്പോൾ കൊടുത്തിട്ടുള്ളത്. ബാക്കി 54 പേർക്കും ഭൂമി കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതുപോലെ നെന്മാറയിൽ 20 സെന്റ് ഭൂമി വീതം ആദിവാസി സമൂഹത്തിലെ 50 പേർക്ക് കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. 103000-ത്തിലധികം പേർക്കാണ് ഭൂമിക്ക് കൈവശരേഖയും പട്ടയവും ഈ സർക്കാർ കൊടുത്തിട്ടുള്ളത്. ഇപ്പോൾ ആദിവാസി കുടുംബത്തിലെ ഒരാൾക്ക് തൊഴിൽ കൊടുക്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ സർക്കാർ അവശന്മാർ, ആർത്തന്മാർ, ആലംബഹീനന്മാർക്കൊപ്പമാണെന്ന് തെളിയിക്കപ്പെടുകയാണ്. പാലക്കാട് ജില്ലയിലെ ജലക്ഷാമം പരിഹരിക്കാൻ കുരിയാർക്കുറ്റി-കാരപ്പാറ പദ്ധതിക്ക് തുടക്കമിടുമെന്നും കൃഷിക്കാരെ സംരക്ഷിക്കുന്നതിന് പാലക്കാട് മേഖലയിൽ ആധുനിക രീതിയിലുള്ള റൈസ് മിൽ ആരംഭിക്കുമെന്നും പ്രഖ്യാപിച്ചതിന് പാലക്കാടിലെ കൃഷിക്കാർക്കു വേണ്ടി ഞാൻ ഈ സർക്കാരിനെ അഭിനന്ദിക്കുകയാണ്.

അധികാര വികേന്ദ്രീകരണം വഴി 11,867 കോടി രൂപയാണ് കൊടുത്തിരിക്കുന്നത്. കഴിഞ്ഞ ജനുവരി 15-ന് റിവ്യൂ നടത്തിയപ്പോൾ ആറ് പഞ്ചായത്തുകൾ 80 ശതമാനം തുകയും ചെലവഴിച്ചിട്ടുണ്ടെന്നാണ് കാണാൻ കഴിഞ്ഞത്. ഇന്ന് കേരളത്തിലെ ത്രിതല പഞ്ചായത്തുകൾ 60 ശതമാനം തുകയും ചെലവഴിച്ചിട്ടുണ്ടെന്നുള്ളത് ആർക്കാണ് നിഷേധിക്കാൻ കഴിയുന്നത്. ഡിസംബർ 31-നകം 19 തദ്ദേശസ്ഥാപനങ്ങളൊഴികെ 1181 സ്ഥാപനങ്ങളും പദ്ധതികൾ സമർപ്പിച്ചുകഴിഞ്ഞു.

വ്യവസായ രംഗത്തിന്റെ മരണമണിയാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് മുഴങ്ങിയതെങ്കിൽ ഇപ്പോൾ 160 കോടി രൂപ ലാഭത്തിലാക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്.

കേരളത്തിന്റെ നവോത്ഥാനമൂല്യങ്ങളെ മതനിരപേക്ഷതയുടെ വിശ്വാസത്തിന്റെ പേരിൽ നൂറ്റാണ്ടുകൾ പുറകിലേയ്ക്ക് ചവിട്ടിക്കൊണ്ടുപോകാനാണ് ചില ആളുകൾ ശ്രമിക്കുന്നത്. അവിടെയാണ് വനിതകൾ വനിതാമതിൽ തീർത്തത്. അതിനെ വർഗ്ഗീയമതിൽ എന്ന് ആക്ഷേപിച്ചവരാണ് ഇവിടെയുള്ളത്. നെറ്റിയിൽ കുറിതൊട്ട് ലക്ഷക്കണക്കിന് വരുന്ന ഹിന്ദു വിശ്വാസികളായ സ്ത്രീകളും പർദ്ദ അണിഞ്ഞ ഇസ്ലാമിക മതവിശ്വാസികളായ പതിനായിരക്കണക്കിന് വനിതകളും കർത്താവിന്റെ മണവാട്ടികളായ കന്യാസ്ത്രീകളുൾപ്പെടെയുള്ള ക്രിസ്തുമത വിശ്വാസികളും ആ മതിലിൽ അണിചേർന്നു. അവരൊക്കെ വർഗ്ഗീയത ഉയർത്തി പിടിക്കുന്നവരാണോ? വർഗ്ഗീയതയുടെ തിമിരം ബാധിച്ച കണ്ണിലൂടെ കാണുന്നവർക്കു മാത്രമേ അതിനെ വർഗ്ഗീയമതിൽ എന്ന് അധിക്ഷേപിക്കാൻ കഴിയുകയുള്ളൂ.

ബഡായി പറയുന്നതിൽ ഒന്നാം സ്ഥാനം നാളിതുവരെ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിക്കായിരുന്നു. എന്നാൽ ജനവരി 29-ന് ശേഷം ശ്രീ. രാഹുൽ ഗാന്ധി അത് മറികടന്നുവെന്നാണ് എന്റെ നാട്ടിലെ ജനങ്ങൾ പറയുന്നത്. കോൺഗ്രസ്സിന്റെ ദേശീയ നേതാവായ രാഹുൽ ഗാന്ധിയെക്കൊണ്ട് കേരളത്തിലെ ആരോഗ്യ-വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് ഇത്തരത്തിൽ ബഡായി പറയിപ്പിക്കാമോ എന്നാണ് കോൺഗ്രസ്സിലെ സുഹൃത്തുക്കളോട് ചോദിക്കാനുള്ളത്. താലൂക്കാശുപത്രികളിൽ മെഡിക്കൽ കോളേജ് എന്ന ബോർഡ് കെട്ടിത്തൂക്കിയതല്ലേ ആരോഗ്യരംഗത്ത് നിങ്ങളുടെ കാലത്തെ പ്രവർത്തനം. കണ്ണഞ്ചിപ്പിക്കുന്ന വേഗതയിലേയ്ക്ക് പാലക്കാട് മെഡിക്കൽ കോളേജിൽ ഉയർന്നുപൊങ്ങുന്ന കെട്ടിടങ്ങളും അതിന്റെ വികസനവും ചൂണ്ടിക്കാണിക്കാൻ എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. ഷാഫി പറമ്പിലെങ്കിലും ശ്രമിക്കേണ്ടതായിരുന്നില്ലേ? ആഴ്ചയിൽ രണ്ടുദിവസം മാത്രം വന്ന് ഒപ്പിട്ട് പോയിരുന്ന കേരളത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഒമ്പത് മുതൽ ആറ് മണി വരെ മൂന്ന് 3 ഡോക്ടർമാരാണുള്ളത്. മുഴുവൻ പി.എച്ച്.സി.-കളെയും ഈ സർക്കാർ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റാൻ പോവുകയാണ്.

മറ്റൊരു കാര്യം, മണ്ഡലത്തിലെ ഒരു ഇന്റർനാഷണൽ സ്കൂളിന് 5 കോടി രൂപ, ആയിരം കുട്ടികളിൽ അധികരിച്ചാൽ മൂന്ന് കോടി രൂപ, യു.പി. സ്കൂളിന് ഒരു കോടി രൂപ, സ്മാർട്ട് ക്ലാസ് റൂമുകൾ 45000, പഠിക്കാനുള്ള പാഠപുസ്തകവും യൂണിഫോമും സൗജന്യം, ആഴ്ചയിൽ രണ്ടു ദിവസം പാൽ, ഒരു ദിവസം മുട്ട, ഉച്ചയ്ക്ക് നല്ല ഭക്ഷണം, അവധിക്കാലത്ത് തിരിച്ചുപോകുമ്പോൾ 7 കിലോ അരി വീതം കുട്ടികളുടെ കയ്യിൽ കൊടുക്കുന്നു. രണ്ടരലക്ഷം കുട്ടികളാണ് പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിലേയ്ക്ക് ഒഴുകിവന്നത്. വിദ്യാഭ്യാസ മേഖലയിലെ മാറ്റം നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയെ ധരിപ്പിക്കണ്ടേ?

ചില മാധ്യമ സർവ്വേ ഫലത്തിന്റെ അസ്ഥാളിപ്പിൽ സ്വപ്നലോകത്തെ ബാലഭാസ്കരന്മാരെപ്പോലെയാണ് ഇപ്പോൾ യു.ഡി.എഫ്.ലെ അംഗങ്ങൾ വിലസുന്നത്. 2004-ൽ പ്രവചനക്കാർ എൽ.ഡി.എഫ്.-ന് 6-സീറ്റാണ് വിധിച്ചത്, ലഭിച്ചത് 18 സീറ്റും. ഇന്ന് പത്രമാധ്യമങ്ങൾ പ്രചരിപ്പിക്കുന്ന നമ്പറിനെ തിരിച്ചിട്ടാൽ 61 സീറ്റാണ്. ആ 61 അംഗങ്ങളുടെ പിന്തുണയോടെയാണ് ഒന്നാം യു.പി.എ.-യ്ക്ക് നേതൃത്വം കൊടുത്ത സർക്കാരിന്റെ പ്രധാനമന്ത്രി പഥത്തിൽ ഇരുന്നതെന്ന് ഓർമ്മിക്കുന്നത് നല്ലത്. അതുകൊണ്ട് അന്ന് പ്രവചിച്ചത് 18 ആണെങ്കിൽ 20-20 മത്സരമാണ് ഇനി വരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ കേരളത്തിൽ ഉണ്ടാകാൻ പോകുന്നത്. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. കേരളത്തിൽ 20 സീറ്റും എൽ.ഡി.എഫ്. നേടുന്ന അവസ്ഥ വരും. അതുകൊണ്ടുതന്നെ അതിനോടൊപ്പം നിൽക്കാൻ മതനിരപേക്ഷ ശക്തികളും ന്യൂനപക്ഷങ്ങളും കേരളത്തിലെ ജനക്ഷേമകരമായ പ്രവർത്തനങ്ങൾ അനുഭവിക്കുന്ന കോടിക്കണക്കിന് ജനങ്ങളുമുണ്ട്. ആ ജനങ്ങളുടെ പിന്തുണയിൽ തന്നെയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. അങ്ങനെ മുന്നോട്ട് പോകുന്നതിനുവേണ്ടി ഇവിടെ അവതരിപ്പിച്ച ബജറ്റിനോടൊപ്പമുള്ള ഉപധനാഭ്യർത്ഥനയെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ആദ്യമായി ഒരു പ്രധാനപ്പെട്ട കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. സപ്ലിമെന്ററി ഡിമാന്റ് രേഖയിലെ മൂന്നാം നമ്പർ ഡിമാന്റായ Administration of Justice എന്നതിന്റെ എക്സ്പ്ലനേറ്ററി നോട്ടിൽ പറഞ്ഞിരിക്കുന്ന കാര്യം തന്നെയാണ് 14-ാം നമ്പർ ഡിമാന്റായ Stationery and Printing എന്നതിന്റെ എക്സ്പ്ലനേറ്ററി നോട്ടിലും സൂചിപ്പിച്ചിട്ടുള്ളത്. അത് പ്രിന്റിംഗ് മിസ്റ്റേക്കാണെന്ന് തോന്നുന്നു. ഒരു രേഖയെന്ന നിലയിൽ അങ്ങനെ വരാൻ പാടില്ലാത്തതിനാൽ തീർച്ചയായും അത് പരിശോധിച്ച് തിരുത്തുന്നതിനുള്ള നടപടിയുണ്ടാകണം.

ഈ ഉപധനാഭ്യർത്ഥനകളിൽ വന്നിട്ടുള്ള പ്രധാനപ്പെട്ട കാര്യങ്ങളുടെതെല്ലാം പുതിയ സർവ്വീസുകളും അതോടൊപ്പം നേരത്തെ ചെലവഴിച്ച തുകയുടെ അംഗീകാരത്തിനുവേണ്ടിയുള്ളതുമാണ്. ഇതുമായി ബന്ധപ്പെട്ട് അനുവദിക്കുന്ന തുക ക്വാളിറ്റേറ്റീവായി വിനിയോഗിക്കുന്നുണ്ടോ എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. 'ഉണ്ണുന്നവൻ അറിഞ്ഞില്ലെങ്കിലും വിളമ്പുന്നവൻ അറിയണം' എന്ന് നാട്ടിൻപുറങ്ങളിൽ പറയാറുണ്ട്. ഇവിടെ അനുവദിക്കുന്ന പണം പൊതുചെലവിനായി ഉപയോഗിക്കുമ്പോൾ എത്രമാത്രം അതിന്റെ ക്വാളിറ്റി മെയിന്റെയിൻ ചെയ്തുകൊണ്ട് പൂർണ്ണമായ അർത്ഥത്തിൽ ഉപയോഗിക്കാൻ കഴിയുന്നുവെന്നുള്ളത് തീർച്ചയായും ചിന്തിക്കേണ്ട കാര്യമാണ്. സംസ്ഥാനത്തിന്റെ വരുമാനവും ചെലവുകളും കടവുമൊക്കെ വളരെയേറെ ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. വീണ്ടുമൊരു തനിയാവർത്തനത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. എങ്കിലും എക്സ്പെൻ

ഡിച്ചറിന്റെ വോളിയത്തിനപ്പുറത്ത് അതിന്റെ ക്വാളിറ്റി പരിശോധിക്കാൻ കഴിയുന്ന സംവിധാനമുണ്ടാകണം. അനാവശ്യ ധൂർത്ത് എല്ലാ മേഖലയിലും കടന്നുവരുന്നുണ്ട്. സംസ്ഥാനത്തിന്റെ കടം വർദ്ധിക്കുന്നുവെന്ന് പറയുമ്പോഴും റവന്യൂ ചെലവുകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന് രേഖകളെല്ലാം സൂചിപ്പിക്കുന്നുണ്ട്. പ്രത്യേകിച്ച് കമ്മിറ്റഡ് എക്സ്പെൻഡിച്ചർ നിയന്ത്രണത്തിനപ്പുറത്തേയ്ക്ക് പോകുകയാണ്. അങ്ങയുടെ ബഡ്ജറ്റിൽ സൂചിപ്പിച്ചതുപോലെ റവന്യൂ എക്സ്പെൻഡിച്ചർ ഒരു പരിധിവരെ കുറയ്ക്കാൻ കഴിഞ്ഞാൽ ആ ഒരു ലെവലിലേയ്ക്ക് എത്താൻ കഴിയുമോ എന്നുള്ള ആശങ്ക ഞാൻ പങ്കുവയ്ക്കുകയാണ്. കാരണം, ധനകമ്മി ഒരു ശതമാനത്തിലേയ്ക്ക് കുറച്ചുകൊണ്ടുവരാൻ കഴിയുമെന്നുള്ള ആശയം പങ്കുവച്ചിട്ടുണ്ട്. അതോടൊപ്പം മറ്റ് ചില മേഖലകളിലും കിട്ടാനുള്ള സാദ്ധ്യതകളെക്കുറിച്ചുള്ള ചിന്തനങ്ങളാണ് ബഡ്ജറ്റുമായി ബന്ധപ്പെട്ടുണ്ടായത്. ഞാൻ ആ വിഷയങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഏതായാലും സർക്കാർ തലത്തിലുള്ള ധൂർത്ത് കുറയ്ക്കാനുള്ള നടപടികളുണ്ടാകണം. പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കോർപ്പറേഷനുകൾ, കമ്മീഷനുകൾ, ബോർഡുകൾ എന്നിങ്ങനെ സമാന സ്വഭാവമുള്ള, ഒരേ പ്രവൃത്തി ചെയ്യുന്ന ഒട്ടേറെ സ്ഥാപനങ്ങളുണ്ട്. ഇതിനെയെല്ലാം ഏകോപിപ്പിക്കാൻ എന്തുകൊണ്ട് ശ്രമിച്ചുകൂടാ എന്നുള്ളത് ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണെന്ന് എനിക്ക് തോന്നുന്നു. ക്ഷേമനിധി പെൻഷൻ കൊടുക്കുന്ന ധാരാളം സ്ഥാപനങ്ങളുണ്ട്. ക്ഷേമനിധികളെല്ലാം ഏകീകരിച്ച സാഹചര്യത്തിൽ, ക്ഷേമനിധികൾക്കുവേണ്ടി സർക്കാരിന്റെ ഇത്രയേറെ പണം ചെലവഴിക്കുന്ന രീതിയോട് എങ്ങനെ യോജിക്കാൻ കഴിയുമെന്നുള്ള കാര്യം ഗൗരവമായി ചിന്തിക്കേണ്ടതാണ്.

അതോടൊപ്പം എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിലൊക്കെ പല തവണ ഇതുമായി ബന്ധപ്പെട്ട് ഒട്ടേറെ നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. പക്ഷേ ഈ പുതിയ സപ്ലിമെന്ററി ഡിമാന്റ് ഇവിടെ പാസ്സാക്കുമ്പോൾ അത്തരം നിർദ്ദേശങ്ങളൊക്കെ പലപ്പോഴും നിർദ്ദേശങ്ങളായിമാത്രം അവസാനിക്കുന്ന ഒരു സാഹചര്യം നിലവിലുണ്ടെന്ന് പറയാതിരിക്കാൻ കഴിയില്ല.

ഞാൻ രണ്ട് കാര്യങ്ങൾ കൂടി പറയാനാഗ്രഹിക്കുകയാണ്. ഒന്ന്, ബഡ്ജറ്റിന്റെ ഏകദേശം 40 ശതമാനത്തോളം തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ചെലവഴിക്കാനായി നൽകുമ്പോൾ, പദ്ധതി രൂപീകരണം നൂറ് ശതമാനത്തിലേയ്ക്കെത്താൻ എത്ര ശ്രമിച്ചിട്ടും കഴിയുന്നില്ല. പദ്ധതി നിർവ്വഹണത്തിന് നേരത്തെയുണ്ടായിരുന്ന തടസ്സങ്ങളൊക്കെ മാറ്റാൻ കഴിഞ്ഞു. ഒട്ടേറെ മാറ്റങ്ങൾ അക്കാര്യത്തിലുണ്ടായി. പക്ഷേ ഇപ്പോഴും പൂർണ്ണമായി അക്കാര്യത്തിൽ എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. മാത്രമല്ല അവർക്ക് നൽകുന്ന തുകയിൽ റവന്യൂ എക്സ്പെൻഡിച്ചറിനകത്ത് ക്യാപിറ്റൽ

എക്സ്പെൻഡിച്ചറുണ്ടാകുന്ന എന്നത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത്രയും കാലമായി ഗവൺമെന്റ് നൽകിയ പണത്തിൽ എത്രമാത്രം ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ ഡെവലപ് ചെയ്തെടുക്കാൻ അല്ലെങ്കിൽ രൂപപ്പെടുത്തിയെടുക്കാൻ കഴിഞ്ഞുവെന്ന ഗൗരവമായൊരു ചിന്ത യഥാർത്ഥത്തിലുണ്ടാകണം. ഇക്കാര്യത്തിൽ ഫിസ്കൽ ഡെഫിസിറ്റ് ഉൾപ്പെടെയുള്ള കാര്യങ്ങളെ ബാധിക്കുന്ന കണക്കുകൾ പരിശോധിക്കുമ്പോഴും 40 ശതമാനം വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ക്യാപിറ്റൽ എക്സ്പെൻഡിച്ചറുമായി ബന്ധപ്പെട്ട ഡെവലപ്മെന്റ് എത്രമാത്രം സംസ്ഥാനത്തുണ്ടായിട്ടുണ്ടെന്നുള്ളതിന് വളരെ കൃത്യമായ കണക്ക് തീർച്ചയായും സർക്കാർ തലത്തിലുണ്ടാക്കിയെടുക്കേണ്ടതാണ്. കമ്മിറ്റഡ് എക്സ്പെൻഡിച്ചർ ഏതായാലും കുറയ്ക്കാൻ കഴിയില്ല. പക്ഷേ 2020-2021 ആകുമ്പോഴേയ്ക്കും അത് 60-ൽനിന്ന് 52 ശതമാനത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിയുമെന്നുള്ള പ്രതീക്ഷ സർക്കാരിനുണ്ട്. ബഡ്ജറ്റിംഗ് സംവിധാനത്തിൽ എല്ലാ വർഷവും ഒരു നിശ്ചിത ശതമാനം തുക ഓരോ ഡിപ്പാർട്ട്മെന്റിനും വർദ്ധിപ്പിച്ച് കൊടുക്കുന്ന രീതിയാണുള്ളത്. കഴിഞ്ഞ വർഷത്തെ തുകയോടൊപ്പം അഡീഷണലായി തുക കൊടുക്കുന്ന ബഡ്ജറ്റ് അക്കൗണ്ടിംഗ് സംവിധാനമാണുള്ളത്. യഥാർത്ഥത്തിൽ നടത്തിയ പ്രവർത്തനങ്ങളെ കുറിച്ച് പരിശോധിച്ച് ആവശ്യമുണ്ടെങ്കിൽമാത്രം ഡിപ്പാർട്ട്മെന്റ് അടിസ്ഥാനത്തിൽ പണം വീതിക്കാൻ കഴിയുന്നരീതി വരണം. അതായത്, ഒരു സീറോ ബെയ്സ്ഡ് ബഡ്ജറ്റിംഗ് സംവിധാനം പോലെ അതിനെ കൊണ്ടുവരാൻ കഴിഞ്ഞാൽ ഡിപ്പാർട്ട്മെന്റുകളുടെ ഓവറോൾ പെർഫോമൻസ് എത്രമാത്രം ഉണ്ടായിരിക്കുമെന്നുള്ളത് ഗൗരവമായി പഠിക്കാൻ കഴിയുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വരുമാനം വളരെ കുറഞ്ഞുനിൽക്കുന്ന സാഹചര്യത്തിൽ പൊതു ചെലവുകളെ നിയന്ത്രിക്കുകയും അതോടൊപ്പം അതിനെ കര്യക്ഷമമാക്കുകയും ചെയ്യുന്ന നടപടികളുമായി സർക്കാർ മുന്നോട്ടുപോകണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുല്ലക്കര രത്നാകരൻ)

ശ്രീമതി സി. കെ. ആശ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. 2019 ജനുവരി ഒന്ന് കേരളത്തിന് പുതിയൊരു വർഷത്തിന്റെ തുടക്കം മാത്രമായിരുന്നില്ല. അമ്പത് ലക്ഷത്തിലധികം സ്ത്രീകൾ പൊതുനിരത്തിൽ അണി നിരന്ന് കേരളത്തെ ഭ്രാന്താലയമാക്കാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിച്ച ദിവസം കൂടിയായിരുന്നു. സ്ത്രീ പുരുഷ സമത്വം നടപ്പിലാക്കണമെന്നും നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കണമെന്നും കേരള സമൂഹത്തോട് ഏകസ്വരത്തിൽ വിളിച്ചുപറഞ്ഞ ദിവസമായിരുന്നു അത്. സമൂഹത്തിലെ ഒരു പൗരനെന്ന നിലയിലും സ്ത്രീയെന്ന നിലയിലും ഞാൻ ഈ സഭയിൽ വളരെ അഭിമാനത്തോടെയാണ് നിൽക്കുന്നത്.

ഈ സർക്കാരിൽ സ്ത്രീകൾക്ക് വലിയ വിശ്വാസമുണ്ട്. സ്ത്രീ ശാക്തീകരണത്തിലും സ്ത്രീസമത്വം പുലർത്തുന്നതിലും സ്ത്രീകളുടെ ആത്മാഭിമാനം ഉണർത്തുന്നതിലും പൗരനെന്ന നിലയിലുള്ള സ്വാതന്ത്ര്യം സ്ഥാപിക്കുന്നതിലുമൊക്കെ ഈ ഗവൺമെന്റെടുത്ത നടപടികൾ സ്ത്രീകൾ പൂർണ്ണ മനസ്സോടെ പിന്തുണയ്ക്കുന്നു. സ്ത്രീകൾക്ക് ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്ന അനവധി പദ്ധതികളാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. സ്ത്രീകളുടെ ക്ഷേമകാര്യങ്ങൾ നിർവ്വഹിക്കുന്നതിന് പ്രത്യേക വകുപ്പ് രൂപീകരിച്ചുകൊണ്ട് എൽ.ഡി.എഫ്. സർക്കാർ രാജ്യത്തിന് മാതൃകയായി. ഇന്ന് ശ്രീ. മഞ്ഞളാംകുഴി അലി ചർച്ചയിൽ പങ്കെടുത്തപ്പോൾ, Blood Money എന്നൊരു പരാമർശം നടത്തിയത് ഞാൻ ശ്രദ്ധിക്കുകയുണ്ടായി. ഈ ബഡ്ജറ്റിൽ ശബരിമലയ്ക്കുവേണ്ടി ഫണ്ട് വച്ചതിനെ സംബന്ധിച്ചാണ് അങ്ങനെയൊരു പരാമർശമുണ്ടായത്. ശബരിമലയെ സംബന്ധിച്ച സുപ്രീംകോടതി വിധി വന്നതിനുശേഷം ശബരിമലയുടെ പേരിൽ വീണ്ടും ഒരു അയോദ്ധ്യ സ്വപ്നം കണ്ടുകൊണ്ട് ആർ.എസ്.എസ്., ബി.ജെ.പി., സംഘപരിവാർ ശക്തികളും അവർക്ക് കൂട്ടുനിന്ന കോൺഗ്രസ്സും കേരളത്തിൽ കാട്ടിക്കൂട്ടിയ അക്രമങ്ങൾ നമുക്കെല്ലാം അറിവുള്ളതാണ്. എന്നാൽ അതിനെയെല്ലാം ചെറുത്തുതോൽപ്പിച്ച് കേരളത്തെ വർഗ്ഗീയശക്തികൾക്ക് വിട്ടുകൊടുത്ത് വീണ്ടും ഒരു ഭ്രാന്താലയമാക്കാൻ അനുവദിക്കില്ലെന്ന് ചങ്കിൽ ചുവന്ന ചെങ്കൊടി ചേർത്ത് പിടിച്ചുകൊണ്ട് സർക്കാർ പ്രഖ്യാപിച്ചു, അതിൽ നടപടിയെടുത്തു. വർഗ്ഗീയ ശക്തികളും അവർക്ക് കൂട്ടുനിന്നവരും മനസ്സിലാക്കേണ്ടത്, ഞങ്ങളുടെ പൂർവ്വികർ ഞങ്ങൾക്ക് നൽകിയത് ചന്ദന കട്ടിലോ സപ്രമഞ്ചങ്ങളോ അല്ലെന്നുള്ളതാണ്, പകരം ചോരയിൽ ചുവന്ന ചെങ്കൊടിയാണ്. ആ ചെങ്കൊടി പിടിക്കാൻ ഒരാളെങ്കിലും കേരളത്തിൽ അവശേഷിക്കുന്നിടത്തോളംകാലം നിങ്ങളുടെ വിഷം ചീറ്റുന്ന വർഗ്ഗീയതയ്ക്കുമുന്നിൽ കേരളം അടിയറവ് പറയില്ലെന്ന് ഉറക്കെ പ്രഖ്യാപിക്കുന്നതിനുകൂടി ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ഇത്തവണത്തെ ബഡ്ജറ്റ് രേഖയുടെ കവർ ചിത്രമായ പഞ്ചമിയുടെ കൈപിടിച്ച് അക്ഷരത്തിന്റെ അഗ്നി ജ്വലിപ്പിക്കാൻ സവർണ്ണർക്കുമുന്നിൽ നിവർന്നുനിൽക്കുന്ന അയ്യങ്കാളിയുടെ ചിത്രം എന്നിലേറെ അഭിമാനമുണർത്തുന്നു. അതുപോലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് അരയ്ക്കുമേലെ വസ്ത്രം ധരിക്കുവാൻ വിലക്കുള്ള കാലത്ത് മാറ് മറച്ച് ചരിത്രം സൃഷ്ടിച്ച ഇന്ത്യയിലെ പട്ടികജാതിയിൽപ്പെട്ട ആദ്യ ബിരുദധാരിണിയും ഡോ. ബി. ആർ. അംബേദ്കർക്കൊപ്പം ഇന്ത്യൻ ഭരണ ഘടനയിൽ ഒപ്പുവച്ച ദാക്ഷായണി വേലായുധന്റെ പേരിൽ അവാർഡ് പ്രഖ്യാപിച്ചതിലൂടെ സർക്കാർ ഉയർത്തിപ്പിടിച്ചത് രാജ്യത്തിന്റെ നവോത്ഥാന ചരിത്രത്തിലെ വിപ്ലവകരമായ അദ്ധ്യായവും പിന്നോക്ക സമുദായത്തിനും സ്ത്രീകൾക്കും നൽകുന്ന ആദരവും കൂടിയാണ്. പല പദ്ധതികളിലായി വനിതാ ക്ഷേമത്തിന് വലിയ തുകയാണ് ഈ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുള്ളത്. സ്ത്രീ ശാക്തീകരണത്തിന് 1420 കോടി രൂപ,

കുടുംബശ്രീക്ക് 3500 കോടി രൂപ എന്നിവ അതിൽ ചിലത് മാത്രമാണ്. ദൈനംദിന ജീവിതത്തിലെ പ്രതിസന്ധിഘട്ടങ്ങളിൽ ഈ പദ്ധതികൾ സ്ത്രീകൾക്ക് കരുത്താകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സ്ത്രീകൾക്കും ന്യൂനപക്ഷ വിഭാഗങ്ങൾക്കും ഈ സർക്കാർ നൽകുന്ന പ്രാധാന്യത്തോടൊപ്പം എടുത്തു പറയേണ്ട മറ്റൊരു വസ്തുതയാണ് ട്രാൻസ്ജെൻഡേഴ്സിന് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കടന്നുവരുന്നതിന് നൽകിയ പിന്തുണ. പൊതുസമൂഹത്തിൽനിന്നും അകന്നുമാറി കടുത്ത മാനസിക സമ്മർദ്ദത്തോടെ സ്വന്തം വ്യക്തിത്വംപോലും വെളിപ്പെടുത്താനാകാതെ കഴിഞ്ഞിരുന്ന ട്രാൻസ്ജെൻഡേഴ്സ് ഇന്ന് തൊഴിലിടങ്ങളിലേയ്ക്കും വിദ്യാർത്ഥി യുവജന സംഘടന തലപ്പത്തേയ്ക്കും പൊതുജീവിതത്തിലേയ്ക്കും കടന്നുവരുന്ന വിസ്മയകരമായ കാഴ്ച ഈ സർക്കാരിന്റെ കാലത്ത് കാണുവാൻ കഴിയുന്നുണ്ട്. അതിന് കൂടുതൽ കരുത്ത് പകരുന്നതാണ് ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'മഴവിൽ പദ്ധതി'യിലൂടെ 5 കോടിരൂപ വകയിരുത്തിയത്. അതിന് അങ്ങയെ വളരെയേറെ അഭിനന്ദിക്കുന്നു.

'അത്താഴ പട്ടിണിക്കാരുണ്ടോ' 'അത്താഴ പട്ടിണിക്കാരുണ്ടോ' 'അത്താഴ പട്ടിണിക്കാരുണ്ടോ' എന്ന് മൂന്നുപ്രാവശ്യം വിളിച്ചു ചോദിച്ചതിനുശേഷം മാത്രം നടയടയ്ക്കുന്ന വൈക്കം മഹാദേവക്ഷേത്ര നഗരിയിൽ നിന്നാണ് ഞാൻ ഈ സഭയിലെത്തുന്നത്. ഇന്ത്യ ലോക ഹംഗർ സൂചികയിൽ നൂറ്റിമൂന്നാം സ്ഥാനത്തേയ്ക്ക് കൂപ്പുകുത്തിയെന്ന വസ്തുത ആശങ്കയുളവാക്കുന്നതാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് കേരളത്തിൽ ഇത:പര്യന്തമുള്ള സർക്കാരുകൾ നടത്തിയിട്ടുള്ളത്. അതിന് കൂടുതൽ പിന്തുണയേകിക്കൊണ്ട് ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'വിശപ്പുരഹിത കേരളം' പദ്ധതി വളരെ മാതൃകാപരമാണെന്നതിൽ സംശയമില്ല.

5.00 P.M]

റബ്ബർ കർഷകർക്കുവേണ്ടി വാതോരാതെ പ്രസംഗിക്കുന്ന ഒരു കോട്ടയം പാർട്ടി നിയമസഭയിലുണ്ട്. ആ പാർട്ടിയുടെ മന്ത്രിതന്നെ ധനകാര്യം കൈകാര്യം ചെയ്തിരുന്ന സന്ദർഭത്തിലാണ് റബ്ബറിന്റെ വില ചരിത്രത്തിൽ ഏറ്റവും താഴെത്തട്ടിലേയ്ക്ക് കൂപ്പുകുത്തിയത്. അതിന് ബദലായി ഒരു നടപടിയും സ്വീകരിച്ചില്ലെന്ന് മാത്രമല്ല, ഇന്ന് നമ്മൾ ഒന്നും ചെയ്യുന്നില്ലെന്ന് വിലപിക്കുകയും ചെയ്യുകയാണ്. എന്നാൽ അതിനെല്ലാം ബദലായി 500 കോടി രൂപ റബ്ബറിന് താങ്ങുവില കല്പിക്കുകയും.....

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, (..... മൈക്ക് ഓഫ്...)

<u>ശ്രീമതി സി. കെ. ആശ</u>: സർ, ഇപ്പോൾ സമയമില്ല, നമുക്ക് പിന്നീട് സംസാരിക്കാം. 'സിയാൽ മോഡൽ' റബ്ബർ കമ്പനി പ്രഖ്യാപിച്ച സർക്കാരിനെ ഞാൻ അഭിനന്ദിക്കുന്നു. നവകേരള സൃഷ്ടിക്കായും പ്രളയാനന്തര പുനർസൃഷ്ടിക്കായും ഒട്ടേറെ പദ്ധതികൾ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നതിന്റെ വലിയ പ്രതിഫലനം

എന്റെ മണ്ഡലത്തിലും അലയടിക്കുന്നുണ്ട്. അതിന് നന്ദി അറിയിക്കുന്നതിനോടൊപ്പം വൈക്കം പി. കൃഷ്ണപിള്ള സ്മാരക ആർട്സ് ആൻഡ് സയൻസ് കോളേജിന് വേണ്ടിയുള്ള ഒരു പ്രൊപ്പോസൽ തന്നിരുന്നു, പി. കൃഷ്ണപിള്ള സ്മാരകത്തിനുവേണ്ടി ഒരു കോടി രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെങ്കിൽപ്പോലും കോളേജ് ആരംഭിക്കുന്നതിനുള്ള പ്രഖ്യാപനംകൂടി ഉണ്ടാകണമെന്ന് വളരെ വിനയപൂർവം വൈക്കംകാർക്കുവേണ്ടി ഞാൻ അഭ്യർത്ഥിക്കുകയാണ്. വൈക്കത്ത് 28 ഓഫീസുകൾ വാടകക്കെട്ടിടങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. അതുകൊണ്ട് ഒരു മിനി സിവിൽ സ്റ്റേഷൻ അനുവദിക്കുന്നത് സംബന്ധിച്ച ഒരു പ്രഖ്യാപനം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മനോഹരമായ മുത്തുകൾകൊണ്ട് കോർത്തെടുത്ത ഒരു മാലയാണ് എൽ.ഡി.എഫ്. സർക്കാർ. ഇതിൽ ഓരോ വകുപ്പും നടത്തുന്ന ജനക്ഷേമ പ്രവർത്തനങ്ങൾ ഇടതുപക്ഷം ഹൃദയപക്ഷമാണെന്ന് വീണ്ടുവീണ്ടും തെളിയിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചതിന്റെ തൊട്ടടുത്ത ദിവസമാണ് കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചത്. വരുന്ന തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു ബഡ്ജറ്റാകും അതെന്ന് നമ്മളെല്ലാവരും പ്രതീക്ഷിച്ചിരുന്നു. അതുപോലെതന്നെ ആ ബഡ്ജറ്റ് വന്നു എന്നുള്ളതിൽ നമുക്കാർക്കും ഒരു സംശയവുമില്ല. നാലരവർഷക്കാലം ഇൻഡ്യ ഭരിച്ച് നമ്മുടെയെല്ലാം ജീവിതത്തിനുമേൽ കരിനിഴൽ വീഴിച്ച ആ സർക്കാർ, ഈ നാലരവർഷക്കാലംകൊണ്ട് ഉണ്ടാക്കിയ ഏക നേട്ടം, ഗാന്ധി പ്രതിമയ്ക്ക് നേരെപോലും ധൈര്യമായി തോക്കുചൂണ്ടുവാൻ പാകത്തിൽ തീവ്രവാദികൾ വളർന്നുവെന്നതു മാത്രമാണ്. പശുക്കൊലയും വർഗ്ഗീയതയും കലാപവും പീഡനവും വ്യാജ ഏറ്റുമുട്ടലുകളും കോടികൾ വെട്ടിച്ചുകൊണ്ട് ആളുകൾ രാജ്യം വിട്ടതും കോടികൾ മുടക്കി പ്രതിമ പണിതതും കോടികൾ നശിപ്പിച്ച് ഊര് ചുറ്റിയതും റഫേൽ അഴിമതിയും നോട്ടു നിരോധനം കൊണ്ട് സാമ്പത്തികരംഗത്തെ തകർത്തതും ദീർഘവീക്ഷണമില്ലായ്മകൊണ്ട് നശിച്ച കാർഷികമേഖലയുമൊക്കെയാണ് കേന്ദ്ര സർക്കാരിന്റെ സംഭാവന. അയോദ്ധ്യ എല്ലാ തെരഞ്ഞെടുപ്പാകുമ്പോഴും കുത്തിപ്പൊക്കിക്കൊണ്ടുവരും; അതുപോലെ ഇത്തവണയും അയോദ്ധ്യ കുത്തിപ്പൊക്കിക്കൊണ്ടുവന്നു.

രാജ്യത്തിന്റെ ചരിത്രത്തിൽ തന്നെ ആദ്യമായി ജുഡീഷ്യറിയിൽ കൈകടത്തിയതും ജഡ്ജിമാർ പത്രസമ്മേളനം നടത്തിയതും ഗൗരിലങ്കേഷും അതോടൊപ്പം ഒട്ടേറെപ്പേർ കൊലയ്ക്ക് ഇരയായതും നമുക്കെല്ലാവർക്കുമറിയാം. സി.ബി.ഐ. ഡയറക്ടർ ശ്രീ. അലോക് വർമ്മയെ പുറത്താക്കിയതും അദ്ദേഹത്തിന്റെ രാജിയുമൊക്കെ നോക്കിക്കാണുന്ന രാജ്യത്തെ ജനങ്ങൾ അവരുടെ ജീവിതത്തിന് വലിയ വിലയാണ് ഈ നാലര വർഷക്കാലംകൊണ്ട് കൊടുക്കേണ്ടിവന്നിട്ടുള്ളത്. ഈ അവസരത്തിൽ കടന്നുവരുന്ന

തെരഞ്ഞെടുപ്പിനെ വളരെ പ്രതീക്ഷയോടെയാണ് നമ്മളെല്ലാവരും നോക്കിക്കാണുന്നത്. തുടർന്ന് അധികാരത്തിലെത്തുമെന്ന പ്രതീക്ഷയിൽ വലിയ വീരസ്യമൊക്കെ മുഴക്കുന്ന കോൺഗ്രസ്സുകാർ ഒരു കാര്യം ഓർത്താൽ നല്ലതാണെന്ന് മാത്രമാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്. ശ്രീ. രാഹുൽ ഗാന്ധിയെ അടുത്ത പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി എല്ലാവരും ഉയർത്തിക്കാണിക്കുന്നുണ്ട്. ശ്രീ. രാഹുൽ ഗാന്ധിക്ക് വിലയുണ്ടായത് അദ്ദേഹത്തിന് എന്തെങ്കിലും പ്രത്യേക കഴിവുള്ളതുകൊണ്ടൊന്നുമല്ല, ശ്രീ. രാഹുൽ ഗാന്ധി ഒരു വലിയ നേതാവായതുകൊണ്ടോ അതല്ലെങ്കിൽ രാജീവ് ഗാന്ധിയുടെ മകനായതുകൊണ്ടോ ഒന്നുമല്ല, ശ്രീ. നരേന്ദ്ര മോദിക്ക് വിലയില്ലാതെ പോയതുകൊണ്ടുമാത്രമാണ് ശ്രീ. രാഹുൽ ഗാന്ധിക്ക് ഇന്ന് വിലയുണ്ടായത്. അതോടൊപ്പംതന്നെ ശ്രീ. രാഹുൽ ഗാന്ധിയെ വളർത്തിയത് കോൺഗ്രസ്സുകാരല്ലെന്നുകൂടി പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ആർ.എസ്.എസ്.-ഉം ബി.ജെ.പി.യും ശ്രീ. നരേന്ദ്ര മോദിയുമൊക്കെ കൂടിയാണ് ശ്രീ. രാഹുൽ ഗാന്ധിയെ വളർത്തിയത്. ഇനി അവർ പ്രതീക്ഷിക്കുന്നതുപോലെ അധികാരത്തിൽ എത്തിയാൽ തന്നെ രാഹുൽ ....

ശ്രീ. അനിൽ അക്കര: സർ, ഉറപ്പായും വരും. (.......മൈക്ക് ഓഫ്.......)

ശ്രീമതി സി. കെ. ആശ: സർ, വന്നോട്ടെ, സന്തോഷമേയുള്ളൂ. ഞങ്ങൾ അതിനെ എതിർക്കുന്നില്ല. ചുറ്റുമുള്ള അഴിമതി വീരന്മാരെ നിയന്ത്രിക്കുന്നതാകും ശ്രീ. രാഹുൽ ഗാന്ധിക്ക് ഏൽക്കാൻപോകുന്ന ഏറ്റവും വലിയ വെല്ലുവിളിയെന്നുകൂടി ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുകയാണ്. അദ്ദേഹം എടുക്കുന്ന ഒരു തീരുമാനത്തിലും ഇതുവരെ ഉറച്ചുനിന്ന് കണ്ടിട്ടില്ല. അത് ശബരിമല വിഷയത്തിൽ നമ്മളെല്ലാവരും കണ്ടതാണ്. ആ വിഷയങ്ങളൊക്കെ ഞങ്ങളുടെ മനസ്സിലുണ്ട്. രാജ്യം പ്രതിസന്ധിയിലാകുന്ന ഏതൊരു ഘട്ടം വന്നാലും വിദേശരാജ്യങ്ങളിലേയ്ക്ക് അജ്ഞാതവാസത്തിന് പോകുന്ന ഒരു ശീലം അദ്ദേഹത്തിനുണ്ട്. അദ്ദേഹം മറ്റൊരു മോദിയായി വരുമോയെന്നുള്ള ആശങ്കകൂടി പങ്കുവച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ പിന്തുണയ്ക്കുകയാണ്. നന്ദി നമസ്കാരം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകൾ പരിശോധിച്ചാൽ ആവശ്യമുള്ള സ്ഥലത്ത് ഫണ്ട് കൊടുക്കാതിരിക്കുകയും മറ്റ് മേഖലകളിൽ ഫണ്ട് പ്രഖ്യാപിക്കുകയും അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുക എന്നുപറയുന്ന സ്ഥിരം സ്വഭാവമാണ് കാണുന്നത്.

ഒരുദാഹരണം പറയുകയാണെങ്കിൽ, കഴിഞ്ഞ വർഷം പ്രവാസികൾക്കുവേണ്ടി നീക്കിവച്ചത് 80 കോടി രൂപയാണ്, ചെലവഴിച്ചത് 32 കോടി രൂപ മാത്രമാണ്, ഇപ്പോഴും 40 ശതമാനംപോലും ചെലവഴിച്ചിട്ടില്ല. 2018-19-ൽ എം.എൽ.എ.-

മാരോടെല്ലാം 50 പ്രോജക്ടുകൾ തയ്യാറാക്കാൻ പറഞ്ഞു. 50 പ്രോജക്ടുകൾ തയ്യാറാക്കിയെങ്കിലും കുറച്ച് റോഡുകളൊഴിച്ച് മറ്റൊന്നും സാർത്ഥകമാകാത്ത ഒരു സ്ഥിതിവിശേഷമാണ് കഴിഞ്ഞ സാമ്പത്തിക വർഷം ഉണ്ടായിട്ടുള്ളത്. എന്റെ മണ്ഡലത്തിൽ ചീക്കോട് കുടിവെള്ള പദ്ധതിയുണ്ട്. ഇവിടെ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി 31 കോടി രൂപയുടെ ഉപധനാഭ്യർത്ഥനയാണ് അവതരിപ്പിച്ചിട്ടുള്ളത്. 31 കോടി രൂപ കൊണ്ട് എന്താകുമെന്ന് എനിക്കറിയില്ല. എന്റെ മണ്ഡലത്തിലുള്ള ചീക്കോട് കുടിവെള്ള പദ്ധതിയെപ്പറ്റി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ പലപ്രാവശ്യം പറഞ്ഞതാണ്. എല്ലാ ടാങ്കുകളിലും വെള്ളം നിറഞ്ഞുനിൽക്കുകയാണ്. അതിന്റെ വിതരണത്തിനുവേണ്ടി മാത്രം ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ട് ഇന്നുവരെ അനുവദിച്ചിട്ടില്ലെന്ന് മാത്രമല്ല, എന്റെ മണ്ഡലത്തിലുള്ള പദ്ധതിയിൽനിന്ന് മലപ്പുറം ജില്ലയ്ക്ക് പുറത്തേയ്ക്ക് രാമനാട്ടുകര മുനിസിപ്പാലിറ്റിയിലേയ്ക്ക് വെള്ളം കൊടുക്കാനുള്ള ഫണ്ട് അനുവദിക്കുകയും ചെയ്തു. ഇത് വലിയ ക്രൂരതയാണ്. ഇങ്ങനെയുള്ള ക്രൂരതയാണ് ഈ സർക്കാരിന്റെ മുഖമുദ്ര. എന്റെ മണ്ഡലത്തിലെ 6 പഞ്ചായത്തുകളും ശ്രീ. പി.കെ.ബഷീറിന്റെ മണ്ഡലത്തിലെ ഒരു പഞ്ചായത്തുമുൾപ്പെടുന്ന ചീക്കോട് കുടിവെള്ള പദ്ധതിക്കുവേണ്ടി മൂന്നു വർഷമായി ഈ സർക്കാർ ഒരു പൈസയും അനുവദിച്ചിട്ടില്ലെന്നുമാത്രമല്ല, ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കൊടുത്തിരുന്ന 13 കോടി രൂപയുടെ പദ്ധതിയുടെ ടെണ്ടർ ഓപ്പൺ ചെയ്യേണ്ട എന്നുപോലും തീരുമാനിക്കുകയുണ്ടായി. ഒരു സർക്കാർ എന്നുപറയുന്നത് മറ്റൊരു സർക്കാരിന്റെ തുടർച്ചയാണ്. ഇപ്പോൾ കൊണ്ടോട്ടി താലൂക്കാഫീസ് വന്നു. ഒരു താലൂക്ക് എന്ന നിലയിൽ അവിടെ ആർ.ടി.ഓഫീസും മറ്റ് ഓഫീസുകളുമൊക്കെ വേണം. അതൊന്നും അനുവദിക്കുന്നില്ല. ഇപ്പോൾ താലൂക്കുപോലുമില്ലാത്ത മറ്റു സ്ഥലങ്ങളിലാണ് ആർ.ടി.ഓഫീസ് അനുവദിക്കുന്നത്. ഈ രീതിയിലുള്ള വലിയ വിവേചനമാണ് കഴിഞ്ഞ പ്രാവശ്യം മുതൽ നടത്തിക്കൊണ്ടിരിക്കുന്നത്. ആവശ്യത്തിന് ഫണ്ട് കൊടുക്കുന്നില്ല. എം.എൽ.എ.-മാരുടെ എ.ഡി.എസ്. ഫണ്ടും അതിന്റെ എ.എസ്. കിട്ടുന്നതിനുവേണ്ടിയുള്ള അലോട്ട്മെന്റും കൊടുക്കുന്നില്ല. അതുപോലെതന്നെ മറ്റ് ഫണ്ടുകളും കൃത്യസമയത്ത് കൊടുക്കാത്തതുകൊണ്ട് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുപോലും കൃത്യമായി വിനിയോഗിക്കാൻ സാധിക്കാത്ത സ്ഥിതി വിശേഷമാണ് ഇപ്രാവശ്യമുള്ളത്. ഗ്രീക്ക് പുരാണത്തിൽ ഒരു കഥയുണ്ട്. ആ കഥയിൽ ആകാശത്തുനിന്നും തീ കൊണ്ടുവന്ന് മനുഷ്യന് നൽകിയതിന് പ്രോമിത്യൂസിനോട് പ്രതികാരം ചെയ്യാൻ സിയൂസ് ദേവൻ തന്റെ ആദ്യഭാര്യയ്ക്ക് ഒരു ജാർ നൽകി. ഇത് ഒരിക്കലും തുറക്കരുതെന്ന് പറഞ്ഞാണ് സിയൂസ് ദേവൻ ആ ജാറ് ആദ്യ ഭാര്യയ്ക്ക് നൽകിയത്. പക്ഷെ ആദ്യ ഭാര്യയ്ക്ക് അത് തുറക്കാതിരിക്കാൻ കഴിഞ്ഞില്ല. ജാറ് തുറക്കരുതെന്ന് പറഞ്ഞതുകൊണ്ട് ആകാംക്ഷ കൂടി. അവസാനം ജാറ് തുറന്നു. അത് തുറന്നപ്പോഴാണ് അതിൽ നിന്നും സർവ്വതിന്മകളും പിശാചുക്കളും

പുറത്തുവന്നത്. അതുപോലെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പമന്ത്രി മലയാളത്തിന്റെ മഹാകവികളെ കൂട്ടുപിടിച്ചുകൊണ്ട് വാചക കസർത്തുകൊണ്ടുള്ളൊരു ജാറാണ് ഇപ്പോൾ തുറന്നിരിക്കുന്നത്. ആ ജാറിന് ഇംഗ്ലീഷ് പ്രയോഗത്തിൽ പാൻഡ്രാസ് ബോക്സ് എന്ന പേരാണ് നൽകിയിരിക്കുന്നത്. ആ പാൻഡ്രാസ് ബോക്സാണ് ഇപ്പോൾ ധനകാര്യവകുപ്പമന്ത്രി ഈ ബഡ്ജറ്റിലൂടെ തുറന്നുവിട്ടിരിക്കുന്നത്. പ്രളയം വന്ന ജനങ്ങളുടെമേൽ ഒരു ശതമാനം സെസ് ചുമത്തി ഇടിവെട്ടേറ്റവനെ പാമ്പ് കടിച്ചുവെന്ന് പറയുന്നതുപോലെയുള്ള ഒരു ഇരട്ട ഭാരമാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പമന്ത്രി കൊണ്ടുവന്നിരിക്കുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പോയിന്റ് ഓഫ് ഓർഡർ, താങ്കൾ പ്രോമിത്യൂസിന്റെ കഥ അതിന്റെ ശരിയായ perspective-ൽ അല്ല ഇവിടെ പറഞ്ഞത്. അത് തിരുത്താനാണ് ഞാൻ പറയുന്നത്. ഷെല്ലിയുടെ ലോക പ്രസിദ്ധമായ 'പ്രോമിത്യൂസ് അൺബൗണ്ട് ' എന്ന കഥയുണ്ട്. അതിൽ പ്രോമിത്യൂസ് ദേവൻ തീ കൊണ്ടുവന്ന് മനുഷ്യന് കൊടുത്തതുകൊണ്ട് മറ്റ് ദേവൻമാർ അദ്ദേഹത്തെ ശിക്ഷിച്ച് ചങ്ങലകൊണ്ട് കെട്ടി പാറയിൽ മലർത്തി കിടത്തിയപ്പോൾ കഴുകൻ വന്ന് കണ്ണ് കൊത്തിപ്പറിക്കുകയാണ് ചെയ്തത്. പക്ഷെ അവസാനം പ്രോമിത്യൂസ് ആ ചങ്ങല പൊട്ടിച്ചു. അതാണ് 'പ്രോമിത്യൂസ് അൺബൗണ്ട് ' എന്ന കഥയിൽ പറയുന്നത്. അല്ലാതെ ഭൂതങ്ങളും പ്രേതങ്ങളും അല്ല ഉണ്ടായത്. മനുഷ്യന് തീ കൊടുത്തതിന്റെ പേരിൽ ക്രൂരന്മാരായ സവർണ്ണ ദേവന്മാരുടെ പീഡനത്തിന് പ്രോമിത്യൂസ് ഇരയായ വിപ്ലവകരമായ കഥയാണത്. ആ ഭാഗമാണ് അങ്ങ് പറയേണ്ടത്. അല്ലാതെ ഭൂത-പ്രേത-പിശാചുക്കളുമൊന്നുമല്ല വന്നത്.

ശ്രീ. പി. ടി. തോമസ്: സർ, പ്രോമിത്യൂസിന്റെ കണ്ണല്ല ഹൃദയമാണ് കഴുകന്മാർ കൊത്തിപറിച്ചത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ പ്രോമിത്യൂസിന്റെ കഥയല്ല പറഞ്ഞത്. പ്രോമിത്യൂസിനോട് പ്രതികാരം ചെയ്യാൻ വേണ്ടി സിയൂസ് കൊണ്ടുവന്ന ജാറിനെക്കുറിച്ചാണ് പറഞ്ഞത്. ആ ജാറ് ഇന്ന് പാൻഡ്രാക്സ് ബോക്സ് എന്ന പേരിലാണ് അറിയപ്പെടുന്നത്. ആ പാൻഡ്രാസ് ബോക്സാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പമന്ത്രി കൊണ്ടുവന്ന ബഡ്ജറ്റ് എന്നാണ് ഞാൻ പറയുന്നത്.

നിരവധി കാര്യങ്ങൾ ഈ ബജറ്റിലൂടെ സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. പൊതുവിദ്യാഭ്യാസ യജ്ഞത്തിലൂടെ രണ്ടര ലക്ഷം വിദ്യാർത്ഥികൾ പൊതുവിദ്യാലയത്തിലേക്ക് വന്നുവെന്നാണ് ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പമന്ത്രി അവകാശപ്പെട്ടിരിക്കുന്നത്. നമ്മൾ മനസ്സിലാക്കേണ്ടൊരു സംഗതിയുണ്ട്. ആദ്യമായി പോസിറ്റീവ് സിഗ്നൽ കാണിച്ചത് 2013-ലാണ്. പൊതുവിദ്യാലയങ്ങളിലേക്ക് 2013-ൽ 2288 വിദ്യാർത്ഥികളും 2014-ൽ 6000 വിദ്യാർത്ഥികളും 2015-ൽ 16000

വിദ്യാർത്ഥികളും 2016-ൽ 22000 വിദ്യാർത്ഥികളും അധികമായി വന്നു. 2013-ന്റെ തുടർച്ചയാണത്. അതിന് മറ്റൊരു കാരണം കൂടിയുണ്ട്. നമ്മുടെ നാട്ടിലുണ്ടായ സാമ്പത്തിക തകർച്ചയാണ്. ഇടതുപക്ഷം അധികാരത്തിൽ വന്നപ്പോൾ ജനങ്ങൾ ബുദ്ധിമുട്ടിലായി, അവർക്ക് പണമില്ലാതെയായി. നിതാഖത്ത് നിയമം വന്നപ്പോൾ സാധാരണക്കാരായ ഗൾഫ് മലയാളികൾ തിരിച്ചുവന്നു. അവർ ഗൾഫിൽ നിന്നും തിരിച്ചുവന്നപ്പോൾ, അൺ-എയ്ഡഡ്, സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളെ തിരിച്ച് പൊതുവിദ്യാലയങ്ങളിലേക്ക് കൊണ്ടുവന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പോയിന്റ് ഓഫ് ഓർഡർ... കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിലേക്ക് ആളുകൾ കടന്നു വരുന്നത് കയ്യിൽ പൈസയില്ലാത്തതുകൊണ്ടാണെന്ന് പറയുന്നത് ശരിയല്ല. കയ്യിൽ പൈസയില്ലാത്ത ആളുകൾക്ക് വന്ന് ചേരാവുന്ന സ്ഥലമല്ല കേരളത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ. പൈസയുള്ളവരടക്കം വന്നുചേരുന്നതാണ്. അങ്ങനെ ദുർവ്യാഖ്യാനം ചെയ്യുത് തെറ്റാണ്. അത് സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല. പൊതുവിദ്യാഭ്യാസത്തെ അപമാനിക്കുകയാണ് ചെയ്യുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ ഒരിക്കലും പൊതുവിദ്യാഭ്യാസത്തെ അപമാനിച്ചിട്ടില്ല, അതിനെ ചെറുതായി കണ്ടിട്ടുമില്ല. എല്ലാ ആളുകളും പൊതു വിദ്യാലയങ്ങളിലേക്ക് വരണമെന്നാണ് ഞാൻ പറയുന്നത്. നിങ്ങളുടെ നേട്ടംകൊണ്ടാണ് രണ്ടര ലക്ഷം വിദ്യാർത്ഥികൾ പൊതുവിദ്യാലയങ്ങളിലേക്ക് വന്നതെന്ന് പറയരുത്. 2013-ൽ ആരംഭിച്ചതിന്റെ ഒരു തുടർച്ച മാത്രമാണ് ഇപ്പോൾ സംഭവിച്ചിട്ടുള്ളത്.

ശ്രീ. പി. കെ. ബഷീർ: സർ, 2013-14 -ൽ ബഹുമാനപ്പെട്ട കെ. എം. മാണി ധനകാര്യവകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയും ആയിരുന്നപ്പോൾ എം.എൽ.എ. മാർക്ക് അസറ്റ് ഡെവലപ്മെന്റ് ഫണ്ടായി അഞ്ച് കോടി രൂപ നൽകി. ആ അഞ്ച് കോടി രൂപയാണ് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും മറ്റു ഗ്രാമീണ റോഡുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനായി നൽകിയത്. അത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണെന്ന് ബഹുമാനപ്പെട്ട അംഗത്തിന് അറിയാമോ?

മി. ചെയർമാൻ: അങ്ങ് സമയത്തിനുള്ളിൽ അവസാനിപ്പിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ആയിരം കുട്ടികൾ അധികമുള്ള സ്കൂളുകൾക്ക് മൂന്ന് കോടി രൂപ കൊടുത്തുവെന്ന് പറഞ്ഞു. അത് എല്ലാ സ്കൂളുകൾക്കും കൊടുത്തിട്ടില്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അസറ്റ് ഡെവലപ്മെന്റിനുവേണ്ടി ഒരു എം.എൽ.എ.-യ്ക്ക് 5 വർഷം കൊണ്ട് 25 കോടി രൂപ നൽകിയിരുന്നുവെങ്കിൽ അതിൽ 20 കോടി രൂപയും സ്കൂളുകൾ നിർമ്മിക്കാനായിരുന്നു ചെലവഴിച്ചിരുന്നത്. നിങ്ങൾ കൊടുത്ത പത്ത്- പന്ത്രണ്ട് കോടി രൂപ വച്ച് പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തിയെന്ന് പറയരുത്.

ഈ സർക്കാർ വന്നതിനുശേഷം സാധനങ്ങൾക്കൊക്കെ വില കൂടി, എസ്റ്റിമേറ്റുകളൊക്കെ വലിയ തുകയായി. പക്ഷെ ഒരു രൂപ എ.ഡി.എസ്. ഫണ്ടിൽ വന്നിട്ടുണ്ടോ? ഈ ബഡ്ജറ്റ് വന്നപ്പോൾ മലയാള മനോരമ പത്രത്തിന്റെ ടൈറ്റിലിൽ തന്നെ വന്നത് (പത്രം ഉയർത്തിക്കാട്ടി), ഈ 'മല പുറത്ത്' എന്നാണ് പറഞ്ഞത്. മലപ്പുറം ചോദിച്ചത് 1355 കോടി രൂപ കൊടുത്തത് 193 കോടി രൂപ.

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, തവനൂരിൽ ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ബഹുമാനപ്പെട്ട ഡോ. കെ. ടി. ജലീൽ ചോദിച്ചത് 76 കോടി രൂപ, കൊടുത്തത് 76 കോടി രൂപ. എന്റെ മണ്ഡലമായ കൊണ്ടോട്ടിയിൽ ചോദിച്ചത് 53 കോടി രൂപ, കിട്ടിയത് 1.40 ലക്ഷം രൂപ, പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിനുവേണ്ടി ചോദിച്ചത് 50 കോടി രൂപ, കിട്ടിയത് 1.40 ലക്ഷം രൂപ, മങ്കട നിയോജകമണ്ഡലത്തിനുവേണ്ടി ചോദിച്ചത് 50 കോടി രൂപ, കിട്ടിയത് 3 കോടി രൂപ, മലപ്പുറം നിയോജക മണ്ഡലത്തിനുവേണ്ടി ചോദിച്ചത് 52 കോടി രൂപ, കിട്ടിയത് 1.10 ലക്ഷം രൂപ, വേങ്ങര നിയോജകമണ്ഡലത്തിനുവേണ്ടി ചോദിച്ചത് 91 കോടി രൂപ, കിട്ടിയത് 2 കോടി രൂപ. ഇതാണ് മലപ്പുറത്തെ കണക്കുകൾ. ഞാൻ നേരത്തെ പറഞ്ഞത് പോലെ പാൻഡ്രോക്സ് ബോക്സ് തുറന്നുവിട്ടപ്പോൾ വിഭവങ്ങളുടെ അസന്തുലിതമായ വിതരണമാണ്, കടുത്ത വിവേചനമാണ് നടക്കുന്നത്. ഇവിടെ ഞങ്ങളുടെ മണ്ഡലത്തിലെ ആളുകളും ടാക്സ് കൊടുക്കുന്നുണ്ട്. മലപ്പുറത്തെ മന്ത്രിമാരുടെ മണ്ഡലത്തിൽ മാത്രം കൊടുത്താൽ മതിയോ?

മി. ചെയർമാൻ: അങ്ങയുടെ പോയിന്റ് മനസ്സിലായി. അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഒരു കാര്യം കൂടി പറയുകയാണ്. കണ്ണൂർ എയർപോർട്ടിനോട് എന്ത് വിവേചനമാണ് കാണിക്കുന്നതെന്ന് നേരത്തെ ശ്രീ. എ. എൻ. ഷംസീർ ചോദിച്ചു. കണ്ണൂർ എയർപോർട്ടിനോട് യാതൊരു വിവേചനവുമില്ല. കണ്ണൂർ എയർപോർട്ടിന് എല്ലാ ആനുകൂല്യങ്ങളും നൽകണമെന്നാണ് ബഹുമാനപ്പെട്ട ഡോ. എം. കെ. മുനീറും പറഞ്ഞത്. പക്ഷേ കോഴിക്കോട് വിമാനത്താവളത്തിന് ആനുകൂല്യങ്ങൾ നൽകാൻ എന്താണ് വിവേചനം? ഞാൻ പറയട്ടെ, ശബരിമലയ്ക്ക് 789 കോടി രൂപ അനുവദിച്ചു. ശബരിമലയിലേയ്ക്കുള്ള റോഡുകൾ വികസിപ്പിക്കുന്നതിനുവേണ്ടി 289 കോടി രൂപ അനുവദിച്ചു. സന്തോഷം. അതിലേറെ കൊടുക്കണം. പക്ഷേ കോഴിക്കോട് വിമാനത്താവളത്തിൽ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് വരികയാണല്ലോ? ഹജ്ജ് എംബാർക്കേഷൻ

പോയിന്റ് വരുന്ന കോഴിക്കോട് വിമാനത്താവളത്തിന്റെ ചുറ്റുപാടുമുള്ള റോഡുകൾ നന്നാക്കണ്ടേ? അതിനുവേണ്ടി ഈ ബഡ്ജറ്റിൽ ഒരു പൈസപോലും വകയിരുത്തിയിട്ടില്ല.

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: കോഴിക്കോട് വിമാനത്താവളത്തിന് കിട്ടേണ്ട ആനുകൂല്യങ്ങളും ഹജ്ജ് എംബാർക്കേഷൻ പോയിന്റ് എന്ന നിലയ്ക്ക് അതിന് നൽകേണ്ട പരിഗണനകളും ഈ സർക്കാർ കൊടുക്കുന്നില്ല. ഞങ്ങൾ ലീഗിന്റെ, യു.ഡി.എഫ്.-ന്റെ എം.എൽ.എ. മാരായി എന്നുള്ളത് കുറ്റമാണോ? ആ നാട്ടിലെ ജനങ്ങൾ ഒരു കുറ്റവും ചെയ്തില്ലല്ലോ? ഈ രീതിയിലുള്ള വിവേചനമാണ് നടന്നുകൊണ്ടിരിക്കുന്നത്.

മി. ചെയർമാൻ: മൂന്ന് മിനിറ്റ് അധികമായി. അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, അടയ്ക്ക വ്യാപാരികളുടെ കാര്യവും സർവ്വീസ് ടാക്സ് ചുമത്തുന്ന കാര്യവും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്ക് അറിയാവുന്ന കാര്യങ്ങളാണ്. 1-4-2015-ന് പി.ഡബ്ല്യു.ഡി. കെട്ടിട നിർമ്മാണത്തിന് കേന്ദ്രം സർവ്വീസ് ടാക്സ് നിശ്ചയിച്ചു. പക്ഷെ കേരളത്തിൽ അന്നത് നടപ്പിലാക്കിയില്ല. 29-2-2016-നാണ് അത് കേരളത്തിൽ നടപ്പിലാക്കിയത്. അതിന് മുമ്പ് ബിൽ കൊടുത്ത കോൺട്രാക്ടർമാർ സർവ്വീസ് ടാക്സ് കൊടുക്കണമെന്ന് പറയുന്നത് ശരിയല്ലല്ലോ? ഇത്തരത്തിലുള്ള വിവേചനം കാണിക്കുന്ന സർക്കാരിന്റെ ഉപധനാഭ്യർത്ഥനയെ ഞാൻ ശക്തമായി എതിർക്കുന്നു.

ശ്രീ. കെ. ആൻസലൻ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. പ്രളയാനന്തര കാലഘട്ടത്തിൽ കേരളം നേരിട്ട അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനും ഓരോ വിഭാഗം ജനവിഭാഗങ്ങളുടെയും ക്ഷേമതാൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുംവേണ്ടിയാണ് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഇരുപത്തിയഞ്ചോളം പദ്ധതികൾ ഈ ബജറ്റിന്റെ ആമുഖത്തിൽ ചൂണ്ടിക്കാണിക്കുന്നത്. അത് നന്നായി മനസ്സിരുത്തി വായിച്ചാൽ പ്രതിപക്ഷത്തിന് കൃത്യമായി കാര്യങ്ങൾ ബോധ്യപ്പെടും. ഈ സഭയിൽ നടക്കുന്ന ചർച്ചകൾ പരിശോധിച്ചാൽ കഴമ്പുള്ള ഒരു ആരോപണംപോലും സർക്കാരിനെതിരായി ചൂണ്ടിക്കാണിക്കാൻ പ്രതിപക്ഷത്തിനില്ലെന്ന് മനസ്സിലാകും. ആ നിരാശയിൽ നിന്നുകൊണ്ടാണ് പ്രതിപക്ഷം ചില വാദങ്ങൾ ഇവിടെ ഉയർത്തിക്കൊണ്ടുവരുന്നത്. ഏറ്റവും അവസാനം സംസാരിച്ച കൊണ്ടോട്ടി മണ്ഡലത്തിന്റെ പ്രതിനിധി ശ്രീ. ടി. വി. ഇബ്രാഹിം "എനിക്കൊന്നും കിട്ടിയില്ല, ഇന്നഇന്ന മണ്ഡലങ്ങളിൽ ഒന്നും കിട്ടിയിട്ടില്ല" എന്ന പരിവേദനങ്ങളാണ് സൂചിപ്പിക്കുന്നത്.

ഇതായിരുന്നില്ലല്ലോ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തിലെ സ്ഥിതി. അതുസംബന്ധിച്ച് ഒരു ചർച്ച വേണമെങ്കിൽ നടത്താം. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളെ വെല്ലുവിളിക്കുകയാണ്, 2011-2016-ൽ ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. കെ. എം. മാണിയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അടക്കമുള്ള ആളുകളുടെ ഭരണകാലഘട്ടത്തിൽ പ്രതിപക്ഷത്തെ അറുപത്തിയെട്ടോളം ജനപ്രതിനിധികളുടെ മണ്ഡലങ്ങളിൽ കൊടുത്ത തുകയെ സംബന്ധിച്ച് നിയമസഭയിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി വിശദീകരിച്ചു.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന വിവേചനത്തെക്കുറിച്ചാണ് ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഗ്രാമീണ റോഡ് വികസനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ പ്രാവശ്യം ഭരണകക്ഷിയംഗങ്ങൾക്ക് 10 കോടി രൂപ കൊടുത്തപ്പോൾ പ്രതിപക്ഷാംഗങ്ങൾക്ക് രണ്ട് കോടി രൂപ മാത്രമേ കൊടുത്തിട്ടുള്ളുവെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. ആൻസലൻ</u>: തീർച്ചയായും. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മണ്ഡലത്തിൽപ്പോലും കഴിഞ്ഞ കാലങ്ങളിൽ തുച്ഛമായ തുക അനുവദിച്ചപ്പോൾ ലീഗിന്റെയും മാണി കോൺഗ്രസ്സിന്റെയും കോൺഗ്രസ്സിന്റെയും എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിൽ കോടിക്കണക്കിന് രൂപയാണ് നൽകിയത്. അന്ന് വിവേചനപരമായ സമീപനമാണ് സ്വീകരിച്ചിരുന്നതെങ്കിൽ ഇന്നത്തെ സർക്കാർ കേരളത്തിലെ 140 മണ്ഡലങ്ങളിലും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ തുല്യമായി തുക അനുവദിക്കുന്ന നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അത് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? എന്റെ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായി ഏകദേശം 20 കോടി രൂപയാണ് ആറ് സ്കൂളുകൾക്കായി അനുവദിച്ചിട്ടുള്ളത്. ആ കെട്ടിടങ്ങളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 137 വർഷം പഴക്കമുള്ള നെയ്യാറ്റിൻകര ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിന്റെ വികസനത്തിനായി കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു രൂപപോലും അനുവദിച്ചിട്ടില്ല. അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർന്ന ആ സ്കൂൾ ഇന്ന് നെയ്യാറ്റിൻകര താലൂക്കിന്റെ അഭിമാനമായി മാറുകയാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ മണ്ഡലങ്ങളിലും ബോർഡ് വയ്ക്കാൻ സാധിച്ചത് സർക്കാരിന്റെ നേട്ടമല്ലേ? പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കുളത്തൂർ മണ്ഡലത്തിൽ പുതിയ സ്കൂൾ മന്ദിരത്തിനു വേണ്ടി 12 കോടി രൂപയും കുളത്തൂർ ഐ.ടി. @ സ്കൂളിന്റെ പുതിയ മന്ദിരത്തിനുവേണ്ടി ഏകദേശം അഞ്ച് കോടി രൂപയുമാണ് നൽകിയിട്ടുള്ളത്. തീരദേശ മേഖലയിൽ ഒരു വികസന പ്രവർത്തനവും നടക്കുന്നില്ലെന്നാണ് ഇവിടെ പറയുന്നത്. തീരദേശ മേഖലയിലെ ഏക യു.പി. സ്കൂളായ പൊഴിയൂർ യു.പി. സ്കൂൾ കെട്ടിടത്തിന് ഒരു കോടി രൂപയുടെ തീരദേശ ഫണ്ട് ഉപയോഗപ്പെടുത്തി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ മേഖല പരിശോധിക്കുമ്പോൾ, 279 ക്ലാസ് റൂമുകളാണ് സ്മാർട്ട് ക്ലാസ് റൂമുകളായി പ്രഖ്യാപിക്കപ്പെട്ടത്. എട്ട് മുതൽ പന്ത്രണ്ടാം തരംവരെയുള്ള കുട്ടികൾ വളരെ അഭിമാനത്തോടെയാണ് ആ ക്ലാസ് റൂമിലേയ്ക്ക് കടക്കുന്നത്. അതും നേട്ടമല്ലേ? മറ്റൊന്ന്, ഏഴാം ക്ലാസ് മുതൽ ഒന്നാം ക്ലാസ് വരെയുള്ള എൽ.പി., യു.പി., സ്കൂളുകൾ സ്മാർട്ട് ക്ലാസ് റൂമുകളായി പ്രഖ്യാപിക്കുന്നതിനുവേണ്ടി കോടിക്കണക്കിന് രൂപയുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലെ ഈ മാറ്റങ്ങളും പ്രവർത്തനങ്ങളുമൊന്നും പ്രതിപക്ഷം കാണുന്നില്ലേ? ആരോഗ്യമേഖലയെ സംബന്ധിച്ച് പറയുകയാണെങ്കിൽ, എന്റെ മണ്ഡലത്തിലെ ഏറ്റവും പഴക്കമുള്ള ആശുപത്രിയാണ് നെയ്യാറ്റിൻകരയിലെ ജനറൽ ആശുപത്രി. 1900-ത്തിൽ ശ്രീമൂലംതിരുനാൾ മഹാരാജാവിന്റെ കാലത്ത് രൂപീകരിക്കപ്പെട്ട ഒരു പി.എച്ച്.സി.-യാണിത്. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ശ്രീ. വി. എസ്. ശിവകുമാർ ഒരു ഡോക്ടറെപ്പോലും നിയമിക്കാതെ ഈ പി.എച്ച്.സി.-യെ ജനറൽ ആശുപത്രിയായി പ്രഖ്യാപിച്ചു. 23 ഡോക്ടർമാർ വേണ്ട സ്ഥാനത്ത് ഒരു ഡോക്ടറെപ്പോലും നിയമിക്കാതെ ബോർഡ് വച്ച് ഉദ്ഘാടനവും നടത്തി. ആ ആശുപത്രിയെ ജനറൽ ആശുപത്രിയായി മാറ്റുന്നതിനുവേണ്ടിയുള്ള നിലപാട് സ്വീകരിച്ചത് ഈ സർക്കാരാണ്. ഈ സർക്കാർ പതിമൂന്ന് ഡോക്ടർമാരെയാണ് അധികമായി നിയമിച്ചത്. ആ ആശുപത്രിയിൽ ഏകദേശം ഒൻപതര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചത്. പുതിയതായി 20 ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ച്വരുന്ന മാർച്ച് 31-ാം തീയതിയോടുകൂടി ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ തുടങ്ങാൻ പോകുകയുമാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ തർക്കം പറയുകയല്ല. 20,000 രൂപ ശമ്പളം കൊടുക്കുമെന്ന് പറഞ്ഞാണ് നഴ്സുമാരുടെ സമരം അവസാനിപ്പിച്ചത്. ഇതുവരെയും അവർക്ക് ആ ശമ്പളം നൽകിയിട്ടില്ല. അക്കാര്യം എടുത്തുപറഞ്ഞാൽ നന്നായിരിക്കും.

ശ്രീ. കെ. ആൻസലൻ: സർ, അത്തരം കാര്യങ്ങളെക്കുറിച്ച് ബന്ധപ്പെട്ട വകുപ്പുമന്ത്രി മറുപടി പറയും. മറ്റൊരു കാര്യം, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പൊതുമരാമത്ത് വകുപ്പിനെ അഴിമതിയുടെ കേന്ദ്രമാക്കിമാറ്റി കരാറുകാർക്കും രാഷ്ട്രീയനേതാക്കന്മാർക്കും ഉദ്യോഗസ്ഥ പ്രമുഖർക്കും പങ്കുവയ്ക്കാനുള്ള ഒരു മേഖലയാക്കി കഴിഞ്ഞ സർക്കാർ മാറ്റിയിരുന്നു. ഈ സർക്കാർ അതിനെ സംശുദ്ധിയുടെ ഭാഗമാക്കി മാറ്റിയിട്ടുണ്ട്. അതിന്റെ ഭാഗമായി നല്ല പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. നെയ്യാറ്റികര മണ്ഡലത്തിലെ ഒൻപത് റോഡുകളിൽ അന്തർദേശീയ നിലവാരമുള്ള ബി.എം. ആന്റ് ബി.സി. ചെയ്ത് പണി പൂർത്തീകരിച്ച് ടാറിംഗ് വർക്കുകൾ

ആരംഭിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും ഫണ്ടൊന്നും കിട്ടിയിട്ടില്ല. പ്രളയം നശിപ്പിച്ച കേരളത്തിലെ റോഡുകളും നിരത്തുകളുമെല്ലാം അന്തർദേശീയ നിലവാരത്തിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് സജീവമായി നടത്തുകയാണ്. എല്ലാ വകുപ്പുകളെക്കുറിച്ചും ഞാൻ വിശദീകരിക്കുന്നില്ല.വ്യവസായ വകുപ്പിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, എന്റെ മണ്ഡലത്തിലെ Kerala Automobiles Limited അടച്ചുപൂട്ടലിന്റെ വക്കിലെത്തിയതാണ്. ഈ പ്രധാനപ്പെട്ട ത്രീ വീലർ ആട്ടോ കമ്പനിയിലെ തൊഴിലാളികൾ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പട്ടിണി മാർച്ച് നടത്തിയതാണ്. ആറ് മാസത്തെ ശമ്പളക്കുടിശ്ശികയാണ് അവർക്ക് കൊടുക്കാനുണ്ടായിരുന്നത്. ഈ സർക്കാർ വന്നതിനുശേഷം പ്രസ്തുത കമ്പനിക്ക് 35 കോടി രൂപ അനുവദിച്ചു. ഈ ബഡ്ജറ്റിൽ ആറ് കോടി രൂപ അനുവദിച്ചു. മാർച്ച് മാസമാകുമ്പോൾ ലാഭത്തിന്റെ പട്ടികയിലേയ്ക്ക് ഈ കമ്പനി വരികയാണ്. ഈ മാറ്റം നിങ്ങൾ കാണുന്നില്ലേ? കേരളത്തിലെ ഇരുപതോളം സ്ഥാപനങ്ങൾ പുരോഗതിയുടെ പാതയിലേയ്ക്ക് വന്നിട്ടുണ്ട്. പിന്നോക്കക്ഷേമ വകുപ്പിന് നെയ്യാറ്റിൻകര താലൂക്ക് കേന്ദ്രീകരിച്ച് പുതിയ സോണൽ ഓഫീസ് പ്രഖ്യാപിച്ചു. അതിന്റെ ഉദ്ഘാടനം നടത്താൻ പോകുകയാണ്. സാധാരണക്കാരുടെ ആവശ്യങ്ങൾ നിർവ്വഹിക്കാനായി അതിന്റെ സേവനങ്ങൾ താലൂക്കടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇവിടെ ലോക്സഭാ തെരഞ്ഞെടുപ്പ് നടക്കുന്നതിന് മുമ്പ് ഇരുപത് സീറ്റിലും കോൺഗ്രസ് ജയിച്ചു എന്നാണ് പറയുന്നത്. ഇനി സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചാൽ മതി. നിങ്ങളുടെ കണക്കുകൾ തെറ്റാൻ പോകുകയാണ്. കേരളത്തിൽ മലപ്പുറം ജില്ലയിൽ ഉപതെരഞ്ഞെടുപ്പ് നടന്നപ്പോൾ ശ്രീമതി പി.കെ. സൈനബയെക്കാളും 1,09,000 വോട്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി അധികം നേടി. വേങ്ങരയിൽ ശ്രീ. പി. പി. ബഷീർ 10,000 വോട്ട് അധികം നേടി. ചെങ്ങന്നൂരിൽ ശ്രീ. സജി ചെറിയാൻ 21,000 വോട്ടിന്റെ ഭൂരിപക്ഷം നേടി. തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് നടന്നപ്പോൾ 163-ൽ 117 ഇടങ്ങളിലും ഇടതുപക്ഷജനാധിപത്യമുന്നണി സ്ഥാനാർത്ഥികൾ തെരഞ്ഞെടുക്കപ്പെട്ടു. കേരളത്തിലെ കോളേജുകൾ, ഐ.ടി.ഐ.കൾ, പോളി ടെക്നിക്കുകൾ എന്നിവിടങ്ങളിലെല്ലാം 95 ശതമാനം സീറ്റുകളും ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് അനുകൂലമായി മാറുകയാണ്. 1959-ലെ വിമോചന സമരത്തിന്റെ പ്രേതം ബാധിച്ചുകൊണ്ട്, ആർ.എസ്.എസ്.-സംഘ്പരിവാർ ശക്തികൾ ഉയർത്തിക്കൊണ്ടുവന്ന ശബരിമല വിഷയത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനെ ചുരുട്ടിക്കൂട്ടി മൂലയ്ക്കിരുത്താമെന്ന് കരുതിയിട്ടുണ്ടെങ്കിൽ നിങ്ങൾക്ക് തെറ്റി. ഇത് 1959 അല്ല 2019 ആണ്. കേരളം മാറി ചിന്തിക്കുകയാണ്. കേരളത്തിലെ പുരോഗമന പ്രസ്ഥാനങ്ങൾ, ചെറുപ്പക്കാർ, യുവതികൾ എന്നിവരെല്ലാം ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് അനുകൂലമായി മാറുകയാണ്. ഈ സർക്കാർ കഴിഞ്ഞ രണ്ടരവർഷക്കാലം നടത്തിയിട്ടുള്ള ജനക്ഷേമകരമായ പ്രവർത്തനങ്ങൾ ജനങ്ങൾ

അംഗീകരിക്കുകയാണ്. യു.ഡി.എഫ്.-നും ഏണിക്കും കൈപ്പത്തിക്കും വോട്ട് ചെയ്തിട്ടുള്ള ലക്ഷക്കണക്കിന് രൂപ ക്ഷേമപെൻഷൻ വാങ്ങുന്ന സാധാരണക്കാരായ ആളുകളുണ്ട്. ശബരിമല വിഷയം കൊടുമ്പിരിക്കൊണ്ടിരിക്കുമ്പോഴാണ് 39 വാർഡുകളിൽ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് നടന്നത്.

മി. ചെയർമാൻ: പ്ലീസ്.....പ്ലീസ്....... അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. കെ. ആൻസലൻ: സർ, കേരളം ഇടതുപക്ഷജനാധിപത്യ മുന്നണിക്ക് അനുകൂലമായി മാറാൻ പോകുകയാണ്. ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കും എതിരെ പോരാടി കേരളത്തിലെ ഇടതുപക്ഷ പ്രതിനിധികൾവരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ 20 സീറ്റുകളിലും അഭിമാനകരമായ വിജയം നേടും. അതിനാവശ്യമായ പോരാട്ടത്തിലേയ്ക്കാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി പോകുന്നത്. അതിന് മാർഗ്ഗദർശനം നൽകേണ്ടതുണ്ട്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കാൽപ്പനികങ്ങളായ ഒട്ടേറെ പരാമർശങ്ങളോടെയാണ് കഴിഞ്ഞ ബഡ്ജറ്റ് തുടങ്ങിവച്ചത്.

" കടലമ്മ തൻ മാറിൽ കളിച്ചുവളർന്നവർ, കരുത്തർ

ഉയിർത്തെഴുന്നേൽക്കുന്നു വീണ്ടും, ഞങ്ങൾ"

അത് ശ്രീമതി സുഗതകുമാരിയുടെ കവിത ഉദ്ധരിച്ചുകൊണ്ടായിരുന്നെങ്കിൽ 'ഒരു നല്ല കുല വെട്ടാനുണ്ടായാൽ, ഒരു കോഴി മുട്ടയിടുന്നുവെന്നറിഞ്ഞാൽ' എന്നത് ശ്രീമതി പി. വൽസലയുടെ നോവൽ ഉദ്ധരിച്ചാണ് പറഞ്ഞിരിക്കുന്നത്. പ്രളയം വന്ന് കോഴിയും പോയി, കുലയും പോയി ആകെ തകരാറായി കിടക്കുകയാണ്. തീരദേശക്കാരുടെ സ്ഥിതിയെ സംബന്ധിച്ചാണ് ലളിതാംബിക അന്തർജനത്തിന്റെ കവിത ഉദ്ധരിച്ച് " പാണിയിൽ തുഴയില്ല, തോണിയിൽ തുണയില്ല" എന്നുപറഞ്ഞത്. അതുപോലെതന്നെ വലിയൊരു പാടത്തിന്റെ നടുവിൽ ഉണ്ടനക്ഷത്ര കണ്ണുമായി നടക്കുന്ന കഥ ഇന്ദുമേനോനെ ഉദ്ധരിച്ച് പറഞ്ഞു. കേരളത്തിലെ ജനങ്ങൾ ഏകദേശം ഇന്ന് ആ സ്ഥിതിയിൽ ഉണ്ടക്കണ്ണുമായി നടക്കുകയാണ്. അതോടൊപ്പംതന്നെ "ഇടിമിന്നലിന്റെ വേര് തിന്ന്, പ്രളയത്തോളം മഴ കുടിച്ച്" എന്ന ശ്രീമതി വിജയലക്ഷ്മിയുടെ കവിതയാണ് മറ്റൊന്ന്. അത് അതേപടി സംഭവിച്ചു. മറ്റൊന്ന്, കെ. ആർ. മീരയുടെ നായിക പറയുന്നു, - "ഞങ്ങൾ സ്ത്രീകൾ ഒറ്റയ്ക്ക് ഒരു നേട്ടവും കൈവരിക്കാറില്ല" എന്ന്. "തന്തക്കോളത്തിലെ കൂലിതന്നെയാണ് ഇപ്പോഴും" - പട്ടികജാതിക്കാരിയായ ചിത്രലേഖ എന്ന പാവപ്പെട്ട ഓട്ടോറിക്ഷാ ഡ്രൈവർ

കണ്ണൂരിലൂടെ പാടിക്കൊണ്ട് നടക്കുന്നതാണ്. ഇങ്ങനെയുള്ള ഒട്ടേറെ കവിതകൾ ഉദ്ധരിച്ചുകൊണ്ടാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ പ്രാവശ്യം നമ്മളെ സമീപിച്ചതെങ്കിൽ, തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് കുമാരനാശാനെയും എസ്.എൻ.ഡി.പി.-യെയും ശ്രീനാരായണ ഗുരുവിനെയും കൂട്ടുപിടിച്ച് പണ്ട് കുഞ്ഞിരാമൻ മതന്യൂനപക്ഷങ്ങളെ രക്ഷിക്കാൻ ശ്രമിച്ചുവെന്ന് പറയുന്നതുപോലെ ആളുകളുടെ കണ്ണിൽ പൊടിയിടാനുള്ള സൂത്രവും കൗശലവുമാണ് ഡോ. ടി. എം. തോമസ് ഐസക്കിന്റെ കയ്യിലുള്ളത്. അത് വിലപ്പോകുന്ന ഒന്നല്ല. ഇ.എം.എസ്. 'ശ്രീ നാരായണൻ' എന്നല്ലാതെ 'ശ്രീ നാരായണ ഗുരു' എന്നൊരിക്കലും പറഞ്ഞിട്ടില്ല. 'പാരതന്ത്ര്യം നിനക്ക് വിധികൽപ്പിതമാണ് തായേ' എന്ന് പറഞ്ഞതിന് പട്ടും വളയും വെയിൽസ് രാജകുമാരനിൽ നിന്ന് വാങ്ങിയ ബൂർഷ്വാ കവി എന്ന് വിശേഷിപ്പിച്ച അദ്ദേഹത്തെ "പശ്ചാത്താപമേ പ്രായശ്ചിത്തം" എന്ന മട്ടിൽ ആ പഴയകാലം മറന്നുകൊണ്ട് ഡോ. ടി. എം. തോമസ് ഐസക് ഏറ്റെടുത്തതിനെ ഞാൻ അഭിനന്ദിക്കുകയാണ്. ധവളപത്രം ഇറക്കിയിട്ട് മൂന്ന് വർഷമായെങ്കിലും ധനസ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞില്ലെന്ന കുറ്റസമ്മതം അങ്ങ് തന്നെ ഈ ബജറ്റിന്റെ തുടക്കത്തിൽ പറഞ്ഞതുകൊണ്ട് പ്രത്യേകിച്ച് ഒന്നും പറയേണ്ടതില്ലല്ലോ?

ഇവിടെ ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജുഡീഷ്യറിക്ക് കറെ കാറുകൾ വാങ്ങുന്ന കാര്യം രണ്ടുതവണ ഉപധനാഭ്യർത്ഥനയിൽ പറഞ്ഞിരിക്കുകയാണ്. 6, 7, 23, 24 എന്നീ പേജുകളിൽ ആവർത്തിച്ചിരിക്കുകയാണ്. എത്ര ശ്രദ്ധയില്ലാതെയാണ് ഇത് തയ്യാറാക്കിയത് എന്നതിന്റെ തെളിവാണിത്. റവന്യൂ കമ്മിയും ധനക്കമ്മിയും കുറച്ച് ധനസ്ഥിതി മെച്ചപ്പെടുത്തുകയാണ് ബജറ്റിന്റെ ലക്ഷ്യം. എന്നാൽ റവന്യൂ ചെലവുകൾ പ്രത്യേകിച്ച്, നോൺ പ്ലാൻ റവന്യൂ ചെലവുകൾ വെട്ടിച്ചുരുക്കാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടില്ല. ജി.എസ്.ടി. വരുമാനം നിലവിലെ 10 ശതമാനത്തിൽ നിന്ന് 30 ശതമാനമായി ഉയർത്തുമെന്ന് പറയുന്നതിൽ എന്തെങ്കിലും അടിസ്ഥാനമുണ്ടോ; എന്തെങ്കിലും പ്രതീക്ഷയ്ക്ക് വക നൽകുന്നതാണോ; മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 3229 കോടി രൂപ ലഭിച്ചതിൽ 1733 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. കയ്യിൽ കിട്ടിയത് ചെലവഴിക്കാൻ ആരായിരുന്നു തടസ്സം; പ്രളയദുരിതമനുഭവിച്ച് വീട് തകർന്നവർ, കേടുപാട് സംഭവിച്ചവർ, കൃഷി നശിച്ചവർ, മറ്റ് ജീവനോപാധി നഷ്ടപ്പെട്ടവർ, കച്ചവടക്കാർ, വ്യവസായികൾ എന്നിവർക്ക് എന്തെങ്കിലും കൊടുത്തോ? പ്രളയ ദുരന്തത്തിന് വ്യക്തമായ മാർഗ്ഗനിർദ്ദേശമുണ്ടോ; ബഡ്ജറ്റിൽ ലഭിച്ച വിഹിതം ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ? പദ്ധതി വിഹിതം ചെലവഴിക്കുന്ന കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച 2332 കോടി രൂപയിൽ 631 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ജലസേചനത്തിന് ലഭിച്ച 1595 കോടി രൂപയിൽ 580 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. റവന്യൂ വകുപ്പ് 146 കോടി രൂപയിൽ

28 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ആഭ്യന്തര വകുപ്പിന് ലഭിച്ച 301 കോടി രൂപയിൽ 77 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. സിവിൽ സപ്ലൈസ് വകുപ്പിന് ലഭിച്ച 77 കോടി രൂപയിൽ 23 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ധനകാര്യ വകുപ്പിന് ലഭിച്ച 169 കോടി രൂപയിൽ 44 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. പാരിസ്ഥിതിക സംരക്ഷണത്തിന് വകയിരുത്തിയ 71 കോടി രൂപയിൽ 16 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. പിന്നെ എന്ത് ബഡ്ജറ്റാണ്; എന്താണ് നിങ്ങൾക്ക് അഭിമാനിക്കാൻ കഴിയുന്നത്? ഇടുക്കി ജില്ലയിലെ രണ്ട് കർഷകരായ സഹദേവനും (74 വയസ്), സന്തോഷ് രവിയും (37 വയസ്) കടക്കെണികൊണ്ട് ആത്മഹത്യ ചെയ്തു. ഒരു സഹായവും കൊടുത്തില്ല. ആരും തിരിഞ്ഞുനോക്കിയില്ല. ഇടുക്കി ജില്ലയ്ക്കുണ്ടായ പ്രളയദുരന്തത്തിന് ഒരു ആശ്വാസവും പാക്കേജും അനുവദിക്കാൻ നിങ്ങൾ തയ്യാറായില്ല. ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം, റബ്കോയുടെ 300 കോടിയിലധികം രൂപ എഴുതിത്തള്ളാൻ തീരുമാനിച്ചു. അതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. നഗ്നമായ കുഴപ്പം നടത്തിയ റബ്കോയെ നിങ്ങൾ സംരക്ഷിക്കുകയാണ്. അതേസമയം നിങ്ങൾ മാർക്കറ്റ് ഫെഡിനും റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിക്കും കൊടുക്കാനുള്ള തുക കൊടുത്തിട്ട് അതും എഴുതിത്തള്ളിയെന്ന പ്രതീതി ജനിപ്പിക്കുകയാണ്.

മതന്യൂനപക്ഷങ്ങളുടെ പേര് പറയുമ്പോൾ ആയിരംനാവുള്ള അനന്തനെ പോലെയാണല്ലോ നിങ്ങൾ. വഖഫ് ബോർഡിന് ട്രിബ്യൂണൽ രൂപീകരിച്ചു. അതിന് നയാപ്പൈസ നിങ്ങൾ മാറ്റിവച്ചിട്ടുണ്ടോ; 2004 മുതൽ വഖഫ് ബോർഡിന് കൊടുത്തിരുന്ന തുകയിൽ നിന്ന് ഒരു രൂപ നിങ്ങൾ കൂടുതൽ മാറ്റിവച്ചിട്ടുണ്ടോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂടി ഇവിടെ ഉണ്ടാകേണ്ടതായിരുന്നു. കേരളത്തിലെ മാധ്യമപ്രവർത്തകരെയെല്ലാം ഭയപ്പെടുത്തി നിർത്തിയിരിക്കുകയല്ലേ,; 'കടക്കു, പുറത്ത് എന്നതിന്റെ ഔദ്യോഗിക സർക്കാർ ഉത്തരവായാണ് പത്രമാരണ നിയമം മുഖ്യമന്ത്രി കൊണ്ടുവന്നത്. തൃശ്ശൂരിൽ മുഖ്യമന്ത്രി പങ്കെടുത്ത ഒരു യോഗത്തിൽ കറുത്ത ഉടുപ്പിട്ടിരുന്ന പാവപ്പെട്ട ഒരു മൈക്ക് സെറ്റ്കാരനെ പോലീസ് പിടിച്ചു കൊണ്ടുപോയി വേറൊരു വെള്ളത്ത ഷർട്ടിട്ട് കൊണ്ടിരുത്തിയാണ് മൈക്ക് ഓപ്പറേറ്റ് ചെയ്യിപ്പിച്ചത്. ഏത് കാലഘട്ടമാണിത്; ബഡായിയല്ല, തെളിവുകൾ സഹിതം പറയാം. ഇതറിയണമെങ്കിൽ പത്രം വായിക്കണം. സോഷ്യൽ മീഡിയയിൽ ആരെയെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അവരെ അറസ്റ്റ് ചെയ്ത് ജയിലിലടയ്ക്കണം, അവരെ പ്രോസിക്യൂട്ട് ചെയ്യണം എന്ന അഭിപ്രായമുള്ള ആളല്ല ഞാൻ. പക്ഷേ മുഖ്യമന്ത്രിക്കെതിരെ പറഞ്ഞ നിരവധിയാളുകളെ അറസ്റ്റ് ചെയ്ത് ജയിലിലടച്ച് കേസ്സെടുത്തു. ശ്രീ. എം. എ. ബേബിക്കെതിരെ പറഞ്ഞ ഒരാളുടെപേരിലും ഒരു നടപടിയുമെടുത്തിട്ടില്ല. മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്കും യു.ഡി.എഫ്. കൺവീനർ ശ്രീ. ബെന്നി ബെഹനാനുമെതിരെ മോശപ്പെട്ട പോസ്റ്റിട്ട

എറണാകുളത്തെ കളക്ടറേറ്റ് ജീവനക്കാരന് ഗുഡ് സർവ്വീസ് എൻട്രി കൊടുത്തിരിക്കുന്നു. ഇതെന്ത് മര്യാദയാണ്; ഒരു പന്തിയിൽ രണ്ട് വിളമ്പാണോ? അതോടൊപ്പം തന്നെ ഗവൺമെന്റിനോട് എനിക്ക് ചോദിക്കാനുള്ളത്, ഗാന്ധിജിയുടെ കാര്യത്തിൽ ആരും പ്രതിഷേധിച്ചില്ലെന്ന് പറഞ്ഞു. പത്രം വായിക്കാത്തതിന്റെ ഉത്തരവാദിത്വം ഞങ്ങൾക്കല്ല. ദേശാഭിമാനി ദിനപത്രത്തിൽപോലും ആ വാർത്തയുണ്ടായിരുന്നു. ഗാന്ധിജിയെ പ്രതീകാത്മകമായി വെടിവച്ചുകൊന്ന നിങ്ങളും വാർദ്ധയിലെ കള്ള സന്യാസിയാണ് ഗാന്ധിയെന്ന് പ്രചരിപ്പിച്ച പഴയകാല കമ്മ്യൂണിസ്റ്റുകാരും ഗാന്ധിജി മ്അദനിക്ക് തുല്യനാണ് അല്ലെങ്കിൽ മ്അദനി ഗാന്ധിജിക്ക് തുല്യനാണ് എന്നുപറഞ്ഞ ഇ.എം.എസ്.-ഉം ഒക്കെ കാലാകാലങ്ങളിൽ സംഘ്പരിവാർ സംഘികളോടൊപ്പം ഗാന്ധിജിയെ നിന്ദിച്ച ആളുകളാണ്. ഗാന്ധിജിയുടെ ശോഭയ്ക്ക് യാതൊരു മങ്ങലും ഏറ്റിട്ടില്ല. ഡി.വൈ.എഫ്.ഐ.-ക്കാർ പോസ്റ്റർ വച്ചത് പശ്ചാത്താപം കൊണ്ടാണ്. ഡി.വൈ.എഫ്.ഐ.-യുടെ പോസ്റ്ററിൽ ഗാന്ധിജിയുടെ പടം വച്ചിരിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മി. സ്പീക്കർ: ശ്രീ. എൻ. ഷംസീർ, ദയവായി അദ്ദേഹത്തിന് ഊർജ്ജം കൊടുക്കേണ്ട, അദ്ദേഹത്തിന് സ്വയം ഊർജ്ജമുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, ഡോ. എം. കെ. മുനീർ വർഗ്ഗീയ മതിലെന്ന് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ അത് നീക്കം ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞതിലും വർഗ്ഗീയമതിൽ എന്നുള്ള വാക്കുണ്ട്. ഞാനത് വായിച്ചു. അതൊന്നും നീക്കം ചെയ്തില്ല. ഇതെന്തു നടപടിയാണ് ബഹുമാനപ്പെട്ട സ്പീക്കർ?

മി. സ്പീക്കർ: സ്പീക്കറുടെ നടപടിയെ ഇങ്ങനെ സഭയിൽ ചോദ്യം ചെയ്യാൻ സാധിക്കുമോ?

ശ്രീ. പി. ടി. തോമസ്: സർ, ചോദ്യം ചെയ്യുകയല്ല. ഇവിടെ ജാതി സംഘടനകളുടെ യോഗം വിളിച്ചുചേർത്ത മുഖ്യമന്ത്രിയുടെ നടപടിയെ വിപ്ലവാത്മക യോഗം എന്നാണോ വിളിക്കേണ്ടത്; എന്താണ് ഞങ്ങൾ വിളിക്കേണ്ടതെന്ന് നിങ്ങൾ പറഞ്ഞുതരണം. കേരളത്തിൽ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് മുതൽ ശ്രീ. പിണറായി വിജയൻ വരെയുള്ള ഒരു മുഖ്യമന്ത്രിയുടെയും ഭരണകാലത്ത് നടക്കാത്ത കാര്യമാണ് ശ്രീ. പിണറായി വിജയൻ നടത്തിയ വർഗ്ഗീയകക്ഷികളുടെ കൂട്ട്. ശ്രീ. അനിൽ വിശ്വാസ് എന്ന നിങ്ങളുടെ കേന്ദ്ര കമ്മിറ്റിയംഗം തയ്യാറാക്കിയ Cast and Organization എന്ന കേന്ദ്ര കമ്മിറ്റിരേഖയും അതുപോലെ ശ്രീനാരായണ ദർശനവും മാർക്സിസ്റ്റുകാരും എന്ന സംസ്ഥാന കമ്മിറ്റിയുടെ രേഖയും തള്ളിക്കളഞ്ഞു കൊണ്ടാണോ ശ്രീ. സി. പി. സുഗതന്റെയും വർഗ്ഗീയ പാർട്ടികളുടെയും യോഗം നിങ്ങൾ വിളിച്ചുകൂട്ടിയത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഞാൻ കമ്മ്യൂണിസ്റ്റുകാരനല്ല,

എന്നോട് നിങ്ങൾ വിശദീകരിക്കേണ്ട. എന്നാൽ ജനങ്ങളോട് നിങ്ങൾ മറുപടി പറയണം. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇന്നലെകളുടെ ചരിത്രം നിങ്ങൾ മറക്കരുത്. ഫ്രണ്ട്ലൈൻ വർഷങ്ങൾ എന്ന പേരിൽ ചിന്താ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച ഇ.എം.എസ്.-ന്റെ പുസ്തകത്തിൽ മാർക്സിസ്റ്റുകാർ എന്ത് ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. മാർക്സിസ്റ്റുകാർ ജാതി സംഘടനകളുടെയും ജാതി അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയകക്ഷികളുടെയും വ്യക്തികളുടെയും കൂടെ കൂടാൻ പാടില്ല, ജാതി നേതാക്കളോടൊപ്പം കൂടാൻ പാടില്ല, മർദ്ദക ജാതികൾക്കെതിരെ മർദ്ദിത ജാതിയെ അണിനിരത്താൻ ജാതി നേതാക്കൾ അവരുടെ പിന്തുണക്കാരെ പ്രേരിപ്പിക്കുന്ന രീതിയോട് മാർക്സിസ്റ്റുകാർ വിയോജിച്ചു. അദ്ധ്വാനിക്കുന്ന ജനതയെ വർഗ്ഗത്തിന്റെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയാണ് പാർട്ടി ചെയ്തത്. ഓരോ ജാതിയുടെയും ആവശ്യങ്ങൾ നേടിയെടുക്കാൻ ജാതിസംഘടനകൾ രൂപീകരിക്കാനുള്ള പിന്നോക്ക സമുദായ നേതാക്കളുടെ ശ്രമത്തിന് ബദൽ പരിപാടിയായിട്ടാണ് ഓരോ വർഗ്ഗത്തിന്റെയും ആവശ്യത്തിന് അതാത് മേഖലയിലുള്ള വർഗ്ഗ സംഘടനകൾ രൂപീകരിക്കണമെന്ന് പറഞ്ഞത്. ഇതാണ് നിലപാട്. ഇ.എം.എസ്. അടക്കം പറഞ്ഞ ഈ നിലപാടിനെ നിങ്ങൾ തള്ളിപ്പറയുന്നുണ്ടോ; ഉണ്ടെങ്കിൽ അത് പറയണം. സ്വാതന്ത്ര്യ സമരകാലത്ത് ജനങ്ങളെ ഭിന്നിപ്പിക്കാൻ ബ്രിട്ടീഷുകാർ നടത്തിയ ശ്രമമാണ് ബി.ജെ.പി. ഇന്ന് തുടരുന്നത്. അതിന്റെ മറ്റൊരു ശ്രമമാണ് കേരളത്തിൽ ജാതീയ സംഘടനകളെ കൂട്ടുപിടിച്ച് നിങ്ങൾ നടത്തിയത്. സ്ത്രീസമത്വത്തിന്റെ പ്രതീകമാണ് വനിതാ മതിലെങ്കിൽ, സ്ത്രീപീഡനത്തിനെതിരെയും അവർക്കെതിരെ നടക്കുന്ന അക്രമങ്ങൾക്കുമെതിരെ നടപടി സ്വീകരിച്ചല്ലേ സ്ത്രീകളോട് സഹാനുഭൂതി കാണിക്കേണ്ടത്? കിളിരൂർ, കവിയൂർ തുടങ്ങിയ സ്ത്രീപീഡനക്കേസുകളുടെ പഴയ കഥയൊന്നും ഞാൻ പറയുന്നില്ല. പാർട്ടി ഓഫീസിലെ പീഡനം പറയുന്നില്ല, ഒളിക്യാമറ പറയുന്നില്ല, പക്ഷേ ഞാനൊന്ന് ചോദിക്കട്ടെ, ......(ബഹളം).......

<u>ശ്രീ. എ. എൻ. ഷംസീർ:</u> സർ, സഭയിൽ എന്തും പറയാമോ?

<u>മി. സ്പീക്കർ:</u> യെസ്..... പ്ലീസ്.... ശ്രീ. എ. എൻ. ഷംസീർ, അവിടെ ഇരിക്കൂ....

<u>ശ്രീ. പി. ടി. തോമസ്:</u> സർ, നിങ്ങൾ ബഹളം വയ്ക്കണ്ട. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങയുടെ മൂക്കിനുതാഴെ കണ്ണൂരിലെ പാവപ്പെട്ട പട്ടികജാതിക്കാരിയായ ശ്രീമതി ചിത്രലേഖയെ ഓട്ടോറിക്ഷ ഓടിക്കാൻ നിങ്ങൾ അനുവദിക്കുന്നുണ്ടോ; ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ കൊടുത്ത അഞ്ച് സെന്റ് സ്ഥലം നിങ്ങൾ തിരിച്ചെടുക്കാൻ ശ്രമിച്ചില്ലേ; നിങ്ങളാണോ വനിതാ വിമോചനത്തെപ്പറ്റി പറയുന്നത്; .....(ബഹളം).....

<u>മി. സ്പീക്കർ:</u> യെസ്..... പ്ലീസ്.... ശ്രീ. എ. എൻ. ഷംസീർ, അവിടെ ഇരിക്കൂ....

<u>ശ്രീ. പി. ടി. തോമസ്:</u> സർ, ശ്രീമതി ചൈത്ര തെരേസ ജോണിനെ കണ്ണുരുട്ടി കാണിച്ച് ഈ സഭയിൽ നിങ്ങൾ നടത്തിയ പ്രസംഗം കേരളം മറന്നിട്ടില്ല. നിങ്ങളാണോ വനിതാ വിമോചനത്തെപ്പറ്റി പഠിപ്പിക്കാൻ പോകുന്നത്; .....(ബഹളം)...... 'കേരം തിങ്ങും കേരള നാട്ടിൽ കെ. ആർ. ഗൗരി ഭരിക്കട്ടെ' എന്ന് നിങ്ങൾ മുദ്രാവാക്യം വിളിച്ചില്ലേ; ശ്രീമതി കെ. ആർ. ഗൗരിയമ്മ ഇന്ന് എവിടെ ഇരിക്കുന്നു? നിങ്ങളുടെ പാർട്ടി പോളിറ്റ് ബ്യൂറോയിൽ അംഗത്വം ലഭിക്കാതെ ശ്രീമതി വൃന്ദാ കാരാട്ട് രാജി വച്ചിരുന്നു. നിങ്ങൾ ആ കാര്യം മറന്നോ? ഇന്ത്യയിലെ എല്ലാ ക്ഷേത്രങ്ങളിലും അവർണ്ണർക്ക് പ്രവേശനമുണ്ട്. എന്നാൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സുവർണ്ണക്ഷേത്രമായ പോളിറ്റ് ബ്യൂറോയിൽ ഇന്നുവരെ ഒരു അവർണ്ണന് പ്രവേശനം ലഭിച്ചിട്ടുണ്ടോ; നിങ്ങൾ മറുപടി പറയണം. നിങ്ങൾ ഏത് നവോത്ഥാനത്തെപ്പറ്റിയാണ് പറയുന്നത്? ......(ബഹളം).....

<u>ശ്രീ. എം. സ്വരാജ്:</u> സർ, പോയിന്റ് ഓഫ് ഓർഡർ.....

<u>ശ്രീ. പി. ടി. തോമസ്:</u> സർ, ആ നവോത്ഥാനത്തപ്പറ്റി നിങ്ങൾക്ക് പറയണമെങ്കിൽ........ ....(ബഹളം).......

<u>മി. സ്പീക്കർ:</u> ശ്രീ. പി. ടി. തോമസ്, ശ്രീ. എം. സ്വരാജ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, എന്റെ പ്രസംഗം തടസ്സപ്പെടുത്തുകയാണ്. എനിക്ക് സമയം തരണം. .......(ബഹളം)........

<u>മി. സ്പീക്കർ:</u> അങ്ങേയ്ക്ക് സമയം തരാം.

<u>ശ്രീ. എം. സ്വരാജ്:</u> സർ, പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയെന്നുള്ളത് ഒരു അംഗമെന്ന നിലയിൽ എന്റെ അവകാശമാണ്. അങ്ങ് ദേഷ്യപ്പെടേണ്ട കാര്യമില്ല.

<u>മി. സ്പീക്കർ:</u> അങ്ങ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചോളൂ....

<u>ശ്രീ. എം. സ്വരാജ്:</u> സർ, ശ്രീ. പി. ടി. തോമസ് പ്രസംഗം തുടങ്ങിയതുമുതൽ ഞാൻ ശ്രദ്ധിക്കുകയായിരുന്നു. വളരെ ബോധപൂർവ്വം സഭയെ തെറ്റിദ്ധരിപ്പിക്കാൻ ആസൂത്രിതമായി അടിസ്ഥാനരഹിതമായ കാര്യങ്ങൾ പറഞ്ഞുകൊണ്ടേയിരിക്കുക യാണ്. .....(ബഹളം).....

<u>ശ്രീ. അനിൽ അക്കര:</u> സർ, ഇതാണോ പോയിന്റ് ഓഫ് ഓർഡർ. ..... (ബഹളം).....

ശ്രീ. എം. സ്വരാജ്: സർ, ചട്ടം 307 പ്രകാരം ഞാൻ പറയാം. അത് എന്റെ അവകാശമാണ്. അതിന് എനിക്ക് ശ്രീ. അനിൽ അക്കരയുടെ ചീട്ട് വേണ്ട. എന്റെ അവകാശമാണ്. ബഹുമാനപ്പെട്ട സ്പീക്കർ, എനിക്ക് സംരക്ഷണം വേണം. ......(ബഹളം)....... ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. .....(ബഹളം).....

മി. സ്പീക്കർ: അങ്ങ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചോളൂ....

ശ്രീ. എം. സ്വരാജ്: സർ, ശ്രീ. പി. ടി. തോമസ് ആദ്യം മുതൽ ഈ സഭയെ തെറ്റിദ്ധരിപ്പിക്കാൻ ആസൂത്രിതമായി കളവുപറയുകയാണ്. അദ്ദേഹം പ്രസംഗം തുടങ്ങിയപ്പോൾ പറഞ്ഞു, ഇ.എം.എസ്. ഒരിക്കലും ശ്രീനാരായണ ഗുരു എന്ന് പറഞ്ഞിട്ടില്ല, ശ്രീനാരായണൻ എന്നേ പറഞ്ഞിട്ടുള്ളൂവെന്ന്. ഇ.എം.എസ്. ശ്രീനാരായണ ഗുരു എന്ന് എഴുതിയിട്ടുള്ള പുസ്തകം ഞാൻ ഈ സഭയിൽ ഹാജരാക്കാം. അതിൽ അദ്ദേഹം എന്ത് നിലപാടാണ് സ്വീകരിക്കുക. അവിടംമുതൽ ആരംഭിച്ച അദ്ദേഹത്തിന്റെ തെറ്റിദ്ധരിപ്പിക്കൽ ശ്രമം ഒടുവിൽ എത്തിനിൽക്കുന്നത് സി.പി.ഐ.(എം.)-ന്റെ പോളിറ്റ് ബ്യൂറോയിൽ ഒരൊറ്റ സ്ത്രീയും ഇല്ലായെന്ന ഈ ലോകത്തിലെ ഏറ്റവും പരമവിഡ്ഢിത്വത്തിലേയ്ക്കാണ്. ......(ബഹളം)..... അദ്ദേഹം പറഞ്ഞത് മുഴുവൻ കളവും സഭയെ തെറ്റിദ്ധരിപ്പിക്കലുമാണ്. അത് ബഹുമാനപ്പെട്ട ചെയർ പരിശോധിക്കണം. അത് സഭാ രേഖകളിൽനിന്ന് നീക്കം ചെയ്യണമെന്നതാണ് എന്റെ ആവശ്യം. ......(ബഹളം)...... വെറുതെ എഴുന്നേറ്റുനിന്ന് കൂകേണ്ട.

മി. സ്പീക്കർ: അദ്ദേഹം അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാം*.

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡറിൽ ഒന്നും ഉണ്ടായിരുന്നില്ലെന്ന് നമുക്കെല്ലാവർക്കും അറിയാം. ശ്രീ. എം. സ്വരാജ് എന്റെ സുഹൃത്തായതുകൊണ്ട് ഞാൻ അതിനെപ്പറ്റി പറയുന്നില്ല. ഇ.എം.എസ്. നമ്പൂതിരിപ്പാട് എഴുതിയ ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രം എന്ന പുസ്തകത്തിലെ 167-ാം പേജിൽ പറയുന്നത്, മഹാരാഷ്ട്രയിലെ ജ്യോതി ബാബുലയുടെ നേതൃത്വത്തിൽ..... എന്നുതുടങ്ങി അവസാനിക്കുന്നത്, ....സ്ഥാപിച്ചുകൊണ്ട് അവരെ ഉയർത്തിയ ശ്രീനാരായണന്റെ പ്രസ്ഥാനം എന്നാണ്. (പുസ്തകം ഉയർത്തിക്കാട്ടി).നിങ്ങൾ അത് വായിച്ചുനോക്കുക. .....(ബഹളം).....

ശ്രീ. എ. എൻ. ഷംസീർ: സർ, അദ്ദേഹം സഭയെ തെറ്റിദ്ധരിപ്പിക്കുകയും കളവ് പറയുകയുമാണ്. ....(ബഹളം)......

മി. സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ, സീറ്റിലിരിക്കൂ.....

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം രേഖയിൽ നിലനിർത്തി

<u>ശ്രീ. പി. ടി. തോമസ്:</u> സർ, എനിക്ക് ഒന്നുകൂടി പറയാൻ അവസരം തരണം. ...(ബഹളം).....

<u>മി. സ്പീക്കർ:</u> അദ്ദേഹം സംസാരിക്കട്ടെ. നിങ്ങൾ സീറ്റിലിരിക്കൂ..... യെസ്.... പ്ലീസ്...... ആരും ബഹളം വയ്ക്കേണ്ട.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, എന്റെ യുവസ്നേഹിതൻ ശ്രീ. എം. സ്വരാജ് ഇടപെട്ടതിൽ എനിക്ക് സന്തോഷമുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോയിൽ ഇതഃപര്യന്തം ഒരു ദളിതനുണ്ടായില്ലെന്നാണ് ഞാൻ പറയാൻ ആഗ്രഹിച്ചത്. ....(ബഹളം).....ഉണ്ടോ? ഇനി വനിതയുടെ കാര്യമാണെങ്കിൽ കേന്ദ്ര കമ്മിറ്റിയിൽ...... ......(ബഹളം)......

<u>ശ്രീ. എം. സ്വരാജ്:</u> സർ, പറഞ്ഞ കാര്യത്തിൽ ഉറച്ചുനിൽക്കണം. ....(ബഹളം)......

<u>മി. സ്പീക്കർ:</u> നിങ്ങൾ സീറ്റിലിരിക്കൂ..... അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കട്ടെ.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, ഞാൻ പറഞ്ഞത്, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്ര കമ്മിറ്റി അംഗമായിരുന്ന ശ്രീമതി വൃന്ദാ കാരാട്ട്, ശ്രീ. പ്രകാശ് കാരാട്ടിന്റെ കാലഘട്ടത്തിൽ പോളിറ്റ് ബ്യൂറോയിൽ വനിതകൾക്ക് പ്രാതിനിധ്യമില്ലെന്ന് പറഞ്ഞ് രാജിവച്ചിരുന്നുവെന്നാണ്. അത് ശരിയാണ്. ഞാനതിൽ ഉറച്ചു നിൽക്കുന്നു.

<u>മി. സ്പീക്കർ:</u> ശ്രീ. പി. ടി. തോമസ്, അങ്ങ് പൂർത്തിയാക്കൂ.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, റോഡിൽ സമത്വവും പാർട്ടി ഓഫീസിൽ അസമത്വവുമാണ് മാർക്സിസ്റ്റ് പാർട്ടിയിൽ നടക്കുന്നത്. ഇവിടെ രാമക്ഷേത്രം പണിയാൻ വിഭജനത്തിന്റെ പ്രതീകാത്മകമായ ഇഷ്ടികയുമായി രാജ്യം ചുറ്റിയ ശ്രീ. സി. പി. സുഗതനെ വലതുവശത്തിരുത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങേയ്ക്ക് എങ്ങനെയാണ് നവോത്ഥാനം നടത്താൻ കഴിയുക. യഥാർത്ഥത്തിൽ നവോത്ഥാനം മനസ്സിൽ ഉണ്ടാകേണ്ട ഒരു മാറ്റമാണ്. .......(ബഹളം).....

<u>മി. സ്പീക്കർ:</u> ശ്രീ. പി. ടി. തോമസ്, അങ്ങ് അവസാനിപ്പിക്കൂ.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, കൊടുങ്ങല്ലൂർ ഭരണിക്ക് ഉടുക്കുന്ന ചുവന്ന തുണി ചെങ്കൊടിയാക്കിയും ശബരിമല ഭക്തർ ഉടുക്കുന്ന കറുത്ത തുണി കരിങ്കൊടിയാക്കിയും ആരും വരേണ്ട എന്ന് പറഞ്ഞത് എ. കെ. ഗോപാലനാണ്. ആ എ. കെ. ജി.-യുടെ സ്ഥാനത്താണ് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഈ രണ്ട് കൂട്ടരെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് ഒരു വർഗ്ഗീയ മതിൽ പണിത്, വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ ജയിക്കാമെന്ന് സ്വപ്നം കാണുന്നത്; എ. കെ. ജി.-യിൽനിന്നും ശ്രീ. പിണറായി വിജയനിലേയ്ക്കുള്ള ദൂരമാണ് കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ

ദുരന്തത്തിന്റെ ആഴം ചൂണ്ടിക്കാണിക്കുന്നത്. ഭഗവാൻ കാല്യമാറുന്നു, ക്രിസ്തുവിന്റെ ആറാം തിരുമുറിവ്, സർവ്വേക്കല്ല്, കിത്താബ് തുടങ്ങിയ കലാരൂപങ്ങളുടെ പ്രചാരകരായിരുന്ന പഴയ കമ്മ്യൂണിസ്റ്റുകാരോട് ഞാൻ ചോദിക്കുന്നു, എങ്ങനെ കഴിഞ്ഞു നിങ്ങൾക്ക് ഈ വർഗ്ഗീയ പാർട്ടികളുടെ യോഗം വിളിച്ചുകൂട്ടാൻ; ഈ നാട്ടിലെ മുസ്ലീം സമുദായത്തിൽപ്പെട്ടവരിലും ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ടവരിലും മറ്റ് ഇതരസമുദായത്തിൽപ്പെട്ടവരിലും ഈശ്വര വിശ്വാസികളെപ്പോലെതന്നെ നിരീശ്വരവാദികളുമുണ്ട്. എന്തുകൊണ്ട് നിങ്ങൾ അവരെ വിളിച്ചില്ലായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ചോദിക്കുന്നു. താൽക്കാലിക ലാഭത്തിനുവേണ്ടി ശബരിമലയുടെ പേര് പറഞ്ഞുകൊണ്ട് കേരളത്തിലെ ജനങ്ങളെ രണ്ടായിവിഭജിച്ച മുഖ്യമന്ത്രിയെന്ന നാമധേയമായിരിക്കും ചരിത്രം അങ്ങേയ്ക്ക് നൽകുന്നതെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് പ്രിയപ്പെട്ട മുഖ്യമന്ത്രിയോടും ഗവൺമെന്റിനോടും എനിക്ക് പറയാനുള്ളത്,

<u>മി. സ്പീക്കർ:</u> ശ്രീ. പി. ടി. തോമസ്, അങ്ങ് കൺക്ലൂഡ് ചെയ്യൂ..... അങ്ങേയ്ക്ക് നഷ്ടപ്പെട്ട സമയമൊക്കെ കിട്ടി.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, എന്റെ സമയം മുഴുവൻ കൊണ്ടുപോയില്ലേ?

<u>മി. സ്പീക്കർ:</u> മൂന്ന് മിനിട്ട് അധികം സംസാരിച്ചു.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, അഞ്ച് മിനിട്ടുകൂടി മതി. .....(ബഹളം)......

<u>മി. സ്പീക്കർ:</u> അതൊന്നും തരില്ല. അങ്ങേയ്ക്ക് നഷ്ടപ്പെട്ട സമയത്തിന് ഒരു മിനിട്ടുകൂടി തരും. അങ്ങ് അവസാനിപ്പിക്കൂ....

<u>ശ്രീ. പി. ടി. തോമസ്:</u> സർ, വലിയ ബി.ജെ.പി. വിരുദ്ധത പറഞ്ഞ് മതന്യൂനപക്ഷങ്ങളുടെ സംരക്ഷകരാണെന്ന് നടിക്കുന്ന ഇടതുപക്ഷം കഴിഞ്ഞ തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ ബംഗാളിൽ ബി.ജെ.പി.-യോട് കൂട്ടുകൂടിയില്ലേ; ശ്രീമതി മമതാ ബാനർജിയുടെ ആളുകൾ തല്ലുന്നുവെന്ന് പറഞ്ഞ് ബി.ജെ.പി.-യോട് കൂട്ടുകൂടിയില്ലേ; ഞാൻ ചോദിക്കട്ടെ, ഇന്ന് ഇന്ത്യയിലുള്ള ഏതെങ്കിലും ഒരു പാർട്ടിക്ക് ശ്രീമതി മമതാ ബാനർജി സ്വീകരിച്ച നിലപാടിനെ പിന്തുണയ്ക്കാതിരിക്കാൻ കഴിയുമോ; പിന്തുണയ്ക്കാത്ത ഏക പാർട്ടി നിങ്ങളുടെ പാർട്ടിയല്ലേ; പാർലമെന്റിൽ ഇന്ന് ഇന്ത്യയിലെ മുഴുവൻ പ്രതിപക്ഷവും പോയി. നിങ്ങൾ പോയോ. നിങ്ങൾ ഏത് ബി.ജെ.പി. വിരുദ്ധതയാണ് പറയുന്നത്; ഇ.എം.എസ്.-ഉം അദ്വാനിയും വാജ്പേയിയും ജ്യോതിബസുവും കൈകോർത്ത് കൽക്കട്ടയിലെ പീരങ്കി മൈതാനത്ത് നിൽക്കുന്ന പടം ഹിന്ദു പത്രത്തിൽ വന്നത് ഇപ്പോഴും എന്റെ കയ്യിലുണ്ട്. അടിയന്ത രാവസ്ഥക്കാലത്ത് ഒന്നിച്ച് ജയിലിൽ കിടന്നുവെന്ന് പറഞ്ഞ് സംഘപരിവാറിനോട് കെട്ടിപ്പിടിച്ച നിങ്ങളുടെ ചരിത്രം കേരളത്തിനറിയാം. പുലി വരുന്നേ, പുലി വരുന്നേ എന്നുപറഞ്ഞ് കോൺഗ്രസ്സിനെ പേടിപ്പിക്കാൻ നിങ്ങൾ നോക്കേണ്ട.

മി. സ്പീക്കർ: യെസ്...... പ്ലീസ്..... കൺക്ലൂഡ് .....

ശ്രീ. പി. ടി. തോമസ്: സർ, സി.പി.ഐ.-ക്കാരോട് ഞാൻ പറയാം, ഇന്ത്യയിലെ നാല് സംസ്ഥാനങ്ങളിൽ സി.പി.ഐ. കോൺഗ്രസ്സുമായി സഖ്യത്തിലാണ്. ഞാൻ ചോദിക്കട്ടെ,

മി. സ്പീക്കർ: ഇനി ചോദിക്കണ്ട. കൺക്ലൂഡ് ചെയ്താൽ മതി.

ശ്രീ. പി. ടി. തോമസ്: സർ, അങ്ങയോടാണ് ചോദിക്കുന്നത്. എനിക്ക് എന്തുകൊണ്ട് അവസരം തരുന്നില്ലായെന്നാണ് ചോദിക്കുന്നത്.

മി. സ്പീക്കർ: അങ്ങേയ്ക്ക് നഷ്ടപ്പെട്ട സമയത്തിന് പകരം അധികം സമയം തന്നു കഴിഞ്ഞു. ഇനി മൈക്ക് ഓഫ് ചെയ്യും.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ചോദിക്കുന്നു, താൽക്കാലികമായി ശ്രീമതി മമതാ ബാനർജിയുടെ ആളുകൾ രണ്ടടി അടിച്ചുവെന്ന് പറഞ്ഞ് മാർക്സിസ്റ്റ് പാർട്ടി ഒരു രാഷ്ട്രീയ തീരുമാനം എടുക്കാമോ; കഴിഞ്ഞ തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യോടൊപ്പം ചേർന്നില്ലേ; അതുകൊണ്ട് ബി.ജെ.പി.-യെ ശക്തിപ്പെടുത്താനുള്ള ശ്രമമാണ് നിങ്ങൾ നടത്തുന്നത്. (മൈക്ക് ഓഫ്) .....(ബഹളം)...... ഞാൻ പ്രസംഗം അവസാനിപ്പിക്കുകയാണ്.

മി. സ്പീക്കർ: മൈക്ക് ഓഫാക്കിയതാണ്. സമയം കഴിഞ്ഞാൽ മൈക്ക് ഓഫ് ചെയ്യും. ......(ബഹളം)........

ശ്രീ. പി. ടി. തോമസ്: സർ, ഈ ഉപധനാഭ്യർത്ഥനകളെ ശക്തമായി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സജി ചെറിയാൻ: സർ, 2018-2019 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഒരു കാര്യം ആദ്യം തന്നെ പറയാം, 2000-ത്തിലെ ലോകസുന്ദരി മത്സരത്തിൽ അറിവില്ലായ്മ ആനന്ദമാണെങ്കിൽ എന്തിനാണ് നിങ്ങൾ അറിവ് നേടുന്നതെന്ന് ഒരു ചോദ്യം ചോദിച്ചു. കഡ്ജ്ജ തോംസൺ എന്ന സുന്ദരി അതിനൊരു മറുപടി പറഞ്ഞു, "അറിവില്ലായ്മയാണ് ലോകത്തിലെ പ്രശ്നങ്ങൾക്ക് കാരണം" എന്ന്. അപ്പുറത്തെ ബെഞ്ചിലിരിക്കുന്ന എന്റെ സഹോദരങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ദൗർബല്യം അറിവില്ലായ്മയാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. രണ്ട്, ഇവിടെ സഖാവ് ശ്രീ. പിണറായി വിജയനെ വ്യക്തിപരമായി മോശപ്പെടുത്തിക്കൊണ്ടുള്ള ചില പരാമർശങ്ങൾ ഇന്നലെയും ഇന്നുമുണ്ടായി. കേരളത്തിന്റെ മുഖ്യമന്ത്രി ഒരു ജില്ലയുടെ മുഖ്യമന്ത്രിയാണെന്ന പരാമർശവും ഇന്നിപ്പോൾ കേരളത്തിൽ വർഗ്ഗീയത വളർത്തുന്നത് കേരളത്തിലെ മുഖ്യമന്ത്രിയാണെന്ന ശ്രീ. പി. ടി. തോമസിന്റെ

പരാമർശവുമുണ്ടായി. മഹാത്മഗാന്ധി പറഞ്ഞ ഒരു കാര്യം കൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആദ്യം നിങ്ങളെ അവർ അവഗണിക്കും, പിന്നെ പരിഹസിക്കും, പിന്നെ പുച്ഛിക്കും, പിന്നെ ആക്രമിക്കും അതിനുശേഷമായിരിക്കും നിങ്ങളുടെ വിജയം. ഇത് കേരളത്തിൽ ചരിത്രത്തിന്റെ ഭാഗമായി. ജീവിതത്തോട് സമരം ചെയ്ത്, എല്ലാ എതിർപ്പുകളെയും വെല്ലുവിളിച്ചുകൊണ്ട് ഉജ്ജ്വലമായ വിജയം നേടിയ സഖാവ് പിണറായി വിജയനാണ് ഇന്ന് കേരളത്തെ നയിക്കുന്നത്. ഈ സർക്കാർ ആയിരം ദിവസം പിന്നിടുകയാണ്. ഈ നാല് ബഡ്ജറ്റുകളുടെയും ഏറ്റവും പ്രധാനപ്പെട്ട കുന്തമുന നാല് കാര്യങ്ങളാണ്. ഒന്ന്, ആവശ്യമായ പണം കേരളത്തിന്റെ വികസനത്തിനുവേണ്ടി കണ്ടെത്താൻ കഴിഞ്ഞ ഒരു സർക്കാരാണിത്. രണ്ട്, പദ്ധതികൾ നടപ്പാക്കുന്നതിൽ കൃത്യതയുണ്ടാക്കിയ ഒരു സർക്കാരാണിത്. മൂന്ന്, പദ്ധതികളുടെ സുതാര്യത. അഴിമതിയില്ലാത്ത സംശുദ്ധമായ പദ്ധതി പ്രവർത്തനം ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് നടപ്പാക്കി. യു.ഡി.എഫ്.ന്റെ ഭരണകാലത്തെ അഴിമതികൾ മുഴുവൻ കേസ്സുകളായി കോടതികളിൽ നിൽക്കുന്ന കാര്യം വിസ്മരിക്കേണ്ട. നാല്, ബുദ്ധിമുട്ടേറിയ സാഹചര്യങ്ങളെ അതിജീവിച്ചാണ് ഈ സർക്കാർ കേരളത്തിലെ ജനങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്നത്. ഒരു കാര്യം മനസ്സിലാക്കേണ്ടത്, കേന്ദ്ര ഗവൺമെന്റിന്റെ അവഗണനയാണ്. ഇപ്പോൾ കേന്ദ്ര സർക്കാർ ഒരു ബഡ്ജറ്റ് അവതരിപ്പിച്ചു, പത്തുപൈസയുടെ സഹായം കേരളത്തിന് അനുവദിച്ചില്ല. ഇവിടെ പ്രതിപക്ഷാംഗങ്ങൾ പ്രസംഗിച്ചപ്പോൾ കേന്ദ്ര സർക്കാരിന്റെ അവഗണനയ്ക്കെതിരെ ഒരു വാക്ക് മിണ്ടിയോ? നോട്ട് നിരോധനത്തിന്റെ ഭാഗമായുള്ള സാമ്പത്തിക തകർച്ചയും ജി.എസ്.ടി-യും അതിന്റെ ഫലമായുണ്ടായിട്ടുള്ള പ്രതിസന്ധികളും ജനവിരുദ്ധമായ കേന്ദ്ര നിലപാടുകളുമെല്ലാം കേരളത്തിന്റെ സാമ്പത്തിക മേഖലയെ ബാധിക്കാൻ സാധ്യതയുള്ളപ്പോഴാണ് അതിനെ അതിജീവിച്ചുകൊണ്ട് കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റ് അവതരിപ്പിച്ചത്. അത് ഏറ്റവും ജനക്ഷേമകരമായ ബഡ്ജറ്റാണെന്ന് കേരളീയ സമൂഹം അംഗീകരിച്ചിരിക്കുന്നു. ഓഖി, നിപ്പ, പ്രളയം എന്നീ പ്രതിസന്ധികളെയെല്ലാം സർക്കാർ നേരിട്ടു. സംസ്ഥാനത്തിനുള്ള വായ്പാ പരിധി വർദ്ധിപ്പിക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാർ ലംഘിച്ചു. ഇവിടെ നടപ്പാക്കിയ സാലറി ചലഞ്ചിനെ അട്ടിമറിക്കാൻ യു.ഡി.എഫ്. അടക്കം പരിശ്രമിച്ചപ്പോഴും മന്ത്രിമാർ വിദേശ രാജ്യങ്ങളിൽ പോയി മലയാളികളിൽനിന്നും സഹായം വാങ്ങുന്നതും വിദേശസഹായവും നിഷേധിച്ചപ്പോഴും അതിനെ അതിജീവിച്ചുകൊണ്ട് ചെലവ് ചുരുക്കാതെ കേരളത്തിന്റെ സമ്പദ് ഘടനയെ പിടിച്ചുനിർത്താൻ കഴിയുന്ന ജനകീയ ബഡ്ജറ്റിനെ ഞാൻ ആത്മാർത്ഥമായി പിന്തുണയ്ക്കുകയാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വരില്ലെന്ന് ഒരു പ്രിയപ്പെട്ട അംഗം ഇവിടെ പറയുകയുണ്ടായി. ശ്രീ. എ. കെ. ആന്റണി ഇത് നേരത്തേ പറഞ്ഞതാണ്. അതിനുശേഷം ശ്രീ. എ. കെ. ആന്റണി കേരളത്തിലേയ്ക്ക് വന്നിട്ടില്ല

എന്നുള്ളത് വേറെ കാര്യം. ഗുരുതരമായ ഒരു തെറ്റാണ് ഇവിടെ സൂചിപ്പിച്ചത്. കാരണം, കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അവസാനിച്ചാൽ പിന്നെ മുസ്ലീം ലീഗുണ്ടാകുമോ? കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇടതുപക്ഷവും അവസാനിച്ചാൽ വർഗ്ഗീയ ഫാസിസ്റ്റുകൾ ഇവിടെ രാഷ്ട്രീയ മേൽക്കോയ്മ ഉണ്ടാക്കാനുള്ള സാഹചര്യം സൃഷ്ടിക്കുന്നു. ഇത് പറഞ്ഞ അംഗത്തെ ഞാൻ വ്യക്തിപരമായി പരാമർശിക്കുന്നില്ല. ഇപ്പോൾ അദ്ദേഹം എവിടെ നിൽക്കുന്നുവെന്നും ഇന്നലെ എവിടെയായിരുന്നു വെന്നും അദ്ദേഹത്തിന് അറിയാവുന്ന കാര്യമാണ്. നാളെ അദ്ദേഹം ബി.ജെ.പി.-യിലേയ്ക്ക് പോകാനുള്ള വഴി വെട്ടാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് മാത്രമേ പറയുന്നുള്ളൂ. ഇവിടെ സി.പി.ഐ.(എം.) തകരുമെന്ന് നിങ്ങൾ സ്വപ്നം കാണേണ്ട. സർവ്വേഫലം വച്ചുകൊണ്ടാണ് സ്വപ്നം കാണുന്നത്, അത് മലർപ്പൊടിക്കാരന്റെ സ്വപ്നം മാത്രമാണ്. 2004-ലെ സർവ്വേ റിപ്പോർട്ട് യു.ഡി.എഫ്.-ന് പതിനാല് സീറ്റും എൽ.ഡി.എഫ്.-ന് ആറ് സീറ്റും കിട്ടുമെന്നായിരുന്നു. എന്നാൽ 2004-ലെ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ കേരളത്തിൽ യു.ഡി.എഫ്.-ന് ഒരു സീറ്റ് മാത്രമാണ് ലഭിച്ചതെന്നുള്ള കാര്യം നിങ്ങൾ മറന്നുപോകരുത്. കോൺഗ്രസ്സിന് വട്ടപൂജ്യമായിരുന്നു. ഇപ്പോൾ ശ്രീ. രാഹുൽ ഗാന്ധി പ്രധാനമന്ത്രിയാകാൻ തയ്യാറായിരിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം നടന്നതുപോലെ ഏപ്രിൽ മാസത്തിലാണ് തെരഞ്ഞെടുപ്പ് നടക്കുന്ന തെങ്കിൽ 2004 കേരളത്തിൽ ആവർത്തിക്കുവാൻ പോകുന്നു എന്നാണ്. എന്റെ ജില്ലയെ സംബന്ധിച്ച് ഒരു കാര്യം പറയുവാൻ ആഗ്രഹിക്കുന്നു. കുട്ടനാട് പാക്കേജ് മാത്രം മതി കേരളത്തിലെ ജനങ്ങൾ എൽ.ഡി.എഫ്.-ന് വോട്ട് ചെയ്യാൻ. കുട്ടനാട് പാക്കേജിന് 2005-ൽ കേന്ദ്ര തലത്തിൽ അംഗീകാരം ലഭിച്ചു, 2006-ൽ ശ്രീ. വി. എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് അതിനാവശ്യമായ നടപടി സ്വീകരിക്കുകയും പ്രവൃത്തിപഥത്തിലേയ്ക്ക് വരികയും ചെയ്തു. യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ കുട്ടനാട് പാക്കേജ് തകർന്നുപോകില്ലേ? മുഴുവൻ അഴിമതിയാണ് നടത്തിയത്. ആ പദ്ധതി മുഴുവൻ പൊളിച്ച് കുട്ടനാട്ടിലെ ജനങ്ങളെ ദ്രോഹിച്ച ഒരു സർക്കാരാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുണ്ടായിരുന്നത്. ആ സ്ഥാനത്താണ് ആയിരം കോടി രൂപയുടെ രണ്ടാം കുട്ടനാട് പാക്കേജ് ഈ സർക്കാർ പ്രഖ്യാപിച്ചത്. ആലപ്പുഴ ജില്ലയ്ക്ക് അതിൽ കൂടുതൽ എന്താണ് വേണ്ടത്? ഇവിടെ വികസനം നടന്നില്ലെന്നാണോ പ്രതിപക്ഷം പറയുന്നത്. രണ്ട് മിനിട്ട് അനുവദിച്ചാൽ ഞാൻ വികസനത്തെപ്പറ്റി വിശദമാക്കാം. കൊച്ചി എൽ.എൻ.ജി. ടെർമിനലിൽ നിന്നും മംഗലാപുരത്തേയ്ക്ക് പ്രകൃതി വാതകം കൊണ്ടുപോകുന്ന ഗെയിൽ പൈപ്പ് ലൈൻ പദ്ധതി 444 കി.മീ. സജ്ജമായത് നിങ്ങൾ അറിഞ്ഞോ? പൊതുമരാമത്ത് വകുപ്പ് പതിനായിരം കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കി. ഒരു ലക്ഷം കോടി രൂപയുടെ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികളായി. 40083 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കാൻ സാധിച്ചു. 58430 ലാപ്ടോപ്പുകൾ

സ്കൂളുകളിൽ വിതരണം ചെയ്യാൻ സാധിച്ചു. 39,714 കോടി രൂപയുടെ പദ്ധതികൾ കിഫ്ബിയിൽ നടപ്പിലാക്കി. 192 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫ്ലാറ്റ് അനുവദിക്കുവാൻ സാധിച്ചു. അട്ടപ്പാടിയിലെ ആരോഗ്യ പദ്ധതിയെപ്പറ്റി നിങ്ങൾ അറിഞ്ഞോ? ശിശുമരണ നിരക്ക് ഏറ്റവും കുറവ് കേരളത്തിലാണ്. രാജ്യത്തെ മികച്ച സർക്കാർ ആശുപത്രി കേരളത്തിലാണ്. എല്ലാം ഞാൻ തെളിവോടുകൂടിയാണ് പറയുന്നത്. 'നിപ' വൈറസിനെ പ്രതിരോധിച്ചതിന് കേരളത്തിന് ദേശീയ മാധ്യമങ്ങളുടെ പ്രശംസ. ശബരിമല മാസ്റ്റർ പ്ലാനിനുവേണ്ടി 146 കോടി രൂപയുടെ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ഏഴ് ജില്ലകളിൽ 150 ദിവസത്തെ തൊഴിലുറപ്പ് പദ്ധതി അനുവദിച്ചു. ഇവിടെ ന്യൂനപക്ഷത്തെപ്പറ്റി ശ്രീ. പി. ടി. തോമസ് പറയുന്നത് കേട്ടു. അങ്ങ് പത്രം വായിക്കണം. 309 കോടി രൂപയുടെ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയത് ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന സർക്കാരാണ്. 6599 കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനായി ആദ്യ ഗഡു അനുവദിച്ചു, നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ച 54,000 വീടുകൾ പൂർത്തിയാക്കാൻ സാധിച്ചു. കേരള ഭരണസർവ്വീസിന് എല്ലാ തലത്തിലും സംവരണം കൊടുത്ത സർക്കാരാണ് കേരളം ഭരിക്കുന്നത്. കേരളത്തിൽ അന്ധവിശ്വാസം പ്രചരിപ്പിക്കാൻ ശ്രമിക്കുന്നതിനെതിരെ നവോത്ഥാനത്തിന്റെ രാഷ്ട്രീയം ഉയർത്തിപ്പിടിച്ച സർക്കാരാണ് ഇവിടെ പ്രവർത്തിക്കുന്നതെന്ന് അഭിമാനത്തോടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയല്ലായിരുന്നുവെങ്കിൽ കൊല്ലം ബൈപ്പാസ് യാഥാർത്ഥ്യമാകുമായിരുന്നോ? ഇത്തരത്തിൽ നൂറുകണക്കിന് വികസന പദ്ധതികൾ നടപ്പിലാക്കിയ സർക്കാരാണിത്. യു.ഡി.എഫ്. അംഗങ്ങളുടെ മണ്ഡലങ്ങളിൽ ഒരു വികസനവുമില്ലെന്ന് ശ്രീ. കെ. എസ്. ശബരീനാഥൻ എം.എൽ.എ. ഇവിടെ പറയുകയുണ്ടായി. 17 സ്കൂളുകളാണ് അങ്ങയുടെ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ചത്. വർഗ്ഗീയ മതിൽ എന്നുപറഞ്ഞ് വീണ്ടുംവീണ്ടും ആക്ഷേപിക്കരുത്. അത് കേരളത്തിലെ സ്ത്രീ സമൂഹത്തെ കളിയാക്കലാണ്. ശബരിമല പ്രശ്നത്തിൽ നിങ്ങളുടെ ദേശീയ നേതൃത്വത്തിന്റെ നിലപാടല്ല നിങ്ങൾക്കുള്ളത്. ശബരിമല പ്രശ്നം ഉയർത്തിക്കാട്ടി കുറച്ച് വോട്ട് കിട്ടുമെന്നാണ് നിങ്ങൾ പ്രതീക്ഷിക്കുന്നതെങ്കിൽ അതൊന്നും കിട്ടാൻ പോകുന്നില്ല. കോൺഗ്രസിന്റെ അഖിലേന്ത്യാതലത്തിലുള്ള നേതാക്കൾ ഉൾപ്പെടെ ബി.ജെ.പി.-യിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ ശ്രീ. ജി. രാമൻ നായർ ഉൾപ്പെടെയുള്ളവർ പോയിക്കഴിഞ്ഞു. വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ 20 സീറ്റിലും വിജയിപ്പിച്ചാൽ അവർ പാർലമെന്റിൽ പോയി മതനിരപേക്ഷതയ്ക്കുവേണ്ടി വോട്ട് ചെയ്യുമെന്ന് ഇവിടത്തെ ജനങ്ങൾക്കറിയാം. എന്നാൽ യു.ഡി.എഫ്.-ന്റെ 20 പേരെ ജയിപ്പിച്ചാൽ പോകുന്ന വഴിക്ക് റിസോർട്ടിൽ ഇറങ്ങുമോ എന്നൊരു സംശയം കേരളത്തിലെ ജനങ്ങൾക്കുണ്ടെന്ന് മനസ്സിലാക്കണം. കേരളം ഒരു കാലത്തും വർഗ്ഗീയതയ്ക്കൊപ്പം സമരസപ്പെട്ട്

പോകുന്നില്ല. ആയിരം വർഷം അധികാരത്തിൽനിന്ന് പുറത്തുപോയാലും വർഗ്ഗീയതയുമായി സമരസപ്പെടില്ലെന്ന് പ്രഖ്യാപിക്കുന്ന ഒരു സർക്കാരാണ് കേരളം ഭരിക്കുന്നത്. ഈ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളെല്ലാം നടപ്പാക്കി ഏറ്റവും ശക്തമായ ഒരു സർക്കാരായി ഈ സർക്കാർ മുന്നോട്ടുപോകും. അതുകൊണ്ട് 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

6.00 P.M]

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ബഹുമാനപ്പെട്ട ശ്രീ. പി. ടി. തോമസ് എം.എൽ.എ. സംസാരിച്ചപ്പോൾ റബ്കോ, റബ്ബർ മാർക്ക്, മാർക്കറ്റ് ഫെഡ് തുടങ്ങിയ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതായ ഒരു വ്യാഖ്യാനം അദ്ദേഹം നടത്തുകയുണ്ടായി. തെറ്റിദ്ധാരണമൂലമാണ് അദ്ദേഹം അങ്ങനെ പറഞ്ഞതെന്നാണ് തോന്നുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. സഹകരണ വകുപ്പിന്റെ 728/2018-ാം നമ്പർ ഉത്തരവ് ശ്രദ്ധയോടെ വായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഉത്തരവ് എന്റെ കൈവശമുണ്ട്. അത് അങ്ങേയ്ക്ക് ഞാൻ തരാം.

കേരള ബാങ്ക് രൂപീകരണത്തിന് സഹായകരമായി റബ്കോ, റബ്ബർ മാർക്ക്, മാർക്കറ്റ് ഫെഡ് തുടങ്ങിയ സ്ഥാപനങ്ങൾ സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കും വരുത്തിയ ഏതാനും കുടിശ്ശിക വായ്പകൾ സർക്കാർ അടച്ചുതീർക്കുകയും മേൽ സ്ഥാപനങ്ങളുടെ ആസ്തികൾ സർക്കാരിലേയ്ക്ക് പണയപ്പെടുത്തി സ്ഥാപനങ്ങൾക്ക് സർക്കാരിൽനിന്നുള്ള വായ്പയായി പ്രസ്തുത സംഖ്യ മാറ്റണം എന്നുള്ളതുമാണ് ഈ ഉത്തരവിൽ പറയുന്നത്. അക്കാര്യത്തിൽ ഫെഡറേഷനെന്നോ എൽ.ഡി.എഫ്. എന്നോ യു.ഡി.എഫ്. എന്നോ യാതൊരു പരിഗണനയും നോക്കിയിട്ടില്ല. കേരള ബാങ്ക് എന്ന പദ്ധതിയുടെ വിജയകരമായ പൂർത്തീകരണമാണ് സർക്കാർ അക്കാര്യത്തിൽ ലക്ഷ്യംവച്ചത്. മുൻ യു.ഡി.എഫ്. ഭരണകാലത്ത് മാർക്കറ്റ് ഫെഡ്, റബ്ബർ മാർക്ക് തുടങ്ങിയ സ്ഥാപനങ്ങൾക്ക് സംസ്ഥാന സഹകരണ ബാങ്കിലെ കുടിശ്ശിക തീർക്കാൻ പണം അനുവദിച്ചുകൊണ്ട് ഉത്തരവിറക്കി. അങ്ങനെ ധാരാളം ഉത്തരവ് മുൻ സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. ആ കടലാസിന്, അച്ചടിച്ച മഷിയുടെ വിലപോലും ഉണ്ടായിട്ടില്ല. പണം കൊടുക്കുമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. പക്ഷേ പണം നൽകിയിട്ടില്ല. മേൽ സ്ഥാപനങ്ങൾക്കെല്ലാം ഓരോരോ കാലയളവിൽ റബ്ബർ, കുരുമുളക് എന്നിവ സംഭരിക്കുന്നതിന് സർക്കാർ നിർദ്ദേശപ്രകാരം നൽകിയ വായ്പകളാണ് സംഭരണത്തിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് നഷ്ടം വന്നതുമൂലം കുടിശ്ശികയായി മാറിയത്. ഇതിന് റബ്കോ എന്നോ റബ്ബർ മാർക്കെന്നോ മാർക്കറ്റ് ഫെഡ് എന്നോ ഉള്ള വ്യത്യാസമില്ല.

റബ്കോയെ മോശപ്പെടുത്തുന്ന മട്ടിൽ ബഹുമാനപ്പെട്ട എം.എൽ.എ. സംസാരിച്ചു. ഈ സ്ഥാപനങ്ങളിൽ ഇപ്പോൾ ആയിരത്തിലധികം തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുന്ന ഏക സ്ഥാപനം റബ്കോ ആണെന്നുള്ള കാര്യം അങ്ങ് മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

വായ്പാ പുനഃസംഘടനയിലൂടെ ഈ സ്ഥാപനങ്ങളെ രക്ഷിക്കാൻ കഴിയുമോ എന്നുകൂടിയാണ് സർക്കാർ നോക്കുന്നത്. ആ നിലയിലാണ് ഈ മൂന്ന് സ്ഥാപനങ്ങൾക്കും പണം അനുവദിക്കാൻ സർക്കാർ തയ്യാറായിട്ടുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുമായി ഞാൻ ഇക്കാര്യം നേരത്തെ സംസാരിച്ചതാണ്. ഞാൻ പറഞ്ഞത്, കഴിഞ്ഞ കാലങ്ങളിൽ മാർക്കറ്റ് ഫെഡിന് 17 കോടി രൂപ സർക്കാർ കൊടുക്കാനുള്ളതിന് പകരം സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്ന് ലോണെടുക്കാൻ പറഞ്ഞു. ഇത് കാലാകാലങ്ങളിലുള്ളതാണ്. പ്രസ്തുത ലോൺ തിരിച്ചടയ്ക്കാതിരുന്നതുകൊണ്ട് അതുകൂടി 75 കോടി രൂപയായി മാറി, മാർക്കറ്റ് ഫെഡിന്റേത് ഇതാണ്. മാർക്കറ്റ് ഫെഡും റബ്കോയും തമ്മിലുള്ള വ്യത്യാസം എന്നുപറയുന്നത്, റബ്കോയുടെ കടങ്ങൾ സർക്കാരിന്റെയോ ബന്ധപ്പെട്ട സഹകരണ രജിസ്ട്രാറുടെയോ അനുമതിയില്ലാതെ വാങ്ങിയ ലോണുകളാണ്, അല്ലെങ്കിൽ വായ്പകളാണ്. ആ വ്യത്യാസമാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. അല്ലാതെ റബ്കോയെ ആക്ഷേപിക്കാൻവേണ്ടി പറഞ്ഞതല്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസും നബാർഡിന്റെ ചീഫുമെല്ലാം അംഗമായിട്ടുള്ളതാണ് സംസ്ഥാന സഹകരണ ബാങ്കിന്റെ ബോർഡ്. ആ ബോർഡ് നിയമപ്രകാരം അംഗീകരിച്ച വായ്പയാണ് റബ്കോയ്ക്കും മാർക്കറ്റ്ഫെഡിനും റബ്ബർ മാർക്കിനും കൊടുത്തിട്ടുള്ളത്. അതിൽ വ്യത്യാസമൊന്നുമില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഇവിടെ സംസാരിച്ചപ്പോൾ കഴിഞ്ഞ വർഷം, 2018-19-ൽ അനുവദിച്ച പണത്തിൽ നല്ലൊരു പങ്ക് ചെലവഴിച്ചിട്ടില്ലല്ലോ, പിന്നെയെന്തിനാണ് ഇപ്പോൾ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് എന്ന് ചോദിക്കുകയുണ്ടായി. അവസാനം ശ്രീ. പി. ടി. തോമസും അതുതന്നെ ഇവിടെ ആവർത്തിച്ചിട്ടുണ്ട്. ഈ സഭയിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ, 2018-19-ൽ വിവിധ വകുപ്പുകൾക്ക് അനുവദിച്ച പണത്തിൽ 20 ശതമാനം ചെലവിന് നിയന്ത്രണം ഏർപ്പെടുത്തുകയുണ്ടായി, കാരണം ഈ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിൽ വ്യക്തമാക്കുന്നതുപോലെ പ്രളയം വന്നപ്പോൾ അധിക ചെലവ് മറ്റു പല കാര്യങ്ങൾക്കുംവന്നു. അതുകൊണ്ട് ഇങ്ങനെയുള്ള ഒരു അഡ്ജസ്റ്റ്മെന്റ്, ഒരു

തിരുത്തൽ അത്യന്താപേക്ഷിതമാണ്. 12356 കോടി രൂപയാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള സപ്ലിമെന്ററി ഡിമാന്റിൽ ഏറ്റവും വലിയ തുക. അതിന്റെ കാരണമെന്താണെന്നുള്ള പ്രസക്തമായിട്ടുള്ള ചോദ്യം ഇവിടെ വരേണ്ടതായിരുന്നു. എന്നാൽ അങ്ങനെയൊരു ചോദ്യം വന്നില്ല. എങ്കിലും അത് പരിശോധിച്ചാൽ കാണാൻ കഴിയും. അതിൽ നല്ലൊരു പങ്ക് ഇപ്പോൾ കേന്ദ്ര സർക്കാരിൽനിന്ന് പ്രളയ സഹായമായി ലഭിച്ച പണം എസ്.ഡി.ആർ.എഫ്.-ലേക്കും മറ്റും മാറ്റുന്നതിനുള്ള ആവശ്യം; അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ്, അതുപോലെതന്നെ കഴിഞ്ഞ വർഷം നമ്മൾ ട്രഷറിയിൽനിന്ന് റെസ്യൂം ചെയ്ത പണത്തിൽനിന്ന് 2,000 കോടി രൂപ വീണ്ടും ഡിപ്പാർട്ടുമെന്റുകൾക്ക് ലഭ്യമാക്കിയിട്ടുള്ളതിന്റെ റെഗുലറൈസേഷൻ എന്നിവയ്ക്കെല്ലാം വേണ്ടിയിട്ടാണ്. 1600 കോടി രൂപ കിഫ്ബിക്കുള്ള വാർഷിക ഗ്രാന്റ് റെഗുലറൈസ് ചെയ്യേണ്ടതുണ്ട്. ഈ രീതിയിലുള്ള വലിയ ചെലവുകളാണ്. ഇത് ഒരു ബുക്ക് അഡ്ജസ്റ്റ്മെന്റാണ്, ട്രാൻസ്ഫർ ഓഫ് ക്രെഡിറ്റാണ്. 12,356 കോടി രൂപ കണ്ടിട്ട് ഭീകരമായ ചെലവ് എന്ന് കരുതേണ്ട. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട അധികചെലവ് 306 കോടി രൂപയാണ്. റബ്ബർ മാർക്കിന്റേയും മാർക്കെറ്റ്ഫെഡിന്റേയുമാണ്. അവർ സംസ്ഥാന സഹകരണ ബാങ്കിന് നൽകാനുള്ള പണം സംസ്ഥാന സർക്കാർ നൽകുന്നു, ഇവരുടെ ഈ ബാധ്യത സംസ്ഥാന സർക്കാരിനുള്ള വായ്പയായി മാറ്റുന്നു, ഇങ്ങനെയുള്ള ക്രമീകരണം കേരള ബാങ്ക് രൂപീകരിക്കുന്നതിന് അത്യന്താപേക്ഷിതമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ആദ്യം പറഞ്ഞത് പദ്ധതിച്ചെലവ് 20 ശതമാനം കുറച്ചുവെന്നും കുറയ്ക്കാനുണ്ടായ കാരണം പ്രളയാനന്തര ആവശ്യങ്ങൾ ഉണ്ടായിരുന്നുവെന്നുമാണ്. പ്രളയാനന്തരമുള്ള കാര്യങ്ങളിൽ ഏത് ആവശ്യത്തിനു വേണ്ടിയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അല്ലെങ്കിൽ കേന്ദ്ര പദ്ധതിയിൽനിന്നും പണം ചെലവാക്കേണ്ടിവന്നത്. 20 ശതമാനം പദ്ധതി കട്ട് ചെയ്തുവെന്ന് പറഞ്ഞാൽ എത്ര രൂപയായി? അങ്ങനെ ഏത് കാര്യത്തിന് വേണ്ടിയാണ് ചെലവാക്കിയിട്ടുള്ളത്? അങ്ങനെ പ്രളയത്തിനുശേഷം വേറൊരു അക്കൗണ്ടിൽ നിന്ന് ചെലവാക്കേണ്ടി വന്നിട്ടില്ലല്ലോ, അങ്ങനെയാണെങ്കിൽ അതങ്ങ് വ്യക്തമാക്കേണ്ടതല്ലേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, 2000 കോടി രൂപയുടെ അഡീഷണൽ മരാമത്ത് പണികൾക്കും ഗ്രാമീണ റോഡുകൾക്കുമുള്ള അനുവാദം നൽകി. അതിനുപുറമെയാണ് പലിശ ഇനത്തിൽ 815 കോടി രൂപ, ഒ.ഇ.സി. സ്കോളർഷിപ്പിന് 200 കോടി രൂപ, കെ.എം.ആർ.എൽ.-നുള്ള സബ്സിഡി ഇനത്തിൽ 154 കോടി രൂപ, മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 50 കോടി രൂപ.

<u>ശ്രീ. വി.ഡി. സതീശൻ</u>: 2000 കോടി രൂപ പ്രളയത്തിനുശേഷം ഗ്രാമീണ റോഡുകൾ ഉൾപ്പെടെയുള്ള റോഡുകൾ നന്നാക്കുന്നതിന് കൊടുത്തുവെന്നാണ് പറഞ്ഞത്. ഗ്രാമീണ റോഡുകൾ നന്നാക്കാൻ പണം അനുവദിച്ചിട്ടില്ല. പി.ഡബ്ല്യു.ഡി. റോഡുകൾ നന്നാക്കാൻ കൊടുത്ത പണമെന്ന് പറയുന്നത് റെഗുലറായി നൽകുന്നതാണ്. അതായത് എല്ലാ വർഷവും ചെയ്യേണ്ടതാണ്. അതുകൂടാതെ ഏത് പണമാണ് നൽകിയത്; ഇപ്രാവശ്യം പി.ഡബ്ല്യു.ഡി.-യ്ക്ക് വളരെ കുറച്ച് പണമാണ് കൊടുത്തിരിക്കുന്നത്, 1000 കോടി രൂപ. ഞാൻ പറയുന്നത്, അങ്ങ് പറഞ്ഞ സ്റ്റേറ്റ്മെന്റ് പിൻവലിക്കണം. കാരണം, 20 ശതമാനം പദ്ധതി വെട്ടിക്കുറച്ചത് പ്രളയാനന്തരമുള്ള പ്രവർത്തനങ്ങൾ ചെയ്യാനുള്ള സാമ്പത്തിക സമ്മർദ്ദം കൊണ്ടാണെന്ന് പറയുന്ന അങ്ങയുടെ സ്റ്റേറ്റ്മെന്റ് നൂറ് ശതമാനവും തെറ്റാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: പിൻവലിക്കാൻ ഉദ്ദേശിക്കുന്നില്ല, ഞാൻ പറഞ്ഞത് 2000 കോടി രൂപയുടേതു മാത്രമേയുള്ളൂ. കാരണം പി.ഡബ്ല്യു.ഡി.യുടേത് കുറച്ചിട്ടില്ല, എസ്.സി./എസ്.ടി.യുടേത് വെട്ടിക്കുറച്ചിട്ടില്ല. ആ 2000 കോടി രൂപ ഇപ്പോൾത്തന്നെ ഈ രണ്ടു വകുപ്പുകളിലുള്ള അധിക ചെലവായി നൽകി. അതിനു പുറമെ പ്രളയവുമായി ബന്ധപ്പെട്ട് പല വകുപ്പുകളിലും അധികച്ചെലവ് വന്നിട്ടുണ്ട്. ആ അധികച്ചെലവുകൾ വന്നതാണ് ഇപ്പോൾ റെഗുലറൈസ് ചെയ്തുകൊണ്ടിരിക്കുന്നത്. അല്ലാതെ പുതിയ ചെലവുകൾ നടത്തുന്നതിനുവേണ്ടിയല്ലെന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചത്.

ഒരു പ്രധാനപ്പെട്ട കാര്യം ഡോ. എൻ. ജയരാജ് ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് വളരെ ശരിയായ ഒരു നിരീക്ഷണമാണ്. ആ കാര്യത്തിൽ അങ്ങയോട് എനിക്ക് വളരെ നന്ദിയുണ്ട്, രണ്ടുപ്രാവശ്യം അത് ആവർത്തിച്ചിട്ടുണ്ട്. ജഡ്ജിമാരുടെ കാറുകൾ വാങ്ങുന്നതിനുവേണ്ടിയുള്ള ചെലവ്. അത് ഒരിടത്ത് പറഞ്ഞിരിക്കുന്നത് തെറ്റാണ്, അത് നോക്കിയാൽ മനസ്സിലാക്കാൻ സാധിക്കും. 5 ലക്ഷം രൂപ മാത്രമാണ് ആ ചെലവ്. തെറ്റായി എക്സ്പ്ലനേറ്ററി നോട്ട് നൽകിയതാണ്. ബഹുമാനപ്പെട്ട സ്പീക്കർക്ക് റെക്ടിഫൈ ചെയ്യാനുള്ള സ്റ്റേറ്റ്മെന്റ് കൊടുത്തിട്ടുണ്ട്, അത് സഭയിൽ വിതരണം ചെയ്യും. അത് കണക്കുകളെയൊന്നും ബാധിക്കുന്നതല്ല, എക്സ്പ്ലനേറ്ററി നോട്ടിൽ വന്നിട്ടുള്ള തെറ്റ് മാത്രമാണ്.

ഇവിടെ നടന്ന ചർച്ചയിൽ ബഡ്ജറ്റ് ചർച്ചയുമായി കൂട്ടിക്കലർന്നാണ് പല കാര്യങ്ങളും പറഞ്ഞിട്ടുള്ളത്. ജി.എസ്.ടി. വീണ്ടും പരാമർശ വിഷയമായി. ശ്രീ. മഞ്ഞളാംകുഴി അലിയാണ് അതിന് തുടക്കം കുറിച്ചത്. ജി.എസ്.ടി. വലിയ വിലക്കയറ്റം ഉണ്ടാക്കുമെന്നാണ് പറഞ്ഞത്. ശ്രീ. കെ. എസ്. ശബരീനാഥൻ ജി.എസ്.ടി.-ക്ക്തന്നെ എതിരാണ്, ഞങ്ങൾ പൊളിച്ചെഴുതാൻ പോകുന്നുവെന്നാണ് പറഞ്ഞത്. യു.പി.എ. സർക്കാരാണ് ഇത് തുടങ്ങിവച്ചതെന്ന കാര്യം അംഗീകരിക്കണം. യു.പി.എ. സർക്കാരിന്റെ കാലത്ത് എംപവേർഡ് കമ്മിറ്റിയിൽ ശ്രീ. കെ. എം. മാണി

അഞ്ചുവർഷം ഉണ്ടായിരുന്നു, അഞ്ചുവർഷം ഞാനും ഉണ്ടായിരുന്നു, ഇപ്പോൾ ഇവിടെ വച്ച് അങ്ങോട്ടുമിങ്ങോട്ടും തർക്കിച്ച് തീർക്കേണ്ട. ഇപ്പോഴുള്ള ആർക്കിടെക്ചറിൽ നിന്ന് ഒരു വ്യത്യാസവുമില്ല. എന്തെങ്കിലും ഉണ്ടെങ്കിൽ കൂടുതൽ കർക്കശമായ നിലപാടാണ് കോൺഗ്രസ് വച്ചിട്ടുള്ളത്. ഇനി പൊളിച്ചെഴുതുന്നുവെങ്കിൽ പൊളിച്ചെഴുതിക്കോളൂ. പൊളിച്ചെഴുതുമെന്നല്ലാതെ എന്താണ് പൊളിക്കാൻ പോകുന്നതെന്ന് കേട്ടിട്ടില്ല, കേട്ടിട്ട് അഭിപ്രായം പറയാം. സെസ് വന്നപ്പോഴുള്ള വിലക്കയറ്റത്തിന് രണ്ട് ഉദാഹരണം പറഞ്ഞു. 28 ശതമാനമായിരുന്ന സിനിമാഹാളിലെ ടിക്കറ്റ് നികുതി നിരക്ക്. അതിൽ 10 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്റർടെയിൻമെന്റ് ടാക്സ് പിരിക്കാനായി അനുവാദം കൊടുക്കുന്നു. ഇതിന്റെ ഫലമായി സിനിമാടിക്കറ്റിന്റെ വില കൂടുമോ? ഇല്ല, കാരണം ജി.എസ്.ടി. 28 ശതമാനത്തിൽനിന്ന് 18 ശതമാനമായി കുറച്ചപ്പോൾ വരുന്ന 10 ശതമാനം എന്റർടെയിൻമെന്റ് ടാക്സ് ആയിരിക്കുമെന്നാണ് പറയുന്നത്. സിനിമാ ടിക്കറ്റിന്റെ വിലകുറയ്ക്കാൻ അനുവദിക്കുന്നില്ലെന്ന് നിങ്ങൾ പറഞ്ഞെങ്കിൽ അത് ശരിയാകുമായിരുന്നു. 28 ശതമാനത്തിൽനിന്ന് 10 ശതമാനം കുറച്ച് ഉത്തരവ് വന്നിട്ടേയുള്ളൂ, ആ തുക മാത്രം എന്റർടെയിൻമെന്റ് ടാക്സാക്കാൻ പറഞ്ഞാൽ എങ്ങനെയാണ് സിനിമാ ടിക്കറ്റിന്റെ വിലകൂടുക? ഇതുതന്നെയാണ് ബാക്കി എല്ലാ ചരക്കുകൾക്കും ഉള്ളത്. കാരണം ജി.എസ്.ടി. രൂപംകൊണ്ടതിനുശേഷം ഏതാണ്ട് എല്ലാ ചരക്കുകളുടേയും നികുതി നിരക്ക് 5, 6, 10 ശതമാനം വച്ച് കുറച്ചിട്ടുണ്ട്, അപ്പോഴാണ് ഒരു ശതമാനം ഇവിടെ വരുന്നത്. ആ കുറവിൽ ഒരു ശതമാനം ഇളവുണ്ടാകും എന്നല്ലാതെ ഒരു ശതമാനം കൂടുമെന്ന് എങ്ങനെയാണ് പറയുക?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ജി.എസ്.ടി. നിരക്കുകൾ കുറച്ചിട്ടുണ്ടെന്നത് സത്യമാണ്, യാഥാർത്ഥ്യമാണ്, അത് നമുക്കെല്ലാവർക്കും അറിയാം. പക്ഷേ ജി.എസ്.ടി. നിരക്ക് കുറച്ചതുകൊണ്ട് ഏതെങ്കിലും ഒരു ഉൽപ്പന്നത്തിന്റെ വില മാർക്കറ്റിൽ കുറഞ്ഞിട്ടുണ്ടോ? ഒരു സാധനത്തിനും കുറഞ്ഞിട്ടില്ല, ഇപ്പോൾ ഒരു ശതമാനം കൂട്ടുമ്പോൾ അതിന് ഒരു സൈക്കോളജിക്കൽ ഇംപാക്ടുണ്ട്, അത് പണപ്പെരുപ്പമാണ്. അതാണ് ഞങ്ങൾ പറഞ്ഞ പോയിന്റ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: ശ്രീ. വി. ഡി. സതീശൻ വളരെ കൃത്യമായിട്ടുള്ള പോയിന്റാണ് പറഞ്ഞിരിക്കുന്നത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, അങ്ങ് പറയുന്നത് ജി.എസ്.ടി.യുടെ പ്രിൻസിപ്പിളിനുതന്നെ എതിരാണ്. ജി.എസ്.ടി.യുടെ 'വൺ ടാക്സ് വൺ നേഷൻ' എന്ന പ്രിൻസിപ്പിൾ തന്നെ വയലേറ്റ് ചെയ്തുകൊണ്ടാണ് അങ്ങ് സംസാരിക്കുന്നത്. അവിടെ 28 ശതമാനമെന്നുള്ളത് 18 ശതമാനമാക്കി കുറച്ചു, അങ്ങ് വീണ്ടും 28 ശതമാനമാക്കുകയാണ്. ജി.എസ്.ടി. കൗൺസിലിൽ ഒരു

തീരുമാനമെടുത്തിട്ട് അതിനുനേരെ വിപരീതമായ രീതിയിലാണ് അങ്ങ് പറയുന്നത്. മാത്രവുമല്ല, അങ്ങ് ഇവിടെ പറയുന്നത് ജി.എസ്.ടി.യിൽ ഞങ്ങൾ എന്തു ചെയ്യും എന്നാണ്. ജുഡീഷ്യസായി ഇതിനൊരു റിഫോം വരുത്താനാണ് കോൺഗ്രസ് പാർട്ടി ആഗ്രഹിക്കുന്നത്. മാത്രമല്ല, ഞങ്ങൾ കൊണ്ടുവന്നതാണ് ജി.എസ്.ടി. എന്നത് അംഗീകരിക്കുന്നു. പക്ഷേ the way in which it has been implemented, അതാണ് ഇന്ത്യയിൽ പ്രശ്നമുണ്ടാക്കിയത്, റാഷണാലിറ്റി ഇല്ലാതെ കൊണ്ടുവന്നു. എന്നുമാത്രമല്ല 28 ശതമാനം ഞങ്ങൾ അംഗീകരിച്ചതല്ല. ഞങ്ങൾ 18 ശതമാനമാണ് പറഞ്ഞത്. ഞങ്ങൾ അവിടെ ക്യാപ് ചെയ്യുകയാണ് ചെയ്തത്. ശ്രീ. അരുൺ ജെയ്റ്റ്ലിക്ക് 18 ശതമാനത്തിലേക്ക് വരേണ്ടി വന്നില്ലേ, ഞങ്ങൾ പറഞ്ഞത് ശരിയാണെന്ന് പറയേണ്ടി വന്നില്ലേ.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് ബി.ജെ.പി.-യുടെ മുദ്രാവാക്യം ഇവിടെ ഉയർത്തരുത്. 'വൺ നേഷൻ വൺ ടാക്സ്' എന്ന വികാരമുണ്ടല്ലോ, അത് ബി.ജെ.പി. ഉണ്ടാക്കുന്നതാണ്. ഞങ്ങളുടെ നിലപാട് അതല്ല. ജി.എസ്.ടി. ആയിരിക്കുമ്പോഴും ഫെഡറൽ ഫ്ലക്സിബിലിറ്റി വേണം. കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലും വാറ്റ് കൊണ്ടുവന്നു, വാറ്റിന് ഫ്ലക്സിബിലിറ്റി ഉണ്ടായിരുന്നു. നിങ്ങൾ വാറ്റ് 12 ശതമാനത്തിൽനിന്നും 14.5 ശതമാനം ആക്കിയല്ലോ, 2.5 ശതമാനം കൂട്ടിയല്ലോ? ആ സിസ്റ്റത്തിൽ ഫ്ലക്സിബിലിറ്റിയുണ്ട്. ആ ഫെഡറൽ ഫ്ലക്സിബിലിറ്റി ജി.എസ്.ടി.-ക്കും വേണമെന്നുള്ള നിലപാടാണ് പഴയ എംപവേർഡ് കമ്മിറ്റിയിലെടുത്തത്. ആ നിലപാട് കോൺഗ്രസ്സും അംഗീകരിച്ചിരുന്നു, കോൺഗ്രസ്സിന്റെ നിലപാട് വിട്ടിട്ട് നിങ്ങൾ ഇപ്പോൾ ബി.ജെ.പി.യുടെ നിലപാട് ഉയർത്തിപ്പിടിക്കുകയാണ്, അതാണ് ഇപ്പോൾ ചെയ്തത്. അങ്ങ് എങ്ങനെയാണ് ഇത് പൊളിച്ചെഴുതാൻ പോകുന്നതെന്ന് പറയുന്ന സമയത്ത് ഞാൻ അഭിപ്രായം പറയാം. ഏതായാലും ഇപ്പോൾ ധാരാളം ചർച്ച ചെയ്യേണ്ട. നാളെ മുതൽ സെസ്സ് വരുന്നു, വിലക്കയറ്റം ഉണ്ടാകാൻ പോകുന്നു, എന്നുപറഞ്ഞ് ഇപ്പോൾ മനപ്പായസം ഉണ്ണണ്ട. സെസ്സിന്റെ കാര്യം ബഡ്ജറ്റിൽ തീരുമാനിച്ചാലും എന്നുമുതൽ എന്നുള്ളത് നോട്ടിഫൈ ചെയ്യാം, അന്നുമുതലേ പിരിക്കുകയുള്ളൂ. കാരണം ജി.എസ്.ടി.എൻ.-ന്റെ സോഫ്റ്റ്വെയറിൽ നമ്മുടെ ഈ ഭേദഗതി ഉൾക്കൊള്ളിക്കാൻ പറ്റുന്ന രീതിയിൽ മാറ്റം വരുത്തണം, അന്നു മുതലേ നടപ്പിലാകുകയുള്ളൂ. അതുകൊണ്ട് മനപ്പായസം ഉണ്ണാൻ നിൽക്കേണ്ട, കാര്യങ്ങൾ ചർച്ച ചെയ്യാം. വലിയ വിലക്കയറ്റം വരാൻ പോകുന്നുവെന്ന തോന്നൽ ജനങ്ങളിലുണ്ടാക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടാകും, അതൊക്കെ മാറും.

ശ്രീ. ഹൈബി ഈഡൻ: സർ, പ്രളയത്തിനുശേഷം സർക്കാർ റീബിൽഡ് കേരള എന്ന പ്രോസസ്സ് തുടങ്ങി. പരിപൂർണ്ണമായി വീട് നശിച്ചവർക്ക് വീടിന്റെ പുനർനിർമ്മാണത്തിനായി 4 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഒരു ശതമാനം

സെസ് ഏർപ്പെടുത്തുമ്പോൾ നിർമ്മാണ സാമഗ്രികളുടെ വില, പ്രത്യേകിച്ച് സിമന്റ്, കമ്പി തുടങ്ങിയവയ്ക്ക് പ്രോഡക്ട് കോസ്റ്റിന്റെ 1% ഈടാക്കുമ്പോൾ ഉണ്ടാകാൻ പോകുന്ന വലിയ ഗ്യാപ്പുണ്ട്. അപ്പോൾ 4 ലക്ഷം രൂപയ്ക്ക് ഒരു വീട് നിർമ്മിക്കാൻ സാധിക്കില്ല. നിർമ്മാണ സാമഗ്രികളുടെ വിലയിൽ വരുന്ന മാറ്റം റീബിൽഡ് കേരളയ്ക്ക് വലിയ തിരിച്ചടിയാകും.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഗുണഭോക്താക്കളിൽ പകുതി പേർക്കും വീട് നേരിട്ട് പണിതുകൊടുക്കുകയാണ്. അതിനാൽ അവരെ ഇക്കാര്യം ബാധിക്കില്ല. ബാക്കിയുള്ളവർ സ്വമേധയാ ഏറ്റെടുക്കുകയാണ്. സർക്കാർ ഇടപെട്ട് കുറഞ്ഞ വിലയ്ക്ക് സിമന്റടക്കമുള്ള സാധനങ്ങൾ വാങ്ങിക്കൊടുക്കാൻ സാധിക്കുമോ എന്ന് നോക്കണം. ശ്രീ. അമിത് ഷാ സിമന്റ് കമ്പനിക്കാരെ കണ്ടശേഷം ഇപ്പോൾ സിമെന്റിനെല്ലാം 10 രൂപ മുതൽ 50 രൂപ വരെ വില കൂടിക്കൊണ്ടിരിക്കുന്നത് ഇവിടെ ബഹളം വയ്ക്കുന്നവർ അറിയുന്നുണ്ടോ; എവിടെയാണ് പ്രൊട്ടസ്റ്റ് വരുന്നത്? അപ്പോൾ ഈ സെസ്സല്ല പ്രശ്നം, അതിനേക്കാൾ അപ്പുറത്തുള്ള കാര്യങ്ങളുണ്ട്.

രണ്ടാമത്തെ പ്രശ്നം, ഇവിടെ ശ്രീ. കെ. എസ്. ശബരീനാഥൻ കിഫ്ബിയെ കുറിച്ചാണ് ഉന്നയിച്ചത്. പലരും തമാശയായി കിഫ്ബി, കിഫ്ബി എന്ന് പറയാറുണ്ട്. I make certain statements, I will yield to anybody. നിങ്ങൾക്ക് ചോദ്യം ചോദിക്കാനുണ്ടെങ്കിൽ ചോദിച്ചോളൂ. എന്റെ ആദ്യത്തെ സ്റ്റേറ്റ്മെന്റ് ഇതാണ്, കൊച്ചി മെട്രോ പോലെ, സിയാൽ എയർപോർട്ട് പോലെ, വിഴിഞ്ഞം പദ്ധതി പോലെ എസ്.പി.വി. വഴിയും പൊതുമേഖലാ സ്ഥാപനങ്ങൾ വഴിയും മൂലധന നിക്ഷേപത്തിന് വായ്പയെടുക്കുന്നതിന് ഈ സഭയിലുള്ള ഒരാൾ പോലും എതിരല്ലെന്ന് ഞാൻ പറഞ്ഞാൽ എതിർക്കാൻ ഇവിടെ ആരെങ്കിലുമുണ്ടോ? ഇല്ല. എന്റെ രണ്ടാമത്തെ സ്റ്റേറ്റ്മെന്റ്, നമുക്കെല്ലാവർക്കും വേണ്ടത് കേരളത്തിലെ റോഡുകളുടെ അപ്ഗ്രഡേഷനും സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ പൊതുസ്ഥാപനങ്ങളിലെ സൗകര്യങ്ങളുടെ വിപുലീകരണവുമാണ്. അതിനൊന്നും തർക്കമുണ്ടാകില്ല. ഈ ആവശ്യത്തിനായി സ്റ്റേറ്റ്മെന്റിൽ പറഞ്ഞതുപോലെ വായ്പയെടുക്കാൻ പോയാൽ എവിടെ നിന്നെങ്കിലും വായ്പ ലഭിക്കുമോ? ഇതൊന്നുമുള്ളത് റവന്യൂ മോഡലിലല്ല. ഇവിടെ നമ്മൾ എല്ലാവരും ടോൾ പിരിക്കുന്നതിനും യൂസർ ഫീ വർദ്ധിപ്പിക്കുന്നതിനും എതിരാണ്. പിന്നെയെങ്ങനെയാണ് റവന്യൂ മോഡലിൽ ചെയ്യുക? ഈയൊരു സാഹചര്യത്തിലാണ് എന്റെ രണ്ടാമത്തെ സ്റ്റേറ്റ്മെന്റ്. ഇത്തരത്തിൽ ബഡ്ജറ്റ് പിന്തുണയുടെ അടിസ്ഥാനത്തിൽ വായ്പയെടുക്കുന്ന ഒരു ധനകാര്യ സ്ഥാപനത്തിലൂടെയല്ലാതെ നിങ്ങൾക്ക് ഇതിനുള്ള വിഭവ സമാഹരണം സാദ്ധ്യമല്ല, ഉണ്ടാക്കാനുള്ള വഴി ആരുടെയെങ്കിലും കൈവശമുണ്ടെങ്കിൽ പറഞ്ഞോളൂ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, കിയാലും സിയാലുമെല്ലാം അങ്ങ് ആവർത്തിച്ച് പറഞ്ഞതാണ്. അവിടെയൊക്കെ ഇൻകം ജനറേറ്റ് ചെയ്യുന്നുണ്ട്. ഈ പറയുന്ന സ്ഥാപനം എങ്ങനെ ഇൻകം ജനറേറ്റ് ചെയ്ത് വായ്പ തിരിച്ചടയ്ക്കും; ഇതിന്റെ റീ-പേമെന്റ് എങ്ങനെയാണ്? ഇനി അധികാരത്തിൽ വരുന്ന സർക്കാർ ഇതിന്റെ ബാധ്യത ഏറ്റെടുക്കേണ്ടി വരില്ലേ? അതുകൊണ്ട് ഇക്കാര്യങ്ങളിൽ ഒരു ക്ലാരിറ്റി ആവശ്യമാണ്, എവിടെ നിന്നാണ് തിരിച്ചടവ് സാദ്ധ്യമാക്കുന്നതെന്ന് അങ്ങ് വ്യക്തമാക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. എ. പി. അനിൽ കുമാർ പറഞ്ഞത് വളരെ ശരിയാണ്. അത്യന്താപേക്ഷിതമായി നിങ്ങളും ഞാനും കരുതുന്ന കാര്യങ്ങൾ ചെയ്യുന്നതിന്, ക്യാപിറ്റൽ എക്സ്പെന്റിച്ചറിനായി ആദ്യത്തെ കാറ്റഗറിയിൽ ചെയ്തതുപോലെ വായ്പയെടുക്കാൻ സാധിക്കില്ല. സ്കൂൾ പണിയുന്നതിനും റോഡ് നിർമ്മിക്കുന്നതിനും വായ്പ സാദ്ധ്യമല്ല. കാരണം നിങ്ങൾ പറഞ്ഞതുപോലെ അവയൊന്നും ഇൻകം ജനറേറ്റിംഗല്ല. പൊതുബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ വായ്പ സമാഹരിക്കാൻ പറ്റുന്ന ഒരു സ്ഥാപനം നമുക്ക് വേണമെന്ന് അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. അത്തരമൊരു സ്ഥാപനമാണ് കിഫ്ബി. ഇക്കാര്യം 2010-ൽ പറഞ്ഞപ്പോൾ ഇന്ന് പരിഹസിക്കുന്നതുപോലെ അന്നും ചെയ്തു. അതുകൊണ്ട് എന്തുപറ്റി? അഞ്ചു വർഷം ഭരിച്ചിട്ട് നാലു വർഷം തമാശ പറഞ്ഞും പലിശരഹിത ബാങ്ക് എന്നൊക്കെ പറഞ്ഞും സമയം കളഞ്ഞു. അഞ്ചാം വർഷം ശ്രീ. ഉമ്മൻ ചാണ്ടിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി ഉണ്ടായിരുന്നു. ഇത് ശൂന്യാകാശത്തുനിന്നും വന്നതല്ല. ബഡ്ജറ്റിൽനിന്നും എല്ലാ വർഷവും ഒരു ഗ്യാരന്റീഡ് ഇൻകം കൊടുക്കാമെന്നത് നിങ്ങളും ഞങ്ങളും അംഗീകരിച്ച യുക്തിയാണ്. മോട്ടോർ വെഹിക്കിൾ ടാക്സിന്റെ പകുതി നൽകാം, നിങ്ങൾ അംഗീകരിച്ച കാര്യത്തെക്കുറിച്ചാണ് പറയുന്നത്. യുക്തിപരമായി ചിന്തിക്കു. അങ്ങനെ കൊടുത്തു കഴിഞ്ഞാൽ പത്തോ ഇരുപതോ വർഷത്തെ വരുമാനത്തിന്റെ സെക്യൂരിറ്റിയിൽ ഇന്ന് വായ്പകിട്ടും. അങ്ങനെ കിട്ടുന്ന വായ്പ ഉപയോഗിച്ച് ഇന്ന് റോഡോ പാലമോ പണിതാൽ നമ്മൾ എം.എൽ.എ.-മാരായിരിക്കുന്ന കാലത്തുതന്നെ റോഡും പാലവും യാഥാർത്ഥ്യമാകും. അതിനായി ഇരുപത് വർഷം കാത്തിരിക്കേണ്ടതില്ല, ഇന്നത്തെ തലമുറയ്ക്ക് അത് ലഭിക്കും. അപ്പോഴാണ് ശ്രീ എ. പി. അനിൽ കുമാർ തിരിച്ചടവ് എങ്ങനെയെന്ന ചോദ്യം ചോദിച്ചത്. ഇവിടെ നിയമം പാസ്സാക്കിയതല്ലേ, 1600 കോടി രൂപ ഈ വർഷം കൊടുക്കുന്നതിന് സപ്ലിമെന്ററി ഡിമാന്റ് വച്ചിരിക്കുന്നു, ആ തുകവച്ച് വാങ്ങുന്നു. അപ്പോൾ ഈ കാര്യങ്ങളിൽ യഥാർത്ഥത്തിൽ തർക്കമില്ല. വെറുതെ ഇങ്ങനെ അർത്ഥരഹിതമായ രീതിയിൽ പരിഹസിച്ച്, ഒരു നല്ല കാര്യം ചെയ്യുമ്പോൾ പുറംതിരിഞ്ഞ് നിൽക്കരുത്. മറിച്ച് പ്രായോഗികമായ ചോദ്യങ്ങൾ ശ്രീ. കെ. എസ്. ശബരീനാഥൻ ഉന്നയിച്ചു. എത്ര ശതമാനം നടപ്പായി, ഇത് കാര്യക്ഷമമാണോ

എന്നൊക്കെ ചോദിച്ചു. കേരളത്തിലെ ഏതെങ്കിലും ജില്ലയിലേതല്ല, മറിച്ച് മൊത്ത ത്തിലുള്ള കാര്യം ഞാൻ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചു. 2016-2017-ൽ പ്രഖ്യാപിച്ച പദ്ധതികളിൽ 64%-ഉം 2017-2018-ൽ പ്രഖ്യാപിച്ച പദ്ധതികളിൽ 74%-ഉം വിശദമായ പരിശോധനകൾക്ക് ശേഷം അനുമതി നൽകിക്കഴിഞ്ഞു. കിഫ്ബി പണം അനുവദിച്ചു. അനുമതി നൽകിയ പ്രവൃത്തികളിൽ 48.6% പദ്ധതികൾ ടെണ്ടർ ചെയ്തുകഴിഞ്ഞു. ടെണ്ടർ ചെയ്ത പദ്ധതികളിൽ 79% കരാർ ഒപ്പിട്ട് പണി തുടങ്ങി.

ശ്രീ. വി. ഡി. സതീശൻ: സർ, അവിടെയാണ് പ്രധാനപ്പെട്ട ഒരു സംശയമുള്ളത്. 100 പദ്ധതികൾ 2016-2017-ൽ ഉണ്ടെന്ന് വിചാരിക്കുക. അതിൽ 64%, അതായത് 64 എണ്ണത്തിന് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിച്ചുവെന്ന് കരുതുക. അതിൽ 48.9% -ന് ടെണ്ടറായി, അപ്പോൾ എണ്ണം 32 ആയി. അതിൽനിന്നും വീണ്ടും 50 ശതമാനത്തിൽ താഴെ പണി തുടങ്ങി. അതാണ് 18% മാത്രമാണെന്ന് ഞങ്ങളും പറഞ്ഞത്. 2016-17-ലെ കാര്യങ്ങൾ അങ്ങയുടെ ബഡ്ജറ്റ് പ്രസംഗത്തിന്റെ 115-ാം പാരഗ്രാഫിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. 2016-17 -ൽ അങ്ങ് പ്രഖ്യാപിച്ച പദ്ധതികളുടെ 18% മാത്രമേ തുടങ്ങിയിട്ടുള്ളൂവെന്ന് അത് വായിച്ച് കണക്കുകൂട്ടിയാൽ കൃത്യമായിട്ടറിയാം.

മി. സ്പീക്കർ: ഇത് ബഡ്ജറ്റ് ചർച്ചയല്ല. അതിന്റെ മറുപടി നാളെയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇപ്പോൾ ഉന്നയിക്കപ്പെട്ടതാണ്, വേണമെങ്കിൽ ഞാൻ ഇപ്പോൾത്തന്നെ നിർത്താം. എനിക്ക് വാശിയൊന്നുമില്ല.

മി. സ്പീക്കർ: അങ്ങ് പറഞ്ഞോളൂ...

ശ്രീ. വി. ഡി. സതീശൻ: സർ, വ്യക്തതയ്ക്കുവേണ്ടി ചോദിച്ചതാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ വ്യക്തത വരുത്തുകയാണ്. ശ്രീ. കെ. എസ്. ശബരീനാഥൻ, അങ്ങയുടെ മണ്ഡലത്തിൽ കോട്ടൂർ ആന പുനരധിവാസ കേന്ദ്രമുണ്ട്. 2017-2018-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. അവിടെ വേണമെങ്കിൽ രണ്ട് ഷെഡ് കെട്ടുക, ചെറിയ റോഡ് ടാർ ചെയ്യുക തുടങ്ങിയ പ്രവൃത്തികൾ നാലോ, അഞ്ചോ കോടി രൂപയ്ക്ക് നിർത്താം. എന്നാൽ ഇപ്പോൾ ആ പ്രോജക്ട് എങ്ങനെയാണ്? അവിടെ ഏതാണ്ട് നൂറോളം ആനകളെ പരിപാലിക്കാൻ സാധിക്കുന്നരീതിയിൽ വിവിധങ്ങളായിട്ടുള്ള സംവിധാനങ്ങൾ, അവിടെ വരുന്ന സന്ദർശകർക്ക് ഭക്ഷണം കഴിക്കാനും റസ്റ്റ് ചെയ്യാനുമുള്ള സൗകര്യങ്ങൾ, കേരളത്തിലെ ആനകളെക്കുറിച്ചുള്ള മ്യൂസിയം എല്ലാംകൂടി 76 കോടി രൂപയാണ്. എന്താണ് നടക്കുന്നതെന്ന് മനസ്സിലാകണമല്ലോ. ഇതിനായി പുറത്തുനിന്നും ഒരു കൺസൾട്ടന്റിനെ വച്ചു. ചില പരിപാടികൾ തയ്യാറാക്കിയതിനുശേഷം അപ്രൈസൽ നടത്തി വച്ചിരിക്കുന്നു. 2017-18-ലെ ബഡ്ജറ്റിൽ പരപ്പനങ്ങാടി ഹാർബറും ചെത്തി ഹാർബറും

ഒരുമിച്ചാണ് പറഞ്ഞത്. രണ്ടിനും ഡി.പി.ആർ. തയ്യാറാക്കി. അതുകഴിഞ്ഞ് അപ്രൈസൽ നടത്തി പരപ്പനങ്ങാടി ഹാർബർ 115 കോടി രൂപയ്ക്ക് കൊടുത്തു. ചെത്തി ഹാർബർ എന്റെ മണ്ഡലത്തിലാണ്. 100 കോടി രൂപ വേണ്ട, 65 കോടി രൂപയായി റിവൈസ് ചെയ്യണമെന്ന് അപ്രൈസൽ ടീം പറഞ്ഞതനുസരിച്ച് അത് റിവൈസ് ചെയ്തുകൊണ്ടിരിക്കുകയാണ്. കാരണം, അവിടത്തെ കറണ്ടും മറ്റുകാര്യങ്ങളും വച്ചുനോക്കുമ്പോൾ മതിൽ പണിയാനായി അത്രയും മതിയാകും. അഞ്ചാറ് വർഷം മുമ്പ് ആലപ്പുഴയ്ക്കും ചേർത്തലയ്ക്കും ഇടയ്ക്കുള്ള ഭാഗം ബി.എം.&ബി.സി. റോഡാക്കിയ തറിയാമല്ലോ; അതുപോലെ നിലവിലുള്ള ഒരു റോഡിന്റെ ഒരറ്റം മുതൽ മറ്റേയറ്റംവരെ തീർക്കുന്നതിന് പ്രശ്നമൊന്നുമില്ല. അതിന് എ.എസ്. കൊടുത്ത് സാധാരണ ചെയ്യുന്നതു പോലെ ചെയ്താൽ മതി. നമ്മുടെ തീരദേശ ടൂറിസം വികസനത്തെ പ്രോത്സാഹിപ്പിക്കാൻ കഴിയുന്ന രീതിയിൽ 12 മീറ്റർ വീതിയിൽ ഡിസൈൻ റോഡ്, സൈക്കിൾ ട്രാക്ക്, അതിനുവേണ്ടിയുള്ള മെഷർമെന്റ്, ഇൻവെസ്റ്റിഗേഷൻ തുടങ്ങിയവ ചെയ്തിട്ടുണ്ട്. ചെല്ലാനം പോലെയുള്ള സ്ഥലങ്ങളിൽ എലവേറ്റഡ് റോഡ് ഒരുകാരണവശാലും സാദ്ധ്യമല്ല. കേരളത്തിന്റെ തീരദേശ വികസനത്തെ ആകെ മാറ്റിമറിക്കാൻ കഴിയുന്ന തരത്തിൽ നിർമ്മിക്കുകയാണ്. അതിന് കുറച്ച് സമയമെടുക്കും. നിങ്ങളുടെ പഴയ ഗെയിം അല്ല; ശ്രീ. കെ. മുരളീധരൻ ഇവിടെയുണ്ടല്ലോ; പേരൂർക്കട ജംഗ്ഷനിൽ നടക്കാൻ പോകുന്നത് എന്താണ്; ഈ രീതിയിലുള്ള പ്രോജക്ടുകൾ ഭാവിയിലേയ്ക്കുവേണ്ടി നമുക്ക് പരിചിതമല്ലാത്തരീതിയിൽ അതിന്റെ ഡിസൈനോടുകൂടി വിശദമായ പ്രോജക്ടുകളാക്കി മാറ്റുന്നതിന് സമയമെടുക്കും. കിഫ്ബിയുടെ പണം അനുവദിച്ചു, ഇനി ടെണ്ടർ വിളിക്കാം, നടപ്പിലാക്കാം, ഇതാണ് മഹാഭൂരിപക്ഷം പ്രോജക്ടുകളുടേയും സ്ഥിതി. ചിലപ്പോൾ കുറച്ച് വൈകിയെന്നുവരാം. പക്ഷേ, എന്തിനാണ് ഒന്നും രണ്ടും വർഷം ഇത് പ്രഖ്യാപിച്ചത്; വേണമെങ്കിൽ എല്ലാ വർഷവും പതിനായിരം രൂപവച്ച് വയ്ക്കാമായിരുന്നില്ലേ; ഒന്നും രണ്ടും വർഷം ഇങ്ങനെ നൽകിയത് നാലാം വർഷമാകുമ്പോഴേയ്ക്കും നാല്പതിനായിരം കോടി രൂപയുടെയെങ്കിലും വർക്ക് നടക്കണം. അങ്ങനെ സമയബന്ധിതമായി ഒരു വീഴ്ചയുമില്ലാതെ കിഫ്ബിയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങനെ നടത്തുമെന്ന് അങ്ങ് പറയുന്നതിനെ വളരെ സന്തോഷത്തോടെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഇവിടെയുള്ള പ്രശ്നം എന്താണ്? ഇത്രയും പണം ഒരുമിച്ച് കൊടുത്തപ്പോൾ എല്ലാ വർക്കുകളും ചെയ്യാനുള്ള മെക്കാനിസമില്ല. 2016-17-ൽ കിട്ടിയ പല പ്രോജക്ടുകൾക്കും എ.എസ്. കിട്ടിയെന്നുള്ളത് ശരിയാണ്. അതിന്റെ ഡിസൈൻപോലും കിട്ടാതെ കിടക്കുകയാണ്. ഇപ്പോൾ ഡ്രിക്ക് ബോർഡിന് അത് ചെയ്യാനുള്ള കപ്പാസിറ്റിയില്ല. ഇത്രയും പണംകൊടുക്കുമ്പോൾ അത് ചെയ്യാനുള്ള മെക്കാനിസം കൂടിയുണ്ടാക്കണം. അതാണ് പ്രശ്നം. അതുകൊണ്ടാണ് ഞങ്ങളിത് ചർച്ച ചെയ്യുന്നത്. ഇത് പ്രായോഗികമാക്കാൻ വേണ്ടിയാണ് ഞങ്ങൾ ഇതൊക്കെ പറയുന്നത്. രണ്ട് വർഷമായി ഡിസൈൻ കിട്ടാതെ നൂറുക്കണക്കിന് വർക്കുകൾ മുടങ്ങിക്കിടക്കുകയാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, കിഫ്ബിയുമായി ബന്ധപ്പെട്ട് ആദ്യം ഡി.പി.ആർ.-ന് ഒരു ഗൈഡ് ലൈൻതന്നു. അതനുസരിച്ച് ഡി.പി.ആർ. സബ്മിറ്റ് ചെയ്തപ്പോൾ തുക ചുരുക്കണമെന്നാണ് പറഞ്ഞത്. തുക ചുരുക്കികൊടുത്തപ്പോൾ അതിൽ ഡ്രെയിനേജും മറ്റ് പലതും വന്നിട്ടില്ലെന്ന് പറഞ്ഞു. ഇങ്ങനെ മൂന്ന് തവണയായി പരസ്പര വിരുദ്ധമായ ഓരോ കാരണങ്ങൾ പറഞ്ഞ് മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള ഗൈഡ്ലൈനുകൾ ഒരിക്കൽ വന്നാൽ മാറ്റിക്കൊണ്ടിരിക്കുന്നതുകൊണ്ട് അത് ടെണ്ടർ ചെയ്യാൻ സാധിക്കുന്നില്ല. എ.എസ്. കിട്ടിയ വർക്കിന്റെ കാര്യമാണ് പറയുന്നത്. അതിൽ അങ്ങ് ഇടപെടണം, അവ ടെണ്ടർ ചെയ്യിക്കാനുള്ള നടപടിയുണ്ടാകണം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഏതെങ്കിലും പ്രോജക്ടിന് പ്രശ്നമുണ്ടെങ്കിൽ അത് ഞാൻ നേരിട്ട് പരിശോധിക്കാം. എന്റെ അറിവിൽ അങ്ങനെയില്ല. ബഹുമാനപ്പെട്ട മെമ്പർക്ക് അങ്ങനെ ഏതെങ്കിലും പ്രോജക്ടുണ്ടെങ്കിൽ പരിശോധിക്കാം. It is a game changer. കുറച്ച് കുശുമ്പ് കാണിച്ച് എന്തെങ്കിലും പറഞ്ഞതുകൊണ്ട് അതൊന്നും ഇല്ലാതാകാൻ പോകുന്നില്ല. ശ്രീ. കെ. എസ്. ശബരീനാഥനെപ്പോലെയുള്ള ഒരാൾ ഇങ്ങനെയൊക്കെ പറയുമ്പോഴാണ് വലിയ അത്ഭുതം തോന്നുന്നത്. ടി.വി.-യിൽക്കൂടി അങ്ങനെയൊക്കെ പറഞ്ഞോ, നിയമസഭയിൽ നമ്മൾ മാത്രമിരുന്ന് അന്യോന്യം ചർച്ച ചെയ്യുമ്പോൾ ഇങ്ങനെ പറയുന്നത് എന്തിനാണ്?

രണ്ടാമത്തേത്, ചെലവാക്കലിനെക്കുറിച്ച് ഇവിടെ പലരും സംസാരിച്ചു. അതിനെക്കുറിച്ച് നാളെ ചർച്ച ചെയ്യാം. വഖഫ് ബോർഡിന്റെ കേസ് ഇവിടെ രണ്ടുപേർ ഉന്നയിച്ചിരുന്നു. മുന്നോക്കസമുദായത്തിന് എത്ര കൊടുത്തു; പിന്നോക്ക സമുദായത്തിന് എത്ര കൊടുത്തു; എസ്.സി/ എസ്.ടി.-ക്ക് എന്താണിത്ര മൈനോറിറ്റി കുറവ് എന്നെല്ലാം ഇവിടെ പറയുകയുണ്ടായി. അതിന്റെ കണക്ക് ഞാൻവായിക്കാം. യു.ഡി.എഫ്.-ന്റെ അഞ്ച് വർഷത്തിൽ മൈനോറിറ്റി വകുപ്പിന് അനുവദിച്ചത് 374 കോടി രൂപ, ചെലവാക്കിയത് 220 കോടി രൂപ. എൽ.ഡി.എഫ്.-ന്റെ മൂന്ന് വർഷകാലത്തിനിടയിൽ ബഡ്ജറ്റിൽ പ്രൊവൈഡ് ചെയ്തത് 534 കോടി രൂപയും ചെലവാക്കിയത് 442 കോടി രൂപയുമാണ്. Anybody can move a privilege. ഇത്രയും മാത്രമേ ഞാൻ പറയുന്നുള്ളൂ. നിങ്ങൾ ഭരിച്ചിരുന്ന കാലത്ത് വഖഫ് ബോർഡിന് കൊടുക്കാനുണ്ടായിരുന്നത് കൊടുക്കുന്നു. ഈ വർഷത്തെ ബഡ്ജറ്റിൽ ഒരു കാര്യം കൂടി പ്രഖ്യാപിച്ചു. സ്ത്രീകളുടെ ഒരു ബ്ലോക്കുകൂടി പണിയും. അത് പോരെങ്കിൽ നമുക്ക് വർദ്ധിപ്പിക്കാം. വഖഫ് ബോർഡ് നിവേദനവുമായി വന്നപ്പോൾ, ഇപ്പോഴത്തെ അലോക്കേഷൻ തീരട്ടെ, ബാക്കിയുള്ള കാര്യങ്ങൾ പിന്നീട് നോക്കാമെന്ന് സർക്കാർ പറഞ്ഞിട്ടുണ്ട്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, അത് സ്ത്രീകളുടെ ബ്ലോക്ക്. വഖഫ് ബോർഡിനെ കുറിച്ച് പറഞ്ഞിട്ടില്ല. ഹജ്ജിനാണ് സെപ്പറേറ്റ് ബ്ലോക്ക്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഓഖിയെക്കുറിച്ചാണ് അടുത്ത പ്രമാദമായ ചോദ്യം ഇവിടെയുണ്ടായത്. രണ്ടായിരം കോടി രൂപ പ്രഖ്യാപിച്ചു. എന്ത് ചെലവായി; ഒരു ബഹുമാന്യ പത്രത്തിന്റെ എഡിറ്റോറിയൽതന്നെ ഇതിനെക്കുറിച്ചെഴുതി. രണ്ടായിരം കോടി രൂപയുടേത് തീരദേശ പാക്കേജല്ലേ; തീരദേശപാക്കേജിലുണ്ടാവുക എന്താണ്? ഒന്ന്, തീരസംരക്ഷണം, കടൽഭിത്തി, പുലിമുട്ട്, ഫിഷിംഗ് ഹാർബർ. രണ്ട്, തീരദേശത്തുനിന്നുള്ള പുനരധിവാസം. 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ കഴിയണം. മൂന്ന്, തീരദേശത്തെ ഇൻഫ്രാസ്ട്രക്ച്ചർ. നാല്, തീരദേശത്തെ സോഷ്യൽ ഇൻഫ്രാസ്ട്രക്ച്ചർ, അതായത്, സ്കൂൾ, ആശുപത്രി തുടങ്ങിയവ. അഞ്ച്, തീരദേശത്തെ തൊഴിൽ. ഇതൊന്നുമല്ലാതെ ഈ പാക്കേജിൽ ഉൾപ്പെടുത്താൻ ആർക്കെങ്കിലും എന്തെങ്കിലും നിർദ്ദേശമുണ്ടോ? ഇതല്ലേ തീരദേശ പാക്കേജ്. ഈ ഇനങ്ങളല്ലാതെ മറ്റൊന്നുമില്ലല്ലോ; കഴിഞ്ഞ വർഷം കിഫ്ബിയിൽനിന്നും 250 കോടി രൂപ കടൽ ഭിത്തിക്കും പുലിമുട്ട് നിർമ്മിക്കുന്നതിനുമായി അനുവദിച്ചു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മൂന്ന് വർഷക്കാലത്തിനുള്ളിൽ എവിടെയെങ്കിലും ഒരു കല്ലിട്ടിട്ടുണ്ടോ; വെറുതെ വർത്തമാനം പറയരുത്; ഞാനും കടൽക്ഷോഭം അനുഭവിക്കുന്ന പ്രദേശത്തെ ആളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ട് വർഷത്തിനുമുമ്പ് യോഗം വിളിച്ചുകൂട്ടിയതാണ്. എവിടെയെങ്കിലും ഒരു കല്ലിട്ടിട്ടുണ്ടോ; ബഹുമാനപ്പെട്ട മന്ത്രി ജി. സുധാകരനോട് ചോദിക്കു. വെറുതെ വർത്തമാനം പറയേണ്ട.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ മൂന്ന് വർഷക്കാലത്തെ കഥയല്ല പറയുന്നത്. രണ്ടായിരം കോടി രൂപ പ്രഖ്യാപിച്ചതിനുശേഷമുള്ള കാര്യത്തെക്കുറിച്ചാണ് പറയുന്നത്. കിഫ്ബിയിൽനിന്ന് പണം അനുവദിച്ചിട്ടുണ്ട്. രണ്ട്, 250 കോടി രൂപയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്താണെന്ന് അറിയാമോ? ഇപ്പോൾ പ്രബലമായിട്ടുള്ള ഒരു ചർച്ച, offshore breakwater ആണ് വേണ്ടത്. അതാണ് അഭികാമ്യം. ഇപ്പോൾ പൂന്തുറയിൽ ചെയ്യുകയാണ്. പൂന്തുറയുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ എവിടെയൊക്കെ സംരക്ഷണം വേണോ അവിടെയെല്ലാം സംരക്ഷണഭിത്തി പണിയും

ശ്രീ. എം. വിൻസെന്റ്: സർ, ഓഖി പാക്കേജിനെ സംബന്ധിച്ച് അങ്ങ് പൊതുവായ കാര്യങ്ങളാണ് പറയുന്നത്. ഇതിനുവേണ്ടി ശ്രീ. എസ്. എം. വിജയാനന്ദന്റെ നേതൃത്വത്തിൽ ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത്. ആ എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ട് വന്നിട്ടുണ്ടോ; ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: ബഹുമാനപ്പെട്ട അംഗം, ആദ്യം ഞാൻ പറയുന്നത് കേൾക്കൂ. അതിനുശേഷം നിങ്ങളുടെ ചോദ്യത്തിന് മറുപടി പറയാം. വേറെയൊന്നുമില്ലെങ്കിലും പരപ്പനങ്ങാടിക്ക് 115 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരമായോ? അതിന്റെ റേറ്റ് റിവൈസ് ചെയ്യണമെന്ന് പറഞ്ഞതുകൊണ്ടല്ലേ താമസിക്കുന്നത്. അൻപത് കോടി രൂപ ഈ വർഷത്തെയും കഴിഞ്ഞ വർഷത്തെയും ബഡ്ജറ്റിലുണ്ട്. മുന്നൂറ് കോടി രൂപയുടെ ഫണ്ടിന് നബാർഡുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു. കടലോര പ്രദേശത്തെ അൻപത് മീറ്ററിനുള്ളിൽ താമസിക്കുന്നവരെ മാറ്റി താമസിപ്പിക്കാൻ കഴിഞ്ഞ വർഷവും ഈ വർഷവും നൂറ് കോടി രൂപ വീതം അനുവദിച്ചു. റീബിൽഡ് പാക്കേജിന്റെ ഭാഗമായി ബാക്കിയുള്ളവരെയും പുനരധിവസിപ്പിക്കാനുള്ള പദ്ധതിയിലേയ്ക്ക് നീങ്ങും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി, അങ്ങ് എന്താണ് പറയുന്നത്? കഴിഞ്ഞ ബഡ്ജറ്റിൽ രണ്ടായിരം കോടി രൂപയുടെ തീരദേശ പാക്കേജ് അങ്ങ് പ്രഖ്യാപിച്ചതാണ്. കിഫ്ബിയിലല്ല പ്രഖ്യാപിച്ചത്. കിഫ്ബിയിൽ പ്രഖ്യാപിച്ചുവെന്നാണ് അങ്ങ് ഇപ്പോൾ പറയുന്നത്. രണ്ടര വർഷമായി കേരളത്തിലെ തീരദേശത്തൊരിടത്തും കടൽഭിത്തി നിർമ്മിച്ചിട്ടില്ല. എന്റെയും ശ്രീ. ജി. സുധാകരന്റെയും മണ്ഡലങ്ങൾ അടുത്തടുത്താണ്. കടൽക്ഷോഭം നേരിടുന്ന ആളുകളാണ് ഞങ്ങൾ. ആലപ്പുഴ ജില്ലയിൽ കടൽഭിത്തിക്കായി ഒരു സ്ഥലത്തെങ്കിലും കല്ലിട്ടിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒന്നുകിൽ ഞാൻ പറയുന്നത് അങ്ങ് കേൾക്കാൻ തയ്യാറാകുക. മൂന്ന് വർഷക്കാലത്തിനിടയിൽ പണിതതിനെക്കുറിച്ചല്ല, കഴിഞ്ഞ വർഷം അനുവദിച്ചതിനെക്കുറിച്ചാണ് പറഞ്ഞത്. അതിന്റെ രേഖ ഞാൻ അങ്ങേയ്ക്ക് തരാം. ഈ സഭയിലിരുന്ന് ഞാൻ അങ്ങയോട് കള്ളം പറയുമോ?

ഈ ബഡ്ജറ്റിൽ പറയുന്നതിൽ കിഫ്ബിയിൽ നിന്നുള്ള കംപോണന്റുണ്ടാകും, ബഡ്ജറ്റിൽ നിന്നുണ്ടാകും, നബാർഡിൽ നിന്നുള്ള വായ്പയുണ്ടാകും, റീബിൽഡിന് വരാൻപോകുന്ന കംപോണന്റുണ്ടാകും. അങ്ങനെയല്ലേ ചെയ്യുന്നത്; അതിനെയല്ലേ പാക്കേജ് എന്ന് പറയുന്നത്. സമയപരിമിതിമൂലം ഞാൻ ഓരോ ഘട്ടത്തിലേയ്ക്കും കടക്കുന്നില്ല. ഇപ്പോൾ ഞാൻ പറഞ്ഞത് കൂട്ടിനോക്കിയാൽ ഈ തുകയുടെ അപ്പുറം വരും. അപ്പോഴാണ് ഇതൊരു റിപ്പോർട്ടായിട്ടുണ്ടോ എന്നുള്ള ചോദ്യം വരുന്നത്. റിപ്പോർട്ടായിട്ടില്ല. ആ റിപ്പോർട്ട് ഇനി പ്രത്യേകിച്ച് വേണ്ട, റീബിൽഡിന്റെ ഭാഗമായി ആകട്ടെയെന്നാണ് ഞാൻ പറഞ്ഞിരിക്കുന്നത്. അതുവരെ കാത്തുനിൽക്കാതെ രണ്ടായിരം കോടി രൂപ പ്രഖ്യാപിച്ചതിനനുസൃതമായ പദ്ധതികൾ ഇന്ന് നടപ്പാക്കുകയാണ്, കാത്തുനിൽക്കുകയല്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ, ഇവിടെ ഇത്രയുംനേരം ചർച്ച നടത്തി. അദ്ദേഹം സംസാരിച്ച് അവസാനിപ്പിച്ചതിനുശേഷം നിങ്ങൾ ഓരോരുത്തരും ചോദ്യങ്ങൾ ചോദിച്ച് ക്ലാരിഫൈ ചെയ്തുകൊള്ളൂ.

ശ്രീ. എം. ഉമ്മർ: സർ, ബഹുമാനപ്പെട്ട മന്ത്രി വഴങ്ങിയതാണ്.

മി. സ്പീക്കർ: മന്ത്രി വഴങ്ങിയെങ്കിലും ചെയറിന്റെ അഭിപ്രായമാണ് പറയുന്നത്. അദ്ദേഹം അവസാനിപ്പിച്ചതിനുശേഷം ചോദിച്ചാൽ പോരേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ചീക്കോട് കുടിവെള്ള പദ്ധതിയെക്കുറിച്ചാണ് ചോദിച്ചത്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഇതുസംബന്ധിച്ച് മീറ്റിംഗ് നടത്തി, ഈ പ്രശ്നം എങ്ങനെ പരിഹരിക്കാമെന്ന് പരിശോധിച്ചതിനുശേഷം അതനുസരിച്ച് കാര്യങ്ങൾ ചെയ്യാം. ഇത് ഇപ്പോഴുള്ള തർക്കമല്ല. വളരെ പണ്ട് മുതലേ ഉള്ളതാണ്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അത് പരിഹരിക്കാവുന്നതാണ്. ഇതുപോലെ ധാരാളം കാര്യങ്ങൾ ഇവിടെ ഉയർന്നു വന്നു. സമയക്കുറവുകൊണ്ട് അവ ഓരോന്നിനെക്കുറിച്ചും സംസാരിക്കാൻ ഞാൻ മുതിരുന്നില്ല. പക്ഷേ ഈ പ്രവർത്തനങ്ങൾക്കെല്ലാം നവോത്ഥാന മൂല്യങ്ങളുമായുള്ള ബന്ധം എന്താണ്? നവോത്ഥാന പ്രസ്ഥാനമെന്നുപറഞ്ഞ് വർഗ്ഗീയ കക്ഷികളെ കൂട്ടുപിടിക്കുകയാണല്ലോ എന്നൊക്കെപ്പറഞ്ഞ് ഒരുപാട് വേവലാതികളുണ്ടായിരുന്നു. ശ്രീ. പി. ടി. തോമസിനാണ് ഈ വേവലാതി വളരെ കലശലായിട്ടുള്ളത്. ഞങ്ങളെ ശരിയായ രാഷ്ട്രീയം പഠിപ്പിക്കാൻ അങ്ങ് തീരുമാനിച്ചിരിക്കുകയാണ്. ഡിക്ഷണറിയിൽ ഒരു പദപ്രയോഗമുണ്ട് - philistine. ഇത് മോശം വാക്കല്ല. ധാരാളം കിതാബുകൾ നോക്കുക, എന്നാൽ കിതാബിലെഴുതിയിരിക്കുന്നത് എന്താണെന്ന് മനസ്സിലാകാതിരിക്കുക, എന്നിട്ടത് ഛർദ്ദിക്കുക, ഇതിനെ സൂചിപ്പിക്കുന്നതാണ് philistine എന്ന വാക്ക്. ഏതാണ്ട് ആ സ്വഭാവത്തിലുള്ള വർത്തമാനമാണിത്.

കേരളത്തിലെ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുമായി ഇടപെട്ടും മാറി നിന്നുമുള്ള ധാരാളം ഘട്ടങ്ങളിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടി കടന്നുപോയിട്ടുണ്ട്. അതുകൊണ്ട് ഏതെങ്കിലുമൊരു സാധനം എടുത്തുവച്ച് ഇപ്പോൾ ഇതെന്താ ഇങ്ങനെയെന്ന് ചോദിക്കേണ്ട കാര്യമില്ല. ജാതിയുടെയോ മതത്തിന്റെയോ അടിസ്ഥാനത്തിൽ രാഷ്ട്രീയത്തിലിടപെടുന്നതിന് ഞങ്ങൾ എതിരാണെന്ന നിലപാടിൽ ഒരു തർക്കവുമില്ല. പക്ഷേ, ഇത് രാഷ്ട്രീയമല്ല. കേരളത്തിലെ നവോത്ഥാന മൂല്യങ്ങളെ ചിലർ വെല്ലുവിളിക്കുകയാണ്. ശ്രീ. രാഹുൽ ഗാന്ധിയുടെ നിലപാട് ഇവിടെ പറഞ്ഞാൽ നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. സ്ത്രീ പ്രവേശനത്തിൽ യാതൊരു തെറ്റുമില്ല. ഇങ്ങനെയുള്ള ആചാരങ്ങൾ മാറേണ്ടതാണ്. പക്ഷേ സമയമായിട്ടില്ല. ഇവിടെ

മനുഷ്യന്റെ മനസ്സിൽ മാറ്റം വരുത്തണ്ടേ എന്നാണ് നിങ്ങൾ പറഞ്ഞിരുന്നതെങ്കിൽ നമുക്കത് മനസ്സിലാക്കാമായിരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിച്ചു കഴിഞ്ഞാൽ അതുതന്നെ വാക്ക്. പക്ഷേ, നിങ്ങൾ എന്താണ് ചെയ്തത്? അതുവരെയും ശബരിമലയിൽ കയറാം, കയറ്റാം എന്നുപറഞ്ഞുകൊണ്ടിരുന്ന ബി.ജെ.പി., വിധി വന്നുകഴിഞ്ഞപ്പോൾ നേരേ പ്ലെയ്റ്റ് മാറ്റി സമരമെന്ന ഗോൾഡൻ അവസരത്തിന് ഇറങ്ങിയപ്പോൾ നിങ്ങൾ അവരോടൊപ്പം കൂടുകയല്ലേ ചെയ്തത്? എന്ത് രാഷ്ട്രീയമാണിത്? ശ്രീ. രാഹുൽഗാന്ധി പറഞ്ഞതുപോലെ കോൺഗ്രസ്സിന് നിലപാടെടുക്കാം. പക്ഷേ, ബി.ജെ.പി.-യുടെ താളത്തിനൊത്ത് തുള്ളുന്ന, രാഷ്ട്രീയത്തിനോടൊപ്പം നമ്പൂതിരി മുതൽ നായാടി വരെയുള്ളവരെയെല്ലാം യോജിപ്പിച്ചുകൊടുക്കാൻ ഞങ്ങൾ നിന്നുതരില്ല. നവോത്ഥാനത്തിനോടൊപ്പം നിലപാടെടുക്കാൻ തയ്യാറുള്ള സംഘടനകൾ, വ്യക്തികൾ ഇവരെയെല്ലാവരെയും ഒരുമിപ്പിച്ച് നിർത്തി നിങ്ങളുടെ ഈ രാഷ്ട്രീയത്തെ ഞങ്ങൾ നേരിടും. അങ്ങനെയൊരു യോജിപ്പും വിശാല ഐക്യവും കേരളത്തിന്റെ പുനർ നിർമ്മാണത്തിനും നവകേരള സൃഷ്ടിക്കും അത്യന്താപേക്ഷിതമാണെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ ഈ പരിപാടികൾക്കൊപ്പം ബഡ്ജറ്റ് പ്രസംഗത്തിലും ഇതെല്ലാം ചേർക്കുന്നത്. സമയം കൂടുതലെടുത്തതിൽ ക്ഷമിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## തിരുത്തൽ സ്റ്റേറ്റുമെന്റ്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള അവസാന ഉപധനാഭ്യർത്ഥന സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ 24-ാം പേജിൽ 14-ാം ധനാഭ്യർത്ഥനയിലെ 2058-00-103-99-34-3-നോൺ പ്ലാൻ ചാർജ്ജ്ഡ് എന്ന കണക്കിനത്തിൽ ഉൾപ്പെടുത്തിയ 5.77 ലക്ഷം രൂപയ്ക്ക് നൽകിയിരുന്ന വിശദീകരണം (a)-യ്ക്കുള്ള തിരുത്തൽ സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം മേശപ്പുറത്ത് വയ്ക്കുന്നു.*

മി. സ്പീക്കർ: സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ആയിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ ..................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 17,70,97,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 26,73,32,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ

13. ശ്രീ. ബി. ഡി. ദേവസ്സി

14. ശ്രീ. സി. ദിവാകരൻ

15. ശ്രീ. എൽദോ എബ്രഹാം

16. ശ്രീമതി ഗീതാ ഗോപി

17. ശ്രീ. ചിറ്റയം ഗോപകുമാർ

18. ശ്രീ. സി. കെ. ഹരീന്ദ്രൻ

19. ഡോ. കെ. ടി. ജലീൽ

20. ശ്രീ. ജെയിംസ് മാത്യു

21. ശ്രീ. ജി. എസ്. ജയലാൽ

22. ശ്രീ. ഇ. പി. ജയരാജൻ

23. ശ്രീ. ജോൺ ഫെർണാണ്ടസ്

24. ശ്രീ. വി. ജോയി

25. ശ്രീ. ഒ. ആർ. കേളു

26. ശ്രീ. കെ. കൃഷ്ണൻകുട്ടി

27. ശ്രീ. കോവൂർ കുഞ്ഞുമോൻ

28. ശ്രീ. വി. കെ. സി. മമ്മത് കോയ

29. ശ്രീ. എം. എം. മണി

30. ശ്രീ. മാത്യു ടി. തോമസ്

31. ശ്രീ. കെ. ജെ. മാക്സി

32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

33. ശ്രീ. എ. സി. മൊയ്തീൻ

34. ശ്രീ. മുഹമ്മദ് മുഹസിൻ പി.

35. ശ്രീ. എം. മുകേഷ്

36. ശ്രീ. ഡി. കെ. മുരളി

37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി

61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി

7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. സി. എഫ്. തോമസ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ - 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,50,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ

13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി

37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി

61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി

7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. സി. എഫ്. തോമസ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ</u>

ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ</u>: വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,60,52,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ

12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്

36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി

60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി

7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. സി. എഫ്. തോമസ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,48,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ

11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.

35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എ. കെ. ശശീന്ദ്രൻ

59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്

5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. സി. എഫ്. തോമസ്

29. ശ്രീ. പി. ടി. തോമസ്

30. ശ്രീ. പി. ഉബൈദുള്ള

31. ശ്രീ. എം. ഉമ്മർ

32. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 19,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ

2. ശ്രീ. വി. അബ്ദുറഹിമാൻ

3. ശ്രീ. കെ. ആൻസലൻ

4. ശ്രീ. പി. വി. അൻവർ

5. ശ്രീ. എ. എം. ആരിഫ്

6. പ്രൊഫ. കെ. യു. അരുണൻ

7. ശ്രീമതി സി. കെ. ആശ

8. ശ്രീ. കെ. ബാബു

9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്

57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല

3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ

27. ശ്രീ. വി. ഡി. സതീശൻ

28. ശ്രീ. സി. എഫ്. തോമസ്

29. ശ്രീ. പി. ടി. തോമസ്

30. ശ്രീ. പി. ഉബൈദുള്ള

31. ശ്രീ. എം. ഉമ്മർ

32. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 327,38,53,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ

2. ശ്രീ. വി. അബ്ദുറഹിമാൻ

3. ശ്രീ. കെ. ആൻസലൻ

4. ശ്രീ. പി. വി. അൻവർ

5. ശ്രീ. എ. എം. ആരിഫ്

6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യൂ
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി

30. ശ്രീ. മാത്യു ടി. തോമസ്

31. ശ്രീ. കെ. ജെ. മാക്സി

32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

33. ശ്രീ. എ. സി. മൊയ്തീൻ

34. ശ്രീ. മുഹമ്മദ് മുഹസിൻ പി.

35. ശ്രീ. എം. മുകേഷ്

36. ശ്രീ. ഡി. കെ. മുരളി

37. ശ്രീ. മുരളി പെരുനെല്ലി

38. ശ്രീ. സി. കെ. നാണു

39. ശ്രീ. എം. നൗഷാദ്

40. ശ്രീ. യു. ആർ. പ്രദീപ്

41. ശ്രീ. എ. പ്രദീപ് കുമാർ

42. ശ്രീ. കെ. ഡി. പ്രസേനൻ

43. ശ്രീമതി യു. പ്രതിഭ

44. ശ്രീ. പി. ടി. എ. റഹീം

45. ശ്രീ. എം. രാജഗോപാലൻ

46. ശ്രീ. കെ. രാജൻ

47. ശ്രീ. എസ്. രാജേന്ദ്രൻ

48. ശ്രീ. ആർ. രാജേഷ്

49. ശ്രീ. റ്റി. വി. രാജേഷ്

50. ശ്രീ. കെ. രാജു

51. ശ്രീ. രാജു എബ്രഹാം

52. ശ്രീ. ആർ. രാമചന്ദ്രൻ

53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല

24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. സി. എഫ്. തോമസ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു. ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 37,31,36,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ

4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ

28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം

52. ശ്രീ. ആർ. രാമചന്ദ്രൻ

53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

55. ശ്രീ. മുല്ലക്കര രത്നാകരൻ

56. പ്രൊഫ. സി. രവീന്ദ്രനാഥ്

57. ശ്രീ. സജി ചെറിയാൻ

58. ശ്രീ. എ. കെ. ശശീന്ദ്രൻ

59. ശ്രീ. പി. കെ. ശശി

60. ശ്രീ. വി. ശശി

61. ശ്രീ. ഐ. ബി. സതീഷ്

62. ശ്രീ. ബി. സത്യൻ

63. ശ്രീ. എ. എൻ. ഷംസീർ

64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

65. ശ്രീ. ജി. സുധാകരൻ

66. ശ്രീ. വി. എസ്. സുനിൽ കുമാർ

67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

68. ശ്രീ. കെ. സുരേഷ് കുറുപ്പ്

69. ശ്രീ. എം. സ്വരാജ്

70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

71. ശ്രീ. പി. തിലോത്തമൻ

72. ഡോ. ടി. എം. തോമസ് ഐസക്

73. ശ്രീ. പി. ഉണ്ണി

74. ശ്രീ. കെ. വി. വിജയദാസ്

75. ശ്രീ. ഇ. കെ. വിജയൻ

76. ശ്രീ. പിണറായി വിജയൻ

77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

4. ശ്രീ. അടൂർ പ്രകാശ്

5. ശ്രീ. ടി. എ. അഹമ്മദ് കബീർ

6. ശ്രീ. മഞ്ഞളാംകുഴി അലി

7. ശ്രീ. അനിൽ അക്കര

8. ശ്രീ. എ. പി. അനിൽ കുമാർ

9. ശ്രീ. അനൂപ് ജേക്കബ്

10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. വി. ടി. ബൽറാം

12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

13. ശ്രീ. ഹൈബി ഈഡൻ

14. ശ്രീ. ടി. വി. ഇബ്രാഹിം

15. ഡോ. എൻ. ജയരാജ്

16. ശ്രീ. കെ. എൻ. എ. ഖാദർ

17. ശ്രീ. സി. മമ്മൂട്ടി

18. ശ്രീ. മോൻസ് ജോസഫ്

19. ഡോ. എം. കെ. മുനീർ

20. ശ്രീ. കെ. മുരളീധരൻ

21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

23. ശ്രീ. രമേശ് ചെന്നിത്തല

24. ശ്രീ. റോജി എം. ജോൺ

25. ശ്രീ. കെ. എസ്. ശബരീനാഥൻ

26. ശ്രീ. എൻ. ഷംസുദ്ദീൻ

27. ശ്രീ. വി. ഡി. സതീശൻ

28. ശ്രീ. സി. എഫ്. തോമസ്

29. ശ്രീ. പി. ടി. തോമസ്

30. ശ്രീ. പി. ഉബൈദുള്ള

31. ശ്രീ. എം. ഉമ്മർ

32. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു. പ്രകൃതി ക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3849,89,77,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്

24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ

48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ

72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി

18. ശ്രീ. മോൻസ് ജോസഫ്

19. ഡോ. എം. കെ. മുനീർ

20. ശ്രീ. കെ. മുരളീധരൻ

21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

23. ശ്രീ. രമേശ് ചെന്നിത്തല

24. ശ്രീ. റോജി എം. ജോൺ

25. ശ്രീ. കെ. എസ്. ശബരീനാഥൻ

26. ശ്രീ. എൻ. ഷംസുദ്ദീൻ

27. ശ്രീ. വി. ഡി. സതീശൻ

28. ശ്രീ. സി. എഫ്. തോമസ്

29. ശ്രീ. പി. ടി. തോമസ്

30. ശ്രീ. പി. ഉബൈദുള്ള

31. ശ്രീ. എം. ഉമ്മർ

32. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,16,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ

22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ

46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്

70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്

16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. സി. എഫ്. തോമസ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 408,52,35,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ

20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ

44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ

14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. സി. എഫ്. തോമസ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ</u>

ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 827,51,88,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി

17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്

41. ശ്രീ. എ. പ്രദീപ് കുമാർ

42. ശ്രീ. കെ. ഡി. പ്രസേനൻ

43. ശ്രീമതി യു. പ്രതിഭ

44. ശ്രീ. പി. ടി. എ. റഹീം

45. ശ്രീ. എം. രാജഗോപാലൻ

46. ശ്രീ. കെ. രാജൻ

47. ശ്രീ. എസ്. രാജേന്ദ്രൻ

48. ശ്രീ. ആർ. രാജേഷ്

49. ശ്രീ. റ്റി. വി. രാജേഷ്

50. ശ്രീ. കെ. രാജു

51. ശ്രീ. രാജു എബ്രഹാം

52. ശ്രീ. ആർ. രാമചന്ദ്രൻ

53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

55. ശ്രീ. മുല്ലക്കര രത്നാകരൻ

56. പ്രൊഫ. സി. രവീന്ദ്രനാഥ്

57. ശ്രീ. സജി ചെറിയാൻ

58. ശ്രീ. എ. കെ. ശശീന്ദ്രൻ

59. ശ്രീ. പി. കെ. ശശി

60. ശ്രീ. വി. ശശി

61. ശ്രീ. ഐ. ബി. സതീഷ്

62. ശ്രീ. ബി. സത്യൻ

63. ശ്രീ. എ. എൻ. ഷംസീർ

64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. സി. എഫ്. തോമസ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ</u>

ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,29,99,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി

14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി

38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്

62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര

8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. സി. എഫ്. തോമസ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 31,21,94,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ

12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്

36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി

60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ

6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. സി. എഫ്. തോമസ്
29. ശ്രീ. പി. ടി. തോമസ്

30. ശ്രീ. പി. ഉബൈദുള്ള

31. ശ്രീ. എം. ഉമ്മർ

32. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ</u>

ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ

10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ

34. ശ്രീ. മുഹമ്മദ് മുഹസിൻ പി.

35. ശ്രീ. എം. മുകേഷ്

36. ശ്രീ. ഡി. കെ. മുരളി

37. ശ്രീ. മുരളി പെരുനെല്ലി

38. ശ്രീ. സി. കെ. നാണു

39. ശ്രീ. എം. നൗഷാദ്

40. ശ്രീ. യു. ആർ. പ്രദീപ്

41. ശ്രീ. എ. പ്രദീപ് കുമാർ

42. ശ്രീ. കെ. ഡി. പ്രസേനൻ

43. ശ്രീമതി യു. പ്രതിഭ

44. ശ്രീ. പി. ടി. എ. റഹീം

45. ശ്രീ. എം. രാജഗോപാലൻ

46. ശ്രീ. കെ. രാജൻ

47. ശ്രീ. എസ്. രാജേന്ദ്രൻ

48. ശ്രീ. ആർ. രാജേഷ്

49. ശ്രീ. റ്റി. വി. രാജേഷ്

50. ശ്രീ. കെ. രാജു

51. ശ്രീ. രാജു എബ്രഹാം

52. ശ്രീ. ആർ. രാമചന്ദ്രൻ

53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

55. ശ്രീ. മുല്ലക്കര രത്നാകരൻ

56. പ്രൊഫ. സി. രവീന്ദ്രനാഥ്

57. ശ്രീ. സജി ചെറിയാൻ

58. ശ്രീ. എ. കെ. ശശീന്ദ്രൻ

59. ശ്രീ. പി. കെ. ശശി

60. ശ്രീ. വി. ശശി

61. ശ്രീ. ഐ. ബി. സതീഷ്

62. ശ്രീ. ബി. സത്യൻ

63. ശ്രീ. എ. എൻ. ഷംസീർ

64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

65. ശ്രീ. ജി. സുധാകരൻ

66. ശ്രീ. വി. എസ്. സുനിൽ കുമാർ

67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

68. ശ്രീ. കെ. സുരേഷ് കുറുപ്പ്

69. ശ്രീ. എം. സ്വരാജ്

70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

71. ശ്രീ. പി. തിലോത്തമൻ

72. ഡോ. ടി. എം. തോമസ് ഐസക്

73. ശ്രീ. പി. ഉണ്ണി

74. ശ്രീ. കെ. വി. വിജയദാസ്

75. ശ്രീ. ഇ. കെ. വിജയൻ

76. ശ്രീ. പിണറായി വിജയൻ

77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ

28. ശ്രീ. സി. എഫ്. തോമസ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 23,50,24,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ

8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി

32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

23. ശ്രീ. രമേശ് ചെന്നിത്തല

24. ശ്രീ. റോജി എം. ജോൺ

25. ശ്രീ. കെ. എസ്. ശബരീനാഥൻ

26. ശ്രീ. എൻ. ഷംസുദ്ദീൻ

27. ശ്രീ. വി. ഡി. സതീശൻ

28. ശ്രീ. സി. എഫ്. തോമസ്

29. ശ്രീ. പി. ടി. തോമസ്

30. ശ്രീ. പി. ഉബൈദുള്ള

31. ശ്രീ. എം. ഉമ്മർ

32. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 72,60,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ

2. ശ്രീ. വി. അബ്ദുറഹിമാൻ

3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി

27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു

51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. കെ. വി. വിജയദാസ്

75. ശ്രീ. ഇ. കെ. വിജയൻ

76. ശ്രീ. പിണറായി വിജയൻ

77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

4. ശ്രീ. അടൂർ പ്രകാശ്

5. ശ്രീ. ടി. എ. അഹമ്മദ് കബീർ

6. ശ്രീ. മഞ്ഞളാംകുഴി അലി

7. ശ്രീ. അനിൽ അക്കര

8. ശ്രീ. എ. പി. അനിൽ കുമാർ

9. ശ്രീ. അനൂപ് ജേക്കബ്

10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. വി. ടി. ബൽറാം

12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

13. ശ്രീ. ഹൈബി ഈഡൻ

14. ശ്രീ. ടി. വി. ഇബ്രാഹിം

15. ഡോ. എൻ. ജയരാജ്

16. ശ്രീ. കെ. എൻ. എ. ഖാദർ

17. ശ്രീ. സി. മമ്മൂട്ടി

18. ശ്രീ. മോൻസ് ജോസഫ്

19. ഡോ. എം. കെ. മുനീർ

20. ശ്രീ. കെ. മുരളീധരൻ

21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. സി. എഫ്. തോമസ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 202,17,50,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്

24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ

48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ

72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി

18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. സി. എഫ്. തോമസ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 307,95,00,00- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ

22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ

46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്

70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്

16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. സി. എഫ്. തോമസ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 271,13,66,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ

20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ

44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ

14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. സി. എഫ്. തോമസ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ</u>

ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 34,61,92,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ

18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ

42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ

66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം

12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. സി. എഫ്. തോമസ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ</u>

ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,15,06,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം

16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്

40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ

64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്

10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. സി. എഫ്. തോമസ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ</u>

ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീര വികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 30,49,27,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ

13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി

37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി

61. ശ്രീ. ഐ. ബി. സതീഷ്

62. ശ്രീ. ബി. സത്യൻ

63. ശ്രീ. എ. എൻ. ഷംസീർ

64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

65. ശ്രീ. ജി. സുധാകരൻ

66. ശ്രീ. വി. എസ്. സുനിൽ കുമാർ

67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

68. ശ്രീ. കെ. സുരേഷ് കുറുപ്പ്

69. ശ്രീ. എം. സ്വരാജ്

70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

71. ശ്രീ. പി. തിലോത്തമൻ

72. ഡോ. ടി. എം. തോമസ് ഐസക്

73. ശ്രീ. പി. ഉണ്ണി

74. ശ്രീ. കെ. വി. വിജയദാസ്

75. ശ്രീ. ഇ. കെ. വിജയൻ

76. ശ്രീ. പിണറായി വിജയൻ

77. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ് പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

4. ശ്രീ. അടൂർ പ്രകാശ്

5. ശ്രീ. ടി. എ. അഹമ്മദ് കബീർ

6. ശ്രീ. മഞ്ഞളാംകുഴി അലി

7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. സി. എഫ്. തോമസ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള

31. ശ്രീ. എം. ഉമ്മർ

32. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 24,53,46,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ

11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.

35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എ. കെ. ശശീന്ദ്രൻ

59. ശ്രീ. പി. കെ. ശശി

60. ശ്രീ. വി. ശശി

61. ശ്രീ. ഐ. ബി. സതീഷ്

62. ശ്രീ. ബി. സത്യൻ

63. ശ്രീ. എ. എൻ. ഷംസീർ

64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

65. ശ്രീ. ജി. സുധാകരൻ

66. ശ്രീ. വി. എസ്. സുനിൽ കുമാർ

67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

68. ശ്രീ. കെ. സുരേഷ് കുറുപ്പ്

69. ശ്രീ. എം. സ്വരാജ്

70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

71. ശ്രീ. പി. തിലോത്തമൻ

72. ഡോ. ടി. എം. തോമസ് ഐസക്

73. ശ്രീ. പി. ഉണ്ണി

74. ശ്രീ. കെ. വി. വിജയദാസ്

75. ശ്രീ. ഇ. കെ. വിജയൻ

76. ശ്രീ. പിണറായി വിജയൻ

77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

4. ശ്രീ. അടൂർ പ്രകാശ്

5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. സി. എഫ്. തോമസ്

29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 138,74,73,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു

9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്

57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല

3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ

27. ശ്രീ. വി. ഡി. സതീശൻ

28. ശ്രീ. സി. എഫ്. തോമസ്

29. ശ്രീ. പി. ടി. തോമസ്

30. ശ്രീ. പി. ഉബൈദുള്ള

31. ശ്രീ. എം. ഉമ്മർ

32. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ

2. ശ്രീ. വി. അബ്ദുറഹിമാൻ

3. ശ്രീ. കെ. ആൻസലൻ

4. ശ്രീ. പി. വി. അൻവർ

5. ശ്രീ. എ. എം. ആരിഫ്

6. പ്രൊഫ. കെ. യു. അരുണൻ

7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്

31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

55. ശ്രീ. മുല്ലക്കര രത്നാകരൻ

56. പ്രൊഫ. സി. രവീന്ദ്രനാഥ്

57. ശ്രീ. സജി ചെറിയാൻ

58. ശ്രീ. എ. കെ. ശശീന്ദ്രൻ

59. ശ്രീ. പി. കെ. ശശി

60. ശ്രീ. വി. ശശി

61. ശ്രീ. ഐ. ബി. സതീഷ്

62. ശ്രീ. ബി. സത്യൻ

63. ശ്രീ. എ. എൻ. ഷംസീർ

64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

65. ശ്രീ. ജി. സുധാകരൻ

66. ശ്രീ. വി. എസ്. സുനിൽ കുമാർ

67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

68. ശ്രീ. കെ. സുരേഷ് കുറുപ്പ്

69. ശ്രീ. എം. സ്വരാജ്

70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

71. ശ്രീ. പി. തിലോത്തമൻ

72. ഡോ. ടി. എം. തോമസ് ഐസക്

73. ശ്രീ. പി. ഉണ്ണി

74. ശ്രീ. കെ. വി. വിജയദാസ്

75. ശ്രീ. ഇ. കെ. വിജയൻ

76. ശ്രീ. പിണറായി വിജയൻ

77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല

24. ശ്രീ. റോജി എം. ജോൺ

25. ശ്രീ. കെ. എസ്. ശബരീനാഥൻ

26. ശ്രീ. എൻ. ഷംസുദ്ദീൻ

27. ശ്രീ. വി. ഡി. സതീശൻ

28. ശ്രീ. സി. എഫ്. തോമസ്

29. ശ്രീ. പി. ടി. തോമസ്

30. ശ്രീ. പി. ഉബൈദുള്ള

31. ശ്രീ. എം. ഉമ്മർ

32. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ</u>

ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 637,07,94, 000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ

2. ശ്രീ. വി. അബ്ദുറഹിമാൻ

3. ശ്രീ. കെ. ആൻസലൻ

4. ശ്രീ. പി. വി. അൻവർ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ

28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം

52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല

24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. സി. എഫ്. തോമസ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ- 32

നിഷ്പക്ഷത പാലിക്കുന്നവർ- 1

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ

മി. സ്പീക്കർ: സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,73,81,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,33,15,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,72,77,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,57,47,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,39,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1115,23,18,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1600,68,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1311,41,75,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........................

പ്രതികൂലിക്കുന്നവർ .........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ഫെബ്രുവരി മാസം 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.57-ന് പിരിഞ്ഞു.)

**അനുബന്ധം**

1. 3-12-2018-ലെ നക്ഷത്രചിഹ്നമിട്ട 93-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്ര വികസനം

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ,

(എ) മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്ര വികസനത്തിനായി പ്രഖ്യാപിച്ച 2000 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുന്നതിനായി മുൻ ചീഫ് സെക്രട്ടറിയും നിലവിൽ സി.എം.ഡി. ചെയർമാനുമായ ശ്രീ. എസ്. എം. വിജയാനന്ദ് ചെയർമാനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പഠനങ്ങൾ നടത്തേണ്ടതും ഫീൽഡുതല വിവരങ്ങൾ ശേഖരിക്കേണ്ടതുമുണ്ട്. ഇതിനായി ജീവനോപാധി സംബന്ധിച്ചുള്ള പഠനങ്ങൾ IRMA (Institute of Rural Management Anand) മുഖാന്തരവും Basic Human Needs, Coastal Infrastructure, Human Development, Social Security, Quality of Public Services, Self Help Groups and Co-operatives, Sea Safety, Disaster Management എന്നിവ സംബന്ധിച്ചുള്ള പഠനങ്ങൾ TISS (Tata Institute of Social Science) മുഖാന്തരവും നടത്തുന്നതിന് തീരുമാനിക്കുകയും ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതിന് KPMG (Klynveld Peat Marwic Goerdeler)-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ, പ്രളയത്തിന്റെ ചുറ്റുപാടിൽ മത്സ്യത്തൊഴിലാളി പുനരധിവാസം (600 കോടി രൂപ), ഫിഷിംഗ് ഇൻപുട്ട്സ് (99.91 കോടി രൂപ), മത്സ്യ കൃഷി മേഖലയുടെ പുനരുദ്ധാരണം (204.93 കോടി രൂപ), ജീവനോപാധി പദ്ധതികൾ (102.8 കോടി രൂപ), മത്സ്യമാർക്കറ്റുകളുടെ നവീകരണം (38.98 കോടി രൂപ), കൃത്രിമ പാരുകൾ (4 കോടി രൂപ), ഫിഷ്‌ലാന്റിംഗ് സെന്ററുകളിലെ അടിസ്ഥാന സൗകര്യ വികസനം (20.05 കോടി രൂപ), ഓർണമെന്റൽ ഫിഷറീസ് (15.93 കോടി രൂപ) എന്നീ മേഖലകളിലേയ്ക്കായി ആകെ 1086.60 കോടി രൂപയുടെ പദ്ധതികൾ കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായും സമർപ്പിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസത്തിനാണ് ഫിഷറീസ് വകുപ്പ് മുൻഗണന നൽകിയിട്ടുള്ളത്. ഭൂമിയുള്ള ഭവനരഹിതരായ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ലൈഫ് പദ്ധതിയുടെ ഭാഗമായി ഭവനനിർമ്മാണ ധനസഹായം ലഭ്യമാകുന്നതാണ്.

## 2016-17 വർഷത്തിൽ മൂന്ന് പദ്ധതികളാണ് നടപ്പാക്കിയത്

1. ഭൂമിയുള്ളവരുടെ എന്നാൽ ഭവനരഹിതരുമായ 3149 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതം ഭവന നിർമ്മാണ ധനസഹായം നൽകുന്നതിന് 62.98 കോടി രൂപ അനുവദിക്കുകയുണ്ടായി. അതിൽ 2595 കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു.

2. കടലാക്രമണംമൂലം വീടും ഭൂമിയും നഷ്ടപ്പെട്ട 248 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസത്തിന് കുടുംബം ഒന്നിന് 10 ലക്ഷം രൂപ വീതം നൽകുന്നതിന് 25 കോടി രൂപ അനുവദിക്കുകയുണ്ടായി. ഓരോ കുടുംബത്തിനും മൂന്ന് സെന്റ് വരെ ഭൂമി വാങ്ങുന്നതിന് പരമാവധി ആറ് ലക്ഷം രൂപയും ഭവനനിർമ്മാണത്തിന് നാല് ലക്ഷം രൂപയുമാണ് ഈ പദ്ധതിയിലൂടെ ലഭ്യമാക്കിയത്. 120 കുടുംബങ്ങൾ ഭൂമി വാങ്ങുകയും അതിൽ 78 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചു വരികയും ചെയ്യുന്നു. ബാക്കിയുള്ളവർക്ക് ഭൂമി കണ്ടെത്തുന്നതിനനുസരിച്ച് പദ്ധതി ധനസഹായം ലഭ്യമാകും.

3. ഭൂരഹിതരമായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനുവേണ്ടി പരമാവധി മൂന്ന് സെന്റ് ഭൂമി വീതം വാങ്ങുന്നതിന് ആറ് ലക്ഷം രൂപ വീതം 48 കോടി രൂപ അനുവദിച്ചു. അതിൽ 592 പേർ ഭൂമി വാങ്ങി ഭവനനിർമ്മാണം ആരംഭിച്ചുകഴിഞ്ഞു.

## 2017-18 വർഷത്തിൽ നാല് പദ്ധതികളാണ് നടപ്പാക്കിയത്

1. ഭവനനിർമ്മാണ ധനസഹായം - വ്യക്തിഗത ഭവനനിർമ്മാണത്തിനുള്ള ധനസഹായം രണ്ട് ലക്ഷം രൂപയിൽനിന്ന് നാല് ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിന് 48 കോടി രൂപ അനുവദിക്കുകയും ചെയ്തു. 2016-17 വർഷം ഭൂമി വാങ്ങുന്നതിന് ആറ് ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ച 800 കുടുംബങ്ങൾക്ക് ടി പദ്ധതി മുഖേന ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയും അതിൽ 176 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ, കടലോരത്തെ 200 മീറ്ററിന് പുറത്ത് ഭൂമിയുള്ളവരും എന്നാൽ ഭവനരഹിതരുമായ 400 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ഭവനനിർമ്മാണത്തിന് നാല് ലക്ഷം രൂപ വീതം അനുവദിക്കുകയും അതിൽ 98 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

2. കടലോരത്തെ 50 മീറ്റർ ദൂരപരിധിക്കുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസം - കടലോരത്ത് ഉയർന്ന വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ ദൂരപരിധിക്കുള്ളിൽ താമസിക്കുന്ന നിരന്തരം കടലാക്രമണ ഭീക്ഷണി നേരിടുന്ന 750 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിൽ ഭൂമി വാങ്ങി പുനരധിവസിപ്പിക്കുന്നതിന് കുടുംബമൊന്നിന് പത്ത് ലക്ഷം രൂപ വീതം ആകെ 75 കോടി രൂപ അനുവദിച്ചു. ടി ഗുണഭോക്താക്കളിൽ 314 പേർ ഭൂമി വാങ്ങുകയും അതിൽ 197 പേരുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചു വരികയും ചെയ്യുന്നു. ബാക്കിയുള്ളവരുടെ ഭവനനിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

3. മത്സ്യത്തൊഴിലാളി പാർപ്പിട സമുച്ചയം-മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട സമുച്ചയങ്ങൾ നിർമ്മിച്ചുകൊടുക്കുന്നതിന്റെ ഭാഗമായി എട്ട് വീടുകൾ വീതം ഉൾപ്പെടുന്ന 25 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 20 കോടി രൂപ അനുവദിക്കുകയും ടി തുക അനുവദിച്ച് തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 24 ഫ്ലാറ്റുകൾ നിർമ്മിച്ച് 192 കുടുംബങ്ങളെ പുനരധിവസിപ്പിക്കുകയും ചെയ്തു.

4. പാർപ്പിട സമുച്ചയത്തിന് ഭൂമി വാങ്ങൽ-മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പാർപ്പിട സമുച്ചയം ഒരുക്കുന്നതിനാവശ്യമായ സ്ഥലം വാങ്ങുന്നതിന് ഏഴ് കോടി രൂപ അനുവദിക്കുകയും ടി തുകയിൽനിന്നും 5.87 കോടി രൂപ വിനിയോഗിച്ച് തിരുവനന്തപുരം ജില്ലയിലെ കാരോട് 1.04 ഹെക്ടർ ഭൂമി വാങ്ങി അവിടെ 160 വീടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

2016-17, 2017-18 വർഷങ്ങളിലായി ആകെ 285.98 കോടി രൂപയുടെ പദ്ധതികൾ മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണം നടത്തുന്നതിനും ഭൂമിയും വീടും നൽകുന്നതിനും നടപ്പാക്കി കഴിഞ്ഞു. ടി പദ്ധതികൾ മുഖേന ആകെ 1026 പേർ ഭൂമി വാങ്ങി ഭവന നിർമ്മാണം നടത്തിവരികയാണ്. ഇതുകൂടാതെ നടപ്പ് സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളി പുനരധിവാസത്തിന്റെ ഭാഗമായി 750 കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് 45 കോടി രൂപയും അപ്രകാരം ഭൂമി വാങ്ങുന്ന 125 കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് 5 കോടി രൂപയും ഫ്ലാറ്റ് നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ഏഴ് കോടി രൂപയും അവിടെ ഫ്ലാറ്റുകൾ പണിയുന്നതിന് 28 കോടി രൂപയും പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

(സി) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി 7065.5 ലക്ഷം രൂപ വേണ്ടിവരും. പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും പുനരുദ്ധാരണം നടത്തി പ്രവർത്തനക്ഷമമാക്കുന്നതിന് 18854.10 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖ കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമാക്കുന്നതിലേയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവരെ മാറ്റി പാർപ്പിക്കാനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു.

പ്രളയത്തെ തുടർന്ന് മത്സ്യബന്ധന വകുപ്പ് തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം ഫിഷറീസ് മേഖലയിൽ പൂർണ്ണമായും നാശനഷ്ടം സംഭവിച്ച വീടുകളുടെ എണ്ണം 337-ഉം ഭാഗികമായി നാശനഷ്ടം സംഭവിച്ച വീടുകളുടെ എണ്ണം 520-ഉം ആണ്. ദുരന്തത്തിൽ തകർന്ന വീടുകൾക്കുണ്ടായിട്ടുള്ള നാശനഷ്ടത്തിന്റെ തോതനുസരിച്ചാണ് ധനസഹായം കണക്കാക്കുന്നത്.

വീട് പൂർണ്ണമായും തകർന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവരിൽ നിന്നും സമ്മതപത്രം നൽകിയ സ്വന്തമായി ഭൂമിയുള്ളവർക്ക് ആദ്യഗഡു തുക നൽകുന്ന പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ പുരോഗമിച്ചുവരുന്നു. ഭാഗികമായി നാശനഷ്ടം സംഭവിച്ച വീടുകൾക്ക് അനുവദനീയമായ ധനസഹായം രണ്ട് ഗഡുക്കളായി വിതരണം ചെയ്യാനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് പുനരധിവാസത്തിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് സർക്കാർ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ മറ്റ് വകുപ്പുകളുടെ കൈവശമുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയോ സന്നദ്ധ സംഘടനകളോ വ്യക്തികളോ സ്ഥാപനങ്ങളോ സംഭാവന ചെയ്യുന്ന ഭൂമിയോ ഏറ്റെടുക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും യഥാസമയം പുരോഗതി അറിയിക്കുന്നതിനുമായി ലാന്റ് റവന്യൂ കമ്മീഷണറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

2. <u>5-3-2018-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1125-ന്റെ തിരുത്തിയ ഉത്തരം</u>

<u>എറണാകുളം ജില്ലയിലെ ബോട്ട്-ഇൻ-ലാൻഡിനുള്ള ഭൂമി</u>

<u>ഉത്തരം</u>

(എ) ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ 15-6-2017-ലെ കത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

(ബി) ഉണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള SLP (C) 32524/10 നമ്പർ കേസ് നിലവിൽ CA -5302/17 നമ്പർ സിവിൽ അപ്പീലായി കോടതിയുടെ പരിഗണനയിലാണ്.

## 3. കാലാവസ്ഥാ വ്യതിയാന കേന്ദ്രത്തിന്റെ പ്രവർത്തനം സംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. യുടെ സബ്മിഷന് മുഖ്യമന്ത്രി, ശ്രീ. പിണറായി വിജയൻ മേശപ്പുറത്തുവച്ച മറുപടി

2014-ൽ രൂപീകൃതമായ കാലാവസ്ഥ വ്യതിയാന പഠനകേന്ദ്രം കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് സമഗ്രമായ പഠനവും ഗവേഷണവും ലക്ഷ്യമിട്ട് ആരംഭിച്ചതാണ്. സംസ്ഥാനത്തിന്റെ കാലാവസ്ഥയിൽ സ്വാധീനം ചെലുത്തുന്ന ഘടകങ്ങൾ, ഭക്ഷ്യസുരക്ഷ, ജീവനോപാധികൾ, പ്രകൃതിവിഭവങ്ങൾ, തീരമേഖല എന്നിവയെല്ലാം ഈ സ്ഥാപനത്തിന്റെ പഠന വിഷയങ്ങളാണ്. ഇവയുമായി ബന്ധപ്പെട്ട കർമ്മപദ്ധതികൾ ആവിഷ്കരിക്കേണ്ടത് സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽപ്പെടുന്നു.

സംസ്ഥാനത്തുണ്ടായ ഓഖി ചുഴലിക്കാറ്റിന്റെയും ഈ തലമുറ കണ്ട ഏറ്റവും വലിയ പ്രളയത്തിന്റെയും പശ്ചാത്തലത്തിൽ കാലാവസ്ഥ വ്യതിയാന പഠനത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി സഹകരിച്ച് ഈ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

കാലാവസ്ഥാ വ്യതിയാനം ചെറുക്കുന്നതിനും ഇതുമൂലമുള്ള ആഘാതം ലഘൂകരിക്കുന്നതിനുമുള്ള സമഗ്രമായ ഒരു കർമ്മപദ്ധതി (സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മപദ്ധതി) തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയിട്ടുണ്ട്. ഓരോ മേഖലയിലെയും കാലാവസ്ഥാ വ്യതിയാനത്തിന്റെ സ്വാധീനവും അതുമൂലം ഉണ്ടായേക്കാവുന്ന ആഘാതങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും കർമ്മപദ്ധതിയിൽ വിശദമായി ചർച്ച ചെയ്യുന്നുണ്ട്.

കേരളത്തിന്റെ പുനർനിർമ്മാണ പദ്ധതിയായ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കീഴിൽ, ഇത്തരത്തിൽപ്പെട്ട എല്ലാ സർക്കാർ ഏജൻസികളുടെയും വകുപ്പുകളുടെയും ശേഷി വികസനത്തിനുള്ള നടപടികളുണ്ടാകും. സാങ്കേതിക സ്ഥാപനങ്ങളുടെ സഹായവും ആഗോളതല മികവുറ്റ സങ്കേതങ്ങളുടെ മാതൃകകളും ഇതിനായി ഉപയോഗപ്പെടുത്തും.

## 4. യു. പി. സ്കൂൾ അപ്ഗ്രഡേഷൻ സംബന്ധിച്ച ശ്രീ. എം. ഉമ്മറിന്റെ സബ്മിഷന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി, പ്രൊഫ. സി. രവീന്ദ്രനാഥ് മേശപ്പുറത്തുവച്ച മറുപടി

പുതിയതായി സ്കൂളുകൾ അനുവദിക്കുകയോ/അപ്ഗ്രേഡ് ചെയ്യുകയോ ചെയ്യുന്നത് കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം V ചട്ടം 2, 2(എ) എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചാണ്. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ട റിട്ട് ഹർജി 3060/2014 ഉൾപ്പെടെ ഒരു കൂട്ടം ഹർജികളിലെ 18-6-2015-ലെ വിധിന്യായ പ്രകാരം ഓരോ

പ്രദേശത്തെയും വിദ്യാഭ്യാസ ആവശ്യകത സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി ആയതിലെ വിവിധ വശങ്ങൾ പരിശോധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ഏറ്റവും അവശ്യം വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ പ്രദേശങ്ങൾ വിജ്ഞാപനം ചെയ്യുകയുണ്ടായി. ആയതിൽ മലപ്പുറം ജില്ലയിലെ മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പുല്ലൂർ എന്ന പ്രദേശം 10-10-2017-ലെ അസാധാരണ ഗസറ്റ് 2192-ാം നമ്പർ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്.

വിജ്ഞാപനം ചെയ്ത പ്രദേശങ്ങളിൽ അനുയോജ്യമായ സർക്കാർ സ്കൂൾ കണ്ടെത്തി ഉയർത്തുന്നതിനാവശ്യമായ ശിപാർശ പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുന്നതനുസരിച്ച് സർക്കാർ തുടർനടപടി സ്വീകരിക്കുന്നതാണ്.

---